
# സുറിയാനി സഭാചരിത്രം

ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ്



ܒܝܬ ܡܪ̈ܕܘܬܐ

ܕܡܠܦܢܐ ܓܘܪܓܝܣ ܒܪ ܐܢܛܘܢ ܕܒܝܬ ܟܝܪܐܙ

# Ex Libris

## Beth Mardutho Library

The Malphono George Anton Kiraz Collection

ܟܠ ܐܢܫ ܕܫܐܠ ܠܗ ܠܟܬܒܐ ܗܢܐ ܡܢ ܒܝܬ ܐܪ̈ܒܐ
ܐܘ ܦܣܩ ܡܢܗ ܡܕܡ ܢܗܘܐ ܡܫܬܐܠ ܒܝܬ ܕܝ̈ܢܐ
ܘܢܩܒܠ ܡܢ ܒܢ̈ܝ ܥܕܬܐ ܘܚܪܡܐ ܕܢܣܒܗ ܢܦܠ ܥܠ
ܠܚܘܕ ܠܗ ܚܪܡܐ ܥܠ ܕܢܣܒ ܗܘܐ ܠܗ ܚܪܡܐ ܒܝܬ
ܒܥܒ̈ܘܗܝ ܕܡܐ ܕܢܗܦܘܟ ܠܗ ܠܕܘܟܬܗ ܀

Anyone who asks for this volume, to read, collate, or copy from it, and who appropriates it to himself or herself, or cuts anything out of it, should realize that (s)he will have to give answer before God's awesome tribunal as if (s)he had robbed a sanctuary. Let such a person be held anathema and receive no forgiveness until the book is returned. So be it, Amen! And anyone who removes these anathemas, digitally or otherwise, shall himself receive them in double.

# സുറിയാനിസഭാ ചരിത്രം
## (ആദ്യമൂന്ന് നൂറ്റാണ്ടുകൾ)

ഗ്രന്ഥകർത്താവ്
പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ
പാത്രിയർക്കീസ്

സംശോധകൻ
ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ

പ്രസാധകർ
മോർ ആദായി സ്റ്റഡി സെന്റർ
ചീരംചിറ, ചങ്ങനാശേരി 686 1016

SURIYANI SABHA CHARITHRAM
History of the Syrian Church–First Three Centuries
Author: **H.H. Ignatius Yacoob III**
(Patriarch of Anticch and the East (+ June 25, 1980)
(Formerly known as Abdul Ahad Ramban)
First published in 1948 by **Rev. Fr. Yacoob Thakidiyil,**
Chingavanam
2nd Edition published by
MOR ADAI STUDY CENTRE
CHEERANCHIRA, CHANGANASERRY
KERALA 686 106 INDIA.
Editor: **Dr. Kuriakose Corepiscopa Moolayil**
Tel: + 481-272 4353; +272 1444
moolelachen@hotmail.com
November 2003
Price: Rs. 200.00 U.S.$ 20.00 (Outside India)
മുഖചിത്രം: യറുശലേം സെയ്ന്റ് മാർക്സ് കത്തീഡ്രൽ മദ്ബഹ

# MOR ADAI STUDY CENTRE

## Board of Directors

H.E. Mor Cyril Aprem Karim *(Hon. Patron)*
H.E. Mor Coorelose Markose Metropolitan *(Hon. Chairman)*
Fr. Dr. George Mathew Nalunnakkal *(Director)*
Dr. Kuriakose Corepiscopa Moolayil *(Director)*
Rev. Fr. Mathews Edathara, Augusta
Rev. Fr. Mathews Kavunkal, Pangada
Rev. Fr. Mathew Varghese, Karuthalackal
Dr. E.C. Abraham Edathara, Arkansas
Mr. Cherian Venkadath, Chicago
Mr. C.K. Joy, New Jersey
Dr. Kurian Mani, Los Angles
Mr. Mathews Mancha, New Jersey
Dr. Mathew Varghese, Mary Land
Mr. Ninan T. Varghese, Philadelphia
Mr. Philip Jacob, Houston
Mr. Raju Varghese, Canada
Comdr. Dr. Roy P. Thomas, Chicago
Mr. Sabu Pukadiyil, Philadelphia
Mr. Thomas Chandy, Houston
Dr. Thomas Joseph, Los Angles
Mr. Vinod Abraham, Chicago

# മോർ ആദായി സ്റ്റഡി സെന്റർ

സിറിയൻ ഓർത്തഡോക്സ് സഭാവിജ്ഞാനീയപഠനങ്ങൾക്കും പ്രചാരണ ങ്ങൾക്കും വിദ്യാഭ്യാസസഹായങ്ങൾക്കും മുഖ്യലക്ഷ്യം വച്ചുകൊണ്ട് ആരംഭി ച്ചിരിക്കുന്ന ഒരു സ്വമേധയാ സംഘമാണ് ഈ പഠനകേന്ദ്രം. 2001 ജനുവരിയിൽ *സത്യവിശ്വാസപഠനങ്ങൾ* എന്ന ഞങ്ങളുടെ സംയുക്ത കൃതിയോടുകൂടി ആരംഭം കുറിച്ച ഈ പ്രസ്ഥാനം ഇക്കഴിഞ്ഞ മൂന്നു വർഷങ്ങൾക്കകമായി ആത്മസംതൃപ്തി നൽകുന്ന അനേകം കൃതികൾ പ്രസിദ്ധീകരിക്കുകയുണ്ടായി. എളിയ രീതിയിൽ ഈ സഭാസേവനം തുടരുവാൻ ആത്മാർത്ഥമായി സഹകരിച്ച എല്ലാവർക്കും പ്രത്യേകാൽ U.S. $ 250.00-ൽ കുറയാത്ത സംഭാവനകൾ നൽകി ഡയറക്ടർ ബോർഡ് അംഗത്വം സൗമനസ്യത്തോടെ സ്വീകരിച്ച് സഹായിച്ച മാന്യസഹകാ രികൾക്കും ബുക്ക് ക്ലബ്ബ് അംഗത്വം സ്വീകരിച്ച സഹൃദയന്മാരോടും സർവോപരി ആയുസ്സും ആരോഗ്യവും നൽകി അനുഗ്രഹിക്കുന്ന ദൈവകൃപയ്ക്കും നന്ദിയും കൃതജ്ഞതയും അർപ്പിക്കുന്നു.

### ഡയറക്ടർ ബോർഡ് അംഗത്വം

ഈ പഠനകേന്ദ്രത്തിന്റെ ഡയറക്ടർ ബോർഡ് അംഗത്വം അധികാരങ്ങളോ അവകാശങ്ങളോ ഭരണച്ചുമതലയോ അധികമായുള്ള ഒരാകർഷണസ്ഥാനം എന്ന തിനെക്കാൾ ഈ പ്രസ്ഥാനത്തോടുള്ള കൂറും സഹകരണവും എന്ന നിലയി ലാണ് എല്ലാവരും സമീപിച്ചിട്ടുള്ളത്. ഇവരുടെ ആത്മാർത്ഥമായ സഹകരണം ഇല്ലാതെ ഈ പ്രസ്ഥാനം മുന്നോട്ടുപോവുകതന്നെ അസാധ്യമാണ്. വ്യക്തമായ ദിശാബോധം നൽകി ഞങ്ങളെ നയിക്കുവാനും പുതിയ മേഖലകളിലേക്കു പ്രവർത്തനമേഖല വികസിപ്പിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കുവാനും കൂടുതൽ വ്യക്തികൾ ഈ രംഗത്തു മുന്നോട്ടുവരും എന്നു പ്രത്യാശിക്കുന്നു. ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് പഠനകേന്ദ്രം വക എല്ലാ കൃതികളും സൗജന്യമായി ലഭിക്കുന്നതാണ്.

### ബുക്ക് ക്ലബ്ബ് വിശിഷ്ട അംഗത്വം

പഠനകേന്ദ്രം പ്രസിദ്ധീകരിക്കുന്ന എല്ലാ കൃതികളും തികച്ചും സൗജന്യ മായി ലഭിക്കുന്ന ഈ വിശിഷ്ടാംഗത്വം സ്വീകരിക്കുന്ന സഭാംഗങ്ങൾക്ക് സൗജ ന്യമായി ലോകത്തെവിടെയും സെന്റർ പ്രസിദ്ധീകരണങ്ങൾ എത്തിച്ചുകൊടു ക്കുന്നതാണ്. ഒരു ഗ്രന്ഥശേഖരം ഉണ്ടാകുന്നതോടൊപ്പം ഒരു വർഷ നോട്ടീസ് നല്കി സ്ഥിരനിക്ഷേപതുകയായ 5000 രൂപാ (U.S $ 150.00) മൂന്നു വർഷങ്ങൾക്കു ശേഷം മടക്കി വാങ്ങുവാനും സ്വാതന്ത്ര്യമുണ്ട്.

### ബുക്ക് ക്ലബ്ബ് അംഗത്വം

ഇന്ത്യയിലുള്ള ഏതു വ്യക്തിക്കും പ്രതിവർഷം 300 രൂപായുടെ പുസ്ത കങ്ങൾ സൗജന്യമായി ലഭിക്കുന്ന ഈ പദ്ധതിയിൽ അംഗത്വം ലഭിക്കുവാൻ 1000 രൂപാ സ്ഥിരനിക്ഷേപമായി പഠനകേന്ദ്രത്തിൽ ഏല്പിക്കണം. ചേരുമ്പോൾതന്നെ ലഭ്യമായ എല്ലാ പുസ്തകങ്ങളും നൽകുന്നതും മുന്നോട്ടുള്ള വർഷങ്ങളിലേക്ക് വകകൊള്ളിക്കുന്നതുമാണ്. 500 രൂപാ വീതം രണ്ടു പ്രാവശ്യമായി നൽകിയും ഈ പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്.

## വിദ്യാഭ്യാസ സഹായനിധി

സമർത്ഥരായ സഭാംഗങ്ങളായ വിദ്യാർത്ഥികളുടെ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനു പഠനസഹായങ്ങൾ സമാഹരിച്ചു കൊടുക്കുന്ന ഒരു മധ്യവർത്തി സേവനവും ഞങ്ങൾ ചെയ്യുന്നു. അർഹരായവരെ കണ്ടെത്തി ദാതാക്കൾക്കു ശുപാർശ ചെയ്യുകയും പഠനകേന്ദ്രത്തിന്റെ വരുമാനത്തിന്റെ ദശാംശം സഹായമായി നൽകുകയും ചെയ്യുന്ന പദ്ധതിയാണിത്.

## പ്രസിദ്ധീകൃതമായ ഗ്രന്ഥങ്ങൾ

1. **സത്യവിശ്വാസപഠനങ്ങൾ**
   *ഡോ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ &*
   *റവ.ഡോ. ജോർജ് മാത്യു നാലുന്നാക്കൽ*
2. **വിധി നടത്തൽ ഹർജി-വിധിയും വിശകലനവും***
   *ഡോ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ മൂലയിൽ*
3. **കാഴ്ചപ്പാടുകൾ-സഭയും സമൂഹവും**
   *റവ.ഡോ. ജോർജ് മാത്യു നാലുന്നാക്കൽ*
4. **പെരുമ്പിള്ളി തിരുമേനി-മലങ്കരസഭയുടെ കാൽനൂറ്റാണ്ട്**
   *ഡോ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ മൂലയിൽ*
5. **The Indian Church of St. Thomas**
   *E.M. Philip*
6. **Four Historic Documents**
   *Dr. Kuriakose Corepiscopa Moolayil (Ed.)*
7. **The Eucharist Service of the Jacobite Syrian Christian**
   *Dr. Kadavil Poulose Mor Athanasius*
8. **The Book of Common Prayers for ordinary days and Great lent days**
   *Dr. Kuriakose Corepiscopa Moolayil (Tr.)*
9. **Morning Prayers for Sundays (Sleeba)**
   (English Translation in Syriac tunes)
   *Dr. Kurian Corepiscopa Kaniamparampil*
10. **സുറിയാനിസഭാചരിത്രം**
    *ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ്*
11. **മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രം** (അച്ചടിയിൽ)
    *പുകടിയിൽ ഇട്ടൂപ്പ് റൈട്ടർ*

സഭാസ്നേഹികളുടെ സഹകരണവും പിൻതുണയും അപേക്ഷിക്കുന്നു.

കർത്തൃശുശ്രൂഷയിൽ

**കുര്യാക്കോസ് കോർ എപ്പിസ്കോപ്പ മൂലയിൽ**
**റവ. ഡോ. ജോർജ് മാത്യു നാലുന്നാക്കൽ**
(ഡയറക്ടർമാർ)
മോർ ആദായി സ്റ്റഡി സെന്റർ
ചീരംചിറ
ചങ്ങനാശേരി - 686 106

2-11-2003

(ഒന്നാം പതിപ്പിന്റെ ആമുഖപേജ്)

# സുറിയാനിസഭാ ചരിത്രം

ഒന്നാം വാല്യം*

ഗ്രന്ഥകർത്താവ്

വന്ദ്യദിവ്യശ്രീ അബ്ദൽ ആഹാദ് റമ്പാൻ

ബർത്‌ലോയൊ**

പ്രസാധകൻ

തകിടിയിൽ യാക്കോബു കശ്ശീശാ

പകപ്പവകാശം പ്രസാധകന്.

മലങ്കര പ്രിന്റിംഗ് ഹൗസ്, കോട്ടയം

1948.

ഒന്നാംപതിപ്പ്-കോപ്പി 1500

*തുടർവാല്യങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല.

**'ബർത്‌ലോയൊ' എന്നത് 'ബർത്‌ലേ' എന്ന സ്ഥലക്കാരൻ എന്ന അർത്ഥം വരത്തക്കവണ്ണം ഉപയോഗിച്ചിരിക്കുന്നു. സുറിയാനിക്കാർ താമസിച്ചിരുന്ന ഇറാക്കിലെ ഒരു പൗരാണികഗ്രാമപ്രദേശമാണിത്.

# രണ്ടാം പതിപ്പിന്റെ മുഖവുര

മഞ്ഞിനിക്കര മോർ ഇഗ്നാത്തിയോസ് ദയറായിൽ ഒരു വ്യാഴവട്ടക്കാലം റമ്പാനായി താമസിച്ച് വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുകയും ലേഖനങ്ങൾ വഴിയായും പ്രസംഗങ്ങൾ വഴിയായും മലങ്കരസഭയെ പണ്ഡിതോചിതം സേവിച്ച് സിറിയായിൽ മടങ്ങിച്ചെന്ന് മോർ സേവേറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായും പിന്നീട് ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ എന്ന പേരിൽ പാത്രിയർക്കീസ് ആയും സഭയ്ക്ക് സുധീരനേതൃത്വം വഹിച്ച പണ്ഡിതപ്രമുഖനായ പരിശുദ്ധ ബാവാ റമ്പാനായിരുന്ന കാലത്ത് സുറിയാനി ഭാഷയിൽ എഴുതിയ കൃതിയാണിത്. സഭാചരിത്രം സമ്പൂർണമായി എഴുതുവാൻ ആരംഭിച്ച ഒരു പരമ്പരയുടെ ഒന്നാം ഭാഗമാണിത്. അറബിഭാഷയിൽ തുടർരചന അദ്ദേഹം നടത്തി എങ്കിലും മലയാളഭാഷയിൽ പിന്നീടുള്ള ഭാഗങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ല. അത് മലങ്കര സഭയിലെ ചരിത്രപഠിതാക്കൾക്കുണ്ടായ തീരാനഷ്ടം തന്നെയാണ്.

ചിങ്ങവനം തകിടിയിൽ യാക്കൂബ് കശീശായെ വ്യക്തിപരമായി എനിക്കു പരിചയമില്ല. പക്ഷേ, സഭയുടെ പ്രസിദ്ധീകരണചരിത്രം പരിശോധിച്ചിട്ടുള്ള എനിക്ക് ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ നിസ്തുല സേവന മാഹാത്മ്യം മനസ്സിലായിട്ടുണ്ട്. മലങ്കരസഭയിൽ ഇന്നും ലഭ്യമായിട്ടുള്ളതിൽ ഏറ്റം പ്രയോജനപ്രദമായ ആണ്ടടക്കമുള്ള *ഏവൻഗേലിയോൻ*[1] ഗ്രന്ഥം അദ്ദേഹം തയ്യാറാക്കിയിട്ടുള്ളതാണ്. വയലിപ്പറമ്പിൽ തിരുമേനിയുടെ *യറുശലേം യാത്ര*[2] തുടങ്ങിയ കൃതികളും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സേവനചരിത്രത്തിലെ ഏറ്റം പ്രാധാന്യമേറിയ കൃതിയാണ് *സുറിയാനിസഭാചരിത്രം*[3] എന്നു രേഖപ്പെടുത്തുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. വിശുദ്ധ സഭ ഇക്കാര്യത്തിൽ ആ മഹാത്മാവിനോടു കടപ്പെട്ടിരിക്കുന്നു.

ഈ പതിപ്പിന്റെ സംശോധകൻ പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായെക്കുറിച്ച് ഒരു ലഘുവിവരണം ഇതൊന്നിച്ച് ചേർത്തിരിക്കുന്നത് ആധുനികതലമുറയ്ക്കും വരുംതലമുറയ്ക്കും ഉപകാരപ്രദമായിരിക്കും എന്നു വിശ്വസിക്കുന്നു.

---

1. ആണ്ടടക്കമുള്ള ഏവൻഗേലിയോൻ, ചിങ്ങവനം,...
2. യറുശലേം യാത്ര, ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത, ആലുവ,...
3. ഈ കൃതി

ഈ പതിപ്പിന്റെ സംശോധകൻ ചേർത്തിരിക്കുന്ന അഭിപ്രായങ്ങളും വിശദീകരണങ്ങളും പ്രത്യേകം അടിക്കുറിപ്പായി ചേർത്തിരിക്കുന്നു.

പ്രസിദ്ധീകരണരംഗത്ത് എന്നപോലെ ഇടയത്വശുശ്രൂഷയിലും വ്യക്തിബന്ധങ്ങളുടെ ഊഷ്മളതയിലും ലാളിത്യത്തിലും എല്ലാം മാതൃകായോഗ്യനായി പ്രവർത്തിച്ചിട്ടുള്ള **തകിടിയിൽ യാക്കൂബ് കശീശാ**യുടെ പാവനസ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ച് ഈ കൃതി സഭാമഹത്ത്വത്തിനായി സമർപ്പിക്കുന്നു.

കർത്തൃശുശ്രൂഷയിൽ<br>
ചീരംചിറ — കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ<br>
12-11-2003 — മോർ ആദായി സ്റ്റഡി സെന്റർ

ഗ്രന്ഥകാരൻ

# മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് -ഒരു അനുസ്മരണം-

ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ

## ആമുഖം

സുറിയാനി ഓർത്തഡോക്സ് സഭയ്ക്ക് ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ നിർണായകനേതൃത്വം വഹിച്ച പ. ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് സമർത്ഥനായ ഭരണാധികാരിയും അനുഗൃഹീതമായ ശബ്ദസവിശേഷതയുടെ ഉടമയും ആരാധനാനുഷ്ഠാന സൗകുമാര്യംകൊണ്ട് അനുഗ്രഹീതനും പ്രായോഗികബുദ്ധിയുള്ള സഭൈക്യനേതാവും പണ്ഡിതനായ ഗ്രന്ഥകാരനും സഭയെ ശക്തിപ്പെടുത്തിയ എക്യുമെനിക്കൽ വക്താവും മലയാളഭാഷ അനായാസം കൈകാര്യം ചെയ്തിരുന്ന 'മലയാളിയായ പാത്രിയർക്കീസും' ആയിരുന്നു. അദ്ദേഹം രചിച്ച ഈ കൃതിയുടെ പ്രാരംഭമായി ആ മഹാത്മാവിന്റെ ഒരു രേഖാചിത്രം അവതരിപ്പിക്കുന്നത് ഉചിതമായിരിക്കും എന്നു വിശ്വസിക്കുന്നു.

## ജനനവും വിദ്യാഭ്യാസവും

ഇറാക്കിലെ ബർത്‌ലേ എന്ന സ്ഥലത്ത് തൗമാമാറി കുടുംബത്തിൽ ജനിച്ച് (ഒക്ടോബർ 12, 1912) സുറിയാനി സഭാപാരമ്പര്യത്തിൽ വളർന്ന യാക്കൂബിന്റെ സഭാജീവിതം ആരംഭിക്കുന്നത് പരിശുദ്ധനായ ഏലിയാസ് തൃതീയൻ ബാവായിൽനിന്നും ശെമ്മാശ് സ്ഥാനം സ്വീകരിച്ചതോടെയാണ്. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ കശീശാസ്ഥാനം നൽകി 1933-ൽ മഞ്ഞിനിക്കരയിലേക്ക് മോർ യൂലിയോസ് ഏലിയാസ് ബാവായുടെ സഹായിയായി അയച്ചു. 21 വയസ് മാത്രം പ്രായമുണ്ടായിരുന്ന ഈ യുവ റമ്പാൻ തന്റെ പരന്ന വായനകൊണ്ടും ബുദ്ധിസവിശേഷതകൊണ്ടും സ്വരമാധുര്യംകൊണ്ടും അധ്യാപനസവിശേഷതകൊണ്ടും മഞ്ഞിനിക്കര ദയറായിലെ വൈദികാഭ്യസനകേന്ദ്രത്തിലെ പ്രധാന വ്യക്തിയായിത്തീർന്നു. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട അബ്ദുൾ മ്ശീഹാ പാത്രിയർക്കീസിനെ സംബന്ധിച്ചും അബ്ദുള്ളാ പാത്രിയർക്കീസ് ബാവായുടെ സ്വീകാര്യത സംബന്ധിച്ചും മലങ്കരസഭയിൽ പ്രചരിപ്പിക്കപ്പെട്ട ദുഷ്പ്രചാരണങ്ങളുടെ നിജസ്ഥിതി വെളിച്ചത്തു കൊണ്ടുവരുവാനും കാതോലിക്കാസ്ഥാപനത്തിന്റെ കാനോനികവും ചരിത്രപരവുമായ യാഥാർത്ഥ്യങ്ങളെ വസ്തു

നിഷ്ഠമായി അപഗ്രഥിച്ചു പ്രചരിപ്പിക്കുവാനും മറ്റും ഈ പണ്ഡിതാഗ്രേസരൻ പ്രവർത്തിച്ചതിന്റെ ഫലമായി പ്രസിദ്ധീകൃതങ്ങളായ ലഘുകൃതികൾ സഭാചരിത്രപഠിതാക്കൾക്ക് അനിവാര്യങ്ങളാണ്. കഴിഞ്ഞ തലമുറയിലെ വൈദികരുടെ ഗുരുഭൂതനെന്ന നിലയിലും മലങ്കരസഭാമക്കളുടെ ഇടയിൽ പെരുമ നേടുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

1946-ൽ സ്വദേശത്തേക്കു മടങ്ങിയ അബ്ദുൾ ആഹാദ് റമ്പാൻ മോസൂളിലെ (മൂസൽ) സെയ്ന്റ് എഫ്രേം സെമിനാരിയിൽ അധ്യാപകനായി നിയമിക്കപ്പെട്ടു. 1950-ൽ ബേറൂട്ട്-ദമസ്കോസ് ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ ആയി പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ ഇദ്ദേഹത്തെ മോർ സേവേറിയോസ് എന്ന പേരിൽ ഉയർത്തി. പ. പാത്രിയർക്കീസ് ബാവാ കാലം ചെയ്തപ്പോൾ 1957-ൽ പ. സുന്നഹദോസ് ആകമാന സുറിയാനിസഭയുടെ പരമാധ്യക്ഷനായി ഇദ്ദേഹത്തെ തെരഞ്ഞെടുക്കുകയും 1957 ഒക്ടോബർ 27-ാം തീയതി പാത്രിയർക്കീസായി വാഴിക്കുകയും ചെയ്തു. ഇദ്ദേഹം പാത്രിയർക്കാ ആസ്ഥാനം ഹോംസിൽനിന്നും ദമാസ്കസിലേക്ക് മാറ്റുകയും ലബനോനിൽ സഭയ്ക്ക് പ്രൗഢമായ ഒരു വൈദികസെമിനാരി സ്ഥാപിക്കുകയും ചെയ്തു. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളുടെ അന്ത്യംവരെയും പശ്ചിമേഷ്യയുടെ പറുദീസായും പശ്ചിമപൂർവദിക്കുകളിലേക്കുള്ള യാത്രാസംഗമവേദിയുമായിരുന്ന ലബനോനിലെ ബേറൂട്ടിലും അച്ചാനിലും സഭയ്ക്ക് അഭിമാനകരമായ പല സ്ഥാപനങ്ങളും പടുത്തുയർത്തുവാൻ ബാവായ്ക്ക് കഴിഞ്ഞിരുന്നു. 1964-ൽ ഈ സ്ഥാപനങ്ങൾ സന്ദർശിച്ച ഔഗേൻപ്രഥമൻ കാതോലിക്കാ ബാവായുടെ യാത്രാവിവരണം തയ്യാറാക്കിയ ഫാ. റ്റി.സി. ജേക്കബ്* ഇതേക്കുറിച്ചു പറയുന്നത് ശ്രദ്ധിക്കുക. (പേജ് 58-61)

## മലങ്കര സഭാസമാധാനം

പ. ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ ബാവായുടെ കാലഘട്ടത്തിലെ സുപ്രധാന സംഭവങ്ങളിൽ ഒന്ന് മലങ്കര സഭാ സമാധാനമാണ്. മലങ്കര സഭയ്ക്കുള്ള തന്റെ പ്രഥമകല്പനയിൽ സഭാസമാധാനത്തെക്കുറിച്ച് പറയുന്നതിങ്ങനെയാണ്.

> *ഇവയെല്ലാം ഇപ്രകാരം യോഗ്യമായി നടത്തപ്പെടുകയും, ക്രമീകരിക്കപ്പെടുകയും തന്മൂലം നമുക്കും സഭാമക്കൾക്കെല്ലാവർക്കും ആഹ്ളാദം ആഗതമാകുകയും ചെയ്തിരിക്കെ, നമ്മുടെ പൈതൃകമായ ഹൃദയത്തെ വേദനിപ്പിക്കുന്നത് ഒരൊറ്റ കാര്യം മാത്രമാണ്. ആയത്, സഭയുടെ പ്രിയപ്പെട്ട ആ വിഭാഗം-അതായത് മലങ്കര, അനേകകാലമായി സങ്കടകരവും, വിരുദ്ധതാപരമായ ഭിന്നതകളാകുന്ന ഓളങ്ങളുടെ ഇടയിൽ വിഷമിക്കുന്നത്-നമ്മുടെ കൈകൾ കൊണ്ട് സ്പർശിക്കുകയും നമ്മുടെ കണ്ണുകൊണ്ട് കാണുകയും ചെയ്ത ആ വസ്തുത തന്നെ. ഈ ഭിന്നതകളാണ്- വലത്തോട്ടും*

*എത്യോപ്യൻ സുന്നഹദോസും വിശുദ്ധനാടു സന്ദർശനവും, കോട്ടയം (1965).

*ഇടത്തോട്ടുമുള്ള അതിന്റെ വിപുലീകരണത്തിനും, പ്രചാരത്തിനുമുള്ള മാർഗ്ഗത്തിൽത്താമസവും തടസ്സവും വരുത്തുന്ന കാരണങ്ങൾ. ഭിന്നിച്ചിരിക്കുന്നവരെ ഒന്നിപ്പിക്കുവാൻ നാം അത്യധികം കാംക്ഷിക്കുന്നു. വിഭജിച്ചിരിക്കുന്നവരെ യോജിപ്പിക്കുവാൻ നാം താൽപര്യത്തോടിരിക്കുന്നു. ഏകതൊഴുത്തിൽ, വിശ്വാസികളെ സ്നേഹത്തോടും പൈതൃകമായും ഒരുമിച്ചുകൂട്ടുവാൻ നാം വാഞ്ചിക്കുന്നു. മലങ്കരയും ഇൻഡ്യയും പരിശുദ്ധ അന്ത്യോഖ്യാസിംഹാസനവുമായുള്ള ആദ്ധ്യാത്മികമായ ആ ബന്ധം അഴിഞ്ഞുപോകാതെ പാലിക്കുവാൻ നാം ഉത്സാഹത്തോടിരിക്കുന്നു. ആകയാൽ നമ്മുടെ ഹൃദയത്തെ സമാധാനത്തിനും യോജിപ്പിനുമായി നാം വിശാലമായി തുറന്നിടുന്നു. അകന്നുപോയവരെ തിരികെ വരുത്തുവാനും, എല്ലാവരെയും വാത്സല്യത്തൊടെ ആലിംഗനം ചെയ്യുവാനും നമ്മുടെ കരങ്ങൾ നാം നീട്ടുന്നു. ഇതാണ് നമ്മുടെ പ്രഥമമായ ആഗ്രഹം. ഇതാണ് നമ്മുടെ മഹോന്നതമായ ലക്ഷ്യം. പൈതൃകമായ നമ്മുടെ ഈ ഉദ്ദേശത്തെ പരസ്പരം അറിയിക്കുവിൻ. സഭയുടെ ഐക്യത്തിനും യോജിപ്പിനുമായി പരസ്പരം പ്രബോധിപ്പിക്കുവിൻ. നന്മയിൽ വിജയിച്ചു മുന്നേറുവിൻ. സുകൃതങ്ങളുടെ പിന്നാലെ പാഞ്ഞു ചെന്ന് ഉത്തമരാകുവിൻ. നമ്മുടെ പരിശുദ്ധപിതാക്കന്മാർ അവരുടെ രക്തംകൊണ്ടു നമ്മെ മുദ്രയിട്ടു നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന സത്യവിശ്വാസത്തെ സൂക്ഷ്മതയോടെ സംരക്ഷിക്കുവിൻ. അങ്ങനെ നിങ്ങൾ ശോഭിതമണവാട്ടിയായ സഭയുടെ യഥാർത്ഥ മക്കളായി തീരുമാറാകട്ടെ.*

പാത്രിയർക്കീസ്പക്ഷം കേസിൽ പൂർണമായി വിജയിച്ചുനില്ക്കുമ്പോഴാണ് ഈ കല്പന ഉണ്ടാകുന്നതെന്നത് പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. 1958-ൽ സഭാസമാധാനത്തെ പ്രതി ബസേലിയോസ് ഗീവർഗീസ് ദ്വിതീയനെ പൗരസ്ത്യ കാതോലിക്കാ ആയി സ്വീകരിക്കുകയും 1964-ൽ കോട്ടയത്ത് എഴുന്നെള്ളിവന്ന് ഔഗേൻ പ്രഥമൻ ബാവായെ കാതോലിക്കാ സ്ഥാനത്തേക്കു വാഴിച്ച് സഭയെ ഒന്നാക്കിത്തീർക്കുകയും ചെയ്തു. നിർഭാഗ്യവശാൽ ഈ സമാധാനവും ഐക്യവും നിലനിർത്തുവാൻ മലങ്കര സഭാനേതൃത്വത്തിൽ കഴിഞ്ഞില്ല. വീണ്ടും പിളർപ്പുണ്ടാകുകയും* 1975-ൽ പൗലോസ് മോർ പീലക്സിനോസ് ബസേലിയോസ് പൗലോസ് ദ്വിതീയൻ എന്ന സ്ഥാനനാമത്തിൽ കാതോലിക്കോസ് ആയി വാഴിക്കപ്പെടുകയും ചെയ്തു (സെപ്തംബർ 7, 1975). ഔഗേൻ പ്രഥമൻ ബാവായും സുന്നഹദോസും (രണ്ട് അംഗങ്ങൾ ഒഴികെയുള്ളവർ) സ്വതന്ത്രസഭാ നിലപാട് സ്വീകരിക്കുകയും മോർ തോമാസിംഹാസന പിൻതുടർച്ചയും പാത്രിയർക്കാതുല്യതയുള്ള കാതോലിക്കേറ്റും അവകാശപ്പെടുകയും മലങ്കരയിലെ

---

*വിശദാംശങ്ങൾക്ക് *പെരുമ്പിള്ളി തിരുമേനി-മലങ്കരസഭയുടെ കാൽനൂറ്റാണ്ട്*, കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ, മോർ ആദായി സ്റ്റഡി സെന്റർ, ചീരംചിറ-686102 (2001)

ഇടവകപള്ളികളുടെ സ്വത്തുക്കളിന്മേലുള്ള അധികാരം ഉറപ്പിക്കുവാനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്തപ്പോൾ പ. യാക്കൂബ് തൃതീയൻ ബാവായ്ക്ക് താൻ സംസ്ഥാപിച്ച സമാധാനവും ഐക്യവും തകരുന്നത് കാണേണ്ടിവന്നു. മലങ്കരസഭയ്ക്ക് ആവശ്യമായ കൂടുതൽ മെത്രാപ്പോലീത്താമാരും ഭരണസംവിധാനങ്ങളും എല്ലാം സ്ഥാപിക്കുന്നതിനു പ. ബാവാ നേതൃത്വം നൽകി.

### സുറിയാനിസഭയുടെ പാശ്ചാത്യവ്യാപനം

സുറിയാനി സഭാംഗങ്ങൾ മധ്യപൗരസ്ത്യദേശത്തും ഇന്ത്യയിലും ആയി കേന്ദ്രീകരിച്ചിരുന്ന ഒരു പുരാതീനസഭാ വിഭാഗമായിരുന്നു. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ സുറിയാനിക്കാർ അമേരിക്കൻ ഐക്യനാടുകളിൽ താമസവും സഭാജീവിതവും ആരംഭിച്ചിരുന്നുവെങ്കിലും യൂറോപ്പിലും ഇതര രാജ്യങ്ങളിലും സുറിയാനിക്കാർ സംഘടിതരായി താമസിക്കുവാൻ ആരംഭം കുറിച്ചത് പ. യാക്കൂബ് തൃതീയൻ ബാവാ ആരംഭിച്ച യൂറോപ്യൻ സഭാബന്ധങ്ങളുടെ പശ്ചാത്തലത്തിലായിരുന്നു. ജർമ്മനിയിലെ ഗോട്ടിങ്ങൻ സർവ്വകലാശാലയിൽ നടത്തിയ പ്രഭാഷണപരമ്പര* സുറിയാനിസഭയുടെ പൗരാണിക പൈതൃകങ്ങളെക്കുറിച്ച് യൂറോപ്യൻ പണ്ഡിതന്മാരെയും സഭാനേതൃത്വങ്ങളെയും അനുസ്മരിക്കുവാൻ ഇടയാക്കി. പശ്ചിമേഷ്യയിലെ രാഷ്ട്രീയ-മത പശ്ചാത്തലത്തിൽ സുറിയാനിക്കാർക്ക് യൂറോപ്പിലേക്കു കുടിയേറിപ്പാർക്കുവാൻ കൂടുതൽ പ്രചോദനം നല്കിയതും സഭാവ്യാപനത്തിനു സഹായകമായിരുന്നു.

### എക്യുമെനിക്കൽ ബന്ധങ്ങൾ

സുറിയാനി ഓർത്തഡോക്സ് സഭയ്ക്ക് എക്യുമെനിക്കൽ സംഘടനകളിൽ സജീവപങ്കാളിത്തം ലഭ്യമാകുന്നത് പ. യാക്കൂബ് തൃതീയൻ ബാവായുടെ കാലഘട്ടത്തിലാണ്. ലോകസഭാ കൗൺസിൽ അംഗത്വം 1963ലും കത്തോലിക്കാ സഭയുമായുള്ള ഔദ്യോഗികസന്ദർശനബന്ധങ്ങൾ 1970ലും ആരംഭിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിലിൽ സഭയുടെ ഔദ്യോഗിക പ്രതിനിധിയെ അയച്ചു. വിയന്നായിലെ 'പ്രൊ ഓറിയന്റെ'യുടെ അനൗദ്യോഗിക ദൈവശാസ്ത്രപഠനങ്ങളിലും സഭ സജീവപങ്കാളിയായി. ഇങ്ങനെ പ്രൊട്ടസ്റ്റന്റ് സഭാ സമൂഹങ്ങളുമായി പൊതുജീവിത ഐക്യസാക്ഷ്യമേഖലകളിൽ അടുത്തുവരുവാനും കത്തോലിക്കാ സഭയുമായി വിശ്വാസസംസർഗമേഖലകളിൽ കൂടുതൽ അടുത്തുവരുവാനും ഇടയായത് പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ തുടങ്ങിവച്ച എക്യുമെനിക്കൽ മനോഭാവത്തിന്റെ അനന്തരഫലമായാണ്. ബാവായുടെ എക്യുമെനിക്കൽ ബന്ധങ്ങളിൽ പ്രധാന കണ്ണിയായി പ്രവർത്തിച്ച വ്യക്തിയാണ് ഇപ്പോഴത്തെ ഭാഗ്യവാനായ പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ. ഇപ്പോൾ പ. സാഖാ പ്രഥമൻ ബാവാ ലോകസഭാ കൗൺസിൽ പ്രസിഡന്റുമാരിൽ ഒരാളായി പ്രവർത്തിക്കുന്നു. കാൽസിഡോണിയൻ ഓർത്തഡോക്സ് സഭകളുമായി (ഈസ്റ്റേൺ ഓർത്തഡോക്സ്)

*The Syrian Orthodox Church of Antioch (English)...

സജീവബന്ധം പുലർത്തുവാനുള്ള പശ്ചാത്തലവും പ. ബാവായുടെ എക്യുമെനിക്കൽ ബന്ധങ്ങളുടെ അനന്തരഫലങ്ങളാണ്.

## ഓറിയന്റൽ ഓർത്തഡോക്സ് സഭാബന്ധങ്ങൾ

ആദ്യ മൂന്നു പൊതുസുന്നഹദോസുകളിൽ നിർവചിച്ചിട്ടുള്ള പൗരാണിക വിശ്വാസപൈതൃകത്തിലൂടെ വിശ്വാസഐക്യവും കൂദാശാസംസർഗവും നിലനിർത്തി വരുന്ന സഭകളാണ് 'ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ' എന്നറിയപ്പെട്ടുവരുന്നത്. കോപ്റ്റിക് ഓർത്തഡോക്സ് എന്ന പേരിൽ അറിയപ്പെടുന്ന അലക്സാൻഡ്രിയൻ സിംഹാസനത്തിന്റെയും അന്ത്യോഖ്യൻ സിംഹാസനത്തിന്റെയും പൗരോഹിത്യ-സുവിശേഷീകരണ പശ്ചാത്തലത്തിൽ വളർന്നുവന്ന സഭകളാണ് ഇവയെല്ലാം. അർമ്മീനിയൻ സഭയുടെ പ്രാരംഭപ്രവർത്തനങ്ങളിൽ സിറിയൻ മിഷനറിമാരുടെ സജീവബന്ധം ഇന്നും പ്രസ്തുതസഭ താല്പര്യപൂർവ്വം അനുസ്മരിക്കുന്നുണ്ട്. ഓറിയന്റൽ ഓർത്തഡോക്സ് സഭാസംസർഗത്തിലുള്ള സഭകൾ താഴെപ്പറയുന്നവയാണ്.

1. സുറിയാനി ഓർത്തഡോക്സ് സഭ
2. കോപ്റ്റിക് ഓർത്തഡോക്സ് സഭ
3. അർമീനിയൻ ഓർത്തഡോക്സ് സഭ
4. എത്യോപ്യൻ ഓർത്തഡോക്സ് സഭ
5. എറിത്രിയൻ ഓർത്തഡോക്സ് സഭ

(ഇന്ത്യയിൽ സ്വതന്ത്രസഭാ പ്രഖ്യാപനം നടത്തിയിട്ടുള്ള കാതോലിക്കാ വിഭാഗവും ഉൾപ്പെടുന്നതാണ് 'സുറിയാനി ഓർത്തഡോക്സ് സഭ')

പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ ഈ സഭകളുമായുള്ള ബന്ധം വളരെ സജീവമായി നിലനിർത്തിയിരുന്നു. ബേറൂട്ടിൽ യാക്കൂബ് മോർ സേവേറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയിരിക്കുമ്പോൾ ആന്റലിയാസിലെ കാതോലിക്കോസിനെ വാഴിക്കുവാൻ സഹകാർമ്മികത്വം വഹിച്ച മൂന്നുപേരിൽ ഒരാളായിരുന്നു യാക്കൂബ് തൃതീയൻ ബാവാ. ഇപ്പോഴത്തെ അലക്സാന്ത്ര്യാ പാത്രിയർക്കീസ് പ. പോപ് ഷെനൂഡാ*യുടെ വാഴ്ചയിൽ പ്രധാന കാർമ്മികത്വം വഹിക്കുകയും സ്ഥാനാഭിഷേകപ്രസംഗം നടത്തിയതും പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായായിരുന്നു. 1965-ൽ എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സലാസി വിളിച്ചു ചേർത്ത ഓറിയന്റൽ ഓർത്തഡോക്സ് സഭാ തലവന്മാരുടെ സമ്മേളനത്തിലും പ. യാക്കൂബ് തൃതീയൻ ബാവാ വളരെ സജീവ പങ്കാളി ആയിരുന്നു.

## സംഗീതജ്ഞനായ പാത്രിയർക്കീസ്

സുറിയാനിക്കാർ പൊതുവെ സംഗീതപശ്ചാത്തലമുള്ള ഒരു ആരാധനാപൈതൃകത്തിലെ കണ്ണികളാണ്. സുറിയാനി സംഗീതശാസ്ത്രം വളരെ തലമുറകൾ പകർന്നു വന്നിട്ടുള്ള സാങ്കേതികത്വം നിറഞ്ഞു നിൽക്കുന്ന

*അലക്സന്ത്ര്യാ പാത്രിയർക്കീസിനെ വിശ്വാസികൾ 'പോപ്' എന്ന് വിശേഷിപ്പിക്കുകയും 'ബാബ' എന്ന് സംബോധന ചെയ്യുകയും ചെയ്യുന്നു.

ഒരു സംഗീതസ്രോതസാണ്. സുറിയാനി സംഗീത സാഗരം വൈവിധ്യം നിറഞ്ഞ ഒരു സമസ്യകൂടിയാണ്. അതിൽ ആഴത്തിൽ മുങ്ങുന്നവർക്കും പ്രതിഭയും പ്രജ്ഞയും ഒരുപോലെ ആവശ്യമാണ്. പ. ബാവാ ഇവയെല്ലാം ഒത്തിണങ്ങിയ ഒരു മഹാപ്രഭാവവാനായിരുന്നു. അമേരിക്കയിലെ ആർച്ച് ബിഷപ്പായിരുന്ന യേശു മോർ അത്താനാസ്യോസ് ഈ വൈദഗ്ദ്ധ്യം മുഴുവനായും ശേഖരിക്കുവാൻ മുൻകൈ എടുത്തതുകൊണ്ട് 'സുറിയാനി സംഗീതരാഗങ്ങൾ' പ. യാക്കൂബ് തൃതീയൻ ബാവായുടെ ശബ്ദത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. www. Syriac Orthodox Resources.com-ൽ ഇന്റർനെറ്റിൽ ഈ ശേഖരം ലഭ്യമാണ്. സംഗീതജ്ഞനായ ഈ പാത്രിയർക്കീസിന്റെ സേവനം മലങ്കരസഭയിലും ലഭ്യമായിരുന്നതുകൊണ്ട് മലങ്കരസഭയിലെ പിൽക്കാല മൽപാന്മാരിലൂടെ ഈ വൈദഗ്ദ്ധ്യം മലയാളക്കരയിലും നിലനില്ക്കുന്നുണ്ട്. വന്ദ്യനായ കോരുതു മല്പാനച്ചന്റെ കാസെറ്റുകളിൽ ഈ വൈദഗ്ദ്ധ്യത്തിന്റെ പകർച്ചയും കടപ്പാടും രേഖപ്പെടുത്തിയിട്ടുണ്ട്.

### ഗ്രന്ഥകാരനായ പാത്രിയർക്കീസ്

അബ്ദുൾ ആഹാദ് റമ്പാനായി മഞ്ഞിനിക്കരയിൽ താമസിക്കുന്ന കാലം മുതൽ ആരംഭിച്ച ഗ്രന്ഥരചനാ-പ്രഭാഷണ പാടവം പരിശുദ്ധ യാക്കൂബ് തൃതീയൻ ബാവാ ആജീവനാന്തം തുടർന്നു. സുറിയാനി, അറബി, ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ പരിശുദ്ധ പിതാവിന്റെ രചനകൾ ലഭ്യമായിട്ടുണ്ട്. മുമ്പ് സൂചിപ്പിച്ചിട്ടുള്ളതുപോലെ 1940-കളിൽ മലങ്കരസഭയിൽ അന്ത്യോഖ്യാസിംഹാസന മഹിമയും കാതോലിക്കേറ്റിന്റെ യഥാർത്ഥനിലയും വ്യക്തമാക്കുവാൻ ഏറ്റവും അധികം രചനകൾ നടത്തിയിട്ടുള്ള വ്യക്തി പരിശുദ്ധ യാക്കൂബ് തൃതീയൻ ബാവായായിരുന്നു. (അക്കാലത്ത് പ്രസിദ്ധീകരിച്ചിരുന്ന ചില സാരവത്തായ 'ലഘുലേഖകൾ' വിലതീരാത്ത മുത്തുകളും ചരിത്രരേഖകളുമായി ഈ ലേഖകൻ സമാഹരിച്ചു സംരക്ഷിച്ചിട്ടുണ്ട്. സാമ്പത്തികലഭ്യത അനുസരിച്ച് അവ പുനഃപ്രകാശനം ചെയ്യണമെന്നാഗ്രഹമുണ്ട്).

പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ സഭാചരിത്രവിജ്ഞാനത്തിന്റെയും ഗവേഷണചതുരതയുടെയും ആവിഷ്കരണസമഗ്രതയുടെയും സവിശേഷസാക്ഷ്യമാണ് ഈ കൃതി. ഇത് ഇപ്പോൾ സംശോധനം ചെയ്ത് പ്രസിദ്ധീകരിക്കുവാൻ ഇടയാക്കിയ ദൈവകൃപയെ ഒരു മഹാഭാഗ്യമായാണ് ഞാൻ കരുതുന്നത്.

പ. ബാവായുടെ 23-ാം ഓർമ്മദിവസമായ (ജൂൺ 25-ാം തീയതി) ഈ കുറിപ്പ് എഴുതി പൂർത്തീകരിക്കുന്നത് ഒരു ആകസ്മികത ആണെങ്കിലും അത് ഒരു ഭാഗ്യസ്മരണയായി കരുതി പ്രാർത്ഥനാപൂർവം സാഷ്ടാംഗം നമസ്കരിക്കുന്നു.

ജൂൺ 25, 2003 **കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ**



വന്ദ്യദിവ്യശ്രീ അബ്ദൽ ആഹാദ്
റമ്പാൻ (ബർത്തലോയോ)
(പിന്നീട് പ. ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ
പാത്രിയർക്കീസ്)



തകിടിയിൽ
യാക്കോബു കശീശ്ശാ
(ഒന്നാം പതിപ്പിന്റെ പ്രസാധകൻ)

# ആദ്യപതിപ്പിന്റെ മുഖവുര

വിശുദ്ധ തോമസ് ശ്ലീഹായുടെ രക്തത്തുള്ളികൾ ഭാരതത്തിൽ നട്ട മലങ്കര സുറിയാനിസഭ, അവളുടെ വിശ്വാസാചരണങ്ങളിലും മറ്റും പരിശുദ്ധ പിതാക്കന്മാർ നിർദ്ദേശിച്ചിട്ടുള്ള പന്ഥാവിൽനിന്നും എള്ളിട വ്യതിചലിച്ചിട്ടില്ലെങ്കിലും ചില സംഗതികളിൽ മറ്റു സഭകളെ അപേക്ഷിച്ച് അവൾ പിന്നിലാണെന്ന് സലജ്ജം സമ്മതിക്കേണ്ടിയിരിക്കുന്നു. അവയിലൊന്ന് നമ്മുടെ സഭയ്ക്ക് മലയാളഭാഷയിൽ ഇതഃപര്യന്തം സർവ്വോപരി ആക്ഷേപരഹിതമായ ഒരു സഭാചരിത്രം ഉണ്ടായിട്ടില്ല എന്നുള്ളതു തന്നെ. ഇത്രയും പ്രബുദ്ധമായ ഒരു സഭയ്ക്കു-സംസ്കാരസമ്പന്നന്മാരുടെ വിഹാരരംഗമായ നമ്മുടെ സഭയ്ക്ക് ഇത് തീർത്തും അപമാനഹേതുകമാണ്.

ഞാൻ പല അവസരങ്ങളിലും ഇതേപറ്റി ചിന്തിച്ചു ദുഃഖിച്ചിട്ടുണ്ട്. ഏതാണ്ടു പതിമൂന്നു വർഷക്കാലത്തോളം മലയാളക്കരയിൽ ജീവിച്ച് നമ്മുടെ എല്ലാവരുടെയും സ്നേഹബഹുമാനങ്ങൾക്ക് പാത്രീഭൂതനായ ദിവ്യശ്രീ അബ്ദൽ ആഹാദ് റമ്പാച്ചനോട്, ഞാൻ ബാഷ്പാകുലനായി ഇതേപ്പറ്റി പലപ്പോഴും പറഞ്ഞിട്ടുണ്ട്. യഥാർത്ഥഭക്തനും സഭാചരിത്ര പാരാവാരപാരംഗതനുമായ റമ്പാച്ചൻ ഇതിലേയ്ക്കു മനസ്സുവയ്ക്കുന്നപക്ഷം, ആ കുറവു പരിഹരിക്കപ്പെടുമെന്ന് എനിക്ക് അറിയാമായിരുന്നു. ഞങ്ങളുടെ അപേക്ഷ അദ്ദേഹം ദയാപുരസ്സരം സ്വീകരിച്ചു. സുറിയാനിസഭാചരിത്രത്തിന്റെ ഒന്നാമത്തെ വാല്യം അങ്ങനെ സൂര്യപ്രകാശം കാണുന്നതിനിടയായി. ഋജുബുദ്ധിയും, ഭക്തശിരോമണിയും പണ്ഡിതനുമായ അദ്ദേഹത്തോടു മലയാളക്രൈസ്തവസഭ എന്നന്നേക്കും കടപ്പെട്ടവളാണ്. ഈ മഹാഗ്രന്ഥത്തിന്റെ അടുത്ത വാല്യങ്ങൾ, അദ്ദേഹം സ്വന്തനാട്ടിൽ താമസിച്ചുകൊണ്ട് ഇപ്പോൾ എഴുതിവരുന്നു. അതു പൂർത്തിയാകുമ്പോൾ, ഇതിന്റെ ശേഷംഭാഗംകൂടി നമ്മുടെ മാതൃഭാഷയിൽ പ്രസിദ്ധീകരിക്കാമെന്ന് ഞാൻ ആശിക്കുന്നു.*

ഇതിന്റെ വിവർത്തനം പല പട്ടക്കാരും ശെമ്മാശന്മാരും കൂടിയാണ് നിർവ്വഹിച്ചിട്ടുള്ളത്. പല ആളുകൾ ഭാഷാന്തരീകരണം ചെയ്തതുകൊണ്ട്, ഇതിന്റെ ശയ്യ ആദ്യന്തം ഒരു രീതിയുള്ളതല്ല. എങ്കിലും പൊതുവേ പറയുകയാണെങ്കിൽ ആശയത്തിന്റെ ഗൗരവം അനുസരിച്ച് ഭാഷ ക്രമീകരിക്കു

*ശേഷം രചനകൾ നിർവഹിച്ചത് അറബി-സുറിയാനിഭാഷകളിൽ ആയിരുന്നു. അവ മലയാളത്തിലോ ഇംഗ്ലീഷിലോ ഇതുവരെ പരിഭാഷപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ട് മലങ്കരസഭയ്ക്ക് പ്രയോജനപ്പെട്ടിട്ടില്ല. (സംശോധകൻ)

വാൻ ഞങ്ങൾ ആവത് ശ്രമിച്ചിട്ടുണ്ട്. അതിന്റെ വിജയാപജയം നിർണ്ണയിക്കേണ്ടത് വായനക്കാരാണ്.

ഈ വാല്യത്തിൽ ഒന്നാം നൂറ്റാണ്ടിന്റെ ആരംഭംമുതൽ നാലാം നൂറ്റാണ്ടിന്റെ ആരംഭംവരെയുള്ള ചരിത്രസംഭവങ്ങൾ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. വിജ്ഞാനപ്രദങ്ങളായ പല സംഗതികളും ഇതിൽ അടങ്ങിയിട്ടുണ്ട്. ഒരു ക്രൈസ്തവനെന്നല്ല, അക്രൈസ്തവനുപോലും ഈ ഗ്രന്ഥപാരായണം കൊണ്ടു പല സംഗതികളും നൂതനമായി ഗ്രഹിക്കാൻ സാധിക്കും. ഓരോ ക്രൈസ്തവഗൃഹത്തിനും ഈ ഗ്രന്ഥം ഒരു അലങ്കാരമായിരിക്കുമെന്ന് പറയാൻ എനിക്ക് ധൈര്യമുണ്ട്. ഇതിന്റെ പ്രസാധകനെന്നുള്ള നിലയിലല്ല, പ്രത്യുത ഒരു നിഷ്പക്ഷ നിരീക്ഷകന്റെ നിലയിലാണ് ഞാൻ ഈ അഭിപ്രായം പ്രകടിപ്പിക്കുന്നത്.

ഈ പുസ്തകം പല ജോലിത്തിരക്കുകളുടെ ഇടയിൽ ഇത്രയും ഭംഗിയായി അച്ചടിച്ചുതന്ന "മലങ്കര പ്രിന്റിംഗ് ഹൗസ്" ഭാരവാഹികളോടും ഇതിന്റെ പ്രൂഫ് നോക്കുന്നതിലും മറ്റും എന്നെ അവസരോചിതമായി സഹായിച്ച മിസ്റ്റർ തോമസ് തളിത്രയോടും എനിക്കുള്ള അപരാമായ കൃതജ്ഞത ഞാൻ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഭാസുരമായ ഒരു ഭാവി വീക്ഷണഗതിയോടെ ഞാൻ ഈ ഗ്രന്ഥം ഇതാ മലങ്കരസഭാജനനിയുടെ തൃപ്പാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

എന്ന്

ചിങ്ങവനം
5-2-1123*

പ്രസാധകൻ
**തകിടിയിൽ യാക്കോബ് കശീശാ**

---

*1948

# വിഷയവിവരം

## ഒന്നാം നൂറ്റാണ്ട്


| അദ്ധ്യായം | | പേജ് |
|---|---|---|
| 1 | സഭാചരിത്രം | 25 |
| 2 | ആദിമസഭയും മ്ശിഹൈകസഭയും | 27 |
| 3 | സുറിയാനിസഭയുടെ മഹിമ | 30 |
| 4 | ക്രിസ്തീയസഭയുടെ സ്ഥാപനകാലത്തെ യഹൂദ സഭയുടെ സ്ഥിതി | 36 |
| 5 | വിഗ്രഹരാധനയും ക്രിസ്തീയസഭാ സ്ഥാപനകാലത്തെ വിജാതികളുടെ സ്ഥിതിയും | 41 |
| 6 | ക്രിസ്തീയസഭയുടെ സ്ഥാപനകാലത്തെ ലോകത്തിന്റെ സാമൂഹ്യസ്ഥിതി | 48 |
| 7 | ക്രിസ്തീയ സഭയുടെ സ്ഥാപനകാലത്തെ ലോകത്തിന്റെ രാഷ്ട്രീയസ്ഥിതി | 55 |
| 8 | ക്രൈസ്തവസഭയുടെ സ്ഥാപനകാലത്തെ ലോകത്തിന്റെ പ്രതീക്ഷ | 56 |
| 9 | മ്ശിഹാതമ്പുരാന്റെ വംശാവലിയും മാതാപിതാക്കന്മാരും | 59 |
| 10 | ക്രിസ്തുമതസ്ഥാപനം | 74 |
| 11 | മ്ശിഹായുടെ തിരുവവതാരകാലം | 81 |
| 12 | മ്ശിഹാതമ്പുരാൻ മനുഷ്യാവതാരം മുഖാന്തരം വി. സഭയ്ക്കു നൽകിയ നൽവരങ്ങൾ | 85 |
| 13 | വി. പത്രോസ് ശ്ലീഹാ | 88 |
| 14 | വി. അന്ത്രയോസ്, യാക്കൂബ്, യൂഹാനോൻ | 101 |
| 15 | വി. പീലിപ്പോസ്, ബർത്തുൽമായി, മത്തായി | 110 |
| 16 | വി. തോമാ, യാക്കൂബ് ബർ ഹൽഫായി, ശെമവൂൻ, യഹൂദ, മത്തിയാസ് | 116 |

17 വി. സ്തേഫാനോസ് സഹദായും സുവിശേഷ പ്രചാരണവും 123
18 സുറിയാനിക്കാരനായ ഉറഹോയിലെ അബ്ഗർ രാജാവ് 125
19 ക്രിസ്തുസഭയിലേക്കുള്ള പുറജാതികളുടെ പ്രവേശനം 128
20 വി. പൗലൂസ് ശ്ലീഹാ 131
21 വി. അന്ത്യോഖ്യാ സിംഹാസനസ്ഥാപനം 140
22 വി. മർക്കോസ്, ലൂക്കോസ് 145
23 ശ്ലീഹന്മാരുടെ കാലത്തെ ഊർശ്ലേമിലെ സുന്നഹദോസുകൾ 149
24 കർത്താവിന്റെ സഹോദരനായ മോർ യാക്കൂബിന്റെ സുകൃതങ്ങളും സാക്ഷിമരണവും 151
25 പ്രഥമക്രിസ്തുമതപീഡനവും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും 155
26 ഊർശ്ലേമിന്റെ നാശം 158
27 മോർ മർക്കോസിന്റെ ഭവനം (ക്രിസ്ത്യാനിത്വത്തിലെ ആദ്യദൈവാലയം) 160
28 രണ്ടാമത്തെ പീഡയും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും 163
29 വേദവിപരീതവും വേദവിപരീതികളും 166
30 പുതിയനിമയത്തിലേയും സത്യപുസ്തകങ്ങളും *അപ്പോക്രിഫാ പുസ്തകങ്ങളും* 172

## രണ്ടാം നൂറ്റാണ്ട്

1 മൂന്നാമത്തെ പീഡയും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും 181
2 റോമിലെ വി. ക്ലീമ്മീസ് 183
3 വി. അന്ത്യോഖ്യായുടെ പാത്രിയർക്കീസായ മോർ ഇഗ്നാത്യോസ് നൂറോനൊ 186
4 നാലാമത്തെ പീഡയും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും 190
5 സ്മിർണ്ണായിലെ വി. പോളിക്കർപ്പോസ് 194

6 അഞ്ചാമത്തെ പീഡയും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും 198
7 അന്ത്യോഖ്യായുടെ വി. തിയോഫിലോസ് 202
8 ക്രൈസ്തവവിദ്യാലയങ്ങൾ അഥവാ അലക്സന്ത്ര്യായിലെ വേദശാസ്ത്രവിദ്യാലയവും മല്പാന്മാരും 206
9 പെസഹാ-ക്യംതാ* പെരുനാൾ ആചരണം സംബന്ധിച്ച് സഭയിൽ ഉണ്ടായ വിവാദം 211
10 മ്ശിഹൈക വിശ്വാസത്തിനുവേണ്ടി വാദപ്രതിവാദം ചെയ്തിട്ടുള്ളവരെക്കുറിച്ച് 215
11 വേദവിപരീതികളും അവരുടെ ഉപദേശങ്ങളും 219
12 സുറിയാനി തത്ത്വചിന്തകന്മാരായ തിത്തിയാനോസും (Tatian-ടാസിയൻ) ബർദയിസാനും 226
13 ശ്ലൈഹിക പാരമ്പര്യം 232

## മൂന്നാം നൂറ്റാണ്ട്

1 കൈസറിയായിലെ സുന്നഹദോസും വി. നർക്കീസോസും 241
2 ആറാമത്തെ പീഡയും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും 245
3 അന്ത്യോഖ്യായുടെ വി. പാത്രിയർക്കീസന്മാരായ സെറാഫ്യോനും എസ്ക്ലിപ്പിയാദീസും 248
4 ഏഴാമത്തെ പീഡയും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും 250
5 അലക്സന്ത്ര്യായിലെ വിദ്യാലയവും അതിലെ മല്പാന്മാരും 254
6 കൈസറിയായിലെ വിദ്യാലയവും അതിലെ മല്പാന്മാരും മുഖ്യശിഷ്യന്മാരും 263
7 എട്ടാമത്തെ പീഡയും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും 270
8 അന്ത്യോഖ്യായുടെ വി. ബാബൂലാ പാത്രിയർക്കീസ് 276
9 റോമാസഭയിലെ ഭിന്നിപ്പും അതു പരിഹരിക്കുന്നതിന് അന്ത്യോഖ്യാസിംഹാസനത്തിന്റെ പരിശ്രമവും 279

*ഉയിർപ്പ്

| | | |
|---|---|---|
| 10 | വേദവിപരീതികളുടെ മാമോദീസായെക്കുറിച്ച് സഭയിലുണ്ടായ തർക്കം | 284 |
| 11 | ഒൻപതാമത്തെ പീഡയും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും | 288 |
| 12 | അന്ത്യോഖ്യാ പാത്രിയർക്കീസായ ശ്മിശ്ത്തായക്കാരൻ പൗലേ | 293 |
| 13 | അന്തോഖ്യാ വിദ്യാലയവും അതിന്റെ സ്ഥാപകരും | 299 |
| 14 | വേദവിപരീതികളും വേദവിപരീതവും തേവോദോത്തോസ്, അർത്തീമോൻ | 302 |
| 15 | കിഴക്കൻദേശത്തെ സുവിശേഷ പ്രചാരണവും സോലീക്കിലെ കാതോലിക്കാ സിംഹാസന സ്ഥാപനവും | 309 |
| 16 | അലക്സന്ത്ര്യാ വിദ്യാലയത്തിലെ പ്രസിദ്ധരായ ശിഷ്യന്മാർ | 314 |
| 17 | മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ സഭയുടെ സ്ഥിതി | 320 |
| 18 | പത്താമത്തെ പീഡ | 324 |
| 19 | പത്താമത്തെ പീഡയിലെ രക്തസാക്ഷികൾ | 332 |
| 20 | ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിലെ ക്രിസ്തീയ അഭ്യസനം | 341 |
| 21 | ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിലെ ക്രിസ്തീയവിശ്വാസം | 349 |
| 22 | സഭയിൽ മൂന്നാം നൂറ്റാണ്ടുവരെയുള്ള ആരാധനാ ക്രമങ്ങളെക്കുറിച്ച് | 360 |
| 23 | ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിലെ വി. സഭയിലെ ഭരണക്രമം | 383 |
| 24 | ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിലെ അന്ത്യോഖ്യാ പാത്രിയർക്കീസന്മാർ | 395 |

# ഒന്നാം നൂറ്റാണ്ട്

## അദ്ധ്യായം 1

# സഭാചരിത്രം

'സഭയുടെ ചരിത്ര'മെന്നത് അത് സ്ഥാപിക്കപ്പെട്ട നാൾ മുതൽ സഭ കടന്നുപോന്നിട്ടുള്ള കാലവും മനുഷ്യവർഗ്ഗത്തിലുള്ള അതിന്റെ പ്രവർത്തനങ്ങളുമാകുന്നു. നാഴിക, വിനാഴികകളാൽ കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നതുപോലെ ചരിത്രം സംഭവങ്ങളാൽ സംഘടിതമായിരിക്കുന്നു. കാര്യവും കാരണവുംപോലെതന്നെ സഭാസംബന്ധമായ കാര്യങ്ങൾക്ക് ആന്തരികവും ബാഹ്യവുമായ രണ്ടു വശങ്ങളുണ്ട്. വിശ്വാസം, ശിക്ഷണജീവിതം, മതതത്ത്വം, സഭാഭരണരീതി എന്നിവ ആന്തരിക വശത്തെ സ്പർശിക്കുന്നതത്രെ. ലോകത്തിലുള്ള സഭയുടെ പ്രചാരം, ജാതികളോടും വിശിഷ്യാ അതതുകാലത്തെ ഭൗമിക രാജ്യങ്ങളോടുമുള്ള ബന്ധം എന്നിവ അതിന്റെ ബാഹ്യവശവുമാകുന്നു. ഈ പുസ്തകത്തിൽ സഭയുടെ വിശ്വാസം, അതിന്റെ ക്രമീകരണം, വിശ്വാസികളുടെ ശിക്ഷണപരമായ ജീവിതം, ആരാധന, അതിന്റെ ഭരണം എന്നീ സംഗതികളെക്കുറിച്ചും സഭയെ അഭ്യസിപ്പിക്കയും സുവിശേഷ പ്രകാശത്താൽ സത്യവഴിയിൽ നടത്തുകയുംചെയ്ത വി. ശ്ലീഹന്മാർ, പ്രകാശത്തൂണുകളായി അതിൽ കാണപ്പെട്ട വി. പിതാക്കന്മാർ, ലോകമെങ്ങും സുവിശേഷം പ്രസംഗിച്ച സുവിശേഷകർ, ജാതികളുടെയും രാജാക്കന്മാരുടെയും ഇസ്രായേൽ മക്കളുടെയും മുൻപാകെ അതിനുവേണ്ടി വാദിച്ച മഹാജ്ഞാനികൾ ഉത്തമനിലയിൽ അതിനെ ഭരിച്ച ശ്രേഷ്ഠ ഇടയന്മാരായ വി. പാത്രിയർക്കീസന്മാർ, എപ്പിസ്കോപ്പന്മാർ, കശീശന്മാർ, ശെമ്മാശന്മാർ ആദിയായവർ, യേശുവിനെയുള്ള സ്നേഹത്തെപ്രതി സ്വയം ത്യജിച്ച് രക്തസാക്ഷികളായിത്തീർന്ന സഹദേന്മാർ, തന്റെ നാമം നിമിത്തം ഉപദ്രവങ്ങളും ഞെരുക്കങ്ങളും സഹിച്ച മൗദ്യാനന്മാർ (confessors)ലോകത്തിനു തങ്ങളെത്തന്നെ ക്രൂശിക്കയും ക്രൂശെടുത്തു മ്ശിഹായെ അനുഗമിക്കുകയുംചെയ്ത സന്യാസിമാർ, ആരാധനകൾക്കുവേണ്ടി പ്രാർത്ഥനകളും ക്രമങ്ങളും രൂപവൽക്കരിക്കുകയും ആത്മികമായ ഉപദേശം മുഖാന്തിരം അതിന്റെ സന്താനങ്ങളെ പോറ്റി പുലർത്തുകയുംചെയ്ത ഉത്തമോപദേഷ്ടാക്കന്മാർ, അവർക്ക് വെടിപ്പിന്റെയും വിശുദ്ധിയുടെയും ഉൽകൃഷ്ട ദൃഷ്ടാന്തമായിത്തീർന്ന പരിശുദ്ധന്മാർ,

തന്റെ നുകത്തെ വഹിക്കുകയും തന്റെ കതിരുകളാൽ പ്രകാശിക്കപ്പെടുകയും സത്യവിശ്വാസത്തെ ആശ്ലേഷിക്കുകയും ചെയ്ത ജാതികൾ, ആവശ്യമായിരിക്കുന്ന നിയമങ്ങൾ ക്രോഡീകരിച്ച സുന്നഹദോസുകൾ, അതാതു കാലങ്ങളിൽ അതിൽ അങ്കുരിക്കുവാൻ ഇടയായ പാഷണ്ഡോപദേശങ്ങൾ, വേദവിപരീതികൾ, ശീശ്മകൾ, വി. സഭയെ ഭൂമുഖത്തുനിന്നു നിഷ്കാസനം ചെയ്യുവാൻ ശത്രുക്കൾ ചെയ്ത ഉദ്യമങ്ങൾ, പീഡകൾ, ആ ഭയങ്കര സന്ദർഭങ്ങളിൽ ക്രിസ്ത്യാനികൾ പ്രത്യക്ഷമാക്കിയ സഹിഷ്ണുത, ത്യാഗസന്നദ്ധത എന്നാദിയായ വിഷയങ്ങളെ പരാമർശിച്ചിരിക്കുന്നു.

അദ്ധ്യായം 2

# ആദിമസഭയും മ്ശിഹൈക സഭയും

'സഭ' എന്നത് വിശ്വാസികളുടെ സമൂഹമാകുന്നു. വിശ്വാസികൾ എന്നു പറയുന്നത് മ്ശിഹായോടും തന്റെ ശിഷ്യന്മാരോടും അവരുടെ പിൻഗാമികളോടും ചേർന്നിരിക്കുന്നവരെ മാത്രമല്ല, എല്ലാക്കാലത്തും ദൈവ വിശ്വാസികളായി ലോകത്തിന്റെ ആരംഭംമുതൽ ഇന്നുവരെയും ലോകാവസാനത്തോളവും ഉള്ളവരെക്കുറിച്ചും ആകുന്നു. അതുകൊണ്ട് 'സഭ' എന്ന പദം ഇസ്രായേൽ ജനത്തെക്കുറിച്ചും പറയപ്പെടുന്നു (പ്രക്. 7:33, എബ്രാ. 2:12).

ഈ അർത്ഥത്തിൽത്തന്നെ ലോകസ്ഥാപനത്തിങ്കൽ സഭയും ആദാമിൽ സ്ഥാപിക്കപ്പെട്ടതുപോലെ മ്ശിഹായിലുള്ള വിശ്വാസം അന്നുമുതലാരംഭിച്ചു (ഉല്പ. 3: 15, 49: 1-27; എബ്രാ. 11:2, 1 പത്രോ. 1:5-13, വെളി. 13:5). ആദാം മുതൽ മോശവരെയുള്ള പിതാക്കന്മാരുടെ കാലത്ത് സ്വാഭാവിക നീതി അനുസരിച്ചും പിതാക്കന്മാർക്കു ലഭിച്ചിരുന്ന ദൈവിക വെളിപാടുകളുടെ വാങ്മൂലപാരമ്പര്യമനുസരിച്ചും സഭ ഭരിക്കപ്പെട്ടിരുന്നു. ഈ കാരണത്താൽ അവർ ബലിപീഠങ്ങൾ പണിയുകയും ബലി അർപ്പിക്കുകയും ദശാംശങ്ങൾ നൽകുകയും വഴിപാടുകൾ നേരുകയും ശാബത് ആചരിക്കുകയും മററും ചെയ്തിരുന്നു. മ്ശിഹായിൽ പ്രതീക്ഷിച്ചിരുന്നവർക്കുണ്ടായിരുന്ന വിശ്വാസം ഹേതുവായിട്ടാണ് അവർ ഇതെല്ലാം പ്രവർത്തിച്ചുപോന്നതെന്നു മാത്രമല്ല ഇവയെല്ലാംതന്നെ മ്ശിഹായെ സദൃശീകരിക്കുന്നതു കൂടെയായിരുന്നു (ലൂക്കോ. 10:24, യോഹ. 8:56).

മൂശ മുതൽ മ്ശിഹായുടെ കാലംവരെ സഭ ഭരിക്കപ്പെട്ടത്, ദൈവത്താൽ എഴുതപ്പെട്ട് മൂശയ്ക്കു നൽകപ്പെട്ട ന്യായപ്രമാണമനുസരിച്ചായിരുന്നു. ഈ പ്രമാണമോ അതിനു മുമ്പുള്ള സ്വാഭാവികനീതിയും പാരമ്പര്യവുമനുസരിച്ച് പ്രമാണത്തിന്റെ സ്ഥൂലരൂപം മാത്രമായിരുന്നു. മനുഷ്യനെ പരിപൂർണ്ണ നന്മയിലേക്കു നയിക്കുവാൻ ഈ പ്രമാണത്തിന് കഴിഞ്ഞിരുന്നില്ല. വിശ്വാസത്താൽ നീതീകരിക്കപ്പെടുവാനായിട്ട് മ്ശിഹായുടെ കാലംവരെയുള്ള ഒരു ശിക്ഷണമായിരുന്നു ഇത് (ഗലാ. 3:24) . ആകയാൽ ന്യായപ്രമാണത്തിന്റെയും അതനുസരിച്ച് ജീവിച്ചിട്ടുള്ള

സർവ്വരുടെയും അടിസ്ഥാനക്കല്ല് നമ്മുടെ കർത്താവായ യേശുമ്ശിഹായാകുന്നു.

മ്ശിഹായുടെ മനുഷ്യാവതാരംമുതൽ മ്ശിഹൈക സഭ സ്ഥാപിക്കപ്പെടുകയും ഏവൻഗേല്യോന്റെ ശ്രേഷ്ഠവും പരിപൂർണ്ണവുമായ പ്രമാണമനുസരിച്ച് സഭ ഭരിക്കപ്പെടുവാൻ തുടങ്ങുകയും കൃപയ്ക്ക് അധീനമായിത്തീരുകയുംചെയ്തു. പൂർണ്ണനായവൻ വരികയും തിരസ്കരണി നീക്കപ്പെടുകയും പ്രത്യക്ഷമുഖങ്ങളോടുകൂടി വിശ്വാസികൾ കണ്ണാടിയിൽക്കൂടിയെന്നപോലെ കർത്താവിന്റെ മുഖത്തെ കാണുവാൻ തുടങ്ങുകയുംചെയ്തു. ഇനിയും ലോകാവസാനംവരെ സഭ ഇതേപ്രകാരം നിലനില്ക്കുകയുംചെയ്യും.[1]

ആകയാൽ "മ്ശിഹൈകസഭ" എന്നു പറയുന്നത്, ദൈവത്താൽ അടിസ്ഥാനമിടപ്പെട്ടതും തന്റെ രക്തത്താൽ സമ്പാദിക്കപ്പെട്ടതും ത്രിയേക ദൈവത്തിലും ത്രിത്വത്തിൽ രണ്ടാമനായ മ്ശിഹാതമ്പുരാന്റെ മനുഷ്യാവതാരത്തിലുള്ള ഏക സത്യവിശ്വാസത്തിൽ യോജിപ്പിക്കപ്പെട്ടതും ഏകവിധമായ കൂദാശകളിൽ സംബന്ധപ്പെടുന്നതും യേശുമ്ശിഹായാകുന്ന ഏക തലവനാൽ ഭരിക്കപ്പെടുന്നതും ആയ മ്ശിഹൈക വിശ്വാസികളുടെ സംഘമത്രെ.

നിരസിക്കപ്പെടുകയും, ലോകത്തിൽ ചിതറപ്പെടുകയും ചെയ്ത യഹൂദസഭയ്ക്കു പകരം ദൈവം ഇതിനെ തിരഞ്ഞെടുത്തു. എന്തുകൊണ്ടെന്നാൽ യഹൂദസഭ ദൈവത്തിന്റെ ഉടമ്പടിയെ ലംഘിക്കുകയും അനേകപ്രാവശ്യം വിഗ്രഹങ്ങളെ ആരാധിക്കുകയും തന്റെ ദീർഘദർശിമാരെ കൊല്ലുകയും അവസാനം ദൈവത്തിന്റെ ഏകജാതനെ ക്രൂശിക്കുകയും ചെയ്തു.

വി. സഭ ലോകാവസാനത്തോളവും നിലനിൽക്കത്തക്കവിധത്തിൽ വി. റൂഹായുടെ കൃപയെ മ്ശിഹായിൽനിന്നും പ്രാപിച്ചിരിക്കുന്നു. വി. വേദം, മിശിഹായുടെ ശരീരം, മണവാട്ടി, ദൈവരാജ്യം, ലോകാവസാനത്തോളവും മനുഷ്യകരങ്ങളാൽ ഇളക്കപ്പെടാവതല്ലാത്ത സത്യത്തിൻ തൂൺ എന്നിങ്ങനെ വിവിധ നാമങ്ങൾ സഭയ്ക്കു നല്കിയിരിക്കുന്നു. പാതാളഗോപുരങ്ങൾ അവളോടു ബലം ചെയ്യുകയില്ലെന്ന് അവളുടെ മണവാളൻ അവൾക്ക് ഉറപ്പുകൊടുത്തിരിക്കുന്നു. അവൾ യേശുമ്ശിഹായാകുന്ന രാജാവിനാൽ നയിക്കപ്പെടുന്ന ശോഭിതരാജ്യമത്രെ. സ്വർഗ്ഗരാജ്യത്തിന്റെ മഹത്തേറിയ പ്രാതിനിദ്ധ്യം വഹിച്ചുകൊണ്ട് ഭൂമിയിൽ സ്ഥിതിചെയ്യുകയും ആ നിത്യരാജ്യത്തെക്കുറിച്ചു പ്രതീക്ഷിച്ചുകൊണ്ട് അതിന്റെ അംശിയായിത്തീരുവാൻ കഴിവനുസരിച്ച് ഉത്സാഹിക്കുകയും

---

1 "ആദിമസഭ, ആദാമിനേയും പുണ്യവാനായ നോഹയേയും ഉത്തമസ്നേഹിതനായ അബ്രഹാമിനേയും മൂശയേയും പുറപ്പെടുവിച്ചു. ദൈവപുത്രൻ അഞ്ചാമത്തവനുമാകുന്നു. ഇത് മനുഷ്യരുടെ പഞ്ചേന്ദ്രിയങ്ങളും അഞ്ചുകാലയളവും അനുസരിച്ചാകുന്നു. അതായത് ശിശു, പൈതൽ, ബാലൻ, യുവാവ്, പുരുഷൻ എന്നിവയത്രെ" എന്ന് സ്രൂഗിലെ മോർ യാക്കൂബ് പറയുന്നു.

ചെയ്യുന്നു. മ്ശിഹായിക്കു മുൻപുള്ള വിശ്വാസികൾ ദൈവത്തിന്റെ പ്രത്യേക ജനം, ദൈവപുരുഷർ, ഇസ്രായേല്യർ, കടിഞ്ഞൂൽ പുത്രൻ ആദിയായ നാമങ്ങളാൽ വിളിക്കപ്പെട്ടിരിക്കുന്നതുപോലെതന്നെ മ്ശിഹാ യിക്കുശേഷവും വിവിധ നാമങ്ങളാൽ സഭാമക്കൾ വിളിക്കപ്പെടുവാൻ തുടങ്ങി. മനുഷ്യാവതാരം ചെയ്ത മ്ശിഹായുടെ ദൈവത്വത്തിൽ അവർ വിശ്വസിക്കുന്നതിനാൽ വിശ്വാസികൾ എന്നും മ്ശിഹായുടെ വിശ്വാസ ത്തിന്മേൽ അവർ പണിയപ്പെട്ടിരിക്കുന്നതിനാലും വി. മൂറോൻ തൈല ത്താൽ അഭിഷിക്തരാകുന്നതിനാലും[1] ക്രിസ്ത്യാനികൾ എന്നും വിളിക്കപ്പെടുന്നു. ഈ നാമം ആദ്യമായി അന്ത്യോഖ്യയിൽ വച്ചു ലഭിച്ചു. മ്ശിഹാ "നസ്രായൻ" എന്നു വിളിക്കപ്പെട്ടുവന്ന പ്രകാരം തന്നോടു ചേർന്നവരും "നസ്രാണികൾ" എന്നു വിളിക്കപ്പെട്ടിരുന്നു. വി. വേദ പുസ്തകം പഠിപ്പിക്കുന്നതനുസരിച്ച് സഭ, ആത്മീയനായ യാക്കോ ബിന്റെ ഭവനമായതുകൊണ്ട് (ലൂക്കോ. 1:32) അതിന്റെ മക്കൾ "യാക്കോ ബായക്കാർ" എന്നു വിളിക്കപ്പെട്ടു. (മോർ സേവേറിയോസ് യാക്കൂബ് എഴുതിയ "സീമോസോ" പുസ്തകം 4:40, ഏശായാ. 44:5, ഉല്പ. 28) 'ദൈവജനനിയോടുള്ള അറിയിപ്പി'നെ സംബന്ധിച്ച് മഹാനായ മോർ സേവേറിയോസു പാത്രിയർക്കീസിന്റെ പ്രസംഗം.)

---

(വി. പിതാക്കന്മാരുടെ ആണ്ടടക്കമുള്ള പ്രസംഗങ്ങളുടെ പുസ്തകം)

## അദ്ധ്യായം 3

# സുറിയാനിസഭയുടെ മഹിമ

ക്രിസ്തീയ സഭയിൽ വച്ചു സുറിയാനിസഭ, വലിയതും ഉൽക്കൃഷ്ടമായ ഒരു സ്ഥാനം പ്രാപിച്ചിട്ടുണ്ട്. ഒന്നാമതു മറ്റെല്ലാ സമുദായങ്ങളെക്കാളും ഈ സഭ പ്രഥമമായി ക്രിസ്തുവിശ്വാസത്തെ അവലംബിക്കുകയും ഏവൻഗേലിയോന്റെ പ്രഭയേറ്റ് പ്രകാശിക്കുകയും ചെയ്തു. രണ്ടാമതായി അന്ത്യോഖ്യായിലെ വി. സിംഹാസനത്തിനു കീഴ്പ്പെട്ടിരിക്കുന്നു. എന്തെന്നാൽ ഈ സിംഹാസനം ശ്ലീഹന്മാരുടെ തലവനായ പത്രോസിനാൽ സ്ഥാപിക്കപ്പെടുകയും അദ്ദേഹംതന്നെ അതിൽ പ്രധാനാചാര്യസ്ഥാനം നിലനിറുത്തിപ്പോരുകയും ചെയ്യുന്നു. ഈ സിംഹാസനത്തിൻ മഹത്ത്വത്തിന്റെ ഉച്ചകോടിയിൽ പന്ത്രണ്ടു മെത്രാപ്പോലീത്തന്മാരുടെയും ഇരുനൂറ്റി അമ്പത് എപ്പിസ്കൂപ്പന്മാരുടെയും ഇടവകകൾ അതിൽ ഉണ്ടായിരുന്നു. കൽക്കദൂനിയാ സുന്നഹദോസ് സഭയിൽ ഉണ്ടാക്കിയ ഛിദ്രത്തിനുശേഷം അതായത് സുറിയാനി സഭയുടെ സുവർണ്ണകാലത്ത് അതിൽ 20 മെത്രാപ്പോലീത്തന്മാരുടെയും 103 എപ്പിസ്കൂപ്പന്മാരുടേയും ഇടവകകൾ ഉണ്ടായിരുന്നു.[1] മോർ മീഖായേൽ റാബോ തന്റെ സഭാചരിത്രത്തിൽ 9, 10, 11, 12 ഈ ശതാബ്ദങ്ങളിൽ യൂഫ്രട്ടീസിനു പടിഞ്ഞാറുമാത്രം സുറിയാനിക്കാർക്കുണ്ടായിരുന്ന എപ്പിസ്കൂപ്പന്മാരുടെ സംഖ്യ ആയിരത്തോളമായിരുന്നുവെന്ന് കാണിച്ചിട്ടുണ്ട്. അതിൽ നൂറു പേർക്കും വി. ദീവന്നാസ്യോസ് *തൽമഹറോയോ* ആണു പട്ടംകൊടുത്തത്. യൂഫ്രട്ടീസിനു കിഴക്കുള്ളതു കണക്കാക്കാതെയാണ് ഇതു പറഞ്ഞിട്ടുള്ളത്. മൂന്നാമതായി അവളുടെ സുറിയാനിഭാഷ. എന്തെന്നാൽ ഈ ഭാഷയിലത്രെ ആദ്യമനുഷ്യനായ ആദാമും, സമുദായങ്ങളിൽ സംസ്കാരത്തിലും വിദ്യയിലും പ്രാഥമികരും രാഷ്ട്രങ്ങളിൽ ശക്തിയിലും അധികാരത്തിലും പ്രധാനികളുമായ[2]വരും സംസാരിക്കുകയും

---

[1] *എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കാ* 9th Ed. 11th Vol. Page 154–156.

[2] സുറിയാനി സമുദായം (അസ്സീറിയ) ആദ്യ തലമുറകളിലെ പരിഷ്കാരമുള്ള സമുദായങ്ങളിൽ പ്രഥമസ്ഥാനം വഹിക്കുന്നു. എന്തെന്നാൽ യഥാർത്ഥ ഗവേഷകന്മാർ സ്ഥാപിക്കുന്നപ്രകാരം ആദ്യമായി മനുഷ്യവർഗ്ഗത്തെ വിദ്യയും കലയും പഠിപ്പിച്ചതും ലോകത്തിനു സംസ്കാരവും നാഗരികത്വവും പ്രദാനം ചെയ്തതും ലിപികൾ കണ്ടുപിടിച്ചതും മ്ശിഹായ്ക്കു മുമ്പുള്ള സുറിയാനി

കർത്താവേശു മ്ശിഹായും ധന്യയായ തന്റെ മാതാവും പരിശുദ്ധരായ ശിഷ്യസമൂഹവും ബഹുമാനപുരസ്സരം വിശുദ്ധിയിൽ മകുടം ചാർത്തുകയും ആദ്യമായി വി. കുർബാന അണയ്ക്കുകയും ചെയ്തിട്ടുള്ളത്. അതുമാത്രമല്ല, ഇത് ദൈവിക വെളിപാടിന്റെ ഭാഷയുമത്രെ. മഹത്ത്വമുള്ളതായ വെളിപാടുകൾ ചില പ്രവാചകന്മാരുടെ ഹൃദയത്തിൽ ഈ ഭാഷയിലാണ് വെളിപ്പെടുത്തിയിട്ടുള്ളത്. തന്മൂലം അവരിൽ ചിലർ പ്രസ്തുത ഭാഷയിൽതന്നെയാണ് പഴയനിയമത്തിലേയും പുതിയ നിയമത്തിലേയും ചില ഗ്രന്ഥങ്ങൾ എഴുതിയത്. ഈ ഭാഷയിൽതന്നെയാണ് ഏവൻഗേലിയോൻ (സുവിശേഷം) യഹൂദിലും സുറിയായിലും പരിസര പ്രദേശങ്ങളിലും ആദ്യമായി മുഴങ്ങിയതും. ആറാം നൂറ്റാണ്ടിൽ സുറിയാനിഭാഷാ സാഹിത്യം സകല വിധേനയും അതിന്റെ അത്യുച്ചനിലയെ പ്രാപിച്ചിരുന്നു. നാലാമതായി ഈ സഭയിലെ വിസ്മയനീയരും പണ്ഡിതശ്രേഷ്ഠന്മാരുമായ പിതാക്കന്മാരുടെ നാമധേയങ്ങൾ ഹേതുവാലുമാണ്. സുരഭിലമായ "നറുദീനി"നേക്കാളും ഉപരിയായ സൗരഭ്യം ഭൂതലമെങ്ങും പരത്തിയ അവർ പരിശുദ്ധതയാകുന്ന തേജസ്സാൽ മിന്നിത്തിളങ്ങിയിരുന്നു എന്നുമാത്രമല്ല സർവ്വവിധമായ പഠനങ്ങളിലും അറിവുകളിലും ആരും വിസ്മയം തൂകുമാറ് അവർ അത്യധികം പ്രശോഭിച്ചിരുന്നു. മഹനീയവും ആസ്വാദ്യവുമായ സംഗതികളെ അവരുടെ മഹാബുദ്ധി വികസിപ്പിക്കുകയും ലോകത്തെ അതിശയിപ്പിക്കുകയും ചെയ്തു. പത്തുശതാബ്ദക്കാലത്തോളം അതായത് 4-ാം ശതാബ്ദം മുതൽ 13-ാം ശതാബ്ദത്തിന്റെ അന്ത്യംവരെ സംസ്കാരലോകത്തിൽ സുറിയാനിക്കാർ അത്യന്തം ശോഭിച്ചിരുന്നതിനാൽ ആ കാലം അവരുടെ സുവർണ്ണകാലഘട്ടം എന്നു വിളിക്കപ്പെട്ടു. പ്രസ്തുത കാലത്തെ പിതാ

ക്കാർ (അസ്സിറീയാക്കാർ) അത്രെ. ഇവരിൽനിന്നുമാണ് പേർഷ്യരും അറേബ്യരും എബ്രായരും അതു പഠിക്കുകയും അതിനെയത്രെ ഗ്രേക്കരും റോമരും പകർത്തുകയും ചെയ്തത്. വിവിധങ്ങളായ സുകുമാരകലകൾ - ശില്പകല, ചിത്രനിർമ്മാണം, കൊത്തുപണി, അലങ്കാരവേല, നെയ്ത്ത്, മകുടനിർമ്മാണം, ലേഖനരചന ആദിയായവകളിൽ - അവർ ഉത്തമദൃഷ്ടാന്തം വഹിച്ചിരുന്നു. മേൽപറഞ്ഞ സുകുമാരകലകളിൽ ഉണ്ടായിരുന്ന വിസ്മയനീയമായ പൗരാണികാവശിഷ്ടങ്ങൾ അവർ ശേഷിപ്പിച്ചത് മറ്റു സമുദായങ്ങളെ ജയിക്കുന്നതായിരുന്നുവെന്ന് പ്രശംസയോടുകൂടി പറയുവാൻ കഴിയും. അവരുടെ പഴയ സ്ഥാപനങ്ങളും പൗരസ്ത്യപാശ്ചാത്യ ദേശങ്ങളിലെ ഗ്രന്ഥശാലകളും കാഴ്ചബംഗ്ലാവുകളും വിലയേറിയതും ബുദ്ധിയെ അതിശയിപ്പിക്കുന്നതും കണ്ണുകളെ ആനന്ദിപ്പിക്കുന്നതുമായ വിശിഷ്ട നിക്ഷേപങ്ങളാൽ അലംകൃതങ്ങളാക്കുന്നു. പ്രത്യേകിച്ച് ഈ അടുത്തുകഴിഞ്ഞ കാലങ്ങളിൽ അസീറിയാ, കാൻഡിയാ എന്നീ ദേശങ്ങളിലെ കുന്നുകളിൽനിന്നു ഗവേഷകന്മാർ കണ്ടെടുത്ത പൗരാണികാവശിഷ്ടങ്ങൾ മേൽപറഞ്ഞ സുകുമാരകലകളിൽ അവർക്കുണ്ടായിരുന്ന താല്പര്യങ്ങളെ പ്രസ്പഷ്ടമാക്കുന്നു. ആകയാൽ ആധുനിക ചരിത്രകാരന്മാരും എഴുത്തുകാരും സുറിയാനി സമുദായത്തെ (അസീറിയാ) "സംസ്കാരത്തിന്റെ രാജ്ഞി" എന്നും "പരിഷ്ക്കാരത്തിന്റെ മാതാവ്" എന്നും സംബോധന ചെയ്തിരിക്കുന്നത് എത്ര ഉചിതമായിരിക്കുന്നു. (സുറിയാനി പൈതൃകത്തേക്കുറിച്ച് പഠിക്കുവാൻ ഡോ. സെബാസ്റ്റ്യൻ ബ്രോക് തയ്യാറാക്കിയിട്ടുള്ള *The Hidden Pearls* എന്ന കൃതി കാണുക.)

ക്കന്മാരിൽ അനേകരും ജ്ഞാനനേതൃത്വത്തിൻ ദീപാവലിയെ പൗരസ്ത്യ ലോകത്തിന്റെ സീമകളോളം പ്രചരിപ്പിക്കുകയും ക്രിസ്തുവിശ്വാസത്തെ ലോകത്തിൽ പ്രത്യേകിച്ച് പൗരസ്ത്യദേശത്ത് ഇൻഡ്യയും ചൈനായുംവരെ പ്രചരിതമാക്കി സ്ഥിരപ്പെടുത്തുകയും ചെയ്തു.[3] തന്നെയുമല്ല മഹനീയങ്ങളായ അനേകം ദൈവാലയങ്ങളും പണികഴിപ്പിച്ചു. വിദൂരരാജ്യങ്ങളിൽനിന്നുപോലും അനേകം സന്ദർശകരെ ആകർഷിച്ചുകൊണ്ടിരുന്ന അവയിൽ ചില ദൈവാലയങ്ങൾ ലോകത്തിലെ അത്ഭുതങ്ങളായി പരിഗണിക്കപ്പെട്ടിരുന്നു. അവർക്ക് അവരുടെ സുവർണ്ണകാലത്തുണ്ടായിരുന്ന മഹനീയ ദൈവാലയങ്ങളിൽ കല്ക്കദൂന്യരും മഹമ്മദീയരും അപഹരിക്കുകയോ ഉന്മൂലം ചെയ്യുകയോ ചെയ്തിട്ടുള്ളതിനെക്കുറിച്ച് നാം മൗനം ദീക്ഷിക്കുന്നപക്ഷവും എ.ഡി. 1236-ൽ സുറിയാനിക്കാർക്ക് ഇരുപതിനായിരം ദൈവാലയങ്ങൾ ശേഷിപ്പുണ്ടായിരുന്നുവെന്നുള്ളത് വിസ്മയാവഹമല്ലയോ?[4] അപ്രകാരംതന്നെ ആ കാലത്തെ വി. പിതാക്കന്മാർ ദയറാകളും സന്യാസാശ്രമങ്ങളും നാനാദേശങ്ങളിലും ശതക്കണക്കിനു പണികഴിപ്പിക്കയും അതിൽ ലോകത്തെ ദ്വേഷിച്ച് പ്രിയപ്പെട്ട യേശുവിനെമാത്രം സമ്പാദിച്ചു ജീവിച്ച ആയിരക്കണക്കിനുള്ള ദയറാക്കാരും സന്യാസികളും വസിക്കുകയും ചെയ്തിരുന്നുവെന്നുള്ളതും എത്രയോ അഭിമാനകരമായിട്ടുള്ളതാണ്! സന്യാസികൾക്കു മാലാഖമാർക്കടുത്ത ജീവിതനടപടികൾക്കു പ്രയോജനപ്പെടുന്ന ഉത്തമനിയമങ്ങളും പ്രമാണങ്ങളും ക്രോഡീകരിക്കുകയും ആദ്ധ്യാത്മികസംപോഷണത്തെ ലാക്കാക്കി സുകൃതനടപടികളെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥാവലികൾ രചിക്കുകയും ചെയ്തിട്ടുള്ളതും ആ മഹാത്മാക്കൾതന്നെയാണ്. ആറാം നൂററാണ്ടിൽ ദക്ഷിണ സിറിയായിൽ (അറേബ്യ) മാത്രമായി 135 *റീശു ദയറോമാർ** സത്യവിശ്വാസത്തിന്റെ ലേഖനത്തിൽ ഒപ്പുവച്ചുവെന്നു കാണുമ്പോൾ നാം അത്ഭുതം കൂറേണ്ടതല്ലയോ?[5] സുറിയാ, മെസൊപ്പൊട്ടോമിയാ, പേർഷ്യാ, ഇറാക്ക് എന്നീ പ്രദേശങ്ങളിൽ ശതക്കണക്കിലുള്ള സുറിയാനി ദയറാകളുടെ കാര്യവും വിസ്മരിക്കാവുന്നതാണോ? പ്രസ്തുത സ്ഥാപനകളിലെ മഹാത്മാക്കൾ സ്ഥാപിച്ചിട്ടുള്ള അനേകം ഉന്നതവിദ്യാലയങ്ങൾ മുഖേന നിരവധി വിദ്വൽശിരോമണികൾ ലോകസമക്ഷത്തിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അവർ വേദപുസ്തകത്തിന്റെ പരിഭാഷ, വ്യാഖ്യാനം, വായനക്കുറിപ്പ് എന്നിവ ക്രമീകരിക്കുകയും ക്രൈസ്തവ വിശ്വാസമർമ്മങ്ങളുടെ ജ്ഞാനത്തിൽ ശ്രേഷ്ഠരായി വേദശാസ്ത്രപരമായി അസാമാന്യ പരിജ്ഞാനം പ്രാപിക്കുകയും ഗഹനവും അജ്ഞാതവുമായിരുന്ന ഏതൽ കാര്യങ്ങളെപ്പറ്റി ചർച്ചചെയ്യുകയും ചെയ്തിട്ടുള്ളവരും ആയിരുന്നു. മഹത്തും പ്രയോജനപൂർണ്ണവുമായ അവരുടെ ഗവേഷണ

3 *എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കാ* Vol II, Page 154.

4 *Syriac Science of Literature* by H.H. The Patriarch Aphraim I.

5 *See Documenta ad origines Monophysitarum Tallustrandas* Pages 209-224.

*ആശ്രമാധിപതി

ങ്ങളാൽ ലഭിച്ചിട്ടുള്ള അമൂല്യരത്നങ്ങൾകൊണ്ട് അലംകൃതമായിരിക്കുന്ന വിശിഷ്ട ഗ്രന്ഥങ്ങൾ അനേകങ്ങളാണ്. പ്രസ്താവിത ഗ്രന്ഥങ്ങളിൽ ദൃഢതരങ്ങളായ തെളിവുകൾ മുഖേന സാക്ഷാത്തായ സംഗതികളെ കൂലംകഷമായി പരിശോധിച്ച് ഉറപ്പിക്കുകയും അയഥാർത്ഥങ്ങളെ തീരെ പരിത്യജിക്കുകയും ചെയ്തിരിക്കുന്നു. ഇങ്ങനെ ആ പിതാക്കന്മാരുടെ സാമർത്ഥ്യം പൂർണ്ണോദയം പ്രാപിക്കുകയും അവരുടെ ജ്ഞാനം സുവിദിതമാകുകയും ചെയ്തിട്ടുണ്ട്. മോർ അപ്രേമിന്റെയും (373+) സ്രൂഗിലെ മോർ യാക്കൂബിന്റെയും (521+) മാബൂഗിലെ മോർ പീലക്സീനോസിന്റെയും (523×) ഉറഹായിലെ മോർ യാക്കൂബിന്റെയും (708+) മോർ മൂശേബർക്കീപ്പായുടേയും (903+) മോർ ഗ്രീഗോറിയോസ് ബാർ എബ്രായയുടേയും (1286+) ഗ്രന്ഥങ്ങൾ പ്രാചീനരും ജ്ഞാനികളുമായ പൂർവ്വികപിതാക്കന്മാരുടേയും സ്വർണ്ണനാവുകാരനായ ഈവാനിയോസ് (407+) ഒഴികെ പണ്ടേതന്നെ സമർത്ഥരും പ്രസിദ്ധരുമായിത്തീർന്ന കപ്പദൂക്യായിലെ കേസറിയായുടെ മോർ ബസേലിയോസിന്റെയും (379+) നസിയാൻസിലെ പ. ഗ്രീഗോറിയോസിന്റെയും (389+) കൃതികളെ ജയിക്കത്തക്കവയാണ്. സഭാസംബന്ധവും ലൗകികവുമായ പ്രമാണ രചനകളിലോ, അവർ വിജ്ഞന്മാരായിരുന്നു. സഭാപരവും അല്ലാത്തവയുമായുള്ള ചരിത്രസംഭവങ്ങളെ വിശ്വസ്തമായും യോഗ്യമായും പുസ്തകപരമ്പരകളായി അവർ രചിച്ചു. ഇത് അവരുടെ വാസനാവിശേഷത്തേയും പാണ്ഡിത്യത്തിന്റെ അഗാധത്തേയും കാണിക്കുന്നു. മദ്ധ്യനൂറ്റാണ്ടുകൾവരെയുള്ള ഇതരക്രൈസ്തവ സമുദായങ്ങളിലെ ചരിത്രങ്ങളെയെന്നല്ല സുപ്രസിദ്ധ ഗ്രീക്കുഗ്രന്ഥങ്ങൾ, അതിപ്രശസ്തമായ എവുസേബിയോസിന്റെ ഗ്രന്ഥങ്ങൾ എന്നിവയെക്കാൾ പ്രസ്തുത പുസ്തകപരമ്പര സമാദരണീയമായിരിക്കുന്നുവെന്നു നിസംശയം പ്രസ്താവിക്കാവുന്നതാണ്. എന്തുകൊണ്ടെന്നാൽ ലോകചരിത്രത്തിലുള്ളതിനേക്കാൾ കൂടുതൽ സംഭവവികാസങ്ങൾ സുറിയാനിക്കാരുടെ ഗ്രന്ഥങ്ങളിൽ ചേർത്തിട്ടുണ്ടെന്നു മാത്രമല്ല, പ്രത്യുത പ്രാചീന സംഗതികളിൽ തെറ്റുണ്ടായിരുന്നവയെ തിരുത്തിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. ആധുനികപൗരസ്ത്യ ഗവേഷകന്മാർ സാക്ഷ്യപ്പെടുത്തുന്നതുപോലെ സുറിയാനിക്കാരുടെ ഈദൃശഗ്രന്ഥങ്ങൾ ഇല്ലായിരുന്നുവെങ്കിൽ സംസ്കാരപരമായ എഴുത്തുകാർ സംസ്കാരപരമായ ചരിത്രത്തിന്റെ ഇഷ്ടത്തെക്കുറിച്ച് അന്ധകാരത്തിൽ ചുറ്റിത്തിരികയും ഹൃദയവേദനയിലും ദുഃഖത്തിലും നിമഗ്നമാവുകയും ചെയ്യുമായിരുന്നു. അപ്രകാരംതന്നെ അവർ തത്ത്വശാസ്ത്രങ്ങളിൽ അഗാധജ്ഞാനം സമ്പാദിക്കുകയും ഏതൽസംബന്ധമായ വിവിധ അറിവുകൾകൊണ്ട് അലങ്കരിക്കപ്പെട്ടു പരിലസിക്കുകയും ചെയ്തു. ആ ശാസ്ത്രത്തെ ആശ്ലേഷിച്ച പൗരസ്ത്യരിൽ ആദ്യർ സുറിയാനിക്കാരായിരുന്നു. പ്രത്യേകിച്ച് അരിസ്റ്റോട്ടലിന്റെ രചനകളെ സംബന്ധിച്ചുള്ള അമൂല്യമായ വ്യാഖ്യാനവും അവർ ലോകത്തിനു പ്രദാനം ചെയ്തിരിക്കുന്നു. മാത്രവുമല്ല, അവരുടെ മനസ്സ്, സാഹിത്യം, കവിത, തർക്കശാസ്ത്രം, കണക്കു

ശാസ്ത്രം, പ്രകൃതിശാസ്ത്രം, ജ്യോതിശാസ്ത്രം, ക്ഷേത്രഗണിതം, ശരീരശാസ്ത്രം, ഭൂമിശാസ്ത്രം, വൈദ്യശാസ്ത്രം മുതലായ വിഷയങ്ങളിൽ നിപുണത നേടുകയും ഈദൃശ്യമായ എല്ലാ വിഷയങ്ങളിലും ഉത്തമമായ കൃതികൾ രചിക്കുകയും ചെയ്തിട്ടുണ്ട്. ഉത്തമമായ വിവിധ കലാവിദ്യകളിലും അവർക്കു പ്രബുദ്ധതയുണ്ടായിരുന്നു. മോർ അപ്രേമിന്റെ കാലംമുതൽ സമാരംഭിച്ചിട്ടുള്ള നാലാം ശതാബ്ദത്തിലെ സഭ സംബന്ധിച്ച ബഹുലങ്ങളായ ഗാനങ്ങളിലും മററുള്ള ക്രിസ്തീയസമുദായങ്ങളോട് താരതമ്യപ്പെടുത്തിനോക്കുമ്പോൾ അവർ കൂടുതൽ നൈപുണ്യം നേടുകയും ദൈവാരാധനയ്ക്ക് ആവശ്യമായിരിക്കുന്ന എല്ലാ സംഗതികൾക്കും വിവിധതരപ്രാർത്ഥനാപുസ്തകങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ടെന്നു കാണാം. അവയുടെ ക്രമീകരണങ്ങൾ എത്രയും അത്ഭുതാവഹവും ആസ്വാദ്യവുമാണ്.

ഗ്രീക്കുഭാഷയിൽനിന്നും മറ്റും വിലയേറിയ ഗ്രന്ഥങ്ങളേയും പ്രബന്ധങ്ങളേയും സുറിയാനിയിലേക്ക് അവർ സമർത്ഥമായി ഭാഷാന്തരം ചെയ്തതിനെക്കുറിച്ചു നാം എന്താണു പറയേണ്ടത്? ഏതു വാക്കുകൾ കൊണ്ട് അവരുടെ ഓർമ്മയെ നാം അനുസ്മരിക്കേണ്ടു! അവരുടെ മഹിമകൾ കേവലം അനിർവ്വചനീയംതന്നെ. ലോകം അവരുടെ പ്രയത്നം മൂലം പരിപുഷ്ടമാക്കപ്പെട്ടു. മഹത്തും ശ്ലാഘനീയവുമായ അവരുടെ പരിശ്രമമില്ലായിരുന്നുവെങ്കിൽ സംസ്കാരലോകത്തിന് നേരിടാമായിരുന്ന നഷ്ടം ഗുരുതരമായിരിക്കുമായിരുന്നു. എന്തെന്നാൽ തന്മൂലം ഗ്രീക്കുഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള പല ഗ്രന്ഥങ്ങളും നഷ്ടപ്പെട്ടുപോയെങ്കിലും അവ സുറിയാനി ഭാഷയിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. എബ്രായ, ഗ്രീക്ക് എന്നീ ഭാഷകളിൽനിന്നു വി. വേദപുസ്തകവും പിന്നീടു പ്രഥമശതകത്തിൽ ശ്ലീഹന്മാരുടെ ലേഖനങ്ങളും രണ്ടും മൂന്നും ശതകങ്ങളിൽ ശ്ലീഹന്മാരുടെ കാനോനാകളും അനന്തരം ഗ്രീക്കുകാർ, റോമാക്കാർ, ഈഗുപ്തായക്കാർ* എന്നീ വേദശാസ്ത്ര പണ്ഡിതന്മാരും വ്യഖ്യാതാക്കളും ഗ്രീക്കുഭാഷയിൽ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളും ചരിത്രങ്ങളും നിയമാവലികളും തത്ത്വശാസ്ത്രവും മറ്റുള്ള സർവ്വ ഗ്രീക്ക് ശാസ്ത്രങ്ങളും സുറിയാനിഭാഷയിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടൽ, ബർഫീറിയോസ്, പിഥാഗോറോസ്, അദസ്ത്രോഫോസ്, ലൂക്മാൻ, (ഊസീബ്) പ്ളൂട്ടാർക്കോസ്, അപ്പോലോനിയോസ്, മാനാന്തറോസ്, ഈസുക്രാട്ട്, ലൂക്കിയാനോസ്, താമസ്ത്ഥിയോസ്, തത്ത്വജ്ഞാനവിദഗ്ദ്ധയായ ത്യാനോ മുതലായ ഗ്രീക്കുതത്ത്വശാസ്ത്രജ്ഞരുടേയും ജ്ഞാനികളുടേയും അനേക ഉപദേശങ്ങളേയും, ഉപമകളേയും, ലേഖനങ്ങളേയും അവർ വിവർത്തനം ചെയ്തിട്ടുണ്ട്. സുപ്രസിദ്ധ ഗ്രീക്ക് ഭിഷഗ്വരന്മാരായ ഗാലീനോസ്, ഫിഫോക്രാറ്റ്, ദീയസ്ക്കോറീദോസ് എന്നിവരുടെ വൈദ്യശാസ്ത്രഗ്രന്ഥങ്ങളും അവർ ഭാഷാന്തരം ചെയ്തു. ഈ വിവർത്തകന്മാരിൽ അധികംപേരും വൈദികരായിരുന്നു. നാലാംനൂറ്റാണ്ടിൽ ഉറഹോ**

*കോപ്റ്റിക് അഥവാ ഈജിപ്തിലെ ഓർത്തഡോക്സ് സഭ

**എഡേസാ

യിലുണ്ടായിരുന്ന കീർത്തിപ്പെട്ട സുറിയാനി വിദ്യാലയം ഈ കാര്യത്തിൽ അതിന്റെ ശക്തി മുഴുവൻ വിനിയോഗിക്കുകയും ആ കാലത്തെ സാഹിത്യപരവും രാജകീയവുമായ ഗ്രീക്കുഭാഷ അഭ്യസിപ്പിക്കുവാൻ തുടങ്ങുകയുംചെയ്തു. പിന്നീട് പ്രസിദ്ധപ്പെട്ട പല സുറിയാനി വിദ്യാലയങ്ങളും 12-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടംവരെ ഇക്കാര്യത്തെ അനുകരിച്ചു. ഇങ്ങനെ എല്ലാ ഗ്രീക്കുസുന്ദരകലകളും സുറിയാനിക്കാരിലേക്കു വന്നുചേർന്നു. ഏഴാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ഗ്രീക്ക് പഠനങ്ങൾ നിരോധനം ചെയ്തു. അപ്പോൾ മുതൽ സുറിയാനിപരിഭാഷകന്മാരുടെ വിസ്മയാവഹങ്ങളായ പരിശ്രമങ്ങൾ സൂര്യസമാനം ഉല്ലസിക്കുകയും നാനാദേശങ്ങളിൽനിന്നും ജനങ്ങൾ അവരുടെ അടുക്കലേക്കു വന്നുചേർന്നു തങ്ങളുടെ ജ്ഞാനതൃഷ്ണ ശമിപ്പിക്കുകയും ചെയ്തു. സുറിയാനിക്കാർ ഗ്രീക്ക് തത്ത്വശാസ്ത്രത്തെ സുറിയാനി ഭാഷയിൽനിന്നും അറബിയിലേക്കു വിവർത്തനംചെയ്ത് അറബികളെ പഠിപ്പിച്ചു. മദ്ധ്യശതകങ്ങളിൽ "അന്ദുലൂ"സിലെ വിദ്യാലയങ്ങൾ മുഖേന അറബിഭാഷയിലുള്ള രചനകൾ മേൽപറഞ്ഞ തത്ത്വശാസ്ത്രം പൗരസ്ത്യരിൽനിന്ന് പാശ്ചാത്യരിൽ പ്രവേശിക്കുകയും സമർത്ഥരായ പാശ്ചാത്യർ അതു സംബന്ധിച്ച് വേണ്ടത്ര പരിശ്രമങ്ങൾ നടത്തുകയും ചെയ്തു. ലോകചരിത്രത്തിൽ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ളവർക്ക് ആധുനിക കാലത്തെ ചൈതന്യത്തിന്റെ കാരണം മേൽ ഉദ്ധരിച്ചത് ആണെന്നുള്ളത് അജ്ഞാതമല്ല. സുറിയാനിക്കാർ പല വിലയേറിയ ഗ്രന്ഥശാലകൾ പള്ളികളിലും ദയറാകളിലും സ്ഥാപിച്ചു. എന്നാൽ ഓരോരോ കാലങ്ങളിൽ നഷ്ടപ്പെട്ടുപോയ ആ മഹനീയ സമ്പാദ്യത്തിന്റെ ഒരു ചെറിയ അവശേഷിപ്പുമാത്രമായി അനേകായിരം സുറിയാനി ഗ്രന്ഥങ്ങൾ ഇന്ന് പൗരസ്ത്യദേശങ്ങളിലും യൂറോപ്യൻരാജ്യങ്ങളിലും സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. അവയിലെ മഹനീയ കയ്യെഴുത്തു ഗ്രന്ഥങ്ങൾ ലോകത്തിലെ മറ്റേത് കയ്യെഴുത്തു ഗ്രന്ഥങ്ങളേയും അതിലംഘിച്ച് പൗരാണികത്വത്തിൽ മുന്നിട്ടുനിൽക്കുന്നു. അവയിൽ ഭൂരിഭാഗവും നല്ല മിനുസമുള്ള തുകൽ ചുരുളുകളിൽ കണ്ണഞ്ചിക്കുമാറുള്ള കൈപ്പടയിൽ വൈദികന്മാരുടെ ശ്ലാഘനീയവും അവിസ്മരണീയവുമായ പരിശ്രമത്താൽ പകർത്തപ്പെട്ടിട്ടുണ്ട്. അവയിൽ ചിലത് മനോഹരങ്ങളായ ചിത്രങ്ങൾകൊണ്ട് അലങ്കരിക്കപ്പെട്ടുമിരിക്കുന്നു.[6]

രാഷ്ട്രങ്ങൾ തമ്മിലുള്ള നിരന്തരമായ യുദ്ധങ്ങളും ആയിരക്കണക്കിന് ആളുകളെ കൊന്ന വാളുകളുമല്ലാതെ മറ്റു യാതൊന്നിനും സുറിയാനിക്കാരുടെ പ്രശംസനീയമായ ഉദ്യമങ്ങളെ കെടുത്തുവാൻ കഴിഞ്ഞില്ല. പ്രത്യേകിച്ചു "തീമൂർലേങ്ങും" അവന്റെ സഖികളായ *മുകിലരും* പൗരസ്ത്യദേശത്തു നടത്തിയതായി എല്ലാവർക്കും അറിവുള്ള പൊതുവായതും അവിസ്മരണീയവുമായ നാശങ്ങൾ പ്രത്യേകം പ്രസ്താവയോഗ്യമത്രെ.

---

6 മുൻപറഞ്ഞ സിറിയക്ക് ലിറ്ററേച്ചർ നോക്കുക. (മോർ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ ഈ മഹദ്കൃതിയുടെ സുറിയാനി-ഇംഗ്ലീഷ് പതിപ്പുകൾ ഇപ്പോൾ ലഭ്യമാണ്-സംശോധകൻ)

## അദ്ധ്യായം 4

# ക്രിസ്തീയ സഭയുടെ സ്ഥാപനകാലത്തെ യഹൂദാസഭയുടെ സ്ഥിതി

ക്രൈസ്തവസഭയുടെ സ്ഥാപനകാലത്തു ലോകത്തിൽ രണ്ടുതരം ആരാധനകളുണ്ടായിരുന്നു. ഒന്നാമത്തേത് ദൈവം ദീർഘദർശിയായ മോശ മുഖാന്തിരം സ്ഥാപിച്ച ഏകദൈവാരാധന. രണ്ടാമത്തേത് ബഹുദൈവവിശ്വാസപരമായ ജാതികളുടെ വ്യർത്ഥവും മനുഷ്യനിർമ്മിതവുമായ വിഗ്രഹാരാധന. ഇസ്രായേൽ ജനം നിനുവയിലേക്കും ബാബേലിലേക്കും അടിമകളായി കൊണ്ടുപോകപ്പെട്ട കാലം മുതൽ ആ വിശുദ്ധ ജനത്തിൽനിന്ന് വാഗ്ദത്തത്തിൻ കീഴ് ശേഷിച്ചത് ബെന്യാമിൻ ഗോത്രവും യഹൂദാഗോത്രവും മാത്രമായിരുന്നു. ശേഷമുള്ളവർ വിവിധ ദേശങ്ങളിൽ ജാതികളുടെ ഇടയിൽ ചിതറപ്പെട്ടു. "സംസർഗ്ഗജാ ദോഷ ഗുണഭവന്തി" എന്ന പഴമൊഴിയനുസരിച്ചുതന്നെ ഈ ജീവിതരീതി ആ യിസ്രായേല്യരിലും ചില പ്രകൃതിവ്യത്യാസങ്ങളെല്ലാം വരുത്തിക്കൂട്ടി. ജാതികളുടെ വികൃതമായ ആരാധനാസമ്പ്രദായങ്ങളെല്ലാം ഇവരിലും വ്യാപിപ്പാൻ ഇടയായി. പ്രവാസത്തിൽനിന്നും തിരിച്ചുവന്ന ജനം കൂടുതൽ ശക്തിയുണ്ടായിരുന്ന "യഹൂദാഗോത്ര"ത്തിന്റെ പേരിൻപ്രകാരം യഹൂദന്മാരെന്ന് വിളിക്കപ്പെട്ടിരുന്നു. ഈ യഹൂദന്മാർ പ്രവാസത്തിലായിരിക്കുമ്പോഴും തിരിച്ചുവന്നതിന്റെ ശേഷവും കൽദയരും പരിസരവാസികളുമായ ജാതികളുമായി സംസർഗ്ഗം ചെയ്യുവാൻ സംഗതിയായതിനാൽ അവരുടെ ഉചിതമല്ലാത്ത ചില വിശ്വാസാചാരങ്ങൾ കൂടി ഇവരിൽ പ്രവേശിച്ചു. ആകയാൽ ഈ അല്പകാലത്തെ പ്രവാസാനന്തരം യഹൂദന്മാരുടെ ഇടയിൽ ഏഴ് വിധത്തിലുള്ള സംഘങ്ങൾ പ്രത്യക്ഷീഭവിച്ചു. വി. പുതിയനിയമത്തിൽനിന്നും ചരിത്രകാരനായ ജോസിഫസിന്റെ പുസ്തകങ്ങളിൽനിന്നും ഈ വിഭാഗങ്ങളെക്കുറിച്ചു നമുക്കു ഗ്രഹിപ്പാൻ കഴിയുന്നു. പരീശർ, സാദൂക്യർ, ആസീന്യർ, ശമര്യർ, ഹേരോദ്യർ, ഗലീലക്കാർ, ലിബർത്യർ എന്നിവരത്രെ ആ വിഭാഗക്കാർ. പൊതുവായി പറഞ്ഞാൽ യഹൂദന്മാർ, ശമര്യർ എന്നിങ്ങനെ രണ്ടായി അവർ വിഭജിക്കപ്പെട്ടിരിക്കുന്നു. ഇവർ തമ്മിൽ യാതൊരു സംസർഗ്ഗവും

ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല അന്യോന്യം ശത്രുതയിൽ വർത്തിച്ചു വരികയും ചെയ്തിരുന്നു. യഹൂദസഭ ശമര്യരെ കേവലം "ശീശ്മ"ക്കാർ എന്നപോലെ ഗണിച്ചുവന്നു. ഇതിന് പ്രത്യേക കാരണവുമുണ്ടായിരുന്നു. ശമര്യർ പഴയനിയമത്തിലെ മൂശയുടെ അഞ്ചുപുസ്തകങ്ങളിൽ പുറജാതികളുടെ അശുദ്ധ വിശ്വാസോപദേശങ്ങളെ കലർത്തുകയും (2 രാജ.17:24-35) ഊർശ്ലേം ദൈവാലയത്തിനെതിരായി "ജറുസ്സിം" എന്ന പർവ്വതത്തിൽ ഒരു ദൈവാലയം ചമയ്ക്കുകയും ചെയ്തു. ബി.സി. 130-ൽ യഹൂദമഹാപ്രധാനാചാര്യനായ ഹർക്കാനോസ് ഇരുനൂറു സംവത്സരത്തോളം പഴക്കമുണ്ടായിരുന്ന ആ ദൈവാലയത്തെ നശിപ്പിച്ചുകളഞ്ഞു. ഇതിനും പുറമെ റോമൻ അധികാരികളും അവരുടെ ഭരണകാലത്ത് യഹൂദന്മാരുടെയിടയിൽ ധാരാളം ദുരാചാരങ്ങൾ കലർത്തി. ഈ വിധത്തിലെല്ലാം ഇസ്രായേൽ ജനം വളരെ അധഃപതിക്കുന്നതിനും മുകളിൽ പ്രസ്താവിച്ച ഓരോ കക്ഷികൾ അവരുടെയിടയിൽ കാണപ്പെടുന്നതിനും ഇടയായി. ആ സംഘങ്ങളുടെ അഭിപ്രായഗതികളെ താഴെ പറയും പ്രകാരം സംഗ്രഹിക്കാം:

## പരീശർ

ഇവർ മറ്റുള്ളവരെ തങ്ങൾക്ക് ഒരു പ്രത്യേകമേന്മയുണ്ടെന്നു നടിച്ച് അവരിൽനിന്നു വിഭിന്നർ എന്നു ചിന്തിച്ചിരുന്നു. അവർ ഏററവും നീതിമാന്മാരാണെന്നുള്ള ഒരു ഭാവവും അവരിലുണ്ടായിരുന്നു. ന്യായപ്രമാണങ്ങളെ അക്ഷരികമായി അനുഷ്ഠിക്കുന്നതിൽ അതീവ നിഷ്ക്കർഷയുള്ളവരും മതസംബന്ധമായ കാര്യങ്ങളെ സർവ്വപ്രധാനമായി പാലിക്കുകയും മതപ്രചരണത്തിന് ആവുന്നത്ര യത്നിച്ചുവരുകയും ചെയ്തിരുന്നവരും ആയിരുന്നു. ഇവരെ സംബന്ധിച്ച് പൊതുവെ ഒരു മതിപ്പുണ്ടായിരുന്നതിനും പുറമെ തികഞ്ഞ ദേശഭക്തരായി ഗണിക്കപ്പെടുകയും ചെയ്തിരുന്നു. തങ്ങളുടെ യോഗ്യതകളും മതഭക്തിയും എത്രത്തോളമുണ്ടെന്ന് മറ്റുള്ളവർ ധരിച്ച് ആ പ്രശംസയെ പ്രാപിക്കുന്നതിന് വളരെ ആഗ്രഹിച്ചിരുന്നതിനാൽ മിക്ക അവസരങ്ങളിലും ആർഭാടകരമായ ഭക്തിപ്രകടനങ്ങൾ പ്രയോഗിക്കുന്നതിൽ ഇവർ ഉത്സുകരായിരുന്നു. പരസ്യവും ദീർഘവുമായ പ്രാർത്ഥനകൾ, മനുഷ്യരാൽ പ്രകീർത്തിക്കപ്പെടേണ്ടതിനുള്ള ദാനധർമ്മങ്ങൾ, ഉപവാസങ്ങൾ, ആഡംബരസഹിതമായ വസ്ത്രധാരണം, അലങ്കാരം, വ്യർത്ഥപ്രശംസ, പരമമായ മുഖ്യാസനപ്രീതി എന്നിങ്ങനെയുള്ള ഇവരുടെ നടപടി നമ്മുടെ കർത്താവിന്റെ ശ്രദ്ധയ്ക്ക് വിഷയമാകുകയും താൻ അവരെ "കപടഭക്തർ" എന്നു സംബോധന ചെയ്യുകയുംചെയ്തു. പാരമ്പര്യന്യായങ്ങളേയും മൂശൈകപ്രമാണങ്ങളേയും അക്ഷരാർത്ഥകമായിതന്നെ ആചരിപ്പാൻ പ്രത്യക്ഷമാക്കിയ ആവേശത്തിൽ അവയുടെ മൗലികവും ആന്തരികവുമായ മർമ്മം ഗ്രഹിക്കുന്നതിനു കേവലം മന്ദബുദ്ധികളായിത്തന്നെ അവർ കാണപ്പെട്ടിരുന്നു. എല്ലാ ചൊവ്വാഴ്ചയും വ്യാഴാഴ്ചയും അവർ ഉപവസിച്ചുവന്നു. മാലാഖമാർ, ആത്മാക്കൾ, പുനരു

ത്ഥാനം എന്നിവയിൽ വിശ്വാസവും എന്നാൽ, പുനരുത്ഥാനശേഷം വൈവാഹിക ജീവിതവും അതിനനുരൂപമായ ആനന്ദങ്ങളും ലഭിക്കുമെന്നുള്ള ചിന്തയും അവർക്കുണ്ടായിരുന്നു. ന്യായപ്രമാണജ്ഞാനികളുടേയും സൊഫ്രേന്മാരുടേയും ഭൂരിഭാഗവും ഈ ഗണത്തിൽപെട്ടവരായിരുന്നു.

### സാദൂക്യർ

ബി.സി. 280-ാമാണ്ടോടുകൂടിയാണ് ഇവരുടെ ആവിർഭാവമെന്ന് യഹൂദവിദ്വാന്മാരിൽ ചിലർ അഭിപ്രായപ്പെടുന്നു. ഇവർ മതതീക്ഷ്ണതയിൽ പരീശന്മാരെക്കാൾ ഒട്ടും കുറവുള്ളവരായിരുന്നില്ലെങ്കിലും മൂശയുടെ അഞ്ച് പുസ്തകങ്ങളൊഴിച്ച് വേദപുസ്തകത്തിലുള്ള മറ്റു ഭാഗങ്ങളും മരിച്ചവരുടെ പുനരുത്ഥാനം, മാലാഖമാർ, ആത്മാക്കളുടെ നിതൃത, അവസാനത്തെ ആനന്ദം, ദണ്ഡനം, പാരമ്പര്യന്യായങ്ങൾ ആദിയായവയും നിഷേധിച്ചിരുന്നു. ഇവർ ഗ്രീക്ക്തത്ത്വജ്ഞാനിയായ 'എപ്പിക്കൂറസ്സ്' എന്ന ചിന്തകന്റെ ആദർശങ്ങളോടു പ്രതിപത്തിയുള്ളവരുമായിരുന്നു. സാദൂക്യർ എന്ന പേർ അവർക്കു സിദ്ധിച്ചതായിരിക്കാം.

### ആസീനിയർ

ഇവരുടെ ആവിർഭാവം ഏതാണ്ട് ബി.സി. 200-നടുത്താണ്. പുതിയനിയമരചയിതാക്കൾ ഇവരെക്കുറിച്ചു യാതൊന്നും അനുസ്മരിപ്പിച്ചിട്ടില്ല. അവരുടെ പ്രദേശങ്ങൾ ഊർശ്ലേമിൽനിന്നും വിദൂരസ്ഥിതങ്ങളായിരുന്നതിനാൽ അവിടെ ദൈവാലയത്തിൽ ബലിയർപ്പിക്കുവാനും ആരാധനയ്ക്കും വന്നിരുന്നില്ല. പ്രാപഞ്ചികവിഷയങ്ങളിൽനിന്ന് വിരക്തി പ്രാപിച്ച് വനങ്ങളിൽ പോയി വേദവായനയിലും ധ്യാനത്തിലും മറ്റും തങ്ങളുടെ സമയങ്ങളെ വിനിയോഗിച്ചു വന്നതിനാൽ ഈ കൂട്ടരെ ഒരു വിധം യോഗികൾ എന്നു പറയാം. മരണാനന്തര ഭാഗ്യാവസ്ഥയിൽ വിശ്വാസമുണ്ടായിരുന്നുവെങ്കിലും പുനരുത്ഥാനത്തെക്കുറിച്ച് ഇവർ സംശയിച്ചിരുന്നു. അവർക്കുള്ളതു പൊതുവകയായിരുന്നു. ഇവർ വലിയ ത്യാഗികളും കാരുണ്യവാന്മാരും സത്യസന്ധരും മിക്കവാറും വിവാഹത്തെ തടയുന്നവരും അവരുടെ മതാനുസാരികളായി വളർത്തത്തക്കവണ്ണം സാധുജനസന്താനങ്ങളെ ദത്തെടുക്കുന്നവരുമായിരുന്നു. അവരുടെ മതാനുസാരിയാകുവാനാഗ്രഹിക്കുന്നവനെ അവർ മൂന്നു സംവത്സരക്കാലം പരിശോധിക്കുകയും അതിന്റെശേഷം അവർക്കു തൃപ്തനായി തോന്നിയാൽ "ദൈവത്തിനു സേവചെയ്യുമെന്നും നീതിജ്ഞനായിരിക്കുമെന്നും അവന്റെ രഹസ്യങ്ങളിൽ യാതൊന്നും സംഘത്തിനു മറച്ചുവയ്ക്കുകയില്ലെന്നും മരിക്കേണ്ടിവന്നാലും സമൂഹത്തിന്റെ യാതൊരു രഹസ്യങ്ങളും വെളിപ്പെടുത്തുകയില്ലെന്നും" വാഗ്ദത്തം ചെയ്യിപ്പിച്ചിരുന്നു. ഈ സംഘത്തിൽ അംഗങ്ങളായിത്തീരുന്ന സന്ദർഭത്തിൽ മാത്രമേ ആണയിടുകയുണ്ടായിരുന്നുള്ളു. പിന്നീട് ആണകൾക്കു പകരം ഉവ്വ്, ഇല്ല എന്ന പദമായിരുന്നു അവർ ഉപയോഗിച്ചിരുന്നത്.

## ശമര്യർ

ഇവരുടെ ഉത്ഭവം താഴെ പറയുംപ്രകാരമാണ്. ബി.സി. 975-ൽ യഹൂദന്മാരുടെ രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. ശ്ലേമൂന്റെ മകനായ രഹബയാം, യഹൂദ, ബന്യാമിൻ എന്നീ ഗോത്രങ്ങളിന്മേലും എഫ്രയിം ഗോത്രത്തിൽപ്പെട്ട നെബാത്തിന്റെ മകൻ യരോബയാം ശേഷമുള്ള പത്ത് ഗോത്രങ്ങളിന്മേലും ആധിപത്യം ചെയ്തു. ഇങ്ങനെ യഹൂദരാജ്യമെന്നും ഇസ്രായേൽ രാജ്യമെന്നും പേർവിളിക്കപ്പെട്ടു. ബി.സി. 924-ൽ ഇസ്രായേൽ രാജാവായ "അമ്രി" ശൊമറീൻ നഗരം പണിയുകയും അതിനെ രാജ്യത്തിന്റെ തലസ്ഥാനമാക്കി തീർക്കുകയുംചെയ്തു. ബി.സി. 740-ൽ അശൂർ രാജാവായ "തെഗലത്ഫലാസർ" ഇസ്രായേൽ രാജ്യത്തിന്റെ ഉത്തരഭാഗം പിടിച്ചടക്കി. തദ്ദേശവാസികളെ അടിമകളാക്കി അശൂരിലേക്കു കൊണ്ടുപോയി. ബി.സി. 724-ൽ അശൂരിലെ രാജാവായി "ശൽമനസർ" ശമറിയ വളഞ്ഞു. മൂന്ന് കൊല്ലത്തെ യുദ്ധത്തിനുശേഷം അവരെ കീഴടക്കി. ഇസ്രായേൽ ഗോത്രങ്ങളിൽ ശേഷിച്ചവരേയും അടിമകളാക്കി അസൂരിലേക്കു കൊണ്ടുപോയി. ഇങ്ങനെ 254 വർഷം നിലനിന്നശേഷം ഇസ്രായേൽ രാജ്യം നാമാവശേഷമായി. കുറേക്കാലങ്ങൾക്കുശേഷം അസൂർരാജാവ് ശൊമറീനും ഇസ്രായേൽ ദേശവും പുനർജ്ജീവിപ്പിക്കുന്നതിനായി തന്റെ രാജ്യത്തുനിന്നു കുറെ ജനങ്ങളെ ശമര്യനഗരങ്ങളിൽ പാർപ്പിച്ചു. അവരുടെ പാപങ്ങളും വിഗ്രഹാരാധനയും നിമിത്തം അവരുടെ മേൽ ദൈവകോപമുണ്ടായി. സിംഹങ്ങൾ അവരെ ഉപദ്രവിച്ചു. രാജാവ് ഇതറിഞ്ഞപ്പോൾ അടിമയിലിരുന്ന പത്ത് ഗോത്രങ്ങളിൽനിന്ന് ഒരാചാര്യനെ കർത്താവിന്റെ ന്യായപ്രമാണങ്ങൾ അവരെ പഠിപ്പിക്കുന്നതിനയച്ചു. അങ്ങനെ അവർ യഹോവായേയും അവരുടെ ദേവന്മാരേയും സേവിച്ചുപോന്നു (2. രാജാ. 17:33). അതിന്റെശേഷം അവർ മതപരമായി അല്പം ഭേദപ്പെടുകയും മൂശയുടെ അഞ്ച് പുസ്തകങ്ങൾ സ്വീകരിക്കുകയുംചെയ്തു. ഇവരും മ്ശിഹായുടെ വരവിനായി കാത്തിരുന്നവരായിരുന്നു (യൂഹാ. 4:25).

## ഹേറോദ്യർ

ഇവരുടെ സംഘടന മതപരമായിട്ടുള്ളതല്ലായിരുന്നു. പിന്നെയോ രാഷ്ട്രീയമായിട്ടുള്ളതായിരുന്നു. ഹേറോദേസ് രാജാവും റോമാക്കാരും തങ്ങളോട് അനുകൂലമായി വർത്തിക്കേണ്ടതിന് പുറജാതികളുടെ അനേക ആചാരങ്ങളേയും ഇവർ പകർത്തിയിരുന്നു.

## ഗലീലക്കാർ

ഇവർ മതപരവും രാഷ്ട്രീയവുമായ ഒരു കൂട്ടമായിരുന്നു. ഗലീലക്കാരനായ യീഹൂദയായിരുന്നു അവരുടെ പ്രഥമനായകൻ. (പ്രക്. 5:37) ക്രിസ്തുവിന്റെ ജനനശേഷം ഏതാണ്ടു 11-ാമാണ്ടോടുകൂടി യഹൂദന്മാരുടെ "പേർ വഴി ചാർത്ത"ലിനെക്കുറിച്ചുള്ളതായ ഓഗസ്തോസ് കേസറുടെ ആജ്ഞയെ ഇദ്ദേഹം എതിർത്തു. തലവരിപ്പണം കൊടുക്കാൻ

പാടില്ലെന്നും, ദൈവമല്ലാതെ യഹൂദന്മാർക്കു വേറെ രാജാവില്ലെന്നും, മർത്യരായ യജമാനന്മാർ തങ്ങൾക്കുണ്ടായിരിക്കുന്നത് ന്യായമല്ലെന്നും പറഞ്ഞ് അവർ ഗവൺമെന്റുമായി മത്സരിച്ചു.

## ലിബർത്യർ

ഇവർ സ്വാതന്ത്ര്യേച്ഛുക്കാർ ആയിരുന്നു. പ്രക്. 6:9-ൽ ഇവരുടെ പേര് അനുസ്മരിക്കപ്പെട്ടിട്ടുണ്ട്. ഇവർ യഹൂദന്മാരിൽ നിന്നോ, റോമൻ അവകാശങ്ങൾ അനുഭവിച്ചിരുന്നവരായ പുറജാതികളിൽനിന്നുള്ള യഹൂദമതാനുസാരികളിൽനിന്നോ ചേർന്നവരായിരുന്നു. ഊർശ്ലേമിൽ ഇവർക്ക് ഒരു പ്രത്യേക സംഘാലയം ഉണ്ടായിരുന്നതായി പറയപ്പെടുന്നു.

അദ്ധ്യായം 5

# വിഗ്രഹാരാധനയും ക്രിസ്തീയസഭാ സ്ഥാപനകാലത്തെ വിജാതികളുടെ സ്ഥിതിയും

ആ കാലഘട്ടത്തിലെ ജാതീയവിഗ്രഹാരാധനയെക്കുറിച്ചും ചുരുക്കമായി അറിഞ്ഞിരിക്കേണ്ടതാണ്. ബഹുദൈവവിശ്വാസവും വിഗ്രഹസേവയും ജാതീയാരാധനയുടെ ലക്ഷണങ്ങളായിരുന്നു. ഇതിനെ സംബന്ധിച്ച് ബാഹ്യമായി നിരീക്ഷിക്കുമ്പോൾ വ്യാജനാമങ്ങളാൽ അറിയപ്പെട്ടിരിക്കുന്ന നിന്ദ്യങ്ങളായ സൃഷ്ടികൾക്ക് ഹീനകർമ്മങ്ങളാലും വികൃത പാരമ്പര്യങ്ങളാലും അർപ്പിക്കപ്പെടുന്ന വ്യർത്ഥവും, മനുഷ്യനിർമ്മിതവും നിരർത്ഥകവും, സങ്കല്പിതവുമായ ആരാധനയാണിതെന്ന് നിഷ്പ്രയാസം മനസ്സിലാക്കുവാൻ കഴിയും. ആത്മീയമായി വിചിന്തനം ചെയ്യുമ്പോൾ ഇത് കാര്യങ്ങളുടെ യഥാർത്ഥസ്ഥിതിയെ മനസ്സിലാക്കാതിരിക്കത്തക്കവണ്ണം മനുഷ്യബുദ്ധിയെ അന്ധകാരമയമാക്കുന്നതും സ്ഫടികസമാനമായ അവന്റെ ബോധത്തെ പങ്കിലപ്പെടുത്തുന്ന ഒരു നശീകരണരോഗവും ആത്മാവിന്റെ ജീവനാഡികളെ ഛേദിച്ചുകളയുന്നതും അതിന്റെ ആന്തരികശക്തികളെ വിഴുങ്ങിക്കളയുന്നതും ദൈവസന്നിധിയിലേക്കു പറന്നെത്താതിരിക്കത്തക്കവണ്ണം അതിന്റെ ആത്മികചിറകുകൾ പറിച്ചുകളയുന്നതുമായ ഒരു അർബ്ബുദവ്യാധിയാണെന്നു കാണാം. ഈ ഉപാസനയെ നിന്ദ്യമായ വ്യഭിചാരവൃത്തിയോടാണ് വി. വേദപുസ്തകം ഉപമിച്ചിരിക്കുന്നത് (ഹസ്ക്കി. 23). ദൈവത്തോടുള്ള സ്നേഹബന്ധത്തെ നിരസിച്ചും ശത്രുവായ സാത്താനോടു സംബന്ധപ്പെട്ട് ഉടമ്പടിചെയ്യത്തക്കവണ്ണം വിഗ്രഹാരാധന, മനുഷ്യവർഗത്തെ അധഃപതിപ്പിക്കുകയും സ്രഷ്ടാവിൽനിന്ന് സൃഷ്ടികളെ അകറ്റുകയും ചെയ്തിരിക്കുന്നു. ശാരീരികമായ വേശ്യാവൃത്തി, “ന്യായാധിപന്മാർ ശിക്ഷിക്കേണ്ടുന്ന കുറ്റവും നരകപര്യന്തം ദഹിപ്പിക്കുന്ന അഗ്നിയുമാകുന്നു”വെങ്കിൽ (ഈയോബ് 31:11-12) ആത്മീയവേശ്യാവൃത്തിയാകുന്ന വിഗ്രഹാരാധന മനുഷ്യവർഗ്ഗത്തെ നിത്യനരകാഗ്നിക്കിരയാക്കുന്നതിൽ അത്ഭുതം ഇല്ലതന്നെ.

വിശുദ്ധ വേദപുസ്തകത്തിലെ വിവരണമനുസരിച്ച് ആദാമും ഹൗവ്വായും പറുദൈസായിൽവച്ച് അവരുടെ "ഭർത്താവായ"[1] ദൈവത്തിന്റെ ഉടമ്പടിയെ നിരസിച്ച് ജാരനായ സാത്താനോട് ബന്ധപ്പെട്ട സമയം മുതൽ വിഗ്രഹാരാധന അങ്കുരിച്ചുവെങ്കിലും കാലാന്തരത്തിൽ ഉളവായ വിഗ്രഹസേവയിൽനിന്നും കേവലം അത് അന്യമായിരുന്നു. മഹലലേലിന്റെ നാളുകളിൽ "എലോഹിംമക്കൾ" പർവ്വതത്തിൽനിന്നും ഇറങ്ങി കായേന്റെ സന്തതികളിൽനിന്നും ഭാര്യമാരെ സ്വീകരിച്ചു. അവർ സാത്താന്റെ പ്രേരണയാൽ നികൃഷ്ടഗീതങ്ങൾ, പൈശാചികനൃത്തങ്ങൾ, നിന്ദ്യമായ വേഷഭൂഷാദികൾ ഇവയിൽ ഭ്രമിച്ച് ലാമേക്കിന്റെ (കുരുടൻ) മക്കളായ യൂബാൻ, തൂബൻക്കീൻ ആദിയായ കായേൻ വംശജരോട് അടുത്ത് വേശ്യാവൃത്തിയും അന്യദൈവാരാധനയും തുടങ്ങി. ഇങ്ങനെ ക്രമാനുഗതമായി ലോകം ആകമാനം വഷളായിത്തീർന്നു. തന്മൂലം ദൈവം ജലപ്രളയത്താൽ അന്നുണ്ടായിരുന്ന സകല ദുഷ്ടന്മാരേയും നശിപ്പിച്ചു. അതിൽ പിന്നീട് പിശാചുക്കൾ, നോഹിന്റെ ആ പരിശുദ്ധ കുടുംബത്തിൽ ദുർവൃത്തുക്കളെ പ്രചരിപ്പിക്കുവാൻ തുടങ്ങി. മനുഷ്യനെ അന്യദൈവാരാധന എന്ന വേശ്യാവൃത്തിയിൽനിന്നും വിടർത്തി ശുദ്ധീകരിച്ച് തന്റെ ഭർത്തൃസേവനത്തിൽ വീണ്ടും നിയോഗിച്ച് മോക്ഷപ്രാപ്തി നൽകുന്നതിനുവേണ്ടി ദൈവവും, അന്യദൈവാരാധന എന്ന വേശ്യാവൃത്തിയിൽനിന്നും വിടർത്താതെ അതിൽതന്നെ നിർത്തിക്കൊണ്ട് അവനോടു കൂടി നരകദുരിതം അനുഭവിപ്പിക്കുന്നതിനുവേണ്ടി പിശാചും തമ്മിൽ ശക്തിമത്തായ പോരാട്ടം നടത്തിക്കൊണ്ടിരുന്നു. മനുഷ്യരുടെ ഇടയിൽ നിന്ദ്യമായ വിഗ്രഹാരാധന പ്രവേശിക്കുന്നതിനും തന്നെത്താൻ ദൈവങ്ങളാകുന്നതിനും തുടങ്ങിയവരിൽ പ്രമാണി അർപ്പക്ഷാദിന്റെ മകനായ കൈനാൻ ആയിരുന്നുവെന്നു പറയപ്പെടുന്നു. നോഹിന്റെ മരണശേഷമാണ് അവൻ ഇതു ചെയ്തത്. ബാബേലിൽവച്ച് ഭാഷ വിഭിന്നമായശേഷം മനുഷ്യർ അവരുടെ സ്ഥലങ്ങളേയും ഭാഷകളേയും ആചാരങ്ങളേയും പ്രമാണങ്ങളേയും വ്യത്യാസപ്പെടുത്തിയപ്പോൾ ഏക ദൈവത്തെക്കുറിച്ചുള്ള അറിവ് ക്രമേണ അവരിൽനിന്ന് അന്തർദ്ധാനം ചെയ്യുകയും അവരുടെ ഹൃദയത്തിൽ നിന്നും തന്റെ നാമം മാഞ്ഞുപോകുകയുംചെയ്തു. വേദഗ്രന്ഥകാരന്മാർ പറയുന്നതുപോലെ സ്രൂഗിന്റെ കാലത്ത് ഭൂമിയിൽ വിഗ്രഹാരാധന

---

1 നിന്റെ സ്രഷ്ടാവ്തന്നെ നിന്റെ ഭർത്താവ് (ഏശാ. 54:5) രണ്ടാമത്തെ കല്പനയിൽ 'നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവമാകുന്നു'' എന്ന് അരുളിചെയ്തിരിക്കുന്നതിൽനിന്നും "തീക്ഷ്ണവാൻ" എന്നുള്ള പദം ഭാര്യയെക്കുറിച്ചു തീക്ഷ്ണതയുള്ള ഭർത്താവിനെ അനുസ്മരിപ്പിക്കുന്നു. അന്യഭർത്തൃസ്വീകരണത്തിൽ സ്വഭാര്യയെ "തീക്ഷ്ണവാനായ" ഒരു ഭർത്താവ് എത്രമാത്രം വെറുക്കുമോ അതിലുമുപരിയായിട്ട്, ജനത്തിന്റെ ഭർത്തൃസ്ഥാനം വഹിച്ചിട്ടുള്ള ദൈവത്തെ ഉപേക്ഷിച്ച് അന്യദൈവങ്ങളെ വരിക്കുന്നവരെ താൻ കഠിനമായി വെറുക്കുകയും ശിക്ഷിക്കുകയുംചെയ്യുന്നു.

വർദ്ധിച്ചു (ഉല്പ. 11:20). മനുഷ്യരുടെ അജ്ഞാനത്താൽ സൂര്യനേയും ചന്ദ്രനേയും കൊത്തുപണിയായിട്ടുള്ളവയേയും ആകാശത്തിലും ഭൂമിയിലും ഇതിനോടു സദൃശമായിരുന്ന സകലത്തേയും അവർ ആരാധിച്ചുകൊണ്ടിരുന്നു. ആ സമയം മുതൽ മന്ത്രവാദം മുതലായ സകലതരം വഞ്ചനകളും ലോകത്തിൽ പ്രവേശിച്ചു. പുനരുത്ഥാനത്തെക്കുറിച്ച് മനുഷ്യർക്ക് യാതൊരു പ്രത്യാശയുമില്ലാതിരുന്നതിനാൽ തങ്ങളുടെ പരേതർ വിസ്മൃതരാകാതിരിപ്പാൻ അവരുടെ പ്രതിമകൾ ഉണ്ടാക്കി സേവിച്ചുവന്നിരുന്നു. വി. ഇയ്യൂബിന്റെ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള വിധം ആരംഭത്തിൽ ഈ ആരാധന സൂര്യചന്ദ്രനക്ഷത്രാദി ആകാശഗോളങ്ങളെ മാത്രമായിരുന്നു.[2] എന്നാൽ ക്രമേണ ഇത് വ്യത്യാസപ്പെട്ട് അതിലും ഒന്നുകൂടി വഷളായിത്തീർന്നു. ഏശയാ. 2:8-ൽ പറഞ്ഞിരിക്കുന്നതുപോലെ ഭൂതലം നിറയത്തക്കവണ്ണം അസംഖ്യം ദേവന്മാരും ദേവികളും വാസമുറപ്പിച്ചു. വി. പുസ്തകത്തിൽനിന്നും പുരാതന എഴുത്തുകാരിൽനിന്നും നാം ഗ്രഹിക്കുന്നത് ഈ ആരാധനക്രമം എല്ലാ ജാതികളിലും എല്ലാ സ്ഥലത്തും ഒരേതരത്തിലായിരുന്നില്ല എന്നാണ്. ചിലർ ആത്മാക്കളെ സേവിച്ചിരുന്നു. ചിലർ ആകാശഗോളങ്ങളേയും ചിലർ പറവജാതികളേയും, ചിലർ കാട്ടിലും നാട്ടിലുമുള്ള മൃഗജന്തുക്കളേയും, ചിലർ കടലിനേയും നദികളേയും ചിലർ പെരുമ്പാമ്പുകളേയും, സർ

---

2 ഇയ്യൂബിന്റെ പുസ്തകം ഒരുകെട്ടുകഥയാണെന്ന് ഇക്കാലത്തു ചിലർ ബുദ്ധിശൂന്യമായി പറയുന്നുണ്ട്. എന്നാൽ ഈ വ്യർത്ഥഅഭിപ്രായത്തെ വി. വേദം നിരസിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ പുസ്തകത്തിൽ നിന്ന് അനേക ഉദ്ധരണികൾ മറ്റു പല പുസ്തകങ്ങളിൽ പ്രത്യേകിച്ച് സങ്കീർത്തനങ്ങളിലുണ്ട്. (മസ്മൂർ 118:5, ഈയൂബ് 35: 16 ഇവയുമായി താരതമ്യപ്പെടുത്തി നോക്കുക.) വി. പൗലൂസ് പ്രസ്തുത പുസ്തകത്തിൽ നിന്ന് ഉദ്ധരണികൾ എടുത്തിട്ടുണ്ട് (1 കോരി. 3:19, ഇയ്യൂബ് 5:13). ഇവയുമായി താരതമ്യപ്പെടുത്തുക.) തന്നെയുമല്ല, നീതിമാനായ നോഹയുടെയും ദാനിയേലിന്റെയും കൂട്ടത്തിൽ ഇയ്യൂബിനെ ദൈവം ഓർക്കുകയും (ഹസ്കി. 14:15) വിശ്വാസികൾക്ക് ഒരു സാദൃശ്യമായിത്തീരുവാനായിട്ട് വി. യാക്കോബുശ്ലീഹാ നീതിമാനായ ഇയ്യൂബിന്റെ സഹനശക്തികളെ ഓർമ്മിപ്പിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ഇയ്യൂബ് ജീവിച്ചിരുന്ന കാലത്തെപ്പറ്റി ചില അഭിപ്രായവ്യത്യാസങ്ങളുണ്ട്. താഴെ പറയുന്ന കാരണങ്ങളാൽ താൻ അബ്രഹാമിനു മുമ്പു ജീവിച്ചിരുന്നുവെന്ന് വ്യാഖ്യാതാക്കളിൽ ഭൂരിഭാഗവും അഭിപ്രായപ്പെടുന്നു. 1) തന്റെ ദീർഘജീവിതം നിമിത്തം, അതായത് മൂശയുടേയോ അബ്രഹാമിന്റേയോ കാലത്ത് ജീവിച്ചിരുന്നവർ ഇത്രയും ആയുസ്സുള്ളവരായിരുന്നില്ല. ഇയ്യൂബിന്റെ പരീക്ഷയുടെ കാലത്ത് തനിക്ക് എഴുപതു വയസ്സോളമുണ്ടായിരുന്നു. അപ്പോൾ തനിക്ക് ഏഴു പുത്രന്മാരും മൂന്നു പുത്രിമാരും ഉണ്ടായിരുന്നെന്നു മാത്രമല്ല അവരിൽ മിക്കവരും വിവാഹം കഴിച്ചു വേറെ താമസവുമായിരുന്നതായിട്ടാണ് കാണുന്നത്. പരീക്ഷയുടെ ശേഷം ഇയ്യൂബ് 140 വർഷം ജീവിച്ചിരുന്നതുൾപ്പെടെ (ഇയ്യൂബ് 42:16) ആകെ തന്റെ ആയുസ്സ് 210 വർഷമായിരുന്നു. അബ്രഹാമിന്റെ പിതാവായ തേറഹിന്റെ ആയുഷ്ക്കാലം 208 വർഷമാണ് (ഉല്പ. 11:32). തേറഹിന്റെയും ഇയ്യൂബിന്റെയും ആയുഷ്ക്കാലം തമ്മിൽ യോജിക്കുന്നതിനാൽ ഇയ്യൂബ് ആ കാലത്ത് ജീവിച്ചിരുന്നുവെന്നു മനസ്സിലാക്കാം. 2) ഇയ്യൂബിന്റെ

പ്പങ്ങളേയും, ഇഴജന്തുക്കളേയും ചിലർ ഈച്ചകളേയും കൊതുകുകളേയും ചിലർ തങ്ങളെ ഭരിച്ച പൂർവ്വിക രാജാക്കന്മാർ, അമാനുഷ ശക്തിപരാക്രമത്താൽ തങ്ങളെ അത്ഭുതരാക്കിയ മല്ലന്മാർ, പ്രബലന്മാരാദിയായവരേയും (ഇവരിൽ സ്ത്രീകളും ഉൾപ്പെട്ടിരുന്നു) ചിലർ എലികളേയും വാവലുകളേയും (ഏശാ. 2:8) ചിലർ വായുവിനേയും അഗ്നിയേയും വൃക്ഷങ്ങളേയും വെട്ടുകിളികളേയും മത്സ്യങ്ങളേയും ഇങ്ങനെ ചേതനങ്ങളും അചേതനങ്ങളുമായ വിവിധ രൂപങ്ങളെ ആരാധിച്ചുവന്നിരുന്നു. "അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നോർത്തു മഹത്ത്വീകരിക്കുകയോ നന്ദികാണിക്കുകയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. ജ്ഞാനികളെന്നു പറഞ്ഞുകൊണ്ട് അവർ മൂഢരായിപ്പോയി. അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി, ഇഴജാതി എന്നിവരുടെ രൂപസാദൃശമായി മാറ്റിക്കളഞ്ഞു... ദൈവത്തിന്റെ സത്യം അവർ വ്യാജമായി മാറ്റിക്കളഞ്ഞു. സൃഷ്ടിച്ചവനേക്കാൾ സൃഷ്ടിയെ ഭുജിച്ച് ആരാ

---

പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ആരാധന, ബലി അണയ്ക്കുക, പ്രാർത്ഥന നടത്തുക എന്നിവ മാത്രമായിരുന്നു. യഹൂദാരാധനകളുടെ ക്രമീകരണത്തെക്കുറിച്ചോ ഇതിൽ യാതൊന്നുംതന്നെ പറഞ്ഞിട്ടില്ല. എന്നാലോ തന്റെ മക്കൾക്കുവേണ്ടി ദിവസേന ബലിയണയ്ക്കുന്ന ഒരു ആചാര്യനായിരുന്നു ഇയ്യൂബെന്ന് നമുക്ക് കാണുവാൻ കഴിയും. ഈ കാലം മോശയ്ക്കു മുമ്പുള്ള കാലത്തോടു യോജിക്കുന്നു. എന്തെന്നാൽ ഗൃഹനായകൻ അഥവാ ആദ്യജാതൻ ആചാര്യനായിരുന്നു. 3) ഇയ്യൂബിന്റെ പുസ്തകത്തിൽ മൂശൈക ന്യായപ്രമാണമോ, സോദോം ഗോമോറാ നാശം, മെസ്രേനിലെ ബാധകൾ, ചെങ്കടൽ വിഭജനം തന്റെ ജനത്തോടുള്ള ദൈവത്തിന്റെ താൽപര്യം എന്നാദിയായ അത്ഭുതമോ പറഞ്ഞുകാണുന്നില്ല. ഈ കാര്യങ്ങൾ പുറജാതികളുടെ ഇടയിൽ പോലും നിത്യസംഭാഷണവിഷയമായിരുന്നു (യോശുവാ 2:9, 1 ശമു. 4:8). "പുറപ്പാടി"നു ശേഷമാണ് ഇയ്യൂബ് ജീവിച്ചിരുന്നതെങ്കിൽ താനോ തന്റെ സ്നേഹിതന്മാരോ മേൽപറഞ്ഞ കാര്യങ്ങൾ ഓർക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ ഈ കാലത്തിനു വളരെ മുമ്പുണ്ടായിരുന്ന ജലപ്രളയത്തെക്കുറിച്ചും (ഇയ്യൂബ് 22:15) ദൈവത്തിന്റെ ഭയങ്കരശക്തി ലോകത്തിന്റെയും മാലാഖമാരുടേയും വിസ്മയനീയമായ സൃഷ്ടിപ്പ് (ഇയ്യൂബ് 38:4-7) എന്നാദിയായവയെക്കുറിച്ചും ഓർമ്മിപ്പിച്ചിരിക്കുന്നു. 4) പ്രസ്തുത പുസ്തകത്തിൽ (ഇയ്യൂബിന്റെ) വിഗ്രഹാരാധനയെക്കുറിച്ചു പറയുമ്പോൾ നക്ഷത്രാരാധനയെക്കുറിച്ചു മാത്രമേ പറഞ്ഞിട്ടുള്ളൂ. ഇത് വിഗ്രഹാരാധനയുടെ, വിശിഷ്യ പൗരസ്ത്യരുടെ ആദിമഘട്ടമാണ്. അബ്രഹാമിനു പിമ്പിലുള്ള വിഗ്രഹാരാധനാസമ്പ്രദായം ഇതിൽ കാണുന്നില്ല. ആകയാൽ ഇയ്യൂബ് മോശയ്ക്കും അബ്രഹാമിനും മുമ്പ് ജീവിച്ചിരുന്നതായി നിസ്സംശയം തെളിയുന്നു.

ഇയ്യൂബ് തന്റെ പുസ്തകം അറബിഭാഷയിൽ എഴുതിയെന്നും മോശ അത് മെദിയാൻ മരുഭൂമിവാസികളുടെയോ തന്റെ അമ്മാവിയപ്പനായ യിത്രോവിന്റെയോ അടുക്കൽ കണ്ട് ഇയ്യൂബിന്റെ ചരിത്രത്തെ സംബന്ധിച്ച് ദൈവിക വെളിപാടുമൂലവും അവിടുത്തെ അറബികളിൽനിന്നും കേട്ടതനുസരിച്ച് മുഖവുരയും ഉപസംഹാരവും എഴുതിയെന്നും ചിലർ പറയുന്നു. എന്തെന്നാൽ ഇയ്യൂബ് അവിടുത്തെ അറബികളുടെ ഒരു തലവനായിരുന്നു.

ധിച്ചു. അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ. ആമേൻ" (റോമാ. 21:25). എന്നിങ്ങനെ ആ സമ്പ്രദായത്തെക്കുറിച്ച് വി. പൗലൂസ്ശ്ലീഹാ വാസ്തവമായിത്തന്നെ എഴുതിയിരിക്കുന്നു. ഓരോ ജാതിക്കും ദേശത്തിനും വിവിധ ദൈവങ്ങളുണ്ടായിരുന്നു. പ്രത്യേകിച്ച് ഈ വഞ്ചനയിൽ മറ്റുള്ള ഏതു ജാതിക്കാരിലുംവെച്ച് ഏറ്റം വലിയ വിജയം നേടിയത് ഈജിപ്റ്റുകാരായിരുന്നു. എണ്ണമറ്റ ആരാധനാമൂർത്തികൾ അവരുടെ ഇടയിലുണ്ടായിരുന്നു. ദൈവം ഭക്തനായ മൂശ മുഖാന്തിരം മെസ്രേനിൽ പ്രവർത്തിച്ച പത്ത് ബാധകളിൽ ഓരോന്നും അവിടെ ആരാധിക്കപ്പെട്ടുവന്നിരുന്ന ദൈവങ്ങൾക്കെതിരായി പ്രയോഗിച്ചതായിരുന്നു.

റോമാക്കാരുടെ ഇടയിൽ ഈ വിഗ്രഹാരാധനയ്ക്ക് ഒരു രാഷ്ട്രീയ നിറം കൂടി സിദ്ധിച്ചിരുന്നു. സാമ്രാജ്യപ്രഭുത്വത്തിനും പ്രബലതയ്ക്കു ഹാനിസംഭവിക്കാതിരിക്കാൻ പ്രജകളേവരും രാജാധിപത്യത്തെ സ്വീകരിക്കത്തക്ക ഒരു രൂപം ഈ ആരാധനയ്ക്ക് അവർ നൽകി. സ്വവർഗ്ഗാഭിമാനബോധം മനുഷ്യരുടെയിടയിൽ വളർന്നു വന്നതോടെ ദൈവങ്ങളും രാഷ്ട്രീയപ്രാധാന്യമർഹിച്ചു. വർഗ്ഗീയ ദൈവങ്ങൾ ഇങ്ങനെ സംജാതമായി. അതാതു വർഗീയ ദൈവത്തിന്റെ അനുകൂലത്താൽ ഇതരവർഗ്ഗങ്ങളെ ജയിച്ച് കീഴടക്കത്തക്കവണ്ണം ഓരോ വർഗത്തിനും സാദ്ധ്യമായിത്തീരുമെന്നു ചിന്തിച്ചിരുന്നു. ഇതര ദൈവങ്ങളെക്കാൾ പ്രാധാന്യവും പ്രാബല്യവും ഈ വർഗ്ഗീയ ദൈവത്തിനുണ്ടെന്ന് സങ്കല്പിക്കപ്പെട്ടിരുന്നുവെന്നുമാത്രമല്ല കൂടുതലായ ഭക്തിയും ബഹുമാനവും അതിനു നൽകപ്പെട്ടുവന്നു. ഈ വർഗീയദേവപ്രീതിയെ പ്രതി ഇതരവർഗങ്ങളെ കീഴമർത്തേണ്ടത് ഒരാവശ്യസംഗതിയായി വ്യാഖ്യാനിച്ചു തുടങ്ങിയതിനാൽ മനുഷ്യത്വം അതിന്റെ സാമാന്യപദവിയിൽനിന്ന് അധഃപതിക്കുകയും ഓരോ വർഗ്ഗവും ഇതരവർഗ്ഗങ്ങളെ കേവലം ദാസന്മാർ എന്നും അപരിഷ്കൃതരെന്നും എണ്ണുകയും അവരോടു നിഷ്ഠുരമായി പെരുമാറുകയും ചെയ്തിരുന്നു. വിവിധ ജന്തുക്കളെ ബലിയണച്ച് ഈ ദേവസേവ നിർവ്വഹിച്ചിരുന്നു. പല സ്ഥലങ്ങളിലും നരബലിയും ആണ്ടിലൊരിക്കലെങ്കിലും നടത്തുവാൻ അവർ നിർബന്ധിതരായിരുന്നു. എന്നാൽ ഏതെങ്കിലും സ്ഥലങ്ങളിൽ വല്ല ദുരദൃഷ്ടങ്ങളും സംഭവിക്കുകയാണെങ്കിൽ ആയതു ദേവകോപംനിമിത്തമാണെന്ന് സങ്കല്പിച്ച് ദേവപ്രീതിക്കുവേണ്ടി നരബലി അനുപേക്ഷണീയമായിത്തീർന്നു. ഇങ്ങനെ മാതാപിതാക്കന്മാർ സ്വന്തമക്കളെപ്പോലും നിഷ്ക്കരുണം ദേവപ്രസാദത്തിന് അഗ്നിയിൽ ആഹുതി ചെയ്തിരുന്നു. വിവേകമില്ലാത്ത ഈ പെരുമാറ്റങ്ങളിൽനിന്നും സൂക്ഷിച്ചുകൊള്ളുവാൻ ദൈവം ഇസ്രായേൽ മക്കളോട് ആജ്ഞാപിക്കുന്നു.[3] (ആവർത്തനം 12:31).

---

3 നിന്റെ ദൈവമായ യഹോവയെ അങ്ങനെ സേവിക്കേണ്ടതല്ല. യഹോവാ വെറുക്കുന്ന സകല മ്ലേച്ഛതയും അവർ തങ്ങളുടെ ദേവപൂജയിൽ ചെയ്തു. തങ്ങളുടെ പുത്രീ പുത്രന്മാരെപ്പോലും അവർ തങ്ങളുടെ ദേവന്മാർക്ക് അഗ്നിപ്രവേശം ചെയ്യിച്ചുവല്ലോ."

ഇങ്ങനെയുള്ള ജാതീയ ദേവന്മാരിലും ദേവതകളിലും ചിലത് കേവലം നിഷിദ്ധങ്ങളായ വ്യാപാരങ്ങളെ പ്രതിനിധീകരിച്ചിരുന്നതിനാൽ അവയെ ആരാധിച്ചുവന്ന മനുഷ്യസ്വഭാവവും ശിക്ഷണവും വളരെ അധഃപതിച്ചുപോയിരുന്നു. മാർഗ്ഗനിർദ്ദേശത്തിന് തങ്ങളുടെ ആരാധനാമൂർത്തികളിലേക്ക് കണ്ണോടിക്കുമ്പോൾ അവയെ സംബന്ധിച്ച് വർണ്ണിക്കപ്പെടുന്ന ചരിത്രങ്ങൾ കേവലം അസന്മാർഗ്ഗികമായി കാണുകയും ആ പ്രകൃതികളെത്തന്നെ സാധുക്കളായ ആരാധകർ പകർത്തുകയും ചെയ്തിരുന്നതിനാൽ ക്രമേണ മനുഷ്യജാതി സാന്മാർഗ്ഗികനിലയിൽനിന്ന് അധഃപതിപ്പാൻ തുടങ്ങി. വി. പൗലൂസ്ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനം ഒന്നാം അദ്ധ്യായത്തിൽ ഈ സംഗതി വെളിപ്പെടുത്തുന്നുണ്ട്. സൃഷ്ടിക്കപ്പെട്ടിരിക്കുന്ന വസ്തുക്കളിലൂടെ സ്രഷ്ടാവിനെയും തന്റെ മഹത്ത്വത്തെയും ഗ്രഹിക്കേണ്ടതിനു പകരം (സങ്കീർത്തനം 19:1) ദൈവോദ്ദേശത്തെ വ്യതിചലിപ്പിച്ചുകൊണ്ട് കേവലം സൃഷ്ടികളെത്തന്നെ ദൈവമെന്നു സങ്കല്പിച്ച് ആരാധിക്കുന്നത് മനുഷ്യസ്വഭാവത്തിന്റെ വീഴ്ചയെ അല്ലാതെ മറ്റെന്താണു കാണിക്കുന്നത്? ഉത്തമ ശിക്ഷണജീവിതത്തിന് 'ബഹുദൈവാരാധന' ഒരുവിധത്തിലും സ്വാഭാവികമായി തന്നെയും യോജിച്ചതല്ല. ഇതിനാൽ ദൈവത്തെ അനേകഭാഗങ്ങളായി വിഭാഗിക്കുന്നു. നാം മുമ്പു പറഞ്ഞിരിക്കുന്നവിധം ഈ ദൈവങ്ങൾ കേവലം മനുഷ്യസാദൃശ്യങ്ങളായിത്തീരുവാൻ മാത്രമെ സാദ്ധ്യമായിരുന്നുള്ളു. ഓരോ വർഗ്ഗവും തങ്ങളുടെ ഗുണദുർഗുണങ്ങൾക്ക് തങ്ങൾ ആരാധിച്ചുകൊണ്ടിരുന്ന ദൈവങ്ങളെത്തന്നെ മാതൃകയായി ചൂണ്ടിക്കാണിച്ചുകൊണ്ടിരുന്നു. ഈ ആരാധന വെറും ബാഹ്യമായിരുന്നു. ഈ മനുഷ്യന്റെ ദൈവങ്ങൾ കേവലം മനുഷ്യപ്രകൃതിക്കനുസരണമായവിധം തന്നെയുള്ള ഭാവഭേദത്തോടുകൂടിയവരായി സങ്കല്പിക്കപ്പെട്ടിരുന്നു. ഏതെങ്കിലുമൊരു പ്രവർത്തിയാൽ ദൈവകോപം വരുത്തിവച്ചതായി തോന്നിയാൽ ഏതെങ്കിലുമുള്ള ഒരു കാഴ്ച സമർപ്പണത്താൽ ദേവപ്രസാദം വരുത്തിയാൽ മാത്രംമതി എന്നിങ്ങനെ വിചാരിക്കപ്പെട്ടുവന്നതിനാൽ ഈ ആരാധന സ്വഭാവസംസ്കരണപരമായി നിശ്ചിതമായ ഒരു ധർമ്മപാലനത്തെ ഒരു വിധത്തിലും സഹായിച്ചിരുന്നില്ല. ഈ ആരാധന സ്നേഹത്തിൽനിന്നോ ബഹുമാനത്തിൽനിന്നോ ആയിരുന്നില്ല. എന്നാലോ ദേവകോപത്തിൽനിന്നു രക്ഷപെടുന്നതിനായിരുന്നു. തങ്ങളുടെ ആരാധനാമൂർത്തികളിൽനിന്ന് കൃപ, കാവൽ ആദിയായ വരങ്ങളെ പ്രാപിപ്പാൻവേണ്ടി അവർക്കു സമർപ്പിക്കപ്പെട്ടിരുന്ന ഒരു കാഴ്ചയായിരുന്നു അത്. ഈ ജാതീയ ആരാധനാദൈവങ്ങളിൽ അനേകരുടെയും ചരിത്രങ്ങൾ അപലപനീയങ്ങളും ശോചനീയങ്ങളുമായിരുന്നു. യാതൊരു സദാചാരനിഷ്ഠയുമില്ലാതിരുന്ന ദൈവങ്ങളുടെ ആരാധകന്മാർ ആ ആദർശങ്ങളെ തന്നെ പരിഗണിച്ച് തങ്ങളുടെ ദുഷ്പ്രവർത്തികളും സദാചാരങ്ങളായി ചിന്തിച്ചിരുന്നു. ഈ വിധത്തിൽ പൊതുവെ വിഗ്രഹാരാധന മനുഷ്യബോധത്തെ മലിനപ്പെടു

ത്തുകയും മനുഷ്യനും സൃഷ്ടിതാവും തമ്മിലുള്ള ബന്ധത്തെ ശിഥിലപ്പെടുത്തുകയും മനുഷ്യചിന്തയെ അധഃപതിപ്പിക്കുകയും തന്മൂലം ഒരു ധാർമ്മികപരാജയം മനുഷ്യരുടെ ഇടയിൽ പ്രവേശിക്കുകയും ചെയ്തു. മാത്രമല്ല യൗനായക്കാരുടെയിടയിൽ സ്ത്രീകൾ അർഹിച്ചിരുന്ന ബഹുമാനം ക്ഷയിച്ചുവരുകയും ഒരു പുരുഷന് അനേക ഭാര്യമാരും ഒരു സ്ത്രീക്ക് അനേക ഭർത്താക്കന്മാരും എന്ന നിലയിലേക്ക് സമുദായം അധഃപതിക്കുകയും ചെയ്തിരുന്നു. നമ്മുടെ കർത്താവിന്റെ വരവിലും ഇതേ അവസ്ഥയിലായിരുന്നു ലോകം സ്ഥിതിചെയ്തിരുന്നത്.

## അദ്ധ്യായം 6

# ക്രിസ്തീയ സഭയുടെ സ്ഥാപനകാലത്തെ ലോകത്തിന്റെ സാമൂഹ്യസ്ഥിതി

മ്ശിഹായുടെ മനുഷ്യാവതാരത്തിനു മുമ്പ് ഗ്രീക്കുകാരുടെ ഇടയിലുണ്ടായിരുന്ന അനേക തത്ത്വജ്ഞാനികൾ, ജ്ഞാനവും വിവിധ അറിവുകളും ഉല്പാദിപ്പിക്കുന്നതിൽ ഉത്സുകരായിരുന്നതുകൊണ്ട് അവർ ലോകത്തിലുള്ള മറ്റു സകലരേക്കാളും ശ്രേഷ്ഠന്മാരായി പരിഗണിക്കപ്പെട്ടിരുന്നു. സംശയമെന്യേ അവരിൽ ചിലർ അവരുടെ സുസൂക്ഷ്മമായ പര്യാന്വേഷണത്താൽ ലോകത്തിലുള്ള ജ്ഞാനികളിൽ പ്രഥമസ്ഥാനത്തിന് അർഹരായിത്തീർന്നു. എന്നാൽ അവരുടെ മഹാജ്ഞാനത്താൽ പുറജാതികളുടെ വ്യർത്ഥ ആരാധനയുടെ അർത്ഥശൂന്യമായ തിരസ്ക്കരണി നീക്കിക്കളയുന്നതിനും അനവരതങ്ങളായ സത്യങ്ങളെ പ്രത്യക്ഷപ്പെടുത്തുന്നതിനും ഒരുവിധത്തിൽ അവർക്കു സാധിച്ചുവെങ്കിലും ആത്മികവും ലൗകികവുമായുള്ള അനേകം തത്ത്വങ്ങളിൽ പരസ്പരം വിപരീതാഭിപ്രായക്കാരായി അവർ തെറ്റിപ്പോയിട്ടുണ്ട്. ദൈവം, ആത്മാവ്, ലോകം, ശിക്ഷണം എന്നിവയെ സംബന്ധിച്ച് ദുരുപദേശപരമായ വിവിധ അഭിപ്രായങ്ങൾ പ്രചരിച്ചിരുന്നതിനാൽ ദൈവമുണ്ടെന്നുപോലും അവരിൽ ചിലർ വിശ്വസിച്ചിരുന്നില്ല. എന്നാൽ അവനവന്റെ ദൈവം അവനവന്റെ അന്തഃകരണമാണെന്നു മറ്റു ചിലർ വിശ്വസിച്ചിരുന്നു. വേറെ ചിലരാവട്ടെ അവരുടെ നിഗളം ദൈവജ്ഞാനത്തിനെതിരായി നിന്ദ്യകാര്യങ്ങളിൽ വിനിയോഗിക്കുകയും അവർ കപടവിജ്ഞാനത്തിന്റെ അഭിഭാഷകരായിത്തീരുകയും ചെയ്തു. ഇവരെക്കുറിച്ചത്രേ വി. പൗലൂസ്ശ്ലീഹാ, “ജ്ഞാനികളെന്നു പറഞ്ഞുകൊണ്ട് അവർ മൂഢന്മാരായിപ്പോയി” എന്ന് പറഞ്ഞിരിക്കുന്നത്. (റോമ. 1:22). ഈ തത്ത്വജ്ഞാനികളെക്കുറിച്ച് ശരിയായി മനസ്സിലാക്കേണ്ടതിന് അവരിൽ ചിലരെക്കുറിച്ച് സംക്ഷിപ്തമായി താഴെക്കുറിക്കുന്നു.

### 1. സോക്രട്ടീസ്

ഇദ്ദേഹം ബി.സി. 471-നും 469-നും മദ്ധ്യേ അഥേനയിൽ ജാതനായി. സംഗീതം, ഗണിതശാസ്ത്രം, നക്ഷത്രശാസ്ത്രം എന്നീ കലകളിലും

ഗ്രീക്ക് സംസ്കാരത്തിൽ പണ്ഡിതരായവരുടെ സിദ്ധാന്തങ്ങളിലും അദ്ദേഹം അതിനിപുണനായിത്തീർന്നു. ജ്ഞാനത്തിന്റെ സ്ഥാനത്തു കുടികൊണ്ടിരുന്ന മൗഢ്യത്തെക്കുറിച്ച് ജനങ്ങളെ മനസ്സിലാക്കേണ്ട തിനും ബോധപരവും സംസ്കാരപരവുമായ ശ്രേഷ്ഠതയിലേക്ക് അവരെ ഉയർത്തേണ്ടതിനുമായി ദൈവികനിയോഗാനുസരണമുള്ള വെളിപാടുകളും അടയാളങ്ങളും തനിക്കുണ്ടെന്നും, വഷളത്തം മൗഢ്യ മാണെന്നും, സുകൃതം ജ്ഞാനമാണെന്നും മനുഷ്യർ തെറ്റിപ്പോകുന്നത് നന്മ കണ്ടിട്ടില്ലാത്തതുകൊണ്ടാണെന്നും അല്ലാതെ നന്മകണ്ടിട്ട് അതിനെ പ്രവർത്തിക്കാതിരിക്കുന്നതല്ലെന്നും മറ്റും അദ്ദേഹം പറഞ്ഞി രുന്നു. തന്മൂലം നന്മയും സത്യവും എന്തെന്നു പ്രത്യക്ഷപ്പെടുത്തു വാനും, സന്മാർഗ്ഗപരമായ അടിസ്ഥാനത്തിന്മേൽ മതം സ്ഥാപിക്കുന്ന തിനും അദ്ദേഹം ഉത്സാഹിച്ചു. അദ്ദേഹം ദൈവഭക്തനും, നീതിമാനും, പരിപാകതയുള്ളവനും, ജ്ഞാനിയും, ആത്മസംയമനത്ിൽ അതിശ്രേ ഷ്ഠനും, ശീലത്തിലും മിതവ്യയത്തിലും അലംഭാവചേതസ്സിലും ലോക ത്തിന് മാതൃകയുമായിരുന്നു. ഒന്നും ആവശ്യമില്ലാത്തവൻ ദിവ്യനെന്നും അല്പം ആവശ്യമുള്ളവൻ ദിവ്യചേതസ്സോടു സാമീപ്യമുള്ളവനെന്നും പറഞ്ഞിരുന്നു. മനുഷ്യന് ഉതകുന്നത് എന്തെന്ന് ദേവന്മാർ മാത്രമെ അറിയുന്നുള്ളുവെന്നും, മനുഷ്യൻ പ്രാർത്ഥിക്കേണ്ടത് ഒരു പ്രത്യേക നന്മ (കാര്യസാദ്ധ്യം)യ്ക്കുവേണ്ടിയല്ല എന്നാലോ നന്മയായിട്ടുള്ളതിനു മാത്രം വേണ്ടിയാകുന്നുവെന്നും അദ്ദേഹം വിശ്വസിച്ചിരുന്നതുകൊണ്ട് നിയമാനുസരണമായി പ്രാർത്ഥിക്കുകയും ബലികളിൽ നിരന്തരം സന്നി ഹിതനാകുകയും ചെയ്തിരുന്നു. അന്നു നിലവിലിരുന്ന കാവ്യമത പണ്ഡിതന്മാരുടെ പുരാണലിഖിതങ്ങളിൽ ലജ്ജാവഹങ്ങളായ അനേകം സംഗതികളുണ്ടായിരുന്നതു അംഗീകരിക്കുവാൻ അദ്ദേഹത്തിനു കഴി ഞ്ഞിരുന്നില്ല. നികൃഷ്ടമനുഷ്യരുടെ കണ്ണുകൾക്കുപോലും നിന്ദ്യമായി ഗണിക്കപ്പെടുന്ന പ്രവർത്തികൾ ദേവന്മാർ പ്രവർത്തിച്ചിരുന്നുവെന്ന് വിശ്വസിക്കുവാൻ സാദ്ധ്യമല്ലെന്ന് അദ്ദേഹം അവർക്കെതിരായി ന്യായ വാദം ചെയ്തു. ഏവംവിധങ്ങളായ അഭിപ്രായങ്ങൾക്ക് അനുയോജ്യ മായ കെട്ടുകഥകൾ വ്യാജകവികളുടെ നിർമ്മാണത്തിൽപെട്ടതായി ഗണിക്കപ്പെടണമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. നിരവധി ദേവന്മാരാൽ ആവൃതനായിരിക്കെ ആ വഞ്ചനയിൽനിന്ന് (ബഹുദൈവത്വം) തന്റെ നിരൂപണയിൻ ശ്രേഷ്ഠതയാൽ ഉയർന്ന് തന്റെ ബോധത്തിൻ കണ്ണാടി യിൽ താൻ ഏക ദൈവത്തെ കണ്ടു. (ദൈവം) സ്വയംഭൂ, ഏകൻ, അദൃശ്യൻ, സർവ്വജ്ഞൻ, സർവ്വാന്തദർശി, സർവ്വവ്യാപി, സർവ്വശക്തൻ, സ്രഷ്ടാവ് അഖിലപ്രവർത്തനതല്പരൻ എന്നെല്ലാം അദ്ദേഹം ദൈവ ത്തെക്കുറിച്ചു പറഞ്ഞിരുന്നു. ബി.സി. 399-ൽ രാജാവിന്റെ കാമാതുര തയെ കഠിനമായി അദ്ദേഹം ശാസിച്ചിരുന്നതുകൊണ്ട് രണ്ട് കുറ്റാരോ പണങ്ങളാൽ അദ്ദേഹം മരണത്തിനു വിധിക്കപ്പെട്ടു. ഒന്നാമത്തെ കുറ്റം രാജസ്ഥാനത്താൽ സ്വീകരിക്കപ്പെട്ടിരുന്ന ദേവന്മാരെ നിഷേധിക്കു

കയും നവീന ദേവന്മാരെ പ്രവേശിപ്പിക്കുകയും ചെയ്തു എന്നുള്ളതായിരുന്നു. രണ്ടാമത്തെ കുറ്റാരോപണം ബാലന്മാരുമായി സോദോമ്യ പാപത്തിൽ ഏർപ്പെട്ടു എന്നുള്ളതത്രെ. തന്റെ എതിരാളികളോട് അവർ തന്നെ നശിപ്പിച്ചാലും, താമസംവിനാ വേറൊരുവൻ വരുമെന്നും ഏവംവിധമായ മാർഗ്ഗത്തിൽ തന്നെ അവർ അവനെ കാണുമെന്നും ദൈവം അവരോട് കരുണചെയ്ത് അവനെ നായകനാക്കി അയയ്ക്കുമെന്നും ദൈവത്തോടും മനുഷ്യരോടും പെരുമാറേണ്ടവിധം അവൻ അവരെ അഭ്യസിപ്പിക്കുമെന്നും പറഞ്ഞിരുന്നു. ഇതു മ്ശിഹായെക്കുറിച്ചുള്ള ഒരു മുന്നറിയിപ്പാണെന്നു പ്രസ്താവിക്കുന്നതിൽ സംശയലേശമില്ല. ലോകത്തെക്കുറിച്ച് പ്രകൃതിയിൽ അനാദ്യമെന്നും ആകൃതിയിൽ ആരംഭമുള്ളതെന്നും സോക്രട്ടീസ് പഠിപ്പിച്ചു. ആത്മാവ് ദൈവാംശമാകയാൽ മരിക്കുകയില്ലെന്നും അത് കല്പിക്കുകയും ശരീരം ശുശ്രൂഷിക്കുകയും ചെയ്യുന്നതുകൊണ്ട് ആത്മാവ് ദൈവസംബന്ധിയാണെന്നും അദ്ദേഹം പറഞ്ഞിരുന്നു. പ്രമാണം നല്ലതാണെന്നും എന്നാൽ തത്ത്വജ്ഞാനം അതിലും ശ്രേഷ്ഠമാണെന്നും താൻ അഭിപ്രായപ്പെടുകയുംചെയ്തു.

### 2. പ്ലേറ്റോ

ഇദ്ദേഹം ബി.സി. 427-ൽ അഥേനയിൽ ഭൂജാതനായി. 407-ൽ സോക്രട്ടീസുമായി പരിചയപ്പെട്ടു. അദ്ദേഹത്തിൽനിന്നും തന്റെ ചിന്തകൾക്ക് ഒരു നവഗതിയുണ്ടായി. സോക്രട്ടീസുമായി പരിചയപ്പെടുന്നതിനുമുൻപ് ചില പദ്യകൃതികൾ താൻ രചിച്ചു. എന്നാൽ സോക്രട്ടീസിൽനിന്നു കേട്ടശേഷം അവയെ ദഹിപ്പിച്ചുകളഞ്ഞു. ഇദ്ദേഹം 80 വയസ്സുവരെ ജീവിച്ചിരുന്നു. അഥേനയുടെ പശ്ചിമപ്രദേശത്ത് തത്ത്വശാസ്ത്രത്തിന്റെ പ്രഥമവും പ്രധാനവുമായ ഒരു വിദ്യാലയം ഇദ്ദേഹം സ്ഥാപിച്ച് അതിന് 'അക്കാഡമി' എന്നു പേരു വിളിച്ചു. തന്റെ മരണംപര്യന്തം അതിന്റെ മേധാവിയായിരുന്നു. ഇദ്ദേഹം തന്റെ തത്ത്വജ്ഞാനത്തെ ദൃഷ്ടാന്തത്തിന്മേൽ സ്ഥാപിച്ചു. ദൈവം പദാർത്ഥം, രൂപം (ആകൃതി) എന്നിങ്ങനെ മൂന്ന് സ്വയംഭൂക്കൾ ഉണ്ടെന്ന് അദ്ദേഹം പഠിപ്പിച്ചു. ചില പുസ്തകങ്ങളിൽ ആത്മാവിനെക്കൂടെയുൾപ്പെടുത്തി സ്വയംഭൂക്കൾ നാലെന്നും അദ്ദേഹം പ്രതിപാദിക്കുന്നു. ദൈവത്തെക്കുറിച്ച് ഇപ്രകാരം അദ്ദേഹം പഠിപ്പിച്ചിരുന്നു. "ജ്ഞാനിയും സ്വതന്ത്രനും സർവ്വത്തിന്റെയും കാരണഭൂതനുമായ ഒരു ദൈവമുണ്ട്. അദ്ദേഹത്തിന് ഒരു പുത്രനുമുണ്ട്. ഈ ഏകപുത്രൻ കാലംകൂടാതെ ജനിച്ചവനാകുന്നു. എന്തുകൊണ്ടെന്നാൽ ദൈവം ആദ്യന്തനായിരിക്കുന്ന സ്ഥിതിക്ക് പുത്രനും ആ സ്ഥിതിയിൽ തന്നെ ഉള്ളവനാകുന്നു. അല്ലാതെ പിന്നീടുണ്ടായവനല്ല. അനാദ്യാവസ്ഥയിൽ അവരോട് സമമായി വേറൊരുത്തരുമില്ല.[1] ലോകത്തെപ്പറ്റി അദ്ദേഹത്തിന്റെ അഭിപ്രായം ഇപ്രകാരമായിരുന്നു: "ലോകം ആരംഭ

1 ബാർ എബ്രായയുടെ *'മ്നോറസ്കുദ്ശെ'* പുസ്തകം 3-ാം ശേത്സ്തോ 9-ാം കേപ്പാലേയോൻ 1-ാം പോസൂക്കോ 3-ാം നീശോ. (ബാർ എബ്രായാ +1286 എന്ന പേരിൽ അറിയപ്പെടുന്ന മോർ ഗ്രീഗോറിയോസ് മഫ്രിയാനാ-കാതോലിക്കോസ്-എഴുതിയ *'Lamp of the Santuary* മൂന്നാം ഭാഗം 9-ാം അധ്യായം 1-ാം വിഭാഗം 3-ാം ഖണ്ഡം-സംശോധകൻ)

മുള്ളതത്രെ." "പുരാതനനായവന്" സർവ്വ ക്രമീകരണങ്ങളോടും മഹിമകളോടുംകൂടെ അതിനെ സൃഷ്ടിച്ചു ഭരിക്കുന്നു. ആത്മാവിനെക്കുറിച്ച് നിന്ദ്യങ്ങളായ കെട്ടുകഥകളെ അദ്ദേഹം പഠിപ്പിച്ചു. ആത്മാവ് നാശരഹിതമായിട്ടുള്ളതെന്ന് പഠിപ്പിച്ചുവെങ്കിലും അവ ശരീരങ്ങൾക്കു മുമ്പ് സ്ഥിതിചെയ്തിരുന്നുവെന്നും പദാർത്ഥവുമായുള്ള വാസത്തെ ആഗ്രഹിക്കുമ്പോൾ ശരീരത്തോടുചേർന്ന് ഒരു ഉപകരണമാക്കിത്തീർക്കുകയും അവയുടെ മോഹങ്ങളെ നിവൃത്തിക്കുകയും ശരീരം നശിക്കുമ്പോൾ വെടിപ്പുള്ള ആത്മാവെങ്കിൽ അദൃശ്യമായ ലോകത്തിലേക്കു വാങ്ങിപ്പോകുകയും ശരീരസമ്പർക്കത്താൽ അശുദ്ധമായിത്തീർന്ന ആത്മാവെങ്കിൽ ഭൗമികസാമീപ്യത്തിൽ ചുറ്റിക്കറങ്ങുകയും വീണ്ടും വെടിപ്പുവരുവാനായി കൂടുതൽ നികൃഷ്ടമായ അവസ്ഥയിൽ ജനിക്കുകയും ചെയ്യുന്നു. അങ്ങനെ ഒരു ആത്മാവിന്റെ ചരിത്രത്തിൽ നിന്ദ്യമായ ജീവിതവൃത്തിയാൽ അതിന്റെ മോഹങ്ങളിൽനിന്നു തൃപ്തിയടഞ്ഞ് വിരമിക്കുന്നതുവരെ പലവുരു അനേകം ശരീരങ്ങളിൽ പ്രവേശിച്ചുവെന്നുവരാം. അതിന്റെ ശേഷം ശരീരത്തിൽനിന്നും വേർപെട്ട് വീണ്ടും അതിനോടു ചേരാത്തവിധം അതിന്റെ ആദ്യസങ്കേതത്തിലേക്കും അവസ്ഥയിലേക്കും തിരിയുന്നു. മരണമെന്നത് ശരീരത്തിൽനിന്നുള്ള ആത്മാവിന്റെ വേർപാടാകുന്നു. ആത്മാവ് മരിക്കുന്നില്ല. എന്നാലോ പുരാതന പാരമ്പര്യം തുടർച്ചയായ അനേകം ജനനങ്ങളുണ്ട്. ആത്മാവ് പാതാളത്തിലേക്കു പോകുന്നു. വീണ്ടും തിരിച്ചുവരുന്നു. ഈ നിലയിൽ ജീവനുള്ളവർ മരിച്ചവരിൽനിന്നു ജനിക്കുന്നു. മരിച്ചവരില്ലെങ്കിൽ ഇത് അസാദ്ധ്യമാണ്. ഒന്നുമില്ലായ്മയിൽനിന്നു യാതൊന്നുമുളവാകുന്നില്ല. സംശയമെന്യേ മരണം ജീവനെ തുടരുന്നു. ജീവൻ മരണത്തേയും തുടരേണ്ടതാണ്. ഇപ്രകാരമുള്ള വ്യത്യാസങ്ങൾക്കധീനമാകുന്ന ആത്മാവ് ചിരംജീവിയാണ്. ജീവനുള്ളവനിൽനിന്നു മരിച്ചവൻ ഉളവാകുകയും എന്നാൽ മരിച്ചവനിൽനിന്നു ജീവനുള്ളവൻ ഉണ്ടാകാതിരിക്കയും ചെയ്താൽ ഒരു ചുരുങ്ങിയ ഇടകൊണ്ടു ലോകം മുഴുവൻ മരണത്താൽ നശിച്ചുപോകും. ഇപ്രകാരമെല്ലാം അദ്ദേഹം പഠിപ്പിച്ചു.

സന്മാർഗ്ഗത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഉപദേശവും മേൽപ്രകാരം സ്വീകാര്യയോഗ്യമല്ല. അദ്ദേഹം പൊതുഭാര്യാത്വം തുടങ്ങിയുള്ള അഭിപ്രായങ്ങളേയും പ്രചരിപ്പിച്ചിരുന്നു.

### 3. അരിസ്റ്റോട്ടൽ

ഗ്രീക്കു കോളനിയായ സ്റ്റാജിറാ നഗരത്തിൽ ബി.സി. 384-ൽ ഇദ്ദേഹം ജാതനായി. ഇദ്ദേഹത്തിന് 17 വയസ്സ് പൂർത്തിയായപ്പോൾ അഥേനയിൽ വന്ന് പ്ലേറ്റോയുടെ ശിഷ്യനായിത്തീരുകയും 20 വർഷത്തോളം അദ്ദേഹവുമായി സഹവസിക്കുകയുംചെയ്തു. പ്ലേറ്റോയുടെ ചരമാനന്തരം അദ്ദേഹം അഥേന വിട്ടു. മാസിഡോണിയായിലെ രാജാവായ ഫിലിഫ് 15 വയസ്സുള്ള തന്റെ മകൻ അലക്സാണ്ടറെ (മഹാനായ) പഠിപ്പിക്കു

വാനായി 343-ൽ അരിസ്റ്റോട്ടലിനെ ക്ഷണിച്ചതനുസരിച്ച് അദ്ദേഹം അവിടെ പോയി താമസിച്ചിരുന്നു. ഏഴ് വർഷങ്ങൾക്കുശേഷം അലക്സാണ്ടർ, തന്റെ പിതാവിന്റെ പിൻഗാമിയായി മക്കദോന്യായിൽ വന്നു. ബി.സി. 335-ൽ അരിസ്റ്റോട്ടൽ അഥേനയിലേക്കു തിരികെ ചെന്ന് അതിന്റെ പൂർവ്വഭാഗത്ത്, പശ്ചിമഭാഗത്തുള്ള പ്ലേറ്റാണിയൻ വിദ്യാലയത്തിനെതിരായി ഒരു വിദ്യാലയം സ്ഥാപിച്ചു. 13 വർഷം അദ്ദേഹം അതിന്റെ മേധാവിയായിരുന്നു. ഈ കാലയളവിലത്രെ അദ്ദേഹത്തിന്റെ സകല കൃതികളും ചമച്ചത്. അരിസ്റ്റോട്ടൽ സർവ്വരിലുമുപരിയായി തർക്കശാസ്ത്രം (Logic), അലങ്കാരം* (Rhetoric), തത്ത്വശാസ്ത്രം എന്നിവയിൽ പരിശ്രമിച്ചു.[2] പ്ലേറ്റോയുടെ തത്ത്വശാസ്ത്രത്തിനെതിരായി ഇദ്ദേഹം തന്റെ തത്ത്വശാസ്ത്രത്തെ സ്ഥാപിച്ചത്, തർക്കശാസ്ത്രത്തിന്മേലും തെളിവിന്മേലും (Proof) അത്രെ. ദൈവത്തെ സംബന്ധിച്ച് അരിസ്റ്റോട്ടൽ ഇപ്രകാരം പഠിപ്പിച്ചു. ദൈവം ഒരു യാന്ത്രിക ഉപകരണമാണ്. അദ്ദേഹം ലോകത്തെക്കുറിച്ച് യാതൊന്നും പരിഗണിക്കുന്നില്ല. അദ്ധ്വാനം കൂടാതെയുള്ള ദൈവജനനത്തിന്റെ പ്രകൃതത്തിനു മുമ്പായി മറ്റൊന്നുമില്ല. എന്തുകൊണ്ടെന്നാൽ അവനിൽനിന്നുമാത്രമേ സർവ്വത്തിനും ശക്തമായ വചനമുളവായത്.[3] ആത്മാവിന്റെ ആസ്തിക്യം, ഏകസ്വഭാവം, സൃഷ്ടിയാൽ ശരീരത്തേക്കാൾ മുമ്പല്ലെന്നുള്ള പ്രമാണം, ഒരു ശരീരത്തിൽനിന്നു മറ്റൊരു ശരീരത്തിലേക്കു മാറുന്നില്ലെന്നുള്ള സ്ഥിതി, ശരീരത്തിന്റെ നാശത്തിങ്കൽ നശിക്കാത്ത അവസ്ഥ ഇവയെല്ലാം ശരിയായി** അരിസ്റ്റോട്ടൽ പഠിപ്പിച്ചിരുന്നു. ആത്മാവ് പൂർണ്ണമായിട്ടുള്ളതിനെ അല്ലാതെ അംശമായിട്ടുള്ളതിനെ ഗ്രഹിക്കുന്നില്ല. അതിന്റെ ആസ്തിക്യം ദൈവത്തിൽനിന്നല്ല പ്രാപിച്ചിരിക്കുന്നത്. എന്നാലോ ചന്ദ്രവലയത്തെ ഭരിക്കുന്ന ബോധത്തിൽ നിന്നാകുന്നു. ഈ ബോധമത്രെ സൃഷ്ടിസ്ഥിതി സംഹാരങ്ങളുടെ അധിപതിയായിരിക്കുന്നത്. ആത്മാവ് ശരീരത്തിൽനിന്നും വേർപെട്ടാൽ പിന്നീട് ഒരിക്കലും ശരീരത്തോടു ചേരുകയില്ല.[4] എന്നിപ്രകാരം ആത്മാവിനെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ സർവ്വതത്ത്വങ്ങളും ശരിയായിട്ടല്ല പഠിപ്പിച്ചിരുന്നത്. ലോകത്തെക്കുറിച്ച് രൂപത്തിലും പ്രകൃതത്തിലും അനാദ്യമെന്നും ആകാശം അഞ്ചാം ഭൂതമെന്നുമാണ് അദ്ദേഹം പഠിപ്പിച്ചത്.

ബി.സി. 322-ൽ അലക്സാണ്ടറിന്റെ ദേഹവിയോഗത്തെപ്പറ്റി ഇദ്ദേഹം കേട്ടപ്പോൾ ചാൽസീസിലേക്ക് ഓടിപ്പോകുകയും അവിടെവച്ച് 63-ാം വയസ്സിൽ ചരമമടയുകയുംചെയ്തു.

2 ഭാഷയുടെ അലങ്കാരത്തിനും ബോധവിജ്ഞാനത്തിനും ജാതികളുടെ തത്ത്വജ്ഞാനികളോടു വാദിക്കുന്നതിനും വേണ്ട അഭ്യാസം ലഭിക്കേണ്ടതിനായി അരിസ്റ്റോട്ടലിന്റെ പുസ്തകങ്ങൾ പുരോഹിതവൃന്ദം വായിക്കണമെന്നു സഭ ആജ്ഞാപിച്ചിരിക്കുന്നു. (*ഹുദായകാനോൻ* 7-ാം കേപ്പാലേയോൻ 9-ാം പൊസൂക്കോ).

3 മ്നോറസ് കുദ്ശെ 3:9: 1:3.

4 അതായത് അരിസ്റ്റോട്ടൽ ഇവിടെ പുനരുത്ഥാനത്തെ നിഷേധിക്കുന്നു.

* 'അലങ്കാരം' എന്നത് 'Poetics' എന്നും 'Rhetoric' എന്നത് തർക്കശാസ്ത്രവുമാണ്. ഇത് ആദ്യപതിപ്പിൽ വന്ന പിശകായിരിക്കണം (സംശോധകൻ)

**വാസ്തവമാണെന്ന്.

### 4. സ്റ്റോവിക്സ്

ഇവരുടെ പാഠശാല, സ്യൃതം നഗരക്കാരനും തത്ത്വജ്ഞാനിയുമായ സീനോയാൽ ബി.സി. നാലാം ശതകത്തിന്റെ അന്ത്യഘട്ടത്തിൽ അഥേനയിൽ സ്ഥാപിക്കപ്പെട്ടു. അവിടെ "സ്റ്റോവാപോയിക്കൾ" അഥവാ ചിത്രമണ്ഡപം എന്ന സ്ഥലത്തുവച്ച് സീനോ തന്റെ ശിഷ്യ ന്മാരെ പഠിപ്പിച്ചിരുന്നതുകൊണ്ട് അവർ "സ്റ്റോവിക്സ്" എന്നറിയപ്പെട്ടു. സീനോയിക്കുശേഷം പിൻഗാമികളായ ക്ലീന്തോസ് ക്രീസിപ്പോസ് എന്നീ തത്ത്വജ്ഞാനികൾ പ്രസിദ്ധരായിത്തീർന്നിട്ടുണ്ട്. സീനോയും ക്രീസി പ്പോസും പ്ലേറ്റോയുടെ തത്ത്വജ്ഞാനത്തിൽനിന്ന് അനേക സംഗതി കൾ പകർത്തിയിട്ടുണ്ട്. സ്റ്റോയിക്കരിൽ ചിലർ സ്വയംഭൂവായത് ദൈവം, പദാർത്ഥം ഇങ്ങനെ രണ്ടുണ്ട്, അതിൽ ദൈവം കർത്താവും, പദാർത്ഥം കർമ്മവുമാകുന്നുവെന്നും, മറ്റു ചിലർ ദൈവം ആത്മാവ്, പദാർത്ഥം കാലം, അഭാവം എന്നിങ്ങനെ അഞ്ചുണ്ടെന്നും പഠിപ്പിച്ചു. ദൈവം ഒരു ഭരണാധിപതിയും സർവ്വകാര്യതല്പരനും എന്നപോലെ സർവ്വ സ്ഥല ത്തുമുണ്ടെന്നും അഖിലാണ്ഡത്തിന്റെ പ്രമാണം അദ്ദേഹം ക്രമീകരി ച്ചുവെന്നും അവർ പഠിപ്പിച്ചു. വിഗ്രഹങ്ങൾ, ക്ഷേത്രങ്ങൾ, ബലികൾ, പ്രാർത്ഥന എന്നിവ വ്യർത്ഥമാണെന്നും ദൈവത്തെ അറിയുവാനും അദ്ദേഹത്തെ അനുസരിപ്പാനും വാഞ്ഛിച്ചുകൊണ്ട് ഹൃദയമാകുന്ന ദൈവാലയത്തിൽ ദൈവത്തെ ആരാധിക്കുന്നതാണു നല്ലതെന്നും സീനോ അഭിപ്രായപ്പെട്ടു. സ്റ്റോവിക്സ് സുഖവും ദുഃഖവും തുല്യഭാ വത്തോടെ സ്വീകരിച്ചുവന്നു. ജീവിതം, കൃത്യനിർവ്വഹണം എന്നിവ സംബന്ധിച്ച് "ശിരോവിധി"യിൽ അവർ വിശ്വസിച്ചിരുന്നു. ഈ ശിരോ ലിഖിതം അവരുടെ ദേവന്മാരുടെ ഇഷ്ടത്തിന് അധീനപ്പെടുന്നില്ല എന്നവർ പഠിപ്പിച്ചു. ഇതിനു പുറമെ വെപ്പാട്ടികളെ സ്വീകരിക്കുന്നത് ന്യായീകരിച്ചും അവർ പഠിപ്പിക്കയത്രെ ചെയ്തത്.

### 5. എപ്പിക്യൂറസ്സ്

ഇദ്ദേഹം ബി.സി. 342 അവസാനത്തിലോ 341 ആരംഭത്തിലോ അഥേന യിൽ ജനിച്ചു. പ്ലേറ്റോയുടെ തത്ത്വജ്ഞാനത്തിൽ നിന്ന് അനേകം സം ഗതികൾ ഇദ്ദേഹവും കരസ്ഥമാക്കി. തന്റെ തത്ത്വജ്ഞാനം സ്റ്റോവി ക്സിന്റെ ഉപദേശത്തിനു നേരേ വിപരീതമായിരുന്നു. ദേവന്മാരുടെ ഇച്ഛയോ ശിരോലിഖിതശക്തിയോ അനുസരിച്ചല്ല. എന്നാലോ ഭാഗ്യ മനുസരിച്ചാണ് ജീവിതവും കൃത്യനിർവ്വഹണവുമെന്ന് അദ്ദേഹം പഠി പ്പിച്ചു. ലോകം ഒരു സംഭവഗതി മാത്രമാണെന്നു പരിഗണിക്കുകയും വേശ്യാവൃത്തിയെ പുകഴ്ത്തി സ്ഥിരീകരിക്കുകയും ചെയ്തു. ജഡിക ങ്ങളും ബോധനീയങ്ങളുമായ ഇമ്പങ്ങളിലും ലോകമോദങ്ങളിലും ആന ന്ദിക്കുന്നത് ഏററം വലിയ നന്മയാകയാൽ ഭക്ഷിക്കുക, കുടിക്കുക, രമിക്കുക, നാളെ നാം മരിക്കും. മരണാനന്തരം യാതൊന്നുമില്ല എന്ന ദ്ദേഹം പറഞ്ഞിരുന്നു. പുനരുത്ഥാനത്തെയും അവസാന ന്യായവിധി യേയും നിഷേധിക്കുകയും ചെയ്തു.

ഇങ്ങനെ അനേകം തത്ത്വജ്ഞാനികൾ ഗ്രേക്കരുടെ ഇടയിൽ എഴുന്നേറ്റുവെങ്കിലും സത്യപ്രകാശത്തെ ശരിയായി ഗ്രഹിക്കുന്നതിന് അവർക്കുതന്നെയും കഴിഞ്ഞില്ല. ദൈവത്തെ അവർ ഒരു വിധത്തിൽ അറിഞ്ഞുവെങ്കിലും തന്നെ ആരാധിച്ചത് ദൈവത്തിനു വിഹിതമായ നിലയിലല്ല. മ്ശിഹാതമ്പുരാന്റെ അവതാരകാലത്ത് ലോകത്തിന്റെ സാമൂഹ്യമായ സ്ഥിതി ഇതായിരുന്നു. പൗലൂസ് ശ്ലീഹാ ഈ തത്ത്വജ്ഞാനികളിൽനിന്നും മറ്റുള്ളവരിൽനിന്നുമായി തന്റെ ലേഖനങ്ങളിൽ പല ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്.

## അദ്ധ്യായം 7

# ക്രിസ്തീയസഭയുടെ സ്ഥാപന കാലത്തെ ലോകത്തിന്റെ രാഷ്ട്രീയ സ്ഥിതി

ക്രൈസ്തവസഭയുടെ സ്ഥാപന കാലത്ത് അറിയപ്പെട്ടിരുന്ന ലോകം, റോമാ, പാർത്ത്യാ എന്നീ രണ്ടു സാമ്രാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. റോമാസാമ്രാജ്യത്തിന്റെ ആസ്ഥാനം 'റോമാപ്പുരി' ആയിരുന്നു. വടക്ക് ജർമ്മനിയോട് ചേർന്നു ചില രാജ്യങ്ങൾ ഒഴിച്ച് മിക്ക പരിഷ്കൃത രാജ്യങ്ങളേയും ഈ ആധിപത്യം ബാധിച്ചു. റോമാ രാജ്യം ഉത്തമമായും നീതിയായും ഭരിച്ചുവന്നു. ഈ രാജ്യത്തിന്റെ പടിഞ്ഞാറെ പ്രദേശങ്ങളിൽ റോമൻ ഭാഷയും അവയ്ക്കനുസരണമായ ആചാരമര്യാദകളും നടന്നുവന്നു. കിഴക്കേ ഭാഗങ്ങളിലാകട്ടെ റോമൻ കൈസറന്മാരുടെ കാലങ്ങളിൽ റോമിൽപോലും ശക്തിമത്തായി പ്രചരിച്ച ഗ്രീക്കു നാഗരികത മഹാനായ അലക്സാണ്ടറുടെ കാലംമുതൽ ഏററവും ഉയർന്ന നിലയിൽ പ്രചുരപ്രചാരത്തിലെത്തിയിരുന്നു. ഈ വിധമുള്ള രാജ്യങ്ങളുടെ ഏകീകരണവും, ഗ്രീക്ക്ഭാഷയുടെ പൊതുവായ പ്രചരണവും ക്രിസ്തീയ മതപ്രചരണത്തിനു സഹായമായി എന്നുള്ളത് സംശയമററ സംഗതിയാണ്. പാർത്ത്യൻ സാമ്രാജ്യം കിഴക്ക് ഇറാക്ക് മുതൽ ഇൻഡ്യയിലെ ചില രാജ്യങ്ങളുടെമേലും അവർക്കു ഭരണാധികാരം ഉണ്ടായിരുന്നു. ഈ സാമ്രാജ്യത്തിന്റെ തലസ്ഥാന നഗരം 'സ്ലീക് സ്തൂഫോൺ*' ആയിരുന്നു. അവിടുത്തെ ഭരണം മൃഗീയമെന്നായിരുന്നു പൊതുജനാഭിപ്രായം.

---

*Selucia-Ctesiphon (സെലൂക്യ സ്റ്റെസിഫോൺ)

## അദ്ധ്യായം 8

# ക്രൈസ്തവസഭയുടെ സ്ഥാപനകാലത്തെ ലോകത്തിന്റെ പ്രതീക്ഷ

ക്രൈസ്തവസഭയുടെ സ്ഥാപനകാലത്ത് ഒന്നാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന രണ്ടുതരം ആരാധനയെ പലരും സൂക്ഷ്മതയോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ഇത് വി. വേദത്തിൽനിന്നും വെളിവാകുന്നു. (മത്താ. 2:1-10, മർക്കോ. 15:43, ലൂക്കോ. 2:25-38, യൂഹാ. 1:19-45, 4:25) യഹൂദന്മാരാകട്ടെ, അവരുടെ പ്രവാചകന്മാർ മൂശൈക ന്യായപ്രമാണത്തിൻകീഴ് ആയിരുന്നുവെങ്കിലും വി. സുവിശേഷത്തെ സ്വീകരിക്കുവാൻ ലോകത്തെ ഒരുക്കുന്നതായിരുന്നു അതിന്റെ ഉദ്ദേശമെന്ന് അവർ ഗ്രഹിക്കുകയും ഈ പ്രമാണം മായിക്കപ്പെട്ട് പൂർണ്ണമായ ഒരു പ്രമാണത്തെ നൽകുവാനായിട്ടുള്ള ദൈവപുത്രന്റെ വരവിനെപ്പറ്റി പ്രവചിക്കുകയും ചെയ്തിരുന്നതിനാൽ അവരുടെ പ്രവചനനിവർത്തി സമീപിച്ചുവെന്ന് മനസ്സിലാക്കി. ലോകത്തിൽ സമാധാനം നിറഞ്ഞിരുന്ന കാലത്ത് ബാബേൽ പ്രവാസത്തിന്റെ ശേഷം നിർമ്മിച്ച രണ്ടാമത്തെ ആലയത്തിലേക്ക് ഊർശ്ലേം പുതുക്കപ്പെട്ടതിന്റെ എഴുപത് ആഴ്ചകൾക്ക് ശേഷവും (490 വർഷം) രാജസ്ഥാനവും പ്രവചനവും പൗരോഹിത്യവും യഹൂദസഭയിൽ നിന്നു മാറി പോകുമ്പോഴും മ്ശിഹാ വരേണ്ടതാകുന്നു (മലാഖി. 3:1, ഹഗ്ഗാ. 2:6-9, ദാനി. 9:24-25, ഉല്പ. 49:10).

ഈ കാര്യത്തിന്റെ സത്യാവസ്ഥ മനസ്സിലാക്കണമെന്ന് ആഗ്രഹിക്കുന്ന ഒരാൾ കാര്യങ്ങളെപ്പറ്റി ശരിയായി അന്വേഷിക്കുന്നതായാൽ മ്ശിഹായുടെ ജനനത്തിങ്കൽ ഇവയെല്ലാം നിവർത്തിയായി എന്ന് സംശയമെന്യേ സമ്മതിച്ച് ഏററുപറയും. ചെങ്കോൽ അതായതു രാജത്വം അക്കാലത്ത് യഹൂദയിൽനിന്നു മാറിപ്പോയി. യഹൂദന്മാർക്ക് അവരിൽ നിന്നുതന്നെ അധികാരികളും പ്രമാണികളും തങ്ങളെ ഭരിക്കുന്നതിനുണ്ടായിരുന്നുവെങ്കിലും റോമാ രാജാക്കന്മാർക്ക് അവർ കീഴ്പ്പെട്ടിരുന്നു. ഉദാഹരണമായി പറയുന്നതായാൽ ഓഗസ്തോസ് കൈസരുടെ കല്പനയെ അവർ അനുസരിക്കുകയും കൈസറിനു കപ്പം കൊടുക്കുകയും ചെയ്തിരുന്നു. ഒരുവനെ വധിക്കുന്നതിനോ സ്വതന്ത്രമായി വിടു

ന്നതിനോ അവർക്ക് അധികാരമില്ലായിരുന്നു (ലൂക്കോ. 2:1-5, മത്താ. 22:20-21, യൂഹാനോൻ 18:31).

അക്കാലത്ത് രാജത്വം യഹൂദരിൽനിന്നു പോയപ്രകാരംതന്നെ അവരുടെ പ്രധാനാചാര്യത്വത്തിന്റെ പ്രമാണങ്ങളും പ്രവർത്തനങ്ങളും കുഴങ്ങിയ അവസ്ഥയിലായിരുന്നു. എന്തെന്നാൽ ഹേറോദേസ് രാജാവ് ഓരോ ആണ്ടത്തേക്കും അവർക്കു പ്രധാനാചാര്യന്മാരെ നിയമിക്കുകയും അഴിച്ചു വ്യത്യാസപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.

ആ കാലത്ത് റോമായുദ്ധങ്ങൾ മായിക്കപ്പെടുകയും റോമിലെ യാനോസിന്റെ ക്ഷേത്രങ്ങൾ അടയ്ക്കപ്പെടുകയും ചെയ്തിരുന്നു. ഈ ക്ഷേത്രം തോമ്മസ് പഫീലിയോസ് രാജാവിനാൽ യാനോസ്സുദേവന്റെ നാമത്തിൽ പണിയപ്പെട്ടതും സമാധാനകാലത്ത് അടയ്ക്കപ്പെടുകയും യുദ്ധകാലത്ത് തുറക്കപ്പെടുകയും ചെയ്തിരുന്നതുമായിരുന്നു. ഇപ്രകാരം റോമാസാമ്രാജ്യത്തിലുൾപ്പെട്ടിരുന്ന എല്ലാ അധികാരികളും സമാധാനത്തിൽ കഴിഞ്ഞിരുന്നു.[1] ആകയാൽ ഇവയെല്ലാം മ്ശിഹായുടെ വരവ് സമീപിച്ചുവെന്നുള്ളതിനെ കാണിക്കുന്നതാണെന്നു യഹൂദന്മാർ ഗ്രഹിക്കുകയും അതിനായി പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം, ദാനിയേൽ, ഹഗ്ഗായി, മലാഖി എന്നീ പ്രവാചകന്മാരുടെ പ്രവചനപ്രകാരം എ.ഡി. 70-ൽ റോമാക്കാരാൽ അവരുടെ ദൈവാലയത്തിനും ഊർശ്ലേം പട്ടണത്തിനുമുണ്ടായ സങ്കടകരമായ നാശത്തിനു മുമ്പ് മ്ശിഹാ അതിലേക്കു വന്നു.

എ.ഡി. 70-ൽ ഊർശ്ലേമിന്റെ നാശകാലത്ത് ജീവിച്ചിരുന്ന അവരുടെ പ്രസിദ്ധ ചരിത്രകാരനായ യൂസിബോസ്* തന്റെ ചരിത്രപ്പുസ്തകത്തിൽ ഇങ്ങനെ പറയുന്നു: "യേശു" എന്ന പേരിൽ ജ്ഞാനിയായ ഒരു മനുഷ്യൻ—മനുഷ്യനെന്ന് അദ്ദേഹത്തെ വിളിക്കാമെങ്കിൽ—ഇക്കാലത്ത് പ്രത്യക്ഷനായി. ഇദ്ദേഹം മഹത്തരങ്ങളായ അനേകപ്രവർത്തികൾ ചെയ്തുകൊണ്ടിരുന്നു. വളരെ ആഗ്രഹത്തോടുകൂടി സത്യത്തെ സ്വീകരിക്കുന്ന മനുഷ്യരുടെ ഉപദേഷ്ടാവുമായിരുന്നു. ജാതികളിൽനിന്നും യഹൂദന്മാരിൽനിന്നും പലരും ശിഷ്യപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ഇവൻ മ്ശിഹാ ആയിരുന്നു. നമ്മുടെ ജനത്തിന്റെ തലവന്മാരുടെ സാക്ഷ്യമനുസരിച്ച് പീലാത്തോസ് ഇദ്ദേഹത്തിനു ക്രൂശ് നൽകി. തന്നെ സ്നേഹിച്ചിരുന്നവർ തന്നോടുള്ള സ്നേഹത്തിൽ നിന്നു പിന്മാറിയില്ല. വീണ്ടും മൂന്ന് ദിവസങ്ങൾക്കുശേഷം ജീവനുള്ളവനായി അവർക്കു താൻ കാണപ്പെട്ടു. ദൈവത്തിന്റെ പ്രവാചകന്മാർ അദ്ദേഹത്തെക്കുറിച്ച് ഇവയും ഇവയെപ്പോലുള്ള അനേക അത്ഭുതകാര്യങ്ങളും പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ പേരിൻപ്രകാരം വിളിക്കപ്പെട്ട ക്രിസ്തീയജനം ഇതേവരെയും അധഃപതിച്ചിട്ടില്ല" (പുറം 214).

---

1 Callou's Scripture help Page 464.

* ജോസീഫസ്

നാം മുമ്പു പറഞ്ഞതനുസരിച്ച് താഴെ വിവരിക്കുന്ന രണ്ട് കാരണങ്ങളാൽ വിസ്മയനീയനായ ഈ ആളിന്റെ വരവിനെ ജാതികൾ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ഒന്നാമത്തേത് യഹൂദന്മാരുടെ പ്രതീക്ഷയെ ആധാരമാക്കിക്കൊണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ യഹൂദന്മാരുമായി പെരുമാറുന്നതിനും അവരുടെ വി. ഗ്രന്ഥങ്ങൾ വായിച്ച് അവയിലുള്ള വിസ്മയനീയങ്ങളായ പൊരുളുകളെ മനസ്സിലാക്കുന്നതിനും ജാതികൾക്കു ഭാഗ്യം സിദ്ധിച്ചിരുന്നു. ഈജിപ്തിലുള്ള യഹൂദന്മാർ എബ്രായഭാഷ മറന്നുപോയപ്പോൾ അവരുടെ വി. ഗ്രന്ഥങ്ങൾ അവർ പഠിച്ചിരുന്ന ഗ്രീക്ക്ഭാഷയിലേക്ക് തർജ്ജമ ചെയ്യുവാൻ ശ്രമിച്ചു. ബത്തിലീമോസ് ഫിലാദിൽഫോസ്* രാജാവിന്റെ കല്പനപ്രകാരം ബി.സി. 280-ൽ ഇപ്രകാരം തർജ്ജമ ചെയ്യുകയും അതിന്റെ ഒരു പകർപ്പ് രാജാവിന്റെ ഗ്രന്ഥശാലയിൽ സൂക്ഷിക്കുകയും ചെയ്തിരുന്നു. ഇത് 72 യഹൂദ പുരോഹിതന്മാരാൽ ഈജിപ്തിൽ വച്ച് വിവർത്തനം ചെയ്തതിനാലാണ് 'സെപ്റ്റിജൻറ്' തർജ്ജമ എന്നു വിളിക്കുന്നത്. വിശുദ്ധ സ്ഥലമായ പലസ്തീൻ ഒഴികെയുള്ള എല്ലാ യഹൂദ സംഘങ്ങളിലും ഈ ഭാഷാന്തരം ഉപയോഗിച്ചിരുന്നു. പഴയനിയമം മനസ്സിലാക്കുവാൻ ജാതികളെ സഹായിച്ചത് ഈ തർജ്ജമയായിരുന്നു. ഈ വിധത്തിൽ, കാലസംപൂർണ്ണതയിൽ വെളിപ്പെടുവാനിരുന്ന ഏവൻഗേല്യോൻ** (സുവിശേഷം) പ്രസിദ്ധമാക്കുവാനുള്ള വഴി ദൈവം ഒരുക്കിക്കൊണ്ടുവന്നു.

രണ്ടാമതായി ദേവവാക്യംപോലെ വിശ്വസിച്ചിരുന്ന ക്ഷുദ്രക്കാരുടെയും തത്ത്വജ്ഞാനികളുടേയും മതപ്രമാണികളുടേയും അഭിപ്രായമനുസരിച്ചും ജാതികളിൽ ഒരു അഭിനവ പ്രതീക്ഷ സംജാതമായി. ഇങ്ങനെയുള്ളവരിൽ ചിലർ, ബാവൂറിന്റെ പുത്രനായ ബലയാം (സംഖ്യ. 24:17-19) അപ്പല്ലോൻ, തത്ത്വജ്ഞാനിയായ സോളോൻ, ഹാറാന്റെ ദേവനായ ബാബാ, പേർഷ്യാക്കാരുടെ ഉപദേഷ്ടാവും വെളിച്ചപ്പാടുകാരനുമായ സോറൊദോസ് ആദിയായവരാണ്. ഇവർ മ്ശിഹായേയും കന്യകയിൽനിന്നുള്ള തന്റെ ജനനത്തേയുംകുറിച്ചു മുൻകൂട്ടി പ്രവചിച്ചു പറയുവാൻ ദൈവത്താൽ നിർബന്ധിക്കപ്പെട്ടു. പുറജാതികളുടെ ഈ പ്രതീക്ഷയേയും സ്വീത്തോനിയോസ്, താസിത്തോസ് എന്നീ ജാതീയ റോമാ ചരിത്രകാരന്മാർ ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്.

---

* Ptolemy

*ഏവൻഗേലിയോൻ എന്ന ഗ്രീക്ക്പദത്തിനു തുല്യമായി ഭാഷയിൽ 'സ്ബർസോ' എന്ന് 'സുവിശേഷ'ത്തെക്കുറിച്ച് സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നു. ഈ ഗ്രീക്ക്പദം സുറിയാനിഭാഷ വഴിയായി മലയാളത്തിലും പ്രചരിച്ചിരിക്കുന്നു. 'That which is revealed, declared' എന്നൊക്കെ മൂലാർത്ഥം ഉണ്ട്. 'സ്ബർസോ' എന്ന പദത്തിനു 'hope, trust, confidence, expectation' എന്നൊക്കെ മൂലാർത്ഥമുണ്ട്. (ഗ്ലോ, സാബാർ എന്നീ പദങ്ങൾ കാണുക)-സംശോധകൻ.

### അദ്ധ്യായം 9

# മ്ശിഹാ തമ്പുരാന്റെ വംശാവലിയും മാതാപിതാക്കന്മാരും

പറുദീസായിൽവച്ച് ആദാമിന് ലഭിച്ച വീണ്ടെടുപ്പിൻ വാഗ്ദത്തം "സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ ചതയ്ക്കും" (ഉല്പ. 3:15) എന്നതായിരുന്നു. അതായത് കന്യകയിൽനിന്നു ജാതനാകുന്നവൻ സാത്താനെ സംഹരിക്കും എന്നുതന്നെ. ഈ വാഗ്ദത്തം നോഹിന്റെ മകനായ ശേമിലെത്തി. എന്തുകൊണ്ടെന്നാൽ നോഹ് തന്റെ മക്കളെ അനുഗ്രഹിച്ചപ്പോൾ "ദൈവം യാഫേത്തിനെ വർദ്ധിപ്പിക്കട്ടെ. അവൻ ശേമിന്റെ കൂടാരങ്ങളിൽ വസിക്കും" (ഉല്പ. 9:27). അതായത് യാഫേത്തിന്റെ സന്തതി, ആരിൽ മ്ശിഹാ പ്രത്യക്ഷപ്പെടുവാനിരിക്കുന്നുവോ ആ ശേമിന്റെ സന്തതിയുടെ വിശ്വാസത്തിൻകൂടാരത്തിൽ വസിക്കും. പിന്നീട് ഈ വാഗ്ദത്തം അബ്രഹാമിലേക്കു നീങ്ങി. യഹോവ അവനോട് "നിന്റെ സന്തതിയാൽ ഭൂമിയിലെ ജാതികൾ അനുഗ്രഹീതരായി ഭവിക്കും" (ഉല്പ. 18:18) എന്ന് അരുളിച്ചെയ്തു. വി. പൗലൂസ് ഇതിനെ വ്യാഖ്യാനിച്ചിരിക്കുന്നത് (ഗാലാ. 3:16) നിന്റെ സന്തതികളിൽ എന്നു പറയാതെ നിന്റെ സന്തതിയിൽ എന്ന് ഏകവചനമായി പറഞ്ഞിരിക്കുന്നതിനാൽ മ്ശിഹായെ കുറിക്കുന്നു. പിന്നീട് ഈ വാഗ്ദത്തം യഹൂദ ഗോത്രത്തിന് ലഭിച്ചു. "രാജത്വമുള്ളവൻ വരുവോളം യഹൂദയിൽനിന്നു ചെങ്കോലും അവന്റെ കാലുകളുടെ ഇടയിൽനിന്നു ന്യായദാതാവും നീങ്ങിപ്പോകുന്നതല്ല" (ഉല്പ. 49:10) എന്നാണല്ലോ യാക്കോബ് യഹൂദയെ അനുഗ്രഹിച്ചപ്പോൾ അവനോട് പറഞ്ഞിരിക്കുന്നത്. പിന്നീട് ഈ വാഗ്ദത്തം ദാവീദ്വംശത്തിൽ നിവർത്തിതമാകുവാനിരിക്കുന്നുവെന്ന് പ്രവാചകന്മാരുടെ അനേകപ്രവചനങ്ങളാൽ പ്രസ്പഷ്ടമായി.

ഏവൻഗേലിയോനിൽ മ്ശിഹാതമ്പുരാന്റെ ജനനത്തെ കാണിക്കുന്ന രണ്ട് വംശാവലിപ്പട്ടികകൾ ഉണ്ട്. അതിൽ ഒന്ന് വി. മത്തായിയുടെ സുവിശേഷത്തിലും വേറൊന്ന് വി. ലൂക്കോസിന്റെ സുവിശേഷത്തിലുണ്ട്. ഇവ രണ്ടും പരസ്പര വിരുദ്ധങ്ങളായി കാണുന്നുണ്ടെങ്കിലും ഇവ രണ്ടിന്റേയും മൂലം ദാവീദാണ്. വി. മത്തായിയുടെ പട്ടി

കയിൽ ദാവീദിന്റെ പുത്രനായ ശ്ലേമൂനിൽനിന്നും ലൂക്കോസിന്റെ പട്ടികയിൽ ദാവീദിന്റെ പുത്രനായ നാഥാനിൽനിന്നുമാണ് വംശാവലി രേഖപ്പെടുത്തിയിരിക്കുന്നത്. ഇവ രണ്ടിൽനിന്നും വെളിപ്പെടുന്നത്, മ്ശിഹാ യൗസേഫിനു വിവാഹം പറഞ്ഞു നിശ്ചയിച്ചിരുന്ന മറിയാമിന്റെ പുത്രനാണെന്നാണ്. വി. മത്തായിയുടെ പട്ടികയനുസരിച്ച് യൗസേഫ് യാക്കോബിന്റെ പുത്രനെന്നും, വി. ലൂക്കോസിന്റെ പട്ടികയനുസരിച്ച് ഹേലിയുടെ പുത്രനെന്നും കാണുന്നു. എന്നാൽ സ്വഭാവപ്രകാരം അവൻ യാക്കോബിന്റെയും പ്രമാണമനുസരിച്ച് ഹേലിയുടേയും പുത്രനായിരുന്നു. എന്തെന്നാൽ യൗസേഫ്, ഹേലിയുടെ പുത്രി മറിയാമിന് വിവാഹം നിശ്ചയിക്കപ്പെട്ടവനായിരുന്നു. യൗസേഫിന്റേയും മറിയാമിന്റെയും പിതാമഹൻ ഒരാൾതന്നെയാണ്. അത് മത്താൻ (മത്സാസ്) ആകുന്നു. മത്താൻ യൗസേഫിന്റെ പിതാവായ യാക്കൂബിനേയും മറിയയുടെ പിതാവായ ഹെലിയേയും ജനിപ്പിച്ചു.

യൗസേഫ് നസ്രേതിൽനിന്നുള്ള ഒരു ആശാരിയായിരുന്നു. അവൻ വിവാഹംചെയ്ത് ഏഴ് മക്കളെ ജനിപ്പിച്ചു.[1] വി. ഏവൻഗേലിയോനിൽ പറഞ്ഞിരിക്കുന്ന യാക്കൂബ്, യൂസി, ശെമവൂൻ മുതലായവർ അവരിൽപ്പെട്ടവരാകുന്നു.[2] യൗസേഫിന്റെ ഭാര്യ മരിച്ചശേഷം അവൻ വെടിപ്പിലും പരിപാകതയിലും ജീവിച്ച് കർത്താവിന്റെ ന്യായപ്രമാണമനുസരിച്ച് തന്റെ മക്കളെ പുലർത്തിപ്പോന്നു. മറിയാമിന്റെ പിതാവ് ഹേലിയായിരുന്നു. അവൻ യൂയാക്കീം എന്നും യൂനാക്കീർ എന്നും വിളിക്കപ്പെട്ടിരുന്നു. അവളുടെ മാതാവിന്റെ പേര് ഹന്നാ (ദീന) എന്നാ

1 "വിശുദ്ധ പിതാക്കന്മാരുടെ ആണ്ടടക്കമുള്ള പ്രസംഗങ്ങൾ" എന്ന പുസ്തകത്തിൽ "ദൈവജനനിയാകുന്ന മറിയാമിനോടുള്ള അറിയിപ്പി"നെക്കുറിച്ചുള്ള സ്വർണ്ണനാവുകാരൻ മോർ ഈവന്നീസിന്റെ പുസ്തകം നോക്കുക.

2 യേശുവിന്റെ സഹോദരന്മാർ തന്റെ ഉയിർപ്പിനുശേഷമല്ലാതെ തന്നിൽ വിശ്വസിച്ചിരുന്നില്ല. ആകയാൽ അവർ പന്ത്രണ്ടു ശ്ലീഹന്മാരിൽനിന്നുള്ളവരായിരിപ്പാൻ ന്യായമില്ല. എന്നാൽ ഹൽപായിയുടെ പുത്രനായ യാക്കൂബ് ശ്ലീഹാ തന്നെയാണ് കർത്താവിന്റെ സഹോദരനായ യാക്കൂബ് എന്നും യഹൂദാ ശ്ലീഹാ യാക്കോബിന്റെ സഹോദരനായ യഹൂദയാണെന്നും റോമാ സമുദായക്കാർ പറയുന്നു. ഈ അഭിപ്രായം ശരിയല്ല. യേശുവിന്റെ വളർത്തുപിതാവായ യൗസേഫ് അവിവാഹിതനായിരുന്നുവെന്നും കർത്താവിന്റെ സഹോദരന്മാരായ യാക്കൂബും മറ്റും ഏവൻഗേല്യോനിൽ പറഞ്ഞിരിക്കുന്നതായ ക്ലേയോഫാ മറിയാമിന്റെ മക്കളായ യാക്കൂബും മറ്റും തന്നെയാണെന്നും ഈ ക്ലായോഫാതന്നെയാണ് യാക്കോബു ശ്ലീഹായുടെ പിതാവായ ആ ഹൽപ്പായി എന്നും മറ്റുമാണ് അവരുടെ അഭിപ്രായം. റോമാക്കാർ ഈ അഭിപ്രായം സ്വീകരിച്ചത് പാശ്ചാത്യപണ്ഡിതനായ നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മോർ ഈറോനീമോ (ജറോം)സിൽനിന്നാണ്. ഇദ്ദേഹത്തിന്റെ യൗവ്വനകാലത്താണ് ഈ അഭിപ്രായം പുറപ്പെടുവിച്ചത്. എന്നാൽ തന്റെ വാർദ്ധക്യദശയിൽ ഈ അഭിപ്രായം ശരിയല്ലെന്നും സമ്മതിച്ചു. ഏശായ 17-ാം അദ്ധ്യായത്തിന്റെ വ്യാഖ്യാനത്തിൽ യാക്കൂബും മറ്റും നീതിമാനായ യൗസേഫിന്റെ ആദ്യഭാര്യയിൽനിന്നുള്ളവരാണെന്ന് താൻ സമ്മതിച്ചിരിക്കുന്നു. സഭയിലെ പൂർവ്വികപണ്ഡിതന്മാരുടെ അഭിപ്രായവും ഇതുതന്നെയായിരുന്നു. ഒറിജാനീസ്

യിരുന്നു. വി. ലൂക്കോസ് വംശാവലിപട്ടികയിൽ മറിയാമിനെ ഉൾപ്പെടുത്താതെ അവൾക്കു വിവാഹം പറഞ്ഞു നിശ്ചയിച്ചിരുന്ന യൗസേഫിനെ ഉൾപ്പെടുത്തിക്കാണുന്നു. എന്തെന്നാൽ യഹൂദന്മാരുടെ പതിവനുസരിച്ച് സ്ത്രീകളുടെ പേർ വംശാവലിയിൽ ചേർക്കുകയില്ല. ഹന്നാ വന്ധ്യയായിരുന്നു.[3] ഈ അവസ്ഥ അവൾക്കും അവളുടെ ഭർത്താവിനും നിന്ദയ്ക്കു കാരണമാക്കിത്തീർത്തു. അവർ ദൈവത്തിനു കാഴ്ചയണപ്പാൻ വന്ന ഒരവസരത്തിൽ ഹന്നയുടെ വന്ധ്യത്വം ഹേതുവാൽ പുരോഹിതന്മാർ അവരുടെ കാഴ്ചയെ നിരസിച്ചതായി പറയപ്പെടുന്നു. ഇങ്ങനെ സംഭവിച്ചുവെങ്കിലും അവർ താഴ്മയോടും സഹിഷ്ണുതയോടുംകൂടി അവർക്കു നേരിട്ട ആക്ഷേപത്തിൽ കോപിക്കാതെ കണ്ണുനീരോടുകൂടി ദൈവാലയം വിട്ട് തങ്ങളിൽനിന്നും ഈ നിന്ദയെ അകറ്റിക്കളയുവാൻ തക്കവണ്ണം ദൈവത്തിങ്കൽ അപേക്ഷ സമർപ്പിച്ചു. അവർ ഉപവസിച്ചു പ്രാർത്ഥിക്കുകയും പ്രമാണങ്ങൾ അനുസരിച്ചു ദൈവഭയത്തോടുകൂടി ജീവിക്കുകയും അവർക്കുണ്ടാകുന്ന ഫലത്തെ ദൈവത്തിനു നേർച്ചയായി അർപ്പിക്കുമെന്ന് ഉറപ്പുചെയ്കയും ചെയ്തു. ദൈവം അവരുടെ യാചനകൾക്ക് ഉത്തരമായി ഒരു പുത്രിയെ നൽകി. അവൾക്ക് മറിയാം എന്നു പേരിട്ടു. മറിയാം എന്നതിന്റെ അർത്ഥം പ്രകാശമെന്നാകുന്നു.[4] അവരുടെ നേർച്ചയെ പ്രവൃത്തിയിൽ നിവർത്തിച്ചു. അവൾക്കു മൂന്നു വയസ്സായപ്പോൾ അവരിൽനിന്നും വേർപെടുത്തി നേർച്ചപുത്രിമാരോടൊപ്പം ദൈവാലയത്തിൽ ശുശ്രൂഷിപ്പാനായി വിട്ടു.

അക്കാലത്ത് യൂഹാനോൻ മാംദോനോയുടെ പിതാവായ സക്കറിയാവ് അവിടുത്തെ യഹൂദപുരോഹിതന്മാരിൽ ഒരാളായിരുന്നു അവൻ അബിയാക്കൂറിൽനിന്നുള്ളവനായിരുന്നു. ദാവീദ്‌രാജാവിനാൽ ക്രമപ്പെടുത്തപ്പെട്ട 24 കൂറുകളിൽ അത് എട്ടാമത്തേതായിരുന്നു. (ദിനവൃ. 24:11) പെസഹാപെരുനാൾ (ചന്ദ്രക്കണക്കനുസരിച്ച് മേടം 14-ാംതീയതി) മുതൽ കൂറുകളുടെ ശുശ്രൂഷ ആരംഭിക്കുന്നതനുസരിച്ച് സഖറിയാ പുരോഹിതന്റെ കൂറ് മിഥുനമാസത്തിലായിരുന്നു. സക്കറിയാപുരോഹിതന്റെ ഭാര്യ ഏലിശബാ മറിയാമിന്റെ ചാർച്ചക്കാരിയായിരുന്നു. അതായത് ഏലിശബായുടെ മാതാവ് യഹൂദാഗോത്രത്തിൽനിന്നുള്ള മറിയാ

---

(ഒറിഗൻ), കേസറിയാക്കാരൻ യൗസേബിയോസ്, സ്വർണ്ണനാവുകാരൻ വി. ഈവനീയോസ് എന്നിവരുടെ നാമങ്ങൾ അവരിൽ പ്രത്യേകിച്ച് പ്രസ്താവയോഗ്യമാണ്. സുറിയാനിസഭയുടെ വിശ്വാസവും ഇതുതന്നെയാണ് (മത്താ. 12:46, മർക്കോ. 3:21, യോഹ. 7:3 ഈ ഭാഗങ്ങൾക്കും വി. യാക്കൂബിന്റെ ലേഖനത്തിനും ബർസ്ളീബി എഴുതിയിട്ടുള്ള വ്യാഖ്യാനങ്ങളുടെ മുഖവുര നോക്കുക.) പോളണ്ടുകാരായ റോമൻ പണ്ഡിതന്മാർ ഈ ശരിയായ അഭിപ്രായത്തോടു യോജിക്കുന്നു.

3 "വി. പിതാക്കന്മാരുടെ ആണ്ടടക്കമുള്ള പ്രസംഗങ്ങൾ" എന്ന പുസ്തകത്തിൽ "കർത്താവിന്റെ ജനന"ത്തെക്കുറിച്ചുള്ള നീസായിലെ വി. ഗ്രിഗോറിയോസിന്റെ പ്രസംഗം കാണുക.

4 മേൽപറഞ്ഞ പുസ്തകത്തിൽ ദൈവജനനിയോടുള്ള അറിയിപ്പിനെക്കുറിച്ച് അത്ഭുതപ്രവർത്തകനായ വി. ഗ്രിഗോറിയോസിന്റെ പ്രസംഗം നോക്കുക.

മിന്റെ മാതൃ സഹോദരിയായിരുന്നു. പുരോഹിതന്മാർക്ക് ഏത് ഗോത്രത്തിൽനിന്നും വിവാഹംകഴിക്കുവാൻ അനുവാദമുണ്ടായിരുന്നുവല്ലോ. ഏലിശബാ മറിയാമിന്റെ ചാർച്ചക്കാരിയായിരുന്നതിനാൽ സ്വന്തം പുത്രിയെന്ന രീതിയിൽ ഏലിശബാ മറിയാമിനുവേണ്ടി ഉത്സാഹിച്ചതിൽ അത്ഭുതപ്പെടുവാനില്ല. മറിയാം ദൈവാലയത്തിൽ വിശുദ്ധിയിലും സുകൃതത്തിലും താഴ്മയിലും വളർന്നുവന്നു. സുകൃതപ്രവർത്തനങ്ങളിൽ അവൾ സ്ത്രീകുലം മുഴുവനേയും അതിശയിച്ചിരുന്നു. ദൈവാലയത്തിലെ കാഴ്ചയപ്പംകൊണ്ട് ഉപജീവിച്ചിരുന്ന മറിയാമിന്റെ ആത്മാവ് ചാണയിൽ ഉരച്ച രത്നത്തേക്കാൾ പ്രശോഭിതമായി, മാലാഖമാരുടെ പരിപാവനമായ അങ്കിക്കു സദൃശ്യമായി മറിയാമിന്റെ പരിപാകത പരിലസിച്ചു. അവളുടെ താഴ്മ വാചാമഗോചരമത്രെ. ചുരുക്കിപ്പറഞ്ഞാൽ മറിയാം സുകൃതങ്ങളിൽ സകലർക്കും മാതൃകയായിത്തീർന്നു. അതുകൊണ്ടത്രെ മോർ അപ്രേം "മറിയാം സുകൃതങ്ങളുടെ ശ്രീഭണ്ഡാരവും സുകൃതനടപടികൾ അഭ്യസിക്കുന്നതിനുള്ള പാഠശാലയുമാകുന്നു" എന്നു പറഞ്ഞിരിക്കുന്നത്. ദൈവഭയത്തോടുകൂടി അവളുടെ മാതാപിതാക്കന്മാർ അവളെ വളർത്തിയതുമൂലമാണ് ഈ പ്രത്യേക ശ്രേഷ്ഠതകൾ അവൾക്കു ലഭിച്ചത്. മറിയാമിന്റെ മാതാപിതാക്കന്മാർ ന്യായപ്രമാണകല്പനകളെ ശരിയായി പാലിച്ചിരുന്നു. അതിനാൽ മറിയാമിന്റെ അത്ഭുതപൂർണ്ണമായ പ്രത്യേക സുകൃതത്തിനപ്പുറമായി മാതാപിതാക്കന്മാരിൽനിന്നുമുള്ള പ്രത്യേകതകളാൽ അവൾ അലങ്കരിക്കപ്പെട്ടു. "അവരുടെ ഫലത്താൽ നിങ്ങൾ അവരെ അറിയും. അടിസ്ഥാനം പരിശുദ്ധമാകയാൽ പണിയും വിശുദ്ധമത്രെ. വേരു വിശുദ്ധമെങ്കിൽ കൊമ്പുകളും വിശുദ്ധമത്രെ" എന്നിങ്ങനെ വി. വേദം സാക്ഷിക്കുന്നുണ്ടല്ലോ? അതുകൊണ്ട് സ്വാഭാവിക പ്രമാണമനുസരിച്ച് യൂയാക്കീമും ഹന്നായും മരിച്ചുവെങ്കിലും അവർ ജീവനുള്ളവരാണ്. എന്തെന്നാൽ "അവന്റെ പിതാവ് മരിച്ചു. എന്നാൽ തന്നെപ്പോലെ ഒരുവനെ താൻ ശേഷിപ്പിച്ചതിനാൽ അവൻ മരിച്ചില്ല" എന്നവണ്ണമത്രെ എന്ന് ബാറാസീറാക്കു* പറയുന്നു (ബാറാ 30:4). മറിയാമിന് പതിമൂന്നു വയസ്സായപ്പോൾ അവളെ ദൈവാലയത്തിൽനിന്നകറ്റുവാൻ പുരോഹിതന്മാർ ചിന്തിച്ചു.[5] പ്രായമായ സ്ത്രീകൾ ദൈവാലയത്തിൽ വസിക്കുക പതിവില്ലാതിരുന്നതിനാൽ വിവാഹനിശ്ചയത്തിന്റെ പേരിൽ ഒരു പുരുഷന് അവൾ വിവാഹം നിശ്ചയിക്കപ്പെടുവാൻ ദൈവത്തിൽനിന്നും അവർക്ക് ആലോചന സിദ്ധിച്ചു. എന്തെന്നാൽ മറിയാം നേർച്ചപ്പുത്രിയായിരുന്നു. നേർച്ചപ്പുത്രിമാർ വിവാഹത്തിനു കൊടുക്കപ്പെടുന്നത് ദൈവാലയം കൊള്ളചെയ്യുന്നതിനോടു സമമായി ഗണിച്ചിരുന്നു.[6] ദൈവത്തിൽ

5 മോർ മിഖായേൽ റാബോ പാത്രിയർക്കീസിന്റെ *ചരിത്രപുസ്തകം,* പേജ് 88. ബാർ എബ്രായയുടെ "*പ്രാചീനകാലവൃത്താന്തം,*" പേജ് 46.

6 മുമ്പു പറഞ്ഞിട്ടുള്ള നൗസായിലെ വി. ഗ്രിഗോറിയോസിന്റെ "*കർത്താവിന്റെ ജനന*"ത്തെക്കുറിച്ചുള്ള പ്രസംഗം കാണുക.

*യേശു ബാർ ആസീറേ 30:4 'വിശുദ്ധ ഗ്രന്ഥം' ഡോ. കുര്യൻ കോർഎപ്പിസ്കോപ്പ, കണിയാമ്പറമ്പിൽ (സംശോധകൻ)

നിന്നും സിദ്ധിച്ച ആലോചനയനുസരിച്ച് മുമ്പ് പറഞ്ഞിട്ടുള്ള തച്ചു പണിക്കാരനായ യൗസേഫിനെ വി. മറിയാമിന്റെ വിവാഹത്തിനു ക്ഷണിച്ചു. മറിയാമിന്റെ കന്യാവ്രതസംരക്ഷണത്തിന് യോഗ്യനായി ഇദ്ദേഹം കാണപ്പെട്ടു. ആചാര്യന്മാർ അവളെ യൗസേഫിനു വിവാഹ ത്തിനു നിശ്ചയിച്ചു.[7] ഏശായാ. 29:11-ൽ പറഞ്ഞിരിക്കുന്ന "മുദ്രയിട്ടി രിക്കുന്ന ഒരു പുസ്തകം അക്ഷരവിദ്യയുള്ള ഒരുത്തന്റെ കൈയിൽ കൊടുത്തു. ഇതൊന്നു വായിക്കണം എന്നു പറഞ്ഞാൽ അവൻ, എനിക്കു വഹിയാ അതിനു മുദ്രയിട്ടിരിക്കുന്നുവല്ലോ എന്നു പറയും" എന്ന ഭാഗം നിവർത്തിയായി.[8]

യൗസേഫ് മറിയാമിനേയും കൂട്ടിക്കൊണ്ട് നസ്രേത്തിലേക്ക് പോയി. ആ വർഷത്തിൽ അവൾ പ്രാർത്ഥിച്ചുകൊണ്ടു നില്ക്കുമ്പോൾ മാലാഖാ അവളോടു സുവിശേഷിച്ചു. കന്യകാവ്രതത്തിൽ പ്രശോഭിത ദീപേട്ടി അവൾ സൂക്ഷിക്കുകയും, അത് കെട്ടുപോകുകയോ മലിന പ്പെടുകയോ ചെയ്യുകയില്ലെന്ന് അവൾ പരിപൂർണ്ണമായി വിശ്വസിക്കു കയും ചെയ്തിരുന്നു. അതുകൊണ്ടാണ് മാലാഖാ അവളോടു സുവി

---

7 താഴെ പറയുന്ന കാരണങ്ങളാലാണ് വി. മറിയാമിനു വിവാഹം നിശ്ചയിച്ചത്.
a) ഈ രഹസ്യം സാത്താനിൽനിന്നു മറച്ചുവയ്ക്കുന്നതിന്, എന്തെന്നാൽ ദൈവം പറുദീസായിൽവച്ച് ആദാമിനോട്, സ്ത്രീയുടെ സന്തതി തന്റെ തല ചതയ്ക്കുമെന്ന് അരുളിച്ചെയ്തിരുന്നത് സാത്താൻ കേട്ടിരുന്നു. പുരുഷന്റെ സന്തതി എന്നു പറയാതെ സ്ത്രീയുടെ സന്തതി എന്നു പറഞ്ഞിരിക്കുന്നതി നാൽ കന്യകയിൽനിന്നു വിവാഹബന്ധം കൂടാതെ ജനിക്കുന്ന സന്തതി തന്റെ തല ചതയ്ക്കുമെന്ന് സാത്താൻ ഗ്രഹിച്ചു. അനന്തരം ഏശായാ ദീർഘദർശി യുടെ പ്രവചനത്തിൽനിന്ന്, കന്യകയിൽനിന്നുതന്നെ ആ സന്തതി ജനി ക്കുമെന്ന് അവൻ ഉറപ്പായി മനസ്സിലാക്കി. അതിനാൽ ഏതു കന്യകയിൽനി ന്നാണ് ആ സന്തതി ജനിക്കുന്നതെന്നു ഗ്രഹിപ്പാൻ സാത്താൻ കന്യകമാരെ സൂക്ഷിച്ചുകൊണ്ട് ഇരുന്നിരുന്നു. ഈ രഹസ്യം നിവർത്തിക്കാതെയും തന്റെ തല ചതയ്ക്കപ്പെടാതെയും ഇരിക്കത്തക്കവണ്ണം, ഹവ്വായെ തെറ്റിച്ചതുപോലെ ആ കന്യകയേയും വഞ്ചിക്കുവാൻ അവൻ ഇച്ഛിച്ചിരുന്നു. അതിനാൽ ഈ രഹസ്യം അറിയാതിരിക്കുന്നതിന് മറിയാമിനെ യൗസേഫിനു വിവാഹം പറഞ്ഞുനിശ്ചയിച്ചു. വിവാഹനിശ്ചയത്തിനുശേഷം മൂന്നു വർഷത്തേക്ക് വിവാഹബന്ധത്തിൽ ഏർപ്പെടുവാൻ യഹൂദന്മാർക്ക് യഹൂദന്മാരുടെ നിയമം അനുവദിച്ചിരുന്നില്ലെങ്കിലും വിവാഹനിശ്ചയകാലം മുതൽ വിവാഹമെന്നു തന്നെ യഹൂദന്മാർ ഗണിച്ചിരുന്നു.
b) മറിയാമിനെ കല്ലെറിയാതിരിപ്പാനായിട്ട് അവിവാഹിതരായ കന്യകമാർ ഗർഭം ധരിച്ചാൽ അവരെ കല്ലെറിയണമെന്നു ന്യായപ്രമാണം കല്പിച്ചിരുന്നു.
c) വംശാവലിയുടെ പാരമ്പര്യം യൗസേഫിന്റെമേൽ വരുന്നത് എന്തെന്നാൽ നാം മുമ്പു പ്രസ്താവിച്ച പ്രകാരം യഹൂദന്മാർ വംശാവലിയുടെ പാരമ്പര്യ ത്തിൽ സ്ത്രീകളെ കണക്കാക്കിയിരുന്നില്ല. സ്ത്രീയായി ശേഷിക്കുമ്പോൾ അവളുടെ ഭർത്താവിന്റെ പേർ വംശാവലിയിൽ ചേർത്തിരുന്നു.
d) വി. മറിയാമിനു കാവൽക്കാരനും സഹായകനുമായിരിക്കുന്നതിന്.

8 മുമ്പു പറഞ്ഞ ദൈവജനനിയായ മറിയാമിനോടുള്ള അറിയിപ്പിനെക്കുറി ച്ചുള്ള സ്വർണ്ണനാവുകാരൻ വി. ഈവാനീയോസിന്റെ പ്രസംഗം.

ശേഷിച്ചപ്പോൾ "ഞാൻ പുരുഷനെ അറിയുന്നില്ല" എന്നു പറഞ്ഞിരിക്കുന്നത്. അതായത് പുരുഷനെ ഞാൻ അറിയുക എന്നുള്ളത് അസാദ്ധ്യമാകയാൽ പുരുഷനെ കൂടാതെ ഞാൻ എങ്ങനെയാണ് മാതാവായിത്തീരുന്നത്? യൗസേഫ് എനിക്കു നിശ്ചയിക്കപ്പെട്ടവൻ എന്നു മാത്രമേ അവനെ ഞാൻ അറിയുന്നുള്ളു. എന്നാൽ പുരുഷനെ ഞാൻ അറിയുന്നില്ല[9] എന്നത്രെ അവൾ ഉദ്ദേശിച്ചത്. ദൈവദൂതന്റെ വചനം അവൾ വിശ്വസിച്ചപ്പോൾ പരിശുദ്ധാത്മാവ് അവളിൽ ഇറങ്ങി അവളെ ശുദ്ധീകരിച്ചു വെടിപ്പാക്കി.[10]

---

9 മുമ്പു പറഞ്ഞിട്ടുള്ള നീസായിലെ വി. ഗ്രീഗോറിയോസിന്റെ "കർത്താവിന്റെ ജനന"ത്തെക്കുറിച്ചുള്ള പ്രസംഗം കാണുക.

10 വാഗ്ദത്തപ്രകാരമോ വന്ധ്യത്വത്തിൽനിന്നോ ജനിച്ചവർ ഉൾപ്പെടെ ദൈവ കൈകളാൽ മെനയപ്പെട്ട ആദാമും ഹവ്വായും ഒഴിച്ചുള്ള സർവ്വരും പ്രകൃതിയുടെ പ്രമാണമനുസരിച്ച് പുരുഷനിൽനിന്നും സ്ത്രീയിൽനിന്നും ജാതരായിട്ടുള്ളവരാണ്. ശാരീരികമായ സംബന്ധത്തിൽനിന്നും മോഹപരമായ ഇമ്പത്തിൽനിന്നും ജനിച്ചതിനാൽ അവരെല്ലാവരും മനുഷ്യകുലമൊക്കെയിലും തുടർന്നുപോന്ന ജന്മപാപത്തിന് അധീനരാണ്. എന്തെന്നാൽ വി. പുസ്തകം "ദൈവമല്ലാതെ പാപത്തിൽനിന്ന് ഒഴിഞ്ഞിരിക്കുന്ന ആരുമില്ല" എന്നു കാണിക്കുന്നു. അതുകൊണ്ടാണ് വി. ശ്ലീഹാ "ആദാമിൽ എല്ലാവരും പാപംചെയ്തു" എന്നു പറഞ്ഞിരിക്കുന്നത് (റോമാ. 3:23, 5:12). ആകയാൽ കന്യകമറിയാമും യൂയാക്കീമിൽനിന്നും ഹന്നായിൽനിന്നും സ്വഭാവപ്രകാരം ജനിച്ചവളാകയാൽ പൊതുവായ ജന്മപാപത്തിൽ അവളും സംബന്ധിയായിത്തീർന്നു. എന്നാൽ കർമ്മപാപത്തിന് അവൾ വശംവദയല്ല. ദൈവകൃപയാൽ അവൾ ജന്മപാപത്തിന് സംബന്ധിയാകാതിരുന്നു എന്നു പറയുവാൻ സാദ്ധ്യമല്ല. എന്തെന്നാൽ അവളുടെ സുകൃതം മുഴുവൻ ദൈവകൃപയിന്മേൽ പ്രതിഷ്ഠിക്കുന്നത് ന്യായമല്ല. എന്നാലോ അവളുടെ സ്വന്ത ഇഷ്ടത്തിനു വിധേയമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ദൈവകൃപ ഒന്നുകൊണ്ടു മാത്രമല്ല അവൾ ദൈവമാതൃപദത്തിന് അർഹരായിത്തീർന്നത്. പിന്നെയോ അവൾ മറ്റുള്ളവരെ അറിയിച്ചത് അനവരതങ്ങളായ സുകൃതങ്ങളാലുമത്രെ. ദൈവം മുഖപക്ഷക്കാരനും അനീതി പ്രവർത്തിക്കുന്നവനുമല്ലല്ലോ. അതുകൊണ്ടാണ് 'എന്റെ ആത്മാവ് എന്റെ രക്ഷകനായ ദൈവത്തിൽ സന്തോഷിച്ചു' എന്നു മറിയാം പാടിയിരിക്കുന്നത്. അതായത് ജന്മപാപത്തിൽനിന്ന് അവളെ രക്ഷിച്ചു എന്നത്രെ. അങ്ങനെയല്ലായിരുന്നുവെങ്കിൽ മറിയാമിനു മാത്രമല്ല എന്നാലോ പൈതൃകപാപത്തിൽ സംബന്ധിക്കാതെ ഒരു പ്രത്യേക ശാഖയെ ആദാം മുതൽ മ്ശിഹാ വരെ വേർതിരിക്കേണ്ടതായിരുന്നു. സഭയുടെ പിതാക്കന്മാർ ഇതിനെ ഉറപ്പിച്ചിട്ടുണ്ട്. മോർ ഗ്രീഗോറിയോസ് തേവോലോഗോസ് ഇപ്രകാരം പറയുന്നു: "ആദ്യമെ പരിശുദ്ധാത്മാവിനാൽ ആത്മാവിലും ശരീരത്തിലും ശുദ്ധീകരിക്കപ്പെട്ടു. കന്യകയിൽനിന്ന് ദൈവം മനുഷ്യനായി ജനിച്ചു." ഊർശ്ലേമിലെ വി. കൂറീലോസ് തന്റെ 17-ാം പ്രസംഗത്തിൽ പറയുന്നത്. "മ്ശിഹാതമ്പുരാനെ ഗർഭംധരിച്ച സമയത്ത് ജന്മപാപത്തിൽനിന്നും അവൾ വിമുക്തയായി." ഇതുപോലെതന്നെ വി. കുപ്രിയാനോസും (സിപ്രിയൻ) സ്വർണ്ണനാവുകാരൻ മോർ ഈവാനീയോസും പറയുന്നു. മോർ ഓഗസ്തീനോസ് തന്റെ രണ്ടാം പുസ്തകത്തിൽ "പാപങ്ങളുടെ പ്രതികാര"ത്തെപ്പറ്റി പറയുന്ന 24-ാം അദ്ധ്യായത്തിൽ മ്ശിഹായെപ്പറ്റി ഇപ്രകാരംപറയുന്നു. "പാപശരീരമല്ല, പിന്നെയോ, (മാലാഖയുടെ) സമാധാനത്താൽ വിമുക്തമായ പൈതൃകപാപത്തിന്റെ ശരീര

മാലാഖാ മറിയാമിന്റെ അടുക്കൽ നിന്നു പോയശേഷം തന്റെ ചാർച്ചക്കാരിയായ ഏലിശാബായോടു വന്ദനം ചോദിക്കുവാൻ ഈഹൂദ് പർവ്വതത്തില 'യുതയി'ലേക്കു പോയി (യോശു. 15:55). അവൾ അവിടെ മൂന്നുമാസം താമസിച്ചതിനുശേഷം നൊസറാസിലേക്കു* തിരിച്ചു പോന്നു. ഇവൾ ഗർഭിണിയാണെന്ന് യൗസേഫ് കണ്ടപ്പോൾ വ്യഭിചാരത്താൽ ഇപ്രകാരം ഭവിച്ചുവെന്ന് വിചാരിച്ചു രഹസ്യമായി അവളെ പിരിച്ചുവിടുവാൻ നിരൂപിച്ചു.

എന്നാൽ കർത്താവിന്റെ മാലാഖാ സ്വപ്നത്തിൽ അവനു പ്രത്യക്ഷപ്പെട്ട് അവന്റെ സംശയത്തെ അകറ്റി. അതിനാൽ അവളുടെ കന്യാവ്രതത്തെ[11] താൻ ബഹുമാനിച്ച് അവളെ ശുശ്രൂഷിച്ചുവന്നു. യൗസേഫ്

ത്തിൽനിന്നത്രെ താൻ (ശരീരം)എടുത്തത്." സ്രൂഗിലെ മോർ യാക്കൂബ് ഇപ്രകാരം പറയുന്നു. "അവളെ വെടിപ്പാക്കുകയും വിശുദ്ധീകരിക്കയും ചെയ്തതിന്റെശേഷം അവളിൽ ആവസിച്ച പരിശുദ്ധാത്മാവിനു സ്തോത്രം." ദമസ്ക്കോസുകാരനായ യൂഹാനോൻ, സിപ്രോനിയോസ്, മസ്ക്കീമോസ് എന്ന കല്ക്കദൂനിയാ പിതാക്കന്മാരും" ഈ അഭിപ്രായത്തെ സ്ഥിരീകരിക്കുന്നു. ഗ്രീക്ക്സഭയിലെ "അറിയിപ്പിൻ പെരുനാൾ" ദിവസത്തെ പ്രാർത്ഥനയിൽ ദൈവമാതാവിന്റെ വാമൊഴിയായി പറയുന്ന ഭാഗത്ത് ഇങ്ങനെ കാണുന്നു. "സർവ്വത്തിലും വിശുദ്ധമായ റൂഹായുടെ ആവാസം എന്റെ ആത്മാവിനെ വെടിപ്പാക്കി ശരീരത്തെ ശുദ്ധീകരിച്ച് എന്നെ ദൈവത്തിനു വിശാലമായ ആലയമാക്കിത്തീർത്തു." എന്നാൽ മ്ശിഹാതമ്പുരാനാകട്ടെ, പരിശുദ്ധാത്മാവിൽ നിന്നും വിശുദ്ധീകരിക്കപ്പെട്ട ഈ കന്യകയിൽനിന്നും ജാതനായതിനാൽ മനുഷ്യരിൽ താൻ മാത്രമേ അമലോത്ഭവനായുള്ളു. അതിനാലത്രേ നമ്മുടെ കർത്താവിന്റെ സഹോദരനായ മോർ യാക്കൂബ് തന്റെ കുർബാന തക്സായിൽ 'പാപത്തിൽനിന്നു വെടിപ്പാക്കപ്പെട്ടവനായി നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുമ്ശിഹായല്ലാതെ ഒരുത്തനുമില്ല" എന്നു പറഞ്ഞിരിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ സർവ്വപൂർവ്വിക പിതാക്കന്മാരും കന്യകാമറിയാമിന്റെ ജനനത്തെക്കുറിച്ച് ഇപ്രകാരം വിശ്വസിച്ചിരുന്നു. എന്നാൽ ഈ വിശ്വാസത്തിനെതിരായി 1854 ഡിസംബർ 8-ാം തീയതി റോമിലെ പീയൂസ് 9-ാമൻ പാപ്പാ മറിയാം അമലോത്ഭവയാണെന്ന് ഒരു പുതിയ മതം സ്ഥാപിച്ചു. ഈ സംഗതിയെക്കുറിച്ചു നിശ്ചയം ചെയ്യുന്നതിനു മുമ്പുതന്നെ റോമാസമുദായത്തിൽ പ്രത്യേകിച്ച് ഡൊമിനിക്കൻ ഫ്രാൻസിസ്ക്കൻ സന്യാസി സമൂഹങ്ങളിൽ വലിയ തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്.

11 താഴെ പറയുന്ന കാരണങ്ങളാലാണ് കർത്താവ് വിവാഹബന്ധമില്ലാത്ത ഒരു കന്യകയിൽനിന്നു ജനിക്കുവാൻ ഇഷ്ടപ്പെടുന്നത്. a) ദൈവംതന്നെയാണ് മനുഷ്യാവതാരം ചെയ്തവൻ എന്ന് ഉറപ്പിക്കുവാനായിട്ട്. എന്തെന്നാൽ കന്യകയിൽനിന്നും വിവാഹം കൂടാതെയുള്ള ജനനം സ്വഭാവത്തിനതീതമാകയാൽ അത് ദൈവത്തിനു മാത്രമല്ലാതെ മറ്റാർക്കും സാദ്ധ്യമല്ല. b) മനുഷ്യനല്ല ദൈവമാകുന്നു തന്റെ പിതാവെന്നു ലോകത്തെ കാണിക്കുവാനായിട്ട് c) ജന്മപാപത്തിൽനിന്ന് അകന്നിരിപ്പാൻ. d) താൻ ദീർഘദർശിമാത്രമാണെന്നും തന്റെ ജനനം മറ്റുള്ളവരെപ്പോലെ വിവാഹബന്ധത്തിൽനിന്നാണെന്നും ദീർഘദർശിയുടെ സ്ഥാനത്തെക്കാൾ ഉയർച്ച ലഭിക്കത്തക്ക വിധത്തിൽ തനിക്കു യാതൊരു പ്രത്യേകതയുമില്ലെന്നും മറ്റും പുറജാതിക്കാർക്കുണ്ടാകാവുന്ന അഭിപ്രായം നീക്കുന്നതിന്. e) ഒന്നാമത്തെ ആദാമിനു സദൃശ്യനായിത്തീരുവാൻ. എന്തുകൊണ്ടെന്നാൽ ഒന്നാമത്തെ ആദാമിന് ദൈവം തന്റെ തൃക്കൈകൊണ്ട് മണ്ണിൽനിന്ന് മെനഞ്ഞുണ്ടാക്കിയതിന് അദൃശ്യമായി രണ്ടാമത്തെ ആദാമായ

*നസ്രേത്ത്

ആദ്യമെതന്നെ നീതിമാനും പരിശുദ്ധനും ആയിരുന്നുവെങ്കിലും മറിയാമിനോടുകൂടി എപ്പോഴുമുള്ള സംസർഗ്ഗത്താൽ അവന്റെ പരിശുദ്ധത വർദ്ധിച്ചു. മറിയാമിന്റെ വന്ദനസ്വരം ഏലിശബായുടെ ചെവിയിൽ പതിഞ്ഞപ്പോൾ അവൾ വിശുദ്ധാത്മാവ്കൊണ്ടു നിറഞ്ഞു. അപ്പോൾ അവളുടെ ഉദരത്തിൽ ശിശു, തുള്ളുകയും മാലാഖായും മറിയാമും തമ്മിലുള്ള സംസാരം ദീർഘദർശനത്തിൽ അവൾ അറിയുകയുംചെയ്തു. ആ സ്ഥിതിക്ക് മറിയാമിനോടു കൂടെയുള്ള യൗസേഫിന്റെ വളരെക്കാലത്തെ താമസത്താൽ യൗസേഫിന്റെ വിശുദ്ധി വർദ്ധിച്ചുവെങ്കിൽ അതിൽ ഒട്ടും അത്ഭുതത്തിനവകാശമില്ല. അതായത് നീതിമാന്മാരോടുകൂടിയുള്ള വാസത്തിൽനിന്ന് മനുഷ്യർ പുണ്യനടപടികളും വിദ്വാന്മാരോടുകൂടിയുള്ള സംഭാഷണങ്ങളിൽനിന്ന് ജ്ഞാനവും സമ്പാദിക്കുന്നതുപോലെതന്നെ.

റോമാസാമ്രാജ്യത്തിലുള്ള സകലരും പേർവഴിചാർത്തണമെന്ന് ഓഗസ്തോസ്കേസറിൽനിന്നു കല്പന പുറപ്പെട്ടപ്പോൾ മറിയാമും യൗസേഫും ദാവീദിന്റെ വംശത്തിൽനിന്നുള്ളവർ ആയിരുന്നതിനാൽ ചാർത്തലിനായി നൊസറാസിൽനിന്ന് ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിലേക്കു പോയി. അവർ അവിടെ ആയിരിക്കുമ്പോൾ വി. മറിയാമിന്റെ പ്രസവകാലം അടുത്തു. തങ്ങൾക്കു താമസിക്കുവാൻ സ്ഥലമില്ലായ്കയാൽ കല്ലടാവിൽ അവൾ പ്രസവിച്ചു.[12] 40 ദിവസം കഴിഞ്ഞപ്പോൾ ന്യായപ്രമാണപ്രകാരം കാഴ്ചയണയ്ക്കുവാൻ ഊർശ്ലേം ദൈവാ

---

തന്റെ (കർത്താവിന്റെ) ശരീരത്തെ കന്യകയുടെ രക്തത്തിൽ വിശുദ്ധ റൂഹാമെനഞ്ഞുണ്ടാക്കി. f) ആദ്യകാലം മുതലെ സ്ത്രീവർഗ്ഗത്തിനുണ്ടായിരുന്ന കടപ്പാടു വീട്ടുന്നതിന് അതായത് ആദാമിൽനിന്ന് ഒരു സ്ത്രീ (ഹവ്വാ) വിവാഹബന്ധം കൂടാതെ ജനിച്ച ആ കടം പരിഹരിക്കുന്നതിന് ഒരു സ്ത്രീയിൽനിന്ന് ഒരു പുരുഷൻ വിവാഹബന്ധം കൂടാതെ ജനിക്കേണ്ടിയിരുന്നതിനാൽ അതിലേക്കു കർത്താവ് ഇഷ്ടപ്പെട്ടു. g) പാപത്തിൽ തഴമ്പിച്ചിരുന്ന ലോകത്തിനു മാമോദീസായിൽ വീണ്ടും ജനിക്കുവാൻ സാധിക്കുമെന്നു കാണിക്കുന്നതിന്.

12 ദൈവത്തിന്റെ വചനം കന്യകയുടെ ചെവിയിൽക്കൂടി ഉദരത്തിൽ പ്രവേശിച്ച് 9 മാസം അവിടെ വസിച്ചു. കന്യകയുടെ ഉദരത്തിൽ വചനം പ്രവേശിക്കുന്നതിനുമുമ്പ് ശരീരം ഉണ്ടാകുകയോ, ശരീരം ഉണ്ടാകുന്നതിനുമുമ്പ് വചനം ഉണ്ടാകുകയോ ചെയ്തില്ല. എന്നാലോ വചനവും ആത്മാവും ശരീരവും ഒരേ സമയത്ത് ഒരുമിച്ചാണ് കന്യകയുടെ ഉദരത്തിൽ കാണപ്പെട്ടത്. അനന്തരം മറ്റു സ്ത്രീകൾ പ്രസവിക്കുന്നതുപോലെ കഷ്ടതയോടുകൂടിയോ കന്യകാവ്രതമുദ്രയ്ക്കു ഭംഗംവന്നോ അല്ല അവൾ അവനെ ജഡത്തിൽ പ്രസവിച്ചത്. അതായത് കബർ മുദ്രവച്ചിരിക്കെ താൻ പുറത്തു വരികയും കതകുകളും ജനലുകളും അടച്ചിരിക്കെ താൻ മാളികയിൽ പ്രവേശിക്കുകയും ചെയ്തതുപോലെതന്നെ. വേറൊരുദാഹരണം പറയുകയാണെങ്കിൽ സൂര്യൻ ഉദിച്ചുവരുമ്പോൾ ഒരു ഭവനത്തിന്റെ മറ്റു ഭാഗങ്ങൾ മുഴുവനും അടച്ചിരിക്കെ കിഴക്കുഭാഗത്തെ ജനലിനു കണ്ണാടിച്ചില്ലിട്ടിട്ടുണ്ടെങ്കിൽ സൂര്യകിരണം അതിൽ കൂടി അകത്തുകടക്കുകയും ആ ഭവനത്തെ മുഴുവനും പ്രകാശിപ്പിക്കുകയും സൂര്യൻ ഉയരുംതോറും സൂര്യകിരണങ്ങൾ കണ്ണാടിച്ചില്ലിനു കേടുകൂടാതെ പുറത്തേക്ക് ഇറങ്ങുകയും ചെയ്യുന്നതുപോലെതന്നെ. എന്തെന്നാൽ "എനിക്ക് അതിവി

ലയത്തിലേക്ക് കർത്താവിനേയുംകൊണ്ട് പോയി. അവിടെവച്ച് വൃദ്ധനായ ശെമവൂൻ, അവളുടെ പുത്രന്റെ ക്രൂശാരോഹണസമയത്ത് അവൾക്കുണ്ടാകുവാനിരുന്ന ദുഃഖത്തേയും പ്രയാസത്തേയുംകുറിച്ച് പ്രവചിച്ചു. മറിയാം സകല കാര്യങ്ങളും തന്റെ ഹൃദയത്തിൽ സംഗ്രഹിച്ചു.

മ്ശിഹാ തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനുമുമ്പ് നീതിമാനായ യൗസേഫ് നിദ്രപ്രാപിച്ചിരുന്നു.[13] ഇവൻ മറിയാമിന്റെ മകനായ തച്ചനല്ലയോ? എന്നാദിയായി യഹൂദന്മാർ പറഞ്ഞതിൽനിന്ന് ഇതു ഗ്രഹിക്കാം. യൗസേഫിന്റെ പുത്രന്മാരോടുകൂടി ജീവിച്ചിരുന്നു. മ്ശിഹായുടെ പരസ്യശുശ്രൂഷ ആരംഭിച്ചപ്പോൾ യൗസേഫിന്റെ മക്കളായ തന്റെ സഹോദരന്മാർ തന്നിൽ വിശ്വസിച്ചിരുന്നില്ല.[14] എന്നാൽ തന്റെ മാതാവാകട്ടെ തന്നെക്കുറിച്ചു മാലാഖയിൽനിന്നു നേരിട്ടു കേട്ടതുകൊണ്ടും, പ്രകൃതിക്ക് അതീതമായി അവൾ ഗർഭംധരിച്ച് പ്രസവിച്ചതുകൊണ്ടും, ജനനസമയത്തുണ്ടായ അത്ഭുതങ്ങൾകൊണ്ടും മറ്റും സകലവും കഴിയുന്നവനെന്നു തന്നിൽ വിശ്വസിച്ചിരുന്നു. ആകയാലത്രെ കൊത്തനെ*യിലെ വിരുന്നിന്, വിരുന്നുടയവർക്കുവേണ്ടി തന്റെ പുത്രനോട് അവൾ അപേക്ഷിച്ചത്. മ്ശിഹാ മാതാവിന്റെ അപേക്ഷയെ നിവർത്തിച്ചുകൊടുത്തു.[15]

---

സ്മയമായി തോന്നുന്നത് മൂന്നുണ്ട്. എനിക്ക് അറിഞ്ഞുകൂടാത്തതു നാലുണ്ട്. ആകാശത്തു കഴുകന്റെ വഴിയും, പാറമേൽ സർപ്പത്തിന്റെ വഴിയും, സമുദ്രമദ്ധ്യേ കപ്പലിന്റെ വഴിയും, കന്യകയോടുകൂടെ പുരുഷന്റെ വഴിയുംതന്നെ" എന്ന് ശ്ലേമൂൻ തന്റെ സദൃശ്യവാക്യം 30:19-20-ൽ വി. കന്യകയെക്കുറിച്ചു പ്രവചിച്ചിട്ടുണ്ടല്ലോ?

13 വി. മർക്കോസ് 6:2-നെപ്പറ്റിയുള്ള ബർസ്ലീബിയുടെ വ്യാഖ്യാനം കാണുക.

14 "സഹോദരൻ" എന്ന എബ്രായഭാഷയിലുള്ള പദപ്രയോഗം തന്റെ സ്വന്ത മാതാപിതാക്കന്മാരിൽനിന്നു ജനിച്ചവരെ മാത്രമല്ല ഉദ്ദേശിക്കുന്നത്. എന്നാലോ ബന്ധത്തിൽ പെട്ടവരേയുംകൂടിയാകുന്നു. ഉദാഹരണമായി ലോത്ത് അബ്രഹാമിന്റെ സഹോദരപുത്രനായിരിക്കെ സഹോദരൻ എന്നും (ഉല്പ. 14:16) ലാബാന്റെ സഹോദരന്മാർ യാക്കൂബിന്റെ മാതുലന്മാർ (തന്റെ മാതാവായ റിബേക്കായുടെ സഹോദരന്മാർ) ആയിരിക്കെ യാക്കൂബ് അവരെ സഹോദരന്മാർ എന്നും (ഉല്പ. 31:37) സേദക്കിയാ, യോഹൂയാക്കീന്റെ ചിറ്റപ്പനായിരിക്കെ അവൻ തന്റെ സഹോദരനെന്നും (2 രാജാ. 24:17, 2 ദിനവൃ. 36:10) വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് വി. വേദം സാക്ഷിക്കുന്നു. ഈ അർത്ഥത്തിൽ തന്നെയാണ് തച്ചനായ മോർ യൗസേഫിന്റെ പുത്രന്മാരായ യാക്കൂബ്, യൂസി, യഹൂദാ, ശെമവൂൻ ആദിയായവർ മ്ശിഹായുടെ സഹോദരന്മാർ എന്നു വിളിക്കപ്പെട്ടിരിക്കുന്നത്.

15 മ്ശിഹാ തമ്പുരാന്റെ മാതാവിനെ "സ്ത്രീ" എന്ന് രണ്ടു പ്രാവശ്യം സംബോധന ചെയ്യുന്നതായി വി. വേദത്തിൽ നാം കാണുന്നു എന്ന് കൊത്തിനെ പട്ടണത്തിലെ കല്യാണവിരുന്നിൽവച്ച് കർത്താവ് പറഞ്ഞതാണ്. മറ്റത് താൻ കുരിശിൽ തൂങ്ങിക്കിടക്കുമ്പോൾ പറഞ്ഞതുമാകുന്നു. കൊത്തിനെ പട്ടണത്തിൽവച്ച് സ്ത്രീയേ! എനിക്കും നിനക്കും എന്ത്? എന്റെ നാഴിക വന്നിട്ടില്ല എന്നു കർത്താവ് പറഞ്ഞു. മാതാക്കൾ അവരുടെ മക്കളോടു കല്പിക്കാറുള്ളപ്രകാരമാണ് വി. മാതാവും ഇവിടെ ആജ്ഞാപിക്കുന്നത്. ദൈവമാകയാൽ ദൈവത്തിനടുത്ത കാര്യങ്ങളിൽ ഈവിധ കല്പന വീണ്ടും ഉണ്ടാ

*കാന - യോഹ. 2:1

കുറെ കാലങ്ങൾക്കുശേഷം മ്ശിഹാ ഗലീലയിൽ പ്രസംഗിക്കുകയും ഉപദേശിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ തനിക്കു ഭ്രാന്തുണ്ട് എന്നു പറഞ്ഞ് തന്റെ ചാർച്ചക്കാർ തന്നെ പിടിപ്പാൻ വന്നു (മർക്കോ. 3:21). വേറൊരവസരത്തിൽ തന്റെ സഹോദരന്മാർ "നീ ഇവിടെനിന്ന് ഈഹൂദിലേക്കു ചെന്ന് നിന്നെത്തന്നെ ലോകത്തിനു കാണിക്കുക" എന്ന് തന്നോടു പറഞ്ഞു. മോർ അപ്രേം പറയുന്നതുപോലെ ഇവരുടെ സംസാരം പുറമേ സ്നേഹരൂപത്തിലും അകമെ വഞ്ചനാപരവുമായിരുന്നു. എന്തുകൊണ്ടെന്നാൽ മോർ മൂശെബർകീഫോ പറയുന്നതുപോലെ തങ്ങളുടെ ഇടയിൽ ഒരുവൻ വലിയവനായിത്തീരുമ്പോൾ അവന്റെ ബന്ധുക്കൾക്ക് അസൂയ ഉണ്ടാകുന്നതുപോലെ യേശുവിന്റെ നേരേ അവന്റെ സഹോദരന്മാർക്ക് കഠിനമായ അസൂയ ഉണ്ടായിരുന്നു. യേശുവിനെ ക്രൂശിക്കുവാൻ യഹൂദന്മാർ കൊണ്ടുപോയ സമയത്ത് വി. മാതാവ് ക്രൂശോളം തന്നെ പിൻചെന്നതായി നാം കാണുന്നു. മ്ശിഹാ ക്രൂശിൽ തൂങ്ങിക്കിടക്കുമ്പോൾ തനിക്കു പകരം തന്റെ മാതാവിനെ സംരക്ഷിക്കുന്നതിനായി തന്റെ ശിഷ്യനായ യൂഹാനോനെ ഏല്പിച്ചുകൊണ്ട് "യുവാവേ! ഇതാ നിന്റെ മാതാവ്" എന്നും മാതാവിന്റെ നേരെ നോക്കിക്കൊണ്ട് "സ്ത്രീയേ! കണ്ടാലും നിന്റെ പുത്രൻ" എന്നും പറഞ്ഞു.[16] മ്ശിഹായുടെ സ്വർഗ്ഗാരോഹണശേഷം മറിയാമിനെ മറ്റു ശുദ്ധിമതികളായ സ്ത്രീകളോടുകൂടി ശിഷ്യന്മാരോടൊന്നിച്ച് മാളി

---

കാതിരിക്കുന്നതിനത്രെ അദ്ദേഹം ദൈവമെന്ന നിലയിൽ ഏതാദൃശമായ മറുപടി നൽകുന്നത്. അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിന് അവൾ തന്നോടാജ്ഞാപിക്കുകയല്ല; എന്നാലോ തന്നെ വന്ദിക്കുകയാണു ചെയ്യേണ്ടത്. എന്തുകൊണ്ടെന്നാൽ അത്ഭുതപ്രവർത്തികൾ ദൈവത്തിൽനിന്നു മാത്രമുള്ളതായി ഇഷ്ടപ്പെടുമ്പോൾ താൻ ആഗ്രഹിക്കുന്ന സ്ഥലത്തു ചെയ്യുന്നതാകുന്നു.
ഇതിന്റെ വ്യാഖ്യാനത്തിൽ വി. പീലക്സിനോസ് ഇപ്രകാരം പറയുന്നു: "നീ സ്വാഭാവികമായി എന്റെ മാതാവല്ല. ആകയാൽ ഒരു മാതാവ് തന്റെ സ്വാഭാവിക പുത്രനോടു സംസാരിക്കുന്നതുപോലെ നീ എന്നോടു സംസാരിക്കുന്നതു ന്യായമല്ല" എന്ന സംഗതി അവൾക്കു വെളിപ്പെടുത്തേണ്ടതിനുള്ള നാഴിക വന്നിട്ടില്ല എന്നും തന്റെ മാതാവിനെ പഠിപ്പിക്കേണ്ടതിന് നമ്മുടെ കർത്താവിനു തിരുമനസ്സായി. കർത്താവ് തന്റെ മാതാവിനോടുകൂടി ജീവിക്കുകയും അനുസരിക്കുകയും ബഹുമാനിക്കുകയും സത്യമായി ഞങ്ങളിൽനിന്ന് ജനിക്കുകയും ചെയ്തുവെന്നുള്ളത് സുവിദിതമാണല്ലോ. താൻ സ്വാഭാവികമായിട്ടല്ല വ്യാപാരപ്രകാരം മാത്രമാണ് അവളുടെ പുത്രനായിരിക്കുന്നത് എന്നുള്ള വസ്തുത മനുഷ്യരുടെ മുമ്പാകെ വെളിപ്പെടുത്തുവാൻ തന്നെ നിർബന്ധിക്കരുതെന്ന് അവളോട് ആവശ്യപ്പെടുകയായിരുന്നു. എന്തുകൊണ്ടെന്നാൽ ഈ സംഗതി വെളിപ്പെടുത്തിയ അവസരം മ്ശിഹാ ക്രൂശിന്മേലായിരിക്കുമ്പോളായിരുന്നു. അവിടെവച്ചു തന്റെ മാതാവിന്റെയും പ്രിയപ്പെട്ട യോഹന്നാന്റെയും അടുക്കലേക്കു കർത്താവ് തിരിഞ്ഞ് "യുവാവേ! കണ്ടാലും നിന്റെ മാതാവ്..." എന്നു പറഞ്ഞു.

16 ഈ കാലത്തു വി. സഭയിൽനിന്നും അന്യരായിരിക്കുന്ന ചിലർ, മറിയാം മ്ശിഹായെ പ്രസവിച്ചതിനുശേഷം യൗഃസഫിൽനിന്ന് തനിക്ക് യാക്കൂബ്, യൂസി, യഹൂദാ, ശെമവൂൻ ആദിയായ സന്താനങ്ങൾ ജനിച്ചുവെന്നു പറയുന്നു.

കയിൽ നാം കാണുന്നു. പെന്തിക്കുസ്തി ദിവസം ദൈവമാതാവും അവിടെ ഉണ്ടായിരുന്നു. പെന്തിക്കുസ്തിക്കുശേഷം ശിഷ്യന്മാർ അവളെ ബുധനാഴ്ച മാമോദീസ മുക്കി. പെന്തിക്കുസ്തിക്കു ശേഷമുള്ള മറിയാ

---

അതിന് അവർ തെളിവെടുക്കുന്നത് "അവളുടെ ഏകജാതനായ കടിഞ്ഞൂൽ പുത്രനെ പ്രസവിക്കുന്നതുവരെ അവളെ അവൻ അറിഞ്ഞില്ല" എന്നുള്ള വി. മത്തായിയുടെ ഏവൻഗേല്യോൻ ഭാഗമാണ്. ഈ അഭിപ്രായം അടിസ്ഥാനരഹിതമാണ്. എന്തെന്നാൽ വി. മറിയാം വചനമായ ദൈവത്തെ ഗർഭംധരിച്ചു പ്രസവിച്ചതുകൊണ്ടു തിരിഞ്ഞു വേറൊരു മനുഷ്യനു മാതാവായിത്തീരുവാൻ സാദ്ധ്യമല്ല. വി. യോഹ. 19:26-27 വരെയുള്ള ഭാഗത്ത് മ്ശിഹാ ക്രൂശിൽ കിടക്കുമ്പോൾ തന്റെ ശിഷ്യനായ യൂഹാനോന് മാതാവിനെ ഏല്പിക്കുന്നുവെന്നുള്ളത് ഒരു ഉത്തമ തെളിവാണ്. യാക്കൂബ് യോസി, ശെമവൂൻ ആദിയായവർ അവളുടെ മക്കളായിരുന്നുവെങ്കിൽ നിശ്ചയമായും അവളുടെ സംരക്ഷണത്തിന് അവരെ ഏല്പിക്കുമായിരുന്നു. എന്നാൽ യൂഹാനോനെ ഏല്പിക്കുകയും അവൻ അവളെ തന്റെ അടുക്കൽ കൈക്കൊള്ളുകയും ചെയ്തതിനാൽ മറ്റുള്ളവർ അവളുടെ മക്കളല്ല. വി. വേദം നാം പരിശോധിക്കുമ്പോൾ എതിരാളികളുടെ അഭിപ്രായത്തെ ഖണ്ഡിക്കുവാൻ ധാരാളം ന്യായങ്ങൾ കാണാം. അവയിൽ ചിലത് ഇവിടെ ഉദ്ധരിക്കാം. a) മോശ ദീർഘദർശി അവന്റെ ശ്വശുരന്റെ സ്ഥലത്ത് ആടിനെ മേയിച്ചുകൊണ്ടിരിക്കവെ സീനായി പർവ്വതത്തിലുള്ള മുൾപ്പടർപ്പു കത്തി എരിഞ്ഞുകൊണ്ടിരിക്കുന്നതായും അതേസമയം മുൾപ്പടർപ്പ് ദഹിച്ചുപോകാതിരിക്കുന്നതായും കണ്ടു. വിസ്മയനീയമായ ഈ കാഴ്ചയിൽ അത്ഭുതപരതന്ത്രനായി അതിനെ സമീപിക്കവെ അതിൽനിന്ന് ദൈവം അവനെ മോശെ മോശെ എന്നു വിളിച്ച് അവനോട് "ഇങ്ങോട്ടടുക്കരുത്. നീ നില്ക്കുന്ന സ്ഥലം പരിശുദ്ധമാകയാൽ നിന്റെ കാലിലെ ചെരുപ്പ് അഴിച്ചുകളയുക" (പുറ. 3-ാം അദ്ധ്യായം) എന്നു പറഞ്ഞു. ചെരുപ്പ് ഇട്ടുകൊണ്ട് അതിനുമുമ്പു പലപ്രാവശ്യം മോശ അതിലെ നടന്നിട്ടുള്ളത് സുവിദിതമത്രെ. എന്നാൽ ചെരുപ്പ് അഴിച്ചുകളയുന്നതിന് ആരും തന്നോടു പറഞ്ഞില്ല. ഈ പ്രാവശ്യമാകട്ടെ ദൈവം അതിൽ വസിച്ചതിനാൽ ആ സ്ഥലം ശുദ്ധീകരിക്കപ്പെടുകയും അവിടെ കളങ്കത്തോടെ പ്രവേശിപ്പാൻ ആരെയും അനുവദിക്കാതിരിക്കുകയും ചെയ്തു. അതുപോലെ വേദപുസ്തകം സാക്ഷിക്കുന്ന പ്രകാരം പ്രസവിക്കുന്നതുവരെയും വെടിപ്പുള്ള കന്യാവ്രതം കാത്തുകൊണ്ടിരുന്ന ദൈവമാതാവിനോട് അവൾ പ. റൂഹായ്ക്ക് ആലയമായിത്തീരുകയും അത്യുന്നതന്റെ ശക്തി അവളിൽ സ്വീകരിക്കുകയും സ്ത്രീകളിൽ വച്ച് അനുഗൃഹീതയാകുകയും പ്രകൃതിക്കപ്പുറമായി കഷ്ടതയോ വേദനയോ കൂടാതെ ദൈവപുത്രനെ ഗർഭംധരിച്ച് പ്രസവിക്കുകയും ചെയ്തശേഷം ആരും സമീപിച്ച് അവളെ അശുദ്ധപ്പെടുത്തുവാൻ ഒരുവനും അധികാരമില്ലാത്തതാകുന്നു. b) രാജാക്കന്മാരുടെ ഒന്നാം പുസ്തകം 7:14 വരെയുള്ള വാക്യങ്ങളിൽ ഇങ്ങനെ കാണുന്നു. ഇവിടെ ദാവീദിനുവേണ്ടി കൊണ്ടുവന്ന കന്യക അവന്റെ മരണംവരെയും അവന്റെ മാർവിടത്തിൽ ശയിച്ചുകൊണ്ടിരുന്നു. എന്നാൽ അവൾ പരിഗൃഹീതയായില്ല. ദാവീദിന്റെ മരണശേഷം അവന്റെ പുത്രനായ ആദൂനിയ, തന്റെ പിതാവിനാൽ പരിഗ്രഹിക്കപ്പെടാത്ത ആ കന്യകയെ വിവാഹം കഴിക്കുവാനാഗ്രഹിച്ചു. അതിന് അവന്റെ സഹോദരനായ ശലോമോൻ രാജാവ് സമ്മതിക്കാതെ അവനെ കൊന്നുകളഞ്ഞു (1 രാജാ. 13:25). എന്തുകൊണ്ടെന്നാൽ തങ്ങളുടെ പിതാവ് അവളോടു സംബന്ധപ്പെട്ടില്ലെങ്കിലും അവൾ തങ്ങൾക്കു മാതാവായിത്തീർന്നുവെന്ന് അവൻ കരുതിയിരുന്നു. അപ്രകാരം തന്നെ കന്യകമറിയാമും യൗസേഫിനു വിവാഹം പറഞ്ഞു നിശ്ചയിക്കപ്പെട്ടിരുന്നതിനാൽ വിവാഹനിശ്ചയകാലം തികയുന്നതിനുമുമ്പ്

മിന്റെ ജീവിതത്തെ സംബന്ധിച്ചു വി. വേദത്തിൽ നാം ഒന്നും കാണുന്നില്ലെങ്കിലും കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷം അഞ്ചുവർഷം

---

ഒരുവളെ പരിഗ്രഹിക്കുന്നതിന് അധികാരമില്ലാത്തതിനാൽ യൗസേഫ് അവളെ പരിഗ്രഹിച്ചില്ല. ഇപ്രകാരം അവളുടെ ഗർഭധാരണംവരെയും വിവാഹനിശ്ചയത്തിൻകാലമായിരുന്നു. ഈ കാര്യം ഏവൻഗേലിയോനിൽനിന്നു വെളിവാകുന്നു (മത്താ. 1:18). എന്നാൽ അവൾ ദൈവപുത്രനെ പ്രസവിച്ചപ്പോൾ സകല മനുഷ്യർക്കും യൗസേഫിനും മാതാവായിത്തീർന്നു. ദാവീദിന്റെ മക്കൾക്ക് മാതാവിനെപ്പോലെയായിത്തീർന്ന ശൂനേംകാരത്തി കന്യകയെ വിവാഹം കഴിക്കുവാൻ അവരിൽ ആർക്കും അനുവാദമില്ലായിരുന്നുവെങ്കിൽ, സകലർക്കും മാതാവായിത്തീർന്ന വി. മറിയാമിനോട് സമീപിക്കുന്നതിന് യൗസേഫോ മറ്റാരെങ്കിലുമോ തുനിയുമോ? c) (ഹസ്കി. 44:2) ഇവിടെ അടയ്ക്കപ്പെട്ടിരിക്കുന്ന വാതിലിനെപ്പറ്റി പറയുന്നു. ഇതു തുറക്കപ്പെടാതെ അടയ്ക്കപ്പെട്ടിരിക്കണം. ഒരുവനും അതിൽ പ്രവേശിക്കരുത്. എന്തുകൊണ്ടെന്നാൽ ഇസ്രായേലിന്റെ രാജാവായ കർത്താവ് അതിൽ പ്രവേശിച്ചു. ഇപ്രകാരം വി. മറിയാമിന്റെ കന്യാവ്രതത്വവും അത് അടയ്ക്കപ്പെട്ടിരിക്കെ ദൈവം അതിൽ പ്രവേശിക്കുകയും അപ്രകാരംതന്നെ അതിൽനിന്നു പുറപ്പെടുകയും ചെയ്തതിനാൽ അത് അപ്രകാരംതന്നെ സൂക്ഷിക്കപ്പെടുവാൻ ന്യായമാകുന്നു. d) മാലാഖാ, യൗസേഫിനോട് എഴുന്നേറ്റ് പൈതലിനെയും മാതാവിനെയും കൂട്ടിക്കൊണ്ട് മെസ്രേനിലേക്കു ഓടിപ്പോകുക എന്നു പറഞ്ഞത് നാം പറയുന്നതിന് ഒരു ഉത്തമ തെളിവാണ് (മത്താ. 2:13). ഇവിടെ നീ എഴുന്നേറ്റു പൈതലിനേയും "നിന്റെ ഭാര്യയേയും" കൂട്ടിക്കൊണ്ടുപോകുക എന്നല്ല പറഞ്ഞിരിക്കുന്നത്. എന്നാലോ "പൈതലിനേയും അവന്റെ മാതാവിനേയും കൂട്ടിക്കൊണ്ടുപോകുക" എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിനാൽ മാലാഖ, പ്രസവാനന്തരവും യൗസേഫ് വിശുദ്ധമായ രീതിയിൽ അവളോടുകൂടി താമസിച്ചിരുന്നുവെന്നു കാണിക്കുന്നതിനും അവന് അവളെ സമീപിക്കുവാൻ സാദ്ധ്യമല്ലെന്നു പഠിപ്പിക്കുന്നതിനും ആഗ്രഹിച്ചു. മറിയാം ഗർഭിണിയായിരുന്നപ്പോൾ മാലാഖ യൗസേഫിനോടുള്ള സംസാരത്തിൽ "അവന്റെ ഭാര്യ" എന്ന് സംബോധന ചെയ്തിരിക്കുന്നു. ഒന്നാമതായി പരിശുദ്ധൻ അവളുടെ ഉദരത്തിൽ വസിക്കുന്നതുകൊണ്ട് യൗസേഫ് അവളെ സമീപിക്കുവാൻ തുനിയുകയില്ലെന്നു മാലാഖാ അറിഞ്ഞിരിക്കകൊണ്ടാണ്. രണ്ടാമതായി വ്യഭിചാരത്താലാണ് അവൾ ഗർഭിണിയായത് എന്നുള്ള അവന്റെ സംശയത്തെ നീക്കുവാനും തന്നെ. എന്നാൽ അവൾ വ്യഭിചാരിണി ആയിരുന്നുവെങ്കിൽ അവളെ അവന്റെ ഭാര്യ എന്നു വിളിക്കുകയില്ലായിരുന്നു. പ്രസവത്തിനുമുമ്പ് അവളിൽ പരിശുദ്ധൻ വസിച്ചിരുന്നതുകൊണ്ട് അവൻ അവളെ സമീപിച്ചില്ലെങ്കിൽ വിശുദ്ധൻ അവളിൽനിന്നും ജാതനായശേഷം അവൾ വിശുദ്ധന്റെ പാർപ്പിടമായതുകൊണ്ട് അവൻ അവളെ സമീപിക്കുവാൻ തുനിഞ്ഞില്ല.

കപ്പദൂക്യൻ കേസറിയായിലെ വലിയവനായ വി. മോർ ബസേലിയോസും, നീസായിലെ വി. ഗ്രീഗോറിയോസും കർത്താവിന്റെ ജനനത്തെക്കുറിച്ചുള്ള അവരുടെ പ്രസംഗങ്ങളിൽ "കന്യാവ്രതമുദ്രയ്ക്കു ഭംഗംവരാതെയുള്ള മറിയാമിന്റെ പ്രസവത്തെക്കുറിച്ച് ആചാര്യനായ സ്കറിയാ വെളിപാടിനാൽ ഗ്രഹിച്ചു" എന്നും "സകല സൃഷ്ടികളുടെയും രാജാവ് ജനിച്ചു എന്നു സ്കറിയ സുവിശേഷിക്കുകയാൽ ജനത്തിനു അവന്റെ അധികാരസീമയിൽ ഇരിക്കുന്നതിനുള്ള ഭയം നിമിത്തം അവർ അവനെ കൊന്നു" എന്നും പറഞ്ഞിരിക്കുന്നു. ഈ സംഗതി പഴയപാരമ്പര്യത്തിൽ നിന്ന് അവർക്കു ലഭിച്ചതായിട്ടാണ് അവർ പ്രസ്താവിച്ചിരിക്കുന്നത്.

മാത്രമേ അവൾ ജീവിച്ചിരുന്നുള്ളുവെന്ന് യഥാർത്ഥ ചരിത്രത്തിൽ നിന്നു നമുക്കു ഗ്രഹിക്കാം.[17] അനന്തരം അവൾ ഊർശ്ലേമിൽവച്ച് അൻപത്തൊന്നാമത്തെ വയസ്സിൽ നിദ്രപ്രാപിക്കുകയും ശിഷ്യന്മാരും വിശ്വാസികളും കൂടി കർത്താവിന്റെ കബറടക്കത്തിനുപയോഗിച്ച കേത്തോനാ*ശീലയിൽ അവളെ തനിക്കു യോജിച്ചിരിക്കുന്നവിധം പൊതിഞ്ഞ് ഗത്സീമോനിൽ കബറടക്കുകയും ചെയ്തു. കബറടക്കത്തിനുശേഷം അവളുടെ പുത്രൻ, മാലാഖമാരുടേയും ആദാംമുതൽ ആ കാലംവരെ നിദ്രപ്രാപിച്ചിരുന്ന സകല പരിശുദ്ധപിതാക്കന്മാരുടേയും ആത്മാക്കളോടൊന്നിച്ച് അവളെ ശരീരത്തോടുകൂടി വലിയ ആഘോഷസമേതം പറുദീസായിലേക്കു[18]കൊണ്ടുപോയി എന്ന് ആദിമകാലംമുതൽ സഭ വിശ്വസിക്കുന്നു. അപ്രകാരം വി. മറിയാം തന്റെ പുത്രന്റെ വലത്തുഭാഗത്തു നിന്നുകൊണ്ട്

17 മോർ മിഖായേൽ റാബോ പാത്രിയർക്കീസിന്റെ *ചരിത്രപുസ്തകം*, പേജ് 88 നോക്കുക.

വി. മറിയാം തന്റെ ആയുഷ്കാലം മുഴുവനും കന്യകയായിരുന്നുവെന്നാണ് പ്രസ്തുത വി. പിതാക്കന്മാർ ഉറപ്പിച്ചു പറയുന്നത്. "കടിഞ്ഞൂലിനെ പ്രസവിക്കുന്നതുവരെ അവളെ ഞാൻ പരിഗ്രഹിച്ചില്ല" എന്ന വാക്യത്തെ ചിലർ തെറ്റായി വ്യാഖ്യാനിക്കുന്നതിനെതിരായി വി. ബസ്സേലിയോസ് ചോദിക്കുന്നത്, "ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെ ആയിരിക്കും" എന്ന് കർത്താവ് പറയുന്നതിൽനിന്ന് ലോകാവസാനശേഷം താൻ തന്റെ പരിശുദ്ധന്മാരോടുകൂടി ആയിരിക്കുകയില്ലെന്ന് അർത്ഥമുണ്ടോ എന്നാണ്. "കടിഞ്ഞൂൽ" എന്ന വാക്കിന് എപ്പോഴും അതിനു പിന്നാലേ ആരെങ്കിലും ജനിച്ചിട്ടുണ്ടെന്നു കാണിക്കുന്നില്ല. പിന്നെയോ ആദ്യഗർഭപാത്രം തുറക്കുന്നവനെ "കടിഞ്ഞൂൽ" എന്നു വിളിക്കുന്നെന്നു മാത്രമേയുള്ളു. നാം മുമ്പ് കണ്ടപ്രകാരം വി. ഗ്രീഗോറിയോസ് "അവൾ നേർച്ചപുത്രിയായിരുന്നതിനാൽ വിവാഹം ചെയ്യുന്നതു സാദ്ധ്യമല്ല" എന്നു പറഞ്ഞിരിക്കുന്നു. അത്ഭുതപ്രവർത്തകനായ മോർ ഗ്രീഗോറിയോസ് ദൈവജനനിയും കന്യകയും എന്ന് വി. മറിയാമിനെ സംബോധന ചെയ്തുകൊണ്ട് "മറിയാം എന്ന വാക്കിന്റെ അർത്ഥം പ്രകാശം എന്നാണെന്നും കന്യകാവ്രതത്തിന്റെ പ്രകാശത്തേക്കാൾ മേൽത്തരമായ പ്രകാശം വേറെ എന്താണെന്നും ആണ് ചോദിച്ചിരിക്കുന്നത്.

18 നീതിമാന്മാരുടെ ശരീരങ്ങൾ സ്വർഗ്ഗരാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കുമെങ്കിൽ (മത്താ. 13:43) ദൈവത്തെ വഹിച്ച ശരീരം എത്ര ശോഭയുള്ള പ്രകാശം ധരിക്കും? തന്നെ സ്നേഹിച്ചതിനാൽ ശ്ലീഹന്മാർ 12 സിംഹാസനങ്ങളിൽ അവിടെ ഇരിക്കുമെങ്കിൽ (മത്താ. 19:28) തന്നെ ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്തവൾ എത്ര വലിയ ബഹുമാനത്തിനർഹയാണ്? തന്റെ സുവിശേഷത്തെ പ്രസംഗിച്ച സുവിശേഷകന്മാർ അവിടെ മേശയിൽ ഇമ്പപ്പെടുമെങ്കിൽ (ലൂക്കോ. 22:30) തന്നെ മുലകുടിപ്പിച്ചവൾ എത്ര വലിയ ഭാഗ്യത്തിൽ ഇമ്പപ്പെടും? വിശുദ്ധന്മാർ ഒന്നിനു ആറിരട്ടിയായി അവിടെ പ്രതിഫലം പ്രാപിക്കുമെങ്കിൽ (മത്താ. 19:29) എല്ലാവരേക്കാളും വിശുദ്ധയായ മാതാവിന്റെ പ്രതിഫലം എത്ര മഹത്ത്വവും ശ്രേഷ്ഠവുമാണ്? വെടിപ്പുള്ളവർക്കും താഴ്മയുള്ളവർക്കും ഭാഗ്യം നൽകപ്പെടുമെങ്കിൽ (മത്താ. 5:5-8) വി. മറിയാം അവളുടെ സുകൃതനടപടികളാൽ എത്ര വലിയ ഭാഗ്യത്തിനർഹയാണ്? ആകയാൽ വി. മാതാവു ശരീരസമേതം പറുദീസായിലേക്കു തന്റെ പുത്രനാൽ കൊണ്ടുപോകപ്പെട്ടതിൽ അത്ഭുതത്തിനവകാശമില്ല. ബാർ എബ്രായയുടെ

*നിർമ്മല ശീല (മത്തായി 27:59)

ലോകത്തിനുവേണ്ടി വളരെ കഷ്ടതകൾ[19] അനുഭവിച്ചിട്ടുള്ളതിനാൽ ലോകത്തിന്റെ നന്മയ്ക്കുവേണ്ടി സദാ മദ്ധ്യസ്ഥത അണച്ചുകൊണ്ടിരിക്കുന്നു.

യേശുവിന്റെ സഹോദരന്മാർ തന്റെ പുനരുത്ഥാനശേഷം അവനിൽ വിശ്വസിച്ചു. തന്നിൽ അവർ വിശ്വസിക്കുന്നതിനായിരിക്കാം ഉയിർപ്പിനും സ്വർഗ്ഗാരോഹണത്തിനും മദ്ധ്യേയുള്ള ഒരു ദിവസം തന്റെ സഹോദരനായ യാക്കൂബിന് വി. പൗലൂസ്ശ്ലീഹാ തന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ താൻ പ്രത്യക്ഷപ്പെട്ടത് (1 കോരി. 15:7). അനന്തരം പ്രസ്തുത യാക്കൂബിനെ ശ്ലീഹന്മാർ തിരഞ്ഞെടുത്ത് ഊർശ്ലേമിലെ എപ്പിസ്കൂപ്പായായി വാഴിച്ചു. മ്ശിഹായിലുള്ള തന്റെ വൈരാഗ്യവും വിശ്വാസവും ഹേതുവാൽ വി. യാക്കൂബ് എ.ഡി. 62-ൽ യഹൂദന്മാരാൽ സാക്ഷിമരണം പ്രാപിക്കപ്പെട്ടു. മോർ യാക്കോബ് സാക്ഷിമരണം പ്രാപിച്ചതിനുശേഷം കർത്താവിന്റെ ശിഷ്യന്മാരും അന്നു ജീവി

---

*ഹൂദായ* കാനോനിൽ 37-ാം കേപ്പാലോയോൻ മൂന്നാം പോസുക്കോയിൽ ഇങ്ങനെ പറയുന്നു. (മൂന്നാം കാനോൻ)

"അൻതർത്തുറിയായിലെ ദൈവജനനിയുടെ പള്ളിയിൽ പ്രാർത്ഥിക്കണമെന്ന് ഒരുവൻ നേർച്ച നേർന്നാൽ ദൈവമാതാവിന്റെ നാമത്തിലുള്ള വേറൊരു ദൈവാലയത്തിൽ പ്രാർത്ഥിച്ചാലും അവന്റെ നേർച്ച പൂർത്തീകരിക്കപ്പെടും. എന്നാൽ മോർ യൂഹാനോൻ ഏവൻഗേലിസ്തായുടെ ദൈവാലയത്തിൽ പ്രാർത്ഥിക്കണമെന്ന് ഒരുവൻ നേർന്നാൽ പ്രസ്തുത വിശുദ്ധൻ കബറടങ്ങിയ പള്ളിയിൽതന്നെ പ്രാർത്ഥിച്ചെങ്കിലേ അവന്റെ നേർച്ച പൂർത്തിയാകയുള്ളു. എന്തെന്നാൽ എല്ലാ പള്ളികളിലുമെന്നപോലെ അൻതർത്തുരിയായിലെ പള്ളിയിലും ദൈവജനനിയുടെ തിരുശേഷിപ്പുകൾ ഇല്ല. എന്നാൽ മറ്റു വിശുദ്ധന്മാരുടേത് അങ്ങനെയല്ല.

19 വി. മറിയാം ചെറുപ്പം മുതൽതന്നെ പ്രയാസത്തിൽ കൂടെയാണ് പ്രയാണം ചെയ്തത്. താഴെ പറയുന്ന കഷ്ടതകളാണ് അവൾ അനുഭവിച്ചിട്ടുള്ളത്. A) അവൾ അനാഥയായിരുന്നു. B) അവൾ ദരിദ്രയായിരുന്നു. C) ഹൗവ്വായെപോലെ മറിയാമിനേയും വീഴിക്കുവാൻ സാത്താൻ പലവിധത്തിൽ ശ്രമിച്ചു. എന്തെന്നാൽ അവളുടെ പുത്രനെക്കുറിച്ച് അവൻ ഭയപ്പെട്ടിരുന്നു. D) അവന്റെ പരിശ്രമം സാധിക്കാതെ വന്നപ്പോൾ പുത്രനോടുകൂടി അവൾ കല്ലെറിയപ്പെട്ടു കൊല്ലപ്പെടുവാൻ ഉത്സാഹിച്ച് യഹൂദന്മാരെ പ്രേരിപ്പിച്ചു. ഇതിലും അവൻ വിജയി ആയില്ല. E) മറിയാമിനെ ഉപേക്ഷിക്കുവാൻ യൗസേഫിൽ സംശയം ജനിപ്പിച്ചു. യൗസേഫ് അവളെ ഉപേക്ഷിച്ചിരുന്നെങ്കിൽ കല്ലെറിയപ്പെടുമായിരുന്നു. F) മറിയാം അവളുടെ ഗർഭധാരണത്തെക്കുറിച്ചുള്ള നിന്ദയും പരിഹാസവും സഹിച്ചു. അതായത് പറുദൈസായിൽവച്ച് സാത്താനുമായി ഹവ്വാ നടത്തിയ ആന്തരിയ വ്യഭിചാരത്തെക്കുറിച്ച് മനുഷ്യവർഗ്ഗത്തെ ഓർമ്മിപ്പിക്കേണ്ടതിനാണ്. G) അവൾക്ക് സ്ഥലം കിട്ടായ്കയാൽ നിന്ദ്യമായ കല്ലടാവിൽ അവൾ ശിശുവിനെ പ്രസവിച്ചു. H) തന്റെ ശ്രമത്തിലെല്ലാം പരാജയപ്പെട്ടപ്പോൾ സാത്താൻ ജാതനായ പൈതലിനെ കൊല്ലിക്കുവാൻ ഹേറോദേസിനോടു പ്രേരിപ്പിച്ചു. തന്മൂലം മറിയാം ശിശുവിനേയുംകൊണ്ട് യൗസേഫിനോടുകൂടി മിസ്രേമിലേക്കു ഓടിപ്പോകേണ്ടിവന്നു. I) ഇതിലും സാത്താൻ വിജയി ആകാഞ്ഞതിനാൽ അവളുടെ പുത്രനെ ക്രൂശിക്കുവാൻ യഹൂദന്മാരെ പ്രേരിപ്പിച്ചു.

ച്ചിരുന്ന ബന്ധുജനങ്ങളും എല്ലാ സ്ഥലത്തുനിന്നും ഊർശ്ലേമിൽ വന്നു കൂടി. മോർയാക്കോബിന്റെ പിൻതുടർച്ചയായി ആര് ആയിരിപ്പാൻ ന്യായമാകുന്നുവെന്ന് അവർ ആലോചിച്ചു. ആ സിംഹാസനത്തിലിരിപ്പാൻ ക്ലെയാഫായുടെ പുത്രൻ ശെമവൂൻ യോഗ്യനാണെന്ന് ഐകകണ്ഠ്യേന അവർ തീരുമാനിച്ച് അദ്ദേഹത്തെ വാഴിച്ചു. ഈ ശെമവൂൻ മോർ യാക്കോബിന്റെ പിതൃസഹോദരപുത്രനായിരുന്നു. ഇദ്ദേഹത്തേയും തന്റെ സഹോദരന്മാരേയും മാതാവായ ക്ലെയാഫാ മറിയാമിനേയും വി. ഏവൻഗേലിയോനിൽ ഓർമ്മിച്ചിട്ടുണ്ട്. വി. ശെമവൂൻ തന്റെ 120-ാമത്തെ വയസ്സിൽ എ.ഡി. 106-ൽ ത്രാജാനോസ്* രാജാവിന്റെ പീഡയിൽ ക്രൂശുമരണം പ്രാപിച്ചു.[20] വി. വേദത്തിൽ യഹൂദയുടെ ലേഖനം എന്നതിന്റെ എഴുത്തുകാരൻ കർത്താവിന്റെ സഹോദരനായ യഹൂദയാണ്. തന്റെ രണ്ട് പൗത്രന്മാരെക്കുറിച്ച് "ഇവർ ദാവീദിന്റെ വംശത്തിൽ നിന്നുള്ളവരാകുന്നു" എന്നും മറ്റും ദൊമിത്തിയാനോസു രാജാവിന്റെ അടുക്കൽ ചിലർ ഏഷണി പറഞ്ഞു. രാജാവ് അവരെ വിളിച്ചു വിസ്തരിച്ചപ്പോൾ ശിക്ഷാർഹമായി യാതൊരു കുറ്റവും അവരിൽ കാണായ്കയാൽ അവരെ വിട്ടയച്ചു. പിന്നീട് വിശ്വാസികളെ ഉറപ്പിക്കുവാനായി അവർ അന്നുണ്ടായിരുന്ന സകല പള്ളികളും സന്ദർശിച്ചു. വി. സഭ മുഴുവനും അവരെ ബഹുമാനിച്ചിരുന്നു. ത്രാജനോസ് രാജാവിന്റെ കാലംവരെ അവർ ജീവിച്ചിരിക്കുകയുംചെയ്തു.[21]

ഇങ്ങനെ കർത്താവിന്റെ വളർത്തുപിതാവായ യൗസേഫിന്റെ കുടുംബത്തിനു വി. സഭ മുഴുവനിലും വലിയ ബഹുമാനമുണ്ടായിരുന്നു. ചരിത്രകാരന്മാർ സാക്ഷിക്കുന്നതുപോലെ ഈ കുടുംബത്തിന്റെ ബഹുമാനത്തിനായി നൂറു സംവത്സരത്തിലധികം അതിന്റെ അംഗങ്ങൾക്കുവേണ്ടി ഊർശ്ലേമിലെ എപ്പിസ്കോപ്പൽ സിംഹാസനം ഭദ്രമായി സൂക്ഷിക്കപ്പെട്ടിരുന്നുവെന്നുള്ളത് അവിതർക്കിതമായ സംഗതിതന്നെയാണ്.

---

20 യൗസേബിയോസിന്റെ *സഭാചരിത്രം* 3:11, 4:22 നോക്കുക.

21 യൗസേബിയോസിന്റെ *സഭാചരിത്രം* 3:2, 32 നോക്കുക.

*ട്രാജൻ

## അദ്ധ്യായം 10

# ക്രിസ്തുമത സ്ഥാപനം

"മനുഷ്യവർഗ്ഗം, വിശുദ്ധത, പൂർണ്ണത എന്നിവകളുടെ ഔന്നത്യാവസ്ഥയിൽനിന്നു വീണുപോകുകയും പാപം, മരണം, സാത്താൻ എന്നീ ത്രിവിധ ശക്തികൾക്ക് അധീനരാകുകയും, ആത്മരക്ഷയിലേക്കും നിരൂപണയിലെ ആശ്വാസത്തിലേക്കും നയിപ്പിക്കുന്ന മാർഗ്ഗത്തെ നശിപ്പിക്കുകയും ചെയ്തപ്പോൾ, ഒരു നവീന ന്യായപ്രമാണം മനുഷ്യവർഗത്തിനു നിയമിപ്പാനും അവരുടെ ഹൃദയങ്ങളെ പുതുക്കുവാനും മേൽപറഞ്ഞ ശത്രുക്കളിൽനിന്നു ലോകത്തെ രക്ഷിപ്പാനും സ്വർഗ്ഗത്തിലേക്കു നയിപ്പിക്കുന്ന മാർഗ്ഗം അഭ്യസിപ്പിക്കുവാനുമായി ഒരു രക്ഷകൻ ആവശ്യമായി വന്നു. എന്നാൽ ദൈവം തന്റെ ദിവ്യശക്തിയാൽ തന്നെ ആരാധിക്കുന്നതിനായി ലോകത്തെ ആകർഷിക്കുകയെന്നത് യോഗ്യമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ മനുഷ്യൻ ഏതിനാൽ അലങ്കരിക്കപ്പെട്ടിരുന്നുവോ ആ സ്വാതന്ത്ര്യം ഇതിനെ വിരോധിക്കുന്നതായിരുന്നു. മാത്രമല്ല ഭൂതലമാകെ വ്യാപിച്ചിരുന്ന പാപരോഗം ഏറ്റം കഠിനമായിരുന്നതിനാൽ ഒരു ദീർഘദർശി മൂലമോ ശ്ലീഹാവഴിയായോ ഈ രക്ഷ നിവർത്തിക്കപ്പെടാമായിരുന്നതുമല്ല (സങ്കീ. 49:7). തന്മൂലം ദീർഘദർശിമാർ, ശ്ലീഹന്മാർ എന്നിവരേക്കാൾ സാമർത്ഥ്യമേറിയവനായി, ഈ രോഗത്തിനു ശമനം വരുത്തുവാൻ പ്രാപ്തനായ ഒരു ഭിഷഗ്വരന്റെ ആവശ്യം നേരിട്ടു. ആയതിനാൽ ദൈവം ആരംഭത്തിൽ മനുഷ്യകുലത്തോടു ചെയ്ത വാഗ്ദത്തപ്രകാരം ആ വർഗ്ഗം ജീവിപ്പാനായിട്ട് ദൈവപുത്രൻ തന്റെ ശ്രേഷ്ഠതയിൽ സ്വർഗ്ഗത്തെ വിട്ടിറങ്ങിവന്ന് ജഡധാരണം ചെയ്തു മരിക്കുവാൻ ആവശ്യമായിത്തീർന്നു. ആ ദിവ്യവാഗ്ദത്തം നിവർത്തിക്കപ്പെടുവാനുള്ള കാലം വന്നപ്പോൾ ദൈവം ഗബ്രിയേൽ മാലാഖയെ ഗലീലയിലെ നസറേത്തിലേക്ക് ദാവീദിന്റെയും അബ്രഹാമിന്റെയും വംശജയും, ഹന്നായുടെയും യൂയാക്കീമിന്റെയും പുത്രിയും, അവളുടെ പിതൃസഹോദരപുത്രനും ദാവീദിന്റെ വംശജനും തച്ചനും വിധുരനുമായ യോസേഫിന് വിവാഹം നിശ്ചയിക്കപ്പെട്ടവളും മോർ യൂഹാനോൻ മാംദോനായുടെ മാതാവായ ഏലിശബായുടെ ചാർച്ചക്കാരിയുമായ (ലൂക്കോ. 1:36) കന്യകമറിയാമിന്റെ അടുക്കലേക്ക് അവളുടെ

ദൈവിക ഗർഭധാരണത്തെക്കുറിച്ച് അറിയിക്കുവാനയച്ചു. അവൾ ഈ അറിയിപ്പിനെ സ്വീകരിച്ച്, മാലാഖായുടെ വചനം വിശ്വസിച്ചപ്പോൾ പരിശുദ്ധാത്മാവ് അവളിൽ ഇറങ്ങി പൈതൃകമായ പാപത്തിൽ നിന്നും അവളെ ശുദ്ധീകരിച്ച് പരിശുദ്ധയാക്കിത്തീർത്ത് തദനന്തരം പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും തിരുവിഷ്ടത്തോടുകൂടെ ഉയരത്തിലുള്ള ശക്തിയാകുന്ന ഏകജാതനായ പുത്രൻ തമ്പുരാൻ അവളുടെ പാവനമായ ഉദരത്തിലേക്കു എഴുന്നെള്ളുകയും വി. റൂഹാ മുഖാന്തരം അവളിൽനിന്ന് പൂർണ്ണമനുഷ്യത്വം, അതായത് ജ്ഞാനമുള്ളതും പരിപൂർണ്ണവുമായ ആത്മാവോടുകൂടിയ സത്യശരീരമെടുക്കുകയും പാപമൊഴികെ നമുക്കുള്ള സർവ്വവും സ്വീകരിക്കുകയും ചെയ്തു (എബ്രാ. 7:26). ഒമ്പതു മാസങ്ങൾക്കുശേഷം മീഖായുടെ പ്രവചനമനുസരിച്ച് ദാവീദിന്റെ നഗരമായ ബേത്‌ലഹേമിലെ കല്ലടാവിൽ ജനിച്ചു (മീഖാ. 4:2). ആ സമയം പ. കന്യക പതിമൂന്നു വയസ്സുള്ളവളായിരുന്നു.[1] പ്രസവാനന്തരവും പ്രകൃത്യാതീതമായ വിധത്തിൽ അവൾ കന്യകയായിത്തന്നെ സ്ഥിതിചെയ്തു (ഏശാ 7:14, ഹസ്കി. 44:2). താൻ ഏകപുത്രനും ഏകമ്ശിഹായും, ഏകകർത്താവുമാകുന്ന പ്രകാരം കുഴപ്പമോ, കലർച്ചയോ, സങ്കലനമോ, സമ്മിശ്രമോ കൂടാതെ കൂട്ടിച്ചേർക്കപ്പെട്ട ഒരു സ്വഭാവവും, ഒരിഷ്ടവും, ഒരു വ്യാപാരവും, ഒരു ആളത്തവും ഉള്ളവനായിത്തീർന്നു. അതായത് മനുഷ്യൻ പദാർത്ഥമയവും മൺമയവുമായ ശരീരത്താലും ദൃഢതയും ജ്ഞാനമുള്ള ആത്മാവാലും കൂട്ടിച്ചേർക്കപ്പെട്ടിരിക്കുകയും ഈ ചേർച്ചയാൽ കലർച്ചയോ സമ്മിശ്രമോ കൂടാതെ ഏക ആളത്തവും ഏകസ്വഭാവവുമായി സ്ഥിതിചെയ്യുകയും ചെയ്യുന്ന പ്രകാരംതന്നെ.

മൂശയുടെ ന്യായപ്രമാണപ്രകാരം എട്ടാം ദിവസം ബേത്‌ലഹേമിൽ വച്ച് ചേല ചെയ്യുകയും യേശുവെന്നു പേരു വിളിക്കുകയും ചെയ്തു (ലൂക്കോ. 2:21). നാല്പതു ദിവസം കഴിഞ്ഞശേഷം തന്റെ മാതാപിതാക്കന്മാർ ന്യായപ്രമാണത്തിൽ കല്പിക്കപ്പെട്ടിരിക്കുന്ന പ്രകാരം നിവർത്തിക്കപ്പെടുവാനായി തന്നെ യറുശലേം ദൈവാലയത്തിലേക്കു കൊണ്ടുപോകുകയും അവിടെവച്ച് വൃദ്ധനായ ശെമവൂൻതന്നെ കരത്തിലേന്തുകയും പ്രവാചകിയായ ഹന്നാ പ്രവചിക്കുകയും ചെയ്തു. അനന്തരം നസ്രേത്തിലേക്കു അവർ തന്നെ കൊണ്ടുപോകുകയും (ലൂക്കോ. 2:22-39) അടുത്ത ആണ്ടിൽ കർത്താവിന്റെ മുമ്പാകെ കാണപ്പെടുവാനായി യറുശലേമിലേക്കു കൊണ്ടുവരികയും ചെയ്തു. വീണ്ടും ബേത്‌ലഹേമിലേക്ക് പോയശേഷം നസ്രേത്തിലേക്കു തിരിച്ചുപോയി. അടുത്തവർഷവും (തനിക്കു രണ്ട് വയസ്സുള്ളപ്പോൾ) തന്നെ ഊർശ്ലേമിലേക്കു കൊണ്ടുവരികയും അവിടെനിന്നു ബേത്‌ലഹേമിലേക്കു കൊണ്ടുപോകുകയും ചെയ്തു. അവർ അവിടെ താമസിക്കുമ്പോൾ

---

1 മോർ മിഖായേൽ റാബോയുടെ *സഭാചരിത്രം*, പേജ് 88, ബാർ എബ്രായുടെ *പ്രാചീനകാലവൃത്താന്തം*, പേജ് 46.

മ്ഗൂശേന്മാർ വന്ന് തന്നെ ആരാധിച്ചു. ആ രാത്രിയിൽ തന്നെ ഹേറോദേസിനെ ഭയന്ന് അവർ മിസ്രയീമിലേക്കു പോയി[2] (മത്തായി. 2:1-14). ഹേറോദേസിന്റെ മരണശേഷം അവർ മിസ്രയീമിൽ നിന്നും തിരിച്ചു വന്ന് നസ്രേത്തിൽ പാർത്തു (മത്തായി 2:19-23). എ.ഡി. 8-ൽ (തന്റെ പന്ത്രണ്ടാം വയസ്സിൽ) പതിവിൻപ്രകാരം യേശുവും തന്റെ മാതാപിതാക്കന്മാരും ഊർശ്ലേമിലേക്കു പോയി. അവർ അവിടെ മൂന്ന് ദിവസം താമസിച്ചിട്ട് നസ്രേത്തിലേക്കു തിരിച്ചുപോയി (ലൂക്കോ. 2:40-50). എ.ഡി. 26-ൽ[3] തീബേര്യോസ് കൈസരുടെ 15-ാം ആണ്ടിൽ മ്ശിഹായ്ക്ക് 30 വയസ്സായപ്പോൾ മകരമാസം 6-ാം തീയതി ബുധനാഴ്ച വൃദ്ധരായ സ്കറിയായുടെയും ഏലിശബായുടെയും പുത്രനായ യൂഹാനോനിൽനിന്ന് യൂർദ്ദിനാൻ നദിയിൽവച്ച് സ്നാനമേറ്റു.[4] അനന്തരം അവൻ മരുഭൂമിയിൽ 40 ദിവസം സാത്താനാൽ പരീക്ഷിക്കപ്പെടുകയും അതിൽ ജയിക്കുകയും ചെയ്തു. യൂഹാനോൻ സ്നാപകന്റെ ജനനത്തിന് ആറ് മാസങ്ങൾക്കുശേഷം താൻ ജനിച്ച പ്രകാരം യൂഹാനോൻ പ്രസംഗം തുടങ്ങിയതിന്റെ ആറ് മാസം കഴിഞ്ഞ് താൻ ലോകത്തിന് തന്നെത്തന്നെ വെളിപ്പെടുത്തി. ആദ്യമായി പന്ത്രണ്ടുപേരെ തിരഞ്ഞെടുത്ത് അവർക്ക് ശ്ലീഹന്മാർ എന്ന് പേരു നൽകി (ലൂക്കോ. 6:13). ഈ പന്ത്രണ്ട് എന്ന സംഖ്യ യിസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളെ ദൃഷ്ടാന്തപ്പെടുത്തുന്നതുമൂലം ആ പന്ത്രണ്ട് ഗോത്രങ്ങൾ ഉൾപ്പെട്ടിരുന്ന ജനങ്ങളുടെ മേലുള്ള കർത്തൃത്വം ആർക്കു കടപ്പെട്ടിരിക്കുന്നുവോ ആ ദൈവം താനാണെന്ന് പഠിപ്പിക്കുവാൻ തിരുമനസ്സായി പിന്നീട് താൻ 70 പേരെ തിരഞ്ഞെടുത്തു. അവരെ അറിയിപ്പുകാരെന്ന് നാമകരണം ചെയ്തു. 70 എന്ന സംഖ്യ 70 അംഗങ്ങളടങ്ങിയിരിക്കുന്ന യഹൂദ സമുദായത്തിന്റെ സന്നദ്രീം സംഘത്തെ ദൃഷ്ടാന്തീകരിക്കുന്നു. ഇതിനാൽ ജനത്തിന്മേലുള്ള ആ സംഘത്തിന്റെ കർത്തൃത്വപരിണാമത്തെ പ്രത്യക്ഷമാക്കിയിരിക്കുന്നു.

മ്ശിഹായുടെ രക്ഷാകരവ്യാപാരത്തിന്റെ പരസ്യ ശുശ്രൂഷാകാലയളവിൽ മൂന്നോ നാലോ പെസഹാപെരുനാളുകൾ ഉണ്ടായി എന്ന് വി. യൂഹാനോന്റെ ഏവൻഗേലിയോൻ 2:13, 6:4, 11:55 എന്നീ ഭാഗങ്ങളിൽ നിന്ന് മനസ്സിലാക്കുന്നു. മൂന്നു കൊല്ലം മ്ശിഹാ തന്റെ പരസ്യശുശ്രൂഷയിൽ ഉൾപ്പെട്ടിരുന്നുവെന്ന് നമുക്ക് അനുമാനിക്കാം. സഭാപിതാക്കന്മാരുടെ അഭിപ്രായവും ഇതുതന്നെയാണ്. ഈ കാലങ്ങളിൽ താൻ തന്റെ തിരുസഭയെ സ്ഥാപിക്കുകയും വി. ഏവൻഗേലിയോനിൽ രേഖപ്പെടുത്തിയിട്ടുള്ളതും അല്ലാത്തതുമായ ജീവൻ നൽകുന്ന ഉപദേശങ്ങളെ സഭയ്ക്ക് ഭരമേല്പിച്ചുകൊടുക്കുകയും ചെയ്തു (യോഹ. 20:30).

---

2 മത്തായിയുടെ ഏവൻഗേല്യോന്റെ ബർസ്ലീബിയുടെ വ്യാഖ്യാനം 2-ാം അദ്ധ്യായം.

3 അടുത്ത അദ്ധ്യായം കാണുക.

4 ബാർ എബ്രായയുടെ *പ്രാചീനകാല വൃത്താന്തം*, പേജ് 46.

ഗലീലയിലെ നാടുവാഴിയായിരുന്ന യൂലിയോസ്, യേശുവിന്റെ സുകൃത നടപടികൾ, അത്ഭുതവ്യാപാരങ്ങൾ, അഭികാമ്യമായ വ്യക്തി മാഹാത്മ്യം, ഇമ്പവും ഗംഭീരവുമായ ആകാരം, പ്രകൃത്യതീതമായ വിവിധ ജ്ഞാനം, തന്റെ ഉത്തമോപാദേശങ്ങൾ എന്നിവകളെക്കുറിച്ചും അനേക യഹൂദന്മാരും അവരുടെ വിജ്ഞാനികളും, യേശുവിന്റെ ശിഷ്യന്മാരും, തന്റെ ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവും നാഥനുമായ ദൈവവും ദൈവപുത്രനുമാണെന്നും വിശ്വസിച്ചുപോന്നിരുന്നുവെന്നും, മററനേകർ തന്നെ ദ്വേഷിച്ചുപോന്നിരുന്നുവെന്നും ഉള്ള വസ്തുതയും കാണിക്കുന്ന ഒരു കത്ത് കൈസർക്ക് എഴുതിയിരുന്നു.[5] ഇതിനെ രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി. യൂസ്തീനോസും തത്ത്വജ്ഞാനിയുമായ തെർത്തുല്യാനോസും* സാക്ഷിക്കുന്നു. എന്നാൽ ഈ ലോകത്തിന്റെ ദുഷ്ടശക്തി അദ്ദേഹത്തിന്റെ ദിവ്യസന്ദേശങ്ങളെ എതിർക്കുകയും യൂദസഭയിലെ സപ്രേന്മാർ, പ്രീശേന്മാർ, പ്രധാനാചാര്യന്മാർ എന്നിവരെ അവരുടെ ദുർനടപടികൾമൂലം താൻ പരസ്യമായി ശാസിച്ചതിനാൽ അസൂയയും പകയും നിറഞ്ഞ് അദ്ദേഹത്തെ കൊല്ലുവാൻ അവർ അവസരം അന്വേഷിച്ചുകൊണ്ടിരിക്കുകയുംചെയ്തു.

തീബര്യോസ് കൈസരുടെ വാഴ്ചയുടെ 19-ാം ആണ്ടിൽ (എ.ഡി. 30) മൂശൈക പെസഹായെ മ്ശിഹാതമ്പുരാൻ നിവർത്തിച്ച് തന്റെ ശരീരരക്തങ്ങളാകുന്ന ദിവ്യരഹസ്യത്തെ ഭരമേല്പിച്ചതിന്റെശേഷം, പന്ത്രണ്ട് ശിഷ്യന്മാരുടെ കൂട്ടത്തിൽപെട്ട യഹൂദാ സ്കറിയോത്തായുടെ വഞ്ചനയാൽ യഹൂദജനത്തിന് താൻ ഏല്പിക്കപ്പെട്ടു. അവർ അദ്ദേഹത്തെ പ്രധാനാചാര്യനായ കയ്യാഫായുടെയും യഹൂദനാടുവാഴിയായ പീലാത്തോസിന്റെയും അടുക്കൽ കൊണ്ടുപോയി വിസ്തരിച്ച് മരണത്തിന് ഏല്പിച്ചു. തന്നെ വിധിച്ചശേഷം അവർ അദ്ദേഹത്തെ ഗോഗുൽത്തായിലേക്ക് കൊണ്ടുപോയി. അവിടെവച്ച് മീനമാസം 23-ാം തീയതി[6] (മേടം 14-ാം തീയതി ചന്ദ്രനെ കണക്കാക്കിയുള്ളത്) വെള്ളിയാഴ്ച രണ്ട് കള്ളന്മാരുടെ മദ്ധ്യെ ആദ്യമനുഷ്യനായ ആദാം കബറടക്കപ്പെട്ടിരുന്ന അതേ സ്ഥലത്തുവച്ച് കുരിശിച്ച് കൊല്ലുകയുംചെയ്തു. തന്റെ ആത്മാവിനെ പിതാവിങ്കലേക്ക് ഏല്പിച്ചുകൊണ്ട് വെള്ളിയാഴ്ച ഒമ്പതാം മണി സമയത്ത് തിരുവിഷ്ടത്താൽ മരണം കൈവരിച്ചു. അനന്തരം 'റൊംസോ'യിലെ (അരിമത്യ) യൌസേഫും, നിക്കോദീമോസും വന്ന് തിരുശരീരത്തെ സ്കീഫാ**യിൽനിന്ന് ഇറക്കി യൗസേഫിന്റെ തോട്ടത്തിൽ സ്ഥിതിചെയ്തിരുന്ന പാറമേൽ വെട്ടപ്പെട്ട ഒരു

5 മോർ ഈസിദോറോസ്സിന്റെ *സഭാചരിത്രം*, ഒന്നാം ഭാഗം, പേജ് 21.

6 ചന്ദ്രവർഷം സൂര്യവർഷത്തെക്കാൾ 10 ദിവസം കുറവായതുകൊണ്ട് 35 വർഷം കൂടുമ്പോൾ ചന്ദ്രാബ്ദം സൂര്യാബ്ദത്തെക്കാൾ ഒരു വർഷം കൂടുതലായിരിക്കും. യഹൂദന്മാരാകട്ടെ അവരുടെ ആണ്ട് സൂര്യവർഷത്തോട് ഒത്തിരിക്കുവാൻ വേണ്ടി മുമ്മൂന്നു വർഷം കൂടുമ്പോൾ മീനമാസത്തോട് ഒരു മാസം കൂട്ടിച്ചേർത്ത് "രണ്ടാം മീനം" എന്നു നാമകരണം ചെയ്തിരുന്നു.

*Tertullian **കുരിശ്

കല്ലറയിൽ സുഗന്ധവർഗ്ഗങ്ങളോടുകൂടെ സംസ്കരിക്കുകയും[7] മൂന്നാം ദിവസമായ ഞായറാഴ്ച പ്രഭാതത്തിൽ കബറിൽനിന്ന് താൻ ഉത്ഥാനം ചെയ്യുകയും ചെയ്തു[8] (യോഹ. 19:38-40). മ്ശിഹായുടെ ക്രൂശുമരണാനന്തരം യഹൂദന്മാർക്ക് യേശുവിന്റെ നേരെയുണ്ടായിരുന്ന അസൂയ,

7 യേശുതമ്പുരാൻ മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കും എന്നു പറഞ്ഞിരുന്നതിനാൽ അവൻ ഉയിർത്തെഴുന്നേല്ക്കുകയും അനേകർ അവനിൽ വിശ്വസിക്കുകയും ക്രൂശിച്ചവർ ലജ്ജിതരായിത്തീരുകയും ചെയ്യുമെന്ന് യഹൂദന്മാർ ഭയപ്പെട്ട് അങ്ങനെ വരാതിരിക്കുവാനും, മ്ശിഹായുടെ നാമം ഭൂമിയിൽനിന്ന് ഇല്ലാതാകുന്നതിനുമായി താൻ ക്രൂശിന്മേൽ മരിച്ചശേഷം തന്നെ അഗ്നിയിൽ ദഹിപ്പിക്കുന്നതിന് യഹൂദന്മാർ ഒന്നിച്ചുകൂടി ആലോചിച്ചു. അപ്പോൾ അവരുടെ കൂട്ടത്തിലുണ്ടായിരുന്ന റൊംസായിലെ യൗസേഫ് അവരുടെ ആലോചന ഗ്രഹിച്ച് മ്ശിഹായുടെ ശരീരം അടക്കുവാൻ തനിക്കു തരേണ്ടതായിട്ട് പീലാത്തോസിന്റെ അടുക്കൽ ചെന്ന് അവനെ പ്രേരിപ്പിക്കുകയും പീലാത്തോസ് അത് അനുവദിക്കുകയും ചെയ്തു. സിംഹാസനത്തിന്മേൽ ഇരുന്ന് സ്രോഫേന്മാരാൽ മൂന്ന് പ്രാവശ്യം സ്തുതിപാടപ്പെടുന്നവനായി ഏശായാ ദീർഘദർശി തന്റെ വെളിപാടിൽ കണ്ടവൻ മ്ശിഹാ ആയിരുന്നുവെന്ന് യൂഹാനോൻ ഏവൻഗേലീസ്ഥാ പറയുന്നു (യൂഹാ. 12:41). ഏശായാ ദീർഘദർശിയുടെ ഈ വെളിപാടിനെ വി. കൂറിലോസ് വ്യാഖ്യാനിക്കുമ്പോൾ, ഏവൻഗേലീസ്ഥായുടെ അഭിപ്രായത്തോടു യോജിച്ച് താൻ ഭാവിയിൽ ജഡധാരണം ചെയ്യുന്നവാനിരുന്നതുകൊണ്ടാണ് സ്രോപ്പേന്മാർ തനിക്ക് സ്തുതിപാടിയതെന്ന് പറയുന്നു. അതുകൊണ്ട് യൗസേഫിനാലും നിക്കോദീമോസിനാലും “അമ്മാനുവേൽ” സംസ്കരിക്കപ്പെടുന്നതായി മാലാഖമാർ കണ്ടപ്പോൾ മാലാഖമാർ മൂന്ന് ഗണമായി തിരിഞ്ഞ് തന്റെ ശരീരം വഹിച്ചു. അവരിൽ ഒരു ഗണം തൽസമയത്ത് ‘ദൈവമേ! നീ പരിശുദ്ധനാകുന്നു’വെന്നും വേറൊരു ഗണം ‘ബലവാനേ നീ പരിശുദ്ധനാകുന്നു’വെന്നും മറ്റൊരു ഗണം ‘മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു’വെന്നും കർത്താവിന് മഹത്ത്വം പാടി. അപ്പോൾ യൗസേഫും നിക്കോദീമോസും അത്ഭുതപരതന്ത്രരായി “ഞങ്ങൾക്കുവേണ്ടി കുരിശിൽ തൂങ്ങപ്പെട്ടവനേ! ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ” എന്ന് കൂട്ടിച്ചേർത്തുചൊല്ലി. അനന്തരം മോർ ഇഗ്നാത്തിയോസ് നൂറോനോ ഇത് വി. സഭയിൽ ക്രമീകരിക്കുകയും ഇന്നുവരെ അത് നിലനിൽക്കുകയും ചെയ്യുന്നുവെന്ന് വി. പിതാക്കന്മാരിൽ അനേകരും സാക്ഷിക്കുന്നു (മോർ മൂശേ ബർ കീഫോയുടെ *കൂദാശകളെക്കുറിച്ചുള്ള വ്യാഖ്യാനവും* ബർസ്ലീബി എഴുതിയ *കുർബാനവ്യാഖ്യാനവും* കാണുക.)

8 ദിവസമെന്നു പറയുന്നത് 24 മണിക്കൂറുള്ള രാത്രിയും പകലും കൂടി കൂടിയതിന്റെ പേരാണ്. 60 മിനിട്ടു കൂടിയതിന്റെ പേരാണ് മണിക്കൂർ എന്നത്. ഒരു മിനിട്ടെന്നു പറയുന്നത് 60 സെക്കന്റു കൂടിയതിന്റെ പേരാണ്. അതിനാൽ ദിവസം എന്ന വാക്കിൽ രാത്രിയും പകലും മണിക്കൂറും മിനിട്ടും സെക്കന്റും ഉൾപ്പെടുന്നു. അതിന്റെ ഓരോ അംശത്തിനും ദിവസമെന്നു പറയാം. ഒരു ഉദാഹരണം നോക്കാം. ഞാൻ ഇന്നയാളെ കഴിഞ്ഞയാണ്ടിൽ ഊർശ്ലേം നഗരിയിൽവച്ചു കണ്ടു എന്ന് ഒരാൾ പറയുമ്പോൾ അവന്റെ വസ്ത്രത്തെയോ അവനെ സൂചിപ്പിക്കുന്ന ചില അവയവങ്ങളെയോ മാത്രമായിരിക്കാം കണ്ടിട്ടുള്ളത്. അതുപോലെ തന്നെ അവനെ കണ്ടതിന് ഒരു മിനിട്ടു സമയം മതിയായിരിക്കെ ഒരു വർഷത്തിന്റെ കാലാവധിയാണ് അവിടെ കാണിക്കുന്നത്. പട്ടണത്തിൽ വച്ച് കണ്ടു എന്നു പറയുന്നത് പട്ടണത്തിലെ ഒരു സ്ഥലത്തുവച്ച് മാത്രമാണുതാനും. വി. വേദത്തിന്റെ എഴുത്തുകാർക്കു

അവർതന്നെ ക്രൂശിച്ചവിധം, മരിച്ചവരുടെ ഇടയിൽനിന്നുള്ള തന്റെ ഉയിർപ്പ്, താൻ ദൈവമാണെന്നുള്ള അനേകരുടെയും വിശ്വാസം എന്നി

---

ഭാഗമായിട്ടുള്ളത് മുഴുവനായിട്ട് എഴുതുക എന്ന് ഒരു പതിവുണ്ട്. ഇതിന് പല തെളിവുകൾ പറയാം. a) "ജലപ്രളയമുണ്ടായി ആകാശത്തിന്റെ കീഴുള്ള എല്ലാ കുന്നുകളും വെള്ളംകൊണ്ടു മൂടി." ഈ വാക്യത്തെപ്പറ്റി വ്യാഖ്യാതാക്കൾ പറയുന്നത് ജലപ്രളയമുണ്ടായത് ഭൂമി മുഴുവനിലുമല്ലെന്നാണ്. b) "ഭൂമിയിലൊക്കെയിലും വലിയ ക്ഷാമമമുണ്ടായതിനാൽ ധാന്യം വാങ്ങേണ്ടതിനായിട്ട് സർവ്വലോകരും മെസ്രേനിൽ യൗസേഫിന്റെ അടുക്കൽവന്നു." ഇവിടെ ഭൂമിയൊക്കെയിലുമെന്നു പറയുന്നത് മെസ്രേനേയും സിറിയായേയും മാത്രം ഉദ്ദേശിച്ചാണ്. c) "ലോകമൊക്കെയിലും പേർവഴി ചാർത്തണമെന്ന് ഓഗസ്തൂസ് കൈസരുടെ ആജ്ഞ പുറപ്പെട്ടു." ഈ ഭാഗത്ത് ലോകമൊക്കെയിലുമെന്ന് പറഞ്ഞിരിക്കുന്നത് റോമാസാമ്രാജ്യത്തെ മാത്രം ഉൾപ്പെടുത്തിയാണ്. d) "ചെകിടന്റെ ചെവിയിൽ യേശു വിരലുകൾ ഇട്ടു." വിരലുകളുടെ അംശത്തെയത്രെ ഇവിടെ ഉദ്ദേശിക്കുന്നത്. e) "ആകയാൽ യൗനാൻ മൂന്നു പകലും മൂന്നു രാവും കടലാനയുടെ വയറ്റിൽ ഇരുന്നതുപോലെ മനുഷ്യപുത്രനും മൂന്നു പകലും മൂന്നുരാവും ഭൂഗർഭത്തിൽ വസിക്കും" എന്നു യഹൂദന്മാരോട് ക്രിസ്തു ഒരിക്കൽ പറഞ്ഞപ്പോൾ താൻ ഈ നിയമത്തെത്തന്നെയാണ് പാലിച്ചത്. യേശു മൂന്ന് പൂർണ്ണദിവസം ഭൂഗർഭത്തിൽ വസിക്കുമെന്നു പറഞ്ഞില്ല. എന്നാൽ യൗനാൻ മത്സ്യത്തിന്റെ ഉള്ളിൽ ആയിരുന്നതുപോലെ താനും ഭൂഗർഭത്തിൽ ആയിരിക്കുമെന്നു കാണിക്കുവാൻ മാത്രമായിരുന്നു ആ ഉപമയുടെ ഉദ്ദേശം. യൗനാൻ മത്സ്യത്തിന്റെ ഉള്ളിൽ വസിച്ചത് മൂന്ന് പൂർണ്ണദിവസങ്ങളാണെന്ന് ആർക്കും തെളിയിപ്പാൻ സാദ്ധ്യമല്ലല്ലോ. മ്ശിഹാ കുറവുകൂടാതെ മൂന്ന് പൂർണ്ണദിവസം കബറിൽ വസിച്ചിരുന്നെങ്കിൽ തന്റെ ഉയിർത്തെഴുന്നേൽപ്പ് നാലാം ദിവസമാകുമായിരുന്നു. അതുകൊണ്ട് മ്ശിഹാ തന്റെ ശിഷ്യന്മാർക്കും ജനത്തിനും പിന്നീട് ആ മൂന്ന് ദിവസങ്ങൾ പൂർണ്ണദിവസങ്ങളല്ലെന്നു കാണിക്കുകയുംചെയ്തു. മൂന്നാം ദിവസം താൻ ഉയിർത്തെഴുന്നേൽക്കുമെന്നാണല്ലോ പറഞ്ഞിരിക്കുന്നത് (മത്തായി. 16:21, 17:22, 20:18). അങ്ങനെ മ്ശിഹാതമ്പുരാൻ കബറിൽ വസിച്ചത് വെള്ളിയാഴ്ചയുടെ അവസാനഭാഗവും ശനിയാഴ്ച മുഴുവനും ഞായറാഴ്ചയുടെ ആദ്യഭാഗവുമാണ്. ഇത് മൂന്നു ദിവസമായി കണക്കാക്കിയിരിക്കുന്നു. ഈ സമ്പ്രദായം പൊതുവെ നടപ്പുള്ളതാണ്. വി. വേദം ഇതിനെ ഉറപ്പിക്കുന്നുണ്ട്.

a) മൂന്ന് ദിവസം തന്റെ സഹോദരന്മാർ ബന്ധിക്കപ്പെടണമെന്ന് യൗസേഫ് ആജ്ഞാപിച്ചു (ഉല്പ. 42:17, 18). എന്നാൽ മൂന്നാം ദിവസം അവർ തന്റെ മുമ്പാകെ നിന്നതായിട്ടും താൻ അവരോടു സംസാരിക്കുന്നതായിട്ടും കാണുന്നു.

b) ഇതുപോലെ ഹൈബാം രാജാവ് മൂന്ന് ദിവസങ്ങൾക്കുശേഷം തന്റെ അടുക്കൽ തിരിച്ചുവരുവാനായി ഇസ്രായേൽ ജനത്തോടു കല്പിച്ചപ്പോൾ മൂന്നാം ദിവസം യദബാമും സകല ജനങ്ങളും രാജാവിന്റെ മുമ്പാകെ വന്നുകൂടിയതായി നാം കാണുന്നു. അവരോടു കല്പിച്ചപ്രകാരം മൂന്ന് ദിവസങ്ങൾക്കു ശേഷം അവർ വന്നുവെന്നാണ് വി. വേദം പറയുന്നത് (ദിനവൃ. 10:5, 12).

c) എസ്ഥേർ തന്റെ ജനത്തോട് അവർ മൂന്നു ദിവസം രാവും പകലും തിന്നുകയോ കുടിക്കുകയോ ചെയ്യാതെ അവൾക്കുവേണ്ടി ഉപവസിക്കണമെന്നു കല്പിച്ചു (എസ്ഥേർ 4:16). എന്നാൽ എസ്ഥേർ മൂന്നാം ദിവസം "അഹശ്വീറോസ് രാജാവിന്റെ മുമ്പിൽ നിൽക്കുന്നതായി നാം കാണുന്നു (എസ്ഥേർ 5:1-3). അതുകൊണ്ട് കർത്താവ് മൂന്ന് ദിവസം കബറിലായിരുന്നുവെന്നു പറയുന്നത് ശരിയാണ്.

വയെല്ലാം പീലാത്തോസ് തീബെര്യോസ് കൈസറിനെ എഴുതി അറിയിച്ചു[9] എന്ന് തെർത്തുല്യാനോസ് സാക്ഷിക്കുന്നു.[10]

ദൈവം, മനുഷ്യൻ, ലോകം, പാപങ്ങളുടെ ഉത്ഭവം, അവയുടെ പരിഹാരമാർഗ്ഗം എന്നിവയുടെ മൗലികതത്ത്വങ്ങളെ പ്രത്യക്ഷമായി പ്രകടിപ്പിച്ചിട്ടുള്ള ഉൽകൃഷ്ടോപദേശങ്ങളാകുന്ന താത്ത്വികധർമ്മത്താൽ തത്ത്വജ്ഞാനികൾക്കും ശാസ്ത്രജ്ഞന്മാർക്കും അജ്ഞേയവും ചിന്താതീതവുമായികിടന്ന മേൽവിവരിച്ച ലോകസമുദ്ധാരണകർമ്മം യഥാവിധി നിർവ്വഹിക്കുകയും പ്രവൃത്തിരൂപത്തിൽ ലോകത്തിനു താൻ സ്വയമേവ ബലിയർപ്പിക്കുകയും ഉൽകൃഷ്ടങ്ങളായ ആദർശങ്ങൾ നമ്മെ പഠിപ്പിക്കുകയും ചെയ്തുകൊണ്ട് ഈ ലോകദൃഷ്ടിയിൽനിന്നും മറഞ്ഞു നിന്ന് ലോകത്തെ എന്നേക്കും ആദർശയോഗ്യമായ തന്റെ നീതിപാതയിലേക്കു ക്ഷണിച്ചുകൊണ്ടിരിക്കുന്നു – തന്മൂലം നിബിയന്മാർ തന്നെക്കുറിച്ചു പ്രവചിച്ചിട്ടുള്ള സകലവും പൂർത്തീകരിക്കപ്പെട്ടു.

---

9 പീലാത്തോസിന്റെ ആ റിപ്പോർട്ട് ഇസ്രായിൽ വച്ച് അറബിഭാഷയിൽ 1921-ൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

10 യൗസേബിയോസിന്റെ *സഭാചരിത്രം* 2:2

## അദ്ധ്യായം 11

# മ്ശിഹായുടെ തിരുവവതാരകാലം

ചരിത്രകാരന്മാരുടെ രേഖപോലെ ഏവൻഗേലിയസ്തന്മാർ മ്ശിഹായുടെ ജനനകാലത്തെ ദിവസം, തീയതി, മാസം, ആണ്ട് ഇവയെപ്പറ്റി പൂർണ്ണമായി വിവരിച്ചിട്ടില്ല. ആകയാൽ ഇതിനെക്കുറിച്ച് ക്ലിപ്തമായ തീയതി പറയുവാൻ നമുക്കു സാധിക്കുന്നില്ല. ആദിമ ക്രിസ്ത്യാനികൾ എപ്രകാരം ഇതിനെ വീക്ഷിച്ചിരുന്നുവെന്നു നാം പരിശോധിക്കുന്ന പക്ഷം അവർ ഏകാഭിപ്രായമുള്ളവരല്ലായിരുന്നുവെന്ന് കാണാൻ കഴിയും.

ദിവസത്തെ സംബന്ധിച്ചാകട്ടെ ചിലർ ചൊവ്വാഴ്ച വെളുക്കുന്ന രാത്രിയിലെന്നും[1] ചിലർ ബുധനാഴ്ചയെന്നും മറ്റു ചിലർ വെള്ളിയാഴ്ചയെന്നും വേറെ ചിലർ താൻ കബറിൽനിന്ന് ഉയിർത്തെഴുന്നേൽക്കുകയും ഭാവിയിൽ വരുവാനിരിക്കുകയും ചെയ്യുന്ന ദിവസമായ ഞായറാഴ്ച രാത്രി[2] യിൽ പൂവൻകോഴി കൂകുന്നതിനു മുൻപെന്നും അഭിപ്രായപ്പെട്ടിരുന്നു.[3] മാസം, തീയതി ഇവ പരിഗണിച്ച് "പാക്കോൻ" മാസം 25-ാം തീയതി (മേയ് 20) എന്ന് ചിലരും "പർമൂദാ" മാസം 24-ാം തീയതിയോ 25-ാം തീയതിയോ (ഏപ്രിൽ 19) എന്ന് വേറെ ചിലരും കരുതുന്നുവെന്ന് അലക്സന്ത്ര്യാക്കാരൻ ക്ലിമ്മീസ് പറയുന്നു. സഭാചരിത്രമനുസരിച്ച് നാലാം ശതകംവരെ പൗരസ്ത്യ ക്രിസ്ത്യാനികൾ തന്റെ ജനനവും മാമോദീസായും ഒരുമിച്ചു സഭ ഇപ്പോൾ ദനഹാ പെരുനാൾ

---

1 ബാർ എബ്രായയുടെ *പ്രാചീനകാലവൃത്താന്തം*, പേജ് 45.

2 മ്ശിഹാ തന്റെ രണ്ടാമത്തെ വരവിന്റെ നാഴികയെപ്പറ്റി അത് ദിവസത്തിന്റെ വിവിധ യാമങ്ങളിലായിരിക്കുമെന്ന് കാണിക്കുന്നുണ്ട്. അതായത് ആ സമയത്ത് ചില സ്ഥലത്ത് പകലും ചില സ്ഥലത്ത് രാത്രിയും ചില സ്ഥലത്ത് പ്രഭാതവും ചില സ്ഥലത്ത് സായാഹ്നവും ആയിരിക്കുമെന്ന് സൂചിപ്പിക്കുന്നു. അതുകൊണ്ടാണ് "രണ്ടു പേർ വയലിൽ ഇരിക്കും" (പകൽ) "രണ്ടു സ്ത്രീകൾ തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും" (ഉഷകാലം) (മത്തായി 24:40-41). "രണ്ടു പേർ രാത്രിയിൽ ഒരു കിടക്കയിലായിരിക്കും (രാത്രി) (ലൂക്കോ: 17:34) എന്നെല്ലാം പറഞ്ഞിരിക്കുന്നത്. ഇത് സംശയമെന്യേ ഭൂമിയുടെ ഗോളാകൃതിയെയാണ് കർത്താവ് സൂചിപ്പിക്കുന്നത്.

3 ബർസ്ലീബിയുടെ വി. മത്തായിയുടെ *സുവിശേഷത്തിന്റെ വ്യാഖ്യാനം*, പേജ് 88.

കൊണ്ടാടിവരുന്ന ദിവസമായ മകരം ആറാം തീയതി ആഘോഷിച്ചിരുന്നതായി കാണുന്നു.[4] അതുകൊണ്ട് മോർ അപ്രേമിന്റെ ഒരു ഗീതത്തിൽ (മദ്റോശോ)* മേടമാസം 10-ാം തീയതി മ്ശിഹാ ഗർഭസ്ഥനാകുകയും മകരം ആറാം തീയതി തന്റെ മാതാവ് തന്നെ പ്രസവിക്കുകയും ചെയ്തു" എന്ന് എഴുതിയിരിക്കുന്നു. വി. എപ്പിപ്പാനിയോസ് ഇതിനെക്കുറിച്ച് "വിശ്വാസികൾ ഈ ദിവസത്തെ മ്ശിഹായുടെ സാക്ഷാൽ ജനനദിവസമെന്നപോലെ കൊണ്ടാടിയിരുന്നു"വെന്ന് പറയുന്നു. എന്നാൽ ഈ സഭകളും പാശ്ചാത്യസഭകളും നാലാം ശതകത്തിന്റെ ഉത്തരാർദ്ധം മുതൽ ധനു 25-ാം തീയതി കൊണ്ടാടുവാൻ തുടങ്ങി. അർക്കാദീസ് രാജാവിന്റെകാലം മുതൽ സകല വിശ്വാസികളും 'യൽദോ'** പെരുനാൾ മേൽപറഞ്ഞ തീയതിതന്നെ ആചരിപ്പാൻ തുടങ്ങി. എന്നാൽ അർമ്മീനിയാക്കാർ പഴയ പതിവനുസരിച്ച് മകരം ആറാം തീയതിതന്നെ ജനനപ്പെരുനാളും ദനഹാപ്പെരുനാളും ഒരുമിച്ച് ആചരിച്ചുപോന്നു. എല്ലാ ക്രിസ്ത്യാനികളും ഒരുമിച്ച് ധനു 25-ാം തീയതി യൽദോപ്പെരുനാൾ ആഘോഷിക്കുക എന്ന പതിവ് സ്വീകരിച്ചത് കേസറിയാക്കാരൻ യൗസേബിയോസ് പറയുന്ന പ്രകാരം "പ്രകാശം അന്ധകാരത്തിൽനിന്ന് എടുക്കുന്ന ദിവസം അന്നു തുടങ്ങുന്നതുകൊണ്ടും അത്രെ.[5] എന്ന്ാൽ സൂക്ഷ്മമായി പറയുന്ന പക്ഷം, മ്ശിഹായുടെ ജനനത്തീയതി ആർക്കും സൂക്ഷ്മമായിട്ട് അറിയുവാൻ പാടില്ല എന്ന് ഉറഹോയിലെ മോർ യാക്കൂബ് തൂറബ്ദീൻകാരനായ മൂശയ്ക്കുള്ള തന്റെ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഉത്തമ സാക്ഷ്യം വഹിക്കുന്നു.[6]

ആണ്ടിനെ സംബന്ധിച്ച് ഓഗസ്തോസ് കേസരുടെ 41-ാം വർഷം (റോമാപട്ടണം സ്ഥാപിതമായതിന്റെ 751-ാം കൊല്ലം) ആണെന്നു ചിലരും 42-ാം കൊല്ലം (ഈജിപ്ത് ആക്രമിക്കപ്പെട്ടതിന്റെ 28-ാം വർഷം) മാണെന്നു മറ്റു ചിലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ആദിമ എഴുത്തുകാരും വ്യാഖ്യാതാക്കളും ഈ സംഗതിയിൽ ഏകാഭിപ്രായക്കാരല്ല. ആകയാൽ ക്രിസ്ത്യാനികൾ ആറാം നൂറ്റാണ്ടുവരെ – റോമാപട്ടണം സ്ഥാപിതമായതു മുതൽക്കല്ലാതെ – ക്രിസ്തുവിന്റെ ജനനം മുതൽ ആണ്ടു കണക്കാക്കിയിരുന്നില്ല.[7] എന്നാൽ സുറിയാനിക്കാരോ ഗ്രീക്ക് തീയതി എന്നു പറയപ്പെടുന്നതായി അന്ത്യോഖ്യാപട്ടണത്തിന്റെ സ്ഥാപനം മുതലുള്ള ദിവസം കണക്കാക്കി[8] മ്ശിഹായുടെ ജനനം

4 ജസ്ലർ 1-ാം വാല്യം 54-ാം പേജിലെ Foot note നോക്കുക. Calhoun's Scripture Help പേജ് 578

5 മോർ സേവേറിയോസ് മൂശെ ബർകീഫായുടെ *യൽദോപെരുനാളിനെക്കുറിച്ചുള്ള* പ്രസംഗം നോക്കുക.

6 ബർസ്ലീബിയുടെ വി. ലൂക്കോസിന്റെ *ഏവൻഗേല്യോന്റെ വ്യാഖ്യാന*ത്തിൽ മുഖവുര നോക്കുക.

7 Calhoun's Scripture help, Page 576.

8 ബാർ എബ്രായയുടെ *പ്രാചീനകാലവൃത്താന്തം*, പേജ് 37

* A doctrinal hymn (പ്രബോധനഗീതം) ** birth, nativity

മുതൽ ആണ്ട് കണക്കാക്കുവാൻ തുടങ്ങിയവരിൽ ഒന്നാമൻ 532-ൽ ജീവിച്ചിരുന്ന സിക്കീറ്റിയൻ (Romish) റീശ്ദയറായായ* ദീവന്നാസ്യോസ് എക്സ്സീജിയോസ് ആണ്. ഇദ്ദേഹം മ്ശിഹാ തമ്പുരാന്റെ ജനനം റോമാപട്ടണം സ്ഥാപിച്ച് 753 വർഷം കഴിഞ്ഞ് ഡിസംബർ 25-ാം തീയതി ആയിരുന്നുവെന്ന് വിചാരിച്ചിരുന്നു. ആദ്യമായി ഈ കണക്കുപയോഗിച്ചത് ആംഗ്ലോസാക്സൺ രാജാക്കന്മാരും പിന്നീട് ഫ്രഞ്ച് രാജാക്കന്മാരായ പേപ്പിനും ചാർലിമാനുമായിരുന്നു.[9] ഇപ്രകാരം മനുഷ്യർ ഇന്നയോളം ഈ കണക്കനുസരിച്ച് സംഭവങ്ങൾ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ സുറിയാനിക്കാരാകട്ടെ എല്ലാക്കാലവും ഗ്രീക്ക് കണക്കിനെതന്നെ ആശ്രയിച്ചിരുന്നു.

ആധുനിക എഴുത്തുകാർ വി. ഏവൻഗേലിയോനിലെ രണ്ട് സംഭവങ്ങൾ അടിസ്ഥാനപ്പെടുത്തി ഈ ദിവന്നാസ്യോസിന്റെ കണക്ക് ശരിയല്ലെന്ന് ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നു. ഒന്നാമത്തേത് വി. മത്തായിയുടെ സുവിശേഷം രണ്ടാം അദ്ധ്യായം ഒന്നാം വാക്യത്തിൽ നിന്ന് മ്ശിഹാതമ്പുരാൻ ഹേറോദേസിന്റെ മരണത്തിനു മുമ്പ് ജനിച്ചുവെന്നു കാണുന്നു. ജോസിബോസ്** രേഖപ്പെടുത്തിയിട്ടുള്ളതനുസരിച്ച് റോമാപട്ടണത്തിന്റെ സ്ഥാപനശേഷം 750-ാം വർഷത്തിൽ വസന്തകാലത്ത് ഹേറോദേസ് മരിച്ചുവെന്നു കാണുന്നു. അപ്രകാരമെങ്കിൽ മ്ശിഹാ ജനിച്ചത് റോമാനഗരസ്ഥാപനശേഷം 749 വർഷം കഴിഞ്ഞിട്ടാകുന്നു. ഇതിൽനിന്നും മ്ശിഹാ ജനിച്ചത് ഇന്നു ലോകത്തിൽ ഉപയോഗിക്കുന്ന കണക്കിന് (ദീവന്നാസ്യോസിന്റെ) 4 കൊല്ലം മുമ്പായിരിക്കണമെന്ന് ഗ്രഹിക്കാം. രണ്ടാമത്തെ സംഭവം വി. ലൂക്കോസ് 3:1-ഠ 23-ഠ വാക്യങ്ങളിൽ കാണുന്നതത്രെ. ഇതിൽനിന്നും തീബേര്യൊസ് കേസരുടെ പതിനഞ്ചാം ആണ്ടിൽ മ്ശിഹായിക്ക് 30 വയസ്സുള്ളതായി കാണുന്നു. ചരിത്രങ്ങളിൽനിന്ന് റോമാനഗര സ്ഥാപനശേഷം 765-ാം ആണ്ടു മുതൽ തീബേറിയോസ് കേസറിന് ഓഗസ്തോസ് കേസറിന്റെ രാജ്യത്തിൽ ഓഹരി ലഭിച്ചുവെന്ന് മനസ്സിലാകുന്നു. ഈ കണക്കോടു ചേർത്ത് അദ്ദേഹം ഭരിച്ച പതിനാലു കൊല്ലംകൂടി നാം കൂട്ടുമ്പോൾ 779 ആകുന്നു. മ്ശിഹാ തന്റെ പരസ്യശുശ്രൂഷ ആരംഭിച്ച നൂറ്റാണ്ട്. ഈ കണക്കിൽനിന്ന് മ്ശിഹായ്ക്കുള്ള മുപ്പതു വയസ്സ് നാം കുറയ്ക്കുമ്പോൾ 749-ൽ ആണ് മ്ശിഹായുടെ ജനനമെന്നു നമുക്കു കാണാം. അപ്രകാരം ആധുനിക പണ്ഡിതന്മാരെല്ലാവരും റോമാ നഗര സ്ഥാപനശേഷം 749-ാം വർഷത്തിലാണ് മിശിഹായുടെ ജനനമെന്നു സമ്മതിക്കുന്നു. ദീവന്നാസ്യോസിന്റെ കണക്കിൽനിന്ന് 4 വർഷം മുൻപ് എബ്രായ വേദപുസ്തകമനുസരിച്ച് മ്ശിഹായുടെ ജനനം ലോകസൃഷ്ടിക്കുശേഷം നാലായിരാമാണ്ടിലാണെന്നു. "സെപ്റ്റ്വജിന്റ്" തർജ്ജമ അനുസരിച്ച് 5504-ാമാണ്ടാണെന്നും കാണുന്നു. ആകയാൽ ദീവന്നാ

9 ജസ്ലർവാല്യം 1 പേജ് 54 × Calhoun's Scripture help, Page 576.

* ആശ്രമതലവൻ **ജോസിഫസ്

സ്യോസ് മ്ശിഹൈകകാലം കണക്കാക്കിയതിൽ തെറ്റായി വിട്ടുകളഞ്ഞ നാല് വർഷം മ്ശിഹായുടെ ജനനത്തിനു മുമ്പുള്ള ആണ്ടിനോടു കൂട്ടി ചേർക്കപ്പെട്ടു. അപ്പോൾ എബ്രായ വേദപുസ്തകമനുസരിച്ച് 4004-ാം യൗനായ (സെപ്റ്റിജന്റ്) കണക്കനുസരിച്ച് 5508-ാം ആണ്ടുകൾ മ്ശിഹായുടെ ജനനസമയമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഈ രണ്ട് പുസ്തകങ്ങളിലും വന്ന ആണ്ടിന്റെ വ്യത്യാസം ജലപ്രളയത്തിനുമുമ്പ് ജീവിച്ചിരുന്ന പിതാക്കന്മാരുടെ ആണ്ടുകളിൽ ഓരോന്നിലും വരുത്തിയ വ്യത്യാസംകൊണ്ടാണ്.[10]

---

10 പാശ്ചാത്യം, പൗരസ്ത്യം ഇങ്ങനെ രണ്ടു കണക്കുകൾ ഇപ്പോൾ നിലവിലിരിക്കുന്നുണ്ട്. ഈ കണക്കുകൾ തമ്മിൽ 13 ദിവസത്തെ വ്യത്യാസം ഉണ്ട്. അതായത്, പൗരസ്ത്യരുടെ മകരം 1-ാം തീയതി, പാശ്ചാത്യരുടെ മകരം 14-ാം തീയതി ആകുന്നു. 16-ാം നൂറ്റാണ്ടുവരെ ഈ വ്യത്യാസം നിശേഷം ഇല്ലായിരുന്നു. എല്ലാവരും ജൂലിയസ് സീസറിന്റെ പുരാതന കണക്കു സ്വീകരിച്ചിരുന്നു. 1582-ാമാണ്ട് ഗ്രിഗറി പതിമൂന്നാമൻ പാപ്പാ ആണ് ഈ കണക്കു വ്യത്യാസപ്പെടുത്തിയത്. അദ്ദേഹം വാദിച്ചത്, ജൂലിയൻ കലണ്ടർ അനുസരിച്ച് ഒരു വർഷം 365 ദിവസവും 6 മണിക്കൂറുമാണെന്നും എന്നാൽ ഇതു ജ്യോതിശാസ്ത്രജ്ഞന്മാരുടെ കണക്കനുസരിച്ച് ഒരു വർഷത്തേക്കാൾ 11 മിനിട്ടു കൂടുതലാണെന്നുമത്രെ. അതുകൊണ്ടു ജ്യോതിശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് എന്നു നിരൂപിച്ച് പഴയ കണക്ക് വ്യത്യാസപ്പെടുത്തി. അങ്ങനെ ആ വർഷത്തെ തുലാമാസത്തിൽനിന്ന് പത്ത് ദിവസം കുറയ്ക്കുകയും ആ മാസം 3-ാം തീയതി 13-ാം തീയതിയായി കണക്കാക്കുകയും ചെയ്തു. ആ വർഷം മുതൽ പാശ്ചാത്യർ ഓരോ വർഷത്തിലും അധികം വരുന്ന 11 മിനിട്ട് കണക്കാക്കുവാൻ തുടങ്ങുകയും ഈ കണക്ക് "ഗ്രീഗോറിയൻ കലണ്ടർ" എന്നു വിളിക്കപ്പെടുകയും ചെയ്തു. എന്നാൽ പൗരസ്ത്യസഭകളാകട്ടെ പഴയപടിയുള്ള കണക്കുതന്നെ ആചരിച്ചുപോന്നു. അങ്ങനെ ഇപ്പോൾ 13 ദിവസത്തെ വ്യത്യാസം വന്നിരിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ 14 ദിവസത്തെ വ്യത്യാസം വരികയും ചെയ്യും. എന്നാൽ ആധുനിക കാലത്തെ പാശ്ചാത്യ പണ്ഡിതന്മാരും ജ്യോതിശാസ്ത്രജ്ഞന്മാരും ഗ്രീഗോറിയൻ കലണ്ടറും ജ്യോതിശാസ്ത്രമനുസരിച്ച് തെറ്റുള്ളതാണെന്നു പറയുന്നു. കൂടുതൽ ശരിയായിട്ടുള്ള ഒരു കണക്ക് ഗണിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു.

*1952 ഡിസംബർ 2-ാം തീയതി മലങ്കരയുടെ പൗലോസ് മോർ അത്താനാസ്യോസ് മെത്രാപ്പോലീത്താ പള്ളികൾക്ക് അയച്ച അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാരം മലങ്കരസഭ ഗ്രീഗോറിയൻ കലണ്ടർ സ്വീകരിച്ചു. കല്പനയുടെ പൂർണരൂപം 'പെരുമ്പിള്ളി തിരുമേനി-മലങ്കര സഭയുടെ കാൽനൂറ്റാണ്ട്, കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ, അനുബന്ധം 12.3, പേജ് 185-187 കാണുക - സംശോധകൻ.

## അദ്ധ്യായം 12

# മ്ശിഹാ തമ്പുരാൻ മനുഷ്യാവതാരം മുഖാന്തിരം വി. സഭയ്ക്കു നൽകിയ നൽവരങ്ങൾ

ത്രിത്വത്തിൽ രണ്ടാമനായ മ്ശിഹായുടെ മനുഷ്യാവതാരം അവർണ്ണനീയവും അത്ഭുതാവഹവുമാകുന്നു. ജന്മമെടുത്ത ദൈവത്തിന്റെ വചനം മുപ്പത്തിമൂന്ന് വർഷം ലോകത്തിൽ സഞ്ചരിച്ചു. ഈ കാലത്തിൽ താൻ തിരുസഭയെ സ്ഥാപിക്കുകയും പരിശുദ്ധാത്മാവിന്റെ കൃപകളെ പ്രാപിക്കുന്നതിനുള്ള സർവ്വമാർഗ്ഗങ്ങളും അതിന് പ്രദാനം ചെയ്യുകയും ചെയ്തു. "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" (മത്തായി 16:18) എന്ന് കർത്താവ് വി. പത്രോസ് ശ്ലീഹായോടു കല്പിച്ചതിനാൽ താൻ തന്നെയാണ് വി. സഭ സ്ഥാപിച്ചതെന്നും "എന്റെ സഭ" എന്നു പറഞ്ഞിരിക്കുന്നതിനാൽ അതിന്മേൽ തനിക്ക് അധികാരവും അവകാശവും ഉണ്ടെന്നും വ്യക്തമാകുന്നു. മ്ശിഹാതമ്പുരാൻ തന്റെ സഭയെ പണിതിരിക്കുന്നത് വി. പത്രോസ് ഏററുപറഞ്ഞ വിശ്വാസമാകുന്ന അടിസ്ഥാനത്തിന്മേൽ ആകുന്നു. എന്തെന്നാൽ വി. പത്രോസ് ശ്ലീഹായാണ് ആദ്യമായി മനുഷ്യാവതാരരഹസ്യം ഏറ്റുപറഞ്ഞത്. വി. സഭ എന്നു പറഞ്ഞാൽ മരിച്ചവരും ജീവനുള്ളവരും മേലിൽ വി. സഭയിൽ ചേരുവാനിരിക്കുന്നവരുമായ വിശ്വാസികളുടെ കൂട്ടമെന്നു അർത്ഥമാകുന്നു. ഈ വി.സഭ എന്നേക്കും നിലനില്ക്കുവാനും യേശുക്രിസ്തുവും തന്റെ അനുയായികളും തമ്മിൽ ശാശ്വതമായ ബന്ധമുണ്ടാകുവാനും പര്യാപ്തമായവിധം, ക്രിസ്തുവിന്റെ ശരീരരക്തങ്ങളിൽനിന്നു എന്നാളും സംബന്ധിക്കപ്പെടുവാനായി സഭയ്ക്ക് പ്രദാനം ചെയ്തു. (മത്താ. 25:26-29, മർക്കോ. 14:22-29, ലൂക്കോ. 22:19-20). മനുഷ്യരുടെ പാപപരിഹാരാർത്ഥം വ്യാപാരത്തിനുവേണ്ടി മനുഷ്യാവതാരം ചെയ്ത മ്ശിഹാതമ്പുരാൻ അത് നിവർത്തിക്കപ്പെടുവാൻ തിരുമനസ്സായപ്പോൾ ലോകത്തിന്റെ സർവ്വ പാപത്തെയും ശിരസ്സാവഹിച്ചു (ഏശാ. 53, യോഹ. 1:23). താൻ മരണം ആസ്വദിക്കുകയും മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു. ഇപ്രകാരം മനുഷ്യവർഗ്ഗത്തിന്മേൽ ആധിപത്യം ചെയ്തിരുന്ന

ആദാമ്യപാപത്തെ ഉന്മൂലനം ചെയ്യുകയും പാപദാസ്യത്തിൽനിന്ന് മനുഷ്യവർഗ്ഗത്തെ ഉദ്ധരിക്കുകയും ചെയ്തു. ഈ മോചനകൃത്യം തുടരുവാൻ വി. സഭയ്ക്ക് അധികാരം നൽകി. (വി. മത്തായി 16:19, 18:17-18, യോഹ. 20:21-23) പുനരുത്ഥാനാനന്തരം, ശ്ലീഹന്മാരോടൊരുമിച്ച് നാല്പത് ദിവസം സഞ്ചരിച്ചശേഷം ഇടവമാസം[1] 3-ാം തീയതി വ്യാഴാഴ്ച ശ്ലീഹന്മാരുടെ സാന്നിദ്ധ്യത്തിൽവച്ച് സ്വർഗ്ഗാരോഹണം ചെയ്യുകയും വി. കന്യകമറിയാമിൽനിന്നെടുത്ത ശരീരത്തോടുകൂടി പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയുംചെയ്തു (ലൂക്കോ. 24:51, പ്രക്. 1:1-11) സ്വർഗ്ഗാരോഹണത്തിനുശേഷം ശ്ലീഹന്മാരും യേശുവിന്റെ മാതാവായ മറിയാമും, തന്റെ സഹോദരന്മാരും, വിശ്വാസികളുമായി 120 പേരോളം വരുന്ന ഒരു കൂട്ടം സദാ പ്രാർത്ഥനയിൽ ഏകമനസ്സായി ഊർശ്ലേമിൽ പാർത്തിരുന്ന മാളികയിൽ ദിവസം കഴിച്ചുകൂട്ടി. വാഗ്ദാന നിവർത്തിക്കായി അവർ പത്തു ദിവസം കാത്തിരുന്നശേഷം ക്രിസ്തു അവർക്ക് പ. റൂഹായെ അയച്ചുകൊടുത്തു. ഇടവം[2] 13-ാം തീയതി ഞായറാഴ്ചയാണ് അവരുടെമേൽ പ. ആത്മാവ് ആവസിച്ചത്. യഹൂദന്മാരുടെ മൂന്നു വലിയ പെരുനാളുകളിലൊന്നായ പെന്തിക്കുസ്തി അന്നായിരുന്നു. മൂശ ദീർഘദർശി ദൈവത്തിൽനിന്നുള്ള കല്പനകളും ന്യായപ്രമാണങ്ങളും യഹൂദന്മാർക്കു നൽകിയതിന്റെ സ്മരണയ്ക്കായിരുന്നു ഈ പെരുനാൾ അവർ ആഘോഷിച്ചുവന്നിരുന്നത്.

അവർ മാളികയിലിരിക്കുമ്പോൾ ആദ്യമായി ഒരു ശബ്ദം കേൾക്കുകയും പിന്നീടു പ. റൂഹാ അഗ്നിനാവിന്റെ സാദൃശ്യത്തിൽ ഓരോരുത്തന്റേയുംമേൽ ആവസിക്കുകയും ചെയ്തു. അപ്പോൾ അവർ എല്ലാവരും പരിശുദ്ധാത്മശക്തികൊണ്ടു നിറഞ്ഞു. അന്നുതന്നെ "ഞങ്ങൾ ഇവിടെനിന്നു മാറിപ്പോകുന്നു" എന്നു പറയുന്ന ശബ്ദം ദൈവാലയത്തിൽനിന്ന് യഹൂദാചാര്യന്മാർ കേൾക്കുകയും അവർ പരിഭ്രാന്തരായിത്തീരുകയും ചെയ്തു.[3]

അപകടസ്ഥാനങ്ങളും ഞെരുക്കങ്ങളും തരണംചെയ്യുവാനും ക്രൂരന്മാരായ രാജാക്കന്മാരെ ശാസിക്കുവാനും സുവിശേഷഘോഷണം ഭൂതലമെങ്ങും നടത്തുവാനും വി. ആത്മാവ് ത്രിവിധ ആയുധങ്ങൾ അവരെ ധരിപ്പിച്ചു. ഒന്നാമത് ലോകത്തിലെ സകല ഭാഷകളും സംസാരിപ്പാനുള്ള ശക്തി അവർക്കു പ്രദാനം ചെയ്തതാകുന്നു. തന്മൂലം സുറിയാനിഭാഷ[4] മാത്രമല്ലാതെ മറ്റു യാതൊന്നും വശമില്ലാതിരുന്ന അജ്ഞന്മാരും മത്സ്യം പിടുത്തക്കാരും ആയ ആ ഗലീലക്കാർ നിമിഷമാത്രയിൽ വ്യത്യാസപ്പെട്ടു. പെന്തിക്കുസ്തി പെരുനാളിൽ സംബന്ധിക്കുവാനായി നാനാദേശങ്ങളിൽനിന്നും വന്ന ജനങ്ങളുടെ മുമ്പാകെ അവര

1 ബാർ എബ്രായയുടെ *രാഷ്ട്രങ്ങളുടെ സംക്ഷിപ്ത ചരിത്രം*, പേജ് 113.
2 ബാർ എബ്രായയുടെ *രാഷ്ട്രങ്ങളുടെ സംക്ഷിപ്ത ചരിത്രം*, പേജ് 113.
3 ബാർ എബ്രായയുടെ *പ്രാചീനകാലവൃത്താന്തം*, പേജ് 47.
4 *'ദനഹോ ആലോഹൊയോ'* എന്ന പുസ്തകം (കൈസറിയായിലെ എവുസാബിയോസിന്റെ) 4:6 നോക്കുക. **ദൈവികഉദയം* എന്നർത്ഥം.

വരുടെ മാതൃഭാഷകളിൽ സംസാരിച്ചുതുടങ്ങി. അന്ന് വി. പത്രോസ് ശ്ലീഹായുടെ പ്രസംഗം മൂലം മൂവായിരം ആത്മാക്കൾ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കപ്പെട്ടു (പ്രക്. 2:41). രണ്ടാമതായി വി. റൂഹാ ശ്ലീഹന്മാർക്ക് ശക്തിയും ധൈര്യവും ശ്രോതാക്കളിൽ ഒരു പരിവർത്തനമുണ്ടാകത്തക്കവിധം അവരുടെ വചനങ്ങൾക്ക് ശക്തിയും പ്രദാനം ചെയ്തു. അതിനാലവർ ജനങ്ങളുടെ മനസ്സിനെ കീഴ്പ്പെടുത്തുകയും സ്വയം കുറ്റപ്പെടുത്തുവാൻ തക്കവണ്ണം ഓരോരുത്തന്റെയും ബോധത്തെ ഉദ്ദീപിപ്പിക്കുകയുംചെയ്തു. വി. പത്രോസിന്റെ പ്രസംഗം ശ്രോതാക്കളെ വികാരതരളിതരാക്കുകയും" സഹോദരപുരുഷന്മാരെ! ഞങ്ങൾ എന്തു ചെയ്യേണ്ടു?" എന്ന് ചോദിപ്പാൻതക്കവണ്ണം അവരെ മാനസാന്തരപ്പെടുത്തുകയും ചെയ്തു. അപ്പോൾ വി. പത്രോസ് പറഞ്ഞത്, "നിങ്ങൾ ഓരോരുത്തരും അനുതപിച്ച് പാപമോചനത്തിനുവേണ്ടി യേശുവിന്റെ നാമത്തിൽ മാമോദീസാ മുങ്ങുവീൻ എന്നായിരുന്നു (പ്രക്. 2:36-38). മൂന്നാമത്തേത് യേശുക്രിസ്തുവിന്റെ നാമത്തിൽ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിപ്പാൻ അവർക്കു ശക്തി ലഭിച്ചുവെന്നുള്ളതാണ്. ആദ്യമായി അവർ ചെയ്ത അത്ഭുതം 'ശാപ്പിറോ' (സുന്ദരം) എന്നു വിളിക്കപ്പെടുന്ന ഗോപുരവാതുക്കൽ ഭിക്ഷാടനം ചെയ്തിരുന്ന മുടന്തനെ വി. പത്രോസും യോഹന്നാനുംകൂടി സൗഖ്യമാക്കിയതാണ്. ഈ അത്ഭുതസംഭവം കണ്ട് അനേകർ മ്ശിഹായിൽ വിശ്വസിപ്പാൻ സംഗതിയായി. അന്നുതന്നെ വി. സഭാംഗങ്ങൾ അയ്യായിരമായി വർദ്ധിച്ചു. (പ്രക്. 4.4.)

അദ്ധ്യായം 13

# വിശുദ്ധ പത്രോസ് ശ്ലീഹാ

ഇദ്ദേഹം വിശുദ്ധ ശ്ലീഹന്മാരുടെ തലവനും അന്ത്യോഖ്യായിലെ ഒന്നാമത്തെ പാത്രിയർക്കീസുമായിരുന്നു.[1] ഗലീലദേശത്ത് ബെത്സയിദാ ഗ്രാമത്തിൽ നപ്താലി ഗോത്രക്കാരൻ യോനായുടെ പുത്രനായ ഈ ശ്ലീഹായുടെ ആദ്യത്തെ പേര് ശെമവൂൻ (കേൾവിക്കാരൻ) എന്നായി

1 കിഴക്കിന്റെ മപ്രിയാനാ ആയിരുന്ന ഗ്രീഗോറിയോസ് ബാർ എബ്രോയോ (1286+) ഇപ്രകാരം പറഞ്ഞിരിക്കുന്നു: "കശീശായുടെയും ശെമ്മാശന്റെയും സകല പ്രവർത്തികളേയും നിവർത്തിപ്പാൻ അധികാരമുള്ളവനായിരിക്കുകയാൽ പ്രധാനാചാര്യൻ കശീശായെന്നോ ശെമ്മാശനെന്നോ വിളിക്കപ്പെടുന്നെങ്കിൽ അബദ്ധമില്ല. എന്നാൽ ഒരു ശെമ്മാശൻ തന്നെത്താൻ കശീശയെന്നോ പ്രധാനാചാര്യനെന്നോ നാമകരണം ചെയ്യപ്പെടുന്നെങ്കിൽ അതൊരു പരമാബദ്ധമാണ്. വി. പത്രോസ് ശ്ലീഹന്മാരുടെ തലവനായിരിക്കെ അതായത് പ്രധാനാചാര്യന്മാരുടെ തലവനും പാത്രിയർക്കീസുമായിരിക്കെ തന്നെത്താൻ കശീശയെന്നു വിളിച്ചുകൊണ്ടു പറയുന്നത്, "നിങ്ങളുടെ കൂട്ടുകശീശയായ ഞാൻ നിങ്ങളിലുള്ള കശീശന്മാരോട് അപേക്ഷിക്കുന്നു"എന്നത്രെ. കൂടാതെ വി. പൗലൂസും താൻ ജാതികളുടെ ശ്ലീഹായും പ്രധാനാചാര്യനുമായിരിക്കെ തന്നെത്താൻ ശെമ്മാശനെന്നു വിളിച്ചുകൊണ്ടു പറയുന്നത് "അവർ മ്ശിഹായുടെ ശുശ്രൂഷകർ ആകുന്നുവെങ്കിൽ ഞാൻ അവരേക്കാൾ ഏററം ശുശ്രൂഷകനാകുന്നു" എന്നത്രെ. (*മ്നോറാസ്സ് കുദിശെ** ശേത്തൊസ്താ 75 കേപ്പാലയോൻ 2 പോസൂക്കോ 2 നിശോ 3) അന്ത്യോഖ്യായിലെ പാത്രിയർക്കീസായ വി. സേവറിയോസ് (538+) തന്റെ അറുപത്തി ഒന്നാം പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "അന്ത്യോഖ്യാ ലോകത്തിന്റെ നാനാഭാഗങ്ങളിലും സ്ഥാപിക്കപ്പെട്ടിട്ടുള്ള സഭകളിൽ (യരുശലേം കഴിഞ്ഞ്) ഒന്നാമത്തേതാകുന്നു. നീ പത്രോസാകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളഗോപുരങ്ങൾ അതിനോടു ബലം ചെയ്യുകയില്ല എന്ന കർത്താവിന്റെ വചനത്തെ ശ്രവിക്കുകയും സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകളെ പ്രാപിക്കുകയും ചെയ്തവനെ (പത്രോസിനെ) തന്റെ ഇടയനും വരനും സ്ഥാപകനുമായി സ്വീകരിച്ച പ്രഥമയെത്ര ഇവൾ. ഇടയനോടെന്നപോലെ അവൾ അവനോട് ചേരുകയും അവനോടുകൂടെ ഒരു ആത്മീയഗുരുവിനോടുകൂടെയെന്നവണ്ണം വസിക്കുകയും അവളുടെ പെരുമാറ്റങ്ങളിൽ അവനെ അനുകരിച്ചുകൊണ്ടു വർത്തിക്കുകയും അവളുടെ ശ്രീഭണ്ഡാരത്തിൽ അവൻ അടിസ്ഥാനമിട്ടു പണിതതിനെ ശേഖരിക്കുകയും ചെയ്തു - അവളത്രെ സഭകളുടെ മാതാവായ ശ്രേഷ്ഠയും ബഹുമാന്യയും." (**മ്നാറാസ് കുദ്ശെ* ബാർ എബ്രായോയുടെ ഈ കൃതിയിൽ സഭയുടെ അടിസ്ഥാനതത്ത്വങ്ങളെ വിശദീകരിച്ച് പാഷാണ്ഡതകളെ എതിർക്കുന്നു. *Lamp of the Santuary* എന്ന് ഇംഗ്ലീഷിൽ വിവരിക്കുന്ന ഈ കൃതിയ്ക്ക് *വിശുദ്ധതയുടെ വിളക്ക്* എന്ന് മലയാളത്തിൽ പേരു പറയാം-സംശോധകൻ.)

രുന്നു. തീബെര്യോസ് കടലിലെ ഒരു മത്സ്യംപിടുത്തക്കാരനായ തന്റെ പിതാവിന്റെ ജോലിയിൽത്തന്നെ ഇദ്ദേഹവും വ്യാപൃതനായിരുന്നു. ഇദ്ദേഹം ആദ്യമായി ബെത്ത്സയിദ ഗ്രാമത്തിൽ കടൽത്തീരത്തിനടുത്തുള്ള ഒരു ചെറിയ കുടിലിലും വിവാഹാനന്തരം കഫർന്നഹൂമിൽ തന്റെയോ തന്റെ അമ്മാവിഅമ്മയുടെയോ വകയായ ഒരു ഗൃഹത്തിലും താമസിച്ചിരുന്നു. ഈ ഭവനം കർത്താവിനും തന്റെ ശിഷ്യന്മാർക്കും മാത്രമല്ല, തന്റെ പ്രസംഗത്തിലും അത്ഭുതപ്രവർത്തിയിലും വിസ്മയഭരിതരായിത്തീർന്നിരുന്ന വലിയ ജനക്കൂട്ടത്തിനും ഒരവസരത്തിൽ പാർക്കുവാൻ മതിയായതായിരുന്നു. തനിക്ക് സന്താനസമ്പത്തായി ഒരു പുത്രി മാത്രമെ ഉണ്ടായിരുന്നുള്ളുവെന്ന് പറയപ്പെടുന്നു. തന്റെ മാതൃഭാഷ സുറിയാനിയായിരുന്നു. താനും തന്റെ ഇളയ സഹോദരൻ അന്ത്രയോസും[2] സെബദിയുടെ പുത്രന്മാരായ യൂഹാനോന്റെയും യാക്കൂബിന്റെയും സ്നേഹിതന്മാരായിരുന്നു.ഈ നാല് പേരും ആദ്യം യോഹന്നാൻമാംദോനായുടെ ശിഷ്യന്മാർ ആയിരുന്നു. മ്ശിഹാതമ്പുരാൻതന്റെ പ്രവൃത്തി ആരംഭിച്ചപ്പോൾ ശെമവൂന്റെ സഹോദരനായ അന്ത്രയോസ് മൂലം ഈ ശെമവൂൻ കർത്താവിന്റെ അടുക്കലേക്ക് ആകർഷിക്കപ്പെട്ടു. മിശിഹാതമ്പുരാൻ ശെമവൂനെ കണ്ടപ്പോൾ "നീ *കീപ്പാ* എന്നു വിളിക്കപ്പെടു"മെന്നു കല്പിച്ചു. ഇത് അവന്റെ സ്വഭാവത്തേയും സഭയിൽ അവൻ ചെയ്യാനിരിക്കുന്ന വലിയ ജോലിയേയും മിശിഹാ മുൻകുറിക്കുകയായിരുന്നു ചെയ്തത്. ആ കാലംമുതൽ ശെമവൂൻ മ്ശിഹായെ ഉപദേഷ്ടാവ് എന്ന നിലയിൽ ഗണിച്ചുപോന്നു. എന്നാൽ തന്റെ ശിഷ്യനായിരിപ്പാൻ യേശു അപ്പോൾ അവരോടു കല്പിച്ചില്ല. ഈ സംഭവം അവന്റെ മുൻതൊഴിലിന് യാതൊരു വ്യത്യാസവും വരുത്തിയില്ല. പിന്നീട് അവൻ കഫർന്നഹൂമിലേക്കു തിരിച്ചുപോകുകയും അവിടെ അവന്റെ ജോലി തുടരുകയും ചെയ്തു. എന്നാൽ ശിഷ്യസ്ഥാനത്തേക്കുള്ള അവന്റെ വിളി കഫർന്നഹൂമിനു സമീപമുള്ള ഗലീലാകടൽതീരത്തുവച്ചായിരുന്നു. ശെമവൂൻ തന്റെ സഹോദരനോടുകൂടി അവിടെ പടകിലായിരിക്കുമ്പോൾ നമ്മുടെ കർത്താവ് അവന്റെ പടകിൽ കയറി സമുദ്രതീരത്തുള്ളവരോടു പ്രസംഗിച്ചു. അനന്തരം തന്റെ ശിഷ്യനാകുവാനും, സദാ മനുഷ്യരെ പിടിക്കുന്നവനാക്കിത്തീർക്കുവാൻ തക്കവണ്ണം തന്നോടുകൂടി സഞ്ചരിപ്പാനും കർത്താവ് അവനെ വിളിച്ചു. ഉടനെതന്നെ സകലവും ഉപേക്ഷിച്ച് അവൻ കർത്താവിനെ അനുഗമിച്ചു. അവനെ വിളിച്ചുകഴിഞ്ഞ ഉടൻതന്നെ കർത്താവ് ശെമവൂന്റെ ഭവനത്തിൽ പോയി അവിടെ ജ്വരബാധിതയായികിടന്നിരുന്ന അവന്റെ അമ്മാവിഅമ്മയെ സൗഖ്യമാക്കി. കുറച്ചുകാലങ്ങൾക്കുശേഷം മ്ശിഹാ അവന്റെ സഖികളോടുകൂടെ അവനെ ശ്ലൈഹികസ്ഥാനത്തേക്ക് വേർ

2 ബർസ്ലീബിയുടെ മത്തായിശ്ലീഹായുടെ ഏവൻഗേല്യോന്റെ വ്യാഖ്യാനത്തിലും ബാർ എബ്രായയുടെ "*ഒസറോസ്*" എന്ന പുസ്തകത്തിലും തലവരിപ്പണത്തെക്കുറിച്ചു പറയുന്ന ഭാഗം നോക്കുക. (*ഒസറോസ്* എന്ന എഴുതിയിരിക്കുന്നത് '*രഹസ്യങ്ങളുടെ കലവറ*' (Store House of Secrets-ഓസാർ റോസേ) എന്ന പേരിൽ അറിയപ്പെടുന്ന കൃതിയായിരിക്കണം-സംശോധകൻ)

*'കീഫോ' എന്ന സുറിയാനി പദത്തിന് 'പാറ' എന്നർത്ഥം.

തിരിച്ചു തനിക്ക് "കീപ്പോ" എന്നു പേരിട്ടു. ഈ കാലം മുതൽ "കീപ്പോ" എന്ന പേരിനാൽ അവൻ അറിയപ്പെട്ടുതുടങ്ങി. സാധാരണ പേരിനെ അപേക്ഷിച്ച് മിക്കവാറും ഇത് അവന്റെ സ്വഭാവത്തിന് യോജിച്ച ഒന്നായിരുന്നു. ഈ കാലം മുതൽ ശ്ലീഹന്മാരുടെ ഇടയിൽ ഒന്നാം സ്ഥാനം അവന് ലഭിച്ചു, ശ്ലീഹന്മാരുടെ പേരുകൾ എഴുതിയിട്ടുള്ള എല്ലായിടത്തും അവന്റെ പേർ ആദ്യമായി ഉപയോഗിച്ചിരിക്കുന്നു. ഈ പ്രഥമ സ്ഥാനം അവന്റെ വിളിയിൽനിന്നുമല്ല കിട്ടിയിട്ടുള്ളത്. അങ്ങനെയെങ്കിൽ ആദ്യമായി മ്ശിഹായോട് ചേർന്ന അവന്റെ സഹോദരനായ അന്ത്രയോസിനും മറ്റു ശിഷ്യന്മാർക്കും ഈ സ്ഥാനം കൊടുക്കേണ്ടതായിരുന്നു. ആകയാൽ ഈ സ്ഥാനം മ്ശിഹായിൽനിന്ന് പ്രത്യേകമായി ലഭിച്ചതാണ്. ആയത് തന്റെ ശിഷ്യന്മാർക്ക് അവരുടെ പ്രതിനിധിയായിരിപ്പാനായിട്ടുതന്നെ. ഇപ്രകാരം ചില അവസരങ്ങളിൽ അവരുടെ നാമത്തിൽ അവൻ സംസാരിച്ചിരുന്നതായി നാം കാണുന്നു. ഇത് അവന്റെ പ്രാപ്തിയായും പതിവിൽ കഴിഞ്ഞുള്ള തീക്ഷ്ണതയാലും തന്റെ ഗുരുവിനോടുള്ള സ്നേഹാതിരേകത്താലും അത്രെ ലഭ്യമായത്. അതുനിമിത്തം പല സംഗതികളിലും ഇദ്ദേഹം അഭിപ്രായം പ്രകടിപ്പിച്ചുവന്നു. ചിലപ്പോൾ അവസ്ഥീകരിക്കപ്പെടുകയും മറ്റു ചിലപ്പോൾ നിരസിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഒരിക്കൽ മ്ശിഹാ തന്റെ ശിഷ്യന്മാരോട് "ഞാൻ ആരാകുന്നു" എന്നു ചോദിച്ചപ്പോൾ കീപ്പോ ഉത്തരം പറയുകയും മ്ശിഹായിലുള്ള സത്യവിശ്വാസം പ്രത്യക്ഷമാക്കുകയും യേശു ദൈവപുത്രനെന്ന് ദിവ്യവെളിപാടുമൂലം പ്രസംഗിക്കുകയും ചെയ്തു. അതിനാൽ അവനെ ഭാഗ്യവാനായി എണ്ണുകയും തന്റെ ആ വിശ്വാസം സഭയ്ക്ക് അടിസ്ഥാനമാക്കുകയും ചെയ്തു.[3] ഒരവസരത്തിൽ മ്ശിഹാ തന്റെ ശിഷ്യന്മാരോട് തന്റെ കഷ്ടാനുഭവത്തെയും മരണ

---

3 പത്രോസ് എന്നതിന് യൗനായ ഭാഷയിൽ കല്ല് എന്നർത്ഥമാകുന്നു. അതായത് പാറ എന്നർത്ഥമുള്ള "പത്ര"യുടെ അംശമത്രെ. ഗ്രീക്ക്ഭാഷയിൽ നാം ഇവിടെ മ്ശിഹായുടെ വാക്യത്തിൽ "പത്രോസ്" എന്നും "പത്ര" എന്നുമുള്ള പദങ്ങൾ കാണുന്നു. യൗനായഭാഷയിൽ പത്രോസ് എന്ന പദം പുല്ലിംഗവും "പത്രാ" എന്ന പദം സ്ത്രീലിംഗവുമാകുന്നു. ആകയാൽ മ്ശിഹാതമ്പുരാന്റെ ഈ വാക്യത്തിൽ "പത്രോസ്" എന്ന പദമല്ലാതെ "പത്രാ" എന്ന പദം ശെമവൂനെ കുറിക്കുന്നതല്ല. പ്രത്യുത "പത്ര" എന്നത് പത്രോസിന്റെ വിശ്വാസത്തെ സൂചിപ്പിച്ചത്രെ മ്ശിഹാ തമ്പുരാൻ പറഞ്ഞിരിക്കുന്നത്. അതായത് ശെമഓൻ അപ്പോൾ ഏററുപറഞ്ഞതായി മ്ശിഹാ പിതാവാം ദൈവത്തിന്റെ സ്വാഭാവികപുത്രനാണ് എന്നുള്ള വിശ്വാസമത്രെ. ഈ വിശ്വാസത്തിന്മേൽ തന്നെയത്രെ മ്ശിഹാതമ്പുരാൻ തന്റെ സഭയെ പണിതിരിക്കുന്നത്. അല്ലാതെ പത്രോസിന്റെ വ്യക്തിത്വത്തിന്മേലല്ല; എന്തുകൊണ്ടെന്നാൽ ഇളകുന്നതായ മാനുഷികവ്യക്തിത്വത്തിന്മേൽ സഭ പണിയപ്പെടാവുന്നതല്ല. അല്ലെന്നുവരികിൽ വിശ്വാസികൾ ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടാതെ "പത്രോസ്യർ" എന്നു വിളിക്കപ്പെടേണ്ടിയിരുന്നു. ശെമവൂൻ "പത്രോസ്" (കല്ലെ)ന്നു വിളിക്കപ്പെട്ടെങ്കിൽ എല്ലാ വിശ്വാസികളേയും താൻ ഈ നാമത്തിൽ വിളിച്ചിട്ടുണ്ട്. (1 പത്രോ. 2:5-5). ഇപ്രകാരംതന്നെ പൗലൂസ്ശ്ലീഹാ, നിങ്ങൾ ശ്ലീഹന്മാരു

ത്തെയുംകുറിച്ച് അറിയിച്ചപ്പോൾ കീപ്പോ അവനെ കൂട്ടിക്കൊണ്ടുപോയി ശാസിച്ച് ഇപ്രകാരം പറഞ്ഞു: "എന്റെ കർത്താവേ ഇത് അങ്ങേയ്ക്ക് സംഭവിപ്പാനിടയാകരുതെ." അപ്പോൾ താൻ തിരിഞ്ഞ് കീപ്പോയോട് "സാത്താനെ നീ എന്റെ പിന്നിൽ പോകുക" എന്നു പറഞ്ഞു. മറ്റൊര വസരത്തിൽ "ഇതാ ഞങ്ങൾ സകലവും ഉപേക്ഷിച്ച് നിന്റെ പിന്നാലെ വന്നിരിക്കുന്നു" എന്നും പറഞ്ഞിട്ടുണ്ട്. ഇദ്ദേഹം യേശുവിന്റെ അടു ക്കലേക്ക് കടലിൽക്കൂടി നടന്നു വന്നപ്പോൾ തന്റെ നിരൂപണം പതറി ഓളങ്ങൾക്കിടയിൽ മുങ്ങുവാൻ തുടങ്ങുകയും കർത്താവ് അവന്റെ കൈയ്ക്കുപിടിച്ച് അവനെ പൊക്കി എടുക്കുകയും അവന്റെ വിശ്വാ സക്കുറവിൽ അവനെ ശാസിക്കുകയും ചെയ്തു. തലവരിയായി ഈ രണ്ട് "സൂസാ" പിരിക്കുന്നവർ അവന്റെ അടുക്കൽ വരികയും "നിങ്ങ ളുടെ ഗുരു തലവരി കൊടുക്കുന്നുവോ" എന്ന് അവനോടു ചോദിക്കു കയും ചെയ്തു. കടലിലേക്കു പോയി ചൂണ്ടൽ ഇടുവാനും ആദ്യം കിട്ടുന്ന മത്സ്യത്തിന്റെ വായ് തുറന്ന് അതിൽ കണ്ടെത്തപ്പെടുന്ന "എസ്തീറാ" എനിക്കും നിനക്കുംവേണ്ടി കൊടുക്കുവാനും യേശു ആജ്ഞാപിച്ചതും വി. പത്രോസിനോടായിരുന്നു. മ്ശിഹാ "തീത്ത" വൃക്ഷത്തെ ശപിച്ചശേഷം പിറ്റേദിവസം അത് ഓർക്കുകയും നീ ശപിച്ച തീത്തവൃക്ഷം ഉണങ്ങിയിരിക്കുന്നുവെന്ന് യേശുവിനോട് പറയുകയും ചെയ്തത് ഈ ശെമവൂനാകുന്നു.

മ്ശിഹായുടെ പെസഹാ ഒരുക്കുവാൻ പോയ രണ്ട് ശിഷ്യന്മാ രിൽ ഒരുവനും യായിറോസിന്റെ പുത്രിയെ ഉയിർപ്പിച്ച അവസരത്തിലും മ്ശിഹായുടെ മറുരൂപത്തിലും ഗത്സീമോനിലെ പ്രാർത്ഥനയിലും

---

ടേയും പ്രവാചകന്മാരുടേയും അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്നു വെന്ന് പറയുന്നുണ്ട്, വെളിപാടു പുസ്തകത്തിലും ഊർശ്ലേം എന്ന സഭയുടെ അടിസ്ഥാനം 12 പാറകൾ ആണെന്നു പറഞ്ഞിട്ടുണ്ടെങ്കിലും അത് അവരുടെ വിശ്വാസത്തെ ഉദ്ദേശിച്ചാണ്. വിശ്വാസികൾക്ക് ഏകപാറയും, സഭയുടെ അടി സ്ഥാനത്തിന്റെ മൂലക്കല്ലും മ്ശിഹാ ആകുന്നുവെന്ന് ദൈവിക വെളിപാടാൽ വി. വേദപുസ്തകത്തിൽ വ്യക്തമായ പ്രത്യക്ഷീകരിച്ചിട്ടുണ്ട്. മസ്മൂർ 18:2, 33, 118:23, ഏശായാ. 28:16, 49: 14-16, പ്രക്. 4:11, 1 പത്രോസ് 2:4-7 റോമ. 39:33, 1 കോരി. 10:4, 3:11; എഫേസി. 2:20) നമ്മുടെ എല്ലാ പൂർവ്വ പിതാക്കന്മാരു ടെയും അഭിപ്രായം ഇതുതന്നെയാണ്. അവരിൽ ചിലരിൽനിന്നുള്ള തെളി വുകൾ ഇവിടെ ചേർക്കുന്നു. 1) നമ്മുടെ കർത്താവിന്റെ സഹോദരനായ മോർ യാക്കൂബിന്റെ *അന്നാഫൂറാ* (കുർബ്ബാന തക്സ) 2) കേസരിയാക്കാരനായ യൗസേബിയോസിന്റെ *"ദനഹോ ആലോഹോയോ"* എന്ന പുസ്തകം 4:11. 3) മോർ ഓഗസ്തിനോസിന്റെ ഗ്രന്ഥം ഒന്നാം വാല്യം 13-ാം സംഭാഷണം പേജ് 89. ടി രണ്ടാം വാല്യത്തിൽ യൂഹാനോൻ ശ്ലീഹായുടെ ഒന്നാം ലേഖന ത്തിന്റെ വ്യാഖ്യാനം. 4) മാറൂനായക്കാരനായ യൗസേഫ് ദ്ബ്സിന്റെ *ഏവൻ ഗേലിയോന്റെ വ്യാഖ്യാനം* പേജ് 195. ഇദ്ദേഹം സ്വർണ്ണനാവുകാരനായ ഈവനിയോസ്, ഈലാറിയോസ്, കൂറീലോസ്, അമ്പ്രോസിയൂസ് എന്നീ വി. മല്പാന്മാരുടെ തെളിവുകളാൽ ഇതിനെ സ്ഥിരപ്പെടുത്തുന്നു.

കാണുവാനുണ്ടായിരുന്ന മൂന്നുപേരിൽ ഒരുവനും ഊർശ്ലേമിന്റെയും ദൈവാലയത്തിന്റെയും ഭയങ്കര നാശത്തെക്കുറിച്ച് യേശു പ്രവചിച്ചു കേട്ട നാലുപേരിൽ ഒരാളും ഇദ്ദേഹംതന്നെയായിരുന്നു. താൻതന്നെ ഒടുവിലത്തെ അത്താഴസമയത്ത് യേശുവിനെ ഏല്പിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ച് പ്രത്യേകം കൂടുതലായി അറിയുവാൻ ആഗ്രഹിച്ചു. അത്താഴത്തിനുശേഷം തന്റെ കാലുകളെ യേശു കഴുകാതിരിക്കണമെന്നുള്ള ഇഷ്ടനിവർത്തിക്കുവേണ്ടി വി. പത്രോസ് വളരെ പ്രയത്നിച്ചു. രണ്ട് പ്രാവശ്യം കോഴികൂകുന്നതിന് മുമ്പ് "എന്നെ തള്ളിപ്പറയു"മെന്ന് യേശു കല്പിച്ചതും ഇദ്ദേഹത്തോടാണ്. അതിനുത്തരമായി, എല്ലാവരും നിങ്കൽ ഇടറിയാലും ഞാൻ ഇടറുകയില്ല എന്നും നിന്നോടുകൂടി മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ ഉപേക്ഷിക്കുകയില്ല എന്നുംതന്നെയായിരുന്നു പത്രോസ് പറഞ്ഞത്. എന്നാൽ അവന്റെ വിശ്വാസം പൊയ്പോകാതിരിക്കാനായിട്ട് മ്ശിഹാതമ്പുരാൻ അവനുവേണ്ടി പ്രാർത്ഥിച്ചു.[4] കയ്യിൽ വാളുണ്ടായിരുന്നവനും അതുമൂലം പ്രധാനാചാര്യന്റെ ദാസന്റെ വലത്തുചെവി ഛേദിച്ചതും ഇദ്ദേഹമായിരുന്നു.

---

4 പത്രോസിന് ആ രാത്രിയിൽ മഹാവലിയ പരീക്ഷയും വീഴ്ചയും ഉണ്ടാകുവാനിരിക്കുന്നുവെന്നു മ്ശിഹാ അറിഞ്ഞപ്പോൾ അവന്റെ വിശ്വാസം പൊയ്പോകാതിരിപ്പാൻ അനുവേണ്ടി പ്രാർത്ഥിക്കുമെന്നു വാഗ്ദത്തം ചെയ്തു. അതിനാൽ യേശു അവനുവേണ്ടി പ്രാർത്ഥിച്ചു. റോമാക്കാർ ഈ വാക്യത്തെ വികടമായി വ്യാഖ്യാനിക്കുന്നു. അവർ പറയുന്നത് പത്രോസിന്റെ വിശ്വാസം കുറഞ്ഞുപോകാതിരിപ്പാനായിട്ടാണ് ക്രിസ്തു പ്രാർത്ഥിച്ചതെന്നത്രേ. പത്രോസ് ഉപേക്ഷിച്ചു പറഞ്ഞപ്പോൾതന്നെ അവന്റെ വിശ്വാസം കുറഞ്ഞുപോയല്ലോ. ഒരുവനിൽ ഒരേസമയത്ത് തള്ളിപ്പറച്ചിലും വിശ്വാസവും ദൃശ്യമാകുകയില്ല. പത്രോസിനു സംഭവിച്ചതുപോലെതന്നെ അദ്ദേഹത്തിന്റെ പിൻഗാമികൾക്കും മറ്റ് ഇടയന്മാർക്കും വിശ്വാസസംബന്ധമായ കാര്യത്തിലും മറ്റും അധഃപതനം ഉണ്ടാകാവുന്നതാണെന്നുള്ളതിന് ഇത് ഉറപ്പേറിയ ഒരു ദൃഷ്ടാന്തമാണ്.
സാത്താൻ ശ്ലീഹന്മാരെ പാറ്റി. ആകയാൽ യഹൂദ സ്കറിയോത്ത സ്വന്ത ഇഷ്ടത്താൽ കളയായിത്തീർന്നു. പ. പത്രോസ് തന്റെ ബലഹീനതയാൽ തെറ്റിപോകുകയും ഗുരുവിനെ തള്ളിപ്പറയുകയും ചെയ്തു. അപ്പോൾ അവന്റെ വിശ്വാസം കുറഞ്ഞുപോയി എങ്കിലും വിശ്വാസം അവനിൽനിന്നും പൊയ്പോയില്ല. എന്തുകൊണ്ടെന്നാൽ യഹൂദസ്കറിയോത്തായെപോലെ നിരാശയിൽ പ. പത്രോസ് വീഴുന്നതിന് യേശുതമ്പുരാന്റെ പ്രാർത്ഥന അവനെ കൈവെടിഞ്ഞിരുന്നില്ല. സ്വർണ്ണനാവുകാരനായ മോർ ഈവനിയോസ് "പ. പത്രോസിന്റെ തള്ളിപ്പറച്ചിൽ വളരെ അപകടനിലയിലുള്ള ഒന്നായിരുന്നു. അവനെ നഗ്നനാക്കി തന്റെ ഗുരുവിൽനിന്നു വേർതിരിച്ചു. അതുകൊണ്ടത്രേ മാലാഖ സ്ത്രീകളോട് "നിങ്ങൾ പോയി അവന്റെ ശിഷ്യന്മാരോടും കീപ്പായോടും പറയുക" (മർക്കോ. 16:7) എന്നു പറഞ്ഞിരിക്കുന്നത്. ശ്ലീഹന്മാരുടെ ഗണത്തിൽനിന്നു പ. പത്രോസ് തള്ളിപ്പറച്ചിലാൽ അകന്നുപോയതുകൊണ്ട് അവനെ മാലാഖ ശ്ലീഹന്മാരുടെ കൂട്ടത്തിൽ ഗണിച്ചില്ല" എന്നിപ്രകാരം പറഞ്ഞിരിക്കുന്നു. ആകയാൽ ഇപ്രകാരമുള്ള അരിഷ്ടതയിലേക്ക് അവനെ കൊണ്ടുവന്ന നിഗളത്തെക്കുറിച്ച് അവനെ ശാസിക്കുവാനെന്നവണ്ണം മ്ശിഹാതമ്പുരാൻ അവനെ നോക്കി. അപ്പോൾ പത്രോസ് അവന്റെ തിന്മയുടെ വലിപ്പം മനസ്സിലാക്കി തന്നത്താൻ കൈപ്പോടെ കരഞ്ഞ് ഉടനെ അനുതപിക്കുന്നതിനു ശ്രമിച്ചു. അവന്റെ വിശ്വാസം കുറയാതിരിക്കുവാനായിരുന്നു മ്ശിഹായുടെ പ്രാർത്ഥനയെങ്കിൽ താഴെ പറയുവാൻ പോകുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന്

തുടർന്ന് ദയനീയമായ തന്റെ വീഴ്ചയും, മ്ശിഹായെ മൂന്നു പ്രാവശ്യം തള്ളിപ്പറയുന്നതും അനന്തരം താൻ അനുതപിക്കുന്നതുമായ സംഭവങ്ങളെ നാം കാണുന്നു. പുനരുത്ഥാനദിവസത്തിലെ പ്രഭാതത്തിലെ സംഭവത്തിൽനിന്നും നാം മനസ്സിലാക്കുന്നത് "കീപ്പാ" ബലഹീനനായി വീണുപോയെങ്കിലും ആ വീഴ്ചയിൽ അവൻ നഷ്ടപ്പെട്ടുപോയില്ല എന്നത്രെ. എന്തെന്നാൽ താനും യോഹന്നാനുമായിരുന്നു കബർ സന്ദർശിക്കുവാൻ ആദ്യം ഓടിപ്പോയത്. അവരിൽ ആദ്യം കബറിലേക്കു പ്രവേശിച്ചത് ഇദ്ദേഹമായിരുന്നു.[5] വി. ലൂക്കോസും പൗലൂസും നമ്മെ

---

സംഗ്രഹിപ്പാൻ ന്യായമാകുന്നു. അതായത് ഒന്നുകിൽ പത്രോസിന്റെ തള്ളിപറച്ചിൽ ഏതുമില്ലായിരുന്നു എന്നും "കൈപ്പോടെ കരഞ്ഞു" എന്നു പറയുന്ന ഏവൻഗേലിയോൻ ശരിയല്ല എന്നുമോ അല്ലെങ്കിൽ അവന്റെ വിശ്വാസം കുറഞ്ഞുപോയതിനാൽ യേശു അവനുവേണ്ടി പ്രാർത്ഥിച്ചില്ല എന്നോ ആയിരിപ്പാൻ ന്യായമാകുന്നു.

പ. പത്രോസ്, ശ്ലീഹന്മാരുടെ തലവനും വിശ്വാസത്തിൽ വൈരാഗിയുമായി അവർ തന്നെ കണ്ടിരുന്നു. തൻനിമിത്തം പത്രോസിന്റെ തള്ളിപ്പറച്ചിലിനാൽ മറ്റ് ശ്ലീഹന്മാർക്ക് ഇടർച്ചയുണ്ടാകുകയെന്നത് അസാദ്ധ്യമായ കാര്യമല്ല. ആകയാൽ മ്ശിഹാതമ്പുരാൻ അവൻ തിരിഞ്ഞുവരുമ്പോൾ അവന്റെ സഹോദരന്മാരെ ഉറപ്പിച്ചു കൊള്ളണം എന്ന് അവനോടു കല്പിച്ചിരിക്കുന്നു. അതായത് സത്യഅനുതാപത്തോടുകൂടി മ്ശിഹായുടെ അടുക്കലേക്കു തിരിച്ചുവരുമ്പോൾ തള്ളിപ്പറച്ചിലിൽ തനിക്കുണ്ടായ വലിയ ദുഃഖവും തന്നിൽനിന്നു പുറപ്പെട്ട കണ്ണുനീരും തനിക്കുണ്ടായ കഷ്ടതകളും മറ്റും അവരെ കാണിച്ചുകൊടുക്കുകയും തന്റെ ഉപേക്ഷണം മുഖാന്തിരം തന്റെ ശിഷ്യന്മാർക്കുണ്ടായിരുന്ന സർവസംശയവും നീക്കിക്കളയുകയും മ്ശിഹായിലുള്ള വിശ്വാസത്തിൽ സ്ഥിതിചെയ്യുവാൻ ഉപദേശിക്കുമെന്നും അവനെപ്പോലെ വീഴ്ച ഭവിക്കാതിരിപ്പാൻവേണ്ടി അവനെ അനുകരിക്കരുതെന്നും സൂക്ഷ്മതപ്പെടുത്തുകയും ചെയ്യുമെന്നുള്ളതാകുന്നു.

5 ബർസ്ലീബി മുതലായ വ്യാഖ്യാതാക്കൾ പറയുന്നത്, നമ്മുടെ കർത്താവിന്റെ തലയിൽ വയ്ക്കപ്പെട്ടിരുന്നതും തന്റെ ഉയിർത്തെഴുന്നേല്പിനുശേഷം കബറിൽ ഒരു ഭാഗത്ത് പ്രത്യേകം വച്ചിരുന്നതുമായ റൂമാൽ വി. പത്രോസ് എടുത്ത് തന്റെ തലയിൽ എപ്പിസ്കൂപ്പന്മാർ ധരിക്കുന്ന മസ്നപ്സാപോലെ ഒരു മുടിയായി ഉപയോഗിച്ചുവന്നിരുന്നുവെന്നാണ്. വെടിപ്പുള്ള ആ ശീലയാൽ അനവധി കൃപാവരങ്ങൾ പ്രദാനം ചെയ്യപ്പെട്ടു. ഈ റൂമാലിന്റെ സാദൃശ്യത്തിൽ എപ്പിസ്കൂപ്പന്മാർ ധരിക്കുന്ന മസ്നപ്സായും കേത്താനാശീലകൊണ്ട് ഉണ്ടാക്കപ്പെടണമെന്നു പാരമ്പര്യമുണ്ടായി.

മ്ശിഹായുടെ ഉയിർപ്പിനുശേഷം ശ്ലീഹന്മാർ കർത്താവിന്റെ കേത്താനാശീലകൾ യൂഹാനോൻ ശ്ലീഹായേ ഏല്പിച്ചു. അദ്ദേഹം അത് സൂക്ഷിക്കുകയും ദൈവമാതാവ് നിദ്രപ്രാപിച്ചപ്പോൾ അവളെ അതിൽപൊതിഞ്ഞ് സംസ്കരിക്കുകയും ചെയ്തു. കർത്താവിന്റെ തലയിൽ കെട്ടിയിരുന്ന തൂവാല വി. പത്രോസ് ശ്ലീഹായ്ക്ക് ശ്ലീഹന്മാർ കൊടുത്തുവെന്ന് മോർ മൂശേ ബർ കീഫാ തന്റെ ഉയിർപ്പിനെക്കുറിച്ചുള്ള പ്രസംഗം പതിനെട്ടാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു.

യൗസേഫും നിക്കോദീമോസും കൂടി കർത്താവിന്റെ ശരീരത്തിൽ പൂശിയ മൂറും അകിലും ശ്ലീഹന്മാർ കബറിൽനിന്നെടുത്ത്, അതോടുകൂടി, സ്ത്രീകൾ തനിക്കു പൂശുവാൻ കൊണ്ടുവന്നിരുന്ന സുഗന്ധവർഗ്ഗവും സൈത്തെണ്ണയും ചേർത്ത് വി. മൂറോൻ ശുദ്ധീകരിച്ചുവെന്ന് പാരമ്പര്യം പറയുന്നു. (*സഭാക്രമങ്ങളുടെയും വിശ്വാസങ്ങളുടെയും വ്യാഖ്യാനപുസ്തകം* 76-ാം പേജ് നോക്കുക.)

അറിയിക്കുന്നത്, മ്ശിഹാ തന്റെ പുനരുത്ഥാനശേഷം ആദ്യമായി വി. പത്രോസിനു കാണപ്പെട്ടുവെന്നാണ്. പത്രോസ് മ്ശിഹായെ തള്ളിപ്പറഞ്ഞപ്പോൾ തന്റെ സ്ഥാനത്തുനിന്ന് അധഃപതിച്ചുപോയിരുന്നു. എങ്കിലും ശ്രേഷ്ഠമായിരിക്കുന്ന അവന്റെ പദവി, കുറച്ചുനാളുകൾക്കുശേഷം മ്ശിഹായാൽതന്നെ തിരികെ കൊടുക്കപ്പെട്ടു. അത് ഗലീലാക്കടൽ തീരത്തുവച്ച് തന്റെ യജമാനനോട് സത്യമായിട്ടുള്ള ഏററുപറച്ചിൽ വീണ്ടും നടത്തിയതിനുശേഷമാണ്. അവിടെവച്ച് യൂഹാനോനെപ്പോലെ യേശുവിനെ കീപ്പായ്ക്കു വേർതിരിച്ചറിയുവാൻ സാധിച്ചില്ലെങ്കിലും ആദ്യം അവന്റെ അടുക്കൽ എത്തിയത് ഇദ്ദേഹമായിരുന്നു. മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞതിനു പകരം അവിടെവച്ച് മ്ശിഹാ ചോദിച്ച മൂന്നു ചോദ്യങ്ങൾക്ക് സ്നേഹവും വിശ്വാസവും നിറഞ്ഞിരുന്ന മൂന്നു പ്രത്യുത്തരങ്ങളാൽ മ്ശിഹായുടെ ആടുകളെ മേയ്പാനുള്ള സ്ഥാനം വീണ്ടും ലഭിക്കുന്നു. ഈ അധികാരപ്പെടുത്തൽ കൂടാതെ തന്റെ പഴയ സ്ഥാനത്തേക്കു പ്രവേശിക്കുവാൻ തനിക്ക് അസാദ്ധ്യമായിരുന്നു.

മ്ശിഹായുടെ സ്വർഗ്ഗാരോഹണത്തിനു ശേഷം വഞ്ചന നിറഞ്ഞിരിക്കുന്ന ലോകസമുദ്രത്തിലേക്കു കീപ്പാ തന്റെ വലവീശുകയും ജീവനിലേക്കു മനുഷ്യരെ ആകർഷിക്കുകയും ചെയ്തു. ഇങ്ങനെ സകലത്തിലും ഇദ്ദേഹത്തെ തന്റെ ശിഷ്യന്മാരുടെ വഴികാട്ടിയായി നാം കാണുന്നു.[6] ആരംഭത്തിൽ അദ്ദേഹം ശിഷ്യന്മാരുടെയിടയിൽ എഴുന്നേറ്റുനിന്ന് യഹൂദ സ്കറിയൂത്തായ്ക്കു പകരം വേറൊരാളിനെ തെരഞ്ഞെടുക്കുന്നതിനെക്കുറിച്ച് പ്രസംഗിച്ചു. പെന്തിക്കൊസ്തിയിൽ സഭ, നൽവരങ്ങളാലും ശക്തികളാലും അലങ്കരിക്കപ്പെട്ടപ്പോൾ യഹൂദന്മാരിൽനിന്നും മൂവായിരം ആത്മാക്കളെ വിസ്മയനീയമായ തന്റെ പ്രസംഗത്താൽ വിശ്വാസത്തിലേക്ക് ആകർഷിച്ചു. പെന്തിക്കൊസ്തിക്കുശേഷം നടന്ന

---

6 മോർ പത്രോസ് ശ്ലീഹന്മാരുടെ തലവനായിരുന്നെങ്കിലും ശ്ലൈഹിക സുന്നഹദോസിന് ഉപരിയായിരിക്കുന്നവൻ എന്നവണ്ണം അതിനുപോലും അദ്ദേഹത്തെ വിധിപ്പാൻ പാടില്ലാത്തവിധത്തിലോ തന്റെ പ്രത്യേക അധികാരത്താൽ സുന്നഹദോസിന്റെ നിശ്ചയത്തെ അഴിക്കുവാൻ കഴിയുന്നവിധത്തിലോ ഉള്ള അപ്രമാദിത്ത പരമാധികാരമുള്ളവനല്ല. പ്രത്യുത, സുന്നഹദോസിന്റെ തലവനായി അതിൽ ഉൾപ്പെട്ടവനാകുന്നു. വി. മത്തിയാസ് ശ്ലീഹായുടെ തെരഞ്ഞെടുപ്പ്, ഏഴ് ശെമാശ്ശന്മാരുടെ സ്ഥാനലബ്ധി, പരിശുദ്ധാത്മാവിനെ പ്രാപിക്കുവാനായിട്ട് ശമറിയരുടെമേലുള്ള കൈവയ്പ് അമ്പത്തൊന്നിലെ ശ്ലൈഹിക സുന്നഹദോസ് പുറജാതികളോടുകൂടി പത്രോസ് ശ്ലീഹാ സമ്പർക്കം ചെയ്തതുകൊണ്ട് സഹോദരന്മാരിൽ ചിലർക്ക് തന്നോടുണ്ടായ തർക്കം പൗലൂസ് നേരിട്ടുതന്നെ ശാസിക്കുന്നത് ഞാൻ അപ്പല്ലോയുടേതാകുന്നു, ഞാൻ കേപ്പായുടേതാകുന്നു എന്നു പറയുന്നവരെ പൗലൂസ് ശാസിക്കുമ്പോൾ പത്രോസിനെ അനുസ്മരിക്കുന്നത് എന്നിവയിൽനിന്ന് ഇത് സ്പഷ്ടമാകുന്നുണ്ട്.

ഒന്നാമത്തെ അത്ഭുതം ഇദ്ദേഹം മുഖാന്തിരമാണ് പ്രവർത്തിക്കപ്പെട്ടത്. നാല്പതു വയസ്സുള്ളവനും യറുശലേം ദൈവാലയത്തിന്റെ "സുന്ദരം" എന്ന വാതിൽക്കൽ ഭിക്ഷയാചിച്ചുകൊണ്ടിരുന്നവനുമായി ജന്മനാൽ മുടന്തനായിരുന്നവനെയത്രെ "നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നീ നടക്കുക" എന്നു പറഞ്ഞ് സൗഖ്യമാക്കിയത്. അതു നിമിത്തം അദ്ദേഹം ന്യായസ്ഥലത്തുവച്ച് ആദ്യമായി വിസ്തരിക്കപ്പെടുകയും അവിടെനിന്ന് രക്ഷപെടുകയും ചെയ്തു. ഹന്നനിയായും* അവന്റെ ഭാര്യ സഫീറായും നിലം വിറ്റതിൽനിന്ന് ഒളിച്ചുവയ്ക്കുകയും വി. പത്രോസ് അവരെ ശാസിക്കുകയും അവർ ഉടൻ വീണ് മരിച്ചു പോകുകയുംചെയ്തു. അദ്ദേഹത്തോടുകൂടി ദൈവികശക്തി ഉണ്ടായിരുന്നതുകൊണ്ട് മനുഷ്യർ അവരുടെ രോഗികളെ കട്ടിലുകളിൽ എടുത്ത് വഴിയരികെ വയ്ക്കുകയും അവന്റെ നിഴലെങ്കിലും അവരുടെമേൽ പതിയുവാൻ ആഗ്രഹിക്കുകയുംചെയ്തു. അദ്ദേഹം തന്റെ സഖികളോടുകൂടി ഏഴ് ശെമ്മാശന്മാർക്ക് പട്ടം കൊടുത്തു. സുവിശേഷം യഹൂദിയിലും അതിനു ചുറ്റുമുള്ള ദേശങ്ങളിലും പ്രചരിപ്പിക്കുകയും ശെമ്മാശനായിരുന്ന പീലിപ്പോസിന്റെ പ്രസംഗത്തിൽ ശമര്യർ വിശ്വസിക്കുകയും ചെയ്തപ്പോൾ അവിടെയുള്ളവർക്ക് പരിശുദ്ധാത്മാവ് ലഭിക്കേണ്ടതിന് യോഹന്നാനോടുകൂടി വി. പത്രോസ് മറ്റുള്ളവരാൽ അയയ്ക്കപ്പെടുകയും അവിടെവച്ച് ആദ്യവേദവിപരീതിയായ ക്ഷുദ്രക്കാരൻ ശീമോനെ ശപിക്കുകയുംചെയ്തു. അവിടെനിന്ന് ഊർശ്ലേമിലേക്ക് വരുമ്പോൾ ശൊമറിയായിലെ അനേക ഗ്രാമങ്ങളിൽ താൻ സുവിശേഷിച്ചു. ഏകദേശം രണ്ട് വർഷങ്ങൾക്കുശേഷം പൗലൂസ് തന്റെ അടുക്കൽ ഊർശ്ലേമിലേക്കു വരികയും പതിനഞ്ചു ദിവസം തന്നോടുകൂടെ താമസിക്കുകയുംചെയ്തു. അതിന്റെ ശേഷം പല സ്ഥലങ്ങളിലും സ്ഥാപിക്കപ്പെട്ടിരുന്ന പള്ളികൾ സന്ദർശിച്ച് ലൂദ്ദയിൽവച്ച് പക്ഷവാതരോഗിയായിരുന്ന അനിയാസിനെ സൗഖ്യമാക്കി. യോപ്പയിൽവച്ച് തബീഥായെ ജീവിപ്പിച്ചു. ശതാധിപനായ കൊർന്നേലിയോസിനെ മാമോദീസാ മുക്കുവാനായി ദൈവം വെളിപാടിൽ തന്നോടു കല്പിച്ചതനുസരിച്ച് കേസറിയായിലേക്കു പോയി അതു പ്രവർത്തിച്ചു. ഇപ്രകാരം തന്റെ പ്രസംഗം മൂലം സ്വർഗ്ഗവാതിൽ ആദ്യം യഹൂദന്മാർക്കു തുറക്കപ്പെട്ടപ്രകാരം ജാതികൾക്കും തുറക്കപ്പെട്ടു. തന്റെ ഈ പ്രവൃത്തി തന്റെ ശ്ലൈഹികപ്രവർത്തനത്തിൽ ഒരു കിരീടമായിത്തീർന്നു. യൗസേബിയൂസിന്റെ ചരിത്രമനുസരിച്ചു 37-ൽ താൻ അന്ത്യോഖ്യായിലേക്ക് പോകുകയും അവിടെ സിംഹാസനം സ്ഥാപിക്കുകയും പള്ളിപണിയിക്കുകയും വിശ്വാസികൾ കിഴക്കോട്ടു തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കണമെന്ന് അഭ്യസിപ്പിക്കുകയും ചെയ്തു. 44-ൽ ഹേറോദേസ് അഗ്രിപ്പായുടെ കല്പനയാൽ വസന്തകാലത്ത് ഊർശ്ലേമിൽ വി. പത്രോസ് തടവിലാക്കപ്പെട്ടു. അവിടെനിന്ന്

---

*അനന്യാസ് (അപ്പോ. 5:1-11)

രാത്രിയിൽ മാലാഖ വിസ്മയനീയമായ വിധത്തിൽ തന്നെ രക്ഷിക്കുകയും പിന്നീട് ഊർശ്ലേമിലേക്ക് പോകുകയും ചെയ്തു. അവിടെനിന്ന് അന്ത്യോഖ്യായിലേക്കുള്ള രണ്ടു കൊല്ലത്തെ യാത്രയിൽ അനേകരെ ശിഷ്യപ്പെടുത്തുകയും സൂർ സൈദോൻ.[7] കേസറിയ,[8] ബേറൂത്ജാബാല,[9] ത്രിപോലീസ്[10] എന്നീ സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിക്കുകയും കേസറിയായുടെ ആദ്യത്തെ "സക്കായ" എന്ന എപ്പിസ്കൂപ്പായെ വാഴിക്കുകയും ചെയ്തു.[11] തന്റെകൂടെ ഉണ്ടായിരുന്നവരിൽ ഒരാളെ ബറുതിലെ എപ്പിസ്കൂപ്പായായി നിയമിച്ചു. 3) ത്രിപ്പോലിസിൽ "മോറൂസോ" എപ്പിസ്കൂപ്പായേയും 12 പട്ടക്കാരേയും ആക്കി 4) അന്ത്യോഖ്യായിൽ പള്ളിപണിയിക്കുകയും, സുറിയാപ്രദേശങ്ങളിലെ ചില ദിക്കുകളും, എർവാദ് ദ്വീപും സന്ദർശിക്കുകയുംചെയ്തു. പൊന്തോസ്, ഗലാത്യാ, കപ്പദൂക്കിയാ, ബിത്തൂനിയ, അസിയ എന്ന അഞ്ചു പട്ടണങ്ങളെ ഈ കാലത്ത് ഇദ്ദേഹം സന്ദർശിച്ചിരിക്കണം. എ.ഡി. 51-ൽ ക്ലോവോദിയോസ് കൈസറിന്റെ രാജ്യഭാരത്തിന്റെ പത്താം ആണ്ടിൽ ഊർശ്ലേമിൽ കൂടിയ സുന്നഹദോസിൽ വി. പത്രോസ് ഉണ്ടായിരുന്നതായിക്കാണുന്നു.[12] ഈ അവസരത്തിൽ താനും യാക്കോബും, യോഹന്നാനും, ചേലാകർമ്മമുള്ളവരുടേയും, പൗലോസും ബർന്നബായും ജാതികളുടേയും ശുശ്രൂഷയ്ക്കും ശ്ലീഹൂസായിക്കും വേർതിരിക്കപ്പെട്ടു. 52-ാം ആണ്ടിൽ താൻ അന്ത്യോഖ്യായിലേക്കു പോയി. അവിടെവച്ച് ഊർശ്ലേമിലായിരുന്ന വി. യാക്കൂബിന്റെ അടുക്കൽനിന്ന് വന്ന ചേലാകർമ്മികളെ അഗ്രചർമ്മികളോടുള്ള കൂട്ടായ്മയിൽനിന്ന് വിരോധിച്ചതിന് പൗലൂസ്ശ്ലീഹാതന്നെ ശാസിക്കുകയുംചെയ്തു. 53 മുതൽ 60 വരെ താൻ അന്ത്യോഖ്യായിലുണ്ടായിരുന്നു. 60-ാമാണ്ടിൽ തന്റെ ശ്ലൈഹിക പര്യടനത്തിനു താൻ അന്ത്യോഖ്യയിൽനിന്നു പുറപ്പെട്ടു. അന്ത്യോ

7 *Patriarchate of Antioch* Dr. Neal, P. 5

8 കൈസറിയാക്കാരനായ യൗസേബിയോസിന്റെ *"ദനഹോ ആലോഹോയോ"* എന്ന പുസ്തകം, 4:6.

9 *സിറിയായുടെ ചരിത്രം* മാറോനായക്കാരൻ യൂസ്ഫദ്ബ്സ് മെത്രാപ്പോലീത്താ, വാല്യം 3, പേജ് 55.

10 *ക്രിസ്തീയ പൗരസ്ത്യം* എന്ന പുസ്തകം ഫ്രഞ്ചുകാരനായ ലക്കിയാൻ വാല്യം 3, പേജ് 1284.

11 *Patriarchate of Antioch* Dr. Nealp.

12 ഈ സുന്നഹദോസിൽ പുറജാതികളുടെ ക്രിസ്തുമത സ്വീകരണത്തെക്കുറിച്ചുള്ള തന്റെ റിപ്പോർട്ട് വി. പത്രോസ് വായിച്ചപ്പോൾ പുറജാതിക്കാരനായിരുന്ന കൊർന്നല്യോസിന്റെ കാര്യം പ്രശംസയോടുകൂടി പറഞ്ഞതല്ലാതെ പുറജാതികളുടെ തലസ്ഥാനമായ റോമിലെ തന്റെ പ്രവർത്തനത്തെക്കുറിച്ചു യാതൊന്നും ഓർമ്മിപ്പിക്കുന്നില്ല. പ്രസ്തുത സുന്നഹദോസിന്റെ നിശ്ചയം അന്നുവരെ പുറജാതികളിൽനിന്ന് ശിഷ്യപ്പെട്ടിട്ടുള്ള സകല സഭകൾക്കും അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ഈ സഭകളുടെ പേരുകളോടുകൂടി 'റോമ' എന്നു കാണുന്നില്ല. ഇക്കാരണത്താൽ വി. പത്രോസ് പ്രസ്തുത സുന്നഹദോസിന്റെ സമയംവരെ റോമിൽ പോയില്ലെന്നു സുവിദിതമാണല്ലോ?

ഖ്യായിൽ വച്ച് അദ്ദേഹം ഏവോദിയോസിനേയും ഇഗ്നാത്യോയാസ് നൂറോനോയയേയും പൗലൂസ് ശ്ലീഹായുടെ സഹായത്തോടുകൂടി പട്ടം കൊടുത്തു വാഴിച്ചിരുന്നു. അതുകൊണ്ട് അവരെ അന്ത്യോഖ്യായിൽ തന്റെ പ്രതിനിധികളായി നിയമിച്ചു.[13] ഈ യാത്രയിൽ താൻ സന്ദർശിച്ച പട്ടണങ്ങളിൽ ഒന്ന് കോരിന്തായിരുന്നു. ജാതികളുടെ അപ്പോസ്തോലനായ വി. പൗലോസിനെ അവിടെ കണ്ടുമുട്ടി. ആ സമയത്ത് നീറോ ചക്രവർത്തി ക്രിസ്ത്യാനികളുടെ മേൽ പ്രത്യേകിച്ച് റോമായിൽ കഠിനമായ പീഡ ആരംഭിച്ചു. തന്മൂലം അവരിരുവരും വിശ്വാസികളെ ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തേണ്ടതിനായിട്ട് റോമായിലേക്കു പോയി എന്ന് പാരമ്പര്യം പറയുന്നു.[14] ശൊമറീനിൽവച്ച് ശാപഗ്രസ്തനായിത്തീർന്നശേഷം റോമിലെ വിശ്വാസികളെ വഞ്ചിക്കുവാൻവന്ന ക്ഷുദ്രക്കാരൻ ശീമോനെ അവിടെവച്ചു ലജ്ജിതനാക്കിത്തീർത്തു. അനന്തരം നീറോചക്രവർത്തിയുടെ കല്പനയനുസരിച്ച് വി. പത്രോസിനെ കാരാഗൃഹത്തിലാക്കി 67-ാമാണ്ടു മിഥുനമാസം 29-ാം തീയതി വരെ കാരാഗൃഹത്തിൽ പാർപ്പിക്കുകയും അതിനുശേഷം ക്രൂശിക്കുകയുംചെയ്തു.[15] തന്റെ നാഥനോടുള്ള നിസ്തുല സ്നേഹത്തിന്റെയും

---

13 പുറജാതികളിൽനിന്നുള്ള ക്രിസ്ത്യാനികളെ ഭരിക്കേണ്ടതിന് ഏവോദിയോസിനേയും യഹൂദന്മാരിൽനിന്നുള്ള ക്രിസ്ത്യാനികളെ ഭരിക്കേണ്ടതിന് ഇഗ്നാത്യോസ് നൂറാനോയേയും വാഴിച്ചുവെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

14 വി. പത്രോസിന്റെ റോമാനഗരത്തിലെ സാന്നിദ്ധ്യവും പ്രഭാഷണവും ചരിത്രപരമായിട്ടല്ല പാരമ്പര്യപ്രകാരം മാത്രമേ സിദ്ധിക്കുന്നുള്ളുവെന്ന് റോമാ വിദ്വജ്ജനങ്ങളിൽ ഏറ്റവും ഗണനീയരായിട്ടുള്ളവർപോലും അഭിപ്രായപ്പെട്ടിട്ടുള്ള സംഗതി ഇവിടെ പ്രസ്താവിക്കാതിരിപ്പാൻ നിവൃത്തിയില്ല. എന്നാൽ പാരമ്പര്യമനുസരിച്ച് ശേഖരിതങ്ങളായിട്ടുള്ളത് ചരിത്രങ്ങളിൽ വിവിധ പ്രമാദങ്ങൾ സംഭവിക്കാവുന്നതാണെന്നുള്ള പ്രത്യേകം വെളിപ്പെടുത്തേണ്ട ആവശ്യവുമില്ല. ശ്ലീഹന്മാരായ മോർ പത്രോസും മോർ പൌലൂസും അന്യോന്യ സംസർഗ്ഗത്തിൽ ദീർഘകാലം റോമിൽ ഉണ്ടായിരുന്നിരിക്കണമെന്നു പറയുകയും സഭകൾക്കുള്ള തങ്ങളുടെ ലേഖനങ്ങളിൽ ഒരാൾ മറ്റൊരാളെക്കുറിച്ച് യാതൊന്നും പ്രസ്താവിക്കാതിരിക്കുകയും ചെയ്യുന്നതെങ്ങനെ? അതും പ്രത്യേകിച്ചു വി. പൗലൂസ് ശ്ലീഹാ തന്റെ ലേഖനത്തിൽ കേവലം സുപരിചിതരായിരിക്കുന്നവരുടേയും സാധാരണന്മാരായിരിക്കുന്നവരുടേയും കാര്യങ്ങൾ പോലും സ്പർശിച്ചു പ്രസ്താവിച്ചിരിക്കെ ഇത്ര അടുത്ത സാഹചര്യത്തിൽ ജീവിച്ചിട്ട്, ശ്ലീഹന്മാരിൽ തലവനായിരിക്കുന്ന വി. പത്രോസിന്റെ നാമം തന്റെ സ്മൃതിപഥത്തിൽപെടാതെ കടന്നുപോകുന്നതെങ്ങനെ? തന്നിമിത്തം ഓറിജാനീസ് അഭിപ്രായപ്പെട്ടിരിക്കുന്ന പ്രകാരം വി. പത്രോസിന്റെ റോമിലേക്കുള്ള പ്രയാണം തന്റെ സാക്ഷിമരണത്തോട് അടുത്തുള്ള ഒരു ഘട്ടത്തിലായിരിക്കണമെന്നുള്ളത് നിശ്ചിതമായിട്ടല്ലെങ്കിലും പറയുന്നതായിരിക്കും ഉത്തമം.

15 റോമാസഭയിൽ നാലു വാർഷിക പെരുനാളുകളുണ്ട്. 1) ജൂൺ 29-ാം തീയതി വി. പത്രോസിന്റെയും വി. പൗലൂസിന്റെയും പെരുനാൾ ആഘോഷിക്കപ്പെടുകയും ആ ദിനത്തെ അവരുടെ രക്തസാക്ഷിത്വ ദിനമായി വിചാരിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ യഥാർത്ഥത്തിൽ അത് എ.ഡി. 258-ലെ അവരുടേതെന്നു വിചാരിക്കപ്പെടുന്ന തിരുശേഷിപ്പുകളുടെ പുനഃസംസ്കാരദിനമാണ്.

ഭക്തിയുടെയും സൂചന എന്നവണ്ണം ആ പരിശുദ്ധപാദങ്ങളെ ആത്മികമായി ചുംബിപ്പാൻ തക്കവണ്ണം തല കീഴായിത്തന്നെ ക്രൂശിക്കണമെന്നുള്ള തന്റെ യാചനയനുസരിച്ച് അവർ പ്രവർത്തിച്ചു.

---

ഈ വിവരം 354-ൽ എഴുതപ്പെടുകയും 1650-ൽ മോംസനാൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്ത *Kalendarium Liberianum*-ൽ രേഖപ്പെടുത്തിയിരിക്കുന്നു. വി. പത്രോസിന്റെ തിരുശേഷിപ്പുകൾ "അപ്പിയാൻവേ"യിലുള്ള വി. സെബാസ്റ്റ്യന്റെ ശവക്കോട്ടയിൽ പുനഃസംസ്ക്കരിക്കപ്പെട്ടു. പിന്നീടു കോൺസ്റ്റന്റായിൽ വത്തിക്കാനിൽ നിർമ്മിച്ച ബസ്സലിക്കായിലേക്ക് മാറ്റപ്പെട്ടതായി പറയപ്പെടുന്നു. 2) ഫെബ്രുവരി 22-ാം തീയതി അന്ത്യോഖ്യായുടെ ബിഷോപ്പ് എന്ന നിലയിൽ പത്രോസിന്റെ ഓർമ്മ ഒരു പെരുനാളായി ആഘോഷിക്കപ്പെടുന്നു. ഈ സംഗതിയും മേൽപറഞ്ഞ കലണ്ടറിന്റെ കാലത്തുതന്നെ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. 3) എട്ടാം നൂറ്റാണ്ടു മുതൽ അദ്ദേഹത്തിന്റെ റോമാ ബിഷോപ്പ് സ്ഥാനത്തിന്റെ സ്മാരകമായി ജാനുവരി 18-ാം തീയതി പെരുനാൾ ആഘോഷിക്കുന്നു. 4) 9-ാം നൂറ്റാണ്ട് മുതൽ വി. പത്രോസിന്റെ കാരാഗൃഹവാസത്തിന്റെ സ്മാരകമായി ഓഗസ്റ്റ് 1-ാം തീയതി ഒരു പെരുനാളായി ആഘോഷിച്ചു വരുന്നു. (Enc. Bri Vol. 18, Page 696).

റോമാക്കാർ പ. പത്രോസ് തന്റെ സിംഹാസനം അന്ത്യോഖ്യായിൽ സ്ഥാപിച്ചു എന്നു പ്രവർത്തിയാൽ സ്വീകരിക്കുകയും തന്റെ സിംഹാസനസ്ഥാപനപ്പെരുനാൾ ഫെബ്രുവരി 22-ാം തീയതി ആഘോഷിക്കുകയും ചെയ്യുന്നു. എങ്കിലും അതിന്റെ അംഗങ്ങളായ ചിലർ ഈ പരമാർത്ഥം മറിച്ചുകളഞ്ഞ് വി. പത്രോസ് ശ്ലീഹാ തന്റെ സിംഹാസനം അന്ത്യോഖ്യയിൽനിന്നു റോമായിലേക്കു മാറ്റിയെന്നു പറയുന്നു. (അന്ത്യോഖ്യയിൽ വി. സിംഹാസനം സ്ഥാപിച്ചത് ഒരു തെറ്റായ പ്രവൃത്തി ആയി പോയതുപോലെ) അവരുടെ വ്യർത്ഥവിചാരത്തെ സ്ഥാപിക്കുന്നതിന് റോമിൽവച്ചുള്ള വി. പത്രോസ് ശ്ലീഹായുടെ സാക്ഷിമരണസംഭവത്തെയാണു കൊണ്ടുവരുന്നത്. എന്നാൽ അവരുടെ ഈ അഭിപ്രായം ശരിയല്ലെന്നുള്ളത് വ്യക്തമാണ്. ഒന്നാമത് ആ ചിന്ത ബുദ്ധിക്കോ സഭാചരിത്രത്തിനോ ചേർന്നതല്ല. എന്തുകൊണ്ടെന്നാൽ വി. പത്രോസ് അപ്പോസ്തലൻ ചില സഭകളെ സന്ദർശിച്ചുകൊണ്ടിരുന്നുവെന്ന സംഗതിയാൽ തന്റെ സിംഹാസനത്തെ ആ സ്ഥലങ്ങളിലേക്ക് മാറ്റിമാറ്റിക്കൊണ്ടിരുന്നുവെന്നു വിവക്ഷിക്കുന്നതു ന്യായമല്ല. എന്തുകൊണ്ടെന്നാൽ സിംഹാസനം ഇപ്രകാരം മാറ്റപ്പെട്ടുകൊണ്ടിരിക്കാവുന്നതല്ല. അങ്ങനെ അല്ലായിരുന്നുവെങ്കിൽ നാം മുമ്പു കണ്ടമാതിരി അനേക സ്ഥലങ്ങളെ വി. അപ്പോസ്തലൻ സന്ദർശിച്ചുകൊണ്ടിരുന്നതിനാൽ ആ സന്ദർശനരീതിയനുസരിച്ച് അനേകസിംഹാസനങ്ങൾ ഉണ്ടാകേണ്ടതായിരുന്നു. അങ്ങനെ നാം കാണുന്നില്ല. തൻനിമിത്തം ബുദ്ധിക്കും ചരിത്രസത്യത്തിനും ഈ വാദം യോജിച്ചതല്ല. മാത്രമല്ല ഈ അഭിപ്രായഗതി വി. സഭാസ്ഥാപനത്തിൽ ദൈവോദ്ദേശത്തിനു വിരുദ്ധവുമാണ്. എന്തെന്നാൽ മുമ്പു കണ്ട പ്രകാരം വി. പത്രോസിനെ ദൈവം പരിച്ഛേദനക്കാർക്കായി വേർതിരിച്ചിരുന്നു. അതുകൊണ്ട് ദൈവം വി. പൗലൂസ് ശ്ലീഹായെ ആരുടെ അപ്പോസ്തോലനായി വേർതിരിച്ചുവോ ആ ജാതികളുടെ തലസ്ഥാനമായ റോമിൽ ഈ പ്രമാണത്തെ അതിലംഘിച്ച് വി. പത്രോസ് പോകുമെന്നു വിശ്വസിപ്പാൻ ന്യായമില്ല. (പ്രക്. 9:15, ഗലാത്യ. 2:7) ആകയാൽ റോമാസിംഹാസനം ഏ.ഡി. 61-ൽ വി. പൗലൂസിനാൽ സ്ഥാപിക്കപ്പെട്ടു. അതിനെ സംബന്ധിച്ച് അന്യത്ര വിവരിക്കുന്നതാണ്. അതിന്റെ സ്ഥാപനത്തിൽ വി. പത്രോസിന് അശേഷവും ബന്ധമില്ലായിരുന്നു. റോമായിലുള്ള വി. പത്രോസിന്റെ സാക്ഷിമരണത്തിൽനിന്ന് അവരുടെ അഭി

മുമ്പ് പറയപ്പെട്ട അഞ്ച് പട്ടണങ്ങളിലെ ക്രിസ്ത്യാനികളെ പ്രബോധിപ്പിക്കുന്നതിനായി ഇദ്ദേഹം രണ്ട് ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. വി. പിതാക്കന്മാർ സാക്ഷിക്കുന്ന പ്രകാരം അവയിൽ ഒന്നാമത്തേത് 'ബാബേൽ' എന്ന് അദ്ദേഹം നാമകരണം ചെയ്തിരിക്കുന്ന

---

പ്രായങ്ങളെ ശേഖരിക്കുന്നതിനാൽ അത് ചരിത്രത്തെ കളങ്കപ്പെടുത്തുന്നതും ലോകത്തെ തെറ്റിദ്ധരിപ്പിക്കുന്നതുമായ ഒന്നാണ്. എന്തെന്നാൽ വി. പത്രോസ് തന്റെ സിംഹാസനം അന്ത്യോഖ്യായിൽ സ്ഥാപിച്ചു. അവിടെ ഏറിയനാൾ താൻ ഇരുന്നതിനുശേഷം ശ്ലൈഹിക സഞ്ചാരത്തിനായി അവിടെനിന്നു പുറപ്പെട്ട് പല പട്ടണങ്ങൾ സന്ദർശിച്ച കൂട്ടത്തിൽ റോമാപട്ടണവും സന്ദർശിച്ചു. അവിടെവച്ച് ഒന്നോ ഒന്നരയോ കൊല്ലങ്ങൾക്കുശേഷം താൻ രക്തസാക്ഷിയായി മരിച്ചു. ആകയാൽ തന്റെ പ്രാതിനിധ്യം അന്ത്യോഖ്യയിൽനിന്നെടുത്ത് റോമിലേക്കു കൊടുക്കുന്നതെങ്ങനെ? മരിച്ചുപോയ ഒരു പിതാവിന്റെ അവകാശം അദ്ദേഹം അന്യദേശത്തുപോയി വ്യാപാരം ചെയ്ത് അവിടെവച്ചു മരിച്ചുപോയാൽ തന്റെ പുത്രനുള്ള അവകാശം അന്യാധീനപ്പെട്ട സമ്പ്രദായം ഒരിക്കലും നീതീകരിക്കാവുന്നതല്ല. ഉദാഹരണമായി അന്ത്യോഖ്യായുടെ പാത്രിയർക്കീസായിരുന്ന മോറാൻ മോർ ഏലിയാസ്തൃതീയൻ മലബാറിലെ പര്യടനവേളയിൽ ഓമല്ലൂർവച്ച് ചരമമടഞ്ഞ് അവിടെ കബറടക്കപ്പെട്ടു എന്നതിനാൽ പ. പാത്രിയർക്കാസിംഹാസനം മലബാറിൽ ആയിത്തീർന്നു എന്നു വരുമോ?

റോമാക്കാർ എട്ടാം നൂറ്റാണ്ടുമുതൽ മാത്രമേ റോമായിലുള്ള വി. പത്രോസിന്റെ "എപ്പിസ്കൂഫൂസാസ്ഥാനസ്മരണ" ആഘോഷിക്കുന്നതിന് ജനുവരി 18-ാംതീയതി പെരുനാളായി ഗണിപ്പാൻ തുടങ്ങിയുള്ളു. എന്നാൽ ഇതിനു വളരെക്കാലങ്ങൾക്കു മുമ്പുതന്നെ വി. പത്രോസ് ശ്ലീഹായുടെ അന്ത്യോഖ്യയിലുള്ള എപ്പിസ്കൂപ്പാസ്ഥാനത്തിന്റെയും അന്ത്യോഖ്യയിലെ തന്റെ സിംഹാസനസ്ഥാപനത്തിന്റെയും പെരുനാൾ ഫെബ്രുവരി 22-ാം തീയതി റോമാക്കാർ ആഘോഷിച്ചുവന്നിരുന്നു. ഇതു മാത്രമല്ല റോമായിലെ പ്രാചീന എപ്പിസ്കൂപ്പന്മാർ എല്ലാവരും പറഞ്ഞുവന്നിരുന്നത് തങ്ങൾ വി. പത്രോസിന്റെയും വി. പൗലൂസിന്റെയും പ്രതിപുരുഷന്മാർ എന്നായിരുന്നു. ഈ സംഗതിയെ സ്ഥിരപ്പെടുത്തുന്ന റോമായിലെ പുരാതന എപ്പിസ്കൂപ്പന്മാരുടെ പട്ടികകളുണ്ട്. റോമായിലെ "ഏലോത്തേറിയൂസിന്റെ" കാലത്ത് റോമാസഭയിൽ സ്വീകൃതമായിരുന്ന 12 എപ്പിസ്കൂപ്പന്മാരുടെ പേരുകളുടെ ഗ്രീക്ക് പട്ടിക പ്രത്യേകം സ്മരണീയമാണ്. (രണ്ടാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടം.) ഈ പട്ടികയുടെ മുകളിൽ പത്രോസിന്റെയും പൗലൂസിന്റെയും പേരുകൾ ഒരുമിച്ചു ചേർത്തിട്ടുണ്ട്. (സംശയസ്ഥാനത്തെന്നപോലെ ആയിരിക്കുമോ?) അതിന്റെ ശേഷമാണ് പൗലൂസിന്റേതുപേക്ഷിച്ച് പത്രോസിന്റേതു ശേഷിപ്പിച്ചത്. ഇതിനുംപുറമെ വി. ഈറീനീവോസും എഴുത്തുകാരനായ ഹീജീസിഫോസും റോമാചരിത്രകാരന്മാരും ശ്ലീഹന്മാർക്കുശേഷം റോമായിലെ ആദ്യത്തെ എപ്പിസ്കൂപ്പാ പൗലൂസിന്റെ ശിഷ്യനായ ലീനോസ് ആകുന്നുവെന്നും (2 തീമോ. 4:21) അദ്ദേഹത്തിന്റെ ശേഷം അനക്‌ലീത്തോസും ആകുന്നുവെന്നും പറയുന്നു. ഇവരിരുവരും പത്രോസ് ശ്ലീഹാ ജീവിച്ചിരിക്കുമ്പോൾതന്നെ ചരമഗതി പ്രാപിച്ചു. അതിന്റെശേഷം പൗലൂസിന്റെ ശിഷ്യനായ (ഫിലിപ്പ് 4:3) ക്ലീമ്മീസ് വാഴിക്കപ്പെട്ടു. പത്രോസ്ശ്ലീഹാ റോമായുടെ പ്രത്യേക എപ്പിസ്കൂപ്പാ ആയിരിക്കയും സഭയൊക്കെയുടെയും പരമാധികാരവും തന്നിൽതന്നെ നിക്ഷിപ്തമായിരിക്കയും ചെയ്തിരുന്നുവെന്നുവരികിൽ മേൽ പറയപ്പെട്ടവർ ഇരുവർക്കും സഭയു

ഊർശ്ലേമിൽനിന്നയച്ചു. രണ്ടാമത്തേത് ഇറ്റലിയിൽനിന്ന് എഴുതിയിരിക്കാം.[16] തന്റെ ശിഷ്യനായ വി. മർക്കോസിന്റെ ഏവൻഗേലിയോൻ തന്റെ മേൽനോട്ടത്തിൽ എഴുതപ്പെട്ടുവെന്നു പറയപ്പെടുന്നു. മ്ശിഹാതമ്പുരാൻ വി. പത്രോസിനെ പുകഴ്ത്തിപ്പറയുന്ന അനേക വാക്യങ്ങൾ എഴുതാതെ വിട്ടിട്ട് അതിനെതിരായിട്ടുള്ള ഭാഗങ്ങൾ എഴുതിയിരിക്കുന്നതിൽ നിന്ന് ഈ സംഗതി മനസ്സിലാക്കാം.

---

ടെമേൽ പരമാധികാരം ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല അവർ റോമാസഭയുടെ എപ്പിസ്കൂപ്പന്മാരായിപ്പോലും ഗണിക്കപ്പെട്ടുകൂടാത്തതുമാകുന്നു. റോമായിലെ എപ്പിസ്കൂപ്പന്മാരെന്നനിലയിൽ സഭയുടെ മേൽ പത്രോസ് ഇവർക്കു പരമാധികാരം നൽകിയെങ്കിൽ പത്രോസ് റോമായുടെ പ്രത്യേക എപ്പിസ്കൂപ്പാ ആയിരുന്നില്ലെന്നു മാത്രമല്ല തന്റെ ജീവകാലത്തുതന്നെ പരമാധികാരം തന്നിൽനിന്നും ഇവരിലേക്കു മാറിപ്പോയതിനാൽ സഭയുടെ മേൽ തനിക്ക് പരമാധികാരം ശേഷിച്ചിട്ടുമില്ലല്ലോ.

16 പത്രോസ്ശ്ലീഹാ തന്റെ ഒന്നാം ലേഖനം എഴുതിയ സ്ഥലമായ ബാബേലിനെ (1 പത്രോ. 5:13) ക്കുറിച്ച് വ്യാഖ്യാതാക്കളുടേയും ചരിത്രകാരന്മാരുടേയും ഇടയിൽ അഭിപ്രായവ്യത്യാസമുണ്ട്. അസീറിയായിലെ ബാബേൽ ആണെന്നു ചിലർ പറയുന്നു. വേറെ ചിലർ ഈജിപ്തിലെ ബാബിലോൺ എന്നു പറയുന്നു. എന്നാൽ വി. മോർ അപ്രേം (എ.ഡി 373+) സ്രൂഗിലെ വി. യാക്കോബ് (എ.ഡി. 521+) (പെന്തിക്കുസ്തിയെക്കുറിച്ചുള്ള അവരുടെ മിമ്രോ* കളിൽ) ബർസ്ലീബി, (1 പത്രോ. 5:13-ന്റെ വ്യാഖ്യാനത്തിൽ) ബാർ എബ്രോയോ, (*ഔസർറോസേ* എന്ന പുസ്തകത്തിൽ) ശേഷം സുറിയാനി പിതാക്കന്മാർ എന്നിവർ ഊർശ്ലേമിലുള്ള വിഖ്യാതമായ മാളികയിൽവച്ച് പെന്തിക്കുസ്തി ദിവസം വിവിധ ഭാഷകളുടെ നൽവരം അവർക്കു ലഭിച്ചതിനാൽ 'ബാബേൽ' എന്ന് ഇതിനു നാമകരണം ലഭിച്ചുവെന്നുള്ള അഭിപ്രായക്കാരാണ്.

*Metrical homilies (മിമ്രോ—ഏകവ്ചനരൂപം)

## അദ്ധ്യായം 14

# വി. അന്ത്രയോസ്, യാക്കൂബ്, യൂഹാനോൻ

### അന്ത്രയോസ്

നമ്മുടെ കർത്താവ്, ശിഷ്യസ്ഥാനത്തേക്ക് വിളിച്ചവരിൽ ഒന്നാമനായി നാം അറിയുന്നു. ഇദ്ദേഹം ബെത്സൈദാ ഗ്രാമത്തിൽ ജനിച്ചു. താൻ ആദ്യം യൂഹാനോൻ മാംദാനായുടെ ശിഷ്യനായിരുന്നു. "ഇതാ ദൈവത്തിന്റെ കുഞ്ഞാട്" എന്ന് യൂഹാനോൻ രണ്ടാം പ്രാവശ്യം മ്ശിഹായെക്കുറിച്ചു സാക്ഷിക്കുന്നത് അദ്ദേഹം കേട്ടപ്പോൾ ഈ ശിഷ്യൻ യൂഹാനോന്റെ മറ്റൊരു ശിഷ്യനൊന്നിച്ച് യേശുവിനെ അനുഗമിച്ചു. ആ ദിവസം മുതൽ യേശുവിനോടുകൂടി താമസിക്കുകയും അദ്ദേഹത്തിന്റെ വചനങ്ങളും പ്രവൃത്തികളും സൂക്ഷ്മമായി നിരീക്ഷിക്കുകയും തൽഫലമായി വരുവാനിരിക്കുന്ന മ്ശിഹാ ഇദ്ദേഹംതന്നെ എന്ന് വിശ്വസിക്കുകയുംചെയ്തു. മററുള്ളവരെക്കൂടി യേശുവിങ്കലേക്കു കൊണ്ടുവരേണ്ടതിന് അനന്തരം യേശുവിന്റെ അടുക്കൽനിന്നും അദ്ദേഹം പുറപ്പെട്ടു. ആദ്യമായി തന്റെ സഹോദരൻ ശെമവൂനെ മ്ശിഹായിങ്കലേക്കു കൊണ്ടുവന്നു. അടുത്ത ദിവസം യേശുവുമൊന്നിച്ച് ഗലീലായിലെ 'കൊത്തിനെ' നഗരത്തിലെ കല്യാണവിരുന്നിൽ സംബന്ധിപ്പാൻ പോയി. അനന്തരം തന്റെ ആദ്യതൊഴിലിലേക്കുതന്നെ തിരിഞ്ഞു. ഏതാനും മാസങ്ങൾക്കുശേഷം തന്റെ സഹോദരൻ പത്രോസിന്റെ ചരിത്രത്തിൽ കാണപ്പെടുന്ന പ്രകാരം ശിഷ്യസ്ഥാനത്തേക്കു താൻ വിളിക്കപ്പെട്ടു. അന്നുമുതൽ വി. അന്ത്രയോസ് മ്ശിഹായുടെ സ്ഥിരശിഷ്യനായിത്തീർന്നു.

വി. മത്തായിയുടെയും ലൂക്കോസിന്റെയും സുവിശേഷങ്ങളിൽ വി. ശ്ലീഹന്മാരുടെ പേരുകളുടെ പട്ടികയിൽ വി. അന്ത്രയോസിന്റെ പേർ രണ്ടാമതായി കാണുന്നു. എന്നാൽ വി. മർക്കോസിന്റെ പുസ്തകത്തിലും പ്രക്സീസിലും ഈ പേർ നാലാമതായിട്ടാണ് കാണുന്നത്. അതായത്, വി. പത്രോസ്, യാക്കൂബ്, യോഹന്നാൻ എന്നിവരുടെ പേരുകൾക്കു പിന്നാലെയും പീലിപ്പോസിന്റെ പേരിനുമുമ്പും ആണെന്നും ശ്ലീഹന്മാരുടെ ഇടയിൽ ഇദ്ദേഹത്തിനു സ്ഥാനം രണ്ടാമത് പറഞ്ഞതിൽനിന്നും നമുക്കു മനസ്സിലാകുന്നു. എന്തെന്നാൽ മർക്കോസ് 13:3-ൽ

---

*കാനാ (യോഹ. 2:1)

വി. പത്രോസ്, യാക്കോബ്, യോഹന്നാൻ, അന്ത്രയോസ് (നാലാമതായി) എന്നിവർ കർത്താവിന്റെ രണ്ടാമത്തെ വരവിനെപ്പറ്റി രഹസ്യമായി ആരായുന്നതായി കാണുന്നു. യൂഹാ. 12:22-ൽ കർത്താവിനെ കാണുവാൻ ചില പുറജാതികൾ ആഗ്രഹിച്ചപ്പോൾ അവർ വി. പീലിപ്പോസിന്റെ അടുക്കൽ വരികയും പീലിപ്പോസ് ആ വിവരം അന്ത്രയോസിനെ അറിയിക്കുകയും അങ്ങനെ അവർ ഇരുവരുംകൂടി കർത്താവിന്റെ അടുക്കൽ അപേക്ഷിക്കുകയും ചെയ്തതായി കാണുന്നു.

മ്ശിഹാതമ്പുരാൻ മരുഭൂമിയിൽവച്ച് അയ്യായിരംപേരെ പോഷിപ്പിക്കുവാനാഗ്രഹിച്ചപ്പോൾ അഞ്ചപ്പവും രണ്ടു മീനും ഉണ്ടായിരുന്ന ബാലനെ കണ്ടുപിടിച്ചതും ഇദ്ദേഹംതന്നെ ആയിരുന്നു. മേൽപറഞ്ഞതിൽ കൂടുതലായി വി. വേദത്തിൽനിന്നും ഇദ്ദേഹത്തെക്കുറിച്ചു നാം ഗ്രഹിക്കുന്നില്ല. പ്രക്സീസിൽത്തന്നെയും ഇദ്ദേഹത്തിന്റെ പേർ ശ്ലീഹന്മാരുടെ പട്ടികയിൽ കാണുന്നതല്ലാതെ മറ്റൊന്നുമില്ല. എന്നാൽ ചരിത്രത്തിൽ നാം കാണുന്ന പ്രകാരം ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവ് ആവസിച്ചതിന്റെ ശേഷം ഇദ്ദേഹം സുവിശേഷവേലയ്ക്കായി സിക്കീത്തിയാ, ഏഷ്യാമൈനർ, താറാക്കിയാ, കരിങ്കടലിനു ചുറ്റുമുള്ള കപ്പദൂക്യാ, ബിഥുന്യാ, ഗലാത്യാ എന്നീ സ്ഥലങ്ങളിലും പിന്നീട് പേബൂസന്ത്യ എന്നീ സ്ഥലങ്ങളിൽക്കൂടി യൗനായപ്രദേശങ്ങളിലുള്ള ആഖായിലേക്കു പോകുകയും ചെയ്തു. പത്രോസ് പട്ടണങ്ങളിൽ സുവിശേഷിച്ച് അനേകരെ സത്യവിശ്വാസത്തിലേക്കാകർഷിച്ചു. അവിടെനിന്ന് വിഗ്രഹാരാധന മാഞ്ഞുപോകുമായിരുന്നു. എന്നാൽ ആ ദേശാധിപനായ “ആജീയ” ഈ വ്യത്യാസം ഗ്രഹിച്ചിട്ട് ക്രിസ്ത്യാനികളെ പീഡിപ്പിച്ചു തുടങ്ങുകയും അന്ത്രയോസ് ശ്ലീഹായെ പിടികൂടുകയുംചെയ്തു. അവർ തമ്മിൽ വലിയ വാഗ്വാദം നടന്നു. വി. അന്ത്രയോസ് ശ്ലീഹാ വിഗ്രഹാരാധനയിലേക്കു വഴിപ്പെടുത്തുവാൻ സാധിക്കാതെയായപ്പോൾ നാടുവാഴി അദ്ദേഹത്തെ ചമ്മട്ടികളാൽ രക്തമൊഴുകുന്നതുവരെ അടിപ്പിക്കുകയും പിന്നീടു ക്രൂശിപ്പാൻ കല്പിക്കുകയുംചെയ്തു. എന്നാൽ ആ പരിശുദ്ധൻ സ്ലീബായെ ആലിംഗനം ചെയ്യുവാൻ സസന്തോഷം പടയാളികളോടൊരുമിച്ചു പോയി. അദ്ദേഹത്തെ ക്രൂശിച്ചപ്പോഴാകട്ടെ ഇരുപതിനായിരത്തോളം വിശ്വാസികൾ ഒരുമിച്ചു കൂടുകയും അവരെ കണ്ടുഭയന്ന് നാടുവാഴി വിശുദ്ധനെ താഴെയിറക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ കെട്ടുകളെ അഴിക്കുവാൻ പടയാളികൾ തങ്ങളുടെ കൈകൾ നീട്ടിയപ്പോൾ അവ വരണ്ടുപോയി. അപ്പോൾ ആ പരിശുദ്ധൻ തന്റെ പോരാട്ടം പൂർണ്ണമാക്കുന്നതിനുമുമ്പ് തന്നെ താഴെയിറക്കുവാൻ അനുവദിക്കരുതെന്ന് ദൈവത്തോടു പ്രാർത്ഥിച്ചു. പെട്ടെന്നു തന്റെ മുഖം ശോഭിച്ചു. അരമണിക്കൂർ സമയം ആ സ്ഥിതിയിൽ ഇരുന്നശേഷം കർത്താവിൽ നിദ്രപ്രാപിച്ചു. വിശ്വാസികൾ ആ വിശുദ്ധന്റെ ശരീരമെടുത്ത് തന്റെ അദ്ഭുതങ്ങൾ കണ്ടതിൽ വിശ്വസിച്ചവളായ നാടുവാഴിയുടെ പത്നി ‘മക്സിമീല’യുടെ സഹാ

യത്തോടുകൂടി സംസ്കരിച്ചു. ഈ സംഭവം എ.ഡി. 62-ൽ ആയിരുന്നു. കുറേക്കാലത്തിനുശേഷം തന്റെ തിരുശേഷിപ്പ് പത്രാസിൽനിന്നും കുസ്തന്തീനോപ്പോലീസിലേക്കു മാറ്റി. പാപികളെ അനുതാപത്തിലേക്കു തിരിക്കുന്നതിന് ഇദ്ദേഹത്തിന് ഒരു പ്രത്യേക തീക്ഷ്ണതയുണ്ടായിരുന്നതായി പറയപ്പെടുന്നു. അദ്ദേഹം ക്രൂശിക്കപ്പെട്ട സ്ലീബായുടെ ആകൃതി Crux decussata-യിൽ (X) ഉള്ളതായിരുന്നു. ഈ രീതിയിലുള്ള ക്രൂശ് ഇന്നുവരെയും "വി. അന്ത്രേവോസിൻ കുരിശ്" എന്ന പേരിനാൽ അറിയപ്പെടുന്നു.[1]

## മോർ യാക്കോബ് റാബോ*

ഇദ്ദേഹം ബദ്സൈദാ പട്ടണക്കാരനും സെബൂലൂൻ ഗോത്രക്കാരനുമാണ്. പിതാവിന്റെ പേർ സെബദി എന്നും മാതാവിന്റെ പേർ ശോലും എന്നുമാണ്.

ഗലീലാക്കടലിന്റെ തീരത്ത് സഹോദരനായ യൂഹാനോടുകൂടി വളർന്നുവന്നു. ഏവൻഗേലിസ്തന്മാർ അവരുടെ പിതാവിന്റെ കൂലിക്കാരെക്കുറിച്ചും അവരുടെ അമ്മയുടെ സമ്പാദ്യത്തെക്കുറിച്ചും യൂഹാനോന്റെ ഭവനത്തെക്കുറിച്ചും അനുസ്മരിപ്പിക്കുന്നതുകൊണ്ട് സെബദിമക്കൾ സാധാരണ നിലയിൽനിന്നും ധനസ്ഥിതിയിൽ ഒരുവിധം ഉയർന്നവരായിരുന്നുവെന്ന് നമുക്കു മനസ്സിലാക്കുവാൻ കഴിയും. വി. യാക്കോബും സഹോദരൻ യൂഹാനോനും തങ്ങളുടെ സഖാക്കളായ ശെമവൂൻ, അന്ത്രയോസ് എന്നിവരെപ്പോലെതന്നെ യൂഹാനോൻ മാംദോനോയുടെ ശിഷ്യന്മാരായിരുന്നിരിപ്പാൻ ഇടയുണ്ട്. വി. യാക്കോബിനെപ്പറ്റി നാം കേൾക്കുന്നത് വസന്തകാലത്തോ ശരൽക്കാലത്തോ ആണ്. മോർ യാക്കോബ് റാബോ പിതാവായ സെബദിയോടുകൂടി സഹോദരനായ യോഹന്നാനുമൊരുമിച്ച് ഗലീലാതീരത്ത് തങ്ങളുടെ വലകൾ കഴുകിക്കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ കടൽതീരത്തുകൂടി നടന്നുവരുന്ന പുതിയ ഉപദേഷ്ടാവായ യേശുതമ്പുരാനെ അവർ കണ്ടെത്തി. ഈ രണ്ടു സഹോദരന്മാരേയും യേശു വിളിച്ചു. ഇത് വി. പത്രോസിനെയും അന്ത്രയോസിനെയും വിളിച്ചതിനു ശേഷമായിരുന്നു. "അവരെ മനുഷ്യരെ പിടിക്കുന്നവരാക്കാം" എന്ന് യേശുതമ്പുരാൻ അവരോട് വാഗ്ദത്തം ചെയ്തു. ഉടനെ അവർ സകലവും ഉപേക്ഷിച്ചിട്ട് തന്നെ അനുഗമിച്ചു. അതിനുശേഷം പനിപിടിച്ചുകിടന്നിരുന്ന, പത്രോസിന്റെ അമ്മാവിഅമ്മയെ യേശുതമ്പുരാൻ സൗഖ്യമാക്കിയപ്പോൾ അവിടെ കൂടിയിരുന്നവരുടെ ഇടയിൽ വി. യാക്കോബിനേയും നാം കാണുന്നുണ്ട്. എ.ഡി. 28-ൽ വസന്തകാലത്ത് മറ്റ് പതിനൊന്നു ശിഷ്യന്മാരോടുകൂടി വി. യാക്കോബും ശ്ലീഹാസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. വി. മത്തായിയുടെയും വി. ലൂക്കോസിന്റെയും സുവിശേഷങ്ങളിൽ ശ്ലീഹന്മാരുടെ

1 എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കാ, Vol 2, Page 20, Nineth Edition.

* Great (വലിയവൻ) എന്നർത്ഥം.

പേരുകൾ പറയുന്ന കൂട്ടത്തിൽ വി. യാക്കോബിന്റെ പേർ മൂന്നാമതായി നാം കാണുന്നു. വി. മർക്കോസിന്റെ സുവിശേഷത്തിൽ രണ്ടാമതായിട്ടും ചേർത്തിരിക്കുന്നു. എല്ലായിടത്തും യാക്കോബ് ശ്ലീഹായുടെ പേര് യൂഹാനോൻ ശ്ലീഹായുടെ പേരിനുമുമ്പായി ചേർത്തിരിക്കുന്നു. ഇത് വി. യാക്കോബ് വി. യോഹന്നാന്റെ ജ്യേഷ്ഠസഹോദരനായിരുന്നതു കൊണ്ടോ അല്ലെങ്കിൽ തന്റെ സ്വഭാവവൈശിഷ്ട്യംകൊണ്ടോ ആയിരിക്കാം. കർത്താവ് 12 ശിഷ്യന്മാരെ ശ്ലീഹാസ്ഥാനത്തേക്ക് വേർതിരിച്ചപ്പോൾ സെബദിപുത്രന്മാരായ യാക്കോബിനും യൂഹാനോനും *'ബ്നൈർഗേശ്'** എന്നു പേർ വിളിച്ചു. ഇത് സ്വാഭാവികമായി തന്റെ തീക്ഷ്ണതയേയും പ്രഭാഷണചതുരതയേയും വെളിപ്പെടുത്തുന്നു. വി. ഏവൻഗേല്യോനിൽ കാണിച്ചിരിക്കുന്ന രണ്ട് ഉദാഹരണങ്ങളിൽനിന്നും ഈ സഹോദരന്മാരുടെ സ്വഭാവം ഏറെക്കുറെ മനസ്സിലാക്കാം. അതിൽ ഒന്നാമത്തെ സംഭവം, കർത്താവേ! ഏലിയാവ് ചെയ്തതുപോലെ ആകാശത്തുനിന്നു തീയിറങ്ങി അവരെ നശിപ്പിപ്പാൻ ഞങ്ങൾ പറയുന്നതു നിനക്കു സമ്മതമോ എന്നു യാക്കോബും യോഹന്നാനും ചോദിച്ചതാണ് (ലൂക്കോ. 9:51-54). രണ്ടാമത്തേത്, കർത്താവിന്റെ മഹത്ത്വരാജ്യത്തിൽ അവരിൽ ഒരാൾ ഇടത്തും മറ്റെയാൾ വലത്തും ഇരിക്കണമെന്നു കർത്താവിനോട് അപേക്ഷിച്ചതുമത്രേ (മർക്കോ. 10:35-40). ഇതിൽ ഒന്നാമത്തെ സംഭവം എ.ഡി. 29-ൽ മ്ശിഹായുടെ ഊർശ്ലേമിലേക്കുള്ള യാത്രയുടെ ആരംഭത്തിലും മറ്റത് പ്രസ്തുത യാത്രയുടെ അവസാനത്തിലും (ആദ്യസംഭവം കഴിഞ്ഞ് മൂന്നു മാസത്തിനുശേഷം) ആണ് ഉണ്ടായത്.

ശ്ലീഹന്മാരുടെ കൂട്ടത്തിൽ ഒരു പ്രത്യേക കൂട്ടമായിരുന്ന മൂവരിൽ ഒരാളായിരുന്നു വി. യാക്കൂബ്. നമ്മുടെ കർത്താവിൽനിന്നു പ്രത്യേക വരങ്ങൾ ഇവർക്കു നൽകപ്പെട്ടിരുന്നു. എ.ഡി. 28-ാമാണ്ടു ശരൽക്കാലത്ത് യായിറോസിന്റെ പുത്രിയെ ഉയിർപ്പിച്ചുകാണുവാനും താബോർ മലയിൽവച്ച് മറുരൂപം കാണുവാനും, തന്റെ കഷ്ടാനുഭവരാത്രിയിൽ ഗത്സമനയിൽവച്ചുള്ള പ്രാർത്ഥന കാണുവാനും ഇവരെ മാത്രം യേശു അനുവദിച്ചു. ഊർശ്ലേമിന്റെയും ദൈവാലയത്തിന്റെയും ഭയങ്കരനാശത്തെക്കുറിച്ചുള്ള പ്രവചനം ഗ്രഹിച്ച നാലുപേരിൽ ഒരാൾ ഇദ്ദേഹമായിരുന്നു. എ.ഡി. 30-ൽ ഗത്സമനയിൽവച്ചുള്ള പ്രാർത്ഥനയുടെ സമയം മുതൽ 44-ൽ വി. യാക്കൂബിന്റെ സാക്ഷിമരണത്തിന്റെ കാലംവരെ തന്നെക്കുറിച്ച് വി. പുസ്തകത്തിൽനിന്നും യാതൊന്നും നാം അറിയുന്നില്ല. എന്നാൽ സ്വർഗ്ഗാരോഹണത്തിനുശേഷം മറ്റു ശിഷ്യന്മാരോടും നമ്മുടെ കർത്താവിന്റെ ശ്ലീഹന്മാരോടും കൂടി ഊർശ്ലേമിൽ താമസിച്ച് പ്രാർത്ഥനയിൽ ഉറ്റിരിക്കുകയും പരിശുദ്ധാത്മാവാസത്തിനുവേണ്ടി കാത്തിരിക്കുകയും ചെയ്തുവെന്നുമാത്രം അറിയുന്നു. പാരമ്പര്യമനുസരിച്ച് വി. യാക്കോബ് പരിശുദ്ധാത്മ പൂർണ്ണനായി പ്രസംഗിക്കുകയും ചെയ്തുവെന്നു നാം അറിയുന്നു. അനന്തരം സ്പെയിനിലേക്കു പോയി

*മർക്കോസ് 3.17ൽ 'ഇടിമക്കൾ' എന്ന അർത്ഥവും കൊടുത്തിരിക്കുന്നു. ഈ പദത്തിന്റെ ഏകവചനരൂപം 'ബാർ റ്ഗേഷ്' (സംശോധകൻ)

അവിടെ അനേകം ആളുകൾ വിശ്വസിക്കയും അവർക്കുവേണ്ടി പള്ളി സ്ഥാപിക്കയും ചെയ്തതിനുശേഷം വീണ്ടും യഹൂദ്യയിലേക്കു മടങ്ങിപ്പോന്നു. ഇക്കാലത്തു തന്റെ സഖികളേക്കാൾ അധികം വിശ്വാസത്തിൽ തീക്ഷ്ണത ഇദ്ദേഹം കാണിച്ചിരുന്നുവെന്ന് തീർച്ചയായും പറയാം. ക്രിസ്തീയ സമുദായത്തിൽ പ്രാധാന്യമർഹിക്കുന്ന ഒരു അംഗമെന്ന വണ്ണം അദ്ദേഹത്തെ നാം കാണുന്നു. എന്തെന്നാൽ യഹൂദന്മാർ തിന്മയാകുന്ന ബലിപീഠത്തിൽ ശ്ലീഹന്മാരിൽ ഒരുവനെ ബലികഴിക്കുവാൻ ആഗ്രഹിച്ച് തെരഞ്ഞെടുത്തതിൽ യാക്കൂബ്ശ്ലീഹായ്ക്കു ചിട്ടി*വീണു. ക്രിസ്തീയ സഭയെ ദ്രോഹിക്കണമെന്ന് ആഗ്രഹിച്ചുകൊണ്ട് യഹൂദന്മാർ അരിസ്തോബോലോസിന്റെ പുത്രനായ ഹേരോദേസ് അഗ്രിപ്പാ പ്രഥമന്റെ അടുക്കൽ വി. യാക്കോബിനെക്കുറിച്ച് അന്യായം ബോധിപ്പിച്ചു. രാജാവ് ബലഹീനനും യഹൂദന്മാരാൽ നിരസിതനുമായിരുന്നതുകൊണ്ട് അവരെ പ്രസാദിപ്പിക്കുവാനാഗ്രഹിക്കുകയും എ.ഡി. 44-ൽ പെസഹാദിവസത്തിന് ഏതാനും നാളുകൾക്കുമുമ്പ് വി. യാക്കൂബിനെ കൊലയ്ക്കു വിധിക്കുകയുംചെയ്തു. പ്രക്സീസ് 12:1-2 വരെയുള്ള ഭാഗത്ത് സ്തോഭജനകമായ രീതിയിൽ ഈ സംഗതി രേഖപ്പെടുത്തിയിരിക്കുന്നു. അലക്സന്ത്രിയാക്കാരൻ വി. ക്ലീമ്മീസ് പറയുംപ്രകാരം വി. യാക്കൂബിനെ ന്യായസ്ഥലത്തേക്കു കൊണ്ടുപോയ ആൾ തന്റെ സാക്ഷിയേക്കുറിച്ച് കേട്ടപ്പോൾ ഭ്രമിക്കുകയും താനും ഒരു ക്രിസ്ത്യാനിയാണെന്ന് ഏറ്റുപറയുകയുംചെയ്തു. വീണ്ടും അവരിരുവരും കൂടി കൊണ്ടുപോകപ്പെടുകയും വഴിയിൽവച്ച് യാക്കൂബിനോട് അവർ ക്ഷമാപണം ചെയ്യുകയും അദ്ദേഹം കുറെ ചിന്തിച്ചിട്ട് 'എന്റെ മകനെ! നീ ജീവിച്ച് നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു' എന്നു പറഞ്ഞുകൊണ്ട് അവനെ ചുംബിക്കുകയും ചെയ്തു. ഇപ്രകാരം അവരിരുവരുമൊരുമിച്ച് വധിക്കപ്പെട്ടു. വി. യാക്കൂബിന്റെ ശരീരം സ്പെയിനിലേക്കു കൊണ്ടുപോയി Compostella എന്ന സ്ഥലത്ത് ആഘോഷത്തോടുകൂടി കബറടക്കപ്പെട്ടു.[2] എന്നാൽ അഗ്രിപ്പാരാജാവിന്റെ ഈ ദുഷ്കൃത്യത്തിന് ഒരു ശിക്ഷയെന്നവിധത്തിൽ ഒരു ദൈവദൂതൻ അവനെ അടിക്കുകയും അവൻ കൃമികൾക്ക് ഇരയായി ദുർമരണം പ്രാപിക്കുകയും ചെയ്തു.

## വി. യൂഹാനോൻ ശ്ലീഹാ

ഇദ്ദേഹം സെബദിപുത്രനായ യാക്കോബിന്റെ സഹോദരനാണ്. ആദ്യം യൂഹാനോൻ മാംദോനോയുടെ ഒരു ശിഷ്യനായിരുന്നു. വ്യാഖ്യാതാക്കൾ പറയുന്നത് യൂഹാനോൻ മാംദോനോ മ്ശിഹായെക്കുറിച്ച് 'ഇദ്ദേഹമാകുന്നു ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' എന്നു സാക്ഷിച്ചപ്പോൾ (യൂഹാ. 1:37-40) അന്ത്രയോസി

---

2 *എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കാ,* 9th Vol 13, Page 552.

* നറുക്കു

നോടുകൂടി മ്ശിഹായെ അനുഗമിച്ച മറ്റേ ശിഷ്യൻ ഇദ്ദേഹമാണെന്നത്രെ. ആ സമയംമുതൽ സത്യത്തേയും നീതിയേയും ആഗ്രഹിച്ച് അന്വേഷിച്ചിരുന്ന ഒരുവൻ എന്നപോലെ യേശു ഇദ്ദേഹത്തെ സ്നേഹിച്ചിരുന്നു. യേശു ആ രാത്രിയിൽ അവരോട് സംസാരിച്ച വചനങ്ങൾ വി. വേദപുസ്തകത്തിൽ എഴുതപ്പെട്ടിട്ടില്ലെങ്കിലും അവ അവരെ ആകർഷിക്കുന്നതിന് മതിയായ വിധമായിരുന്നുവെന്ന് നമുക്ക് ഊഹിക്കാം. അവിടെനിന്ന് ഹാനോനും സഖാക്കളും പുതിയ ഉപദേഷ്ടാവിനോടുകൂടി ഗലീലായിലേക്കു പോകുകയും 'കൊത്തിനെ' നഗരത്തിൽ വിരുന്നിന് സംബന്ധിക്കുകയുംചെയ്തു. അവിടെനിന്ന് കഫർന്നഹൂമിലേക്കും ഊർശ്ലേമിലേക്കും പോയി. അനന്തരം ശെമറീൻവഴി അവർ തിരികെ പോന്നു. യേശുതമ്പുരാൻ ഗലീലകടലിൽവച്ച് അവരെ വീണ്ടും വിളിക്കുന്നതുവരെ അവർ തങ്ങളുടെ പഴയജോലിയിൽ ഏർപ്പെട്ടിരുന്നു. അതിനുശേഷം പത്രോസിന്റെ അമ്മാവിയമ്മയെ സൗഖ്യമാക്കിയ അവസരത്തിൽ യൂഹാനോനെ അവിടെ നാം കാണുന്നുണ്ട്. എ.ഡി. 28-ലെ വസന്തത്തിൽ മറ്റ് ശിഷ്യന്മാരോടുകൂടെ ശ്ലീഹാസ്ഥാനത്തേക്ക് താനും വിളിക്കപ്പെട്ടു. മത്തായി, ലൂക്കോസ് എന്നിവരുടെ ഏവൻഗേലിയോനുകളിൽ യൂഹാനോൻ ശ്ലീഹായുടെ പേർ നാലാമതായും വി. മർക്കോസിന്റെ സുവിശേഷത്തിലും പ്രക്സീസിലും മൂന്നാമതായും കാണപ്പെടുന്നു. അന്ത്രയോസ് ശ്ലീഹായുടെ ചരിത്രത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം വി. യൂഹാനോന്റെ സ്ഥാനം ശ്ലീഹന്മാരുടെയിടയിൽ മൂന്നാമതുതന്നെയാണെന്നു മനസ്സിലാകുന്നു. ഇദ്ദേഹം അവരെല്ലാവരിലും പ്രായം കുറഞ്ഞവനായിരുന്നു. യേശുതമ്പുരാനോടുള്ള സ്നേഹവും തീക്ഷ്ണതയും നിമിത്തം ഇദ്ദേഹം യേശുവിന്റെ അടുക്കൽ വന്ന് ഇപ്രകാരം പറയുന്നു. "റബീ! നിന്റെ നാമത്തിൽ ഒരുവൻ ഭൂതങ്ങളെ പുറത്താക്കുന്നത് ഞങ്ങൾ കണ്ടു. നിന്നെ അനുഗമിക്കാത്തതിനാൽ ഞങ്ങൾ അവനെ വിരോധിച്ചു." എ.ഡി. 28-ൽ യായിറോസിന്റെ പുത്രിയെ ഉയിർപ്പിച്ചപ്പോഴും 29-ൽ താബോറിലെ മറുരൂപസമയത്തും 30-ലെ വസന്തകാലത്തെ ഗത്സീമോനിലെ പ്രാർത്ഥനാസമയത്തും സന്നിഹിതരായിരുന്ന മൂവരിൽ ഒരുവൻ വി. യൂഹാനോനായിരുന്നു. ഊർശ്ലേമിനേയും ദൈവാലയത്തേയും പറ്റിയുള്ള മ്ശിഹാതമ്പുരാന്റെ പ്രവചനം കേട്ടിരുന്ന നാലുപേരിലൊരുവൻ ഇദ്ദേഹമായിരുന്നു. മ്ശിഹായിക്ക് പെസഹാ ഒരുക്കുവാൻ നിയുക്തരായത് വി. പത്രോസും യൂഹാനോനുമായിരുന്നു. മ്ശിഹാ പിടിക്കപ്പെടുകയും ശിഷ്യന്മാരെല്ലാം ഓടിപ്പോകുകയും ചെയ്തപ്പോൾ ഇവർ ഇരുവരും മാത്രം തന്റെ കൂടെ നിന്നിരുന്നു. പുനരുത്ഥാനാനന്തരം മറിയംമഗ്ദലൈത്താ ഉയിർത്തെഴുന്നേല്പിൻ സുവിശേഷം വഹിച്ചുകൊണ്ട് ഓടിച്ചെല്ലുന്നതും ഇവരുടെ അടുക്കലേക്കുതന്നെ. അവരിരുവരുംകൂടെ കബറിലേക്ക് ഓടുകയും യൂഹാനോൻ ശെമവൂനു മുമ്പ് കബറിനെ നോക്കി, "കേത്താനകൾ" കിടന്നിരുന്നതായി കാണുകയും ചെയ്തുവെങ്കിലും കബറിലേക്ക്

അദ്ദേഹം അപ്പോൾ പ്രവേശിച്ചില്ല. ശെമവൂൻ തന്റെ പിന്നാലെ വന്ന് കബറിങ്കലേക്കു പ്രവേശിച്ചു. മ്ശിഹായുടെ പുനരുത്ഥാനശേഷം തീബേ റിയോസ് കടൽ തീരത്തുവച്ച് ശിഷ്യന്മാർക്കു കാണപ്പെടുകയും അവ രൊരുമിച്ചു ഭക്ഷണം കഴിക്കുകയുംചെയ്തു. തുടർന്നു തന്നെ അനുഗമി ക്കുന്നതിന് ശെമവൂനെ വിളിച്ചപ്പോൾ യൂഹാനോനും അനുഗമിച്ചു. ഈ അവസരത്തിൽ തനിക്കു സംഭവിക്കുവാനിരിക്കുന്നതിനെ മാത്രമറി ഞ്ഞതിൽ പത്രോസ് തൃപ്തിപ്പെടാതെ യൂഹാനോനും എന്തു സംഭവി ക്കുമെന്ന് അന്വേഷിക്കുന്നതിൽനിന്ന് ഈ രണ്ട് ശിഷ്യന്മാരുടെയും പരസ്പരസ്നേഹം നമുക്കു ഗ്രഹിക്കാം. സ്വർഗ്ഗാരോഹണം, പരിശു ദ്ധാത്മാവാസം എന്നിവയ്ക്കുശേഷം അവർ രണ്ടുപേരുംകൂടി പ്രാർ ത്ഥിക്കുന്നതിന് ദൈവാലയത്തിലേക്കു പോകുന്നതായും, അവർ ഒരു മിച്ച് യഹൂദന്മാരുടെ സംഘത്തിൽ വിസ്തരിക്കപ്പെടുന്നതിന് നില്ക്കു ന്നതായും വിശ്വസിച്ചവരായ ശമര്യർക്ക് പരിശുദ്ധാത്മാവിനെ നൽകു വാൻ അവരിരുവരും ശ്ലീഹന്മാരാൽ അയയ്ക്കപ്പെടുന്നതായും നാം കാണുന്നു.

യേശുവിനാൽ ഏററവും സ്നേഹിക്കപ്പെട്ടിരുന്നതുകൊണ്ട് യോഹ ന്നാൻ രഹസ്യമായി അത്താഴസമയത്ത് കർത്താവിന്റെ നെഞ്ചോടു ചാരിക്കിടക്കുകയും തന്നെ ഏല്പിച്ചുകൊടുക്കുന്നവൻ ആരാകുന്നു വെന്ന് ചോദിക്കുകയും ചെയ്യുന്നു. മരണത്തിനുപോലും വേർപെടു ത്തുവാൻ പാടില്ലാത്ത സ്നേഹം തന്റെ ഗുരുവിനോടും തനിക്കുണ്ടാ യിരുന്നതിനാൽ സ്കീപ്പുസായുടെ ദുഃഖസംപൂർണ്ണമായ ദിവസങ്ങളിൽ ക്ലേശങ്ങളിൽ സംബന്ധിക്കുന്നതിന് തനിക്കും ആഗ്രഹമുണ്ടായി. കാര്യ ങ്ങളുടെ അവസാനം കാണുവാൻ ആഗ്രഹിച്ചുകൊണ്ട് കയ്യഫായുടെ ഭവനത്തിലേക്കും യേശുവിനോടുകൂടി പ്രവേശിച്ചും ഹൃദ്യമായ തന്റെ പ്രേരണയാൽ വി. പത്രോസിനെ പ്രവേശിപ്പിച്ചും ആ രംഗത്തിൽ ഭാഗ ഭാക്കാകുന്നു. ക്രൂശാരോഹണസമയംവരെ താനും തന്റെ മാതാവും കന്യകമറിയാമും അവളുടെ സഹോദരി മറിയാമും മഗ്ദലക്കാരത്തി മറിയാമും യേശുവിനെ അനുഗമിച്ചിരുന്നു. യൂഹാനോന് താൻ കേവലം ഒരു സഹോദരൻ ആയിരുന്നു എന്നതുപോലെ തന്റെ മരണത്താൽ നിരാലംബയായി തീരുന്ന തന്റെ പ്രിയമാതാവിനെ സംരക്ഷിപ്പാനുള്ള ചുമതല യേശു അദ്ദേഹത്തിന് വിട്ടുകൊടുക്കുന്നു. ഇങ്ങനെ സഹോ ദരപരമായ ഒരു ശുശ്രൂഷ അദ്ദേഹത്തെ ഭരമേല്പിച്ചുകൊണ്ട് തന്റെ മാതാവിന് യേശു അദ്ദേഹത്തെ പുത്രനാക്കിത്തീർക്കുന്നു. പുനരുത്ഥാന ശേഷം ഗലീലാക്കടൽപ്പുറത്ത് തന്റെ മറ്റു ചില സഖികളോടൊന്നിച്ച് വീണ്ടും നാം തന്നെ കാണുന്നു. അവിടെ അതിരാവിലെ തന്റെ സഖാ ക്കളേക്കാൾ മുൻപ് യേശുവിനെ തിരിച്ചറിയുവാൻ തനിക്കു സാധിച്ചു. വി. കന്യകമറിയാമിന്റെ വേർപാടുവരെ അവളുടെ സംരക്ഷണ ശുശ്രൂഷ അദ്ദേഹം ഉത്സാഹമായി നടത്തിവന്നു. എ.ഡി. 51-ൽ കൂടപ്പെട്ട ശ്ലീഹ ന്മാരുടെ സുന്നഹദോസിൽവച്ച് യോഹന്നാൻ പത്രോസിനോടും

കർത്തൃസഹോദരനായ യാക്കോബിനോടുംകൂടെ യഹൂദന്മാരുടെ ശ്ലീഹൂസായ്ക്കായി വേർതിരിക്കപ്പെട്ടു. അവരെക്കുറിച്ചു വി. പൗലൂസ് "സഭയുടെ തൂണുകളെ"ന്ന് പറയുന്നു. (ഗലാത്യ. 2:9). വി. യൂഹാനോൻ ഏഷ്യാമൈനറിലേക്കു പോകുകയും എഫേസൂസിൽ തന്റെ സിംഹാസനം സ്ഥാപിക്കുകയുംചെയ്തു. അദ്ദേഹം എഫേസൂസിൽ പോയത് വി. പൗലൂസ് അവിടെനിന്നു പോയതിനുശേഷം ഉത്ഭവിച്ച വേദവിപരീതത്തെ മായിച്ചുകളയുന്നതിനായിരുന്നു. ചിലർ പറയുന്നത് വി. പൗലൂസ് തന്റെ ശിഷ്യനായ തീമോത്തിയോസിനെ എഫേസൂസിലെ എപ്പിസ്കൂപ്പായായി വാഴിച്ചതിനുശേഷമാണ് താൻ അവിടെ പോയതെന്നാണ്. വി. പോളിക്കർപ്പോസിന്റെ ശിഷ്യനായ മോർ ഈറീനോവോസ് എഴുതിയിരിക്കുന്നപ്രകാരം ഏഷ്യാമൈനറിലെ എപ്പിസ്ക്കൂപ്പന്മാരുടെമേലും തനിക്കധികാരമുണ്ടായിരുന്നു. ബർഗാമോസ്, തീയത്തീറാ, ഫിലാഡൽഫിയാ, ലവോദിക്യ, സ്മർന്ന എന്നീ സ്ഥലങ്ങളിലെ പള്ളികൾ താൻ സ്ഥാപിച്ചതായി പറയപ്പെടുന്നു. സ്രൂഗിലെ മോർ യാക്കോബ് പറയുംപ്രകാരം അന്ത്യോഖ്യയിലും താൻ സുവിശേഷിച്ചതായിക്കാണുന്നു. 95-ൽ ദൊമത്തിയാനോസ് രാജാവിന്റെ പീഡയുണ്ടായപ്പോൾ അവന്റെ ആജ്ഞയനുസരിച്ച് ചങ്ങലകളാൽ ബന്ധിതനായി വി. യൂഹാനോൻ റോമിലേക്കു അയയ്ക്കപ്പെടുകയും അവിടെ വച്ച് മതദ്വേഷികൾ തന്നെ തിളച്ച സൈത്തെണ്ണയിലിടുകയും ചെയ്തു. അതു നിമിത്തം തനിക്ക് യാതൊരു ഉപദ്രവവും ഉണ്ടാകാത്തതിനാൽ പത്മോസ് ദ്വീപിലേക്ക് താൻ നാടുകടത്തപ്പെട്ടു. ഒരു വർഷം അവിടെ താമസിച്ചതിന്റെ ശേഷം മുൻപു പറഞ്ഞ രാജാവിന്റെ കാലം കഴിഞ്ഞപ്പോൾ 96-ൽ എഫേസൂസിലേക്കു തിരിച്ചുവന്നു. തിമോത്തിയോസ് എപ്പിസ്കൂപ്പാ മുൻപുതന്നെ സാക്ഷിമരണം പ്രാപിച്ചിരുന്നു.

യൂഹാനോൻ തികഞ്ഞ ഭക്തനും സ്നേഹഹൃദയനുമായിരുന്നു. വിശ്വാസികളുടെ സ്ഥിരതയെപ്പറ്റി അദ്ദേഹം അന്ത്യന്തം ക്ലേശിച്ചിരുന്നു. വൃദ്ധനായി തനിക്ക് നടപ്പാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ വിശ്വാസികൾതന്നെ വഹിച്ചുകൊണ്ടുപോകുക പതിവായിരുന്നു. വാർദ്ധക്യക്ലേശത്താൽ തന്റെ ഉപദേശങ്ങളെ താൻ ചുരുക്കി "മക്കളെ! തമ്മിൽ തമ്മിൽ സ്നേഹിപ്പീൻ" എന്ന വാക്യം സദാ ആവർത്തിച്ചുകൊണ്ടിരുന്നു. താൻ സ്നേഹത്തിന്റെ ശ്ലീഹാ ആയിരുന്നുവെന്നു മാത്രമല്ല തന്നെ വാത്സല്യത്തോടെ സ്നേഹിച്ചിരുന്നവന്റെ അനുകരണത്തിൽ വളർന്ന് പരിശീലനം സിദ്ധിച്ചവനായിരുന്നു. തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ എന്നു മാത്രമുള്ള ഉപദേശങ്ങൾ കേട്ട് മടുത്ത് മറ്റൊന്നും ഞങ്ങളോടു പറയാത്തതെന്തെന്ന് വിശ്വാസികൾ അദ്ദേഹത്തോട് ചോദിച്ചപ്പോൾ ഉത്തരമായി, ഇത് കർത്താവിന്റെ കല്പനയാകുന്നു. ഇതുമാത്രം നാം പൂർണ്ണമായി നിവൃത്തിക്കുന്നുവെങ്കിൽ ജീവിക്കുമെന്നും പറഞ്ഞു. സ്നേഹത്തിന്റെ ഈ ശിഷ്യൻ പ്രവർത്തിയിലൂടെ സ്നേഹത്തിന്റെ അർത്ഥത്തെ നിവൃത്തിയാക്കി. താൻ സ്നേഹിക്കപ്പെടുകയും സ്നേഹിക്കു

കയും പരസ്പരം സ്നേഹിക്കുവാൻ വിശ്വാസികളെ പ്രബോധിപ്പിക്കുകയുംചെയ്തു. വി. യൂഹാനോൻ 90 വയസ്സുവരെ ജീവിച്ചിരുന്നു. എ.ഡി. 100 വരെ താൻ ജീവിച്ചിരുന്ന് തന്റെ ജനങ്ങളുടെ ഇടയിൽ താമസിച്ചുകൊണ്ട് നല്ല വൃദ്ധനായി സമാധാനത്തോടുകൂടെ ഈ ലോകം വെടിഞ്ഞുവെന്നും പറയപ്പെടുന്നു. എ.ഡി. 98-ലോ 99-ലോ താൻ എഫേസൂസിലായിരിക്കുമ്പോൾ മ്ശിഹായുടെ ദൈവത്വത്തെ തള്ളിപ്പറഞ്ഞ വേദവിപരീതികൾക്കെതിരായി ഗ്രീക്കുഭാഷയിൽ തന്റെ ഏവൻഗേല്യോൻ എഴുതി. മ്ശിഹായുടെ ദൈവത്വത്തിന്റെ ദുർഗ്രഹങ്ങളായ തത്ത്വങ്ങളെ താൻ വെളിപ്പെടുത്തിയതിനാൽ പരിശുദ്ധ ഹസ്കിയേൽ ദീർഘദർശിയുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന "കഴുകന്റെ" സൂചന തന്നെക്കുറിച്ചാണെന്ന് വ്യാഖ്യാതാക്കൾ പറയുന്നു. വെളിപാടുപുസ്തകം ഇദ്ദേഹമാണോ എഴുതിയത് എന്നതിനെക്കുറിച്ച് ചില പൂർവ്വപിതാക്കന്മാർക്കു സംശയമുണ്ടായിരുന്നു. എന്നാൽ പിന്നീട് ക്രിസ്തീയലോകം മുഴുവനും സംശയമെന്യേ ഇദ്ദേഹത്തിന്റേതായിത്തന്നെ സ്വീകരിക്കുന്നു. മൂന്നു ലേഖനങ്ങളും താൻ എഴുതിയിട്ടുണ്ട്. വേദപുസ്തകത്തിൽ ക്രമീകരിക്കപ്പെട്ടിട്ടുള്ള പ്രകാരം ഒന്നാം ലേഖനം എ.ഡി. 98-ലും മറ്റതു രണ്ടും എ.ഡി. 70-ലും എഴുതപ്പെട്ടു. വെളിപാടുപുസ്തകം എ.ഡി. 96-ൽ പത്മോസ് ദ്വീപിൽ വച്ചാണ് എഴുതിയിട്ടുള്ളത്.

---

അപ്പോസ്തനായ യാക്കൂബിന്റെ പേര് 'യാക്കൂബ്' എന്നും 'യാക്കോബ്' എന്നും (ഇംഗ്ലീഷിൽ 'ജെയിംസ്') എഴുതപ്പെടുന്നതുപോലെ 'യൂഹാനോൻ' എന്നും 'യോഹന്നാൻ' എന്നും രണ്ടു രൂപങ്ങൾ യോഹന്നാന്റെ പേരിനു (John) പ്രചാരത്തിലുണ്ട്. (സംശോധകൻ)

അദ്ധ്യായം 15

# വി. പീലിപ്പോസ്, ബർത്തുൽമായി, മത്തായി

## വി. പീലിപ്പോസ്

ഇദ്ദേഹം ആശീർഗോത്രക്കാരനും പത്രോസിന്റെയും അന്ത്രയോസിന്റെയും ജന്മസ്ഥലമായ ബത്സയിദായിൽ ജനിച്ചവനും വിവാഹിതനും മൂന്ന് പുത്രികൾ ഉള്ളവനുമായിരുന്നു. അവരിൽ ഒരു മകൾ മാത്രമെ വിവാഹിതയായിരുന്നുള്ളു. മറ്റവർ രണ്ടുപേരും നല്ല വാർദ്ധക്യത്തിൽ എഫേസൂസിൽവച്ച് നിദ്രപ്രാപിക്കുകയാണുണ്ടായത്. ചെറുപ്പംമുതൽ തന്നെ പ്രവചനപുസ്തകങ്ങൾ വായിക്കുന്നതിൽ വി. പീലിപ്പോസ് താല്പര്യമുള്ളവനായിരുന്നു. മ്ശിഹായുടെ വരവിനെക്കുറിച്ച് ഗ്രഹിച്ചിരുന്നതിനാൽ യേശുമ്ശിഹാ പീലിപ്പോസിനെ വിളിച്ച ഉടൻതന്നെ അദ്ദേഹത്തെ അനുഗമിച്ചു. തന്റെ ഈ വിളി, യേശുതമ്പുരാൻ ഗലീലായിലേക്കു പുറപ്പെടുകയും ബഥാന്യയിൽവച്ച് അവനെ കാണുകയും ചെയ്തപ്പോളായിരുന്നു. യേശുമ്ശിഹാ അവനെ കണ്ടെത്തിയെന്ന് ഏവൻഗേലീസ്താ പറഞ്ഞിരിക്കുന്നതിൽനിന്നു തന്നെക്കുറിച്ചു മുൻപുകൂട്ടി അന്വേഷിച്ചിരുന്നുവെന്നാണ് അർത്ഥം വിവക്ഷിക്കുന്നത്. “എന്റെ പിന്നാലെ വരിക” എന്നുള്ള പദങ്ങൾ പൂർണ്ണാർത്ഥത്തിൽ മറ്റുള്ള ശിഷ്യന്മാരോട് ഉച്ചരിക്കപ്പെടുന്നതിനു മുമ്പ് ഇദ്ദേഹത്തോടാണ് യേശുതമ്പുരാൻ പറഞ്ഞിട്ടുള്ളത്. പെട്ടെന്നുതന്നെ യഥാർത്ഥമായി ഈ ഉപദേഷ്ടാവിനെ താൻ മനസ്സിലാക്കുകയും മ്ശിഹായുടെ വരവിനെക്കുറിച്ച് തന്നെപ്പോലെതന്നെ പ്രതീക്ഷിച്ചുകൊണ്ടിരുന്ന മറ്റെല്ലാവരെയും അറിയിക്കുവാനാഗ്രഹിക്കുകയുംചെയ്തു. ഇപ്രകാരം ഗലീലായിലെ കൊത്തിനെയിലുള്ള നഥാനിയേലിനെ കണ്ടപ്പോൾ യേശുമ്ശിഹായെക്കുറിച്ചു പറഞ്ഞ് തന്റെ അടുക്കലേക്ക് അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവന്നു എ.ഡി. 20-ാമാണ്ട് വസന്തകാലത്തിൽ മറ്റുള്ളവരോടുകൂടി ഇദ്ദേഹവും ശ്ലീഹാസ്ഥാനത്തേക്കു വിളിക്കപ്പെട്ടു. എല്ലാ പട്ടികയിലും ഇദ്ദേഹത്തിന്റെ പേര് അഞ്ചാമതായി കാണുന്നു. ആദ്യത്തെ മൂന്ന് ഏവൻഗേലിസ്ഥന്മാരും ഇദ്ദേഹത്തെപ്പററി യാതൊന്നും എഴുതിയിട്ടില്ല. എന്നാൽ യൂഹാനോന്റെ സുവിശേഷത്തിൽ അദ്ദേഹത്തെക്കുറിച്ച് ചില

പ്രധാന സംഗതികൾ കാണുന്നു. മേൽ പറഞ്ഞിരിക്കുന്നതു കൂടാതെ മരുഭൂമിയിൽവച്ച് അയ്യായിരം പേരെ പോഷിപ്പിക്കുവാൻ യേശുതമ്പുരാൻ ആഗ്രഹിച്ചപ്പോൾ പീലിപ്പോസിനോട് "ഇവിടെ ഇവർക്ക് അപ്പം എവിടെനിന്നു വാങ്ങും" എന്നു ചോദിച്ചു. ഓരോരുത്തർക്കും കുറേശ്ശെ കൊടുക്കത്തക്കവണ്ണം 200 പണത്തിന് അപ്പം മതിയാകുകയില്ല എന്ന് പീലിപ്പോസ് മറുപടി പറഞ്ഞിരിക്കുന്നതായും കാണുന്നു. ഒരിക്കൽ ചില പുറജാതികൾ[1] യേശുവിനെ കാണുവാൻ വന്നപ്പോൾ അവർ ആദ്യമായി വി. പീലിപ്പോസിനെ സമീപിക്കുകയും വി. പീലിപ്പോസ് അത് വി. അന്ത്രയോസിനെ അറിയിക്കുകയും അവരിരുവരും കൂടി യേശുവിനെ സമീപിച്ച് വിവരമറിയിക്കുകയും ചെയ്തതായി കാണുന്നു. വി. പീലിപ്പോസ് വേറൊരവസരത്തിൽ ഇപ്രകാരം പറയുന്നു: "കർത്താവേ! പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണമേ! എന്നാൽ ഞങ്ങൾക്കു മതി." വി. പീലിപ്പോസ് ശ്ലീഹായിക്ക് യൗനായയുടെ മക്കളോടും സെബദി പുത്രന്മാരോടും, നഥനിയേലിനോടും അടുത്ത പരിചയമുണ്ടായിരുന്നു. അവരുടെ സാഹചര്യത്തിൽ പീലിപ്പോസ് സദാപി കാണപ്പെട്ടിരുന്നതിനാൽ കർത്താവ് തന്റെ പുനരുത്ഥാനത്തിനുശേഷം തീബേരിയോസ് കടലിൽ തന്റെ ശിഷ്യന്മാരിൽ പലർ വലവീശിക്കൊണ്ടിരിക്കെ അവർക്കു പ്രത്യക്ഷനായപ്പോൾ അവരോടൊന്നിച്ചുണ്ടായിരുന്ന പേരു പറയപ്പെടാത്ത രണ്ടു ശിഷ്യന്മാരിലൊരാൾ ഇദ്ദേഹമായിരുന്നിരിക്കണമെന്ന് നമുക്ക് അനുമാനിക്കാവുന്നതാണ്. സ്വർഗ്ഗാരോഹണശേഷം പരിശുദ്ധ റൂഹായെ പ്രാപിപ്പാൻ കാത്തിരുന്നവരുടെ കൂട്ടത്തിൽ ഇദ്ദേഹമുണ്ടായിരുന്നു. പേർഷ്യാ, ഏഷ്യാമൈനർ, പ്രുഗ്യായിലെ പ്രദേശങ്ങൾ പ്രത്യേകിച്ച് ഹിറാപ്പോലീസ് എന്നീ സ്ഥലങ്ങളിൽ ഇദ്ദേഹം സുവിശേഷമറിയിച്ച് ഹിറാപ്പോലീസ് പട്ടണത്തിൽ ചെന്നപ്പോൾ അവിടുത്തെ ജനങ്ങൾ "സൂസു" എന്ന നക്ഷത്രത്തിന്റെ നാമത്തിൽ അണലിസർപ്പത്തെ ആരാധിക്കുന്നത് ഇദ്ദേഹം കാണുകയും ഏകദൈവത്തിൽ വിശ്വസിക്കുവാൻ അവരെ ഉപദേശിക്കുകയും തൽഫലമായി അവർ സർപ്പാരാധനയിൽനിന്ന് പിന്തിരിഞ്ഞ് സസന്തോഷം സുവിശേഷം കൈക്കൊള്ളുകയും വിശ്വാസസ്നാനമേല്ക്കുകയുംചെയ്തു. എന്നാൽ സത്യത്തിന്റെ ശത്രുവായ സാത്താൻ അവന്റെ രാജ്യം അവിടെ നിർമ്മൂലമാക്കപ്പെട്ടുവെന്നു കണ്ടപ്പോൾ വിഗ്രഹാരാധനക്കാരെ ശ്ലീഹായിക്കെതിരായി ഇളക്കുകയും അവർ അദ്ദേഹത്തെ ക്രൂശിക്കുകയുംചെയ്തു. ആ സമയം ഭൂമി ഇളകി വിറയ്ക്കുകയാൽ ശത്രുക്കൾ ഭയപ്പെട്ട് ഓടി. വിശ്വാസികൾ സമീപിച്ച് അദ്ദേഹത്തെ ക്രൂശിൽനിന്ന് ഇറക്കുവാൻ ശ്രമിച്ചു. എന്നാൽ അദ്ദേഹം അവരോട് തന്റെ പോരാട്ടം തികയുവോളം തന്നെ വിടണമെന്നപേക്ഷിച്ചു. തന്റെ ആടുകളെ രക്ഷകന്റെ കയ്യിൽ

[1] ഈ പുറജാതികൾ അബ്ഗർ രാജാവിനാൽ യേശുവിന്റെ അടുക്കൽ അയയ്ക്കപ്പെട്ട സന്ദേശവാഹകന്മാരായിരുന്നുവെന്ന് ചില വ്യാഖ്യാതാക്കൾ കരുതുന്നു. (17-ാം അധ്യായം കാണുക)

ഭരമേല്പിച്ചിട്ട് താൻ പ്രകാശലോകത്തിലേക്കു വാങ്ങിപ്പോയി. ഇത് ഉദ്ദേശം എ.ഡി. 84-ൽ സംഭവിച്ചു. എഫേസൂസിലെ എപ്പിസ്കൂപ്പായായിരുന്ന വി. പോലിക്രീത്തീസ് എ.ഡി. 196-ൽ റോമിലെ എപ്പിസ്കൂപ്പായായ വിക്ടറിന് എഴുതിയ ലേഖനത്തിൽ വി. പീലിപ്പോസ്, ഹീറാപ്പോലീസിൽവച്ച് നിദ്രപ്രാപിച്ചതായും അദ്ദേഹത്തിന്റെ മൂന്നു പുത്രിമാർ എഫേസൂസിൽവച്ചു മരിച്ചതായും എഴുതിയിരിക്കുന്നു.

## വി. ബർത്തുൽമായി

സുവിശേഷത്തിൽ കാണുന്ന നഥനിയേൽ ഈ ബർത്തുൽമായി ആകുന്നുവെന്നാണ് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നത്. വി. പീലിപ്പോസ് നഥാനിയേലിനെ കണ്ടുമുട്ടി അദ്ദേഹത്തോട് ഇങ്ങനെ പറയുന്നു: "ന്യായപ്രമാണത്തിൽ മോശയും പ്രവാചകന്മാരും ആരെക്കുറിച്ചു പറഞ്ഞിരിക്കുന്നുവോ അവനെ ഞങ്ങൾ കണ്ടിരിക്കുന്നു." "നസറേത്തിൽ നിന്നു വല്ല നന്മയും പുറപ്പെടുമോ?" എന്നായിരുന്നു അതിന് നഥനിയേലിന്റെ മറുപടി: "വന്നു കാണുക" എന്ന് പീലിപ്പോസ് അവനെ ഉത്സാഹിപ്പിച്ചു. അങ്ങനെ പീലിപ്പോസ് നഥനിയേലിനെ യേശുക്രിസ്തുവിന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടുവരുന്നു. തന്റെ അടുക്കലേക്കു വരുന്ന നഥനിയേലിനെ സൂക്ഷിച്ചുകൊണ്ട് "ഇതാ സാക്ഷാൽ ഇസ്രായേല്യൻ ഇവനിൽ കപടമില്ല" എന്ന് യേശു അദ്ദേഹത്തെക്കുറിച്ചു സാക്ഷിച്ചു. നഥനിയേൽ അത്ഭുതത്തോടെ ചോദിക്കുന്നു. "അങ്ങ് എന്നെ എവിടെ വച്ചറിയും?" പീലിപ്പോസ് നിന്നെ വിളിക്കുന്നതിനു മുമ്പ് നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ നിന്നെ ഞാൻ കണ്ടിരുന്നു"വെന്ന് യേശു ഉത്തരം പറഞ്ഞു. നഥനിയേലിന്റെ അത്ഭുതം വിശ്വാസമായി മാറി. പൂർണ്ണഹൃദയത്തോടെ ഇങ്ങനെ ഏറ്റുപറഞ്ഞു. റബ്ബീ! അങ്ങ് ദൈവപുത്രൻതന്നെ. ഇസ്രായേലിന്റെ രാജാവും അങ്ങുതന്നെ. "ഈ സമയം മുതൽ അദ്ദേഹം യേശുതമ്പുരാന്റെ ശിഷ്യനായിത്തീർന്നു.

ബർത്തുൽമായി ഗലീലായിലെ കൊത്തിനെനഗരത്തിൽ ജനിച്ചു. ഇദ്ദേഹം ആശിർ ഗോത്രക്കാരനെന്നു ചിലരും യിസ്സാഖർ ഗോത്രക്കാരനെന്നു മററു ചിലരും അഭിപ്രായപ്പെടുന്നു. എ.ഡി. 28-ൽ വസന്തകാലത്ത് മറ്റു ശിഷ്യന്മാരോട് ഇദ്ദേഹവും ശ്ലീഹാസ്ഥാനത്തേക്കു വിളിക്കപ്പെട്ടു. ആദ്യത്തെ മൂന്നു ഏവൻഗേലിയോനിൽ ശ്ലീഹന്മാരുടെ പേരുകൾ പറയുന്ന പട്ടികയിൽ ബർത്തുൽമായിയുടെ പേര് ആറാമതായിട്ട് കാണുന്നു. എന്നാൽ പ്രക്സീസിൽ* കൊടുത്തിരിക്കുന്ന പട്ടികയിൽ ഏഴാമതായി കാണുന്നു. മ്ശിഹാതമ്പുരാന്റെ പുനരുത്ഥാനാനന്തരം തീബേറിയോസ് കടൽക്കരയിൽ മത്സ്യംപിടിച്ചുകൊണ്ട് കാണപ്പെട്ട ശ്ലീഹന്മാരിൽ ഒരുവനായിരുന്നു ഇദ്ദേഹം. ഇങ്ങനെ മ്ശിഹായുടെ ഉയിർത്തെഴുന്നേല്പിനും സ്വർഗ്ഗാരോഹണത്തിനും താനും ഒരു സാക്ഷിയായിത്തീരുകയും ഊർശ്ലേമിലേക്കു തിരിച്ചുപോരുകയും ചെയ്തു. ഇദ്ദേഹം പരിശുദ്ധാത്മാഭിഷേകത്തിനുശേഷം യമൻ, അറബിയ എന്നീ സ്ഥലങ്ങളിൽ പ്രസംഗിച്ച് മ്ശിഹായിൽ വിശ്വസിച്ചവർക്ക് എബ്രായ

*പ്രക്സീസ് - അപ്പോസ്തലപ്രവൃത്തികൾ

ഭാഷ (സുറിയാനി)യിലുള്ള വി. മത്തായിയുടെ ഏവൻഗേലിയോൻ നൽകി. യൗസേബിയോസ് പറയുംപ്രകാരം രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി പന്തീനോസ് എന്ന തത്ത്വജ്ഞാനി അവരുടെ അടുക്കൽ പ്രസ്തുത പുസ്തകം കണ്ടു. ഈറോനിമോസ്, റൂഫിനോസ് എന്നിവരുടെ അഭിപ്രായം പന്തീനോസ് തിരികെ മടങ്ങിയപ്പോൾ ആ പുസ്തകം കൊണ്ടുപോയി എന്നാണ്. ബർത്തുൽമായി വീണ്ടും അവിടെ അനേകം പള്ളികൾ സ്ഥാപിച്ചതിന്റെ ശേഷം ഏഷ്യാമൈനറിലേക്കു പോയി. അവിടെ പീലിപ്പോസിനോടുകൂടി ക്രൂശാരോഹണകഷ്ടതയിൽ പങ്കുകൊണ്ടു. എന്നാൽ ആ സമയമുണ്ടായ ഭൂമികുലുക്കം നിമിത്തം അദ്ദേഹം രക്ഷപെട്ടു. അവിടെനിന്നും വലിയ അർമ്മേനിയായിലേക്കു പോയി.[2] കുറെ നാൾ കഴിഞ്ഞ് ബർത്തുൽമായി കാസ്പിയൻ കടലിനു സമീപമുള്ള "ലൂക്കാനിയാ"യിൽ ചുറ്റിസഞ്ചരിക്കുമ്പോൾ വിഗ്രഹാരാധികളുടെ പുരോഹിതന്മാർ നാടുവാഴിയെ പ്രേരിപ്പിച്ചതനുസരിച്ച് അദ്ദേഹത്തെ ജീവനോടെ തൊലിയുരിച്ചതിന്റെ ശേഷം തല കീഴായി ക്രൂശിക്കുകയുംചെയ്തു.

## വി. മത്തായി

ഇദ്ദേഹം നസറേത്തു പട്ടണക്കാരനും ഇസ്സാഖാർ ഗോത്രക്കാരനുമായിരുന്നു. മത്തായി എന്നും ലേവി എന്നും ഇദ്ദേഹം വിളിക്കപ്പെട്ടിരുന്നു. പിതാവിന്റെ പേർ അൽഫായി എന്നത്രെ. മ്ശിഹായുടെ കാലത്ത് റോമാ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന യഹൂദ്യയിലെ ചുങ്കംപിരിക്കുക എന്നതായിരുന്നു ഇദ്ദേഹത്തിന്റെ തൊഴിൽ. ഈ തൊഴിൽകൊണ്ട് താൻ വളരെ ധനം സമ്പാദിച്ചിരുന്നു. റോമാ സാമ്രാജ്യത്തിന്റെ അന്ത്യദശയിൽ ചുങ്കക്കാർ പൊതുവെ വലിയ ധനികന്മാരായിത്തീർന്നിരുന്നു. യേശു ഗലീലാക്കടൽപ്പുറത്തുകൂടെ സഞ്ചരിക്കുമ്പോൾ മത്തായി ചുങ്കസ്ഥലത്തിരിക്കുന്നതു കാണുകയും "എന്നെ അനുഗമിക്കുക" എന്ന് അവനോടു പറയുകയും ചെയ്തു. അവനോ സകലവും ഉപേക്ഷിച്ച് യേശുവിന്റെ പിന്നാലെ പോയി. മത്തായി തന്റെ ഭവനത്തിൽ യേശുവിനെ

---

2 വി. ബർത്തുൽമായിയും യഹൂദാശ്ലീഹായും അർമ്മീനിയായിൽ സുവിശേഷമറിയിച്ചുവെന്ന് ചരിത്രകാരന്മാർ പറയുന്നു. എന്നാൽ ക്രിസ്തുമതത്തിന്റെ ആരംഭഘട്ടത്തിൽ അർമ്മീനിയ ക്രിസ്തുമതാവലംബിനിയായിത്തീർന്നു എന്നതിന് നിശ്ചിതമായ തെളിവ് ഒന്നുമില്ല. സുറിയാനിക്കാരായ ചില സുവിശേഷകർ വലിയ അർമ്മീനിയായിലെ ഏതാനും ഭാഗങ്ങളിലേക്കു പോയി. അവിടെ സുവിശേഷമറിയിച്ചതായി ചരിത്രത്തിൽ കാണുന്നു. എന്നാൽ അർമ്മീനിയാക്കാരുടെ പൂർണ്ണപരിവർത്തനം മൂന്നാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ അർമ്മീനിയാക്കാരനും കുലീനകുടുംബജനമായ വി. ഗ്രീഗോറിയോസി*നാലാണു സംഭവിച്ചത്. പ. ശ്ലീഹന്മാർക്കുണ്ടായിരുന്നതുപോലെ അത്ഭുതങ്ങൾ പ്രവർത്തിപ്പാനുള്ള പ്രത്യേക വരം ഇദ്ദേഹത്തിനു സിദ്ധിച്ചിരുന്നു. എ.ഡി. 301-ൽ ആണ് ഇദ്ദേഹം എപ്പിസ്കൂപ്പായായിത്തീർന്നത്. 325-ൽ മരിച്ചു. എന്നാൽ ചെറിയ അർമ്മീനിയാ ഇതിനു വളരെക്കാലം മുമ്പുതന്നെ ക്രിസ്തുമതാവലംബിനിയായിരുന്നു. * Gregory the Illuminator.

സ്വീകരിച്ചുകൊണ്ട് ഒരു വലിയ വിരുന്നൊരുക്കി. എ.ഡി. 28-ൽ മറ്റുള്ളവരോടുകൂടെ താനും ശ്ലീഹാസ്ഥാനത്തേക്കു വിളിക്കപ്പെട്ടു. മത്തായിയുടെ ഏവൻഗേലിയോനിലും പ്രക്സീസിലും ശ്ലീഹന്മാരുടെ പട്ടികയിൽ മത്തായിയുടെ പേര് എട്ടാമതായി കാണുന്നു. ലൂക്കോസിന്റെയും മർക്കോസിന്റെയും സുവിശേഷങ്ങളിൽ ഏഴാമതായി കുറിച്ചിരിക്കുന്നു. ഈ അവസാനത്തേതാണ് അദ്ദേഹത്തിന്റെ സഖാക്കളുടെ ഇടയിലുള്ള അദ്ദേഹത്തിന്റെ സ്ഥാനമെന്ന് അനുമാനിക്കാം. മ്ശിഹായുടെ സ്വർഗ്ഗാരോഹണത്തിനു സാക്ഷിയായശേഷം മററ് ശ്ലീഹന്മാരോടുകൂടി ഊർശ്ലേമിലേക്കു തിരിച്ചുപോയി. പരിശുദ്ധ റൂഹായുടെ അവസാനത്തിനു ശേഷം ആദ്യമായി യഹൂദ്യയിലും പിന്നീട് ഏഷ്യായിലെ കൂശിലും* സുവിശേഷമറിയിച്ചു. ചില ചരിത്രകാരന്മാരഭിപ്രായപ്പെടുന്നത് മക്കദൂന്യായിലേക്കും, പാർത്ഥ്യാ, മേദ്യാ, പേർഷ്യാ, ബെസ്കൽബീൻ എന്നീ പ്രദേശങ്ങളിലും അദ്ദേഹം സുവിശേഷിച്ചുവെന്നത്രെ. ഈ ബെസ്കൽബീൻ എന്ന സ്ഥലത്തുണ്ടായിരുന്ന നരഭോജനം മുതലായ അപരിഷ്കൃത നടപടികൾ നീക്കുന്നതിന് അദ്ദേഹം കഴിവതു പ്രയത്നിച്ചു. അനന്തരം ആഫ്രിക്കയിലെ കൂശ് പ്രദേശത്തേക്ക് താൻ പോയി എന്ന് സോക്രാട്ടസ്** രേഖപ്പെടുത്തുന്നു. അവിടെവച്ച് ശ്ലീഹാ അനേകം കഷ്ടതകൾ സഹിച്ചു. കൂശിന്റെ തലസ്ഥാനമായ നെദ്ബാറിൽ വച്ച് അദ്ദേഹം നിരവധി ക്ലേശങ്ങൾ അനുഭവിച്ചു. ഈ പ്രദേശങ്ങളിൽ പല അത്ഭുതങ്ങളും അദ്ദേഹം പ്രവർത്തിച്ചു. മൃതയായ് അഫ്ജാനിയ എന്ന രാജപുത്രിയെ അദ്ദേഹം ഉയിർപ്പിച്ചു. തൻനിമിത്തം അദ്ദേഹത്തെക്കുറിച്ചുള്ള കീർത്തി നാടെങ്ങും പരന്നു. രാജാവും പ്രഭുക്കന്മാരും ജനങ്ങളും മ്ശിഹായിൽ വിശ്വസിച്ചു. അപ്പോൾ മുതൽ ആ രാജപുത്രി കന്യാവ്രതജീവിതം സ്വീകരിച്ചു. വിശ്വാസിയായ ആ രാജാവ് മരിച്ചപ്പോൾ ഈ കുമാരിയല്ലാതെ കിരീടാവകാശികളായി മറ്റാരുമില്ലായിരുന്നതിനാൽ അദ്ദേഹത്തിന്റെ സഹോദരൻ രാജാവായിത്തീർന്നു. രാജത്വം തനിക്കുറപ്പാക്കുവാൻ തന്റെ സഹോദരപുത്രിയെ വിവാഹംചെയ്യുവാൻ താൻ ആഗ്രഹിക്കുകയും അതിന് അവളെ നിർബന്ധിക്കുകയുംചെയ്തു. എന്നാൽ കന്യാവ്രതം ലംഘിക്കുവാൻ അവൾ ഇഷ്ടപ്പെട്ടില്ല. ഉടനെ ആ വിവാഹത്തിനവളെ വഴിപ്പെടുത്തുവാൻ രാജാവ് വി. ശ്ലീഹായെ പ്രേരിപ്പിച്ചു. എന്നാൽ ശ്ലീഹായാകട്ടെ രാജശാസനത്തെ തിരസ്കരിക്ക മാത്രമല്ല, കന്യാവ്രത ജീവിതത്തിൽ പൂർവ്വാധികം തല്പരതയുള്ളവളായിത്തീരുവാൻ അവളെ പ്രേരിപ്പിക്കുകയുംചെയ്തു. തന്മൂലം രാജകോപം ശ്ലീഹായുടെമേൽ പതിക്കുകയും ദിവ്യപൂജ സമർപ്പിച്ചുകൊണ്ടിരുന്ന അവസരത്തിൽ തന്നെ കൊല്ലുകയുംചെയ്തു.[3] വി. ശ്ലീഹാ 23 വർഷത്തോളം

3 എന്നാൽ അവിടെയുള്ള തന്റെ സാക്ഷിമരണചരിതത്തോട് അലക്സാന്ത്രിയായിലെ ക്ലീമ്മീസും പണ്ഡിതനായ ഒറിജാനീസും പണ്ഡിതനായ തെർത്തുല്യനും യോജിക്കാതെ താൻ സ്വാഭാവികമരണം പ്രാപിച്ചുവെന്നാണ് അഭി

*എത്യോപ്യ **സഭാചരിത്രകാരൻ

കൂശിൽ പാർത്തുവെന്നും ഇക്കാലമത്രയും ഒരു സസ്യഭുക്ക് ആയിരുന്നുവെന്നും അലക്സന്ത്രിയാക്കാരൻ ക്ലീമ്മീസ് എഴുതിയിരിക്കുന്നു. തന്റെ ഏവൻഗേലിയോൻ എ.ഡി. 39-നും 43-നും മദ്ധ്യേ എഴുതപ്പെട്ടിരിക്കണം. താൻ യഹൂദ്യ വിടുവാൻ ആഗ്രഹിച്ചപ്പോൾ അവിടെയുള്ള യഹൂദ ക്രിസ്ത്യാനികളുടെ അപേക്ഷപ്രകാരമാണു താൻ അവർക്ക് ഏവൻഗേലിയോൻ എഴുതിക്കൊടുത്തത്. അക്കാലത്ത് യഹൂദന്മാരുടെ മാതൃഭാഷയായിരുന്ന പലസ്തീൻ സുറിയാനി (എബ്രായ) ഭാഷയിലാണ്[4] അതെഴുതിയത്. തന്റെ വിനയസ്വഭാവം വി. ഏവൻഗേലിയോനിൽനിന്നും ഗ്രഹിക്കാം. തന്നെക്കുറിച്ച് യാതൊരു മടിയും കൂടാതെ ശ്ലീഹന്മാരുടെ പട്ടികയിൽ "ചുങ്കക്കാരൻ മത്തായി" എന്നെഴുതിയിരിക്കുന്നു. യഹൂദന്മാർ ചുങ്കക്കാരെ കേവലം നിന്ദയോടെ വീക്ഷിച്ചിരുന്നു. ഇതിനു പല കാരണങ്ങളുമുണ്ട്. ഒന്നാമത് ചുങ്കംപിരിക്കുക എന്ന ജോലി വഞ്ചകരുടെയും അക്രമികളുടെയും ജോലിയായി അവർ ഗണിച്ചിരുന്നു. ഇത് റോമരുടെ മേധാവിത്വത്തിന് അടിമപ്പെട്ടിരിക്കുന്നതിന്റെ ലക്ഷണമായും അവർ കരുതിയിരുന്നു. താഴ്മയുള്ള ലൗകികജീവിതം, ആഡംബരങ്ങളോടുള്ള വെറുപ്പ്, മ്ശിഹായോടുള്ള തന്റെ ചേർച്ച ആദിയായവകളാൽ വി. മത്തായി ശ്ലീഹ, വിശ്വാസികൾക്ക് ഒരു ഉത്തമ മാതൃകയായിത്തീർന്നിരിക്കുന്നു.

മ്ശിഹായുടെ വംശാവലി ആരംഭമാക്കി തന്റെ ഏവൻഗേലിയോൻ താൻ തുടങ്ങിയിരിക്കുന്നതിനാൽ വി. ഹസ്ക്കിയേൽ ദീർഘദർശിയുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന 'മനുഷ്യ'ന്റെ സൂചന തന്നെക്കുറിച്ചാണെന്ന് വ്യാഖ്യാതാക്കൾ പറയുന്നു.

---

പ്രായപ്പെടുന്നത്. യൗനായസഭ, ഒരു സഹദാ എന്നപോലെ നവംബർ 16-ാം തീയതി അദ്ദേഹത്തിന്റെ ഓർമ്മ ആഘോഷിക്കുന്നു. റോമാസഭ സെപ്റ്റംബർ 21-ാം തീയതിയും ആഘോഷിച്ചുവരുന്നു. കൂശായസഭയുടെ പ്രാർത്ഥനാപുസ്തകത്തിലും തന്റെ സാക്ഷി മരണവൃത്താന്തത്തിലും തന്റെ തിരുശേഷിപ്പുകൾ "സാലേർനോവിലേ"ക്കു മാറ്റപ്പെട്ടുവെന്നും "റോബർട്ട് ഗ്വിസ് കാർഡ്" (Robertgviscard) പണിത പള്ളിയിൽ സംസ്കരിക്കപ്പെട്ടിരിക്കുന്നു എന്നും എഴുതിയിരിക്കുന്നു. സുറിയാനിവ്യാഖ്യാതക്കളായ മോർ മിഖായേൽ റാബോ, ബർസ്ലീബി ആദിയായവർ സാക്ഷിക്കുന്നത് ഇദ്ദേഹം "ജാബാല" എന്ന സ്ഥലത്തോ അന്ത്യോഖ്യയിലോ കബറടക്കപ്പെട്ടിരിക്കുന്നുവെന്നാണ്.

4 സുറിയാനിഭാഷയിൽ പലവിധ ഉച്ചാരണമുണ്ടെങ്കിലും അവയിൽ പ്രസിദ്ധമായത് മൂന്നാകുന്നുവെന്ന് ബാർ എബ്രായ തന്റെ *'സെമഹെ'* എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. അവ ഉറഹോയ്, പലസ്തീൻ, അസീറിയ എന്നീ പ്രദേശങ്ങളുടേതാണ്. ഇതിലേറ്റവും ശ്രേഷ്ഠമായത് ഉറഹായിലെ ഉച്ചാരണം (മോറാനായ) ആണെന്നും ഏററവും താണത് അസീറിയൻ ഉച്ചാരണം (കൽദായ) ആണെന്നും, ബാർ എബ്രായ കാണിക്കുന്നു. പലസ്തീനിലെ ഈ സുറിയാനിഭാഷയിലേക്കും വി. വേദപുസ്തകം വിവർത്തനം ചെയ്യപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ആ വിവർത്തനത്തിന്റെ ചില ഭാഗങ്ങൾ മാത്രമേ ശേഷിച്ചിട്ടുള്ളൂ.

അദ്ധ്യായം 16

# വി. തോമാ, യാക്കൂബ്, ബർ ഹൽഫായി, ശെമവൂൻ, യഹൂദാ, മത്തിയാസ്

## വി. തോമാശ്ലീഹാ

ഗലീലക്കാരനായ ഇദ്ദേഹം യീഹുദാഗോത്രക്കാരനാണെന്നു ചിലരും യിസ്സാഖാർ ഗോത്രക്കാരനാണെന്നു മറ്റു ചിലരും അഭിപ്രായപ്പെടുന്നുണ്ട്. യഹൂദ എന്ന പേരിൽ ഇദ്ദേഹം വിളിക്കപ്പെടുന്നു. സുറിയാനിയിൽ തോമാ എന്ന അപരനാമത്താലും അറിയപ്പെടുന്നു. യൂഹാനോൻ ഏവൻഗേലിസ്താ വ്യാഖ്യാനിക്കുന്ന പ്രകാരം 'ഇരട്ട'യെന്നാകുന്നു അതിന്റെ അർത്ഥം. എന്തെന്നാൽ അദ്ദേഹം തന്റെ സഹോദരനോടുകൂടി ഇരട്ടയായി പിറന്നിരുന്നു. ആ സഹോദരന്റെ പേർ ആദായി[1] എന്നായിരുന്നു. ഈ ആദായി എഴുപത് അറിയിപ്പുകാരിൽ ഒരാളായിരുന്നു. സ്വർഗ്ഗീയ ഉപദേഷ്ടാവായ മ്ശിഹാതമ്പുരാൻ ലോകത്തിൽ പ്രത്യക്ഷനായപ്പോൾ തോമായും അദ്ദേഹത്തിനു ശിഷ്യപ്പെട്ടു. എ.ഡി. 28-ലെ വസന്തകാലത്ത് മറ്റു ശിഷ്യന്മാരോടുകൂടി വി. തോമായും ശ്ലീഹാസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. മത്തായി ശ്ലീഹായുടെ ഏവൻഗേലിയോനിൽ ഏഴാമതായും മർക്കോസിന്റെയും ലൂക്കോസിന്റെയും ഏവൻഗേലിയോനുകളിൽ എട്ടാമതായും പ്രക്സീസിൽ ആറാമതായും ഇദ്ദേഹത്തിന്റെ പേര് കാണുന്നു. വി. യൂഹാനോൻ ശ്ലീഹായുടെ ഏവൻഗേലിയോനിൽനിന്നു മാത്രം ചില സംഗതികൾ ഇദ്ദേഹത്തെക്കുറിച്ചു നാം ഗ്രഹിക്കുന്നു. പ്രത്യേകമായി മൂന്നു സംഭവങ്ങളാൽ ഇദ്ദേഹത്തിന്റെ സ്വഭാവം വെളിപ്പെടുന്നുണ്ട്. വിശ്വസിക്കുവാൻ താമസമുള്ളവനും സംഗതികളുടെ വിഷമതരങ്ങളായ ഘട്ടങ്ങൾ വരുമ്പോൾ എളുപ്പം നിരാശാഭരിതൻ ആകുന്നവനും എന്നാൽ തന്റെ ഗുരുവിനോടുള്ള സത്യ

1 അന്ത്യോഖ്യാപാത്രിയർക്കീസായ തെഗ്രീത്തുകാരൻ വി. കുറിയാക്കോസിന്റെ മോർ തോമാശ്ലീഹായെക്കുറിച്ചുള്ള പ്രസംഗം നോക്കുക. അദ്ദേഹം ആ തെളിവ് എടുത്തിരിക്കുന്നത് മോർ അപ്രേമിന്റെ "സേബൽസോദ് ഗാബോറെ" എന്ന രാഗത്തിലുള്ള 'മദറോശൊ'**യിൽനിന്നാണ്.

*ബർഹൽഫായി എന്ന ഹൽഫായിയുടെ മകൻ എന്നർത്ഥം.

**പ്രബോധനഗീതം

സ്നേഹത്തിൽ പരിപൂർണ്ണനും ഗുരുവിനോടുകൂടി മരിക്കുന്നതിനു പോലും സന്നദ്ധനുമായിരുന്നു.

ലാസറിനെ ഉയിർപ്പിക്കുന്നതിന് ബെഥാന്യായിലേക്കു പോകുന്ന വഴിയിൽ മ്ശിഹാതമ്പുരാന് യഹൂദ്യയിൽവച്ചുണ്ടാകുവാനിരിക്കുന്ന കഷ്ടതകളെ അഭിമുഖീകരിക്കുവാൻ ഒരുങ്ങിയപ്പോഴാണ് ആദ്യസംഭവമുണ്ടാകുന്നത്. "നമുക്കു പോയി അവനോടുകൂടി മരിക്കാ"മെന്ന് സഖാക്കളോട് തോമാ പറയുന്നു. തന്റെ രഹസ്യമായ അവസാനത്തെ തിരുവത്താഴ സമയത്ത് താൻ ശ്ലീഹന്മാരുടെ അടുക്കൽനിന്ന് എടുക്കപ്പെടുവാനിരിക്കുന്നുവെന്നും അതിനെ തുടർന്ന് അവർ തന്റെ അടുക്കലേക്ക് ചേരുവാനിരിക്കുന്നുവെന്നും കർത്താവ് അവരോടു പറഞ്ഞപ്പോൾ വി. തോമാ ഇപ്രകാരം പറയുന്നു: "കർത്താവേ! നീ എവിടെ പോകുന്നുവെന്നു ഞങ്ങൾ അറിയുന്നില്ല. പിന്നെ വഴി എങ്ങനെ ഞങ്ങൾ അറിയും."

മൂന്നാമത്തെ സംഭവം മ്ശിഹായുടെ പുനരുത്ഥാനത്തിനുശേഷമാണുണ്ടായത് (യോഹ. 20:19-29, ഈ ഭാഗത്ത് ഈ സംഗതി വെളിപ്പെടുത്തിയിരിക്കുന്നു). മ്ശിഹാ പുനരുത്ഥാനം ചെയ്തുവെന്നത് കാണാതെ വിശ്വസിക്കയില്ലെന്ന് ശഠിച്ചതും കർത്താവ് പ്രത്യക്ഷപ്പെട്ട് അവനോട് "നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു. എന്നാൽ കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" എന്ന് പറയുന്നതുമായ ഭാഗങ്ങൾ നോക്കുക. പുതിയനിയമത്തിൽ രണ്ട് സ്ഥലങ്ങളിൽക്കൂടി വി. തോമാ ശ്ലീഹായുടെ പേര് പറയുന്നതായി നാം കാണുന്നു. മ്ശിഹായുടെ പുനരുത്ഥാനശേഷം താൻ ഗലീലാകടൽപ്പുറത്ത് മറ്റ് ഏഴ് ശിഷ്യന്മാരോടുകൂടി മീൻ പിടിച്ചുകൊണ്ടിരിക്കുന്നതായും (ഇവിടെ പത്രോസിന്റെ പേരിനു ശേഷമാണ് തോമ്മായുടെ പേരു പറയുന്നത്. പ്രക്സീസിൽ മ്ശിഹായുടെ സ്വർഗ്ഗാരോഹണത്തിനുശേഷം തന്റെ വാഗ്ദത്തത്തെ പ്രാപിക്കുവാനായി ഊർശ്ലേമിൽ ഒരുമിച്ചുകൂടിയവരുടെ കൂട്ടത്തിൽ മാളികയിൽ ഇരിക്കുന്നതായിട്ടുമാണ് നാം കാണുന്നത്. പരിശുദ്ധ റൂഹായുടെ നൽവരത്തിനുശേഷം ഇദ്ദേഹം ആദ്യമായി പലസ്തീൻ ദേശങ്ങളിൽ സുവിശേഷിച്ചു. പിന്നീട് പൗരസ്ത്യദേശത്ത് മാദായക്കാർ, പേർഷ്യാക്കാർ, പാർത്ഥ്യാക്കാർ എന്നീ വിവിധ വർഗ്ഗക്കാരോടും ഇദ്ദേഹം മാർഗ്ഗമറിയിച്ചു. മ്ശിഹായെ ആരാധിക്കുകയും തനിക്ക് കാഴ്ചകൾ സമർപ്പിക്കുകയും ചെയ്ത മ്ഗൂശേന്മാരെ* ഇദ്ദേഹം പേർഷ്യായിൽവച്ച് കണ്ടെത്തി. സത്യവഴിയിലേക്ക് താൻ അവരെ തിരിപ്പിക്കുകയും അവരെ സ്നാനപ്പെടുത്തുകയും സുവിശേഷവേലയിൽ അവർ തന്നെ സഹായിക്കുകയും ചെയ്തതായി പറയപ്പെടുന്നു. രക്ഷാകരമായ സുവിശേഷം പ്രസംഗിക്കുവാനായി തന്റെ സഹോദരനും എഴുപത് അറിയിപ്പുകാരിൽ ഒരുവനുമായ ആദായിയെ ഉറഹോ**യിലേക്ക് ഇദ്ദേഹം അയച്ചു. പിന്നീട് മ്ശിഹാതമ്പുരാൻ ഒരു കച്ചവടക്കാരന്റെ വേഷത്തിൽ തോമാ ശ്ലീഹായ്ക്കു പ്രത്യക്ഷപ്പെടുകയും ഇൻഡ്യൻ (പാർസ്യാ) രാജാവായ

*Magi from Persia-മത്തായി 2:1 'കിഴക്കുനിന്നും വന്ന വിദ്വാന്മാർ'.

**എഡേസാ

ഗോണ്ടോഫോറസിന്റെ കച്ചവടക്കാരനായി അവിടെ എത്തിയിരുന്ന ഹാബാന് തന്നെ ഒരു ദാസനായി വിൽക്കുകയും ചെയ്തു. ഈ ഹാബാൻ ശ്ലീഹായെ ഗോണ്ടോഫോറസിനു കാഴ്ച വച്ചു.[2]

പാർത്ഥ്യവംശജനും ഇൻഡ്യയുടെ ചില ഭാഗങ്ങൾ തന്റെ സാമ്രാജ്യത്തോടു ചേർന്നുകിടന്നിരുന്നതിനെക്കൂടി ഭരിച്ചുകൊണ്ടിരുന്നവനും ലോകചരിത്രത്തിൽ തന്റെ പേർ പ്രസ്താവിക്കപ്പെട്ടിട്ടുള്ളവനുമായ ആ ഗോണ്ടോഫോറസ് തന്നെയാണ് മേൽ പറയപ്പെട്ട ആൾ[3] ഇദ്ദേഹത്തിന്റെ കുടുംബത്തിൽ മുമ്പുണ്ടായിരുന്ന മറ്റ് ഏഴ് രാജാക്കന്മാരെക്കാൾ ഇദ്ദേഹം പ്രബലനും പ്രസിദ്ധനുമായിരുന്നു.[4] ഒരു രാജകൊട്ടാരം പണിയുന്നതിനു താൻ ആഗ്രഹിച്ചുകൊണ്ട് തോമാശ്ലീഹായോട് ആലോചിക്കുകയും ആ കാര്യം അദ്ദേഹം ഭരമേല്ക്കുകയും ചെയ്യുകയാൽ അദ്ദേഹത്തെ അതിനു നിയോഗിക്കുകയുംചെയ്തു. അദ്ദേഹം ആവശ്യപ്പെടുന്ന തുക കൊടുത്തുകൊള്ളണമെന്ന് ഭണ്ഡാരകാവൽക്കാരനെ ശട്ടം കെട്ടി. ഇതിനുശേഷം രാജാവ് തന്റെ സാമ്രാജ്യത്തിൽ ഒരു സ്ഥലത്തേക്ക് പോകുന്നതിനാഗ്രഹിച്ചതിനാൽ താൻ തിരിച്ചുവരുന്ന സമയം കൊണ്ട് കൊട്ടാരം പണിതീർന്നിരിക്കണമെന്ന് ശ്ലീഹായോടു പറഞ്ഞ് താൻ യാത്രപുറപ്പെട്ടു. എന്നാൽ തോമാശ്ലീഹായാകട്ടെ വളരെ അധികം പണം വാങ്ങുകയും അതു മുഴുവനും ദരിദ്രർക്കു വിഭജിച്ചു കൊടുക്കുകയുംചെയ്തു. രാജാവ് തിരിച്ചുവന്നപ്പോൾ കൊട്ടാരം പണിയുടെ കാര്യം ചോദിച്ചു. രാജകൊട്ടാരത്തിന് അടിസ്ഥാനംപോലും ഇട്ടില്ലെന്നറിഞ്ഞപ്പോൾ രാജാവ് കോപിക്കുകയും ആ ഉദാസീനതയുടെയും വാങ്ങിച്ച ധനം എങ്ങനെ ചെലവഴിച്ചു എന്നുള്ള മാർഗ്ഗത്തെയുംകുറിച്ച് ശ്ലീഹായോടു ചോദിക്കുകയുംചെയ്തു. ശ്ലീഹായാകട്ടെ താൻ വാങ്ങിയ ധനം മുഴുവനും കൊട്ടാരത്തിന്റെ അടിസ്ഥാനനിർമ്മാണത്തിനു ചെലവായിപ്പോയി എന്നും ഇനിയും അതിന്റെ ഭിത്തി, മേൽപ്പുര ഇവകൾക്കായി കുറേക്കൂടി ധനം ആവശ്യമാണെന്നും മറുപടി പറഞ്ഞു. കുപിതനായ രാജാവ് അദ്ദേഹത്തെ കാരാഗൃഹത്തിൽ ബന്ധിച്ചു. ഏതാനും നാളുകൾക്കുശേഷം ആ രാജാവിന്റെ സഹോദരൻ രോഗം നിമിത്തം കഷ്ടപ്പെടുകയും മരണത്തോടു സമീപിക്കുകയുംചെയ്തു. അദ്ദേഹം സൗഖ്യം പ്രാപിച്ചപ്പോൾ രാജാവിനോട് "ഞാൻ രോഗത്തിലായിരുന്നപ്പോൾ ഒരാൾ എന്റെ കൈക്കു പിടിച്ച് എന്നെ കൂട്ടിക്കൊണ്ടു പോയി ഭൂമിയിൽ അടിസ്ഥാനമിടപ്പെട്ടിരിക്കുന്നതും ആകാശത്തോളമുയരമുള്ളതും മഹനീയവുമായ ഒരു കൊട്ടാരം കാണിച്ചു. അത് ആരുടേതാണെന്നു ഞാൻ ചോദിച്ചപ്പോൾ നിന്റെ സഹോദരനായ രാജാവിനു വേണ്ടി അവന്റെ ദാസനായ എബ്രായക്കാരൻ നിർമ്മിച്ചതാണെന്ന്

2 ബാർ എബ്രായയുടെ *സഭാചരിത്രം* രണ്ടാം മിമ്രോ.

3 *എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക* 9-ാം പതിപ്പ് 23-ാം വാല്യം 308-ാം പേജ്.

4 ടി പുസ്തകം 9-ാം പതിപ്പ് 18-ാം വാല്യം 603-ാം പേജ്.

* മിമ്രോ - A metrical homily

അയാൾ മറുപടി പറഞ്ഞു. അതിനാൽ അപ്രകാരമൊരു കൊട്ടാരം എനിക്കും നിർമ്മിക്കേണ്ടതിന് അദ്ദേഹത്തെ ബന്ധനവിമുക്തനാക്കുന്നതിന് ഞാൻ അപേക്ഷിക്കുന്നു"വെന്നു പറഞ്ഞു. ഇതു കേട്ട് സന്തുഷ്ടനായ രാജാവ് തോമാശ്ലീഹായെ വിമുക്തനാക്കുകയും താനും പ്രധാനന്മാരിലനേകരും സഹോദരനും സ്നാനമേറ്റു മ്ശിഹായിൽ വിശ്വസിക്കുകയുംചെയ്തു. തോമാശ്ലീഹാ ധൈര്യസമേതം സുവിശേഷം പ്രചരിപ്പിച്ചുകൊണ്ടിരുന്നു.[5]

മലബാറിലെ ചരിത്രപ്രകാരം തോമാശ്ലീഹാ 52-ൽ കപ്പൽമാർഗ്ഗം കൊടുങ്ങല്ലൂർ വന്നിറങ്ങി. ആ പട്ടണവാസികളോടും യഹൂദന്മാരോടും അനന്തരം ചുറ്റുമുള്ള ജാതികളോടും സുവിശേഷമറിയിച്ചു. ശക്തിമത്തായ പ്രഭാഷണങ്ങളുടെ ഫലമായി പലരും വിശേഷിച്ച് ഉൽകൃഷ്ട വംശജരായ ബ്രാഹ്മണരും ക്രിസ്തുമാർഗ്ഗം സ്വീകരിച്ചു. കൊല്ലം, പാലൂർ, കൊടുങ്ങല്ലൂർ, ഗോക്കമംഗലം, കൊട്ടക്കാവ്, ചായൽ, നിരണം ഇങ്ങനെ പ്രധാനമായ ഏഴ് ദിക്കുകളിൽ അദ്ദേഹത്തിന്റെ ശ്രമഫലമായി അനേകർ ക്രിസ്തുമതാവലംബികളായിത്തീരുകയും അവിടങ്ങളിൽ തന്റെ വി. കൈകൾകൊണ്ട് പള്ളികൾ സ്ഥാപിക്കുകയും ചെയ്തു. മലങ്കരെ സുവിശേഷവിത്തു വിതച്ചതിന്റെശേഷം ഈ ബാലസഭയെ ഭരിപ്പാൻ ശങ്കരപുരി, പകലോമറ്റം, കള്ളി, കാളിയാങ്കൽ എന്നീ ക്രിസ്തുമാർഗ്ഗം സ്വീകരിച്ച നാല് ബ്രാഹ്മണകുടുംബങ്ങളിൽനിന്നു അദ്ദേഹം സ്ഥാനംകൊടുത്ത് പട്ടക്കാരെ ഏർപ്പെടുത്തി. അനന്തരം ഇൻഡ്യയുടെ പൂർവ്വതീരത്തേക്കുപോയി അവിടെയും സുവിശേഷാഘോഷണം നടത്തിയിട്ട് മലാക്കാ, ചൈന മുതലായ രാജ്യങ്ങളിലേക്കുപോയി സുവിശേഷിച്ചു. അവിടെനിന്നും തിരിച്ചുവരുന്നവഴി മദ്രാസിനടുത്തുള്ള മൈലാപ്പൂരിൽ[6] വരികയും സുവിശേഷിക്കുകയുംചെയ്തു. സുവിശേഷവിരോധികളായ ശത്രുക്കൾ അദ്ദേഹത്തെ പിടിച്ച് തോലുരിച്ചതിനു ശേഷം വലത്തുഭാഗത്തു ശൂലംകൊണ്ടുകുത്തി. ഇതു സംഭവിച്ചത് എ.ഡി. 72 ധനു* 18-ാം തീയതി ആയി കണക്കാക്കപ്പെടുന്നു. 21-ാം തീയതി താൻ രക്തസാക്ഷിയായി നിദ്രപ്രാപിച്ചു. അവിടെത്തന്നെ സംസ്ക്കരിക്കപ്പെട്ടു. എ.ഡി. 394 കർക്കടകം** 3-ാം തീയതി ശ്ലീഹായുടെ തിരുശേഷിപ്പുകൾ അവിടെനിന്ന് എടുത്തുകൊണ്ടുപോയി. ചിങ്ങമാസം 22-ാം തീയതി ഉറഹോയിൽ സ്ഥാപിച്ചു***. അനന്തരം അവിടെ തന്റെ നാമത്തിൽ ഒരു വലിയ പള്ളി പണികഴിപ്പിക്കുകയുംചെയ്തു. ഈ സംഭവം നടന്നത് അന്ത്യോഖ്യയിൽ വാണിരുന്ന വി. ഫെലബിയാനോസ് പ്രഥമൻ (381-401) പാത്രിയർക്കീസിന്റെയും ഉറഹോയിലെ മെത്രാപ്പോലീത്തായായ് കോറായുടേയും നാളുകളിലാണ്. 442-ൽ

5 ബാർ എബ്രായയുടെ സഭാചരിത്രം 2-ാം മിമ്ര.

6 മി. ഇ.എം. ഫീലിപ്പോസ് എഴുതിയ *'മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ'* എന്ന പുസ്തകം നോക്കുക.

* ഡിസംബർ ** ജൂലൈ

***ഇപ്പോൾ മൂസലിലെ സെന്റ് തോമസ് ദൈവാലയത്തിൽ സംരക്ഷിച്ചിരിക്കുന്നു. (*എത്യോപ്യൻ സുന്നഹദോസും വിശുദ്ധ നാടുസന്ദർശനവും*, ഫാ. ടി.സി. ജേക്കബ് കാണുക-സംശോധകൻ.)

സൈന്യാധിപനായ "അനാത്തോൾ" എന്ന ദേഹം ശ്ലീഹായുടെ തിരുശേഷിപ്പുകൾ മറവുചെയ്യപ്പെട്ട സ്ഥലത്ത് ബഹുമാനാർത്ഥം വെള്ളികൊണ്ട് ഒരു കിരീടം നിർമ്മിച്ചു.[7]

### അല്ഫായിയുടെ പുത്രനായ യാക്കൂബ്

ശ്ലീഹന്മാരുടെ നാലു പട്ടികകളിലും ഇദ്ദേഹം അല്ഫായിയുടെ പുത്രനാണെന്നറിയപ്പെടുന്നു. ഇദ്ദേഹം മനശ്ശെഗോത്രജനും ഒരു ചുങ്കക്കാരനുമായിരുന്നു. താൻ മ്ശിഹായുടെ ശിഷ്യനായിത്തീരുകയും എ.ഡി. 28-ൽ പതിനൊരുവരോടുകൂടി ശ്ലീഹാസ്ഥാനത്തേക്ക് ഉയർത്തപ്പെടുകയും ചെയ്തു. ശ്ലീഹന്മാരുടെ സകല നാമപ്പട്ടികയിലും ഇദ്ദേഹത്തിന്റെ സ്ഥാനം ഒൻപതാമത്തേതത്രെ. മ്ശിഹായുടെ സ്കീപ്പുസായിക്കും സ്വർഗ്ഗാരോഹണത്തിനും മുമ്പ് ഇദ്ദേഹത്തെക്കുറിച്ച് യാതൊന്നുംതന്നെ അറിയുന്നില്ല. കർത്താവിന്റെ സ്വർഗ്ഗാരോഹണം കണ്ടശേഷം മറ്റു സഖാക്കളോടുകൂടി ഇദ്ദേഹവും യറുശലേമിലേക്കു തിരിച്ചു വന്ന് പരിശുദ്ധാത്മാവിനുവേണ്ടി കാത്തിരുന്നു. വിശുദ്ധാത്മാവ് ലഭിച്ചശേഷം ഇദ്ദേഹം "ഗാസാ, സൂർ, അറേബ്യാപ്രദേശങ്ങൾ, ഈജിപ്ത്" എന്നീ സ്ഥലങ്ങളിൽ സുവിശേഷമറിയിച്ചു. ഒടുവിൽ ഇദ്ദേഹം ഈജിപ്തിൽ വച്ച് ക്രൂശിക്കപ്പെട്ടുവെന്ന് പറയപ്പെടുന്നു.

### ക്നാനായക്കാരൻ ശെമവൂൻ (വൈരാഗ്യക്കാരൻ ശെമവൂൻ)

ഇദ്ദേഹം ഗലീലയിലെ കൊത്തിനയിൽനിന്നുള്ള എഫ്രയിം ഗോത്രക്കാരനായിരുന്നു. ക്നാനായക്കാരൻ അഥവാ വൈരാഗ്യക്കാരൻ ശെമവൂൻ എന്ന് ഇദ്ദേഹത്തെ വിളിച്ചുവരുന്നു. മൂശൈകക്രമങ്ങളുടെ ആചരണത്തിൽ ഏററവും നിഷ്ക്കർഷയുള്ളവർ എന്നറിയപ്പെട്ടിരുന്നവരായ വൈരാഗ്യക്കാരുടെ കൂട്ടത്തിൽനിന്നുള്ളവനായിരുന്നു ശെമവൂൻ. എ.ഡി. 28-ൽ ശ്ലീഹാസ്ഥാനത്തേക്കു ഉയർത്തപ്പെട്ടു. മത്തായി, മർക്കോസ് എന്നിവരുടെ ഏവൻഗേലിയോനിൽ ശ്ലീഹന്മാരുടെ പട്ടികയിൽ പതിനൊന്നാമതായും ലൂക്കോസ്, പ്രക്സീസ് എന്നീ പുസ്തകങ്ങളിൽ പത്താമതായും ഇദ്ദേഹത്തിന്റെ പേർ കാണുന്നു. പുതിയ നിയമത്തിൽ നിന്നും ഇദ്ദേഹത്തിന്റെ ചരിത്രത്തെക്കുറിച്ച് ഒന്നും അറിയുന്നില്ല. പാരമ്പര്യപ്രകാരം വിശുദ്ധാത്മാവാവാസത്തിനുശേഷം സുറിയായിൽ പ്രത്യേകിച്ച് "ആലപ്പോ, മാബൂഗ്, ക്ലോവോദിയ" മുതലായ സ്ഥലങ്ങളിൽ സുവിശേഷമറിയിച്ചുവെന്നും കാണുന്നു. "കോറോസ്" എന്ന പട്ടണത്തിൽ അദ്ദേഹം ഒരു പള്ളി സ്ഥാപിച്ചു. മെസ്രേനിലേക്കും ആഫ്രിക്കൻ പ്രദേശങ്ങളിലേക്കും പോകുകയും അനന്തരം ബ്രിട്ടാനിയായിൽ പോയിട്ട് പേർഷ്യൻ പ്രദേശങ്ങളിലേക്കു തിരിച്ചുവരുകയും ചെയ്തു. യഹൂദശ്ലീഹായുമൊരുമിച്ചു സുവിശേഷിക്കുകയും ഒടുവിൽ സ്ലീബായിൽ മരിക്കുകയും ചെയ്തുവെന്ന് പറയപ്പെടുന്നു.

---

7 എ.ഡി. 550-ൽ പ്രസിദ്ധനായിരുന്ന 'ഉറഹോയ്'ക്കാരന്റെ ചരിത്രം നോക്കുക. (*Chronica Minora* Part I Page 5, 7) പാരീസിൽ ഗേഡി അച്ചടിപ്പിച്ചത്.

## വി. യഹൂദശ്ലീഹാ

ഇദ്ദേഹം ശെമവൂൻ ഗോത്രജനായിരുന്നു. തദ്ദായി എന്നും ലാബി എന്നും വിളിക്കപ്പെട്ടിരുന്നു. തന്റെ ജ്ഞാനത്തെ അടിസ്ഥാനപ്പെടുത്തിയായിരുന്നു ഇപ്രകാരം വിളിക്കപ്പെട്ടിരുന്നത്. ലൂക്കോസിന്റെ സുവിശേഷത്തിൽ യാക്കോബിന്റെ പുത്രനായ യഹൂദ എന്നും[8] യോഹന്നാന്റെ സുവിശേഷത്തിൽ സ്കറിയൂത്താ* അല്ലാത്ത യൂദാ എന്നും താൻ വിളിക്കപ്പെട്ടിരുന്നു. ഇദ്ദേഹം എ.ഡി. 28-ൽ ശ്ലീഹാ ആയിത്തീർന്നു. മത്തായി, മർക്കോസ് എന്നിവരുടെ സുവിശേഷങ്ങളിൽ പത്താമതും ലൂക്കോസ്, പ്രക്സീസ് എന്നീ പുസ്തകങ്ങളിൽ പതിനൊന്നാമതും ഇദ്ദേഹത്തിന്റെ പേരു കാണുന്നു. ഇദ്ദേഹത്തെപ്പറ്റി കാര്യമായി അനുസ്മരിക്കത്തക്കവണ്ണം ഏവൻഗേലിസ്ഥന്മാർ ഒന്നുംതന്നെ പറയുന്നില്ല. തിരുവത്താഴത്തിനുശേഷം ശ്ലീഹന്മാരോടുള്ള മ്ശിഹാതമ്പുരാന്റെ ഉപദേശസമയത്ത് ഇദ്ദേഹം യേശുവിനോട് "കർത്താവേ! അങ്ങ് ലോകത്തിനായിട്ടല്ലാതെ ഞങ്ങൾക്കായി പ്രത്യക്ഷനാകുന്നത് എങ്ങനെയാണ്?" എന്നു ചോദിച്ചതായി വി. യോഹന്നാൻ പറയുന്നു. (യോഹ. 14:22). യഹൂദ്യാ, ശമറിയാ, ഗലീല, ഏദോമ്യാ, അറേബ്യൻ പ്രദേശങ്ങൾ, മെസപ്പത്തോമിയ, പേർഷ്യ എന്നിവിടങ്ങളിൽ ഇദ്ദേഹം സുവിശേഷിച്ചു. പേർഷ്യായിൽ വച്ച് ക്നാനായക്കാരനായ ശെമവൂനെ താൻ കണ്ടുമുട്ടി. അവരിരുവരും കൂടി അവിടെ വേലചെയ്യുകയും അവർ മുഖാന്തരം ഈ പ്രദേശങ്ങളിൽ സുവിശേഷം അത്യധികം അഭിവൃദ്ധിപ്പെടുകയും ചെയ്തു. വിഗ്രഹപൂജകർ ഇതറിഞ്ഞപ്പോൾ കോപിച്ച് പതിയിരുന്ന് അവരെ കൊന്നു. എന്നാൽ യഹൂദായെ "യർവാദ്'' ദ്വീപിൽവച്ച് കല്ലുകൊണ്ട് എറിഞ്ഞുകൊല്ലുകയും "ബയ്റൂട്ടിൽ'' അടയ്ക്കപ്പെടുകയുമാണ് ചെയ്തതെന്നു ചിലർ പറയുന്നുണ്ട്.

## വി. മത്തിയാസ് ശ്ലീഹാ

രൂബേൻ ഗോത്രജനായ ഇദ്ദേഹം ബേത്‌ലഹേമിൽ ജനിച്ചു. മ്ശിഹായെ കണ്ടപ്പോൾ അദ്ദേഹത്തിനു ശിഷ്യപ്പെട്ടു. എഴുപത് അറിയിപ്പുകാരിൽ ഒരുവനായിരുന്ന ഇദ്ദേഹം കർത്താവിന്റെ സ്വർഗ്ഗാരോഹണാനന്തരം വി. റൂഹായുടെ ആവാഹത്തെ പ്രതീക്ഷിച്ചുകൊണ്ട് മാളികയിൽ ഇരുന്ന 120 പേരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. ആ നാളുകളിൽ ശെമവൂൻ

8 യൂദാസ് യാക്കോബോസ് എന്ന പദം യൗനോയ ഭാഷയിൽ നിന്ന് ഭാഷാന്തരം ചെയ്യുമ്പോൾ ഉണ്ടാകാവുന്ന അർത്ഥത്തെക്കുറിച്ച് വിവർത്തകരുടെയിടയിൽ ഭിന്നാഭിപ്രായമാണുള്ളത്. ചിലർ തർജ്ജമചെയ്തത് "യാക്കോബിന്റെ സഹോദരൻ" എന്നും വേറെ ചിലർ "യാക്കോബിന്റെ പുത്രൻ" എന്നുമത്രെ. എന്നാൽ ഈ ശ്ലീഹാ യാക്കൂബിന്റെ പുത്രനും പൊതുലേഖന കർത്താവായ യഹൂദ നമ്മുടെ കർത്താവിന്റെ സഹോദരനായ യാക്കൂബിന്റെ സഹോദരനുമായിരുന്നു എന്നുള്ളതാണ് വാസ്തവം. ഈ സംഗതി സുറിയാനി വിവർത്തകർ കൃത്യമായി വി. പുസ്തകത്തിൽ വെളിപ്പെടുത്തുന്നുണ്ട്. (ലൂക്കോ. 6:16, പ്രക്. 1:13, യഹൂദ. 1)

*ഇസ്കര്യോത്ത് (മർക്കോസ് 3:19) കെര്യോത്ത്കാരൻ എന്നർത്ഥം.

കീപ്പാ അവരുടെ ഇടയിൽ എഴുന്നേറ്റുനിന്ന് യഹൂദാസ്കറിയോത്തായ്ക്ക് അവരോടുകൂടി പങ്കുണ്ടായിരുന്നതും അവൻ വീണതുമായ കാര്യങ്ങളെക്കുറിച്ചു സംസാരിക്കുകയും അവന്റെ സ്ഥാനം മറ്റൊരുവൻ എടുക്കുമെന്നുള്ളതും താൻ അപ്പോൾ വിശദമാക്കി. ഉടനെ മററുള്ളവർ മ്ശിഹായുടെ ഉയിർപ്പിനു ഞങ്ങളോടൊരുമിച്ചു സാക്ഷിയായിരിപ്പാൻ ഒരാൾ ആവശ്യമായിരിക്കുന്നുവെന്നും അവൻ യോഹന്നാന്റെ മാമോദീസാ മുതൽ യേശു സ്വർഗ്ഗാരോഹണം ചെയ്തനാൾ വരെ നമ്മുടെ ഇടയിൽ സഞ്ചരിച്ച കാലത്ത് ഞങ്ങളോടുകൂടെ ഉണ്ടായിരുന്നവരിൽ ഒരാളായിരിക്കണമെന്നും അഭിപ്രായപ്പെട്ടു. അതനുസരിച്ച് അവർ യുസ്തോസ് എന്ന് മറുനാമമുള്ളവനും ബാർശാബ എന്നു വിളിക്കപ്പെടുന്നവനുമായ യൗസേപ്പിനേയും മത്തിയാസ് എന്ന ആളിനേയും തിരഞ്ഞെടുത്ത് പ്രാർത്ഥിച്ച് അവരുടെ പേർക്കു ചീട്ടിട്ടു. ചീട്ട് മത്തിയാസിനു വീണതിനാൽ യഹൂദസ്ക്കറിയാത്തോയ്ക്കു പകരം താൻ എണ്ണപ്പെട്ടു. വി. റൂഹായുടെ ആവാസാനന്തരം അദ്ദേഹം പലസ്തീനിലും കപ്പദൂക്കിയായിലും അബ്സീനിയായിലും സുവിശേഷമറിയിച്ചു. “ഹൈക്കൽശമ്സ്” എന്ന പട്ടണത്തിനു സമീപമുള്ള ഒരു സ്ഥലത്തിനടുത്തുവച്ച് ഇദ്ദേഹം സാക്ഷിമരണം പ്രാപിച്ചു. യരുശലേമിൽവച്ച് യഹൂദന്മാരാൽ കല്ലെറിഞ്ഞുകൊല്ലപ്പെടുകയാണുണ്ടായതെന്ന് വേറെ ചിലരും പറയുന്നു.

അദ്ധ്യായം 17

# വി. സ്തേഫാനോസ് സഹദായും സുവിശേഷപ്രചാരണവും

വി. റൂഹാ ശ്ലീഹന്മാരുടെമേൽ ആവസിച്ചതിന്റെശേഷം അവർ നമ്മുടെ രക്ഷകനായ യേശുമ്ശിഹായുടെ കല്പനയനുസരിച്ച് പ്രവർത്തനമാരം ഭിച്ചു. അവരുടെ എല്ലാ പ്രവൃത്തികളും പരിശുദ്ധാത്മാവിനാൽ നടത്ത പ്പെട്ടിരുന്നു (യോഹ. 14:26, 16:13). ക്രൂശാരോഹണത്തിന്റെ ആണ്ടിൽ തന്നെ വി. ശ്ലീഹന്മാർ മൂറോൻകൂദാശ നടത്തി. ചൊവ്വാഴ്ച അവർ ബലിപീഠം പണികഴിപ്പിച്ചു. ബുധനാഴ്ച അവർ ദൈവമാതാവിനെ സ്നാ നപ്പെടുത്തി. ആ ദിവസംതന്നെ മോർ യാക്കൂബ്ശ്ലീഹാ ഒന്നാമത്തെ കുർബ്ബാന അർപ്പിച്ചു. അപ്പോൾ മുതൽ അവർ മനുഷ്യരെ മ്ശിഹൈക തൊഴുത്തിലേക്ക് ആകർഷിക്കുകയും ദൈവവചനത്തെ ധൈര്യ സമേതം പ്രസംഗിക്കുകയും ചെയ്തുകൊണ്ടിരുന്നു. വിശ്വസിച്ചവരായ ജനക്കൂട്ടത്തിന് ഏകമനസ്സും ഏക അഭിപ്രായവുമാണ് ഉണ്ടായിരുന്നത്. അവരിൽ ഒരുവനും അവനവന്റെ സമ്പാദ്യങ്ങളെ സ്വന്തമെന്നു കരുതി യിരുന്നില്ല. പിന്നെയോ അവർക്കുണ്ടായിരുന്ന സകലവും പൊതുവക യായിരുന്നു. ദരിദ്രനായി അവരിൽ ഒരുവനുമുണ്ടായിരുന്നില്ല. എന്തെ ന്നാൽ നിലങ്ങളും ഭവനങ്ങളും ഉണ്ടായിരുന്നവർ അവയെ വിറ്റ് വില കൊണ്ടുവന്ന് ശ്ലീഹന്മാരുടെ കാൽക്കൽ വയ്ക്കുകയും ശ്ലീഹന്മാർ, ഓരോരുത്തനും അവനവന്റെ ആവശ്യാനുസരണം കൊടുക്കുകയും ചെയ്തുപോന്നു (പ്രക്. 4)*. സഭാംഗങ്ങൾ വർദ്ധിച്ചു വന്നപ്പോൾ ദിനം തോറുമുള്ള അന്വേഷണത്തിനായും മാമോദീസാ, സുവിശേഷം, ഉപ ദേശം, മേശയിലുള്ള ശുശ്രൂഷ ഇവയിൽ ശ്ലീഹന്മാരെ സഹായിക്കുന്ന തിനായി ഏഴ് ശെമ്മാശന്മാരെ പട്ടംകൊടുത്ത് വാഴിച്ചു (പ്രക്. 6:5-8, 8:5-35). അവരിൽ പ്രധാനി, മതതീക്ഷ്ണതയിലും വിശ്വാസത്തിലും ശ്ലീഹന്മാരുടെ ഒരു യഥാർത്ഥ അനുയായി ആയിരുന്ന സ്തേഫാനോസ് ശെമ്മാശനായിരുന്നു. അനുയോജ്യമായ വിധത്തിൽ അഗ്നിബാധിക്കു മ്പോൾ അതിന്റെ ജ്വാല വർദ്ധിക്കുകയും അതിന്റെ പ്രഭ കൂടുതൽ ജ്വലി ക്കുകയും ചെയ്യുന്നതുപോലെ, വിശുദ്ധാത്മാവ് സ്തേപ്പാനോസിന്റെ

*പ്രക്സീസ്-അപ്പോസ്തലപ്രവൃത്തികൾ

ശ്രേഷ്ഠമായ സ്വഭാവത്തിൽ വസിച്ചപ്പോൾ തന്റെ കൃപയിൽ കിരണങ്ങളെ കൂടുതൽ പ്രത്യക്ഷമാക്കിത്തീർത്തു. കാലവിളംബമെന്യേ സുവിശേഷം ഊർശ്ലേമിൽ മാത്രമല്ല, പലസ്തീൻ പ്രദേശങ്ങളിലും സുറിയായിലും പ്രചരിച്ചു. ഒരു വശത്ത് മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്നവന്റെ നാമത്തിൽ വിശ്വസിച്ചവർക്ക് സാദൂക്യർ ബദ്ധശത്രുക്കളായിത്തീർന്നെങ്കിലും (പ്രക്. 4:2, 5:17, 23:6) മറുവശത്ത് പുരോഹിതന്മാരിലും (പ്രക്. 6:7) പ്രീശേന്മാരിലും (പ്രക്. 15:5) പലരും ക്രിസ്തുമതത്തെ ആശ്ലേഷിച്ചു. ഇങ്ങനെ ദൈവവചനം പരക്കുകയും ഊർശ്ലേമിൽ ശിഷ്യന്മാരുടെ സംഖ്യ ഏററം വർദ്ധിക്കുകയും സ്തേഫാനോസ് കൃപയും ശക്തിയും നിറഞ്ഞവനായി ജനങ്ങളുടെ ഇടയിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ, കുറേനക്കാരും, അലക്സന്ത്രിയാക്കാരും ലിബർത്തീൻകാരുമായ ചില യൂദന്മാർ അദ്ദേഹത്തോടു വാദിച്ചു. എന്നാൽ അദ്ദേഹത്തിന്റെ അപാരജ്ഞാനവും തന്നിൽ വ്യാപൃതമായിരുന്ന പരിശുദ്ധാത്മശക്തിയും സമ്മതിക്കുവാൻ നിവൃത്തിയില്ലായ്കയാൽ അദ്ദേഹത്തിനെതിരായി വ്യാജസാക്ഷികളുണ്ടാക്കി അദ്ദേഹത്തെ കല്ലെറിഞ്ഞുകൊന്നു. അപ്പോൾ മുതൽ ഊർശ്ലേമിലെ സഭയ്ക്ക് വലിയ പീഡ ആരംഭിച്ചു. ആ സഭയ്ക്കുണ്ടായ പ്രഥമവും ക്രൂരവുമായ ഈ പീഡയുടെ കാഠിന്യംമൂലം പന്ത്രണ്ട് ശ്ലീഹന്മാരൊഴികെ മറ്റെല്ലാവരും യഹൂദ്യയിലേക്കും ശമര്യയിലേക്കും ഓടിപ്പോയി. ചിലർ ഫൊനീക്യ, കുപ്രോസ്, അന്ത്യോഖ്യ എന്നീ സ്ഥലങ്ങളിലേക്ക് ഓടിപ്പോകുകയും അവിടങ്ങളിൽ സുവിശേഷമറിയിക്കുകയും ചെയ്തു. ഇക്കാലത്തിൽ ശേബാരാജ്ഞിയുടെ ഷണ്ഡൻ പീലിപ്പോസ് ശെമ്മാശനാൽ ശിഷ്യപ്പെടുത്തപ്പെട്ടു. മെസ്രയീമ്യർ, സുറിയാനിക്കാർ, പേർഷ്യർ, മെസോപ്പൊട്ടോമ്യർ, ഗലാത്യർ, ഇലോറിയർ, മക്കദോന്യർ തുടങ്ങിയവരിൽ പലരും ക്രിസ്ത്യാനികളാക്കപ്പെട്ടു. അന്ത്യോഖ്യായിൽ വച്ച് ആദ്യമായി ശിഷ്യന്മാർ ക്രിസ്ത്യാനികളെന്നു വിളിക്കപ്പെട്ടു. (പ്രക്. 7,11 അദ്ധ്യായങ്ങൾ). പ. സ്തേഫാനോസിന്റെ നിർമ്മലരക്തം ചിന്തലിനാൽ യൂദന്മാർക്കു ശ്ലീഹന്മാർക്കെതിരായി ഭ്രാന്തുപിടിച്ച് എതിരായി പ്രവർത്തിക്കാതിരുന്നെങ്കിൽ ഏവൻഗേല്യോന്യ കൃപ ഊർശ്ലേമിൽ മാത്രമേ സ്ഥിതിചെയ്യുമായിരുന്നുള്ളു. എന്നാൽ യൂദന്മാരാൽ അവർ പീഡിപ്പിക്കപ്പെട്ടതിനാൽ മേൽ പറയപ്പെട്ട പ്രദേശങ്ങളിൽനിന്ന് മറ്റ് അനേകരും വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെട്ടു.

### അദ്ധ്യായം 18

# സുറിയാനിക്കാരനായ ഉറഹോയിലെ അബ്ഗർ രാജാവ്

## (ഒന്നാമത്തെ ക്രിസ്തീയ രാജാവ്)

"എഡേസാ" എന്ന് ഗ്രീക്ക്ഭാഷയിൽ വിളിക്കപ്പെടുന്ന ഉറഹോയ് പൗരസ്ത്യ പട്ടണങ്ങളിലും മെസോപ്പൊട്ടോമിയായിലെ ഉന്നതസ്ഥലങ്ങളിലും വച്ച് ഏറ്റവും പഴക്കമുള്ളതാണ്. സിറിയൻ പ്രദേശങ്ങളിൽ തലയിലെ മഹത്ത്വമുള്ള കിരീടംപോലെ ഇതു ശോഭിക്കുന്നു. അബ്ഗർ എന്ന നാമത്താൽ അറിയപ്പെട്ടിരുന്ന സിറിയൻ രാജാക്കന്മാരുടെ തലസ്ഥാനമായിരുന്നു ഇത്. നാല് നൂറ്റാണ്ടുകൾ അവരുടെ കൊടിക്കൂറ ഇതിനു മുകളിൽ പറന്നുകൊണ്ടിരുന്നു. ഉറഹോയ് രാജ്യം ബി.സി. 132-ൽ "അറിയോ" എന്ന സിറിയൻ രാജാവിനാൽ സ്ഥാപിതമായി. മ്ശിഹാതമ്പുരാന്റെ പരസ്യശുശ്രൂഷയുടെ കാലത്ത്, ഉറഹോയിൽ അബ്ഗർ അഞ്ചാമൻ രാജാവ് ജീവിച്ചിരുന്നു. റോമിലെ തീബേറിയോസ് കേസരുടെ പത്തൊമ്പതാം ആണ്ടിൽ ഈ അബ്ഗർ രാജാവ് ഹാനനിയാ എന്ന ഒരു സന്ദേശവാഹകനെ ഒരു കത്തുമായി ഊർശ്ലേമിൽ കർത്താവിന്റെ അടുക്കലേക്ക് അയച്ചു. ആ എഴുത്തിൽ, താൻ മ്ശിഹാതമ്പുരാന്റെ അത്ഭുതപ്രവർത്തനങ്ങളെയും ഔഷധം കൂടാതെ രോഗികളെ സുഖപ്പെടുത്തുന്നതിനേയും മറ്റും കുറിച്ചു കേട്ടതിനാൽ താൻ ഉത്തമ രക്ഷകനും സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ദൈവമോ ദൈവപുത്രനോ എന്നും തന്നിൽ വിശ്വസിക്കുന്നതായി അറിയിക്കുകയും തന്റെ രോഗം സുഖപ്പെടുത്തുന്നതിനും, യൂദന്മാരിൽനിന്നും യേശുവിന് ഉപദ്രവമുണ്ടാകാതിരിക്കത്തക്കവണ്ണം തന്റെ പട്ടണത്തിൽ (ഉറഹോയ്) വന്നു താമസിക്കുന്നതിനും അപേക്ഷിക്കുകയും ചെയ്തിരുന്നു. മ്ശിഹാതമ്പുരാൻ ഇതിനു മറുപടിയായി "എന്നെ കാണാതെ വിശ്വസിച്ചവനു ഭാഗ്യം." ഏതൊന്നിനായി ഞാൻ അയയ്ക്കപ്പെട്ടുവോ ആ മനുഷ്യാവതാരനടപടികളെ നിവർത്തിച്ചശേഷം പിതാവിന്റെ അടുക്കലേക്കു ഞാൻ, ഉയർത്തപ്പെടേണ്ടിയിരിക്കുന്നു. ആ സമയത്ത് എന്റെ ശിഷ്യന്മാരിൽ ഒരുവനെ ഞാൻ നിങ്ങളുടെ അടുക്കൽ അയയ്ക്കുകയും അവൻ നിങ്ങ

ളുടെ വേദനകൾ സൗഖ്യപ്പെടുത്തുകയും നിങ്ങൾക്കും നിങ്ങളുടെ കൂടെയുള്ളവർക്കും ജീവൻ നൽകുകയും ചെയ്യും" എന്നിപ്രകാരമെഴുതി.[1]

ഹാനനിയ, യേശുവിൽനിന്നു മറുപടി വാങ്ങിച്ചപ്പോൾ തന്നെ, യേശുവിനെ നല്ലതുപോലെ സൂക്ഷിച്ചു മനസ്സിലാക്കി തന്റെ ഒരു ഛായ വരച്ചെടുത്ത് ഉറഹോയിലേക്കു കൊണ്ടുപോയി അബ്ഗർ രാജാവിനു സമർപ്പിച്ചുവെന്ന് ചിലർ അഭിപ്രായപ്പെടുന്നു. മറ്റു ചിലർ, തുണികൊണ്ട് യേശു മുഖം തുടച്ചെന്നും അപ്പോൾ ആ തുണിയിൽ അദ്ദേഹത്തിന്റെ ഛായ ചിത്രിതമായി എന്നും അത് അബ്ഗറിനു കൊടുക്കുവാനായി ദൂതനെ ഏല്പിച്ചുവെന്നും പറയുന്നു. മ്ശിഹാതമ്പുരാന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം തന്റെ മുൻ വാഗ്ദത്തമനുസരിച്ച് എഴുപത് അറിയിപ്പുകാരിൽ ഒരാളായ ആദായിയെ ഉറഹോയിലേക്ക് അയയ്ക്കുകയും അവൻ അബ്ഗർ രാജാവിനെ കുഷ്ഠരോഗത്തിൽനിന്നും സുഖപ്പെടുത്തുകയും അവനെ ശിഷ്യപ്പെടുത്തി മാമോദീസാ മുക്കുകയും അദ്ദേഹത്തിന്റെ ചെലവിൽ ഉറഹോയിൽ ഒരു പള്ളി പണിയിക്കുകയും ഉറഹായിലുള്ളവരെ ശിഷ്യപ്പെടുത്തുകയും ചെയ്തു. ഈ അബ്ഗർ അത്രെ ആദ്യമായി ക്രിസ്തുമതം സ്വീകരിച്ച രാജാവ്. ഇദ്ദേഹം കരുണാപ്രവർത്തനങ്ങളിൽ പ്രസിദ്ധനും ക്രിസ്ത്യാനിത്വത്തിന്റെ അഭ്യുദയത്തിനു വേണ്ടി വളരെ ശ്രമിച്ചവനുമായിരുന്നു.[2]

ഇപ്രകാരം ഉറഹോയ്, മെസപ്പൊട്ടാമിയായിലുള്ള പള്ളികളുടെ മാതാവായിത്തീരുകയും അനവധി പള്ളികളും ദയറാകളും വിശിഷ്യ അതിലെ ദയറാകളുടെയും "കുറഹോ"*കളുടെയും പെരുപ്പംകൊണ്ട് അലംകൃതമായിരുന്നതിനാൽ "പരിശുദ്ധ പർവ്വതം" എന്നു വിളിക്കത്തക്കവണ്ണം അത് പർവ്വതത്തിൽ സ്ഥാപിതമാകുകയും ചെയ്തു. അതിൽ 300 ദയറാകൾ ഉണ്ടായിരുന്നുവെന്നും നാലാം നൂറ്റാണ്ടിൽ തേവോദോസ്യോസ് രാജാവിന്റെ കാലത്ത് 90000 ദയറായക്കാർ ആ പർവതത്തിൽ ഉണ്ടായിരുന്നുവെന്നും പറയപ്പെട്ടിരിക്കുന്നു. ഈ ദയറാകളിൽ ഒന്ന്

1 യൗസേബിയോസിന്റെ സഭാചരിത്രം 1:1-3

2 പുരാതനകാലം മുതൽ പൗരസ്ത്യസഭകളിൽ അബ്ഗർരാജാവും യേശുക്രിസ്തുവുമായി നടന്ന എഴുത്തുകുത്തിനെ സംബന്ധിച്ച് നിശ്ചിതമായ വിശ്വാസം നിലനിന്നിരുന്നു. ഇതു സംബന്ധിച്ചുള്ള ചരിത്രങ്ങൾ ദീർഘമായി ഇവിടെ പ്രസ്താവിക്കുന്നത് അസംഗതമായിരിക്കും. ക്രിസ്തബ്ദം ആരംഭം മുതൽ ഇന്നുവരെയും അബ്ഗർരാജാവിന്റെ നാമം കിഴക്കൻസഭകളിൽ സ്മരിക്കപ്പെട്ടുവരുന്നു. പ്രത്യേകിച്ച് സുറിയാനിസഭ, വലിയനോമ്പിന്റെ മദ്ധ്യകാലത്തിൽ അദ്ദേഹത്തിന്റെ പെരുനാളാഘോഷിക്കുന്നു. ഇങ്ങനെയെല്ലാമായിരുന്നിട്ടും നവീന പാശ്ചാത്യ എഴുത്തുകാരിൽ ചിലർ അബ്ഗർരാജാവും കർത്താവുമായുള്ള ഈ ബന്ധത്തെ കേവലം വ്യർത്ഥമായ ചില അഭിപ്രായങ്ങൾ മുഖാന്തരം നിഷേധിച്ചുകൊണ്ടു വല്ല വേദവിപരീതികളുടെയും കല്പിതകഥയായിരിക്കാം ഇതെന്നു പ്രസ്താവിച്ചുകാണുന്നതു വളരെ അത്ഭുതമായിരിക്കുന്നു.

* A hermit's cell (താപസന്റെ അറ)

"അക്സെദ്റോ" എന്നു വിളിക്കപ്പെട്ടിരുന്നു. അത് പർവ്വതത്തിന്റെ മുകളിൽ സ്ഥിതിചെയ്തിരുന്നു. അതിൽ പ്രത്യേകിച്ച് ദയറാധിപന്മാർക്കുവേണ്ടി ഒരു മണ്ഡപം പണിയിക്കപ്പെട്ടിരുന്നു. ഒരു വർഷത്തിലെ ദനഹാപ്പെരുനാളിൽ പന്തീരായിരം ശിശുക്കളെയാണ് അവിടെ മാമോദീസാ മുക്കിയത്. ഇവരോ ആ പർവ്വതത്തിലെ കല്ലുവെട്ടുകാരുടെ ശിശുക്കൾ മാത്രമായിരുന്നു.[3] സുറിയാനിക്കാർക്കുണ്ടായ ഇത്ര വലിയ ആത്മീയാഭിവൃദ്ധിയിൽ അത്ഭുതത്തിനവകാശമില്ല. എന്തുകൊണ്ടെന്നാൽ ചരിത്രകാരന്മാർ സാക്ഷിക്കുന്ന പ്രകാരം ക്രിസ്ത്യാനിത്വത്തിന്റെ ആരംഭം മുതൽ സകല ജാതികൾക്കും മുമ്പ് അവർ ക്രിസ്തുമതത്തെ ആലിംഗനം ചെയ്തു. അതായത് ഒന്നാമതായി മ്ഗുശേ*ന്മാരാലും പിന്നീട് അബ്ഗർ രാജാവിനാലുംതന്നെ.

3 അജ്ഞാതനാമാവായ ഉറഹോയ്ക്കാരന്റെ (13-ാം ശതാബ്ദത്തിന്റെ ആരംഭകാലത്ത് ജീവിച്ചിരുന്നു) സഭാചരിത്രം ഒന്നാം ഭാഗം, പേജ് 182.

* Magi- വിദ്വാന്മാർ

## അദ്ധ്യായം 19

# ക്രിസ്തുസഭയിലേക്കുള്ള പുറജാതികളുടെ പ്രവേശനം

ഉദ്ദേശം എ.ഡി. 37-ാമാണ്ടോടുകൂടി യഹൂദന്മാരിൽനിന്ന് ക്രൈസ്തവ സഭയ്ക്കുണ്ടായിരുന്ന പീഡ ശാന്തമായി. തന്മൂലം യീഹൂദിലും ഗലീലയിലും ശമര്യയിലും ഉണ്ടായിരുന്ന സഭയ്ക്ക് സമാധാനമുണ്ടായി. ഇക്കാലത്ത് ഇതര ദേശങ്ങളെ സന്ദർശിക്കുന്നതിനുള്ള സൗകര്യം അപ്പോസ്തലന്മാർക്കു ലഭിച്ചു. അവർ നമ്മുടെ കർത്താവിന്റെ സഹോദരനും പുണ്യവാനുമായ മോർ യാക്കൂബിനെ എ.ഡി. 42-ൽ ഊർശ്ലേമിലെ എപ്പിസ്കൂപ്പയായി നിയമിച്ചു. സഭയിൽ ഈ സമാധാനമുണ്ടാകുന്നതിനുള്ള കാരണക്കാരി മഗ്ദലനമറിയാമാകുന്നു എന്നു പറയപ്പെടുന്നു. അവൾ റോമിൽ പോയി രാജകുടുംബത്തിലെ ചില സ്ത്രീകളുടെ സഹായത്തോടുകൂടി തീബേറിയോസ് കൈസറിനെ മുഖം കാണിക്കുകയും യഹൂദപ്രമാണികളും നാടുവാഴികളും യേശുവിനോടും അദ്ദേഹത്തിന്റെ ശിഷ്യന്മാരോടും ചെയ്ത അതിക്രമപ്രവർത്തികളെപ്പറ്റി കേസറിനെ ധരിപ്പിക്കുകയും ചെയ്തപ്പോൾ കൈസർ അത് വിശ്വസിക്കുകയും പിലാത്തോസിനെ ഗോളിലേക്ക് (ഫ്രാൻസ്) നാടുകടത്തുകയും ചെയ്തു. യഹൂദന്മാർ യേശുവിനോടു ചെയ്ത സകലവും ഉറഹോയിലെ രാജാവായ അബ്ഗർ, തീബേറിയോസിന് എഴുതുകയും അതിന്, പീലാത്തോസിനെ അവന്റെ സ്ഥാനത്തുനിന്ന് അവഹേളനപരമായി മാറ്റിയിരിക്കുന്നുവെന്നും യഹൂദന്മാരോടു പ്രതികാരം ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നുവെന്നും അദ്ദേഹത്തിന് മറുപടി ലഭിക്കുകയുംചെയ്തുവെന്ന് ചില ചരിത്രകാരന്മാർ പറയുന്നു. യേശുവിന്റെ ശിഷ്യന്മാരെ പീഡിപ്പിക്കുന്നവരെ കഠിനമായി ശിക്ഷിക്കുന്നതാണെന്ന് കൈസർ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി.

ഈ കാലത്ത് നിത്യവും സഭയിൽ അംഗങ്ങൾ ചേർന്നുകൊണ്ടിരുന്നതിനാൽ സഭയിൽ ജനസംഖ്യ വർദ്ധിക്കുകയും സഭ ആത്മാവിൽ കൂടുതൽ ശക്തി പ്രാപിക്കുകയുംചെയ്തു. വി. പത്രോസ്ശ്ലീഹാ ലൂത്, യൂഫി, കൈസറിയാ മുതലായ സ്ഥലങ്ങളിൽ ചുററിസഞ്ചരിച്ച് അവിട

ങ്ങളിൽ സ്ഥാപിച്ചിരുന്ന പള്ളികളെ സന്ദർശിച്ചിരുന്നു. ലൂതിലും യൂഫിയിലും താൻ രണ്ട് അത്ഭുതങ്ങൾ പ്രവർത്തിച്ചു. (അതായത് ആനിയാസ്, തബീദാ, എന്നിവരിൽ ചെയ്തത്) പത്രോസ് മുഖേന യഹൂദന്മാർക്കെന്നപോലെ ജാതികൾക്കും സ്വർഗ്ഗരാജ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. പുറജാതികളിൽനിന്ന് മ്ശിഹായുടെ തൊഴുത്തിലേക്കു പ്രവേശിക്കുവാനുള്ള മാർഗ്ഗദർശിത്വം നൽകിയത് ഇറ്റാലിയൻ ദേശാധിപതിയായ കൊർണ്ണല്യോസ് ആയിരുന്നു. അദ്ദേഹം നീതിമാനും ദൈവഭക്തനുമായിരുന്നു. താനും കുടുംബവും യഹൂദാജനങ്ങൾക്ക് വളരെ ധർമ്മങ്ങൾ ചെയ്യുകയും സർവ്വദാ പ്രാർത്ഥനയിൽ ഏർപ്പെട്ടിരിക്കുകയുംചെയ്തുവന്നു. ഒരു ദിവസം ഒൻപതാം മണി സമയത്ത് ദൈവത്തിന്റെ മാലാഖാ അദ്ദേഹത്തിന്റെ അടുത്തു ചെന്ന് തന്റെ പ്രാർത്ഥനകളും ധർമ്മങ്ങളും ദൈവസന്നിധിയിൽ എത്തിയിരിക്കുന്നുവെന്നും ഉടൻതന്നെ “യൂവി” പട്ടണത്തിലേക്ക് ആൾ അയച്ച് തുകൽപണിക്കാരൻ ശെമവൂന്റെ വീട്ടിൽ താമസിക്കുന്ന പത്രോസ് ശ്ലീഹായെ വരുത്തണമെന്നും പറഞ്ഞു. മാലാഖയുടെ ആജ്ഞാനുസരണം അദ്ദേഹത്തിന്റെ ഭവനക്കാരിൽ രണ്ടു പേരേയും ദൈവഭക്തനായ ഒരു പടയാളിയേയും യൂവിയിലേക്കയച്ചു.

അടുത്തദിവസം പത്രോസ്ശ്ലീഹാ മദ്ധ്യാഹ്നപ്രാർത്ഥനയ്ക്കായി മേൽത്തട്ടിൽ കയറിയിരിക്കുമ്പോൾ നാലു മൂലയും ബന്ധിതമായിരുന്ന ഒരു പാത്രം ആകാശത്തുനിന്നു ഭൂമിയിലേക്കിറങ്ങുന്നതു കണ്ടു. അതിൽ ഭൂമിയിലെ സകല മൃഗങ്ങളും ഇഴജന്തുക്കളും പക്ഷികളുമുണ്ടായിരുന്നു. “ശെമവൂനെ! നീ എഴുന്നേറ്റ് അറുത്തു ഭക്ഷിക്കുക” എന്നൊരു ശബ്ദമുണ്ടായി. അശുദ്ധവും മലിനവുമായത് അദ്ദേഹം ഭക്ഷിച്ചിട്ടില്ല എന്നു സംശയിച്ചു നില്ക്കുമ്പോൾ “ദൈവത്താൽ ശുദ്ധീകരിക്കപ്പെട്ടതിനെ അശുദ്ധമെന്ന് നീ ഗണിക്കരുത്” എന്ന് രണ്ടാമത് ഒരു ശബ്ദം കേട്ടു. ഇത് മൂന്നു പ്രാവശ്യം ആവർത്തിച്ചതിനുശേഷം പാത്രം ആകാശത്തിലേക്കുയർന്നു.

വിജാതികളെ സഭയിൽ ചേർക്കുന്നതിനെ സംബന്ധിച്ച് ശ്ലീഹന്മാരുടെ ഇടയിൽതന്നെ ഭിന്നാഭിപ്രായമുണ്ടായിരുന്നു. എന്നാൽ അങ്ങനെ ഭിന്നാഭിപ്രായത്തിന് അവകാശമില്ല. പുറജാതികളും സ്വജാതികളെപ്പോലെ ദൈവമുമ്പാകെ തുല്യരാണെന്നും അതിനാൽ വിജാതികളുടെ ഇടയിലും സുവിശേഷഘോഷണം ചെയ്ത് അവരേയും സഭയിൽ ചേർത്തുകൊള്ളണമെന്നായിരുന്നു ഈ ദർശനംമൂലം ദൈവം പഠിപ്പിച്ചത്.

പത്രോസ് ശ്ലീഹാ ദർശനത്തെപ്പറ്റി ചിന്തിച്ചു വിസ്മയിച്ചുകൊണ്ടിരിക്കുമ്പോൾ കൊർണ്ണല്യോസിനാൽ അയയ്ക്കപ്പെട്ട ആളുകൾ വന്നുചേർന്നു. “ഇതാ മൂന്നു മനുഷ്യർ നിന്നെ അന്വേഷിക്കുന്നു. നീ എഴുന്നേറ്റ് ഇറങ്ങിച്ചെല്ലുക. ഞാൻ അവരെ അയച്ചതാകകൊണ്ട് സംശയിക്കാതെ അവരുടെ കൂടെ പോക” എന്ന് ഒരു ശബ്ദം പത്രോസ്ശ്ലീഹാ കേട്ട് അദ്ദേഹം അവരുടെ അടുക്കൽ ഇറങ്ങിച്ചെന്ന് കാര്യം ചോദിച്ചു.

അവർ ഉണ്ടായ സംഗതികൾ വിസ്തരിച്ചു കേൾപ്പിക്കയും ശതാധിപനായ കൊർണേല്യോസ് തിരുവചനം കേൾക്കുവാൻ ആഗ്രഹിക്കുന്നുവെന്നു പറയുകയുംചെയ്തു. അടുത്ത ദിവസം അദ്ദേഹം അവരോടുകൂടി കൈസറിയായിലേക്കു പോയി. അപ്പോൾ കൊർണേല്യോസും ഭവനക്കാരും പത്രോസിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം കർത്താവായ യേശുവിന്റെ സംഗതികളെല്ലാം വിസ്തരിച്ചപ്പോൾ അവരുടെ മേൽ പരിശുദ്ധാത്മാവ് ആവസിക്കുകയും അവർ ഓരോരുത്തരും ഓരോ ഭാഷയിൽ സംസാരിച്ച് ദൈവത്തെ പുകഴ്ത്തുകയും ചെയ്തു. കൊർണേല്യോസ് കുടുംബസഹിതം പത്രോസ് ശ്ലീഹായിൽനിന്ന് ജ്ഞാനസ്നാനം കൈക്കൊണ്ടു.[1] (പ്രക്. 10) വി. പത്രോസ് ശ്ലീഹാ യഹൂദന്മാരുടെ ഇടയിൽ മാത്രം സുവിശേഷിക്കുവാനേ ഉദ്ദേശിച്ചിരുന്നുള്ളുവെന്ന് ഈ സംഭവത്തിൽനിന്ന് നമുക്കു ഗ്രഹിക്കുവാൻ കഴിയും. ഇതിനുശേഷം നടപ്പുകളുടെ പുസ്തകം പുറജാതി സഭയുടെ സ്ഥാപനത്തെക്കുറിച്ചുള്ള ചരിത്രം പ്രസ്താവിച്ചുതുടങ്ങി.

---

1 പ്രാരംഭകാലംമുതൽക്ക് യേശുമ്ശിഹാ യിസ്രായേലിന്റെ വാഗ്ദത്തവീണ്ടെടുപ്പുകാരനായിരുന്നു. താൻ ദാവീദിന്റെ പുത്രനാകയാൽ തന്റെ ജനനത്തിന്റെ അവകാശമനുസരിച്ച് പ്രത്യേകിച്ച് അവരുടെ രാജാവ്കൂടെയാണ്. ഇത് ഗ്രബിയേൽ മാലാഖയുടെ കന്യകമറിയാമിനോടുള്ള അറിയിപ്പിൽനിന്നും (ലൂക്കോ: 1:32). യൂഹാനോൻ മാംദോനായുടെ പിതാവായ സ്കറിയായുടെ വചനത്തിൽനിന്നും (ലൂക്കോ. 1:68-69) സ്പഷ്ടമാകുന്നു. അതുകൊണ്ട് "മ്ഗൂശേന്മാർ" "യഹൂദന്മാരുടെ രാജാവായി ജനിച്ചവൻ എവിടെ" എന്ന് ചോദിച്ചപ്പോൾ "നിന്റെ ജനമായ യിസ്രായേലിനെ മേയിപ്പാനുള്ള തലവൻ ബേത്ലഹേമിൽനിന്നു പുറപ്പെട്ടു വരുമെന്നു പ്രവാചകൻ മുഖാന്തിരം എഴുതിയിരിക്കുന്നു" എന്ന് പറഞ്ഞു (മത്താ. 2:2-7). യഹൂദന്മാരുടെ തലസ്ഥാനമായ യരുശലേമിലേക്ക് അവരുടെ രാജാവ് എന്നപോലെ താൻ പ്രവേശിച്ചതായിട്ടും വി. വേദത്തിൽ നാം കാണുന്നു (മത്താ. 21:5, യോഹ. 12:15). പിന്നീട് പീലാത്തോസ് തന്റെ രാജ്യത്തെക്കുറിച്ചു തന്നോടു ചോദിച്ചപ്പോഴും യഹൂദന്മാരുടെ മേലുള്ള തന്റെ ആത്മികമായ രാജത്വത്തെക്കുറിച്ചു താൻ പ്രസ്താവിച്ചു. അതിനാൽ തന്നെ ക്രൂശിച്ച കുരിശിന്റെ മുകളിൽ "യഹൂദന്മാരുടെ രാജാവായ നസ്രായനായ യേശു" എന്ന് ഗ്രീക്ക്, എബ്രായ (സുറിയാനി) ലത്തീൻ എന്നീ ഭാഷകളിൽ പീലാത്തോസ് എഴുതിവെപ്പിക്കുകയും ചെയ്തു. ഇപ്രകാരം കർത്താവ് യഹൂദന്മാരുടെ രാജാവായിരിക്കുകയാൽ തന്റെ സ്വന്തജനത്തോടു മാത്രം പ്രസംഗിക്കുകയും ഇസ്രായേലിന്റെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ താൻ അയയ്ക്കപ്പെട്ടിട്ടില്ലെന്ന് പ്രസ്താവിക്കുകയും ചെയ്തു.

ഇതിന്റെ ഉറപ്പിനുവേണ്ടി കർത്താവ് തന്റെ ശിഷ്യന്മാരെ മുന്നമെ യഹൂദന്മാരുടെയിടയിൽ പ്രസംഗിക്കുവാനയച്ചു. എന്നാൽ സ്ലീബായിൽവച്ച്, ശത്രുവായ സാത്താനെതിരായി ഉണ്ടായ തന്റെ വിജയംമൂലം തനിക്കു ലഭിച്ച അവകാശമനുസരിച്ച് ജാതികളുടെ രാജാവും താൻതന്നെ ആയിത്തീർന്നു. ഇതേപ്പറ്റി ദാവീദ്, "എന്നോടു ചോദിച്ചുകൊള്ളുക ഞാൻ നിനക്കു ജാതികളെ അവകാശമായി നൽകും" (മസ്. 2:8)* എന്നും പറഞ്ഞിരിക്കുന്നു. പ്രസ്തുത സംഗതിയെപ്പറ്റി ക്രിസ്തുതന്നെ പ്രസ്താവിച്ചിരിക്കുന്നത് "ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കുണ്ട് അവയെയും ഞാൻ നടത്തേണ്ടതാ

*മസ്മൂർ-സങ്കീർത്തനങ്ങൾ

അദ്ധ്യായം 20

# വി. പൗലൂസ് ശ്ലീഹാ

പൗലൂസ്ശ്ലീഹാ ജാതിയിൽ എബ്രായക്കാരനും ബന്യാമിൻവംശജനും പ്രീശേഗണത്തിൽ പെട്ടവനുമായിരുന്നു. തന്റെ ജനനസ്ഥലം കിലിക്കിയായിൽ തർസോസ് എന്ന സ്ഥലമായിരുന്നു. എബ്രായ (സുറിയാനി) ഭാഷയിൽ ശൗൽ എന്നു നാമകരണം ചെയ്യപ്പെട്ടിരുന്നു. ഒരു ബന്യാമീൻകാരൻ യഹൂദന്മാരുടെ ആദ്യരാജാവിന്റെ സ്മരണയ്ക്കായി തന്റെ മകനെ ഇങ്ങനെ പേരുവിളിക്കുക പതിവായിരുന്നു.

---

കുന്നു. ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും" (യൂഹാ. 10-16) എന്നാണ്. തന്റെ പുനരുത്ഥാനശേഷം ജാതികളുടെ ഗലീലയിലെ പർവ്വതത്തിൽവച്ച് തന്റെ ശിഷ്യന്മാരെ സകലജാതികളേയും ആദായപ്പെടുത്തുവാൻ അധികാരപ്പെടുത്തി അയയ്ക്കുകയുംചെയ്തു (മത്താ. 28:18-20). ആകയാൽ ജാതികളുടെ വിളി ഇസ്രായേല്യരെയുള്ള വിളിയോടു അനുബന്ധിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത വിളി തിരഞ്ഞെടുക്കപ്പെട്ട സ്വജാതി തന്നോട് പരിപൂർണ്ണമായ വഞ്ചന കാണിച്ചതിനുശേഷമാണ് ആരംഭിച്ചത് (മത്തായി 21: 32-41, മർക്കോ. 12:9, ലൂക്കോ. 20:16) ഇവരെ വിളിച്ചത് ഇസ്രായേലിനെക്കാൾ ഉന്നതമായി തീരുവാനല്ല. എന്നാലോ വി. പൗലൂസ് പറയുംപ്രകാരം അതിൽനിന്നും ഛേദിക്കപ്പെട്ടു പോയ ഭാഗങ്ങളിൽ ഒട്ടിച്ച് ചേർക്കപ്പെടുവാനത്രെ.

ഇങ്ങനെ ക്രൈസ്തവസഭ ആദ്യമായി യഹൂദസഭയിൽനിന്നും പിന്നീട് പുറജാതികളിൽനിന്നും വളർന്നുവന്നുവെന്ന് നടപ്പുകളുടെ പുസ്തകം നമ്മെ പഠിപ്പിക്കുന്നു.

മ്ശിഹാതമ്പുരാന്റെ ക്രൂശുമരണംമൂലം താൻ യഹൂദന്മാരെയും പുറജാതികളെയും വ്യത്യാസം കൂടാതെ അവനിൽ ഒന്നാക്കി തീർത്തുവെന്ന് വി. പൗലൂസ് പ്രസ്താവിക്കുന്നു (എഫേ. 2:2-22). എന്നാൽ അതേസമയത്തു തന്നെ യഹൂദസഭയ്ക്ക് പ്രഥമസ്ഥാനവും അതിനോട് ഒട്ടിക്കപ്പെടുകയും അവരുടെ ആത്മിക നന്മകളിൽ കൂട്ടാളികളാകുകയും ചെയ്യുന്ന പുറജാതി സഭയ്ക്ക് രണ്ടാംസ്ഥാനവും ലഭിച്ചരിക്കുന്നതായിട്ടാണ് ശ്ലീഹാ വിശ്വസിച്ചിരിക്കുന്നത് (റോമ. 1:16, 2:10, 9:5, 11:21-24, 15:27) മാതൃസഭയിൽനിന്നും തങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആത്മികനന്മകൾക്ക് പകരമായി പുറജാതിസഭ, ഐഹികനന്മകളെ അവൾക്ക് പ്രദാനം ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നു എന്ന് വി. പൗലൂസ്ശ്ലീഹാ പഠിപ്പിക്കുകയും അതിനായി അവരെ പരിശീലിപ്പിക്കയും ചെയ്തുപോന്നു. (ഗലാ. 2:9-10, റോമർ 15:25-27, 2 കോരി. 8:4, 9:13, 8:14).

പൗലൂസിന്റെ പിതാവ് ധനികനും പ്രസിദ്ധനുമായ ഒരു കച്ചവടക്കാരനായിരുന്നു. അതിനാൽ തന്റെ ഏകപുത്രനെ ചെറുപ്പത്തിൽതന്നെ ജ്ഞാനസമ്പാദനത്തിനു വേണ്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായിട്ട് ധാരാളം പണം ചെലവാക്കി.

ശൗലിന് ഒരു സഹോദരി മാത്രമേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് തന്റെ പിതാവ് തന്റെ ജ്ഞാനലബ്ധിക്കുവേണ്ടി എത്ര പണം ചെലവാക്കുന്നതിനും അശേഷം മടിച്ചില്ല.

അക്കാലത്ത് തർസോസ്, അലക്സന്ത്ര്യാ, അഥേന എന്നിങ്ങനെ മുന്ന് പ്രസിദ്ധ സർവ്വകലാശാലകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അതിൽ തർസോസ് പ്രത്യേകിച്ച് എബ്രായക്കാരുടേതായിരുന്നു. ഈ സർവ്വകലാശാലയിൽ എബ്രായ, യൗനായ എന്നീ ഭാഷകളും തത്ത്വജ്ഞാനം മുതലായ ഉന്നതവിഷയങ്ങളും പഠിപ്പിച്ചിരുന്നു. ശൗൽ ഇവിടത്തെ അഭ്യസനം പൂർത്തിയാക്കിയശേഷം യറുശലേമിൽ വന്ന് പ്രസിദ്ധപണ്ഡിതനായ ഗമാലിയേലിന്റെ അടുക്കൽ മൂശൈകന്യായപ്രമാണം റോമൻ ഭാഷ മുതലായവ പഠിച്ചു. തന്മൂലം തന്റെ യോഗ്യത അനുസരിച്ചു 28-ാമത്തെ വയസ്സിൽ സന്നദ്രിസംഘത്തിലെ ഒരംഗമായിത്തീർന്നു.

ന്യായപ്രമാണ കല്പനകൾ അനുഷ്ഠിക്കുന്നതിൽ ഇദ്ദേഹം വളരെ തീക്ഷ്ണതയുള്ളവനായിരുന്നതുകൊണ്ട് ക്രൈസ്തവസഭയെ ആക്രമിക്കുന്നതിലും പീഡിപ്പിക്കുന്നതിലും ഉത്സുകനായിരുന്നു. ഈ തീക്ഷ്ണതയും വൈരാഗ്യവുംകൊണ്ടാണ് വി. സ്തേഫാനോസ് ശെമ്മാശന്റെ മരണത്തിൽ താൻ ഭാഗഭാക്കായത്. വി. സ്തേഫാനോസിനെ കല്ലെറിഞ്ഞവരുടെ വസ്ത്രങ്ങൾ സൂക്ഷിക്കുന്ന ഭാരം ഇദ്ദേഹം കൈയേറ്റതായി നാം വായിക്കുന്നുണ്ട്. തന്നെയുമല്ല ക്രൈസ്തവരെ നാനാസ്ഥലങ്ങളിലും ചെന്ന് ഉപദ്രവിക്കുന്നതിന് ഇദ്ദേഹം വളരെ താല്പര്യം കാണിച്ചുവന്നു. മറ്റ് അനേക യഹൂദന്മാരെപ്പോലെ ക്രിസ്ത്യാനിത്വത്തെ താൻ വെറുക്കുക മാത്രമല്ല, പിന്നെയോ എല്ലാവരേക്കാളും അധികമായി ഉഗ്രകോപം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ഏതായാലും വി. സ്തേഫാനോസിന്റെ സാക്ഷിമരണം ഇദ്ദേഹത്തിന്റെ ഹൃദയത്തെ സ്പർശിച്ചു. ചില പിതാക്കന്മാർ പറയുന്നത് വി. സ്തേഫാനോസിന്റെ പ്രാർത്ഥനയുടെ ഫലമായിട്ടാണ് വി. പൗലൂസിനു മാനസാന്തരമുണ്ടായതെന്നാണ്. എങ്ങനെയായാലും ഇദ്ദേഹം ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിന് ദമസ്കോസിലേക്ക് പോകുമ്പോൾ വഴിമദ്ധ്യേ തന്റെ മാനസാന്തരത്തിന് കാരണഭൂതമായ ദർശനം ഉണ്ടാകുകയും ക്രിസ്തുവിൽ വിശ്വസിച്ച് ഒര യഥാർത്ഥ ഭടനായിത്തീരുകയും ചെയ്തു. ദമസ്കോസിലെ എപ്പിസ്കൂപ്പാ ആയിരുന്ന ഹനനിയായിൽനിന്ന് സ്നാനം ഏററശേഷം ദമസ്കോസിലും അറേബ്യയിലും താൻ സുവിശേഷമറിയിച്ചു. സുവിശേഷഘോഷണാർത്ഥം പലസ്തീൻ രാജ്യത്തിനു പുറത്തുള്ള റോമൻ ലോകത്തിലേക്ക് ആദ്യമായി പ്രവേശിച്ചപ്പോൾ യൗനായഭാഷയിൽ പൗലൂസ് എന്ന് താൻ വിളിക്കപ്പെട്ടതായി പറയുന്നു. ചിലർ പറയുന്നത്

തന്നെ എപ്പിസ്കൂപ്പായായി വാഴിച്ചപ്പോൾ ഈ നാമം സിദ്ധിച്ചുവെന്നാണ്. ദമസ്ക്കോസിൽ താൻ വേലചെയ്തുകൊണ്ടിരിക്കുമ്പോൾ യഹൂദന്മാർ തന്നെ കൊല്ലുവാൻ ആഗ്രഹിച്ചതിനാൽ താൻ അവിടെനിന്ന് ഊർശ്ലേമിലേക്ക് ഓടിപ്പോയി. അവിടെ വച്ച് ബർന്നബാ, തന്നെ പത്രോസ്, യാക്കോബ് എന്നിവരുടെ അടുക്കലേക്കു കൊണ്ടുപോകുകയും 15 ദിവസം താൻ അവിടെ താമസിക്കുകയുംചെയ്തു. അവിടെ നിന്ന് കൈസറിയായിലേക്കും തർസൂസിലേക്കും പോയി. എ.ഡി. 39 മുതൽ 43 വരെ സിറിയ, കിലിക്യാ എന്നീ സ്ഥലങ്ങളിൽ സുവിശേഷിച്ചു. ഈ കാലത്താണ് 2 കോരി 11:24-26 വരെയുള്ള ഭാഗങ്ങളിൽ പറയുന്ന ഞെരുക്കങ്ങൾ മിക്കവാറും താൻ സഹിച്ചത്. എ.ഡി. 44-ൽ അന്ത്യോഖ്യായിൽ സുവിശേഷവേല അധികമായി വേണമെന്ന് കണ്ടപ്പോൾ ബർന്നബാ തർസോസിൽനിന്നും തന്നെ അന്ത്യോഖ്യായിലേക്കു കൊണ്ടുവന്നു. ക്ഷാമമുണ്ടാകുന്നതിനു മുമ്പ് ഒരു കൊല്ലത്തോളം താൻ അവിടെ താമസിച്ചു. എ.ഡി. 45-ൽ അന്ത്യോഖ്യായിലെ സഹോദരന്മാരുടെ പക്കൽ നിന്നുമുള്ള ദാനങ്ങളായി ഇദ്ദേഹം ബർന്നബായുമൊന്നിച്ച് ഊർശ്ലേമിലേക്കു വരുന്നതായി കാണുന്നു. ഇത് ഊർശ്ലേമിലേക്കുള്ള തന്റെ രണ്ടാമത്തെ വരവായിരുന്നു. അനന്തരം ബർന്നബായുമൊരുമിച്ച് ഹേറോദേസിന്റെ മരണവൃത്താന്തവും വഹിച്ചുകൊണ്ട് അന്ത്യോഖ്യായിലേക്കു തിരിച്ചുപോയി. അവിടെവച്ച് അപ്പോൾ അന്ത്യോഖ്യായിലുണ്ടായിരുന്ന അറിയിപ്പുകാരും, ദീർഘദർശിമാരും, ഉപദേഷ്ടാക്കന്മാരും, എപ്പിസ്കൂപ്പന്മാരുമായ ശെമവൂൻ നീഗർ*, കുറേനക്കാരനായ ലൂക്യോസ്, മനായേൽ എന്നിവരുടെ കൈവയ്പാലും വിശുദ്ധ റൂഹായുടെ വിളിയിൻപ്രാർത്ഥനയാലും ബർന്നബായും പൗലോസും എപ്പിസ്കൂപ്പന്മാർ ആയിത്തീർന്നു. പിന്നീട് പൗലൂസ് എ.ഡി. 48-ൽ ബർന്നബായോടുകൂടെ അന്ത്യോഖ്യായിൽനിന്നും പുറപ്പെട്ടു. ഇതാണ് പൗലൂസിന്റെ **ഒന്നാമത്തെ സുവിശേഷയാത്ര.** അന്ത്യോഖ്യയിൽനിന്ന് പുറപ്പെട്ട് കുപ്രോസിലേക്കും പംഫുല്യയിലെ പട്ടണമായ ഫെർജിയിലേക്കും പിസ്സിദിയായിലെ പട്ടണമായ അന്ത്യോഖ്യായിലേക്കും അവിടെനിന്നും ഇക്കൂനിയായിലേക്കും പിന്നീട് ലൂസ്ത്രാ, ദർബ്ബാ എന്നിവിടങ്ങളിലേക്കും പോയി. ഈ സ്ഥലങ്ങളിലെ സുവിശേഷവേലയ്ക്കുശേഷം എ.ഡി. 50-ന്റെ അവസാനത്തിൽ പൗലൂസ് അന്ത്യോഖ്യായിലേക്ക് തിരിച്ചുവന്നു. (അപ്പോ. പ്ര. 13:14) അവിടെ യഹൂദന്മാരിൽനിന്നും വിജാതികളിൽനിന്നും ക്രിസ്ത്യാനികളായവരുടെ ഇടയിൽ പരിച്ഛേദന, അശുദ്ധഭക്ഷണം ആദിയായവയെക്കുറിച്ചുള്ള ന്യായപ്രമാണ കല്പനകളെപ്പറ്റി അഭിപ്രായഭിന്നതകൾ ഉള്ളതായി അറിഞ്ഞു. അതിനാൽ വി. പൗലൂസും ബർന്നബായും ഊർശ്ലേമിലുള്ള ശ്ലീഹന്മാരുടേയും കശ്ശീശന്മാരുടേയും അടുക്കൽപോയി ആ വിവരം അവരെ ധരിപ്പിച്ച് വേണ്ട തീരുമാനങ്ങൾ വാങ്ങിച്ച് വരുന്നത് നല്ലതാണെന്ന് അന്ത്യോഖ്യായിലുള്ളവർ തീരുമാനിച്ചു. എ.ഡി. 51-ൽ യരുശലേമിൽ ശ്ലീഹന്മാരുടെ

*കറുത്തവൻ (നീഗ്രോ)

സുന്നഹദോസ് കൂടി. ഈ സുന്നഹദോസിൽവച്ച് പൗലൂസും ബർന്നബാസും ജാതികളുടേയും പത്രോസ്, യാക്കോബ്, യോഹന്നാൻ ഇവർ ചേലയുള്ള യഹൂദന്മാരുടേയും സുവിശേഷകന്മാരായി തിരഞ്ഞെടുക്കപ്പെട്ടു. സുന്നഹദോസ് പിരിഞ്ഞതിന്റെശേഷം പൗലൂസും ബർന്നബായും യഹൂദയോടും ശീലാസിനോടുംകൂടി അന്ത്യോഖ്യായിൽ തിരിച്ചെത്തി. എ.ഡി. 52-ൽ ബർന്നബായും പൗലൂസും അന്ത്യോഖ്യായിലുള്ളതായി നാം കാണുന്നു. ആ അവസരത്തിൽ വി. പത്രോസ് അവിടെ ചെന്നു. ഊർശ്ലേമിലായിരുന്ന വി. യാക്കൂബിന്റെ അടുക്കൽനിന്നും പരിച്ഛേദനക്കാരായ ചിലർ അവിടെ വന്നപ്പോൾ വി. പത്രോസ് ചേലയില്ലാത്തവരുടെ കൂട്ടായ്മയിൽനിന്ന് അവരെ പിന്മാറ്റിയതിനെക്കുറിച്ച് വി. പൗലൂസ് വി. പത്രോസിനെ ശാസിച്ചു. ആ ആണ്ടിൽ തന്നെ വി. പൗലൂസ് വി. ബർന്നബായിൽ നിന്നും വേർപെട്ട് ശീലാസിനോടും കുറേക്കഴിഞ്ഞ് തീമോത്തിയോസിനോടും കൂടെ അന്ത്യോഖ്യായിൽനിന്നു പോയി. ഇതാണ് വി. പൗലൂസിന്റെ **രണ്ടാമത്തെ സുവിശേഷയാത്ര.** ബർന്നബാ യൂഹാനോടും മർക്കോസിനോടുംകൂടി കുപ്രോസിലേക്ക് പോയി. വി. പൗലൂസ് കിലിക്കിയാ, ദർബ, ലുസ്ത്ര, ഫ്രുഗിയ, ഗലാത്യ, തീർവാസ്, പിലിഫിയ,തെസ്സലോനിക്യ, ബീറിയ, അഥേന, കോരിന്ത്യ എന്നീ സ്ഥലങ്ങളിലേക്കും പോയി. കോരിന്ത്യയിൽവച്ച് തെസ്സലോനിക്യർക്കുള്ള ഒന്നാം ലേഖനം എഴുതി. അവിടെ വച്ചുതന്നെ എ.ഡി. 53-ൽ തെസ്സലോനിക്യർക്കുള്ള രണ്ടാം ലേഖനവും എഴുതി. ഇപ്രകാരം വി. പൗലൂസ് കോരിന്ത്യയിൽ ഒന്നരവർഷം താമസിച്ചശേഷം 54-ൽ വസന്തകാലത്തിൽ അവിടെനിന്നും കൈസറിയാ എഫേസൂസ്, കംകറിയാ എന്നീ സ്ഥലങ്ങളിൽകൂടി സഞ്ചരിച്ച്, യറുശലേമിലേക്കു പോയി. വേനൽക്കാലത്ത് പെന്തിക്കോസ്ത് ദിവസത്തിൽ അവർ ഊർശ്ലേമിൽ എത്തി അവിടെനിന്നും അന്ത്യോഖ്യായിലേക്കും പോയി.

ശരൽകാലത്തിൽ വി. പൗലൂസിന്റെ **മൂന്നാം സുവിശേഷയാത്രയാണ്.** ഈ യാത്രയിൽ അദ്ദേഹം ഗലാത്യ, ഫ്രുഗ് മുതലായ സ്ഥലങ്ങൾ സന്ദർശിച്ച് എഫേസൂസിലേക്കു പോയി. എ.ഡി. 57-ൽ വസന്തകാലത്ത് എപ്പേസൂസിൽവച്ച് കോരിന്ത്യർക്കുള്ള ഒന്നാം ലേഖനമെഴുതി. വേനൽക്കാലത്ത് എഫേസൂസിൽനിന്നും മക്കദോന്യായിലേക്ക് പോയി. അവിടെവച്ച് ശരൽകാലത്തിൽ കോരിന്ത്യർക്കുള്ള രണ്ടാം ലേഖനം എഴുതി. വർഷകാലത്ത് കൊരിന്ത്യയിലേക്ക് പോയി. എ.ഡി. 58-ൽ കോരിന്ത്യയിൽവച്ച് റോമർക്കും[1] ഗലാത്യർക്കുമുള്ള ലേഖനമെഴുതി. അനന്തരം അവിടെനിന്നും പിലിഫ്യാ തെർവാസ്, മിലിത്തൊസ്, സൂർ,

---

[1] ഈ ലേഖനത്തിൽ വി. പൗലൂസ്ശ്ലീഹാ റോമിലുള്ള പലർക്കും സമാധാനം കൊടുക്കുന്നതായി പറയുന്നുണ്ട്. എന്നാൽ വി. പത്രോസിനെ അതിൽ ഒരിടത്തും ഓർമ്മിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ലേഖനമെഴുതിയ കാലത്ത് വി. പത്രോസ് റോമിൽ ഇല്ലായിരുന്നുവെന്നുള്ളതിന് ഇത് നിസ്സംശയമായ ഒരു തെളിവാണ്.

അക്ക, കേസറിയാ മുതലായ സ്ഥലങ്ങളിൽകൂടി സഞ്ചരിച്ച് വേനൽ ക്കാലത്ത് പെന്തിക്കോസ്തിക്ക് ഏതാനും ദിവസങ്ങൾക്കുമുമ്പ് ഊർ ശ്ലേമിൽ എത്തി അവിടെ കർത്താവിന്റെ സഹോദരനും ഊർശ്ലേമിന്റെ എപ്പിസ്ക്കോപ്പായുമായ യാക്കോബ് ശ്ലീഹായ്ക്ക് തന്റെ വേലയുടെ ഒരു റിപ്പോർട്ട് സമർപ്പിച്ചു. വി. പൗലൂസ് ദൈവാലയത്തിലായിരിക്കുമ്പോൾ യഹൂദന്മാർ ഒന്നിച്ചുകൂടി തന്നെ ബന്ധിച്ചുകൊല്ലുവാൻ ഭാവിച്ചു. ഉടനെ വലിയ ബഹളമുണ്ടായി. ഈ വിവരം സഹസ്രാധിപൻ അറിഞ്ഞപ്പോൾ തന്റെ പടജനത്തെ അയച്ച് വി. പൗലൂസിനെ യഹൂദന്മാരിൽനിന്ന് രക്ഷിച്ചു. പിറ്റേ ദിവസം പ്രധാനാചാര്യന്മാരുടേയും ന്യായാധിപസംഘ ത്തിന്റെയും മുമ്പിൽ ശ്ലീഹായെ അവർ കൊണ്ടുചെന്ന് നിറുത്തി. അവൻ അവരോട് സംസാരിച്ചപ്പോൾ മഹാപുരോഹിതനായ ഹാനനിയാ അരികെ നില്ക്കുന്നവരോട് തന്റെ വായ്ക്കു അടിപ്പാൻ കല്പിച്ചു. പൗലൂസ് അവനോട് ദൈവം നിന്നെ അടിക്കും വെള്ള തേച്ച ചുവരെ... എന്ന് പറഞ്ഞപ്പോൾ നീ മഹാപുരോഹിതനെ ശകാരിക്കുന്നുവോ എന്ന് അരികെ നിന്ന ഒരാൾ ചോദിച്ചു. ഉടനെ പൗലൂസ് സഹോദര ന്മാരെ മഹാപുരോഹിതനാണെന്ന് ഞാൻ അറിഞ്ഞില്ലെന്ന് പറയുകയു ണ്ടായി (പ്രക്. 23:2-5)[2] പിന്നീട് അദ്ദേഹം അവിടെവച്ച് ബന്ധനസ്ഥ നായി കേസറിയായിലേക്ക് അയയ്ക്കപ്പെട്ടു. രണ്ടു വർഷം ഊർശ്ലേമിലും

---

2 "ദൈവം നിന്നെ അടിക്കും" എന്നു വി. പൗലൂസ് ഹാനനിയായോടു പറഞ്ഞത് അവന്റെ അക്രമവും പ്രമാണലംഘനവും നിമിത്തം അവനു വരു വാനിരുന്ന ഒരു ദൈവശിക്ഷയെക്കുറിച്ചുള്ള ദീർഘദർശനമായിരുന്നു. ഈ പ്രവചനം പ്രവൃത്തിയിൽ നിവൃത്തിയായി. എബ്രായ എഴുത്തുകാരനായ ജോസിഫോസ് "യഹൂദന്മാരുടെ യുദ്ധങ്ങൾ" എന്ന തന്റെ പുസ്തകത്തിൽ മാനാഹീമിന്റെ നേതൃത്വത്തിൽ ഊർശ്ലേമിൽ നടന്ന കലഹത്തിൽവച്ച് ഹാന നിയ തന്റെ സഹോദരനായ ഹെസക്കിയായോടുകൂടി ദുർമരണം പ്രാപിച്ചു വെന്ന് പറഞ്ഞിരിക്കുന്നു. ഹാനനിയാ പൊട്ടക്കിണറ്റിൽ ഒളിച്ചു എങ്കിലും കല ഹക്കാർ അവനെ അവിടെനിന്നും പുറപ്പെടുവിച്ച് കൊല്ലുകയാണ് ചെയ്തത്. "വെള്ളതേച്ച ചുവര്" എന്ന് ഹാനനിയായെ വി. പൗലൂസ് വിളിച്ചതിന്റെ കാരണം ഇതായിരുന്നു. ദൈവത്തിന്റെ പ്രമാണങ്ങളെ നിന്ദിച്ച ആ മുഖസ്തു തിക്കാരനായ ഹാനനിയായെ ശാസിക്കുവാൻ വി. പൗലൂസിന് അധികാരമു ണ്ടായിരുന്നു. "എന്റെ സഹോദരന്മാരേ അവൻ പ്രധാനാചാര്യനാകുന്നുവെന്ന് ഞാൻ അറിഞ്ഞില്ല" എന്ന് ഹാനനിയായെപ്പറ്റി വി. ശ്ലീഹാ പറഞ്ഞത് ഒരു പരിഹാസത്തിന്റെ രീതിയിലത്രെ. അതായത് ഹാനനിയാ പ്രധാനാചാര്യനാ ണെന്ന് താൻ വിശ്വസിക്കുന്നില്ലെന്നും എന്തുകൊണ്ടെന്നാൽ യഹൂദന്മാരുടെ ആചാര്യത്വം മ്ശിഹൈക ആചാര്യത്വത്തിന്റെ സാദൃശ്യമായിരുന്നുവെന്നും മ്ശിഹായുടെ ബലിമുഖാന്തിരം യഹൂദ ആചാര്യത്വം മാഞ്ഞുപോയി എന്നും അവരുടെ പഴയ പതിവനുസരിച്ച് വീണ്ടും അവർ പ്രധാനാചാര്യന്മാരെ വാഴിച്ചു എങ്കിലും അവർ പേരിനുമാത്രമുള്ളവരായിരുന്നുവെന്നും അല്ലാതെ അവർക്ക് ആചാര്യത്വം ഉണ്ടായിരുന്നില്ലെന്നും വി. പൗലൂസ് ദൃഢമായി വിശ്വസിച്ചി രുന്നു. എബ്രായർക്കുള്ള ലേഖനത്തിൽ വി. ശ്ലീഹാ പല സ്ഥലത്തും ഈ സത്യം വെളിപ്പെടുത്തിയിട്ടുണ്ട്. (എബ്രായ 7,8,9,10 ഈ അദ്ധ്യായങ്ങൾ നോക്കുക)

കൈസറിയായിലും ബന്ധനത്തിൽ കിടന്നശേഷം എ.ഡി. 60 ചിങ്ങത്തിൽ കൈസറിന്റെ സന്നിധിയിൽ അപ്പീൽ ബോധിപ്പിക്കുവാനായി പെസ്തൊസ് നാടുവാഴിയുടെ കല്പന സഹിതം റോമിലേക്കു അയയ്ക്കപ്പെട്ടു. വർഷകാലത്ത് കപ്പൽഛേദത്തിൽ അകപ്പെട്ട് മിലിത്തിയ ദ്വീപിൽ കരയ്ക്കിറങ്ങി. 61-ാം ആണ്ട് വസന്തകാലത്തിൽ റോമിലെത്തി. ഇത് ദൈവികേഷ്ടത്താലായിരുന്നു. എന്തുകൊണ്ടെന്നാൽ ഇതിനു മുമ്പ് കർത്താവ് അദ്ദേഹത്തിന് പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തോട് "നീ ധൈര്യം അവലംബിക്കുക. എപ്രകാരം ഊർശ്ലേമിൽ നീ എന്നെക്കുറിച്ച് സാക്ഷിപ്പെടുത്തിയോ അതുപോലെതന്നെ റോമിലും സാക്ഷ്യപ്പെടുത്തേണ്ടിയിരിക്കുന്നു"[3] (നടപ്പ്* 23:11) എന്ന് പറഞ്ഞു. കൂലിക്കു വാങ്ങിയ ഒരു വീട്ടിൽ താൻ സൂക്ഷിക്കപ്പെട്ടിരുന്നു. തന്റെ അടുക്കൽ വരുന്ന സകലരേയും സ്വീകരിച്ച് ദൈവരാജ്യത്തെക്കുറിച്ചും യേശുമ്ശിഹായെക്കുറിച്ചും പരസ്യമായി അവരോട് പ്രസംഗിക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്തുവന്നു. ഇദ്ദേഹമത്രെ റോമിൽ പ്രവേശിച്ച ആദ്യത്തെ ശ്ലീഹാ. ഈ ആണ്ടിൽതന്നെ റോമായിലെ എപ്പിസ്ക്കോപ്പൽ സിംഹാസനം സ്ഥാപിച്ചു. താൻ മുഖാന്തിരം റോമിൽ സുവിശേഷം ഉന്നതിപ്പെട്ടു എ.ഡി. 62 വസന്തത്തിൽ ഫിലമോനും എഫേസ്യർക്കും കൊലോസ്സ്യർക്കും ഉള്ള ലേഖനങ്ങൾ എഴുതി. 63 വസന്തകാലത്തിൽ പിലിഫ്യാ ലേഖനവും എഴുതി. ഈ കാലഘട്ടത്തിൽ രണ്ട് കൊല്ലത്തോളം നീണ്ടുനിന്ന റോമിലെ ബന്ധനത്തിൽനിന്നും താൻ വിമുക്തനായി. പിന്നീട് ആ ആണ്ടിൽ തന്നെ എബ്രായ ലേഖനവും എഴുതി. ഏഷ്യാമൈനറിലേക്കും മക്കദോന്യയിലേക്കുമാണ് പിന്നീട് വി. പൗലൂസ് പോയത്. 64-ൽ മക്കദോനിയായിൽ വച്ച് തീമോത്തിയോസിനുള്ള ഒന്നാം ലേഖനവും തീത്തോസിനുള്ള ലേഖനവും എഴുതി. എ.ഡി. 65-ൽ സ്പെയിൻ, ബ്രിട്ടൻ, കോരിന്തോസ് എന്നീ സ്ഥലങ്ങളിൽ പോയി എന്നു വിചാരിക്കപ്പെടുന്നു. കോരിന്തോസിൽനിന്ന് തന്റെ നടപ്പിൻകീഴിലുള്ള ക്രിസ്ത്യാനികളെ നീറോ പീഡിപ്പിച്ചതുകൊണ്ട് അവരെ ആശ്വസിപ്പിക്കുന്നതിനായി റോമിലേക്കു പോയി. നീറോ അദ്ദേഹത്തെ അവിടെ തടവിലാക്കി. എ.ഡി. 65-ൽ താൻ കാരാഗൃഹത്തിലായിരിക്കുമ്പോൾ തീമോത്തിയോസിനുള്ള രണ്ടാം ലേഖനം

3 വി. പൗലുസ് റോമിലെത്തിയപ്പോൾ അവിടെ ഉണ്ടായിരുന്ന വിശ്വാസികളുടെ ചെറിയസംഘം തന്റെ എതിരേല്പിനു പുറപ്പെട്ടു. എന്നാൽ അവരുടെ കൂട്ടത്തിൽ വി. പത്രോസ് ഉണ്ടായിരുന്നതായി ഒരു സൂചനപോലുമില്ല. രണ്ടു വർഷം കൂലികൊടുത്ത വീട്ടിൽ പൗലൂസ് താമസിച്ചിരുന്നു. തത്സമയത്ത് വിശ്വാസികൾ തന്റെ അടുക്കൽവന്ന് തന്റെ ഉപദേശം കേൾക്കുകയും ചെയ്യുമായിരുന്നു. ആ അവസരത്തിൽ വി. ലൂക്കോസ് തന്നോടുകൂടെ ഉണ്ടായിരുന്നിട്ടും പ്രക്സീസിൽ വി. പത്രോസിനെപ്പറ്റി അദ്ദേഹം യാതൊന്നും തന്നെ പറഞ്ഞുകാണുന്നില്ല. ഈ കാരണത്താൽ വി. പത്രോസ് പ്രസ്തുത കാലത്ത് അവിടെ ഇല്ലായിരുന്നെന്ന് മാത്രമല്ല ആ കാലം വരെയും അവിടെ ചെന്നിരുന്നില്ലെന്നും പ്രസ്പഷ്ടമാകുന്നു.

* അപ്പോ. പ്രവൃ.

എഴുതി. ഇതാണ് തന്റെ അവസാന ലേഖനം. കടന്നുപോകുന്ന ഈ ജീവിതത്തിൽനിന്നും വിമുക്തനാകുവാൻ താൻ കാംക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അങ്ങനെയിരിക്കവെ, എ.ഡി. 67 വേനൽക്കാലത്തിൽ തന്നെ ശിരച്ഛേദം ചെയ്യുവാൻ നീറോ കല്പിച്ചു. അപ്രകാരം സംഭവിക്കുകയുംചെയ്തു.

വി. പൗലൂസ് ശ്ലീഹാ പല സ്ഥലങ്ങളിലും സഭകൾ ക്രമപ്പെടുത്തുകയും കശീശന്മാരേയും എപ്പിസ്കൂപ്പന്മാരേയും വാഴിക്കുകയും ചെയ്തിട്ടുണ്ട്. എപ്പിസ്കൂപ്പന്മാരിൽ പ്രധാനികളായി അറിയപ്പെടുന്നവർ വി. തീമോത്തിയോസ്, (എഫേസൂസ്) ക്രേത്ത്ദ്വീപിലെ എപ്പിസ്കൂപ്പായായ തീത്തോസ്, തന്നോടൊന്നിച്ച് സഞ്ചരിച്ചവനായ ഏവൻഗേലിസ്ഥൻ ലൂക്കോസ് പഗോസിലെ പ്രധാന ന്യായാധിപനും വി. പൗലൂസിനാൽ ശിഷ്യപ്പെടുത്തപ്പെട്ടവനുമായ മോർ ദീവന്നാസ്യോസ് എന്നിവരത്രെ. ഇവരെ കൂടാതെ തന്നെത്താൻ ശിഷ്യപ്പെടുത്തപ്പെടുകയും ക്രിസ്തുമതോപദേശങ്ങൾ തന്നിൽനിന്നു സ്വീകരിക്കുകയും തന്റെ സുവിശേഷഘോഷണത്തിന് തന്നെ സഹായിക്കുകയും ചെയ്ത അനേക ശിഷ്യന്മാരും തനിക്കുണ്ടായിരുന്നു. അവരിൽ പ്രധാനമായി അറിയപ്പെടുന്ന ചിലർ ശീലാ, യീഹൂദാ, ബാർശാബാ, അപ്പിഫ്രാസ്, അബിഫ്രോദീത്തോസ്, യൂഹാനോൻ, മർക്കോസ്, അകിില്ലാസ്, അപ്പോല്ലൊ, രക്തസാക്ഷിണിയായ തക്ല[4] എന്നിവരത്രെ. നീറോ കൈസറിന്റെ ബന്ധത്തിൽപ്പെട്ട പലരേയുമെന്നല്ല അവന്റെ പുത്ര

---

4 സഭാപാരമ്പര്യമനുസരിച്ച് ഈ തക്ല, കൂനിയാപട്ടണത്തിൽ ജനിച്ചു. വി. പൗലൂസ് അവിടെ ചെന്നപ്പോൾ അവളെ തന്റെ പ്രസംഗത്താൽ ക്രിസ്തുമതത്തിൽ ചേർത്തു. ഈ വിവരം അവളുടെ ബന്ധുക്കൾ ഗ്രഹിച്ചപ്പോൾ, ആ ദേശത്തെ ന്യായാധിപനോട് അവളെ സംബന്ധിച്ച് കുറ്റപ്പെടുത്തി പറഞ്ഞു. തന്മൂലം ഇവൾ മതത്തിനുവേണ്ടി വളരെ കഷ്ടതകൾ അനുഭവിച്ചു. ന്യായാധിപതിയുടെ ആജ്ഞയനുസരിച്ച് ഇവളെ പെൺസിംഹത്തിന് ഇട്ടുകൊടുത്തു. സിംഹം അവളെ ഉപദ്രവിച്ചില്ല. ഉടനെ അവളെ അഗ്നിയിൽ ഇട്ടു. വെന്തുപോയില്ല. ഈ രണ്ടവസരത്തിലും അവൾ തന്റെ കൈകൾ സ്ലീബായുടെ ആകൃതിയിൽ ഉയർത്തിപ്പിടിച്ചിരുന്നു. ശത്രുക്കളിൽനിന്നും ഇങ്ങനെ അത്ഭുതകരമായ വിധത്തിൽ അവൾ രക്ഷപെട്ടശേഷം വീണ്ടും അവൾ വി. പൗലൂസിനെ അനുഗമിച്ചു.

പൂർവ്വിക പ്രസിദ്ധ സഭാപിതാക്കന്മാരായ മെത്തോദിയോസ്, അംബ്രോസിയൂസ്, ഗ്രീഗോറിയോസ്, തെവോലോഗോസ്, അബിഫാനിയോസ്, മോർ സേവേറിയോസ് (അന്ത്യോഖ്യാ) ഇവർ ഈ രക്തസാക്ഷിണിയെക്കുറിച്ച് സാക്ഷിക്കുന്നു. മാത്രമല്ല വി. പത്രോസ് പൗലൂസ് ശ്ലീഹന്മാരുടെ പെരുനാൾ ദിവസമുള്ള പെങ്കീസായിൽ ഈ ശുദ്ധിമതിയെപ്പറ്റി പ്രത്യേകം പറയുന്നുണ്ട്.

ഇങ്ങനെയിരിക്കെ ചില ആധുനിക പാശ്ചാത്യ എഴുത്തുകാർ ഇങ്ങനെ ഒരു തക്ലാ ഉണ്ടായിരുന്നില്ലെന്നു പറയുന്നത് വിചിത്രമായിരിക്കുന്നു. മൂന്നാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ചില വേദവിപരീതികൾ സൃഷ്ടിച്ച ഒരു കല്പിത കഥയാണിതെന്ന് അവർ സംശയിക്കുന്നു. മൂന്നാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ചമച്ച ഒരു കഥയാണിതെങ്കിൽ പ്രസ്തുത നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തു ജീവിച്ചിരുന്ന വി. മെത്തോദിയോസ് എങ്ങനെ ഇതിനാൽ വഞ്ചിക്കപ്പെടും?

നെയോ വെപ്പാട്ടിയെയോപോലും വി. പൗലോസ് ശിഷ്യപ്പെടുത്തിയിരുന്നു.

കർത്തൃവിളിയെ സ്വീകരിച്ചശേഷം പൗലൂസ്ശ്ലീഹാ 31 വർഷം ജീവിച്ചിരുന്നു. 27 വർഷം സുവിശേഷണാർത്ഥം പല സ്ഥലങ്ങളിലായും രണ്ടു വർഷം യറുശലേമിലും കൈസറിയായിലും തടവിലും രണ്ട് വർഷം റോമിലെ ആദ്യത്തെ കാരാഗൃഹവാസത്തിലും ഒരു വർഷവും ഏതാനും മാസങ്ങളും റോമിലെ രണ്ടാമത്തെ കാരാഗൃഹവാസത്തിലും കഴിച്ചുകൂട്ടി. ഇങ്ങനെ അദ്ദേഹം അത്യധികമായ മതതീക്ഷ്ണതമൂലം പല സ്ഥലങ്ങളിലും സുവിശേഷം അറിയിക്കുകയും വലിയ പട്ടണങ്ങളിൽ ക്രിസ്ത്യാനികളെ ചേർത്ത് ക്രിസ്തുവിന്റെ ഒരു ഉത്തമഭടനായി സുവിശേഷവേല നടത്തുകയും ചെയ്തു.

കൂടാതെ വി. പൗലൂസ് അനേകം അത്ഭുതങ്ങൾ ചെയ്തു. തന്റെ പഴയവസ്ത്രങ്ങൾപോലും രോഗികളുടെ മേൽ വച്ചാൽ അവർ സുഖപ്പെട്ടുവന്നു. തന്റെ പ്രാർത്ഥനമൂലം ഭൂതങ്ങൾ മാറുമായിരുന്നു. താൻ കരയുന്നവരോടൊന്നിച്ച് കരയുകയും സന്തോഷിക്കുന്നവരോടൊന്നിച്ച് സന്തോഷിക്കുകയും ചെയ്യുന്ന ഒരു പ്രകൃതക്കാരനായിരുന്നു. മ്ശിഹായോടുകൂടി പരലോകത്തിലായിരിക്കാൻ താൻ വളരെ ആഗ്രഹിച്ചിരുന്നു. വിശ്വാസികളെ തന്റെ മാതാപിതാക്കന്മാരെപ്പോലെ സ്നേഹിച്ചിരുന്നു. സ്നേഹം, കരുണ മുതലായ സൽഗുണങ്ങളെപ്പറ്റി വളരെ അധികം എഴുതിയിട്ടുണ്ട്. അന്യരുടെ പ്രയോജനത്തിനായി തന്റെ പ്രയോജനത്തെ തൃണവൽഗണിച്ചിരുന്നു. പുതിയ വിശ്വാസികൾക്ക് ഒരു ഭാരവും ഉണ്ടാകാതിരിക്കാൻ താൻ തന്റെ സ്വന്തജോലിയായ കൂടാരപ്പണിയിൽ ഏർപ്പെട്ട് തന്റെയും സഹപ്രവർത്തകരുടെയും നിത്യവൃത്തികഴിച്ചുവന്നു. ക്രിസ്തുവിന്റെ നാമത്തിൽ ഇദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങൾ പരിഗണിച്ചാൽ, ക്രിസ്തുമതത്തിൽ ഇതുപോലെയുള്ള സേവനമനുഷ്ഠിച്ചിട്ടുള്ളവർ വേറെ ഉണ്ടായിട്ടില്ലെന്ന് സധൈര്യം പറയാം. വി. പൗലൂസ് സഹിച്ചിട്ടുള്ള കഷ്ടപ്പാടുകൾ ചിന്താതീതമാണ്. യഹൂദന്മാരിൽനിന്നും, സ്വാർത്ഥാഭിലാഷികളായ വ്യാപാരികളിൽനിന്നും അനവധി കഷ്ടതകൾ സഹിച്ചുവെങ്കിലും താൻ പോയ സ്ഥലത്തെല്ലാം തന്റെ ജോലിക്കു പുരോഗമനമാണുണ്ടായത്. യഹൂദന്മാരിൽനിന്ന് അഞ്ചുപ്രാവശ്യം, ഒന്നു കുറയെ നാല്പത് അടിവീതം കൊള്ളുകയും മൂന്നു പ്രാവശ്യം വടികളാൽ അടിക്കപ്പെടുകയും ഒരു പ്രാവശ്യം കല്ലേറു കൊള്ളുകയും, മൂന്നു പ്രാവശ്യം കപ്പലപകടത്തിൽപ്പെട്ട് അഹോരാത്രം കടലിൽ കഴിച്ചുകൂട്ടുകയും പല പ്രാവശ്യം അപകടത്തിലും കള്ളന്മാരുടെ അപഹരണത്തിലും സ്വകുടുംബസംബന്ധമായ വിഷമത്തിലും പുറജാതികളിൽനിന്നുള്ള അക്രമത്തിലും താൻ കഴിച്ചുകൂട്ടുകയും ചെയ്തു (2 കോരി. 11:24). ഇങ്ങനെ അനവധി കഷ്ടങ്ങൾ അദ്ദേഹം സഹിച്ചിട്ട് അവസാനമായിട്ടത്രെ, നീറോ ചക്രവർത്തിയാൽ വധിക്കപ്പെട്ട് തന്റെ നാഥന്റെ അടുക്കലേക്ക് പോയത്. തന്റെ ആഗ്രഹാനുസരണം സകലവും താൻ നിവർത്തിച്ചു.

അമൂല്യങ്ങളായ 14 ലേഖനങ്ങൾ വി. പൗലൂസ് സഭയ്ക്ക് പ്രദാനം ചെയ്തിട്ടുണ്ട്. താൻ മ്ശിഹായെ തന്റെ വ്യാപാരകാലത്ത് ഭൂമിയിൽ വച്ച് കണ്ടില്ല എങ്കിലും വെളിപാട്മൂലം തന്നെ കാണുന്നതിനും ഭാഗ്യം സ്വീകരിക്കുന്നതിനും തന്റെ സ്നേഹത്താൽ ബന്ധിക്കപ്പെടുന്നതിനും ഇടയാകുകയും ചെയ്തു. തന്റെ വെളിപാടിനെക്കുറിച്ച് മൂന്നു പ്രാവശ്യം അപ്പോസ്തലപ്രവൃത്തിയിൽ പറയുന്നു. ഒന്നാമതു തന്റെ മാനസാന്തരത്തെക്കുറിച്ചും (അപ്പോ.പ്ര. 9:3-19) രണ്ടാമതു ഊർശ്ലേം ദൈവാലയത്തിന്റെ ഗോവണിയിൽനിന്നുള്ള തന്റെ പ്രസംഗസമയത്ത്, (അപ്പോ.പ്ര. 22:6-21) മൂന്നാമത് അഗ്രിപ്പായോടുള്ള പ്രസംഗസമയത്തും (അ.പ്ര. 26) ആകുന്നു ഉണ്ടായിട്ടുള്ളത്. ഈ മൂന്ന് വൃത്താന്തങ്ങളിലും സംജ്ഞകൾക്ക് വ്യത്യാസമുണ്ടെങ്കിലും അർത്ഥം ഒന്നുതന്നെയാണ്.

മ്ശിഹാ, പൗലൂസിനു കാണപ്പെട്ടു എന്നു മാത്രമല്ല, സുവിശേഷം പ്രസംഗിക്കുന്നതിനു തന്നെ വിളിക്കുകയും "സകല ജാതികളും താൻ മൂലം ഏവൻഗേലിയോൻ അനുസരിക്കുന്നതിനും വിശ്വസിക്കുന്നതിനും വേണ്ടിയിരിക്കുന്നു" (ഗലാത്യർ 1: 2,16) എന്നുള്ള ശ്ലീഹായ്ക്കടുത്ത ഒരു പ്രത്യേക അടയാളവും താൻ പ്രാപിക്കുകയുംചെയ്തു. ലോകാരംഭം മുതൽ മറഞ്ഞിരുന്നതും ആ കാലത്തു വെളിപ്പെടുകയും ചെയ്തതുമായ രഹസ്യം തനിക്ക് ഭരമേല്പിക്കപ്പെട്ടു. (റോമർ 11:25. 16:25-26, എഫേ. 1:9, 3:2-9, 6:19, കൊലോസി. 1:26-27, 4:3) ആ രഹസ്യം ഇതാകുന്നു." വിജാതികൾ മ്ശിഹായുടെ സമാവകാശികളും അവന്റെ ശരീരത്തിന്റെയും അവൻ മൂലമായി ഏവൻഗേലിയോൻവഴി ലഭിച്ച വാഗ്ദത്തത്തിന്റെയും സംബന്ധികളുമായിരിക്കുമെന്നുള്ളതാണ് ആ രഹസ്യം" (എഫേസ്യ. 3:6). ഇതത്രെ വി. പൗലൂസിന്റെ ചരിത്രത്തിന്റെ താക്കോലായിരിക്കുന്നത്. അതായത്, മനുഷ്യരിൽനിന്നുമല്ല, മനുഷ്യനാലുമല്ല,എന്നാലോ യേശുമ്ശിഹായാലത്രെ പുറജാതികളുടെ ശ്ലീഹായായിരുന്നത് (ഗലാ. 1:1).

അദ്ധ്യായം 21

# വി. അന്ത്യോഖ്യാസിംഹാസന സ്ഥാപനം

അന്ത്യോഖ്യാ, സഭാചരിത്രത്തിൽ ഏറ്റവും പ്രാധാന്യമേറിയ ഒരു പട്ടണമാണ്. ഇത് അതിമഹത്തായതും സ്മരണാർഹവുമായ ഒരു സ്ഥലമാണ്. ക്രിസ്തുമതം ആദ്യമായി ഉത്ഭവിച്ച യരുശലേം കഴിഞ്ഞാൽ പിന്നെ ക്രിസ്തീയ മഹത്ത്വത്തിന് പാത്രീഭൂതമായിരിക്കുന്നത് അന്ത്യോഖ്യയാണ്. ചുരുക്കിപ്പറയുന്ന പക്ഷം മതപരമായ അതിന്റെ സൗന്ദര്യത്തോടു കിടപിടിക്കുന്ന മറ്റു യാതൊരു പട്ടണവും ക്രിസ്തീയലോകത്തിലില്ല. ആത്മികമായി അന്ത്യോഖ്യാപട്ടണത്തിന് പഴക്കവും പ്രാധാന്യവും ഉള്ളതുപോലെ ലൗകികമായും അതിനു സ്ഥാനമുണ്ട്. ലോകത്തിലുള്ള മറ്റ് പട്ടണങ്ങളെക്കാൾ മുന്നമേ അത് പണിയപ്പെട്ടു. ഈ പട്ടണം ഓറന്തോസ് നദിയുടെ തീരത്ത് ഇൻകോസിന്റെ പുത്രന്മാരായ കോസേസിനാലോ ബോലോസിനാലോ ബി.സി. 1825-ൽ പണിയപ്പെട്ടു എന്ന് അഭിപ്രായപ്പെടുന്നവർ ഉണ്ട്. ബി.സി. 992-ൽ ഇസ്രായേൽ രാജാവായ ശ്ലേമൂൻ ഈ പട്ടണം നശിപ്പിച്ചു. അനന്തരം മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ പ്രധാന സേനാനായകനായിരുന്ന അന്തിഗോനോസ് ഈ പട്ടണം പുതുക്കിപ്പണിതു. ബി.സി. 311-ൽ ഗ്രീക്ക് രാജാവായ സെലൂക്കസ് നിക്കാത്തൂർ വീണ്ടും അതിനെ നന്നാക്കുകയും തന്റെ പിതാവായ അന്തിയോക്കോസിന്റെ നാമത്തിൽ അന്ത്യോഖ്യാ എന്ന് അതിന് പേരിടുകയുംചെയ്തു.

അന്ത്യോഖ്യാ മൂന്നായി വിഭജിക്കപ്പെട്ടിരുന്നു. 1) ദ്വീപ് 2) സമതലം 3) സൽപ്പിയോസ് പർവ്വതത്തിന്റെ താഴ്വര എന്നിവയായിരുന്നു അത്.

വിവിധ ജാതിക്കാർ ഈ പട്ടണത്തിൽ വസിച്ചിരുന്നു. ബി.സി. 64-ാം ആണ്ട്വരെ നീണ്ടുനിന്ന സെലൂക്യ (ഗ്രീക്ക്) സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു ഈ പട്ടണം. ബി.സി. 64-ൽ റോമായിലെ സൈന്യാധിപനായിരുന്ന പോംപിയോസ് അന്ത്യോഖ്യാ കൈവശപ്പെടുത്തി. അദ്ദേഹം സിറിയായിലുള്ള റോമാക്കാരുടെ പ്രദേശങ്ങൾക്കെല്ലാം അന്ത്യോഖ്യാ തലസ്ഥാനമാക്കി. സെലൂക്യരുടെയും റോമാക്കാരുടേയും നാളുകളിൽ ഈ നഗരം അഭിവൃദ്ധിയുടേയും സംസ്കാരത്തിന്റേയും നാഗരികതയുടേയും പന്ഥാവിലൂടെ പ്രയാണം ചെയ്തു. അതിലെ

ജനസംഖ്യ ഏഴ് ലക്ഷമായി. കാഴ്ചബംഗ്ലാവുകൾ, നാടകശാലകൾ, രമ്യഹർമ്മങ്ങൾ, ദ്ഫനീ "അപ്പല്ലോ" എന്നീ ദേവന്മാരുടെ വമ്പിച്ച ക്ഷേത്രങ്ങൾ എന്നിങ്ങനെ വിശിഷ്ടതരങ്ങളായ അനേകം സ്ഥാപനങ്ങൾ ഈ പട്ടണത്തിൽ ഉണ്ടായിരുന്നു. സെലൂക്കസ് നിക്കാത്തോറിനാൽ സ്ഥാപിക്കപ്പെടുകയും തന്റെ പിതാവായ അന്ത്യോക്കസിന്റെ നാമത്തിൽ പേരു വിളിക്കപ്പെടുകയുംചെയ്ത 15 ഗ്രീക്ക് പട്ടണത്തിൽ നിന്ന് വിഭിന്നമായിരിക്കേണ്ടതിന് സിറിയായുടെയോ ദഫ്നായുടെയോ അന്ത്യോഖ്യായെന്ന് ഈ പട്ടണം അറിയപ്പെടുന്നു.

വി. ശ്ലീഹന്മാരുടെ കാലത്ത് കിഴക്കിന്റെ അലങ്കരിക്കപ്പെട്ട മണവാട്ടിയും സകല ജ്ഞാനത്തിന്റെയും ഇരിപ്പിടവുമായി അന്ത്യോഖ്യാ പരിലസിച്ചിരുന്നു. ഊർശ്ലേം ഒഴികെ മറ്റെല്ലാ പട്ടണങ്ങളെക്കാളും ഈ പട്ടണം ശ്ലീഹന്മാരുടെ ചരിത്രവുമായി ഏററം ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്ത്യാനികളുടെ അഭിവൃദ്ധിക്കു കാരണമായിരുന്ന സംഗതികളിൽ ഊർശ്ലേമും അന്ത്യോഖ്യായുമായി പല ബന്ധങ്ങളും ഉണ്ടായിരുന്നുവെന്ന് വി. വേദത്തിൽനിന്നു തെളിയുന്നുണ്ട് 1) ഊർശ്ലേമിൽവച്ച് വി. ശ്ലീഹന്മാർ പട്ടംകൊടുത്ത ഏഴ് ശെമ്മാശന്മാരിൽ ഒരുവനായ നിക്കോലാവോസ് അന്ത്യോഖ്യായിൽനിന്നുള്ള യഹൂദമതാനുസാരിയായിരുന്നു (നട. 6:5). (2) അന്ത്യോഖ്യായിൽനിന്നാണ് വി. പൗലൂസും ബർന്നബാസും ദരിദ്രർക്കുള്ള ധനശേഖരവുമായി ഊർശ്ലേമിലേക്ക് അയയ്ക്കപ്പെട്ടത് (നട. 11:30, 12:23) (3) ഊർശ്ലേമിലെ അപ്പോസ്തലിക സുന്നഹദോസിന്റെ തീരുമാനങ്ങൾ അന്ത്യോഖ്യാ സഭയ്ക്ക് അയയ്ക്കപ്പെട്ടിരുന്നു (നട.* 15:23). ഇങ്ങനെ മറ്റ് അനേക കാര്യങ്ങൾ പറയാനുണ്ട്. ആകയാൽ അന്ത്യോഖ്യാസഭ, മറ്റെല്ലാ ക്രിസ്തീയസഭകളെക്കാളും പഴക്കവും പ്രസിദ്ധിയും ഉള്ളതാണ്. അതായത് ഊർശ്ലേം കഴിഞ്ഞാൽ ക്രിസ്തീയലോകത്തിൽ ഒന്നാമത്തെ സ്ഥാനം അന്ത്യോഖ്യായാണ്. മ്ശിഹൈക സഭയുടെ കിരീടത്തിൽ വിളങ്ങുന്ന അനർഘമായ മരതക രത്നമാണ് അന്ത്യോഖ്യായെന്ന് നിസംശയം പറയാം.

വി. സ്തേഫാനോസിനുണ്ടായ പീഡ നിമിത്തം ഊർശ്ലേമിൽനിന്നു ചിതറിപ്പോയവരാണ് ആദ്യമായി അന്ത്യോഖ്യായിൽ സുവിശേഷമറിയിച്ചത്. അനേകർ വിശ്വസിച്ച് കർത്താവിങ്കലേക്ക് തിരിഞ്ഞ വിവരം ഊർശ്ലേം സഭക്കാർ അറിഞ്ഞപ്പോൾ അവർ ബർന്നബായെ അന്ത്യോഖ്യായിലേക്ക് അയച്ചു. അദ്ദേഹം മുഖേന അനേകർ വി. സഭയിലേക്കു ചേർന്നു. അവിടെ സുവിശേഷവേല വൻതോതിൽ നടത്തണമെന്ന് കണ്ടതിനാൽ വി. പൗലൂസിനെ അന്ത്യോഖ്യായിലേക്കു കൂട്ടിക്കൊണ്ടുപോയി ബർന്നബായും പൗലൂസും ഒരുമിച്ചു ഒരു വർഷം താമസിച്ചു. വിശ്വാസികളെ മതവിശ്വാസം പഠിപ്പിച്ചു. അനന്തരം ഊർശ്ലേമിൽനിന്ന് ദീർഘദർശിമാർ അന്ത്യോഖ്യായിൽ ചെന്നു. അവരിൽ ഒരുവനായ ആഗാബോസ് ആത്മനിയോഗത്താൽ ഭൂമിയിൽ വലിയ ക്ഷാമമുണ്ടാകുമെന്ന് അറിയിച്ചു (നട. 11:19-30). പിന്നീട് ദീർഘദർശിമാരും ഉപദേഷ്

---

*നടപ്പ് - അപ്പോ. പ്രവൃ.

ടാക്കന്മാരുമായ നീഗർ എന്നു വിളിക്കപ്പെടുന്ന ശെമവൂൻ, കുറീൻ പട്ടണക്കാരനായ ലൂക്കിയോസ് തെത്രർക്കു ഹെരോദോസിന്റെ കൂടെ വളർന്ന മനായേൽ എന്നിവർ അവിടെ സുവിശേഷം അറിയിച്ചു. (നട. 13:1) വി. പത്രോസ് എ.ഡി. 37-ൽ അന്ത്യോഖ്യായിൽ ചെന്ന് ശ്ലൈഹിക സിംഹാസനം അവിടെ സ്ഥാപിച്ചുവെന്ന് യൗസേബിയോസ് പറയുന്നു. പിന്നീട് അദ്ദേഹം ഊർശ്ലേമിലേക്കു പോയി പുരാതനരേഖകൾ അനുസരിച്ച് എ.ഡി. 53-60 വരെ വി. പത്രോസ് അന്ത്യോഖ്യായിൽ തുടർച്ചയായി താമസിച്ചുവന്നതായി കാണാം (ഗലാ. 2:11-12).

ആദ്യമായി ക്രൈസ്തവസഭ യരുശലേമിൽ സ്ഥാപിക്കപ്പെടുകയും അതിൽനിന്നും മ്ശിഹൈകവിശ്വാസം പ്രശോഭിച്ച് ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുകയും ചെയ്തുവെന്നുള്ള വാസ്തവം ഇവിടെ നിഷേധിക്കുന്നില്ല; ആദിമസഭ എന്നുള്ള അതിന്റെ ഈ സ്ഥാനം എല്ലാ സഭകളുടേയും മാതൃസ്ഥാനം അതിനു സമ്പാദിച്ചുകൊടുത്തുവെന്നുള്ളത് പ്രശംസനീയംതന്നെയാണ്. എന്നാൽ ഈ സഭ പരിപൂർണ്ണമായും പരിഛേദന ഏറ്റവരുടേത് ആയിരുന്നതിനാലും മ്ശിഹാ സ്വജാതികളിൽ നിന്നും വിജാതികളിൽനിന്നും അതായത് പരിഛേദനക്കാരിൽനിന്നും അഗ്രചർമ്മികളിൽനിന്നും തന്റെ സഭയെ കൂട്ടിച്ചേർക്കുവാനായി വന്നതിനാലും ക്രിസ്തീയസഭയുടെ ആദ്യകാലംമുതൽക്കു തന്നെ ഇതിന് ഈ അടയാളം ദൈവം കൊടുക്കുന്നതായി നാം കാണുന്നു. മ്ശിഹൈക വിശ്വാസം, ആദ്യമായി സ്വീകരിച്ച വിജാതീയ തലസ്ഥാനങ്ങളിൽ ഒന്നായ അന്ത്യോഖ്യായിലേക്ക് പത്രോസ്ശ്ലീഹാ പോകുകയും പൗലൂസ് ശ്ലീഹായുടെ വലിയ സഹായത്തോടുകൂടി അപ്പോസ്തലിക പിൻതുടർച്ചയുടെ സിംഹാസനം അതിൽ സ്ഥാപിക്കുകയും ചെയ്തു. ജാതികളെ സ്വജാതികളോടും കാട്ടുസൈത്തിനെ സാക്ഷാൽ സൈത്തിനോടും താൻ ചേർത്തു (റോമാ 11:17). അതായത് രണ്ടിനേയും ഒന്നാക്കിച്ചേർത്തു. ഇങ്ങനെ അന്ത്യോഖ്യാസിംഹാസനം പരിഛേദനക്കാരുടേയും അഗ്രചർമ്മികളുടേയും മേൽ അധികാരമുള്ളതായിത്തീർന്നു. ഈ സിംഹാസനത്തിന്റെ സ്ഥാപനത്താൽ സ്വജാതികളും വിജാതികളുമാകുന്ന രണ്ടു വർഗ്ഗക്കാരേയും സഭയിൻ തൊഴുത്തിൽ ചേർക്കുന്നതിനുള്ള ദൈവോദ്ദേശം നിവർത്തിക്കപ്പെട്ടു. പിന്നീട് ഊർശ്ലേമും ഈ സിംഹാസനത്തിന്റെ അധികാരാതിർത്തിയിൽ ഉൾപ്പെട്ടതായി സഭാചരിത്രത്തിൽനിന്നും നാം ഗ്രഹിക്കുന്നു. ഇപ്രകാരം അന്ത്യോഖ്യാസഭ, ഇസ്രായേല്യർക്കു മാത്രമുള്ള യഹൂദസഭയ്ക്കു വിപരീതമായി സർവ്വ ശക്തികളേയും തന്റെ മടിയിലേക്കു സ്വീകരിക്കുന്ന ഏക കാതോലിക സഭയായിത്തീർന്നു.

ആകയാൽ പഴയ പൗരസ്ത്യദേശങ്ങളുടെ തലസ്ഥാനമായിരുന്ന അന്ത്യോഖ്യായിലെ സഭ മ്ശിഹായുടെ സത്യസഭയാകുന്നു. അതിനാൽ അത് നീതിക്കനുസരണമായി പ്രധാനപ്പെട്ടതെന്ന് വിളിക്കപ്പെടുവാൻ ന്യായമാകുന്നു. അത് ഏദനിലെ യഥാർത്ഥ കിഴക്കിനടുത്ത പറുദീസ

യാകുന്നു. ഹസ്കിയേൽ ദീർഘദർശി പ്രവചിച്ച കർത്താവിന്റെ കിഴക്കിനടുത്ത ഭവനം എന്നു പറഞ്ഞിരിക്കുന്നതും അതിന്റെ കീഴിൽ നിന്നു പുറപ്പെടുന്ന വെള്ളവും അതിന്റെ വലത്തുഭാഗത്തുനിന്നൊഴുകുന്ന വെള്ളവും അവയുടെ വർദ്ധനവും അറാബിവരെയുള്ള അതിന്റെ ഒഴുക്കും സമുദ്രവെള്ളത്തിലുള്ള അതിന്റെ കലർച്ചയും ഇതിനെക്കുറിച്ച് ദൃഷ്ടാന്തീകരിച്ചിരിക്കുന്നു (ഹസ്കി. 47). ഇവ (ഏവൻഗേല്യോൻ) സുവിശേഷത്തേയും അതിന്റെ പ്രചാരണത്തേയും ദൃഷ്ടാന്തീകരിക്കുന്നു. ആഴമായി പരിശോധിക്കുന്ന ഒരുവന് ഈ ദീർഘദർശനം അതിന്റെ പ്രവർത്തിപഥത്തിന് നിവൃത്തിയായത് അന്ത്യോഖ്യായിലാണെന്ന് മനസ്സിലാക്കാം. എങ്ങനെയെന്നാൽ അന്ത്യോഖ്യായുടെ പ്രധാന ജോലി ജാതികളുടെ ഇടയിൽ സുവിശേഷം പുഷ്ടിപ്പെടുത്തുക എന്നതായിരുന്നു. കാരണം, പുറജാതികളുടെ ആദ്യസഭ, അതിൽ സ്ഥാപിക്കപ്പെട്ടിരുന്നു (നട. 11:20-22). മ്ശിഹായുടെ ശിഷ്യന്മാർ അവിടെവച്ച് ആദ്യമായി ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടു. അവിടെവച്ചുതന്നെ പൗലൂസ്ശ്ലീഹാ ആചാര്യത്വത്തിനടുത്ത തന്റെ സുവിശേഷഘോഷണം നടത്തി. (നട. 11:22-26, 14:26, 15:35, 18:22) അതിൽനിന്ന് തന്റെ സുവിശേഷഘോഷണത്തിനായുള്ള ഒന്നാമത്തെ സഞ്ചാരം ആരംഭിച്ചു. (നട. 11:1-3). അതിലേക്കുതന്നെ തിരിച്ചുവന്നു (നട. 14:26). ശ്ലീഹന്മാരുടെ മൂന്നാമത്തെ സുന്നഹദോസിനുശേഷം സുവിശേഷഘോഷണത്തിനായുള്ള രണ്ടാമത്തെ സഞ്ചാരം അന്ത്യോഖ്യായിൽനിന്നു തന്നെ ആരംഭിക്കുകയും അതിൽ തന്നെ അവസാനിക്കുകയും ചെയ്തു. (നട. 15:36, 18:22) കൈസറിയായിലും ഊർശ്ലേമിലും വച്ച് തടവുശിക്ഷ അനുഭവിക്കേണ്ടിവന്ന തന്റെ മൂന്നാമത്തെ സുവിശേഷഘോഷണയാത്രയും വി. പൗലൂസ് ആരംഭിച്ചത് അന്ത്യോഖ്യായിൽനിന്നു തന്നെ ആയിരുന്നു (നട. 18:23) രക്ഷയുടെ സുവിശേഷത്തെ വഹിച്ചുകൊണ്ട് വി. പത്രോസ് ശ്ലീഹാ പാശ്ചാത്യദേശത്തിലേക്ക് തന്റെ ശ്ലൈഹിക സഞ്ചാരത്തിന് എ.ഡി. 60-ൽ പുറപ്പെട്ടതും അവിടെനിന്നാണ്. പ്രസിദ്ധ ചരിത്രകാരനായ കൈസറിയായിലെ യൗസേബിയോസ് തന്റെ സഭാചരിത്രത്തിൽ ഇപ്രകാരം പറയുന്നു: "പത്രോസ്ശ്ലീഹാ ആത്മികപ്രകാശത്തിന്റെ ഏററം വിലപിടിച്ച വ്യാപാരം കിഴക്കുനിന്ന് പടിഞ്ഞാറുള്ളവർക്കായി കൊണ്ടുപോകുകയും മനുഷ്യരുടെ ആത്മാക്കളെ ജീവിപ്പിക്കുന്ന പ്രകാശവും വചനവും ഇതാകുന്നുവെന്ന് പറഞ്ഞുകൊണ്ട് സ്വർഗ്ഗീയ രാജ്യത്തിന്റെ സുവിശേഷം അവരോട് പ്രസംഗിക്കുകയും ചെയ്തു." ചുരുക്കിപ്പറഞ്ഞാൽ മ്ശിഹൈകപ്രകാശത്തിന്റെ കിരണങ്ങൾ അന്ത്യോഖ്യായിൽനിന്നും ലോകമൊക്കയിലും പ്രകാശിച്ചുവെന്ന് നിസന്ദേഹം പറയാം.

വി. അന്ത്യോഖ്യാ സിംഹാസനത്തിന്റെ അധികാരം വി. സഭ നിശ്ചയിച്ചപ്രകാരം പ്രത്യേകമായി കിഴക്കിന്റെ അതിർത്തിവരെയും വേറൊരു വിധത്തിൽ പറഞ്ഞാൽ ഏഷ്യാ മുഴുവൻ തന്നെ വ്യാപിക്കപ്പെട്ടിരുന്നു.

എല്ലായ്പ്പോഴും പൊതുവായി സർവ്വലോകരും വിശിഷ്യാ കിഴക്കുള്ള വരും ആയ ക്രിസ്ത്യാനികൾ ഈ ശ്രേഷ്ഠ സിംഹാസനത്തെ ഭക്ത്യാ ദരപുരസ്സരം വീക്ഷിച്ചുകൊണ്ടിരുന്നു. വി. പത്രോസിനെ തുടർന്ന് സുകൃ തനടപടികളാലും, സുശോഭിതോപദേശങ്ങളാലും മനുഷ്യവർഗ്ഗത്തെ വിസ്മയിപ്പിച്ച ശ്രേഷ്ഠപാദരായ പാത്രിയർക്കീസന്മാർ ആ സിംഹാസ നത്തെ അലങ്കരിച്ചു. എന്നാൽ സത്യവിശ്വാസത്തിൽ സ്ഥിതിചെയ്യുന്ന പാത്രിയർക്കീസന്മാർ ഈ സിംഹാസനസ്ഥാപനം മുതൽ നിയമപ്ര കാരം ഇന്ന് നമ്മെ ഭാഗ്യമോടെ ഭരിക്കുന്ന നൂറ്റിരുപതാമത്തെ പാത്രി യർക്കീസായ മോറാൻ മോർ ഇഗ്നാത്യോസ് അപ്രേം ഒന്നാമൻ വരെ തുടർന്നിരിക്കുന്നു[1]*

---

1 ഈ എണ്ണത്തിൽ ഉൾപ്പെടാത്തവരായി നിയമാനുസരണരല്ലാത്ത അറിയൂസ് കാരും മററുമായ പാത്രിയർക്കീസന്മാർ ഈ സിംഹാസനം ചില കാലങ്ങളിൽ അപഹരിച്ചിട്ടുണ്ട്.

*പ. അപ്രേം പ്രഥമൻ പാത്രിയർക്കീസിനുശേഷം സിംഹാസനരൂഢനായത് ഈ ഗ്രന്ഥകാരൻകൂടിയായി പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസായി രുന്നു. തുടർന്ന് ഇപ്പോൾ ഭാഗ്യവാനായ പ. സാഖാ പ്രഥമൻ ബാവാ സിംഹാ സനത്തിൽ വാഴുന്നു. (സംശോധകൻ)

അദ്ധ്യായം 22

# വി. മർക്കോസും വി. ലൂക്കോസും

## വി. മർക്കോസ്

ഇദ്ദേഹം ആഫ്രിക്കയിലെ ഫന്താപോലീസിലുള്ള ഈറന്നപ്പോല പട്ടണത്തിൽ ജാതനായി. പത്രോസ്ശ്ലീഹാ മുഖാന്തിരം മ്ശിഹായിൽ വിശ്വസിക്കുകയും പത്രോസിന്റെ ശിഷ്യനായിത്തീരുകയുംചെയ്തു. ഇതുകൊണ്ടാണ് പത്രോസ് തന്റെ ലേഖനത്തിൽ മർക്കോസിനെ തന്റെ പുത്രനെന്ന് വിളിക്കുന്നത് (1 പത്രോ. 5:13). തന്റെ ശ്ലൈഹിക പര്യടനത്തിൽ പത്രോസ് ഇദ്ദേഹത്തേയും കൂട്ടിക്കൊണ്ടുപോയിരുന്നു. വി. മർക്കോസിന്റെ സുവിശേഷം, പത്രോസിന്റെ മേൽനോട്ടത്തിൽ എ.ഡി. 61-ൽ റോമാഭാഷയിലോ ലത്തീനിലോ ഗ്രീക്കിലോ എഴുതി എന്ന് പറയപ്പെടുന്നു. ഇതുകൊണ്ടാണ് ആ സുവിശേഷത്തിൽ, കർത്താവ് പത്രോസിനെ പുകഴ്ത്തി പറഞ്ഞിട്ടുള്ള ഭാഗങ്ങൾ വിസ്തരിച്ചുകാണിക്കാതെ, പത്രോസ് കർത്താവിനെ തള്ളിപ്പറയുകയും കർത്താവ് തന്നെ ശാസിക്കുകയും ചെയ്യുന്ന കാര്യങ്ങൾ വ്യക്തമായി വിവരിച്ചിരിക്കുന്നത്.

ജാതികളിൽനിന്ന് ക്രിസ്തുവിൽ വിശ്വസിച്ചവർക്കുവേണ്ടി ഈ പുസ്തകം രചിക്കപ്പെട്ടു. ആ കാരണത്താലാണ് യഹൂദമര്യാദകളെ അധികമായി സ്മരിക്കാത്തതും പഴയനിയമത്തിൽനിന്ന് അധികം ഉദ്ധരിക്കാത്തതും, യഹൂദന്മാരെ സംബന്ധിക്കുന്ന പ്രത്യേക കാര്യങ്ങൾ വരുന്ന ഭാഗങ്ങൾ ജാതികൾക്കു മനസ്സിലാകത്തക്കവണ്ണം വിശദമാക്കി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. ഇതിൽ സംഭവങ്ങളെ വിവരിക്കുന്നതിൽ സമയക്രമത്തെപ്പറ്റി നിഷ്ക്കർഷിച്ചിട്ടില്ല. സുധീരവചസ്സുകളാൽ തന്റെ ഏവൻഗേല്യൻ ആരംഭിക്കുന്നതിനാൽ വി. ഹസ്കിയേൽ ദീർഘദർശിയുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന "സിംഹ"ത്തിന്റെ സൂചന തന്നെക്കുറിച്ചാണെന്ന് വ്യാഖ്യാതാക്കൾ പറയുന്നു. എ.ഡി. 61-ൽ തന്നെ പത്രോസ് ശ്ലീഹാ ഇദ്ദേഹത്തെ അലക്സന്ത്രിയായിലേക്ക് സുവിശേഷവേലയ്ക്കായി അയച്ചു. അലക്സന്ത്ര്യായിൽ എത്തുന്നതിനു മുമ്പായി ഇദ്ദേഹം പന്താപ്പോലീസ്, മാർമോറീക്ക, ലിബിയ എന്നീ സ്ഥലങ്ങളിൽ പ്രസംഗിക്കുകയും അനേകർ മ്ശിഹായിൽ വിശ്വസിക്കുകയുംചെയ്തു. അനന്തരം മിസ്രയീമിന്റെ തലസ്ഥാനമായിരുന്ന

അലക്സന്ത്രിയായിൽ താൻ എത്തി. അവിടെ അദ്ദേഹം തെരുവിൽ ചുറ്റി സഞ്ചരിക്കവെ തന്റെ ചെരുപ്പ് നന്നാക്കുവാനായി ഒരു ചെരുപ്പു കുത്തിയുടെ അടുക്കൽ ചെന്നു. ആ ചെരുപ്പുകുത്തിയുടെ പേര് അനി യാനോസ് എന്നായിരുന്നു. അവൻ ചെരുപ്പ് നന്നാക്കിയപ്പോൾ സൂചി അവന്റെ കൈയിൽ തറച്ചു. വേദനയുടെ ആധിക്യം നിമിത്തം ഹാ! ഏക ദൈവമേ! എന്ന് അവൻ നിലവിളിച്ചു. ഉടൻതന്നെ വി. മർക്കോസ് ഭൂമിയിൽനിന്ന് അല്പം മണ്ണെടുത്ത് അവന്റെ മുറിവിൽ പുരട്ടി. ഉടനെ അവനു സുഖമുണ്ടാകുകയും അവൻ അത്ഭുതപരതന്ത്രനാകുകയും ചെയ്തു. അനന്തരം മർക്കോസ് അവനോട് ഏക ദൈവമുണ്ടെന്ന് നീ വിശ്വസിച്ചിരിക്കെ അനേക ദൈവങ്ങളെ നീ ആരാധിക്കുന്നതെന്തിനാ ണെന്നു ചോദിച്ചു. അതിന് അവൻ മറുപടി പറഞ്ഞില്ല. അനന്തരം ചെരു പ്പുകുത്തി, വി. മർക്കോസിനെ അവന്റെ ഭവനത്തിലേക്ക് കൊണ്ടുപോയി. ആ ഭവനത്തിൽ അവന്റെ ചാർച്ചക്കാരെല്ലാം ഒരുമിച്ചു കൂടിയപ്പോൾ വി. മർക്കോസ് യേശുവിനെക്കുറിച്ച് അവരോട് പ്രസംഗിച്ചു. അവിടെ അവരെല്ലാവരും തന്നെ വിശ്വസിച്ച് മാമോദീസാ ഏററു. ഈ ശ്രുതി ആ പട്ടണം മുഴുവനും പരസ്യമായി. അവിടുത്തെ കാവ്യർ* കോപിച്ച് വി. മർക്കോസിനെ കൊല്ലുവാൻ ശ്രമിച്ചു. എന്നാൽ വിശ്വാസികളുടെ സംഖ്യ ആ സ്ഥലത്ത് ദൈനംദിനം വർദ്ധിച്ചുവന്നു. എ.ഡി. 64-ൽ വി. മർക്കോസ് വിശ്വാസികളെ എല്ലാം ഒരുമിച്ചുകൂട്ടി അവർക്കായി മൂന്ന് പുരോഹിതന്മാരേയും ഏഴ് ശെമ്മാശന്മാരേയും വാഴിച്ചു. അവരുടെ തലവനായി തനിക്കു പകരം അനിയാനോസിനെ എപ്പിസ്കൂപ്പായായി നിയമിക്കുകയുംചെയ്തു. ആ എപ്പിസ്കൂപ്പായെ ആ ചെറിയ സഭയുടെ ഭരണം ചുമതലപ്പെടുത്തി. അനന്തരം ഇതര സ്ഥലങ്ങളിൽ താൻ ശിഷ്യ പ്പെടുത്തിയിട്ടുള്ള വിശ്വാസികളെ സന്ദർശിക്കുവാനായി അവിടം വിട്ടു. ആ യാത്രയിൽ അദ്ദേഹം തീമോത്തിയോസിനോടുകൂടെ റോമിലേക്കു പോകുകയും വി. പത്രോസ്, പൗലൂസ് ശ്ലീഹന്മാരുടെ സാക്ഷിമരണം വരെ അവരോടൊന്നിച്ച് റോമായിൽ താമസിക്കുകയുംചെയ്തുവെന്ന് പറയപ്പെടുന്നു. വി. പൗലൂസ് ഇദ്ദേഹത്തെ പുകഴ്ത്തി "അവനെക്കൊണ്ട് സുവിശേഷവേലയ്ക്ക് പ്രയോജനമുണ്ട്" എന്ന് പറഞ്ഞിരിക്കുന്നു (കൊലോ. 4:10, 2 തീമോ. 4:11). വീണ്ടും വി. മർക്കോസ് അലക്സന്ത്ര്യാ യിലേക്കു വന്നു. അനിയാനോസിന്റെ പരിശ്രമത്താൽ അവിടുത്തെ സഭ വളരെ അഭിവൃദ്ധിപ്പെട്ടിരിക്കുന്നതായി താൻ കണ്ടു. ജാതികൾ തന്റെ വരവിനെക്കുറിച്ചു ഗ്രഹിച്ചിട്ട് ഒരുമിച്ചുകൂടി, അവരുടെ ദേവനായ സീറാ ബീസിന്റെ ഉത്സവദിവസം തന്നെ പിടിക്കുകയും കുതിരകളുടെ വാലിൽ കെട്ടി തന്റെ ശരീരം നുറുങ്ങുന്നതുവരെ തെരുവിൽക്കൂടി കുതിരകളെ പായിക്കുകയുംചെയ്തു. താൻ മരിച്ചില്ല എന്നുകണ്ട് ആ രാത്രിയിൽ തന്നെ അവർ അദ്ദേഹത്തെ ഒരു ഇരുട്ടുമുറിയിൽ അടച്ചു. രാത്രിയിൽ ഒരു മാലാഖ പ്രത്യക്ഷപ്പെട്ട് തന്നെ ആശ്വസിപ്പിച്ചു. അടുത്ത ദിവസം തലേ ദിവസത്തേതുപോലെ, തന്നെ കുതിരയുടെ വാലിൽ കെട്ടി താൻ

*അന്യദൈവത്തെ ആരാധിക്കുന്നവർ.

മരിക്കുന്നതുവരെ കുതിരയെ ഓടിച്ചു. ഇപ്രകാരം എ.ഡി. 68-ൽ വി. മർക്കോസ് രക്തസാക്ഷിയായി മരിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ശരീരത്തെ ദഹിപ്പിക്കുവാൻ അവർ വിറക് അടുക്കി അതിൽ തന്റെ ശരീരം വച്ച് തീ കത്തിച്ചപ്പോൾ പെട്ടെന്ന് വലിയ മഴയും ഇടിയുമുണ്ടായി. തീ നിശ്ശേഷം കെട്ടുപോയി. അപ്പോൾ കാവ്യർ ഭയപ്പെട്ട് അവിടെനിന്നും ഓടിപ്പോയി. അനന്തരം ക്രിസ്ത്യാനികൾ വന്ന് തന്റെ ശരീരം ആഘോഷത്തോടുകൂടി സംസ്കരിച്ചു. ഇദ്ദേഹത്തെ അലക്സന്ത്ര്യൻ ശ്ലൈഹിക സിംഹാസനത്തിന്റെ സ്ഥാപകനായി ഗണിച്ചുവരുന്നു. മതപരമായ അഭ്യസനത്തിന് ഇദ്ദേഹം അലക്സന്ത്ര്യായിൽ ഒരു വിദ്യാലയം സ്ഥാപിച്ചുവെന്ന് പറയപ്പെടുന്നു. സ്വർണ്ണനാവുകാരനായ മോർ ഈവാനീയോസ് പറയുന്നത് മർക്കോസ് മെസ്രേനിൽ വച്ച് തന്റെ ഏവൻഗേലിയോൻ എഴുതിയെന്നാണ്.

## വി. ലൂക്കോസ്

ഇദ്ദേഹം അന്ത്യോഖ്യായിൽ ജനിച്ചു. താൻ യഹൂദമതാനുസാരിയായ ഒരു യവനൻ ആയിരുന്നു. ഗ്രീക്ക്ഭാഷ, തത്ത്വശാസ്ത്രം, വൈദ്യശാസ്ത്രം, ശില്പകല എന്നിവകൾ താൻ അഭ്യസിച്ചിരുന്നു. പൗലൂസ് ശ്ലീഹാ മുഖാന്തിരം ഇദ്ദേഹം മ്ശിഹായിൽ വിശ്വസിക്കുകയും അദ്ദേഹത്തിന്റെ വിശ്വസ്ത ശിഷ്യനായിത്തീരുകയുംചെയ്തു. പൗലൂസിന്റെ മിക്ക സുവിശേഷയാത്രകളിലും, കഷ്ടതകളിലും പ്രയാസങ്ങളിലും ഞെരുക്കങ്ങളിലുമെല്ലാം (എ.ഡി. 53-നു ശേഷം) ഇദ്ദേഹം കൂടെയുണ്ടായിരുന്നു. വി. പൗലൂസ് തന്നെയാണ് ഇദ്ദേഹത്തെ എപ്പിസ്കൂപ്പായായി വാഴിച്ചത്. പൗലൂസിന്റെ റോമിലെ ഒന്നാമത്തെ ബന്ധനത്തിൽ ലൂക്കോസും കൂടെയുണ്ടായിരുന്നു. പൗലൂസിന്റെ രണ്ടാമത്തെ കാരാഗൃഹവാസക്കാലത്ത് നേരിട്ട ഞെരുക്കങ്ങളും പ്രയാസങ്ങളും നിമിത്തം അദ്ദേഹത്തിന്റെ സഹായികളായിരുന്ന എല്ലാവരും തന്നെ വിട്ടുപോയ അവസരത്തിൽ ഈ ലൂക്കോസ് ഏകനായി അദ്ദേഹത്തെ ശുശ്രൂഷിച്ചു. എ.ഡി. 63-ൽ തന്റെ ഏവൻഗേലിയോൻ, ബഹുമാന്യ വിശ്വാസിയായ അലക്സാന്ത്ര്യാക്കാരൻ തെയോഫീലോസിന്റെ അപേക്ഷപ്രകാരം വി. പൗലൂസിന്റെ മേൽനോട്ടത്തിൽ എഴുതപ്പെട്ടു. താൻ യേശുമ്ശിഹായെ കണ്ടില്ലെങ്കിലും തന്നെ അറിയുന്നവരിൽനിന്നും ശ്ലീഹന്മാരിൽനിന്നും ഗ്രഹിച്ചതനുസരിച്ച് കർത്താവിന്റെ ഐഹികജീവിതകാലത്തിലെ ചരിത്രം സംഭവകാലക്രമമനുസരിച്ച് ക്രമപ്പെടുത്തുകയും ഇതരസുവിശേഷങ്ങളിൽ (മത്തായി, മർക്കോസ്) അനുസ്മരിക്കാത്ത സംഭവങ്ങളും അത്ഭുതങ്ങളും തന്റെ സുവിശേഷത്തിൽ അനുസ്മരിക്കുകയും ചെയ്തിരിക്കുന്നു. മൂശൈകന്യായപ്രമാണക്രമത്തേയും ബലികളെ അണയ്ക്കുന്ന ആചാര്യത്വത്തേയുംകുറിച്ച് പറഞ്ഞുകൊണ്ടാരാധിക്കുന്നതിനാൽ വി. ഹസ്കിയേൽ ദീർഘദർശിയുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന 'കാള'യുടെ സൂചന തന്നെക്കുറിച്ചാണെന്ന് വ്യാഖ്യാതാക്കൾ പറയുന്നു. എ.ഡി. 64-ൽ സഭയുടെ സ്ഥാപനത്തെ വിവരി

ക്കുന്ന നടപ്പുകളുടെ പുസ്തകം താൻ എഴുതി. താൻ ഏകനായി ഈജി പ്തിൽ സുവിശേഷവേല ചെയ്തുവെന്ന് സഭാചരിത്രം കാണിക്കുന്നു വെങ്കിലും വി. മർക്കോസിനു മുമ്പോ പിമ്പോ എന്ന് സമയം കാണി ക്കുന്നില്ല.[1] താൻ നീറോയുടെ കല്പനയാൽ രക്തസാക്ഷിയായി മരിച്ചു വെന്ന് ചില പിതാക്കന്മാർ പറയുന്നു. രക്തസാക്ഷിയായ വി. പൗലൂ സിനോടുകൂടെ താനും സഞ്ചരിച്ചിരുന്നതുകൊണ്ട് ഇപ്രകാരം സംഭവി ക്കാവുന്നതാണ്. കർത്താവ് തെരഞ്ഞെടുത്ത 70 അറിയിപ്പുകാരിൽ ഒരുവനാണ് ഇദ്ദേഹമെന്ന് ചിലർ വിചാരിച്ചിരുന്നു. എന്നാൽ താൻ അപ്പോസ്തോലന്മാരുടെ ശിഷ്യനായിരുന്നു എന്നുള്ളതാണ് ശരി (ലൂക്കോസ് 1:2). തന്നേയും വി. മർക്കോസിനേയും സുവിശേഷകന്മാ രായിട്ടാണ് പൂർവ്വികപിതാക്കന്മാർ ഗണിക്കുന്നത്. ഈ കാരണത്താ ലത്രേ 70-നു പകരം 72 അറിയിപ്പുകാർ എന്നു നാം പറയുന്നത്.

---

1 ലൂക്കോസ് മെസ്രേമ്യ കന്യകയെ കൂശിനു വിവാഹംനിശ്ചയിച്ചു എന്ന് സ്രൂഗിലെ മോർ യാക്കോബ് (521+) മോർ ബിസുസ് ദയറാവാസികൾക്കുള്ള ഒരു ലേഖനത്തിൽ പറഞ്ഞിരിക്കുന്നു. നർസായി മല്പാൻ* (507+) പെന്തി ക്കോസ്തി പെരുനാളിനെക്കുറിച്ച് തന്റെ മിമ്രായിൽ ഇപ്രകാരം പറഞ്ഞിരി ക്കുന്നു: "മിസ്രയീമ്യദേശത്ത് തന്റെ വചനത്തിൻ പാനീയത്തെ ലൂക്കോസ് ഒഴുക്കി ജീവന്റെ സുവിശേഷം ഗീഹോൻനദിപോലെ എല്ലാവർമേലും പ്രവ ഹിച്ചു. തനിക്കന്യരായിരുന്ന മിസ്രയീമ്യരോട് സുറിയാനിക്കാരൻ സംസാരിച്ചു. അവരുടേതിനോടു സദൃശമായിരുന്ന തന്റെ സംസാരത്തെ അവർ കേട്ടതു കൊണ്ട് തന്റെ അടുക്കൽ ഒരുമിച്ചുകൂടി.

ശ്ലീഹന്മാരുടെ കാനോൻ പുസ്തകവും കാണിക്കുന്നത് വി. ലൂക്കോസ് തന്നെയാണ് അനിയാനോസിന്റെ പിൻഗാമിയായ ഈബിലിയോസിനെ വാഴി ച്ചത് എന്നാണ്.

*പൗരസ്ത്യ കൽദായസഭ (നെസ്തോറിയൻ) തങ്ങളുടെ പണ്ഡിതപിതാക്കന്മാ രിൽ അഗ്രഗണ്യന്മാരിൽ ഒരുവനായി മാർ നർസായിയെ ഗണിക്കുന്നു. അദ്ദേഹ ത്തിന്റെ സംഭാവനകൾ സുറിയാനി സാഹിത്യത്തിൽ വിശിഷ്ടങ്ങളായി പരിഗ ണിക്കപ്പെട്ടുപോരുന്നു. (സംശോധകൻ)

## അദ്ധ്യായം 23

# വി. ശ്ലീഹന്മാരുടെ കാലത്തെ ഊർശ്ലേമിലെ സുന്നഹദോസുകൾ

സുവിശേഷപ്രചാരണാർത്ഥം ശ്ലീഹന്മാർ ഊർശ്ലേംവിട്ട് ഇതരദേശങ്ങളിലേക്ക് പോയി എന്നു വരികിലും ചിലപ്പോഴെല്ലാം അവർ അവിടേക്കു തിരിച്ചുവരികയും വേണ്ട കാര്യങ്ങൾ ആലോചിച്ചുപോരികയും ചെയ്തിരുന്നു. ഇങ്ങനെ വന്നുകൂടി ആലോചിച്ച മൂന്ന് സുന്നഹദോസുകളെക്കുറിച്ച് നടപ്പുകളുടെ പുസ്തകത്തിൽ നാം വായിക്കുന്നു. ഊർശ്ലേമിലെ ഒന്നാമത്തെ സുന്നഹദോസ് സ്വർഗ്ഗാരോഹണം കഴിഞ്ഞ ഉടനെതന്നെ കൂടപ്പെട്ടു: "അവന്റെ ഉദ്യോഗം മറ്റൊരാൾ കൈ ഏൽക്കട്ടെ" എന്ന് 109: 8-ാം സങ്കീർത്തനത്തിൽ ആരെപ്പറ്റി പറഞ്ഞിരിക്കുന്നുവോ, ആ യഹൂദാസ്കറിയോത്തായ്ക്കു പകരം, മ്ശിഹായുടെ ഉയിർത്തെഴുന്നേല്പിന് ശ്ലീഹന്മാരൊരുമിച്ച് സാക്ഷിയായിരിക്കുവാൻ ഒരാളെ തെരഞ്ഞെടുക്കേണ്ടതിനാണ് ഇതു കൂടിയത്. 120 പേരുകൂടിയ ആ യോഗത്തിൽവച്ച് യോഹന്നാന്റെ മാമോദീസാ മുതൽ യേശു സ്വർഗ്ഗാരോഹണം ചെയ്ത നാൾവരെ ശ്ലീഹന്മാരുടെ ഇടയിൽ സഞ്ചരിച്ച കാലത്തെല്ലാം അവരോടുകൂടി ഉണ്ടായിരുന്ന ബർശാബാ എന്നു വിളിക്കപ്പെടുന്നവനായ യൗസേഫിനേയും മത്ത്യാസിനേയും വി. പത്രോസ് ശ്ലീഹായുടെ പ്രസംഗത്തിനു ശേഷം തെരഞ്ഞെടുത്തു. പഴയനിയമകാലത്തെ പതിവനുസരിച്ച് അവരിൽ ഒരാളെ ലഭിക്കുന്നതിന് നറുക്കിടുകയും ദൈവഹിതമായതിനാൽ മറ്റു പതിനൊന്നുപേരോടുകൂടി അപ്പോസ്തലനായി എണ്ണപ്പെടേണ്ടതിന് മത്തിയാസ് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു (പ്രക്.*1). രണ്ടാമത്തെ സുന്നഹദോസ് ശെമ്മാശന്മാരെ സ്ഥാനംകൊടുത്ത് സഭയിൽ നിയമിക്കുന്നതിനായി കൂടി. സഭാംഗങ്ങൾ വർദ്ധിച്ചുവന്നപ്പോൾ പ്രതിദിനമുള്ള ശുശ്രൂഷയ്ക്കു ഭംഗം വരാതിരിക്കുവാൻ പ്രത്യേക കൈവയ്പോടുകൂടി വൈദികസ്ഥാനത്തേക്ക് ഏഴ് പേരെ നിയമിച്ചും ഈ തെരഞ്ഞെടുപ്പിൽ കാതോലികസഭയിലെ പട്ടക്കാരുടെ തെരഞ്ഞെടുപ്പിന്റെ സകല ലക്ഷണങ്ങളും കാണുന്നുണ്ട്. ഏഴ്പേരേയും എല്ലാവരും കൂടിയാണു തെരഞ്ഞെടുക്കുന്നത്. അപ്പോസ്തലന്മാർ പ്രാർത്ഥിക്കുകയും അവരുടെമേൽ കൈ വയ്ക്കുകയും ചെയ്യുന്നു. ശിഷ്യന്മാരെ വിളിച്ചുകൂട്ടിയിട്ട് "നിങ്ങൾ പരിശോധിച്ച് നല്ല

*അപ്പോ. പ്ര.വൃ.

മതിപ്പുള്ളവരും കർത്താവിന്റെ ആത്മാവും ജ്ഞാനവുംകൊണ്ട് നിറഞ്ഞവരുമായ ഏഴ്പേരെ നിങ്ങളിൽനിന്നു തെരഞ്ഞെടുക്കുവിൻ. ഞങ്ങൾ അവരെ ഈ കാര്യത്തിനു നിയമിക്കാം" എന്നാണല്ലോ വി. ശ്ലീഹന്മാർ പറയുന്നത്. ഈ പ്രവൃത്തി വിശ്വാസികൾക്ക് സന്തോഷകരമാവുകയും തന്മൂലം ദൈവവചനം പരക്കുകയും ഊർശ്ലേമിൽ ശിഷ്യന്മാരുടെ സംഖ്യ ഏററവും വർദ്ധിക്കുകയും ചെയ്തു. യഹൂദന്മാരിൽ പലരും സത്യവിശ്വാസം സ്വീകരിച്ചു.

മൂന്നാമത്തെ സുന്നഹദോസ് എ.ഡി. 51-ൽ ചേലാകർമ്മത്തെ സംബന്ധിച്ച് ആലോചിക്കുവാൻകൂടി. മുൻ പ്രസ്താവിക്കപ്പെട്ട രണ്ടിനേക്കാളും ഈ സുന്നഹദോസ് പ്രാധാന്യമുള്ളതായിരുന്നു. വളരെ അധികമായി സഭയിൽ ചേർന്നുവന്ന വിജാതികൾ നിർബന്ധമായി ചേല ഏൽക്കണമെന്ന് വിശ്വാസികളിൽ ചിലർ പഠിപ്പിക്കുന്നുവെന്നറിഞ്ഞപ്പോഴാണ് വി. ശ്ലീഹന്മാർ ഈ സുന്നഹദോസ് കൂടിയത്. ശ്ലീഹന്മാരും കശീശന്മാരും യഹൂദാചാരങ്ങളോടു പ്രതിപത്തിയുള്ളവരും ഇതിൽ വന്നുകൂടി. തമ്മിൽ വലിയ വാദപ്രതിവാദം നടന്നശേഷം മോർ പത്രോസ് ശ്ലീഹാ എഴുന്നേറ്റ് വിശ്വാസംമൂലം പുറജാതികളുടെ ഹൃദയം ശുദ്ധീകരിക്കപ്പെടുന്നതുകൊണ്ട് അവരും യഹൂദന്മാരും തമ്മിൽ വ്യത്യാസം ഒന്നും ഇല്ലെന്നും, രക്ഷപ്രാപിക്കുന്നത് യേശുമ്ശിഹായുടെ കൃപകൊണ്ടാകയാൽ ഭാരമേറിയ ഈ നുകം പുറജാതി ക്രിസ്ത്യാനികളുടെമേൽ ചുമത്തരുതെന്നും വാദിച്ചു. പൗലൂസും ബർന്നബാസും അവർ മുഖാന്തിരമായി ദൈവം പുറജാതികളുടെ ഇടയിൽ പ്രവർത്തിച്ച അടയാളങ്ങളും അത്ഭുതങ്ങളും വിവരിച്ചത് എല്ലാവരും ശ്രദ്ധയോടു കേട്ടുകൊണ്ടിരുന്നു. യാക്കോബ്ശ്ലീഹാ ആ അഭിപ്രായത്തെ അനുകൂലിച്ച് സംസാരിക്കുകയും ജാതികളിൽനിന്നു ദൈവസന്നിധിയിലേക്കു വരുന്നവരെ ഭാരപ്പെടുത്തരുതെന്ന് പറകയുംചെയ്തു. അനന്തരം വിഗ്രഹബലിയിൽനിന്നുള്ള മാലിന്യം, വേശ്യാസംസർഗ്ഗം, ശ്വാസംമുട്ടി ചത്ത ജന്തുക്കളുടെ മാംസം ഭുജിക്കുക, രക്തം എന്നിവയിൽനിന്നും ഒഴിഞ്ഞിരിക്കുവാൻ എഴുതി അയയ്ക്കണമെന്നു തീരുമാനിച്ചു. (പ്രക്. 15). ഈ സുന്നഹദോസിൽവച്ചാണ് ശ്ലീഹന്മാരുടെ കാനോൻ എന്നു വിളിക്കപ്പെടുന്ന ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം ഉണ്ടാക്കപ്പെട്ടതെന്നു പറഞ്ഞുവരുന്നു. അതിലെ ഓരോ വാചകവും ശ്ലീഹന്മാരിൽ ഓരോരുത്തൻ പറഞ്ഞുകൊടുത്തതായിട്ടാണ് അറിയപ്പെടുന്നത്. എന്നാൽ പിൽക്കാലത്ത് ചില സഭകൾ പലതും അതിനോടു കൂടിച്ചേർത്തിട്ടുണ്ട്. നിഖ്യാസുന്നഹദോസിൽ വച്ചാണ് ഇതിനൊരു ഐകരൂപ്യം ഉണ്ടാക്കിയത്. അന്നുമുതൽ "വിശ്വാസപ്രമാണം" എന്ന് അതിന് പേരുണ്ടായി. പൗലൂസും ബർന്നബാസും ചേലാകർമ്മം ഇല്ലാത്തവരുടെ (ജാതികളുടെ) ഇടയിലുള്ള സുവിശേഷത്തിനായും പത്രോസും കർത്താവിന്റെ സഹോദരൻ യാക്കോബും യോഹന്നാനും ചേലയുള്ളവരുടെ (യഹൂദന്മാരുടെ) ഇടയിലുള്ള സുവിശേഷഘോഷണത്തിനായും ഭരമേല്പിക്കപ്പെട്ടു (ഗലാത്തി. 2:7-9).

അദ്ധ്യായം 24

# കർത്താവിന്റെ സഹോദരനായ മോർ യാക്കോബിന്റെ സുകൃതങ്ങളും സാക്ഷിമരണവും

മോർ യാക്കൂബ്, മറിയാമിനു വിവാഹം നിശ്ചയിച്ചിരുന്ന തച്ചനായ യൗസേഫിന്റെ ആദ്യഭാര്യയിലുണ്ടായ പുത്രനാണ്. താനും തന്റെ മറ്റു സഹോദരന്മാരും പന്തിരുവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടവരല്ലായിരുന്നു. തന്റെ പുനരുത്ഥാനത്തിനു മുമ്പ് ഇവർ യേശുവിൽ വിശ്വസിച്ചിരുന്നില്ല. തന്റെ ഉയിർപ്പിനും സ്വർഗ്ഗാരോഹണത്തിനും മദ്ധ്യേയുള്ള ദിവസങ്ങളിൽ ഒന്നിൽ വി. പൗലൂസ്ശ്ലീഹാ പറയുംപ്രകാരം ഈ യാക്കൂബിന് അവൻ തനിച്ചുള്ളപ്പോൾ കർത്താവ് പ്രത്യക്ഷപ്പെട്ടു. (1 കോരി. 15:7) ശ്ലീഹന്മാർ ഇദ്ദേഹത്തെ ഊർശ്ലേമിന്റെ എപ്പിസ്ക്കോപ്പായായി നിയമിച്ചു. എ.ഡി. 38-ൽ വി. പൗലൂസിന്റെ മാനസാന്തരത്തിനുശേഷം മൂന്നു വർഷം കഴിഞ്ഞ് വി. പൗലൂസ് ഇദ്ദേഹത്തിന്റെയും പത്രോസിന്റെയും അടുക്കൽ വന്നു. 15 ദിവസം അവിടെ താമസിച്ചു. അന്ന് ഇവർ ഇരുവരും അല്ലാതെ മറ്റ് ശ്ലീഹന്മാർ ആരും ഊർശ്ലേമിൽ ഉണ്ടായിരുന്നില്ല (പ്രക്. 9:27, ഗലാത്തി. 1:18-19). മാലാഖാ വി. പത്രോസിനെ കാരാഗൃഹത്തിൽനിന്നും പുറത്തുകൊണ്ടുവന്നപ്പോൾ സഹോദരന്മാർ വളരെപ്പേർ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്നതായ മർക്കോസ് എന്ന് മറുനാമമുള്ള യോഹന്നാന്റെ മാതാവായ മറിയാമിന്റെ വീട്ടിൽ അദ്ദേഹം വന്ന സമയത്ത് താൻ എങ്ങനെ കാരാഗൃഹത്തിൽനിന്നും രക്ഷപെട്ടു എന്നും മറ്റും അവരോടു പറയുകയും ഈ കാര്യം യാക്കോബിനോടും സഹോദരന്മാരോടും പറയുവാൻ അവരോട് ആവശ്യപ്പെടുകയും ചെയ്തു (പ്രക്. 12:17). എ.ഡി. 51-ൽ ഊർശ്ലേമിൽ വച്ച് ശ്ലൈഹികസുന്നഹദോസ് കൂടിയപ്പോൾ ഇദ്ദേഹം വിശുദ്ധാത്മശക്തിയാൽ ജാതി-ക്രിസ്ത്യാനികൾ വിഗ്രഹാർപ്പിതം, വേശ്യാവൃത്തി, രക്തപാനീയം, ശ്വാസംമുട്ടിച്ചത്തത് ഈ നാല് കാര്യങ്ങളിൽനിന്ന് ഒഴിഞ്ഞിരിക്കണമെന്ന് അഭിപ്രായപ്പെട്ടു. തന്റെ അഭിപ്രായം അതിൽ സ്വീകരിക്കപ്പെടുകയുംചെയ്തു (പ്രക്. 15: 13-20). ആ സമയം വി. പത്രോസും ഈ

യാക്കോബും യോഹന്നാനും ചേലയുള്ളവരുടെ (യഹൂദന്മാരുടെ ഇടയിലുള്ള സുവിശേഷത്തിനായി ഭരമേല്പിക്കപ്പെട്ടു. (ഗലാത്തി. 2:7) ഊർശ്ലേമിലെ ഈ സുന്നഹദോസിനുശേഷം ഈ വി. യാക്കോബ് ഒഴികെ മറ്റെല്ലാ ശ്ലീഹന്മാരും ജനങ്ങളെ സത്യവിശ്വാസത്തിലേക്ക് ക്ഷണിച്ചുകൊണ്ട് ലോകമൊക്കെയും ചുറ്റിസഞ്ചരിച്ചു. എ.ഡി. 58-ൽ പൗലൂസ് ശ്ലീഹാ അവസാനമായി ഊർശ്ലേം സന്ദർശിച്ചപ്പോൾ ഈ മോർ യാക്കൂബ് മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. പൗലൂസ്ശ്ലീഹാ തന്റെ സുവിശേഷവേലയെക്കുറിച്ച് ഇദ്ദേഹത്തെ വിവരം ധരിപ്പിക്കുകയും തന്നിൽ നിന്നുവേണ്ട ആലോചനകൾ സ്വീകരിക്കുകയും ചെയ്തതായി പ്രക്സീസിൽ കാണുന്നു. മറ്റ് ശ്ലീഹന്മാരെക്കുറിച്ച് പ്രക്സീസിൽ ഒന്നും തന്നെ പറയുന്നില്ല. (പ്രക്. 21:17+18).

ഈ മോർ യാക്കൂബിനെക്കുറിച്ച് അലക്സന്ത്ര്യാക്കാരനായ ക്ലീമ്മീസ് തന്റെ ഗ്രന്ഥത്തിൽ ഇപ്രകാരം പ്രതിപാദിക്കുന്നു. നമ്മുടെ കർത്താവിന്റെ നാൾ മുതൽ ഇന്നുവരെ സകലരും ഇദ്ദേഹത്തെ വിശുദ്ധനെന്നു വിളിക്കുന്നു. കാരണം, ഇദ്ദേഹം മാതൃഗർഭത്തിൽവച്ചുതന്നെ വിശുദ്ധീകരിക്കപ്പെട്ടതിനാലത്രേ. വീഞ്ഞും മാംസവും ഉപയോഗിക്കയോ തലമുടി ക്ഷൗരം ചെയ്യിക്കയോ ചെയ്തിരുന്നില്ല. അദ്ദേഹം തനിച്ച് ദൈവാലയത്തിൽ പ്രവേശിച്ച് മുട്ടിന്മേൽനിന്ന് ജനങ്ങളുടെ രക്ഷയ്ക്കായി അപേക്ഷിക്കുക പതിവായിരുന്നു. ഇടവിടാതെയുള്ള കുമ്പിടീൽ നിമിത്തം ഇദ്ദേഹത്തിന്റെ മുട്ടുകൾ ഒട്ടകത്തിന്റെ മുട്ടുകൾപോലെ തഴമ്പുള്ളതായിരുന്നു. ഇദ്ദേഹത്തിന്റെ സുകൃതങ്ങൾ നിമിത്തം (യഹൂദന്മാരും റോമാക്കാരും) ഇദ്ദേഹത്തെ നീതിമാൻ എന്നു വിളിച്ചു. മഴയില്ലാതെ കൃഷികൾ നശിച്ചഘട്ടത്തിൽ യഹൂദന്മാരുടെ അപേക്ഷ പ്രകാരം ഇദ്ദേഹം ദൈവത്തോടു പ്രാർത്ഥിച്ചു മഴ പെയ്യിച്ചതിനാൽ ഈ ബഹുമാനം വർദ്ധിച്ചുവന്നു. ഇദ്ദേഹം തന്റെ ആയുസ്സ്മുഴുവനും സസ്യഭക്ഷണം കഴിച്ചുകൊണ്ട് ഉപവാസത്തിൽ ജീവിച്ചുവെന്നും ചെരിപ്പ് ഉപയോഗിച്ചിരുന്നില്ല എന്നും മോർ ഈവാനിയോസ് പറയുന്നു. വി. പൗലൂസ് കൈസറിനെ അഭയം ചൊല്ലുകയും ഫെസ്തോസ് നാടുവാഴി അദ്ദേഹത്തെ റോമിലേക്ക് അയയ്ക്കുകയും ചെയ്തപ്പോൾ പൗലൂസിനെ സംബന്ധിച്ച് വഞ്ചന നിരൂപിക്കുകയാൽ നീറോ കൈസർ യഹൂദരെ നിരസിച്ചുകളഞ്ഞു. അപ്പോൾ അവർ കോപത്തോടെ നമ്മുടെ കർത്താവിന്റെ സഹോദരനായ യാക്കോബിന്റെ നേരെതിരിഞ്ഞു. തന്റെ വിശ്വാസത്തെ പരസ്യമായി ഉപേക്ഷിച്ചു പറയണമെന്ന് അദ്ദേഹത്തെ അവർ നിർബന്ധിച്ചു. എന്നാൽ അവരുടെ നിർബന്ധത്തിന് അദ്ദേഹം ലേശംപോലും വഴങ്ങിയില്ല. ഫെസ്തോസ് മരിക്കയാൽ അവിടെ ഭരണത്തിന് ചുമതലക്കാരനും അധികാരിയും ഇല്ലാതായപ്പോൾ യഹൂദന്മാർക്ക് അവരുടെ അധികാരം ഉപയോഗിക്കുന്നതിന് അവസരം ലഭിച്ചു. സഭയുടെമേൽ പ്രതികാരം ചെയ്യുന്നതിന് യഹൂദന്മാർ നിശ്ചയിച്ചു. വി. പൗലൂസ് അവരിൽനിന്നും വളരെ അകലെയായിരുന്നു. അതിനാൽ

മേൽപറഞ്ഞ യാക്കൂബ്ശ്ലീഹായെ അവർ അവരുടെ ദുഷ്ടവിചാരങ്ങളാകുന്ന ബലിപീഠത്തിന്മേൽ ബലികഴിച്ചു. യാക്കൂബ് ശ്ലീഹായെ അവരുടെ സംഘത്തിൽവച്ച് വിധിച്ച് കല്ലെറിഞ്ഞുകൊന്നുവെന്ന് എബ്രായ ചരിത്രകാരനായ ജോസിഫോസ് പറയുന്നു. എന്നാൽ ഹിജീസിപ്പോസ്[1] യാക്കൂബ്ശ്ലീഹായുടെ സാക്ഷിമരണത്തെക്കുറിച്ചു തന്റെ ചരിത്രത്തിൽ വിശദീകരിക്കുന്നു. അവർ യാക്കൂബ്ശ്ലീഹായെ ദൈവാലയാഗ്രത്തിൽ നിറുത്തി യേശു ആരെന്നു സാക്ഷിക്കുവാൻ ആവശ്യപ്പെട്ടു. അവരും അദ്ദേഹത്തെ നീതിമാനെന്നു സംബോധന ചെയ്തു. അദ്ദേഹമാകട്ടെ ഉന്നതശബ്ദത്തിൽ "മനുഷ്യപുത്രനെക്കുറിച്ച് നിങ്ങളെന്നോട് ചോദിക്കുന്നതെന്ത്? അദ്ദേഹം സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു. ആകാശമേഘത്തിൽ അദ്ദേഹം വീണ്ടും വരികയും ചെയ്യും." ഇതു കേട്ട് അനേകരെ വിശ്വാസത്തിൽ സ്ഥിരപ്പെടുകയും മോർ യാക്കൂബിന്റെ സാക്ഷ്യത്തെക്കുറിച്ച് ദൈവത്തെ മഹത്ത്വപ്പെടുത്തുകയും "ദാവീദുപുത്രന് ഊശാന" എന്നു പറയുകയും ചെയ്തു. എന്നാൽ സപ്രേന്മാരും പ്രീശേന്മാരും കോപപരവശരായി "ഹേ! ഹേ! നീതിമാൻ തെറ്റിപ്പോയി" എന്നു പറഞ്ഞ് ദൈവാലയാഗ്രത്തിൽ കയറി അദ്ദേഹത്തെ അവിടെനിന്നു തള്ളിയിട്ടു. ആ വീഴ്ചമൂലം അദ്ദേഹം മരിച്ചില്ല എന്നു മാത്രമല്ല മുട്ടുകുത്തി അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഇതു കണ്ടിട്ട് അവർ അലക്കുകാരൻ വസ്ത്രം പിഴിയുന്നതിനുപയോഗിക്കുന്ന തടി എടുത്ത് നീതിമാന്റെ തലയ്ക്കടിച്ചു. ഇപ്രകാരം അദ്ദേഹം രക്തസാക്ഷിയായി മരണം പ്രാപിക്കുകയും ദൈവാലയത്തിനു സമീപം സംസ്കരിക്കപ്പെടുകയുംചെയ്തു. ഇത് എ.ഡി. 62-ൽ സംഭവിച്ചു. തന്റെ ഈ സാക്ഷിമരണം യഹൂദന്മാരിൽ അനേകം പേർക്ക്

---

1 ഹിജിസിപ്പോസ് പാലെസ്റ്റൈനിൽ രണ്ടാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ജനിച്ചു. ജാതിയിൽ എബ്രായനായിരുന്നു. ആ ശതാബ്ദത്തിന്റെ മദ്ധ്യകാലത്ത് ക്രിസ്ത്യാനിയായിത്തീർന്നു. താൻ ബുദ്ധിമാനും ഉത്സാഹിയുമായിരുന്നു. എബ്രായ, സുറിയാനി എന്നീ ഭാഷകളിൽ അസാമാന്യം പാണ്ഡിത്യവും യൗനായഭാഷയിൽ സാമാന്യജ്ഞാനവും ഇദ്ദേഹത്തിനുണ്ടായിരുന്നു. ഇദ്ദേഹം ക്രിസ്ത്യാനികൾ വസിക്കുന്ന സ്ഥലങ്ങളിൽ ചുറ്റിസഞ്ചരിക്കുകയും എപ്പിസ്കൂപ്പന്മാരേയും മറ്റും കണ്ട് അവരിൽനിന്ന് വിശ്വാസസംബന്ധമായ കാര്യങ്ങൾ ഗ്രഹിക്കുകയും ചെയ്തുകൊണ്ടിരുന്നു. റോമിലെ അനിക്തോസ് എപ്പിസ്കൂപ്പായുടെ കാലത്ത് (155-168) റോമിലേക്കുപോയി. വളരെക്കാലം അവിടെ താമസിച്ചു. റോമിലെ എപ്പിസ്കൂപ്പന്മാരുടെ പട്ടിക കൃത്യമായവിധം അവിടെ വച്ചു ക്രമപ്പെടുത്തി. എ.ഡി. 180-ൽ സ്വദേശത്ത് തിരിച്ചെത്തി. യൗനായ ഭാഷയിൽ ക്രിസ്തുമതത്തെക്കുറിച്ച് ഉപന്യാസങ്ങൾ എഴുതി. ഈ ഉപന്യാസങ്ങളിൽ ചരിത്രകാരനായ യൗസേബിയൂസ് തന്റെ ചരിത്രത്തിൽ ഉദ്ധരിച്ചിട്ടുള്ളതൊഴികെ ബാക്കി ഭാഗങ്ങൾ നഷ്ടപ്പെട്ടുപോയി. തന്റെ പുസ്തകത്തിൽ, അന്ത്യോഖ്യാ, അലക്സന്ത്ര്യാ,ഊർശ്ലേം, റോം എന്നീ നാലു സിംഹാസനങ്ങളിലെ എപ്പിസ്കൂപ്പന്മാരുടെ ലിസ്റ്റ് പ്രസ്താവിക്കുകയും ഈ പിതാക്കന്മാരും ശ്ലീഹന്മാരും തമ്മിൽ ഉപദേശത്തിൽ ഉണ്ടായിരുന്ന സംയോജ്യതയെ കാണിക്കുകയും ചെയ്യുന്നു.

ഭയത്തിന് കാരണമായി. അക്കാലത്ത് ജീവിച്ചിരുന്ന ചരിത്രകാരനായ മേൽപറഞ്ഞ ജോസിഫോസ് അല്പകാലത്തിനു ശേഷമുണ്ടായ യരുശലേമിന്റെ നാശത്തെക്കുറിച്ച് പറയുന്നത് ആ നാശം ഈ നീതിമാനോട് അവർ ചെയ്തതിന്റെ പ്രതിപകരമാണ് എന്നത്രെ. രണ്ടാം നൂറ്റാണ്ടിൽ മേൽപറഞ്ഞ ഹിജിസിപ്പോസിന്റെ കാലത്ത് ഈ ശ്ലീഹായുടെ കബറിൽ അദ്ദേഹത്തിന്റെ നാമം എഴുതപ്പെട്ടിരുന്നുവെന്ന് അദ്ദേഹംതന്നെ സാക്ഷിക്കുന്നതിനാൽ ഈ വിശുദ്ധന്റെ കബറിനെപ്പറ്റി അന്നുണ്ടായിരുന്ന ക്രിസ്ത്യാനികൾ നല്ലതുപോലെ ഗ്രഹിക്കുകയും നിസ്സംശയമായി അതിനെ ബഹുമാനിക്കുകയും ചെയ്തിരുന്നു.

പുറജാതികളുടെ ഇടയിൽ ചിതറിപ്പാർത്തിരുന്ന 12 ഗോത്രങ്ങൾക്ക് ഇദ്ദേഹം ഒരു ലേഖനം അയച്ചിട്ടുണ്ട്. അത് പുതിയ നിയമത്തിൽ ചേർത്തിരിക്കുന്നു. തന്റെ സിംഹാസനസ്ഥാനമായിരുന്ന ഊർശ്ലേമിൽ വച്ച് എ.ഡി. 61-ൽ താൻ ഈ ലേഖനമെഴുതി. ഈ ലേഖനത്തിൽ അദ്ദേഹം വി. പൗലൂസിന്റെ അഭിപ്രായത്തെ ഉറപ്പിക്കുകയും (യാക്കോ. 2:4-26) ഊർശ്ലേമിന്റെ നാശത്തെക്കുറിച്ച് പ്രവചിക്കുകയും (5:1) ക്രിസ്ത്യാനികൾ എന്ന നാമം (2:7) പ്രയോഗിക്കുകയും ചെയ്തിരുന്നു.

## അദ്ധ്യായം 25

# പ്രഥമ ക്രിസ്തുമതപീഡയും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും

ലോകത്തിൽ സ്ഥാപിതമായ ക്രൈസ്തവസഭയ്ക്ക് ലോകം ശത്രുവായിത്തീർന്നു. യൂദന്മാരിൽനിന്നും ജാതികളിൽനിന്നും അനേകം പീഡകൾ അനുഭവിച്ചു. വേദവിപരീതികളുടെ അഭിപ്രായാനുസാരികളായ രാജാക്കന്മാരിൽനിന്നും മഹമ്മദീയരിൽ*നിന്നും സഭ അനേക പീഡകൾ സഹിച്ചു. ചില വ്യക്തികളായ വി. പൗലൂസ്, ബർന്നബ, ശീലാസ് ആദിയായവർക്കുണ്ടായ പീഡകൾക്കു പുറമെ യഹൂദന്മാരിൽനിന്നും പൊതുസഭയ്ക്ക് മൂന്നു വൻതരം പീഡകൾ ഉണ്ടായി. അവയിൽ ഒന്നാമത്തെ പീഡയിൽ വി. ശ്ലീഹന്മാർ തടവിൽ ആക്കപ്പെടുകയും വിധിക്കപ്പെടുകയും അടിക്കപ്പെടുകയും ചെയ്തു. മാലാഖാ അവരെ ബന്ധനത്തിൽനിന്നും വിടുവിച്ചു. രണ്ടാമത്തെ പീഡയിൽ ആദ്യമായി സ്തേഫാനോസ് യൂദന്മാരാൽ അന്യായമായി വിധിക്കപ്പെടുകയും അങ്ങനെ കല്ലെറിയപ്പെടുകയും ചെയ്തു. ഈ പീഡയുടെ കാഠിന്യം ഹേതുവായി വി. ശ്ലീഹന്മാരൊഴികെ സകല വിശ്വാസികളും യഹൂദ്യയിലേക്കും ശമര്യയിലേക്കും ചിതറിപ്പോയി. മൂന്നാമത്തെ പീഡയിൽ സെബദിപുത്രനായ വി. യാക്കോബ് ശ്ലീഹാ, യഹൂദരാജാവായ ഹേറോദേസ്, അഗ്രിപ്പാ ഒന്നാമന്റെ കല്പനാനുസരണം വാളിനാൽ കൊല്ലപ്പെട്ടു. വി. പത്രോസ് ബന്ധനസ്ഥനാകയും ചെയ്തു. ഇപ്രകാരം ഹേറോദേസ് ചെയ്തത് യഹൂദന്മാരുടെ പ്രീതിക്കുവേണ്ടിയായിരുന്നു. എന്നാൽ ഈ പീഡകളാൽ ദൈവവചനം ഏററം പ്രചരിക്കുകയും വിശ്വാസികളുടെ സംഖ്യ അത്യധികം വർദ്ധിക്കുകയും ചെയ്തു. യൂദന്മാർക്ക് അവരവരുടെ പ്രവൃത്തിയുടെ പ്രതികാരം ദൈവത്തിൽനിന്നു തന്നെ ലഭിച്ചു. ജാതികളിൽനിന്നും അനേക പീഡകൾ സഭയ്ക്കുണ്ടായി. പ്രത്യേകമായി ചില സ്ഥലങ്ങളിൽ ഉണ്ടായ പീഡകൾക്ക് പുറമെ, സഭയ്ക്കു മുഴുവനുമായി പത്തു കഠിനപീഡകൾ റോമാസാമ്രാജ്യത്തിൽനിന്നും നാലാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ വി. സഭയ്ക്കുണ്ടായി. സഭയ്ക്ക് അതിന്റെ പ്രാരംഭകാലം മുതൽതന്നെ പേർഷ്യാസാമ്രാജ്യത്തിൽനിന്നും പല പീഡകളും

*ഇസ്ലാംമതത്തിന്റെ ആവിർഭാവത്തിനുശേഷം.

ഉണ്ടായിട്ടുണ്ട്. എന്നാൽ അവരിൽ കാഠിന്യം ഏറിയതും ചരിത്രപ്രധാനവുമായത് നാലാം നൂറ്റാണ്ടിൽ ശാബൂർ* രണ്ടാമൻ രാജാവിൽനിന്നും ഉണ്ടായിട്ടുള്ളതും 40 കൊല്ലം നീണ്ടുനിന്നതുമായ പീഡകളത്രെ. ഇവിടെ ഒന്നാമത്തെ എന്നു പറഞ്ഞിരിക്കുന്നത് റോമാസാമ്രാജ്യത്തിൽ നിന്നും സഭയ്ക്കുണ്ടായ ഒന്നാമത്തെ പീഡയെക്കുറിച്ചാകുന്നു. അത് നീറോ ചക്രവർത്തിയാൽ എ.ഡി. 64-ൽ ഉണ്ടായി. നീറോ മുമ്പ് ക്ലേവോദിയോസ് കൈസർ വിശ്വസിച്ചവരും വിശ്വസിക്കാത്തവരുമായ യഹൂദന്മാരെ അവരുടെ ഇടയിലുണ്ടായ വിവാദങ്ങളും തർക്കങ്ങളും മുഖാന്തിരമായി എ.ഡി. 45-ൽ റോമിൽനിന്നും തള്ളിക്കളഞ്ഞു (പ്രക്. 18). എന്നാൽ നീറോയുടെ കാലത്ത് വീണ്ടും റോമിലേക്ക് അവർക്കു പ്രവേശനം ലഭിച്ചിരിക്കാം. വി. പൗലൂസ് ശ്ലീഹാ നീറോ കൈസറിനെ അഭയം ചൊല്ലിയപ്പോൾ അദ്ദേഹത്തിന്റെ ഒന്നാമത്തെ വാദം കൈസർ സ്വീകരിച്ചു. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ സാക്ഷ്യത്തിന്റെ കാലം അതുവരെയും വന്നണഞ്ഞിരുന്നില്ല. പൗലൂസ് ശ്ലീഹാ തീമോത്തിയോസിന് എഴുതിയ രണ്ടാം ലേഖനത്തിൽ "എന്റെ ഒന്നാമത്തെ പ്രത്യുത്തരങ്ങളിൽ എനിക്കു സഹായം നൽകാതെ എല്ലാവരും വിട്ടുപോയി. സുവിശേഷം ഞാൻ മുഖാന്തിരം നിർവഹിക്കപ്പെടുവാനും സകല വിജാതികളും കേൾപ്പാനായിട്ട് എന്റെ കർത്താവ് എനിക്കു സഹായം നിന്ന് എന്നെ ശക്തിപ്പെടുത്തി. സിംഹത്തിന്റെ (നീറോ കൈസറിന്റെ) വായിൽനിന്നു ഞാൻ രക്ഷപെടുകയുംചെയ്തു" (2 തീമോത്തി 4:14-17) എന്നു പറഞ്ഞിരിക്കുന്നപ്രകാരം തന്റെ പ്രസംഗം നിവൃത്തിയാകുവാൻ വേണ്ടിയത്രെ നീറോ അദ്ദേഹത്തിന്റെ ഈ വാദം സ്വീകരിച്ചത്. പ്രാരംഭത്തിൽ നീറോ ചക്രവർത്തി ക്രിസ്ത്യാനികളോട് കഠിനമായിട്ടല്ല പെരുമാറിയിരുന്നത് എന്നു തോന്നുന്നു. എന്നാൽ നീറോയുടെ അഹങ്കാരം വർദ്ധിച്ചപ്പോൾ മറ്റു സംഗതികൾ കാരണമാക്കിക്കൊണ്ട് ശ്ലീഹന്മാരേയും വിശ്വാസികളേയും പീഡിപ്പിക്കുവാൻ തുടങ്ങി. ഇതുമൂലം അവനിൽനിന്നും പിന്നീടു സംഭവിപ്പാനിരുന്ന തന്റെ സാക്ഷിമരണത്തെപ്പറ്റി പൗലൂസ് ശ്ലീഹാ മുൻകൂട്ടി പ്രസ്താവിച്ചു. ഇതിനെക്കുറിച്ച് അദ്ദേഹം പ്രസ്തുത ലേഖനത്തിൽ തന്നെ ഞാൻ അർപ്പിക്കപ്പെടുവാൻ പോകുന്നു. എന്റെ നിര്യാണസമയവും അടുത്തു എന്നു പറയുന്നു (2 തീമോത്തി 4:6).

ഇപ്രകാരം എ.ഡി. 64-ൽ അദ്ദേഹത്തിന്റെ സ്വഭാവത്തിന് സാരമായ വ്യതിയാനം ഉണ്ടാവുകയും ക്രിസ്ത്യാനികളെ കഠിനമായി പീഡിപ്പിക്കുവാൻ തുടങ്ങുകയുംചെയ്തു. കൈസർ റോമാപട്ടണത്തെ ചുട്ടു നശിപ്പിക്കുന്നതിന് രഹസ്യമായി തന്റെ വിശ്വസ്തസേവകരോട് ആജ്ഞാപിച്ചു. തദനുസരണം എ.ഡി. 64 ജൂലൈ 18-ാം തീയതി അവർ പട്ടണത്തിന് തീ വയ്ക്കുകയും ആറു ദിവസം അഗ്നി എരിഞ്ഞു പട്ടണം മിക്കവാറും ദഹിച്ചപ്പോൾ നീറോ അതു കണ്ട് ഇരുന്നു സന്തോഷിക്കു

*ശാപ്പോർ (Saphor) എന്നും അറിയപ്പെടുന്നു.

കയുംചെയ്തു. അനന്തരം നശിച്ചുപോയ കെട്ടിടങ്ങൾ വീണ്ടും പണി കഴിപ്പിക്കുവാൻ അവൻ തുടങ്ങി. ജാതീയ എഴുത്തുകാരനായ താസീതോസ്[1] പറയുന്ന പ്രകാരം മനുഷ്യർക്കു താൻ ചെയ്തുകൊടുത്ത കാരുണ്യപ്രവർത്തികളാലോ ദേവന്മാർക്കു സമർപ്പിച്ച വഴിപാടുകളാലോ തന്റെമേൽ വന്നുകൂടിയ ദുഷ്കേൾവിയെയോ അപമാനത്തെയോ അകറ്റിക്കളഞ്ഞ് പൂർവ്വിക സംപൂജ്യതയെ പുനർപ്രാപിക്കുന്നതിന് തനിക്കു സാധിക്കാതെയായപ്പോൾ ആ അപരാധം ക്രിസ്ത്യാനികളുടെ മേൽ ചുമത്തുകയും ക്രിസ്ത്യാനികളെ വെറുത്തിരുന്ന റോമാക്കാരെ പ്രസാദിപ്പിക്കുവാനായി അവർ പീഡിപ്പിക്കുവാൻ രാജകല്പന പുറപ്പെടുവിക്കുകയുംചെയ്തു. അപ്പോൾ അവരുടെ നിറഞ്ഞുകവിഞ്ഞ കോപാഗ്നിയെ ക്രിസ്ത്യാനികളുടെ മേൽ അവർ വർഷിക്കുകയും സകലവിധ മരണവേദനകളും അവരെ അനുഭവിപ്പിക്കുവാൻ തുടങ്ങിക്കുകയും ചെയ്തു. മുൻ പറഞ്ഞ താസിത്തോസ് സ്വദൃഷ്ടിയിൽകണ്ട ഈ പീഡയെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു: നീറോ വന്യമൃഗങ്ങളുടെ തുകലിൽ ക്രിസ്ത്യാനികളെ പൊതിഞ്ഞ് കടിച്ചുകീറേണ്ടതിന് നായ്ക്കളുടെ മുമ്പിൽ ഇട്ടു. മറ്റു ചിലരെ അരക്കിൽ മുക്കിയതായ വസ്ത്രങ്ങൾ ധരിപ്പിച്ചു മരത്തിന്മേൽ തൂക്കി വഴിയാത്രക്കാർക്കു രാത്രി പ്രകാശം ലഭിക്കേണ്ടതിനായി പന്തങ്ങൾക്കു പകരം കത്തിക്കുകയും അദ്ദേഹം  രഥത്തിൽ കയറി ചുറ്റിസഞ്ചരിച്ച് ഈ അതിദാരുണമായ കാഴ്ചകണ്ട് രസിക്കുകയും ചെയ്തിരുന്നു. ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിനു മുമ്പ് അന്യായമായി പലരേയും നീറോ കൊന്നുവെന്നും ക്രിസ്ത്യാനികളുടെ പീഡയ്ക്കുശേഷം അവന്റെ മാതാവിനേയും പുത്രനേയും ഭാര്യയേയും കൊന്നുവെന്നും നാം അറിയുന്നെങ്കിൽ ക്രിസ്ത്യാനികളെ പീഡിപ്പിച്ചതിൽ അത്ഭുതപ്പെടുവാനില്ല. ഈ പീഡയിലെ പ്രധാനപ്പെട്ട രക്തസാക്ഷികൾ വി. പത്രോസ് പൗലോസ്ശ്ലീഹന്മാരായിരുന്നു. എ.ഡി. 67-ൽ മിഥുനമാസം 29-ാം* തീയതി വി. പത്രോസ് ശ്ലീഹാ താൻ ആവശ്യപ്പെട്ടതനുസരിച്ച് തലകീഴായി ക്രൂശിക്കപ്പെടുകയും വി. പൗലൂസ് ശ്ലീഹാ ഗളച്ഛേദത്താൽ വധിക്കപ്പെടുകയുംചെയ്തു.[2]

പിന്നീട് നീറോ ബോധരഹിതനായിത്തീരുകയും എ.ഡി. 68-ൽ ജൂൺ മാസം 9-ാം തീയതി ആത്മഹത്യചെയ്കയും ചെയ്തു. ഇതിന്റെ ശേഷം 27 വർഷത്തോളം സഭയ്ക്ക് ആശ്വാസം ലഭിച്ചിരുന്നു.

---

1 ചരിത്രകാരനായ കൊർണ്ണല്യോസ് താസിത്തോസ് എ.ഡി. ക്ക് 61 കൊല്ലം മുമ്പ് ജനിക്കയും എ.ഡി. 117-നു ശേഷ് മരിക്കയും ചെയ്തു.

2 വി. പൗലൂസ് സാക്ഷിമരണം പ്രാപിച്ചത് വി. പത്രോസ് സാക്ഷിമരണം പ്രാപിച്ച ദിവസം തന്നെയല്ല. പിന്നെയോ അതിനുശേഷം ഒരു കാലത്താണെന്ന് ഒരു അഭിപ്രായം സഹദേന്മാരുടെ ചരിത്രപുസ്തകത്തിൽ കാണുന്നു.

*ഇതിന്റെ സ്മരണയാണ് ജൂൺ 29-ാം തീയതി സഭ ആചരിക്കുന്നത്. ഇതിനു മുമ്പായി 26-ാം തീയതിമുതൽ (പഴയകണക്കിൽ 16-ാം തീയതിമുതൽ) ശ്ലീഹാ നോമ്പ് ആചരിക്കുകയും ചെയ്യുന്നു. (സംശോധകൻ)

## അദ്ധ്യായം 26

# ഊർശ്ലേമിന്റെ നാശം

നീറോ കൈസർ ഭരണം കയ്യേറ്റതിന്റെ പതിമൂന്നാം ആണ്ടിൽ അതായത് എ.ഡി. 67-ൽ യഹൂദന്മാർ റോമൻ സാമ്രാജ്യത്തിനെതിരായി അദ്ദേഹത്തോടു മത്സരിച്ചു. അപ്പോൾ നീറോ വസ്ബസ്സിയാനോസ്സിനേയും അയാളുടെ മകൻ തീത്തോസിനേയും സൈന്യസന്നാഹങ്ങളോടുകൂടി ഊർശ്ലേമിലേക്കയച്ചു. അവർ ഊർശ്ലേമിനെ വളഞ്ഞു. വളരെനാൾ അതിനു ചുറ്റും താമസിച്ചു. അങ്ങനെയിരിക്കവെ നീറോ നിര്യാതനാകയും വസ്ബസ്സിയാനോസ് തീത്തോസിനെ ഭരമേല്പിച്ചശേഷം റോമിൽ പോയി രാജസ്ഥാനം പ്രാപിക്കുകയുംചെയ്തു. അദ്ദേഹത്തിന്റെ ഭരണത്തിന്റെ രണ്ടാം ആണ്ടിൽ എ.ഡി. 70-ൽ അനേക ജനങ്ങളുടെ പ്രത്യേകിച്ച് യഹൂദന്മാരുടെ രക്തം ചിന്തപ്പെടുകയും അനന്തരം ഊർശ്ലേം പട്ടണം തീത്തോസ് കൈവശപ്പെടുത്തുകയും ചെയ്തു. അവർ പട്ടണവും സകല ലോകത്തിന്റെയും അലങ്കാരവുമായിരുന്ന ദൈവാലയം നശിപ്പിക്കുകയും ശേഷിച്ച യഹൂദന്മാരെ അടിമകളായി കൊണ്ടുപോകുകയുംചെയ്തപ്പോൾ ഊർശ്ലേമിനേയും യഹൂദന്മാരേയും സംബന്ധിച്ചുള്ള മ്ശിഹായുടെ ദീർഘദർശനം നിവൃത്തിയായി. കുഴികളിലും കിടങ്ങുകളിലും തെരുവീഥികളിലും ഇടപ്പെട്ടവരുടെയും കോട്ടയ്ക്ക് വെളിയിലേക്ക് എറിഞ്ഞുകളയപ്പെട്ടവരുടേയും കുഴിച്ചിടാതെ കിടന്നവരുടേയും എണ്ണം കൂടാതെ പട്ടണത്തിന്റെ സകല വാതിലുകളിലും കൂടി പുറത്തു കൊണ്ടുപോകപ്പെട്ടവരായ മരിച്ചവരുടെ സംഖ്യ 6 ലക്ഷമായിരുന്നു. പട്ടണം പിടിക്കുന്നതിനുമുമ്പ് കീഴടങ്ങിയവരായ യഹൂദപ്രമാണികൾ ഇത് എണ്ണുകയും രേഖപ്പെടുത്തുകയും ചെയ്തിരുന്നു. വാളാൽ കൊല്ലപ്പെട്ടവർ 1000100 ആയിരുന്നു. തീത്തോസ് അടിമകളായി 99000 പേരെ കൊണ്ടുപോയി. പ്രായം കുറഞ്ഞവരേയും പൊക്കംകൂടിയവരേയും സുന്ദരികളേയും പ്രദർശനങ്ങൾക്കായി സൂക്ഷിച്ചു. ശേഷിച്ചവരിൽ പതിനേഴും അതിൽ കൂടുതലും പ്രായമുള്ളവരെ മിസ്രയീമിൽ ജോലി എടുക്കുന്നതിനായി അയച്ചു. മറ്റനേകം ജനങ്ങളെ പ്രദർശനശാലകളിലേക്കും മൃഗങ്ങൾക്ക് ഭക്ഷണമായി കൊടുക്കുവാനും കൊടുത്തു.

17 വയസ്സിൽ കുറഞ്ഞവരെ അടിമകളായി വിറ്റു. ആ പട്ടണത്തിൽ ഉണ്ടായിരുന്ന ഞെരുക്കവും യഹൂദന്മാർ അനുഭവിച്ച കഷ്ടതയും വർണ്ണിച്ച് ജോസിഫോസ് എഴുതിയിരിക്കുന്നതിന് ഈ ചെറുഗ്രന്ഥം മതിയാകുന്നില്ല.

എന്നാൽ ഊർശ്ലേമിലെ ക്രിസ്ത്യാനികൾ പട്ടണം ശത്രുക്കളാൽ വളയുന്നതിന് മുമ്പ് യോർദാൻ നദീതീരത്തേക്കു ഓടി അവിടെ ബീസാൽ പ്രദേശത്തിനടുത്ത് ബല്ലപട്ടണത്തിൽ തങ്ങളുടെ എപ്പിസ്കോപ്പാ ആയിരുന്ന ശെമവൂൻ ഒരുമിച്ചു താമസിച്ചു. അതിനാൽ അവർ സകല ഉപദ്രവങ്ങളിൽനിന്നും രക്ഷിക്കപ്പെട്ടു. ദാനിയേൽ ദീർഘദർശി പറഞ്ഞിരിക്കുന്നതായി വി. സ്ഥലത്ത് അശുദ്ധ അടയാളം നിങ്ങൾ കാണുമ്പോൾ വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ എന്ന് മ്ശിഹാ തമ്പുരാന്റെ വചനം അവർ ഓർത്തിരുന്നതിനാൽ ഇപ്രകാരം പ്രവർത്തിച്ചു. അശുദ്ധ ലക്ഷണം എന്നു പറയുന്നത് കഴുകൻ ആദിയായി റോമാദേവന്മാരുടെ ചിത്രങ്ങളെ സംബന്ധിച്ചാണ്. യഹൂദന്മാർ റോമാക്കാരെ അശുദ്ധർ എന്നാണല്ലോ വിചാരിച്ചിരുന്നത്. തീത്തോസ് ഈ കൊടികൾ പട്ടണത്തിനു ചുറ്റും സ്ഥാപിച്ചപ്പോൾ ക്രിസ്ത്യാനികൾ ഊർശ്ലേം വിട്ടു.

ഊർശ്ലേം നശിക്കുകയും യുദ്ധം ശമിക്കയും ചെയ്തശേഷം ക്രിസ്ത്യാനികളിൽ ചിലർ അവിടെ തിരിച്ചുചെല്ലുകയും നമ്മുടെ രക്ഷകനായ യേശുമ്ശിഹാ രഹസ്യപരമായി തിരുവത്താഴം നിവർത്തിച്ച ആ മാളികയുടെ ചുറ്റുമായിക്കിടക്കുന്ന സെഹിയോൻ പർവ്വതപ്രാന്തങ്ങളിൽ പാർക്കുകയുംചെയ്തു.

ക്രിസ്ത്യാനികൾ അക്കാലത്ത് സത്യവിശ്വാസം മുറുകെപിടിക്കുകയും സ്വജീവനെ ലേശംപോലും വകവയ്ക്കാതെ യേശുവിനെ സ്വീകരിക്കുകയും ചെയ്തു. തൽഫലമായി സ്വജാതികളിൽ നിന്നും പുറജാതികളിൽനിന്നും അനേകർ ക്രിസ്തുമതത്തിൽ ചേർന്നു. പുണ്യജീവിതത്തിലും സൽപ്രവൃത്തികളിലും ക്രിസ്ത്യാനികൾ ഏവരെയും അത്ഭുതപ്പെടുത്തിയിരുന്നു.

## അദ്ധ്യായം 27

# മോർ മർക്കോസിന്റെ ഭവനം ക്രിസ്ത്യാനികളുടെ ആദ്യ ദൈവാലയം

രക്ഷാകരമായ സുവിശേഷപ്രചാരണത്തിൽ ശ്ലീഹന്മാരെ കൂടുതൽ സഹായിച്ചുവന്നതിൽ ഒരാൾ മർക്കോസ് എന്നു വിളിക്കപ്പെടുന്ന യൂഹാനോൻ ആകുന്നു. ഇദ്ദേഹം ഒരു കുലീനകുടുംബത്തിൽപെട്ടവനും വി. ബർന്നബായുടെ സഹോദരീപുത്രനോ പിതൃസഹോദരപുത്രനോ ആകുന്നു. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേർ മറിയാം എന്നത്രെ. അവൾക്ക് ഊർശ്ലേമിൽ ഒരു ഭവനമുണ്ടായിരുന്നു. പൊതുപാരമ്പര്യത്തിൽനിന്നും ചരിത്രത്തിൽനിന്നും നാം മനസ്സിലാക്കുന്നത് ഈ ഭവനത്തിൽ മ്ശിഹാതമ്പുരാനും തന്റെ ശ്ലീഹന്മാരും വരികയും മൂശൈക പെസഹാ നിവർത്തിക്കയും ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുകയും തന്റെ ശരീരരക്തങ്ങളാകുന്ന രഹസ്യം അവരെ ഭരമേല്പിക്കയും പ്രസിദ്ധമായ തന്റെ പ്രസംഗം അവരോട് അറിയിക്കയും തന്റെ മദ്ധ്യസ്ഥപ്രാർത്ഥനയെ നിവൃത്തിക്കയും ചെയ്തുവെന്നാണ്. തന്റെ പുനരുത്ഥാനശേഷം കതകുകൾ അടച്ചിരിക്കെ ഈ ഭവനത്തിൽ ശിഷ്യന്മാർ ഒരുമിച്ചു കൂടിയിരിക്കുമ്പോൾ മ്ശിഹാതമ്പുരാൻ അവരുടെ നടുവിൽ എഴുന്നെള്ളുകയും അവരവരുടെ മേൽ ഊതി "നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ, ആരുടെ പാപങ്ങൾ നിങ്ങൾ ക്ഷമിക്കുന്നുവോ അതു ക്ഷമിക്കപ്പെടുകയും ആരുടെ പാപങ്ങൾ നിങ്ങൾ പിടിക്കുന്നുവോ അതു പിടിക്കപ്പെടുകയുംചെയ്യും" എന്ന് അവരോട് കല്പിച്ചു. അവർക്ക് പൗരോഹിത്യ അധികാരം പ്രദാനം ചെയ്തു. കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷം പ. ശ്ലീഹന്മാർ സ്ത്രീകളോടും യേശുവിന്റെ അമ്മയായ മറിയയോടും അവന്റെ സഹോദരന്മാരോടുകൂടെ ഈ ഭവനത്തിൽ ഒരുമനപ്പെട്ട് പ്രാർത്ഥിച്ചുവന്നു. ആ കാലത്ത് ഏകദേശം 120 പേരുള്ള ഒരു സംഘം കൂടിയിരിക്കുമ്പോൾ യഹൂദാ സ്കറിയോത്തായ്ക്കു പകരം അപ്പോസ്തലിക സ്ഥാനത്തേക്ക് ചീട്ടു മുഖേന വി. മത്തിയാസ് തിരഞ്ഞെടുക്കപ്പെട്ടു. അവർ അവിടെ ഒരുമിച്ചുകൂടിയിരിക്കുമ്പോഴാണ് പരിശുദ്ധാത്മാവ് അവരുടെമേൽ ആവസിച്ചത്. ഇങ്ങനെ പരിശുദ്ധാത്മ ലബ്ധിക്കുശേഷം അവർ ഈ ഭവനത്തെ ദൈവമാതാവിന്റെ നാമത്തി

ലുള്ള ദൈവാലയമായി പ്രതിഷ്ഠിച്ചു. പ്രാർത്ഥനയ്ക്കായി ശിഷ്യന്മാർ എപ്പോഴും ഇവിടെയാണ് കൂടിയിരുന്നത്. വി. പത്രോസ്ശ്ലീഹാ കാരാഗൃഹത്തിലിടപ്പെട്ടപ്പോൾ അവന്റെ മോചനത്തിനുവേണ്ടി ശ്ലീഹന്മാരും വിശ്വാസികളും തീക്ഷ്ണതയോടുകൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്നതും ഇവിടെ ആണ്. മാലാഖയാൽ പത്രോസ്ശ്ലീഹാ വിമോചിതനായപ്പോൾ വന്നതും ഈ ഭവനത്തിലേക്കാണ്. ഈ കാരണങ്ങളാൽ ഈ ഭവനത്തിന് വലിയ ബഹുമാനം ഉണ്ടായി. ആകയാൽ ഇതിനെ ഊർശ്ലേമിന്റെ എപ്പിസ്കോപ്പൽ സിംഹാസനമാക്കിത്തീർത്തു. നമ്മുടെ കർത്താവിന്റെ സഹോദരനായ മോർ യാക്കോബ് (ഊർശ്ലേമിന്റെ ഒന്നാമത്തെ എപ്പിസ്കോപ്പ) തുടങ്ങിയുള്ള ഊർശ്ലേമിന്റെ എല്ലാ എപ്പിസ്ക്കോപ്പന്മാരും ഇവിടെയാണ് അധിവസിച്ചിരുന്നത് എന്ന് പാശ്ചാത്യരും പൗരസ്ത്യരും ആയ സകല സുപ്രസിദ്ധ ചരിത്രകാരന്മാരും പറയുന്നു. ഊർശ്ലേം നിവാസികളോടൊപ്പം ഭൂഗർഭശാസ്ത്രവിദഗ്ദ്ധന്മാർ സാക്ഷിക്കുന്നത് പ്രസ്തുത ഭവനം ഊർശ്ലേമിൽ “മോർ മർക്കോസിന്റെ ദയറാ എന്നോ മർക്കോസ് യൂഹാനോന്റെ മാതാവായ മറിയാമിന്റെ ദയറാ” എന്നോ ഉള്ള നാമത്തിൽ അറിയപ്പെടുന്ന ദൈവാലയമാകുന്നു എന്നത്രേ. ഇത് ക്യംത്യാ പള്ളിയുടെ (കർത്താവിന്റെ കബറിന്റെ) സമീപമാണ്. ആദ്യ നൂറ്റാണ്ടു മുതൽ ഇന്നുവരെയും ഇത് സുറിയാനിക്കാരുടെ കൈവശമാണ്. ഊർശ്ലേമിന്റെ മെത്രാപ്പോലീത്താ ഇവിടെ അധിവസിക്കുന്നു. ക്രിസ്തീയവിശ്വാസം സ്വീകരിച്ചവരിൽ സുറിയാനിക്കാർ മുമ്പന്മാരാണെന്ന് ഇതു സംശയമെന്യേ തെളിയിക്കുന്നു. സുറിയാനിഭാഷ നമ്മുടെ കർത്താവിന്റെയും തന്റെ വാഴ്ത്തപ്പെട്ട മാതാവായ മറിയാമിന്റെയും തന്റെ വി. ശ്ലീഹന്മാരുടെയും ആ കാലത്തെ യഹൂദന്മാരുടെയും മാതൃഭാഷയായിരുന്നുവെന്ന് ലോകത്തിലെ സകല ചരിത്രകാരന്മാരും സാക്ഷിക്കുന്നതുകൊണ്ട് ഇതിൽ അത്ഭുതത്തിനവകാശമില്ല. 1940 കന്നിമാസത്തിൽ പ്രസ്തുത പള്ളിയുടെ കുമ്മായം പുതുക്കിയ അവസരത്തിൽ പള്ളിയുടെ വലത്തുഭാഗത്തെ വാതിലിന്റെ കട്ടിളപ്പടിയുടെ ഉൾഭാഗത്തായി *എസ്ത്രേൻഗേലി സുറിയാനിയിൽ** കല്ലിന്മേൽ കൊത്തപ്പെട്ടിരിക്കുന്ന ഒരു ലിഖിതം കാണപ്പെട്ടു. അത് ഇപ്രകാരമാകുന്നു. “ഈ ഭവനം മർക്കോസ് എന്ന് വിളിക്കപ്പെടുന്ന യോഹന്നാന്റെ മാതാവായ മറിയാമിന്റേത് ആകുന്നു. നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ സ്വർഗ്ഗാരോഹണത്തിനുശേഷം പ. ശ്ലീഹന്മാർ ഇതിനെ ദൈവ

* സുറിയാനിഭാഷയ്ക്ക് മൂന്നു ലിപികളാണുള്ളത്. സെർത്തോ (മോറാനായ അഥവാ പാശ്ചാത്യ), കൽദായ (പൗരസ്ത്യ അഥവാ നെസ്തോറിയ), എസട്രംഗേല എന്നീ രൂപങ്ങളിൽ ഏറ്റവും പ്രാചീനം മൂന്നാമത്തേതാണ്. കമ്പ്യൂട്ടറിൽ ഈ മൂന്നു ലിപിരൂപങ്ങളും സുഗമമായി ഉപയോഗിച്ചുവരുന്നുവെങ്കിലും സെർത്തോ സിറിയൻ ഓർത്തഡോക്സ് സഭയും കൽദായ നെസ്തോറിയൻ-ചില കത്തോലിക്കാ സഭാവിഭാഗങ്ങളും ഉപയോഗിച്ചുവരുന്നു. അക്കാദമികതലങ്ങളിൽ മൂന്ന് ലിപിരൂപങ്ങളും ഉപയോഗിച്ചുവരുന്നു. (സംശോധകൻ)

ജനനിയായ മറിയാമിന്റെ നാമത്തിലുള്ള പള്ളിയായി പ്രതിഷ്ഠിച്ചു. തീത്തോസ് രാജാവ് ഊർശ്ലേമിനെ നശിപ്പിച്ചതിനുശേഷം ക്രിസ്തബ്ദം 73-ാം ആണ്ടിൽ ഇത് വീണ്ടും പണിയപ്പെട്ടു. സുറിയാനി ലിപികളിൽ പാണ്ഡിത്യമുള്ളവർ അഭിപ്രായപ്പെടുന്നത് ക്രിസ്ത്യാനിത്വത്തിന്റെ ആറാം ശതാബ്ദത്തിനിടയ്ക്ക് കൊത്തപ്പെട്ടതാണ് ഇത് എന്നത്രെ. ഇതും സുറിയാനി സഭയുടെ പൗരാണികത്വത്തെ കാണിക്കുന്നു. ആകയാൽ മോർ മർക്കോസിന്റെ ദയറാ (സെഹിയോൻ മാളിക) ക്രിസ്ത്യാനികളുടെ ആദ്യദൈവാലയമാകുന്നു.

### അദ്ധ്യായം 28

# രണ്ടാമത്തെ പീഡയും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും

നീറോയുടെ നാശത്തിനുശേഷം ശതാബ്ദകാലം വാണ രാജാക്കന്മാരുടെ കാലത്ത് സഭയ്ക്ക് ആശ്വാസം ഉണ്ടായിരുന്നുവെന്ന് പറയാം. എ.ഡി. 81-ൽ വസ്പെസ്യാനോസ് രാജാവിന്റെ പുത്രനും എ.ഡി. 70-ൽ ഊർശ്ലേമിനേയും ദൈവാലയത്തേയും നശിപ്പിച്ച തീത്തോസിന്റെ സഹോദരനുമായ ദൊമിത്യാനോസ് രാജാവായി. തന്റെ ഭരണത്തിന്റെ പ്രാരംഭഘട്ടത്തിൽ താൻ നീതിമാനും പ്രശംസാർഹനുമായിരുന്നു. എന്നാൽ കാലക്രമേണ ഈ സ്വഭാവം വ്യത്യാസപ്പെട്ടു താൻ ഉപദ്രവിയായിത്തീർന്നു. ക്രിസ്തു സകല ലോകത്തെയും ഭരിക്കുവാനിരിക്കുന്നുവെന്ന് ചില ക്രിസ്ത്യാനികളിൽനിന്ന് ഇദ്ദേഹം കേട്ടിരുന്നു. തൻനിമിത്തം തന്റെ ഭരണകാലത്ത് ഇത് സംഭവിക്കുമോ എന്ന് ഹേറോദേസിനെപ്പോലെ ഇവനും ഭയപ്പെട്ടു. മ്ശിഹായുടെ ജനം വർദ്ധിക്കുന്ന പക്ഷം അത് സംഭ വിക്കതന്നെ ചെയ്യും എന്നുള്ള വിചാരത്താൽ ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ തീരുമാനിച്ചു. എ.ഡി. 95-ൽ ഈ രണ്ടാമത്തെ പീഡ ആരം ഭിച്ചു. ഈ പീഡമുഖാന്തിരം അനേകം വിശ്വാസികൾ രക്തസാക്ഷികളായിത്തീർന്നു. അത് കഠിനമായിരുന്നുവെങ്കിലും ദീർഘനാൾ നിലനിന്നില്ല. ഈ പീഡ പല സ്ഥലങ്ങളിലും നടന്നതിനുശേഷം മ്ശിഹായെക്കുറിച്ചും അവന്റെ രാജ്യത്തെക്കുറിച്ചും ദൊമിത്തിയനോസ് അന്വേഷിച്ചുതുടങ്ങി. ഹിജിസിഫോസ് പറയുംപ്രകാരം കർത്താവിന്റെ സഹോദരനായ യഹൂദയുടെ രണ്ട് മക്കളെക്കുറിച്ച് ദാവീദിന്റെ വംശജരെന്ന് ചിലർ ഏഷണി പറഞ്ഞു. അതിനാൽ അവരെ ആളയച്ചു വരുത്തി അവരുടെ ധനസ്ഥിതിയും തൊഴിലും അന്വേഷിച്ചറിഞ്ഞു. മ്ശിഹായും തന്റെ രാജ്യവും എങ്ങനെ എവിടെ എപ്പോൾ വെളിപ്പെടും എന്നു ചോദിച്ചതിനു മറുപടിയായി "മ്ശിഹായുടെ രാജ്യം ഈ ലോകത്തിലല്ല, അത് ഭൂമിയിലുണ്ടാകയുമില്ല. പിന്നെയോ അദ്ദേഹത്തിന്റെ രാജ്യം സ്വർഗ്ഗത്തിലാകുന്നു. ലോകാവസാനത്തിൽ മരിച്ചവരേയും ജീവനോടിരിക്കുന്നവരേയും വിധിപ്പാൻ മഹത്ത്വത്തോടുകൂടെ അദ്ദേഹം

വെളിപ്പെടും. അപ്പോൾ തന്റെ രാജ്യവും പ്രത്യക്ഷമാകുമെന്ന് അവർ പറഞ്ഞു. ഇത് ശ്രവിച്ചപ്പോൾ ഇവരെക്കുറിച്ച് ഗ്രഹിച്ചിരുന്ന സംഗതി കേവലം നിസ്സാരമാണെന്നറിഞ്ഞിട്ട് അവരെ പറഞ്ഞയച്ചു. ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നത് അവസാനിപ്പിക്കുവാൻ അദ്ദേഹം കല്പന അയച്ചു. കുറേക്കാലം കഴിഞ്ഞ് എ.ഡി. 96-ൽ ദൊമിത്തിയാനോസ് വധിക്കപ്പെടുകയും നീറോ കൈസർ ഒരു വർഷം ഭരണം കൈയേൽക്കുകയുംചെയ്തു. ന്യായരഹിതമായി നാടുകടത്തപ്പെട്ടവരെ അദ്ദേഹം തിരിച്ചുകൊണ്ടുപോകയും അവരുടെ സ്വത്തുക്കൾ മടക്കിക്കൊടുക്കുകയുംചെയ്തു.

ഈ പീഡയിൽ രക്തസാക്ഷികളായവരിൽ പ്രസിദ്ധർ പ്ലേവ്യോഴ് ക്ലീമീസ്, തന്റെ ഭാര്യയായ പ്ലേവദൊമെത്തില്ല, തന്റെ സഹോദരീപുത്രിയായ പ്ലവ്യദൊമിത്തില്ല, മോർ ദീവന്നാസിയോസ് അറിയോസ് ഫ്പാഗോസ് എന്നിവരത്രെ. പ്ലേവ്യോസ് ക്ലീമീസ് വെസ്പസ്യാനോസ് കൈസറിന്റെ സഹോദരിപുത്രനാണ്. റോമിൽ അക്കാലത്തുണ്ടായിരുന്ന പ്രസിദ്ധരിൽ ഒരുത്തനായിരുന്നു. ഇവനെ കൊന്നുകളയുവാൻ രാജാവ് കല്പിച്ചു. അവന്റെ ഭാര്യയും ദൊമത്തിയാനോസ് കൈസറിന്റെ ചാർച്ചക്കാരിയും ആയിരുന്ന പ്ലേവ്യദോമിത്തില്ലയെ ഫൻദാത്ഥറിയാ ദ്വീപിലേക്ക് നാടുകടത്തപ്പെട്ടു. പ്ലേവ്യോസ് ക്ലീമ്മീസിന്റെ സഹോദരീപുത്രിയായ പ്ലവദോമിത്തില്ലായെ ഫാത്തിയ ദ്വീപിലേക്ക് നാടുകടത്തി. ഈ രാജകുടുംബാംഗങ്ങൾ 95-ൽ രക്തസാക്ഷികളാകുവാൻ കാരണം മ്ശിഹായിൽ ഇവർ വിശ്വസിച്ചു എന്നുള്ളതാണ്. മോർ ദീവന്നാസിയോസ് അറിയോസ്പാഗോസിന്റെ പ്രധാന ന്യായാധിപനായിരുന്നു. അഥേനായിൽ പൗലൂസ്ശ്ലീഹാ 52-ൽ സുവിശേഷം പ്രസംഗിച്ചപ്പോൾ ഇദ്ദേഹം ശിഷ്യപ്പെട്ട് ക്രിസ്ത്യാനിയായിത്തീർന്നു. ഇദ്ദേഹം ജ്യോതിശാസ്ത്രത്തിൽ സമർത്ഥനായിരുന്നു. താൻ ഫെലിയോ പോലീസിൽ ആയിരിക്കുമ്പോഴാണ് മ്ശിഹാതമ്പുരാന്റെ കുരിശുമരണസമയത്തെ എക്ലിപ്സ് സംഭവിച്ചത്. അസാധാരണവും പ്രകൃത്യതീതവുമായ ഈ ഗ്രഹണത്തെക്കുറിച്ച് പരിശോധിച്ചുകൊണ്ട് തന്റെ ഡയറിയിൽ ഇങ്ങനെ എഴുതി: "ഒന്നുകിൽ പ്രകൃതികളുടെ ഉടയവൻ കഷ്ടത അനുഭവിക്കുന്നു" അല്ലെങ്കിൽ "ലോകാന്ത്യം ആയിരിക്കുന്നു." താൻ അഥേനായിൽ ആയിരിക്കവെ വി. പൗലൂസിന്റെ പ്രസംഗത്തിൽ മ്ശിഹായെക്കുറിച്ച് തന്റെ മരണത്തിങ്കൽ ഇപ്രകാരം അന്ധകാരം ഉണ്ടായി എന്ന് പറഞ്ഞുകേട്ടപ്പോൾ മുമ്പ് തനിക്കുണ്ടായ അനുഭവത്തോട് അത് യോജിച്ചതിനാൽ അവന്റെ വചനത്തെ അനുസരിച്ച് തന്റെ ജോലി ഉപേക്ഷിച്ച് ഏവൻഗേലിയോന്യശുശ്രൂഷയ്ക്ക് ഇറങ്ങിപുറപ്പെട്ടു. അദ്ദേഹത്തിൽനിന്ന് ക്രിസ്തുമതത്തെക്കുറിച്ച് ശരിയായി ഗ്രഹിച്ചു. അനന്തരം വി. പൗലൂസ് അദ്ദേഹത്തെ അഥേനായിലെ എപ്പിസ്കൂപ്പായായി വാഴിച്ചു. രണ്ടാം നൂറ്റാണ്ടിൽ കോറിന്തോസിലെ പ. ദീവന്നാസിയൂസ്, അഥേനക്കാർക്ക് അയച്ച ലേഖനത്തിൽ ഈ അറിയോസ് ഫാഗോ

സിലെ ദീവന്നാസിയൂസ് അഥേനയിലെ ഒന്നാമത്തെ എപ്പിസ്കൂപ്പാ ആയിരുന്ന സംഗതി സാക്ഷിച്ചിരിക്കുന്നു. ഇദ്ദേഹം ജ്യോതിശാസ്ത്രം, തത്ത്വജ്ഞാനം ആദിയായവയിൽ വളരെ സമർത്ഥനായിരുന്നു. ദൈവിക ജ്ഞാനപഠനത്തിലും അഗാധനൈപുണ്യം നേടിയിരുന്നു. ഇദ്ദേഹം അപ്പോസ്തലിക പിതാക്കന്മാരിൽ ഒരു പ്രസിദ്ധനായി ഗണിക്കപ്പെടുന്നു. വേദശാസ്ത്രപരമായ ഒരു പ്രസിദ്ധ പുസ്തകം എഴുതി. ഇതിനെ സംബന്ധിച്ച് അലക്സന്ത്രിയായിലെ വി. ദീവന്നാസിയൂസ് (265+) റോമിലെ രണ്ടാമത്തെ ക്സോസ്തോസിനെഴുതിയ ലേഖനത്തിൽ നിന്നും വെളിവാകുന്നു.[1] 95-ൽ ഇദ്ദേഹം രക്തസാക്ഷിയായിത്തീർന്നു. വി. യൂഹാനോൻ ശ്ലീഹായും ഈ പീഡയ്ക്കു പാത്രമായിത്തീർന്നു. അദ്ദേഹം ബന്ധനസ്ഥനായി റോമിലേക്കു കൊണ്ടുപോകപ്പെടുകയും തിളച്ചുകൊണ്ടിരുന്ന സൈത്തെണ്ണയിൽ ഇടപ്പെടുകയുംചെയ്തു. അതിൽ കുറെ നേരം കിടന്നിട്ടും തനിക്കു യാതൊരു ഉപദ്രവവും സംഭവിച്ചില്ല. ഇതു കണ്ടപ്പോൾ അദ്ദേഹത്തെ പത്മോസ് ദ്വീപിലേക്കു നാടുകടത്തി. അവിടെ താമസിക്കുമ്പോൾ അഥേനയിലെ മോർ ദീവന്നാസിയൂസ് ഒരു ആശ്വാസലേഖനം തനിക്കയച്ചു. അവിടെവച്ച് വെളിപാടു ഉണ്ടാവുകയും താൻ പുസ്തകമെഴുതുകയുംചെയ്തു. പീഡ അവസാനിച്ചപ്പോൾ എഫേസോസിലേക്കു തിരിച്ചു. ഈ ചുരുങ്ങിയ ആശ്വാസ കാലംകൊണ്ട് രക്ഷാകരമായ സുവിശേഷം അനേകസ്ഥലങ്ങളിലും പ്രത്യേകിച്ച് യൂഹാനോൻശ്ലീഹാ മുഖാന്തിരം ഏഷ്യാമൈനറിലും പ്രചരിച്ചു.

1 മേൽപറഞ്ഞ പുസ്തകം ഇദ്ദേഹം തീമോത്തിയോസ് എപ്പിസ്കൂപ്പായ്ക്ക് എഴുതി. അതിൽ നാലു പ്രബന്ധങ്ങൾ ഉണ്ട്. ഒന്നാമത്തേതിൽ പതിമൂന്ന് അദ്ധ്യായങ്ങൾ ഉണ്ട്. അതിൽ ദൈവികനാമങ്ങളെക്കുറിച്ചും വിശേഷങ്ങളെക്കുറിച്ചും, തിത്വത്തിൽ ഏക തത്ത്വത്തെക്കുറിച്ചും പറയുന്നു. രണ്ടാമത്തേതിൽ പതിനഞ്ച് അദ്ധ്യായങ്ങളും ഉണ്ട്. അവ സ്വർഗ്ഗീയ ഗണങ്ങളെക്കുറിച്ചും അതായത് മാലാഖമാർ അവരുടെ ശുശ്രൂഷകൾ, പേരുകൾ, ഗണങ്ങൾ മുതലായവയെപ്പറ്റിയും പറയുന്നു. മൂന്നാമത്തേതിൽ അഞ്ച് അദ്ധ്യായങ്ങൾ ഉണ്ട്. അവ രഹസ്യപരമായ ദൈവത്വത്തെക്കുറിച്ചും അതായത് ദൈവം ഗ്രഹണത്തിൽ നിന്നും ഉന്നതനായി നിത്യനായിരിക്കുന്നു എന്നും വഞ്ചനയിൽനിന്നും ഉന്നതനായിരിക്കുന്നു എന്നുള്ളതിനെക്കുറിച്ചു പറഞ്ഞിരിക്കുന്നു. നാലാമത്തേതിൽ ഏഴ് അദ്ധ്യായങ്ങൾ ഉണ്ട്. അവ സഭയിലെ പ്രധാനാചാര്യത്വത്തിന്റെ പദവികളെക്കുറിച്ചും എങ്ങനെ സ്വീകരിക്കണമെന്നുള്ളതിനെപ്പറ്റിയും അതിന്റെ ഉദ്ദേശം വി. കുർബ്ബാനയും മാമോദീസായും വി. മൂറോനും ആചാര്യത്വത്തിന്റെ കൈവയ്പും അതിന്റെ ക്രമങ്ങളും എങ്ങിനെ നടത്തപ്പെടുന്നു എന്നും സന്യാസിത്വം, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന ശിശുസ്നാനം തലതൊടുന്നവരെക്കുറിച്ചും മറ്റും പ്രതിപാദിക്കുന്നു. പ്രസ്തുത നാല് പ്രബന്ധങ്ങളുടെ ശേഷം പത്ത് ലേഖനങ്ങളുമുണ്ട്. അവയിൽ നാലെണ്ണം സന്യാസിയായ ഗായോസിന് എഴുതപ്പെട്ടു. ശേഷമുള്ളവ ദൊറൊനിയോസ് ശെമ്മാശനും സൊസിപ്പത്രോസ് ആചാര്യനും, ദീമോഫിലോസ് എന്ന ഒരു വായനക്കാരനും പൊളിക്കർപ്പോസ്, തീത്തോസ് എന്ന പ്രധാനാചാര്യന്മാർക്കും യൂഹാനോൻ ശ്ലീഹായിക്കുമായിരുന്നു. ഈ പുസ്തകം സുറിയാനിക്കാരുടെയും യവനായക്കാരുടെയും ലത്തീൻകാരുടേയും സഭകളിൽ വലിയ ബഹുമാനത്തോടുകൂടി ആരംഭംമുതലേ കൈക്കൊള്ളപ്പെട്ടിരുന്നു. എങ്കിലും നമ്മുടെ കാലത്തെ പണ്ഡി

## അദ്ധ്യായം 29

# വേദവിപരീതവും വേദവിപരീതികളും

വേദവിപരീതം എന്നത് അപ്പോസ്തലികസഭയുടെ ഉപദേശത്തിന് അന്യവും എതിരുമായ ഉപദേശമാകുന്നു. പ. ഈറീനിയോസിന്റെ* അഭിപ്രായമനുസരിച്ച് വേദവിപരീതികൾ ഇങ്ങനെ വിശദീകരിക്കുന്നു. "വിശുദ്ധ വേദപുസ്തകത്തെ നിരസിക്കുന്നവർ, വിശ്വാസത്തിന്റെ പാരമ്പര്യത്തെ കൈക്കൊള്ളാത്തവർ, ശ്ലീഹന്മാർ മുതൽ തുടർച്ചയായി നില നിന്നുവരുന്ന പുരോഹിതന്മാരുടെ അധികാരത്തെ നിഷേധിക്കുന്നവർ, ശ്ലൈഹികമായ വിശ്വാസത്തിന്റെ ഏകശ്രീഭണ്ഡാരമെന്നു പറയാവുന്ന കാതോലിക സഭയിൽനിന്ന് വേറിട്ട് അകന്നു നിൽക്കുന്നവരാകുന്നു." (*വേദവിപരീതികൾക്കെതിരായ പുസ്തകം* 3:2-4)[1] കൃഷിസ്ഥലങ്ങൾ അവയ്ക്കുപയുക്തമാകുംവണ്ണം എത്ര കണ്ട് വെടിപ്പായൊരുക്കിയാലും നാശകരങ്ങളായ കളകൾ അവിടെനിന്ന് നിശ്ശേഷം വിട്ടുമാറാത്തതു പോലെ വിശ്വാസമാകുന്ന നല്ല നിലങ്ങളെയും അതിന്റെ ശുശ്രൂഷകന്മാരും ഉടമസ്ഥന്മാരും എത്ര ശുഷ്ക്കാന്തിയോടുകൂടി സൂക്ഷിച്ചു വന്നാലും വിനാശവിപരീതാഭിപ്രായങ്ങളാകുന്ന കളകൾ അവയിൽനിന്നു വിട്ടുമാറുന്നില്ല. മ്ശിഹായും അപ്പോസ്തലന്മാരും ഇതിനെ മുൻകൂട്ടി അറിയിക്കുകയും വിശ്വാസികളെ സൂക്ഷ്മതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. (മത്താ. 18:7-24) (നടപ്പു. 20:28) (2 തീമോത്തി 4:2-5) (1 തീമോത്തി 4:1-2) (2 പത്രോ. 4:1-3)

വിത്തുകളുടെയും കളകളുടെയും ഉപമയിൽ മ്ശിഹാ പറയും പോലെ വേദവിപരീതത്തിന്റെ കാരണം പിശാചാണെങ്കിലും യാതൊരു കാരണവും കൂടാതെ അവന് അതു ചെയ്യുവാൻ കഴിയുകയില്ല. നിരുത്സാഹം, അജ്ഞത, അതിമോഹം, ദ്രവ്യാഗ്രഹം, വ്യർത്ഥാഭിമാനം, നിഗളം എന്നീ വക പൈശാചിക വികാരവീചികളാൽ "സത്യസുവിശേഷനിർവ്വഹണാർത്ഥം" സ്ഥാനം സ്വീകരിച്ച ഇടയന്മാർ അലറിയുഴ

---

തന്മാർ അഭിപ്രായപ്പെടുന്നത് അതിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും പ്രസ്തുത പരിശുദ്ധന്റെ എഴുത്തുകളിൽനിന്നുള്ളവയല്ല എന്നാലോ പിന്നീട് അഞ്ചാം നൂറ്റാണ്ടിൽ കൂട്ടിച്ചേർക്കപ്പെട്ടവയാണ് എന്നത്രെ.

1 Ency: Bri. 9th Edition vol. 11, Page 733.

* ഐറേനിയോസ്

ലുന്നതുമൂലം സ്വധർമ്മ പരിപാടികളിൽനിന്നും വ്യതിചലിച്ച് സ്വേച്ഛാനുസാരേണയുള്ള ജീവിതവൃത്തിയെ അവലംബിക്കുന്നതിനുവേണ്ടി മ്ശിഹായുടെയും ഏവൻഗേലിയോന്യസുവിശേഷവാസ്തവികതയേയും മറച്ചുകൊണ്ട് വ്യാജഗോപുരങ്ങൾ കെട്ടിപ്പടുത്ത് മിനുക്കു വേല ചെയ്തു പ്രേക്ഷകരെ ആകർഷിക്കുന്നതിനുള്ള നവംനവങ്ങളായ പദ്ധതികളാണ് വേദവിപരീതം എന്ന് ഇവിടെ വിവക്ഷിക്കുന്നത്. ഏവംവിധങ്ങളായ കാരണങ്ങളാൽ ലോകചരിത്രത്തിന്റെ ആപാദചൂഡം അനേകമനേകം വേദവിപരീത പ്രസ്ഥാനങ്ങൾ കുന്നുപോലെ മുളച്ചു നശിച്ചുപോകുന്നുണ്ടെന്നു പ്രസ്താവിക്കുന്നതിൽ ഒട്ടും അതിശയോക്തിയില്ല. അത്യുന്നതന്റെ മഹിമാസനത്തിൽ പ്രശോഭിച്ചിരുന്ന ദൂതഗണം നിഗളം എന്ന ഏക ദോഷത്താൽ പാതാളത്തിന്റെ അഗാധത്തിലേക്ക് നിപതിച്ചതും ഈ വേദവിധ്വംസക സംഘങ്ങൾക്ക് ഒരു മുൻകുറിയോ എന്നു തോന്നിപ്പോകും. "തിന്നു കുടിച്ചു രമിച്ചു മദിക്കു"ന്നതിൽ അതിമോഹം പ്രകടിപ്പിച്ചതുമൂലം നിക്കോളാവോസും തന്റെ അനുയായികളും വേദവിപരീതികളായിത്തീർന്നതിൽ അതിശയിപ്പാനുണ്ടോ! ഈ കാരണങ്ങളാൽ യൂറോപ്പും ഇതിനു സാക്ഷ്യം വഹിക്കുന്നില്ലെ? വ്യക്തിപരമായ സ്വാതന്ത്ര്യാകാംക്ഷയും സ്വാർത്ഥോദ്യതമ്മതവും മൂലം, സഭയും സഭയിൻമക്കളും അന്തഃഛിദ്രവും അസമാധാനവും ഇപ്പോഴും അനുഭവിച്ചുക്കൊണ്ടിരിക്കുന്നില്ലേ?

മോർ ഓഗസ്തിനോസ് പറയുന്നു: "ബ്രെസ്തിയായിലെ എപ്പിസ്കോപ്പായായ ഫിലാസ്ത്രിയോസ് എന്ന എഴുത്തുകാര(നാലാം നൂറ്റാണ്ട്)ന്റെ പരിശോധനയിൽ ക്രിസ്തുവിനു മുമ്പ് യഹൂദന്മാരുടെയിടയിൽ 28-ഉം ക്രിസ്തുവിനുശേഷം തന്റെ കാലം വരെ 128-ഉം വേദവിപരീതങ്ങൾ കണ്ടതായി രേഖപ്പെടുത്തിയിരിക്കുന്നു." ക്രിസ്തീയചരിത്രത്തിന്റെ ആദ്യതലമുറകളിൽ ഇപ്രകാരമുള്ള വേദവിപരീതങ്ങൾ സംഭവിച്ചത് ഒരത്ഭുതമല്ല. എന്തുകൊണ്ടെന്നാൽ ആ കാലങ്ങളിൽ വി. സഭയുടെ വിശ്വാസപ്രമാണങ്ങൾ കൃത്യമായി ക്രമീകരിക്കപ്പെട്ടിരുന്നില്ല. വി. സഭ അതിനെ നവീനമായി ക്രമീകരിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരുന്നു. ആദ്യമായി ക്രമീകരിക്കുന്നതിന് സഭ യത്നിച്ചത് മ്ശിഹായുടെ സ്വഭാവത്തെക്കുറിച്ചായിരുന്നു. വി. സഭയുടെ ചിന്താപരിധിയിൽ ഇതൊരു മൗലിക സ്ഥാനമർഹിച്ചു. എന്നാൽ മ്ശിഹായുടെ സ്വഭാവത്തെക്കുറിച്ചുള്ള മതപരമായ വിശദീകരണത്തിൽ പരസ്പരം വൈരുദ്ധ്യത്തോടുകൂടിയ രണ്ട് അഭിപ്രായങ്ങൾ പ്രവേശിച്ചു. ആ രണ്ടഭിപ്രായങ്ങളും യഹൂദന്മാരിൽനിന്നും ജാതികളിൽനിന്നും വിശ്വാസം സ്വീകരിച്ചവരുടേതാണ്. യഹൂദന്മാരുടെ മതരൂപീകരണം ശാരീരികവും ആക്ഷരികവുമായിരുന്നതുകൊണ്ട് ക്രൈസ്തവമതസംഗതികളെയും അവർ അതുപോലെ കരുതിയിരുന്നു. ക്രൈസ്തവ മതത്തിന്റെ ആത്മികവശത്തെ ഗ്രഹിക്കുവാനുള്ള ബുദ്ധിശക്തി അവർക്കില്ലായിരുന്നു. മ്ശിഹായുടെ ക്നൂമായെക്കുറിച്ചുള്ള യഥാർത്ഥ നിരൂപണയോളം തങ്ങളുടെ

ബോധങ്ങളെ ഉന്നയിപ്പിക്കാനും അവർക്കു കഴിഞ്ഞിരുന്നില്ല. ദൈവം എങ്ങനെ മനുഷ്യനാകും? വിവാഹബന്ധം കൂടാതെ കന്യക പ്രസവിക്കുന്നതെങ്ങനെ? മൂശയുടെ ആചാരപരമായ ന്യായപ്രമാണങ്ങൾ മായിക്കപ്പെടാമോ? എന്നിങ്ങനെയുള്ള വിവിധ വ്യർത്ഥസംശയങ്ങൾ അവരിൽ ഉളവായി. മ്ശിഹായുടെ രാജ്യത്തെക്കുറിച്ചുള്ള പ്രവചനത്തിൽ ആത്മാവിനെ ഗ്രഹിക്കുവാൻ അവർക്കു കഴിയാഞ്ഞതിനാൽ മിശിഹാ ഒരു ഭൗമികരാജാവിനെപ്പോലെ വന്ന് യറുശലേമിൽ വാഴുകയും ഭൂലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും യഹൂദന്മാരെ ഒരുമിച്ചുകൂട്ടി താൻ അവരുടെ രാജാവായി അവരെ ഭരിക്കുമെന്നും അവർ തെറ്റായി വിചാരിച്ചിരുന്നു. ഇപ്രകാരമുള്ള ഒരു ലൗകിക വാഗ്ദത്ത നിവൃത്തിക്കായി അവർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ക്രിസ്ത്യാനിത്വത്തിൽ ആത്മാവ് ഈദൃശ അഭിപ്രായത്തിന് എതിരായിരുന്നതിനാൽ അവരുടെ അഭിപ്രായങ്ങൾ പ്രവർത്തനരംഗത്തേക്കു വന്നപ്പോൾ വേദവിപരീതത്തിൻ കുഴിയിലേക്കു അവർ പതിക്കുകയും അപ്പോസ്തലിക സഭയ്ക്കു അന്യരായിത്തീരുകയുംചെയ്തു. അങ്ങനെ നാശയോഗ്യമായ ചില അടിസ്ഥാനങ്ങളെ അവർ ഉല്പാദിപ്പിച്ചു. രക്ഷിതാവിനെക്കുറിച്ച് പ്രവാചകന്മാരിൽ അവസാനത്തവൻ എന്നും ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ഒരു പ്രവാചകനുണ്ടായിരിക്കുന്ന മദ്ധ്യസ്ഥത മാത്രമേ ഇദ്ദേഹത്തിനും ഉണ്ടായിരുന്നുള്ളു എന്നുമാണ് അവർ ചിന്തിച്ചിരുന്നത്. അവർ മനുഷ്യാവതാരത്തെക്കുറിച്ചുള്ള ചിന്തയോട് അനുകൂലിച്ചിരുന്നില്ല. ഒരു ദൈവിക രക്ഷകന്റെ ആവശ്യം ഉള്ളതായി അവർക്ക് അനുഭവബോദ്ധ്യമായിരുന്നില്ല. സർവ്വോപരി "മ്ശിഹാ ദൈവമാകുന്നു, ദൈവം മനുഷ്യനായിത്തീർന്നു" എന്നിങ്ങനെ ക്രിസ്തുമതത്തിലുള്ള തത്ത്വങ്ങളാണ് ഈ പ്രാഥമിക പ്രതികൂലമനോഭാവം അവരിൽ ഉളവാക്കുന്നതിനു ഹേതുവായിത്തീർന്നതു.

എന്നാൽ ജാതികളാകട്ടെ അക്കാലത്തെ വിവിധ തത്ത്വശാസ്ത്രത്തിൽ ആശ്രയിച്ചിരുന്നതിനാൽ സകലവും ശാസ്ത്രാനുയോജ്യമാക്കിത്തീർക്കുവാൻ ഉത്സാഹിച്ചു. ആകയാൽ അവർ ക്രൈസ്തവവിശ്വാസത്തോടുകൂടി തത്ത്വശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തേയും കാവ്യമതത്തെയും കൂട്ടികലർത്തുവാൻ ഉദ്ദേശിച്ചു. എന്നാൽ അത് തോൽവിയടഞ്ഞു. പദാർത്ഥമയമായതും ആത്മമയമായതും തമ്മിലുള്ള സങ്കലനത്തിന്റെ പ്രാപ്യതയെ സംബന്ധിച്ചുള്ള കേവലം താത്ത്വികമായ ഒരു പ്രതികൂല പ്രശ്നമായിരുന്നു അത്. ഈ ചിന്താഗതി ഗ്രേക്ക് തത്ത്വശാസ്ത്രഗതിയിൽ സമൂലം വ്യാപരിച്ചിട്ടുള്ളതാണ്. ആ തത്ത്വചിന്തകന്മാർ ഇങ്ങനെ ചിന്തിച്ചുവന്നു. "പദാർത്ഥം സദാ തിന്മയുടെ ഉറവയാണ്." ജാതികളിൽനിന്ന് തിരിഞ്ഞിട്ടുള്ള പലരേയും ഈ സംഗതി ക്രിസ്തുമതത്തെക്കുറിച്ചുള്ള വിശ്വാസികളുടെ ചിന്താഗതിക്ക് രണ്ടുവിധത്തിലുള്ള അഭിപ്രായങ്ങൾക്ക് ഇടംനൽകി. മനുഷ്യാവതാരം വെറും മായാദർശനം മാത്രമായിരുന്നു, യാഥാർത്ഥ്യമല്ല. അതുകൊണ്ട് മ്ശിഹാ,

മാനുഷികശരീരം യഥാർത്ഥത്തിൽ എടുത്തില്ല. എന്നാലോ അങ്ങനെ സ്വീകരിച്ചതായി മനുഷ്യർക്കു തോന്നിയതു മാത്രമേയുള്ളു. രണ്ടാമത്തെ അഭിപ്രായം ഈ സംഗതി ദൈവത്തിനും സൃഷ്ടിതാവിനും ഇടയ്ക്ക് ഒരു വേർതിരിപ്പ് സങ്കല്പിപ്പാൻ അവരെ ക്ഷണിച്ചു. "ദൈവം നല്ലവനാണ്. നല്ലവൻ പദാർത്ഥങ്ങളോടുകൂടി സംയോജിക്കപ്പെട്ട് സ്വയമായി മാലിന്യപ്പെടുവാൻ അസാദ്ധ്യമത്രെ. തൻനിമിത്തം ഈ നല്ല ദൈവം സൃഷ്ടികർത്താവും പരിപാലകനുമായ ദൈവമായിരിപ്പാൻ നിവൃത്തിയില്ല" ഇങ്ങനെ അവരിൽനിന്നും *ഗ്നോസ്റ്റിക്സ്* (Gnostics) എന്ന വേദവിപരീതികളുടെ കൂട്ടം സംജാതമായി.

ക്രൈസ്തവസഭയിൽ ശ്ലീഹന്മാരുടെ കാലം മുതൽക്കുതന്നെ അനേകം വേദവിപരീതികൾ എഴുന്നേറ്റിരുന്നു. എന്നാൽ അവരുടെ കാലശേഷം ഇത് വർദ്ധിക്കുകയും അനേകരും സത്യവിശ്വാസത്തിൽനിന്നും തെറ്റുകയും പലരേയും തെറ്റിക്കയുംചെയ്തു. ഊർശ്ലേമിലെ രണ്ടാമത്തെ എപ്പിസ്കോപ്പായായിരുന്ന ശെമവൂൻ ബാർ കലിയൂപ്പായുടെ സാക്ഷിമരണത്തെക്കുറിച്ച് വിവരിച്ചു പറയുന്നിടത്ത് പ്രസിദ്ധനായ ഹിജിസിപ്പോസി(ഏ.ഡി. 180) ഇപ്രകാരം പറയുന്നു. ഈ കാലം വരെയും സഭ കന്യകയായും നാശം കൂടാത്തവളുമായി സ്ഥിതിചെയ്തിരുന്നു. ജീവോപദേശത്തിന്റെ സത്യപ്രമാണത്തെ നശിപ്പിക്കുവാൻ ആഗ്രഹിച്ചിരുന്ന ചിലരുണ്ടായിരുന്നുവെങ്കിലും ഇരുട്ടിൽ എന്ന പ്രകാരം അവർ ഒളിച്ചിരുന്നു. വി. ശ്ലീഹന്മാരുടെ കൂട്ടമെല്ലാം ലോകത്തിൽ നിന്ന് മറഞ്ഞുപോകുകയും ദൈവികജ്ഞാനത്തെ തങ്ങളുടെ ചെവികളിൽ കേൾക്കുവാൻ യോഗ്യരായിത്തീരുകയുംചെയ്ത ആ തലമുറ കടന്നുപോകുകയും ചെയ്തശേഷം സത്യത്തിന്റെ ഉപദേശത്തെ വ്യത്യാസപ്പെടുത്തുന്നവർ മുഖാന്തിരം ദൈവികമല്ലാത്ത വഞ്ചനയെ സഭയിൽ നിലനിർത്തുവാനാരംഭിച്ചു. ഇപ്രകാരം അനേകം വേദവിപരീതികൾ എഴുന്നേറ്റിട്ടുണ്ട്. അവരോരോരുത്തരും തങ്ങൾക്ക് സ്വയമായിതോന്നിയതിനനുസരിച്ച് ഉപദേശം പ്രചരിപ്പിച്ചുതുടങ്ങി. ഇവർ ദൈവത്തെക്കുറിച്ചും മ്ശിഹായെക്കുറിച്ചും പുറപ്പെടുവിച്ച വിരുദ്ധോപദേശങ്ങളാൽ സഭയുടെ ഏകതയ്ക്കു ഭംഗംവരുത്തിയ കള്ളക്രിസ്തുക്കളും വ്യാജദീർഘദർശിമാരും അപ്പോസ്തലന്മാരായി വേഷം കെട്ടുകയും ശ്ലൈഹികോപദേശമാകുന്ന നിർമല വിത്തുകൾ കളകളായി രൂപാന്തരപ്പെട്ട് ക്ഷയിക്കുകയും അവർ മുഖാന്തിരം വഴിതെറ്റിയ ജനം നാശത്തിനധീനരായിത്തീരുകയും ചെയ്തു. അവരുടെ ദുഷ്ക്കർമ്മങ്ങളാൽ അതുവരെയും വിശ്വാസത്തോട് സമീപിക്കാതിരുന്ന ജാതികളെ ജീവന്റെ വചനത്തോട് സമീപിക്കാതിരിക്കത്തക്കവണ്ണം പിന്തിരിപ്പിച്ചു. ഇങ്ങനെ നാമമാത്ര ക്രിസ്ത്യാനികളായിരുന്ന അവർ നിമിത്തം ജാതികൾ ദൈവികവചനത്തെ ഏററവും ദുഷിപ്പിച്ചു (ഒന്നാമത്തെ വേദവിപരീതിയായ *ക്ഷുദ്രക്കാരൻ ശീമോൻ* ഒരു ശമര്യായക്കാരനായിരുന്നു. ഒടുവിൽ മ്ശിഹായിൽ വിശ്വസിച്ചു. ഇവൻ ദ്രവ്യംകൊടുത്ത് പത്രോസിൽനിന്ന് ദിവ്യനൽവരം വാങ്ങുവാൻ ആവശ്യപ്പെട്ടപ്പോൾ "നിന്റെ ദ്രവ്യം നിന്നോടു

കൂടെ നശിച്ചുപോകട്ടെ" എന്ന് താൻ അവനോട് മറുപടി പറയുന്നതായി നടപ്പുകളുടെ പുസ്തകത്തിൽ കാണുന്നു. പിന്നീട് ഇവൻ സ്വയം ദൈവത്തിന്റെ ശക്തി എന്നു പറഞ്ഞുകൊണ്ട് അവന്റെ ക്ഷുദ്രത്താൽ അനേകരെ വഞ്ചിച്ചു. അനന്തരം ഇവൻ റോമിൽ ചെന്ന് അവിടെയുള്ള വിശ്വാസികളെയും തെറ്റിക്കുവാൻ ശ്രമിച്ചു. എന്നാൽ റോമാക്കാർ ഈ മനുഷ്യനെ ദൈവമായി പരിഗണിക്കുകയും അയാളുടെ ഒരു പ്രതിമയുണ്ടാക്കി അവരുടെ ഇതര ദേവന്മാരെപ്പോലെ ആരാധിക്കുകയും ചെയ്തുതുടങ്ങി. വി. പത്രോസ് ശ്ലീഹാ തന്റെ അവസാനഘട്ടത്തിൽ റോമായിൽ ചെന്നപ്പോൾ അവന്റെ ദുർമാർഗ്ഗത്തെക്കുറിച്ച് അവനെ ശാസിക്കുകയും അവൻ വഞ്ചകനും മനുഷ്യനെ തെറ്റിക്കുന്നവനും ആണെന്നു വ്യക്തമാക്കുകയും ചെയ്തു. റോമിലെ പൗരന്മാരെ തന്റെ ശ്രേഷ്ഠത കാണിക്കുവാനായി ഈ ശീമോൻ ആഗ്രഹിച്ചിട്ട് തന്റെ പിശാചുക്കളെയെല്ലാം വിളിച്ചുവരുത്തുകയും അവ അവനെ ആകാശത്തിലേക്ക് ഉയർത്തുകയുംചെയ്തു. അവിടെ കൂടിയിരുന്ന ജനസമൂഹം ശിമോന്റെ ശക്തി വളരെ വലുതാകുന്നു എന്ന് അട്ടഹസിച്ചു. എന്നാൽ വി. പത്രോസിന്റെയും പൗലോസിന്റെയും പ്രാർത്ഥനയാൽ അവൻ ലജ്ജിതനായി താഴെ വീണ് അസ്ഥികൾ തകർന്നു മരിക്കുകയും ചെയ്തു. അനന്തരം ഇവന്റെ പിൻഗാമിയും ശിഷ്യനും ശമറിയാക്കാരനും ആയ "മാനൻദ്രോസ്" എന്ന ക്ഷുദ്രക്കാരൻ എഴുന്നേറ്റു. അവൻ തന്നെക്കുറിച്ചുതന്നെ താൻ രക്ഷകനെന്ന് പ്രസിദ്ധപ്പെടുത്തി, ക്ഷുദ്രക്കാരായിത്തീരുകയും തന്നിൽനിന്ന് മാമോദീസാ ഏല്ക്കുകയും ചെയ്യുന്നുവെങ്കിൽ മരിക്കയില്ലെന്നും പറഞ്ഞ് ചിലരെ തെറ്റിച്ചു. ഇവന്റെ അനുയായികൾ രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യകാലംവരെ ഉണ്ടായിരുന്നു.

## കീറിൻതോസ്സ്

മിസ്രയീം സ്വദേശിയും യഹൂദനുമായ ഇവൻ ക്രിസ്തുമതം സ്വീകരിച്ചു. ഒരു വേദവിപരീതത്തിന്റെ ജനയിതാവായി ഏഷ്യാമൈനറിലേക്ക് വന്നു. അവിടെ അവന്റെ ഉപദേശത്തെ പ്രചരിപ്പിക്കുവാൻ ശ്രമിച്ചു. അവന്റെ ഉപദേശം ലോകം സൃഷ്ടിക്കപ്പെട്ടത് ദൈവത്താലല്ല, പിന്നെയോ മാലാഖയാൽ ആണ്. യേശു കന്യകയിൽ നിന്നല്ല ജനിച്ചത് പിന്നെയോ ഇതര മനുഷ്യരെപ്പോലെ മറിയാമിന്റെയും യോസേഫിന്റെയും വിവാഹബന്ധത്തിന്റെ ഫലമായിട്ടാണ്. അവൻ (യേശു) നീതിമാനും എല്ലാവരേക്കാളും ജ്ഞാനിയും സമർത്ഥനും ആയിരുന്നു. അവന്റെ മാമോദീസായുടെശേഷം കർത്ത്യസന്നിധിയിൽ നിന്നു മ്ശിഹാ പ്രാവുപോലെ അവന്റെമേൽ ഇറങ്ങി. അപ്പോൾമുതൽ അറിയപ്പെടുന്ന പിതാവുണ്ടെന്ന് യേശു പഠിപ്പിക്കുവാനും അത്ഭുതങ്ങൾ പ്രവൃത്തിക്കുവാനും തുടങ്ങി. എന്നാൽ ക്രൂശിങ്കലേക്കു വന്നപ്പോൾ മ്ശിഹാ യേശുവിനെ ഉപേക്ഷിക്കുകയും യേശു കഷ്ടമനുഭവിച്ചു മരിച്ചുയിർത്തെഴുന്നേല്ക്കുകയും ചെയ്തു. പുനരുത്ഥാനശേഷം മ്ശിഹാ ഭൂമിയിൽ രാജാവായി ആയിരം സംവത്സരം വാഴുകയും മനുഷ്യശരീരത്തോടുകൂടി ഊർശ്ലേമിൽ വീണ്ടും വസിക്കുകയും വിവാഹം, ഭക്ഷണം, പാനീയം ആദിയായവക

ളാൽ അവർ ആനന്ദഭരിതരായിത്തീരുകയും ചെയ്യുമെന്നും മാലാഖമാരാൽ അവന് വെളിപാടു ഉണ്ടായിട്ടുണ്ട് എന്നിങ്ങനെ പറഞ്ഞിരുന്നു. അവൻ വി. വേദപുസ്തകത്തിന്റെ ശത്രുവായിരുന്നു. ഈ വേദവിപരീതിയെ യൂഹാനോൻ ശ്ലീഹാ വളരെ വെറുത്തിരുന്നു. വി. യൂഹാനോന്റെ ശിഷ്യനായ പോളിക്കാർപ്പോസിൽനിന്നു കേട്ടപ്രകാരം വി. ഈറിനിയോസ് പറയുന്നത് ഇപ്രകാരമാണ്. ഒരിക്കൽ യൂഹാനോൻ ശ്ലീഹാ പൊതുക്കുളിസ്ഥലത്തേക്കു പ്രവേശിച്ചു. എന്നാൽ കീറീൻതോസ് അതിൽ ഉണ്ടെന്ന് അദ്ദേഹം അറിഞ്ഞപ്പോൾ അദ്ദേഹം അവിടെനിന്നു പെട്ടെന്നു പുറത്തുകടക്കുകയും അവിടെ തന്നോടുകൂടെയുള്ളവരോട് നമുക്കു ഓടി രക്ഷപെടാം, സത്യത്തിൻ ശത്രുവായ കീറിൻതോസ് ഇതിനകത്തുള്ളതിനാൽ ഒരുപക്ഷേ ഈ കുളിമുറി നമ്മുടെ മേലും വീണേക്കാം എന്നു യൂഹാനോൻ അവരോടു പറയുകയുണ്ടായി. വി. ഈറീനിയോസ് വീണ്ടും നമ്മോട് അറിയിക്കുന്നത് വി. യൂഹാനോൻശ്ലീഹാ തന്റെ ഏവൻഗേലിയോൻ എഴുതിയത്: ഇവനും ഇവനു മുമ്പേ ഉണ്ടായിരുന്ന നീക്കോലാവോസിനും എതിരായി ലോകത്തിന്റെ സ്രഷ്ടാവും പ്രധാന ദൈവവും ഒന്നല്ല എന്ന് അവർ പഠിപ്പിച്ചതിനെ ഖണ്ഡിച്ചുകൊണ്ടാണ്.

## അബിയൂന്യർ

യഹൂദക്രിസ്ത്യാനികളിൽനിന്നുള്ള ഒരു കൂട്ടരാണ് ഇവർ. വേദവിപരീതം നിമിത്തം ഇവർ സഭയിൽനിന്നു വേർതിരിക്കപ്പെട്ടു. ഒറിജൻ ഇവരെ രണ്ട് സംഘമായി തിരിക്കുന്നു. ഇവരിൽ ഒരുകൂട്ടർ മ്ശിഹാ തമ്പുരാന്റെ അത്ഭുതജനനത്തെ വിശ്വസിക്കുകയും ഇതരർ നിഷേധിക്കുകയും ചെയ്തിരുന്നു. യൗസേബിയോസും ഒറിജനോട് അനുകൂലിച്ചു. മ്ശിഹായുടെ അത്ഭുതജനനത്തെ നിഷേധിക്കുന്നവർ മ്ശിഹായുടെ ശിക്ഷണാപരമായ ഉപദേശങ്ങളെ സ്വീകരിച്ചതുകൊണ്ടുമാത്രം യഹൂദന്മാരിൽനിന്നു വേർതിരിയപ്പെട്ടവരായി. മറ്റേ കൂട്ടർ മ്ശിഹായുടെ അത്ഭുതത്തെ വിശ്വസിച്ചിരുന്നുവെങ്കിലും തന്റെ ദൈവത്വത്തിൽ വേണ്ടവണ്ണം വിശ്വസിച്ചിരുന്നില്ല. എന്നാൽ മ്ശിഹായുടെ മാനുഷിക സ്വഭാവത്തോട് മാലാഖയുടെയോ പ്രധാനമാലാഖയുടെയോ ആദാമിന്റെയോ ആത്മാവ് ചേർന്നിരുന്നുവെന്നു അവർ വിശ്വസിച്ചിരുന്നു. ഈ രണ്ട് കൂട്ടരെപ്പറ്റിയും പൊതുവായി പറയുന്നതായാൽ താഴെ പറയുന്ന അഭിപ്രായങ്ങളും അവർക്കുണ്ടായിരുന്നതായിക്കാണാം. ദൈവത്തിന്റെ ഐക്യം (Union) അവർ സ്വീകരിച്ചിരുന്നു. മോശയുടെ ന്യായപ്രമാണത്തെ ആദരിക്കുന്നത് അത്യന്താപേക്ഷിതമാണ്. പുതിയ നിയമത്തിൽ മത്തായിയുടെ സുവിശേഷം മാത്രം സത്യമെന്ന് അവർ വിശ്വസിച്ചിരുന്നു. ഊർശ്ലേം മേലാലും ദൈവത്തിന്റെ പട്ടണമെന്നു അവർ ഉറച്ചിരുന്നു. അവരിൽ ചിലർ സഹസ്രാബ്ദവാഴ്ചയിൽ വിശ്വസിച്ചിരുന്നു. അബിയൂന്യർ വി. കുർബാന പുളിപ്പില്ലാത്ത അപ്പവും വെള്ളവും കൊണ്ടു നടത്തിയിരുന്നു. (സഭയുടെ പതിവിനെതിരായി) എന്ന് വി. അപ്പിപ്പാനിയോസ് പറയുന്നു. (വേദവിപരീത. 13:16).

## അദ്ധ്യായം 30

# പുതിയനിയമത്തിലെ സത്യപുസ്തകങ്ങളും അപ്പോക്രീഫാ പുസ്തകങ്ങളും

മ്ശിഹാതമ്പുരാൻ തന്റെ ഉപദേശങ്ങളേയും കല്പനകളേയും ഒരു പുസ്തകമായി എഴുതി തന്റെ സഭയെ ഭരമേല്പിക്കുകയോ, അവയെ തനിക്കുപകരം ഒരു പുസ്തകമായി എഴുതുന്നതിനു യാതൊരുത്തനോടും കല്പിക്കുകയോ ചെയ്തിട്ടില്ല എന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ അത്യാവശ്യം നേരിട്ടപ്പോൾ തന്റെ ശിഷ്യന്മാരിൽ ചിലർ തന്റെ കല്പനകളിലും ഉപദേശങ്ങളിലും കുറെയെല്ലാം ചില സ്ഥലങ്ങളിലുള്ള വിശ്വാസികൾക്ക് എഴുതുകയും, ഏതേതു സ്ഥലങ്ങളിലേക്ക് അയയ്ക്കപ്പെട്ടുവോ അവിടങ്ങളിലും സമീപസ്ഥലങ്ങളിലും മാത്രം ആരംഭത്തിൽ അവ വായിക്കപ്പെടുകയും ചെയ്തിരുന്നു. എന്തെന്നാൽ എല്ലാ വിശ്വാസികൾക്കും ഏവൻഗേല്യോൻ പുസ്തകങ്ങളുടെ ഒരു സഞ്ചയം (പുതിയ നിയമം മുഴുവൻ) ഇല്ലായിരുന്നു. ഓരോ പുസ്തകവും എവിടേക്കയയ്ക്കപ്പെട്ടുവോ അവിടെ മാത്രമേ ഉപയോഗത്തിലിരുന്നുള്ളു. എന്നാൽ രണ്ടാം ശതാബ്ദത്തിന്റെ ആദ്യഘട്ടത്തിൽ സഭകൾ തമ്മിൽ അടുത്ത ബന്ധമുണ്ടായപ്പോൾ ഈ സത്യപുസ്തകങ്ങൾ വേദവിപരീതികൾക്കെതിരായി പൊതുസഭയുടെ പ്രയോജനത്തിന് അന്യോന്യം കൊടുത്തുവന്നിരുന്നു. അപ്രകാരം സഭ ഈ ചെറുപുസ്തകങ്ങളെ കൂട്ടിച്ചേർത്ത് ഒരു പുസ്തകമാക്കി പുതിയ നിയമം എന്ന് അതിനു നാമകരണം ചെയ്യുകയും ഇന്നുവരെയും അത് സഭയിൽ നിലനിന്നു വരികയും ചെയ്തുവരുന്നു.

ഇന്നുവരെയും സൂക്ഷിക്കപ്പെട്ടിരിക്കുന്ന പുതിയനിയമത്തിലെ സാക്ഷാൽ പുസ്തകങ്ങൾ 27 ആണ്. അവ മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ നാലു ഏവൻഗേല്യോനുകൾ ശ്ലീഹന്മാരുടെ പ്രക്സീസ്, പൗലൂസ്ശ്ലീഹായുടെ പതിനാലു ലേഖനങ്ങൾ*, യാക്കോബ്, പത്രോസ്, യൂഹാനോൻ, ഈഹൂദോ** എന്നിവരുടെ ഏഴു

*അപ്പോ. പ്രവൃ. **യൂദാ (Jude): പത്രോസിന്റെ രണ്ട് ലേഖനങ്ങൾ, യൂഹാനോന്റെ മൂന്ന് ലേഖനങ്ങളും ചേർന്ന് ഏഴ് ലേഖനങ്ങൾ. (സംശോധകൻ)

ലേഖനങ്ങൾ യോഹന്നാന്റെ വെളിപാടു എന്നിവയാകുന്നു. എന്നാൽ സഭാപാരമ്പര്യം കൂടാതെ ഈ പുസ്തകങ്ങളെക്കുറിച്ച് അവ ശ്ലീഹന്മാരുടേത് തന്നെയോ എന്ന് സംശയമെന്യേ നിർണ്ണയിക്കുന്നതിനു നമുക്കു സാദ്ധ്യമല്ല,എന്തെന്നാൽ ശ്ലീഹന്മാരുടെ പേർവച്ചു ചില വേദ വിപരീതികൾ (നാം പിന്നാലെ കാണിക്കുവാനിരിക്കുന്ന പ്രകാരം) ആദ്യ നൂറ്റാണ്ടുകളിൽ രചിച്ചിട്ടുള്ള മററു പല പുസ്തകങ്ങളും ഇതുകൂടാതെയുണ്ട്. ആകയാൽ സഭയുടെ ആദ്യപിതാക്കന്മാരുടെ ലേഖനങ്ങളെ നാം ഈ സത്യാവസ്ഥയെ ഗ്രഹിപ്പാനായിട്ട് ആശ്രയിക്കേണ്ടിയിരിക്കുന്നു. കോറിന്തോസിലെ സഭയ്ക്കു റോമായിലെ വി. ക്ലീമ്മിസ് 95-ാമാണ്ടിൽ അയച്ച ലേഖനത്തിലും 107-ൽ അന്ത്യോഖ്യായുടെ വി. ഇഗ്നാത്യോസ് നൂറോനോ ചില സഭകൾക്കയച്ചുകൊടുത്ത ഏഴ് ലേഖനങ്ങളിലും വി. പോളിക്കർപ്പോസ് (155+) ഫിലിപ്പിയാസഭയ്ക്ക് അയച്ചുകൊടുത്ത ലേഖനത്തിലും വി. യുസ്തീനോസിന്റെ (167+) അപ്പോളജി (Apology) പുസ്തകത്തിലും പേർ പറയാതെ സുവിശേഷങ്ങളിൽനിന്നുള്ള പല ഉദ്ധരണികൾ കാണുന്നുണ്ട്. വി. യൂഹാനോൻശ്ലീഹായുടെ ശിഷ്യനായും ഹീറാപ്പോലീസിലെ എപ്പിസ്കോപ്പായുമായിരുന്ന വി. പാപ്പിയാസ് മത്തായിശ്ലീഹാ എബ്രായഭാഷയിൽ (പലസ്തീൻ സുറിയാനിയിൽ) തന്റെ ഏവൻഗേലിയോൻ എഴുതിയെന്നും, മർക്കോസ് തന്റെ ഓർമ്മയിൽ ഉണ്ടായിരുന്നതായി വി. പത്രോസ്ശ്ലീഹായിൽ നിന്നു കേട്ട നമ്മുടെ കർത്താവിന്റെ പ്രവൃത്തികളേയും വചനങ്ങളേയും എഴുതിയെന്നും തന്റെ പുസ്തകത്തിൽ സാക്ഷിക്കുന്നു. നാലാമത്തെ ഏവൻഗേലിയോന്റെ ഗ്രന്ഥകർത്താവായി വി. യൂഹാനോൻശ്ലീഹായെ കാണിക്കുന്നതിൽ പ്രഥമൻ അന്ത്യോഖ്യാപാത്രിയർക്കീസായ വി. തെയോഫിലോസ് (169-182) ആണ്. ഇദ്ദേഹം ആ ഗ്രന്ഥത്തിൽനിന്ന് എടുത്ത് എഴുതുകയും ചെയ്യുന്നു. നാല് ഏവൻഗേലിയോന്റെയും ചരിത്രം ഒരു പുസ്തകമാക്കിത്തീർക്കുന്നതിന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നുവെന്ന് മോർ ഈറാനിമോസ് പറയുന്നു. (Adalgesium എന്ന ലേഖനം) പൗലൂസിന്റെ ശിഷ്യനായ റോമായിലെ വി. ക്ലീമ്മീസാണ് ചിതറിക്കിടന്ന വി. പൗലൂസിന്റെ ലേഖനങ്ങളെ ഒന്നാക്കിച്ചേർത്തത്. ഈ പുസ്തകം പാരമ്പര്യത്താലത്രെ നമ്മുടെ കയ്യിൽ എത്തിയിരിക്കുന്നത്. ശ്ലീഹന്മാർ കൂടുതൽ പുസ്തകമെഴുതുകയും അവ പീഡകൾ നിമിത്തം വിശ്വാസികൾ ചിന്തിച്ചിതറിയതുമൂലം നഷ്ടപ്പെട്ടു എന്നും വരാം.

രണ്ടാം നൂററാണ്ടിന്റെ മദ്ധ്യത്തിൽ ജീവിച്ചിരുന്ന പ്രസിദ്ധ സിറിയൻ തത്ത്വജ്ഞാനിയായ തത്തിയാനോസ്* സുറിയാനിഭാഷയിൽ മേൽ പറഞ്ഞ ഈ നാല് ഏവൻഗേല്യോനുകളിലേയും മാത്രം സംഗതികളെ ക്രമമനുസരിച്ചുചേർത്ത് ഒരു പുസ്തകമാക്കി "ദിയാത്തെസ്സാറോൻ" എന്ന് നാമകരണം ചെയ്തിട്ടുണ്ട്.

---

*റ്റാസിയൻ (Tatian) എഡേസക്കാരനും റോമിലെ വൈദികാഭ്യാസനകേന്ദ്രത്തിൽ പഠിച്ചവനുമായിരുന്നു. സുറിയാനിസഭയിൽ വളരെ പ്രചാരത്തിലായിരുന്ന 'ദിയാറ്റെസറോൻ' വ്യാഖ്യാനം മോർ അപ്രേം രചിച്ചിട്ടുള്ളത് ഈ ഗ്രന്ഥത്തിന്റെ അക്കാലത്തെ സ്വീകാര്യത തെളിയിക്കുന്നു. (സംശോധകൻ)

രണ്ടാം ശതകത്തിന്റെ അവസാനത്തിൽ ഈ നാല് ഏവൻഗേലേ്യാനുകളും പ്രത്യേകമായി സുറിയാനിഭാഷയിൽ ആദ്യമായി കാണപ്പെട്ടു.[1]

മൂന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്നവനും വേദപുസ്തകജ്ഞാനപടുവും അതിന്റെ ക്രമീകരണത്തിനും വ്യാഖ്യാനത്തിനുംവേണ്ടി സർവ ക്രിസ്തീയ പിതാക്കന്മാരേക്കാൾ വളരെ കൂടുതൽ പ്രയത്നിച്ചവനുമായ ഓറിജാനീസ്* ഇപ്രകാരം പറയുന്നു. "ആകാശത്തിൻ കീഴുള്ള ദൈവത്തിന്റെ സഭയൊക്കെയിലും തർക്കമെന്യേ അംഗീകരിക്കപ്പെട്ടിരിക്കുന്ന നാല് ഏവൻഗേലിയോനുകളിൽ വച്ച് ഒരിക്കൽ ചുങ്കക്കാരനും പിന്നീട് യേശുമ്ശിഹായുടെ ശ്ലീഹായുമായ വി. മത്തായിയാൽ എഴുതപ്പെട്ട് യഹൂദക്രിസ്ത്യാനികളുടെ ഉപയോഗത്തിനായി എബ്രായഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ട സുവിശേഷമാണ് ഒന്നാമത്തേത് എന്ന് പാരമ്പര്യത്തിൽനിന്നും ഞാൻ മനസ്സിലാക്കിയിരിക്കുന്നു." ഇവയിൽ മത്തായി ശ്ലീഹായുടെ ഏവൻഗേലിയോനും എബ്രായർക്കുള്ള ലേഖനവുമൊഴികെ ശേഷമെല്ലാം യൗനായഭാഷയിലാണ് എഴുതപ്പെട്ടിട്ടുള്ളത്. മത്തായി പലസ്തീൻ സുറിയാനിയിൽ[2] സുവിശേഷം എഴുതി. എബ്രായലേഖനം എബ്രായഭാഷയിൽ എഴുതപ്പെട്ടു.

1 രണ്ടാം നൂറ്റാണ്ടിൽ ഉറഹോയിലെ സുറിയാനിക്കാരനായ പൗലോസ് ബാർ അർക്ക (എ.ഡി. 200) സുറിയാനി എസ്ത്രംഗേലി ലിപി ആദ്യമായി കണ്ടുപിടിക്കുകയും അതിന് ഉറഹോയുടെ എന്ന പേരു ഇടുകയുംചെയ്തു. ഇതു പ്രത്യേകിച്ച് ഏവൻഗേലിയോൻ എഴുതുന്നതിനു ആരംഭത്തിൽ ഉപയോഗിച്ചിരുന്നു. അതുകൊണ്ടാണ് എസ്ത്രംഗേലി എന്ന പേർ ഇതിനു സിദ്ധിച്ചത്. പിന്നീടു സുറിയാനിക്കാരായ എഴുത്തുകാർ ഈ ലിപിയിൽ എഴുതുവാൻ തുടങ്ങി.

ആദ്യമായി അറിയപ്പെട്ട ലിപി, സുറിയാനിയാണെങ്കിലും കാലാനുസരണമായി അതിനു രൂപവ്യത്യാസം ഉണ്ടായി. മ്ശിഹായുടെ കാലത്തിനു മുമ്പുണ്ടായിരുന്ന ലിപികളിൽ ചില വരകൾ മാത്രമേ ഇപ്പോൾ ശേഷിച്ചിട്ടുള്ളൂ. അതു തന്നെയും ഉറഹോയിൽ അബ്ഗർ രാജാക്കന്മാരുടെ ശവകുടീരത്തിലെ ചില ശിലയിലും മറ്റുമാണ് കാണുന്നത്.**

പതിനാലാം നൂറ്റാണ്ടുവരെ സുറിയാനിക്കാർ എസ്ത്രംഗേലി ലിപി ഉപയോഗിച്ചിരുന്നു. അനന്തരം എഴുത്തുകാർ അലങ്കാരത്തിന് അദ്ധ്യായങ്ങളുടെ തലക്കെട്ടുകൾക്കു മാത്രം അത് എഴുതിവന്നു.

2 സുറിയാനിഭാഷ ഉറഹോയ്, മെസപ്പെട്ടോമിയ, ഇറാക്ക്, പേർഷ്യയിൽ ചില ഭാഗങ്ങൾ, അന്തർസിറിയാ, പലസ്തീൻ എന്നീ സ്ഥലങ്ങളിൽ സംസാരിക്കപ്പെട്ടുവന്നിരുന്നു. കർത്താവും തന്റെ ഭാഗ്യവതിയായ മാതാവും ശിഷ്യന്മാരും ആ ഭാഷയിലത്രേ സംസാരിച്ചത്.*** ഇങ്ങനെ ആ ഭാഷയ്ക്ക് ഒരു പ്രത്യേക വൈശിഷ്ട്യം സിദ്ധിച്ചു. ആദ്യ നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ വിശ്വസിച്ചവരായ യഹൂദന്മാരിൽ ചിലർ മുഖേന പഴയനിയമ സുറിയാനി ഭാഷയിൽ

*ഒറിഗൻ **കൂടുതൽ പഠനങ്ങൾക്ക് Prof. Sebastian Brock എഴുതിയ *'Hidden Pearl'* എന്ന ഗ്രന്ഥസമുച്ചയം നോക്കുക. (സംശോധകൻ) ***സിറിയായിലെ ഡമാസ്കസിനടുത്തുള്ള 'മാലൂല' എന്ന ഗ്രാമത്തിൽ ഈ ഭാഷ ഇപ്പോഴും സംസാരഭാഷയായി നിലനിൽക്കുന്നു. ടർക്കിയിലെ ചില ഗ്രാമപ്രദേശങ്ങളിലും അവർ കുടിയേറിപ്പാർക്കുന്ന യൂറോപ്യൻ കേന്ദ്രങ്ങളിലും സുറിയാനിഭാഷയുടെ ആധുനികപ്രാദേശികരൂപമായ 'തൂറോയോ' സംസാരഭാഷയായി ഉപയോഗിച്ചുവരുന്നു. (സംശോധകൻ)

## വി. ഏവൻഗേലിയോനുകളും പ്രക്സീസും (അപ്പോ. പ്രവൃ.)

1. മത്തായി എഴുതിയ ഏവൻഗേലിയോൻ ചുങ്കക്കാരൻ മത്തായി ശ്ലീഹാ ഇതിനെ യീഹൂദിൽവച്ചു (39-42) വിശ്വാസികളായ യഹൂദരുടെ ആവശ്യപ്രകാരം എഴുതി.

2. മർക്കോസ് എഴുതിയ ഏവൻഗേലിയോൻ 61-ൽ റോമൻ വിശ്വാസികളുടെ അപേക്ഷപ്രകാരം മർക്കോസ് സുവിശേഷകൻ എഴുതി.[3]

3. ലൂക്കോസ് എഴുതിയ ഏവൻഗേലിയോൻ ലൂക്കോസ് സുവിശേഷകൻ 63-ൽ വിശ്വാസിയായ അലക്സ്ന്ത്ര്യാക്കാരൻ ബഹുമാന്യനായ തെയോഫിലോസിന് എഴുതി.

4. യൂഹാനോൻ എഴുതിയ ഏവൻഗേലിയോൻ എപ്പേസോസിൽ വച്ച് 98-ലോ 99-ലോ കീറിൻതോസിന്റേയും മറ്റും (മ്ശിഹായുടെ ദൈവത്വത്തെ ഉപേക്ഷിച്ചു പറഞ്ഞ) വേദവിപരീതങ്ങൾക്കെതിരായി എഴുതി.

5. പ്രക്സീസ് എ.ഡി. 64-ൽ മുമ്പു പറഞ്ഞ അലക്സന്ത്ര്യൻ തെയോഫിലോസിന് ലൂക്കോസ് എഴുതി.

## വി. പൗലൂസിന്റെ ലേഖനങ്ങൾ

6. റോമർക്കുള്ള ലേഖനം 58-ൽ കോറിന്തോസിൽവച്ച് വസന്തകാലത്ത് എഴുതി.

7. 1 കോരി. 57-ൽ വസന്തകാലത്ത് എഫേസൂസിൽവച്ച് എഴുതി.

---

തർജമ ചെയ്തു. പുതിയനിയമത്തിൽ, യോഹന്നാന്റെ 2-ഠ 3-ഠ ലേഖനങ്ങൾ പത്രോസിന്റെ രണ്ടാം ലേഖനം, യൂദായുടെ ലേഖനം എന്നിവ ഒഴിച്ചുള്ള മറ്റു പുസ്തകങ്ങളും രണ്ടാം നൂറ്റാണ്ടിൽ സുറിയാനിയിലേക്കു തർജമ ചെയ്യപ്പെട്ടു. ഈ തർജമയെ 'പ്ശീത്തോ' എന്നു വിളിച്ചുവരുന്നു. മാബൂഗിലെ വി. പീലക്സിനോസിന്റെ മേൽനോട്ടത്തിൽ പോളിക്കപ്പോസ് എന്ന കോറെപ്പിസ്ക്കോപ്പാ എ.ഡി. 505-ൽ പുതിയനിയമം ഗ്രീക്കിൽനിന്ന് സുറിയാനിയിലേക്ക് തർജമചെയ്തു. ഈ തർജമ പിന്നീട് വി. പീലക്സിനോസിന്റെ നാമത്തിൽ അറിയപ്പെട്ടു. പിന്നീട് 616-ൽ മാബൂഗിലെ മെത്രാപ്പോലിത്തായായ മോർ തോമസ് ഹർക്ക്ലോയോ മേൽപറഞ്ഞ തർജമയെ തെറ്റു തിരുത്തുകയോ പുതുതായി തർജമചെയ്യുകയോ ചെയ്തു. പിൽക്കാലത്ത് ആ തർജമ തന്റെ നാമത്തിൽ അറിയപ്പെട്ടു. 705-ൽ ഉറഹോയിലെ മോർ യാക്കോബ്* വി. വേദപുസ്തകങ്ങളുടെ തർജമ പരിശോധിക്കുകയും അതിനെ അദ്ധ്യായങ്ങളായി വിഭാഗിക്കുകയും ചെയ്തു. തന്നെയുമല്ല ഓരോ അദ്ധ്യായത്തിന്റെയും ആരംഭത്തിൽ അതാതിന്റെ സാരാംശം എഴുതുകയും സുറിയാനി, ഗ്രീക്ക് എന്നീ ഭാഷകളിലുള്ള വേദപുസ്തകത്തിന്റെ തർജമകളെക്കുറിച്ചും വാക്കുകളുടെ ശരിയായ ഉച്ചാരണത്തെക്കുറിച്ചും അനേക "കുറിപ്പു"കൾ എഴുതിച്ചേർക്കയും ചെയ്തിരിക്കുന്നു.

ഗ്രീക്കു യൗനായക്കാരുടെ ഭാഷയാണ്. ഏഷ്യാമൈനർ, അന്ത്യോഖ്യാ, തെക്കേ ഫ്രാൻസ്, റോം ആദിയായ സ്ഥലങ്ങളിൽ അത് സംസാരിച്ചിരുന്നു. അന്നത്തെ കാലത്ത് വിദ്യാഭ്യാസപരവും വാണിജ്യപരവുമായ ഒരു ഭാഷയായിരുന്നു അത്. പഴയനിയമത്തിന്റെ 'സെപ്തുജൻറ്' വിവർത്തനം (മ്ശിഹായ്ക്കു മുമ്പ്) 280 ബി.സി. എബ്രായലേഖനം, മത്തായിയുടെ സുവിശേഷം ഇവ ഒഴിച്ച് പുതിയ നിയമത്തിലെ എല്ലാ പുസ്തകങ്ങളും ഗ്രീക്കിലാണ് എഴുതപ്പെട്ടിരുന്നത്.

*Jacob of Edessa എന്ന് ഇംഗ്ലീഷിൽ അറിയപ്പെടുന്നു.

8. 2 കോരിന്തി 57-ൽ ശിശിര (Autumn) കാലത്ത് മക്കദോന്യായിൽവച്ച് എഴുതി.
9. ഗലാത്യർ-58-ൽ വസന്തകാലത്ത് കോരിന്തിൽവച്ച് എഴുതി.
10. എഫേസ്യർ 62-ൽ വസന്തത്തിൽ റോമായിൽവച്ച് എഴുതി.
11. ഫിലിപ്പിയർ 63-ൽ വസന്തത്തിൽ റോമായിൽവച്ച് എഴുതി.
12. കൊലോസ്യർ 62-ൽ വസന്തത്തിൽ റോമായിൽവച്ച് എഴുതി.
13. 1 തെസ്സലോനിക്യർ 52-ൽ കോരിന്തോസിൽവച്ച് എഴുതി.
14. 2 തെസ്സലോനിക്യർ 53-ൽ കോറിന്തോസിൽവച്ച് എഴുതി.
15. 1 തിമോത്തി 64-ൽ മക്കദോന്യായിൽവച്ച് എഴുതി.
16. 2 തീമോത്തി 65-ൽ റോമായിൽ കാരാഗൃഹത്തിൽവച്ച് എഴുതി. ഇത് തന്റെ അവസാനത്തെ ലേഖനമാണ്.
17. തീത്തോസ് മക്കദോന്യായിൽവച്ച് 64-ൽ എഴുതി.
18. ഫിലമോൻ 62-ൽ റോമായിൽവച്ച് വസന്തകാലത്ത് എഴുതി.

19. എബ്രായർ 63-ൽ മിക്കവാറും റോമായിൽ വച്ച് തന്റെ ആദ്യ ബന്ധനത്തിൽനിന്നും വിമോചിതനായപ്പോൾ എഴുതി. റോമായിലെ ക്ലീമ്മീസ് ഈ ലേഖനത്തെ പൗലൂസിന്റെ കാലത്തുതന്നെ യവനായ ഭാഷയിലേക്ക് (ഗ്രീക്ക്) വിവർത്തനം ചെയ്തു എന്ന് യൂസേബിയോസ് പറയുന്നു. അതുകൊണ്ട് ക്ലീമ്മീസ് ആണ് ഇതിന്റെ കർത്താവെന്ന് ചിലർക്ക് സന്ദേഹമുണ്ടായിരുന്നു.

## പൊതുലേഖനങ്ങളും വെളിപാടും

20. യാക്കോബ് കർത്താവിന്റെ സഹോദരനും ഊർശ്ലേമിന്റെ ഒന്നാമത്തെ എപ്പിസ്ക്കോപ്പായുമായ യാക്കോബ് 61-ൽ ഊർശ്ലേമിൽവച്ച് എഴുതി. അവിടെനിന്നും ജാതികളിൽ ചിതറിക്കപ്പെട്ടിരിക്കുന്ന 12 ഗോത്രങ്ങൾക്കും അയച്ചുകൊടുത്തു.[4]

21. 1 പത്രോസ് ഊർശ്ലേമിൽനിന്നും എ.ഡി. 50-ന് മുമ്പ് പൊന്തോസ്, ഗലാത്യ, കപ്പദോക്യ, ബന്തുനിയാ, ആസിയാ എന്ന് അഞ്ച് പട്ടണങ്ങൾക്ക് എഴുതി.

22. 2 പത്രോസ് 65-നും 67-നും മദ്ധ്യേ റോമായിൽവച്ച് മേൽപ്പറഞ്ഞ പട്ടണങ്ങൾക്ക് എഴുതി.

23. 1 യോഹന്നാൻ 98-ൽ എഫേസോസിൽവച്ച് എഴുതി.

24. 2 യോഹന്നാൻ 70-ൽ എഫേസൂസിൽവച്ച് വിശ്വാസിനിയായ കീറിയായയ്ക്ക് എഴുതി.

---

3 ലത്തീൻ ഭാഷയിലാണ് എഴുതിയതെന്ന് ചിലർ പറയുന്നു. ലത്തീൻഭാഷ റോമൻ എന്ന് പറഞ്ഞിരുന്നു. അക്കാലത്തെ റോമാസാമ്രാജ്യത്തിലെ രാഷ്ട്രീയ ഭാഷ ലത്തീൻ ആയിരുന്നു.

4 മോർ യാക്കോബിന്റെ പേരിൽ എഴുതപ്പെട്ടിട്ടുള്ളതും ഇറ്റാലിയൻ ക്രിസ്ത്യാനിയായ "കോദോറോത്തോസി"ന് അയച്ചിട്ടുള്ളതുമെന്ന് പറയപ്പെടുന്ന ഒരു അഫോക്രീഫാ ലേഖനമുണ്ട്. മ്ശിഹായുടെ പുനരുത്ഥാനത്തിൽ സത്യത്തെ യഹൂദന്മാർ മറയ്ക്കുവാൻ ശ്രമിച്ചതും അതിനുവേണ്ടി കാവൽക്കാർക്കു കൈക്കൂലികൊടുത്തതും യഹൂദന്മാരെക്കുറിച്ച് തേബേറിയോസ് കൈസർ വിധിച്ചതും മററുമായ പല സംഗതികൾ ഈ ലേഖനത്തിൽ അടങ്ങിയിരിക്കുന്നു.

25. 3 യോഹന്നാൻ 70-ൽ എപ്പേസൂസിൽവച്ചു ദർബ്ബി പട്ടണക്കാരനും വിശ്വാസിയുമായ ഗായോസിന് എഴുതി.

26. യീഹൂദാ കർത്താവിന്റെ സഹോദരനായ യൂദാ 66-ന് മുമ്പ് വിശ്വാസികളായ യഹൂദന്മാർക്ക് പത്രോസിന്റെ രണ്ടാമത്തെ ലേഖനത്തിൽനിന്നും ഉദ്ധരിച്ച് എഴുതുന്നു.[5]

27. വെളിപാട് മോർ യൂഹാനോൻശ്ലീഹാ 96-ൽ പത്മോസ്ദ്വീപിൽ നാടുകടത്തപ്പെട്ടിരിക്കുമ്പോൾ അവിടെവച്ച് എഴുതി[6]

## അപ്പോക്രീഫാ പുസ്തകങ്ങൾ

ഓറീജാനോസിന്റെയും യൗസേബിയോസിന്റെയും ഈറോനിമോസിന്റെയും പുസ്തകങ്ങളിൽനിന്നും നാം മനസ്സിലാക്കുന്നത് ആദ്യശതാബ്ദങ്ങളിൽ നാം മുകളിൽ പറഞ്ഞിട്ടുള്ള കാനോനാ പുസ്തകങ്ങൾക്കും പുറമേ ശ്ലീഹന്മാരുടെ എണ്ണം അനുസരിച്ചും മറ്റും പല ഏവൻഗേല്യോനുകൾ ഉണ്ടായിരുന്നു എന്നാണ്. അവകളിൽ പത്രോസ്, തോമാ, ബർതുൽമായി, മത്തായി, യാക്കോബ്, നീക്കോദിമോസ്, അപ്പോല്ലോസ്, ഫീലിപ്പോസ്, ബർന്നബാ, തദ്ദായി, എബ്രായർ, മെസ്രേന്യർ, അലക്സയ് പ്രവാചകൻ എന്നിവരുടെ ഏവൻഗേലിയോനുകളും ഉൾപ്പെടുന്നു. ഇവകളിൽ സുറിയാനിയിൽ എഴുതപ്പെട്ടതും നൊസ്രായരുടേത് എന്നു വിളിക്കപ്പെടുന്ന എബ്രായരുടെ ഏവൻഗേല്യോൻ ആണ് പ്രധാനമായത്. അബിയൂന്യരും ഈ ഏവൻഗേല്യോൻ ഉപയോഗിച്ചു വന്നിരുന്നു. നീക്കോദിമോസിന്റെ ഏവൻഗേല്യോൻ (ജെസ്റ്റാഫീലാത്തി എന്നും വിളിക്കപ്പെടുന്നു.) ഈ പുസ്തകം മ്ശിഹാതമ്പുരാന്റെ മരണം പീലാത്തോസിന്റെ മുമ്പാകെവച്ചുള്ള നടപടികൾ ഹേറോദേസും പീലാത്തോസും തമ്മിലുള്ള എഴുത്തുകുത്തുകൾ എന്നിവയെക്കുറിച്ച് സംഭാഷിക്കുന്നു. യാക്കോബിന്റെ ഏവൻഗേലിയോനിൽ കന്യക മറിയാമിന്റെ വിശദമായ ചരിത്രം അടങ്ങിയിട്ടുണ്ട്. അലക്സായി പ്രവാചകന്റെ ഏവൻഗേലിയോനെ ചില വേദവിപരീതകൂട്ടങ്ങൾ വളരെ ബഹുമാനിച്ചിരുന്നു. ഈ ഏവൻഗേലിയോനുകളിൽ മ്ശിഹായുടെ

---

5 (Compare Judas 17; 18 with പത്രോസ് 3:2-3) താൻ യാക്കോബിന്റെ സഹോദരനാകുന്നുവെന്നു ലേഖനത്തിന്റെ ആരംഭത്തിൽ പറഞ്ഞിരിക്കുന്നു. അതിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ പഴയനിയമത്തിൽ പരിജ്ഞാനമുള്ളവർക്കു തന്നെയല്ല, മിസ്രയേനിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചത് മാലാഖമാരുടെ വീഴ്ച, നശിക്കപ്പെട്ട പട്ടണങ്ങൾ, മോശയുടെ ശരീരത്തിനുവേണ്ടി മിഖായേലിന്റെ പോരാട്ടം ആദിയായ യഹൂദപാരമ്പര്യങ്ങളെക്കുറിച്ച് അറിവുള്ളവർക്കുംകൂടിയാണ് എഴുതിയത്. കായേൻ, ബിലയാം, കൂറാഹ എന്നിവരെക്കുറിച്ചും ഹാനോക്കിന്റെ ദീർഘദർശനങ്ങൾ മുതലായവയെക്കുറിച്ചുള്ള തെളിവുകളും ഇതിൽ ഉദ്ധരിച്ചിരിക്കുന്നു.

6 ഉത്തമഗീതവും മക്കുബായക്കാരുടെ രണ്ട് പുസ്തകങ്ങളുടെ മിക്ക ഭാഗങ്ങളും വി. സഭ പള്ളിയിൽ വായിക്കുന്നതിന് ഉൾപ്പെടുത്തിയിട്ടില്ലാത്തതു പോലെ വെളിപാടു പുസ്തകവും വായിക്കുവാൻ ക്രമീകരിച്ചിട്ടില്ല.

*കോരഹ്

പൈതൽക്കാലത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതേ രീതിയിൽതന്നെ ശ്ലീഹന്മാരുടെ പേരിൽ അനേകപ്രവൃത്തികളും വെളിപാടുകളും ലേഖനങ്ങളും ചരിത്രങ്ങളും കണ്ടെത്തപ്പെട്ടിട്ടുണ്ട്. ശ്ലീഹന്മാരുടെ ലേഖനം പൗലൂസിന്റെ അലക്സന്ത്രിയാർക്കും ലവോദോക്യായ്ക്കുമുള്ള ലേഖനങ്ങൾ കോരിന്തിയർക്കുള്ള മൂന്നാം ലേഖനം സീനിക്കായും (stoic) പൗലൂസ് ശ്ലീഹായും തമ്മിലുള്ള പതിനാലു ലേഖനങ്ങൾ പത്രോസ്, പൗലൂസ്, സ്തേപ്പാനോസ്, സ്കറിയാ എന്നിവരുടെ വെളിപാടുകൾ പൗലൂസ് മൂന്നാം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതിനെ സംബന്ധിച്ചുള്ള പുസ്തകം, പത്രോസ് പൗലോസിന്റെ സുവിശേഷം, പത്രോസ്, പൗലോസ് അന്ത്രേവാസ്, തോമാസ്, യൂഹാനോൻ, മത്തിയാ മത്തായി എന്നിവരുടെ പ്രവൃത്തികൾ, റോംന്തോക്കാരൻ യൗസേപ്പിന്റെ ചരിത്രം, ദൈവമാതാവിന്റെ വാങ്ങിപ്പിൻമേൽ കൂട്ടിച്ചേർത്തിട്ടുള്ള വ്യാജകഥകൾ[7] മുതലായവ ഇവകൾ എല്ലാം ആദ്യത്തെ മൂന്നു ശതാബ്ദങ്ങളിലെ വേദവിപരീതികൾ നിർമ്മിച്ചവയാണ്. മിക്കവാറും ഇവയെല്ലാംതന്നെ ഇപ്പോഴും കാണുന്നുണ്ട്. സഭ ഈ വ്യാജ ഏവൻഗേലിയോനുകളേയും ലേഖനങ്ങളേയും വെളിപാടുകളേയും പൂർണ്ണമായി നിഷേധിച്ചു. പ്രവർത്തികളുടെ പുസ്തകങ്ങളിൽനിന്നും ചരിത്രങ്ങളിൽനിന്നും വേദവിപരീതങ്ങളേയും പ്രത്യക്ഷത്തിൽതന്നെ വ്യാജങ്ങളുണ്ടെന്ന് മനസ്സിലായ പുസ്തകഭാഗങ്ങളേയും മാത്രം നിഷേധിച്ചു.

---

7 ദൈവമാതാവിന്റെയും നമ്മുടെ കർത്താവിന്റെയും ചരിത്രം, യാക്കോബിന്റേതെന്ന് പറയപ്പെടുന്ന ഏവൻഗേലിയോൻ (അഫോക്രീഫാ) മത്തായിയുടേതെന്നു പറയപ്പെടുന്ന ഏവൻഗേല്യോൻ എബ്രായക്കാരൻ തോമായുടേതെന്നു പറയപ്പെടുന്ന മ്ശിഹായുടെ പൈതൽ പ്രായത്തിന്റെ ഏവൻഗേല്യോൻ, കന്യകമറിയാമിന്റെ ജനനത്തിന്റെയും വാങ്ങിപ്പിന്റെയും ഏവൻഗേല്യോൻ എന്നീ ഗ്രന്ഥങ്ങളിൽനിന്നാണ് സംക്ഷേപിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത ഗ്രന്ഥങ്ങൾ ആറു ഭാഗങ്ങളായിട്ടാണ് വിഭജിച്ചിരിക്കുന്നത്.

# രണ്ടാം ശതാബ്ദം

### അദ്ധ്യായം 1

# മൂന്നാമത്തെ പീഡയും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും

ഏ.ഡി. 98-ാമാണ്ട് റോമൻ സാമ്രാജ്യസിംഹാസനത്തിന്മേൽ ത്രാജാനോസ്* ആരൂഢനായി. ഈ കാലത്ത് ക്രിസ്തുമതം ലോകത്തിൽ തടസ്സമെന്യേ പ്രചരിച്ചിരുന്നു. പുറജാതികളായ റോമാക്കാരാകട്ടെ നീറോയുടെ കാലംമുതൽതന്നെ ക്രിസ്ത്യാനിത്വത്തെ റോമൻ നാഗരികതത്വത്തിന്റെ ശത്രുവായിട്ടാണ് ഗണിച്ചുവന്നിരുന്നത്. ഇക്കാരണത്താൽ രാജ്യാധികാരികൾ ക്രിസ്ത്യാനികളുടെ സംഖ്യ കുറയ്ക്കുന്നതിനും സുവിശേഷപ്രചാരണത്തിനു തടസ്സങ്ങൾ വിവിധ രീതിയിൽ വരുത്തുന്നതിനും പ്രയത്നിച്ചുവന്നതിൽ അത്ഭുതമില്ലതന്നെ. ആകയാൽ വിഗ്രഹത്തിനു ബലികഴിക്കുന്നില്ലെങ്കിൽ ക്രിസ്ത്യാനികൾ പ്രത്യേകിച്ച് അവരുടെ ഇടയന്മാർ കൊല്ലപ്പെടണമെന്ന് ത്രാജാനോസ് കല്പിച്ചു. ഈ കല്പന പുറപ്പെട്ടപ്പോൾ അനേകർ മരണത്തിന് വിധിക്കപ്പെടുകയും മറ്റനേകർ തങ്ങളുടെ സ്ഥാനത്തുനിന്നു ബഹിഷ്കരിക്കപ്പെടുകയും ചെയ്തു.

പല സ്ഥലങ്ങളിലും ഈ പീഡ വ്യാപിച്ചപ്പോൾ ബിധൂന്യായിലെ നാടുവാഴിയായ പ്ലിനിയോസ് സാക്ഷിമരണം പ്രാപിക്കുന്ന അനേകരെ കണ്ട് പരിഭ്രമചിത്തനായി. എന്തെന്നാൽ ഇദ്ദേഹം ക്രിസ്ത്യാനികളെ കുറ്റം വിധിക്കുകയും സ്ഥാനഭ്രംശരാക്കുകയും ചെയ്തവനായിരുന്നു. ഇതികർത്തവ്യതാമൂഢനായി എ.ഡി. 110-നും 111-നും മദ്ധ്യേ അവൻ ത്രാജാനോസുരാജാവിന് അയച്ച ഒരെഴുത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "വിഗ്രഹസേവ നടത്തുവാൻ അവർ ഇഷ്ടപ്പെടുന്നില്ല എന്നല്ലാതെ യാതൊരു തിന്മയും അവരിൽ കാണുന്നില്ല. അവർ പ്രഭാതത്തിൽ എഴുന്നേറ്റ് ദൈവത്തെ എന്നപോലെ മ്ശിഹായെ മഹത്ത്വപ്പെടുത്തുകയും പ്രാർത്ഥിക്കുകയും വ്യഭിചാരം, അക്രമം, വ്യാജം എന്നിവയും അതുപോലെയുള്ള മറ്റു സംഗതികളിൽനിന്നകന്നിരിക്കുകയും ചെയ്യുന്നു." ഈ എഴുത്തിന് ത്രാജാനോസ് രാജാവ് അയച്ച മറുപടി "ക്രിസ്ത്യാനികളെ അന്വേഷിച്ചു പിടിക്കേണ്ട എന്നാൽ വിഗ്രഹങ്ങളെ അധിക്ഷേപിക്കുന്നതായി തെളിഞ്ഞാൽ ശിക്ഷിക്കപ്പെടട്ടെ" എന്നായിരുന്നു. ഈ കല്പനമുഖാന്തിരം സർവത്ര വ്യാപിച്ചിരുന്ന ആ പീഡയുടെ കാഠിന്യം ഏതാണ്ടു ശമിച്ചു എന്ന് തർത്തുല്യാനോസ് പറയുന്നു.

ഈ പീഡയിൽ രക്തസാക്ഷികളായവരിൽ പ്രസിദ്ധർ മോർ ശർബീലും, അദ്ദേഹത്തിന്റെ സഹോദരി ബാബായും ഊർശ്ലേമിലെ എപ്പി

*ട്രാജൻ

സ്കോപ്പായായ മോർ ശിമയോനും ത്രാജാനോസ് രാജാവിന്റെ പുത്രി ദ്രോസീസും, റോമായിലെ മോർ ക്ലീമ്മീസും അന്ത്യോഖ്യായിലെ പാത്രിയർക്കീസായ മോർ ഇഗ്നാത്യോസ് നൂറോനോമായിരുന്നു. ശർബ്ബീലാ കട്ടെ ഉറഹായിലെ കാവ്യരുടെ പുരോഹിതനായിരുന്നു. ഉറഹായിലെ എപ്പിസ്കോപ്പയായ ബാർ സമിയോ കാവ്യരിൽനിന്നും അനേകരെ ക്രിസ്തീയ വിശ്വാസികൾ ആക്കിയതിനോടൊപ്പം ഇദ്ദേഹത്തെയും സഹോദരിയെയും ശിഷ്യപ്പെടുത്തി മാമോദീസാ മുക്കി. ശർബ്ബീലാ കട്ടെ നാടുവാഴിയായ ലിസ്യാസ് മുഖാന്തിരം ഭയവിഹ്വലങ്ങളായ ശിക്ഷകൾ സഹിച്ച് വാളാൽ അറുക്കപ്പെട്ടു. അവസാനം സഹോദരിയോടു കൂടി 105-ൽ ശിരച്ഛേദംചെയ്യപ്പെട്ടു. ഇപ്രകാരം അവർ സാക്ഷിയിൻ കിരീടം പ്രാപിച്ചു. എന്നാൽ ബാർ സമലിയോയാകട്ടെ ലിസ്യാസ് നാടുവാഴിയുടെ കല്പനയനുസരിച്ച് വിവിധങ്ങളായ ദണ്ഡനങ്ങളെയും പീഡനങ്ങളെയും സഹിച്ചതിനുശേഷം ഒരു "മൗദ്യോനോ"*പോലെ ഏതാനും കാലശേഷം സ്വാഭാവികമരണം പ്രാപിച്ചു. ശിമവോനാകട്ടെ, വി. മറിയാമിന് വിവാഹം നിശ്ചയിക്കപ്പെട്ട യൗസേഫിന്റെ സഹോദരനായ ക്ലേയോഫായുടെ പുത്രനായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവായ ക്ലേയോഫാ മറിയാമിനെക്കുറിച്ച് വി.ഏവൻഗേലിയോനിൽ പറഞ്ഞിട്ടുണ്ട്. തന്റെ പിതൃസഹോദരപുത്രനായ വി.യാക്കോബിന്റെ സാക്ഷിമരണശേഷം (എ.ഡി. 68-ൽ) ശിമവോൻ ഊർശ്ലേമിന്റെ രണ്ടാമത്തെ എപ്പിസ്കോപ്പായായി വാഴിക്കപ്പെട്ടു. സുറിയായിലെ നാടുവാഴിയായ ആത്തിക്കോസ് എ.ഡി. 106-ൽ ഇദ്ദേഹത്തെ പിടിച്ച് അനേകദിവസങ്ങൾ ദണ്ഡിപ്പിച്ചു. അപ്പോൾ അയാൾക്ക് 120 വയസ്സായിരുന്നു. അയാളുടെ സഹിഷ്ണുതകണ്ട് ന്യായാധിപനും കൂടെയുള്ളവരും അത്ഭുതപരതന്ത്രരായിത്തീർന്നു. വി. ശെമവൂൻ അവസാനം നമ്മുടെ കർത്താവിനെപ്പോലെ കുരിശിൽ മരണം സ്വീകരിച്ചു. ഫിജിസിഫോസ് പറയും പ്രകാരം ദൈവജ്ഞാനം തങ്ങളുടെ ചെവികൾ കൊണ്ട് കേൾക്കുകയും കണ്ണുകൾകൊണ്ട് കാണുകയും ചെയ്ത ശ്ലീഹന്മാരുടെ കൂട്ടത്തിൽ ഉള്ളവരിൽ അവസാനത്തവൻ ഇവൻ ആയിരുന്നു. രാജപുത്രിയായ ദ്രോസിസാകട്ടെ മ്ശിഹായിൽ വിശ്വസിക്കുകയും വിശ്വാസികളായ രക്തസാക്ഷികളുടെ ശരീരങ്ങൾ രാത്രിയിൽ കൊണ്ടുപോയി സംസ്കരിക്കുകയുംചെയ്യുക പതിവായിരുന്നു. അവൾ മ്ശിഹായെ തള്ളിപ്പറയുന്നതിൽ വിസമ്മതിക്കയാൽ അവളുടെ പിതൃസന്നിധിയിൽവച്ചുതന്നെ സാക്ഷിമരണം പ്രാപിച്ചു. ത്രാജാനോസിന്റെ സൈന്യങ്ങളെ പരിശോധിച്ച സന്ദർഭത്തിൽ തങ്ങൾ ക്രിസ്ത്യാനികളാകുന്നു എന്ന് ചിലർ ഏറ്റുപറഞ്ഞു. പതിനോരായിരം പേരേ അർമ്മീനിയായിലേക്ക് നാടുകടത്തി. കുരിശിക്കപ്പെട്ടവനായ മ്ശിഹായെ വന്ദിക്കുന്നവരായിക്കണ്ട എല്ലാവരേയും ഏതാനും കാലശേഷം തല ഛേദിച്ചു. അദ്രിയാനോസ് രാജാവിന്റെ കാലത്ത് അറാറത്ത് മലയിൽ വച്ച് കുരിശിക്കപ്പെട്ടവരായ സഹദേന്മാരുടെ ചരിത്രത്തിൽ പറഞ്ഞിരിക്കുന്നത് ഈ സൈന്യങ്ങളെക്കുറിച്ചായിരിക്കാം.

* Confessor, കർത്താവിനെ വിശ്വസിച്ച് ഏറ്റു പറയുന്നയാൾ.

## അദ്ധ്യായം 2

# റോമിലെ വിശുദ്ധ ക്ലീമ്മീസ്

വിശുദ്ധ ക്ലീമ്മീസ് അന്നത്തെ റോമൻ കുടുംബത്തോട് ബന്ധമുള്ളവനും റോമിലെ ശ്രേഷ്ഠവും മാന്യവുമായ ഒരു കുടുംബത്തിലെ അംഗവുമായിരുന്നു. ചരിത്രകാരന്മാർ പറയുന്നത് ഇദ്ദേഹം യൗനായഭാഷയിൽ പുസ്തകം എഴുതിയ റോമൻ എഴുത്തുകാരിൽ ഒന്നാമനായിരുന്നു എന്നത്രെ. ഇദ്ദേഹം റോമാസാമ്രാജ്യക്കാർ ആചരിച്ചുവന്നിരുന്ന വിഗ്രഹാരാധനയെ ഉപേക്ഷിക്കുകയും മ്ശിഹായിൽ വിശ്വസിക്കയും ചെയ്തു ക്രിസ്ത്യാനിത്വം റോമായിൽ അധഃപതനാവസ്ഥയിൽ ആയിരുന്ന കാലത്ത് ഇദ്ദേഹം ക്രിസ്ത്യാനിയായിത്തീർന്നതുകൊണ്ട് ആയതു ക്രിസ്തുമതത്തിന്റെ ഉൽക്കർഷത്തിന് കാരണം ആയിത്തീർന്നു. (ഫിലിപ്പിയർ 4:3-22). തന്മൂലം ശ്രേഷ്ഠന്മാരും മാന്യന്മാരുമായ അനേകർ വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെട്ടു. അവർ ആരെന്നാൽ വെസ്പെസിയാനോസ് കൈസറിന്റെ സഹോദരപുത്രൻ ആയ റോമിലെ പ്രധാനന്മാരിൽ ഒരുവനായ പ്ലൗയോസ് ക്ലീമ്മീസും അവന്റെ ഭാര്യയും പ്ലൗയാസ് ക്ലീമ്മീസിന്റെ സഹോദരപുത്രിയായ പ്ലൗയാദൊമിത്തില്ല എന്നിവരാകുന്നു.

വി.ക്ലീമ്മീസ്, പൗലൂസ് ശ്ലീഹായുടെ ശിഷ്യനായിരുന്നു. പ്രഥമ ശതവർഷത്തിന്റെ അവസാനഘട്ടത്തിൽ എ.ഡി.92-ൽ വി. പൗലൂസിനുശേഷം ഭരിച്ചവരിൽ റോമാസിംഹാസനത്തിലെ മൂന്നാമത്തെ എപ്പിസ്കൂപ്പാ ആയിരുന്നു.[1] ദൊമിത്തിയാനോസ് രാജാവിന്റെ കാലത്താണ് (എ.ഡി.81 മുതൽ 96വരെ) ഇദ്ദേഹം റോമിൽ ഭരണം നടത്തിയത്.

ഇദ്ദേഹത്തിന്റെ പുണ്യജീവിതവും സുകൃതപ്രവർത്തനങ്ങളും മൂലം സ്വന്തവർഗ്ഗത്തിൽപ്പെട്ട അനേകർ വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെട്ടു. എന്നാൽ റോമിലെ രാജാലോചനസംഘം അവിടുത്തെ കുലീനന്മാരിൽ ആരുതന്നെയും മതപരിവർത്തനം ചെയ്യുന്നത് ഏറ്റവും ദുസ്സഹമായി കരുതിയിരുന്നതുകൊണ്ട് ഇദ്ദേഹത്തെ പ്രസ്തുതസംഘത്തിനു മുമ്പിൽ ഹാജരാക്കുവാൻ കല്പനയുണ്ടായി. അദ്ദേഹം ഹാജരാക്കപ്പെട്ടപ്പോൾ സംഘത്തലവനായ മമത്തീനോസ് ക്രിസ്തുമതം ഉപേക്ഷിച്ചു.

1. ഒന്നാമത്തേത് വി.പൗലൂസ് രണ്ടാമത്തേത് വി. ലീനോസ (1.തീമോത്തി 4: 21) മൂന്നാമത്തേത് അനക്ലീത്തോസ്.

തന്റെ വംശത്തിന്റെ ബഹുമാനത്തെയും കുലശ്രേഷ്ഠതയേയും പരിരക്ഷിക്കണമെന്ന് അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അദ്ദേഹം അതു നിരസിച്ചു. അപ്പോൾ അവർ ത്രാജാനോസ് കൈസറിനെ വിവരം അറിയിക്കുകയും ആ വിശുദ്ധനെ 'കറം' എന്ന സ്ഥലത്തുവച്ച് നിന്ദ്യവും കഠിനവുമായ വേലയ്ക്കായിട്ട് കൈസർ നാടുകടത്തുകയുംചെയ്തു. അദ്ദേഹം അവിടെ എത്തിയപ്പോൾ ഇതുപോലെ നാടുകടത്തപ്പെട്ടവരായ രണ്ടായിരത്തോളം ക്രിസ്ത്യാനികളെ കാണുകയും അവരോടുകൂടെ മാർബിൾ വെട്ടിയെടുക്കുന്ന ജോലിയിൽ ഏർപ്പെടുത്തപ്പെടുകയുംചെയ്തു.

ആ സ്ഥലത്ത് ഉറവകൾ ഒന്നും ഇല്ലാതെ ഇരുന്നതിനാൽ സ്ഥലനിവാസികൾ വളരെ വിഷമതകൾ അനുഭവിച്ചുപോന്നു. വി. ക്ലീമ്മീസ് വ്യാകുലനായി ദൈവത്തോട് അപേക്ഷിച്ചപ്പോൾ മ്ശിഹാ കുഞ്ഞാടിനെപ്പോലെ അദ്ദേഹത്തിനു പ്രത്യക്ഷപ്പെടുകയും അദ്ദേഹത്തിന്റെ മുമ്പിൽ നടന്ന്, സ്വച്ഛജലമുള്ള ഒരു അരുവിയിലേക്ക് കൊണ്ടുപോകുകയുംചെയ്തു. ഈ സംഭവം അന്നത്തെ ദിക്‌വാസികൾ അറിഞ്ഞപ്പോൾ അദ്ദേഹത്തോടു അവർക്കു വളരെ ബഹുമാനം തോന്നുകയും തന്മൂലം പലരും കർത്താവിലേക്ക് തിരിയുകയുംചെയ്തു. ഇത് കൈസർ അറിഞ്ഞപ്പോൾ അവരെ വിഗ്രഹാരാധനയിലേക്കു തിരിക്കുന്നതിനായി ഒസീദിയോസ് എന്ന മന്ത്രിയെ അയച്ചു. അവൻ സർവ്വശക്തിയും ഉപയോഗിച്ചിട്ടും ഫലമുണ്ടാകാതിരുന്നതിനാൽ ആദ്യമായി അവരുടെ തലവനെ തുടർന്നു മറ്റുള്ളവരെയും അനുസരിപ്പിക്കാം എന്നു വിചാരിച്ച് വിഗ്രഹത്തിനു ധൂപം കാട്ടുവാൻ അവരുടെ തലവനെ നിർബന്ധിച്ചു. എത്രതന്നെ ശാന്തമായും വശീകരിക്കത്തക്കവണ്ണവും വി. ക്ലീമ്മീസിനോടു സംസാരിച്ചിട്ടും മ്ശിഹായെ ഉപേക്ഷിക്കുന്നതിന് അദ്ദേഹം വിസമ്മതിക്കുകയും അവൻ കോപാന്ധനായി ആ വിശുദ്ധന്റെ കഴുത്തിൽ നങ്കൂരംകെട്ടി സമുദ്രത്തിൽ ഇട്ടുകളയുകയുംചെയ്തു. ഇദ്ദേഹം റോമിലെ സഭയെ ഏഴ് കൊല്ലം ഭരിച്ചശേഷം ട്രാജൻചക്രവർത്തിയുടെ ഭരണത്തിന്റെ മൂന്നാം ആണ്ടിൽ സ്വജീവനെ ത്യജിച്ചിട്ട് ജയകിരീടം പ്രാപിച്ചു. ഒരു ലേഖനം ഇദ്ദേഹം സഭയ്ക്കു നൽകി. അക്കാലത്ത് കോരിന്തിലുണ്ടായ കലഹശമനത്തിനായും അവിടെ എഴുതി അയച്ചുകൊടുത്തതായിരുന്നു. "റോമിലുള്ള ദൈവസഭയിൽനിന്നും കോരിന്തിലുള്ള ദൈവസഭയ്ക്കു" എന്നായിരുന്നു അതിന്റെ തലഎഴുത്ത്. തനിക്ക് കോരിന്ത്യസഭയിലെ വിശ്വാസികളെക്കുറിച്ച് തന്റെ ഗുരുവായ പൗലൂസിന്റെ കാലംമുതൽ അടുത്ത് പരിചയം ഉണ്ടായിരുന്നതുകൊണ്ട് അവരുടെ ഇടയിൽ കലഹം ഉണ്ടായതിൽ സങ്കടം ഉണ്ടായി. ആകയാൽ അവർ കലഹം ഉപേക്ഷിച്ച് സമാധാനമായി ജീവിക്കണമെന്ന് സ്നേഹപൂർവം അവരെ ഗുണദോഷിക്കുന്നു. ഒന്നാം നൂറ്റാണ്ടിലെ പരിശുദ്ധപിതാക്കന്മാർക്ക് ഇപ്രകാരമുള്ള പതിവുണ്ടായിരുന്നു. ഇത് എ.ഡി. 97-ൽ എഴുതി. ഇതിന് 65 അദ്ധ്യായങ്ങളുണ്ട്. 3 ആളുകൾ

വശം ഇത് കൊടുത്തയച്ചു. അത് പുരാതനകാലത്ത് അനേകം പള്ളികളിൽ വായിക്കപ്പെട്ടിരുന്നു. അത് അതിലുള്ളതായ ഉപദേശങ്ങളെ അവർ അനുഭവപ്പെടുത്തുന്നതിനും സഭയിൽ ഭിന്നതകളും പിരിച്ചിലുകളും ഉണ്ടാക്കുന്നവരെ ശാസിക്കുന്നതിനുമായിരുന്നു. ആചാര്യത്വത്തിന്റെ ത്രിവിധ പദവികളിലുമുള്ള ഓരോ കൂട്ടരുടേയും ചുമതലകളും അധികാരങ്ങളും വിവരിക്കുന്നതുമായിരുന്നു. അൽമായക്കാർ സഭാനിയമത്തിന് അനുസരണമായി പെരുമാറണമെന്ന് കാണിച്ചിരുന്നു. ഇതിൽ എബ്രായലേഖ നത്തിലെ പല കാര്യങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. കോരിന്ത്യസഭയ്ക്കുള്ള ഈ ലേഖനത്തിന്റെ എഴുത്തുകാരൻ ക്ലീമ്മീസാകുന്നുവെന്ന് പ്രസ്താവിച്ച ഒന്നാമത്തെ ദേഹം രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്ത് ജീവിച്ചിരുന്ന കോരിന്ത്യോസിലെ വി. ദീവന്നാസ്യോസ് എപ്പിസ്കോപ്പാ ആകുന്നു. അദ്ദേഹം റോമിലെ സൂത്തയറിന് അയച്ചതായ ലേഖനത്തിലാണ് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നത്. ഈ ലേഖനം ഞായറാഴ്ചകളിൽ അവിടെയുള്ള പള്ളിയിൽ വായിക്കപ്പെട്ടിരുന്നു എന്നും അദ്ദേഹം പറയുന്നു. മോർ ക്ലീമ്മീസിന്റെ നാമത്തിലും കോരിന്ത്യസഭയ്ക്ക് വേറൊരു ലേഖനമുണ്ട്. അത് മിക്കവാറും രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തോ, അവസാനകാലത്തോ ഒരു ഈജിപ്ഷ്യൻ എഴുത്തുകാരൻ എഴുതി എന്ന് പറയപ്പെടുന്നു. ഇപ്രകാരംതന്നെ വി. മോർ ക്ലീമ്മീസിന്റെ നാമത്തിൽ സുറിയാനിഭാഷയിൽ കണ്ടെത്തപ്പെട്ട “കന്യാവ്രത”ത്തെക്കുറിച്ചുള്ള മറ്റ് രണ്ടു ലേഖനങ്ങളും മൂന്നാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ എഴുതപ്പെട്ടവയും അദ്ദേഹത്തിന്റെ നാമത്തിൽ തന്നെ അറിയപ്പെടുന്നവയുമായ ഇതര എട്ട് പുസ്തകങ്ങളുമുണ്ട്. ക്രൈസ്തവസഭ എക്കാലവും ഈ പുസ്തകങ്ങളെ സ്വീകരിക്കുന്നു. അവയിൽ അഞ്ചാം പുസ്തകത്തിൽ വി. പാത്രിയർക്കീസിനു പട്ടം കൊടുക്കുമ്പോൾ മാത്രം വായിക്കാവുന്ന ഒരു പ്രാർത്ഥനയുണ്ട്. അതിന്റെ പേർ “പരിശുദ്ധാത്മവിളിയിൻപ്രാർത്ഥന” എന്നത്രെ. വി. പൗലോസ് ശ്ലീഹായുടെ പതിനാല് ലേഖനങ്ങൾ ഒന്നായി കൂട്ടിച്ചേർത്ത് ഒരു പുസ്തകമാക്കിയത് ഇദ്ദേഹമാണ്.

### അദ്ധ്യായം 3

# വി. അന്ത്യോഖ്യായുടെ പാത്രിയർക്കീസായ മോർ ഇഗ്നാത്യോസ് നൂറോനൊ

മ്ശിഹാതമ്പുരാൻ എടുത്ത് മാറോടണച്ച് വിനയത്തിനും ഹൃദയശുദ്ധിക്കും ദൃഷ്ടാന്തമായി കാണിച്ചുകൊടുത്ത ആ ചെറിയ കുട്ടി ഇദ്ദേഹമായിരുന്നു. ഇദ്ദേഹം പ്രായമായപ്പോൾ ഒരു സത്യവിശ്വാസിയായിത്തീർന്നു. താൻ ആദ്യം പത്രോസിന്റെ ശിഷ്യനും പിന്നീട് മോർ യൂഹാനോൻ ഏവൻഗേലിസ്തായുടെ ശിഷ്യനുമായിരുന്നു. ഭൂരിഭാഗം ചരിത്രകാരന്മാരും പറയുന്നത് പ.പത്രോസ് തന്റെ സിംഹാസനം അന്ത്യോഖ്യായിൽ സ്ഥാപിച്ചപ്പോൾ അവിടെ രണ്ട് എപ്പിസ്ക്കോപ്പന്മാർക്ക് പട്ടം കൊടുത്തു എന്നും അവർ ഏവോദിയോസും ഈ ഇഗ്നാത്യോസും ആയിരുന്നുവെന്നുമത്രെ.

ഏവാദിയോസ്, പത്രോസ്ശ്ലീഹായുടെ കീഴിൽ അന്ത്യോഖ്യാ പള്ളിയുടെ വികാരിയായിരുന്നു. വി. പൗലോസിന്റെയും ബർന്നബാസിന്റെയും അന്ത്യോഖ്യൻ സന്ദർശനവേളയിൽ ഇദംപ്രഥമമായി ക്രിസ്ത്യാനി എന്ന പേരു സ്വീകരിച്ച അന്ത്യോഖ്യാക്കാരൻ ഇദ്ദേഹമായിരുന്നുവെന്ന് ചില ചരിത്രകാരന്മാർ പറയുന്നു.

പത്രോസ്ശ്ലീഹാ ഇദ്ദേഹത്തെ അന്ത്യോഖ്യായിലെ ജാതികളിൽ നിന്നുള്ള ക്രിസ്ത്യാനികളുടെ ശുശ്രൂഷയ്ക്കായി നിയമിച്ചു. എന്നാൽ ഇഗ്നാത്യോസിനെ അവിടെയുള്ള യഹൂദക്രിസ്ത്യാനികളുടെ ശുശ്രൂഷയ്ക്കായും നിയമിച്ചു. ഇങ്ങനെ എ.ഡി. 60-ൽ പ.പത്രോസ് തന്റെ ശ്ലൈഹികപര്യടനത്തിന് പുറപ്പെട്ടപ്പോൾ ഇവർ ഇരുവരും തന്റെ പ്രതിപുരുഷന്മാരായി അവിടെ ഭരിച്ചുവന്നു. എ.ഡി. 67-ൽ വി.പത്രോസ് സാക്ഷിമരണം പ്രാപിച്ചപ്പോൾ മോർ ഏവോദിയോസ് തന്റെ പിൻഗാമിയായ രണ്ടാമത്തെ പാത്രിയർക്കീസായി. ഏതാനും കാലത്തെ ശുശ്രൂഷയ്ക്കുശേഷം എ.ഡി.68-ൽ തന്റെ നാഥങ്കലേക്കു വാങ്ങിപ്പോയി മിക്കവാറും നീറോയുടെ കല്പനപ്രകാരം സാക്ഷിമരണം പ്രാപിച്ചതായിരിക്കണം. അപ്പോഴും ഇഗ്നാത്യോസ് ജീവിച്ചിരിപ്പുണ്ടായിരുന്നു. അനന്തരം യഹൂദക്രിസ്ത്യാനികളും വിജാതീയ ക്രിസ്ത്യാനികളും വി. ഇഗ്നാത്യോസിന്റെ ഭരണത്തിൻ കീഴായിത്തീർന്നു. അങ്ങനെ അന്ത്യോഖ്യാ

സിംഹാസനത്തിലെ മൂന്നാമത്തെ പാത്രിയർക്കീസായ ഇദ്ദേഹം പരിശുദ്ധനും ശ്രേഷ്ഠനും മതതത്ത്വജ്ഞാനിയുമായിരുന്നു.

ഇദ്ദേഹത്തിന്റെ ഭരണകാലത്ത് കാരാഗൃഹവാസം, നാടുകടത്തൽ ആദിയായ അനേകം പീഡകൾ ഇദ്ദേഹം സഹിച്ചു. ദൊമത്തിയാനോസ് രാജാവിന്റെ കല്പനംമൂലം ക്രിസ്ത്യാനികൾക്ക് നേരിട്ട പീഡകളാണ്, യേശുവിനുവേണ്ടി ഇത്രമാത്രം കഷ്ടതകൾ സഹിപ്പാൻ ഇദ്ദേഹത്തെ പ്രാപ്തനാക്കിത്തീർത്തത്. ഇദ്ദേഹം അവയെ സഹിക്കുകയും വിശ്വാസികളെ പീഡകൾ സഹിക്കുന്നതിൽ ധൈര്യപ്പെടുത്തുകയും ചെയ്തിരുന്നു. ഇദ്ദേഹം വി.ശ്ലീഹന്മാരുടെ സകല പ്രവർത്തികളും അനുകരിക്കുകയും ഒരു ജ്ഞാനിയായ കപ്പിത്താനു തുല്യനായി അന്ത്യോഖ്യാസഭയെ ഭരിക്കുകയും ശത്രുവിന്റെ പീഡയുടെ ശക്തിക്കെതിരായി പ്രാർത്ഥന, ഉപവാസം, സൽപ്രവർത്തികൾ ചെയ്യുന്നതിനുള്ള പ്രേരണ എന്നിവയുടെ ചുക്കാൻ പിടിച്ചുകൊണ്ട് നിൽക്കുകയുംചെയ്തിരുന്നു. ചുരുങ്ങിയകാലത്തേക്കുമാത്രമെങ്കിലും സഭയിൽ പീഡ ശമിച്ചതിൽ വി.ഇഗ്നാത്യോസ് നൂറോനോ സന്തോഷിക്കുകയും സഭയുടെ സ്ഥിരീകരണത്തിന് അക്ഷീണപരിശ്രമം പെയ്യുകയും ചെയ്തു. തനിക്കു പ്രാർത്ഥനയിൽ വെളിപ്പെട്ടുകൊണ്ടിരുന്ന വി. വേദവ്യാഖ്യാനങ്ങളാൽ എല്ലാവരുടെയും ഹൃദയങ്ങളെ താൻ പ്രകാശിപ്പിച്ചുകൊണ്ട് ദൈവിക ദീപമെന്നതുപോലെ സദാ സഭയിൽ അദ്ദേഹം നിലകൊണ്ടു . അന്ത്യോഖ്യാസിംഹാസനത്തിന്മേലുള്ള തന്റെ ദീർഘഭരണത്തിൽ താൻ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ചിലതു മാത്രമെ നാം അറിഞ്ഞിട്ടുള്ളു. എന്നാൽ ഒരു പൊതുനിരീക്ഷണം നടത്തുന്നതായാൽ വിശ്വാസം വളരെ വർദ്ധിക്കുകയും അനേകർ വിശ്വസിക്കുകയും ചെയ്തതായി കാണാം. ഇദ്ദേഹമാണ് അഗ്നിമയന്മാരായ മാലാഖമാർ ദൈവം മുമ്പിൽ രണ്ട് കൂട്ടമായി നിന്ന് കീർത്തനം പാടുന്നതായി ദർശനത്തിൽ കണ്ട് അന്ത്യോഖ്യാസഭയിൽ പള്ളികളിൽ അപ്രകാരം ഗായകസംഘത്തെ ക്രമീകരിച്ചത് ഇദ്ദേഹം തന്റെ പുണ്യജീവിതംമൂലം ശ്രേഷ്ഠമായ സാക്ഷിമരണത്താൽ ഏറ്റവും പ്രശസ്തനായിത്തീർന്നു.

എ.ഡി.98-ൽ ത്രാജാനോസ് ചക്രവർത്തി സിംഹാസനാരൂഢനായി. അദ്ദേഹം പേർഷ്യരുമായി യുദ്ധത്തിനു പോയപ്പോൾ അന്ത്യോഖ്യായിൽകൂടി കടന്നുപോകയും അവിടുത്തെ പാത്രിയർക്കീസായ മോർ ഇഗ്നാത്യോസ് കാവ്യത്വത്തിന് ബദ്ധവൈരിയാണെന്ന് അറിയുകയും അദ്ദേഹത്തെ ആളയച്ചുവരുത്തി അദ്ദേഹത്തോടു വിഗ്രഹാരാധനയിലേക്ക് തിരിയണമെന്ന് നിർബന്ധമായി ആവശ്യപ്പെടുകയുംചെയ്തു. അവരുടെ ഇടയിലുണ്ടായ തർക്കത്തിനുശേഷം പരിശുദ്ധൻ ലേശംപോലും സമ്മതിക്കുന്നില്ലയെന്ന് കണ്ടപ്പോൾ രോഷാകുലനായിത്തീർന്ന ചക്രവർത്തി ഈ വിശുദ്ധനെ ബന്ധിച്ചു റോമിൽ കൊണ്ടുപോയി വന്യമൃഗങ്ങൾക്കു കൊടുക്കുവാൻ കല്പിച്ചു. വിശുദ്ധനാകട്ടെ ഈ വിധി സന്തോഷപൂർവ്വം സ്വീകരിച്ചു. അദ്ദേഹത്തെ ബന്ധിക്കുവാൻ ചങ്ങലയു

മായി പടയാളികൾ ചെന്നപ്പോൾ നിലത്തു മുട്ടുകുത്തി ചങ്ങലയെ ചുംബിച്ചുകൊണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്തി. 40-ാം സംവത്സരം തന്നാൽ ഭരിക്കപ്പെട്ട ഇടവകയോട് യാത്ര പറയുകയുംചെയ്തു. രക്ത സാക്ഷിമരണം പ്രാപിക്കുവാൻ അതിവാഞ്ഛയോടുകൂടി മദ്ധ്യവേനൽ കാലത്ത് പത്ത് പട്ടാളക്കാരോടുകൂടി അന്ത്യോഖ്യായിൽനിന്നും സെലൂ ഖ്യാവഴി റോമിലേക്കു പോയി. ഫിലോൻ, അഗാക്കാബോസ് എന്ന് രണ്ടു ശെമ്മാശന്മാരും അദ്ദേഹത്തോടുകൂടി ഉണ്ടായിരുന്നു. യാത്രാ മദ്ധ്യേ കാണുവാൻ സാധിച്ച എല്ലാ വിശ്വാസികളേയും സ്വന്തവചന ങ്ങളാൽ സമാശ്വസിപ്പിച്ചു. ചിങ്ങമാസത്തിൽ സ്മിർണ്ണായിൽ എത്തി ച്ചേർന്നു. മോർ യൂഹാനോൻശ്ലീഹായുടെ ഉത്തമശിഷ്യനും തന്റെ സഖാവും സ്മിർണ്ണായിലെ എപ്പിസ്ക്കോപ്പയുമായ വി.പോളിക്കർ പ്പോസ് തന്നെ എതിരേറ്റു. അപ്പോൾ മോർ ഇഗ്നാത്യോസ് തനിക്ക് സഹ ദായിൻ കിരീടം പ്രാപിക്കുവാൻ അതിവാഞ്ഛയുണ്ടെന്ന് വി. പോളി ക്കാർപ്പോസിനെ അറിയിച്ചു. സ്മിർന്നായിൽ തന്റെ അടുക്കൽ എപ്പേസൂ സിലെ എപ്പിസ്ക്കോപ്പായായ ഓനീസ്മോസ് തന്റെ പട്ടക്കാരായ ബു റഹോസ് ഒപ്പിലോസ് ഫ്റോന്തോ, ക്രോന്തോസ് എന്നിവരോട് കൂടെ വന്നു. അതേപ്രകാരംതന്നെ ത്രാലിയോസ് മഗ്നീസ്യ എന്നീ സഭകൾ അവരുടെ എപ്പിസ്ക്കോപ്പന്മാരായ പോലിബിയോസ്, ദാമാസ് എന്നി വരെ തന്റെ അടുക്കൽ അയച്ചു. ഈ സഭകളും സ്മിർണ്ണായ്ക്കു ചുറ്റു മുള്ള സഭകളും തന്നോട് അനുഗ്രഹം യാചിച്ചപ്പോൾ കന്നിമാസത്തിന്റെ പ്രാരംഭഘട്ടത്തിൽ സ്മർന്നായിൽനിന്നും അവർക്കു ലേഖനങ്ങളയച്ചു. ലേഖനങ്ങളുടെ അവസാനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. “ഞാൻ ദൈവസന്നിധിയിൽ എത്തിച്ചേരുവാൻ നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെ ഓർത്തുകൊള്ളുവിൻ. ഭരിക്കുവാൻ എനിക്കു യോഗ്യതയി ല്ലാത്ത സിറിയായിലെ സഭയെ നിങ്ങൾ മറന്നുകളയരുത്.” അദ്ദേഹം തന്റെ എഴുത്തുകളുടെ കൂട്ടത്തിൽ ചിങ്ങം പതിനൊന്നാംതീയതി റോമാ യിലെ സഭയ്ക്ക് ഒരു ലേഖനം എഴുതുകയും അതിൽ അവർ തന്റെ രക്തസാക്ഷിമരണത്തിനു തടസ്സം ഉണ്ടാകരുതെന്നും, താൻ പ്രിയപ്പെ ടുന്ന ആശയ്ക്ക് അവർ പ്രതിബന്ധമായിരിക്കരുതെന്നും അപേക്ഷി ക്കുകയുംചെയ്തിട്ടുണ്ട്. അതിൽതന്നെ വീണ്ടും നിങ്ങളുടെ പ്രാർത്ഥന യിൽ സിറിയായിലെ (അന്ത്യോഖ്യായിലെ) സഭയെ ഓർക്കണം. എനിക്കു പകരം അതിന് ഇന്നുള്ള ഇടയൻ യേശുമ്ശിഹായായ ദൈവം മാത്രമാണെന്ന് എഴുതിയിരിക്കുന്നു. അദ്ദേഹം സ്മിർണ്ണായിൽനിന്ന് തർവ്വാദായിലേക്ക് പോയി. അവിടെവച്ച് ഫിലാദൽഫിയായിലും സ്മിർ ണ്ണായിലും ഉള്ള സഭകൾക്ക് ലേഖനങ്ങൾ അയച്ചു. പ്രത്യേകിച്ച് വി. പോളിക്കർപ്പോസിന് അദ്ദേഹം എഴുതി അയയ്ക്കുകയും തന്റെ അന്ത്യോഖ്യാ ഇടവകയെ ഒരു സത്യഇടയനെ എന്നപ്രകാരം അദ്ദേ ഹത്തെ ഭരമേല്പിക്കയും അതിനുവേണ്ടി താല്പര്യമായി ഉത്സാഹി പ്പിക്കണമെന്ന് അപേക്ഷിക്കുകയുംചെയ്തു. മോർ ഇഗ്നാത്യോസ്

റോമിൽ എത്തിയപ്പോൾ വിശ്വാസികൾ ദുഃഖഹൃദയത്തോടുകൂടി അദ്ദേഹത്തിന്റെ സന്നിധിയിൽ എത്തി പടയാളികൾക്കു കൈക്കൂലി കൊടുത്തു വിശുദ്ധനെ സ്വതന്ത്രനാക്കുവാൻ ആഗ്രഹിച്ചു എന്നാൽ അദ്ദേഹം അനുവദിച്ചില്ല. അപ്പോൾ അവർ അദ്ദേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തി കണ്ണുനീർ വാർത്തു. അദ്ദേഹം അവരെ അനുഗ്രഹിക്കുകയും സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയുംചെയ്തു. അനന്തരം അദ്ദേഹത്തിന്റെ ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ട് പടയാളികൾനിന്ന സ്ഥലത്തേക്ക് ആനയിക്കപ്പെട്ടു. ഭയങ്കരമായ ആ കാഴ്ചയിൽ സംഭ്രമിക്കാതെ സന്തോഷസമന്വിതം വന്യമൃഗങ്ങളുടെ സ്ഥലത്തേക്കു പോയി. ഉദ്ദേശം എൺപത്തേഴായിരത്തോളം ആളുകൾ അവിടെ ഉണ്ടായിരുന്നു. നിമിഷമാത്രയിൽ രണ്ട് സിംഹങ്ങൾ അദ്ദേഹത്തെ ചീന്തി (എ.ഡി. 107-ൽ, ധനു 20)[1]ക്കീറി. ഏതാനും കാലങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ അസ്ഥികൾ അന്ത്യോഖ്യായിലേക്കു കൊണ്ടുപോയി.

വേദവിപരീതികളിൽനിന്നു സൂക്ഷിച്ചുകൊള്ളണമെന്നും വി. ശ്ലീഹന്മാരുടെ പാരമ്പര്യങ്ങളിൽനിന്ന് അകന്നുപോകരുതെന്നും, എപ്പിസ്ക്കോപ്പന്മാരെ അനുസരിക്കയും കശീശന്മാരോടും ശെമ്മാശന്മാരോടും സംയോജിക്കയും ചെയ്യുന്നത് വിശ്വാസൈക്യത്തിനും സത്യോപദേശസംരക്ഷണത്തിനും ആവശ്യം ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്ത കാര്യമാണെന്നും കാണിച്ച് മോർ ഇഗ്നാത്യോസ് അമൂല്യങ്ങളായ വിശിഷ്ട ഗ്രന്ഥങ്ങളും വിശിഷ്ടമായ ഏഴ് ലേഖനങ്ങളും സഭയ്ക്കു നൽകി. ഇവയെ തന്റെ സാക്ഷിമരണത്തിന് മുമ്പ് 107-ൽ എപ്പേസൂസിൽ മഗ്നീസ്യ, ത്രാലിയേസ്, റോം, ഫിലാദൽഫിയാ, സ്മിർണ്ണ എന്നീ സഭകൾക്കും വി.പോളിക്കർപ്പോസിനും ആയി എഴുതി. ഫിലിപ്പിയർക്ക് പോളിക്കർപ്പോസ് എഴുതിയ ലേഖനത്തിൽ നിങ്ങൾ ആവശ്യപ്പെട്ടതനുസരിച്ചു മോർ ഇഗ്നാത്യോസ് നമുക്കു അയച്ച ലേഖനങ്ങൾ ഈ എഴുത്തിന്റെ അവസാനഭാഗത്തു രേഖപ്പെടുത്തി അയക്കുന്നു. അതിൽനിന്നു നിങ്ങൾക്ക് വലിയ ഉപകാരം സിദ്ധിക്കും. വിശ്വാസം, സഹിഷ്ണുത മുതലായ ക്രിസ്തീയ ഭയഭക്തിയ്ക്കാവശ്യമായ സകലവും അതിൽ ഉണ്ട് എന്നു കാണിച്ചിരിക്കുന്നു. ഇദ്ദേഹത്തിന്റെ ലേഖനങ്ങളിൽനിന്ന് എപ്പിസ്ക്കോപ്പാസ്ഥാനവും കശീശസ്ഥാനവും ശെമ്മാശസ്ഥാനവും വ്യത്യസ്ഥങ്ങളായ മൂന്നു സ്ഥാനങ്ങളാണെന്നു തെളിയുന്നു. കാതോലികസഭ എന്ന പദം സ്മിർണ്ണായിലേക്കുള്ള ഇദ്ദേഹത്തിന്റെ എഴുത്തിലാണ് ആദ്യമായി വെളിപ്പെട്ടത്. ദൈവമാതാവിന്റെ കന്യകാവ്രതത്തെക്കുറിച്ച് ഈ എഴുത്തുകളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരംതന്നെ വി. കുർബാന മ്ശിഹാതമ്പുരാന്റെ സാക്ഷാൽ തിരുരക്തങ്ങളാകുന്നു എന്നതിനെക്കുറിച്ചും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന മുതലായവയെക്കുറിച്ചും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്.

---

1 വൃശ്ചികം 17-ാം തീയതി ആയിരുന്നു തന്റെ സാക്ഷിമരണമെന്ന് പരിശുദ്ധന്മാരുടെയും സഹദേന്മാരുടെയും ചരിത്രത്തിൽ കാണുന്നു.

### അദ്ധ്യായം 4

# നാലാമത്തെ പീഡയും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും

എ.ഡി. 117-ൽ ത്രാജാനോസ് രാജാവ് നിര്യാതനായപ്പോൾ അദ്ദേഹത്തിന്റെ സഹോദരപുത്രനായ ഹദ്രിയാനോസ് തൽസ്ഥാനം പ്രാപിച്ചു. 117 മുതൽ 138വരെ) ഇദ്ദേഹം ക്രിസ്ത്യാനികളെ ദ്വേഷിച്ചിരുന്നു. ഇക്കാലത്ത് ചില സ്ഥലങ്ങളിൽ പുറജാതികൾ ക്രിസ്തുമതത്തോടുള്ള വിദ്വേഷം നിമിത്തവും തങ്ങളുടെ മതവൈരാഗ്യം ഹേതുവായും ശരിയല്ലാത്തതായ കുറ്റാരോപണങ്ങളാലും മറ്റു ക്രിസ്ത്യാനികളുടെ നേരേ കൂട്ടംകൂടി അവരെ പുറജാതി ന്യായാധിപന്മാരുടെ മുമ്പാകെ ഹാജരാക്കി വധാർഹമായ കുറ്റം അവരുടെമേൽ ചുമത്തിയിരുന്നു. ന്യായാധിപന്മാരാകട്ടെ ശരിയായ അന്വേഷണം ഒന്നും കൂടാതെ അവരുടെ അട്ടഹാസം നിമിത്തം ന്യായരഹിതമായി അവരുടെ അപേക്ഷയ്ക്ക് അനുമതിയും നൽകി ശിക്ഷ കല്പിച്ചിരുന്നു. ഈ രീതിയിൽ ക്രിസ്ത്യാനികളിൽ അനേകരും കൊലയ്ക്ക് വിധിക്കപ്പെട്ടിരുന്നു. 124-ൽ യുസ്തിനോസ് പറയുംപ്രകാരം സിറിനിയോസ് ഗ്രാനിയാനോസ് എന്ന ഏഷ്യാമൈനറിലെ നാടുവാഴി അവരുടെ മതാനുഷ്ഠാനം ഒഴികെ യാതൊരു കുറ്റവും കൂടാതെ ജനങ്ങളുടെ പ്രലപനത്തെ മാത്രം അടിസ്ഥാനപ്പെടുത്തി അന്യായമായി ക്രിസ്ത്യാനികളെ വധിക്കുന്നത് ഒരിക്കലും നീതീകരിക്കത്തക്കതല്ലെന്ന് രാജാവിനെ അറിയിക്കുകയും അപ്പോൾ ന്യായമായ കാരണം കൂടാതെ ക്രിസ്ത്യാനികളെ വധിക്കരുതെന്ന് രാജാവ് കല്പിക്കുകയുംചെയ്തു. എന്നാൽ രാജാവിന്റെ ഈ കല്പന സുവ്യക്തമായിരുന്നില്ല എന്നുതന്നെയുമല്ല. ഉപായരീതിയിലുമായിരുന്നു. അതായത് ക്രിസ്ത്യാനികൾ എന്നുള്ള നാമധാരണം കുറ്റകരമോ അല്ലയോ എന്ന് വിശദമാക്കിയിരുന്നില്ല. ഈ കല്പനയ്ക്ക് ക്രിസ്ത്യാനികൾക്ക് വളരെ നാശമാണ് വരുത്തിയത്. എന്തുകൊണ്ടെന്നാൽ പുറജാതികൾ മുമ്പിലത്തെപ്പോലെതന്നെ ക്രിസ്ത്യാനികളുടെമേൽ കുറ്റാരോപണം ചെയ്യുകയും ബഹളംകൂട്ടി അട്ടഹസിക്കയും ചെയ്തിരുന്നു. ക്രിസ്ത്യാനികൾ അനേകരും സാക്ഷിമരണം പ്രാപിച്ചു. അവരിൽ പ്രധാനികൾ അന്ത്യോഖ്യാ സിംഹാസനത്തിൽ 20 വർഷം ഭരണം നടത്തിയശേഷം എ.ഡി. 127 ഒക്ടോബർ 17-ാം തീയതി അന്ത്യോഖ്യാപട്ടണത്തിലെ സൈന്യാധി

പനായ ഫീലീത്തോസ് എന്ന ആളാൽ വധിക്കപ്പെട്ടവനായ വി. ഈറോനും റോമിലെ എപ്പിസ്ക്കൂപ്പായായിരുന്നവനും ഗ്രീക്ക് വംശജനും 136-ൽ സാക്ഷിമരണം പ്രാപിച്ചവനുമായ വി. തീലസ്ഫോറോസും ആയിരുന്നു.

ഊർശ്ലേം പട്ടണം നശിപ്പിച്ച അവസ്ഥയിൽ 62 സംവത്സരം കിടന്ന ശേഷം പലസ്തീൻ നാട്ടിൽ അങ്ങുമിങ്ങുമായി ചിതറിക്കിടന്ന യഹൂദന്മാർ അവിടെ തിരിച്ചുവരുവാൻ ആഗ്രഹിച്ചു. സ്വയം മ്ശിഹാ എന്ന് ഭാവിച്ചിരുന്ന ബാർ കൗക്ബൊ എന്നു പേരുള്ള അവരുടെ തലവന്റെ നേതൃത്വത്തിൽ അവർ റോമാസാമ്രാജ്യത്തോടു മത്സരിക്കയും പട്ടണം അവർ വീണ്ടെടുക്കയും കേടുവന്ന ഭാഗങ്ങൾ വീണ്ടും പണി ആരംഭിക്കുകയുംചെയ്തു. ഈ യഹൂദന്മാർ ക്രിസ്ത്യാനികളെ തങ്ങളുടെ മതത്തിൽ ചേരുവാൻ നിർബന്ധിക്കുകയും റോമാക്കാരോടുള്ള മത്സരത്തിൽ അവരെ സഹായിക്കണമെന്ന് ആവശ്യപ്പെടുകയുംചെയ്തു. ഈ കാര്യം സമ്മതിക്കാഞ്ഞതിനാൽ ക്രിസ്ത്യാനികളിൽ അനേകരും കൊല്ലപ്പെട്ടു. അപ്പോൾ ഹെദ്രിയാനോസ് കൈസർ യഹൂദന്മാരെ അമർച്ച ചെയ്യുവാൻ സൈന്യാധിപനായ യൂലിയോസ് സേവേറോസിനെ ഊർശ്ലേമിലേക്ക് അയച്ചു. അദ്ദേഹം അവിടെ എത്തി. എ.ഡി.136-ൽ അവരോടു യുദ്ധം ചെയ്യുകയും അവരെ അവിടെനിന്ന് ഓടിക്കയും അവരിൽ 580000 പേരെ വധിക്കയും ഊർശ്ലേം ഉൾപ്പെടെ യഹൂദപട്ടണങ്ങളെ നശിപ്പിക്കുകയുംചെയ്തു. അനന്തരം കൈസർ യഹൂദന്മാരുടെ ഒരു പട്ടണമായിരുന്ന ഊർശ്ലേമിനെ ഒരു പുതിയ റോമാപട്ടണമായി വ്യത്യാസപ്പെടുത്തുകയും "ഏലിയകാപിറ്റോലീന" എന്ന് നാമകരണം ചെയ്യുകയും ചെയ്തു. ഊർശ്ലേമിൽനിന്ന് ബേത്ലഹേമിലേക്കുള്ള വഴിയുടെ ആ വലിയ വാതിൽക്കൽ പന്നിയുടെ രൂപം ഉണ്ടാക്കി സ്ഥാപിച്ചു.

യഹൂദന്മാർക്ക് ശ്ലേമൂന്റെ ആലയത്തെക്കുറിച്ച് പ്രത്യാശ ഉണ്ടായിരുന്നതുകൊണ്ട് ക്രിസ്ത്യാനികൾക്ക് മ്ശിഹായുടെ കബർ ഒരു സങ്കേതസ്ഥാനം ആയിരുന്നതുകൊണ്ടുമാണ് ഈ രണ്ടുകൂട്ടരും ഈ പട്ടണത്തെ സദാ ആഗ്രഹിക്കുവാൻ കാരണമായിത്തീർന്നത് എന്ന് ഹദ്രിയാനോസ് കൈസർ മനസ്സിലായപ്പോൾ ശ്ലേമൂന്റെ ദൈവാലയവും മ്ശിഹായുടെ കബറും ഉന്മൂലനം ചെയ്യുന്നതിനു പകരം റോമാക്കാരുടെ ദേവന്മാർക്ക് ക്ഷേത്രം പണിയിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. അദ്ദേഹം അതിനാൽ ശ്ലേമൂന്റെ ആലയത്തിന്റെ അടിസ്ഥാനത്തിന്മേൽ ജൂപ്പിറ്റർ ദേവന് ഒരു ക്ഷേത്രം ഉണ്ടാക്കുകയും മ്ശിഹായുടെ കബറിന്മേലും ഗോഗുൽഥായിലും ഒരു കുന്നുണ്ടാക്കി അതിന്മേൽ വീനോസ് ദേവിക്ക് ആലയം ഉണ്ടാക്കുകയും ബേത്ലഹേം ഗുഹയുടെ സമീപം ആദൂനിസ് ദേവന്റെ ക്ഷേത്രം പണിയിക്കയുംചെയ്തു. ഈ പ്രവൃത്തിമൂലം ആ പുണ്യസ്ഥലങ്ങളുടെ നാമം മാഞ്ഞുപോകുന്നതിനു പകരം അവയ്ക്ക് പൂർവ്വാധികം കീർത്തി ഉണ്ടാകുകയത്രെ ചെയ്തത്. ഊർശ്ലേം പട്ടണത്തിൽനിന്ന് എല്ലാ യഹൂദന്മാരേയും പുറത്താക്കി. പൂർവ്വിക

മായ ആ മഹത്ത്വത്തെപ്പറ്റി വിലപിക്കാൻ ആണ്ടിൽ ഒരു പ്രാവശ്യം മാത്രം പട്ടണത്തിൽ പ്രവേശിക്കുവാൻ അനുവദിച്ചു. സുറിയാനിക്കാരിൽനിന്നും റോമാക്കാരിൽനിന്നും ഗ്രീക്കുകാരിൽനിന്നും ആയി വിജാതീയ ക്രിസ്ത്യാനികൾ ഈ വാർത്ത അറിഞ്ഞ് ഊർശ്ലേമിൽ വന്ന് താമസം ഉറപ്പിച്ചു. ശ്ലീഹന്മാരുടെ കാലം മുതൽ ഈ കാലം വരെ ഊർശ്ലേമിൽ 15 എപ്പിസ്കൂപ്പന്മാർ വാണു. അവർ പരിഛേദനക്കാരിൽ നിന്നുള്ളവർ ആയിരുന്നു. എന്നാൽ ഈ കാലത്ത് ജാതികളിൽനിന്ന് എപ്പിസ്കൂപ്പന്മാരെ തിരഞ്ഞെടുപ്പാൻ തുടങ്ങി. പരിച്ഛേദനക്കാരായ എപ്പിസ്ക്കൂപ്പന്മാർക്കുശേഷം അവിടെ ഒന്നാമതായി എപ്പിസ്ക്കൂപ്പാസ്ഥാനം സ്വീകരിച്ചത് മർക്കോസ് ആയിരുന്നു. ഹദ്രയാനോസ് കൈസർ ചരമമടഞ്ഞപ്പോൾ ക്രിസ്തബ്ദം 138-ൽ അന്തോനിയോസ് കൈസർ രാജ്യഭാരം കൈയേറ്റു. പ്രാരംഭത്തിൽ ഇദ്ദേഹം നന്മ ചെയ്യുകയും ക്രിസ്ത്യാനികൾക്ക് പൂർണ്ണസ്വാതന്ത്ര്യം അനുവദിക്കയും ചെയ്തു. എന്നാൽ യൂറോപ്പിൽ വലിയ ക്ഷാമവും ഏഷ്യാമൈനറിൽ ഭയങ്കര ഭൂകമ്പങ്ങളും ഉണ്ടായപ്പോൾ വിഗ്രഹാചാര്യന്മാർ രാജസന്നിധിയിൽ ചെന്ന് ക്രിസ്ത്യാനികളെപ്പറ്റി "ഇവർ രാജ്യത്തുള്ള കാരണത്താൽ ദേവന്മാർ കോപിച്ചിരിക്കുന്നു" എന്ന് പറഞ്ഞു. അപ്പോൾ മുതൽ രാജാവ് ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാൻ തുടങ്ങി. ഒടുവിൽ വി. യൂസ്തീനോസ് റോമിൽ ചെന്ന് ക്രിസ്തുമതത്തിനുവേണ്ടി വാദപ്രതിവാദം നടത്തി. അദ്ദേഹം ഒരു "അപ്പോളജി" പുസ്തകം എഴുതി അന്തോനിയോസിന്റെയും അദ്ദേഹത്തിന്റെ കൗൺസിലിന്റെയും മുമ്പാകെ സമർപ്പിച്ചു. ആ പ്രബന്ധത്തിൽ ക്രിസ്ത്യാനികൾക്കെതിരായി ശത്രുക്കൾ ആരോപിച്ചിട്ടുള്ള കുറ്റം യഥാർത്ഥങ്ങളല്ല എന്ന് കാണിച്ചു. ക്രിസ്ത്യാനികളുടെ മര്യാദയയും സുകൃതത്തേയും അതിൽ വിവരിച്ചിട്ടുമുണ്ടായിരുന്നു.

യുസ്തീനോസ് തന്റെ വാദപ്രതിവാദത്തിൽ ഇപ്രകാരം പറയുന്നു. സത്യമൊഴികെ യാതൊന്നും എന്റെ ഈ പുസ്തകത്തിൽ ചേർത്തിട്ടില്ല എന്ന് നിങ്ങൾ അറിയുവാനായി അതിൽ ഞങ്ങളുടെ മേൽ ആരോപിച്ചിരിക്കുന്ന അന്യായത്തെക്കുറിച്ച് സൂക്ഷ്മമായി ശോധനചെയ്യണം. ഞങ്ങളുടെ ഭാഗത്താണ് അന്യായമെങ്കിൽ ഞങ്ങളെ വേണ്ടതുപോലെ ശിക്ഷിച്ചുകൊൾവിൻ. ഞങ്ങളോടു ദയവായി പെരുമാറേണ്ട. എന്നാൽ ശത്രുക്കൾ ഞങ്ങളുടെ മേൽ ആരോപിച്ച കുറ്റങ്ങളും അന്യായവും ശരിയാണെന്ന് തെളിയിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ വൃഥാ കുറ്റാരോപണത്തിന് അധീനരായ നിരപരാധികളെ ദണ്ഡിപ്പിക്കുന്നത് ന്യായമല്ല. ഞങ്ങൾ മൗനമായിരിക്കുന്നതുകൊണ്ട് ഞങ്ങളെക്കുറിച്ചുള്ള കുറ്റാരോപണങ്ങൾ സ്ഥിരപ്പെടാതിരിപ്പാൻ തക്കവണ്ണം ഞങ്ങളെത്തന്നെ നീതീകരിക്കേണ്ടിയിരിക്കുന്നു." ഇപ്രകാരം അദ്ദേഹം അന്തൂനീയോസ് കൈസറിനോടും രാജാലോചന സംഘത്തോടും വാദിച്ചപ്പോൾ ക്രിസ്ത്യാനികളെ പീഡിപ്പിക്കരുതെന്ന് ഏഷ്യാമൈനറിൽ എല്ലാ സ്ഥലങ്ങ

ളിലും കല്പന അയച്ചു. ഇത് 138-ലോ 139-ലൊ ആണ് സംഭവിച്ചത്. ഇപ്രകാരം ഒരു കല്പന പുറപ്പെടുവിച്ചിരുന്നെങ്കിലും ചില സ്ഥലങ്ങളിൽ ചില ന്യായാധിപന്മാർ ഒന്നുകിൽ മൗനം ദീക്ഷിക്കുകയോ അല്ലെങ്കിൽ ക്രിസ്ത്യാനികൾക്കെതിരായി പുറജാതികളെ രഹസ്യമായി പ്രോത്സാഹിപ്പിക്കയോ ചെയ്തുകൊണ്ടിരുന്നു. ആകയാൽ ഈ കാലത്തും പ്രത്യേകിച്ച് റോം, ഗലാത്യാ, ഫിലാഡൽഫിയ, സ്മർണ എന്നീ സ്ഥലങ്ങളിൽ അനേകർ രക്തസാക്ഷികളായിത്തീർന്നു. അവരിൽ പ്രശസ്തൻ സ്മിർണ്ണായിലെ എപ്പിസ്ക്കൂപ്പാ ആയ വി.പോളിക്കർപ്പോസ് ആണ്. ഇദ്ദേഹം 155-ൽ രക്തസാക്ഷിയായി.

### അദ്ധ്യായം 5

# സ്മിർണ്ണായിലെ വി. പോളിക്കർപ്പോസ്

എ.ഡി. 69-നു മുമ്പ് സ്മിർണ്ണായിലെ ഒരു കാവ്യകുടുംബത്തിൽ ഇദ്ദേഹം ജനിച്ചു. ഇദ്ദേഹം ചെറുപ്പത്തിൽതന്നെ ക്രിസ്ത്യാനിയായിത്തീർന്നു. മോർ യൂഹാനോൻ ശ്ലീഹായുടെ ശിഷ്യപദം സ്വീകരിക്കുകയും പലസ്തീനിൽനിന്ന് ഏഷ്യാമൈനറിലേക്കു വന്നവരായി മ്ശിഹാ തമ്പുരാനെ കാണുകയും തന്റെ വചനങ്ങൾ കേൾക്കുകയുംചെയ്ത അനേക ശിഷ്യന്മാരോടുകൂടി സഹവസിക്കുകയുംചെയ്തു. അവരിൽ നിന്നും കർത്താവിന്റെ അത്ഭുതപ്രവൃത്തികൾ,ഉപദേശങ്ങൾ ആദിയായി കർത്താവിനെക്കുറിച്ച് കേട്ടിരുന്ന സകലത്തേയും താൻ ഓർമ്മയിൽ സൂക്ഷിച്ചിരുന്നു. തന്റെ യൗവ്വനത്തിൽതന്നെ സ്മിർണ്ണായിലെ എപ്പിസ്ക്കോപ്പാസ്ഥാനം മോർ യൂഹാനോൻ ശ്ലീഹായിൽനിന്നും പ്രാപിച്ചു. താൻ തന്റെ ഇടവകയ്ക്ക് ഉത്തമ ഇടയൻതന്നെ ആയിരുന്നു. വിശ്വാസസത്യത്തെ വി.അപ്പോസ്തലന്മാരിൽനിന്നു സ്വീകരിച്ചപടി തന്നെ, താനും അവർക്കു സദാ വിളമ്പിക്കൊടുത്തുകൊണ്ടിരുന്നു. ആകയാൽ അദ്ദേഹത്തിനു വലിയ ബഹുമാനം സകലരും നൽകിയിരുന്നു. ശ്ലൈഹികനും പ്രവാചകനുമായ ഒരുപദേഷ്ടാവായി അദ്ദേഹം പരിഗണിക്കപ്പെട്ടിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ക്രൈസ്തവസഭയ്ക്കു ദൈവം പ്രദാനം ചെയ്തതായ സകല കൃപകളും അദ്ദേഹത്തിൽ അന്തർലീനമായിരുന്നുവെന്ന് അവർ വിശ്വസിച്ചിരുന്നു. തന്റെ വാർദ്ധക്യദശയിൽ തന്നിൽ നിന്നും പഠിക്കുന്നതിന് തന്നെ സമീപിച്ച യുവാക്കൾക്ക് മ്ശിഹായെ തന്റെ ജഡത്തിൽ കാണുകയും അദ്ദേഹത്തോടുകൂടി സഞ്ചരിക്കുകയും ചെയ്തവരിൽനിന്നു കേട്ടപ്രകാരംതന്നെ, താൻ ഉപദേശം നൽകിക്കൊണ്ടിരുന്നു. അങ്ങനെ തന്റെ അടുക്കൽ അഭ്യസിച്ച യുവാക്കളിൽ ഒരുവൻ വിശ്രുതനായ വി. ഈറീനിയോസാണ്.* വേദവിപരീതം പ്രക്ഷ്യപ്പെട്ടു തുടങ്ങിയപ്പോൾ വി. ശ്ലീഹന്മാരുടെ യഥാർത്ഥവിശ്വാസത്തെ അഭ്യസിപ്പിക്കുന്നതിൽ ഈ പോളിക്കർപ്പോസ് അത്യുത്സാഹി ആയിരുന്നു. തന്റെ കാലത്തിൽ മർക്കിയാനോസ്, വാലൻതീനോസ് എന്നീ വേദവിപരീതികൾ എഴുന്നേറ്റു. അവരെ താൻ ശക്തിയായി എതിർത്തു. മർക്കിയാനോസ് പോളിക്കർപ്പോസുമായി സ്നേഹബന്ധം സമ്പാദിക്കുന്നതിനു ശ്രമിച്ചുവെന്നും പോളിക്കർപ്പോസ് അതിനെ നിരസിച്ച് അവനെ സാത്താന്റെ കടിഞ്ഞൂൽ പുത്രനെന്നു നാമകരണം ചെയ്തതായും

*ഐറേനിയോസ്

ഐറേനിയോസ് നമ്മെ കാണിക്കുന്നു. വേദവിപരീതത്തിന്റെ അഭിവൃദ്ധി പോളിക്കർപ്പോസിന്റെ ഉള്ളിൽ അപാരമായ സങ്കടങ്ങളെ ഉളവാക്കി. തന്റെ ആയുസ്സിന്റെ അന്ത്യദശയിൽ ഇപ്രകാരമുള്ള പ്രയാസങ്ങൾ നിമിത്തം താൻ പറയുന്നു: "ഓ! ഉത്തമനായ ദൈവമേ! ഇപ്രകാരമുള്ള സംഗതികളെ സഹിക്കത്തക്കവണ്ണം ഈ കാലത്തേക്ക് എന്നെ നീ കൊണ്ടുവന്നതെന്തിന്?" ഈ വാചകം താൻ എപ്പോഴും ആവർത്തിച്ചുകൊണ്ടിരുന്നു. താൻ വേദവിപരീതികളുമായി വാഗ്വാദങ്ങളിൽ ഏർപ്പെട്ടിരുന്നില്ലെങ്കിലും കഴിയുന്നത്ര തന്റെ മുമ്പിൽ അവരെ കാണുന്നതിനു സമ്മതിച്ചിരുന്നില്ല. 107-ൽ മോർ ഇഗ്നാത്യോസ് നൂറോനോ റോമയിലേക്കു രക്തസാക്ഷിമരണം പ്രാപിക്കുന്നതിനു പോകുന്ന വഴിക്ക് സ്മിർണ്ണായിൽ വന്നപ്പോൾ വി.പോളിക്കർപ്പോസ് അദ്ദേഹത്തിന്റെ അടുക്കൽ വരികയും അദ്ദേഹത്തിന്റെ അടുക്കൽനിന്ന് അനവരതങ്ങളായ ഉപദേശങ്ങൾ പ്രാപിക്കയുംചെയ്തു. 155-ൽ റോമിൽ പോകയും കൃംതാ പെരുനാളിന്റെ ആചരണത്തെ സംബന്ധിച്ച് ഹോംസുകാരനായ അവിടുത്തെ അനിയുതോസ് (155-168)എപ്പിസ്ക്കോപ്പായുമായി ന്യായവാദം ചെയ്യുകയുംചെയ്തു. വി.ഐറേനിയോസ് റോമായിലെ വിക്ടർ എപ്പിസ്ക്കോപ്പായ്ക്ക്, അയച്ച കത്തിൽ ഇതിനെക്കുറിച്ചു വിശദമായി പറയുന്നുണ്ട്. അവർ ഓരോരുത്തരും ഈ കാര്യത്തിന് അവരവരുടെ സ്ഥലത്തെ പതിവിനെ തന്നെ അവലംബിക്കുകയും പരസ്പരമായ സ്നേഹബന്ധത്തിൽനിന്നു ഛേദിക്കപ്പെടാതിരിക്കയുംചെയ്തു. അദ്ദേഹം റോമായിൽ താമസിക്കുമ്പോൾ വേദവിപരീതികളായ മർക്കിയാനോസിന്റേയും വലാൻതീനോസിന്റെയും അനുയായികളായ പലരേയും സഭയുടെ മടിയിലേക്കു തിരിച്ചുവരുത്തിയിട്ടുണ്ട്. അങ്ങനെ അദ്ദേഹം സമാധാനത്തോടുകൂടി അനക്തോസിന്റെ അടുക്കൽനിന്നും തിരിച്ചുപോയി. സ്മിർണ്ണായിലേക്കു തിരിച്ചുവന്നശേഷം ചുരുക്കം മാസങ്ങൾ മാത്രമേ സമാധാനത്തിൽ കഴിക്കുവാൻ അദ്ദേഹത്തിനു സാധിച്ചുള്ളു. അതിന്റെ ശേഷം സ്മിർണ്ണായിലെ ക്രിസ്ത്യാനികളുടെമേൽ പുറജാതികൾ പീഡയുണർത്തി. ഇത് ഏഷ്യാമൈനറിലെ "സ്താത്തിയോസ് കോദോറാത്തോസ്" നാടുവാഴിയുടെ(155-156) ഭരണകാലത്തുണ്ടായി. ഈ പീഡയിൽ പോളിക്കർപ്പോസ് സാക്ഷിമരണം പ്രാപിച്ചു.[1] (155+) പീഡയുടെ പ്രാരംഭസമയത്ത് തന്നോടുകൂടെയുണ്ടായിരുന്നവരുടെ അപേക്ഷപ്ര

1. കൈസര്യാക്കാരൻ യൗസേബിയോസ് തന്റെ ദിനവൃത്താന്തത്തിൽ (Chronicle) വി.പോളിക്കർപ്പോസ് 166-ലാണ് സാക്ഷിമരണം പ്രാപിച്ചതെന്നു പറഞ്ഞിരിക്കുന്നു. ആയത് മർക്കോസ് ഓറിലിയോസിന്റെ കാലത്തുതന്നെ (161-180) എന്നാൽ 12-ാം നൂറ്റാണ്ടിലെ അന്ത്യോഖ്യാപാത്രിയർക്കീസായ പ്രസിദ്ധനായ മോർ മീഖായേൽ റാബോ തന്റെ ചരിത്രത്തിൽ അന്തോണീനോസ് കൈസറിന്റെ കാലത്താണ് വി. പോളിക്കർപ്പോസ് സാക്ഷിമരണം പ്രാപിച്ചതെന്നു പറഞ്ഞിരിക്കുന്നു. ഇദ്ദേഹം 138 മുതൽ 161 വരെ വാണു. എൻസൈക്ലോപ്പീഡിയ ബ്രിട്ടാനിക്ക പറയുന്നപ്രകാരം യൗസേബിയോസിന്റെ ഈ അഭിപ്രായം 1867വരെ എഴുത്തുകാർക്കു സ്വീകാര്യമായിരുന്നു. പക്ഷേ, ആ ആണ്ടിൽ

കാരം അദ്ദേഹം ഒളിച്ചു പാർത്തിരുന്നു. എന്നാൽ അവസാനത്തിൽ ഇപ്രകാരം ഒളിച്ചിരിക്കേണ്ട ആവശ്യം ഇല്ല എന്നു കണ്ടിട്ട് തന്നെ അന്വേഷിച്ചുനടന്ന കാവ്യരുടെ കൈയിൽ ഏല്പിച്ചുകൊടുത്തു. താൻ മനസ്സോടെ ഏല്പിച്ചുകൊടുക്കുന്നതിന്റെ മൂന്നു ദിവസം മുമ്പ് ഒരു സ്വപ്നത്തിൽ താൻ തലവച്ചു കിടന്നിരുന്ന തലയണ തീ പിടിച്ചു ദഹിച്ചു പോയതായി കണ്ടു. താൻ ഉണർന്നപ്പോൾ തന്നോടു കൂടെയുണ്ടായിരുന്നവരോട് ഈ കാഴ്ച വ്യാഖ്യാനിച്ച് മ്ശിഹാ നിമിത്തം അഗ്നിവഴിയായി താൻ ഈ ലോകത്തിൽനിന്നും കടന്നുപോകുമെന്നു പറഞ്ഞു. താൻ സകല സഭയ്ക്കും വേണ്ടി പ്രാർത്ഥിച്ചതിനുശേഷം അവർ തന്നെ ന്യായാധിപന്റെ അടുക്കലേക്കു കൊണ്ടുപോയി. ന്യായാധിപന്റെ അടുക്കലേക്കു പ്രവേശിക്കുമ്പോൾ തന്നെ ധൈര്യപ്പെടുത്തുന്നതായ ഒരു ശബ്ദം ആകാശത്തു നിന്ന് ഉണ്ടായി. ഈ ശബ്ദം വിശ്വാസികളിൽ അനേകരും കേട്ടു. നാടുവാഴി വിശുദ്ധന്റെ വളഞ്ഞ ശരീരത്തേയും നന്നാ നരച്ച തലയേയും കണ്ടപ്പോൾ മനസ്സലിവുണ്ടായി. താൻ മ്ശിഹായെ തള്ളിപ്പറഞ്ഞേക്കുമെന്ന ആശയോടെ ന്യായാധിപൻ തന്നെ തെറ്റിക്കുന്നതിന് വളരെ അനുഭാവത്തോടുകൂടി പ്രാരംഭത്തിൽ സംഭാഷിച്ചു. എന്നാൽ പോളിക്കർപ്പോസ് "86 സംവത്സരം ഞാൻ അവനെ സേവിച്ചു. അവനിൽനിന്നു യാതൊരു ഉപദ്രവവും എനിക്കുണ്ടായില്ല. സകല കരുണയും നന്മയും ഞാൻ പ്രാപിച്ചു. ഇങ്ങനെ നന്മ പ്രവർത്തിച്ചവനെ ദുഷിക്കുവാൻ നീ എന്തിനാണ് എന്നോടു കല്പിക്കുന്നത്? എന്നെ രക്ഷിച്ച എന്റെ രാജാവിനെ ദുഷിക്കുവാൻ എനിക്ക് എങ്ങനെ കഴിയും?" എന്നു മറുപടി പറഞ്ഞു. സ്മിർണ്ണായിലെ സഭ ഇതര സഭകൾക്കായി ഈ സംഗതിയെക്കുറിച്ച് എഴുതിയ ലേഖനത്തിൽനിന്നും തന്റെ വിശാല മനഃസ്കതയേയും മനുഷ്യത്വത്തേയും യഥാർത്ഥ ക്രിസ്തീയാത്മാവിനേയും നമുക്ക് ഗ്രഹിക്കുവാൻ കഴിയുന്നു. അദ്ദേഹത്തിന്റെ പീഡയുടെ കാലത്തും വിസ്തരിക്കപ്പെടുന്ന സമയത്തും തന്റെ സകല പ്രവർത്തനങ്ങളും വചനങ്ങളും ആദരണീയങ്ങളായിരുന്നു. ഈദൃശ സംഗതികൾ താൻ ശ്രേഷ്ഠനും വിശ്രുതനുമായ ഒരു യഥാർത്ഥക്രിസ്ത്യാനിയാണെന്നുള്ളതിനെ തെളിയിക്കുന്നു. ഇതു മാത്രമല്ല, താൻ

---

ഗ്രന്ഥകാരനായ വെഡിക്റ്റൻ തന്റെ വലിയ ഗവേഷണഫലമായി പ്രസ്തുത കോദോറോതോസ് 156-ൽ 165 വരെയാണ് ഏഷ്യാമൈനറിൽ ആയിരുന്നതെന്ന് മനസ്സിലാക്കി. മുമ്പ് പറഞ്ഞിരിക്കുന്നതായ സ്മിർണ്ണ സഭയുടെ ലേഖനം പറയുന്നപോലെ വി.പോളിക്കർപ്പോസ് വലിയ ശനിയാഴ്ച ദിവസമാണ് സാക്ഷിമരണം പ്രാപിച്ചത്. ഈ രണ്ട് സംഭവങ്ങളിൽനിന്നു അദ്ദേഹം തെളിയിച്ചത് പ്രസ്തുത പരിശുദ്ധൻ സാക്ഷിമരണം പ്രാപിച്ചതു ക്രി. വ. 155 ഫെബ്രുവരി 23-ാംതിയതി ആണെന്നാണ്. ഈ അഭിപ്രായം പല ഗ്രന്ഥകാരന്മാരാലും പരിശോധിക്കപ്പെടുകയും അവരാൽ അംഗീകരിക്കപ്പെടുകയും ചെയ്തു. ആ കാലംമുതൽ ഗ്രന്ഥകാരന്മാർ പോളിക്കർപ്പോസ് അന്തോണിനോസ് കൈസരുടെ കാലത്താണു സാക്ഷിമരണം പ്രാപിച്ചതെന്ന് എഴുതുവാൻ തുടങ്ങി. (എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക 9 th Edi. Vol. ii XIX P. അതായത് അന്ത്യോഖ്യായിലെ പാത്രിയർക്കീസായ മോർ മീഖായേൽ റാബോ കാണിച്ചിരിക്കുന്ന പ്രകാരംതന്നെ.

ബന്ധിതനായപ്പോൾ യൂദന്മാരും കാവ്യരും ഇവനാണ് ഏഷ്യയിലെ ഉപദേഷ്ടാവ്, ഇവനാണ് ക്രിസ്ത്യാനികളുടെ പിതാവ്, ഇവൻതന്നെയാണ് നമ്മുടെ ദേവന്മാരെ നശിപ്പിക്കുന്നവൻ, ദേവന്മാർക്ക് ബലി കഴിക്കുകയോ അവയോടു പ്രാർത്ഥിക്കുകയോ ചെയ്യരുതെന്ന് അനേകരെ പഠിപ്പിക്കുകയും ചെയ്യുന്നവൻ എന്ന് ഏകകണ്ഠമായി അട്ടഹസിച്ചിരുന്നു. അദ്ദേഹം അഗ്നിയിൽ ദഹിപ്പിക്കപ്പെടണമെന്നു കല്പന പുറപ്പെട്ടപ്പോൾ അവിടെയുണ്ടായിരുന്ന യഹൂദന്മാരിലും പുറജാതികളിലുംപെട്ട ഓരോരുത്തരും വിറകുശേഖരിക്കുന്നതിന് ബദ്ധപ്പെട്ടു. എന്നാൽ അദ്ദേഹം പ്രാർത്ഥനയ്ക്കുശേഷം ധൈര്യസമേതം ആ വിറകിന്മേൽ പ്രവേശിച്ചു. ഹോ! അത്ഭുതം! അഗ്നിക്ക് അദ്ദേഹത്തെ ദഹിപ്പിക്കുവാൻ കഴിഞ്ഞില്ല. സൗരഭ്യവാസന അവിടെനിന്നു പുറപ്പെട്ടുകൊണ്ടിരുന്നു. തന്റെ ശരീരത്തെ ദഹിപ്പിക്കുവാൻ അഗ്നിക്കു കഴിയാതെ വന്നപ്പോൾ അദ്ദേഹത്തെ വാൾ കൊണ്ടു കുത്തുകയും രക്തം പുറപ്പെട്ട് അഗ്നി കെടുകയും ചെയ്തു. മരിച്ചതിന്റെശേഷം അദ്ദേഹത്തെ ക്രിസ്ത്യാനികൾക്ക് സംസ്ക്കരിക്കുന്നതിന് കൊടുത്തില്ല. കാരണം, ക്രിസ്ത്യാനികൾ ക്രൂശിതനായ മ്ശിഹായെ ഉപേക്ഷിച്ച് പോളിക്കർപ്പോസിനെ ആരാധിക്കുമെന്നു യഹൂദന്മാർ നാടുവാഴിയുടെ അടുക്കൽ കുരള പറഞ്ഞു. ആകയാൽ അദ്ദേഹത്തിന്റെ ശരീരത്തെ അവർ വീണ്ടും ദഹിപ്പിച്ചു. പിന്നീട് വിശ്വാസികൾ ചെന്ന് അദ്ദേഹത്തിന്റെ അസ്ഥികൾ ശേഖരിച്ചു. ദൈവം വെളിപ്പെടുത്തിയ സ്ഥലത്ത് അവർ ആണ്ടുതോറും തന്റെ ഓർമ്മ കഴിക്കുവാൻ തക്കവണ്ണം സന്തോഷത്തോടും സമാധാനത്തോടുകൂടി സംസ്ക്കരിക്കയുംചെയ്തു. ഇത് വലിയ ശാബത് ദിവസമായിരുന്നു. ഏതായാലും അദ്ദേഹത്തിന്റെ സാക്ഷിമരണം ഉടനെ പീഡയെ മായിച്ചുകളഞ്ഞു. ഇവയെല്ലാം അദ്ദേഹത്തിനു സ്മിർണ്ണായിലുണ്ടായിരുന്ന സ്വാധീനത്തെ നമുക്ക് കാണിച്ചുതരുന്നു. ഇദ്ദേഹത്തിന്റെ സ്വാധീനം ഇടവകയ്ക്കു പുറത്തും വ്യാപരിച്ചിരുന്നു. ഫിലിപ്പിയാസഭയ്ക്കുള്ള ലേഖനം അദ്ദേഹത്തിന്റെ അപ്പോസ്തലികാത്മാവും ജ്ഞാനവും നീതിയും മക്കദോന്യായിൽപോലും പൂർണ്ണമായി സ്വീകരിക്കപ്പെട്ടിരുന്നുവെന്ന് നമുക്കു കാണിച്ചുതരുന്നു. അല്ലെങ്കിൽ ഫിലിപ്പിയാസഭയുടെ ഉൾകാര്യങ്ങളിൽ അദ്ദേഹം പ്രവേശിക്കുമായിരുന്നില്ല. നാം മുമ്പ് പ്രസ്താവിച്ചതുപോലെ റോമാസഭയ്ക്കും അദ്ദേഹത്തിൽനിന്നും അനേക ആത്മീയപ്രയോജനങ്ങളെ പ്രാപിക്കുന്നതിനുള്ള ഭാഗ്യം ഉണ്ടായി പോളിക്കർപ്പോസിനാൽ എഴുതപ്പെട്ടിട്ടുള്ളതായി ഇപ്പോൾ ശേഷിച്ചിരിക്കുന്നത് ഫിലിപ്പിയർക്കുള്ള അദ്ദേഹത്തിന്റെ ഈ ലേഖനം മാത്രമാണ്. ഈ ലേഖനം ഐറേനിയോസും ശേഷമുള്ള എഴുത്തുകാരന്മാരും അനുസ്മരിപ്പിച്ചിട്ടുണ്ട്. ഐറേനിയോസ് പറയുന്നത്, ഈ ലേഖനം മുമ്പ് ഏഷ്യാമൈനറിലെ സഭകളിൽ വായിക്കപ്പെട്ടിരുന്നുവെന്നാണ്. ആത്മരക്ഷയെ ആഗ്രഹിക്കുകയും അതിൽ താല്പര്യമുള്ളവരായിരിക്കയും ചെയ്യുന്നവർക്ക് അതിൽനിന്നും അഭ്യസനം പ്രാപിക്കുവാൻ ഉതകുന്നതായ വിശ്വാസവും സത്യപ്രസംഗവും ആകുന്നു ആ ലേഖനം.

### അദ്ധ്യായം 6

# അഞ്ചാമത്തെ പീഡയും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും

അന്തോനിനോസ് കൈസർ എ.ഡി.161-ൽ മരിച്ചശേഷം മർക്കോസ് ഓാരിലിയോസ് സിംഹാസനാരൂഢനായി. ഇദ്ദേഹം 121-ൽ റോമിൽ ജനിക്കുകയും 180-ൽ ബന്നൂനിയായിൽവച്ചു മരിക്കുകയുംചെയ്തു. ഇദ്ദേഹം സ്റ്റോവിക്ക് ഗണത്തിൽപ്പെട്ടവനും വിദ്യയിൽ അതിനിപുണനുമായിരുന്നു. അനേകം പുസ്തകങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. ഒരു റോമാക്കാരനായിരുന്നുവെങ്കിലും ഇദ്ദേഹത്തിന്റെ സകല ഗ്രന്ഥങ്ങളും അക്കാലത്ത് തത്ത്വജ്ഞാനത്തിന്റേയും കലാവിദ്യയുടേയും ഭാഷയായിരുന്ന യവനായ (ഗ്രീക്ക്) ഭാഷയിലാണ് രചിച്ചിട്ടുള്ളത്. ഇദ്ദേഹം തത്ത്വശാസ്ത്രം അത്യധികം സ്നേഹിക്കുകയും സർവ്വവിധജ്ഞാനസമ്പത്തിലും അതീവതല്പരനായിരിക്കയുംചെയ്തു. എങ്കിലും ക്രിസ്ത്യാനികളെക്കുറിച്ചുള്ള കുരളകളെയും കുറ്റാരോപണങ്ങളെയും അവരുടെ ശത്രുക്കൾ പറയുന്നതിനെ ശ്രദ്ധിച്ചു. 162-ൽ വലിയ പീഡ ആരംഭിച്ചു. ഇതുമൂലം റോമായിലും ഏഷ്യാമൈനറിലും ചില എപ്പിസ്ക്കൂപ്പന്മാരുൾപ്പെടെ അനേകം ക്രിസ്ത്യാനികൾ രക്തസാക്ഷികളായിത്തീർന്നു. ചിലർ ശിരച്ഛേദനത്താലും സാക്ഷിമരണം പ്രാപിച്ചു. മറ്റു ചിലർ അവയവം നഷ്ടപ്പെട്ടതിനാലും മറ്റു ചിലർ ചമ്മട്ടിയടികളാലും വേറെ ചിലർ വന്യമൃഗങ്ങൾക്ക് ഇരയായി നൽകപ്പെട്ടതിനാലും ചിലർ വിശപ്പാലും മറ്റു ചിലർ അഗ്നിയാലും കർത്താവിനുവേണ്ടി ജീവനെ ത്യജിച്ചു.

ഈ പീഡ നിമിത്തമായിട്ട് നസ്രായമതം ലോകത്തിൽ ഏറ്റം വ്യാപിച്ചു. അന്നുമുതൽ സഹദേന്മാരുടെ രക്തം വിശാസത്തിന്റെ വിത്താകുന്നുവെന്നുള്ള പഴഞ്ചൊല്ലുണ്ടായി. ഈ പീഡ 174 വരെ നിലനിന്നു. ദൈവം രാജാവിന് ഒരടയാളം കാണിച്ചുകൊടുക്കുകയും ക്രിസ്ത്യാനികളോടുള്ള കോപം നീക്കുകയും ചെയ്തു. തന്മൂലം ക്രിസ്ത്യാനികളെ വധിക്കുന്നതിനായി കലഹമുണ്ടാക്കുന്നവരെയെല്ലാം ദഹിപ്പിച്ചുകളയുന്നതാണെന്ന് ഒരു കല്പന പുറപ്പെടുവിക്കുകയുംചെയ്തു. അങ്ങനെ പീഡ അവസാനിച്ചു.

ദൈവം രാജാവിന് കാണിച്ചുകൊടുത്ത അടയാളം താഴെ കാണുംപ്രകാരമായിരുന്നു. മർക്കോസ് ഒറാലിയോസ് ജർമ്മൻകാരോട് യുദ്ധ

ത്തിന് സൈന്യം തയ്യാറാക്കി. ബുഹാമിയ എന്ന പർവ്വതത്തിൽ എത്തിയപ്പോൾ അവർക്ക് അതിയായ ദാഹമുണ്ടായി. എന്നാൽ ജലത്തിന് യാതൊരു മാർഗ്ഗവുമില്ലായിരുന്നു. അദ്ദേഹത്തിന് ക്രിസ്ത്യാനികളായി രൂപവൽകരിക്കപ്പെട്ടതും "മിലിത്തിനി" എന്നു വിളിക്കപ്പെട്ടതുമായ ഒരു സൈന്യമുണ്ടായിരുന്നു. ഈ സൈന്യം ചെറിയ അർമ്മേനിയായിലെ മിലിത്തിനിയിൽനിന്നായിരുന്നു. ഈ സൈന്യത്തെ അണിനിരത്തിയപ്പോൾ പടയാളികൾ മുട്ടുകുത്തി ദൈവത്തോട് പ്രാർത്ഥിച്ചു ഈ പ്രവൃത്തി ശത്രുക്കൾക്ക് അത്ഭുതകരമായിത്തീർന്നു. അവർ വിസ്മയഭരിതരായിരിക്കുമ്പോൾ ഭയങ്കരമായ ഒരു ഇടിമുഴക്കം ഉണ്ടാവുകയും അതു ശത്രുക്കളെ തോല്പിച്ചു നാശത്തിലാക്കുകയുംചെയ്തു. അവർ ദൈവത്തോട് അപേക്ഷിച്ചുകൊണ്ടിരുന്നതിനാൽ ഒരു മുഴക്കം ഉണ്ടാകുകയും അത് സൈന്യത്തിനു ദാഹശമനത്തിന് കാരണം ആകുകയും ചെയ്തു. ഈ ക്രിസ്തീയസൈന്യങ്ങളുടെ പ്രാർത്ഥന ഇല്ലായിരുന്നു എങ്കിൽ ഈ സൈന്യം മുഴുവനും വെള്ളം കിട്ടാതെ നശിച്ചുപോകുമായിരുന്നു എന്ന് രാജാവിന് ബോദ്ധ്യമാകുകയാൽ അദ്ദേഹം വളരെ സന്തോഷിച്ചു. ആ സൈന്യത്തിന് "ഇടിമുഴക്കത്തിന്റെ" സൈന്യം എന്ന് പേരു കൊടുക്കയും അനന്തരം ക്രിസ്ത്യാനികളുടെമേൽ കുറ്റാരോപണം ചെയ്യുന്നവർ വധശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും പ്രഖ്യാപനം ചെയ്യുകയും ചെയ്തു. ഈ സംഭവം മാർബിൾത്തൂണിൽ കൊത്തി റോമിലെ ഒരു തെരുവിൽ നാട്ടി. അല്പകാലത്തിനു ശേഷം രാജാവും ഈ അത്ഭുതം വിസ്മരിച്ചതുപോലെ തോന്നുന്നു. 177-ൽ ഫ്രാൻസിൽ പീഡ ഉണർത്തുന്നതിന് അദ്ദേഹം അനുവദിച്ചു. ലിയോൺ പട്ടണവാസികളായ പലരും സാക്ഷിമരണം പ്രാപിച്ചു. ഈ പീഡയെ സംബന്ധിച്ച് ഏഷ്യാമൈനറിലേയും ഫ്യൂഗിയായിലേയും വിശ്വാസികളെ ലിയോൺ പട്ടണക്കാർ എഴുതി അറിയിച്ചു. വി. ഐറേനിയോസ് ആചാര്യനായിരിക്കുമ്പോൾ അദ്ദേഹത്തെക്കൊണ്ട് അവർ ഈ ലേഖനം എഴുതിച്ചു. റോമായിലെ എപ്പിസ്ക്കൂപ്പാ ആയിരുന്ന ആലോതേറോസിന് അവർ ഒരു എഴുത്ത് ഇദ്ദേഹം വശം അയച്ചു. ഇങ്ങനെ ഈ പീഡ ആ രാജാവിന്റെ കാലംവരെ നിലനിന്നു(180വരെ). ഈ കാലത്ത് തന്നെ റോമായിലെ ഉർബാനോസും സാക്ഷിമരണം പ്രാപിച്ചു.

ഈ അഞ്ചാമത്തെ പീഡയിൽ നിഹതരായവരിൽ പ്രസിദ്ധർ വി. പാഫ്യാ,വി.യുസ്തീനോസ്, വി.പോപ്ലിയേസ്, വി. പൂർത്തിനോസ് എന്നിവരത്രെ.

**വി.പാഫ്യാ:** യൂഹാനോൻ ഏവൻഗേലിസ്ഥായുടെ ശിഷ്യനായിരുന്നു. അനന്തരം ഇദ്ദേഹം ഹിറാപ്പോലീസ് പട്ടണത്തിലെ എപ്പിസ്കൂപ്പാ ആയിത്തീർന്നു. ക്രൈസ്തവ ഉപദേശങ്ങളെ ശേഖരിച്ച് അവയെ അഞ്ച് ഭാഗങ്ങളായി തിരിച്ചു. സമാഹരിച്ച ആദ്യപിതാവ് ഇദ്ദേഹമാണ്. ഈ പുസ്തകം രചിച്ചത് എ.ഡി. 130-നും 140-നും മദ്ധ്യേ നമ്മുടെ കർത്താവിന്റെ പഠനം എന്ന പേരിൽ പ്രസിദ്ധംചെയ്തു. അതിൽ നമ്മുടെ

കർത്താവിന്റെ സിദ്ധാന്തങ്ങളെയും കല്പനകളെയും ശ്ലീഹന്മാരുടെ കാലത്ത് അനേകരിൽനിന്നും സ്വീകരിപ്പാൻ ഇടയായിട്ടുള്ള പാരമ്പര്യങ്ങൾ അതിൽ കാണിച്ചിരിക്കുന്നു.(വി. യുസ്തിനോസ്. ഇദ്ദേഹം നാബ്ലസ് (പലസ്റ്റീനിൽ) എന്ന സ്ഥലത്ത് ആദ്യനൂറ്റാണ്ടിന്റെ അവസാനത്തിൽ ജനിച്ചു. തന്റെ കാലത്തുണ്ടായിരുന്ന പ്രസിദ്ധ വിദ്യാമന്ദിരങ്ങളിൽ പഠിച്ചു സമർത്ഥനായിത്തീർന്ന പ്ലേറ്റോയുടെ തത്ത്വജ്ഞാനാദികളിൽ അസാമാന്യ പാണ്ഡിത്യം സമ്പാദിച്ചു. അസാമാന്യ ബുദ്ധിസാമർത്ഥ്യം ഉണ്ടായിരുന്നതിനാൽ വിവിധ ജ്ഞാനത്തിൽ സാമർത്ഥ്യമുള്ളവനായിത്തീർന്നു. എന്നാൽ ഈ തത്ത്വചിന്തകൾ എല്ലാം തന്റെ മസ്തിഷ്കത്തെ വിഷമിപ്പിച്ചുകൊണ്ടിരുന്നതിനാൽ തനിക്കു പരസ്പരമുള്ള വൈരചിന്തനങ്ങളിൽനിന്നു യാതൊരു ആശ്വാസവും കൈവന്നില്ല. തൻനിമിത്തം യഥാർത്ഥ സത്യത്തെക്കുറിച്ച് അറിയണമെന്ന് അദ്ദേഹത്തിൽ ആഗ്രഹം ജനിച്ചു. അമാനുഷിക ചിന്താകുലതയോടുകൂടി ഒരു ദിവസം എപ്പേസോസിലെ കടൽതീരത്തുകൂടി നടന്നു പോകുമ്പോൾ ഒരു വയോവൃദ്ധനായ ക്രിസ്ത്യാനിയെ കണ്ടുമുട്ടി. ഈ വൃദ്ധൻ അസാമാന്യജ്ഞാനിയായിരുന്നു. യുസ്തിനോസ് അദ്ദേഹത്തോട് സത്യം ദൈവത്തിന്റെ പ്രകൃതി, ആത്മാവിന്റെ അനശ്വരത്വം, ശരീരത്തിന്റെ ഉയിർപ്പ്, ന്യായവിധി എന്നിപ്രകാരം വിവിധ കാര്യങ്ങളെക്കുറിച്ച് സംസാരിപ്പാൻ തുടങ്ങി. യൗനായ (ഗ്രീക്ക് തത്ത്വചിന്തകന്മാരുടെ (പ്ലേറ്റോയുടെ) ഈ സംഗതികളെക്കുറിച്ചുള്ള ആ യഥാർത്ഥാഭിപ്രായത്തെ അദ്ദേഹം തെളിയിച്ചു. അനന്തരം വിശുദ്ധപുസ്തകം വായിച്ച് അറിയുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു (സത്യപ്രകാശമാകുന്ന പുസ്തകം) ഇങ്ങനെ ക്രിസ്തുമതത്തെ സ്നേഹിക്കുന്നതിനുള്ള ഒരു അഗ്നി അദ്ദേഹത്തിൽ കൊളുത്തിക്കൊടുത്തു. ക്രിസ്തുവിനെ പ്രതി ക്രിസ്ത്യാനികൾ സഹിക്കുന്ന ഭയങ്കരപീഡകളും അവരുടെ ഉത്തമ ജീവിതരീതിയും ഇതെല്ലാം കണ്ട് ആകർഷകനായിത്തീർന്ന് ഒടുവിൽ വിശ്വസിച്ചു. ആ കാലം മുതൽ ജാതികളോടും യൂദന്മാരോടും ക്രിസ്തുവിനെ സാക്ഷിക്കുന്നതിൽ താല്പര്യമുള്ളവനായിത്തീർന്നു. അവർക്ക് എതിരായി പുസ്തകങ്ങൾ രചിക്കുകയുംചെയ്തു. വിശ്വാസത്തെക്കുറിച്ചുള്ള ഉപദേശത്തിൽ തത്ത്വശാസ്ത്രപരമായ പ്രതിപാദനരീതിയെ അവലംബിച്ച ഒന്നാമത്തെ ക്രിസ്തീയ എഴുത്തുകാരൻ ഇദ്ദേഹമായിരുന്നു. റോമിൽ മതവിദ്യാഭ്യസത്തിന് ഒരു വിദ്യാലയം താൻ സ്ഥാപിച്ചു. അവിടെ കശീശയായി* നിയമിക്കപ്പെട്ടു. പ്രസിദ്ധ തത്ത്വജ്ഞാനിയായിരുന്ന യുസ്തിനോസ് തന്റെ രണ്ടാമത്തെ "പ്രതിവാദം" 161-നും 166-നും മദ്ധ്യേ മർക്കോസ് എന്നീ രാജാക്കന്മാർക്ക് സമർപ്പിച്ചശേഷം 166-ൽ റോമായിൽ വച്ച് പുറജാതിക്കാരനായ ക്രീസ്ക്കോസ് കുനിക്കോസ് എന്ന തത്ത്വജ്ഞാനിയുടെ കുരളമുഖാന്തിരം സാക്ഷിമരണം

*പ്രധാനിയായി (മൂപ്പൻ എന്ന് വാക്യാർത്ഥം)

പ്രാപിച്ചു. ഇദ്ദേഹം ആ വേദവിപരീതിയെ തർക്കത്തിൽ ജയിച്ചതുകൊണ്ടുള്ള അസൂയകൊണ്ടും കൂടി ഏഷണി പറഞ്ഞുകൊടുത്തു കൊല്ലിച്ചതാണ്.

**പോപ്ലീയോസ്:** അദ്ദേഹം ദീവന്നാസ്യോസ്, അറിയൂസ് പാഗോസനെ തുടർന്ന് അഥേനായിലെ എപ്പിസ്ക്കൂപ്പാ ആയിരുന്നു. ഈ പീഡയിൽ സാക്ഷിമരണം പ്രാപിച്ചു. തന്റെ സാക്ഷിമരണത്തിനുശേഷം അഥേനാക്കാർ വിശ്വാസതീക്ഷ്ണത ഇല്ലാത്തവരായി പിന്തിരിഞ്ഞു പോകത്തക്ക അവസ്ഥയിൽ ആയി. അതിനാൽ കുറിന്തോസിലെ എപ്പിസ്ക്കൂപ്പാ ആയ വി. ദീവന്നാസ്യോസ് അവരെ ഉത്സാഹിപ്പിക്കുന്ന ലേഖനം എഴുതിഅയച്ചു, പോപ്ലയോസിനെ തുടർന്ന് മോർ കോദോറാത്തോസ് എപ്പീസ്കൂപ്പാ ആയപ്പോൾ അവിശ്വാസികളെ സത്യവിശ്വാസത്തിൽ സ്ഥിരപ്പെടുത്തി.

**പൂത്തിനോസ്:** ഇദ്ദേഹം ലീയോൺ പട്ടണത്തിന്റെ എപ്പിസ്കൂപ്പ ആയിരുന്നു. ഇദ്ദേഹം തൊണ്ണൂറിൽപരം വയസ്സ് ഉള്ളവൻ ആയിരുന്നു. ലിയോൺ പട്ടണത്തിലെ ക്രിസ്ത്യാനികളെ പീഡിപ്പിച്ചപ്പോൾ അദ്ദേഹത്തെകൂടിയും പലവിധത്തിൽ ദേഹോപദ്രവം ചെയ്തു തടവിൽ പാർപ്പിച്ചു. രണ്ടു ദിവസം കഴിഞ്ഞതിനുശേഷം തടവിൽ കിടന്നു മരിച്ചു.

അദ്ധ്യായം 7

# അന്ത്യോഖ്യായുടെ വി. തിയോഫിലോസ്

ബെസ്നഹറീ(മെസെപ്പൊട്ടോമിയാ)ന്റെ ചുറ്റുമുള്ള പട്ടണങ്ങളിൽ ഒന്നായിരുന്നു വി.തിയോഫിലോസിന്റെ ജനനസ്ഥലം. അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ പുറജാതിക്കാരായിരുന്നു. താൻ വളർന്നുവന്നപ്പോൾ പുസ്തകപാരായണത്തിൽ വളരെ താല്പര്യം പ്രദർശിപ്പിച്ചു. ഒരു വലിയ ബുദ്ധിമാനായിരുന്നു. തന്റെ നെറ്റിയിൽ സാമർത്ഥ്യത്തിന്റെയും ജ്ഞാനത്തിന്റെയും ലക്ഷണങ്ങൾ ദൃശ്യമായിരുന്നു. ഇപ്രകാരം അക്കാലത്തെ വിദ്യാഭ്യാസമനുസരിച്ച് ഗ്രീക്ക്ഭാഷയിൽ പടിപടിയായി അദ്ദേഹം സാമർത്ഥ്യം സമ്പാദിച്ചു. പുറജാതികളുടെ തത്ത്വജ്ഞാനപരവും കവിതാപരവുമായ പുസ്തകങ്ങൾ അഭ്യസിച്ചു. തന്റെ മഹനീയ പുസ്തകങ്ങളിൽനിന്നും നാം ഗ്രഹിക്കുന്നപ്രകാരം വിവിധ തത്ത്വജ്ഞാനികളുടെ അന്യോന്യം യോജിപ്പില്ലാത്ത തത്ത്വങ്ങൾ അദ്ദേഹത്തിന്റെ ഹൃദയത്തെ സമാധാനരഹിതമാക്കിത്തീർത്തു. ആകയാൽ വി. വേദപുസ്തകം വായിക്കുന്നതിന് ഉത്സാഹിക്കുകയും* സംസ്ക്കാരത്തിന്റെയും വിലയേറിയ മാണിക്യങ്ങൾ അതിൽ അടങ്ങിയിരിക്കുന്നതിനെ ശ്രദ്ധയോടെ പരിശോധിക്കുകയുംചെയ്തു. ശരിയായ തത്ത്വജ്ഞാനത്തിന്റെ വാതിലുകളെ തനിക്ക് തുറന്നു കിട്ടുമെന്നുള്ള വിചാരത്തോടുകൂടിയായിരുന്നു അപ്രകാരം ചെയ്തത്. ഇങ്ങനെ ഏക ദൈവത്തെക്കുറിച്ചുള്ള അറിവു തനിക്ക് ലഭിച്ചു. മ്ശിഹൈക വിശ്വാസത്തെ ആശ്ലേഷിക്കുന്നതിനുള്ള വാഞ്ഛയാകുന്ന അഗ്നി തന്നിൽ ജ്വലിച്ചു. ഇപ്രകാരം താൻ വിശ്വസിച്ച് മാമോദീസാ മുങ്ങി. പുസ്തകത്തിലുള്ള തെളിവുകളെ കൂടാതെ പ്രകൃതിയിൽനിന്നുള്ള തെളിവുകളും അദ്ദേഹത്തെ സമ്മതിപ്പിച്ചുവെന്ന് തന്റെ എഴുത്തുകളിൽനിന്നു കാണാം. ആ കാലംമുതൽ ക്രിസ്തീയവിശ്വാസത്തിൽ ധീരധീരനായും തന്റെ ശക്തിയും ഉത്സാഹവും മുഴുവനും അതിനുവേണ്ടി ബലികഴിക്കുന്ന അക്ഷീണപരിശ്രമിയായിത്തീർന്നു. അതേപ്രകാരം തന്റെ ഉദ്ദേശം മുഴുവനും കർത്താവിന്റെ മുന്തിരിത്തോപ്പിൽ വേലചെയ്തുകൊണ്ടും വിശ്വാസത്തിന്റെ വിത്ത് മനുഷ്യരുടെ ഇടയിൽ വിതച്ചുകൊണ്ടും ദൈവനാമവിശ്വാസത്തിനായിട്ടും മനുഷ്യവർഗ്ഗത്തിന്റെ പ്രയോജനത്തിനായിട്ടും തന്റെ സമയം വിനിയോഗിച്ചു. അങ്ങനെ "പോരാട്ടം ചെയ്തുകൊണ്ടിരിക്കുന്ന സഭയ്ക്കുവേണ്ടി" പ്രതിവാദം ചെയ്യുവാൻ തന്റെ പേനായെ ഒരുക്കുകയും യേശു

*തത്ത്വജ്ഞാനത്തിന്റെയും

മ്ശിഹായുടെ സഭയിൽ വലിയ സ്ഥാനം പ്രാപിപ്പാൻ തക്കവണ്ണം ദൈവാനുഗ്രഹത്താൽ വിശ്വാസികൾതന്നെ സൂക്ഷിക്കത്തക്കവണ്ണം ഒരു പ്രസിദ്ധ പുരുഷനായിത്തീരുകയുംചെയ്തു. 169-ൽ വി. ഈറോസ് പാത്രിയർക്കീസിന്റെ കാലശേഷം അന്ത്യോഖ്യാസിംഹാസനം ഒഴിവായപ്പോൾ കഥാനായകൻ പാത്രിയർക്കാസ്ഥാനത്തേക്ക് പൊതുവായി തിരഞ്ഞെടുക്കപ്പെടുകയും വാഴിക്കപ്പെടുകയുംചെയ്തു. ഈ കാലത്ത് സഭയാകുന്ന കപ്പൽ മർക്കോസ് ഓറാലിയോസ് കൈസറുടെ (161-180) പീഡയാകുന്ന ഓളങ്ങളിൽ ഉലഞ്ഞ് നട്ടംതിരിഞ്ഞിരുന്നു. ഇദ്ദേഹം വിശ്വാസികളെ അവരുടെ വിശ്വാസത്തെ സൂക്ഷ്മതയോടെ കാത്തുകൊൾവാൻ ഉത്സാഹിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തു. മേൽപറഞ്ഞ പീഡ 174വരെ നിലനിന്നു.

എന്നാൽ വി.തിയോഫിലോസ് സഭാഭരണം കൈയ്യേറ്റപ്പോൾ യേശുമ്ശിഹായുടെ സഭയിൽ അതിന്റെ ഉള്ളിൽ നിന്നു തന്നെ ഉണ്ടായ ശത്രുക്കളാൽ ഉണ്ടാക്കിയ മറ്റൊരു വലിയ പോരാട്ടത്തെ എതിർക്കേണ്ടതായിവന്നു. അതായത് മർക്കിയോന്റെ വേദവിപരീതം അതിന്റെ കുതിരകളോടും പടയാളികളോടും സഭയിലേക്കു പ്രവേശിക്കുന്നതും അതിന്റെ വിഷത്തെ വിശ്വാസികളുടെ ശരീരത്തിൽ ആവേശിപ്പിക്കുന്നതും പ്രത്യേകിച്ച് അന്ത്യോഖ്യായിടവകയിൽ അത് വരുത്തിയ നാശത്തേയും കണ്ടിട്ട് വിശുദ്ധൻ വളരെ ദുഃഖിതനായി. അദ്ദേഹം വളരെ തീക്ഷ്ണുതയുള്ളവനും സഭയുടെ വിശ്വാസത്തെപ്രതി രാവും പകലും ജാഗരണത്തോടുകൂടിയവനും മക്കളെ അതിന്റെ അടിസ്ഥാനത്തെ പഠിപ്പിക്കുകയും ചെയ്തിരുന്നവനുമാകയാൽ ഈ വലിയ സംഗതിക്കെതിരായി കൈനീട്ടിനിൽക്കുവാൻ താൻ ആഗ്രഹിച്ചില്ല. പിന്നെയോ തന്റെ ആടുകൾക്കുവേണ്ടി പോരാടുവാൻ തന്റെ പേനയോടുകൂടി പോരാട്ടത്തിനിറങ്ങുകയും ശ്ലൈഹിക വിശ്വാസത്തെ കാണിച്ചുകൊണ്ട് ഇത് നിന്ദ്യമായ പുതിയ ഉപദേശത്തിനെതിരായി മൂന്ന് പുസ്തകങ്ങൾ എഴുതുകയുംചെയ്തു. കൂടാതെ വി.തീയോഫിലോസ് പദാർത്ഥങ്ങളുടെ അനാദ്യന്താവസ്ഥയെക്കുറിച്ച് മ്ശിഹായുടെ ശരീരം സൂര്യനിലായിരുന്നുവെന്നും പഠിപ്പിച്ചിരുന്ന മർക്കിയോന്റെ ശിഷ്യനായ ആഫ്രിക്കാക്കാരൻ മോർമ്മോജെനീസിന്റെ വേദവിപരീതത്തിന് എതിരായും എഴുതി. ആ പുസ്തകത്തിൽ വി.യോഹന്നാന്റെ വെളിപാടിൽനിന്നും സാക്ഷ്യങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. അത് അതിന്റെ ഘടനാവൈശിഷ്ട്യത്തിലും ലാളിത്യത്തിലും പ്രസിദ്ധങ്ങളാണ്. വി.വേദപുസ്തകത്തിൽനിന്ന് നാല് ഏവൻഗേലിയോൻ, ഉത്തമഗീതം, സദൃശവാക്യങ്ങൾ ആദിയായവയുടെ വ്യാഖ്യാനങ്ങൾ ഇദ്ദേഹം എഴുതിയിട്ടുണ്ട് എന്ന് പറയപ്പെടുന്നു. യൂഹാനോന്റെ ഏവൻഗേലിയോന്റെ* കർത്താവ് യൂഹാനോൻ ശ്ലീഹാതന്നെ എന്ന് ആദ്യമായി ഊന്നിപ്പറഞ്ഞത് ഇദ്ദേഹമാണ്. പുറജാതിക്കാരനായ ഓഥോലിക്കോസിനെതിരായി മൂന്ന് ലേഖനങ്ങൾ ഇദ്ദേഹം എഴുതിയിട്ടുണ്ട്. ഇപ്രകാരം താൻ ക്രിസ്തീയ വിശ്വാസത്തെ പുരസ്കരിച്ച് എഴു

*ഗ്രന്ഥകർത്താവ്

തുന്നതിൽ ഉത്സാഹിയായിരുന്നു. വെളിപാടിന്റെയും സാമർത്ഥ്യത്തിന്റെയും വരങ്ങൾ തന്നിൽ വിളങ്ങിയിരുന്നു. വാദപ്രതിവാദങ്ങളും തർക്കങ്ങളുമായ അനവധി ശ്രേഷ്ഠകൃതികൾ താൻ നിർമ്മിച്ചു. കാര്യസമ്പൂർണ്ണങ്ങളായ മാണിക്യങ്ങളാൽ അത് അലങ്കരിക്കപ്പെട്ടിരിക്കുന്നു. ആ കൃതികളെപ്പറ്റി പ്രസിദ്ധ പണ്ഡിതനായ ബാർ എബ്രായ പ്രകാരം പറയുന്നു: വി.തിയോഫിലോസ് സത്യോപദേശത്തെ പ്രസ്പഷ്ടീകരിക്കുന്ന അനേകം കൃതികളും വിവിധങ്ങളായ ലേഖനങ്ങളും രചിച്ചിട്ടുണ്ട്. വേദവിപരീതികൾക്കെതിരായിട്ടുള്ള അദ്ദേഹത്തിന്റെ വൈരാഗ്യത്തെ പുകഴ്ത്തിക്കൊണ്ട് കേസരിയായിലെ യൗസേബിയോസ് തന്റെ പുസ്തകത്തെപ്പറ്റി അത് വിശ്വാസസംബന്ധമായ കാര്യങ്ങൾ പഠിക്കുവാൻ ഉതകുന്നവയാണെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ഓഥോലിക്കോസിനെതിരായുള്ളവയും മറ്റു ചില ഭാഗങ്ങളുമൊഴിച്ച് തന്റെ എഴുത്തുകൾ നഷ്ടപ്പെട്ടുപോയതായി കാണുന്നു.

ഓഥോലിക്കോസിനെതിരായുള്ള തന്റെ പുസ്തകം ശ്രേഷ്ഠവും പ്രയോജനസമ്പൂർണ്ണവുമാണ്. ഓഥോലിക്കോസ് അന്ത്യോഖ്യായിലെ ഒരു ന്യായാധിപതിയായിരുന്നു. ഇദ്ദേഹം പണ്ഡിതനും, സത്യത്തെ സ്നേഹിക്കുന്നവനും വി. തിയോഫിലോസിന്റെ ഒരു സ്നേഹിതനുമാണെന്ന് വിചാരിക്കപ്പെടുന്നു. എന്നാൽ വി. ഏവൻഗേലിയോനെതിരായി ക്രിസ്തീയമതത്തെ പരിഹസിക്കുകയും പുറജാതി എഴുത്തുകാരനായ കെൽസോസ്(എ.ഡി.150) തത്ത്വജ്ഞാനിയായ ക്രീസ്നോസ്, കൊർന്നേലിയോസ്, ഫ്രോൻതോ(ഏ.ഡി. 150) ആദിയായവരെപ്പോലെ ക്രിസ്തുമതത്തെ ദുഷിക്കുകയുംചെയ്തു. പുറജാതിക്കാർ അഹംഭാവത്തോടെ സാധാരണ ചോദിക്കാറുള്ളതുപോലെ നിങ്ങളുടെ ദൈവത്തെ കാണിച്ചുതരിക എന്ന് ചോദിക്കുമായിരുന്നു. അതുകൊണ്ട് വി. തിയോഫിലോസ് അവനെതിരായി പുസ്തകങ്ങൾ എഴുതി. ഈ പുസ്തകങ്ങളിൽ വി.വേദത്തിലേയും പ്രകൃതിയിലേയും ഉറപ്പുള്ള തെളിവുകളോടുകൂടി താഴെപ്പറയുന്ന കാര്യങ്ങൾ പ്രതിവാദിക്കപ്പെടുന്നു. ദൈവത്തെ ശരീരകണ്ണുകൾകൊണ്ട് കാണുക അസാദ്ധ്യം, പൊതുവായ ഉയിർപ്പ് നിശ്ചയമായും ഉണ്ടാവുകതന്നെചെയ്യും. സകല കാര്യങ്ങളുടെയും നടത്തിപ്പിന് വിശ്വാസം അത്യന്താപേക്ഷിതമാണ്. ജാതികളുടെ ദേവന്മാരും അവരുടെ ആരാധനയും വ്യർത്ഥമാകുന്നു. ജാതികളുടെ മതത്തിന്റെ കഥകൾ ശൂന്യങ്ങളത്രെ. ജാതികളുടെ തത്ത്വജ്ഞാനികളുടെയും കവികളുടെയും അഭിപ്രായങ്ങൾ ചൊവ്വില്ലാത്തവയും പരസ്പരവിരുദ്ധങ്ങളുമാകുന്നു. അവരുടെ വിവിധ ഉപദേശങ്ങൾ നികൃഷ്ടങ്ങൾ തന്നെ. നേരേമറിച്ച് വി.വേദത്തിലെ ചരിത്രങ്ങൾ നീതിയായി ക്രമീകരിക്കപ്പെട്ടിട്ടുള്ളവയും സത്യങ്ങളുമാണ്. അതിലെ പ്രമാണങ്ങൾ ഏറ്റം ശ്രേഷ്ഠതരങ്ങൾ അത്രെ. ക്രിസ്തുമതം മഹത്തരം ആകുന്നു. മ്ശിഹാ എന്ന നാമം അഭിഷേകം ചെയ്യപ്പെട്ടവനെക്കുറിക്കുന്നു. ഇത് യോഗ്യവും പരിമളം നിറഞ്ഞതും ഏറ്റവും ബഹുമാന്യവുമായ നാമമത്രെ.

ആകയാൽ ദൈവിക തൈലത്താൽ നാം അഭിഷേകം ചെയ്യപ്പെടുന്നതു കൊണ്ട് ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെടുന്നു. ഇവയാൽ അദ്ദേഹം ഓഘോലിക്കോസിനെ അവന്റെ അവസാനത്തിൽ ശിക്ഷാവിധി ഉണ്ടാകാതിരിപ്പാനായി തന്നെപ്പോലെ ക്രിസ്തുമതം സ്വീകരിപ്പാൻ ക്ഷണിച്ചു.

ഇപ്രകാരം ആദ്യനൂറ്റാണ്ടുകളിൽ ഈ വിശുദ്ധൻ ഒരു പ്രശംസാപാത്രവും ശ്രേഷ്ഠനുമായി ശോഭിച്ചു. ആയത് യോഗ്യമായിരിക്കുന്ന പോരാട്ടങ്ങളാലും സത്യോപദേശങ്ങളാലും വിലയേറിയ പുസ്തകങ്ങളാലും വി.സഭയെ താനുയർത്തിയതുകൊണ്ടത്രെ. ഈ ലോകത്തിലെ തന്റെ പോരാട്ടത്തിനുശേഷം 182-ാംആണ്ട് തന്റെ ആയുസ്സിൽ ശോഭയേറിയ ദീപമണഞ്ഞു. കാലങ്ങൾക്ക് മായിക്കാൻ പാടില്ലാത്ത വണ്ണം നല്ല ഓർമ്മയെ ശേഷിപ്പിച്ചിട്ട് പ്രകാശമയമായ ലോകത്തിലേക്ക് താൻ കയറിപ്പോയി. തന്റെ സഖാക്കളായ വേദപണ്ഡിതന്മാരുടെ ഇടയിൽ തനിക്ക് ഒരു പ്രത്യേകസ്ഥാനമുണ്ട്. ആയത് തന്റെ പാണ്ഡിത്യം കൊണ്ടത്രെ സിദ്ധിച്ചത്. വിശിഷ്യാ വി.ത്രിത്വത്തിന്റെ ഏക സാരാംശത്തെക്കുറിച്ച് ആദ്യമായി ഏറ്റുപറഞ്ഞത് ഇദ്ദേഹമാണ്. ഇതുകാരണം കിഴക്കൻ സഭയ്ക്ക് കിരീടം താൻ മുടഞ്ഞുവച്ചു. അപ്രകാരം സാരംശപരമായ ഈ വിശ്വാസത്തെ അതിൽനിന്നു സ്വീകരിച്ചതിനാൽ അതിന്റെ പുത്രിയായ പടിഞ്ഞാറൻ സഭ അതിന്റെ ചിറകിൻകീഴിൽ അഭയപ്പെട്ടിരിക്കുന്നു.

### അദ്ധ്യായം 8

# ക്രൈസ്തവ വിദ്യാലയങ്ങൾ അഥവാ അലക്സന്ത്ര്യായിലെ വേദശാസ്ത്ര വിദ്യാലയവും മല്പാന്മാരും

ഭൂമുഖത്ത് ക്രിസ്തുമതം, ലോകമായകളിൽനിന്നും കേവലം അകന്നതും പൂർണ്ണവും ഉൽകൃഷ്ടവുമായ ഒരു നവീനമാർഗ്ഗം ആണ് അവതരിപ്പിച്ചത്. ആ സത്യമാർഗ്ഗത്തിൽക്കൂടെ സഞ്ചരിക്കുന്നതിന് മനുഷ്യവർഗ്ഗത്തെ സജ്ജമാക്കുവാൻ ക്രിസ്തുമതം യത്നിച്ചുകൊണ്ടിരുന്നു. തത്ത്വജ്ഞാനപരമായ ഖഡ്ഗവുമായി ചില ജാതീയചിന്തകന്മാർ അതിനോടു മല്ലിട്ടുനോക്കുവാൻ തുടങ്ങി. അക്കാലത്തു പാശ്ചാത്യവും പൗരസ്ത്യവുമായ ലോകത്തിൽ യൗനായ(ഗ്രീക്ക്) തത്ത്വജ്ഞാനം, പ്രത്യേകിച്ചും പ്ലേറ്റോ, അരിസ്റ്റോട്ടൽ മുതലായവരുടെ സിദ്ധാന്തങ്ങളെ ഉപജീവിച്ചുള്ള ചിന്താഗതി പ്രചുരപ്രചാരത്തിൽ ഇരുന്നിരുന്നു. അന്ന് പ്രസിദ്ധിയിൽ ഇരുന്നിരുന്ന അഥേന, തർസോസ്, അലക്സന്ത്രിയ എന്നീ സ്ഥലങ്ങളിലെ മൂന്ന് പ്രധാന വിദ്യാമന്ദിരങ്ങളിൽ ഈ തത്ത്വചിന്തകന്മാരുടെ ചിന്തകളെ ഉപജീവിച്ചുള്ള അഭ്യസനങ്ങൾ നല്കപ്പെട്ടിരുന്നതിനാൽ ഈ ജ്ഞാനമധു, പാനം ചെയ്യേണ്ടതിന് യുവാക്കന്മാർ അനേകർ ആസക്തിയോടുകൂടെ നാനാപ്രദേശങ്ങളിൽനിന്നുമായി അവയിൽ ഓടിക്കൂടിക്കൊണ്ടിരുന്നു. എന്നാൽ ഈ സംരംഭത്തിൽ ആരംഭംമുതലേ ശക്തിമത്തായ പ്രതിരോധനം പ്രത്യേകിച്ചു ജാതീയലോകത്തിൽനിന്നും അഭിമുഖീകരിക്കേണ്ടതായിവന്നു. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവരിൽ ചിലരും ഇങ്ങനെയുള്ള തത്ത്വജ്ഞാനഗതികളിൽക്കൂടി അഭ്യസിതരായിരുന്നതുകൊണ്ട് ആ സിദ്ധാന്തങ്ങളുടെ തണലിൽക്കൂടി വി.ഏവൻഗേലോന്യസത്യങ്ങളെ വിശകലനം ചെയ്വാനാരംഭിച്ചു. ക്രിസ്തുമതത്തിന്റെ ഈ ബാല്യകാലത്തിൽ വിവിധ പീഡകളെയും പ്രതിബന്ധങ്ങളെയും അതിനു അനുഭവിക്കേണ്ടിവന്നതിനാൽ, അതിലെ ഉപദേശങ്ങളും വൈദികസിദ്ധാന്തങ്ങളും കേവലം നിഗൂഢാവസ്ഥയിലിരുന്നിരുന്നെന്നു മാത്രമല്ല, ക്രിസ്ത്രീയജ്ഞാനികൾ പുറമേ പ്രസിദ്ധമായി അറിയപ്പെടുന്നതിനോ അവരുടെ ജ്ഞാനോക്തികൾ പ്രചരിപ്പിക്കുന്നതിനോ ഉള്ള അവസരവും സിദ്ധിച്ചിരുന്നില്ല. എന്നാൽ മേൽ പ്രസ്താവിച്ചതുപോലെയുള്ള നിശിത പ്രതിരോധനങ്ങൾ

ക്രിസ്ത്യേതരരിൽനിന്നും വേദവിപരീതോപദേശങ്ങൾ മുഖാന്തരമായി ക്രിസ്തുമതാനുസാരികളിൽനിന്നും ഉളവാകുന്നതായി വി.സഭ കണ്ടപ്പോൾ ഈ നാശത്തിൽനിന്നും വിശ്വാസികളെ സൂക്ഷ്മതപ്പെടുത്തേണ്ടതിനും ക്രിസ്തീയതത്ത്വങ്ങൾ താത്ത്വികരീത്യാ വെളിപ്പെടുത്തുന്നതിനും അതിനെ എതിർക്കുന്നതിനു സന്നദ്ധമായ തത്ത്വജ്ഞാനസിദ്ധാന്തങ്ങളുടെ അയഥാർത്ഥത്തെ നഗ്നമായി വെളിപ്പെടുത്തുന്നതിനും വേണ്ടി അക്കാലത്തു സർവ്വവിദിതമായിരുന്ന ആ, ജ്ഞാനമാർഗ്ഗങ്ങളുടെ തണലിനെ ആശ്രയിച്ചുകൊണ്ടുതന്നെ യത്നിപ്പാൻ തുടങ്ങി. ലഘു ജീവിതപ്രസക്തമായ ഏവൻഗേലിയോന്റെ സാധാരണികത്വത്തിൽ നിന്ന് സഭ, മതപരമായിട്ടല്ലാതെ ഗവേഷണപരമായി മാറി. ക്രിസ്തുവിശ്വാസം തത്ത്വത്തിനും യുക്തിക്കും പ്രതിബന്ധമായിട്ടുള്ള ഒന്നല്ല, എന്നാലോ അവയെ പ്രകാശിപ്പിക്കുന്നതുതന്നെ എന്ന സത്യം അസന്നിഗ്ദ്ധമായ വിധം വ്യവഹരിച്ചുതുടങ്ങുകയുംചെയ്തു. ഒരു വശത്തുകൂടി നിരീക്ഷിക്കുമ്പോൾ ജീവസ്പർശകമായ കേവലം സാധാരണങ്ങളായ ചില ഉപദേശസംഹിതകളാണ് അവിടെ നാം കാണുന്നത്. മറ്റൊരു വശത്തുകൂടി നോക്കുമ്പോൾ മനുഷ്യബോധത്തിന്റെ വിവിധ വിലാസപ്രകൃതികളെ സ്പർശിക്കുന്ന ബോധങ്ങളാണു കാണുന്നത്.

ഈ വേദസിദ്ധാന്തങ്ങളെയും നവജീവക്രമങ്ങളെയും മതാനുസാരികളെ അഭ്യസിപ്പിക്കേണ്ടതിലേക്ക് അവിടവിടെ സഭ വിദ്യാമന്ദിരങ്ങൾ സ്ഥാപിച്ചുതുടങ്ങി. വിവിധ പ്രായങ്ങളിലായി വയസ്സന്മാരെന്നോ ചെറുപ്പക്കാരെന്നോ, വലിയ ജ്ഞാനികളെന്നോ പാമരന്മാരെന്നോ, ശ്രേഷ്ഠകുലജാതരെന്നോ ഹീനകുലജാതരെന്നോ ഉള്ള യാതൊരു വ്യത്യാസവും കൂടാതെ വിവിധ വർഗ്ഗങ്ങളിൽനിന്നുള്ള സ്ത്രീപുരുഷന്മാർ ആ വിദ്യാലയങ്ങളിൽ അഭ്യസിച്ചിരുന്നു. അവിടുത്തെ അഭ്യസനരീതിയെക്കുറിച്ച് വിശ്വാസപ്രമാണത്തിന്റെ ക്രമീകരണത്തിൽനിന്നു നാം മനസ്സിലാക്കുന്നിടത്തോളം ഇങ്ങനെ പ്രസ്താവിക്കാം. പിതാവാംദൈവത്തിന്റെ പ്രകൃതി; മനുഷ്യാവതാരം; മ്ശിഹായുടെ ജീവിതം; പരിശുദ്ധ റൂഹായുടെ വ്യാപാരം ഇവയെ തുടർന്ന് വി. പുസ്തകചരിത്രപഠനം മൂന്നാമതായി ക്രിസ്ത്യാനികളുടെ ചുമതലകൾ; ആ ചുമതലകളുടെ പ്രകാശത്തിലൂടെയുള്ള ആദർശജീവിതം എന്നീ വിധത്തിലായിരുന്നു.

വി.യുസ്തീനോസ് ആരംഭിച്ച വിദ്യാലയവും അക്കാലത്ത് ചില വൈദികവിദ്യാലയങ്ങൾ ഉണ്ടായിരുന്നുവെന്നു ചരിത്രത്തിൽനിന്നു നാം വായിക്കുന്നുവെങ്കിലും അവയിൽ പ്രസിദ്ധിയാർജ്ജിച്ചിരുന്നത് അലക്സന്ത്ര്യയായിലെ വിദ്യാലയം ആയിരുന്നു. പ്രസിദ്ധ ചരിത്രകാരനായ യൗസേബിയോസ് ഇപ്രകാരം പറയുന്നു: "പ്രാരംഭകാലംമുതൽതന്നെ വി. ഉപദേശശിക്ഷണം അലക്സന്ത്രിയായിലെ വി.സഭയിൽനിലനിന്നുവന്നു. വചനത്തിലും ദൈവഭക്തിയിലും തല്പരരായുള്ളവരാൽ ഇത് നിലനിർത്തപ്പെട്ടുപോന്നിരുന്നു. അലക്സന്ത്ര്യയിലെ മതാഭ്യസനത്തിന്റെ അടിസ്ഥാനമിട്ടത് സുവിശേഷകനായ വി.മർക്കോസ് ആകു

ന്നുവെന്നത്രെ പാരമ്പര്യം. ഈ വി.ഉപദേശത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിൽ തന്റെ പിൻഗാമികളായി വന്നവരും അലക്സന്ത്ര്യയിലെ സിംഹാസനത്തിൽ ഭരിച്ചവരും ഉത്സാഹിച്ചിരുന്നു. എന്നാൽ ഈ നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി അലക്സന്ത്ര്യൻ സഭ അതിൽ സ്ഥാപിക്കപ്പെട്ടതായ വേദാദ്ധ്യയന പാഠശാല മുഖാന്തിരം ഏറ്റം അഭിവൃദ്ധി പ്രാപിച്ചു. ക്രിസ്തുമതാശ്ലേഷത്തിൽ, ന്യായപ്രമാണം യഹൂദന്മാർക്ക് എപ്രകാരം ഒരു സഹായകവാടം ആയിരുന്നുവോ അപ്രകാരംതന്നെ ജാതികളുടെ മുമ്പാകെ അവർക്ക് തത്ത്വജ്ഞാനാഭ്യസനത്തിന് ഒരു സഹായ മാർഗ്ഗമായിരുന്നുവെന്ന് അലക്സന്ത്ര്യാക്കാർ വിശ്വസിച്ചിരുന്നു. രണ്ടാമതായി അതിനാൽ മാത്രമാണ് ക്രിസ്തുമതത്തിലെ ദുർഗ്രഹങ്ങളും അഗാധങ്ങളുമായ മർമ്മങ്ങൾ വെളിപ്പെട്ടതും. ബത്‌ലീമോസിന്റെ കാലംമുതൽ പൗരസ്ത്യപാശ്ചാത്യ പ്രദേശങ്ങൾ തമ്മിൽ ആശയവിനിമയം ചെയ്യുന്നതിന് അലക്സന്ത്ര്യ ഒരു കേന്ദ്രമായിത്തീർന്നു. യഹൂദമതവും ഹെലനിക് തത്ത്വശാസ്ത്രവും തമ്മിൽ അലക്സന്ത്ര്യാ രഞ്ജിപ്പു വരുത്തിയതുപോലെതന്നെ ക്രിസ്ത്യാനിത്വവും ഗ്രീക്ക് തത്ത്വശാസ്ത്രവും തമ്മിലും രഞ്ജിപ്പുവരുത്തി.

അലക്സന്ത്ര്യയിലെ വിദ്യാലയത്തിന്റെ പ്രാരംഭപ്രവർത്തകർ ആരെന്നു ചരിത്രം നമ്മെ കാണിക്കുന്നില്ല. എന്നാൽ അഥേനഗോറോസ്[1] വാലന്തീനോസ് എന്നിവർ അലക്സന്ത്ര്യയായിൽ പഠിപ്പിച്ചിരുന്നുവെന്ന് നാം വായിക്കുന്നു.

ഇക്കാലത്ത് അലക്സന്ത്ര്യയിൽ ജ്ഞാനാഭ്യസനത്തിൽ പ്രസിദ്ധനായ പന്തീനോസ് എന്നൊരുവൻ ഉണ്ടായിരുന്നു. ഇദ്ദേഹം സിസിലിയിലെ ഒരു സ്റ്റോവിക് തത്ത്വജ്ഞാനിയായിരുന്നു. കൈസര്യായിലെ യൗസേബിയോസ് പറയുംപ്രകാരം ഇദ്ദേഹം അക്കാലത്തുണ്ടായിരുന്ന സകലരെക്കാളും ശ്രേഷ്ഠനായിരുന്നു. ഇദ്ദേഹം സുവിശേഷവേലയ്ക്കുവേണ്ടി വളരെ ഉത്സാഹിച്ചിരുന്നു. കിഴക്ക് യമൻപ്രദേശത്തും ഇദ്ദേഹം സുവിശേഷഘോഷണം നടത്തി. ബർത്തുൽമായി ശ്ലീഹാ അവിടെ സുവിശേഷം അറിയിച്ചപ്പോൾ അവർക്ക് നൽകിയിരുന്നതായ വി. മത്തായിയുടെ സുവിശേഷം(എബ്രായരുടെ ഭാഷയായ സുറിയാനി

1 അഥേനഗോറോസ് അഥേനക്കാരനായിരുന്നു. അദ്ദേഹം തത്ത്വജ്ഞാനിയായ പുറജാതി ഉപദേഷ്ടാവായിരുന്നു. ക്രിസ്തുമതത്തിന് വിരോധമായി ഒരു പുസ്തകം എഴുതുന്നതിനു തുനിയുകയായിരുന്നു. വി. പുസ്തകം ഈ ആവശ്യത്തിലേക്കുവേണ്ടി എടുത്ത് വായിച്ചു. ആ വായനയോടുകൂടി ക്രിസ്തുവിൽ ഒരു തികഞ്ഞ വിശ്വാസി ആകുവാൻ ഇടയായി. താൻ ചില ഉപന്യാസങ്ങൾ ചെയ്തിട്ടുള്ളവയിൽനിന്ന് ഗ്രഹിക്കുവാൻ കഴിയുന്നത് അലക്സന്ത്ര്യ വിദ്യാലയത്തിലെ ആദ്യ മല്പാൻ താൻ ആയിരുന്നുവെന്നാണ്. മർക്കോസ്, ഓറല്യോസ്, ലൂസിയോസ് വെറോസ് എന്നീ രാജാക്കന്മാർ ക്രിസ്തുമതത്തെ സാക്ഷിച്ചുകൊണ്ട് ക്രിസ്ത്യാനികളോട് ദയവായി പെരുമാറുന്നതിന് അപേക്ഷിച്ചുകൊണ്ട് പുസ്തകം എഴുതി. എ.ഡി.177-ൽ പുനരുത്ഥാനത്തെക്കുറിച്ച് വേറെയും ഒരു പുസ്തകം എഴുതി.

യിൽ) കാണുകയും കുറേക്കാലം അവിടെ സുവിശേഷം അറിയിച്ച തിനുശേഷം അദ്ദേഹം അലക്സന്ത്ര്യായിലേക്ക് തിരിച്ചുപോയപ്പോൾ വി.മത്തായിയുടെ സുവിശേഷം കൊണ്ടുപോകുകയുംചെയ്തു(ഇത് എ.ഡി.180നോട് അടുത്താണ്) അവിടത്തെ വേദപാഠശാലയിൽ ഒരു അദ്ധ്യാപകനും നടത്തിപ്പുകാരനും ആയിത്തീർന്നു. ഈ പന്തീനോസ് ഉത്തമനടപടികളിൽ ജീവിതം നയിച്ചിരുന്നു. ഇദ്ദേഹം അലക്സന്ത്ര്യാ യിലെ വിദ്യാലയമേധാവി ആയിത്തീർന്നു. പ്രസിദ്ധ ചരിത്രകാരനായ യൗസേബിയോസ് ഇപ്രകാരം പറയുന്നു: "ഈ പന്തീനോസ് തന്റെ സകല ഉത്തമപ്രവർത്തനങ്ങളാൽ അലക്സന്ത്രിയായിലെ വിദ്യാഭ്യാസ മേധാവി ആയിത്തീർന്നു. പ്രോത്സാഹജനകമായ പ്രസംഗങ്ങൾ, ലേഖനങ്ങൾ എന്നിവകളാൽ ദൈവിക ആയോധന വിജയഭണ്ഡാരം" എന്തെന്ന് സ്ഥാപിക്കുകയും കാണികൾക്ക് ദൃശ്യമാക്കുകയുംചെയ്തു." തന്റെ പിൻഗാമിയായി തന്റെ ശിഷ്യനായ തീത്തോസ് ഫ്ളാവിയോസ് ക്ലീമ്മീസ് എ.ഡി. 190-ൽ അവരോധിക്കപ്പെട്ടു. ഇദ്ദേഹം ജനിച്ചത് അഥേനയിലെ ഒരു കാവ്യകുടുംബത്തിലാണ്. ഇദ്ദേഹം യൗനായതത്ത്വ ശാസ്ത്രങ്ങളിലും അവരുടെ കവികളും ജ്ഞാനികളുമായവരുടെ ഗ്രന്ഥ ങ്ങളിലും അസാമാന്യപാണ്ഡിത്യം സമ്പാദിച്ചിരുന്നു. അനന്തരം അദ്ദേഹം ക്രിസ്തുമതം സ്വീകരിച്ചു. "ശ്ലൈഹികപാരമ്പര്യത്തിൽ നില നിൽക്കുന്നവരായ ചില പ്രസിദ്ധന്മാരിൽനിന്ന് വചനം ശ്രവിക്കുന്നതിന് താൻ യോഗ്യനായിത്തീർന്നു. എങ്കിലും അവർ മുഖാന്തിരം തന്റെ ഉദ്ദേശം പൂർണ്ണമായില്ല എന്നും ഇവയ്ക്കു എല്ലാറ്റിനുംശേഷം താൻ ജ്ഞാനത്തിൽ ഒന്നാമനായവനെ കണ്ടുമുട്ടുകയും(പന്തീനോസ്) അദ്ദേ ഹത്തിന്റെ സന്നിധിയിൽ എനിക്കു ആശ്വാസം ലഭിക്കുകയുംചെയ്തു" എന്നും സ്വയം പറഞ്ഞിരിക്കുന്നു. അലക്സന്ത്ര്യായിലെ പാത്രിയർ ക്കീസായ ദിമത്രിയോസ് അദ്ദേഹത്തിനു കശീശാപട്ടം കൊടുത്തു. എ.ഡി.202 വരെ അലക്സന്ത്ര്യായിലെ വേദപാഠശാലയിൽ അദ്ദേഹം പഠിപ്പിച്ചുകൊണ്ടിരുന്നു. തത്സമയം സേവേറോസ് കൈസർ മതപീഡ ആരംഭിക്കുകയും ആ പീഡ മുഖാന്തിരം ആ വിദ്യാലയത്തിലെ അഭ്യ സനം കുറേക്കാലത്തേക്ക് നിർത്തിവയ്ക്കേണ്ടതായിവരികയുംചെയ്തു. ഈ ക്ലീമീസ് കപ്പദൂക്യായിലേക്ക് ഓടിപ്പോയി. അവിടെ കേസറിയാ യിലെ എപ്പിസ്കൂപ്പായും തന്റെ ശിഷ്യനും ആയ മോർ അലക്സന്ത്രി യോസിന്റെ അടുക്കൽ താമസിക്കയുംചെയ്തു. മോർ അലക്സന്ത്രി യോസ് ബന്ധനസ്ഥൻ ആയപ്പോൾ ഈ ക്ലീമീസ് കശീശാ അദ്ദേഹ ത്തിന് പകരം അവിടുത്തെ ഇടവകയുടെ കാര്യങ്ങൾ നിർവഹിച്ചുവന്നു. എ.ഡി. 211-ൽ വി. എസ്ക്ലപ്പിയാദീസ് അന്ത്യോഖ്യാ പാത്രിയർക്കീസ് ആയപ്പോൾ അന്ത്യോഖ്യൻസഭയ്ക്ക് ഒരു അനുമോദനസന്ദേശം ഈ ക്ലീമീസ് കശീശാവശം മോർ അലക്സന്ത്രിയോസ് കാരാഗൃഹത്തിൽ നിന്ന് അയച്ചു. ഇദ്ദേഹം (ക്ലീമീസ്) 211-നും 215-നും ഇടയ്ക്ക് കാല ഗതി പ്രാപിച്ചു. ഇദ്ദേഹം ക്രിസ്തീയാഭിവൃദ്ധിക്കുവേണ്ടി വളരെയധികം

പരിശ്രമിച്ചിരുന്നു. താൻ അലക്സന്ത്ര്യായിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ തന്റെ വചനങ്ങൾ കേൾക്കുന്നതിനും തന്നിൽനിന്നും സത്യവിശ്വാസം അഭ്യസിക്കുന്നതിനുമായി വിവിധതരക്കാർ ശിഷ്യരായിരുന്നു. തത്ത്വശാസ്ത്രപടുക്കളും ധനവാന്മാരും സത്യവിശ്വാസികളും വേദവിപരീതികളും ആയി വിവിധതരത്തിലുള്ളവർ അതിൽ ഉൾപ്പെട്ടിരുന്നു. എന്തുകൊണ്ടെന്നാൽ ക്ലീമീസ് വേദവ്യാഖ്യാനത്തിലും തത്ത്വശാസ്ത്രത്തിലും അതിനിപുണനായിരുന്നു. താൻ അലക്സന്ത്രിയായിലും കപ്പദൂക്യായിലും അനേകരെ ക്രിസ്തുമതത്തിലേക്ക് ചേർത്ത് മ്ശിഹായെ അനുകരിക്കേണ്ടതും സഭയുടെ നിയമങ്ങളെ അനുസരിക്കേണ്ടതും എങ്ങനെ എന്ന് വചനത്താലും പ്രവൃത്തിയാലും പഠിപ്പിച്ച തീക്ഷ്ണതയുള്ള ഒരു ഉപദേഷ്ടാവായിരുന്നു. ഇദ്ദേഹം വിശ്വാസികളുടെ അഭ്യസനത്തിനും ജാതികൾക്ക് എതിരായും അനേകം വിശിഷ്ടഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. ക്ലീമീസിനെ അലക്സന്ത്രിയായിലെ വിദ്യാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നതിനാൽ തന്നെ 'അലക്സന്ത്രിയാക്കാരൻ' എന്നു വിളിക്കപ്പെടുന്നു.

## അദ്ധ്യായം 9

# പെസഹാ—കൃംതാ പെരുനാൾ ആചരണം സംബന്ധിച്ചു സഭയിൽ ഉണ്ടായ വിവാദം

പരിശുദ്ധ ശ്ലീഹന്മാരുടെ നിർദേശപ്രകാരം പെസഹായുടെയും കൃംതായുടെയും പെരുനാൾ ആഘോഷിക്കപ്പെട്ടുവെന്ന് പൗലൂസ് ശ്ലീഹാ തന്റെ ലേഖനത്തിൽ സൂചിപ്പിച്ചിരിക്കുന്നു(1.കൊരിന്തി.5:7). ഈ നൂറ്റാണ്ടിൽ പെസഹാപെരുനാളിന്റെ അനുഷ്ഠാനത്തെപ്പറ്റി സഭയിൽ ഭിന്നതയുണ്ടായി. ഏഷ്യാമൈനറിൽ ഉണ്ടായിരുന്ന സകല ഇടവകകളും യഹൂദന്മാർ പെസഹാ ആചരിച്ച ദിവസമായ ചന്ദ്രന്റെ നില അനുസരിച്ചുള്ള മേടമാസം 14-ാം തീയതി രക്ഷയുടേയും ക്രൂശാരോഹണത്തിന്റെയും ഓർമ്മ ആഘോഷിക്കുകയും ആ മാസം 16-ാം തിയതി ഉയിർപ്പായി ആചരിക്കുകയും ചെയ്തുപോന്നു. കൂശാരോഹണദിവസംതന്നെ അവർ നോമ്പ് അവസാനിപ്പിക്കുകയും ചെയ്തിരുന്നു. എന്തെന്നാൽ ആ ദിവസം രക്ഷയുടെയും സ്വാതന്ത്ര്യത്തിന്റെയും ദിവസമാണെന്ന് അവർ വിശ്വസിച്ചിരുന്നു. ആകയാൽ മ്ശിഹായുടെ കഷ്ടാനുഭവത്തെ സ്മരിക്കുന്ന സമയം ദുഃഖത്തിന്റെ സമയവും അതു കഴിഞ്ഞുള്ള സമയം സന്തോഷത്തിന്റെ സമയവുമായി അവർ ആചരിച്ചിരുന്നു. എന്നാൽ ലോകത്തിലുണ്ടായിരുന്ന മറ്റ് യാതൊരു ക്രിസ്ത്രീയ ഇടവകകളിലും ഈ രീതി അംഗീകരിച്ചിരുന്നില്ല. ആ ഇടവകകൾ നമ്മുടെ കർത്താവ് കഷ്ടമനുഭവിച്ച വെള്ളിയാഴ്ച ക്രൂശാരോഹണത്തിന്റെയും കബറിൽനിന്ന് ഉയിർത്ത ഞായറാഴ്ച, ഉയിർപ്പിന്റെയും ഓർമദിവസങ്ങളായി കരുതിയിരുന്നു. അല്ലാതെ അവർ തിയതിയെ ഗണ്യമാക്കിയിരുന്നില്ല. വെള്ളിയാഴ്ചമുതൽ ഞായറാഴ്ച പാതിരാവരെ നിയമാനുസരണവും പൂർണ്ണവുമായ നോമ്പ് ആചരിച്ചിരുന്നു. ഇത് ശ്ലീഹന്മാരുടെ പാരമ്പര്യമെന്ന് ഇരുവരും വാദിച്ചുകൊണ്ടിരുന്നു. എന്നാൽ ഈ തർക്കം മിക്കവാറും യഹൂദരിൽനിന്നുള്ള ക്രിസ്ത്യാനികളും പുറജാതികളിൽ നിന്നുള്ള ക്രിസ്ത്യാനികളും തമ്മിലായിരുന്നു. യഹൂദരിൽനിന്നുള്ള ക്രിസ്ത്യാനികൾ അഭിപ്രായപ്പെട്ടത് മ്ശിഹായുടെ മരണം പെസഹായുടെ യഥാർത്ഥകുഞ്ഞാട് ആകുന്നുവെന്നും അതുകൊണ്ട് ഈ പെസഹാ യഹൂദന്മാരുടെ പെസഹായോടുകൂടി അവസാനിക്കണമെന്നുമാണ്. എന്നാൽ മറ്റവർ (പുറജാതികളിൽനിന്നുള്ള ക്രിസ്ത്യാനികൾ)

അത് സമ്മതിച്ചില്ല. ഈ വിവാദം സഭയിൽ ദീർഘകാലം നിലനിന്നിരുന്നുവെങ്കിലും പരസ്പരസ്നേഹബന്ധത്തെ അവർ അശേഷവും ഹനിച്ചിരുന്നില്ല. ആദ്യകക്ഷിയിൽപ്പെട്ട പ്രധാനിയായ വി.പോളിക്കർപ്പോസ്, റോമിലെ എപ്പിസ്ക്കോപ്പായായ ആനിക്തോസിന്റെ നാളുകളിൽ (155-168) അവിടെ ചെന്ന് അദ്ദേഹത്തോട് വാദിച്ചു. ഇരുവരും അവരവരുടെ ശ്ലൈഹികപാരമ്പര്യമനുസരിച്ച് സ്ഥാപിക്കുവാൻ ശക്തിപൂർവ്വം ശ്രമിച്ചു. പരസ്പരസമ്മതം സമ്പാദിക്കുന്നതിന് ഇരുവർക്കും സാധിച്ചില്ല എങ്കിലും പരസ്പരസ്നേഹബന്ധത്തിന് യാതൊരു ഭംഗവും ഉണ്ടായിരുന്നില്ല. അന്യോന്യം സഹകരിച്ചു പ്രവർത്തിക്കുകയുംചെയ്തു. വി. പോളിക്കർപ്പോസ് വി.കുർബാന അർപ്പിക്കുകയും ആനിക്തോസ് അതിൽ സംബന്ധിക്കുകയുംചെയ്തു. രണ്ടുപേരും സന്തോഷമായി പിരിഞ്ഞു. പെസഹാചരണം സംബന്ധിച്ച് ഇപ്രകാരം ഭിന്നാഭിപ്രായങ്ങൾ ഉണ്ടായിട്ടും ആചരിക്കുന്നവരും ആചരിക്കാത്തവരും (സഭയിലുള്ള എല്ലാവരും) സമാധാനമായി വർത്തിച്ചിരുന്നു. എന്നാൽ ഈ സംഗതി സമാധാനപരമായ അന്തരീക്ഷത്തിൽ അധികനാൾ നിലനില്ക്കുവാൻ ഇടവന്നില്ല. ഏകദേശം ഈ നൂറ്റാണ്ടിന്റെ അവസാനകാലത്ത് ഈ വിവാദം സംബന്ധിച്ച് വേണ്ട ആലോചനകൾ നടത്തുന്നതിന് എപ്പിസ്ക്കോപ്പന്മാർ പല സ്ഥലങ്ങളിലും യോഗങ്ങൾ കൂടി. ഏഷ്യാമൈനറിലെ എപ്പിസ്ക്കോപ്പന്മാർ ഒഴിച്ച് മറ്റെല്ലാവരും ഏകാഭിപ്രായം പ്രകടിപ്പിച്ചു. അനന്തരം അവർ ആ തീരുമാനം എല്ലാ സഭയ്ക്കും എഴുതി അയച്ചു. നമ്മുടെ കർത്താവ് പുനരുത്ഥാനം ചെയ്ത ഞായറാഴ്ച അല്ലാതെ അതായത് യഹൂദന്മാരുടെ പെസഹായ്ക്കുശേഷം വരുന്ന ഞായറാഴ്ചയല്ലാതെ ഉയിർപ്പുപെരുനാൾ ആചരിക്കരുതെന്നും അന്നു മാത്രമേ ഉപവാസം അവസാനിപ്പിക്കാവൂ എന്നുമുള്ളത് സഭയുടെ പ്രമാണമായിരുന്നുവെന്നാണ് അവർ പറയുന്നത്. ഇങ്ങനെ 196, 197, 198 എന്നീ ആണ്ടുകളിൽ ഊർശ്ലേം, കൈസറിയ, ബസ്നഹറീൻ. ഉറഹായ്, എഫേസൂസ്, കോരിന്തി, പൊന്തോസ്, റോമാ, ലിയോൺ ആദിയായ സ്ഥലങ്ങളിൽ വച്ച് ഈ കാര്യത്തിനായി പ്രാദേശികസുന്നഹദോസുകൾ കൂടി. എപ്പേസൂസിലെ എപ്പിസ്കോപ്പായായിരുന്ന പോലിക്രിറ്റീസും (196) ഏഷ്യാമൈനറിലെ മറ്റ് എപ്പിസ്കോപ്പന്മാരും ഇതിനോട് വിയോജിക്കുകയും യഹൂദന്മാരുടെ പെസഹാദിവസംതന്നെ ഇത് ആചരിച്ചു പോരികയുംചെയ്തു. അപ്പോൾ റോമിലെ എപ്പിസ്കോപ്പായായിരുന്ന വിക്റ്റർ (190-202) ഇത് വീണ്ടും വിവാദഹേതുകമാക്കിത്തീർത്തു. വിക്റ്റർ വി.പോലിക്രിറ്റീസിന്റെ പേർക്ക് എഴുതുകയും, അന്യോന്യമുള്ള സ്നേഹബന്ധത്തിന് വിഘ്നാതമുണ്ടാകാതെയിരിക്കണമെങ്കിൽ അദ്ദേഹത്തിന്റെ പതിവുകളെ ത്യജിക്കണമെന്ന് ആവശ്യപ്പെടുകയുംചെയ്തു. വി. പോലിക്രിറ്റീസ് വൃദ്ധനും വേദജ്ഞാനിയുമായിരുന്നു. ഇദ്ദേഹത്തിന് മുമ്പ് ഏഴ് എപ്പിസ്കോപ്പന്മാർ തന്റെ കുടുംബത്തിൽനിന്നും ഉണ്ടായിട്ടുണ്ട്.

ഈ ലേഖനം ലഭിച്ചപ്പോൾ പോലിക്രിറ്റീസ് ഏഷ്യാക്കാരായ 50 എപ്പിസ്കോപ്പന്മാരടങ്ങിയ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി. അതിൽ വച്ച് അവരെല്ലാവരും ഐകകണ്ഠ്യേന വിക്റ്ററിന്റെ അപേക്ഷ നിരസിച്ചു. ഇദ്ദേഹത്തിന്റെ ലേഖനം നിയമാനുസൃതമല്ലെന്നും ധിക്കാരവും ഭോഷത്വവും നിറഞ്ഞതാണ് എന്നും അഭിപ്രായപ്പെട്ടു. സുന്നഹദോസിന്റെ അനുവാദാനുസരണം പോലിക്രിറ്റീസ് വിക്റ്ററിനും റോമിലെ സഭയ്ക്കും ലേഖനം അയച്ചു. അതിൽ ഏഷ്യയിൽവച്ച് നിദ്രപ്രാപിച്ച ഫിലിപ്പോസ് ശ്ലീഹാ, അദ്ദേഹത്തിന്റെ രണ്ട് പുത്രിമാർ, സുവിശേഷകനായ മോർ യൂഹാനോൻ, മറ്റ് അപ്പോസ്തലിക പിതാക്കന്മാർ എന്നിവരെല്ലാം 14-ാം തീയതി പെസഹാ ആചരിച്ചിരുന്നുവെന്നും അതിനാൽ തങ്ങളുടെ നടപടി ശരിയാണെന്നും പ്രസ്താവിച്ചിരുന്നു. ഈ കത്ത് വിക്റ്ററിന്റെ ക്രോധത്തെ ലേശംപോലും ശമിപ്പിച്ചില്ല എന്നു മാത്രമല്ല ഏഷ്യാമൈനറിലെ സകല സഭകങ്ങളേയും അവയോട് യോജിപ്പിക്കുന്ന സകല സംഘങ്ങളേയും പൊതുസഭയിൽനിന്ന് ഇതരന്മാരെന്നപോലെ ഛേദിച്ചുകളയണമെന്നും പെട്ടെന്ന് തീരുമാനിച്ചു. എന്തുകൊണ്ടെന്നാൽ ഇങ്ങനെ ചെയ്യുന്നപക്ഷം, പലസ്തീനിലേയും പൊന്തോസിലേയും ഗോളിലേയും കൂറിന്തോസിലെയും എപ്പിസ്കോപ്പന്മാർ ഇതിനെ സ്വീകരിക്കുമെന്ന് വിക്റ്റർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ വിക്റ്ററിന്റെ ഈ അഭിപ്രായം പ്രവർത്തിപദ്ധതിയിൽ വന്നപ്പോൾ അത് മറ്റുള്ള അനേക എപ്പിസ്കോപ്പന്മാർക്ക് രസിച്ചില്ല. അവർ എല്ലാവരും അദ്ദേഹത്തെ കഠിനമായി കുറ്റപ്പെടുത്തി. സമാധാനത്തിനും സഹോദരസ്നേഹത്തിനും ഐക്യത്തിനും പറ്റിയ മാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ നിർദ്ദേശിച്ച് എഴുത്തയച്ചു. അപ്രകാരം എഴുതിയവരിൽ ഒരാളായിരുന്നു ലിയോണിലെ എപ്പിസ്കോപ്പായായിരുന്ന വി.ഐറേനിയോസ് (177-202). ഐറേനിയോസ് വിക്റ്ററിനെഴുതിയത് താഴെ കാണുന്ന പ്രകാരമാണ് ആദ്യനടപ്പനുസരിച്ച് പാരമ്പര്യം സ്വീകരിച്ചു എന്നുള്ള ന്യായം വച്ചുകൊണ്ട് ഈ സഭകളെയെല്ലാം ഛേദിച്ചുകളയുന്നത് ന്യായമല്ല. ഈ ദിവസത്തെ സംബന്ധിച്ചു മാത്രമല്ല പിന്നെയോ നോമ്പിന്റെ അനുഷ്ഠാനത്തെക്കുറിച്ചും വിവാദമുണ്ട്. ഇത് നമ്മുടെ കാലത്തു മാത്രമല്ല, പൂർവ്വികന്മാരുടെ കാലത്തും ഉണ്ടായിട്ടുള്ളതാണ്. പൂർവ്വികന്മാർ പരസ്പരസഹായത്തോടുകൂടി വർത്തിച്ചിരുന്നു. അവിടുന്നു ഭരിക്കുന്ന ഈ സഭയിൽ ഉണ്ടായിട്ടുള്ള എപ്പിസ്കോപ്പന്മാരിലാരും ഈ ദിവസം ആചരിച്ചിട്ടില്ല. അവരോടുകൂടെയുള്ളവരെ ഇത് ആചരിക്കുവാൻ അനുവദിച്ചിരുന്നുമില്ല. അവർ അതിനെ ആചരിക്കാതിരിക്കെ അതിനെ ആചരിച്ചിരുന്ന മറ്റ് സഭകളിലെ ആളുകളുമായി സമാധാനത്തിൽ വർത്തിച്ചിരുന്നു. 'വിക്റ്റർ' ഇത് സ്വീകരിക്കയും തന്റെ അഭിപ്രായത്തിൽനിന്ന് വിരമിക്കുകയുംചെയ്തു. എ.ഡി. 325-ൽ ഒന്നാമത്തെ സാർവ്വത്രികസുന്നഹദോസ് (നിഖ്യ) കൂടുന്നതുവരെ ഇരുഭാഗക്കാരും അവരവർ സ്വീകരിച്ചിരുന്ന പാരമ്പര്യപ്രകാരം പെസഹാദിനം

ആചരിച്ചിരുന്നു. ആ സുന്നഹദോസിൽ ഇരുഭാഗക്കാരും ഐക കണ്ഠ്യേന ഒരു ദിവസം തന്നെ ആചരിക്കണമെന്ന് തീരുമാനിക്കുകയും അങ്ങനെ ആ ഭിന്നത അവസാനിക്കുകയുംചെയ്തു.[1]

1 യഹൂദന്മാരുടെ പെസഹായ്ക്കുശേഷമുള്ള ഞായറാഴ്ച ഈ പെരുനാൾ സാഘോഷം എല്ലാ ക്രിസ്ത്യാനികളും കൊണ്ടാടണമെന്ന് നിഖ്യായിലെ വി. സുന്നഹദോസ് നിശ്ചയിച്ചു. യഹൂദന്മാരുടെ അശുദ്ധതയിൽ സംബന്ധികളാ കാതിരിപ്പാനായിട്ട് അവരുടെ പെസഹായ്ക്കു മുമ്പോ അവരുടേതിനോട് ഒരു മിച്ചോ കൊണ്ടാടരുതെന്നും കല്പിച്ചു. ഈ തീരുമാനമുണ്ടായത് ശ്ലീഹന്മാ രുടെ കാനേൻ 7, 70 എന്നിവ അനുസരിച്ചാണ്. അനന്തരം അന്ത്യോഖ്യാസു ന്നഹദോസിന്റെ ആറാം കാനോനും ലവോദിക്കിയാ സുന്നഹദോസിന്റെ 37-ാം കാനോനും ഈ തീരുമാനത്തെ ഉറപ്പിച്ചു. എന്നാൽ നിഖ്യാസുന്നഹദോസ് തീയതി നിശ്ചയിച്ചിരുന്നില്ല. ഓരോ ആണ്ടിലും അലക്സന്ത്രിയായിലെ പാത്രി യർക്കീസ് സഭ മുഴുവനേയും ഈ തീയതി അറിയിക്കണമെന്നാണ് നിശ്ച യിച്ചത്. ഇങ്ങനെ പൊതുവായി നാം പറയുന്നുവെങ്കിൽ 1582 വരെ പാശ്ചാത്യ പൗരസ്ത്യസഭകൾ വ്യത്യാസമെന്യേ കൃംതാ പെരുനാളിനെ നിഖ്യാ സുന്നഹദോസിന്റെ നിശ്ചയമനുസരിച്ച് ഒരേ ദിവസം കൊണ്ടാടിയിരുന്നു. മുമ്പു പറഞ്ഞപ്രകാരം ഈ ആണ്ടിൽ ഗ്രിഗറി പതിമൂന്നാമൻ പാപ്പാ ആണ്ടിന്റെ പഴയകണക്ക് വ്യത്യാസപ്പെടുത്തിയപ്പോൾ റോമാസമുദായം കൃംതാപെരു നാളിനും ഒരു പുതിയ കണക്ക് ഉണ്ടാക്കി. എന്നാൽ പൗരസ്ത്യരാകട്ടെ തങ്ങ ളുടെ പഴയ കണക്കു തന്നെ തുടർന്നുപോന്നു. ഇങ്ങനെ പാശ്ചാത്യരുടെ പെരുനാൾ ഒന്നുമുതൽ അഞ്ചുവരെ ആഴ്ചകൾ ചിലപ്പോൾ മുന്നിടുവാൻ തുടങ്ങി. ഇവരുടെ പെരുനാൾ ചിലപ്പോൾ പൗരസ്ത്യരുടേതിനോട് ഒരുമിച്ചും ചിലപ്പോൾ സുന്നഹദോസ് നിശ്ചയങ്ങളിൽ പറഞ്ഞിരിക്കുന്നതിനെതിരായി യഹൂദന്മാരുടെ പെസഹായോട് ഒരുമിച്ചോ അതിനുമുമ്പോ ആയിട്ടും വരുന്നു. ഈ തീരുമാനത്തിനു മുമ്പുതന്നെയും പാശ്ചാത്യസഭയിൽത്തന്നെ ഇടയ്ക്കി ടയ്ക്ക് വ്യത്യസ്ത തിയതികളിൽ ഈ പെരുനാൾ കൊണ്ടാടിവന്നിരുന്നു. വി. അമ്പ്രോസിയൂസിന്റെ 23-ാം ലേഖനത്തിൽനിന്നും 387-ാമാണ്ടിൽ ഫ്രാൻ സിലെ (ഗോൾ) പള്ളികൾ മാർച്ച് 21-തിയതി ഈ പെരുനാൾ കൊണ്ടാടു മ്പോൾ ഇറ്റലിയിലെ പള്ളികൾ ഏപ്രിൽ 18-ാതിയതി വരെ ഈ പെരുനാൾ താമസിപ്പിച്ചതായിട്ടും ഈജിപ്തിലെ പള്ളികൾ ഏപ്രിൽ 25—ാം തിയതി കൊണ്ടാടിയതായിട്ടും കാണുന്നു. മർക്കിയാന്റെ പേർക്കുള്ള റോമിലെ ലേയോൻ ഒന്നാമന്റെ 94-ാം ലേഖനത്തിൽനിന്നും റോമാ അലക്സന്ത്രിയൻ സഭകൾ തമ്മിൽ ഒരാഴ്ചത്തെ വ്യത്യാസം ഉണ്ടായിരുന്നതായും കാണുന്നു. ഇങ്ങനെയുള്ള വ്യത്യാസങ്ങളെക്കുറിച്ച് 877-ൽ തോറോസിലെ എപ്പിസ്കൂ പ്പായായ ഗ്രീഗോറിയോസ് അനുസ്മരിപ്പിക്കുന്നുണ്ട്. ഓർലീനിലെ നാലാം സുന്നഹദോസിൽ വിക്റ്ററിയോസിന്റെ കണക്കനുസരിച്ച് ഈ പെരുനാളിനെ ഒരുമിച്ച് ആഘോഷിക്കണമെന്ന് 541-ൽ നിശ്ചയം ചെയ്തുവെങ്കിലും എട്ടാം ശതകംവരെ-ഗോളിലെ സഭകളിൽ ഈ കുഴപ്പങ്ങൾ തുടർന്നുകൊണ്ടിരുന്നു. അതുപോലെതന്നെ ഇംഗ്ലണ്ടിലെയും റോമായിലേയും സഭകൾ തമ്മിലുണ്ടാ യിരുന്ന പ്രസ്തുത തിയതി വ്യത്യാസം 669 വരെ യോജിക്കാതെ കിടന്നി രുന്നു. മാർച്ച് 21-നോട് അടുത്തു പിന്നാലെയോ ഉദിക്കുന്ന പുതിയ ചന്ദ്രമാസ ത്തിന്റെ 14-ാം തീയതിയ്ക്കുശേഷം വരുന്ന ഒന്നാം ഞായറാഴ്ച കൃംതാ പെരു നാൾ ആയിരിക്കണമെന്നായിരുന്നു റോമാക്കണക്ക്. വീണ്ടും 9 ശതകങ്ങൾ ക്കുശേഷം 1582-ൽ ഗ്രീഗറിപാപ്പാ വരുത്തിയ പുതിയകണക്ക് ആംഗ്ലേയ സഭകൾ സ്വീകരിക്കാതിരുന്നതിനാൽ വീണ്ടും പാശ്ചത്യ സഭകളിൽ തന്നെയും വ്യത്യാസമുണ്ടായി. എന്നാൽ ഈ കുഴപ്പം തീർന്നത് 1752-ൽ അമേരിക്കയിലെ ഐക്യനാടുകളിൽ പുതിയ കണക്ക് ഗണിച്ചപ്പോഴാണ്. (എൻ സൈക്ലോപീഡിയ ബ്രിട്ടാനിക്കാവാല്യം 7, പേജ് 614-615, 9-ാം പതിപ്പ്).

## അദ്ധ്യായം 10

# മ്ശിഹൈക വിശ്വാസത്തിനു വേണ്ടി വാദപ്രതിവാദം ചെയ്തിട്ടുള്ളവരെക്കുറിച്ച്

എല്ലാ സ്ഥലങ്ങളിലുമുള്ള വി.സഭകൾ ശോഭയേറിയ നക്ഷത്രസമാനം ജ്വലിച്ചുകൊണ്ടിരിക്കയും നമ്മുടെ രക്ഷകനായ കർത്താവേശുമ്ശിഹായിലുള്ള വിശ്വാസം സകല മനുഷ്യവർഗ്ഗങ്ങളിലും ശക്തിപ്രാപിച്ചു വരികയും ചെയ്തപ്പോൾ നന്മകളെ ദ്വേഷിക്കുന്നവനും സത്യത്തിന്റെ പ്രതിയോഗിയും മനുഷ്യ ജീവിതത്തിന്റെ വൈരിയുമായ സാത്താൻ ലോകമൊക്കെയിലുമുള്ള സഭയ്ക്കെതിരായി പല പ്രകാരത്തിൽ തന്ത്രങ്ങൾ പ്രയോഗിച്ചുവന്നു. നാം മുമ്പുകണ്ട പ്രകാരം ചില അവസരത്തിൽ പുറജാതി രാജാക്കന്മാർ മുഖാന്തിരമുള്ള പീഡകളാലും ചില സന്ദർഭങ്ങളിൽ സഭയ്ക്കു പുറമെയുള്ള എഴുത്തുകാരായ അപ്പിക്കോറിയനായ കെൽസസ് (എ.ഡി. 150) തത്ത്വജ്ഞാനിയായ ക്രിസ്നോസ്, വാഗ്മിയായ കൊർന്നേല്യോസ് ഫ്റോൻന്താ (150 എ.ഡി.) അന്ത്യോഖ്യായിലെ നാടുവാഴിയായ ഓഥോലിക്കോസ് ആദിയായ പുറജാതിക്കാരാലും ത്രീഫോൻ തുടങ്ങിയ യഹൂദന്മാരും മുഖാന്തിരം വിശ്വാസത്തിനെതിരായുള്ള ദൂഷണവചനങ്ങളാലും സഭയ്ക്കെതിരായി പോരാടി. എന്നാൽ ഇത് ഫലപ്രദമാകാത്തതിനാൽ ആത്മാക്കളെ നശിപ്പിക്കുന്ന ഉപകരണവും നാശത്തിൻ എന്നവണ്ണം സാത്താൻ വേദവിപരീതികളെ ഉപയോ

---

വർഷംതോറുമുള്ള ക്യംതാപെരുനാളിന്റെ പൗരസ്ത്യ കണക്ക് ഇപ്രകാരമാകുന്നു. ദനഹാപ്പെരുനാളിനുശേഷം ഉദിക്കുന്ന പുതിയ ചന്ദ്രമാസം (കുംഭമാസത്തിലോ കുംഭത്തിൽ ഉദിക്കാത്തപക്ഷം മീനത്തിലോ ഉദിക്കുന്ന ചന്ദ്രൻ) കഴിഞ്ഞുവരുന്ന ആദ്യത്തെ തിങ്കളാഴ്ച എല്ലാ വർഷവും വലിയനോമ്പ് ആരംഭിക്കുന്നു.*

പേർഷ്യൻ പിതാക്കന്മാരുടെ സുന്നഹദോസ് താഴെ പറയുന്നപ്രകാരം തീരുമാനം ചെയ്തിട്ടുണ്ട്. പരിഷ്ക്കാരമില്ലാത്ത ഒരു അന്യദേശത്ത് ഒരു വിശ്വാസിക്കു ഈ കണക്കു നിശ്ചയമില്ലാതെ വന്നാൽ കുംഭം 20 മുതൽ നോമ്പു ആരംഭിച്ച് മേടം 20-ാം തീയതി ക്യംതാ പെരുനാൾ ആഘോഷിക്കപ്പെട്ടു. ബാർ എബ്രായുടെ *ഈത്തിക്കോൻ* പുസ്തകം ഒന്നാംമിമ്ര 6-ാം കേപ്പാലയോൻ, 3-ാം പോസുക്കോ, 1-ാം കാനോൻ). *1952 മുതൽ ഇന്ത്യയിലെ സുറിയാനിസഭ ഗ്രീഗോറിയൻ കലണ്ടർ അനുസരിച്ച് പാശ്ചാത്യസഭകളുമായി ചേർന്ന് ക്യംതാ പെരുനാൾ ആചരിക്കുന്നു. *പെരുമ്പിള്ളി തിരുമേനി -മലങ്കരസഭയുടെ കാൽനൂറ്റാണ്ട്* എന്ന ഗ്രന്ഥം. പേജ് 185 കാണുക. (സംശോധകൻ)

ഗിച്ചു. ശുശ്രൂഷകന്മാരും വിശ്വാസികളെ നാശകൂപത്തിലേക്ക് വലിച്ചിടുവാനായി ക്രൈസ്തവനാമം ധരിച്ചാൽ മാത്രം മതിയെന്ന് അവരെ സാത്താൻ പ്രേരിപ്പിച്ചു.

എന്നാൽ ആ കാലത്ത് സത്യസഭാമക്കളായ അനേകരെ വി. സഭയിൽ അപ്പോസ്തലന്മാരാൽ സ്ഥാപിതമായ വിശ്വാസത്തിനുവേണ്ടിയും വചനത്താലും രേഖയാലും പ്രതിപാദിച്ചുകൊണ്ട് വലിയ പോരാട്ടം നടത്തുന്നതിനാകർഷിച്ചു. അവരിൽ ചിലർ കഠിനന്മാരായ രാജാക്കന്മാരോടും നാടുവാഴികളോടും ക്ഷമാപണം ചെയ്തു. ക്രിസ്ത്യാനികളോടുള്ള പീഡ ഇല്ലാതാക്കി. അഥേനായിലെ എപ്പിസ്കൂപ്പയായിത്തീർന്ന കോദോറാത്തോസ് അദ്രിയാനോസ് രാജാവിനോട് ക്ഷമാപണം എഴുതി അയച്ചു. പ്രസിദ്ധ തത്ത്വശാസ്ത്രജ്ഞനായ യുസ്തീനോസ്, അന്തൂനിനോസ് കേസറിനോട് 138-ലോ 139-ലോ ക്ഷമാപണം എഴുതി അയച്ചു. 161-നും 166-നും മദ്ധ്യേ മർക്കോസ് ഓറാലിയോസ് കൈസർക്കും ഒരു ക്ഷമാപണം എഴുതി അയച്ചു. അപ്രകാരം അഥേനയിലെ ആരിസ്തീറ് സാർദായിലെ മീലിത്തോൽ എന്നീ എപ്പിസ്ക്കൂപ്പന്മാരും അന്തുനിനോസ്കേസറിന് എഴുതിയയച്ചു. ഇവ രണ്ടും സുറിയാനിഭാഷയിൽ ഇപ്പോൾ ഉണ്ട്. 177-ൽ അതേ നാഗോറോസ് ഫീറാപ്പോലീസിലെ എപ്പിസ്കൂപ്പാ ആയിരുന്ന ക്ലേവോദിയോസ് അപ്പോളിനാറീസും മിലീത്തീദീസ് എന്നിവർ മർക്കോസ് ഓറാലിയോസിന് ക്ഷമാപണം എഴുതി അയച്ചു. അന്ത്യോഖ്യായിലെ പരിശുദ്ധ തേയോഫീലോസും കാവ്യനായിരുന്ന ഓതോലിക്കോസ് നാടുവാഴിക്ക് എതിരായി മൂന്നു ലേഖനങ്ങൾ എഴുതി അയച്ചു. റോമിലെ അഭിഭാഷകൻ ആയിരുന്ന മീനോക്യോസ് ഫീലീക്സ് ക്രിസ്ത്യാനിത്വത്തിനുവേണ്ടി "ഒക്താവിയോസ്" എന്ന് പറയപ്പെടുന്ന ഒരു പുസ്തകമെഴുതി. ഇദ്ദേഹം മർക്കോസ് ഓറാലിയോസിന്റെ കാലത്ത് ജീവിച്ചിരുന്നുവെന്ന് ചരിത്രകാരന്മാർ പറയുന്നു. ദീയോനീത്തോസ്സിന് ഒരു ഉത്തമലേഖനം എഴുതിയിരുന്നു. ഇങ്ങനെ പ്രതിവാദം നടത്തിയ എല്ലാവരുടേയും പ്രധാന ഉദ്ദേശം, മ്ശിഹാ മനുഷ്യാവതാരം ചെയ്ത ഒരു ദൈവമാണെന്ന് ക്രിസ്ത്യാനികളുടെ മേൽ ചുമത്തിയിരിക്കുന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നു തെളിയിക്കണമെന്നായിരുന്നു. ഇതിനെ സ്ഥാപിക്കുന്ന ക്രിസ്തീയമതം ഒരു വശത്തുകൂടെ പുറജാതികളുടെ വ്യർത്ഥവിശ്വാസത്തിനും ദുഷിച്ച നടപടികൾക്കും വ്യാജ ദൈവാരാധനയ്ക്കും എതിരായിട്ടുള്ളതാണെങ്കിലും മറുവശത്തുകൂടി തത്ത്വജ്ഞാനികൾ എത്ര സമർത്ഥന്മാരായിരുന്നാൽതന്നെയും അവരുടെ അഭിപ്രായത്തോട് ഇത് യോജിക്കുന്നു എന്നും വാദിച്ചു. എന്തെന്നാൽ ഈ ജാതീയ തത്ത്വജ്ഞാനികൾ പഴയനിയമത്തിൽനിന്നു അവരുടെ വിജ്ഞാനം ശേഖരിച്ചിട്ടുണ്ടെന്നും അവർ കാണിച്ചിരുന്നു. ക്രിസ്തീയമതത്തിന്റെ ദിവ്യത്വത്തെ (വേദാഗമത്തെ) ഉറപ്പിക്കുന്നതിന് പഴയനിയമത്തിലുള്ള ദീർഘദർശനങ്ങൾക്ക് മ്ശിഹായുടേയും ശ്ലീഹന്മാരു

ടേയും അത്ഭുതങ്ങൾക്കും ക്രിസ്ത്യാനികളുടെ ഇടയിൽ നിലനിന്നു വന്നിരുന്ന അത്ഭുതം പ്രവൃത്തിപ്പാനുള്ള ശക്തിക്കും ലോകത്തിൽ ക്രിസ്തീയ വിശ്വാസത്തിന്റെ ത്വരിത വ്യാപകത്വത്തിനും പീഡകളുടെ അവസരങ്ങളിൽ ക്രിസ്ത്യാനികൾക്ക് ഏതു പീഡയും സഹിക്കുന്നതിനുള്ള ശക്തിക്കും സൽപ്രവൃത്തിക്കുള്ള ആവേശവൈരാഗ്യത്തിനും പ്രത്യേക വിലനൽകിയിരുന്നു. ഇതര തത്ത്വജ്ഞാനികളുടെ കൂട്ടങ്ങൾ അനുഭവിച്ചുവന്നിരുന്ന സംരക്ഷണയും പരിഗണനയുംപോലെ ക്രിസ്തുമതാനുസാരികൾക്കും നൽകപ്പെടേണ്ടതാണെന്ന് പറഞ്ഞുകൊണ്ട് അവരുടെ ലിഖിതങ്ങൾ സമാഹരിച്ചിരിക്കുന്നു.

എന്നാൽ ക്രിസ്തീയ തത്ത്വജ്ഞാനികളിൽ പുറജാതികളായ തത്ത്വജ്ഞാനികളോട് തർക്കിക്കയും അവരുടെ വിശ്വാസം തെറ്റാണെന്ന് കാണിക്കയും ക്രിസ്തീയ വിശ്വാസത്തിനുവേണ്ടി പ്രതിവാദം നടത്തുകയും ചെയ്തവരിൽ ചിലർ, മോർ കോദോറാത്തോസ്, ആറിസ്തീദീസ്, യുസ്തീനോസ്സഹദാ, അഥേനഗോറോസ്, സുറിയാനിക്കാരൻ തത്ത്യാനോസ്, പൻറീയോസ് മക്നീമോസ് അലക്സന്ത്രിയാക്കാരൻ ക്ലീമ്മീസ് ആദിയായവരാണ്.

അവരിൽ ചിലർ യഹൂദമതത്തിന് എതിരായും എഴുതി. ആയത് അദ്രിയാനോസ് രാജാവിന്റെ കാലത്ത് പെല്ലാക്കാരൻ ആറിസ്തോൻ, മിലീത്തീദോസ്, അപ്പോലീനാറീസ്, യുസ്തീനോസ് സഹദാ എന്നിവരായിരുന്നു, യുസ്തീനോസ് സഹദായാണ് എപ്പേസൂസിൽ വച്ച് ത്രിഫോൻ എന്ന യഹൂദനുമായി തർക്കിച്ച് അവനെതിരായി എഴുതിയത്. ആ പിതാക്കന്മാരിൽ ചിലർ വേദവിപരീതങ്ങൾക്കെതിരായും എഴുതി. ആയവർ മർക്കിയോന്റെ വേദവിപരീതത്തിനെതിരായി എഴുതിയ യുസ്തീനോസ് സഹദാ അന്ത്യോഖ്യായിലെ വി.തേയോഫിലോസ്, ക്രീറ്റ് ദ്വീപിലെ ഗുൽത്തീനപട്ടണത്തിലെ എപ്പിസ്കൂപ്പായായ ഫിലീപ്പോസ് (എ.ഡി.170), ലിയോൺ എപ്പിസ്കൂപ്പായായ വി.ഈറീനിയോസ് മോദസ്തോസ്, സുറിയാനിക്കാരൻ തത്തിയാനോസിനാൽ റോമായിൽ വച്ച് ക്രിസ്ത്യാനി ആക്കപ്പെട്ട റോദോൻ എന്നിവരും മൊൻതാനോസിന്റെ വേദവിപരീതത്തിനെതിരായി എഴുതിയ മീലീത്തീദോസ്, ക്ലേവോദിയോസ് അപ്പോലിനാറീസ്, അന്ത്യോഖ്യായിലെ വി.സ്രാഫിയൂൻ, അപ്പോലോനീയോസ് എന്നിവരുമായിരുന്നു.

ശ്ലീഹന്മാരുടെ പാരമ്പര്യപ്രകാരമുള്ള സത്യവിശ്വാസം തങ്ങളുടെ പുസ്തകങ്ങൾ മൂലം നിലനിർത്തുവാൻ ഇടയാക്കിയ മറ്റ് ചിലരും ഈ നൂറ്റാണ്ടിൽ ശ്രേഷ്ഠത പ്രാപിച്ചിരുന്നു. ആയവരിൽ ഒരാൾ കോരിന്തോസിലെ എപ്പിസ്കൂപ്പാ ആയ വി.ദീവന്നാസ്യോസ് ആയിരുന്നു. ദൈവത്തിന്റെ ഉപദേശങ്ങളിൽ തനിക്കുണ്ടായിരുന്ന താല്പര്യത്താൽ തന്റെ അധികാരത്തിൻകീഴുള്ളവരെ മാത്രമല്ല പഠിപ്പിച്ചിരുന്നത്. എന്നാലോ സഭകൾക്ക് താൻ അയച്ചിരുന്ന ലേഖനങ്ങൾ മുഖാന്തരം വിദൂരദേശങ്ങൾക്കും ഇദ്ദേഹം ഒരു പ്രയോജനമായിരുന്നു. ഇതുപോലെ തന്നെ

ക്രീത്തിലെ എപ്പിസ്ക്കൂപ്പായായ ഫ്നീത്തോസും പ്രസിദ്ധനായ ഹിജ്ജിസിഫോസും, തത്തിയാനോസിന്റെ വേദപിപരീതത്തിനെതിരായി എഴുതിയ മോസാനോസും പ്രസിദ്ധനായ അലക്സന്ത്രിയായിലെ ക്ലീമ്മീസുമായിരുന്നു. ഇപ്രകാരം ഈ നൂറ്റാണ്ടിലുണ്ടായിരുന്ന സമർത്ഥരായ തത്ത്വജ്ഞാനികളും പിതാക്കന്മാരും എഴുത്തുകാരും ആയ ഇവർ മുഖാന്തിരം മ്ശിഹൈകവിശ്വാസസത്യം നിലനിന്ന് ശ്രേഷ്ഠതപ്പെടുകയും യോഗ്യന്മാരും ശ്രേഷ്ഠവീരന്മാരുമായ എഴുത്തുകാർ അവരുടെ വിശിഷ്ട പുസ്തകത്തിലുള്ള ബലമേറിയ തെളിവുകളാൽ സാത്താന്റെ സൈന്യങ്ങളാകുന്ന വേദവിപരീതികളുടെ വ്യർത്ഥോപദേശത്തിൽ വഞ്ചനയെ വെളിപ്പെടുത്തി അടിച്ചുതാഴ്ത്തുകയുംചെയ്തു. ഇപ്രകാരം ആ വഞ്ചനാപരമായ ഉപദേശത്തെ ശാസിക്കുകയും അതിനോട് പോരാടുകയും അതിനെ പുറപ്പെടുവിച്ചിട്ടുള്ളവരെ നന്നായി ശകാരിക്കുകയും മ്ശിഹായുടെ ആടുകളിൽനിന്ന് കാട്ടുമൃഗങ്ങളെ എന്നപ്രകാരം ഒഴിക്കുകയുംചെയ്തു.

അദ്ധ്യായം 11

# വേദവിപരീതികളും അവരുടെ ഉപദേശങ്ങളും

രണ്ടാം നൂറ്റാണ്ടിലുള്ള വേദവിപരീതികൾ താഴെ പേരു പറയപ്പെടുന്നവരാകുന്നു.

**സാത്തർനീനോസ്:** രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇവൻ ദുരുപദേശങ്ങളുമായി അന്ത്യോഖ്യായിൽ പ്രത്യക്ഷപ്പെട്ടു. ഇവന്റെ ഉപദേശം ഇതായിരുന്നു: "ഏഴ് മാലാഖമാരാൽ ലോകസൃഷ്ടി നിർവഹിക്കപ്പെട്ടു. മനുഷ്യനെ നമ്മുടെ സാദൃശ്യത്തിൽ സൃഷ്ടിക്കാം" എന്ന് ഇവരോടാണ് ദൈവം പറഞ്ഞത്. ഇവരത്രേ ന്യായപ്രമാണങ്ങൾ ക്രമീകരിച്ചത്. ദോഷികളായവരെ ഭൂതങ്ങൾ സഹായിച്ചതുകൊണ്ട് ഉത്തമന്മാരെ സഹായിച്ചു രക്ഷിക്കേണ്ടതിന് രക്ഷകൻ വന്നു. വിവാഹത്തെ ഇക്കൂട്ടർ നിഷിദ്ധമായി ഗണിച്ചിരുന്നു.

**ബാസേലിദീസ്:** ഇവൻ പിശകുപദേശവുമായി ഉദ്ദേശം 120-ാമാണ്ടു തലപൊക്കി. സർപ്പാരാധകവർഗ്ഗത്തിന്റെ തലവൻ ആയിരുന്നു. ഇവനെക്കുറിച്ചു ചുരുക്കമായി മാത്രമേ അറിയപ്പെടുന്നുള്ളു. ഇവൻ സിറിയായിൽ ജനിച്ചു. അലക്സന്ത്ര്യായിൽ പോയി പഠിക്കയും ഉപദേശിക്കയും ചെയ്തതായി പറയപ്പെടുന്നു. അവന്റെ വേദവിപരീതത്തിന്റെ വിത്ത് അവിടെത്തന്നെ ആദ്യമായി അവൻ വിതച്ചു. അവന്റെ വേദവിപരീതത്തെക്കുറിച്ച് മോർ ഈറീയോസിന്റെ ഗ്രന്ഥത്തിൽ ഇങ്ങനെ കാണുന്നു: "ബാസേലിദീസിന്റെ ഉപദേശം ഇതായിരുന്നു. വലിയവനായ ദൈവമാണ് സർവ്വത്തിനും മൂലം. അവനിൽ നിന്നും ശക്തികൾ പുറപ്പെട്ടു. അവയിൽ പെട്ടതാണ് ജ്ഞാനവും ബലവും. ഇവയിൽനിന്ന് മാലാഖവൃന്ദങ്ങൾ സംജാതരായി. ഇവരത്രെ ഒന്നാം ആകാശം സൃഷ്ടിച്ചവർ. മറ്റു മാലാഖമാർ പുറപ്പെട്ട് രണ്ടാം ആകാശം സൃഷ്ടിച്ചു. ഇങ്ങനെ മാലാഖമാരുടെ എണ്ണം വർദ്ധിക്കുകയും 365 ആകാശസൃഷ്ടികളോളം സൃഷ്ടികൾ തുടരുകയുംചെയ്തു. അവസാനത്തെ ആകാശവാസികൾ ഈദൃശലോകത്തെ സൃഷ്ടിച്ചു. ഈ അവസാന ആകാശ ശക്തികളിലൊരുവൻ യൂദന്മാരുടെ ദൈവമായി ഭവിച്ചു. അവർക്കു പ്രമാണങ്ങൾ നൽകി. ആ കൂട്ടത്തിലെ മറ്റു ശക്തികൾ ജാതികളുടെ മേൽ കർത്തൃത്വം നടത്തുകയും അവരിൽ ദൈവിക ജ്ഞാനം കെടുത്തിക്കളയുകയും ചെയ്തു. ഇവർ യൂദന്മാരുടെ ദൈവവുമായി

യുദ്ധം ചെയ്തു. എന്നാൽ വലിയവനായ ദൈവം മനുഷ്യരെ അവരുടെ ദാസ്യത്തിൽനിന്നു രക്ഷിക്കുന്നതിനു തന്റെ പുത്രനെ പറഞ്ഞയച്ചു. അദ്ദേഹത്തിന്റെ പുത്രൻ 'ബോധ'മാണ്, അതാണ് മ്ശിഹാ. ഈ മ്ശിഹാ മനുഷ്യനായ യേശുവിനോടു സംയോജിച്ചു. യൂദന്മാരുടെ ദൈവം ഈ മനുഷ്യാവതാരം കണ്ടപ്പോൾ തന്റെ ജനത്തെ മ്ശിഹായ്ക്കു വിരോധമായി അവനെ സംഹരിച്ചുകളവാൻ തക്കവണ്ണം പ്രേരിപ്പിച്ചു. ഈ മ്ശിഹായ്ക്കു മരണം സഹിപ്പാൻ ശക്തിയില്ലാതെ വന്നതിനാൽ തന്റെ സാദൃശം മാറ്റുകയും കുറേനായക്കാരൻ ശെമവോന്റെ ശരീരത്തെ താൻ ധരിക്കുകയും ചെയ്തു. അവനെ അവർ പിടിച്ചു ക്രൂശിച്ചു കൊന്നു. അപ്പോൾ മ്ശിഹാ കുരിശിനരികെ നിന്നു തന്റെ ശത്രുക്കളെ അപഹസിച്ചു. ഈ ഉപദേശത്തിനുംപുറമെ എന്തു പ്രവൃത്തി ചെയ്താലും യാതൊരു തെറ്റുമില്ല എന്നുംകൂടി അവർ പഠിപ്പിച്ചു. ഇതിനെ ന്യായീകരിച്ചുകൊണ്ട് അവൻ പറയുന്നത് "രക്ഷ" കേവലം ആത്മികവും ആത്മസംബന്ധവുമായ ഒരു കാര്യമാണ്. നന്മ, തിന്മ എന്ന് ഒരു തരംതിരിവ് ബാഹ്യമായ ചലനങ്ങൾ പ്രവൃത്തികൾ എന്നിവയിൽ ഇല്ല.

**വാലൻതീനോസ്:** ഇവൻ മെസ്രേനിൽ ജനിച്ചു. അലക്സന്ത്ര്യായിൽ ചെന്ന് പ്ലേറ്റോയുടെ തത്ത്വചിന്തകൾ പഠിക്കുകയും പിന്നീട് അവിടെ അദ്ധ്യാപകനായി അവിടെ പഠിപ്പിക്കുകയുംചെയ്തു. അന ന്തരം റോമിലെ 'ഹീജീനോസ്' എപ്പിസ്കോപ്പയുടെ കാലത്ത് ഏകദേശം 138-ൽ അവിടേക്കു (റോമിലേക്കു) വന്നു. പീയോസിന്റെ (140-155) കാലത്ത് ഇവൻ ശക്തി പ്രാപിച്ചു. ആനിക്തോസിന്റെ (155-166) കാലത്തും റോമിൽ തന്നെ ആയിരുന്നു. തന്റെ പ്രധാന പ്രവർത്തനകേന്ദ്രം റോമാനഗരമായിരുന്നുവെന്നു വി. ഐറേനിയോസ് പറയുന്നു. റോമിലെ സഭാദ്ധ്യക്ഷസ്ഥാനം ലഭിപ്പാൻ ഇവൻ വളരെ ആഗ്രഹിച്ചു. ഇവന്റെ ലക്ഷ്യം സാധിക്കാതെ വന്നപ്പോൾ സഭയിൽനിന്ന് വിഭിന്നനായിത്തീർന്നു. ചില പിശകുപദേശങ്ങൾ പറഞ്ഞതിൻവണ്ണം അവനെ ഉപദേശിക്കയും സഭാബന്ധത്തിൽനിന്നു രണ്ട് പ്രാവശ്യം അവനെ നിരോധിക്കയും ചെയ്തിട്ടും മനംതിരിയാതിരുന്നതിനാൽ ഒടുവിൽ മുടക്കുകയും ഒരു വേദവിപരീതിയായി സഭ അവനെക്കുറിച്ച് പ്രഖ്യാപിക്കുകയുംചെയ്തു. ഇതിനുശേഷം അവൻ കുപ്രോസിലേക്കു കടന്നു. അനന്തരം റോമിലേക്കു വരികയും വളരെ വയോവൃദ്ധനായി 160-ൽ മരിക്കുകയും ചെയ്തു. ഇയാളുടെ മരണസ്ഥലം റോംതന്നെ ആണെന്ന് വിചാരിക്കപ്പെടുന്നു. ക്രിസ്തീയലോകത്തിൽ ഓറീജാസിനു മുൻപുള്ള പ്രസിദ്ധനായ ഒരു വേദശാസ്ത്രജ്ഞനായിരുന്നു അവൻ.

അലക്സന്ത്ര്യാക്കാരനായ ക്ലീമ്മീസ് ഇദ്ദേഹത്തിന്റെ അടുക്കൽ കുറെനാൾ ശിഷ്യപ്പെട്ടിരുന്നു. പ്ലേറ്റോയുടെ സിദ്ധാന്തങ്ങളിലും ന്യൂപീത്താഗോർ സിദ്ധാന്തങ്ങളിലും അടങ്ങിയിരുന്ന ധാർമ്മികതത്ത്വങ്ങളെ ഏവൻഗേല്യോന്യ ധാർമ്മികശാസനകളോടു സംഘടിപ്പിക്കുന്ന

സംരംഭം ആദ്യമായി ആരംഭിച്ചത് ഇദ്ദേഹമാണ്. ഇദ്ദേഹത്തിന്റെ വേദസിദ്ധാന്തങ്ങൾ അലക്സന്ത്ര്യായിലെ ക്രിസ്ത്യാനികളെയും യൂദന്മാരെയും തമ്മിൽ ഘടിപ്പിക്കുന്നതിനു ഉതകിയ മാർഗ്ഗമായിരുന്നു. റോമിൽ താൻ ഒരു വിദ്യാലയം തുടങ്ങി. തന്റെ നിപുണശിക്ഷണത്തിൽ അത് നടത്തപ്പെട്ടുപോന്നു. തെർത്തുല്യൻ ഇങ്ങനെ പറയുന്നു: "എല്ലാ ക്രിസ്ത്യൻ വിദ്യാലയങ്ങളിലും വച്ച് വാലൻതീനോസിന്റെ വിദ്യാലയം ഏറ്റവും പ്രശംസനീയമായിരുന്നു." അദ്ദേഹത്തിന്റെ വിദ്യാലയത്തിൽ നിന്നു പഠിച്ചിറങ്ങിയ ശിഷ്യന്മാർ തന്നെ ഇതിനു സാക്ഷ്യം വഹിക്കുന്നു. എന്തുകൊണ്ടെന്നാൽ വിദ്യാലയത്തിൽനിന്നും പുറത്തുവരുന്ന ഉടനെ വിവിധ ജ്ഞാനമാർഗ്ഗങ്ങളിൽ ആ ശിഷ്യന്മാർ പ്രകടിപ്പിക്കുന്ന അസാമാന്യ സാമർത്ഥ്യം ആ വിദ്യാലയാധിപനായ വാലൻതീനോസിന്റെ സുശോഭനമായ ശിക്ഷണക്രമത്തെ സംശയമെന്യേ പ്രത്യക്ഷമാക്കുന്നു. തെർത്തുല്യൻ, ക്ലീമ്മീസ്. ഒറിജാനീസ്,ഐറേനിയോസ് എന്നിവർ അദ്ദേഹത്തെ ഒരസാമാന്യവാസനാശക്തിയുള്ള മനുഷ്യനായി രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ലിഖിതങ്ങളിൽ അവശേഷിച്ചിട്ടുള്ളവ ഈ സംഗതിക്കു സാക്ഷ്യം വഹിക്കുന്നു. എന്നാൽ ഈ വിദ്യാകുശലതയോടുകൂടി തന്നെ വേദവിപരീതപരമായ ചില ആശയങ്ങളും അദ്ദേഹത്തിൽ കടന്നുകൂടി. മോർ ഐറേനീയോസ് പറയുന്നത് "ഇദ്ദേഹത്തിന്റെയും ബാസേലീദീസിന്റേയും സിദ്ധാന്തങ്ങൾ ഒന്നുതന്നെയാ"ണെന്നാണ്. വാലൻതീനോസ് ഇപ്രകാരം കൂടി ഉപദേശിച്ചുവന്നു. "മ്ശിഹായുടെ ശരീരം കന്യകയിൽനിന്നുള്ളതായിരുന്നില്ല. എന്നാലോ, സ്വർഗ്ഗത്തിൽ നിന്നു കൊണ്ടുവന്നതാണ്. വെള്ളം കുഴലിൽകൂടി ഒഴുകുന്നതുപോലെ അത് മറിയാമിൽകൂടി കടന്നുവന്നു എന്നു മാത്രമേയുള്ളു." വാലൻതീനോസിന്റെ മരണശേഷം അദ്ദേഹത്തിന്റെ അനുയായികൾ ഇറ്റലിയിലും ഏഷ്യാമൈനറിലുമായി രണ്ട് ശാഖകളായി പിരിഞ്ഞു. ഇവർ തന്നെ വീണ്ടും അനേകശാഖകളായി പിരിഞ്ഞു. എന്നാൽ ഏഷ്യാമൈനറിൽ ആ ചിന്താഗതി അദ്ദേഹത്തിന്റെ ഉപദേശത്തിനനുസരണമായി ത്തന്നെ നിലനിന്നുവന്നു. ക്വേലം വിദ്യാലയപരിമിതികളെ കവിഞ്ഞും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വ്യാപരിച്ചിരുന്നു. സിറിയൻ തത്ത്വശാസ്ത്രജ്ഞനായ തത്തിയാനോസ് ഇദ്ദേഹത്തിൽനിന്നും വളരെ സംഗതികൾ ഗ്രഹിച്ചിട്ടുണ്ടായിരുന്നു. അലക്സന്ത്ര്യാ വിദ്യാലയ മൽപന്മാർ ഇദ്ദേഹത്തോടു വളരെ കടപ്പാടുള്ളവരാണ്. റോമിൽ ഇദ്ദേഹത്തിന്റെ അനുയായികളിൽ അനേകരെ വി. പോളിക്കർപ്പോസ് 155-ൽ ആ സ്ഥലം സന്ദർശിച്ചപ്പോൾ തന്റെ ഉപദേശത്താൽ സത്യവിശ്വാസത്തിലേക്ക് തിരിപ്പിക്കയുണ്ടായി. പ. എപ്പിപ്പാനിയോസിന്റെ കാലത്തും ഈജിപ്ത് പ്രദേശങ്ങളിൽ വാലൻതീനോസിന്റെ അനുയായികൾ ഉണ്ടായിരുന്നു.

**കിർദോൻ:** ഇദ്ദേഹം സിറിയാ പ്രദേശത്തുകാരനാണ്. 140-ൽ റോമിലേക്കു വന്നു. ഇദ്ദേഹത്തിന്റെ ഉപദേശം ഇങ്ങനെയായിരുന്നു. മൂലകാരണങ്ങൾ രണ്ടുണ്ട്: ഒന്ന് പൂർണ്ണനന്മയ്ക്കും മറ്റേത് പൂർണ്ണ

തിന്മയ്ക്കും കാരണങ്ങളായിത്തീരുന്നു. ഈ പൂർണ്ണതിന്മ ലോകസൃഷ്ടിക്കു നിദാനമായിത്തീർന്നു. ഇതുതന്നെയാണ് യഹൂദന്മാരുടെ ദൈവവും പഴയനിയമത്തിന്റെ കർത്താവും, യേശുമ്ശിഹാ നന്മയ്ക്കുകാരണമായ ദൈവത്തിന്റെ പുത്രനാണ്. തിന്മയ്ക്ക് കാരണപ്രവർത്തനങ്ങളെ എതിർക്കുവാൻ ഈ പുത്രൻ ലോകത്തിലേക്ക് പറഞ്ഞയയ്ക്കപ്പെട്ടു. എന്നാൽ തന്റെ മനുഷ്യവാതാരവും കഷ്ടാനുഭവവും കേവലം മായാപരങ്ങളായിരുന്നു. തിന്മകാരണമായ ദൈവത്തിന്റെ സൃഷ്ടിയാണ് ശരീരം. ഇങ്ങനെ ഉപദേശിച്ചതു കൂടാതെ വിവാഹബന്ധം, മാംസഭോജനം, വീഞ്ഞുപാനം, ഇതര ലോകമോദങ്ങൾ ആദിയായ തിന്മാപരമായ ദൈവത്തിന്റെ സൃഷ്ടിയാകയാൽ നിഷേധ്യങ്ങളായി ഗണിക്കപ്പെട്ടിരുന്നു. താഴെപ്പറയപ്പെടുന്ന മർക്കിയാന്റെ വേദവിപരീതവും ഇദ്ദേഹത്തിന്റെ വേദവിപരീതവും തമ്മിൽ സാമ്യമുണ്ടെന്ന് ഓറീജാനീസ് അഭിപ്രായപ്പെടുന്നു. വി. ലൂക്കോസിന്റെ സുവിശേഷവും പൗലൂസ് ശ്ലീഹായുടെ ലേഖനങ്ങളിൽ ചിലതുമൊഴിച്ച് വേദഗ്രന്ഥത്തിലെ പുതിയതും പഴയതുമായ ഇതര പുസ്തകങ്ങളെ അദ്ദേഹം കൈക്കൊണ്ടിരുന്നില്ല.

**കർപ്പോക്രാറ്റോസ്:** ഇദ്ദേഹത്തെക്കുറിച്ച് അലക്സന്ത്രിയാക്കാരനെന്നും ജനനാൽ ഒരു യഹൂദനെന്നും പിന്നെ അദ്ദേഹത്തിന്റെ കുടുംബം ക്രിസ്തുമതത്തിലേക്കു വിശ്വസിച്ചു ചേർന്നതാണെന്നുമാണ് പറയപ്പെടുന്നത് പ്ലേറ്റോയുടെ തത്ത്വചിന്താഗതിയെ അവലംബിച്ച് വേദസത്യവിരുദ്ധമായ ചില അഭിപ്രായങ്ങൾ പുറപ്പെടുവിച്ചു. "ആത്മാക്കൾ, ശരീരസൃഷ്ടിക്ക് മുന്നമേ സൃഷ്ടിക്കപ്പെടുന്നു. അനന്തരം ശരീരങ്ങളിലേക്ക് ആത്മാക്കൾ പാപപ്രവൃത്തിക്ക് ശിക്ഷ എന്നവണ്ണം പ്രവേശിക്കപ്പെടുന്നു. യേശു ഒരു സാധാരണ മനുഷ്യനാണ്. അദ്ദേഹത്തിൽ അസാധാരണമായ ഒരു സ്മരണാശക്തി ഉണ്ടായിരുന്നു. മറ്റെല്ലാ മനുഷ്യരെക്കാൾ അസാധാരണമായവിധം ഉന്നതവും വിശുദ്ധവുമായ ആത്മീയശക്തിയിൽ അദ്ദേഹം പുരോഗമിച്ചു. ലോകസംഗതികൾ യാതൊന്നിനും കൊള്ളരുതാത്തതാകയാൽ മനുഷ്യതാല്പര്യത്തെ അർഹിക്കുന്നതല്ല. പ്രവൃത്തികൾ പരിപൂർണ്ണമായും ബാഹ്യപരമായതിനാൽ ധാർമ്മികരീത്യാ, അവ താല്പര്യം അർഹിക്കത്തക്കതല്ല. നിഷ്കാമകർമ്മം എന്തും പ്രവർത്തിച്ചുകൊൾകതന്നെ. എന്തുകൊണ്ടെന്നാൽ ഏത് ആഗ്രഹവും അതിന്റെ ആരംഭം ദൈവത്തിൽനിന്നുള്ളതാണെങ്കിൽ നല്ലതാണ്. അതിന്റെ സൃഷ്ടികർത്താവ് ദൈവമാണ്. രക്ഷ ആഗ്രഹിക്കുന്നവൻ തങ്ങളുടെ ഏത് ആഗ്രഹമായാലും അതിനെ നിവർത്തിച്ചുകൊൾക." ഈ ചിന്താഗതിയെ കൂടുതൽ ശക്തിയോടുകൂടി വിശദീകരിച്ചതും അവയെ പ്രവർത്തനഗതിയിൽ കൊണ്ടുവന്നതും അദ്ദേഹത്തിന്റെ പുത്രനായ എപ്പിപ്പാനീസ് ആയിരുന്നു. ഈ സിദ്ധാന്തങ്ങളോടു ചേർന്ന് അവയെ പരിശീലിച്ചിരുന്നവരിൽ ഏറ്റവും നികൃഷ്ടജീവിതക്കാരനും ഇവനായിരുന്നു.

**മർക്കിയോൻ:** ഇവൻ ഫൊൻതോസിൽ സിനോപ്പിലെ എപ്പിസ്ക്കോപ്പായുടെ പുത്രനായിരുന്നു. വ്യഭിചാരവൃത്തിനിമിത്തം അവന്റെ പിതാവ് അവനെ ഭവനത്തിൽനിന്നും ബഹിഷ്കരിച്ചു. അനന്തരം പല സ്ഥലങ്ങളിൽകൂടി അവൻ ചുറ്റിസഞ്ചരിച്ച് ഹീജിനോസിന്റെ നാളുകളിൽ റോമിൽ വന്നുചേർന്നു. കീർത്തി സമ്പാദിക്കേണ്ടതിന് റോമിലെ പള്ളികൾക്കു ധാരാളം പണം സംഭാവനചെയ്തു. അവന്റെ വേദവിപരീതം ഇങ്ങനെ പ്രസിദ്ധമാക്കി: "മൂന്നു മൂലകാരണങ്ങളുണ്ട്. ഒന്ന് വളരെ നല്ലതും രണ്ട് തീരെ അധമവും മൂന്ന് അവയ്ക്കു മദ്ധ്യമവുമാകുന്നു. ഇതിൽ മദ്ധ്യമനാണ് നീതിമാൻ. ലോകത്തിന്റെ സ്രഷ്ടാവും യുദന്മാരുടെ ദൈവവും ഈ മദ്ധ്യകാരണമാണ്. പഴയനിയമം ചീത്ത ദൈവത്താലും പുതിയനിയമം നല്ലദൈവത്താലും തൽപദാർത്ഥത്തിൽ തിന്മ, സ്വാഭാവികമായിട്ടുതന്നെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. പുനരുത്ഥാനമില്ല. മ്ശിഹാ ശരീരമെടുത്ത് കഷ്ടമനുഭവിച്ചുവെന്ന് തോന്നിപ്പിച്ചതുമാണ്. എന്നാൽ യഥാർത്ഥത്തിൽ താൻ ജഡം ധരിക്കുകയോ കഷ്ടത അനുഭവിക്കുകയോ ചെയ്തില്ല. "വിവാഹത്തെ നിരസിച്ചു. തന്റെ അനുചരന്മാരെയും വിവാഹത്തിൽനിന്ന് വിരോധിച്ചു. ആത്മഹത്യയെ പ്രോത്സാഹിപ്പിച്ചു. ലോകസ്രഷ്ടാവിനോടുള്ള മത്സരം കാണിക്കാൻ ശനിയാഴ്ച ദിവസം ഉപവസിച്ചു. ഭക്ഷണത്തേയും വീഞ്ഞു പാനത്തേയും വിരോധിച്ച് കുർബ്ബാനയിൽ വെള്ളം മാത്രം ഉപയോഗിച്ചുവന്നു. വി. ലൂക്കോസിന്റെ ഏവൻഗേല്യോനല്ലാതെ മറ്റൊന്നും സ്വീകരിച്ചില്ല. റോമിലെ പാഠശാലയിലും സഭയിലും തന്റെ അഭിപ്രായങ്ങൾ സ്വീകരിക്കപ്പെടേണ്ടതിന് ആവുന്നത്ര ശ്രമിച്ചു. എന്നാൽ അവിടെയുള്ള ഭൂരിഭാഗം ജനങ്ങളും അനുകൂലിക്കാഞ്ഞതിനാൽ അവന്റെ ആശ നിഷ്ഫലമായിത്തീർന്നു. അവിടുത്തെ സഭ രണ്ട് പ്രാവശ്യം അവനെ ബഹിഷ്ക്കരിച്ചു. മാത്രമല്ല, അവൻ നൽകിയ സംഭാവന വലിച്ചെറിയുകയും ചെയ്തു. തൻനിമിത്തം ഉദ്ദേശം 144-ൽ അവിടുത്തെ വലിയ പള്ളിയെ ഉപേക്ഷിച്ച് പുറത്തുപോകേണ്ടതിനും റോമയിൽ പ്രത്യേകിച്ച് ഒരു പുതിയ പള്ളി സ്ഥാപിക്കേണ്ടതിനും അവൻ നിർബ്ബന്ധിതനായി. അവന്റെ കൂട്ടത്തിന് പ്രാരംഭത്തിൽ ചില വീഴ്ചകൾ സംഭവിച്ചെങ്കിലും ക്ഷണം അവന്റെ അനുയായികൾ റോമാസാമ്രാജ്യത്തിന്റെ പശ്ചിമ പൂർവ്വദിക്കുകളിൽ വർദ്ധിക്കുന്നതിനിടയായി. മർക്കിയോൻ തന്റെ ആസ്ഥാനം റോമിൽതന്നെ സ്ഥാപിച്ചെങ്കിലും തന്റെ അഭിപ്രായപ്രചാരണത്തിന് പല സ്ഥലങ്ങളിലായി ചുറ്റി സഞ്ചരിച്ചിരുന്നു. മിക്കവാറും 165-ൽ അവൻ മരിച്ചു എന്ന് നിർണ്ണയിക്കപ്പെടുന്നു. അവന്റെ വേദവിപരീതം കുറെ തലമുറകൾ ദീർഘിച്ചുനിന്നു. അതിനെതിരായി സഭാപണ്ഡിതന്മാരിൽ അനേകംപേർ തീക്ഷ്ണമായി എഴുതിയിട്ടുണ്ട്. അവന്റെ ശിഷ്യന്മാരിലൊരാളായ ആഫ്രിക്കക്കാരൻ 'ഹെർമോജാനീസ്' തന്റെ ഗുരുവിന്റെ വഞ്ചനോപദേശത്തെ കുറച്ചുകൂടി വർദ്ധിപ്പിച്ചു. ഈ വഞ്ചനോപദേശങ്ങളെ പരസ്യമാക്കിയുംകൊണ്ട് അന്ത്യോഖ്യായിലെ

വി.തേയോഫീലോസ് എഴുതിയിട്ടുള്ളതിനെ നാം കണ്ടുകഴിഞ്ഞു. തന്റെ യാത്രയിലൊരിക്കൽ ഏഷ്യാമൈനറിൽവച്ച് വിശുദ്ധനായ പോളിക്കർപ്പോസിനെ കണ്ടുമുട്ടി. അദ്ദേഹത്തിന്റെ സഖിത്വം സമ്പാദിക്കുവാൻ വളരെ ആഗ്രഹിച്ചു. എന്നാൽ, ആ വിശുദ്ധൻ "സാത്താന്റെ കടിഞ്ഞൂൽ പുത്രൻ" എന്നായിരുന്നു അവനെ സംബോധന ചെയ്തത്. അവന്റെ അനുയായികൾ ആഭിചാരവൃത്തി പരിശീലിച്ചുവന്നു. തങ്ങൾക്ക് ശിഷ്യപ്പെടുന്നവരെ "അറിയപ്പെടാത്ത സകലത്തിന്റേയും പിതാവായവന്റെ നാമത്തിലും മാതാവായ സത്യത്തിന്റെ നാമത്തിലും യേശുവിന്റെ മേൽ ഇറങ്ങി വസിച്ചവന്റെ നാമത്തിലും" എന്നിങ്ങനെ പറഞ്ഞ് വെള്ളത്തിൽ മാത്രം മാമോദീസാ മുക്കിവന്നു.

**മൊൻതാനോസ്:** ഇവൻ പുറജാതികളുടെ ഒരു പുരോഹിതനായിരുന്നു. അനന്തരം ഒരു ക്രിസ്ത്യാനിയായിച്ചേർന്നു. ഇവന്റെ വേദവിപരീതവുമായി 150-നോടടുത്ത് ഇവൻ പ്രത്യക്ഷനായി. ശ്ലീഹന്മാർക്ക് കർത്താവയച്ചുകൊടുക്കുമെന്ന് വാഗ്ദാനം ചെയ്ത ആ "പാറക്കലീത്താ" താൻ ആകുന്നുവെന്ന് ഇവൻ ശഠിച്ചിരുന്നു. ഇവന്റെ ഉപദേശം ഇങ്ങനെയാണ്: "എല്ലാ ലൗകികആഗ്രഹങ്ങളേയും മനുഷ്യർ ത്യജിക്കണം". വിവാഹബന്ധത്തിൽനിന്നും വിമോചനം ആഗ്രഹിക്കുന്നവർക്ക് അനുവാദം കൊടുത്തിരുന്നു. പ്രവചനവരം ഉണ്ടെന്ന് പ്രസ്താവിച്ചിരുന്ന പ്രസ്കില്ല, മക്സീമില്ല എന്ന രണ്ട് വ്യാജ പ്രവാചകികളോടുകൂടി സഞ്ചരിച്ചിരുന്നു ഇവർ ഈ പാറക്കലീത്തായുടെ പ്രവാചകികളാണെന്നാണ് അഭിമാനിച്ചിരുന്നത്. മ്ശിഹാ ഭൂമിയിലേക്ക് വീണ്ടും വരും. സ്വർഗ്ഗീയ ഊർശ്ലേം പ്രത്യക്ഷമാകും. എന്നിങ്ങനെ പഠിപ്പിച്ചുവന്നു. അതിനാൽ വളരെ പേർ തങ്ങളുടെ ജോലികാര്യങ്ങളും സകല സമ്പാദ്യങ്ങളും ഉപേക്ഷിച്ച് അദ്ദേഹത്തെ അനുഗമിക്കുകയും തീവ്രമായ സന്യാസവൃത്തിയിലും തപോനിഷ്ഠയിലും ഉപവാസവ്രതത്തിലും ജീവിച്ചുവന്നു. തൻനിമിത്തം ഇവന്റെ അനുയായികൾ പ്രത്യേകിച്ച് ഏഷ്യാമൈനറിൽ വർദ്ധിച്ചുവന്നു. ഇവന്റെ ഉപദേശങ്ങളെക്കുറിച്ച് വിശ്വാസികളുടെയിടയിൽ വലിയ വാദപ്രതിവാദങ്ങളും പിരിച്ചിലുകളുമുണ്ടായി. സ്വർഗ്ഗീയ ഊർശ്ലേമിനെക്കുറിച്ചുള്ള ആശ വിട്ടപ്പോൾ ഭൗമിക ഊർശ്ലേമിനെക്കുറിച്ചുള്ള ചിന്തയിലായി. പീപ്പൂസാ, തീമോൻ എന്നീ ഫ്രഗ്യായിലെ നഗരങ്ങളെ ഊർശ്ലേമായി സങ്കല്പിച്ചു. അവനെ അനുസരിച്ചിരുന്ന എല്ലാ സ്ഥലത്തുമുള്ള അനുയായികളെ അവിടെ ശേഖരിപ്പാൻ തുടങ്ങി. അവരുടെ കാര്യങ്ങളിൽ ഉത്സാഹിപ്പാൻവേണ്ടി ആളുകളെ നിയമിച്ചാക്കി. അവന്റെ ഉപദേശത്തെ ഉറപ്പിക്കുന്നതിനും അതിനെ പ്രചരിപ്പിക്കുന്നതിനുംവേണ്ടി ശമ്പളം കൊടുത്തുപോലും ഉപദേഷ്ടാക്കന്മാരെ നിയമിച്ചുപോന്നു. പിതാക്കന്മാരിൽ പലർ അവന്റെ വഞ്ചനയെ എതിർത്തു. എന്നാലും അതിന് അവസാനമുണ്ടായില്ല. മോർ അപ്പോലോനിയോസ് (190) ഈ വേദവിപരീതത്തിനെതിരായ പുസ്തകത്തിൽ ആ ഉപദേശത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. ആ വേദവിപരീതം മുളച്ച് നാല്പതുകൊല്ലം കഴിഞ്ഞാണ് ഈ പുസ്തകം എഴുത

പ്പെട്ടത്. 160-നും 170-നും ഇടയ്ക്ക് മൊന്താനായക്കാർക്കെതിരായി ആദ്യ സുന്നഹദോസുകൾ കൂടപ്പെട്ടു. അവയിൽ രണ്ടെണ്ണത്തിൽ ഒന്ന് ഫ്രുഗിയായിലെ ഹിറാപ്പോലീസിൽ അവിടുത്തെ എപ്പിസ്കോപ്പായായ അപ്പോലിനാറിയോസിന്റെ അദ്ധ്യക്ഷതയിൽ കൂടി. അദ്ദേഹത്തെ കൂടാതെ 26 എപ്പിസ്കോപ്പമാർ സന്നിഹിതരായിരുന്നു. രണ്ടാമത്തേത് അങ്കിയാലോസിലെ എപ്പിസ്കോപ്പയായ സോത്തോസിന്റെ അദ്ധ്യക്ഷതയിലും കൂടി. അതിൽ 12 എപ്പിസ്കോപ്പന്മാർ സന്നിഹിതരായിരുന്നു. ഈ വേദവിപരീതികൾക്ക്ഫ്രൂഗിയാപ്രദേശത്ത് എപ്പിസ്കോപ്പന്മാരും ആരാധനാക്രമങ്ങളും പെരുനാളുകളും ഉണ്ടായിരുന്നു. സ്ത്രീകളെ പുരോഹിതകളായും എപ്പിസ്കൂപ്പികളായും നിയമിച്ചിരുന്നു. ആഫ്രിക്കായിലും ഈ കൂട്ടർ പ്രചരിച്ചിരുന്നു. ഈ വേദവിപരീത കെണിയിൽ കാർത്തേജുകാരനും പ്രസിദ്ധനുമായ തെർത്തുല്യാനോസ്* കുടുങ്ങുന്നതിനിടയായി. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആഫ്രിക്കായിലെ അവരുടെ വേദതലവനായി ഇദ്ദേഹത്തെ നിയമിച്ചു.[1]

1. തെർത്തുല്യാനോസ്* ഇദ്ദേഹം കാർത്തേജിൽ 150-നും 160-നും ഇടയ്ക്ക് ജനിച്ചു. റോമാക്കാരനായ പിതാവ് കാർത്തേജിൽ വന്ന് താമസിച്ചവനായിരുന്നു. ഇദ്ദേഹം ഒരു പുറജാതക്കാരനായിരുന്നു. പട്ടാളവകുപ്പിലെ ഒരു നായകസ്ഥാനം വഹിച്ചുകൊണ്ടിരുന്നു. ലത്തീൻ, യൗനായ ഭാഷകളിൽ അസാമാന്യപാണ്ഡിത്യം സമ്പാദിച്ചിരുന്നു. തെർത്തുല്യാനോസ് ആ കാലത്തെ സാധാരണ വിദ്യാഭ്യാസംകൂടാതെ പ്രകൃതിശാസ്ത്രവും വൈദ്യവും നിയമവും കൂടി അഭ്യസിച്ചിരുന്നു. വിവാഹജീവിതത്തിനുശേഷം കുറെ നാളുകൾ കഴിഞ്ഞ് ഇദ്ദേഹം ഒരു കശീശയായി ക്രിസ്തീയ ജീവിതം സ്വീകരിച്ചു. സുവിശേഷവേലയിൽ അതീവതാല്പര്യം കാണിച്ചിരുന്നു. തന്റെ കാലത്തുണ്ടായ ആറാമത്തെ പീഡയിൽ വിശ്വാസികൾക്കുള്ള അവകാശത്തെ പ്രബോധിപ്പിച്ച് പുറജാതികൾക്കും യൂദന്മാർക്കും എതിരായി മുപ്പത്തിമൂന്ന് പുസ്തകങ്ങളോളം എഴുതി. വാലൻതീനോസ്, ഹെർമ്മോജീനോസ്, മർക്കിയോൻ, പ്രക്സിയോസ് എന്നീ വേദവിപരീതകൾക്കെതിരായി ഗ്രന്ഥങ്ങൾ രചിച്ചു.മാമോദീസ, പ്രാർത്ഥന, പുനരുത്ഥാനം, ക്ഷമ, ആത്മാവ്, രക്തസാക്ഷികൾ എന്നിവയെ പരാമർശിച്ചാണ് ഗ്രന്ഥങ്ങൾ. രണ്ടാം വിവാഹത്തിനെതിരായി സ്ത്രീകളുടെ സാധാരണവസ്ത്രധാരണ രീതി (പ്രത്യേകിച്ച് ദൈവഭവനത്തിൽ നിൽക്കുന്ന അവസരത്തിൽ മൂടുപടധാരണരീതി ആവശ്യമാണെന്ന് ഉപദേശിച്ചു.)

ഇദ്ദേഹം വിദഗ്ദ്ധനായ ഒരു പരിഭാഷകനായിരുന്നു. നല്ല ഒരു വേദപണ്ഡിതനും വാക്ചാതുരിയുമുള്ള ഒരു പ്രസംഗികനും, ലോകജ്ഞാനം സമ്പാദിച്ചവനുമായിരുന്നു. ലത്തീൻ എഴുത്തുകാരിൽ അതിസമർത്ഥനായിരുന്നു. വേദരചനയെ ആദ്യമായി ലത്തീൻ ഭാഷയിൽ ഉൾപ്രവേശിപ്പിച്ചത് ഇദ്ദേഹമായിരുന്നു. ക്രിസ്തുമതത്തെ സാധൂകരിച്ചുകൊണ്ട് ആഫ്രിക്കാ പ്രദേശത്തെ നാടുവാഴിയുടെ മുമ്പാകെ പീഡയുടെ കാലത്ത് സമർപ്പിച്ച ഉൽകൃഷ്ടവും പ്രസിദ്ധവും ആയ അപ്പോളജി (Apology) ലേഖനം പിന്നാലെ നമുക്ക് കാണാവുന്നതാണ്. ഈ അപ്പോളജി ലേഖനത്തിൽ ക്രിസ്ത്യാനികളുടെ ജീവിതനടപടി, വിശുദ്ധി, ജാതീയ ദുഷിച്ച നടപടി ആദിയായവ പരാമർശിച്ചിരുന്നു. സർവ്വശക്തിയോടുംകൂടി പത്ത് കൊല്ലക്കാലം ക്രിസ്തീയ സേവനം നിർവഹിച്ചു. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നാം മേൽപറഞ്ഞ വിധം മോന്തോനോസിന്റെ വേദവിപരീതത്തോടു യോജിച്ചു, വളരെ പ്രായാധിക്യം ചെന്നശേഷം ഏകദേശം 240-നോടടുത്ത് മരിച്ചു.

*തെർത്തുല്യൻ

## അദ്ധ്യായം 12

# സുറിയാനി തത്ത്വചിന്തകന്മാരായ തിത്തിയാനോസും ബർദൈസാനും

**തിത്തിയനോസ്*:** ടൈഗ്രീസിന്റെ താഴ്‌വരപ്രദേശത്ത് സിറിയൻവർഗ്ഗത്തിലെ കുലീനത്വവും ധനാധിക്യവുമുള്ള ഒരു പുറജാതിക്കുടുംബത്തിൽ 110-ാമാണ്ടു ജനിച്ചു. ചെറുപ്പംമുതൽതന്നെ വിദ്യാ സമ്പാദന വിഷയത്തിൽ അദ്ദേഹത്തിന് വളരെ അഭിരുചിയുണ്ടായിരുന്നു. സുറിയാനി, ഗ്രീക്ക് എന്നീ ഭാഷകളിലും തത്ത്വശാസ്ത്രം, സാഹിത്യം, ചരിത്രം, തർക്കശാസ്ത്രം ആദിയായവയിലും അസാമാന്യപാണ്ഡിത്യം സമ്പാദിച്ചിരുന്നു. ഇതിനുശേഷം ദേശസഞ്ചാരം ചെയ്ത് റോമാസാമ്രാജ്യത്തിലുള്ള രാജ്യങ്ങളിൽ ചുറ്റിസഞ്ചരിച്ചുകൊണ്ടിരുന്നു. താത്ത്വികമായി അനേക സംഗതികൾ ഗ്രഹിച്ചിരുന്നുവെന്നുവരികിലും അതുകൊണ്ടുമാത്രം അദ്ദേഹത്തിന്റെ മനസ്സിൽ യാതൊരു സംതൃപ്തിയുമുണ്ടായിരുന്നില്ല. ആത്മികജീവിതത്തെക്കുറിച്ചുള്ള അജ്ഞാനമായിരുന്നു അദ്ദേഹത്തിന്റെ മനസ്സിനെ വ്യാകുലപ്പെടുത്തിക്കൊണ്ടിരുന്നത്. തന്റെ സഞ്ചാരത്തിനിടയിൽ 150-ൽ റോമിൽ വന്നെത്തി. അത് തന്റെ ജീവിതത്തിലെ ഒരു പുതിയ അദ്ധ്യായത്തിന്റെ ആരംഭമായിരുന്നു. ആദ്യമായി അവിടെവച്ച് വി. വേദഗ്രന്ഥം പഴയനിയമം അദ്ദേഹത്തിനു സിദ്ധിച്ചു. വളരെ താല്പര്യത്തോടും സൂക്ഷ്മതയോടുംകൂടി അത് വായിച്ച് പരിശോധിച്ചുനോക്കി. ഇതര തത്ത്വചിന്തകന്മാരുടെ ലിഖിതങ്ങളെക്കാളും ചിന്തകളേക്കാളും പുരാതനവും ഉത്തമവുമായ ഒരു പുസ്തകമാണെന്ന് അദ്ദേഹത്തിനു മനസ്സിലായി. അതുവരെ അദ്ദേഹം അനുവദിച്ചിട്ടില്ലാത്തവിധം ഒരു ഹൃദയശ്വാസം അതിനാൽ അദ്ദേഹത്തിനു ലഭിച്ചു. ഇതിനോടുകൂടി ദൈവഭക്തരായ അവിടുത്തെ ക്രിസ്ത്യാനികളുമായുള്ള സംസർഗ്ഗവും അദ്ദേഹത്തിനു സിദ്ധിച്ചുതുടങ്ങി. അവരുടെ നിർമ്മലമായ ഭക്തി, നിശ്ചിതമായ വിശ്വാസം, ആത്മസന്തോഷം, സുകൃതനടപടികൾ ആദിയായവ അദ്ദേഹത്തിന്റെ ഹൃദയത്തെ ഹഠാദാകർഷിച്ചു. തന്നെയുമല്ല അവരുടെ ജീവിതസ്ഫുടത പ്രവാചകപരമായ വെളിപാടുകളുടെ അടിസ്ഥാനത്തിന്മേൽ ദൃഢപ്പെടുത്തപ്പെട്ടിരുന്ന ശ്രേഷ്ഠമതം എന്നിവ അദ്ദേഹത്തെ വിസ്മയിപ്പിച്ചു. ഈ സന്തോഷകരമായ സംസർഗ്ഗം താൻ അനുഭവിപ്പാൻ തുടങ്ങിയതോടുകൂടെ എല്ലാ അക്രൈസ്തവലോകവും തദനുബന്ധമായ

*റ്റാസിയൻ (Tatian)

തത്ത്വശാസ്ത്രങ്ങളും ആചാരോപദേശങ്ങളും തന്റെ ദൃഷ്ടികൾക്ക് മുമ്പാകെ വെറും അന്ധകാരപാലങ്ങളും അന്ധവിശ്വാസജന്യങ്ങളും ഭൂതാവാസഗേഹങ്ങളുമായിത്തീർന്നു. കേവലം അപരിഷകൃതരുടെ തത്ത്വജ്ഞാനമെന്ന് ജാതികളാൽ പറയപ്പെട്ടുവന്നിരുന്ന ക്രിസ്തുമത വിശ്വാസം, യഥാർത്ഥത്തിൽ ശ്രേഷ്ഠവും ദൈവികവുമായ ജ്ഞാന ത്തിന്റെ ഉറവയായി തനിക്കനുഭവമായിത്തീർന്നു. തൻനിമിത്തം അദ്ദേഹം ക്രിസ്തുവിൽ വിശ്വസിച്ച് മാമോദീസാ സ്വീകരിച്ചു. അതു മുതൽ ക്രിസ്തുമതത്തെ സാധൂകരിച്ച് വാദിപ്പാനും എഴുതുവാനും തുടങ്ങി. പിന്നീട് ഗ്രീക്ക് പ്രദേശങ്ങളിലേക്ക് പോയി കുറേനാൾ അവിടെ വസിച്ചു (152-153). ഈ കാലത്തായിരിക്കണം, *അവുറാത്തിയോ അദ് ഗ്രീക്കോസ്* എന്ന പുസ്തകം എഴുതിയത്. പുറജാതികളിൽ പുരാതന കാലം മുതലുള്ള പ്രസിദ്ധരായവരുടെ പേരുകൾ ആ പുസ്തകത്തിൽ വിവരിച്ചുകൊണ്ട് മൂശയും, പ്രവാചകന്മാരും അവരുടെ ഗ്രന്ഥങ്ങളും അവരേക്കാൾ വളരെ പുരാതനമാണെന്ന് സമർത്ഥിച്ചു. ഈ പുസ്തകം ഗ്രീക്കു പുറജാതിക്കാരുടെ പ്രബോധനത്തിനായി, ഗ്രീക്ക്ഭാഷയിൽ രചിക്കപ്പെട്ടതാണ്. ക്രിസ്ത്യാനികളുടെ നിർമ്മലജീവിതം, നീതിനിഷ്ഠ, വിനയം, സത്യസന്ധത തുടങ്ങിയ എല്ലാ വിശിഷ്ടതകളും ആ പുസ്ത കത്തിൽ വിശദീകരിച്ചിട്ടുണ്ട്. ജാതീയമായ വി. ജീവിതം അയഥാർത്ഥ തത്ത്വചിന്ത, അതുപോലെ ഉള്ള ഉപദേശങ്ങൾ എന്നിവയെല്ലാം അദ്ദേ ഹത്തിന്റെ നിശിതമായ വിമർശനത്തിന് പാത്രീഭവിച്ചു. ഈ പുസ്തക രചനയോടുകൂടി അക്കാലത്തെ ക്രിസ്ത്യാനികളുടെയിടയിൽ അദ്ദേഹം അസാമാന്യനായിത്തീർന്നു. അതിനുശേഷം റോമായിലേക്കു തിരിച്ചു. പ. യുസ്തീനോസ് സഹദായുമായി അടുത്ത ഒരു സൗഹാർദ്ദബന്ധ ത്തിൽ ഏർപ്പെടുവാനും അദ്ദേഹത്തിന്റെ ശിഷ്യനായിത്തീരുവാനും തനിക്ക് സൗകര്യം ലഭിച്ചു. ഈ വി. യൂസ്തീനോസിന്റെ കാലശേഷം റോമിൽ ഒരു മതപരമായ വിദ്യാലയം ഇദ്ദേഹം സ്ഥാപിക്കുകയും പരി ശുദ്ധവേദഗ്രന്ഥത്തെ സംബന്ധിച്ചും കൂദാശകളെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ താൻതന്നെ പഠിപ്പിച്ചുവരികയുംചെയ്തു. സഭാപരമായി വളരെ എഴുതീട്ടുള്ള 'റോദോൻ' അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ പ്രമു ഖനായിരുന്നു. അലക്സന്ത്ര്യായിലെ ക്ലീമ്മീസ് 172-നു മുമ്പ് ഇദ്ദേഹ ത്തിന്റെ ശിഷ്യത്വം കുറേക്കാലം സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെ തന്റെ കഴി വനുസരിച്ച് ക്രിസ്തുമതത്തിനുവേണ്ടി അക്ഷീണം യത്നിച്ചുവരവെ നിർഭാഗ്യവശാൽ ചില പിശകഭിപ്രായങ്ങൾ ഇദ്ദേഹത്തിൽ കടന്നുകൂ ടുവാൻ ഇടയായി. വാല്ൻതീനോസിന്റെ മതപരമായ പിശകുപദേശ ങ്ങളോട് അനുകൂലിക്കയും പരിശുദ്ധ ഈറീനിയോസ് പറയുന്നപോലെ ആനക്രാത്തീത്തു വേദവിപരീതികളുമായി ചേരുകയും ചെയ്തു. ഇവർ മർക്കിയോന്റെയും മൊൻതാനോസിന്റെയും അഭിപ്രായങ്ങളിൽ ചിലത് സ്വീകരിക്കയും തീവ്ര തപോനിഷ്ഠ പാലിക്കുകയും ഉപദേശിക്കു കയും മാംസഭക്ഷണം, വീഞ്ഞുപാനം, വിവാഹം ആദിയായവയെ വിരോധിക്കയുംചെയ്തു. "ആദാമിന് രക്ഷയില്ല ക്രിസ്തുവിന്റെ ശരീരം ഒരു യഥാർത്ഥ ശരീരമായിരുന്നില്ല" എന്ന് അവർ ഉപദേശിച്ചുവന്നു.

എന്നാൽ യുസ്തീനോസ് സഹദാ ജീവനോടിരുന്നകാലംവരെയും തിത്തിയാനോസിന്റെ വിശ്വാസത്തിൽ യാതൊരു വൈപരീത്യവും സംഭവിച്ചിരുന്നില്ല. അക്കാലത്ത് ജീവിച്ചിരുന്ന ചില പണ്ഡിതന്മാർ തിത്തിയാനോസിന്റെ ഈ വീഴ്ചയിൽ അനുഭാവം കാണിപ്പാനും നീതീകരിപ്പാനും ശ്രമിച്ചതായിക്കാണുന്നു. അവർ ക്രിസ്തുമതത്തോടുള്ള തീക്ഷ്ണുതകൊണ്ടും ക്രിസ്ത്യാനികളുടെ ഉൽകൃഷ്ടചുമതലകളെ കൃത്യമായി നിർവഹിക്കുന്നതിനുള്ള ഔത്സുക്യംകൊണ്ടും ഉണ്ടായ ബദ്ധപ്പാടിൽ തത്തിയാനോസിന് പ്രമാദം പിണഞ്ഞുപോയതാണെന്ന് സമാധാനപ്പെടുന്നു. ദീർഘശ്വാസം വലിച്ചു കിടന്ന "ആനക്രാത്തീത്ത"ന്മാർക്ക് തിത്തിയാനോസിനെ ലഭിച്ചത് അവർ വലിയ അഭിമാനമായി കരുതി എങ്കിലും അവരുടെ നില സാധൂകരിക്കത്തക്കതായി തിത്തിയാനോസിന്റെ യാതൊരു ലിഖിതങ്ങളിലും യാതൊരു സൂചനപോലും ഇല്ല. വേദവിപരീതികളുമായി ഈ വേഴ്ച അദ്ദേഹത്തിനുണ്ടായതോടുകൂടെ സഭ അദ്ദേഹത്തെ ബഹിഷ്കരിച്ചു.അനന്തരം അദ്ദേഹം റോമിൽനിന്ന് മെസപ്പോട്ടോമിയായിലേക്ക് കടന്നു. അവിടെ ഉറഹോയിയിൽ നല്ലപേർ സമ്പാദിക്കയും അവിടെത്തന്നെ താമസിക്കുകയുംചെയ്തു. സുറിയപ്രദേശങ്ങളിൽ അദ്ദേഹത്തിന്റെ ഉപദേശങ്ങൾ ബഹുമാനത്തോടെ കൈക്കൊള്ളപ്പെട്ടു. ഇവിടെവച്ചാണ് *'ദിയാത്തെസറോൻ'** എന്ന പുസ്തകം അദ്ദേഹം രചിച്ചത്. ഈ പുസ്തകം സുറിയാനിഭാഷയിലാണ് എഴുതിയത്. നാല് ഏവൻഗേല്യോനിൽ പ്രതിപാദിച്ചിട്ടുള്ള സംഭവങ്ങളെ കാലക്രമമനുസരിച്ച് ഒന്നിനുപുറമേ ഒന്നായി അതിൽ എഴുതിച്ചേർത്തിരുന്നു. 55 അദ്ധ്യായങ്ങളോളം ഉള്ള ആ പുസ്തകത്തിൽ യേശുമ്ശിഹായുടെ വംശാവലിയും പുനരുത്ഥാനവും വിട്ടുകളഞ്ഞിരുന്നു. എന്നാലോ "ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവവുമായിരുന്നുവെന്നാദിയായി വി. യോഹന്നാന്റെ സുവിശേഷത്തിൽ ആരംഭിച്ചിരിക്കുന്ന ഒന്നാം അദ്ധ്യായം 1 മുതൽ 5 വരെയുള്ള വാക്യങ്ങളോടുകൂടി ഇതും ആരംഭിക്കുന്നു. അത്യന്തം ശ്രമകരമായ ഈ ക്രോഡീകരണം സ്തുത്യർഹമാംവണ്ണം സാധിച്ചതിൽനിന്ന് തിത്തിയാനോസിന്റെ രചനാവൈദഗ്ദ്ധ്യവും വിജ്ഞാനസാമർത്ഥ്യവും സ്പഷ്ടമാകുന്നുണ്ട്. അദ്ദേഹംതന്നെ ഇത് ഗ്രീക്കുഭാഷയിലേക്കു തർജ്ജമചെയ്തു. സുറിയാനിപണ്ഡിതനായ മോർ അഫ്റാഹാത്ത് (345+) ഈ പുസ്തകത്തിൽനിന്ന് പലപ്പോഴും ഉദ്ധരിക്കുന്നതായി കാണുന്നു. മോർ അപ്രേം (373+) ഈ പുസ്തകത്തിന് ഒരു വ്യാഖ്യാനം എഴുതീട്ടുണ്ട്. ഈ വ്യാഖ്യാനഗ്രന്ഥം ഇപ്പോൾ അർമ്മീനിയൻഭാഷയിൽ മാത്രമെ കാണപ്പെടുന്നുള്ളു.** ഈ മേൽപറഞ്ഞ പുസ്തകത്തിൽനിന്നു മനസ്സിലാക്കുന്നത് സഭയിൽ സ്വീകരിച്ചിരിക്കുന്ന സുവിശേഷങ്ങൾ നാല്മാത്രമേ രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്ത് സ്വീകരിക്കപ്പെട്ടിരുന്നുള്ളു എന്നാണ്. എന്തുകൊണ്ടെന്നാൽ

*ദിയതെസറോൻ (Diatessaron) അഥവാ സുവിശേഷസങ്കലനം.

**റവ. ഡോ. ജി. ചേടിയത്ത് പരിഭാഷപ്പെടുത്തിയ മലയാളവിവർത്തനം കോട്ടയം വടവാതൂർ സെമിനാരിയിൽനിന്നും പ്രസിദ്ധീകരിച്ചിട്ടുണ്ട്. (2002)

ഈ പുസ്തകങ്ങളെ മാത്രം അടിസ്ഥാനമാക്കിയാണ് ടി പുസ്തകം രചിച്ചത്. ഒരു നൂറ്റാണ്ട് കാലത്തോളം സുറിയാനി സഭയിലെ ഉപയോഗത്തിലേക്കുള്ള ഏവൻഗേലിയോൻ ആയി ഇത് ഒന്ന് മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ നാല് സുവിശേഷങ്ങളും വെവ്വേറെയായി സുറിയാനി ഭാഷയിൽ കാണപ്പെടുന്നത് ഇരുനൂറാമാണ്ടോടുകൂടിയാണ്. മിക്കവാറും എല്ലാ സുറിയാനിപള്ളികളിലും പ്രത്യേകിച്ച് ഉറഹോയിലും യൂഫ്രട്ടീസ് പ്രദേശങ്ങളിൽ ഉള്ള പള്ളികളിലും 200 കൊല്ലത്തോളം ഈ പുസ്തകം ഉപയോഗത്തിൽ ഇരുന്നു. ഉറഹോയുടെ മോർ റാബൂലായുടെ കാലത്ത് (411-435) ഇത് മാറ്റിക്കളയുന്നതിന് കല്പന പരസ്യമാക്കി തന്റെ ഇടവകയിലെ എല്ലാ പള്ളികളിലും വായിക്കപ്പെടേണ്ടതിന് കശീശന്മാരും ശെമ്മാശന്മാരും വെവ്വേറെ ആയിട്ടുതന്നെ ഈ നാലു സുവിശേഷങ്ങൾ അവയുടെ വിവർത്തനം ശരിയായി പരിശോധിച്ചതിനുശേഷം സൂക്ഷിപ്പാൻ ചട്ടംകെട്ടി. കൂറശിലെ എപ്പിസ്കൂപ്പാ ആയ തേവോദോറീത്തോസ് (423-457) മേൽപറഞ്ഞ പുസ്തകത്തിന്റെ 200 പ്രതികളോളം തന്റെ ഇടവകയിലെ പള്ളികളിൽനിന്നും ശേഖരിച്ച് ദഹിപ്പിച്ചുകളഞ്ഞതായി കാണുന്നു. അതിനു പകരമായി നാല് ഏവൻഗേലിയോനുകൾ പ്രത്യേകം പ്രത്യേകമായി എഴുതപ്പെട്ടത് വായിപ്പിച്ചു. ഇങ്ങനെ സുറിയാനി ഭാഷയിലോ യവനായഭാഷയിലോ രചിക്കപ്പെട്ടതായി ഈ പുസ്തകത്തിന്റെ ഒരു ഒറ്റ പ്രതിപോലും ലഭ്യമാകാത്തവണ്ണം സമൂലമായി നഷ്ടപ്പെട്ടുപോയി. 11-ാം നൂറ്റാണ്ടിൽ സുറിയാനി ഭാഷയിൽനിന്ന് ഈ പുസ്തകം അറബിയിലേക്ക് ഒരു നെസ്തോറിയ ദയറായക്കാരൻ തർജ്ജമ ചെയ്യുകയും ഈ നൂറ്റാണ്ടിൽ (20-ാം നൂറ്റാണ്ടിൽ) രണ്ട് പ്രാവശ്യം അത് അച്ചടിക്കയും ചെയ്തിട്ടുണ്ട്.[1] തന്നെയുമല്ല ഇംഗ്ലീഷ്, ലാറ്റിൻ, ജർമ്മൻ ഭാഷകളിൽ ഇത് തർജ്ജമ ചെയ്ത് അച്ചടിപ്പിച്ചിട്ടുണ്ട് . തന്റെ 62-ാമത്തെ വയസ്സിൽ 172-നോട് അടുത്ത് അദ്ദേഹം മരിച്ചു. അദ്ദേഹത്തിന്റെ മരണസ്ഥലം ഉറഹോതന്നെ ആണെന്നാണ് വിചാരിച്ചിരുന്നത്. താൻ അസീറിയ പ്രദേശത്തുനിന്നും ഉള്ളവനാകയാൽ അസീറിയൻ എന്ന് വിളിക്കപ്പെടുന്നു.

**ബർദൈസാൻ:** സിറിയൻ വർഗ്ഗത്തിൽപ്പെട്ട കുലീനവും ബഹുമാന്യവും ആയ ഒരു പുറജാതി കുടുംബത്തിൽ നൂഹോമോ എന്നും 'നൂഹ് ശീറം' എന്നും പേരായ മാതാപിതാക്കന്മാർക്ക് 154 ജൂലൈ കർക്കിടക

1 ഒമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ബെസ്ബാത്തീൻ ദയറായിലെ അംഗവും ഉറഹായിലെ പ്രസിദ്ധ മെത്രാപ്പോലീത്തായുമായ ബെനിയോമിന്റെ ശിഷ്യനും ആയ ദോനിയേൽ റാബാൻ* കഷ്ടാനുഭവ ആഴ്ചയിൽ വായിക്കപ്പെടുവാനുള്ള ഏവൻഗേലിയോൻ വായ്നയെ ക്രമപ്പെടുത്തി വേർതിരിച്ചു. അദ്ദേഹത്തിന്റെ ശിഷ്യനായ ഇസഹോക്ക് റമ്പാൻ ഇക്കാര്യത്തിൽ സഹായിച്ചു. ഹർക്കലോയോ** പരിഭാഷയുടെ സഹായത്തോടുകൂടി മേൽപ്രസ്താവിച്ച "ദിയാത്തെസാറോൻ" എന്ന ഏവൻഗേലിയോൻ പുസ്തകത്തിൽനിന്നാണ് ഈ വായനകളിൽ ചിലതിനെ തിരഞ്ഞെടുത്തത്.

*റാബാൻ: റമ്പാൻ **തോമസ് ഹർക്കലോയോ എന്ന സുറിയാനിപണ്ഡിതൻ പരിഷ്കരിച്ച സുറിയാനി പരിഭാഷ.

മാസം 11-ാംതീയതി ജനിച്ച പുത്രനാണ് ബർദൈസാൻ. ഇദ്ദേഹത്തിന്റെ ജനനത്തെക്കുറിച്ച് ഇപ്രകാരമാണ് പറയുന്നത്: 'ഹെദ്യാബ്' പ്രദേശങ്ങളിൽനിന്ന് അവന്റെ മാതാപിതാക്കന്മാർ ഉറഹോയിലേക്ക് യാത്ര ചെയ്കയായിരുന്നു. അവർ ഉറഹോയുടെ അരികെയുള്ള ദൈസോൻ നദീതീരത്തിനരികെയോളം വന്നെത്തി. അവിടെവച്ച് പൂർണ്ണഗർഭിണിയായിരുന്ന നഗ്ശീറാവ് "ഒരാൺകുഞ്ഞിനെ പ്രസവിച്ചു. ആ കുട്ടിക്ക് ആ നദിയുടെ പേരായ 'ബർദൈസോൻ' എന്ന് നാമകരണം ചെയ്തു. ഉറഹായിലെ രാജാവായ 'മാനുവി'ന്റെ പുത്രനായ 'അബ്ഗാർ' ഒന്നിച്ച് രാജധാനിയിൽ വളർന്നു വന്നു. സുറിയാനി, ഗ്രീക്ക് എന്നീ ഭാഷകളിലും തത്ത്വജ്ഞാനങ്ങളിലും സമർത്ഥമായ പാണ്ഡിത്യം സമ്പാദിച്ചു. അനന്തരം സ്വമതത്തിലെ സിദ്ധാന്തങ്ങൾ ഗ്രഹിക്കുന്നതിന് 'മാബൂഗി'ലെ ജാതികളുടെ പുരോഹിതന്റെ അടുക്കലേക്കു പോയി. അവിടെനിന്നും 25-ാമത്തെ വയസ്സിൽ ഉറഹായിലേക്കു തിരിച്ചുവന്നു. ഒരിക്കൽ ആദായി ശ്ലീഹാ പണിയിച്ച പള്ളിയുടെ സമീപത്തുകൂടി കടന്നുപോകുമ്പോൾ ഉറഹായിലെ എപ്പിസ്കൂപ്പായ 'ഉശ്താസബ്' വി. വേദപുസ്തകത്തിൽ നിന്ന് തന്റെ ജനത്തോടു സംസാരിക്കുന്നതായി കേട്ടു. അദ്ദേഹത്തിന്റെ വചനങ്ങൾ ബാർദൈസാന്റെ ഹൃദയത്തെ ആകർഷിച്ചു. തൻനിമിത്തം ക്രിസ്തുമതത്തെക്കുറിച്ചും അതിലെ കൂദാശക്രമത്തെക്കുറിച്ചും അറിയണമെന്ന് ആഗ്രഹം ജനിച്ചു. എപ്പിസ്കൂപ്പാ ആ വിവരം ഗ്രഹിച്ചപ്പോൾ അദ്ദേഹത്തിന് തൃപ്തിവരത്തക്കവണ്ണം വേദോപദേശം ചെയ്യുകയും അദ്ദേഹത്തിന്റെ അഭിലാഷപ്രകാരം ശിഷ്യപ്പെടുത്തുകയും മാമോദീസാ മുക്കുകയും ചെയ്തു. ക്രമേണ അദ്ദേഹത്തിനെ ഒരു ശെമ്മാശനാക്കി. മർക്കിയോൻ തുടങ്ങിയുള്ള വേദവിപരീതികൾക്കെതിരായി ധാരാളം പ്രബന്ധങ്ങൾ സുറിയാനിയിൽ എഴുതുവാൻ തുടങ്ങി. ഇദ്ദേഹത്തിന് സമർത്ഥരായ അനേകം പരിചയക്കാരുണ്ടായിരുന്നു. അവർ അവയെ സുറിയാനിയിൽനിന്ന് 197-ാമാണ്ട് ഗ്രീക്കുഭാഷയിലാക്കി. അദ്ദേഹത്തിന്റെ പ്രബന്ധങ്ങളിൽ 'വിധി' (Fate) എന്ന വിഷയത്തെ ഖണ്ഡിച്ച് എഴുതീട്ടുള്ള *"നോമുസെദസ്റവോസൊ"* (രാജ്യങ്ങളുടെ പ്രമാണങ്ങൾ) എന്ന ഗ്രന്ഥം പ്രത്യേകം ശ്ലാഘനീയമാണ്. ആ കാലത്ത് ഉണ്ടായ മതപീഡനമാണ് ഈ ഗ്രന്ഥ രചനയ്ക്കിടയാക്കിയത്. ക്രിസ്തീയ തത്ത്വത്തെ സാധൂകരിച്ചുകൊണ്ടെഴുതിയ ഒരു പ്രബന്ധമായിരുന്നു അത്. തന്റെ ശിഷ്യനായ പീലിപ്പോസിന് താൻ പറഞ്ഞുകൊടുത്ത് എഴുതിച്ചതാണിത്. ഏകദൈവവിശ്വാസത്തെ ഉറപ്പിക്കത്തക്ക ന്യായങ്ങൾ അതിൽ പ്രതിവാദിക്കപ്പെട്ടിരുന്നു. തത്ത്വജ്ഞാനപരമായി സുറിയാനി ഭാഷയിൽ എഴുതിയിട്ടുള്ള ഒന്നാമത്തെ ക്രിസ്തീയ പുസ്തകം ഇതാണ്. തന്റെ സഹപാഠിയായ 'അബ്ഗർ' രാജാവ് ഇദ്ദേഹത്തെ വളരെ ബഹുമാനിച്ചിരുന്നു. ഇദ്ദേഹത്തിന്റെ കീർത്തി എല്ലാ പ്രദേശത്തും പരന്നു. സുറിയാനിഭാഷാസാഹിത്യം സംബന്ധിച്ച് ഇദ്ദേഹത്തിന്റെ ജ്ഞാനം അപാരമായിരുന്നു. ആ ഭാഷയിൽ പദ്യസംബന്ധമായ വിവിധ

ഗണങ്ങളെ നിഷ്കർഷിച്ച് കവിതാരീതിയെ ഉദ്ധരിച്ച ആദ്യകവി ഇദ്ദേഹമായിരുന്നു. എന്നുമാത്രമല്ല അനേക കവിതകൾ ആ ഭാഷയിൽ എഴുതുകയും ചെയ്തു. തത്ത്വശാസ്ത്രസംബന്ധമായും അദ്ദേഹത്തിന്റെ സാമർത്ഥ്യം ഒട്ടും കുറവല്ലായിരുന്നു. ഇങ്ങനെ ഒക്കെ ആണെങ്കിലും ആൾ ഒരു നിഗളി ആയിരുന്നു. തൻനിമിത്തം തന്റെ ജ്ഞാനഭണ്ഡാരത്തിൽനിന്ന് സത്യവിരുദ്ധങ്ങളായ ചില ആശയങ്ങൾ വി.സഭയുടെ അഭിപ്രായങ്ങളോടുകൂടി ചേർക്കുകയും അങ്ങനെ വാലൻതീനോസിന്റെ വേദവിപരീതത്തോടുകൂടിച്ചേർന്ന് അതിനെ വിപുലീകരിക്കയും ചെയ്തു. മൂന്നുതരത്തിലുള്ള വലിയ പ്രകൃതികളും നാലുവിധത്തിലുള്ള ശക്തികളും ഉണ്ട്. ഈ ശക്തികൾ പിന്നീട് മുന്നൂറ്റി അറുപത്താറ് ലോകങ്ങളായി പരിണമിച്ച് ലോകോല്പത്തിയെപ്പറ്റി ഇങ്ങനെ വ്യർത്ഥങ്ങളായ പല ഉപദേശങ്ങളും അദ്ദേഹം പ്രചരിപ്പിച്ചു. മൂശയോടും ഏലിയായോടും സംസാരിച്ചത് മാലാഖമാരുടെ തലവനായിരുന്നു, ദൈവമായിരുന്നില്ല. മരണത്തിന് അധീനമായിരിക്കുന്ന ശരീരത്തെ അല്ല മറിയാം പ്രസവിച്ചത്. എന്നാൽ ശോഭിതമായ ആത്മാവിനെയാണ്. ഈ ആത്മാവ് ശരീരമയമായ ഒരു രൂപമായിത്തീർന്നു. പൊതുവെയുള്ള ഉയിർപ്പിനെ നിഷേധിച്ച ഇദ്ദേഹത്തിന് കുറെ അനുയായികളും ഉണ്ടായി. ഉറഹോയിയിലെ 'ഉശ്ത്താസഫി'ന്റെ ശേഷം വന്ന എപ്പിസ്കൂപ്പാ ആയ 'ഇക്കി' ഇത് കേട്ടപ്പോൾ അദ്ദേഹത്തെ ഗുണദോഷിച്ചുനോക്കി. യാതൊരു പ്രയോജനവും ഇല്ലെന്നു കണ്ടപ്പോൾ മുടക്കുകയുംചെയ്തു. എന്നാൽ ബർദൈസാൻ യാതൊരു കൂസലും കൂടാതെ തന്റെ അഭിപ്രായങ്ങൾ ഉദ്ഘോഷിക്കുവാൻ തുടങ്ങി. സുറിയാനിയിൽ 150 ഗാനങ്ങൾ അദ്ദേഹം നിർമ്മിച്ചു. അവയിൽ സത്യവിശ്വാസധ്വംസനാപരങ്ങളായ തന്റെ വഞ്ചനോപദേശങ്ങളെ കൂട്ടിച്ചേർത്തു. ആ കവിതകളും രമ്യമായ രചനയും മധുരാത്മകമായ രീതികളും ആരെയും ആകർഷിക്കത്തക്കവയായിരുന്നു. ഉറഹോയിലെ യുവതീയുവാക്കന്മാരെ ഈ ഗാനം അവൻ പഠിപ്പിച്ചു. ഈ വിധത്തിൽ ഉറഹോയിലെ വിദ്വജ്ജനങ്ങളും ധനികന്മാരുമായ വളരെപ്പേർ അദ്ദേഹത്തിന്റെ വഞ്ചനയിൽ കുരുങ്ങുന്നതിന് ഇടയായി. 222-ൽ ബർദൈസാൻ മരിച്ചു.[2]

---

2 പരിശുദ്ധ മോർ അപ്രേം (373+) നാലാം നൂറ്റാണ്ടിൽ ബർദൈസാന്റെ കൂട്ടത്തെ എതിർത്തു. അപ്പന്റെയും അവന്റെ മകനായ ഹർമ്മോനിയോസിന്റെയും ആകർഷണനീയങ്ങളായ ഗാനങ്ങളാൽ സാധുക്കളായി ജനങ്ങൾ വഞ്ചിതരായിത്തീർന്നു എന്ന് മോർ അപ്രേം കണ്ടപ്പോൾ യഥാർത്ഥ വിശ്വാസം ഉള്ളവർക്കായി ബർദൈസാന്റെ ഉപദേശത്തെ ഖണ്ഡിച്ചുകൊണ്ട് സുറിയാനിഭാഷയിൽ ആകർഷണീയമായ രീതികളിൽ ഗീതങ്ങൾ ചമയ്ക്കുകയും ഉറഹോയിലെ ബാലികമാർ പള്ളിയിൽ പാടത്തക്കവണ്ണം ഏർപ്പാടുകൾ ചെയ്യുകയുംചെയ്തു. ഇങ്ങനെ ആ ഗാനങ്ങളുടെ രചനാരസികത്വംകൊണ്ടും അർത്ഥഗാംഭീര്യംകൊണ്ടും പാടുന്ന ഗായികകളുടെ മാധുര്യശബ്ദംകൊണ്ടും ജനങ്ങളെ സത്യവിശ്വാസത്തിലേക്ക് ആകർഷിച്ചുകൊണ്ടിരുന്നു. അഞ്ചാം നൂറ്റാണ്ടിന്റെ

## അദ്ധ്യായം 13

# ശ്ലൈഹികപാരമ്പര്യം

ശ്ലൈഹികപാരമ്പര്യം എന്നത് ശ്ലീഹന്മാർ അവരുടെ ശിഷ്യന്മാർക്കും ശേഷമുള്ളവർക്കും ഭരമേല്പിച്ചുകൊടുത്ത ഉപദേശങ്ങളാണ്. ഈ പാരമ്പര്യം സഭാവിശ്വാസം, ക്രമീകരണം, ശുശ്രൂഷ, ആരാധന, അംഗങ്ങളുടെ അന്യോന്യമുള്ള വർത്തനരീതി, അനുതാപികൾക്കു നൽകപ്പെട്ടിരുന്ന ശിക്ഷ മുതലായവകളെക്കുറിച്ചാണ്. സഭ ആരംഭം മുതൽതന്നെ ഏവൻഗേല്യോനെ കൈക്കൊള്ളുകയും ബഹുമാനിക്കുകയും ചെയ്തതുപോലെതന്നെ പാരമ്പര്യത്തെയും കൈക്കൊള്ളുകയും ബഹുമാനിക്കയും ചെയ്തു. എന്തെന്നാൽ അവ പഴയനിയമവും പുതിയനിയമവും എന്നപോലെ അന്യോന്യം പൂർത്തീകരിക്കുന്നു.അവ രണ്ടും ഒരു പോലെ ദൈവത്തിൽനിന്നുള്ളവയാണെന്നു സഭ വിശ്വസിച്ചു. പൗലൂസ്ശ്ലീഹാ കോരിന്ത്യർക്കും (1 കോരി. 11:2) തീമോത്തിയോസിനും (2 തീമോ: 2:2) എഴുതിയിരിക്കുന്നതിൽനിന്ന് ശ്ലീഹന്മാർ അവരുടെ ലേഖനങ്ങളിൽ എഴുതപ്പെടാത്തതായ ഉപദേശങ്ങളെ വിശ്വാസികൾക്ക് കൊടുത്തിരുന്നു എന്ന് തെളിയുന്നു. ഇവ വാചാ നൽകപ്പെട്ടതാണെങ്കിലും അവ സഭയെ പണിയുന്നതിന് ആവശ്യങ്ങളാണ്. എന്തുകൊണ്ടെന്നാൽ ശ്ലീഹാ തന്റെ ശിഷ്യനായ തീമോത്തിയോസിനോട് അവയെ വിശ്വാസികളെ പഠിപ്പിക്കുവാൻ പ്രാപ്തിയുള്ളവരെ ഭരമേല്പിച്ചുകൊടുക്കുവാൻ കല്പിക്കുന്നു. മാത്രമല്ല അവനോട്അവയെക്കുറിച്ച് സൂക്ഷ്മമുള്ളവനായിരിക്കുവാൻ പറയുന്നു (2 തീമോത്തി.1: 13, 3-14) വി. പൗലൂസ് തെസ്സലോനിക്യർക്കയച്ച ലേഖനത്തിൽ (2 തെസ്സലോനിക്യർ 2: 15) വാചാ നൽകപ്പെട്ട ഉപദേശങ്ങളെ അനുസരിക്കണമെന്നു മാത്രമല്ല, എഴുതപ്പെട്ടവയ്ക്കു തുല്യമായി അവയെ താൻ ഗണിക്കുന്നു എന്നും കാണിക്കുന്നു. ഏവൻഗേലിയോനും പ്രക്സീസും എഴുതിയ വി. ലൂക്കോസാകട്ടെ കർത്താവിനെ കാണുകയോ, അദ്ദേഹത്തിൽനിന്നു കേൾക്കയോ ചെയ്തിട്ടില്ല. എന്നാലോ ആരും തന്നോടു എഴുതുവാൻ പറയാതെതന്നെ ക്രിസ്തുവിനെ കാണുകയും കേൾക്കുകയും ചെയ്ത

---

പൂർവ്വാർദ്ധത്തിൽ ഉറഹോയിലെ മെത്രാപ്പോലീത്തയായ വി. റാബൂല ആവേദവിപരീതികൾ ആരാധന നടത്തിക്കൊണ്ടിരുന്ന സ്ഥലം നശിപ്പിക്കുകയും തന്റെ ഉപദേശങ്ങളാലും ദൃഷ്ടാന്തങ്ങളാലും ബർദൈസാന്റെ കൂട്ടക്കാരിൽ മിക്കവരെയും സത്യവിശ്വാസത്തിലേക്ക് ആകർഷിക്കയുംചെയ്തു.

വരിൽനിന്നു താൻ കേട്ടപ്രകാരം എഴുതിയിരിക്കുന്നു എന്ന് പറയുന്നു. അങ്ങനെ പ. റൂഹായുടെ സഹായത്താൽ ശ്ലീഹന്മാരുടെ ലേഖനങ്ങളിൽ കാണുന്നതായ അവരുടെ പ്രവൃത്തികളെയും വചനങ്ങളെയും ഉപദേശങ്ങളെയും താൻ എഴുതി. വി. ലൂക്കോസ് മുഖാന്തിരമോ അല്ലെങ്കിൽ മറ്റ് ശ്ലീഹന്മാർ മുഖാന്തിരമോ എഴുതപ്പെടാത്തവയാണെങ്കിലും അവരുടെ കാലത്ത് ജീവിച്ചിരുന്നവരും അവരിൽനിന്നു കൈക്കൊണ്ടിട്ടുള്ളവരും വിശ്വസ്തന്മാരുമായി അവരുടെ പിന്തുടർച്ചക്കാരും ശിഷ്യന്മാരുമായവരാൽ വിരചിതങ്ങളായ വി. ഗ്രന്ഥങ്ങൾ സഭാനിർമ്മാണത്തിനു പ്രയോജകീഭവിക്കുന്നവയും നിർവ്യാജങ്ങളായി സ്വീകരിക്കപ്പെടുകയും ചെയ്യേണ്ടത് ന്യായമാകുന്നു. പ്രത്യേകിച്ച് തങ്ങളുടെ വചനങ്ങളിലൂടെയും പ്രവർത്തികളിലൂടെയും കാണുകയും കേൾക്കുകയും ചെയ്തിട്ടുള്ളവയെ ആചരിപ്പാനും ഉപദേശങ്ങളെയും പാരമ്പര്യങ്ങളെയും നിഷേധിക്കുന്നവരിൽനിന്ന് അകന്നുകൊള്ളുവാനും (2 തെസ്സലോനി. 3: 6). ശ്ലീഹന്മാർതന്നെ സുവ്യക്തമായി അവരോടാജ്ഞാപിക്കയും അവയെ ബഹുമാനപൂർവ്വം അനുസരിക്കുന്നവരെ ശ്ലാഘിക്കയും ചെയ്തിരുന്നു (1 കോരിന്തി. 11:2).

വി. ശ്ലീഹന്മാർ തങ്ങളുടെ ലേഖനങ്ങളിൽ പ്രതിപാദിക്കുവാൻ ആഗ്രഹിക്കാതിരുന്നിട്ടുള്ള അനേകാര്യങ്ങൾ തങ്ങൾ നേരിട്ടു ചെന്ന് വചനം മുഖാന്തിരമോ പ്രവൃത്തി മുഖാന്തരമോ രൂപവൽക്കരിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്തു (1 കോരിന്തി. 11: 34, 2 യോഹ. 12: 3, യോഹ. 13: 14) അവർ ചെന്ന് ക്രമപ്പെടുത്തിക്കൊള്ളാമെന്ന് ഇവിടെ വാഗ്ദത്തം ചെയ്തിരിക്കുന്ന കാര്യങ്ങളെ തങ്ങളുടെ മറ്റു ലേഖനങ്ങളിൽ പ്രസ്താവിച്ചുകാണുന്നില്ലെങ്കിലും അവർ നിശ്ചയമായും അവയെ വ്യക്തിപരമായി നിറവേറ്റിയിരിക്കണം. യോഹന്നാൻശ്ലീഹായും തന്റെ ലേഖനങ്ങളിൽ ഇപ്രകാരംതന്നെ എഴുതിയിരിക്കുന്നു. മാത്രമല്ല അവർ തങ്ങളുടെ വ്യക്തിപരമായ പ്രവൃത്തിയാലും വചനത്താലും നിറവേറ്റാമെന്നു വാഗ്ദാനം ചെയ്യുന്നവയും തങ്ങളുടെ ലേഖനങ്ങളിൽ പറഞ്ഞിട്ടുള്ളവയുമായ വേറെ പല കാര്യങ്ങളും ഉണ്ട്. ഉദാഹരണം മാമോദീസാകളെയും കൈവയ്പിനെയും കുറിച്ചുള്ള ഉപദേശങ്ങൾ മുതലായവയാണ് (എബ്രായർ 6 :20). ചിലപ്പോൾ അവർ കല്പിച്ചിരിക്കുന്നവയെ നിറവേറ്റുവാൻ അവരുടെ ശിഷ്യന്മാരെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ട് (തീത്തോസ് 1: 5).

സംശയമെന്യേ താഴെപ്പറയുന്ന കാര്യങ്ങൾ യഥാർത്ഥങ്ങളാണ്. ശ്ലീഹന്മാർ പരിശുദ്ധാത്മ നൽവരത്താൽ എഴുതിയതുപോലെ അതേ ആത്മാവിനാൽതന്നെ പറയുകയും പ്രസംഗിക്കയും ചെയ്തിരുന്നു. രണ്ടാമതായി അവർ അവരുടെ വചനങ്ങളുടെയും പ്രവൃത്തികളുടെയും വിലയും അവ മൂലം മറ്റുള്ളവരിലുള്ള പ്രയോജനത്തെയും ഗ്രഹിച്ചിരുന്നു. മൂന്നാമതായി പീഡകൾ നിമിത്തവും അവ ചിതറപ്പെട്ടുപോയതു നിമിത്തവും സുവിശേഷപ്രചരണാർത്ഥം അശ്രാന്തപരിശ്രമം

ചെയ്യേണ്ടത് അക്കാലത്തിന് അനുപേക്ഷണീയമായിരുന്നതു നിമിത്തവും നിശ്ചിതങ്ങളായ നിയമങ്ങളും ക്രമീകരണങ്ങളും ഗ്രന്ഥങ്ങളാക്കി വി. സഭയ്ക്കു പ്രദാനം ചെയ്യുന്നതിനുള്ള സൗകര്യം ശിഷ്യന്മാർക്കു സിദ്ധിച്ചിരുന്നില്ല. നാലാമതായി, അവർ എഴുതിയ ലേഖനങ്ങളെ അവരുടെ വാചാ ഉള്ള ഉപദേശങ്ങളിൽ നിന്നും പ്രസംഗങ്ങളിൽനിന്നും വ്യത്യസ്ഥമായി ഗണിച്ചിരുന്നില്ല. മാത്രമല്ല, അവരുടെ സ്ഥാനത്തിന്റെ സ്വഭാവവും പരിതഃസ്ഥിതികളും അവർ പറയുന്നവയെ എഴുതിയവയെപ്പോലെതന്നെ കണക്കാക്കുവാൻ നിർബ്ബന്ധിക്കുന്നു. അങ്ങനെ അവരുടെ എഴുതപ്പെടാത്തവയായ വാക്കുകൾക്കും ഉപദേശങ്ങൾക്കും ഉന്നത സ്ഥാനം ഇല്ലെങ്കിൽ അവരുടെ പ്രയത്നങ്ങൾ വ്യർത്ഥങ്ങളായിപ്പോകുന്നു. അങ്ങനെ അവരുടെ വചനങ്ങളെ മാത്രം വിശ്വസിച്ചവരുടെ വിശ്വാസം പാഴായിപ്പോയി. അഞ്ചാമതായി, അവരുടെ ലേഖനങ്ങളിൽ ചിലത് ചിലരുടെ ചോദ്യങ്ങൾക്കു മറുപടിയായി എഴുതപ്പെട്ടിട്ടുള്ളവയും (1 കോരി. 7:1) മറ്റ് ചിലത് തങ്ങളുടെ കാലത്ത് വിശ്വാസത്തിൽനിന്ന് അധഃപതിച്ചവർക്കും നാമമാത്ര ക്രിസ്ത്യാനികളും ബലാമിനെപ്പോലെ പാഷണ്ഡോപദേശകർത്താക്കളുമായ വ്യാജോപദേഷ്ടാക്കന്മാർക്കും എതിരായി വിവാദവിഷയമായി എഴുതപ്പെട്ടിട്ടുള്ളവയുമാണ്. (റോമർ 15: 15, 16: 17; ഗലാത്തി: 1: 7-9, 1 തീമോത്തി. 4: 1-4). ഏവൻഗേലിയോൻ പരിശോധിച്ചാൽ അവ ചിലരുടെ ആവശ്യപ്രകാരം എഴുതപ്പെട്ടവയാണെന്നു കാണാം. മത്തായി യഹൂദ്യ വിട്ടു പോകുവാനാരംഭിച്ചപ്പോൾ ചില വിശ്വാസികളായ യഹൂദ്യർ തന്നോടു യാചിച്ചതിനാലും മർക്കോസ് റോമാക്കാരുടെ ആവശ്യപ്രകാരവും, ലൂക്കോസ് അലക്സന്ത്രിയാക്കാരനായ തെയോഫിലോസിന്റെ ക്രിസ്തുവിലുള്ള വിശ്വാസത്തെ സ്ഥിരപ്പെടുത്തുവാൻ വേണ്ടിയും,യോഹന്നാൻ മ്ശിഹായുടെ ദൈവത്വത്തെ നിരസിച്ചവരുടെ വിശ്വാസവിപരീതത്തിനെതിരായിട്ടുമാണ് ഏവൻഗേലിയോൻ എഴുതിയത്. പക്ഷേ, ഇപ്രകാരമുള്ള അത്യാവശ്യമുണ്ടായിരുന്നില്ലെങ്കിൽ ശ്ലീഹന്മാർ ക്രമപ്പെടുത്തി തങ്ങളുടെ ശിഷ്യന്മാർക്കു ഭരമേല്പിക്കുകയും അവർ അവയെ ആചരിക്കുകയും അവയെ എഴുതി ഉണ്ടാക്കി സഭയെ ഭരമേല്പിക്കുകയും ചെയ്തതായ വാചോപദേശങ്ങളുടെയും പ്രസംഗങ്ങളുടെയും ക്രമങ്ങളുടെയും പ്രകാശത്തിൽ മാത്രമേ വിശ്വാസികൾ ജീവിപ്പാൻ സാധിക്കുമായിരുന്നുള്ളു. അവർ പറയുകയും പഠിപ്പിക്കുകയും ചെയ്തിട്ടുള്ളതു കൂടാതെ എഴുതപ്പെട്ടിട്ടുള്ളതുമാത്രം സഭയുടെ വിശ്വാസത്തിന്റെ നിയമമായിരിക്കണമെന്നായിരുന്നു ശ്ലീഹന്മാരുടെ ഉദ്ദേശമെങ്കിൽ ആ നിയമം അപൂർണ്ണമായിരിക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ അവയിൽ ചിലത് നഷ്ടപ്പെട്ടുപോയിട്ടുണ്ട് (കൊലോസ്യർ 4: 1).

ഏവൻഗേലിയോനിൽ പ്രക്സീസി*നെപ്പറ്റിയോ ലേഖനങ്ങളെപ്പറ്റിയോ ഒന്നും പറഞ്ഞിട്ടില്ല. അതുപോലെതന്നെ ലേഖനങ്ങളിലും

*അപ്പോ. പ്രവൃ.

പ്രക്സീസിലും സുവിശേഷങ്ങളെപ്പറ്റിയും ഒന്നും പറഞ്ഞിട്ടില്ല. അപ്രകാരംതന്നെ ഒരു സുവിശേഷത്തിലും മറ്റ് സുവിശേഷങ്ങളെപ്പറ്റി സൂചിപ്പിക്കുന്നില്ല. ഏവൻഗേലിയോനിൽ എഴുതപ്പെടാത്തതായി (പ്രക്സീസ് 15: 27-29: 20:35. 1 കോരിന്തി. 7: 5, 11: 4-5, 1 തെസ്സലോ 4: 2, 2 തെസ്സലോനി 3: 14-15, 1 തീമോത്തി. 3: 1 മുതൽ 5-17, 2 തീമോത്തി. 3: 8, യൂദാ 9-ം 14-ം) പ്രക്സീസിലും ലേഖനങ്ങളിലും എഴുതപ്പെട്ടിരിക്കുന്നവ വ്യർത്ഥങ്ങളാണെങ്കിൽ പ്രക്സീസും ലേഖനങ്ങളും വ്യർത്ഥങ്ങളാണ്. പ്രക്സീസിലും ലേഖനങ്ങളിലും എഴുതപ്പെടാത്തവ വ്യർത്ഥങ്ങളാണെങ്കിൽ ഏവൻഗേലിയോനുകളും വ്യർത്ഥങ്ങളത്രേ. അങ്ങനെ, പുതിയനിയമം മുഴുവൻ വ്യർത്ഥങ്ങളെന്നു വരുമായിരുന്നു. ആകയാൽ ശ്ലീഹന്മാർ എഴുതിയതുപോലെതന്നെ പറയുകയും പഠിപ്പിക്കുകയും ചെയ്തവ കർത്താവിന്റെ കല്പനകളാകുന്നു. ( 1 കോരിന്തി. 11: 21, 2 തെസ്സലോനി. 2: 15) തന്റെ പിതാവ് മോശയ്ക്ക് പത്ത് കല്പനകൾ എഴുതിക്കൊടുത്തതുപോലെ മ്ശിഹാ തന്റെ ശിഷ്യന്മാർക്ക് നടപടികളെപ്പറ്റിയോ ഉപദേശങ്ങളെപ്പറ്റിയോ എഴുതിക്കൊടുത്തില്ല എന്നുള്ളത് അറിയപ്പെട്ട കാര്യമാണ്. എന്നാൽ താൻ അവരെ വാക്കാലും പ്രസംഗത്താലും ഉപദേശം പഠിപ്പിച്ചതേയുള്ളു (മത്തായി 4: 7, മർക്കോസ് 1: 14-29, ലൂക്കോസ് 9: 2, 10: 3) യഹോവ മോശയോട് ന്യായപ്രമാണങ്ങളെ എഴുതി ലേവ്യർക്കു കൊടുത്തു ജനങ്ങളെ പഠിപ്പിക്കുവാൻ പറഞ്ഞതുപോലെ മ്ശിഹാ തന്റെ ശിഷ്യന്മാരെ ലോകത്തിലേക്കയച്ചപ്പോൾ അവർ തന്നിൽനിന്നു പഠിച്ചവയെ എഴുതിവയ്ക്കുവാനോ ജനങ്ങൾക്കു എഴുതിക്കൊടുക്കുവാനോ പറഞ്ഞില്ല. എന്നാലോ തന്റെ പിന്നണികളിൽ കൂടി നടക്കുവാനും തന്നെപ്പോലെ പ്രസംഗിക്കുവാനും ഉപദേശിപ്പാനും അത്രേ ആജ്ഞാപിച്ചത്. (മത്തായി 10: 3, 28: 19, 28, മർക്കോസ് 3: 4, 16:15) അവർ അങ്ങനെതന്നെ നടന്നു (മർക്കോസ് 16: 12-13, പ്രക്സീസ് 5: 42, 8:4, 1:19-20, 14: 21-22, 1 കോരിന്തി 1: 23, 11, 23, 15: 1-3, ഗലാത്തി 1: 11) ശ്ലീഹന്മാർ ജാതികളായ വിശ്വാസികൾക്ക് അയച്ച കല്പനയിൽനിന്നും അവർക്ക് എഴുത്തിനെക്കാൾ കൂടുതൽ വാക്കാൽ ഭരമേല്പിക്കുന്നതു സന്തോഷമായിരുന്നു എന്നു സ്പഷ്ടമാണ്. അവർ പറയുന്നത്. "ഞങ്ങൾ യഹൂദയെയും ശീലാസിനെയും അയയ്ക്കുന്നു. അവർ ഈ കാര്യങ്ങൾ നിങ്ങളോടു വാക്കാൽ അറിയിച്ചുകൊള്ളും" എന്നാണ് (പ്രക്സീസ് 15:27). ഇപ്രകാരംതന്നെ മറ്റു ലേഖനങ്ങളിൽ നിന്നും സ്പഷ്ടമാകുന്നു. 1 കോരിന്തി. 11: 34, 2 യോഹന്നാൻ 1: 10, 3 യോഹന്നാൻ 13: 14 മാത്രമല്ല അവർ സഭകളെ ഭരിക്കുന്നതിന് നിയമിച്ച ശിഷ്യന്മാരെ വിശ്വാസികളെ പഠിപ്പിക്കുന്നതിനും അധികാരപ്പെടുത്തി ( 1 കോരിന്തി 4: 18, ഫിലിപ്പിയർ 2: 19, 1 തെസ്സലോനി. 3:2, 2 തീമോത്തി. 2: 2 തീത്തോസ്. 1: 5-7) അങ്ങനെ അവർ സഭകളിലെല്ലാം പഠിപ്പിച്ചുപോന്നു. (പ്രക്സീസ് 19: 22, 1 കൊരിന്ത്യർ 4: 17). മ്ശിഹായുടെ ഉപദേശങ്ങളിൽ ചിലതെല്ലാം എഴുതേണ്ടത് അത്യാവശ്യമായി

കണ്ടപ്പോൾ സുവിശേഷങ്ങൾ എഴുതപ്പെട്ടുവെങ്കിലും യേശുവിൽനിന്നു കേൾക്കുകയും പഠിക്കുകയും ചെയ്തിട്ടുള്ളവയെല്ലാം അവയിൽ പ്രസ്താവിച്ചിട്ടില്ല. ഏവൻഗേലീസ്ഥന്മാർ തന്നെ ഈ സംഗതിയെ സാക്ഷിക്കുന്നു. ഉദാഹരണമായി (യോഹന്നാൻ 21: 25, മത്തായി 4: 23, 9: 35, മർക്കോസ് 1: 21, 6:2, ലൂക്കോസ് 4: 15, 44, 13: 22, 19: 47, പ്രക്സീസ് 1:3) ഇവിടെ എഴുതപ്പെടാത്ത ഉപദേശങ്ങളെന്നു പറഞ്ഞവയെ അവർ തീർച്ചയായും വാക്കാൽ പഠിപ്പിച്ചിരിക്കണം. ആ സംഗതികൾ അവരിൽനിന്നു സംശയമെന്യേ കൈക്കൊള്ളുകയും ബോദ്ധ്യപ്പെടുകയും ചെയ്ത അവരുടെ പിൻഗാമികൾ അവരോടുകൂടെ ഇരുന്ന് അവരെ പ്രവൃത്തിയിലും വചനത്തിലും വഴി നടത്തിയ പ. റൂഹായുടെ പ്രേരണയാൽ സഭയുടെ അഭ്യുന്നതിക്കായി അവരുടെ പിൻഗാമികളെ ഭരമേല്പിക്കയത്രേ ചെയ്തത്.

ഈ ഉപദേശങ്ങൾ പാരമ്പര്യം എന്ന് വിളിക്കപ്പെടുന്നു. ഏവൻഗേലിയോനും പ്രക്സീസും ലേഖനങ്ങളും ഇല്ലാതിരുന്ന കാലത്ത് സഭ ഇവയാൽ നടത്തപ്പെട്ടു. എന്തുകൊണ്ടെന്നാൽ അവ വിവിധ സ്ഥലങ്ങളിൽ വിവിധ കാലങ്ങളിൽ എഴുതപ്പെട്ടു. പുതിയനിയമത്തിലെ ആദ്യത്തെ പുസ്തകമായ മത്തായിയുടെ സുവിശേഷം എ.ഡി. 39-43 എഴുതപ്പെട്ടു. അതിലെ അവസാനത്തെ പുസ്തകമായ യോഹന്നാന്റെ വെളിപാട് 96-ൽ എഴുതപ്പെട്ടു. അങ്ങനെ സ്വർഗ്ഗാരോഹണത്തിനു മുമ്പും അതിനുശേഷവും വളരെ കൊല്ലം മിക്കവാറും ഒന്നാം നൂറ്റാണ്ടു മുഴുവൻ പാരമ്പര്യം മാത്രമേ സഭയിൽ ഉണ്ടായിരുന്നുള്ളു.

മോശൈക ന്യായപ്രമാണത്തിനു മുമ്പുള്ള പിതാക്കന്മാരുടെ സഭ രണ്ടായിരം കൊല്ലക്കാലവും കൂടുതലും പാരമ്പര്യത്താൽ നടത്തപ്പെട്ടുപോന്നു. ഹാബേലിനെയും നോഹിനെയും അബ്രഹാമിനെയും മറ്റു പിതാക്കന്മാരെയും ബലിപീഠം പണിയുവാനും ബലി അർപ്പിക്കുവാനും പാരമ്പര്യമല്ലാതെ മറ്റാരാണ് പഠിപ്പിച്ചത്? ശാബത്ത് ആചരിക്കുവാൻ അവരെ പഠിപ്പിച്ചത് ആര്? മൂശ അതിനെ കാക്കുകയും ആ ദിവസത്തെ പാലിപ്പാൻ ഇസ്രായേൽ ജനത്തോട് ആജ്ഞാപിക്കയും ചെയ്തു. മാത്രമല്ല, ശാബത് വിശുദ്ധമാകയാൽ ആ ദിവസം മന്നാപോലും ശേഖരിപ്പാൻ പാടില്ല എന്നിങ്ങനെ ജനത്തെ ഉപദേശിക്കയും ചെയ്തു (പുറപ്പാട് 16: 33). ഇത് സംശയംകൂടാതെ പാരമ്പര്യത്താൽ ചെയ്തതാണ്. എന്തുകൊണ്ടെന്നാൽ മൂശയുടെ ഈ കല്പന യഹോവയുടെ പ്രമാണം ലഭിക്കുന്നതിനു രണ്ട്മാസം മുമ്പായിരുന്നു (പുറപ്പാട് 16 നോക്കുക). മാത്രമല്ല ഇസ്രായേൽ മക്കൾ പാരമ്പര്യത്തെ നോക്കിയിരുന്നു എന്നുള്ളതിന് ഇവ കൂടാതെ വേദപുസ്തകത്തിൽ വേറെ അനേക തെളിവുകളുണ്ട്.

വേദപുസ്തകത്തിന്റെ സത്യം വ്യത്യാസപ്പെട്ടിട്ടില്ലെന്ന് പാരമ്പര്യത്താലല്ലാതെ എങ്ങനെ അറിയാം?

രണ്ടാമതായി കാനോനികപുസ്തകങ്ങളും അഫോക്രീഫാ പുസ്തകങ്ങളും തമ്മിൽ വേർതിരിച്ചറിവാൻ എങ്ങനെ സാധിക്കും?

മൂന്നാമതായി പുതിയനിയമത്തിന്റെ കർത്താക്കൾ ആരെന്ന് എങ്ങനെ മനസ്സിലാക്കാം? എന്തെന്നാൽ മത്തായി, മർക്കോസ്, ലൂക്കോസ് എന്നിവരുടെ ഏവൻഗേല്യോനിലും എബ്രായർ, യോഹന്നാന്റെ ഒന്നാം ലേഖനം എന്നീ പുസ്തകങ്ങളിലും അതിന്റെ കർത്താക്കളുടെ പേരുകൾ കാണുന്നില്ലല്ലോ?

നാലാമതായി വെളിപാടിൽ പറഞ്ഞിരിക്കുന്ന 'കർത്തൃദിവസം' ഞായറാഴ്ചയാണെന്ന് എങ്ങനെ മനസ്സിലാക്കാം. മേൽപറഞ്ഞവ പാരമ്പര്യത്തിന്റെ വിലയെയും ശ്രേഷ്ഠതയെയും പ്രസ്പഷ്ടമാക്കുന്നു.

റോമിലെ ക്ലീമീസ് 97-ൽ കോരിന്ത്യാക്കാർക്കെഴുതിയ ലേഖനം, മോർ ഇഗ്നാത്യോസ് നൂറോനോ 107-ൽ സഭകൾക്കെഴുതിയ ഏഴ് ലേഖനങ്ങൾ എന്നിവ ശ്ലൈഹിക പാരമ്പര്യത്തിനും സഭാ പിതാക്കന്മാരുടെ പൂർവ്വിക ക്രമീകരണത്തിനും ഒരു ദൃഷ്ടാന്തമാണ്. വി. വേദപുസ്തകം കഴിഞ്ഞാൽ ഈ എഴുത്തുകൾക്ക് രണ്ടാംസ്ഥാനം നൽകപ്പെടുന്നുണ്ട്. വി. ബർന്നബായുടെ നാമത്തിൽ അറിയപ്പെടുന്ന ലേഖനവും ക്രൈസ്തവസഭ അംഗീകരിക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങളിൽ ഒന്നാകുന്നു. അത് ഹൃദ്യവും പ്രാരംഭസഭയുടെ വേദശാസ്ത്രാഭിപ്രായപ്രയോഗത്തെ നമ്മെ കാണിക്കുന്നതുമാകുന്നു. അത് രണ്ടു വിഭാഗങ്ങളാണ്.[1]

'ഇടയൻ' എന്നു പറയപ്പെടുന്ന പുസ്തകവും ഒന്നാം നൂറ്റാണ്ടിലെ സഭയിൽ സുപ്രസിദ്ധി ആർജ്ജിച്ചിരുന്നു. അതിന്റെ കർത്താവ് 'ഹർമ്മാ' എന്ന പേരുള്ള ദേഹമാകുന്നു.[2] ഇതിനെ മൂന്ന് ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. ചില ബലഹീന ഉപമകളും മറ്റുമുണ്ടെങ്കിലും ഇത് പുരാ

1 വി. പൗലൂസിന്റെ സഖാവായ ബർന്നബായാണ് ഈ ലേഖനകർത്താവെന്ന് പുരാതന എഴുത്തുകാർ അഭിപ്രായപ്പെടുന്നു. മിക്കവാറും അലക്സന്ത്ര്യായിലെ ജാതികളിൽനിന്നുള്ള വിശ്വാസികളിൽ ചിലർ രണ്ടാം നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ വി. ബർന്നബായുടെ നാമത്തിൽ ഈ ലേഖനം എഴുതിയെന്ന് ആധുനികചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നുണ്ട്. മോശയുടെ ക്രമീകരണമാകുന്ന ന്യായപ്രമാണം അനുഷ്ഠിക്കുന്നതിന് ആഗ്രഹിച്ചിരുന്ന യഹൂദക്രിസ്ത്യാനികൾക്കെതിരായി ഇത് എഴുതപ്പെട്ടു. ഇതിൽ പ്രതിപാദിക്കുന്ന സംഗതികൾ താഴെ ചേർക്കുന്നു. പ്രസ്തുത ന്യായപ്രമാണം അനുഷ്ഠിച്ചിരുന്ന യഹൂദന്മാർ പൂർണ്ണമായി തെറ്റിപ്പോയി. യഹൂദന്മാർ അവയെ ആത്മികമായി ഗ്രഹിക്കണമെന്നല്ലാതെ ന്യായപ്രമാണത്തിന്റെ കല്പനകളെയും ക്രമീകരണങ്ങളെയും ബാഹ്യാർത്ഥത്തിൽ അവർ സ്വീകരിക്കണമെന്നുള്ള ചിന്തയോ ഉദ്ദേശമോ മോശയ്ക്കില്ലായിരുന്നു എന്നു സ്പഷ്ടമാകുന്നു. ഇപ്രകാരമുള്ള ബാഹ്യമായ ആചരണത്താൽ യഹൂദന്മാർ ദൈവത്തിന്റെ ഉടമ്പടിയുടെ സകല അവകാശങ്ങളിൽനിന്നും വീണുപോയി. ഈ ഉടമ്പടി ആത്മികമായി ന്യായപ്രമാണത്തെ സ്വീകരിക്കുന്ന ക്രിസ്ത്യാനികൾക്കുള്ളതാകുന്നു. ഈ ലേഖനത്തിന്റെ എഴുത്തുകാരൻ പ്രത്യേകിച്ചു ബലികൾ, ചേലാകർമ്മം, ശാബതാചരണം ഇവയ്ക്കെതിരായി വാദിക്കുകയും ഇവകൾ മായിക്കപ്പെടേണ്ടതുതന്നെ എന്ന് സ്ഥാപിക്കുകയുംചെയ്യുന്നു.

2 ഈ ഹർമ്മാ, പൗലൂസ് ശ്ലീഹാ റോമാക്കാർക്കുള്ള ലേഖനത്തിൽ പറഞ്ഞിരിക്കുന്ന ആളാണെന്ന് ജ്ഞാനിയായ ഓറിജാനീസ് അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ആധുനിക എഴുത്തുകാർ ഈ ഹർമ്മാ റോമയിലെ എപ്പിസ്ക്കോപ്പായായിരുന്ന പീയുസി (140-155) ന്റെ സഹോദരൻ ആയിരുന്നുവെന്നു ഉഹിക്കുന്നു. ഇദ്ദേഹം ഈ പുസ്തകം മിക്കവാറും ഇറ്റലിയിൽവച്ച് അഡ്രിറി

തനക്രൈസ്തവ ഗ്രന്ഥങ്ങളിൽ ഏറ്റവും ഹൃദ്യമായ ഒന്നാണ്. ആരംഭ കാലം മുതൽ തന്നെ പൗരസ്ത്യദേശങ്ങളിൽ ഇതറിയപ്പെടുകയും വെളിപാടിനാൽ എഴുതപ്പെട്ടു എന്നവണ്ണം ഏറ്റവും സ്വീകരിക്കപ്പെടുകയും ചെയ്തിരുന്നു.

രണ്ടാം ശതകത്തിന്റെ ആരംഭത്തിൽ "പന്ത്രണ്ട് ശ്ലീഹന്മാരുടെ ഉപദേശം" എന്നപേരിൽ ഒരു പുസ്തകം രചിക്കപ്പെട്ടു. ഈ പുസ്തകത്തെപ്പറ്റി യൗസേബിയോസ് തന്റെ സഭാചരിത്രത്തിൽ അനുസ്മരിച്ചിട്ടുണ്ട്. ചെറുപുസ്തകത്തിൽ സംക്ഷിപ്തമായ 12 അദ്ധ്യായങ്ങൾ അടങ്ങിയിട്ടുണ്ട്. ക്രിസ്ത്യാനികളുടെ ജീവിതത്തെ സംബന്ധിച്ച് ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ പുസ്തകത്തിന്റെ കാലത്തിനു മുമ്പുള്ള പാരമ്പര്യത്തിന്റെ പ്രതിദ്ധ്വനി ഇതിലുണ്ട്. ക്രിസ്ത്യാനികളായ ശേഷവും മോശൈകന്യായപ്രമാണത്തെ ആചരിച്ചുവന്ന യഹൂദക്രിസ്ത്യാനികളിൽ ഒരുവനാണ് പുസ്തകമെഴുതിയത്. മൂന്നാം ശതാബ്ദാരംഭത്തിൽ 'സ്കൂലിയാ'[3] എന്ന പുസ്തകം എഴുതിയിട്ടുണ്ട്. ഇതിൽ വേദപുസ്തകത്തിൽ എഴുതപ്പെട്ടിട്ടില്ലാത്ത ശ്ലീഹന്മാരുടെ കാനോനുകൾ, നിയമങ്ങൾ, കല്പനകൾ ഇവ അടങ്ങിയിട്ടുണ്ട്. ഇതിനെ ആധാരമാക്കിയത്രേ ആദ്യനൂറ്റാണ്ടുകളിൽ സഭ ഭരിക്കപ്പെട്ടിരുന്നത്.

ശ്ലൈഹികപാരമ്പര്യങ്ങളെ ശേഖരിക്കുന്നതിന് തുടങ്ങിയ ഒന്നാമത്തെ ആൾ മോർ യൂഹാനോൻ ശ്ലീഹായുടെ ശിഷ്യനും ഹീറാപ്പോലീസിലെ എപ്പിസ്കോപ്പായുമായ വി. പാഫിയാ ആണ് എന്നു നേരത്തേ കണ്ടല്ലോ. "നമ്മുടെ കർത്താവിന്റെ ഉപദേശങ്ങളും സിദ്ധാന്തങ്ങളും" എന്ന പേരിൽ അറിയപ്പെടുന്ന തന്റെ ഒരു പുസ്തകത്തിന്റെ മുഖവുരയിൽ "തങ്ങളുടെ ഹൃദയങ്ങൾ ശ്ലീഹന്മാരുടെ ഉപദേശങ്ങളുടെയും വചനങ്ങളുടെയും ഭണ്ഡാരമായിട്ടുണ്ടായിരുന്ന അനേകം കശീശന്മാരുടെയും മൂപ്പന്മാരുടെയും വാക്കുകളിൽനിന്നാണ് താൻ ഈ സംഗതികൾ ഗ്രഹിച്ചിട്ടുള്ളതെന്ന് പറയുന്നു.

---

യാനോസ് രാജാവിന്റെ (117-138) അന്ത്യകാലത്തോ അന്തുനീസോസ് പീയൂസിന്റെ (138-161) ആരംഭകാലത്തോ എഴുതി. ഇതിന്റെ കർത്താവിന്റെ ഉദ്ദേശം പാപികളെ അനുതാപത്തിലേക്കു തിരിപ്പിക്കണമെന്നത്രെ. അനുതാപത്തിന്റെ അത്യാവശ്യകത അതിന്റെ ഫലം, അതിന്റെ വ്യവസ്ഥകൾ ഇവയെക്കുറിച്ച് അതിൽ പ്രതിപാദിക്കുന്നു. ആകർഷകമായ വിധം ക്രൈസ്തവസത്യത്തെ ഇത് വ്യക്തമാക്കുകയും ചെയ്യുന്നു. അതിന്റെ രീതി ശ്രേഷ്ഠവും ബഹുമാന്യവും സ്നേഹത്തിൽ ഏവൻഗേലിയോന്യആത്മാവിനെ എല്ലാവരിലും പ്രവഹിപ്പിക്കുന്നവയുമാകുന്നു. ഇതിൽ 'ഹർമ്മാ' എന്ന നാമം പല പ്രാവശ്യം ആവർത്തിക്കപ്പെട്ടിട്ടുണ്ട്. 'മ്ശിഹാ' എന്ന പദം അതിൽ കാണുന്നതേയില്ല. 'ദൈവപുത്രൻ' എന്ന പദവും അതിൽ കുറവായി മാത്രമേ കാണപ്പെടുന്നുള്ളു.

3 മൂന്നാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ ഗ്രീക്കുഭാഷയിൽ ആദ്യമായി ഈ പുസ്തകമെഴുതി. മൂലഗ്രന്ഥം നഷ്ടപ്പെടുപോയി. എന്നാൽ സുറിയാനിയിലേക്ക് വിവർത്തനം ചെയ്ത ഒരു പ്രതി മൂന്നാം നൂറ്റാണ്ടിൽ - മൂലഗ്രന്ഥം ചമച്ചതിന്റെ കാലത്തേക്ക് അടുത്തുതന്നെ എഴുതിയത് - രചിച്ചത് ഈ പുസ്തകത്തിൽ നിന്നാണ് ഇംഗ്ലീഷ് മുതലായ ഭാഷകളിലേക്ക് തർജ്ജമചെയ്തിട്ടുള്ളത്. ഇത് ചെറിയ ഒരു ഗ്രന്ഥമാണ്. സഭാ ക്രമീകരണങ്ങൾ, പദവികൾ, വേണ്ടതായ നിയമങ്ങൾ അടങ്ങിയിട്ടുണ്ട്.

# മൂന്നാം ശതാബ്ദം

## അദ്ധ്യായം 1

# കൈസറിയായിലെ സുന്നഹദോസും വിശുദ്ധ നർക്കീസോസും

പെസഹാ പെരുനാളിന്റെ ആചരണത്തെക്കുറിച്ച് നിശ്ചയിപ്പാൻ കൂട പ്പെട്ടിട്ടുള്ള സുന്നഹദോസുകളിൽ ഒന്ന്, 198-ൽ പലസ്തീനിലെ കൈ സറിയായിലെ തെയോഫീലോസിന്റേയും യറുശലേമിലെ വി. നർക്കീ സോസിന്റെയും നേതൃത്വത്തിൽ കൈസറിയായിൽവച്ച് നടന്നു. സൂറിലെ കാസിയോസ്, അക്ക (പോതോലോമായീസ്)യിലെ ക്ലാറോസ് എന്നീ രണ്ട് എപ്പിസ്കോപ്പന്മാരുടെ പേരുകളല്ലാതെ, ഈ സുന്നഹദോ സിൽ ഒരുമിച്ചു കൂടിയിരുന്ന ഇതര എപ്പിസ്കോപ്പന്മാരുടെ പേരുകളെ സംബന്ധിച്ചു യാതൊന്നും അറിയപ്പെടുന്നില്ല. “ലോകം ഏതുവിധം സൃഷ്ടിതമായി?” എന്നതിനെക്കുറിച്ച് ആദ്യമായി സുന്നഹദോസ് പര്യാ ലോചിച്ചു. കർത്താവിന്റെ ദിവസമായ ഞായറാഴ്ചയാണ് സൃഷ്ടി ആരം ഭിച്ച ആദ്യ ദിവസമെന്നും ശനിയാഴ്ച ആഴ്ചയുടെ അവസാന ദിവസമാ ണ് എന്നും വി. വേദപുസ്തകത്തിൽ സൃഷ്ടിപ്പിനെക്കുറിച്ച് നല്കിയി രിക്കുന്ന കാലനിർണ്ണയപ്രകാരംതന്നെ വിശദമാക്കി (ഉല്പത്തി 1). അനന്തരം ആണ്ടിന്റെ നാല് കാലങ്ങളെക്കുറിച്ചും, അവയിൽ ആദ്യ ത്തേത് ശരൽക്കാലം (Spring) എന്നും (ഉല്പത്തി 1:11, 12) വെളിവാക്കി. പിന്നീടു ലോകസൃഷ്ടിപ്പിന്റെ തിയതിയും മാസവും ക്രമപ്പെടുത്തിക്കാ ണിച്ചു. അതായത് മീനമാസം 25-ാംതീയതിക്ക് “സൂര്യൻ ആകാശ മദ്ധ്യസ്ഥിതനായിരിക്കുമെന്നുതന്നെ (ഉല്പത്തി 1:3-5). അനന്തരം ചന്ദ്രൻ പൂർണ്ണനായിട്ട് സൃഷ്ടിക്കപ്പെട്ടു. (ഉല്പത്തി 1:14-16). ഇങ്ങനെ ലോകസൃഷ്ടിയെക്കുറിച്ച് പ്രസ്താവിച്ചതിനുശേഷം പെസഹാപെരു നാൾ (കൃംതാ) എപ്പോൾ ആചരിക്കണം എന്നുള്ളതിനെക്കുറിച്ച് വിവ രിപ്പാൻ തുടങ്ങി. കർത്താവിന്റെ ദിനമായ ഞായറാഴ്ച കൃംതാപെരു നാൾ ആഘോഷിക്കണമെന്ന് അഭിപ്രായപ്പെട്ടു. എന്തെന്നാൽ ഈ ദിവസം അനേക അനുഗ്രഹങ്ങളാൽ സങ്കീർണ്ണമായും ശുദ്ധീകരിക്കപ്പെ ട്ടതായും തീർന്നിരിക്കുന്നു. അവയിൽ ഒന്ന് ആ ദിവസം അന്ധകാരമാ കപ്പെടുകയും പ്രകാശം ഉദിക്കുകയുംചെയ്തു എന്നുള്ളതാണ്. രണ്ടാ

മതായി പാപാന്ധകാരത്തിൽനിന്നെന്നപോലെ മെസ്രേൻ പ്രദേശത്തു നിന്നും മാമോദീസായുടെ ഉറവയിലൂടെ വിധം ചെങ്കടലിൽകൂടി ഇസ്രാ യേൽ ജനത സ്വതന്ത്രരായി കടന്നുപോയത് ഈ ദിവസം ആയിരുന്നു. മൂന്നാമതായി സ്വർഗ്ഗത്തിൽനിന്നുമുള്ള ഭക്ഷണമായ 'മന്നാ' ജനത്തിനു നല്കപ്പെട്ടതും ഈ ദിനത്തിൽതന്നെ ആയിരുന്നു. നാലാമതായി, "ഈ ദിവസത്തെ നിങ്ങൾ ബഹുമാനിച്ചുകൊൾവിൻ" എന്ന് മൂശ ജനങ്ങ ളോട് കല്പിച്ചതും ഈ ദിവസത്തെപ്പറ്റിതന്നെയായിരുന്നു. അഞ്ചാ മതായി, "തേനീച്ചപോലെ അവർ എന്നെ വളഞ്ഞു; മുൾതീപോലെ അവർ കെട്ടുപോയി" (മസ്മൂർ* 118-12) എന്ന് ദാവീദ് പ്രസ്താവിച്ചത്, നമ്മുടെ കർത്താവിന്റെ ഉയിർപ്പിനെക്കുറിച്ചായിരുന്നു. എന്തുകൊണ്ടെ ന്നാൽ അദ്ദേഹം തുടർന്ന് ഇങ്ങനെ വെളിപ്പെടുത്തിയിരിക്കുന്നു. "ഇത് യഹോവാ ഉണ്ടാക്കിയ ദിവസം, ഇന്ന് നാം സന്തോഷിച്ചു ആനന്ദിക്ക" (മസ്മൂർ 118:24). ആറാമതായി അന്നേദിവസമാണ് കർത്താവ് ഉയിർ ത്തത്; തൻനിമിത്തം തന്റെ ഉയിർപ്പിൻദിനം തന്നെ ആയിരിക്കണം ഉയിർ പ്പുപെരുനാൾ ആചരിക്കപ്പെടേണ്ടത്. ഈ സംഗതികളെല്ലാം തീരു മാനിച്ച് മറ്റു സഭകൾക്കെഴുതി അറിയിച്ചുകൊണ്ട് ഈ സുന്നഹദോസ് പിരിഞ്ഞു. അലക്സന്ത്രിയാക്കാരും പെസഹാ (ക്യംതാ) ആചരിച്ചു വന്നത് ഈ ദിവസംതന്നെ ആയിരുന്നു.

മേൽപറഞ്ഞ വി. നർക്കീസോസാകട്ടെ ശ്രേഷ്ഠമായ സ്ഥാനം സഭ യിൽ സമ്പാദിച്ചിരുന്നു. ഇദ്ദേഹം ഹെദ്രിയാനോസ് രാജാവിന്റെ കാല ത്തുണ്ടായ ഊർശ്ലേമിന്റെ രണ്ടാം നാശത്തിന്റെ ശേഷമുള്ള പുറജാതി ക്രിസ്ത്യാനിയായി 15-ാമത്തെ എപ്പിസ്കൂപ്പായായിരുന്നു.

കർത്താവിന്റെ സഹോദരനായ മോർ യാക്കൂബിന്റെ കാലം മുതൽ കണക്കാക്കുന്നപക്ഷം ഇദ്ദേഹം മുപ്പതാമത്തെ എപ്പിസ്കോപ്പായാ കുന്നു. ഇദ്ദേഹം ഒന്നാം ശതകത്തിന്റെ അവസാനത്തിൽ ജാതനായി. 185-ൽ ഊർശ്ലേമിന്റെ എപ്പിസ്കോപ്പയായിത്തീർന്നു. ഇദ്ദേഹം വിശു ദ്ധനും അത്ഭുതപ്രവർത്തകനും ആയിരുന്നു. ഒരിക്കൽ പെസഹാപെരു നാളിന് ഊർശ്ലേമിലെ പള്ളിയിലെ വിളക്കുകളിലെ ഒലിവെണ്ണ തീർ ന്നിരുന്നു. ഇത് വിശ്വാസികൾക്കു വലിയ ഖേദത്തിനു കാരണമായി. അപ്പോൾ അദ്ദേഹം (വി. നർക്കീസോസ്) അവിടെ പള്ളിയുടെ മുറ്റത്തു ണ്ടായിരുന്ന ഒരു കിണറ്റിൽനിന്ന് കുറെ വെള്ളം കോരിക്കൊണ്ടു വരു വാൻ അവിടെ നിന്നിരുന്ന ഒരാളോടു കല്പിച്ചു. അയാളപ്രകാരം ചെയ്തു. വിശുദ്ധൻ വെള്ളത്തിന്മേൽ പ്രാർത്ഥിച്ചശേഷം വിളക്കുകളിൽ ഒഴിക്കാൻ കല്പിക്കുകയും അത് ഒലിവെണ്ണയായിത്തീരുകയും ചെയ്തു. ചരിത്രകാരനായ ഏവുസേബിയോസ് ഊർശ്ലേമിലെ ദൈവാ ലയത്തിൽ ശ്രീഭണ്ഡാരത്തിൽ ഈ സൈത്തിന്റെ ഒരു ഭാഗം സൂക്ഷി ക്കപ്പെട്ടിരുന്നുവെന്നും 120 കൊല്ലങ്ങൾക്കുശേഷം അദ്ദേഹം ഇതു കാണുകയുണ്ടായി എന്നും തന്റെ ചരിത്രത്തിൽ സാക്ഷിക്കുന്നു.

*സങ്കീർത്തനങ്ങൾ

ഈ വിശുദ്ധന്റെ പരിശുദ്ധത അസൂയാലുക്കളായ ചില ദുഷ്ടന്മാരുടെ വിദ്വേഷത്തെ ഉണർത്തുകയും വേശ്യാവൃത്തിക്കുറ്റം അദ്ദേഹത്തിന്റെ മേൽ അവർ വ്യാജമായി ആരോപിക്കുകയുംചെയ്തു. ഈ കുറ്റാരോപണത്തെ സ്ഥിരപ്പെടുത്തുന്നതിന് അവരിൽ മൂന്നുപേർ എഴുന്നേറ്റു. ഒരുവൻ "ഇതു സത്യമല്ലെങ്കിൽ ഞാൻ അഗ്നിയിൽ ദഹിച്ചുപോകട്ടെ" എന്നും അപരൻ "ഇതു സത്യമല്ലെങ്കിൽ ഞാൻ കുഷ്ഠരോഗത്താൽ മരിക്കട്ടെ" എന്നും വേറൊരുവൻ, "ഇതു ശരിയല്ലെങ്കിൽ എന്റെ കണ്ണുകൾ കുരുടായിപ്പോകട്ടെ" എന്നും പറഞ്ഞു. ഈ കുറ്റാരോപണം വിശ്വസിക്കപ്പെട്ടിരുന്നില്ലെങ്കിലും വി. നർക്കീസോസിനെ ഇതത്യധികം വിഷമിപ്പിച്ചു. തൻനിമിത്തം അദ്ദേഹം പട്ടണംവിട്ട് മരുപ്രദേശത്തേക്കു പോയി. വിശ്വാസികൾ അദ്ദേഹത്തെപ്പറ്റി വളരെ അന്വേഷണങ്ങൾ നടത്തി. എന്നാൽ പ്രയോജനമുളവായില്ല. ഇങ്ങനെ ചുരുങ്ങിയതല്ലാത്ത ഒരു കാലത്തേക്ക് ഊർശ്ലേമിലെ സഭ വൈധവ്യം പ്രാപിച്ചതിനാൽ ദീയോസ് എന്നദ്ദേഹം ഊർശ്ലേമിലേക്കായി വാഴിക്കപ്പെട്ടു. വി. നർക്കീസോസിനെക്കുറിച്ച് വ്യാജദൂഷണം പറഞ്ഞവരുടെമേൽ അധികകാലതാമസം കൂടാതെ ദൈവശിക്ഷ വന്നു. ഒരുവൻ സ്വനാശത്തെക്കുറിച്ചു പറഞ്ഞിരുന്നതുപോലെ തന്നെ അവന്റെ ഭവനത്തിൽ അഗ്നിവ്യാപിക്കയും അവർ ദഹിച്ചുപോകയും ചെയ്തു. വേറൊരുവൻ അവൻ പറഞ്ഞപ്രകാരം കുഷ്ഠരോഗബാധിതനായി മൃതിയടഞ്ഞു. അപരനാകട്ടെ കഠിനമായ സഹതാപബുദ്ധിയോടെ ദുഃഖിക്കയും അവന്റെ തെറ്റിനെ പരസ്യമായി ഏററുപറയുകയുംചെയ്തു. എങ്കിലും അവൻ ഇപ്രകാരമുള്ള മുറവിളി കൂട്ടിക്കൊണ്ടിരിക്കുമ്പോൾ തന്നെ അന്ധനായി ഭവിച്ചു. വി. ദീയോസാകട്ടെ കുറേക്കാലം ശ്രേഷ്ഠതയോടെ ഊർശ്ലേമിലെ സഭയെ ഭരിച്ചശേഷം നിദ്രപ്രാപിച്ചു. അദ്ദേഹത്തിന്റെ പിന്നാലെ ജർമാനോസും അടുത്ത പിൻഗാമിയായ ഗോർദിയോസും സിംഹാസനാരൂഢന്മാരായി. ഈ ഗോർദിയോസിന്റെ കാലത്ത് വി. നർക്കീസോസിന്റെ നിർദോഷത്വം പരസ്യമായി അറിയിക്കപ്പെട്ടുവെന്ന് അദ്ദേഹമറിഞ്ഞപ്പോൾ, താൻ വീണ്ടും ഊർശ്ലേമിലേക്കു തിരിച്ചുവന്ന് എല്ലാവരുടേയും മുമ്പാകെവച്ച് തന്റെ ഇടവകയുടെ ഭരണം കൈയ്യേറ്റു. സേവോറോസ് കൈസരിന്റെ പീഡയുടെ കാലത്ത് വളരെ ശക്തിയായി ഏററുപറഞ്ഞ കപ്പദൂക്യൻ–കേസറിയായിലെ മോർ അലക്സന്ത്രയോസ് വി. സ്ഥലങ്ങൾ സന്ദർശിക്കുന്നതിനുവേണ്ടി 211-ൽ ദൈവഗത്യാ അവിടെ വരുന്നതിനിടയായി. ഒരു വിദേശീയനായ പ്രസ്തുത എപ്പിസ്കൂപ്പായെ തന്റെ സഹായകനായി നിയമിക്കുന്നതിനും തന്റെ കാലശേഷം അദ്ദേഹത്തെ തന്റെ പിൻഗാമിയായി നിയമി (ഊർശ്ലേമിലെ എപ്പിസ്കോപ്പ)ക്കുന്നതിനും വൃദ്ധനായ വി. നർക്കീസോസിന് ഒരു വെളിപാടുണ്ടായി. ഇതേ ദർശനംതന്നെ അവിടുണ്ടായിരുന്ന മറ്റു വിശ്വാസികൾക്കുമുണ്ടായി എന്നു പറയപ്പെടുന്നു. അപ്രകാരം വി. നർക്കീസോസ് പ്രവർത്തിച്ചു. അന്തീനോസിലെ വിശ്വാസികൾക്ക് അലക്സന്ത്രയോ

സയച്ച ഒരു ലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "എനിക്കു മുമ്പായി ഈ എപ്പിസ്കോപ്പാസ്ഥാനം വഹിച്ചിരുന്ന വി. നർക്കീസോസ് നിങ്ങൾക്കു വന്ദനം ചൊല്ലുന്നു. അദ്ദേഹത്തിനിപ്പോൾ 116 വയസ്സു കഴിഞ്ഞിരിക്കുന്നു. അതോടുകൂടി അദ്ദേഹം പ്രാർത്ഥനയിൽ സംബന്ധിച്ചുകൊണ്ടിരിക്കുകയും ഏകയഭിപ്രായത്തിൽ സ്ഥിതിചെയ്യുന്നതിന് എന്നോടൊരുമിച്ചു നിങ്ങളോടപേക്ഷിക്കുകയും ചെയ്യുന്നു." നർക്കീസോസ് 216-ന് ശേഷം കർത്തൃസന്നിധി പ്രാപിച്ചു.

അദ്ധ്യായം 2

# ആറാമത്തെ പീഡയും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും

193-ൽ സെപ്തീമോസ് സെമീറോസ് രാജ്യഭരണം കയ്യേറ്റു. ഇദ്ദേഹത്തിന്റെ രാജ്യഭരണാരംഭത്തിൽ ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിന് കല്പന പുറപ്പെടുവിച്ചിരുന്നില്ലെങ്കിലും അവരെ ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ട് അത്യാഗ്രഹികളും ക്രൂരന്മാരുമായിരുന്ന ഭരണകർത്താക്കന്മാരിൽനിന്നും പ്രത്യേകാൽ മൊന്താനോസിന്റെ അനുയായികൾ വർദ്ധിച്ച അവസരത്തിൽ ക്രിസ്ത്യാനികൾ വിവിധ പ്രയാസങ്ങൾ സഹിച്ചു. 197-ൽ ആഫ്രിക്കയിൽ പീഡയുണ്ടായി. ആ കാലത്ത് ആഫ്രിക്കക്കാരനായ പ്രസിദ്ധ തെർത്തുല്യാനോസ് കശീശാ ജീവിച്ചിരുന്നു. ആഫ്രിക്കയിൽ അനേകം വിശ്വാസികൾ സാക്ഷിമരണത്തിൽ കിരീടം പ്രാപിക്കുന്നത് ഇദ്ദേഹം കണ്ടപ്പോൾ അവർക്കുവേണ്ടി 198-ൽ താൻ പ്രതിവാദം എഴുതി ആ സ്ഥലങ്ങളിലെ നാടുവാഴികൾക്കയച്ചുകൊടുത്തു. അതിൽ ഇപ്രകാരം പറയുന്നു: “കുറ്റക്കാരെ മരണത്തിനു വിധിക്കുന്നവരേ! സാക്ഷിക്കായി നിങ്ങളുടെ വിധിപുസ്തകം നിങ്ങൾ പരിശോധിച്ചുനോക്കുവീൻ. ദിവസംതോറും മരണത്തിനു വിധിച്ചിട്ടുള്ള കുറ്റക്കാരായ അഹങ്കാരികളോടുകൂടെ ദുഷ്ടത പ്രവർത്തിച്ച ഒരു ക്രിസ്ത്യാനി എങ്കിലും ഉണ്ടോ എന്നു പരിശോധിച്ചുകാണിച്ചുതരാമോ? ഒരുത്തനെ നിങ്ങൾ കണ്ടെത്തുകയാണെങ്കിൽ തന്നെയും അവന്റെ കുറ്റം അവൻ ക്രിസ്തീയനാമം സ്വീകരിച്ചിരിക്കുന്നു എന്നുള്ളതു മാത്രമാണ്. എന്തുകൊണ്ടെന്നാൽ നമ്മുടെ ഇടയിൽ പുണ്യം ഒരു മതമാണ്. പൂർണ്ണ ഗുരുവായിരിക്കുന്ന ദൈവത്തിൽനിന്ന് ഞങ്ങൾ അങ്ങനെ അഭ്യസിക്കപ്പെട്ടിരിക്കുന്നതിനാൽ ഞങ്ങൾക്ക് ഇത് നല്ലവണ്ണം അറിയാം. ഞങ്ങൾ അതിനെ വിശ്വസ്തമായി പരിപാലിക്കുന്നു. എന്തുകൊണ്ടെന്നാൽ ഞങ്ങളോട് ഇത് കല്പിച്ചിരിക്കുന്നത് ആരെയും വഞ്ചിക്കുവാൻ കഴിയാത്ത ന്യായാധിപനാൽ ആകുന്നു.” ഈ രാജാവിന്റെ 9-ാമാണ്ട് അതായത് 202-ൽ പീഡകൾ വർദ്ധിച്ച് ക്രിസ്ത്യാനികൾ ദിനംതോറും ആത്മികമായും ലൗകികമായും എല്ലാ ഭാഗങ്ങളിലും വർദ്ധിച്ചുവരുന്നത് കണ്ടപ്പോൾ അത് സഹിക്കുവാൻ അയാൾക്ക് സാധിക്കാതെ പുറജാ

തികളിൽ ആരും ക്രിസ്ത്യാനികൾ ആയിക്കൂടായെന്ന് ആദ്യമേ കല്പന പുറപ്പെടുവിച്ചു. പിന്നീട് വിഗ്രഹങ്ങൾക്ക് ബലികഴിച്ച് തന്റെ ജന്മദിനത്തെ ആഘോഷിക്കണമെന്നും കല്പന പ്രസിദ്ധപ്പെടുത്തി. ക്രിസ്ത്യാനികളാകട്ടെ ഈ മ്ലേച്ഛസംഗതികളിൽ പങ്കുകൊള്ളുന്നില്ലെന്നു കണ്ടപ്പോൾ രാജാവ് കോപിച്ചു അവരിൽ പീഡാഗ്നിയെ വർദ്ധിപ്പിച്ചു. രാജാവ് അലക്സന്ത്ര്യായിൽ പോയി അവിടത്തെ ക്രിസ്ത്യാനികളിൽ വളരെപ്പേരെ കൊല്ലുകയും ശേഷംപേരെ ലോകത്തിൽ ചിതറിക്കുകയും പള്ളികളെ നശിപ്പിക്കുകയും ചെയ്തപ്പോൾ അവിടത്തെ പാഠശാലാഭ്യസനത്തിന് വിഘാതം നേരിടുകയും അവിടുത്തെ പ്രസിദ്ധ ഗുരുവായിരുന്ന അലക്സന്ത്ര്യാക്കാരനായ ക്ലീമ്മീസ് കശീശാ കപ്പദൂക്യായിലെ കൈസറിയായിലേക്ക് ഓടിപ്പോകയും വിദ്യാർത്ഥികൾ ചിന്നിച്ചിതറുകയും ചെയ്തു. ആ സമയത്ത് അവിടെയുണ്ടായിരുന്ന പ്രസിദ്ധ പണ്ഡിതനായ ഈജിപ്തിലെ ഒറിജാനീസ് ക്രിസ്തുവിനെ ത്യജിക്കാതെ തനിക്കുവേണ്ടി മരണം വരിക്കുന്നതിന് സന്നദ്ധരാകുവാൻ അവരെ പ്രോത്സാഹിപ്പിച്ചിരുന്നു. വടക്കേ ആഫ്രിക്കയിലേക്ക് പീഡ വ്യാപിക്കുകയും അനേകർ പ്രത്യേകിച്ച് കാർത്തേജിൽ സാക്ഷിമരണം പ്രാപിക്കുകയുംചെയ്തു. പിന്നാലെ പീഡ ഏഷ്യാമൈനറിലെത്തുകയും കപ്പദൂക്യായിലെ കൈസറിയായുടെ എപ്പിസ്കോപ്പായായിരുന്ന വി. അലക്സന്ത്രയോസ് വളരെക്കാലം കാരാഗൃഹത്തിലിടപ്പെടുകയും അദ്ദേഹത്തിനു പകരം മേൽപറയപ്പെട്ട തന്റെ ഗുരു ക്ലീമ്മീസ് കശീശാ ഇടവക ഭരിക്കുകയും വിശ്വാസികളെ ധൈര്യപ്പെടുത്തി ഉറപ്പിക്കുകയും അതേസമയം തന്നെ പുറജാതികളെ വിശ്വാസികളാക്കുകയും ചെയ്തുകൊണ്ടിരുന്നു. പീഡ ഫ്രാൻസ്വരെയും എത്തി. ലിയോൺ പട്ടണത്തിലെ ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും കൊല്ലപ്പെട്ടു. റോമായിലെ ക്രിസ്ത്യാനികൾ ഭയം നിമിത്തം രാത്രിയിൽ ഗുഹകളിൽ അന്ധകാരത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അങ്ങനെ ഈ പീഡ എ.ഡി. 211-ൽ ഈ രാജാവ് യുദ്ധത്തിൽ കൊല്ലപ്പെടുന്നതുവരെ നീണ്ടുനിന്നു. ഈ പീഡയുടെ കാഠിന്യത്താൽ അന്തിക്രിത്തോസ് ലോകത്തിൽ പ്രത്യക്ഷനായിരിക്കുന്നു എന്നുപോലും ക്രിസ്ത്യാനികളാൽ വിചാരിക്കപ്പെട്ടു. ഈ പീഡയിൽ സാക്ഷിമരണം പ്രാപിച്ചവരിൽ പ്രധാനികൾ ഈജിപ്തുകാരൻ മോർ ലിയോണിദോസും വി. ഈറിനോവോസും (117-202) ആയിരുന്നു. മോർ ലിയോണീദോസാകട്ടെ പ്രസിദ്ധ വിജ്ഞാനിയായിരുന്ന ഒറിജാനീസിന്റെ പിതാവായിരുന്നു. പടയാളികൾ ലിയോണിദോസിനെ ന്യായവിസ്താരസ്ഥലത്തേക്കു കൊണ്ടുപോയപ്പോൾ തന്റെ മകൻ ഒറിജാനീസ് വിശ്വാസത്തിനും സ്ലീബായ്ക്കുംവേണ്ടി അവസാന ചോരത്തുള്ളിവരെയും സഹിക്കണമെന്നുള്ള ഒരു പ്രേരകക്കത്തു കൊടുത്തു. ഇദ്ദേഹം സാക്ഷിമരണം പ്രാപിച്ചപ്പോൾ തന്റെ സകല മുതലുകളും സർക്കാർ കണ്ടുകെട്ടി. വി. ഈറീനോവേസ് ഏഷ്യാമൈനറിൽ 135-നും 140-നും മദ്ധ്യേ ജനിച്ചു. അദ്ദേഹം മോർ യൂഹാനോൻ ശ്ലീഹാ

യുടെ ശിഷ്യന്മാരായിരുന്ന സ്മിർണായുടെ വി. പോളിക്കാർപ്പോസി ന്റെയും ഈറാപ്പോലീസിലെ മോർ പാപ്പിയായുടെയും ശിഷ്യനായി രുന്നു. അദ്ദേഹം വളരെക്കാലം റോമിൽ ജീവിക്കുകയും പ്രസിദ്ധ തത്ത്വ ജ്ഞാനിയായ മോർ യൂസ്ക്കീനോസിന്റെ കീഴിൽ അഭ്യസിക്കുകയും ചെയ്തു. അതിനുശേഷം ഫ്രാൻസിലെ രാജ്യങ്ങളിൽ സുവിശേഷ വെളിച്ചം വ്യാപിപ്പിച്ച് അവരെ പ്രകാശിപ്പിക്കയും ചെയ്തു. അദ്ദേഹം സൽഗുണവാനും വലിയ പണ്ഡിതനുമായിരുന്നു. താൻ വേദവിപരീ തകൾക്കെതിരായി വിശ്വാസികളുടെ വളർച്ചയ്ക്കുപയുക്തമായ ധാരാളം പുസ്തകങ്ങൾ എഴുതി. പടിഞ്ഞാറൻ സഭ അദ്ദേഹത്തെ അവരുടെ ഒന്നാമത്തെ വേദപണ്ഡിതനായി സ്വീകരിച്ചു.

അദ്ധ്യായം 3

# അന്ത്യോഖ്യായുടെ വി. പാത്രിയർക്കീസന്മാരായ സെറാഫ്യോനും എസ്ക്ലീപ്പിയാദീസും

അന്ത്യോഖ്യായുടെ പാത്രിയർക്കീസായ വി. മക്സിമോസിന്റെ കാലശേഷം ആ സ്ഥാനത്തേക്ക് (എ.ഡി. 191-ൽ) വി. സെറാഫ്യോനെ തിരഞ്ഞെടുക്കയും പാത്രിയർക്കീസായി വാഴിക്കയുംചെയ്തു. താൻ സഭാഭരണത്തിന്റെ ചുക്കാൻ കൈയിൽ സ്വീകരിച്ചതോടുകൂടെ പ. സഭയെക്കുറിച്ചും അതിന്റെ ശ്ലൈഹിക വിശ്വാസത്തെപ്പറ്റിയും അത്യധികമായ ഉത്സാഹവും തീക്ഷ്ണതയും പ്രദർശിപ്പിച്ചു. സത്യഉപദേശമാകുന്ന അനേകം പ്രബന്ധങ്ങൾ അദ്ദേഹം എഴുതി ഇങ്ങനെ അദ്ദേഹം ഒരു ശ്രേഷ്ഠനാമത്തെ സഭയിൽ സമ്പാദിക്കുകയും ആദ്യവേദപണ്ഡിതന്മാരുടെ ഇടയിൽ ഒരുന്നതമായ സ്ഥാനം കരസ്ഥമാക്കുകയുംചെയ്തു. മൊന്താനോസിനും അവന്റെ അനുഗാമികൾക്കും എതിരായി കോറേക്കാസ്, പൊന്ത്രേ്യാസ് എന്ന രണ്ടു വൈദികർക്ക് എഴുതിയ ലേഖനത്താലും സെപ്റ്റീമോസ് സേവേറോസ് രാജാവിന്റെ കല്പനപ്രകാരമുണ്ടായ പീഡയുടെ കാലത്ത് യഹൂദമതത്തിലേക്കു ചേർന്ന ദോംതീനോസ് എന്ന ഒരാളുടെ പേർക്ക് എഴുതിയ ഒരു ലേഖനത്താലും പത്രോസിന്റെ ഏവൻഗേലിയോൻ എന്ന് വിളിച്ചിരുന്ന പുസ്തകത്തിനെതിരായി അദ്ദേഹം എഴുതിയ ലേഖനത്താലും പ്രധാനമായി അദ്ദേഹത്തെക്കുറിച്ചുള്ള കീർത്തി പരന്നു.

മെന്താനോസിന്റെ അനുഗാമികളെ അദ്ദേഹത്തിന്റെ ലേഖനത്തിൽ അദ്ദേഹം ശാസിക്കുകയും ഈറാപ്പോലീസിലെ സഭയുടെ എപ്പിസ്കൂപ്പാ ആയിരുന്ന അപ്പോലീനാറീസ് ഈ വേദവിപരീതത്തെക്കുറിച്ച് തന്നെ എഴുതിയിരിക്കുന്നതിനെപ്പറ്റി പ്രസ്താവിക്കയും ചെയ്യുന്നു. വി. സ്രാഫിയോന്റെ ഈ ലേഖനം സഭയ്ക്കു പൊതുവെയുള്ളതാണെന്ന് കാണപ്പെടുന്നു. ഇതിൽ മറ്റനേകം എപ്പിസ്കൂപ്പന്മാരുടേയും ഒപ്പുകൾ കാണുന്നുണ്ട്.

പത്രോസിന്റെ ഏവൻഗേല്യോന് എതിരായുള്ള അദ്ദേഹത്തിന്റെ ലേഖനം കിലിക്യ ഉൾക്കടലിൽ സ്ഥിതിചെയ്തിരുന്നതും തന്റെ അധികാരാതിർത്തിയിൽപ്പെട്ടിരുന്നതുമായ റോസ്സോസ് എന്ന ഇടവകയ്ക്ക് അയച്ചിട്ടുള്ളതാണ്. മേല്പറഞ്ഞ പുസ്തകത്തിൽ ഉള്ള തെറ്റുകളെ

തന്റെ ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. താൻ വിശേഷവിധിയായി ഇപ്രകാരം പറയുന്നു. "സഹോദരന്മാരേ! പത്രോസിനേയും മറ്റു ശ്ലീഹന്മാരേയും മ്ശിഹായെപ്പോലെ നാം സ്വീകരിക്കണം. എന്നാൽ അവരുടെ പേരുകളിലുള്ള വ്യാജലിഖിതങ്ങളെ ഈവക കാര്യങ്ങളിൽ സാമർത്ഥ്യമുള്ള ആളുകളെപ്പോലെ നാം നിഷേധിക്കുകതന്നെ ചെയ്യണം. എന്തുകൊണ്ടെന്നാൽ പാരമ്പര്യം വഴിയായി ഇങ്ങനെയുള്ള കാര്യങ്ങൾ ഒരിക്കലും നാം സ്വീകരിച്ചിട്ടില്ല എന്ന് നമുക്കറിയാം. ഞാൻ നിങ്ങളുടെ അടുക്കൽ വന്നപ്പോൾ നിങ്ങൾ സത്യവിശ്വാസം അറിയുന്നവരാണെന്നും പത്രോസിന്റെ ഏവൻഗേല്യാൻ എന്ന നാമത്തിൽ നിങ്ങൾ എന്റെ അടുക്കൽ കൊണ്ടുവന്ന പുസ്തകം ഇതേവരെ നിങ്ങൾ ഉപയോഗിച്ചിരുന്നില്ല എന്നും ഞാൻ വിചാരിച്ചു; ഇതു മാത്രമാണ് നിങ്ങളുടെ ഇടയിലുള്ള ഭിന്നതയുടെ കാരണം എങ്കിൽ അത് വായിക്കപ്പെട്ടുകൊള്ളട്ടെ എന്ന് ഞാൻ അപ്പോൾ പറഞ്ഞു. എന്നാൽ ആ സമയം അവിടെ വായിക്കപ്പെട്ടതിൽനിന്നും ഞാൻ ഇപ്പോൾ വിശദമായി മനസ്സിലാക്കുന്നത് അവരുടെ ബോധങ്ങളിൽ വേദവിപരീതം മറഞ്ഞുകിടന്നു എന്നാണ്. ഞാൻ വേഗം നിങ്ങളുടെ അടുക്കൽ വരുവാനിരിക്കുന്നു. അതുകൊണ്ട് സഹോദരന്മാരെ അല്പം എനിക്കായി കാത്തിരിപ്പിൻ."

മോർ ജറോമിന്റെ (ഈറോനിമോസ്) കാലത്ത് വി. സ്രാപ്പിയൂന്റെ ധാരാളം ലേഖനങ്ങൾ കാണപ്പെട്ടിരുന്നു. പരിശുദ്ധ ജീവിതത്തോടുകൂടി അദ്ദേഹത്തിനുണ്ടായിരുന്ന സൽപേരിനെ ഈ എഴുത്തുകാർ നമ്മെ കാണിക്കുന്നു. വി. സ്രാഫിയോൻ 20 കൊല്ലം തന്റെ ശുശ്രൂഷയെ നിവർത്തിച്ചശേഷം 221-ൽ പ്രകാശങ്ങളുടെ ലോകത്തിലേക്കു വാങ്ങിപ്പോയി.

വി. സെറാഫ്യോൻ കാലം ചെയ്തശേഷം 211-ൽ എസ്ക്ലിപ്പിയാദീസ് സിംഹാസനാരൂഢനായി. ഇദ്ദേഹം ക്രിസ്തീയ വിശ്വാസ സംരക്ഷണത്തിനായി തന്റെ മുൻഗാമിയുടെ കാലത്ത് സേവേറോസിനാൽ നടത്തപ്പെട്ട പീഡയിൽവച്ച് അനവധി ദുരിതങ്ങൾ സഹിച്ചിട്ടുള്ള ഒരു ശ്രേഷ്ഠ മൗദ്യാന*യാണ്. കപ്പദൂക്യായിലെ കേസറിയായുടെ അലക്സന്ത്രയോസ് തടവിലായിരിക്കുമ്പോൾ സഭയുടെ ഭരണം എസ്ക്ലിപ്പായാദീസ് കയ്യേറ്റുവെന്ന് അദ്ദേഹം കേൾക്കയും അന്ത്യോഖ്യൻ സഭയ്ക്ക് ആശംസകൾ എഴുതി അയയ്ക്കയുംചെയ്തു. അദ്ദേഹം ഇപ്രകാരം എഴുതി. "യേശുമ്ശിഹായിൽ ബന്ധിതനും ദാസനുമാകുന്ന അലക്സന്ത്രോസിൽനിന്ന് സകലത്തിലും അനുഗൃഹീതയായ അന്ത്യോഖ്യാസഭയ്ക്ക് കർത്താവിൽ സമാധാനം." തന്റെ വിശ്വാസത്തെ സംബന്ധിച്ച് ഏററവും യോഗ്യനായിരിക്കുന്ന എസ്ക്ലിപ്പിയാദീസ് ദൈവ നിയോഗപ്രകാരം നിങ്ങളുടെ സഭാഭരണത്തിന്റെ എപ്പിസ്കൂപ്പാസ്ഥാനം കയ്യേറ്റു എന്ന് കേട്ടപ്പോൾ എന്റെ ബോധങ്ങളെ കർത്താവ് ആശ്വാസകരവും ഭാരം കുറഞ്ഞതുമാക്കിത്തീർത്തു. മുൻപറഞ്ഞ പ്രകാരം അലക്സന്ത്ര്യാക്കാരനായ പ്രസിദ്ധ ക്ലീമ്മീസ് കശീശായുടെ കൈവശം ഈ എഴുത്ത് കൊടുത്തയയ്ക്കപ്പെട്ടു. 220-ൽ വി. എസ്ക്ലീപ്പിയാദീസ് 9 കൊല്ലത്തെ തന്റെ ഭരണത്തിനുശേഷം ചരമമടഞ്ഞു.

*വിശ്വാസം ഏറ്റുപറയുന്നയാൾ.

## അദ്ധ്യായം 4

# ഏഴാമത്തെ പീഡയും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും

211-ൽ സേവേറോസ് രാജാവ് അന്തരിച്ചപ്പോൾ പീഡ മായുകയും ദുഷ്ടനായ മക്സിമൂസ് രാജാവ് 235-ൽ സ്ഥാനാരോഹണം ചെയ്തതുവരെ 23 വർഷത്തേക്ക് സഭയ്ക്ക് ആശ്വാസമുണ്ടാകുകയും ചെയ്തു. എന്തെന്നാൽ അവന്റെ ശേഷം അവന്റെ പുത്രനായ അന്തോനീനോസ് കാരാകല്ല (211-217) ഭരണം കയ്യേറ്റപ്പോൾ അയാൾ വിശ്വാസം നിമിത്തം നാടുകടത്തപ്പെട്ടവരെ സ്വതന്ത്രരാക്കി ക്രമേണ പീഡയെ ഇല്ലാതാക്കുകയും ചെയ്തു. ക്രിസ്ത്യാനികളോടു വളരെ അനുഭാവത്തോടുകൂടി പെരുമാറി. എന്തെന്നാൽ അദ്ദേഹം ഒരു ക്രിസ്ത്യാനി സ്ത്രീയാൽ വളർത്തപ്പെടുകയും ശിശുപ്രായം മുതൽ ഒരു ക്രിസ്ത്യൻ പൈതലിനോടുകൂടി കളിച്ചു വളരുകയും ചെയ്തവനായിരുന്നു. അതിനാൽ കാവ്യർ അദ്ദേഹത്തെ 'അർദ്ധക്രിസ്ത്യാനി' എന്നു വിളിച്ചുവന്നു.[1] ഇദ്ദേഹത്തിന്റെ പിൻഗാമിയായ ഈലാഗാബാലോസ് (217-222) കൂടുതൽ ദീർഘദൃഷ്ടിയുള്ളവനായിരുന്നു. അതായത് ക്രിസ്തീയമതത്തെ അവന്റെ ദേവന്മാരുടെ ആരാധനയോടുകൂടി കലർത്തുന്നതിന് അവൻ യത്നിച്ചു. 222-ാം ആണ്ടിൽ ജ്ഞാനിയും സുകൃതവതിയുമായ ജൂലിയമാമായുടെ മകൻ യുവാവായ സേവേറോസ് അലക്സന്ത്രോസ് രാജാവായി ഗ്രന്ഥകാരന്മാർ പറയുന്നത് ഈ മാമ മ്ശിഹായിൽ വിശ്വസിച്ചു എന്നത്രെ. അതിനാൽ താൻ ക്രിസ്ത്യാനികളെ വളരെ സഹായിക്കയും സഭാദ്ധ്യക്ഷന്മാരെ ബഹുമാനിക്കയും ചെയ്തിരുന്നു. മ്ശിഹാ മതത്തിന്റെ തത്ത്വങ്ങളെ വ്യാഖ്യാനിച്ചു കൊടുക്കേണ്ടതായിട്ട് അന്ത്യോഖ്യായിൽ അവ

1 ഹാരാൻ ദേശത്ത് ചന്ദ്രന്റെ ഒരു ക്ഷേത്രമുണ്ടായിരുന്നു. അത് അവിടെയുണ്ടായിരുന്ന മറ്റു ക്ഷേത്രങ്ങളേക്കാൾ പ്രസിദ്ധപ്പെട്ടതായിരുന്നു. കാരക്കല്ല ചക്രവർത്തി ഹാരാനിൽ വന്നപ്പോൾ മേൽപറഞ്ഞ ക്ഷേത്രം സന്ദർശിക്കുവാൻ ആഗ്രഹിച്ചു. ഇത് പട്ടണത്തിൽനിന്ന് വളരെ അകലെ സ്ഥിതിചെയ്തിരുന്നതിനാൽ ചക്രവർത്തി തന്റെ പരിവാരത്തെ മുഴുവനും തന്നോടുകൂടി കൊണ്ടുപോയി അവരെ ബദ്ധപ്പെടുത്തുവാൻ ഇഷ്ടപ്പെട്ടില്ല. ആകയാൽ ചുരുക്കം ചില കുതിരപ്പടയാളികളെമാത്രം താൻ കൂട്ടിക്കൊണ്ടുപോയി. അദ്ദേഹം അങ്ങനെ കുറച്ചുദൂരം യാത്രചെയ്തപ്പോൾ മത്തിയാലീസ് എന്ന ഒരുവൻ തന്നെ വധിച്ചു.

രുടെ അടുക്കലേക്ക് മുൻപറഞ്ഞ ഓറീജാനോസിനെ വരുത്തി അദ്ദേഹത്തിന്റെ സംഭാഷണചതുരതയിൽ അവൾ ആകൃഷ്ടയായിത്തീർന്നു. അവളുടെ ഉപയോഗത്തിനായി പ്രസിദ്ധ പാശ്ചാത്യവിജ്ഞാനിയായി വി. ഹിപ്പോലീത്തോസ് റോമാനോസ് പുനരുത്ഥാനത്തെക്കുറിച്ച് ഒരു ലേഖനം രചിച്ചു. രാജാവ് സുകൃതവാനും വിനീതനും ആയിരുന്നതു കൂടാതെ അവളുടെ അഭീഷ്ടാനുസരണം പ്രവർത്തിച്ചുകൊണ്ടിരുന്നു. ക്രിസ്ത്യാനികളോട് അവൻ നന്നായി പെരുമാറുകയും ആ മതത്തോട് ഇതര മതങ്ങളോടുള്ളതിനെക്കാൾ കൂടുതലായി കരുണ കാണിക്കയും ചെയ്തിരുന്നു. അവൻ മ്ശിഹായെ വന്ദിക്കയും മ്ശിഹായുടെ വേദപുസ്തകത്തിലുള്ള പല സംഭവങ്ങളുടേയും ചിത്രങ്ങൾ തന്റെ അരമനയിൽ പ്രതിഷ്ഠിക്കയും ചെയ്തു. അവിടെ ഉണ്ടായിരുന്ന സകല പ്രതിമകളേയും അദ്ദേഹം മാറ്റിക്കളഞ്ഞു. അദ്ദേഹത്തിന്റെ കാലത്ത് അന്ത്യോഖ്യായിൽ ശ്ലീഹന്മാരുടെ കൈകളാൽ പണിയപ്പെട്ട പഴയ അന്ത്യോഖ്യാപള്ളിയെ വിശ്വാസികൾ പുതുക്കി. യൂലിയാനോസ് അഫ്രിക്കാനൂസ് ലോകാരംഭം മുതൽ എ.ഡി. 221 വരെയുള്ള വൃത്താന്തങ്ങളെ പരിശുദ്ധ വേദപുസ്തകത്തിലെ സംഭവങ്ങളാകുന്ന ശരിയായ അടിസ്ഥാനത്തിന്മേൽ ഒരു ഗ്രന്ഥം ഈ രാജാവിന്റെ ഉപയോഗത്തിനുവേണ്ടി എഴുതി. ഇപ്രകാരം അദ്ദേഹത്തിന്റെ മരണംവരേയും ക്രിസ്ത്യാനികൾ ആശ്വാസത്തോടുകൂടി ജീവിച്ചുവന്നു. 235-ാം ആണ്ട് അദ്ദേഹത്തിന്റെ സൈന്യാധിപനും ദുഷ്ടനുമായ മക്സീമോസ് അദ്ദേഹത്തേയും അദ്ദേഹത്തിന്റെ മാതാവിനേയും വധിച്ച് രാജസ്ഥാനം പ്രാപിക്കയുംചെയ്തു. അപ്പോൾ ആ നല്ല സമാധാനം ഭഞ്ജിക്കപ്പെട്ടു. തന്റെ മുൻഗാമിയായിരുന്ന അലക്സന്ത്രോസിനോടു വിദ്വേഷം നിമിത്തമായി ക്രിസ്ത്യാനികളെ വിശിഷ്യാ ക്രിസ്തുമതാദ്ധ്യക്ഷന്മാരെ പീഡിപ്പിച്ചുതുടങ്ങി. മക്സീമോസ് രാജസിംഹാസനത്തിൽ ആരൂഢനായപ്പോൾ പൂർവ്വികന്മാർ പ്രവർത്തിച്ചുവന്ന പ്രകാരം സൈന്യത്തിൽ സമ്മാനങ്ങൾ നൽകി ഓരോരുത്തനും തലയിൽ ജയകിരീടം ധരിച്ചുകൊണ്ട് രാജസന്നിധിയിൽ പ്രവേശിച്ചു. എന്നാൽ ക്രിസ്ത്യാനിയായ ഒരു ഭടൻ അവന്റെ കിരീടം കയ്യിൽ വച്ചുകൊണ്ട് രാജാവിൽനിന്നും സമ്മാനം വാങ്ങി തിരിച്ചുപോന്നു. അപ്പോൾ അവന്റെ സഹഭടന്മാർ അസൂയാകലുഷിതരായി നേതാവിന്റെ അടുക്കൽ പരാതിപ്പെട്ടു: “നിന്റെ സഹഭടന്മാരെപ്പോലെ നീ എന്തുകൊണ്ട് കിരീടം തലയിൽ വച്ചില്ല” എന്ന് ചോദിച്ചപ്പോൾ, “ഞാൻ ഒരു ക്രിസ്ത്യാനി ആകുന്നു. നിങ്ങളുടെ കിരീടം എന്റെ തലയിൽ വയ്ക്കുന്നതിന് എന്റെ മതം എന്നെ അനുവദിക്കുന്നില്ല. എന്തെന്നാൽ അത് വിഗ്രഹാരാധനയായി ഗണിക്കപ്പെടുന്നു. ആകയാൽ കിരീടം തലയിൽ വയ്ക്കുകയില്ല.” എന്നു പറഞ്ഞു. ആ പടയാളിയെ അവന്റെ പട്ടാളവേഷം എടുത്തതിനുശേഷം കാരാഗൃഹത്തിലിട്ടു. ഇതു കേട്ടപ്പോൾ രാജാവു കോപാകുലനായി. ഈ സംഗതിയും പീഡ തുടങ്ങുന്നതിനുമൂലകാരണമായിത്തീർന്നു. 237-ൽ ഈ രാജാവ് തന്റെ

ശത്രുക്കളുമായുള്ള യുദ്ധത്തിൽ വ്യാപൃതനായിരുന്നതുകൊണ്ട് ക്രിസ്ത്യാനികളുടെ കാര്യത്തെക്കുറിച്ച് ശ്രദ്ധിച്ചില്ല. ആകയാൽ പീഡ അല്പം ശമിച്ചു. എന്നാൽ ഏഷ്യാമൈനറിൽ കഠിനമായ ഭൂമികുലുക്കം ഉണ്ടായപ്പോൾ പുറജാതികൾ കോപിച്ച് ദേവന്മാർ ക്രിസ്ത്യാനികളുടെ നേരെ കോപിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടത്രേ യുദ്ധം, വസന്തം, ക്ഷാമം, ഭൂമികുലുക്കം എന്നിവ ഉണ്ടാകുന്നതെന്ന് കാരണം പുറപ്പെടുവിക്കുകയും അവിടെ ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ ആരംഭിക്കുകയും ചില പള്ളികളെ ദഹിപ്പിക്കയും ചെയ്തു. രാജാവ് ഇതിൽ സന്തോഷിച്ചു എന്നപ്രകാരം മൗനം ദീക്ഷിച്ചു. വിജ്ഞാനിയായ ഓറിജാനീസ് കപ്പദൂക്യായിലെ കൈസറിയായിലേക്ക് ഓടിപ്പോയിരുന്നതുകൊണ്ട് പുറജാതികൾ ക്രിസ്ത്യാനികളുടെമേൽ ചാടുന്നതും സ്വന്തം കണ്ണുകൊണ്ടുതന്നെ കാണുകയുംചെയ്തു. "സാക്ഷിമരണത്തിനുള്ള പ്രേരണ" എന്ന പുസ്തകം ഈ പീഡ കാരണത്താൽ അദ്ദേഹം രചിച്ചു. 238-ൽ തന്റെ ഒരു പടയാളിയാൽ മക്സീമോസ് അകില്ലായിൽ വച്ച് കൊല്ലപ്പെട്ടപ്പോൾ ക്രിസ്ത്യാനികൾക്ക് ശാന്തതയുണ്ടായി. ഈ പീഡകളിൽ കഷ്ടതകൾ സഹിച്ചവരിൽ പ്രസിദ്ധന്മാർ എ.ഡി. 235-ൽ സർദീനിയാ ദ്വീപിലേക്ക് നാടുവിട്ടുപോയ മൗദ്യാനേന്മാരായ റോമായിലെ മോർ പൊന്തിയാനോസ് മുൻപറയപ്പെട്ട മോർ ഹിപ്പോലീത്താസ്, റോമാനോസ് എപ്പിസ്കോപ്പാ എന്നിവരായിരുന്നു. പൊന്തിയാനോസിന്റെ പിൻഗാമിയായ മോർ അന്താറീയോസും എ.ഡി. 236-ൽ രക്തസാക്ഷിമരണം പ്രാപിച്ചു എന്ന് പറയപ്പെടുന്നു.

മേൽപറയപ്പെട്ട വി. ഹിപ്പോലീത്തോസാകട്ടെ എഴുത്തുകാരനായ പൂത്തീയോസ് പറയുന്നപ്രകാരം തന്റെ യൗവ്വനകാലത്ത് വി. ഐറേനിയോസിന് ശിഷ്യപ്പെട്ടവനായിരുന്നു. ഇത് മിക്കവാറും ലിയോൺ പട്ടണത്തിൽവെച്ചായിരുന്നു. റോമായിലെ വിക്റ്റർ എപ്പിസ്ക്കൂപ്പായുടെ ആരംഭകാലം (189-199) മുതലേ ഇദ്ദേഹം റോമായിൽ ആയിരുന്നു. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭകാലത്തിൽ ഇദ്ദേഹം റോമാപട്ടണത്തിലുള്ള പള്ളിയിലെ ഒരു പട്ടക്കാരനായിരുന്നു. അവിടെ അദ്ദേഹം മല്പാനായി നിയമിക്കപ്പെടുകയും ചെയ്തിരുന്നു. മതപരമായും മററുമുള്ള അഭ്യസനത്താൽ അറിവിൽ പ്രശോഭിതനായി. പ്രത്യേകിച്ച് വി. വേദപുസ്തകവ്യാഖ്യാനങ്ങളിലും അദ്വിതീയനായിരുന്നു. അദ്ദേഹം പരിശ്രമശീലം, മതവൈരാഗ്യം, വാചാലത എന്നീ കാര്യങ്ങളിൽ പ്രസിദ്ധി നേടിയവനായിരുന്നു. പെസഹാപെരുനാൾ ആചരിക്കേണ്ട ദിവസത്തെക്കുറിച്ചുള്ള വാദപ്രതിവാദത്തിൽ വിക്റ്ററിന്റെ അഭിപ്രായത്തെ ഇദ്ദേഹം പിൻതാങ്ങുന്നവനായി (സഹായിക്കുന്നവനായി) ഇരുന്നു. എന്നാൽ വിക്റ്ററിന്റെ പിൻഗാമികളായ 'സഫീറിനോസ്' കാലസ്തോസ്[2] എന്നി

2 കാലസ്തോസ്: ഇവൻ പ്രവർത്തിച്ച പ്രമാണവിരുദ്ധങ്ങളായ അനേക സംഗതികളാൽ റോമായിൽ ഒരു സുന്നഹദോസ് കൂടി ഇവനെ മുടക്കി. ആ പ്രമാണവിരുദ്ധപ്രവർത്തനങ്ങളിൽ ഒന്ന് വേദവിപരീതങ്ങളിൽനിന്നും ശീശ്മകളിൽ

വരുമായി വേദശാസ്ത്രസംബന്ധമായും മറ്റുമുള്ള കാര്യങ്ങളിൽ, പ്രത്യേകിച്ച് വി. ത്രിത്വവിശ്വാസം ഉപേക്ഷിച്ചവരെയുള്ള സ്വീകരണം വൈദികരുടെ വിവാഹം എന്നീ കാര്യങ്ങളിൽ അവരുടെ അബദ്ധാഭിപ്രായത്തോട് ഭിന്നാഭിപ്രായക്കാരനായിരുന്നു. അതുകൊണ്ട് കാലസ്തോസിന്റെ ഭരണകാലത്ത് അദ്ദേഹം സഭയിൽനിന്നു വേർതിരിക്കപ്പെടുകയും താൻ ഒരു പള്ളി സ്ഥാപിച്ച് അതിൽ എപ്പിസ്കോപ്പയായി തീരുകയും ചെയ്തു. ഇപ്രകാരം 18 കൊല്ലക്കാലം ജീവിച്ചു. താൻ നാടുകടത്തപ്പെട്ടിരുന്നപ്പോൾ തന്റെ മരണത്തിനു മുമ്പ് തന്റെ അനുയായികളോടു വി. സഭയിലേക്കു തിരിയെ ചേരണമെന്നു കല്പിച്ചിരുന്നു. ഇതിനാൽ ആ കാലംമുതൽ സത്യമൗദ്യാനായായി അദ്ദേഹത്തെ സഭ ഗണിച്ചുവന്നു. അദ്ദേഹം 35 പുസ്തകങ്ങളും അനേക പ്രസംഗങ്ങളും വ്യാഖ്യാനങ്ങളും എഴുതിയിട്ടുണ്ട്. ഗ്രീക്ക്ഭാഷയിൽ എഴുതിയിട്ടുള്ള എഴുത്തുകാരിൽ അവസാനത്തെ ലത്തീൻകാരൻ (റോമാസഭയിലെ എഴുത്തുകാരൻ) ഇദ്ദേഹമായിരുന്നു. എന്തെന്നാൽ യഹൂദന്മാരിൽ നിന്നാകട്ടെ പുറജാതികളിൽനിന്നാകട്ടെ ഉള്ള റോമിലെ ആദ്യക്രിസ്ത്യാനികളുടെ ഭാഷ ഗ്രീക്കായിരുന്നു. ഇപ്രകാരംതന്നെ റോമാസിംഹാസനത്തിന്റെ എല്ലാ പഴയ രേഖകളും ഗ്രീക്കുഭാഷയിലായിരുന്നു.

---

നിന്നും സഭയോടു ചേർന്നിരുന്നവരെ യാതൊരു ശിക്ഷണനടപടിയും കൂടാതെ സഭയിൽ സ്വീകരിച്ചുവന്നു. രണ്ടാമതായി എപ്പിസ്കോപ്പ എത്ര മരണകരമായ പാപം ചെയ്താലും അദ്ദേഹത്തെ മുടക്കുവാൻ പാടില്ല. മൂന്നാമതായി രണ്ടോ മൂന്നോ പ്രാവശ്യംപോലും വിവാഹംചെയ്ത ആളുകളെ എപ്പിസ്കോപ്പന്മാരും കശീശന്മാരും ശെമ്മാശന്മാരും ആക്കി വാഴിച്ചു. നാലാമതായി മാമോദീസാ ആവശ്യാനുസരണം വീണ്ടും വീണ്ടും കൊടുക്കുന്നതിനുള്ള പതിവ് ഉണ്ടാക്കി.

## അദ്ധ്യായം 5

# അലക്സന്ത്ര്യായിലെ വിദ്യാലയവും മല്പാന്മാരും

ഈ വിദ്യാലയത്തെ സംബന്ധിച്ച് മുമ്പൊരദ്ധ്യായത്തിൽ നാം കണ്ടു കഴിഞ്ഞു. എ.ഡി. 202-ൽ ഈ വിദ്യാലയത്തിലെ പ്രധാന അദ്ധ്യാപകനായ ക്ലീമ്മീസ് കശീശാ പീഡ നിമിത്തം ഭയന്ന് കപ്പദോക്യയിലേക്ക് ഓടിപ്പോകയും അങ്ങനെ കുറഞ്ഞോരു കാലത്തേക്ക് വിദ്യാലയം അടയ്ക്കപ്പെട്ടു കിടപ്പാൻ ഇടവരികയും ചെയ്ത കാര്യത്തെക്കുറിച്ച് ആ അദ്ധ്യായത്തിൽ വിവരിച്ചിരുന്നു. എന്നാൽ ഈ ദുർവ്വിധിയിൽനിന്നും താമസമെന്യെ ആ വിദ്യാലയം രക്ഷപെട്ടു. വേദശാസ്ത്ര സമുദ്രത്തിന്റെ മറുകര കണ്ടവൻ എന്നു വേണമെങ്കിൽ സംശയമെന്യെ പറയപ്പെടാവുന്ന ഓറിജാനീസ് ആ വിദ്യാലയത്തിന്റെ നേതൃത്വം സ്വീകരിച്ച് അവിടെ വീണ്ടും പഠനം ആരംഭിച്ചു. അന്നത്തെ പ്രസിദ്ധങ്ങളായ എല്ലാ തത്ത്വചിന്തകളിലും വേദശാസ്ത്രങ്ങളിലും അനിതരസാധാരണമായ പ്രാവീണ്യം സമ്പാദിച്ച ഒന്നാന്തരം ഒരു ഉപദേഷ്ടാവെന്നതിനും പുറമെ ആരുടേയും ഹൃദയത്തെ അനായാസേന ആകർഷിക്കാനും അത്ഭുതപ്പെടുത്തുവാനും കഴിഞ്ഞിരുന്ന ഒന്നാന്തരം ഒരു പ്രഭാഷണചതുരനും ആയിരുന്നു അദ്ദേഹം. തന്റെ കേൾവി നാനാപ്രദേശത്തും പരന്നതിന്റെ ഫലമായി വളരെ ജനം അടുത്തുനിന്നും അകലത്തുനിന്നും അദ്ദേഹത്തിന്റെ ജ്ഞാനമധു പാനംചെയ്വാൻ അടുത്തു കൂടാറുണ്ടായിരുന്നു. അവരുടെയെല്ലാം ഹൃദയങ്ങളെ തന്റെ ആസ്വാദ്യകരവും അത്ഭുതകരവുമായ ജ്ഞാനരശ്മികളാലും വശ്യവചസ്സുകളാലും ആഹ്ലാദഭരിതമാക്കുകതന്നെ ചെയ്തിരുന്നു. പുരാതനകാലത്തെ 'ഗ്രീക്ക് തത്ത്വചിന്ത' ലോകം എന്നും അത്ഭുതത്തോടെ സ്മരിക്കുന്നതാണല്ലോ. ഇങ്ങനെയുള്ള എല്ലാ ജ്ഞാനങ്ങളിലും സാഹിത്യം, തർക്കം, തത്ത്വം ആദിയായവയിലും വേദശാസ്ത്രപരിജ്ഞാനത്തിലും പ്രഭാഷണപ്രസക്തിയിലും ആരെയും അതിശയിപ്പിക്കത്തക്ക പ്രാമാണ്യം വളരെ ചെറുപ്പത്തിലെതന്നെ ഒറീജാനോസിന് വശമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹം ആർജ്ജിച്ചതുപൊലെയുള്ള ഒരു സ്ഥാനം അദ്ദേഹത്തിന്റെ കാലത്തും തലമുറയിലും മൂന്ന് നൂററാണ്ടുകളിലും മറ്റാർക്കും സിദ്ധി

ച്ചിരുന്നില്ല എന്ന് നിസ്സംശയം പറയാം. ഈ ശ്രേഷ്ഠാദ്ധ്യാപകന്റെ നേതൃത്വം ആ വിദ്യാലയത്തിന് ഒരു ഭൂഷണംതന്നെ ആയിരുന്നു.

ഈ ഓറീജാനോസിന്റെ ജന്മകാലം കൃത്യമായി പറയുന്നതിന് നിർവ്വാഹമില്ലെങ്കിലും 184-നും 186-നും മദ്ധ്യേയുള്ള ഒരു കാലമായിരുന്നുവെന്ന് ഗണിക്കാവുന്നതാണ്. ഇദ്ദേഹം ഒരു ക്രിസ്തീയ കുലീന കുടുംബത്തിൽ ജാതനായി. ദൈവഭക്തനും സമർത്ഥനും പ്രസിദ്ധനുമായ ഇദ്ദേഹത്തിന്റെ പിതാവ് ലിയോനീദോസ് തന്നെയായിരുന്നു ബാല്യകാലത്തിൽ അദ്ദേഹത്തിന്റെ ഗുരുസ്ഥാനം വഹിച്ചത്. അങ്ങനെ സ്വഗൃഹത്തിൽ വച്ചുതന്നെ വേദപുസ്തകജ്ഞാനം സാമാന്യമായി സമ്പാദിച്ചതിനുശേഷം അലക്സന്ത്ര്യായിലെ വിദ്യാലയത്തിൽ ചേർന്ന് ക്ലീമ്മീസിന്റെ കീഴിൽ വിദ്യാഭ്യാസം തുടർന്നു. ഇതുവരെയും ഓറീജാനോസിസ് ജീവിതക്ലേശം എന്തെന്നറിവാൻ സംഗതിയായിട്ടില്ലായിരുന്നു. അദ്ദേഹത്തിന് ഏകദേശം 17 വയസ്സ് പ്രായമുണ്ടായിരുന്നപ്പോൾ, ക്രി. 202-ൽ പിതാവായ ലിയോനിദോസ് രക്തസാക്ഷിയായി ത്തീർന്നു. തന്റെ പിതാവിനെപ്പോലെതന്നെ സാക്ഷിമരണം പ്രാപിക്കുന്നതിന് ഒറീജാനോസിന് ആ ബാല്യകാലത്തും യാതൊരു മടിയുമുണ്ടായിരുന്നില്ല. ക്രിസ്തുവിനുവേണ്ടി ഏത് ത്യാഗവും മരണംപോലും സഹിപ്പാൻ അദ്ദേഹം ഒരുക്കമുള്ളവനായിരുന്നു. എന്നാൽ പിൽക്കാലത്ത് അനേകം പേർക്ക് അദ്ദേഹം രക്ഷയുടെ ഒരു കാരണക്കാരനായിരിപ്പാൻ തക്കവണ്ണം ദൈവം അദ്ദേഹത്തെ മുൻനിർണ്ണയിച്ചിരുന്നതിനാൽ എല്ലാ അപകടങ്ങളിൽക്കൂടിയും ദൈവികകരം ബാല്യകാലം മുതൽ അദ്ദേഹത്തെ വഴിനടത്തിക്കൊണ്ടിരുന്നു. രക്തസാക്ഷിയായി മരിക്കുന്നവന്റെ സകല സമ്പാദ്യവും കണ്ടുകെട്ടുക എന്ന പതിവ് അന്നു സർക്കാരിനുണ്ടായിരുന്നു. ഈ നിയമമനുസരിച്ച് ലിയോനിദോസിന്റെ സർവ്വസമ്പത്തും സർക്കാർ കൈവശപ്പെടുത്തുകയാൽ ഹതഭാഗ്യനായ ഒറിജാനോസ് കേവലം നിരാശ്രയനായി ഭവിച്ചു. ദാരിദ്ര്യത്തിന്റെ ദംശനത്താൽ കുറെനാൾ സങ്കടമനുഭവിച്ചെങ്കിലും ഒരു രക്ഷാകവാടം – ദൈവനിയോഗപ്രകാരമെന്നേ പറയേണ്ടു – വേഗം തുറന്നുകിട്ടി. ചെറുപ്പകാലത്തുതന്നെ ഓറിജാനോസിൽ പ്രത്യക്ഷപ്പെട്ടിരുന്ന ഭാവിമഹത്ത്വത്തിന്റെ നിഴലുകൾ ധനവതിയും ദൈവഭക്തയുമായ ഒരു വിധവ കണ്ടു മനസ്സിലാക്കുകയും ആ പൈതലിന്റെ ബുദ്ധിസാമർത്ഥ്യവും ചുറുചുറുപ്പും അവളുടെ ആർദ്രഹൃദയത്തെ ആകർഷിക്കുകയും ചെയ്തതിനാൽ താമസംവിനാ നിരാലംബനായിരുന്ന ആ പൈതലിന്റെ രക്ഷാകർത്തൃത്വം അവൾ താല്പര്യത്തോടുകൂടി ഏറ്റെടുത്തു. ഇതോടുകൂടി വിദ്യാഭ്യാസം തുടർന്നുകൊണ്ടു പോകുവാനുള്ള സുവർണ്ണാവസരം ഓറിജോനോസിനു സിദ്ധിച്ചു.

18 വയസ്സ് പ്രായമായപ്പോഴേക്കും ആരെയും അതിശയിപ്പിക്കത്തക്ക ജ്ഞാനം തത്ത്വശാസ്ത്രാദികളിലും വേദശാസ്ത്രാദികളിലും അദ്ദേഹം സമ്പാദിച്ചുകഴിഞ്ഞിരുന്നു. എ.ഡി. 193-ൽ പുറജാതിക്കാരനും

ഗ്രീക്ക്‌വർഗ്ഗത്തിൽപെട്ടവനുമായ "അമ്മോനിയോസ് സക്കാസ്" എന്ന ജ്ഞാനി അലക്സന്ത്രിയായിൽ ഒരു വിദ്യാലയം ആരംഭിച്ചിരുന്നു. ഇദ്ദേഹം പ്ലേറ്റോ തത്ത്വചിന്താഗതിയിൽ പെട്ടവനായിരുന്നു. എന്നാൽ പ്ലേറ്റോയുടേയും അരിസ്റ്റോട്ടലിന്റെയും സിദ്ധാന്തങ്ങളെ ഏകീകരിച്ച് അവ രണ്ടിലുമുള്ള തത്ത്വശകലങ്ങളെ സംഗ്രഹിച്ച് ഒരു പുതിയ പ്ലേറ്റോ സിദ്ധാന്ത (New Platonic)പഠനരീതിയാണ് ഈ വിദ്യാലയത്തിൽ കൈക്കൊണ്ടിരുന്നത്.[1] അതുകൂടാതെ ഈജിപ്തിലെ രാജാവായ ബത്‌ലീമോസിനാൽ ബി.സി. 323-ൽ സ്ഥാപിതമായ മറ്റൊരു പാഠശാലയും അവിടെയുണ്ടായിരുന്നു. ഓറിജാനോസ് തന്റെ വിദ്യാലയപഠനം അവസാനിപ്പിച്ചതോടുകൂടി അദ്ദേഹത്തിന്റെ അസാമാന്യമായ സാമർത്ഥ്യത്തിൽ വിസ്മയനീയനായി അവിടുത്തെ പാത്രിയർക്കീസായ ദീമെത്രയോസ് അദ്ദേഹത്തെ അവിടുത്തെ പ്രധാനാദ്ധ്യാപകനായി നിയമിച്ചു. ഈ ശ്രേഷ്ഠമായ ജോലിയെ യഥായോഗ്യം നിർവ്വഹിച്ചുകൊണ്ടിരുന്നതിനും പുറമെ വിജ്ഞാനസമ്പാദനത്തിനുള്ള ഔത്സുക്യം അദ്ദേഹത്തിൽ എപ്പോഴും കുടികൊണ്ടിരുന്നതിനാൽ പുതിയ പ്ലേറ്റോണിക്ക് സ്കൂളിൽ പോയി അവിടെനിന്നും വിവിധ ഗ്രീക്ക് തത്ത്വചിന്തകളെ ഒരു വിദ്യാർത്ഥി എന്ന നിലയിൽ ഗ്രഹിച്ചുവന്നിരുന്നു. തന്റെ 25-ാമത്തെ വയസ്സിൽ ഈ പഠിത്തങ്ങളെല്ലാം പൂർത്തിയാക്കുകയും തത്ത്വജ്ഞാനപരമായും വേദശാസ്ത്രപരമായും ഒരു പ്രമുഖസ്ഥാനം കരഗതമാക്കുകയുംചെയ്തു. പ്ലേറ്റോ ന്യൂമേനിയോസ്, സ്റ്റോവിക്സ്, പിസാഗോറിയൻസ് എന്നിവരുടെ ഗ്രന്ഥങ്ങൾ അവിടെവച്ച് നല്ലവണ്ണം അഭ്യസിച്ചു. ഇതിനിടയ്ക്ക് എബ്രായഭാഷയും വശമാക്കിയിരുന്നു. എന്തുകൊണ്ടെന്നാൽ പുരാതനവേദേതിഹാസങ്ങളുടെയെല്ലാം ഉല്പത്തി ആ ഭാഷയിൽനിന്നുമാണല്ലോ.

ഇതിനുശേഷം ഓറിജാനീസ് തന്റെ സർവ്വശ്രദ്ധയും തന്നെ ഭരമേല്പിച്ച വിദ്യാലയത്തിന്റെ വിജയകരമായ പുരോഗതിയിൽ തന്നെ ചെലവാക്കി. വിവിധ മാർഗ്ഗങ്ങളിലൂടെ കരഗതമായ ജ്ഞാനാനുഭവങ്ങളും ജന്മനാതന്നെ തനിക്കു സിദ്ധിച്ചിരുന്ന ബുദ്ധികൂർമ്മതയും ത്യാഗസമ്പൂർണ്ണവും സേവനസന്നദ്ധവുമായ തന്റെ യൗവ്വനകാലവും ഇങ്ങനെ എല്ലാംകൂടി ഒന്നിച്ചു ചേർന്ന ഒരു സമർത്ഥ മല്പാനെ ആ വിദ്യാലയത്തിന്റെ ഭരണനേതാവായി ലഭിച്ചത് അതിന്റെ സുദീർഘവും സുശോഭനവുമായ ചരിത്രത്തിൽ ഒരു സുവർണ്ണാവസരമായിരുന്നു. അക്രൈസ്തവവിദ്യാലയങ്ങളുടെ നേട്ടങ്ങളിൽ ഒരു വിധത്തിലും തന്റെ വിദ്യാലയം താണനിലയിലാകാതെ എന്നും ഉന്നതിയോടുകൂടി നില്ക്കത്തക്കവണ്ണം അതിലെ പഠനരീതികളും വിഷയങ്ങളും സാഹിത്യം, ഗണിതം,

---

1 അക്കാലത്ത് "പ്ലോട്ടിൻ" എന്ന ഒരു തത്ത്വജ്ഞാനി അറിയപ്പെട്ടു. ഇദ്ദേഹം അമ്മോനിയോസിനു ശിഷ്യപ്പെട്ടതിനുശേഷം നവീനവും ആത്മികവുമായ ഒരു തത്ത്വജ്ഞാനം പുറപ്പെടുവിച്ചു. അത് അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെട്ടു.

തത്ത്വം, തർക്കം ആദിയായ കലകളിലും പ്രകൃതിശാസ്ത്രം, നക്ഷത്ര ശാസ്ത്രം, വേദശാസ്ത്രം ആദിയായവയിലും വിദ്യാർത്ഥികൾക്ക് ശരിയായ ജ്ഞാനം ലഭിക്കത്തക്കവണ്ണം ഏററവും സാമർത്ഥ്യത്തോടുതന്നെ അദ്ദേഹം ക്രമപ്പെടുത്തിയിരുന്നു. വിദ്യാലയ പുരോഗതിയിൽ കഴിയും വിധമെല്ലാം അദ്ദേഹം വ്യാപൃതനായിരുന്നുവെങ്കിലും തുലോം പരിമിതങ്ങളായ അതിന്റെ ഭിത്തികൾക്കകം മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ വിഹാരരംഗം. വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനിടയ്ക്ക് പകൽ സമയം അദ്ദേഹത്തിനു ലഭിച്ചിരുന്ന വിശ്രമാവസരങ്ങൾ കർത്താവിന്റെ ദിവ്യസുവിശേഷഘോഷണത്തിനും വിശ്വാസികളെ പ്രബോധിപ്പിക്കുന്നതിനും ക്ഷീണചിത്തരായവരെ കർത്താവിൽ ആശ്വസിപ്പിക്കുന്നതിനും ബലപ്പെടുത്തുന്നതിനും ഇതുപോലെ ആത്മപ്രയോജനകരങ്ങളായ ഇതര പ്രവർത്തനങ്ങൾക്കുമായി ചെലവിട്ടിരുന്നു. അത് മതപീഡനത്തിന്റെ കാലമായിരുന്നു. അക്കാലങ്ങളിൽ വിശ്രമമെന്തെന്ന് അദ്ദേഹം അറിഞ്ഞിരുന്നില്ല. വളരെ വിശ്വാസികൾ കൊല്ലപ്പെട്ടുവന്നിരുന്നു. തന്റെ ശിഷ്യന്മാരിൽ പലരും അങ്ങനെയുള്ളവരിലുൾപ്പെട്ടിരുന്നു. അത് ഏററവും മർമ്മഭേദകമായിരുന്നെങ്കിലും കർത്താവിൽ ശക്തിപ്പെട്ട് അദ്ദേഹം ചുറ്റിനടന്ന് മറ്റുള്ളവരെ വിശ്വാസത്തിലും കർത്താവിനെക്കുറിച്ചുള്ള പ്രത്യാശയിലും വൈരാഗ്യമുള്ളവരാക്കുവാൻ ഉത്സാഹിച്ചുകൊണ്ടിരുന്നു. മിക്കവാറും രാത്രിയുടെ യാമങ്ങൾ വി. വേദപുസ്തകത്തിലെ വാക്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനും ആന്തരികമായി ധ്യാനിക്കുന്നതിനും ഉപയോഗിച്ചു.

അലക്സന്ത്രിയായിലെ യുവതികൾക്കും അദ്ദേഹം ആദർശവാനും അമൂല്യ ഉപദേഷ്ടാവുമായിരുന്നു. തന്റെ ആത്മാർത്ഥതയെക്കുറിച്ച് അന്യഥാ ആരും ശങ്കിക്കേണ്ട എന്നുവച്ച് അദ്ദേഹം തന്നെത്തന്നെ ഒരു ഷണ്ഡനാക്കിത്തീർത്തു. റോമിലെ പുരാതനദൈവാലയം സന്ദർശിക്കേണ്ടതിന് അവിടുത്തെ എപ്പിസ്കൂപ്പായായ "സ്ഫിയറീനോസി"ന്റെ കാലത്ത് 212-ൽ അദ്ദേഹം അവിടേക്കു പോയി തിരിച്ചുവന്നു. അദ്ദേഹത്തെക്കുറിച്ചുള്ള കീർത്തി ചുറ്റുമുള്ള പ്രദേശമൊക്കെയിലും പരന്നു. അക്കാലത്ത് അറബി പ്രദേശാധികാരിക്ക് മതപരമായ അനേകം കാര്യങ്ങൾ ഗ്രഹിപ്പാൻ കൗതുകംതോന്നി. ഓറിജാനോസിന്റെ അസാമാന്യ വ്യുല്പത്തിയെക്കുറിച്ച് കേട്ടപ്പോൾ അദ്ദേഹത്തെ തന്റെ അടുക്കലേക്ക്, കുറേക്കാലത്തേക്ക് പറഞ്ഞയയ്ക്കണമെന്നും അനേകകാര്യങ്ങൾ അദ്ദേഹത്തിൽനിന്നും ഗ്രഹിപ്പാൻ തനിക്കാശയുണ്ടെന്നും കാണിച്ച് അപേക്ഷിച്ചുകൊണ്ട് അലക്സന്ത്രിയായിലെ പാത്രിയർക്കീസിന് എഴുതി അയയ്ക്കുകയാൽ 214-ൽ ഓറിജാനോസ് ആ സ്ഥലത്തേക്ക് നിയോഗിതനായി. കുറെക്കഴിഞ്ഞു തിരിച്ചുവന്നുവെങ്കിലും അതിനടുത്ത വർഷംതന്നെ പീഡ ആരംഭിച്ചതിനാൽ അലക്സന്ത്ര്യായിൽനിന്ന് പലസ്തീനിലേക്ക് പോകുവാൻ അദ്ദേഹം പ്രേരിതനായി. അവിടുത്തെ താമസക്കാലത്തിനിടയ്ക്ക് കൈസറിയായിലേയും ഊർശ്ലേമിലേയും

എപ്പിസ്കോപ്പന്മാരെ അദ്ദേഹം കാണുകയും അന്ന് വി. വേദപുസ്തകം തങ്ങളുടെ ജനങ്ങൾക്ക് വ്യാഖ്യാനിച്ചുകൊടുക്കുന്ന ജോലിയിൽ അവർ അദ്ദേഹത്തെ നിയമിക്കയും ചെയ്തു. ഈ കാലത്തുതന്നെ അലക്സാണ്ടർ സേവേറിയോസ് രാജാവിന്റെ മാതാവായ ദൈവഭക്തയായ "ജൂലിയാമാമ" അദ്ദേഹത്തെ അന്ത്യോഖ്യയിലേക്ക് വിളിപ്പിച്ച് മതപരമായ കാര്യങ്ങൾ പഠിക്കുകയും അദ്ദേഹത്തിന്റെ ദിവ്യോപദേശങ്ങളാൽ അവൾ വിശ്വാസത്തിൽ തീക്ഷ്ണതയുള്ളവളായി തീരുകയും ചെയ്വാനും ഇടയായി. അലക്സന്ത്രിയായിലെ വിദ്യാലയ ചുമതല തുടർന്നുകൊണ്ടുപോകുവാൻ പാത്രിയർക്കീസായ ദിമിത്രിയോസ് അദ്ദേഹത്തെ തിരിച്ചുവിളിക്കുകയാൽ സന്തോഷത്തോടെ തിരിച്ചുചെന്ന് 230 വരെ അവിടെ താമസിച്ചു. ആ ആണ്ടിൽ തന്നെ വേറെ ചില സ്ഥലങ്ങൾ ചുറ്റിസഞ്ചരിക്കുകയും ആ സഞ്ചാരത്തിനിടയ്ക്ക് ഊർശ്ലേമിലെ അലക്സന്ത്രയോസ്, കൈസറിയായിലെ മോർ തേവോക്തോസ്ത്തോസ് എന്നീ എപ്പിസ്കൂപ്പന്മാർ ഒരുമിച്ച് അദ്ദേഹത്തിനു പട്ടംകൊടുത്ത് കശീശാ സ്ഥാനത്തേക്ക് ഉയർത്തുകയുംചെയ്തു. എന്നാൽ ഈ സ്ഥാനലബ്ധി മറ്റൊരുവിധത്തിൽ അല്പം അസുഖത്തിനു കാരണമായിത്തീർന്നു. അലക്സന്ത്രിയായിലെ പാത്രിയർക്കീസ് തന്നോടു നീരസപ്പെടുകയും രണ്ട് കാരണങ്ങൾ പറഞ്ഞ് മുടക്കുകയും ചെയ്തു. താൻ സ്വയം ഷണ്ഡനാക്കിത്തീർത്തതും[2] ഇടവകാധികാരിയിൽ നിന്നല്ലാതെ പട്ടമേറ്റതുമാണ് മുടക്കിനു കാരണങ്ങളായി ആരോപിക്കപ്പെട്ടതെങ്കിലും യാഥാർത്ഥ്യം അതായിരുന്നില്ല. ഓറിജാനോസിന്റെ അസൂയാവഹമായ ജ്ഞാനവും ജനസ്വാധീനതയും സാമർത്ഥ്യവും യശസ്സും കുറേക്കാലമായി ദിമെത്രിയോസ് പാത്രിയർക്കീസ് വിരസതയോടും അസൂയയോടുംകൂടി വീക്ഷിച്ചുവരികയായിരുന്നു. തന്റെ കീഴിലുള്ള ഒരാളുടെ മഹത്ത്വം തന്റെ മഹത്ത്വത്തേക്കാൾ വർദ്ധിച്ചുവരുന്നതായി കാണുന്നതിനെ സഹിക്കുന്നതിനോ അതിനെ ആസ്വദിക്കുന്നതിനോ ഉള്ള വിശാലഹൃദയം സാമാന്യമായി ചുരുക്കംപേരിലേ ലോകത്തിൽ കാണുകയുള്ളു. ഈ അസൂയതന്നെയാണ് പ്രസ്തുത ശിക്ഷണനടപടിക്കും കാരണമായിത്തീർന്നതെന്നു പറയേണ്ടിയിരിക്കുന്നു. ഓറിജാനോസ് ഷണ്ഡനായിത്തീർന്ന സംഗതി ദിമത്രിയോസ് പ്രഥമമായി കേട്ടപ്പോൾ അത്

2 വി. നിഖ്യാ സുന്നഹദോസ് വരെ (എ.ഡി. 325) പ. പിതാക്കന്മാർ ഓറിജന്റെ കാര്യത്തിൽ ഭിന്നാഭിപ്രായമുള്ളവരായിരുന്നതിനാൽ നിഖ്യാസുന്നഹദോസ് ഓറിജനെക്കുറിച്ചും അയാളെപ്പോലെയുള്ളവരെക്കുറിച്ചും താഴെ പറയുന്ന നിശ്ചയം ചെയ്തു. "ഒരുത്തൻ എന്തെങ്കിലും രോഗം നിമിത്തം വൈദ്യന്മാരാൽ പരിച്ഛേദന ചെയ്യപ്പെടുകയോ ബർബ്ബരന്മാരാൽ ശസ്ത്രക്രിയ ചെയ്യപ്പെടുകയോ ചെയ്താൽ അവൻ ആചാര്യത്വത്തിൽതന്നെ നിന്നുകൊള്ളട്ടെ. എന്നാൽ ഒരുവൻ സൗഖ്യത്തോടെ ഇരിക്കുമ്പോൾ തന്നത്താൻ ഛേദിക്കുന്നുവെങ്കിൽ അവൻ ആചാര്യഗണത്തിൽപെട്ടവനായിരുന്നാലും ഒഴിവാക്കപ്പെടുവാൻ കടപ്പെട്ടിരിക്കുന്നു. ഇപ്പോൾ മുതൽ ഇതുപോലെയുള്ള ഒരുത്തനുംതന്നെ ആചാര്യത്വത്തിന് അടുത്തുവരുവാൻ പാടില്ല.

പ്രമാണവിരുദ്ധമാണെങ്കിലും അത്ഭുതത്തോടെ പ്രസ്താവിച്ചത് "അദ്ദേഹം തന്റെ വ്രതസംരക്ഷണത്തിലേക്ക് ഇങ്ങനെ ചെയ്തതാണ്" എന്നായിരുന്നു. മാത്രമല്ല ഓറിജാനോസിന്റെ ധൈര്യത്തെക്കുറിച്ചും ദൈവസ്നേഹാധിഷ്ഠിതമായ ശുശ്രൂഷാസന്നദ്ധതയെക്കുറിച്ചും അക്കാലത്ത് അദ്ദേഹം അത്ഭുതപുളകിതനായിട്ടാണ് കാണപ്പെട്ടത്. ഈ കാര്യത്തിൽ അവർ തന്നെ സഹായിക്കേണ്ടതിന് റോമിലെ ഫാബിയാനോസ് ആദിയായ പല എപ്പിസ്ക്കൂപ്പന്മാർക്കെഴുതിയെങ്കിലും റോമാസഭ പോലും തന്നെ നിരസിച്ചു. ഈ മുടക്കിനുശേഷം ഓറിജനോസ് കൈസറിയായിൽ താമസമായി. ഇതേ തുടർന്നുള്ള ഇദ്ദേഹത്തിന്റെ ചരിത്രം കൈസറിയായിലെ വിദ്യാലയത്തെക്കുറിച്ച് പ്രസ്താവിക്കുന്ന അദ്ധ്യായത്തിൽ വിവരിച്ചുകൊള്ളാം.

ഓറിജാനോസിനുശേഷം അലക്സന്ത്രിയായിലെ വിദ്യാമന്ദിരത്തിൽ ഹീറാക്കിലിസ് എന്ന ശ്രേഷ്ഠൻ 230-ൽ നിയമിതനായി. ഇദ്ദേഹം ഒറിജാനോസിന്റെ സമർത്ഥ ശിഷ്യരിൽ ഒരുവനും മതം, തത്ത്വം ആദിയായ ശാസ്ത്രങ്ങളിൽ നല്ല വ്യുല്പത്തിയുള്ളവനുമായിരുന്നു. ഓറിജാനോസ് ഈ വിദ്യാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ പ്രഥമ ക്ലാസ്സുകളിൽ ഉപദേശിപ്പാൻ ഇദ്ദേഹത്തെ നിയോഗിച്ചിട്ടുണ്ടായിരുന്നു. ഇങ്ങനെയെല്ലാമാണെങ്കിലും ഓറിജാനോസ് മുടക്കപ്പെട്ടപ്പോൾ അദ്ദേഹവും ഒറിജാനോസിന് എതിരായിനിന്നു. പുരോഹിതവൃന്ദങ്ങളുടേയും ജനങ്ങളുടേയുമിടയിൽ ഇദ്ദേഹത്തിന് അസാമാന്യമായ ഒരു സ്ഥാനമുണ്ടായിരുന്നു. അവർ ഇദ്ദേഹത്തെ അത്യധികം സ്നേഹിക്കുകയും ബഹുമാനിക്കയും ചെയ്തുവന്നു. ഏറെ താമസിയാതെ അലക്സന്ത്രിയായിലെ പ്രധാന പുരോഹിതനായി (പാത്രിയർക്കീസായി) വാഴിക്കപ്പെടുന്നതിനുള്ള ഭാഗ്യം ഇദ്ദേഹത്തിനു സിദ്ധിച്ചു. ഇദ്ദേഹത്തിന്റെ ഇടവകക്കാർക്ക് ഇദ്ദേഹത്തോടുള്ള അതിരറ്റ വാത്സല്യത്തിന്റെയും ബഹുമാനത്തിന്റെയും സൂചനയ്ക്കായി അവർ ഇദ്ദേഹത്തെ പിതാവ് എന്നർത്ഥമുള്ള 'പാപ്പാ'എന്ന് വിളിച്ചുവന്നു. 'പാപ്പാ' എന്ന പേരിനാൽ ബഹുമാനിക്കപ്പെടുകയും സംബോധന ചെയ്യപ്പെടുകയും ചെയ്തതായി ക്രിസ്തീയ ചരിത്രത്തിലെ ആദ്യസംഭവവും വി. സഭയിലെ എപ്പിസ്കൂപ്പന്മാരിലും പാത്രിയർക്കീസന്മാരിലുംവച്ച് ഗണനീയനായ ആദ്യ ആദ്ധ്യാത്മികപിതാവും ഇദ്ദേഹമായിരുന്നു. അലക്സന്ത്ര്യായിലെ പാത്രിയർക്കീസന്മാരുടെ പട്ടികയിൽ ഇദ്ദേഹം 13-ാമനാണ്. അതുമുതൽ അലക്സന്ത്ര്യായിലെ പാത്രിയർക്കീസന്മാർ 'പാപ്പാ' എന്ന പേരിനാൽ അറിയപ്പെട്ടുവരുന്നു.[3] ഇദ്ദേഹത്തെ കഴിഞ്ഞ്

---

3 അലക്സന്ത്ര്യായിലെ വി. യാറിക്ലാസ്സിന്റെശേഷം അലക്സന്ത്ര്യയാ പാത്രിയർക്കീസന്മാർ കൂടാതെ മറ്റു പല എപ്പിസ്കൂപ്പന്മാരും 'പാപ്പാ' എന്ന പേരിൽ വിളിക്കപ്പെട്ടു. അവരിൽ കാർത്തേജിലെ വി. കുപ്രിയാനോസും മോർ ആഗസ്തീനോസും മറ്റും പ്രത്യേകം സ്മരണാർഹരാണ്. എന്നാൽ ആറാം നൂറ്റാണ്ടിൽ റോമായിലെ എപ്പിസ്കൂപ്പായേയും ഈ പേരിൽ വിളിക്കപ്പെടുവാൻ തുടങ്ങി.

അലക്സന്ത്ര്യായിലെ വിദ്യാലയാധിപനായി ദീവന്നാസ്യോസ് നിയമിതനായി. ഇദ്ദേഹവും തന്റെ ഗ്രന്ഥങ്ങളിൽ വി. യാറിക്ലാസിനെ പാപ്പായെന്ന് സംബോധനചെയ്യുന്നു. ഇദ്ദേഹം ഈജിപ്തിലെ ഒരു പുറജാതി കുടുംബത്തിൽ 190-ാമാണ്ടോടടുത്തു ജാതനായി. തത്ത്വശാസ്ത്രങ്ങൾ പഠിച്ച് ചെറുപ്പത്തിലെതന്നെ സമർത്ഥനായിത്തീർന്നു. കേവലം യാദൃച്ഛികമായ ഒരു സംഭവമാണ് ക്രിസ്തുവിനെക്കുറിച്ചുള്ള ചിന്തകൾ അദ്ദേഹത്തിന് ലഭിക്കുന്നതിനു കാരണമായിത്തീർന്നത്. ഒരു ദിവസം ഒരു സ്ത്രീ തന്റെ മുമ്പിൽകൂടി കടന്നുപോയി. അവൾ പ്രായംചെന്നവളും ക്രിസ്തുമതവിശ്വാസിനിയുമായ ഒരു പാവപ്പെട്ട സ്ത്രീയായിരുന്നു. വി. പൗലൂസ് ശ്ലീഹായുടെ ലേഖനങ്ങളിൽ ചിലതിന്റെ ഏതാനും പ്രതികൾ അവൾ വില്ക്കുവാൻ കൊണ്ടുപോകുകയായിരുന്നു. അദ്ദേഹം അത് കാണുകയും ജുഗുപ്സയോടുകൂടി അവയിൽ ഒന്നു വാങ്ങിവായിച്ചുനോക്കുകയും ചെയ്തു. താൻ ഗ്രഹിച്ചിരുന്നതായ തത്ത്വജ്ഞാനങ്ങളെ തുലോം അതിശയിപ്പിക്കത്തക്ക ജ്ഞാനമാർഗ്ഗങ്ങൾ അതിൽ വിവരിക്കപ്പെട്ടതായി അദ്ദേഹം കണ്ട് അത്ഭുതപ്പെട്ടു. ആ ഗ്രന്ഥകാരന്റെ ഇതരലേഖനങ്ങൾകൂടി തനിക്കു കൊണ്ടുവന്നു തരണമെന്ന് അവളോടാവശ്യപ്പെട്ടു. ആ വിശ്വാസിനിക്കു വളരെ സന്തോഷമായി. താമസിയാതെതന്നെ വേറെ ചില ലേഖനങ്ങളുമായി അവൾ അദ്ദേഹം ആവശ്യപ്പെട്ടപ്രകാരം വന്നെത്തി. അദ്ദേഹം അവയെ താല്പര്യമായി വാങ്ങിച്ച് ദൈവിക കൃപ സത്യമാർഗ്ഗത്തിലേക്ക് അദ്ദേഹത്തെ വഴിനടത്തുവാൻ പ്രവർത്തിക്കുന്നുണ്ടെന്ന് അവൾ ഗ്രഹിച്ച് അദ്ദേഹത്തോടിങ്ങനെ പറഞ്ഞു: "സത്യജ്ഞാനം ഇനിയും ഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങളുടെ ദൈവാലയത്തിൽ വന്നാൽ നിനക്ക് സർവ്വസംഗതികളും ഗ്രഹിക്കുവാൻ സാധിക്കുന്നതാണ്. ഈ ഗ്രന്ഥങ്ങൾ എല്ലാം നിനക്കു സൗജന്യമായി അവിടെ കിട്ടുകയും ചെയ്യും." അദ്ദേഹത്തിന്റെ കൗതുകം വർദ്ധിച്ചു. ദൈവകൃപ അദ്ദേഹത്തെ ദൈവാലയത്തിലേക്കാകർഷിച്ചു. ദൈവാലയത്തിൽ ചെന്നപ്പോൾ അവിടുത്തെ ഒരു ശെമ്മാശൻ അദ്ദേഹം ആവശ്യപ്പെട്ട ഗ്രന്ഥങ്ങൾ സന്തോഷത്തോടെ നല്കി. അവയും വി. വേദത്തിലെ ഇതര ഗ്രന്ഥങ്ങളും അദ്ദേഹം ദൈവകൃപയുടെ നിഴലിൽ വായിച്ച് പരിശോധിച്ചു നോക്കി. ശ്രേഷ്ഠതരമായ എല്ലാ ജ്ഞാനങ്ങളുടേയും അത്ഭുതകരമായ ഉറവ അവയിൽനിന്ന് പുറപ്പെടുന്നതായി അദ്ദേഹത്തിനു ബോദ്ധ്യം

അദ്ദേഹത്തെ ആദ്യമായിട്ട് ഈ പേരു വിളിച്ചത് പാരീസിലെ എപ്പിസ്ക്കൂപ്പായായ ഇന്നോദിയോസ് മാഗിനോസ് ഫിലിക്സ് (517-521) ആയിരുന്നു. ഇദ്ദേഹം റോമായിലെ പാപ്പായായ സിംമാക്കോസിനുവേണ്ടി പ്രതിവാദം ചെയ്തു. അദ്ദേഹം പുറജാതിയായിരുന്നു. പിന്നീട് വിശ്വസിച്ചു ശിഷ്യപ്പെട്ടു. റോമായിലെ പാപ്പായുടെ ആധിപത്യത്തെ സ്വീകരിക്കുന്നതിൽ ഇദ്ദേഹം വലിയ വൈരാഗ്യക്കാരനായി കാണപ്പെട്ടു. റോമായിലെ എപ്പിസ്കൂപ്പായിക്ക് പാപ്പാ എന്നുള്ള പേര് ഇദ്ദേഹം ശെമ്മാശനായിരുന്ന കാലത്തുള്ള ഇദ്ദേഹത്തിന്റെ എഴുത്തുകളിൽനിന്നുമാരംഭിച്ചു.

വന്നു. തൻനിമിത്തം ക്രിസ്തുവിൽ വിശ്വസിക്കുകയും ഒരു പെരുനാൾ ദിവസം അലക്സന്ത്രിയായിലെ ദെമത്രിയൂസ് പാത്രിയർക്കീസിൽ നിന്നും മാമോദീസാ സ്വീകരിക്കുകയും ചെയ്തു. കുറെ കഴിഞ്ഞ് ഒരു ശെമ്മാശനായി താൻ വാഴിക്കപ്പെട്ടു. അലക്സന്ത്ര്യായിലെ പാഠശാലയിൽ ഓറിജാനോസിന്റെ സമർത്ഥശിക്ഷണത്തിൽ വിദ്യാഭ്യാസം തുടർന്നു. എന്നാൽ ഹീറാക്കലാസ്, പാത്രിയർക്കീസായപ്പോൾ ദീവന്നാസ്യോസ് ആ വിദ്യാലയത്തിലെ നേതൃസ്ഥാനം വഹിപ്പാൻ തിരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ നിപുണതയോടുകൂടി ആ ചുമതല നിർവ്വഹിച്ചുവരവെ തന്റെ അസാമാന്യ യോഗ്യതകൾ 249-ൽ തന്നെ പാത്രിയർക്കാസ്ഥാനത്തേക്കുയർത്തി. ദാഖീയൂസിന്റെ കാലത്ത് 250-ൽ മതപീഡ തുടങ്ങിയപ്പോൾ താൻ കാരാഗൃഹബന്ധിതനായിത്തീർന്നു. അവിടെ അനുഭവിച്ച കഷ്ടതകൾ നിരവധിയത്രെ. വാലേറിയാനോസ് പീഡ തുടങ്ങിയപ്പോൾ 257-ൽ ലിസിയായിലെ കിഫറുവിലേക്കും മറിയൂത്തിലേക്കും നാടുകടത്തപ്പെട്ടു. ഗാലിയാനോസ് കൈസറിന്റെ കാലത്ത് തന്റെ സിംഹാസനത്തിലേക്കു തിരിച്ചുവന്നു. 265-ൽ കാലംചെയ്തു. ഇപ്രകാരം തന്റെ ആയുഷ്ക്കാലം മുഴുവനും ഒരു ക്രിസ്തീയ ഇടയനായി നല്ല ദൈവഭക്തിയോടും തീക്ഷ്ണുതയോടും ഭരണസാമർത്ഥ്യത്തോടും നല്ല പോർ പൊരുതി നല്ല സാക്ഷ്യത്തിന് അർഹനായിത്തീർന്നു. ഇദ്ദേഹം പരിശുദ്ധനും ശാന്തനും സമാധാനപ്രിയനും ആയിരുന്നതിനും പുറമെ ഒരു നല്ല വ്യാഖ്യാതാവും തത്ത്വചിന്തകനുംകൂടി ആയിരുന്നു. അദ്ദേഹത്തിന്റെ കാലത്തുണ്ടായ വേദവിപരീതങ്ങളെ നിഷ്ക്കാസനം ചെയ്യുന്നതിൽ അദ്ദേഹം നല്ല താല്പര്യം പ്രദർശിപ്പിച്ചിരുന്നു. ശ്മീശത്തുകാരൻ പൗലേ, സേബേലിയോസ്, നീബോസ്, നോബത്തിയാനോസ് ആദിയായ വേദവിപരീതികളെ എതിർക്കുന്നതിൽ അദ്ദേഹം സുധീര പങ്ക് വഹിച്ചിട്ടുണ്ട്. അതുപോലെതന്നെ വേദവിപരീതികളുടെ മാമോദീസായെ സംബന്ധിച്ചുണ്ടായ തർക്കവിഷയങ്ങളിലും അദ്ദേഹം ഇടപെട്ടിട്ടുണ്ട്. സത്യസഭയുടെ ഉപദേശങ്ങളും വേദവിപരീതികളുടെ പാഷണ്ഡോപദേശങ്ങൾക്കുള്ള മറുപടികളും ഏററവും സൂക്ഷ്മമായും വിവരമായും എഴുതുകയും പ്രസംഗിക്കയും ചെയ്യുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. അദ്ദേഹത്തിന്റെ ഉപന്യാസങ്ങളും ലേഖനങ്ങളും അധികവും നഷ്ടപ്പെട്ടുപോയി. എന്നാൽ യൗസേബിയോസിന്റെ സഭാചരിത്രത്തിലും മറ്റുമായി അവയിൽ ഏതാനും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. വി. സഭ അദ്ദേഹത്തെ ഒരു 'മൗദ്യോനോ' ആയി ഗണിച്ചുവരുന്നു.

വി. ദീവന്നാസ്യോസിനെ തുടർന്ന് തേവോഗ്നോസ്തോസ് വിദ്യാലയഭരണം ഏറ്റെടുത്തു. 264 മുതൽ 280 വരെ അദ്ദേഹം ആ സ്ഥാപനം ഭരിച്ചുവന്നു. ഓറിജാനോസിന്റെ അഭിപ്രായങ്ങളെ ഉപോദ്ബലകം ആക്കി ക്രിസ്തുമതത്തെക്കുറിച്ച് ഏഴ് ഖണ്ഡനങ്ങൾ ആയി അദ്ദേഹം ഒരു പുസ്തകം എഴുതിയിട്ടുണ്ട്. ആ പുസ്തകത്തിലെ രചനാരീതി അദ്ദേഹത്തിന്റെ സാഹിത്യസാമർത്ഥ്യത്തിന് ഒരു ഉദാഹരണ

മാണ്. അദ്ദേഹത്തിനു ശേഷം ബായീറോസ് കശീശാ വിദ്യാലയാധികാരിയായി 280-300 വരെ അത് ഭരിച്ചുവന്നു. ഇദ്ദേഹം വളരെ സമർത്ഥനും വാഗ്മിയുമായ ഒരു സന്യാസിവര്യനായിരുന്നു. ചിലർ അദ്ദേഹത്തെ രണ്ടാം ഓറിജാനോസ് എന്നു വിളിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ചരമചരിതം കൃത്യമായി അറിയുന്നതിന് നിവൃത്തിയില്ലെങ്കിലും പത്താമത്തെ പീഡയുടെ കാലത്ത് സാക്ഷിമരണം പ്രാപിച്ചുവെന്ന് ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. വ്യാഖ്യാനങ്ങളും വിവരണങ്ങളുമായി പല ഗ്രന്ഥങ്ങളും അദ്ദേഹം നിർമ്മിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ മുൻഗാമിയായി 'തേവോഗ്നോസ്തോസി'ന്റെ ഗ്രന്ഥങ്ങൾ നഷ്ടമായതുപോലെതന്നെ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും നഷ്ടമായി. അദ്ദേഹത്തെ തുടർന്ന് 'അക്കീലാകശീശ' വിദ്യാലയഭരണനേതൃത്വം സ്വീകരിച്ചു. അദ്ദേഹവും സന്യാസവൃത്തിയിലും തത്ത്വജ്ഞാനങ്ങളിലും മതശാസ്ത്രങ്ങളിലും വ്യുല്പത്തിയുള്ളവനായിരുന്നു. 311-ൽ അലക്സന്ത്രിയായിലെ പാത്രിയർക്കീസായിത്തീരുവാനുള്ള ഭാഗ്യവും സിദ്ധിച്ചു.

ഇങ്ങനെ ഈ വിദ്യാലയത്തിന്റെ ആരംഭകാലം മുതൽ പ്രശസ്തരായ ഉപദേഷ്ടാക്കന്മാരാൽ ശ്രേഷ്ഠമായി നയിക്കപ്പെട്ടുവന്നതിനാൽ അലക്സന്ത്ര്യാ നഗരത്തിന് പൊതുവായും ക്രിസ്തുസഭയ്ക്കു പ്രത്യേകിച്ചും ദീർഘകാലത്തേക്ക് അത് ഒരു പ്രശംസയായിരുന്നു. നാഗരികതയിലും തത്ത്വജ്ഞാന ശാസ്ത്രാദികളിലും അക്കാലത്ത് മികച്ചു നിന്നിരുന്ന അലക്സന്ത്രിയാ പട്ടണത്തിന് ആ വിദ്യാലയത്തിന്റെ അസൂയാവഹങ്ങളായ നേട്ടങ്ങൾ ഒരു ആഭരണമായിത്തന്നെ പരിണമിച്ചു.

## അദ്ധ്യായം 6

# കൈസറിയായിലെ വിദ്യാലയവും അതിലെ മല്പാന്മാരും മുഖ്യശിഷ്യന്മാരും

ഈ പാഠശാലയും അലക്സന്ത്ര്യാ പാഠശാലയെപോലെതന്നെ അനേക ശ്രേഷ്ഠ ഉപദേഷ്ടാക്കന്മാരെയും വേദവ്യാഖ്യാതാക്കളേയും ലോകത്തിലേക്കു പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വിഷയമായി അലക്സന്ത്രിയായിലെ വിദ്യാലയത്തെ കൈസറിയായിലെ ഈ വിദ്യാലയം അതിശയിച്ചിട്ടുണ്ട്. ഇതിനു കാരണം ഓറിജാനീസിന്റെ സാന്നിദ്ധ്യമായിരുന്നു. അലക്സന്ത്രിയായിലെ പാത്രിയർക്കീസിനാൽ 230-ൽ താൻ മുടക്കപ്പെട്ടപ്പോൾ അദ്ദേഹം പലസ്തീനിയായുടെ കേസറിയായിൽ തന്നെ നിവസിപ്പാൻ നിർബന്ധിതനായി. അദ്ദേഹത്തിന്റെ ശ്രമത്താലാണ് പ്രസ്തുത വിദ്യാലയം സ്ഥാപിതമായത്. അവിടെ മതപരവും അവൈദികവുമായി വേദവിപരീതികളുടേതല്ലാത്ത എല്ലാവിധ തത്ത്വശാസ്ത്രങ്ങളും പഠിപ്പിച്ചുവന്നു.[1] ഇതിനിടയ്ക്ക് മക്സിമോസിന്റെ പീഡക്കാലത്ത് രണ്ട് വർഷക്കാലത്തോളം കപ്പദൂക്യായിലെ കൈസറിയായിലും പിന്നീട് നിക്കോദിമിയാ, അഥേന എന്നിവിടങ്ങളിലുമായിരുന്നു. തന്നെയുമല്ല രണ്ട് പ്രാവശ്യം വേദവിപരീതികൾക്കെതിരായി അറേബ്യയിൽവച്ചു കൂടപ്പെട്ട സുന്നഹദോസിൽ സംബന്ധിക്കുന്നതിന് അദ്ദേഹം ക്ഷണിക്കപ്പെട്ടു. ബുസ്ത്രായിലെ എപ്പിസ്ക്കൂപ്പായായ ബീറില്ലോസിന്[2] വിരോധമായി 244-ലും അറാബീസിനു വിരോധമായി 248-ലും ഇങ്ങനെ യഥാക്രമം ആ സുന്നഹദോസുകൾ കൂടപ്പെട്ടു. ഈ രണ്ട് പ്രാവശ്യവും മേൽപ്പറഞ്ഞ വേദവിപരീതികളുമായി തർക്കിക്കു

---

1 അത്ഭുതപ്രവർത്തകനായ മോർ ഗ്രീഗോറിയോസ് ഇപ്രകാരം പറയുന്നു: "ഓറിജാനീസ് ഞങ്ങളെ വേദശാസ്ത്രത്തോടും തത്ത്വശാസ്ത്രത്തോടുംകൂടെ പ്രകൃതിശാസ്ത്രവും തർക്കശാസ്ത്രവും ക്ഷേത്രഗണിതവും കണക്കുശാസ്ത്രവും ജ്യോതിശാസ്ത്രവും സംഗീതവും പഠിപ്പിച്ചിരുന്നു."

2 ബീറില്ലോസിന്റെ വേദവിപരീതം ഇതായിരുന്നു. മ്ശിഹാ ശരീരം ധരിക്കുന്നതിനുമുമ്പ് തന്റെ ആളത്വത്തിനു ദൈവത്വമുണ്ടായിരുന്നില്ല. എന്നാലോ തന്റെ പിതാവിന്റെ ദൈവത്വമത്രെ തന്നിൽ വസിച്ചിരുന്നത്... etc. ആറാബീസിയും സഖികളും അഭിപ്രായപ്പെട്ടിരിക്കുന്നത് "മനുഷ്യൻ മരിക്കുമ്പോൾ അവന്റെ ആത്മാവ് നശിച്ച് അഴിഞ്ഞുപോകുകയും പുനരുത്ഥാനത്തിൽ ശരീരത്തോടുകൂടി പുതുക്കപ്പെട്ട് എഴുന്നേല്ക്കുകയും ചെയ്യുന്നു" എന്നുള്ളതാണ്.

കയും അവരുടെ തെറ്റുകൾ അവരെ മനസ്സിലാക്കി സത്യത്തിലേക്കു തിരിപ്പിക്കുകയും ചെയ്തു. അലക്സാണ്ടർ സേവേറോസ് ചക്രവർത്തിയുടെ കുടുംബവുമായി പെരുമാറ്റമുണ്ടായിരുന്നതുപോലെ ഇപ്പോഴും അറബിക്കാരനായ ഫിലിപ്പ് ചക്രവർത്തിയും അദ്ദേഹത്തിന്റെ ഭാര്യ സേവേറായുമായി തനിക്കു ലേഖനങ്ങൾ മുഖാന്തിരം ബന്ധമുണ്ടായിവന്നു. വി. വേദപുസ്തകത്തിൽ തർജ്ജമപ്പിശകുകളായും പകർത്തിയെഴുതിയതിൽ വന്നുപോയിട്ടുള്ള സ്ഖലിതങ്ങളായും ഉള്ള സംഗതികൾ തന്റെ പരിശോധനകൊണ്ട് ശരിപ്പെടുത്തി അവയ്ക്കു വ്യാഖ്യാനങ്ങൾ ക്രമപ്പെടുത്തിക്കൊണ്ടിരുന്നു. യൂദന്മാരും പുറജാതികളുമായി തീവ്രമായ വാദപ്രതിവാദങ്ങൾ നടത്തിയിട്ടുണ്ട്. രക്തസാക്ഷികളായി തീരുവാനുള്ളവരെ താല്പര്യപ്പെടുത്തത്തക്കവണ്ണമുള്ള ഒരു പുസ്തകമദ്ദേഹമെഴുതി. ഒരു പുറജാതിക്കാരനും എപ്പിക്കൂറിയൻ* ചിന്താഗതിയിൽപെട്ടവനും തത്ത്വചിന്തകനുമായ കെൽസോസിനെതിരായി ഒരു പുസ്തകമെഴുതിയിട്ടുണ്ട്. അതുവരെ എഴുതപ്പെട്ടിട്ടുള്ളവയിൽ മസ്മൂറുകളൊഴികെ അദ്ദേഹത്തിന് എത്തുപെട്ടതായി വേദഗ്രന്ഥത്തിന്റെ ആറ് തർജ്ജമകൾ ശേഖരിച്ച് പരസ്പരം ഒത്തുനോക്കി ഗ്രഹിക്കത്തക്കവണ്ണം *ഹെക്സ്പ്ളാ* എന്ന പേരിൽ പ്രസിദ്ധപ്പെടുത്തി. അതുപോലെതന്നെ മസ്മൂറുകളുടെ എട്ട് തർജ്ജമകൾ ശേഖരിച്ചു. "ഓക്ടാപ്ള" എന്ന പേരിലും പ്രസിദ്ധപ്പെടുത്തി. ഈ ലേഖനങ്ങൾ കൈസറിയായിലെ ഗ്രന്ഥശാലകളിൽ ദീർഘകാലം സൂക്ഷിക്കപ്പെട്ടിരുന്നു.[3] വി. വേദപുസ്തകത്തിന്റെ ശാസ്ത്രപരമായ ഗവേഷണത്തിന് അടിസ്ഥാനമിട്ടത് ഓറിജാനോസ് ആണ്. എസ്തീനോസ്, തത്തിയാനോസ്, അഥേനാഗോറോസ്, പന്തീനോസ് ക്ലീമ്മീസ് എന്നിവർ തത്ത്വശാസ്ത്രപന്ഥാവിൽക്കൂടി ക്രിസ്തീയ തത്ത്വത്തെ വിശദീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ ഇദ്ദേഹത്തിനു മുമ്പുതന്നെ പരിശ്രമിച്ചുവെങ്കിലും ഇവരുടെ ഗവേഷണങ്ങൾ അദ്ദേഹത്തിന്റേതിനോട് താരതമ്യപ്പെടുത്തുമ്പോൾ ഒരു വിദ്യാർത്ഥിയുടെ ചെറിയ ഒരു ഉപന്യാസവും ഒരു അദ്ധ്യാപകന്റെ സമർത്ഥകൃതിയുംപോലുള്ള അന്തരമാണ് കാണുന്നത്. തത്ത്വജ്ഞാനവും മ്ശിഹൈകവിശ്വാസവും തമ്മിലും ഉന്നതസംസ്കാരവും

3 ഏഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തെല്ലായുടെ എപ്പിസ്ക്കൂപ്പായായി സുറിയാനിക്കാരനും ജ്ഞാനിയുമായ മോർ പൗലൂസ് (615-617) ഈ ശേഖരണം അന്ത്യോഖ്യയുടെ പാത്രിയർക്കീസായ മോർ അത്താനാസ്യോസ് ഒന്നാമൻ ഗാമോലോയുടെ ആഗ്രഹപ്രകാരം സുറിയാനിഭാഷയിലേക്കു തർജ്ജമചെയ്തു. ഇത് സെപ്റ്റ്വജൻറ് തർജ്ജമയിൽനിന്നുള്ളതാണ്. പിന്നീട് സുറിയാനിക്കാരായ വ്യാഖ്യാതാക്കൾ ഇതിൽ ആശ്രയിക്കുവാൻ തുടങ്ങി. ബാർ എബ്രായയും തന്റെ *ഔസർറോസെ* എന്ന പുസ്തകത്തിൽ ഇപ്രകാരമാണ് ചെയ്തിട്ടുള്ളത്. അതുപോലെ തന്റെ *സെമഹെ* എന്ന വ്യാകരണപ്പുസ്തകത്തിലും സെപ്റ്റ്വജൻറിൽനിന്നുള്ള തർജ്ജമ പ്ശീത്തോ തർജ്ജമയെക്കാൾ കൂടുതൽ ശരിയാണെന്നു ഉറപ്പിച്ചു പറയുന്നു.**

*തിന്നുക, കുടിക്കുക, ആനന്ദിക്കുക; നാളെ നാം മരിക്കും' എന്നതായിരുന്നു എപ്പിക്കൂറസിന്റെ ചിന്താഗതി.

**ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന പ്ശീത്തോ തർജ്ജമ ഗ്രീക്കു പരിഭാഷകളുമായി ഒത്തിണക്കി തയ്യാറാക്കിയവയാണ്.

ഏവൻഗേലിയോനും തമ്മിലും ഇദ്ദേഹം രഞ്ജിപ്പു വരുത്തിയതിനാൽ സർവ്വരിലും ഉപരിയായി പുരാതന ലോകത്തെ ക്രിസ്തീയമാർഗ്ഗത്തിലേക്ക് ആനയിക്കുന്നതിൽ താൻ അദ്ധ്വാനിച്ചു. അതുപോലെ വേദശാസ്ത്രം അഭിവൃദ്ധിപ്പെടുത്തുന്നതിനും അദ്ദേഹം വളരെ പരിശ്രമിച്ചു. താൻ എഴുതിയ പുസ്തകങ്ങളുടെ എണ്ണം ആറായിരമാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ ഇത് അതിശയോക്തിയാണ്. കൈസറിയായിലെ യൗസേബിയോസ് ഇദ്ദേഹത്തിന്റെ ഗ്രന്ഥസമുച്ചയത്തെപ്പറ്റി പറയുമ്പോൾ വലുതും ചെറുതുമായി ഉദ്ദേശം രണ്ടായിരത്തോളം വരുന്ന പുസ്തകങ്ങൾ അദ്ദേഹം എഴുതിയതായി രേഖപ്പെടുത്തുന്നു. താൻ എഴുതിയിട്ടുള്ളതു മുഴുവനും വായിക്കുവാൻ ആർക്കു കഴിയും? എന്ന് മോർ ഈറോനീമോസ് (ജറോം) പറയുന്നു. ഓറിജാനീസ് ഈ ഗ്രന്ഥങ്ങളിൽ മിക്കവയും സുപ്രസിദ്ധമായ തന്റെ വേദപുസ്തകവ്യാഖ്യാനവും പ്രത്യേകിച്ചും മേൽപറഞ്ഞ ഹെക്സപ്ളയും രചിച്ചത് കൈസറിയായിൽ വച്ചായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ആദിമ നൂറ്റാണ്ടുകളിൽ ഉണ്ടായിട്ടുള്ള സകല എഴുത്തുകാരിലും കൂടുതൽ പുസ്തകങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. എന്നാൽ വലിയ മഹാസമുദ്രത്തിന്റെ ഏതാനും നീർത്തുള്ളികൾപോലെ ഓറിജാനീസിന്റെ ഈ ഗ്രന്ഥസമുച്ചയങ്ങളിൽ ഏതാനും മാത്രമേ അവശേഷിച്ചിട്ടുള്ളു. ഇതിനു കാരണം പിന്നീടുണ്ടായ പീഡകളും അദ്ദേഹത്തിന്റെ കാലശേഷമുള്ള നൂററാണ്ടുകളിൽ തന്നെക്കുറിച്ച് സഭാപിതാക്കന്മാരുടെയും ജ്ഞാനികളുടെയുമിടയിൽ ഉണ്ടായ തീവ്രമായ പ്രതിവാദങ്ങളുമായിരുന്നു. ഓറിജാനസിനാൽ എഴുതപ്പെട്ട ഉദ്ദേശം നൂറ് ലേഖനങ്ങൾ ചരിത്രകാരനായ യൗസേബിയോസ് ശേഖരിച്ച് ഗ്രന്ഥങ്ങളാക്കി കൈസറിയായിലെ പ്രസിദ്ധപ്പെട്ട ലൈബ്രറിയിൽ സൂക്ഷിച്ചു (ഉസ. 6:36).

യറുശലേമിലെ മോർ അലക്സന്ത്രിയോസിനാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള യറുശലേമിലെ ഗ്രന്ഥശാലയിൽ ഇദ്ദേഹത്തിന്റെ അനേക ലേഖനങ്ങൾ സൂക്ഷിച്ചിരുന്നു (യൗസേ:6:20). എന്നാൽ ഇവകളിൽ രണ്ടെണ്ണമൊഴിച്ച് ബാക്കി എല്ലാം നഷ്ടപ്പെട്ടുപോയി. അതിൽ ഒന്ന് ശൂശാന്റെ ചരിത്രത്തെക്കുറിച്ച് യൂലിയോസ് ആഫ്രിക്കാനോസിന് അയച്ചതാണ്. മറ്റത് അത്ഭുതപ്രവർത്തകനായ മോർ ഗ്രീഗോറിയോസിനയച്ചതുമാകുന്നു. അദ്ദേഹത്തിന്റെ അഭിപ്രായഗതികളെ ചരിത്രകാരന്മാർ വിമർശിക്കുന്ന അവസരത്തിൽ "ദുർഗ്രഹങ്ങളും അത്യഗാധങ്ങളുമായ മൂല തത്ത്വങ്ങളെ അപഗ്രഥനം ചെയ്യുന്നതിനുള്ള ശ്രമത്തിൽ അദ്ദേഹത്തിന്റെ തൂലിക ചില ഭാഗങ്ങളിൽ വഴുതിപ്പോകുവാൻ ഇടയുണ്ടെ"ന്നു പറഞ്ഞിരിക്കുന്നു. എന്നാൽ ഓറിജാനസ് ജീവിച്ചിരിക്കുമ്പോൾതന്നെ തന്റെ ഗ്രന്ഥസമുച്ചയങ്ങളുടെ നല്ലനിലത്ത് ഇപ്രകാരം കളകൾ വിതച്ചതായി പറയപ്പെട്ടിട്ടുണ്ട്. നാലാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിലെ ചരിത്രകാരനായ ദൂഫിനോസും തന്റെ പുസ്തകങ്ങളെ വേദവിപരീതികൾ കളങ്കപ്പെടുത്തി എന്നു പറഞ്ഞിരിക്കുന്നു. താഴെ പറയുന്ന അഭിപ്രാ

യങ്ങൾ അദ്ദേഹത്തിന്റേതായി പറയപ്പെട്ടുവരുന്നു. “ന്യായവിധിയിൽ ശിക്ഷാർഹരാകുന്നവർക്ക് വിശേഷിച്ച് പിശാചുക്കൾക്കുപോലും തങ്ങളുടെ പാപാവസ്ഥയ്ക്കു തക്കവണ്ണമുള്ള ഒരു നിശ്ചിത കാലത്തെ അരിഷ്ടതയ്ക്കുശേഷം ദൈവത്തിൽനിന്നും അവർക്കു കരുണ ലഭിക്കും. ശരീരസൃഷ്ടിക്കു മുന്നമെ ആത്മാക്കൾ സൃഷ്ടിക്കപ്പെടുന്നു.” “ശരീരത്തിൽനിന്ന് ശരീരത്തിലേക്ക് ആത്മാക്കൾ പകരുന്നതായി അദ്ദേഹം അഭിപ്രായപ്പെടുന്നു” എന്നു ചിലർ അദ്ദേഹത്തെ കുറ്റാരോപണം ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ കൃതികളുടെ മൂലം ഇന്ന് ദൃശ്യങ്ങളല്ലാത്തതിനാൽ യഥാർത്ഥത്തിൽ തന്റെ അഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നുവെന്നു ഗ്രഹിപ്പാൻ നിവൃത്തിയില്ല. പ്രത്യേകിച്ച് അദ്ദേഹത്തിന്റെ ജീവിതകാലത്ത് ആരും തനിക്കു വിരോധമായി എഴുതിയിരുന്നില്ല. എന്നാൽ അദ്ദേഹം മരിച്ച് വളരെക്കാലം കഴിഞ്ഞതിന്റെ ശേഷമാണ് ഇദ്ദേഹത്തിനെതിരായി ഇപ്രകാരം കുറ്റാരോപണം കൊണ്ടുവന്നത്. 311-ൽ രക്തസാക്ഷിയായിത്തീർന്ന അലക്സന്ത്ര്യായിലെ പാത്രിയർക്കീസായ പ. പത്രോസ് സഹദായാണ് ആദ്യമായി ഈ വിമർശനത്തിനൊരുങ്ങിയത്. ചുരുക്കിപ്പറഞ്ഞാൽ ഇങ്ങനെ അയഥാർത്ഥങ്ങളായ അഭിപ്രായങ്ങളായി അദ്ദേഹത്തിന്റേതെന്നു പറയപ്പെടുന്നവ ശരിയാണെന്നുവരികിൽ തന്നെ അവ വേദവിപരീതപരങ്ങളായ തങ്ങളുടെ സ്വന്തഅഭിപ്രായങ്ങളെ ദാർഢ്യതയോടും ദുഷ്ടതയോടും പ്രസ്താവിക്കുവാൻ മടിക്കാത്ത വേദവിപരീതികളുടെ അഹങ്കാരബുദ്ധിയിൽനിന്നു സംഭവിച്ചിട്ടുള്ളതായി ഗണിക്കാതെ അത്യഗാധങ്ങളും ഗഹനങ്ങളുമായ മതതത്ത്വങ്ങളെ വാച്യാർത്ഥമായും വ്യംഗ്യാർത്ഥമായും കൂലംകഷമായി ചർച്ചചെയ്ത് അപഗ്രഥനം ചെയ്തതായ അവസരത്തിൽ അറിയാതെതന്നെ കടന്നുകൂടുവാൻ ഇടയായതാണെന്നും പറയാവുന്നതാണ്. ചരിത്രകാരനായ യൗസേബിയോസ്, ഓറിജാനീസിനെക്കുറിച്ച് വളരെ ശ്ലാഘിച്ച് എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ത്യാഗം, ജ്ഞാനം, വിനയം, അദ്ധ്വാനശീലം, സന്യാസവൃത്തി ആദിയായവയെല്ലാം ആ ചരിത്രകാരന്റെ ആസ്വാദനത്തിനു പ്രത്യേകം അർഹങ്ങളായിത്തീർന്നിട്ടുണ്ട്. പീഡകളിൽനിന്നും മറ്റുവിധത്തിലും യേശുവിലുള്ള വിശ്വാസസംരക്ഷണയ്ക്ക് വളരെ കഷ്ടതകളും ഞെരുക്കങ്ങളും അദ്ദേഹം സഹിച്ചിട്ടുണ്ട്. തന്റെ പൂർണ്ണഹൃദയത്തോടെ ക്രിസ്തുമതത്തെ സ്നേഹിച്ചിരുന്നു. ദോക്കീയോസിന്റെ പീഡയുടെ കാലത്ത് 250-ൽ കാരാഗൃഹബന്ധിതനായിത്തീർന്നു. സൂർ പട്ടണത്തിൽ കാരാഗൃഹവാസമനുഭവിക്കുമ്പോൾ വളരെ പീഡകൾ സഹിച്ചു. 255-ൽ തന്റെ 69-ാമത്തെ വയസ്സിൽ പരലോകപ്രാപ്തനായി. ഇദ്ദേഹത്തെ തുടർന്നു സമർത്ഥന്മാരായ അനേക ഇതരമല്പാന്മാരും ആ വിദ്യാലയ നേതൃത്വം വഹിച്ചിട്ടുണ്ട്. അപ്രകാരമുള്ളവരിൽ 380-ൽ രക്തസാക്ഷിയായിത്തീർന്ന വി. പംഫീലിയോസ്കശീശായുടെ കാര്യം പ്രത്യേകം പ്രസ്താവയോഗ്യമാണ്. അദ്ദേഹത്തെപ്പോലെയുള്ള യോഗ്യരായ ഗുരുഭൂതന്മാരുടെ

സമർത്ഥശിക്ഷണത്തിൻകീഴെ അഭ്യസനം ലഭിച്ച യോഗ്യരായ പല ശിഷ്യന്മാരും ഈ വിദ്യാലയത്തിൽനിന്നു പുറത്തുപോകുവാനിടയായിട്ടുണ്ട്. അവരിൽ അത്ഭുതപ്രവർത്തകനായ മോർ ഗ്രീഗോറിയോസ്, അദ്ദേഹത്തിന്റെ സഹോദരൻ "അഥേനോദോറോസ്, ചരിത്രകാരനായ യൗസേബിയോസ് എന്നിവരുടെ നാമങ്ങൾ സവിശേഷമായി ശ്രദ്ധയെ അർഹിക്കുന്നതാണ്.

## മോർ ഗ്രീഗോറിയോസ്

കരിങ്കടലിനടുത്ത് പുതിയ കൈസറിയായിൽ വളരെ ധനസ്ഥിതിയുള്ള ഒരു പുറജാതികുടുംബത്തിൽ 213-ാമാണ്ടോടടുത്ത് ജനിച്ചു. തേവോദോറോസ് എന്ന നാമധേയത്താലാണ് ആദ്യം ഇദ്ദേഹം അറിയപ്പെട്ടത്. അഥേനയിലും അലക്സന്ത്രിയായിലും ബെയ്റൂട്ടിലും വച്ച് അഭിഭാഷകവൃത്തി അഭ്യസിച്ചു. തന്റെ സഹോദരനായ അഥേനോദോറോസൊന്നിച്ച് 231-നോടടുത്ത് പലസ്തീനിലെ കേസറിയായിലേക്കു വന്നു. അന്ന് അവിടുത്തെ വിദ്യാലയത്തിൽ ഓറിജാനീസ് പഠിപ്പിച്ചുവരികയായിരുന്നു. അദ്ദേഹത്തിന്റെ അടുക്കൽ തത്ത്വശാസ്ത്രങ്ങൾ അഭ്യസിച്ചു. ഇക്കാലത്തിൽതന്നെ വി. വേദപുസ്തകവുമായി പരിചയമാകുന്നതിനും ദൈവികസത്യങ്ങൾ അതിൽനിന്നു ഗ്രഹിക്കുന്നതിനുമിടയായി. തൻനിമിത്തം ഓറിജാനീസിന്റെ ശിഷ്യത്വത്തിൽ കർത്താവിൽ വിശ്വസിക്കുന്നതിനും മാമോദീസാ ഏല്ക്കുന്നതിനുമിടയായി. അഞ്ച് സംവത്സരം തന്റെ അടുക്കൽ അഭ്യസിച്ചശേഷം സ്വദേശത്തേക്കു പോയി. ഇതിനകം സ്വദേശത്തും വിദേശത്തും തന്നെ സംബന്ധിച്ച് നല്ല ഒരു മതിപ്പ് മനുഷ്യർക്ക് ഉണ്ടായിത്തീർന്നു. ഒരു ഏകാകി എന്നവണ്ണം ജീവിക്കുവാൻ താൻ ആഗ്രഹിച്ചുവെങ്കിലും അതിനു സാധിച്ചില്ല. എന്തുകൊണ്ടെന്നാൽ അമസിയായിലെ മെത്രാപ്പോലീത്തായായിരുന്ന മോർ ഫീദിമോസിന് സഭയുടെ ശുശ്രൂഷയ്ക്കു പുറത്തായി ഇതുപോലുള്ള ഒരു ദൈവഭക്തനെ കാണുന്നത് ഇഷ്ടമല്ലായിരുന്നു. ആകയാൽ തന്റെ സ്വദേശമായ നവകൈസറിയായിലെ എപ്പിസ്കൂപ്പായായിത്തീരുവാൻ നിർബന്ധിക്കുകയും 240-ലോ 244-ലോ എപ്പിസ്കൂപ്പയായി വാഴിക്കുകയും ഗ്രീഗോറിയോസ് എന്ന നാമം വിളിക്കപ്പെടുകയുംചെയ്തു. തനിക്ക് ഈ സ്ഥാനത്തിൽ അശേഷം ആഗ്രഹം ഉണ്ടായിരുന്നില്ലെങ്കിൽ ഓറിജാനസ് ആദിയായ അനേകരുടെ നിർബന്ധംനിമിത്തം സ്വീകരിക്കേണ്ടതായി വന്നു. നീസായിലെ വി. ഗ്രീഗോറിയോസ് പറയും പ്രകാരം ആ ഇടവകയിലെ ഭരണം താൻ ഏറ്റെടുക്കുമ്പോൾ അവിടെ കേവലം പതിനേഴ് വിശ്വാസികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ ദൈവഭക്തന്റെ അനുസ്യൂതപ്രവർത്തനങ്ങളും ദൈവികസഹായവും അദ്ഭുതങ്ങൾ പ്രവർത്തിപ്പാൻ തനിക്കു സിദ്ധിച്ചിരുന്ന ദിവ്യവരവും മഹൽജ്ഞാനവും മറ്റുംകൊണ്ട് ആ സ്ഥലം തന്റെ സാന്നിദ്ധ്യത്താൽ അനുഗൃഹീതമായിത്തീരുകയും സത്യപ്രകാശരശ്മികൾ മൂലം ആ ദിഗ്വാസികളെ സത്യവിശ്വാസത്തിലേക്കു ആകർഷിക്കുകയും ചെയ്തുകൊണ്ടിരുന്നു.

അനേകർ ദൈനംദിനം കർത്താവിൽ വിശ്വസിച്ചു സഭയോടു ചേർന്നു കൊണ്ടിരുന്നു. അദ്ദേഹത്തെ 'അത്ഭുതപ്രവർത്തകൻ' എന്ന് ഈ ജനങ്ങൾ നാമകരണം ചെയ്തു. തന്റെ കാലത്ത് മതസംബന്ധമായ പല തർക്കങ്ങളിലും താൻ സംബന്ധിച്ചിരുന്നു.

268-ൽ ശ്മീശത്തുകാരൻ പൗലേയേ മുടക്കിയതായ അന്ത്യോഖ്യാ സുന്നഹദോസിൽ ഇദ്ദേഹം സന്നിഹിതനായിരുന്നു. മരണത്തിനു മുമ്പ് തന്റെ അടുക്കൽ നിന്നിരുന്നവരോട് ഇങ്ങനെ ചോദിച്ചു: "ഇനിയും ഇവിടെ മാമോദീസാ മുങ്ങാത്തവരായി എത്ര പേരുണ്ട്?" "പതിനേഴ് പേർ മാത്രമേയുള്ളു" എന്നാണ് ആ ചോദ്യത്തിനു മറുപടി ലഭിച്ചത്. നോക്കണം! ക്ഷീണചിന്തയോ ഉദാസീനതയോ കൂടാതെ ദൈവാശ്രയത്തോടുകൂടിയ വേല എത്ര അത്ഭുതകരമായ വിജയപ്രാപ്തിയിൽ എത്തിച്ചേർന്നുവെന്ന് 250-ൽ ദോക്കിയോസ് രാജാവിന്റെ പീഡയാൽ തന്റെ ഇടവകയിൽനിന്ന് താൻ മറയപ്പെട്ടെങ്കിലും ഈ വിധ ഉന്നമനങ്ങൾ തന്റെ ഇടവകയ്ക്കുണ്ടായി. അദ്ദേഹത്തിന്റെ മരണം 270-നോടടുത്തായിരുന്നു. ദൈവം അദ്ദേഹം മുഖാന്തിരമായി അനേക അത്ഭുതങ്ങൾ പ്രവർത്തിച്ചു. നീസായിലെ വി. ഗ്രീഗോറിയോസ് ഇദ്ദേഹത്തിന്റെ ചരിത്രമെഴുതി. ബസേലിയോസും തന്നെക്കുറിച്ചും പല കാര്യങ്ങൾ എഴുതിയിട്ടുണ്ട്. താൻ പ്രവർത്തിച്ചിട്ടുള്ള അനേക അത്ഭുതങ്ങളെക്കുറിച്ച് അവർ പ്രതിപാദിച്ചിട്ടുണ്ട്. വി. സഭാപണ്ഡിതന്മാരിൽ ഒരു ശ്രേഷ്ഠസ്ഥാനം അദ്ദേഹത്തിനുണ്ട്. അനേക ലേഖനങ്ങളും പുസ്തകങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ വേല മിക്കവാറും പുറജാതികളുടെ ഇടയിലായിരുന്നതിനാൽ അവരുമായിട്ടുള്ള തർക്കവാദങ്ങളെ കാണിക്കുന്ന പല ലേഖനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. 'വിശ്വാസപ്രമാണം' എന്ന ഒരു പുസ്തകം അവയിൽ ഏററവും പ്രാധാന്യമർഹിക്കുന്നതാണ്. കന്യകമറിയാമിനോടുള്ള അറിയിപ്പിനെക്കുറിച്ചുള്ള വിസ്മയനീയമായ ഒരു പ്രസംഗം താൻ എഴുതിയിട്ടുണ്ട്. പീഡയുടെ കാലത്ത് സത്യവിശ്വാസത്തെ തള്ളിപ്പറഞ്ഞവരുടെ സ്വീകരണത്തെക്കുറിച്ച് ഒരു ലേഖനം താൻ എഴുതിയിട്ടുണ്ട്. കൈസറിയായിലെ വിദ്യാലയത്തെ താൻ വിടുവാനാഗ്രഹിച്ചപ്പോൾ തന്റെ ഗുരുനാഥനായ ഓറിജാനോസിന് നേരെയുള്ള കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ട് താൻ ഒരു പ്രസംഗം ചെയ്തു. ഇദ്ദേഹത്തിന്റെ സഹോദരനായ അഥേനോദോറേസ്, ഹെലെനോഫൊൻതോസിലെ അമസ്യാ ഇടവകയ്ക്ക് എപ്പിസ്ക്കൂപ്പായായി വാഴിക്കപ്പെട്ടു. അന്ത്യോഖ്യായിൽവച്ച് വേദവിപരീതിയായ പൗലേയേ മുടക്കുന്നതിന് കൂടപ്പെട്ട സുന്നഹദോസിൽ ഈ രണ്ട് സഹോദരന്മാരും സന്നിഹിതരായിരുന്നു.

### പ. അബീഫാനോസ് (അഫിയാൻ)

ഇദ്ദേഹം ലുക്യാപ്രദേശങ്ങളിലെ കുലീനവും ധനശക്തിയുമുള്ള ഒരു കുടുംബത്തിൽ ജനിച്ചു. ബേദൂത്തിൽ നിയമശാസ്ത്രപഠനം നിർവഹിച്ചു. അനന്തരം കൈസറിയായിൽ പ. പംഫീലിയോസ് കശീശായുടെ

അടുക്കൽ മതപഠനം നടത്തി. ആ വിശുദ്ധന്റെ സാഹചര്യത്തിൽനിന്ന് ക്രിസ്തീയ ജീവിതാഭ്യസനങ്ങളിൽ പൂർണ്ണമായി കർത്താവിൽ ഉത്തമ ധൈര്യവും നിർമ്മലജീവിതവും സമ്പാദിക്കുകയുംചെയ്തു. തന്റെ സഹോദരനായ വി. ആലോസീസ്, ഗ്രീക്ക്, റോമ എന്നീ ജ്ഞാനശാസ്ത്രങ്ങൾ അഭ്യസിച്ചു. അതിന്റെശേഷം പ. പംഫീലോസിന്റെ ശിഷ്യത്വം സ്വീകരിച്ച് പത്താമത്തെ മതപീഡനത്തിൽ ഈ രണ്ട് സഹോദരരും രക്തസാക്ഷികളായിത്തീർന്നു,

## കൈസറിയായിലെ യൗസേബിയോസ്

ഇദ്ദേഹം സഭാചരിത്രകാരന്മാരിൽ പ്രമുഖനാണ്. ഇതര ചരിത്രകാരന്മാർ ഇദ്ദേഹത്തിന്റെ ലേഖനങ്ങളിൽനിന്ന് സമർത്ഥമായി ഉദ്ധരിച്ചിരിക്കുന്നതായി കാണുന്നു. അദ്ദേഹത്തിന്റെ ചരിത്രയുറവയിൽനിന്ന് പാനം ചെയ്യാത്ത പുരാതന ചരിത്രകർത്താക്കൾ ഇല്ലതന്നെ. നാലാം നൂറ്റാണ്ടിനെപ്പറ്റി പറയുമ്പോൾ ഇദ്ദേഹത്തെക്കുറിച്ചു കൂടുതൽ ഗ്രഹിക്കാവുന്നതാണ്. പ. പംഫീലോസു കശീശായുടെ അടുക്കൽ പഠിക്കയും രചനാവിഷയകമായ അദ്ദേഹത്തിന്റെ അദ്ധ്വാനങ്ങളിൽ സഹായിക്കയും ചെയ്തുകൊണ്ടിരുന്നു. പുരാതന കാര്യങ്ങളെക്കുറിച്ച് പരിശോധിച്ച് രേഖപ്പെടുത്തുന്നതിൽ സ്വതസിദ്ധമായി ഒരു വാസനയുണ്ടായിരുന്നതിനാൽ കൈസറിയായിലെ അമൂല്യഗ്രന്ഥനിക്ഷേപങ്ങളിൽനിന്ന് വൈദികവും അവൈദികവുമായ അനേകമുത്തുകൾ ലോകത്തിന് ഇദ്ദേഹം വെളിപ്പെടുത്തിക്കൊടുത്തു.

## അദ്ധ്യായം 7

# എട്ടാമത്തെ പീഡയും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും

238-ൽ മക്സീമോസ് കൊല്ലപ്പെട്ടശേഷം ഗോർഡിയൻ രണ്ടാമൻ, മൂന്നാമൻ (238-244) എന്നിവർ ഒന്നിനൊന്നു പിന്നാലെ രാജ്യഭാരമേറ്റു. അവരുടെ കാലശേഷം പീലിപ്പോസ് രാജാവായി (244-249). പീലിപ്പോസ് എന്ന് നാമകരണമുള്ള തന്റെ പുത്രൻ കേവലം രണ്ട് വയസ്സു പ്രായമായപ്പോൾതന്നെ തന്നോടൊന്നിച്ച് സിംഹാസനാവകാശിയായി പ്രഖ്യാപനം ചെയ്യപ്പെട്ടു. ഈ രാജാക്കന്മാരുടെ കാലത്ത് ക്രിസ്ത്യാനികളിലുണ്ടായിരുന്ന പീഡകളെല്ലാം മായിക്കപ്പെടുകയും വലിയ ആശ്വാസവും ശാന്തിയും ക്രിസ്ത്യാനികൾക്കു ലഭിക്കുകയും ചെയ്തു. ഈ പീലിപ്പോസ് അറേബ്യയിൽ ബൂസ്ത്രാ എന്ന സ്ഥലത്തുനിന്നുള്ളവനായിരുന്നു. ഇദ്ദേഹം ക്രിസ്ത്യാനിയായി ജനിച്ചവനെന്നു പരിഗണിക്കപ്പെടുന്നു. രണ്ടാം നൂറ്റാണ്ടിൽ ബാശാൻ (ഹോറാൻ) പ്രദേശങ്ങളിൽ അനേക അറബിഗോത്രങ്ങൾ ക്രിസ്തുമതത്തെ ആശ്ലേഷിച്ചിരുന്നു. “ഉമർ” പ്രഥമൻ, അവിടുത്തെ അന്നത്തെ രാജാവായിരുന്നു. തന്റെ തലസ്ഥാനനഗരിയായ ബൂസ്ത്രായിൽ ആ നൂറ്റാണ്ടിന്റെ അവസാനത്തിനു മുമ്പുതന്നെ അനേകം ദയറാകളും പള്ളികളും പണി ചെയ്യിപ്പിച്ചിട്ടുണ്ടായിരുന്നു.[1] ഹോറാനിലെ എപ്പിസ്കൂപ്പാ ബൂസ്ത്രായിൽ താമസിച്ചിരുന്നു. അതുകൊണ്ട് ഈ ഫിലിഫ് ഒരു ക്രിസ്ത്യാനിയായിരുന്നതിൽ അതിശയിപ്പാനില്ല. യൗസേബിയോസും, മോർ ഈറോനീമോസും ഇതര ചരിത്രകാരന്മാരും ഇതു വാസ്തവമെന്നു സമ്മതിക്കുന്നു. ഇദ്ദേഹം വളരെ സമർത്ഥനും പ്രസിദ്ധനുമായിരുന്നു. താൻ രാജത്വം പ്രാപിച്ചപ്പോൾ തടസ്സമെന്യേ തങ്ങളുടെ മതനിയമമനുസരിച്ച് ജീവിക്കുന്നതിനും തങ്ങൾക്കു ദൈവാലയങ്ങൾ നിർമ്മിക്കുന്നതിനും തക്കവണ്ണം പൂർണ്ണസ്വാതന്ത്ര്യം ക്രിസ്ത്യാനികൾക്ക് നല്കപ്പെടുന്നതിന് കല്പന പുറപ്പെടുവിച്ചു. അക്കാലത്തിനുമുമ്പ് മിക്കവാറും ക്രിസ്ത്യാനികൾ പീഡകന്മാരുടെ പ്രതിബന്ധങ്ങളേയും വിരുദ്ധതകളേയും ഭയന്ന് മിക്കവാറും കല്ലടാവുകൾ, ഗുഹകൾ ആദിയായ രഹസ്യമായ സ്ഥലങ്ങ

[1] St. George of Lydda, Page 19.

ളിലായിരുന്നു തങ്ങളുടെ ആരാധന നിർവ്വഹിച്ചുവന്നിരുന്നത്. 249-ാം ആണ്ടിൽ പീലിപ്പോസ് രാജാവിന്റെ സൈന്യാധിപന്മാരിൽ ഒരുവനായ ദോക്കിയോസ്, രാജാവിനെ വധിച്ച് പകരം രാജാവായി വാണു.

ദോക്കിയോസ് 250-ാമാണ്ടിൽ ഭയങ്കരമായ പീഡ തുടങ്ങുന്നതിനു കല്പന പുറപ്പെടുവിച്ചു. ക്രിസ്ത്യാനികളോടു നന്മയായി പ്രവർത്തിച്ച തന്റെ മുൻഗാമിയായ പീലിപ്പോസിനോടുള്ള ദ്വേഷംകൊണ്ടായിരുന്നു ഇപ്രകാരം കല്പന പുറപ്പെടുവിച്ചത്. ഇത് ചുരുങ്ങിയ കാലമേ ഉണ്ടായിരുന്നുള്ളു. എങ്കിലും മുൻപീഡകളോടു താരതമ്യപ്പെടുത്തിയാൽ അതികഠിനവും പൊതുവെയുള്ള ഒന്നാമത്തേതുമായിരുന്നു. എന്തെന്നാൽ പാത്രിയർക്കീസന്മാർ, എപ്പിസ്കൂപ്പന്മാർ, മറ്റ് വൈദികഗണത്തിൽപ്പെട്ടവർ, വിശ്വാസികൾ എന്നിങ്ങനെ അനേകർ സാക്ഷിമരണത്തിൻകിരീടം പ്രാപിക്കുന്നതിനിടയായി. വേറെ ചിലർ അവരുടെ ജീവിതം മുഴുവൻ മൗദ്യോനേന്മാരായി തടവുകളിൽ കഴിച്ചുകൂട്ടി. ദൈവദാസരുടെ അത്ഭുതകരമായ സഹിഷ്ണുത കണ്ടിട്ട് ലോകം വിസ്മയിക്കുകയും സാത്താൻ ലജ്ജിക്കുകയുംചെയ്തു. അവർ യാതൊരു കൂസലും കൂടാതെ എല്ലാവിധത്തിലുമുള്ള ഭയങ്കര ഞെരുക്കങ്ങളും സഹിച്ചു. ബന്ധനം, തടവ്, ചമ്മട്ടിഅടി, അഗ്നിയിൽ ദഹിപ്പിക്കപ്പെടുക, ഇരുമ്പുചീപ്പുകളാൽ ദേഹം ചിന്തപ്പെടുക, അംഗങ്ങൾ ഛേദിക്കപ്പെടുക, മൂർച്ചയുള്ള ഇരുമ്പുകൊഴുവുകളാൽ ശിരസ്സുകൾ പിളർക്കപ്പെടുക, കുട്ടകങ്ങളിൽ തിളയ്ക്കുന്ന എണ്ണയിലും ഉരുക്കിയ മെഴുകിലും മുക്കപ്പെടുക, സിംഹം ആദിയായ ഹിംസ്രജന്തുക്കളുടെ മുൻപിൽ ഇട്ടുകൊടുക്കപ്പെടുക എന്നിത്യാദി പലവിധ പീഡനങ്ങളായിരുന്നു അവർ സഹിച്ചത്. ഇങ്ങനെ കർത്താവ് അവരെ ബലപ്പെടുത്തി ഉറപ്പിച്ചു. അവർ ശക്തരും ദൈവസഭയുടെ ഇളകിപ്പോകാത്ത തൂണുകളുമായി ഭവിച്ചു. അവരുടെ ദൈവത്തിലുള്ള ഉറപ്പായ വിശ്വാസം ഹേതുവാൽ ദൈവത്തിൽനിന്നും മനുഷ്യരിൽനിന്നും ബഹുമാനമാർജ്ജിച്ചു. ദൈവരാജ്യത്തിനുവേണ്ടി അവർ സത്യസാക്ഷികളായിത്തീരുകയുംചെയ്തു. അവരിൽ ചിലർ തങ്ങളുടെ ഭവനങ്ങളും വസ്തുവകകളും ഉപേക്ഷിച്ച് മരുഭൂമിയിലേക്ക് ഓടിപ്പോയി ഭക്ഷണപാനീയങ്ങൾ കൂടാതെ അലഞ്ഞു നടന്നു. എഫേസൂസിൽനിന്ന് ഏഴ് സഹോദരന്മാർ ഓടിപ്പോയി അതിനടുത്ത് ഒരു പർവ്വതത്തിലുള്ള ഗുഹയിൽ ഒളിച്ചിരുന്നു. രാജാവ് ഇതറിഞ്ഞപ്പോൾ ആ ഗുഹയുടെ ദ്വാരമടയ്ക്കുവാൻ കല്പനകൊടുത്തു. ദൈവം അത്ഭുതകരമാംവണ്ണം 188 കൊല്ലം അവർക്ക് ഉറക്കം നല്കി. പിന്നീട് ചെറിയ തേവോദോസ്യോസ് രാജാവിന്റെ കാലത്ത് അവർ ഉയിർത്തെഴുന്നേറ്റു. ഇപ്രകാരം ഭയങ്കരമായ കഠിനപീഡകളെപ്പറ്റിയുള്ള ഭയംനിമിത്തം വിശ്വാസികളിൽ ചിലർ വിശ്വാസമുപേക്ഷിച്ചുകണ്ടതിൽ അത്ഭുതപ്പെടുവാനില്ല. ഈജിപ്തിലാകട്ടെ 249-ാമാണ്ട് ദോക്കിയോസിന്റെ കല്പന പുറപ്പെടുന്നതിന് ഒരു കൊല്ലം മുമ്പ് പുറജാതികൾ ക്രിസ്ത്യാനികളുടെമേൽ പീഡ ആരംഭിച്ചിരുന്നു. ചിലരെ കല്ലെറിഞ്ഞു

കൊന്നു. മറ്റു ചിലരെ ദഹിപ്പിച്ചു. ഭവനങ്ങൾ കൊള്ളയിട്ടു. എന്നാൽ രാജാവിന്റെ കല്പന പുറപ്പെട്ടപ്പോൾ വിശ്വാസികളിൽ അനേകർ വിവിധതരത്തിൽ സാക്ഷിമരണം പ്രാപിച്ചു. ചിലർ പർവ്വതങ്ങളിലേക്കും മരുഭൂമികളിലേക്കും ഓടിപ്പോയി. വിശപ്പും ദാഹവും തണുപ്പും നിമിത്തം നശിക്കുകയും പലവിധ രോഗങ്ങൾക്കധീനരായി ഭവിക്കുകയും കള്ളന്മാർക്കും അറബികൾക്കും ഹിംസ്രജന്തുക്കൾക്കും ഇരയായിത്തീരുകയുംചെയ്തു. തീബാക്കാരൻ (ഈജിപ്തുകാരൻ) പൗലൂസ് ലോകമുപേക്ഷിച്ച് മരുഭൂമിയിലേക്ക് ഓടിപ്പോയി ഒററയ്ക്ക് ദൈവത്തെ സേവിച്ച് ജീവിക്കുകയും അങ്ങനെ ഒന്നാമത്തെ ഈഹീദായ*ക്കാരനായിത്തീരുകയും ചെയ്തു. ഉദ്യോഗസ്ഥന്മാർ അവരുടെ സ്ഥാനത്തെ ഭയന്ന് വിശ്വാസമുപേക്ഷിക്കുകയും മറ്റു ചില വിശ്വാസികൾ തടവും ചങ്ങലയും സഹിച്ച് ക്ഷീണിതരായി വിശ്വാസം ഉപേക്ഷിച്ചുവെങ്കിലും അത് ഉപേക്ഷിച്ചതിൽ അവർ സങ്കടപ്പെടുകയും മ്ലാനവദനരായി കാണപ്പെടുകയുംചെയ്തു.

ഈ പീഡയിൽ സാക്ഷിമരണം പ്രാപിച്ചവരിൽ പ്രസിദ്ധരായിരുന്നവർ അന്ത്യോഖ്യായുടെ വി. ബാബൂലായും ഊർശ്ലേമിന്റെ വി. അലക്സന്ത്ര്യയോസും റോമായുടെ വി. ഫാബീനോസും സ്മിർണ്ണാസഭയിലെ പട്ടക്കാരനായ പിയോണിയോസുമായിരുന്നു. മേൽപറഞ്ഞ റോമായുടെ ഫാബീനോസ് കേവലം ഒരു അത്മായക്കാരനായിരിക്കെ റോമാ സിംഹാസനത്തിലേക്ക് 236-ാമാണ്ടിൽ ഒരത്ഭുതം വഴിയായി തെരഞ്ഞെടുക്കപ്പെട്ടു. ആയത് യൗസേബിയോസ് പറഞ്ഞിരിക്കുന്നപ്രകാരം തിരഞ്ഞെടുപ്പു സമയത്ത് ആകാശത്തിൽനിന്ന് പ്രാവ് അവന്റെ തലമേൽ ഇറങ്ങിയെന്നത്രെ. ജാനുവരി പത്താം തിയതി തന്നെ റോമാസിംഹാസനത്തിലേക്ക് വാഴിച്ചു. അവിടെ അദ്ദേഹം വൈദികരെ സംബന്ധിച്ചും വസ്തുക്കൾ സംബന്ധിച്ചും വളരെ ക്രമീകരണങ്ങൾ വരുത്തി. അദ്ദേഹത്തിന്റെ കാലത്ത് റോമായിൽ മാന്യരായ അനേകർ ക്രിസ്തുമാർഗ്ഗം സ്വീകരിച്ചു. 250-ാമാണ്ട് ജാനുവരി 20-ാംതിയതി അദ്ദേഹം സാക്ഷിമരണം പ്രാപിച്ചു. തന്റെ സാക്ഷിമരണത്തിനുശേഷം പിൻഗാമിയെ തിരഞ്ഞെടുക്കുന്നതിൽ രാജാവ് റോമിൽ താമസിച്ചുകൊണ്ട് ഒരു കൊല്ലം മൂന്നുമാസക്കാലം തന്ത്രങ്ങൾകൊണ്ടും ഭയപ്പെടുത്തിയും വിശ്വാസികളെ വിരോധിച്ചിരുന്നു. ആ രാജാവ് 251-ാമാണ്ട് വേനൽക്കാലത്ത് ഗോട്ടരോട് യുദ്ധത്തിനു പോയപ്പോൾ മോർ കൊർന്നേല്യോസ് തിരഞ്ഞെടുക്കപ്പെട്ട് വാഴിക്കപ്പെട്ടു.

മേല്പറഞ്ഞ സ്മിർണ്ണായിലെ പട്ടക്കാരനായിരുന്ന പിയോണിയോസിനെ ജീവനോടെ ദഹിപ്പിക്കുന്നതിന് രാജകല്പനയുണ്ടായി. അവനെ കുരിശിന്മേൽ തൂക്കി തന്റെ ചുറ്റും തീ കൂട്ടി ദഹിപ്പിച്ചു. എന്നാൽ തന്റെ ആത്മാവ് വിട്ടതിനുശേഷം ശരീരത്തിൽ താടിമീശയ്ക്കുപോലും യാതൊരു കേടും ഭവിച്ചിരുന്നില്ല. ഇതിനാൽ വിശ്വാസികൾ കൂടുതൽ ഉറപ്പിക്കപ്പെടുകയും പീഡകന്മാർ ഭയന്ന് ഓടപ്പെടുകയുംചെയ്തു.

*ഏകാന്തവാസി

ബീസീഡിയാ* അന്ത്യോഖ്യായിലെ വി. ആക്കോക്കും പീഡകന്മാരാൽ പിടിക്കപ്പെട്ടു. മ്ശിഹൈകവിശ്വാസത്തെക്കുറിച്ച് ധൈര്യമായും വാചാലതയോടും പ്രതിവാദം ചെയ്തതിനാൽ രാജാവ് അത്ഭുതപ്പെട്ട് അദ്ദേഹത്തെ വെറുതെ വിട്ടു.

ഈ പീഡാകാലത്ത് അലക്സന്ത്രിയായുടെ ദീവന്നാസിയോസും വളരെ ദുരിതങ്ങൾ സഹിച്ചു. പണ്ഡിതനായ ഓറിജാനസ് സൂറിൽവച്ച് ബന്ധനത്തിലാക്കപ്പെട്ടു. അവിടെവച്ച് വിശ്വാസത്തിനുവേണ്ടി കഠിനവും ദീർഘവുമായ ദണ്ഡനങ്ങൾ സഹിച്ച് തന്റെ ശരീരം വളരെ ശോഷിച്ചു. 254-ലോ 255-ലോ അവിടെവച്ചു മരിച്ചു.

ഈ പീഡയുടെ കാലത്ത് ജീവിച്ചിരുന്നവർ ഈ പീഡയെക്കുറിച്ചും സാക്ഷിമരണം പ്രാപിച്ചവരെക്കുറിച്ചും വിശദമായി പറയുന്നുണ്ട്. വിശേഷിച്ച് അലക്സന്ത്രിയായുടെ വി. ദീവന്നാസിയോസ് പാത്രിയർക്കീസ് അന്ത്യോഖ്യായുടെ ഫാബിയോസ് പാത്രിയർക്കീസിനയച്ച എഴുത്തിലും കാർത്തേജിലെ വി. കുപ്രിയാനോസിന്റെ എഴുത്തുകളിലും തന്റെ സഹോദരന്മാരുടെ ചരിത്രപ്പുസ്തകത്തിലും സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്.

ഈ പീഡയുടെ കാലത്ത് ഒളിവിൽ ജീവിച്ചിരുന്ന കാർത്തേജിലെ എപ്പിസ്കൂപ്പായായിരുന്ന വി. കുപ്രിയാനോസ് ഇപ്രകാരമെഴുതുന്നു: "വിശ്വാസികൾക്ക് ദൈവശുശ്രൂഷയിലുള്ള ഉദാസീനതമൂലം ഇപ്രകാരം കഠിന പീഡയുണ്ടാകുവാൻ ദൈവം അനുവദിച്ചു. എന്തുകൊണ്ടെന്നാൽ ക്രിസ്ത്യാനികൾക്ക് സമാധാനപരമായ ഒരു ജീവിതം നല്കിയ പീലിപ്പോസ് കൈസരുടേയും അദ്ദേഹത്തിന്റെ പുത്രന്റേയും കാലത്ത് ജനങ്ങൾ താല്ക്കാലിക പ്രയോജനലബ്ധിക്കായി പ്രവർത്തിക്കുവാനും വൈദികർ അവരുടെ കൃത്യനിർവ്വഹണത്തിൽ അലസത കാണിക്കുവാനും സ്ത്രീകൾ വസ്ത്രാലങ്കാരവിഭൂഷിതകളും ഇമ്പകരവും വിശിഷ്ടവുമായ ഭോജ്യങ്ങൾ ഉപയോഗിക്കുന്നവരുമാകുവാനും തുടങ്ങി. ഇപ്രകാരമുള്ള തിന്മകളിൽനിന്നും വിമോചിതരാകേണ്ടതിന് അവർ അനുതപിക്കേണ്ടതിനും അവരുടെ ശത്രുക്കളെ അവർക്കെതിരായി ഉയർത്തി."

251-മാണ്ട് പീഡകനായ ദോക്കിയോസ് രാജാവ് കൊല്ലപ്പെടുകയും അവന്റെ ശേഷം ഗാലോസ് രാജ്യഭാരം കൈയേൽക്കുകയുംചെയ്തു. (251-253). തന്റെ വാഴ്ചയുടെ ആരംഭകാലത്ത് ക്രിസ്ത്യാനികൾക്ക് അല്പം ആശ്വാസമുണ്ടായിരുന്നു. എന്നാൽ കുറേക്കാലത്തിനുശേഷം ഭൂതലമെങ്ങും പ്രത്യേകിച്ച് ഈജിപ്തിൽ നാശകരമായ ഒരു വസന്തരോഗം വ്യാപിച്ചു. എണ്ണമില്ലാത്ത ജനങ്ങൾ അതിൽ മരിച്ചു. തങ്ങളുടെ രാജ്യത്ത് ക്രിസ്ത്യാനികളുടെ സാന്നിദ്ധ്യം നിമിത്തം തങ്ങളുടെ മേലുണ്ടായ ദൈവകോപത്താൽ ഇത് സംഭവിച്ചു എന്ന് പുറജാതികൾ നിരൂപിച്ചു. തൻനിമിത്തം അവർ ഗാലോസ് കൈസറിനെ പ്രേരിപ്പിക്കുകയും ദേവന്മാർ തങ്ങളോട് നിരപ്പാകുന്നതിനും അങ്ങനെ കഷ്ടതകൾ തങ്ങളിൽനിന്നും വിരോധിക്കുന്നതിനുമായി ദേവന്മാർക്കു ക്രിസ്ത്യാനികൾ

*പിസിദ്യാ

ബലികഴിക്കാതിരിക്കുന്നുവെങ്കിൽ അവർ പീഡിപ്പിക്കപ്പെടേണ്ടതിന് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുവാൻ നിർബന്ധിക്കപ്പെടുകയുംചെയ്തു. ഇങ്ങനെ ക്രിസ്ത്യാനികൾക്ക് കുറച്ചുകാലത്തെ ശാന്തതയ്ക്കുശേഷം വീണ്ടും പീഡയുണ്ടായി. പുറജാതികൾ അവരെ വിവിധ മാർഗ്ഗത്തിലൂടെ ദാരുണമായി പീഡിപ്പിച്ചു. രാജകല്പനപ്രകാരം റോമായുടെ കോർന്നേല്യോസ് സാൻതോം സല്ലായിലേക്കു നാടുകടത്തപ്പെട്ടു. താൻ വിദേശത്തായിരിക്കുമ്പോൾ വി. കുപ്രിയാനോസ് തനിക്ക് ഒരു ലേഖനമയച്ചു. അതിൽ നാടുകടത്തൽവരെയും അവനെയും കൂടെയുള്ളവരെയും കൊണ്ടുവന്ന കർത്താവിലുള്ള അവരുടെ വിശ്വാസത്തെ താൻ ശ്ലാഘിക്കുകയും അവർ സുസ്ഥിരരായിരിപ്പാനും പീഡാകാലത്തും മരിച്ചതിനുശേഷവും പരസ്പരം പ്രാർത്ഥിപ്പാനും അവരെ ഉപദേശിക്കുകയുംചെയ്തു. ദാക്കിയോസിന്റെ പീഡയിൽ വിശ്വാസം ത്യജിച്ച പലരും അനുതപിക്കുകയും സാക്ഷിത്വത്തിന്റെ കിരീടംവരിപ്പാൻ ഒരുക്കമുള്ളവരായിരിക്കുകയും ചെയ്തിട്ടുള്ളതായി ആ ലേഖനത്തിൽ അവൻ കാണിക്കുന്നു. അവിടെ വച്ച് 253-ാമാണ്ട് ജൂൺ മാസത്തിൽ കോർന്നേല്യോസ് മരിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായ ലൂക്കിയോസും നാടുകടത്തപ്പെട്ടു. മ്ശിഹായെ ത്യജിക്കാതെ സാക്ഷിത്വത്തെ വരിപ്പാൻ തക്കവണ്ണം ത്യാഗികളായിരിക്കണമെന്ന് വിശ്വാസികളെ പ. കുപ്രിയാനോസ് എവിടെയും ഏറ്റം താല്പര്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. 252-ൽ തീബാറീസ് പ്രദേശവാസികൾക്ക് അദ്ദേഹം അയച്ച ലേഖനത്തിൽ സാക്ഷിമരണത്തിനായി അവരെ ധൈര്യപ്പെടുത്തുകയും ലോകാരംഭം മുതൽ ദൈവത്തെ പ്രതി സാക്ഷിമരണം വരിച്ചിട്ടുള്ള പൂർവ്വികപുണ്യവാന്മാരായ ഹാബേൽ, തന്റെ പുത്രനായ ഇസഹാക്കിനെ ബലി അണച്ച അബ്രഹാം, ബാബേലിലെ തീച്ചൂളയിൽ തള്ളപ്പെട്ട ഹനനിയായിടത്തുള്ള മൂന്ന് പൈതങ്ങൾ, ബാൽദേവനെ വന്ദിപ്പാൻ മനസ്സാകാഞ്ഞ ദാനിയേൽ, മക്കാബിയാ സഹദേന്മാർ, ശ്മൂനിയും അവളുടെ ഏഴ് മക്കളും, ദീർഘദർശിമാർ, ശ്ലീഹന്മാർ, ബേത്ലഹേമിലെ പൈതങ്ങൾ എന്നിങ്ങനെയുള്ളവരുടെ കഷ്ടാനുഭവങ്ങൾ ഉദാഹരണങ്ങളായി അദ്ദേഹം ഉദ്ധരിക്കുന്നു. ഏറ്റവും ഉപരിസ്ഥിതവും സർവ്വാനുകരണീയവുമായിരിക്കുന്ന ദൈവപുത്രനായ മ്ശിഹായുടെ സാക്ഷിമരണത്തെയും ഒടുവിൽ ദൃഷ്ടാന്തമായി ഉദ്ധരിക്കുന്നു. വിശ്വാസം പാലിച്ചിട്ടുള്ളവർക്ക് സ്വർഗ്ഗരാജ്യത്തിൽ ഒരുക്കപ്പെട്ടിട്ടുള്ള പ്രതിഫലം അതായത് മഹത്ത്വം, ദൈവദർശനം, അബ്രഹാം, ഇസഹാക്ക്, യാക്കൂബ്, എല്ലാ പാത്രിയർക്കീസന്മാരും, ദീർഘദർശിമാരും, ശ്ലീഹന്മാരും, സഹദേന്മാരും, നീതിമാന്മാരും, ദൈവസ്നേഹിതരും ആദിയായവരോടുകൂടെയുള്ള സന്തോഷവും അതേസമയം തങ്ങളെ പീഡിപ്പിച്ചവരെ ദൈവം അഗ്നിനരകത്തിൽ തള്ളിക്കളയുന്നതുമായ കാര്യങ്ങളെ ആ ലേഖനത്തിൽ അവരെ അനുസ്മരിപ്പിക്കുന്നു.

മ്ശിഹായെപ്രതി തങ്ങളുടെ രക്തം ചിന്തുന്നതിന് ഒരുക്കമുള്ള വരായിരിപ്പാൻ തക്കവണ്ണവുമാണ് കർത്താവിന്റെ രക്തക്കാസായിൽ നിന്ന് അവർ എല്ലാ ദിവസവും പാനം ചെയ്യുന്നത് എന്നും അദ്ദേഹം എഴുത്തിൽ കാണിച്ചിരുന്നു. പാപരഹിതനായ അവൻ നമുക്കുവേണ്ടി കഷ്ടമനുഭവിച്ചുവെങ്കിൽ നാം നമ്മുടെ പാപങ്ങളെ പ്രതി കഷ്ടമനുഭവി ക്കാതിരിക്കുന്നത് അപമാനകരമല്ലയോ? ദൈവപുത്രൻ, നമ്മെ ദൈവപു ത്രരാക്കുന്നതിന് കഷ്ടത അനുഭവിച്ചുവെങ്കിൽ മനുഷ്യസന്തതി ദൈവ സന്തതിയാകേണ്ടതിന് കഷ്ടപ്പെടുവാൻ മനസ്സാകാത്തത് കഷ്ടമല്ലയോ എന്ന് ഇതിൽ ചോദിച്ചിരിക്കുന്നു.

വസന്തയുടെ കാലത്തിൽ ക്രിസ്ത്യാനികൾ എല്ലാ സുകൃതങ്ങ ളേയും പ്രത്യക്ഷപ്പെടുത്തി സൽപ്രവർത്തികളിലും അനാഥസംര ക്ഷണത്തിലും അവർ ജാഗരൂകരായിരുന്നു. കാർത്തേജിലെ എപ്പിസ് കൂപ്പായായിരുന്ന ഈ വി. കുപ്രിയാനോസ് വിശേഷിച്ചും ആ സൽ പ്രവർത്തികളിൽ പ്രസിദ്ധനായിരുന്നു. അദ്ദേഹം പീഡമൂലം സാക്ഷി മരണം പ്രാപിച്ചവരുടെ കാര്യങ്ങളിൽ ഉത്സാഹിക്കുകയും ആളുകളെ അയച്ച് അവരുടെ ശവങ്ങൾ വരുത്തി സംസ്ക്കരിക്കുകയും പീഡമൂലം കഷ്ടപ്പെടുന്നവരേയും അവരുടെ കുടുംബങ്ങളേയും സഹായിക്കയും വിശ്വാസികളുടെ ഭവനങ്ങൾതോറും ചുറ്റിസഞ്ചരിച്ച് മരിപ്പാറായവർക്ക് വി. കുർബ്ബാന നല്കുകയും ചെയ്തുവന്നു. തൻ നിമിത്തം ധനവാ ന്മാർക്ക് അദ്ദേഹം ഒരു ആദർശപാത്രമായിത്തീർന്നു. അവരും രോഗി കളായിട്ടും മരിച്ചവരായിട്ടും ക്ഷാമബാധിതരായിട്ടും വഴികളിൽ കിട ക്കുന്ന തങ്ങളുടെ സഹോദരന്മാരെ സഹായിച്ചുവന്നു. ആ വസന്തകാ ലത്ത് തങ്ങളെ പീഡിപ്പിച്ചവരായ പുറജാതികൾക്കുപോലും നന്മ ചെയ് വാൻ തക്കവണ്ണം അവർ അത്രയ്ക്കു സുകൃതമുള്ളവരായിത്തീർന്നു. ഇങ്ങനെ തങ്ങളോടു ചെയ്ത തിന്മയ്ക്കു പകരം നന്മ പകരം ചെയ്തു. എ.ഡി. 253-ൽ ഗാലൂസ് രാജാവ് അന്തരിച്ചപ്പോൾ വാലേറിയാനോസ് അവനു പകരം രാജത്വം പ്രാപിച്ചു (253-260). കുറേക്കാലത്തേക്ക് ക്രിസ് ത്യാനികൾക്ക് ആശ്വാസമുണ്ടായിരുന്നു. മേൽപറഞ്ഞ നാടുകടത്തപ്പെട്ട റോമായുടെ ലൂക്കിയോസ് തിരിച്ചുവന്നു.

## അദ്ധ്യായം 8

# അന്ത്യോഖ്യായുടെ വി. ബാബൂലാ പാത്രിയർക്കീസ് (237-251)

പരിശുദ്ധ സ്ബീനോ പാത്രിയർക്കീസ് നിദ്രപ്രാപിച്ച് വിശുദ്ധന്മാരുടെ കൂട്ടത്തോടു ചേർന്നപ്പോൾ പരിശുദ്ധറൂഹാ മോർ പത്രോസിന്റെ ശ്ലൈഹിക സിംഹാസനത്തിലേക്ക് പ. ബാബൂലായെ തിരഞ്ഞെടുത്തു. മ്ശിഹാക്കാലം 237-ൽ അദ്ദേഹം സ്ഥാനാരൂഢനായി. ഈ ഭാഗ്യവാൻ ഉത്തമമാംവണ്ണം ജനത്തെ മേയിച്ചിരുന്നു. തന്റെ പ്രധാനാചാര്യത്വത്തിൻ പദവിയെ യോഗ്യമാംവണ്ണം പരിപാലിച്ചിരുന്നു. ഒരുവനോടും മുഖപക്ഷം കാണിച്ചിരുന്നില്ല. എന്നാലോ (തനിക്ക്) തന്റെ കണ്ണുകളിൽ വലിയവനും ചെറിയവനും രാജാവും എല്ലാം ഒരുപോലെയായിരുന്നു. എന്തെന്നാൽ മനുഷ്യരെ പ്രീതിപ്പെടുത്തുന്നതിനേക്കാൾ അധികം ദൈവത്തെ പ്രീതിപ്പെടുത്തുവാൻ താൻ ഉത്സാഹിച്ചിരുന്നു. താഴെ പറയുന്ന സംഭവം അതിനുത്തമ തെളിവാണ്. 244-ൽ പീലിപ്പോസ് ഒരു ക്രിസ്ത്യാനിയായിരുന്നു എന്ന സംഗതി നാം കാണിച്ചിട്ടുണ്ടല്ലോ. എന്നാൽ അദ്ദേഹത്തിന്റെ ക്രിസ്ത്യാനിത്വം നാമമാത്രമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലാകട്ടെ രാജ്യത്തിലാകട്ടെ ക്രിസ്ത്യാനിത്വത്തിന്റെ യാതൊരു ഫലവും ഉണ്ടായിരുന്നില്ലെന്നു പറയുന്നത് വാസ്തവമായിരിക്കും. അതായത് ഒരു പുറജാതിക്കാരനെപ്പോലെയത്രെ ഇദ്ദേഹം ജീവിച്ചിരുന്നത്. 244 മേട മാസത്തിൽ പേർഷ്യരോട് യുദ്ധം കഴിഞ്ഞ് റോമിലേക്കു പോകുവാൻ മടങ്ങിവരുന്നവഴി അദ്ദേഹം അന്ത്യോഖ്യായിൽ എത്തുകയും അവിടെവച്ച് ഉയിർപ്പുപെരുനാളിൽ വിശ്വാസികളോടൊരുമിച്ച് ആരാധനകളിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുകയും ചെയ്തു. എന്നാൽ വി. ബാബൂലാ പാത്രിയർക്കീസ്, രാജാവിന്റെ പ്രമാണരഹിതമായ നടപടികളെക്കുറിച്ചും പ്രത്യേകിച്ച് അദ്ദേഹത്തിനു മുൻപു രാജാവായിരുന്ന ഗോർഡിയൻ മൂന്നാമനെ വധിക്കുന്നതിൽ താനും ഉൾപ്പെട്ടിരുന്നുവെന്ന് അറിഞ്ഞിരുന്നതിനാൽ അദ്ദേഹം പള്ളിയിൽ പ്രവേശിക്കുവാൻ വരുന്നതിനെ കണ്ടിട്ട് പള്ളിവാതിൽക്കൽ വച്ച് അദ്ദേഹത്തെ തടഞ്ഞുനിർത്തി. അദ്ദേഹത്തോട് "തന്റെ മുൻഗാമിയായ ഗോർഡിയൻ രാജാവിനെ വധിക്കുന്നതിൽ നീ സംബന്ധിച്ചതിനാൽ നിനക്കു പള്ളിയിലേക്കു പ്രവേശിപ്പാനനുവാദമില്ലെന്നും നിന്റെ ന്യായ

രഹിതമായ പ്രവർത്തികളെ ഉപേക്ഷിക്കുകയും നിന്റെ ചാർച്ചയിൽപ്പെടാത്ത ഒരുത്തിയെ ഏകഭാര്യയായി സ്വീകരിച്ച് മറ്റുള്ളവരെ ഉപേക്ഷിക്കുകയും ചെയ്യുന്നതുവരെ അനുതാപികളുടെ കൂട്ടത്തിൽമാത്രം നിന്നെ ഗണിച്ചിരിക്കുന്നു" എന്നും പറഞ്ഞു. ഇങ്ങനെ അദ്ദേഹത്തെ പള്ളിയിൽ പ്രവേശിപ്പിക്കുന്നതിന് അനുവദിച്ചില്ല. രാജാവ് സഭയുടെ പ്രമാണങ്ങളെ അനുസരിക്കുകയും വിശ്വസിച്ചുവെങ്കിലും മാമോദീസാ ഏറ്റിട്ടില്ലാത്തവരായ അനുതാപികളുടെ കൂട്ടത്തിൽ പുറത്തുനിന്ന് ആരാധനകളിൽ സംബന്ധിക്കുകയും ചെയ്തുവന്നു. ഈ പ്രവൃത്തിമൂലം വിശ്വാസികളുടെ കണ്ണുകളിൽ ഈ വിശുദ്ധനെക്കുറിച്ച് ബഹുമാനം വർദ്ധിക്കുവാൻ ഇടയാകുകയും ഭൗമികരാജാവിനെ അനുസരിക്കുന്നതിനേക്കാൾ അധികമായി ദൈവഭക്തിയും അവന്റെ കല്പനകളെ ആചരിക്കുന്നതുമാണ് ആവശ്യമായിരിക്കുന്നതെന്ന് ഒരു പാഠം അവരെ പഠിപ്പിക്കുകയുംചെയ്തു.

249-ൽ ദോക്കിയോസ് രാജാവ് ഭരണം ആരംഭിക്കുകയും ദൈവസഭയെ പീഡിപ്പിക്കുകയും ചെയ്യുവാൻ തുടങ്ങിയപ്പോൾ സൈന്യാധിപനായ തൊമറിയാനോസ് വിഗ്രഹത്തിന് ബലി കഴിക്കുവാൻ വി. ബാബൂലായോടു കല്പിച്ചു. ധൈര്യമായും പരസ്യമായും മ്ശിഹായിൽ ഏററുപറഞ്ഞതിനാൽ അദ്ദേഹം ചങ്ങലകളാൽ ബന്ധിക്കപ്പെട്ട് കാരാഗൃഹത്തിലടയ്ക്കപ്പെട്ടു. വാർദ്ധക്യത്താൽ കൂനപ്പെട്ടവനായിരിക്കെ ഈ വൃദ്ധൻ മ്ശിഹായ്ക്കുവേണ്ടി ആനന്ദത്തോടെ സാക്ഷിമരണത്തിന്റെ പോരാട്ടത്തെ നേരിട്ടു. ചമ്മട്ടികൊണ്ട് വളരെ അടി ഏല്ക്കുകയും 251-ാമാണ്ടു മകരം (ജാനുവരി) 24-ാം തീയതി സാക്ഷിമരണം പ്രാപിക്കുകയുംചെയ്തു. അദ്ദേഹത്തോടുകൂടെ പന്ത്രണ്ടു വയസ്സ് പ്രായമുണ്ടായിരുന്ന ബർബാദോസും ഒൻപത് വയസ്സ് പ്രായമുണ്ടായിരുന്ന അപ്പില്ലിയോസും ഏഴ് വയസ്സ് പ്രായമുണ്ടായിരുന്ന അർബോസുമായി അദ്ദേഹത്തിന്റെ ശിഷ്യരായ മൂന്ന് പൈതങ്ങളും സാക്ഷിമരണം പ്രാപിച്ചു. വി. ബാബൂലാ ഈ ലോകത്തിൽനിന്നു വാങ്ങിയത് തടവിൽ വച്ചുള്ള സ്വാഭാവികമരണത്താലോ അതോ ആയുധത്താലുള്ള സാക്ഷിമരണത്താലോ എന്ന് സൂക്ഷ്മമായി പറയുവാൻ പ്രയാസമാണ്. തടവിൽവച്ച് സ്വാഭാവികമരണം പ്രാപിച്ചുവെന്ന് യൗസേബിയോസ് പറയുന്നു. എന്നാൽ സ്വർണ്ണനാവുകാരൻ മോർ ഈവനീയോസ് പറയുന്നത് വി. ബാബൂലാ തടവിൽനിന്നും ഒരു സ്ഥലത്തേക്ക് വലിച്ചിഴയ്ക്കപ്പെടുകയും അവിടെ വച്ച് തല ഛേദിക്കപ്പെടുകയും ചെയ്തുവെന്നാണ്. വിവേകത്തോടും ധൈര്യത്തോടും നീതിയോടും കൂടി ഇപ്രകാരം പതിന്നാലു കൊല്ലം സഭയെ മേയിക്കുകയും യേശുവിന്റെ നാമത്തിനുവേണ്ടി കഠിന ഞെരുക്കങ്ങൾ സഹിക്കുകയും ചെയ്തശേഷം തന്റെ ആത്മാവ് നിത്യപ്രകാശത്തിലേക്ക് വാങ്ങിപ്പോയി. വിശ്വാസികൾ അദ്ദേഹത്തിന്റെ ശരീരമെടുത്ത് യോഗ്യമാംവിധം കബറടക്കി. അദ്ദേഹത്തിന്റെ നാമത്തിൽ ഒരു പള്ളി പണിയിച്ചു. 351-ാം ആണ്ടിൽ ഗാലോസ് രാജാവ്

അദ്ദേഹത്തിന്റെ തിരുശേഷിപ്പുകളെടുത്ത് "ദഹ്നാ" എന്ന കാട്ടിൽ "അപ്പോലോൻ" ദേവന്റെ ക്ഷേത്രത്തിനു സമീപത്ത് സ്ഥാപിച്ചു. അവിടെയും അദ്ദേഹത്തിന്റെ നാമത്തിൽ ഒരു പള്ളി പണിയപ്പെട്ടു. അക്കാലം വരെ പിശാച് അപ്പോലോന്റെ നാവിൽക്കൂടി മനുഷ്യരെ വഞ്ചിക്കുവാൻ തക്കവണ്ണം സംസാരിച്ചിരുന്നു. എന്നാൽ ആ കാലം മുതൽ അതു നിന്നുപോയി. ഗാലോസിന്റെ സഹോദരനായ യൂലിയാനോസ് 361-ൽ രാജാവായിത്തീർന്നു. ഇദ്ദേഹം ക്രിസ്തുവിശ്വാസമുപേക്ഷിച്ച് പുറജാതിക്കാരനായിത്തീർന്നു. ഭാവിശകുനങ്ങളെക്കുറിച്ച് അറിയാൻ ആഗ്രഹിച്ച രാജാവിന് അപ്പോലോ ദേവനിൽനിന്നും മറുപടി ലഭിച്ചില്ല. ഇതിനു കാരണം വി. ബാബൂലായുടെ ശക്തിയാണെന്ന് രാജാവ് മനസ്സിലാക്കിയതിനാൽ ദ്വേഷത്തോടെ വി. ബാബൂലായുടെ തിരുശേഷിപ്പുകൾ അവിടെനിന്ന് പട്ടണത്തിൽ മുമ്പ് സ്ഥാപിച്ചിരുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന് കല്പനകൊടുത്തു. അപ്പോൾ വിശ്വാസികൾ വലിയ ബഹുമാനത്തോടും ഗീതങ്ങളോടും മസ്മൂർകളോടും കൂടി അവിടെനിന്നും തിരുശേഷിപ്പു മാറ്റി. ആ രാത്രിയിൽ അപ്പോലോന്റെ ക്ഷേത്രത്തിനിടിവെട്ടുകയും ക്ഷേത്രവും പൊൻപൊതിഞ്ഞിരുന്ന വിഗ്രഹവും ദഹിച്ചു നശിച്ചുപോകുകയുംചെയ്തു. പിന്നീട് അന്ത്യോഖ്യായുടെ വി. മീലിത്തോസ് പാത്രിയർക്കീസ് അദ്ദേഹത്തിന്റെ നാമത്തിൽ ഓറൻതോസ് നദീതീരത്ത് വലുതും അത്ഭുതകരവുമായ ഒരു പള്ളി പണിയിക്കുകയും അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ അതിലേക്ക് മാറ്റുകയും ചെയ്തു. ആ വിശുദ്ധന്റെ അസ്ഥികൾ മൂലം വളരെ അത്ഭുതങ്ങൾ ഉണ്ടായി.

## അദ്ധ്യായം 9

# റോമാസഭയിലെ ഭിന്നിപ്പും അത് പരിഹരിക്കുന്നതിന് അന്ത്യോഖ്യാ സിംഹാസനത്തിന്റെ പരിശ്രമവും

251-ൽ ദോക്കിയോസിന്റെ പീഡ ശമിച്ചപ്പോൾ, പീഡ നിമിത്തം മതത്യാഗം ചെയ്തവരെ സഭയിലേക്ക് വീണ്ടും കൈക്കൊള്ളേണ്ടത് ഏത് പ്രകാരമെന്നും അനുതാപത്തിന്റെ ഏത് നിയമപ്രകാരം സ്വീകരിക്കുവാൻ കടപ്പെട്ടിരിക്കുന്നുവെന്നുമുള്ള സംഗതികളെക്കുറിച്ച് സഭയിൽ ഒരു വിവാദമുണ്ടായി. എന്തെന്നാൽ പീഡമൂലം വിശ്വാസം ത്യജിച്ചവർ എല്ലാ സ്ഥലങ്ങളിലും പ്രത്യേകിച്ച് റോമിലും ധാരാളമുണ്ടായിരുന്നു. റോമിലെ വൈദികർ ഈ സംഗതിയെപ്പറ്റി കാർത്തേജിലെ എപ്പിസ്കൂപ്പായായ വി. കുപ്രിയാനോസിന്റെ അഭിപ്രായം എഴുതി ചോദിച്ചു. അപ്പോൾ അദ്ദേഹം ഈ കാര്യം ഒരാളുടെയോ ഒരു സഭയുടെയോ ഒരു രാജ്യത്തിന്റെയോ മാത്രമല്ല, പിന്നെയോ ഭൂതലം മുഴുവന്റേതുമാണ്. സഭയിലെ സകല എപ്പിസ്കൂപ്പന്മാരുംകൂടി ഒരു പൊതുതീരുമാനമുണ്ടാകുന്നതുവരെ ഒന്നിനും ഉദ്യമിക്കേണ്ട എന്ന് മറുപടികൊടുത്തു. അപ്പോൾ റോമിലെ വൈദികർ അപ്രകാരം സമ്മതിച്ച് കുപ്രിയാനോസിനു മറുപടി കൊടുത്തു. റോമിലെ വൈദികർ പ. കുപ്രിയാനോസ് എഴുതി അയച്ച അഭിപ്രായത്തെ ആദരിച്ച് ഇങ്ങനെ വി. കുപ്രിയാനോസിന്റെ എഴുത്തുകളിലെ സാക്ഷ്യപ്രകാരവും അലക്സന്ത്ര്യായിലെ വി. ദീവന്നാസിയോസിന്റെ സാക്ഷ്യപ്രകാരവും ഈ കാര്യത്തിനുവേണ്ടി സകല സഭകളും ഐകകണ്ഠ്യേന ഒരു നിയമം ഏർപ്പെടുത്തി. പീഡ ആരംഭിച്ച ആ ആണ്ടിൽ ആഫ്രിക്കയിൽവച്ച് കൂടപ്പെട്ട ഒരു സുന്നഹദോസിൽ വി. കുപ്രിയാനോസ് ആഗതനായിരുന്നു. പീഡ നിമിത്തം വിശ്വാസം ത്യജിച്ചവർ സുദീർഘമായ അനുതാപകാലത്തിനുശേഷമല്ലാതെ സഭാസംസർഗ്ഗത്തിൽ സ്വീകരിക്കപ്പെടുവാൻ പാടില്ലെന്നും എന്നാൽ മരണകരമായ രോഗാവസ്ഥയിലാണെങ്കിൽ അങ്ങനെയുള്ളവർ സ്വീകരിക്കപ്പെടാമെന്നും അവിടെ തീരുമാനിച്ചു. എന്നാൽ ഈ പീഡയ്ക്കുശേഷം ഒരു വർഷം കഴിഞ്ഞ് ഗാലോസിന്റെ പീഡ ആരംഭിച്ചു. ഉടനെ ആഫ്രിക്കയിൽ 252-ൽ ഈ സുന്നഹദോസ് വീണ്ടും കൂടി തീരുമാനിച്ചത്, അനുതാപം പ്രത്യ-ക്ഷപ്പെടുത്തി സാക്ഷിത്വത്തിന്റെ

കിരീടം വരിപ്പാൻ താല്പര്യപ്പെടുത്തേണ്ടതിലേക്ക് അങ്ങനെയുള്ളവർ സഭാസംസർഗ്ഗത്തിൽ സ്വീകരിക്കപ്പെടാമെന്നാണ്. സുന്നഹദോസിന്റെ പ്രാതിനിധ്യം വഹിച്ച് അതിന്റെ തീരുമാനം പ. കുപ്രിയാനോസ് റോമിലെ കോർന്നോല്യോസിന് 252-ൽ എഴുതി അയച്ചതിൽ ഇങ്ങനെ പറയുന്നു: "പോരാട്ടത്തെ സഹിപ്പാൻ നാം ഉത്സാഹിപ്പിക്കുന്നവരെ നിസ ഹായരും നിരായുധരുമായി ഉപേക്ഷിക്കുന്നത് വിഹിതമല്ല. എന്നാലോ നമ്മുടെ കർത്താവേശുമ്ശിഹായുടെ തിരുശരീരരക്തമാകുന്ന ആയുധ സംരക്ഷണയിൽ അവരെ ബലപ്പെടുത്തേണ്ടതാണ്. ഈ *എവുക്കാറി സ്തിയാ* അതിനെ സ്വീകരിക്കുന്നവരുടെ സംരക്ഷണയെ പ്രതിയുള്ള ഉദ്ദേശത്തിലേക്ക് സ്ഥാപിതമായിരിക്കുന്നതല്ലോ.... മ്ശിഹായെപ്രതി പോരാട്ടം സ്വീകരിപ്പാൻ തയ്യാറാകുന്നവർക്ക് തന്റെ രക്തത്തെ നാം നല്കുന്നില്ലെങ്കിൽ അവന്റെ നാമത്തെ ഏററുപറഞ്ഞുകൊണ്ട് തങ്ങ ളുടെ രക്തംചിന്തുവാൻ അവരോട് എങ്ങനെയാണ് നാം ഉപദേശിക്കു കയും അവരെ ക്ഷണിക്കുകയും ചെയ്യുന്നത്? ന്യായമായ സംസർഗ്ഗത്തി ലൂടെ കർത്താവിന്റെ കാസാ പള്ളിയിൽവച്ച് പാനംചെയ്യുവാൻ നാം മുന്നമെ അവരെ അനുവദിക്കുന്നില്ലെങ്കിൽ മ്ശിഹായുടെ സാക്ഷിത്വ ത്തിന്റെ കാസായ്ക്ക് അവരെ നമുക്ക് എങ്ങനെ യോഗ്യരാക്കുവാൻ കഴിയും?...... ഇപ്രകാരം ദൈവികബലികളെ ദിവസംതോറും സന്തോ ഷത്തോടെ ആഘോഷിക്കുന്ന പുരോഹിതരായ നാം കുർബ്ബാനക ളേയും കാഴ്ചകളേയും ദൈവത്തിനണപ്പാൻ പ്രാപ്തരായിത്തീരുന്നു.

ഈ കാലത്ത് റോമായിൽ നൊബത്തിയാനോസ് എന്ന് പേരുള്ള ഒരു പട്ടക്കാരനുണ്ടായിരുന്നു. മുൻപ്രസ്താവിച്ച എഴുത്തുകൾ എഴുതി യത് ഈ നൊബത്തിയാനോസായിരുന്നു. ഇദ്ദേഹം മൂന്നാം നൂററാ ണ്ടിന്റെ ആരംഭഘട്ടത്തിൽ ജനിച്ചു. റോമായിലെ ഫാബിയാനോസിൽ നിന്ന് കശീശയായി പട്ടമേറ്റു.[1] ദോക്കിയോസിന്റെ പീഡയുടെ അവസര ത്തിൽ ഇദ്ദേഹം സ്വയം ഒരു കഠിനമായ നിയമം പുറപ്പെടുവിച്ചു. ആയത് മാമോദീസായ്ക്കു ശേഷം വിശ്വാസമുപേക്ഷിക്കുകയും വിഗ്രഹ ങ്ങൾക്കു ബലികഴിക്കുകയും ചെയ്തിട്ടുള്ള എല്ലാവരേയും സഭയിൽ നിന്ന് എന്നേക്കുമായി തള്ളിക്കളയണമെന്നായിരുന്നു. വിശ്വാസത്യാ

---

1 ഈ നൊബത്തിയാനോസ് ലത്തീൻ ക്രിസ്തീയ എഴുത്തുകാരിൽ പ്രഥമ ഗണനീയനായിരുന്നു. ഹൃദ്യവും രമണീയവുമായ ഭാഷയിൽ കഴിവുള്ളത്ര പൂർണ്ണശക്തിയോടുകൂടി സംഗതികളെ വിശദീകരിക്കുന്നതിൽ അദ്ദേഹത്തി നൊരു പ്രത്യേക വാസനയുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ നിരവധി ഗ്രന്ഥങ്ങ ളിൽ മൂന്നെണ്ണം മാത്രമെ ഇപ്പോൾ കാണുന്നുള്ളു. അവയിൽ ഒന്ന് റോമയിലെ വൈദികരുടെ നിർദേശപ്രകാരം കാർത്തേജിലെ കുപ്രിയാനോസിനു 251-ൽ എഴുതി അയച്ചതാണ്. മറ്റൊന്ന് "De Trinitate" 31 chapters മൂന്നാമത്തേത് റോമിലെ അത്മായക്കാരുടെ ആവശ്യാർത്ഥം എഴുതിയ ലേഖനമാണ്. "Decibis Judaicis" ഇവയിലെ ഭാഷ നിസർഗ്ഗസുന്ദരവും അലങ്കാരപ്രധാനവു മാണ്. അദ്ദേഹത്തെപ്പോലെ ഗഹനമായി ഭാഷ എഴുതുന്ന വേറൊരു ലേഖകരു മില്ലായിരുന്നു.

ഗികൾ റോമിലേക്കു വന്ന് അനുതപിച്ചപ്പോൾ മാമോദീസായ്ക്കുശേഷം മരണകരമായ പാപം ചെയ്യുന്നവർക്ക് മോചനമില്ലെന്ന് അദ്ദേഹം പറഞ്ഞു.

അദ്ദേഹത്തിന്റെ അഭിപ്രായം ആദ്യം അങ്ങനെ ആയിരുന്നില്ല. രക്തസാക്ഷിമരണമാകുന്ന കിരീടത്തിനായി ഒരുങ്ങിയിരിക്കുന്നവരായ മൗദ്യാനന്മാർ എഴുതുന്ന സാക്ഷിപത്രം മൂലം മതത്യാഗം ചെയ്തവർ സഭാസംസർഗ്ഗത്തിൽ സ്വീകരിക്കപ്പെടണമെന്ന് പറയുന്നവരെ വിരോധിക്കമാത്രമേ ചെയ്തിരുന്നുള്ളു. എല്ലാ സഭകൾക്കും അദ്ദേഹമയച്ച സുദീർഘലേഖനത്തിൽനിന്ന് ഇത് വെളിവാകുന്നു. എന്നാൽ അവസാനം മുകളിൽ പ്രസ്താവിച്ചിട്ടുള്ള വേദവിപരീതമാകുന്ന കുഴിയിൽ അദ്ദേഹം വീണു. പാപികൾ സ്വീകരിക്കപ്പെടുകയാണെങ്കിൽ സഭ മുഴുവൻ മലിനമായിത്തീരുമെന്നു പറഞ്ഞുകൊണ്ട് പാപികളുടെനേരെ അനുതാപത്തിന്റെ വാതിൽ അദ്ദേഹം അടയ്ക്കുവാൻ തുടങ്ങി. അതുമുതൽ സഭയിൽനിന്നു തന്നോടു ചേർന്ന എല്ലാവരേയും അദ്ദേഹം മാമോദീസാ മുക്കിവന്നു. ആ കാലത്തുതന്നെ കാർത്തേജുകാരനായ നോബാത്തോസ് എന്ന വേറൊരു കശീശാ അദ്ദേഹത്തിന്റെ അഭിപ്രായത്തോട് ചേർന്ന് ഉപദേശിച്ചുവന്നു. എന്നാൽ ഇവൻ മുൻപ് മറിച്ച് ഉപദേശിച്ചവനായിരുന്നു. അതായത് മേൽപറഞ്ഞ സാക്ഷിപത്രം മൂലം മതത്യാഗികളെ സഭയിൽ സ്വീകരിക്കാമെന്നുള്ളതുതന്നെ.

251-ാമാണ്ട് മാർച്ചിലോ ഏപ്രിലോ, റോമിലെ എപ്പിസ്കൂപ്പയായ കൊർന്നേല്യോസ് രക്തസാക്ഷിയായിത്തീർന്ന ഫാബീനോസിനു പകരം വാഴിക്കപ്പെട്ടു. അനന്തരം അവനു വിരോധമായി മേൽപറയപ്പെട്ട നോബാത്തിയാനോസ് എഴുന്നേററു. അദ്ദേഹം മൂന്ന് എപ്പിസ്കൂപ്പന്മാരെ സ്വാധീനപ്പെടുത്തുകയും അവർ രഹസ്യമായി അദ്ദേഹത്തെ റോമാസിംഹാസനത്തിലെ എപ്പിസ്കൂപ്പയായി വാഴിക്കപ്പെടുകയും ചെയ്തു. റോമായിൽ ഒക്ടോബറിൽ 64 എപ്പിസ്കൂപ്പന്മാർകൂടി അദ്ദേഹത്തെയും തന്റെ അനുചരന്മാരേയും മുടക്കി. തന്മൂലം റോമാസഭയിൽ വലിയ കലാപമുണ്ടായി. അനന്തരം ഇരുവരും തർക്കത്തിനു തീരുമാനം വരുത്തുന്നതിന് അന്ത്യോഖ്യായിലേയും അലക്സന്ത്രിയായിലേയും പാത്രിയർക്കീസന്മാരെ അഭയംപ്രാപിക്കുകയും സഹായത്തിനായി അവരിൽ ഓരോരുത്തനും ഈ പിതാക്കന്മാരോട് അപേക്ഷിക്കുകയും ചെയ്തു. അന്ത്യോഖ്യായുടെ ഫാബിയോസിന് കൊർന്നേല്യോസ് അയച്ച നാല് ലേഖനങ്ങളിൽ നിന്ന് ചില ഭാഗങ്ങൾ കൈസറിയായിലെ യൗസേബിയോസ് തന്റെ സഭാചരിത്രത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. ഈ ലേഖനങ്ങളിൽ ആ ഭിന്നതയുടെ ചരിത്രത്തെക്കുറിച്ചും തന്റെ സഹായത്തിനായിട്ട് അദ്ദേഹത്തിനെ ക്ഷണിക്കുന്നതിനെക്കുറിച്ചും വിവരമായി രേഖപ്പെടുത്തിയിട്ടുണ്ട്. യൗസേബിയോസിന്റെ ചരിത്രത്തിൽ കാണുന്നത് നോബത്തിയാനോസിന് വിരോധമായി പ്രവർത്തിക്കുന്നതിന് ഫാബിയോസ് ആദ്യം വിമുഖതയുള്ളവനായിരുന്നു എന്നാണ്. എന്നാൽ

അലക്സന്ത്ര്യായിലെ മോർ ദീവന്നാസ്യോസ് കാര്യത്തിൽ പ്രവേശിക്കുകയും നോബത്തിയാനോസിനെ തന്റെ നിയമവിരുദ്ധമായ പ്രവൃത്തികളെക്കുറിച്ച് ശാസിച്ച് എഴുതുകയും ഇങ്ങനെ വി. സഭയിൽ ശീശ്മയുണ്ടാകുന്നത് വിഗ്രഹാരാധനാപരമായ മ്ലേച്ഛതയ്ക്ക് സദൃശമാകയാൽ ദൈവത്തിന്റെ സഭയിൽ ഭിന്നതയുണ്ടാകാതിരിപ്പാൻ തന്റെ സ്ഥാനം രാജിവയ്ക്കുന്നതിന് അവനോടാവശ്യപ്പെടുകയുംചെയ്തു. വീണ്ടും റോമിലെ വിശ്വാസികൾക്ക് പൊതുവായി അവരവരുടെ നിയമാനുസൃത എപ്പിസ്കൂപ്പായായ കോർന്നല്യോസിനോടുകൂടെ ഐക്യത്തിലും യോജിപ്പിലും വർത്തിക്കണമെന്ന് കല്പിച്ചുകൊണ്ട് ഉപദേശലേഖനമയയ്ക്കുകയും ചെയ്തു. വേറൊന്ന് പ്രത്യേകിച്ച് നോബത്തിയാനോസിന്റെ ഭാഗക്കാർക്കയച്ചു. ഇപ്രകാരം പൗരസ്ത്യ എപ്പിസ്കൂപ്പന്മാരിലനേകർക്കും പ്രത്യേകിച്ച് അന്ത്യോഖ്യായുടെ മോർ ഫാബിയോസിനും മേൽപറഞ്ഞ കോർന്നല്യോസിന്റെ കാര്യത്തിൽ ഏക അഭിപ്രായമായി ഉത്സാഹിക്കണമെന്ന് താല്പര്യപ്പെടുത്തി എഴുതി.

നോബത്തിയാനോസിന്റെ ഭാഗത്തിനെതിരായി ഫാബിയോസ് യാതൊരു തീരുമാനവും ചെയ്തതായി കാണുന്നില്ലെങ്കിലും ഈ കാര്യം പരിശോധിക്കുന്നതിനും ഉറപ്പായ ഏതെങ്കിലും നിയമം ഇതിനു നിശ്ചയിക്കേണ്ടതിനും അന്ത്യോഖ്യായിൽ താൻ സുന്നഹദോസ് വിളിച്ചുകൂട്ടി. എന്നാൽ ഈ സുന്നഹദോസിന്റെ മദ്ധ്യേ ഫാബിയോസ് കാലം ചെയ്തുപോയി. അലക്സന്ത്ര്യായിലെ ദീവന്നാസ്യോസ് ഈ സുന്നഹദോസിൽ സന്നിഹിതനാകുന്നതിനു തർസോസിലെ ഹേലീനോസും പലസ്തീൻ കൈസറിയായിലെ തേവോക്ത്തീസ്തോസും കപ്പദൂക്യൻ കേസറിയായുടെ ഫെർമില്ലിയാനോസും കൂടി ക്ഷണക്ക ത്തയച്ചു. ആ എഴുത്തിൽനിന്ന് വി. ദീവന്നാസ്യോസ് അന്ത്യോഖ്യായിലെ ഫാബിയോസിന്റെ ചരമവൃത്താന്തം ഗ്രഹിച്ചു.

ഈ ഫാബിയോസ് അന്ത്യോഖ്യാ സഭയെ മൂന്ന് സംവത്സരക്കാലത്തോളം ശുശ്രൂഷിക്കുകയും 254-ാമാണ്ട് ദിവംഗതനാകുകയും ചെയ്തു. താൻ തീക്ഷ്ണതയും ധൈര്യവും ഉള്ളവനായിരുന്നു. എന്തെന്നാൽ തന്റെ മുൻഗാമിയും രക്തസാക്ഷിയുമായ വി. ബാബൂലാ പാത്രിയർക്കീസിന്റെ ചുടുരക്തത്തിന്റെ ആവി പ. സിംഹാസനത്തിൽനിന്നും വമിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ തന്നെ പീഡകന്മാരുടെ ഭീഷണികളെ വകവയ്ക്കാതെ സിംഹാസനാരൂഢനായ ആ സംഗതി തന്നെ ഫാബിയോസിന് സഭയോടുള്ള തീക്ഷ്ണുതയ്ക്കും തന്റെ ആത്മധൈര്യത്തിനും ഉത്തമദൃഷ്ടാന്തമാണ്. ദീർഘകാലങ്ങളോളം അതിപ്രധാനങ്ങളായ ലേഖനങ്ങൾ അനേകം സ്ഥലങ്ങളിലേക്ക് എഴുതുന്ന കാര്യത്തിൽ അദ്ദേഹം അതിവ്യാപൃതനായിരുന്നു. അന്ത്യോഖ്യായിലെ സുന്നഹദോസ് നടപടികൾ അവസാനിക്കുകയും അതിലെ അംഗങ്ങൾ പിരിയുകയും ചെയ്യുന്നതിന് മുമ്പ് എ.ഡി. 254-ൽ ഫാബിയോസ് പാത്രിയർക്കീസ് നിദ്രപ്രാപിച്ചപ്പോൾ സിംഹാസനത്തിലുണ്ടായ ഒഴിവിനെ

കാലതാമസം വരുത്താതെ ഉടനെതന്നെ പരിഹരിപ്പാൻ അവിടെയുള്ള പിതാക്കന്മാർ നിശ്ചയിച്ചു. തദനന്തരം അന്ത്യോഖ്യാസഭയിലെ വികാരിയായിരുന്ന ദെമത്രിയൂസിനെ തിരഞ്ഞെടുത്ത് വാഴിച്ചു. തന്റെ പാത്രിയർക്കാവാഴ്ചയുടെ ആരംഭത്തിൽ സുന്നഹദോസിന്റെ നടപടികൾ ശുഭമായി പരിണമിക്കുന്നതിന് ആവുന്നത്ര അദ്ദേഹം ഉത്സാഹിച്ചു. ഈ കാലത്തിൽ നൊബത്തിയാനോസിന്റെ ഭാഗക്കാർ തങ്ങൾക്ക് ദെമത്രിയൂസിന്റെ സ്വീകരണം ഉണ്ടാകുവാൻ ബദ്ധശ്രദ്ധരായി. എന്നാൽ അവരുടെ ഈ ആശ വിഫലമായിത്തീർന്നു. എന്തെന്നാൽ സുന്നഹദോസിലെ പിതാക്കന്മാർ ഐക്യമായി അവരുടെ വാദങ്ങൾക്കെതിരായി തീർപ്പു കല്പിക്കുകയും വി. സഭയിൽനിന്നും അവരെ ശീശ്മക്കാരെന്നപോലെ അകറ്റിനിർത്തുകയുംചെയ്തു. റോമായിലെ കൊർന്നല്യോസിന് സുന്നഹദോസ് അയച്ച ലേഖനത്തിൽ ശീശ്മക്കാരനായ നൊബത്തിയാനോസിനെ നിരസിക്കുന്നതായി അറിയിച്ചു. ഈ സുന്നഹദോസിലെ നടപടിക്രമങ്ങളടങ്ങിയ ചരിത്രം ലോകത്തിൽനിന്ന് തിരോധാനം ചെയ്തു എന്നുവരികിലും സഭാചരിത്രത്തിൽ ഈ സുന്നഹദോസ് അതിവിശിഷ്ടമായി ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. റോമാസഭയിലെ കുഴപ്പങ്ങൾക്ക് പരിഹാരം വരുത്തുന്നതിനായി പ്രത്യേകം കൂടപ്പെട്ട ഈ സുന്നഹദോസിന്റെ ചരിത്രം ആ സുന്നഹദോസിന്റെ ആജ്ഞാശക്തിയേയും അധികാരശക്തിയേയും കൂടെ പ്രത്യേകം പ്രത്യക്ഷമാക്കുന്നുണ്ട്. നോബത്തിയാനോസിന്റെ മരണശേഷം അവന്റെ അനുയായികൾ വർദ്ധിക്കുകയും റോമാരാജ്യത്തിലെ സർവ്വസ്ഥലങ്ങളിലും വ്യാപിക്കുകയും ചെയ്തു. അവർ "വെടിപ്പുള്ളവർ" എന്ന നാമം സ്വയം ധരിച്ചുവന്നു. സത്യവിശ്വാസത്തിൽനിന്നും തങ്ങളെ സമീപിച്ചവരെ അവർ സ്നാനപ്പെടുത്തിക്കൊണ്ടിരുന്നു. രണ്ട് നൂറ്റാണ്ടുകളോളം ഇക്കൂട്ടർ തഴച്ചുവളർന്നുവെങ്കിലും അതിനുശേഷം നാമാവശേഷമായിത്തീർന്നു. എ.ഡി. 325-ൽ കൂടിയ നിഖ്യാസുന്നഹദോസിന്റെ എട്ടാം കാനോനായിൽ നോബത്തിയാനോസിന്റെ കൂട്ടത്തിൽനിന്നും തിരിച്ചുവന്നവരെ സഭയിൽ എങ്ങനെയാണ് സ്വീകരിക്കേണ്ടത് എന്നു കാണിച്ചിരിക്കുന്നു.[2]

---

2. 1 ശ്ലീഹന്മാരുടെ കാനോനാകൾ 6:5

2 യൗസേബിയോസിന്റെ സഭാചരിത്രം 7:5-ൽ റോമായിലെ രണ്ടാം 'ക്സുസ്തോസി'നു ഉള്ള അലക്സന്ത്ര്യായിലെ വി. ദീവന്നാസിയോസിന്റെ ലേഖനം കാണുക.

3 അഗ്രിപ്പീനോസിന്റെ അദ്ധ്യക്ഷതയിൽകൂടിയ കാർത്തേജിലെ സുന്നഹദോസിന്റെ നിശ്ചയം കാണുക. ഇതു എ.ഡി. 200-ലാണ്. മോർ ഓഗസ്തീനോസ് പറയുംപ്രകാരം ആഫ്രിക്കരും നൂമീദ്യരുമായ 70 എപ്പിസ്ക്കൂപ്പന്മാർ അതിൽ സന്നിഹിതരായിരുന്നു. വീണ്ടും വി. കുപ്രിയാനോസിന്റെ 71, 73 ഈ ലേഖനങ്ങൾ വായിക്കുക.

4 235-ൽ ഈക്കോനിയ്യോവിൽ രണ്ടു സുന്നഹദോസുകൾകൂടി. കുപ്രിയാനോസിന്റെ 75-ാം ലേഖനത്തിൽ മോർ ഫർമിലിയാനോസിന്റെ അഭിപ്രായം നോക്കുക.

അദ്ധ്യായം 10

# വേദവിപരീതികളുടെ മാമ്മൂദീസായെക്കുറിച്ച് സഭയിലുണ്ടായ തർക്കം

സിറിയ(1) ഈജിപ്ത് (2) ആഫ്രിക്ക (3) ഏഷ്യാമൈനർ (4) എന്നീ സ്ഥലങ്ങളിൽ ശ്ലീഹന്മാരുടെ കാനോനാകൾ അനുസരിച്ച് സത്യസഭയിലേക്കു ചേരുന്ന വേദവിപരീതികളെ മാമ്മൂദീസാ മുക്കിയിട്ടില്ലാത്തവരെപ്പോലെ മാമോദീസാ മുക്കുക എന്ന പതിവ് അവലംബിച്ചിരുന്നു. ശ്ലീഹന്മാർ ഇപ്രകാരം കല്പിച്ചിരുന്നു. വേദവിപരീതികളുടെ മാമ്മൂദീസായെ സ്വീകരിക്കുന്ന എപ്പിസ്കൂപ്പാ ആയിരുന്നാലും കശീശാ ആയിരുന്നാലും മുടക്കപ്പെടണം.[1] റോമായിലെ നടപടി ഈ നിയമത്തിനു വിപരീതമായിട്ടായിരുന്നു. മാമോദീസാ കൂടാതെ കൈവയ്പോടും പ്രാർത്ഥനയോടുംകൂടെ അവർ അങ്ങനെയുള്ളവരെ സ്വീകരിച്ചിരുന്നു. ആകയാൽ സഭയിൽ ഇത് സംബന്ധിച്ച് വലിയ വാദപ്രതിവാദമുണ്ടായി. ഇങ്ങനെ ഈ സംഗതിയെക്കുറിച്ച് പരിശോധിക്കുന്നതിനും തീർപ്പ് കല്പിക്കുന്നതിനും 218, 260 എന്നീ ആണ്ടുകൾക്കിടയ്ക്ക് പല സ്ഥലങ്ങളിലായി പ്രാദേശിക സുന്നഹദോസുകൾ കൂടുകയുണ്ടായി. അങ്ങനെ കൂടപ്പെട്ടിട്ടുള്ള സുന്നഹദോസുകളിൽ രണ്ടെണ്ണം ക്രിസ്തബ്ദം 235-ാമാണ്ട് കപ്പദൂക്യൻ കൈസറിയായിലെ വി. ഫർമില്യാനോസിന്റെ അദ്ധ്യക്ഷതയിൽ ഈക്കോനീയോമിൽ വച്ച് നടന്നിട്ടുണ്ട്. അവയിലെ തീരുമാനം "വേദവിപരീതികളുടെ മാമ്മൂദീസ, സഭയിൽ സ്വീകരിക്കുവാൻ പാടില്ല" എന്നായിരുന്നു. എന്നാൽ താഴെ പറയുന്ന ആ വിധത്തിലുള്ള വേദവിപരീതികളുടെ ആവിർഭാവത്തോടുകൂടി ഈ വിവാദം ഉഗ്രമായിത്തീർന്നു. അവയിൽ ആദ്യത്തേത് റോമാസിംഹാസനത്തിന്മേൽ പ്രമാണവിരുദ്ധമായി അവരോധിതനായ മുൻപറഞ്ഞ നോബത്തിയാനോസിന്റെ ഉപദേശമാണ്. അവൻ ഇങ്ങനെ സിദ്ധാന്തിച്ചുവന്നു. "മാമ്മൂദീസായുടെശേഷം വിശ്വാസം ത്യജിക്കയോ അഥവാ മരണകരമായ പാപത്തിൽ ഉൾപ്പെടുകയോ ചെയ്യുന്നവർക്ക് മോചനമില്ല. അതുകൊണ്ട് അങ്ങനെയുള്ളവർ തിരിച്ചുവരുമ്പോൾ രണ്ടാമത് മാമ്മൂദീസാ "മുക്കണം". വിവാദത്തിന് ഹേതുഭൂതമായ അടുത്ത വിഷയം – "കാരാഗൃഹ കവാടങ്ങൾക്കകത്ത് ബന്ധിതരായി, സാക്ഷിയിൻകിരീടം വരിപ്പാൻ

1 ബാർ എബ്രായയുടെ *ഹൂദായകാനോൻ* 2-ാം കേഫാലയൂൻ ഒന്നാം പോസൂക്ക.

പ്രതീക്ഷിച്ചുകൊണ്ടിരുന്ന മൗദ്യാനന്മാരുടെ മദ്ധ്യസ്ഥലേഖനങ്ങൾ മുഖാന്തിരം വിശ്വാസം തള്ളിപ്പറയുകയോ മററു പാപങ്ങളിൽ ഉൾപ്പെടുകയോ ചെയ്തിട്ട് അനുതപിച്ചു തിരിയുന്നവർക്ക് പാപവിമോചനം സിദ്ധിക്കാവുന്നതാണ്" എന്ന് കാർത്തേജുകാരനായ ഫിലീസിമോസ് ശെമ്മാശൻ ഉപദേശിച്ചുവന്ന സിദ്ധാന്തമായിരുന്നു.

254-ാമാണ്ട് റോമയിലെ എപ്പിസ്കൂപ്പയായ എസ്തെപ്പാനോസ് വേദവിപരീതികളുടെ മാമൂദീസ സ്വീകരിക്കപ്പെടാം എന്ന് തീരുമാനിച്ചു. ഈ സംഗതിയെക്കുറിച്ച് ആഫ്രിക്കായിൽ അഭിപ്രായവ്യത്യാസമുണ്ടായപ്പോൾ 255-ാമാണ്ട് കാർത്തേജിലെ എപ്പിസ്കൂപ്പായായ വി. കുപ്രിയാനോസിന്റെ അദ്ധ്യക്ഷതയിലും 87 ആഫ്രിക്കൻ ബിഷോപ്പന്മാരുടെ സാന്നിദ്ധ്യത്തിലും കാർത്തേജിൽവച്ച് ഒരു സുന്നഹദോസ് കൂടി. ഈ സുന്നഹദോസ് യോഗങ്ങളിൽ മേൽപറയപ്പെട്ട രണ്ട് വേദവിപരീതങ്ങൾ വിതച്ചിരുന്നവരും സന്നിഹിതരായിരുന്നു. ഈ സുന്നഹദോസ് പൂർവ്വിക നടപ്പിനെ, അതായത് സഭയിലേക്ക് ചേരുന്ന വേദവിപരീതികൾ മാമൂദീസാ മുങ്ങുവാൻ ആവശ്യമാകുന്നു എന്ന സിദ്ധാന്തത്തെ ഉറപ്പിച്ചു. വി. കുപ്രിയാനോസ് ഇങ്ങനെ ഇതിനെക്കുറിച്ച് സമർത്ഥിച്ചു: "വി. മാമൂദീസാ ഏകമാകയാൽ സഭയിലേക്കു ചേരുന്ന വേദവിപരീതികളെ വീണ്ടും മാമൂദീസാ മുക്കുവാൻ പാടില്ലെന്ന് ചിലർ പറയുന്നു. ഏക മാമൂദീസാ എന്ന് പറയുന്നത് കാതോലിക്കസഭയിലെ ഏക മാമൂദീസായെ സംബന്ധിച്ചാണെന്ന് അവർ ഗ്രഹിക്കുന്നില്ല. വേദവിപരീതികളിൽനിന്ന് മാമോദീസാ സ്വീകരിച്ചവർ രണ്ടാമതും മാമോദീസാ ഏല്ക്കുകയല്ല—പിന്നെയോ മാമോദീസായെ അവർ ആദ്യമായി അപ്പോൾ മാത്രമെ യഥാർത്ഥത്തിൽ സ്വീകരിക്കുന്നുള്ളു. എന്നാൽ യാതൊന്നും ഇല്ലാത്തിടത്ത് നിന്ന് വല്ലതും എടുക്കുവാൻ ഒരുത്തനും സാദ്ധ്യമല്ല.[2]

ക്രിസ്തബ്ദം 256-ൽ ഈ സുന്നഹദോസ് രണ്ടാം പ്രാവശ്യവും കൂടി ഇതിൽ 71 എപ്പിസ്കൂപ്പന്മാർ സന്നിഹിതരായിരുന്നു. അവർ മുൻ തീരുമാനത്തെ ഉറപ്പിച്ചു. ഈ തീരുമാനത്തെ ഒരു സുന്നഹദോസ് ലിഖിതത്താൽ റോമായിലെ സ്തേപ്പാനോസ്സിനെ അറിയിച്ചു.[3] എന്നാൽ അദ്ദേഹം ആയതിനെ നിഷേധിക്കുകയാണ് ചെയ്തത്. മാത്രമല്ല സുന്ന

2 ആ എഴുത്ത് ആരംഭിക്കുന്നത് "സ്നേഹിക്കപ്പെട്ട സഹേദരാ" എന്നുള്ള സംബോധനയിലാണ്. വേദവിപരീതത്തിൽനിന്നു സഭയിലേക്കു ചേരുന്നവർ മാമോദീസാ മുക്കപ്പെടണം, വേദവിപരീതത്തിൽനിന്നു ചേരുന്ന എപ്പിസ്കോപ്പന്മാരോ, കശീശന്മാരോ, അൽമായക്കാർ എന്നപോലെ വിചാരിക്കപ്പെടണം. മാമോദീസാ കൂടാതെ കൈവെപ്പിനാൽ (വി. മൂറോൻ) മാത്രം വേദവിപരീതികൾ പൂർണ്ണമായി വെടിപ്പാക്കപ്പെടുകയും ദൈവമക്കളായിത്തീരുകയും ചെയ്വാൻ കഴിയുന്നതല്ല എന്നിങ്ങനെ ആ സുന്നഹദോസ് നിശ്ചയിച്ച തീരുമാനത്തെയും അതുപോലെതന്നെ മറ്റനേക സംഗതികൾക്ക് ഈ സുന്നഹദോസ് ഏകകണ്ഠവും അധികൃതവുമായ തീരുമാനം ചെയ്തതിനെയും ആ എഴുത്തിൽ കാണിച്ചിരുന്നു.

3 മോറിത്താനിയായിലെ എപ്പിസ്കൂപ്പായായ കിൻതോസിനുള്ള വി. കുപ്രിയാനോസിന്റെ 71-ാം ലേഖനം നോക്കുക.

ഹദോസ് അംഗങ്ങൾ ആ അഭിപ്രായത്തിൽ തന്നെ നിലനില്ക്കുന്നതായാൽ താനുമായുള്ള കൂട്ടായ്മയിൽ അവരെ ഛേദിച്ചുകളയുമെന്ന് കാണിച്ച് ശാസനാപരമായ ഒരു മറുപടി അയച്ചു: "നിങ്ങൾ യാതൊന്നും പുതുക്കേണ്ട." പിന്നെയോ പാരമ്പര്യമനുസരിച്ച് നടന്നാൽ മതി. ഏത് വേദവിപരീതത്തിൽനിന്നും നിങ്ങളുടെ അടുക്കൽ വരുന്നവരെ കൈവയ്പുമൂലം സ്വീകരിച്ചു കൊള്ളണം. എന്തുകൊണ്ടെന്നാൽ വേദവിപരീതികൾപോലും ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് മാറുന്നവനെ മാമോദീസാമുക്കുന്നില്ല. പിന്നെയോ യാതൊന്നും കൂടാതെ കൂട്ടായ്മയിലേക്ക് സ്വീകരിക്കുന്നതേയുള്ളു എന്നിങ്ങനെ തുടർന്ന് പ്രസ്താവിച്ചിരുന്നു. ഈ എഴുത്ത് സ്തേഫാനോസും കുപ്രിയാനോസും തമ്മിൽ തീവ്രമായ വാദപ്രതിവാദത്തിനും ലേഖനങ്ങൾക്കും കാരണമായിത്തീർന്നു. അനന്തരം 256-ൽതന്നെ മൂന്നാമതും സെപ്തംബർ മാസാരംഭത്തോടുകൂടെ കാർത്തേജിൽ സുന്നഹദോസ് കൂടിയപ്പോൾ പ. കുപ്രിയാനോസ് സ്തേഫാനോസിന്റെ എഴുത്തിനെ സംബന്ധിച്ച് വിമർശിച്ചു. ആ സുന്നഹദോസിൽ ഒരുമിച്ചുകൂടിയ പിതാക്കന്മാരിൽ 23-ാമത്തെ സ്ഥാനത്ത് ആസനസ്ഥനായ പിതാവ് ഇപ്രകാരം പറഞ്ഞു: "റോമയിലെ എപ്പിസ്കൂപ്പായ്ക്കു പ്രമാദം പിണഞ്ഞിരിക്കുന്നു." നാലാമൻ "റോമയിലെ എപ്പിസ്കൂപ്പ വി. സഭയിലെ വിശ്വാസപ്രമാണത്തെ നിരസിച്ചിരിക്കുന്നു. അവന്റെ ഈ ഉദ്യമം എപ്പിസ്കൂപ്പന്മാരുടെ മദ്ധ്യേ വിവാദത്തിനും കലഹത്തിനും കാരണമായിരിക്കുന്നത് ശരിയല്ല" എന്നും 61-ാമൻ "റോമായിലെ എപ്പിസ്കൂപ്പ യഹൂദസ്കറിയോത്ത ആകുന്നു. മ്ശിഹായുടെ സഭയാകുന്ന മണവാട്ടിയെ തന്റെ ശത്രുക്കൾക്ക് അവൻ വിറ്റിരിക്കുന്നു" എന്നും പ്രസ്താവിച്ചു.[4] ഇങ്ങനെ പിതാക്കന്മാർ അവരവരുടെ അഭിപ്രായങ്ങളെ രേഖപ്പെടുത്തുകയുണ്ടായി. അനന്തരം അവർ സുന്നഹദോസിന്റെ മുൻനിശ്ചയത്തെ ഏറ്റവും ശക്തിമത്തായി ഉറപ്പുവരുത്തുകയും നിശ്ചയങ്ങൾ പ്രതിനിധികൾവഴി സ്തേപ്പാനോസിന് അയച്ചുകൊടുക്കുകയുംചെയ്തു. അദ്ദേഹം മുമ്പിലത്തെപ്പോലെതന്നെ അതിനെ അപ്പോഴും നിഷേധിക്കയും പ്രതിനിധികൾക്ക് രാത്രി താമസിക്കുവാൻപോലും യാതൊരു സൗകര്യങ്ങളും നല്കാതെ അപമാനത്തോടെ അവരെ പറഞ്ഞയയ്ക്കയും ചെയ്തു. അദ്ദേഹം വീണ്ടും ഒരു എഴുത്ത് അയയ്ക്കയും അതിൽ വി. കുപ്രിയാനോസിനെ വ്യാജ അപ്പോസ്തലൻ എന്നും വഞ്ചകൻ എന്നും സംബോധനചെയ്യുകയും ആഫ്രിക്കൻ എപ്പിസ്കൂപ്പന്മാരുമായുള്ള ബന്ധം ഛേദിച്ചുകളയുകയുംചെയ്തു.

വി. കുപ്രിയാനോസ് ആഫ്രിക്കൻ എപ്പിസ്കൂപ്പയായ ബോംബിയോസിനയച്ച കത്തിൽ "നമ്മുടെ കത്തിൽ സഹോദരനായ സ്തേഫാനോസ് എന്തു മറുപടി നല്കി എന്നറിവാൻ നീ ആഗ്രഹിക്കുന്നതു

4 "കൂറിലോസുമക്കാർ" എന്ന കോപ്റ്റിക് കത്തോലിക്ക പാത്രിയർക്കീസിന്റെ പുസ്തകം 2-ാം വാല്യം പേജ് 256.

കൊണ്ട് അതിന്റെ പകർപ്പ് ഞാൻ അയയ്ക്കുന്നു. (യഥാർത്ഥത്തിൽ) എത്ര പ്രതികൂലമായും അന്യായമായും ഭോഷത്വത്തോടും വിവേചന രഹിതമായും നിഗളത്തോടും കൂടെയാണ് അത് അവൻ എഴുതിയത് എന്ന് അതിൽനിന്ന് തന്നെ നിനക്ക് ഗ്രഹിക്കാവുന്നതാണ്" എന്നിങ്ങനെ കാണിച്ചിരിക്കുന്നു.[5] ഈ കാലത്ത് കൈസറിയായിലെ എപ്പിസ്കൂപ്പ ആയി മുൻപറഞ്ഞ മോർ ഫർമില്യാനോസ് സ്തേഫാനോസിന് എതിരായുള്ള ശക്തിമത്തായ എഴുത്തുമൂലം ആഫ്രിക്കൻ എപ്പിസ്കൂപ്പന്മാരെ ധൈര്യപ്പെടുത്തി. തന്റെ ഇടവകയിലെ എല്ലാ പള്ളികളും ആഫ്രിക്ക എപ്പിസ്കൂപ്പന്മാരുടെ ഭാഗത്തുതന്നെ നില്ക്കുന്നു എന്ന് സ്ഥിരപ്പെടുത്തിയിരുന്നു. കൂടാതെയും ഇതിൽ റോമ്യരുടെ അഹങ്കാരത്തെ ശാസിക്കയും അവർ സത്യവിശ്വാസവും പൂർവ്വമര്യാദകളും അഭംഗം ആദരിക്കാതിരിക്കുന്നത് തെളിവുസഹിതം വെളിപ്പെടുത്തുകയും ചെയ്തിരുന്നു. ആ കത്തിൽതന്നെ "സ്തേപ്പാനോസ് മര്യാദ ലംഘനക്കാരൻ എന്നും യൂദസ്ക്കറിയോത്ത എന്നും അദ്ദേഹം സംബോധന ചെയ്തിരുന്നു. ഈ ഫർമില്യാനോസ് റോമയിലെ സ്തേപ്പാനോസിന് ഇപ്രകാരം എഴുതിയിരിക്കുന്നു. "അനേകം സഭകളുമായുള്ള കൂട്ടായ്മയിൽനിന്ന് നീ സ്വയം നിന്നെ വേർതിരിച്ചതായ നിന്റെ പ്രമാദം അതിമ്ലേച്ഛകരമായി ആവർത്തിച്ചിരിക്കുന്നു. നിന്നെത്തന്നെ വി. സഭാബന്ധത്തിൽനിന്ന് ഇതരനാക്കിത്തീർത്തിരിക്കുന്നുവെന്ന സംഗതി വിസ്മരിക്കരുത്. സഭയുടെ ഐക്യബന്ധത്തെ ആര് ഉപേക്ഷിക്കുന്നുവോ അവനത്രെ സഭയിൽനിന്നും യഥാർത്ഥത്തിൽ ശീശ്മക്കാരനായിത്തീരുന്നത്. മറ്റുള്ള സകലരേയും നിന്നിൽനിന്നും വേർതിരിക്കുവാൻ നിനക്ക് കഴിവുണ്ടെന്ന് എത്രമാത്രം നീ വിചാരിക്കുന്നുവോ അത്രയും നീതന്നെ ആകുന്നു സർവ്വരിൽനിന്നും വേർപെട്ട് ഏകനായിത്തീരുന്നത്."[6] ഇപ്രകാരംതന്നെ അലക്സന്ത്രിയായിലെ വി. ദീവന്നാസ്യോസ് സ്തേപ്പാനോസിന്റെ പ്രവൃത്തികളെപ്പറ്റി ശാസിച്ചു അയച്ച എഴുത്തിൽ പൗരസ്ത്യസഭകൾ എല്ലാം എങ്ങനെ ഐകൃത്തിൽ ആണെന്നും എല്ലായിടത്തും പൗരസ്ത്യസഭാദ്ധ്യക്ഷന്മാർ ഏകാഭിപ്രായക്കാരാണെന്നും തെളിയിച്ചിരുന്നു. ആകയാൽ സഭയിൽ ഉള്ള സമാധാനത്തിൽ ഭംഗം വരുത്തരുതെന്ന് അദ്ദേഹത്തെ പ്രത്യേകിച്ച് ഉപദേശിക്കുകയുംചെയ്തു.

ഇദ്ദേഹം പിന്നീട് സ്തേപ്പാനോസിന്റെ മരണശേഷം 257-ൽ ഭരണം സ്വീകരിച്ച ക്സോസ്തോസിനോട് സ്തേഫാനോസിന്റെ പ്രവൃത്തികളെ കഠിനമായി വിമർശിച്ചുകൊണ്ട് എഴുതി അയച്ചു.[7] സ്തേഫാനോസിന്റെ മരണശേഷം ഉടനെതന്നെ സഭയിൽ സമാധാനം ഉണ്ടായി. ഈ വിവാദങ്ങൾക്കെല്ലാം ഒരു അന്ത്യതീരുമാനം വരുത്തിയ പ. നിഖ്യാസുന്നഹദോസുവരെ ഓരോ കക്ഷിയും അവരവരുടെ വിശ്വാസത്തിൽ തന്നെ നിലനിന്നുവന്നു.

5 വി. കുപ്രിയാനോസിന്റെ 74-ാം ലേഖനം നോക്കുക.
6 വി. കുപ്രിയാനോസിന്റെ 75-ാം ലേഖനം നോക്കുക.
7 യൗസേബിയോസിന്റെ സഭാചരിത്രം 7:5 നോക്കുക.

അദ്ധ്യായം 11

# ഒൻപതാമത്തെ പീഡയും അതിലെ പ്രസിദ്ധരായ രക്തസാക്ഷികളും

വാലേറിയാനോസ് രാജാവ് 253 ഏ.ഡി.യിൽ സിംഹാസനാരൂഢനായി. ഇദ്ദേഹം തന്റെ വാഴ്ചയുടെ ആരംഭത്തിൽതന്നെ ക്രിസ്ത്യാനികൾക്ക് സ്വാതന്ത്ര്യവും ആശ്വാസവും നല്കി. എന്നാൽ അനന്തരം അദ്ദേഹത്തിന്റെ ഒരു ആലോചനക്കാരനായ മക്രിയാന്റെ നിർദ്ദേശപ്രകാരം ക്രിസ്ത്യാനികൾക്ക് എതിരായ പീഡയും നടപടികളും സ്വീകരിപ്പാൻ നിർബ്ബന്ധിതനായി. ക്രിസ്ത്യാനികൾ പ്രാർത്ഥിപ്പാനും ആരാധിപ്പാനും ഭൂമിയുടെ അടിയിലുള്ള ആരാധനാസ്ഥലങ്ങളിൽ ഒരുമിച്ചു കൂടുന്നതിനെ നിരോധിച്ചുകൊണ്ടും ക്രിസ്തീയപുരോഹിതന്മാർ ദേവന്മാർക്കും വിഗ്രഹങ്ങൾക്കും ബലി അണയ്ക്കണമെന്നും അങ്ങനെ ചെയ്യാതിരുന്നാൽ അവരെ നാടുകടത്തുന്നതാണെന്നും കാണിച്ചുകൊണ്ട് 257-ൽ ഒരു കല്പന പ്രസിദ്ധപ്പെടുത്തി. 258-ാമാണ്ടിൽ സർക്കാരുദ്യോഗങ്ങൾ ഉണ്ടായിരുന്ന ക്രിസ്ത്യാനികളുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനും അവരെ ഭീഷണിപ്പെടുത്തുന്നതിനും ക്രിസ്തീയപുരോഹിതന്മാരെ കൊന്നുകളയുന്നതിനും അവർ കല്പനപുറപ്പെടുവിച്ചു. ഈ പീഡയിൽ കൊല്ലപ്പെട്ട അനേകപിതാക്കന്മാരിൽ റോമിലെ ക്സോസ്തോസ് അദ്ദേഹത്തിന്റെ ശെമ്മാശനായ ലോറൻതിയോസ്, കാർത്തേജിലെ കുപ്രിയാനോസ് എന്നിവരും ഉണ്ടായിരുന്നു.

### പ. ക്സുസ്തോസ്**

ഇദ്ദേഹം വിശ്വാസികളായ ക്രിസ്തീയ സഹോദരരൊന്നിച്ച് ഒരു കല്ലടാവിൽ പ്രാർത്ഥിച്ചും, ഉപദേശിച്ചുംകൊണ്ടിരിക്കുമ്പോൾ എതിരാളികൾ അവിടെ എത്തി അദ്ദേഹത്തേയും നാല് ശെമ്മാശന്മാരേയും പിടിച്ചു ന്യായാധിപസമക്ഷത്തു ഹാജരാക്കി. അദ്ദേഹം എവിടെ ക്രിസ്ത്യാനികളോട് ഉപദേശിച്ചുവന്നുവോ, അവിടെ അദ്ദേഹത്തെ കൂട്ടിക്കൊണ്ടു പോയി കസേരയിലിരുത്തി കൊന്നുകളയുന്നതിന് ന്യായാധിപൻ കല്പിച്ചു. അപ്രകാരം അദ്ദേഹത്തേയും തന്റെ ശെമ്മാശന്മാരേയും 258 ആഗസ്റ്റ് 6-ാംതീയതി ഹനിച്ചുകളയുകയുംചെയ്തു. സഭയിൽ ഇദ്ദേഹത്തിന്റെ നാമധേയത്തിൽ ഒരു സുറിയാനി കുർബ്ബാന തക്സായുണ്ട്.

*ക്സൊസ്ത്തോസ്

## പ. ലോറൻതിയോസ്

ഇദ്ദേഹം മുൻപ്രസ്താവിച്ച ക്സൊസ്തോസ് (സൊക്കോസ്തോസ്) പിതാവിന്റെ ശെമ്മാശന്മാരിലൊരാളായിരുന്നു. പ. ക്സൊസ്തോസ് വധിക്കപ്പെടേണ്ടതിന് കൊണ്ടുപോകപ്പെട്ടപ്പോൾ വഴിയിൽവച്ച് പ. ലോറൻതിയോസ് അദ്ദേഹത്തെ കണ്ടുമുട്ടുകയും "എന്റെ പിതാവേ! ഈ പുത്രനെ തനിയെ ഉപേക്ഷിച്ചുംവച്ച് അങ്ങ് എവിടെ പോകുന്നു" എന്ന് ചോദിക്കുകയുംചെയ്തു. അതിനു മറുപടിയായി ആ പിതാവ് ഇപ്രകാരം ഉത്തരം പറഞ്ഞു, "അടുത്തുതന്നെ നീ എന്നെ അനുഗമിപ്പാനിരിക്കുന്ന സ്ഥലത്തേക്കു പോകുന്നു." പിതാവിന്റെ ഈ ആശ്വാസ വചനങ്ങളാൽ പ. ലോറൻതിയോസ് പൂർവ്വാധികം ശക്തിപ്പെടുകയും സാക്ഷിത്വത്തിലേക്ക് ഉള്ള ആ ശ്രേഷ്ഠ പദവിയെ സ്വീകരിപ്പാൻ തന്നെത്തന്നെ ഒരുക്കുന്നതിനുത്സാഹിക്കുകയുംചെയ്തു. തന്റെ വിയോഗത്തിനു മുമ്പായി പ. ക്സൊസ്തോസ് റോമായിലെ പള്ളി സ്വത്തുക്കൾ സഭാപീഡകന്മാരുടെ അധീനതയിൽ ആകാതെ സാധുക്കൾ, അഗതികൾ ആദിയായ മുട്ടുദിഷ്ടതിക്കാരുടെ ആവശ്യാർത്ഥം അവയെ വിനിയോഗിക്കുന്നതിനും അവയെ യോഗ്യമായി ഭരിക്കുന്നതിനും തന്റെ ശെമ്മാശനായ പ. ലോറൻതിയോസിനെ അധികാരപ്പെടുത്തിയിരുന്നു. വി. ക്സൊസ്തോസിനെ വധിച്ചതിനുശേഷം ദുഷ്ടനും അത്യാഗ്രഹിയും അധർമ്മിയുമായ ന്യായാധിപന്റെ ദൃഷ്ടി ധനികരായ ക്രിസ്ത്യാനികളുടേയും ദൈവാലയത്തിന്റേയും വസ്തുവകകൾ പിടിച്ചടക്കുന്നതിൽ പതിഞ്ഞു. റോമായിലെ വിദ്യാലയം വിലപിടിച്ച പൊൻവെള്ളി സാധനങ്ങളെക്കൊണ്ടുള്ള അമൂല്യനിക്ഷേപങ്ങളാൽ സമർത്ഥമാണെന്ന് ന്യായാധിപൻ ഗ്രഹിച്ചതിനാൽ അത് കൈവശമാക്കുവാൻ മനസ്സുവെച്ച് അതിന്റെ അപ്പോഴത്തെ ഭരണകർത്താവായ പ. ലോറൻതിയോസിനെ തന്റെ സന്നിധിയിൽ വരുത്തി പള്ളിമുതലുകൾ സൂക്ഷിച്ചിരിക്കുന്ന സ്ഥലം കാണിച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടു. തനിക്ക് മൂന്നു ദിവസത്തെ അവധി ദയവായി അനുവദിച്ചുകൊടുക്കണമെന്നും അതിനിടയ്ക്ക് അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം സംഗതി സാധിച്ചുകൊടുക്കാമെന്നും അറിയിച്ചു. ന്യായാധിപൻ സന്തുഷ്ടനാവുകയും അദ്ദേഹത്തെ വിട്ടയയ്ക്കുകയുംചെയ്തു. ആ പിതാവ് പട്ടണത്തിന്റെ എല്ലാ ഭാഗങ്ങളിലും ചുറ്റിസഞ്ചരിക്കുകയും ഈ മൂന്നു ദിവസംകൊണ്ട് ദരിദ്രന്മാർ, അംഗഹീനന്മാർ, രോഗികൾ, മുട്ടുദിഷ്ടതിക്കാർ ആദിയായി സാധുക്കളും അഗതികളുമായ തന്റെ നോട്ടത്തിലും ദൈവാലയത്തിന്റെ സംരക്ഷണയിലും ജീവിച്ചുവന്നിരുന്ന അനേകം ആളുകളെ ആ ദൈവാലയത്തിൽ ഒരുമിച്ചുകൂട്ടിയിട്ട് ഈ വിശേഷപ്പെട്ട ദൈവാലയത്തിലെ വില പിടിച്ച നിക്ഷേപമാണിതെന്ന് ന്യായാധിപനോടു പറഞ്ഞു. ന്യായാധിപന് കഠിനമായ കോപവും ഇച്ഛാഭംഗവുമുണ്ടായി. അദ്ദേഹത്തിന്റെ ക്രൂര മുഖത്തുനിന്നും നിർദാക്ഷിണ്യമായ ആജ്ഞ പുറപ്പെട്ടു. ആ പരിശുദ്ധന്റെ തൊലിയും മാംസവും ഉരിഞ്ഞ് പോകത്തക്കവണ്ണം നഖഃശി

ഖാന്തം അടിച്ച് ഒരു പാത്രത്തിലിട്ട് വറുത്ത് കൊല്ലുന്നതിന് പീഡകന്മാരെ ഭരമേല്പിച്ചു. അങ്ങനെ ആ പിതാവിനെ അവർ അടിച്ചു. പാത്രത്തിലിട്ട് വറുത്തുകൊണ്ടിരിക്കുകയായിരുന്നു. തന്റെ ഒരു ഭാഗം അഗ്നിയുടെ ഭയങ്കരമായ ചൂടിനാൽ നിശ്ശേഷം വെന്ത് കരിഞ്ഞതായി ആ പിതാവ് ഗ്രഹിച്ചുകൊണ്ട് ശാന്തനായി ആ പീഡകന്മാരോട് ഇപ്രകാരം പറഞ്ഞു, "ഇതാ എന്റെ ഒരു വശം വെന്ത് കരിഞ്ഞിരിക്കുന്നു. ഇനി ദയവായി നിങ്ങൾ മറുവശം തിരിച്ചിടുക." അവർക്ക് ഈ പിതാവിന്റെ പ്രശാന്തതയും, വിപദിധൈര്യവും കണ്ട് ഭയവും അത്ഭുതവും ഉണ്ടായി എങ്കിലും ന്യായാധിപന്റെ കല്പനയെ ഓർത്ത് അവർ അപ്രകാരം ചെയ്തു. കുറച്ച് കഴിഞ്ഞ് അദ്ദേഹം തന്റെ കണ്ണുകൾ സ്വർഗ്ഗത്തിലേക്കുയർത്തി ദൈവത്തോട് പ്രാർത്ഥിച്ചു. ക്രിസ്തുവിന്റെ തൃക്കരങ്ങളിൽ തന്റെ ആത്മാവിനെ ഭരമേല്പിച്ചു. ഇങ്ങനെ തന്റെ ആത്മികപിതാവും പരിശുദ്ധനുമായ മോർ ക്സുസ്തോസ് സാക്ഷിമരണം പ്രാപിച്ചതിന്റെ മൂന്നാം ദിവസം അദ്ദേഹംതന്നെ അനുസ്മരിപ്പിച്ച പ്രകാരം താനും സാക്ഷിമരണം പ്രാപിപ്പാൻ സംഗതിയായി.

**പ. കുപ്രിയാനോസ്***

ഇദ്ദേഹം കാർത്തേജിൽ ഒരു പ്രധാന പുറജാതി കുടുംബത്തിൽ ജനിച്ചു. തത്ത്വശാസ്ത്രത്തിലും തർക്കശാസ്ത്രത്തിലും അതിനിപുണനായിത്തീർന്നു. അനന്തരം കാർത്തേജിലെ വിദ്യാലയത്തിൽ തത്ത്വശാസ്ത്ര പണ്ഡിതനായി നിയമിക്കപ്പെട്ടു. 245-ൽ ആത്മാർത്ഥമായ പരിശോധനയുടേയും പഠനത്തിന്റേയും ഫലമായി തന്റെ സ്നേഹിതനായ കീക്കില്യാനോസ് കശീശായുടെ സഹായത്താൽ ക്രിസ്തീയ ഉപദേശങ്ങൾ സ്വീകരിച്ചു ശിഷ്യപ്പെടുകയും സ്നാനപ്പെട്ടു കുറേനാളുകൾക്കുശേഷം അദ്ദേഹത്തിന്റെ യോഗ്യതനിമിത്തം പുരോഹിതനായി വാഴിക്കപ്പെടുകയുംചെയ്തു. കാർത്തേജിലെ എപ്പിസ്കൂപ്പായായ ദോനാത്തോസ് കാലംചെയ്തപ്പോൾ ഇദ്ദേഹം ക്രി. 249-ൽ തിരഞ്ഞെടുക്കപ്പെടുകയും ആ സിംഹാസനത്തിന് പിൻഗാമിയായി വാഴിക്കപ്പെടുകയുംചെയ്തു. 250-ൽ ദോക്കിയോസ് പീഡ തുടങ്ങിയപ്പോൾ സിംഹാസനത്തിൽനിന്ന് ഓടിപ്പോകയും ഒളിവിൽ വസിക്കയും ചെയ്തു. 251-ൽ പീഡ അവസാനിച്ചപ്പോൾ അദ്ദേഹം തിരിച്ചുവന്ന് സിംഹാസനം സ്വീകരിച്ച് കാര്യങ്ങൾ നിർവ്വഹിച്ചുവന്നു. അക്കാലത്ത് വേദവിപരീതികളുടെ മാമോദീസാ സ്വീകരിച്ച് തിരിച്ചു വരുന്നവരെ എങ്ങനെ സ്വീകരിക്കണം എന്ന വിഷയത്തെക്കുറിച്ച് റോമായിലെ എപ്പിസ്കൂപ്പായായ സ്തേഫാനോസും ഈ പിതാവും തമ്മിൽ വിവാദമുണ്ടായി. 257-ൽ വാലേറിയൻ പീഡ ആരംഭിച്ചപ്പോൾ ഇദ്ദേഹം കോറോബ് പട്ടണത്തിലേക്ക് നാടുകടത്തപ്പെട്ടു. എന്നാൽ ആംഭത്തിൽ വലിയ ഞെരുക്കങ്ങളൊന്നും അനുഭവിക്കേണ്ടിവന്നില്ല. അവിടെ താമസിക്കുമ്പോൾ ആഫ്രിക്കായിലെ നോമീദ്യായിൽ സീകോസ് എന്ന സ്ഥലത്ത് ഖനികളിൽ വേല ചെയ്യുന്നതിന് നിർബന്ധിതനായി. വളരെ കഷ്ടതകളും പീഡകളും അനു

*സിപ്രിയോൻ

ഭവിച്ചവരായ ക്രിസ്തീയ പുരോഹിതന്മാരെക്കുറിച്ചും ജനങ്ങളെക്കുറിച്ചും അവരുടെ ഒൻപതു എപ്പിസ്കൂപ്പന്മാരെക്കുറിച്ചും കേട്ടപ്പോൾ അവരുടെ ആശ്വാസത്തിനും പ്രയോജനത്തിനുമായി താൻ ലേഖനവും ഉദാരതയോടെ സംഭാവനയും അയച്ചുകൊടുത്തു. ഒരാണ്ടു കഴിഞ്ഞപ്പോൾ കാർത്തേജിലേക്ക് അദ്ദേഹത്തെ തിരിച്ചുകൊണ്ടുവന്ന് അവിടെ വച്ച് ഗളച്ഛേദനത്താൽ കൊന്നുകളയുന്നതിന് രാജാവ് കല്പിച്ചു. എന്നാൽ അദ്ദേഹത്തെ വധിക്കുന്നതിന് മുൻപ് തന്റെ വധത്തിൽ സംബന്ധിക്കുന്നതിന് ഒരുമിച്ചുകൂടിയ ഒരു വലിയ ജനസമൂഹത്തിന്റെ മുമ്പാകെ അദ്ദേഹം മുട്ടുകുത്തി പ്രാർത്ഥിക്കുകയും തന്നെ വധിക്കുന്ന ആ ഉദ്യോഗസ്ഥന് 25 പവനോളം വരുന്ന സംഖ്യ ദാനം ചെയ്യുന്നതിന് ക്രമപ്പെടുത്തി. താൻ കൂപ്പുകൈകളോടുകൂടെ നില്ക്കുകയും അങ്ങനെ 258 സെപ്റ്റംബർ 14-ാം തീയതി വധിക്കപ്പെടുകയും ചെയ്തു. ഈ പരിശുദ്ധന്റെ ചിന്തപ്പെട്ട രക്തം അനേകം വിശ്വാസികൾ തങ്ങളുടെ തൂവാലകളിൽ പുരട്ടി സാക്ഷ്യലക്ഷ്യമായി ബഹുമാനിച്ചു. ഈ കുപ്രിയാനോസ് അനേകം വിശിഷ്ടലേഖനങ്ങളും പുസ്തകങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വൈദികജ്ഞാനവും ദൈവഭക്തിയും ക്രിസ്തീയ തീക്ഷ്ണതയും ആ ഗ്രന്ഥങ്ങളിൽ പ്രത്യക്ഷമാകുന്നുണ്ട്.

ഈ പീഡയിൽ അലക്സന്ത്ര്യായിലെ ദീവന്നാസ്യോസും ലിബിയായിലെ കിഫ്റോ എന്ന സ്ഥലത്തേക്ക് നാടുകടത്തപ്പെട്ടു. അവിടെ താമസിക്കുമ്പോഴും അദ്ദേഹം വേദപ്രചാരണം നടത്തിവന്നു. അദ്ദേഹത്തിന്റെ ഉപദേശത്താൽ പലരും ശിഷ്യപ്പെട്ട് ക്രിസ്ത്യാനികളായിത്തീരുവാൻ ആഗ്രഹിക്കുന്നതായ വാർത്ത ന്യായാധിപൻ ഗ്രഹിച്ചു. അവിടെ നിന്നും അദ്ദേഹത്തെ മറിയൂത്ത് എന്ന പട്ടണത്തിലേക്കു മാറ്റി. എന്നാൽ ഗാലിയാന്റെ കാലത്ത് പീഡ ശമിക്കുകയും അദ്ദേഹം സിംഹാസനത്തിലേക്ക് തിരിച്ച് വരികയും ചെയ്തു. ഇങ്ങനെ പീഡയുടെ കാലത്ത് വി. സഭയിലെ അനേകപിതാക്കന്മാരും ജനങ്ങളും ഇപ്രകാരം കഷ്ടത അനുഭവിക്കുന്നതിനും രക്തസാക്ഷികളാകുന്നതിനും ഇടയായി. രാജാവായ വാലേറിയന്റെ ഈ ദുഷ്ടതകളെയെല്ലാം ദൈവം അദ്ദേഹത്തോട് പ്രതികാരം നടത്തുന്നതുവരെ തുടർന്നിരുന്നു. എന്നാൽ പേർഷ്യാക്കാരുമായുണ്ടായ യുദ്ധത്തിൽ ആരുടെ ആലോചനപ്രകാരം ഈ മതപീഡ അദ്ദേഹം നടത്തിയോ ആ മക്രിയാന്റെ വൻചതിമൂലം അദ്ദേഹവും അദ്ദേഹത്തിന്റെ സൈന്യങ്ങളും പരാജിതരാവുകയും അദ്ദേഹത്തെ അടിമയായി പേർഷ്യായിലേക്ക് ശാബൂർ ഒന്നാമൻ ക്രി. 260-ൽ കൂട്ടിക്കൊണ്ടുപോകുകയും കാരാഗൃഹത്തിൽ ബന്ധിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സിംഹാസനത്തിൽ തന്റെ മകൻ ഗാലിയാൻ (260-268) ആരോഹണം ചെയ്തു. തന്റെ പിതാവിന്റെ മേലുണ്ടായ ഭയങ്കരമായ ശിക്ഷ കണ്ട് ഭയന്ന് ഗാലിയാൻ മതപീഡ ഉടനെ നിർത്തുകയും ക്രിസ്ത്യാനികൾക്ക് ആശ്വാസം നല്കുകയുംചെയ്തു. ഈ കാര്യം

പ്രസിദ്ധപ്പെടുത്തി ക്രിസ്തീയ എപ്പിസ്കൂപ്പന്മാർക്ക് രണ്ട് കല്പനയും അയച്ചു. ആദ്യ കല്പന അദ്ദേഹം ഈജിപ്ത് കീഴടക്കിയശേഷം 261-ൽ അവിടുത്തെ എപ്പിസ്കൂപ്പന്മാർക്കയച്ചതായിരുന്നു. രണ്ടാമത്തെ കല്പന കുറെ കഴിഞ്ഞതിനുശേഷം പ്രസിദ്ധപ്പെടുത്തി. ഇങ്ങനെ സമാധാന കാലമായപ്പോൾ നാടുകടത്തപ്പെട്ടിരുന്ന അനേക പിതാക്കന്മാർ തങ്ങളുടെ സ്ഥലങ്ങളിലേക്കു തിരിച്ചുവന്നുതുടങ്ങി. അദ്ദേഹത്തിനു ശേഷം രാജ്യഭാരം ചെയ്ത ക്ലേവോദ്യോസ് രണ്ടാമന്റേയും അദ്ദേഹ ത്തിന്റെ സഹോദരൻ ഓറല്യാന്റേയും (270-275) കാലത്ത് മതപീഡ തുടരുകയും അനേകപിതാക്കന്മാർ കൊല്ലപ്പെടുകയും ചെയ്വാനിട യായി. അവരിൽ സന്യാസവൃത്തിയിൽ ജീവിച്ചുവന്നിരുന്ന ആട്ടിട യനായ മാമയും ഉൾപ്പെട്ടിരുന്നു. സ്യാൻസുവിനടുത്താണ് ഇദ്ദേഹത്തെ സംസ്കരിച്ചത്. ഈ പിതാവിന്റെ സാക്ഷിമരണത്തിനുശേഷം അദ്ദേ ഹത്തിന്റെ കബറിൽനിന്ന് അനേക അത്ഭുതങ്ങൾ ഉണ്ടായതായി പറ യപ്പെടുന്നു. ഇദ്ദേഹത്തിന്റെ നാമത്തിൽ ഒരു പള്ളി പണിയിച്ചു. ക്രിസ് ത്യാനികളുടെ മേലുള്ള പീഡയെ 257-ൽ കഠിനതരമാക്കുന്നതിന് കല്പന പരസ്യമാക്കുവാൻ ഓറല്യാൻ നിരൂപിച്ചുകൊണ്ടിരിക്കുന്ന കാലത്ത് ഇടിവെട്ടേറ്റ് മരിച്ചുപോയി.

### അദ്ധ്യായം 12

# അന്ത്യോഖ്യാ പാത്രിയർക്കീസായ ശ്മീശത്തുകാരൻ പൗലേ (260-268)

പരിശുദ്ധ ദിമത്രിയോസ് നിദ്രകൊണ്ടതിന്റെ ശേഷം എ.ഡി. 260-ൽ പൗലേ അദ്ദേഹത്തിന്റെ സ്ഥാനത്ത് വാഴിക്കപ്പെട്ടു. ഇദ്ദേഹം ശ്മീശത്തിലെ സുറിയാനിക്കാരിൽ പെട്ടവനും ഒരു ദരിദ്ര കുടുംബജാതനുമായിരുന്നു. താൻ വളർന്നു വന്നപ്പോൾ വിവിധ ജ്ഞാനമാർഗ്ഗങ്ങളിൽ പടിപടിയായി ഉയർന്നുവരികയും കീർത്തിമാനായിത്തീർന്ന് അക്കാലത്തുണ്ടായിരുന്ന എപ്പിസ്കോപ്പന്മാരെ സ്വാധീനമാക്കിക്കൊണ്ട് അന്ത്യോഖ്യായിലെ പ. പത്രോസിനടുത്ത സിംഹാസനത്തിൽ ആരോഹിതനായിത്തീരുകയുംചെയ്തു.

അന്ത്യോഖ്യാസിംഹാസനത്തിലെ അയാളുടെ ഭരണം ധർമ്മരഹിതമായ വിധത്തിലായിരുന്നു. സിംഹാസനം വക ധനം ദുർവ്യയം ചെയ്യുകയും സ്വാർത്ഥത്തിനായി അധികാരത്തെ വിനിയോഗിക്കുകയും ചെയ്തു. വിഭവസമൃദ്ധവും ഐശ്വര്യസമ്പൂർണ്ണവുമായ അന്ത്യോഖ്യാപ്രദേശമെങ്ങും അവന്റെ ദുർന്നടപടികൾ പ്രസിദ്ധമായിരുന്നു. ഈ കാലത്ത് തദ്മൂറിലെ രാജ്ഞിയായ സന്തബിയാ പൗരസ്ത്യ പ്രദേശങ്ങളിൽ സുപ്രസിദ്ധയായിത്തീർന്നു. ഇവൾ യഹൂദമതത്തോടും മര്യാദകളോടും വളരെ താല്പര്യമുള്ളവളും ആ മതത്തെ സ്വീകരിപ്പാൻ ചായ്വുള്ളവളും ആയിരുന്നു. എന്നാൽ ക്രിസ്തുമതത്തെക്കുറിച്ച് അറിയുവാൻ അവൾ ആഗ്രഹിച്ചതിനാൽ ഈ പൗലേയെ തനിക്ക് ഗുരുവായി തെരഞ്ഞെടുത്തു. അദ്ദേഹം പൂർവ്വപ്രദേശത്തെ സഭയുടെ തലവൻ എന്ന് മാത്രമല്ല ഏഷ്യായിലുള്ള മറ്റാരേക്കാളും മികച്ച വാഗ്മിയും നിപുണനുമായ ഒരു പ്രസംഗകനുമായിരുന്നു. അദ്ദേഹത്തിന്റെ വചനങ്ങൾ സന്നുബിയായ്ക്ക് വളരെ ആകർഷകമായിരുന്നു. അവൾ അവനെ അന്ത്യോഖ്യായുടെ നാടുവാഴിയായി നിയമിച്ചു. "ദോസേനോറിയോസ്" അഥവാ രാജ്ഞിയുടെ പ്രതിനിധി എന്ന ഒരു ബഹുമതി നാമവും അദ്ദേഹത്തിനു നല്കി. എപ്പിസ്കൂപ്പാ സ്ഥാനത്തേക്കാൾ തനിക്ക് ഏററവും ഇഷ്ടകരമായിരുന്നത് ആ ലൗകിക സ്ഥാനവലിപ്പമായിരുന്നു എന്ന് പറയപ്പെടുന്നു. ഈ കാലംമുതൽ ഒരു എപ്പിസ്കോപ്പായ്ക്ക് ചേർന്ന ആത്മികചൈതന്യശക്തി തന്നിൽനിന്നു വിട്ടുമാറിയോ എന്ന് തോന്നത്തക്ക

വണ്ണം വ്യർത്ഥമഹത്ത്വപ്രിയനായി അദ്ദേഹം കാണപ്പെട്ടു. കേവലം ഒരു ലോകഭരണാധികാരി എന്നവണ്ണം അത്രയ്ക്ക് ഗർവ്വോടും പ്രഭാവത്തോടും അധികാരശക്തിയോടുംകൂടെ മറ്റുള്ളവരോട് പെരുമാറിവന്നു. കർത്താവിന്റെ സത്യശിഷ്യനടുത്ത ഒരു പ്രകൃതിയല്ല. എന്നാൽ വെറും ഒരു ലോകപ്രഭുവിനടുത്ത പ്രകൃതി ആയിരുന്നു അദ്ദേഹത്തിൽ പ്രത്യക്ഷമായത്. വ്യക്തിപരമായ തന്റെ ജീവിതം വെറും നാമധേയ ക്രിസ്ത്യാനിക്കടുത്ത ഒന്നു മാത്രമായിരുന്നു. എന്നാൽ ഇതിലും പരിതാപകരം അദ്ദേഹത്തിന്റെ സ്വഭാവം ഈ വിധമായിരിക്കെ വിശ്വാസികളുടെ നാവുകളാൽ നിത്യം ആരുടെ പുണ്യനാമങ്ങൾ പുകഴ്ത്തപ്പെട്ട് ബഹുമാനിക്കപ്പെട്ടുവന്നിരുന്നുവോ ആ ഭക്തന്മാരും പുണ്യവാന്മാരുമായ പിതാക്കന്മാരേയും വിശേഷാൽ പ. എവോദ്യോസ്, തീയ്ക്കടുത്ത മോർ ഇഗ്നാത്യോസ്, പ. ബാബൂലാ എന്നീ പിതാക്കന്മാരെപ്പോലും തന്റെ പ്രസംഗങ്ങളിൽ അനാദരിപ്പാനും അവഹേളിപ്പാനും അദ്ദേഹം മുതിർന്നു. സന്നൂബിയാ രാജ്ഞിക്ക് താൻ നല്കിയ ഉപദേശം അവൾക്ക് പ്രിയകരമായിത്തീരത്തക്കവണ്ണം അവളുടെ ആശയങ്ങളോടും അഭിപ്രായങ്ങളോടും ഒരുവിധത്തിലും വിയോജിച്ചിട്ടുള്ളതായിരുന്നില്ല.

ദൈവത്വത്തെക്കുറിച്ച് വേദവിപരീതിയായ സേബേലിയോസിന്റെ ഉപദേശം വിശ്വാസസംഹിതയിൽ പൗലേയും ശേഖരിച്ചുകൂട്ടിച്ചേർത്തു. ആ ഉപദേശം താഴെ പറയുംപ്രകാരമാണ്. "പിതാവ്, പുത്രൻ, പ. റൂഹാ എന്നിവർക്ക് ഏക ക്നൂമാ മാത്രമെയുള്ളു. ത്രിത്വം എന്നൊന്നില്ല. ഏകനായ ഒരു ദൈവമുണ്ട്. പ. വേദഗ്രന്ഥത്തിൽ "പിതാവ് എന്ന് ആ ദൈവത്തെ സംബോധനചെയ്യുന്നു. തന്റെ വചനം തന്റെ ദൈവികബോധത്തിൽ, മനുഷ്യന്റെ ബോധത്തിൽ വിവേചനശക്തി ഏതുപ്രകാരമോ അപ്രകാരം സ്ഥിതിചെയ്യുന്നു. പ. റൂഹായെന്നു പറയുന്നത് ശ്ലീഹന്മാരുടെമേൽ ആവസിച്ചതായ നൽവരമാണ്." മനുഷ്യാവതാരത്തെക്കുറിച്ച് നോക്കുകയാണെങ്കിൽ ആർത്തീമൂന്റെ ദുരുപദേശത്തെ താൻ നവീകരിച്ച് പഠിപ്പിക്കുന്നതായി കാണാം. അദ്ദേഹം വിശ്വസിച്ചിരുന്നത് മ്ശിഹാ സാധാരണ മനുഷ്യനായിരുന്നുവെന്നും പ. റൂഹാ മുഖാന്തരം മറിയാമിൽനിന്ന് ജനിച്ചുവെന്നും അവനിൽ ദൈവികജ്ഞാനം വസിച്ചുവെന്നും അത്ഭുതങ്ങൾ പ്രവർത്തിപ്പാൻ സാധിക്കത്തക്കവണ്ണം പ്രത്യേകരീതിയിൽ അതിന്റെ വ്യാപാരത്തെ കാണിച്ചുവെന്നും ഇപ്രകാരം ദൈവത്തിന്റെ കൃപയാലും തന്റെ പ്രവർത്തികളാലും താൻ നീതീകരിക്കപ്പെട്ട് ദൈവമാക്കപ്പെട്ടുവെന്നും അവനെ അനുകരിക്കുന്ന ഏവനും അവൻ പ്രാപിച്ചതായ ആ സ്ഥാനത്ത് എത്തുവാൻ കഴിയുമെന്നും താൻ സ്കീപ്പായിൽ തറയ്ക്കപ്പെട്ടപ്പോൾ ആ ജ്ഞാനം തന്നിൽനിന്ന് മാറിനിന്നു എന്നുമായിരുന്നു അവന്റെ ഉപദേശം. ഈ കാലം മുതൽ അന്ത്യോഖ്യാ സഭയുടെ, മ്ശിഹായുടെ ദൈവത്വത്തിൻ അടിസ്ഥാനത്തെ വിശദീകരിക്കുന്നതായ പുരാതന ഗാനങ്ങളെ നീക്കുകയും പരസ്യാരാധനയിൽ അവയെ ഉപയോഗിക്കുന്നതിന് തടയുകയും

ചെയ്തു. അതിനു പകരം താനും തന്റെ അനുഗാമികളും രചിച്ച പുതിയ ഗാനങ്ങളെ തൽസ്ഥാനത്ത് ഉപയോഗിച്ചുവന്നു. ഒരു ഉയിർപ്പു പെരുനാൾദിവസം തങ്ങളുടെ എപ്പിസ്കൂപ്പായുടെ യോഗ്യതകളടങ്ങിയ പാട്ടുകൾ ആലപിക്കുന്ന ഗായകിമാരെക്കൊണ്ട് അദ്ദേഹം തന്റെ പള്ളിനിറച്ചു. തന്നെക്കുറിച്ച് അവർ "ഭാഗ്യവതിയായ അന്ത്യോഖ്യായുടെ കാവലിനും ശുദ്ധീകരണത്തിനുംവേണ്ടി സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ദൈവദൂതൻ" എന്നു പാടി. ഇപ്രകാരം പാരമ്പര്യമായി നിലനിന്നുവന്നിരുന്ന വിശ്വാസത്തിൻ പ്രമാണങ്ങളെ ലംഘിക്കുകയും പൂർവ്വികന്മാരായ വേദശാസ്ത്ര പണ്ഡിതന്മാരുടെ അഭിപ്രായങ്ങളെ എതിർക്കുകയും ക്രിസ്തീയ ഉപദേശത്തിൽനിന്നും കേവലം വിഭിന്നമായി തന്റെ ഉപദേശം കാണപ്പെടുകയും ചെയ്തപ്പോൾ അതിനെതിരായി അന്ത്യോഖ്യായിൽ 264-ാമാണ്ട് അലക്സന്ത്ര്യായിലെ വി. ദീവന്നാസ്യോസിന്റെ സ്തുത്യർഹമായ ഉത്സാഹത്താൽ ഒരു പൗരസ്ത്യസുന്നഹദോസ് കൂടപ്പെട്ടു. വാർദ്ധക്യം നിമിത്തവും ശരീരാസ്വാസ്ഥ്യം നിമിത്തവും ആ സുന്നഹദോസിൽ സന്നിഹിതനാകുന്നതിന് തനിക്ക് സാധിച്ചില്ലെങ്കിലും തന്റെ ശെമ്മാശനായ ഉസാബിയൂസിനെ അയച്ചു. അദ്ദേഹത്തിന്റെ കൈവശം സുന്നഹദോസിലേക്കും തന്റെ പത്തുചോദ്യങ്ങളെ ഖണ്ഡിക്കുന്നതായി ശ്മീശത്തായക്കാരൻ പൗലേയ്ക്കും ഓരോ എഴുത്തു കൊടുത്തയച്ചു. ഈ സുന്നഹദോസിൽ പൗലേയും അനേകം എപ്പിസ്കോപ്പന്മാരും[1] സന്നിഹിതരായിരുന്നു. ഇവരെ കൂടാതെ കശീശന്മാർ, ശെമ്മാശന്മാർ ആദിയായി അസംഖ്യം പേർ സംബന്ധിച്ചിരുന്നു. പൗലേയുടെ അഭിപ്രായക്കാരും ആ യോഗത്തിൽ സംബന്ധിച്ചിരുന്നു. സുന്നഹദോസിന്റെ അദ്ധ്യക്ഷൻ വി. ഫെർമില്യാനോസ് ആയിരുന്നു. എന്നാൽ പൗലേ ഉപായിയായിരുന്നതുകൊണ്ട് സത്യവിശ്വാസമാകുന്ന ആ നേരിയ മറശീലയ്ക്കുള്ളിൽ തന്റെ വേദവിപരീതത്തെ ഒളിച്ചുവയ്ക്കുവാൻ തന്റെ പൂർണ്ണശക്തിയും ഉപയോഗിക്കയും തന്റെ വാഗ്വൈഭവത്താലും ദുർവാദങ്ങളാലും കാര്യസിദ്ധിക്ക് ശ്രമിക്കയും ചെയ്തു. എന്നാൽ ഫെർമില്യാനോസിന്റെ വേദശാസ്ത്രപാണ്ഡിത്യം പൗലേയുടെ തെററായ ഉപദേശമാകുന്ന മറയെ വലിച്ചുമാററി. കേവലം തന്റെ സിദ്ധാന്തങ്ങളെ സംരക്ഷിക്കേണ്ടതിന് തന്റെ ബഹുമാന്യമായ പദവിയെ ഉപേക്ഷിക്കത്തക്ക അത്രയ്ക്ക് കരുത്തുള്ളതും സന്നദ്ധതയുള്ളതുമായ ഒരു മനസ്സ

1 അവരിൽ സുവിദിതരായ പിതാക്കന്മാർ മോർ ഫർമില്യാനോസ് 322-368 (കപ്പദൂക്യായുടെ കൈസറിയായിലെ എപ്പിസ്കോപ്പാ) നവ കൈസറിയായിലെ എപ്പിസ്കോപ്പായായ അത്ഭുതപ്രവർത്തകനായ പ. ഗ്രീഗോറിയോസ് (244-270) അദ്ദേഹത്തിന്റെ സഹോദരൻ ഹേലേനൊപ്പൊന്തോസിൽ അമസ്യായിലെ എപ്പിസ്കൂപ്പായായ അഥേനോദോറോസ, ഈക്കോനിയോമിലെ എപ്പിസ്കൂപ്പായായ നീക്കോമാസം, ഊർശ്ലേമിലെ എപ്പിസ്കോപ്പായായ ഹീമേനിയോസ്, ഫലസ്തീനിൽ കൈസറിയായിലെ എപ്പിസ്കോപ്പായായ തേദ്ദാതെക്നോസ്, തർസോസിലെ ഹേലേനോസ്, ബുസ്ത്രായിലെ എപ്പിസ്കോപ്പായായ പ്രസിദ്ധ മക്സീമോസ് എന്നിവരാകുന്നു.

ല്ലായിരുന്നു പൗലേയുടേത്. അതിനാൽ മനസാക്ഷിയോടുകൂടെയല്ലെങ്കിലും മോർ ഫെർമില്യാനോസിന്റെ ന്യായോക്തികളെ സമ്മതിക്കുകയും തന്റെ തെറ്റിനെ സംബന്ധിച്ച് താൻ അനുതപിക്കുന്നു എന്ന് മറ്റുള്ളവരുടെ അടുക്കൽ തോന്നിപ്പിക്കുകയും നാമമാത്രമായിട്ടാണെങ്കിലും ശ്ലൈഹികവിശ്വാസത്തെ സ്വീകരിക്കയും ചെയ്തു. ഇപ്രകാരം ആ സുന്നഹദോസ് അവന്റെ ഉപദേശത്തെ നിരസിച്ചശേഷം പിരിഞ്ഞു. എന്നാൽ ഒരു തീരുമാനവും പൗലേയുടെമേൽ സ്വാധീനം ചെയ്തില്ല.

സുന്നഹദോസ് അവസാനിച്ച് അംഗങ്ങൾ പിരിഞ്ഞ ഉടനെ പൗലേ വീണ്ടും ചേറ്റിലേക്കുതന്നെ തിരിഞ്ഞു. സത്യവിശ്വാസ ധ്വംസകമായ അവന്റെ നടപടികളെ ഒന്നുകൂടി മലീമസമാക്കിത്തീർക്കുവാനെന്ന പോലെ അവനിൽ ജീവിതപ്പിശകുകളും കണ്ടുതുടങ്ങി. ന്യായരഹിതമായി അവൻ സ്ത്രീകളെയും തന്നോടുകൂടെ വസിപ്പിച്ചു തുടങ്ങി. ഹീനമായ തന്റെ ഉപദേശങ്ങൾക്കും നടപടികൾക്കും ശക്തിയായ പിൻബലം ലഭിക്കേണ്ടതിനും തന്റെ കീഴെയുള്ള കശീശന്മാർ എത്ര ക്രമരഹിതമായോ പ്രമാണവിരുദ്ധമായോ ജീവിച്ചാൽപോലും അവരെക്കൊണ്ട് തനിക്കുള്ള സഹായം നഷ്ടമായിത്തീരുമോ എന്ന് ഭയന്ന് ഏതെങ്കിലും വിധത്തിൽ അവരെ ശാസിപ്പാൻ തുനിഞ്ഞില്ല. ഇപ്രകാരം ദിനമ്പ്രതി പൗലേയുടെ ധിക്കാരം അധികരിച്ചുവന്നപ്പോൾ 298-ൽ അന്ത്യോഖ്യായിൽ മൂന്നാം പ്രാവശ്യവും സുന്നഹദോസ് കൂടപ്പെട്ടു. അലക്സന്ത്ര്യായിലെ മോർ അത്താനാസ്യോസിന്റെ അഭിപ്രായാനുസരണം എഴുപത് അംഗങ്ങളും മോർ ഈലാറിയോസിന്റെ അഭിപ്രായപ്രകാരം എൺപത് അംഗങ്ങളും അതിൽ ഉണ്ടായിരുന്നു.

മേൽപ്പറഞ്ഞ മോർ ഫെർമില്യാനോസിന്റെ വരവിനെ പ്രതീക്ഷിച്ചുകൊണ്ട് പിതാക്കന്മാർ കുറച്ചുകാലത്തേക്ക് സുന്നഹദോസ് ആരംഭിപ്പാൻ താമസിച്ചു. ആ ആണ്ട് വൃശ്ചികമാസാരംഭത്തിൽ ഒരു ദൂതൻ പ്രസിദ്ധനായ ആ പ്രധാനാചാര്യന്റെ മരണദൗത്യം വഹിച്ചുകൊണ്ട് അന്ത്യോഖ്യായിൽ വന്നെത്തി. ഈ സുന്നഹദോസിൽ സംബന്ധിക്കേണ്ടതിന് തന്റെ വാർദ്ധക്യാവസ്ഥയേയും അനാരോഗ്യത്തേയും അവഗണിച്ച് യാത്രചെയ്ത് മോർ ഫർമില്യാനോസ് തർസോസ് വരെ വന്നെത്തിയെങ്കിലും മാർഗ്ഗക്ലേശത്താലും ക്ഷീണത്താലും അവശനായിത്തീരുകയും അങ്ങനെ ആ ആണ്ട് തുലാമാസം 28-ാം തീയതി നിദ്രപ്രാപിക്കയും ചെയ്കയാണുണ്ടായത്. അദ്ദേഹത്തിനു പകരമായി സുന്നഹദോസിൽ തർസൂസിലെ ഹേലേനോസ് ആദ്ധ്യക്ഷ്യം വഹിച്ചു. ചിലർ, അത്ഭുതപ്രവർത്തകനായ മോർ ഗ്രീഗോറിയോസാണ് ആദ്ധ്യക്ഷ്യം വഹിച്ചതെന്നു പറയുന്നു. മോർ ഫെർമില്യാനോസ് വന്നെത്തുവാൻ പിതാക്കന്മാർ പ്രതീക്ഷിച്ചുകൊണ്ടിരുന്ന ആ സമയം ആ സുന്നഹദോസിന് ഒരുങ്ങി വന്നിരുന്ന വിഖ്യാതന്മാരായ ആറ് എപ്പിസ്കോപ്പന്മാർ ഒരുമിച്ച് പൗലേയ്ക്ക് ഒരു ലേഖനമയച്ചു. നിർമ്മലവിശ്വാസത്തെ, വിനയത്തോടും സുവ്യക്തതയോടുംകൂടി ആ ലേഖനത്തിൽ അവർ പ്രത്യ

ക്ഷമാക്കിയിരുന്നു. "ശ്ലീഹന്മാരിൽനിന്നും സ്വീകരിക്കപ്പെട്ടപ്രകാരം പരമ്പരാഗതമായി ഇപ്രകാരം കൈക്കൊള്ളേണ്ടതാകുന്നു" എന്നിങ്ങനെ അവർ അതിൽ സൂചിപ്പിച്ചിരുന്നു. സുന്നഹദോസ് പണ്ടത്തെപ്പോലെ വ്യർത്ഥമായി പിരിയാതിരിപ്പാൻ ആ ലേഖനത്തിന് ഒപ്പുവെയ്ക്കുന്നതിന് പൗലേയെ അവർ ക്ഷണിച്ചു. എന്നാൽ അവന്റെ പ്രതികൂലമനോഭാവത്തെ ഏതെങ്കിലും വിധത്തിൽ സ്പർശിക്കുന്നതിന് ആ ലേഖനം കൊണ്ടു സാധിച്ചില്ല. തൻനിമിത്തം തക്കസമയത്ത് സുന്നഹദോസ് ആരംഭിച്ചു. സുന്നഹദോസിലെ പിതാക്കന്മാരും പൗലേയും തമ്മിൽ തീവ്രമായ വാദപ്രതിവാദം ഉണ്ടായി. സുന്നഹദോസിലെ ഇരിപ്പിടത്തിൽ അവൻ ആസനസ്ഥനാകുമ്പോഴെല്ലാം അയഥാർത്ഥങ്ങളായ അവന്റെ അഭിപ്രായങ്ങളെ സ്വതഃസിദ്ധമായ വാഗ്‌വൈഭവവിലാസത്തിൽ അവൻ മറയ്ക്കുകയും എന്നാൽ അവന്റെ അധരങ്ങളെക്കൊണ്ട് സത്യവിശ്വാസത്തെ അവൻ പ്രത്യക്ഷമാക്കുകയും ചെയ്തു. ഈ സുന്നഹദോസും പണ്ടത്തെപ്പോലെ നിഷ്പ്രയോജനമായി പിരിയുവാനുള്ള ഭാവത്തിലായി. അപ്പോൾ അന്ത്യോഖ്യായിലെ പ്രധാന കശീശായും അവിടുത്തെ കലാലയാധിപനും സമർത്ഥജ്ഞാനിയുമായ മല്ക്കിയോൻ പൗലേയുമായി തർക്കത്തിൽ എതിരിട്ടു. സുന്നഹദോസിന്റെ അവസാന യോഗത്തിൽ അതിഗൗരവങ്ങളും സൂക്ഷ്മങ്ങളുമായി താൻ അവതരിപ്പിച്ച സാക്ഷ്യങ്ങളാൽ പൗലേയുടെ നിന്ദ്യങ്ങളും വഞ്ചനാപരങ്ങളുമായ ഉപദേശങ്ങൾ അവൻ പരസ്യമാക്കി. പൗലേയുടെ ഉപദേശങ്ങളെക്കുറിച്ചും നടപടികളെക്കുറിച്ചും ആരോപിതങ്ങളായ എല്ലാ കുറ്റങ്ങളും ആ സുന്നഹദോസിൽ സമ്പൂർണ്ണമായി പരിശോധിക്കപ്പെട്ടു. അനന്തരം, അവൻ ശിക്ഷാർഹനായി കാണപ്പെട്ടതിനാൽ സുന്നഹദോസ് ഐക്യമായി അവന്റെ മുടക്കു കല്പന പ്രസിദ്ധപ്പെടുത്തിപ്പറഞ്ഞത്, "വിനയത്തിന്റെയും പരിപാകതയുടേയും വെടിപ്പിന്റെയും ധർമ്മത്തിന്റെയും സുവിശേഷകനായി ഇങ്ങനെയുള്ള ഒരു മനുഷ്യൻ ഭരിക്കുന്നത് അസഹനീയമത്രേ" എന്നാണ്. അവന്റെ സ്ഥാനത്ത് ഡോമ്നോസിനെ വാഴിച്ചു. പൗലേ മുടക്കപ്പെട്ടെങ്കിലും അവന്റെ ഉപദേശം കുറെക്കാലത്തേക്ക് സഭാന്തരീക്ഷത്തിൽ ചില നാശങ്ങളെല്ലാം ഉണ്ടാക്കിക്കൊണ്ടിരുന്നു. കിഴക്കിന്റെ രാജ്ഞിയായ സനൂബിയായുടെ സഹായത്താൽ ധിക്കാരത്തോടെ പാത്രിയർക്കാസ്ഥാനം ഉപേക്ഷിക്കാതെ നാലാണ്ടുകൾ കൂടെ സിംഹാസനത്തിൽ വാണു. 270-ാമാണ്ടിൽ ഒറീലിയാനോസ് കൈസർ റോമായിലെ രാജത്വം പ്രാപിച്ചപ്പോൾ സനൂബിയായോട് യുദ്ധം ചെയ്യുകയും അവളെ ജയിക്കയും ചെയ്തു. 272-ാമാണ്ട് അന്ത്യോഖ്യാനഗരം സന്തോഷത്തോടെ ഈ വിജയത്തിന് വാതിൽ തുറന്നുകൊടുത്തു. അനന്തരം അവിടെയുള്ള വിശ്വാസികളായ എപ്പിസ്കോപ്പന്മാർ തങ്ങളുടെ പ്രതിനിധികളെ അദ്ദേഹത്തിന്റെ അടുക്കൽ അയച്ച് മുടക്കപ്പെട്ടവനായ പൗലേയെ പാത്രിയർക്കാസിംഹാസനത്തിൽനിന്നും അരമനയിൽ നിന്നും നിഷ്ക്കാസിതനാക്കുവാനായി അവനോട് അപേക്ഷിച്ചു. ഇതനു

സരിച്ച് രാജാവ് ഒരു കല്പന പുറപ്പെടുവിച്ചു. പൗലേ വളരെ അപമാനത്തോടുകൂടെ തന്റെ സ്ഥാനത്തുനിന്നു പുറത്താക്കപ്പെട്ടു. അതുമുതൽ അവന്റെ സ്ഥാനത്ത് സിംഹാസനാരൂഢനായ ദോമ്നോസ് പാത്രിയർക്കീസ് ഭരണമാരംഭിച്ചു.

പൗലേ മുടക്കപ്പെട്ടവനെങ്കിലും ചിലർ അവന്റെ അനുയായികളായിട്ടുമുണ്ടായിരുന്നു. അവരുടെ മാമോദീസാ അസാധുവെന്ന് തീരുമാനിച്ച നിഖ്യാസുന്നഹദോസിന്റെ കാലത്തും അവരുടെ ശക്തി കുറവായിരുന്നില്ല. മിക്കവാറും അഞ്ചാം നൂററാണ്ടിന്റെ ആദ്യഘട്ടംവരെയും അവരുടെ പ്രാബല്യം നിലനില്ക്കയും അതിനുശേഷം അത് മാഞ്ഞുപോകയുംചെയ്തു.

## അദ്ധ്യായം 13

# അന്ത്യോഖ്യായിലെ വിദ്യാലയവും അതിന്റെ സ്ഥാപകരും

മതപരമായ വിദ്യാഭ്യാസം നല്കിക്കൊണ്ടിരുന്ന ചെറിയ വിദ്യാലയങ്ങൾ അന്ത്യോഖ്യായിൽ പുരാതന കാലം മുതൽതന്നെയുണ്ടായിരുന്നു. അവയെക്കൂടാതെ വിഖ്യാതിയേറിയ വേറൊരു വിദ്യാമന്ദിരവും കൂടി അവിടെ ദീർഘകാലമായി നിലനിന്നിരുന്നു. ശ്മീശത്തുകാരൻ പൗലേയുടെ ചരിത്രത്തിൽ നാം കണ്ട അന്ത്യോഖ്യായിലെ പ്രമുഖനും തത്ത്വചിന്തകനുമായ മല്ക്കീയോൻ തുടങ്ങിയ പ്രസിദ്ധരും പ്രജ്ഞരുമായ ഉപദേഷ്ടാക്കന്മാർ ഒരു കാലത്ത് ആ വിദ്യാമന്ദിരങ്ങളെ അലങ്കരിച്ചിരുന്നു. മതം, തത്ത്വജ്ഞാനം ആദിയായ വിഷയങ്ങളിൽ ശാസ്ത്രീയമായ പഠനം അവിടെ നല്കപ്പെട്ടുവന്നുവെങ്കിലും എ.ഡി. 290-ൽ വേദശാസ്ത്രത്തെ സംബന്ധിച്ച ഉൽകൃഷ്ട വിദ്യാഭ്യാസം നല്കുവാനായി ഏതാനും ചില എപ്പിസ്കോപ്പന്മാരുടേയും, കശീശന്മാരുടേയും സഹകരണത്തോടുകൂടി വേദശാസ്ത്രപാരംഗതരും, വിദ്യാസമ്പന്നരും എബ്രായ, ഗ്രീക്ക് ആദിയായ ഭാഷകളിൽ അസാമാന്യ വ്യുല്പത്തി സിദ്ധിച്ചവരും ആയ ലുക്യാനോസ്, ദോറോത്തേവോസ് എന്നീ രണ്ട് കശീശന്മാരാൽ ഒരു ശ്രേഷ്ഠവിദ്യാമന്ദിരം സംസ്ഥാപിക്കപ്പെട്ടു. ഇതിന്റെ ആവിർഭാവത്തോടുകൂടി വേദശാസ്ത്രജ്ഞാനാഭ്യസനത്തിന്റെ ഒരു പുതിയ പ്രശസ്ത അദ്ധ്യായം സമാരംഭിതമായി. വേദശാസ്ത്രപരമായി അലക്സന്ത്ര്യായിൽ ഒരു വിദ്യാമന്ദിരമുണ്ടായിരുന്നു. തത്ത്വചിന്തകനായ പ്ലേറ്റോയുടെ സിദ്ധാന്തങ്ങളിൽ അധിഷ്ഠിതമാക്കിയുംകൊണ്ടുള്ള വേദശാസ്ത്രപഠനമായിരുന്നു അവിടെ നല്കപ്പെട്ടുവന്നിരുന്നത്. എന്നാൽ നവീനമായി സ്ഥാപിക്കപ്പെട്ട വിദ്യാമന്ദിരം അരിസ്റ്റോട്ടലിന്റെ തത്ത്വശാസ്ത്രത്തെ അവലംബിച്ച് ഒരു വ്യത്യസ്തരീതിയാണ് കൈക്കൊണ്ടത്. ഇങ്ങനെ തത്ത്വചിന്താപരമായ രണ്ട് മാർഗ്ഗങ്ങളിൽ കൂടിയാണ് വേദശാസ്ത്ര വ്യാഖ്യാനവും പഠനവും ഈ വിദ്യാമന്ദിരങ്ങൾ നിർവ്വഹിച്ചുവന്നിരുന്നതെങ്കിലും രണ്ടിന്റേയും ലക്ഷ്യം ഒന്നുതന്നെയായിരുന്നു. അലക്സന്ത്ര്യായിലെ വിദ്യാലയം വി. വേദത്തിലെ ഓരോ വാക്യത്തിനും അക്ഷരാർത്ഥകമായും, ആത്മികമായും ഉപമാപരമായും (ഇങ്ങനെ ത്രിവിധത്തിൽ) വ്യാഖ്യാനങ്ങൾ കല്പിക്കുന്നതിൽ താല്പര്യം പ്രദർശി

പ്പിച്ചു. ആ വിദ്യാമന്ദിരത്തിലെ പ്രശസ്ത മല്പാന്മാരായ അലക്സന്ത്ര്യാക്കാരൻ ക്ലീമ്മീസ്, അതിലും പ്രത്യേകിച്ച് വേദജ്ഞാനവൈയാകരണനായ ഓറിജാനസ് എന്നിവരുടെ ശ്രേഷ്ഠപരിശ്രമത്താൽ ആ പ്രസ്ഥാനം വിജയം വരിച്ചു. എന്നാൽ ആ മാർഗ്ഗം അത്യന്തം ശ്രമകരവും അഗാധവുമാകയാൽ അന്ത്യോഖ്യായിലെ വിദ്യാമന്ദിരം ഈ രീതിയെ കേവലം അത്യാവശ്യ സന്ദർഭത്തിൽ മാത്രമല്ലാതെ അവലംബിച്ചില്ല. അവിടെ പദാനുപദവ്യാഖ്യാനരീതിയേയാണ് പ്രോത്സാഹിപ്പിച്ചു വന്നത്. ഈ രണ്ട് വിദ്യാമന്ദിരങ്ങളിലേയും സമർത്ഥന്മാരായ ശിഷ്യന്മാർ ഈ രണ്ട് വിധത്തിലുള്ള തത്ത്വജ്ഞാനചിന്താവീചികളിൽ ഉത്തരോത്തരം പുരോഗമിക്കുകയും ഒടുവിൽ അതിരുകവിഞ്ഞ് പല വിധത്തിലുള്ള വേദവ്യാഖ്യാനങ്ങൾ, തത്ത്വചിന്തകൾ എന്നിവ മുഖാന്തിരം പലവിധത്തിലുള്ള വേദവിപരീതങ്ങളുടേയും വേദവിപരീതികളുടേയും ഒരു ഉല്പാദന കേന്ദ്രമായിത്തീരുകയത്രേ ചെയ്തത്. "ദൈവാലയത്തിൽവച്ച് വി. വേദപുസ്തകത്തെ പരാമർശിച്ച് വ്യാഖ്യാനങ്ങൾ ആസ്വാദ്യകരമായ വിധം ദോറോത്തേവോസ് ഉപദേശിക്കുന്നത് താൻ ശ്രദ്ധിച്ചു" എന്ന് കൈസറിയായിലെ യൗസേബിയൂസ് രേഖപ്പെടുത്തിയിരിക്കുന്നു.

ലൂക്യാനോസ് ശ്മീശത്തിൽ ജനിച്ചു. അന്ത്യോഖ്യായിൽ വളർന്നു വന്നു. അന്ത്യോഖ്യാ ഇടവകയ്ക്ക് അവിടെവച്ച് കശീശായായിത്തീർന്നു. ഉറഹായിലെ വിദ്യാലയത്തിൽ മതപരമായ വിദ്യ അഭ്യസിച്ചു. ശ്മീശത്തുകാരൻ പൗലേയുടെ ശിഷ്യനും സ്നേഹിതനുമായി അവന്റെ ഉപദേശത്തോട് ചായ്‌വുള്ളവനുമായി കാണപ്പെട്ടതിനാൽ പൗലേയെ സുന്നഹദോസ് മുടക്കിയപ്പോൾ ലൂക്യാനോസിനേയും മുടക്കിയിരുന്നു. അന്ത്യോഖ്യായിലെ പാത്രിയർക്കീസന്മാരായി വാണ ദോമ്നോസ് ഒന്നാമൻ (268-273) തീമിയോസ് (274-282) കൂറീലോസ് (283-303) എന്നീ പിതാക്കന്മാരുടെ കാലങ്ങളിൽ അവൻ സഭയ്ക്കു പുറത്തായിരുന്നു. എന്നാൽ അവൻ അനുതപിക്കയും കൂറിലോസിന്റെ കാലത്ത് സത്യവിശ്വാസത്തിലേക്കു തിരിച്ചുവരുകയും കശീശായ്ക്കടുത്ത അവന്റെ പൂർവ്വികസ്ഥാനത്ത് അവനെ നിയമിക്കയുംചെയ്തു. അനന്തരം അദ്ദേഹത്തെ അന്ത്യോഖ്യായിലെ വിദ്യാലയത്തിലെ പ്രധാനാദ്ധ്യാപകനായി നിയമിച്ചു. അലക്സന്ത്ര്യാ വിദ്യാലയത്തിൽ ഓറിജാനസ് അർഹിച്ച അതേ പദവി തന്നെ അന്ത്യോഖ്യാ വിദ്യാലയത്തിൽ ലൂക്യാനോസ് അർഹിച്ചു. ലൂക്യാനോസ് തന്റെ ലിഖിതങ്ങളിൽ പ്രസിദ്ധനായിത്തീർന്നപ്പോൾ കൈസരായ മക്സിമിയാന്റെ മുമ്പാകെ ചിലർ തന്നെക്കുറിച്ച് കുറ്റാരോപണം ചെയ്തു. നിക്കോമീദിയായിലേക്ക് രാജാവ് അദ്ദേഹത്തെ വിളിപ്പിച്ചു. അവന്റെ മുമ്പാകെ ക്രിസ്തുമതത്തെക്കുറിച്ച് ശക്തിമത്തായി വാദിച്ചു. അപ്പോൾ അദ്ദേഹം കാരാഗൃഹബന്ധിതനായി. പട്ടിണിമുഖാന്തിരം ഞെരുക്കപ്പെടുവാൻ ശിക്ഷിതനായി. ഈ കഷ്ടതയെ വളരെ ക്ഷമയോടുകൂടെ സഹിച്ചു. വിശപ്പുകൊണ്ടു വലയുന്ന അവസരത്തിൽപോലും വിഗ്രഹാർപ്പിതങ്ങളായ മാംസങ്ങൾ തന്റെ അടു

ത്തുകൊണ്ടുചെന്നിട്ട് അത് രുചിക്കുന്നതിന് അദ്ദേഹം മനസ്സുവെച്ചതു പോലുമില്ല. അവിടെവെച്ചാണ് അദ്ദേഹത്തിന്റെ വിശ്വാസപ്രകാശം ശോഭിച്ചത്. അവിടെനിന്നും അന്ത്യോഖ്യായിലേക്കു ലേഖനം അയച്ചു. ആ ലേഖനത്തിൽ നീക്കോമിദിയായിലെ, വി അന്തീമോസ് 303-ൽ സാക്ഷിമരണം പ്രാപിച്ചതിനെക്കുറിച്ച് അറിയിച്ചിരുന്നു. അന്തീമോസ് 'പോപ്പ്' എന്ന നാമകരണം ചെയ്തിരിക്കുന്നു. അനേക ദിവസങ്ങൾ അവിടെ പീഡിപ്പിക്കപ്പെടുകയും ഈ പീഡകളുടെ എല്ലാ അവസരത്തിൽ ഞാൻ ഒരു ക്രിസ്ത്യാനിയാണെന്നുള്ള ഏകവചനമല്ലാതെ മറ്റൊന്നും അദ്ദേഹത്തിന്റെ വായിൽനിന്നു പുറപ്പെടാതെയിരിക്കയും ചെയ്തു. ഒടുവിൽ 312 ജനുവരി 7-ാം തീയതി താനും തന്റെ സഖാവായ ദോറൊത്തേവോസും വാളുകളാൽ വെട്ടേല്ക്കപ്പെട്ട് രക്തസാക്ഷിമരണം പ്രാപിച്ചു. ആ നൂറ്റാണ്ടിൽതന്നെ നീക്കേമീദിയായിൽ ലൂക്യാനോസിന്റെ നാമത്തിൽ പള്ളി പണിയപ്പെട്ടു.

അലക്സന്ത്ര്യായിലെ അലക്സന്ത്രോസ്, ലൂക്യാനോസിനെക്കുറിച്ച് എ.ഡി. 320-ൽ അറിയൂസ് സിദ്ധാന്തങ്ങളുടെ ജനയിതാവ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനുകാരണം, അറിയോസ് അദ്ദേഹത്തിന്റെ സുപ്രസിദ്ധ അനുയായികളായ നീക്കോമീദിയായുടെ യൗസാബിയൂസ് കല്ക്കദൂനിയായിലെ മാറീസ് നിക്കിയായിലെ തേയജനീസ് അന്ത്യോഖ്യായിലെ ലെവോൻതീയോസ് (344-358) തർസോസിലെ അന്തോനിയോസ് എന്നീ അറിയോസ് വേദവിപരീതികൾ ലൂക്യാനോസിന്റെ വിദ്യാമന്ദിരത്തിൽനിന്നാണ് ഉല്പാദിതരായത്. എന്നുവരികിലും ചരിത്രകാരനായ യൗസേബിയോസ്, വി. അത്താനാസിയോസ്, ഈറോനിമോസ്, സ്വർണ്ണനാവുകാരനായ ഈവാനിയോസ് എന്നീ പിതാക്കന്മാർ ലൂക്യാനോസിനെ ഒരു വി. സഹദായായി ഗണിച്ചു. അദ്ദേഹം വേദപുസ്തകത്തെ വ്യാഖ്യാനിക്കുന്നതിലും അവയുടെ പരിഭാഷകളെ പരിശോധിച്ചു ക്രമീകരിക്കുന്നതിലും അതീവ താല്പര്യമുള്ളവനായിരുന്നു. അദ്ദേഹത്തിന്റെ അപാരവിജ്ഞാന മധു അനേകം ശിഷ്യന്മാർ ആസ്വദിക്കുന്നിതിനിട വന്നിട്ടുണ്ട്. ഈ വിദ്യാലയത്തിൽനിന്നും പ്രശസ്തി നേടി പുറത്തുപോയിട്ടുള്ളവരിൽ അന്ത്യോഖ്യായിലെ പാത്രിയർക്കീസന്മാരായ വി. ഒസ്താത്തിയോസ് (324-337) വി. മിലീത്തോസ് (360-381) വി. ഫെലബീയാനോസ് (381-404) എന്നിവരുടേയും ഹോംസിലെ എപ്പിസ്കൂപ്പായായ യൗസാബിയോസിന്റെയും നാമങ്ങൾ പ്രത്യേകം പ്രസ്താവയോഗ്യങ്ങളാണ്.

## അദ്ധ്യായം 14

# വേദവിപരീതികളും വേദവിപരീതവും തേവോദോത്തോസ്, അർത്തീമോൻ

ഇവരിൽ തുകൽക്കൊല്ലനും ജ്ഞാനിയും ധനികനും ഒരു ക്രിസ്ത്യാനിയും ബൂസൻനിയാ പട്ടണത്തിൽനിന്നുള്ളവനുമായ തേവോദോത്തോസ് രണ്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധകാലത്ത് വേദവിപരീതവുമായി പ്രത്യക്ഷനായി. ഇവൻ മതപീഡ ഉണ്ടായപ്പോൾ ഭയന്ന് വിശ്വാസം ത്യജിച്ചവനായിരുന്നു. തന്റെ ഈ ചരിത്രം ആരും ആഗ്രഹിക്കാതിരിക്കുന്നതിന് സ്വദേശംവിട്ട് റോമായിലെ വിക്റ്റർ എപ്പിസ്കൂപ്പായുടെ കാലത്ത് അങ്ങോട്ടു പോയി. അവിടെ അവന്റെ വേദവിപരീത വിത്ത് വിതപ്പാൻ തുടങ്ങി. യേശുക്രിസ്തു സാധാരണമനുഷ്യനാണ്. എന്നാൽ വിശുദ്ധിയുടെ ഉയരത്തിലേക്ക് പടിപടിയായി ഉയർന്നു. മ്ശിഹാ പ്രാവിന്റെ ആകൃതിയിൽ അവന്റെമേൽ ഇറങ്ങിവസിച്ചു. ഇതുനിമിത്തം അത്ഭുതങ്ങൾ പ്രവർത്തിപ്പാൻ അവന് കഴിഞ്ഞു. ഇതായിരുന്നു അവന്റെ ഉപദേശത്തിന്റെ രത്നച്ചുരുക്കം. ഇവന്റെ അനുയായിക്ക് യേശുമ്ശിഹാ ഉയിർപ്പിനുശേഷം ദൈവമായി അറിയപ്പെട്ടു എന്ന് അവർ കൂട്ടി ചേർത്തു പഠിപ്പിക്കുവാൻ തുടങ്ങി. റോമിലെ വിക്ററർ അവന്റെ ഉപദേശത്തെ എതിർക്കുകയും അവനെ മുടക്കുകയുംചെയ്തു. എന്നിട്ടും അവന്റെ വഞ്ചനാമനഃസ്ഥിതിക്ക് യാതൊരു വ്യത്യാസവും ഉണ്ടായില്ല. അവന്റെ അഭിപ്രായങ്ങൾ പഠിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ഒരു വിദ്യാലയം സ്ഥാപിച്ചു. *ഊറയിത്താ** പുസ്തകങ്ങളിലെ ചില ഭാഗങ്ങൾ അവൻ മാറ്റി ആ സ്ഥാനത്ത് തന്റെ അഭിപ്രായങ്ങൾ കലർത്തി. ഇവന്റെ അനുയായികൾ നാലാം നൂറ്റാണ്ടിന്റെ ആരംഭംവരെ നിലനിന്നു.

മൂന്നാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധകാലത്ത് തേവോദേത്തോസിന്റെ പ്രത്യേക ഒരു അനുകൂലിയും റോമിലെ ഒരു മൽപ്പാനും ആയ അർത്തീമോൻ തന്റെ നവീന ഉപദേശവുമായി പുറപ്പെട്ടു. "മ്ശിഹാ ഒരു സാധാരണ മനുഷ്യൻ" എന്നിങ്ങനെ പറയുകയും മ്ശിഹായുടെ ദൈവത്വത്തെ നിഷേധിക്കുകയും ചെയ്തു. ശ്മീശത്തുകാരനായ പൗലേയുടെ വേദവിപരീതത്തിന്റെ പിതൃസ്ഥാനം ഇദ്ദേഹത്തിനാണെന്നാണ് പറയപ്പെടുന്നത്.

---

*The Law of Moses, the Pentateuch: പഴയനിയമഗ്രന്ഥങ്ങളെ പൊതുവിൽ ഉദ്ദേശിച്ചും 'ഒറൈത്താ' എന്ന് ഉപയോഗിക്കാറുണ്ട്.

നവീത്തോസ്, സേബേലിയോസ് നവീത്തോസ് സ്മിർണ്ണായിൽ നിന്നുള്ളവനായിരുന്നു. രണ്ടാം നൂറ്റാണ്ടിന്റെ അവസാനകാലങ്ങളിൽ ഇവന്റെ വേദവിപരീതത്തെ വിതയ്ക്കുവാൻ തുടങ്ങി. "ദൈവം ഏകനാണ്. ഇവനാണ് ജനിക്കുകയും കഷ്ടത അനുഭവിക്കുകയും മരിക്കയും ചെയ്തത്" എന്ന് പഠിപ്പിച്ചുതുടങ്ങി. സഭ ഇവനെ മുടക്കി. എന്നാൽ തന്റെ ശിഷ്യന്മാരിൽ ചിലർ റോമിൽ ഒരു വിദ്യാലയം സ്ഥാപിക്കുകയും നവീത്തോസ് അവിടെ പഠിപ്പിക്കുകയും ചെയ്തുവന്നു. ഇവന്റെ കൂട്ടക്കാർ തേവോദോത്തോസിന്റെ കൂട്ടക്കാരെ അവരുടെ ഉപദേശം പിശകാണെന്ന് പറഞ്ഞ് കുറ്റപ്പെടുത്തിയിരുന്നു. ഇവന്റെ വേദവിപരീതകെണിയിൽ റോമിലെ പല വിശ്വാസികളും പ്രത്യേകിച്ച് റോമിലെ സഫീറിനോസ് (202-218) എപ്പിസ്കോപ്പാപോലും വീണുപോകുന്നതിനിടയായി. ഈ കാലത്ത് തന്നെ റോമിൽ പ്രക്സിയാസ് എന്ന മറ്റൊരു വേദവിപരീതിയും കാണപ്പെട്ടു. "പിതാവാണ് കഷ്ടമനുഭവിച്ചത്" എന്ന വേദവിപരീതത്തിന്റെ തലവനായിരുന്നു. ഇവനും തന്റെ വേദവിപരീതത്തിലേക്ക് സഫീറീനോസിനേയും അദ്ദേഹത്തെ തുടർന്ന് കാലസ്തോസിനേയും (218-223) ആകർഷിച്ചു.

നവീത്തോസിനുശേഷം റോമിലെ വിദ്യാലയത്തിൽ സേബേലിയോസ് ഭരണം തുടങ്ങി. താൻ തന്റെ മുൻഗാമികളുടെ അഭിപ്രായങ്ങളോട് യോജിച്ചിരുന്നു. "ദൈവത്വത്തിൽ ഒരു ക്നൂമാ മാത്രമേയുള്ളു. പഴയ നിയമകാലത്ത് പിതാവായും പുതിയ നിയമകാലത്ത് മനുഷ്യാവതാരം ചെയ്ത പുത്രനായും ശ്ലീഹന്മാരുടെമേൽ ഇറങ്ങിവസിച്ച് അവരിൽ സംസാരിച്ച പരിശുദ്ധ റൂഹായായും പ്രത്യക്ഷമായത് ഈ ഏക ക്നൂമാ തന്നെ ആയിരുന്നു. റോമിലെ സഫീറിനോസ്, കാലസ്തോസ് എന്നീ എപ്പിസ്കൂപ്പാമാരുടെ കാലത്ത് ഈ വേദവിപരീതി ശക്തിയായി പ്രസംഗിച്ചുവന്നു. ഇവരും അവന്റെ കെണിയിൽ അകപ്പെടുവാൻ ഇടയായി. തൻനിമിത്തം ആ കാലത്ത് റോമിലെ കശീശ ആയിരുന്ന ശ്രേഷ്ഠ ഉപദേഷ്ടാവായ ദോഹിപ്പോലീത്തോസ്, റോമാനോസ് ഈ രണ്ട് എപ്പിസ്കൂപ്പന്മാരോടും തൽസംബന്ധമായി ഉപദേശിച്ചു എങ്കിലും യാതൊരു ഫലവും കാണാതിരുന്നതിനാൽ അദ്ദേഹം അവരുമായുള്ള സഖ്യത ഉപേക്ഷിച്ച് മറ്റൊരു പള്ളി സ്ഥാപിച്ചു അതിൽ എപ്പിസ്കൂപ്പാ ആയിത്തീർന്നു. ഈ വേദവിപരീതം സംബന്ധിച്ച് വിവാദങ്ങളും ശണ്ഠകളും റോമിൽ വർദ്ധിച്ചപ്പോൾ കാലിസ്തോസ് സേബെലിയോസിനെ മുടക്കിയതായി പറയപ്പെടുന്നു. ഏഷ്യാമൈനറിലും ആഫ്രിക്കായിലും ഈ വേദവിപരീതം പടർന്നുവരുവാൻ ഇടയായി. സേബേലിയോസ് ലിബിയാ പ്രദേശത്ത് അവരുടെ എപ്പിസ്കൂപ്പാ ആയി (250-260). അലക്സന്ത്ര്യായിലെ ദീവന്നാസ്യോസ് സത്യവിശ്വാസത്തിലേക്ക് അവനെ തിരിപ്പിക്കുന്നതിനായി അഭിമുഖമായും ലേഖനങ്ങൾ മുഖാന്തിരമായും വളരെ ശ്രമിച്ചിട്ടും ഒരു പ്രയോജനവും ഉണ്ടാകാതെ ഇരുന്നിട്ട് തന്റെ ആധിപത്യത്തിൻ കീഴിലുള്ള എല്ലാ പള്ളികൾക്കും അവന്റെ വേദവി

പരീതത്തിൽനിന്നും വിശ്വാസികൾ അകന്നുകൊള്ളണമെന്ന് സൂക്ഷ്മതപ്പെടുത്തിയുംകൊണ്ട് കല്പനകൾ അയച്ചു. ഈ ദീവന്നാസ്യോസ് 261-ൽ സുന്നഹദോസ് വിളിച്ചുകൂട്ടി ഇവനെ മുടക്കി നിഖ്യായിലും 43 എപ്പിസ്കൂപ്പന്മാരടങ്ങിയ ഒരു സുന്നഹദോസുകൂടി അവനെ മുടക്കിയതായി പറയപ്പെടുന്നു. ഇവന്റെ അനുഗാമികൾ നാലാം നൂറ്റാണ്ടിന്റെ അവസാനംവരെ കാണപ്പെട്ടിരുന്നു.

## നീബോസ്

ഇദ്ദേഹം ഈജിപ്തിൽ അറീസിൻവാ എന്ന സ്ഥലത്തെ എപ്പിസ്കൂപ്പായായിരുന്നു. ഒറിജാനോസിന്റെ ചിന്താഗതി അനുസരിച്ച് വേദപുസ്തകവ്യാഖ്യാനം വ്യംഗ്യാത്മകമായി നിർവ്വഹിച്ചിട്ടുള്ളവരെ ഖണ്ഡിച്ചുകൊണ്ട് ഇദ്ദേഹം പുസ്തകം എഴുതിയിട്ടുണ്ട്. ആ പുസ്തകത്തിൽ "പൊതു ഉയിർപ്പിനുശേഷം മ്ശിഹാ സഹസ്രം സംവത്സരങ്ങൾ ലോകഭരണം നടത്തുകയും തന്റെ വിശ്വാസികളുമൊന്നിച്ച് സന്തോഷിക്കയും ചെയ്യുമെന്ന്" താൻ കാണിച്ചിരുന്നു. ഇദ്ദേഹത്തിന്റെ മരണശേഷം തന്റെ ഉപദേശത്തെക്കുറിച്ച് 'അറിസീസ്വാ' ഇടവകയിലെ വിശ്വാസികളുടെ ഇടയിൽ ഭിന്നത ഉളവായതിനാൽ അലക്സന്ത്ര്യായിലെ വി. ദീവന്നാസ്യോസ് അവിടെ എത്തി യോഗം കൂടുകയും തന്റെ ശ്രമത്താലും രണ്ട് ലേഖനങ്ങളാലും തെറ്റിപ്പോയവരെ സത്യത്തിലേക്ക് തിരിച്ചുവരുത്തുകയുംചെയ്തു.

## മാനി

215-നും 216-നും ഇടയ്ക്ക് ഒരു പുറജാതി കുടുംബത്തിൽ ഇവൻ പേർഷ്യയിൽ ജനിച്ചു. ഇവന്റെ പിതാവ് "ബേസ്ലാഫാത്ത്" എന്ന പട്ടണക്കാരനായിരുന്നു. പേർഷ്യയിലെ തലസ്ഥാനനഗരമായ "കാത്തീസ്ഫൂനി"ൽ വിദ്യാഭ്യാസം നിർവ്വഹിച്ചു. തന്റെ പിതാവായ "ഫുത്താക്ക്"തന്നെ ആയിരുന്നു അക്കാലത്തെ അവന്റെ പ്രധാനഗുരു. അനന്തരം ഒരു ക്രിസ്ത്യാനി ആയിത്തീരുകയും ബെസ്ലാഫാത്തിലേക്കു പോയി അവിടെവച്ച് ഒരു കശീശയായിത്തീരുകയുംചെയ്തു. വി.വേദപുസ്തകം സാമർത്ഥ്യത്തോടുകൂടെ വ്യാഖ്യാനം ചെയ്യുകയും പുറജാതികളും യൂദന്മാരുമായി മതപരമായ വിഷയങ്ങളെക്കുറിച്ച് ധൈര്യമായി പ്രസംഗിക്കുകയുംചെയ്തു. എന്നാൽ താൻ ഏറെ താമസിയാതെ സത്യവിശ്വാസത്തിൽനിന്നും വ്യതിചലിപ്പാനും ചില വേദവിപരീത അഭിപ്രായങ്ങളെ പ്രസംഗിപ്പാനും തുടങ്ങി.

നന്മയ്ക്കും തിന്മയ്ക്കും ഹേതുക്കളായി യഥാക്രമം നല്ലവനും തിന്മപെട്ടവനുമായി ഇങ്ങനെ രണ്ട് സ്വയംഭുക്കളായ ദൈവങ്ങളുണ്ട്. ആത്മാവിന്റെ സ്രഷ്ടാവ് ഉത്തമനായ ദൈവമാണ്. ശരീരത്തിന്റെ സ്രഷ്ടാവ് തിന്മാഹേതുവായ ദൈവമാണ് എന്ന് അവൻ പഠിപ്പിച്ചു. പേർഷ്യയുടെ ഉപദേഷ്ടാവായ സൊർവാസ്റ്ററിന്റെ അനവധി അഭിപ്രായങ്ങൾ ഇവൻ ക്രിസ്തീയ വിശ്വാസത്തോടെ കലർത്തുകയും പേർഷ്യാക്കാരുടെ വിശ്വാസത്തെ തന്റെ വേദവിപരീതത്തിൽ പ്രതിബിംബി

പ്പിക്കുകയുംചെയ്തു. ഈ വിധത്തിലുള്ള ചില അഭിപ്രായങ്ങളുമായി സത്യവിരുദ്ധങ്ങളായ പ്രസ്താവനകൾക്കും പ്രസംഗങ്ങൾക്കുമായി അവൻ തനിക്ക് ഇരുപത്തഞ്ചോ മുപ്പതോ വയസ്സ് പ്രായമുള്ളപ്പോൾ ചുറ്റി സഞ്ചരിപ്പാൻ തുടങ്ങി: പേർഷ്യായിലെ രാജാവായ ശാബൂർ ഒന്നാമന്റെ കിരീടധാരണ ദിനം (241-നും 242-നും ഇടയ്ക്ക്) രാജധാനിയിൽ വച്ചായിരുന്നു. അവന്റെ വേദവിപരീതപരമായ മേലുദ്ധരിച്ച അഭിപ്രായങ്ങളെ പ്രസംഗദ്വാരാ ആദ്യമായി അവതരിപ്പിച്ചത്. തന്റെ നവീന സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കേണ്ടതിന് പന്ത്രണ്ട് ശിഷ്യന്മാരെ തിരഞ്ഞെടുത്ത് അവരെ ലോകത്തിന്റെ പല ഭാഗങ്ങളിലേക്കുമായി പറഞ്ഞയയ്ക്കുകയും അവനും പേർഷ്യായിൽനിന്നും പുറപ്പെട്ട് ഇതരസ്ഥലങ്ങളിൽ ഉപദേശിച്ചുകൊണ്ട് സഞ്ചരിക്കുകയും ചെയ്തു. "ആറാമ്യ" പ്രദേശക്കാരെ ശിഷ്യപ്പെടുത്തുവാൻ അവന്റെ ശിഷ്യന്മാരിൽ ഒരാളായ ആദായിയേയും ഇൻഡ്യാദേശത്തിലെ പ്രചരണവേലയ്ക്ക് തോമ എന്ന ശിഷ്യനേയും നിയോഗിച്ചയച്ചു. ഇവർ രണ്ടുപേർ തിരിച്ചുവന്ന് ആരും തങ്ങളുടെ ഉപദേശങ്ങളെ കൈക്കൊള്ളുന്നില്ലെന്ന് അവനോടറിയിച്ചപ്പോൾ അവനു വിദ്വേഷം ജനിക്കയും ക്രിസ്തുമതത്തെ നിഷേധിക്കയും താൻതന്നെ മ്ശിഹായും പരിശുദ്ധ റൂഹായും ആണെന്ന് പ്രസ്താവിക്കയും ചെയ്തു. പൊതുവെയുള്ള ഉയിർപ്പിനെ നിഷേധിച്ചിരുന്നു എന്നു മാത്രമല്ല "ആത്മാക്കൾ ശരീരങ്ങളിൽനിന്നും ശരീരങ്ങളിലേക്കു പകരുന്നു" എന്ന ഉപദേശത്തെ പ്രസംഗിക്കുകയും ചെയ്തു. 'വിവാഹം' കേവലം നിഷേധമായിട്ടു കരുതി ഇരുന്നതിനാൽ പ്രോത്സാഹിപ്പിച്ചിരുന്നില്ല. തന്റെ മാർഗ്ഗത്തിലുണ്ടായ പ്രഥമപ്രയാസങ്ങളെ വകവയ്ക്കാതെ വേദവിപരീതമായ ഉപദേശങ്ങളെ വിവിധ സ്ഥലങ്ങളിൽ വിതപ്പാൻ അവനും ശിഷ്യന്മാരും തീവ്രയത്നം ചെയ്തുവന്നിരുന്നു. ക്രമേണ അവന്റെ ഉദ്ദേശം സഫലമായിവരികയും അനേക ആത്മാക്കൾ അവനാൽ പാഷാണ്ഡിതരായിത്തീരുകയും ചെയ്വാനിടയായി. എന്നാൽ അവന്റെ ഈ പ്രവർത്തനം നിർബാധം അധികം തുടർന്നുകൊണ്ടുപോകുവാൻ സാധിച്ചില്ല. "കശ്ക്കാർ"ലെ എപ്പിസ്കൂപ്പായായ അർക്കേലാവോസ്' (281+) അവനോടു തർക്കിക്കയും അവന്റെ പാഷണ്ഡോപദേശത്തെ പുറത്താക്കുകയും ചെയ്തു. ശാബൂർത്തോമന്റെ (270+) രാജ്യഭരണത്തിന്റെ അവസാനകാലത്തിൽ മാനി പേർഷ്യൻ തലസ്ഥാനത്തേക്ക് തിരിച്ചുവരികയും അവിടെ രാജധാനിയിൽപോലും തനിക്ക് അനുഗാമികളെ ഉണ്ടാക്കുകയുംചെയ്തു. എന്നാൽ വിഗ്രഹാരാധകരായ പുരോഹിതന്മാരും മ്ഗൂശന്മാരും മാനിയെ പീഡിപ്പിക്കുന്നതിന് രാജാവിനെ നിർബന്ധിക്കുകയും അങ്ങനെ അവനെ ബന്ധനത്തിലാക്കിക്കയും ചെയ്തു. എന്നാൽ എങ്ങനെയോ ബന്ധനത്തിൽനിന്ന് അവൻ പുറത്തുചാടുകയും അവിടെനിന്ന് ഓടിപ്പോകുകയും ചെയ്തു. ശാബൂറിന്റെ ശേഷം വന്ന ഹൊർമ്മോസ് (272-ലോ 273-ലോ) മാനിയെ അനുകൂലിച്ചിരുന്നതായി തോന്നുന്നു. എന്നാൽ ബഹറാം ഒന്നാമൻ

അവന്റെ തോലുരിച്ച് അവനെ ക്രൂശിച്ചുകൊന്നതായി കാണുന്നു. എന്നാൽ ചരിത്രകാരന്മാർ ഇവന്റെ മരണവൃത്താന്തം പലവിധത്തിൽ പറയുന്നുണ്ട്. ചിലർ അത് സംബന്ധിച്ച് ഇപ്രകാരം പറയുന്നു.

സത്യവിശ്വാസ ധ്വംസകമായ അവന്റെ ഉപദേശങ്ങളും പ്രചരിപ്പിച്ചു കൊണ്ട് കുറെ സഞ്ചരിച്ചതിനുശേഷം ഒരിക്കൽ പേർഷ്യാരാജാവിന്റെ രാജധാനിയിൽ അവൻ വന്നു. രാജസന്നിധിയിൽ സത്യക്രിസ്ത്യാനികളെക്കുറിച്ച് ഇവൻ ദൂഷണപരമായി അവർ തെറ്റായ മാർഗ്ഗത്തിൽ ജീവിക്കുന്നു എന്നും, തൻനിമിത്തം അവരെ നശിപ്പിച്ചുകളകയോ രാജ്യത്തിൽ നിന്നു പുറത്താക്കുകയോ ചെയ്യുന്നത് യോഗ്യമായിരിക്കുമെന്നും ഈ കുറ്റാരോപണങ്ങൾ ശരിയാണെന്ന് ഉറപ്പിക്കപ്പെടുന്നതിന് അവിടുത്തെ അവരുടെ എപ്പിസ്കോപ്പായെ വരുത്തി വാദപ്രതിവാദം നടത്തുന്നത് ഉത്തമമായിരിക്കുമെന്നും രാജാവിനെ പറഞ്ഞു ധരിപ്പിച്ചു. രാജാവാകട്ടെ ഈ ആലോചനയ്ക്കു വഴിപ്പെടുകയും അവിടുത്തെ എപ്പിസ്കോപ്പായെ വരുത്തി വിവരം ധരിപ്പിക്കയുംചെയ്തു. രാജസന്നിധിയിൽ നിന്നു സംഗതി ഗ്രഹിച്ചപ്പോൾ അദ്ദേഹം വല്ലാതെ വ്യാകുലപ്പെട്ടു. എന്തുകൊണ്ടെന്നാൽ താൻ ഒരു ഭക്തനും വേദപുസ്തകം സംബന്ധിച്ച് കുറെയൊക്കെ ഗ്രഹിച്ചിരുന്നവനുമായിരുന്നുവെങ്കിലും വലിയ ഒരു താർക്കികനോ തത്ത്വവിജ്ഞാനിയോ ആയിരുന്നില്ല. മാത്രമല്ല, മാനി വലിയ ഒരു തത്ത്വവിജ്ഞാനീയ താർക്കികനും കൗശലക്കാരനും വേദവിപരീതിയുമായി അവനെക്കുറിച്ചു കേട്ടിട്ടും ഉണ്ടായിരുന്നു. ഏതായാലും തന്റെ വ്യാകുലഭാവം പ്രത്യക്ഷപ്പെടുത്താതെതന്നെ മൂന്ന് ദിവസത്തെ അവധിയും വാങ്ങി. വാസസ്ഥലത്തേക്കു തിരിച്ചുവന്ന് മാനിയുടെ ദ്രോഹത്തിൽനിന്ന് തന്നെയും തന്റെ ജനങ്ങളെയും രക്ഷിക്കേണമെ എന്നുള്ള തന്റെ അകംനീറിയ പ്രാർത്ഥനയോടും ഉപവാസത്തോടുംകൂടെ ആ ദിവസങ്ങൾ കഴിച്ചുകൂട്ടുകയായിരുന്നു. അദ്ദേഹത്തിന്റെ വാസസ്ഥലത്ത് വഴിപോക്കനായ ഒരു കുരുടൻ താമസിക്കുന്നുണ്ടായിരുന്നു. ഇവന് എപ്പിസ്കോപ്പായുടെ മേശയിൽനിന്ന് ഭക്ഷണം ലഭിച്ചുവന്നിരുന്നു. എന്നാൽ ആ മൂന്ന് ദിവസങ്ങൾ അവിടെ ഉണ്ടായിരുന്നവരെല്ലാം ഉപവാസം അനുഷ്ഠിച്ചുവന്നതിനാൽ ആ സാധുവിനു ഭക്ഷണം കിട്ടാതെയിരുന്നതിനാൽ കുരുടൻ ആയതിനിടയായ കാരണമന്വേഷിച്ചു. സംഗതികൾ ശരിയായി ഗ്രഹിച്ചപ്പോൾ അത് അത്ര സാരമായിട്ടുള്ള സംഗതിയല്ലെന്നും മാനിയുടെ കുതന്ത്രങ്ങളിൽനിന്നും എപ്പിസ്കോപ്പായെയും ജനത്തെയും രക്ഷിക്കാമെന്നും അവനെക്കൂടെ രാജസന്നിധിയിൽ ഒരുമിച്ചു കൂട്ടിക്കൊണ്ടുപോകണമെന്നും ധരിപ്പിച്ചു. എപ്പിസ്കോപ്പാ ചില പ്രഥമ പരീക്ഷകൾ അവനിൽ നടത്തുകയും അവൻ കുരുടനാണെങ്കിലും സമർത്ഥനും ജ്ഞാനിയുമാണെന്ന് ബോദ്ധ്യമാവുകയും ചെയ്തതിനാൽ നിശ്ചിത ദിവസം അവനെക്കൂടെ കൊണ്ടുപോകുന്നതിന് തീരുമാനിക്കയും ചെയ്തു.

ഈ കാലത്ത് പേർഷ്യാരാജാക്കന്മാർ കുരുടന്മാരെ വെറുത്തിരുന്നു. ആകയാൽ എപ്പിസ്കോപ്പായൊന്നിച്ച് കുരുടനെക്കൂടി കണ്ടതി

നാൽ രാജാവ് ക്രുദ്ധിക്കയും വാദപ്രതിവാദത്തിന് എപ്പിസ്കൂപ്പായെ അനുവദിക്കാതിരിക്കയും ചെയ്തു. എന്നാൽ മാനിയുടെ പ്രേരണയാൽ രാജാവ് വാദപ്രതിവാദങ്ങളിൽ കുരുടനെക്കൂടെ ഉൾപ്പെടുത്തുന്നതിന് അനുവദിച്ചു.

അവർ രാജസന്നിധിയിൽ പ്രവേശിച്ചപ്പോൾ രാജഹസ്തങ്ങൾ സ്പർശിക്കുവാൻ കുരുടൻ അനുവാദം വാങ്ങിച്ചിരുന്നു. ഇത് ഒരു പ്രത്യേക കാര്യസാദ്ധ്യത്തിനു വിനിയോഗിപ്പാൻവേണ്ടി കുരുടൻ ആവശ്യപ്പെട്ടതായിരുന്നു. രാജഹസ്തങ്ങൾ സ്പർശിച്ചുകൊണ്ട് ആ കുരുടൻ മാനിയോടിങ്ങനെ ചോദിച്ചു: "ഈ കൈ ആരാണു സൃഷ്ടിച്ചത്? നന്മയുടെ ദൈവമോ? തിന്മയുടെ ദൈവമോ?" ശരീരസൃഷ്ടിക്ക് തിന്മയുടെ ദൈവമാണ് ഹേതു എന്നു താൻ ഉപദേശിച്ചുവന്നതിനാൽ മറുത്തുപറയുവാൻ കഴിയാതെ തിന്മയുടെ ദൈവമാണു സൃഷ്ടിച്ചിരിക്കുന്നത് "എന്ന്" ഉദ്വേഗത്തോടെ പറഞ്ഞു. ഇത് കേട്ട് ക്രുദ്ധിതനായ രാജാവ് തന്റെ ക്രോധാഗ്നിയെ 'മാനി'യുടെ മേൽ ചൊരിയുവാൻ തുടങ്ങി. കുരുടന്റെ തന്ത്രം കണക്കിൽ ഫലിച്ചു. മാനിയെ തോലുരിച്ചു കൊന്നുകളയുവാൻ രാജാവ് ആജ്ഞ പുറപ്പെടുവിച്ചു. എന്നാൽ മാനിയുടെ മരണം സംബന്ധിച്ചുള്ള മറ്റൊരഭിപ്രായം ഇങ്ങനെയാണ്: "പേർഷ്യാരാജാവിന്റെ ഒരു പുത്രൻ രോഗബാധിതനായിരുന്നു. രോഗത്തിൽ നിന്നും ആ പുത്രനെ സുഖപ്പെടുത്താമെന്നു മാനി രാജാവിനോടു വാഗ്ദത്തം ചെയ്തു. എന്നാൽ അങ്ങനെ ചെയ്യുന്നതിന് ഈ വേദവിപരീതിക്ക് സാധിച്ചില്ല. രാജാവ് കുപിതനായി അവനെ വധിച്ച് അവന്റെ തോലുരിച്ചെടുത്ത് അതിൽ കച്ചിനിറച്ച് മതിലിന്മേൽ തൂക്കി" എന്നിങ്ങനെയും പറയപ്പെടുന്നു.

ഈ "മാനി" വളരെ പുസ്തകങ്ങളും എഴുത്തുകളും സുറിയാനിയിലും പേർഷ്യാ ഭാഷയിലും രചിച്ചിട്ടുണ്ട്. എന്നാൽ തനിക്കുമുമ്പുള്ള മർക്കിയന്റെ അനുയായികളെപ്പോലെ പ്രത്യേക ലിപികൾ സൃഷ്ടിച്ചു. ആ ലിപികളിലാണ് ഇവ എഴുതപ്പെട്ടിട്ടുള്ളത്. ചില ചരിത്രകർത്താക്കൾ, 'മാനി' ഏഴ് പ്രധാന ഗ്രന്ഥങ്ങൾ ചമച്ചു എന്നു പറയുന്നു. അവയിൽ ആറെണ്ണം സുറിയാനിയിലും മറ്റൊന്ന് പേഴ്സ്യാ ഭാഷയിലും എഴുതപ്പെട്ടു. "വി. കൂദാശകൾ" ഏവൻഗേലിയോൻ "നിക്ഷേപങ്ങൾ" എന്നീ വിഷയങ്ങളെ പരാമർശിച്ച് നാല് ഗ്രന്ഥങ്ങൾ അവന്റേതായി പ്രത്യേകിച്ച് കാണപ്പെടുന്നുണ്ട്. ഗ്രന്ഥകാരന്മാരിൽ ചിലർ പറയുന്നത് ഈ ഗ്രന്ഥങ്ങൾ യഥാർത്ഥത്തിൽ മറ്റു ചില വിദ്വജ്ജനങ്ങളുടേതാണെന്നും മാനി വ്യാജമായി അവയെ തന്റേതാക്കി പ്രസിദ്ധമാക്കിയതാണെന്നുമാണ്.

മാനിയുടെ ചരമവൃത്താന്തം അത്യന്തം പരിതാപകരമായിരുന്നെങ്കിലും അവന്റെ മരണശേഷം അവൻ വിതച്ച നാശവിത്തുകൾ പൊട്ടിക്കിളിർക്കുവാൻതുടങ്ങി. പേർഷ്യാ, തുർക്കി, സറ്റാൻ, റോമാസാമ്രാജ്യ പ്രദേശങ്ങൾ, അർമ്മേനിയ, കപ്പദൂക്യ, സ്പെയിൻ, ഫ്രാൻസ്, റോം,

ടിബറ്റ്, ഇൻഡ്യ, ചൈന എന്നീ പ്രദേശങ്ങളിൽ ഈ വേദവിപരീത വഹ്നി പടർന്നുകത്തുവാൻ ഇടയായി. സത്യവിശ്വാസികൾ മാത്രമല്ല പുറജാതിക്കാർപോലും ഈ ഉപദേശത്തെ ശക്തിയായി എതിർത്തി ട്ടുണ്ട് "ദീയോക്ലീഷ്യൻ" ചക്രവർത്തി ആഫ്രിക്കയിലെ തന്റെ സ്ഥാനാ പതിയായ "യൂലിയാനോസ്സിനു മാനിയുടെ അനുയായികളെ പീഡി പ്പിക്കുവാൻ ആജ്ഞാപിച്ചുകൊണ്ട് 287 ഏപ്രിലിൽ കല്പനയയച്ചതായി കാണുന്നു. ഈ ആജ്ഞയ്ക്ക് ഒരു പ്രത്യേക കാരണംകൂടി ഉണ്ടായി രുന്നു. അക്കാലത്ത് റോമാചക്രവർത്തിമാരും പേർഷ്യാരാജാക്കന്മാരും തമ്മിൽ ശത്രുതയിലായിരുന്നു. ഈ മാനിയുടെ അനുയായികൾ ഈ ശത്രുപക്ഷപാതികളും ആ പ്രദേശങ്ങളിൽനിന്നുള്ളവരുമാണെന്നാണ് സങ്കല്പിക്കപ്പെട്ടിരുന്നത്. തന്നിമിത്തം ഈ കൂട്ടരെ നിർമ്മാർജ്ജനം ചെയ്യുന്നതിന് നിശിതമായ നടപടികൾ സ്വീകരിക്കപ്പെടുവാൻ ഇടയായി.

മാനിയുടെ അനുയായികളുടെ ആരാധന നടപടികൾ കേവലം സാധാരണങ്ങളായിരുന്നു. ഞായറാഴ്ചകൾ നോമ്പ് ദിവസങ്ങളായി രുന്നു. അവർക്ക് മാനിയുടെ ചരമദിനം ഒരു വലിയ പെരുനാൾ ദിനമാ യിരുന്നു. എണ്ണ കലർത്തിയ വെള്ളത്തിൽ മാമൂദീസാ നടത്തിവന്നു. കർത്താവിന്റെ തിരുവത്താഴത്തെ തിരഞ്ഞെടുക്കപ്പെട്ടവരുടെ മാത്രമുള്ള ഒരു ആരാധനയായി സ്വീകരിക്കപ്പെട്ടുവന്നു. തങ്ങളുടെ ഉപദേശത്തിനും ഉദ്ദേശത്തിനും അനുകൂലങ്ങളായി പുതിയ നിയമത്തിൽനിന്നുള്ള കാര്യ ങ്ങൾ ഉറപ്പായ സത്യങ്ങളെന്നും അല്ലാത്തവകളെ വഞ്ചനാപരങ്ങ ളെന്നും അവർ വ്യാഖ്യാനിക്കയും പഴയ നിയമത്തെ പരിച്ഛേദം ത്യജി ക്കയും ചെയ്തു. ശ്മീശത്തുകാരൻ പൗലേയേ ശപിച്ച അന്ത്യോഖ്യാ സുന്നഹദോസ്, മാനിയേയും ശപിച്ചുവെന്ന് പറയപ്പെടുന്നു.

## അദ്ധ്യായം 15

# കിഴക്കൻ ദേശത്തെ സുവിശേഷപ്രചാരണവും സോലിക്കിലെ കാതോലിക്കാ സ്ഥാപനവും

“കിഴക്ക്” എന്ന നാമം സഭാചരിത്രത്തിൽ റോമാ സാമ്രാജ്യത്തിന് പുറത്തുള്ളവയായി കിഴക്ക് കാണപ്പെടുന്ന ലോവർ മെസപ്പൊട്ടേമ്യാ, അസീറിയാ, അറേബ്യാ, പേർഷ്യാ, കൽദിയാ, പാർത്തിയ, മേദിയ ആദിയായ രാജ്യങ്ങൾക്ക് പൊതുവെ ഉള്ളതാണെന്നു പറയപ്പെടുന്നു. “മ്ഗൂശേന്മാർ കിഴക്കുനിന്നും വന്നു” (മത്തായി 2) എന്ന് വി. ഏവൻഗേലിയോനിൽ പറയും പ്രകാരംതന്നെ. ഈ പ്രദേശങ്ങൾ ആരാമ്യദേശം എന്ന നാമത്തിലും വിളിക്കപ്പെട്ടിരുന്നു. സംശയംവിനാ ഈ പ്രദേശങ്ങളിൽ സുവിശേഷരശ്മി ഒന്നാം നൂറ്റാണ്ടിൽതന്നെ ഉദിച്ചു. ഒന്നാമതായി യേശുതമ്പുരാന് രണ്ട് വയസ്സ് പ്രായമായപ്പോൾ കാഴ്ചകൾ സമർപ്പിച്ച അസീറിയാക്കാരായ (ഏശായാ. 19:24) മ്ഗൂശേന്മാർ[1] നിശ്ചയമായി വിശ്വസിക്കുകയും മ്ശിഹായുടെ ജനനവൃത്താന്തം അവരുടെ നാട്ടിൽ പ്രചരിപ്പിക്കുകയുംചെയ്തു. എന്തെന്നാൽ അവരുടെ പ്രയാണത്തെ നയിച്ചത് ദൈവത്തിന്റെ മാലാഖയായിരുന്നു. രണ്ടാമതായി പെന്തിക്കോസ്തി ദിവസത്തിൽ സെഹിയോൻ മാളികയിൽവച്ച് അപ്പോസ്തലന്മാരുടെമേൽ പ. റൂഹാ ഇറങ്ങിയപ്പോൾ ഊർശ്ലേമിൽ ബസ്നഹറീൻകാരും, ആലാന്യരും പാർത്ത്യരും ആയി പെന്തിക്കോസ്തി പെരുനാളിന് വന്ന അനേക യഹൂദന്മാരുണ്ടായിരുന്നു. അന്നുതന്നെ മൂവായിരത്തോളം ആളുകളെ ആകർഷിച്ചതായ പത്രോസിന്റെ പ്രസംഗം അവർ കേൾക്കുകയും ശ്ലീഹന്മാർക്കു ലഭിച്ച ഭാഷാവരവും, ധൈര്യവും, ശക്തിയും ആയ അത്ഭുതങ്ങളെ അവർ കാണുകയുംചെയ്തു. അവർ തിരിച്ചുപോകുമ്പോൾ കടന്നുപോയ പ്രദേശങ്ങളിലെല്ലാം ഈ വിസ്മയനീയ വാർത്തകളെ പ്രസിദ്ധപ്പെടുത്തി എന്നുള്ളത് സുവിദിതമാണ്. ഇപ്ര

---

1 സ്വർണ്ണനാവുകാരനായ മോർ ഈയാവാനീസിന്റെ, “ജഡത്തിലുള്ള കർത്താവിന്റെ ജനനം,” “നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ മനുഷ്യാവതാരവും വി. കന്യക (മറിയാം) ദൈവമാതാവാകുന്നുവെ”ന്നുമുള്ള രണ്ട് ഭാഗങ്ങൾ നോക്കുക.

കാരം ഇവരും മ്ഗൂശേന്മാരും പൗരസ്ത്യദേശത്ത് സുവിശേഷപ്രചാരണ ത്തിന് കാരണഭൂതരായി ഭവിച്ചു. മൂന്നാമതായി എഴുപത് അറിയിപ്പു കാരിൽ ഒരുവനായ ആദായി സുവിശേഷകൻ ഉറഹോയിയുടെ രാജാ വായ സുറിയാനിക്കാരൻ അബ്ഗർ അഞ്ചാമനേയും ആ ദേശവാസിക ളേയും ശിഷ്യപ്പെടുത്തി മാമോദീസാ മുക്കുകയും ഒരു പള്ളി സ്ഥാപി ക്കുകയും ചെയ്തതിനുശേഷം കിഴക്കോട്ടു യാത്രചെയ്യുകയും "അർമ്മൂ"ന്റെ ദക്ഷിണപ്രദേശങ്ങളിലും ടൈഗ്രീസ് നദിയുടെ കിഴക്കേ സമതലത്തിലും ബെസ്സബ്ദായിലും ഹെദ്യാബിലും (അർബീൽ) സുവിശേഷമറിയിക്കുകയുംചെയ്തു. ഇദ്ദേഹത്തിന്റെ ശിഷ്യനായ ആഗാ യിലും കർദ്ദൂ, ബസ്ഗർമായി, കശ്കർ, ബസ്ഹൂസോയേ, (ജന്തിസാ ബൂർ) ഈ പ്രദേശങ്ങളിലും പരിസരങ്ങളിലും സുവിശേഷമറിയിച്ചു. നാലാമതായി മോർ തോമാശ്ലീഹാ ഇൻഡ്യയിലേക്കു വരുന്നതിനുമുമ്പ് കിഴക്കിൽപ്പെട്ട അനേക സ്ഥലങ്ങളിൽ സുവിശേഷമറിയിക്കുകയും തിഗ്രീത്തുക്കാർ, പാർത്ത്യർ, പേർഷ്യർ, ആദിയായി വിവിധ ജാതികളെ ക്രിസ്ത്യാനികളാക്കിത്തീർക്കുകയും ചെയ്തു. ഇതിനു പുറമേ മത്തായി ശ്ലീഹാ പാർത്യാക്കാരോടും ക്നാനായക്കാരനായ* ശെമവൂൻ പേർഷ്യാ പ്രദേശങ്ങളിലും യഹൂദാ**ശ്ലീഹാ മെസപ്പൊട്ടേമ്യായിലും പേർഷ്യാ യിലും ബർത്തുൽമായിശ്ലീഹാ അറേബിയായിലെ പ്രദേശങ്ങളായ, ഹെവ്യേറിയർ എന്നു വിളിക്കപ്പെടുന്നവരായ ശേബ, യമൻ നിവാസി കളോടും സുവിശേഷം അറിയിച്ചു. പീലിപ്പോസ് ശെമ്മാശൻ മാമോ ദീസാമുക്കിയ ആ ഷണ്ഡൻ മേൽ പ്രസ്താവിച്ച ഹെമ്യരുടെ ദേശത്തു ള്ളവനായിരുന്നു. അവൻ ശേബയിലെ കന്ദക്കാ രാജ്ഞിയുടെ മന്ത്രി യായിരുന്നു.[2] ഇങ്ങനെ പൗരസ്ത്യദേശത്തെ പള്ളികൾ വർദ്ധിപ്പിക്കു കയും അസംഖ്യജനങ്ങൾ ക്രൈസ്തവസഭയെ ആശ്ലേഷിക്കുകയും എപ്പിസ്കോപ്പൽ ഇടവകകൾ അവിടവിടെ ക്രമപ്പെടുത്തുകയും ചെയ്തു. മൂന്നാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ഇരുപതിൽപരം എപ്പി സ്കോപ്പൽ ഇടവകകൾ കിഴക്കിൽ ഉണ്ടായിരുന്നു. അവയിൽ പ്രധാ നങ്ങൾ കശ്കർ, ഹുലുവാൻ, ബേസ് ഹൂസോയേ, കർക്ക്ശ്ലൂക്ക് (കർ ക്കൂക്ക്), ഹെദ്യാബ് (അർബീൽ), ഫ്രോത് മീശാൻ (ബസ്റാ), ശീഗാർ, ബേസ്സബ്ദായി, ബ്വസ്കത്തുറോയേ[3] നജ്റാൻ, (അൽയമാമാ) ഈ പ്രദേശങ്ങളിലെ അറബികൾ, യമൻ (അറബികൾ) ഇവയാകുന്നു.

2 *മർഗോനീസോ* എന്ന് പറയപ്പെടുന്ന മോർ അപ്രേമിന്റെ മദ്റോശേയും യബ്രുകാരൻ യൂഹാനോൻ എസ്തുനോറോയ്ക്ക് ഉറഹായിയുടെ മോർ യാക്കൂബ് അയച്ച ലേഖനവും വായിക്കുക.

3 ബസ് കത്രോയോയ്ക്ക് തെക്ക് സുറിയാനിക്കാരനായ അബ്ദീശോ സന്യാസി, മോർ തോമായുടെ നാമത്തിൽ ഒരു ദയറാ പണികഴിപ്പിച്ചു. നാലാം ശതാബ്ദത്തിന്റെ അന്ത്യഘട്ടത്തോടുകൂടി ഇരുനൂറു ദയറായക്കാർ അവിടെ ഉണ്ടായിരുന്നുവെന്ന് മോർ യൗനോൻ നൊക്രീത്തോയുടെ ജീവചരിത്രത്തിൽ നിന്ന് നാം മനസ്സിലാക്കുന്നു.

*എരിവുകാരൻ (വൈരാഗ്യക്കാരൻ) **ലാബി എന്നും പേരുള്ള ലേഖനം എഴുതിയ യൂദാ ശ്ലീഹാ

മേൽ പ്രസ്താവിക്കപ്പെട്ട ഇടവകകൾ അഭിവൃദ്ധി പ്രാപിച്ചുവന്നുവെങ്കിലും അവിടുത്തെ എപ്പിസ്കോപ്പന്മാരുടെ പട്ടിക ചരിത്രത്തിൽ നിന്നും നഷ്ടപ്പെട്ടുപോയി. ഹെദ്യാബിലെ എപ്പിസ്കോപ്പന്മാരുടെ പട്ടിക മാത്രമേ പ്രാരംഭംമുതൽ സൂക്ഷ്മമായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളു. ഈ പട്ടിക ആറാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഹെദിയാബുകാരൻ മ്ശിഹോ സോക്കെ (റമ്പാൻ)[4] എന്ന ചരിത്രകാരൻ മുഖാന്തരം നമുക്ക് ലഭിച്ചിരിക്കുന്നു. ഇതിൽനിന്നും കിഴക്കൻ പ്രദേശങ്ങളിലെ ക്രൈസ്തവമതപ്രചാരണവും വിശ്വാസികൾ അനുഭവിച്ചതായ വിവിധ ഞെരുക്കങ്ങളും നാം ഏതാണ്ട് ഗ്രഹിക്കുന്നു. അവിടുത്തെ എപ്പിസ്കോപ്പൽ സ്ഥാപനം വി. ആദായി ശ്ലീഹായാൽ ഉണ്ടായി. ആദായിക്കുശേഷമുണ്ടായിരുന്ന അവിടുത്തെ ഒന്നാമത്തെ എപ്പിസ്കോപ്പാ ഫ്കീദോ (ഏകദേശം 104) ആയിരുന്നു. അദ്ദേഹവും പിൻഗാമികളും കൂടി അവരുടെ സുകൃതനടപടികളാലും അവർക്ക് ഭരമേല്പിക്കപ്പെട്ട വിശ്വാസത്താലും അവർ മുഖാന്തിരം ദൈവം പ്രവർത്തിച്ചതായ അത്ഭുതങ്ങളാലും അസംഖ്യജനങ്ങളെ മ്ശിഹായിൻ തൊഴുത്തിലേക്ക് ആകർഷിച്ചു. അവരിൽ ചിലർ ഞെരുക്കവും അടിയും കാരാഗൃഹവാസവും സാക്ഷിമരണവും മ്ഗൂശേന്മാരിൽനിന്നും അനുഭവിച്ചു. വിശ്വാസികളും യേശുവിനോടുള്ള സ്നേഹത്തെപ്രതി പീഡകളും മുതൽനഷ്ടങ്ങളും സഹിച്ചു.

ഈ പ്രദേശങ്ങളിലെ രാജ്ഞിയായ ഹേലേനി ഒന്നാം നൂറ്റാണ്ടിൽ മ്ശിഹായിൽ വിശ്വസിച്ചു. അവളുടെ പുത്രനായ ഈസാദും സിംഹാസനാവകാശികളിൽ ഭൂരിപക്ഷവും മ്ശിഹായിൽ വിശ്വസിച്ചു എന്നും പറയപ്പെടുന്നു. ആകയാൽ പൗരസ്ത്യദേശത്തിന്റെ ഒരു വിഭാഗമായ ഈ പ്രദേശങ്ങളിൽ ഈ മതം ഏററവും അഭിവൃദ്ധിപ്പെട്ടതിൽ ഒട്ടും തന്നെ അത്ഭുതപ്പെടുവാനില്ല. ഹെദിയാബിലെ എപ്പിസ്കോപ്പായായിരുന്ന അബ്ദേദ്മ്ശിഹോയുടെ കാലത്ത് (190-215) ഈ പ്രദേശങ്ങളിൽ സമാധാനം ഉണ്ടാവുകയും പള്ളികൾ വർദ്ധിക്കുകയും ചെയ്തു. 224-ാമാണ്ട് മേടമാസം 28-ാം തീയതി പാർത്ത്യാ സാമ്രാജ്യം അസ്തമിക്കുകയും തൽസ്ഥാനത്ത് സസ്സേന്യരുടെ പേർഷ്യൻ സാമ്രാജ്യം ഉൽഭൂതമാവുകയുംചെയ്തു. ആ കാലത്ത് സഭയിൽ സമാധാനം വിളയാടിയിരുന്നതിനാൽ ആ പ്രദേശങ്ങളിൽ സുവിശേഷം അത്യധികം പ്രചരിച്ചു. ഇങ്ങനെ പേർഷ്യൻ സാമ്രാജ്യത്തിൽ വിശ്വാസം പ്രചാരത്തിൽവന്നു.

---

4 ഇദ്ദേഹം നെസ്തോറിയ സുറിയാനിക്കാരനായിരുന്നു. സുറിയാനിയിൽ ഒരു സഭാചരിത്രമെഴുതി. 1907-ൽ "അൽഫോൺസ് മിൻഗാനാ" അത് അച്ചടിപ്പിച്ചു. *അൻജ്മ* എന്നു പറയപ്പെടുന്ന, മൂസലീലെ കൽദായക്കാരുടെ മാസികയിൽ ഇത് അറബിയിൽ തർജ്ജമ ചെയ്തു തുടർച്ചയായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരം 20-ൽ അധികം ഭദ്രാസന ഇടവകകൾ അവിടെ ഉണ്ടായിരുന്നുവെങ്കിലും രാജ്യത്തിന്റെ തലസ്ഥാനത്തെ, സോലിലെ എപ്പിസ്കൂപ്പാ സ്ഥാനത്തെക്കുറിച്ച് യാതൊരു സ്മരണയും അക്കാലത്തുള്ളതായി കാണുന്നില്ല. എന്തെന്നാൽ ആ തലസ്ഥാനനഗരിയിൽ ആ കാലത്ത് വിശ്വാസികളുടെ സംഖ്യ വളരെ ചുരുക്കമായിരുന്നു. ഉദ്ദേശം 227-ൽ ഹെദിയാബിലെ എപ്പിസ്കോപ്പാ ആയിത്തീർന്ന ശഹലൂഫോ ഈ തലസ്ഥാനനഗരിയെ സന്ദർശിക്കുമ്പോൾ അവിടുത്തെ വിശ്വാസികൾക്ക് ഒരു പുരോഹിതൻപോലുമില്ലായിരുന്നു. മ്ശിഹോ സോക്കെയുടെ സഭാചരിത്രത്തിൽനിന്നും നമുക്ക് കാര്യമായി അറിയേണ്ട സംഗതി കാതോലിക്കാ സ്ഥാപനത്തെക്കുറിച്ചാണ്. ഇദ്ദേഹത്തിന്റെ സഭാചരിത്രം കാണിക്കുന്നത് ഉദ്ദേശം 252-ൽ മേൽപ്പറഞ്ഞ ഹെദിയാബിലെ ശഹലൂഫോ എപ്പിസ്കോപ്പാ നിര്യാതനായശേഷം ആഹോദാബൂയി അദ്ദേഹത്തിന്റെ അനന്തരഗാമിയായി എന്നാണ്. പുറജാതിക്കാരനായിരുന്ന ഇദ്ദേഹം ക്രിസ്ത്യാനിയായിത്തീരുകയും ഏതാനും കാലം ശഹലൂഫോയുടെ അടുക്കൽ അഭ്യസനം നടത്തിയവനുമായിരുന്നു. മൂന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇദ്ദേഹം സോലിക്ക് സന്ദർശിച്ചപ്പോൾ അവിടുത്തെ വിശ്വാസികളുടെ ശക്തിയായ അപേക്ഷ മുഖാന്തിരം അദ്ദേഹവും സൂസിലെ എപ്പിസ്ക്കോപ്പായായ ഹൈബോലും കൂടി "പാപ്പാ" എന്ന ദേഹത്തെ അവിടുത്തെ എപ്പിസ്ക്കോപ്പായായി നിയമിച്ചു. ബാർ എബ്രായ പറയുന്നത് ഫ്രോത്മീശാനിലെ (ബസ്രാ) ദാവീദ് എപ്പിസ്ക്കോപ്പാ ഇദ്ദേഹത്തിന്റെ മേൽ കൈവച്ചു എന്നാണ്. പക്ഷേ, ഈ ചടങ്ങിൽ ഇവരെല്ലാംതന്നെ സംബന്ധിച്ചിരിക്കാം. ഈ പാപ്പായുടെ കാലം മുതൽ സോലിക്കിലെ എപ്പിസ്ക്കോപ്പാസ്ഥാനം തുടർച്ചയായി നിലനിന്നുപോന്നു. "പിന്നീട് ഏതാനും വർഷം ജീവിച്ചതിനുശേഷം 290-ൽ ആഹോദാബൂയി ഇഹലോകവാസം വെടിഞ്ഞു. മ്ശിഹോസോക്കേയുടെ ചരിത്രപ്രസ്താവന ഇതിനു മതിയായ തെളിവാണ്. എന്തെന്നാൽ ഇദ്ദേഹം ഈ സംഭവത്തോടടുത്ത കാലത്ത് ജീവിച്ചിരുന്നു. പാപ്പാ പേർഷ്യയുടെ തലസ്ഥാനനഗരിയുടെ എപ്പിസ്ക്കോപ്പായായിരുന്നതിനാൽ അദ്ദേഹം അഹങ്കരിക്കുകയും പേർഷ്യയിലുണ്ടായിരുന്ന എല്ലാ ഇടവകക്കാരുടേയും മേലധികാരം കിട്ടുന്നതിന് ശണ്ഠയിടുകയുംചെയ്തു. ഇങ്ങനെ അദ്ദേഹവും പൗരസ്ത്യ എപ്പിസ്ക്കോപ്പന്മാരും തമ്മിൽ ഇതിനെക്കുറിച്ച് വിവാദമുണ്ടായി. ഈ പാപ്പാ ഉൾപ്പെടെ പൗരസ്ത്യ എപ്പിസ്ക്കോപ്പന്മാരുടെ ഒരു സുന്നഹദോസ് 315-ൽ കൂടി പാപ്പായ്ക്ക് അവരുടെ മേലധികാരമില്ലെന്ന് അദ്ദേ ഹത്തെ ബോധ്യപ്പെടുത്തി. ശൂശാനിലെ എപ്പിസ്ക്കോപ്പായായ വി. മീലീസ് ശക്തിയായി പാപ്പായെ ശാസിച്ചു. ഇദ്ദേഹം നിഖ്യാസുന്നഹദോസിന് (325-ന്)ശേഷവും ജീവിച്ചിരുന്നു. താൻ 329-ൽ നിദ്രപ്രാപിച്ചു. തന്നിമിത്തം ആധുനിക പ്രസിദ്ധ ചരിത്രകാരന്മാർ എല്ലാംതന്നെ സോലിക്കിലെ കാതോലിക്കാസ്ഥാപനം പ്രസ്തുത പാപ്പായുടെ

കാലംമുതലാണ് ആരംഭിച്ചതെന്നുറപ്പിക്കുന്നു.' എന്നാൽ 410-ൽ മാത്രമാണ് കാതോലിക്കാ എന്ന നാമം അറിയപ്പെട്ടത്. "കിഡ്" എന്ന ഗ്രന്ഥകാരൻ പറയുന്ന പ്രകാരം ആ ആണ്ടിൽ സോലിക്കിലെ സുന്നഹദോസിൽ അവിടത്തെ മേല്പട്ടക്കാർ കാതോലിക്കാ എന്ന സ്ഥാനപ്പേരു സ്വീകരിച്ചു.

5 നെസ്തോറിയർ വി. സഭയിൽ നിന്ന് മുടക്കപ്പെട്ട് വി. അന്ത്യോഖ്യാസിംഹാസനത്തിൽനിന്ന് വേർതിരിക്കപ്പെട്ടശേഷം അവർക്ക് പ്രത്യേകമായി സോലക്കിൽ ഒരു കാതോലിക്കാ സ്ഥാപനം അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പേർഷ്യാസാമ്രാജ്യത്തിന്റെ സഹായത്തോടുകൂടി സ്ഥാപിച്ചു. അവരുടെ ഈ പുതിയ സിംഹാസനത്തെ ശ്രേഷ്ഠതപ്പെടുത്തുന്നതിനു ആഗ്രഹിച്ചുകൊണ്ട് സുവിശേഷകനായ വി. ആദായി ശ്ലീഹായാണ് കാതോലിക്കാ സിംഹാസനം സ്ഥാപിച്ചതെന്ന് വ്യാജപ്രവചനങ്ങളാൽ സ്ഥാപിക്കാൻ ഉത്സാഹിച്ചു. അങ്ങനെ അദ്ദേഹത്തിന്റെ പിന്നാലെ ലോകത്തിൽ ഉണ്ടായിട്ടില്ലാത്ത ചില എപ്പിസ്ക്കൂപ്പന്മാരുടെ നാമങ്ങളെ ആദ്യമായും പിന്നീട് ചില കാതോലിക്കന്മാരുടെ നാമങ്ങളും ചേർത്ത് ഒരു പട്ടിക അവരുണ്ടാക്കി. അവർ ഇപ്രകാരം പറയുന്നു: ഒന്നാമത്തെ കാതോലിക്ക ആഹോദാബൂയി ആണ്. (മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലെന്നും) പൗരസ്ത്യ എപ്പിസ്ക്കൂപ്പന്മാർ അവരുടെ തലവൻ കാലം ചെയ്യുമ്പോൾ അവർ തിരഞ്ഞെടുക്കുന്നവന്റെ മേൽ അവർ തന്നെ കൈവയ്ക്കാമെന്നും മേലാൽ അന്ത്യോഖ്യായിലേക്കു പോകേണ്ടായെന്നും, അവർ വാഴിക്കുന്നവനെ കാതോലിക്കായും പാത്രിയർക്കീസും എന്നും വിളിക്കപ്പെടണം എന്നും അന്ത്യോഖ്യാ പാത്രിയർക്കീസിനു തൃപ്തിയില്ലായിരുന്നെങ്കിലും പാശ്ചാത്യ എപ്പിസ്ക്കൂപ്പന്മാർ അവരെ അനുവദിച്ചെന്നും ആഹോദാബൂയിയെ ശഹലൂഫോ അനുഗമിക്കുകയും കിഴക്കൻ എപ്പിസ്ക്കൂപ്പന്മാരാൽ വാഴിക്കപ്പെട്ട ഒന്നാമത്തെ കാതോലിക്കാ ഇദ്ദേഹമാണെന്നും ഇദ്ദേഹത്തിന്റെ പിന്നാലെ പാപ്പാ മുതലായവർ സിംഹാസനാരൂഢരായി എന്നും അവർ പ്രസ്ഥാവിച്ചു. ഈ പ്രസ്താവന വ്യാജവും സഭാചരിത്രത്തെ ക്ഷതപ്പെടുത്തുന്നതുമാണ്. എന്നാൽ മേൽപ്രസ്താവിച്ചിരിക്കുന്ന ചരിത്രകാരനായ മ്ശിഹോസൊക്കെ നിയമവിരുദ്ധമായ അവരുടെ ഈ അവകാശവാദത്തിന്റെ വ്യാജത്തെ മുൻപറഞ്ഞതുപോലെ തെളിയിച്ചിട്ടുണ്ട്.

അദ്ധ്യായം 16

# അലക്സന്ത്ര്യാ വിദ്യാലയത്തിലെ പ്രമുഖ ശിഷ്യന്മാർ

പ്രസ്തുത വിദ്യാലയത്തിൽനിന്ന് ഗണനീയരായ പല ശിഷ്യന്മാരും പുറപ്പെടുവാനിടയായിട്ടുണ്ട്. അതിൽ ചിലരെക്കുറിച്ച് ഏറെക്കുറെ അറിഞ്ഞിരിക്കുന്നത് രസകരമായിരിക്കും. ഊർശ്ലേമിലെ മോർ അലക്സന്ത്രോസ്, കപ്പദൂക്യായിലെ മോർ ഫർമിലിയാനോസ്, ലവുദിക്യായിലെ യൗസേബിയൂസ്, അനത്തോലിയോസ്, തോമീസിലെ എപ്പിസ്കൂപ്പാ ആയ മോർ ഫിലിയാസ് സദാ, മോർ ഹാലീലിയോസ് എന്നിവരുടെ പേരുകൾ പ്രത്യേകം സ്മരണാർഹങ്ങളാണ്.

### മോർ അലക്സന്ത്രോസ്

പന്തീനോസ്, ക്ലീമ്മീസ് എന്നീ പ്രസിദ്ധ മല്പാന്മാർ ഈ വിദ്യാലയത്തിലെ ഉപദേഷ്ടാക്കന്മാരായിരിക്കുമ്പോൾ ഇദ്ദേഹം അവിടെ വിദ്യ അഭ്യസിച്ചിരുന്നു. 200-ാമാണ്ട് കപ്പദൂക്യായുടെ കൈസറിയായിലെ എപ്പിസ്കൂപ്പാ ആയി വാഴിക്കപ്പെട്ടു. സെപ്തീമോസ് സേവോറോസ് 202-ൽ പീഡ ആരംഭിച്ചപ്പോൾ ഇദ്ദേഹത്തെ കാരാഗൃഹബന്ധിതനാക്കി. 211-ൽ ആ പീഡ കഴിഞ്ഞപ്പോൾ ഊർശ്ലേം ആദിയായ പരിശുദ്ധ ദൈവാലയങ്ങൾ സന്ദർശിപ്പാൻ ആഗ്രഹിച്ച് ഊർശ്ലേമിലേക്ക് താൻ യാത്രയായി. അദ്ദേഹം ആ പരിശുദ്ധ നഗരത്തെ സമീപിക്കാറായപ്പോൾ ഒരത്ഭുത സംഭവം നടന്നു. ആ പ്രദേശത്തുണ്ടായിരുന്ന ദൈവഭക്തരായ വിശ്വാസികളിൽ ചിലർ രാത്രിയിൽ തങ്ങളോടിപ്രകാരം പറയുന്നതായി ഒരു ശബ്ദം കേട്ടു. “കണ്ടാലും നിങ്ങൾ എഴുന്നേറ്റ് നഗരവാതിലിനടുത്തു ചെല്ലുക. ഞാൻ നിങ്ങൾക്കായി തിരഞ്ഞെടുത്തിരിക്കുന്ന എപ്പിസ്കൂപ്പായെ അഭിവാദ്യം ചെല്ലുക.” അത്ഭുതപരവശരായി അവർ അപ്രകാരം ചെന്നു നോക്കിയപ്പോൾ നിർദ്ദേശിച്ചവിധം അവർ എപ്പിസ്കൂപ്പായെ കണ്ടെത്തുകയും അവർ സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തു. തങ്ങളുടെ അടുത്ത പ്രദേശങ്ങളിലുള്ള എപ്പിസ്കൂപ്പന്മാരുമായി അവർ ആലോചിച്ചതിന്റെ ശേഷം തങ്ങളുടെ ഇടവകയിൽ താമസിക്കണമെന്ന് അവർ ഒത്തൊരുമിച്ച് അദ്ദേഹത്തെ നിർബന്ധിച്ചു. ആ കാലത്ത് ഊർശ്ലേമിലെ എപ്പിസ്കൂപ്പാ ആയ വി. നർക്കിനോസ് വളരെ പ്രായം ചെന്നവനായിരുന്നതിനാൽ അവരുടെ അപേക്ഷപ്രകാരം ഭരണ

കാര്യങ്ങളിൽ അദ്ദേഹത്തെ സഹായിച്ചുകൊണ്ട് മോർ അലക്സ ന്ത്രോസ് അവിടെ താമസിച്ചിരുന്നു. ഇങ്ങനെ താമസിച്ചിരിക്കെ ഒരു ഗ്രന്ഥശാല തന്റെ ഉത്സാഹത്തിൽ സ്ഥാപിതമായി. ആ കാലങ്ങളിലെ ഇതര ഗ്രന്ഥശാലകളിൽവച്ച് ഇതിന് സ്തുത്യർഹമായ ഒരു സ്ഥാനം ഉണ്ടായിരുന്നു. എന്നു മാത്രമല്ല ലോകമൊക്കെയിലുമുള്ള അന്നത്തെ ക്രിസ്ത്യാനികളും വളരെ പ്രശംസയോടുകൂടി അതിനെ സംബന്ധിച്ച് സ്മരിക്കയും ചെയ്തിരുന്നു. 250-ൽ ദാക്കിയൂസ് പീഡ തുടങ്ങിയപ്പോൾ കൈസറിയായിലെ ന്യായാധിപസംഘത്തെ കൊണ്ടുവന്ന് അദ്ദേഹ ത്തിന്റെ വിശ്വാസത്തെ ക്ഷീണിപ്പിപ്പാൻ പല വിധത്തിലും അവർ ഉത്സാ ഹിച്ചു. എന്നാൽ ധൈര്യസമേതം അവരുടെ ഭീഷണികളെ എല്ലാം ക്രിസ്തുവിലുള്ള വിശ്വാസത്തോടെ എതിർത്തുനിന്നു. അനന്തരം താൻ കാരാഗൃഹത്തിലടയ്ക്കപ്പെട്ടു. കാരാഗൃഹത്തിൽവച്ചു തന്നെ വിവിധ കഷ്ടതകൾ സഹിച്ച് 251-ൽ ഇഹലോകവാസംവെടിഞ്ഞ് തന്റെ നാഥ നോടു ചേരുകയുംചെയ്തു. തന്റെ ഇടവകയെ ഉത്തമസംരക്ഷണ ത്തോടും എരിവോടുംകൂടി 40 കൊല്ലം ഇദ്ദേഹം ഭരിച്ചു. വി. സഭ അദ്ദേ ഹത്തെ ഒരു *മൗദ്യോനോയായി* ഗണിച്ചുവരുന്നു.

## ഹ്ർമ്ലിയാനോസ്

ഒരു കുലീനകുടുംബത്തിൽ ജാതനായ ഇദ്ദേഹം വിദ്യയിലും സുകൃത നടപടികളിലും ശ്രേഷ്ഠനായ ശേഷം കപ്പദൂക്യയുടെ കൈസറിയാ യിലെ എപ്പിസ്കൂപ്പാ ആയിത്തീർന്നു. വി. സഭയിൽ അദ്ദേഹവും നല്ല സ്മരണയ്ക്കർഹനായിത്തീർന്നിട്ടുണ്ട്. ഒരുകാലത്ത് വേദവിപരീതി കളുടെ മാമൂദീസായെക്കുറിച്ചുള്ള തർക്കം ഉണ്ടായപ്പോൾ അദ്ദേഹവും അതിൽ ശക്തിയായി ഇടപെട്ടു. ഇത് സംബന്ധിച്ച് ഈക്കോനിയോ മിൽ 235-ൽ രണ്ട് സുന്നഹദോസുകൾ വിളിച്ചുകൂട്ടി. വേദവിപരീതി കളുടെ മാമോദീസാ സ്വീകരിക്കപ്പെടരുതെന്ന് തീർച്ചചെയ്തു. തൽ സംബന്ധമായിട്ടുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ അവിസ്മരണീ യങ്ങളാണ്. റോമിലെ സ്തേഫാനോസിനും അവിടുത്തെ സഭയ്ക്കും എതിരായി "റോമിലെ സഭ എന്നാളും സത്യവിശ്വാസത്തെയും പൈ തൃകപാരമ്പര്യങ്ങളേയും പരിരക്ഷിക്കുന്നതിൽ വിമുഖതയുള്ളവരെ"ന്ന് കുറ്റപ്പെടുത്തി. കാർത്തേജിലെ വി. കുപ്രിയാനോസിന് ഒരു പ്രസിദ്ധ ലേഖനം അയച്ചു. ശ്മീശത്തുകാരൻ പൗലേയ്ക്ക് എതിരായി അന്ത്യോ ഖ്യായിൽ കൂടിയ ഒന്നാം സുന്നഹദോസിലെ അദ്ധ്യക്ഷസ്ഥാനം താൻ സ്വീകരിച്ചു. വാദ പ്രതിവാദങ്ങളിലും ഒരു നല്ല പങ്കു വഹിച്ച് 268-ൽ മരണമടഞ്ഞു.

## യൗസേബിയോസും ആനാത്തോലിയോസും

ഇവരിരുവരും അലക്സന്ത്രിയായിൽ ജനിച്ച് അവിടുത്തെ വിദ്യാലയ ത്തിൽ പഠിച്ച് സമർത്ഥന്മാരായിത്തീർന്നവരാണ്. സഭാപരവും അവൈദി കവുമായ ജ്ഞാനസമുച്ചയങ്ങളിൽ നല്ല വ്യുൽപത്തി സമ്പാദിച്ചിരുന്നു. ഇവരിൽ യൗസേബിയോസ് കേവലം ഒരു ശെമ്മാശനായിരിക്കെ 264-ൽ

ശ്മീശത്തുകാരൻ പൗലേയ്ക്ക് വിരോധമായി അന്ത്യോഖ്യായിലെ ഒന്നാം സുന്നഹദോസുകൂടിയപ്പോൾ അലക്സന്ത്രിയായിലെ പ. ദീവന്നാസ്യോസിന്റെ പ്രാതിനിധ്യം വഹിച്ച് അതിൽ സംബന്ധിക്കുകയുണ്ടായി. ആ സുന്നഹദോസ് പിരിഞ്ഞ അവസരത്തോടടുത്ത് ലവോദിക്യായിലെ എപ്പിസ്കൂപ്പൽ സിംഹാസനം ഒഴിവായിത്തീർന്നു. സുന്നഹദോസ് കഴിഞ്ഞ് തിരിച്ചുപോകും വഴി ലവോദിക്യയിലെത്തി. അവിടെയുള്ള ജനം അദ്ദേഹത്തെ കണ്ടമാത്രയിൽതന്നെ ബലത്തോടെ പിടിച്ചുഹിതങ്ങൾ ഒന്നും വകവയ്ക്കാതെ ഒഴിവു വന്ന എപ്പിസ്കൂപ്പൽ സിംഹാസനത്തിൽ വാഴിച്ചു. അങ്ങനെ ആ ഇടവകയെ ഭരിച്ചുവരവെ വേദവിപരീതിയായ പൗലേയെ വി. സഭയിൽനിന്നും മുടക്കി അകറ്റുന്നതിന് 268-ൽ അന്ത്യോഖ്യായിൽ കൂടിയ സുന്നഹദോസിൽ ഇദ്ദേഹം സംബന്ധിച്ചിരുന്നു. ഈ സന്ദർഭം അദ്ദേഹത്തിന് പ്രത്യേക സന്തോഷത്തിനു വകയുണ്ടാക്കി. ഈ സുന്നഹദോസിൽ സംബന്ധിക്കുന്നതിൽ ഈജിപ്തിൽനിന്നും തന്റെ സ്നേഹിതനായ അനാത്തോലിയോസ് കൂടി വന്നിരുന്നതിനാൽ തമ്മിൽ കാണുന്നതിനും പൂർവ്വിക സ്മരണകളെ പുനർജീവിപ്പിക്കുന്നതിനും സൗകര്യം ലഭിച്ചു. സുന്നഹദോസ് തീർന്ന് ഇരുവരും ലവോദിക്യയിലേക്കു പോയി. കുറെ നാളിനുശേഷം യൗസേബിയൂസ് കാലംചെയ്യുകയും പകരം ആനാത്തോലിയോസ് എപ്പിസ്കൂപ്പാ ആയി അവരോധിക്കപ്പെടുകയുംചെയ്തു. ഇദ്ദേഹം ഒരു നല്ല വേദശാസ്ത്രജ്ഞനായിരുന്നതിനു പുറമെ ജ്യോതിശാസ്ത്രം, ക്ഷേത്രഗണിതം, കണക്കുശാസ്ത്രം ആദിയായവയിൽ നല്ല വ്യുൽപത്തി നേടിയവനും ഒരു അസാധാരണ വാഗ്മിയുമായിരുന്നു. ഒരു ആത്മികനു വേണ്ട ഉത്തമനടപടി ആരും അദ്ദേഹത്തിൽ കണ്ടിരുന്നു. ഇദ്ദേഹം ദൈവികഗ്രന്ഥങ്ങളും ലേഖനങ്ങളും ചമച്ചിട്ടുണ്ട്. അവയിൽ പെസഹാപെരുനാളിനെക്കുറിച്ചുള്ള പ്രബന്ധവും ഉൾപ്പെടുന്നുണ്ട്. ലവുദിക്യായിലും അതിനു ചുറ്റുമുള്ള പ്രദേശങ്ങളിലും ചന്ദ്രക്കണക്കനുസരിച്ച് പെസഹാപെരുന്നാൾ മേടമാസം 14-ാം തീയതി ആണ് ആചരിക്കപ്പെട്ടുവന്നിരുന്നതെന്നും ഈ പതിവ് സിറിയാ പ്രദേശങ്ങളിലെ നടപ്പിന് വിരുദ്ധമാണെന്നും അതിൽ പറഞ്ഞിരിക്കുന്നു. എന്നാൽ ലവുദുക്യായിലെ നടപ്പിനോട് അദ്ദേഹത്തിന് അനുകൂലാഭിപ്രായമുണ്ടായിരുന്നതായി കാണുന്നു. താൻ കാറോസിന്റെ ഭരണ കാലംവരെയും ജീവിച്ചിരുന്നു. (282-ലോ, 283-ലോ) ഇതു മുതൽ ചരിത്രത്തിൽനിന്നും നാം അദ്ദേഹത്തെപ്പറ്റി ഒന്നും അറിയുന്നില്ല.

### മോർ ഫിലിയാസ്

ഇദ്ദേഹം വലിയ ധനവാനും സ്വരാജ്യത്തിൽ ഉന്നതസ്ഥാനമുള്ളവനും തത്ത്വശാസ്ത്രത്തിൽ അപാരപാണ്ഡിത്യമുള്ളവനുമായിരുന്നു. മതവിദ്യാഭ്യാസവും മററും മുമ്പു പറഞ്ഞിട്ടുള്ള അലക്സന്ത്രിയൻ വിദ്യാലയത്തിൽ ആണ് നിർവ്വഹിച്ചത്. ഈജിപ്റ്റിലെ തോമീസ് ഇടവകയുടെ എപ്പിസ്കൂപ്പാ ആയി വാഴിക്കപ്പെട്ടു. താൻ ഒരു സമർത്ഥനായ എഴു

ത്തുകാരൻ ആയിരുന്നു. രണ്ട് പ്രബന്ധങ്ങൾ എഴുതിയിട്ടുണ്ട്. 10-ാം പീഡാകാലത്ത് താൻ കാരാഗൃഹത്തിൽ ഇടപ്പെട്ടു. കാരാഗൃഹത്തിൽ നിന്നും ദുഃഖസമ്മിശ്രമായ ഒരു കത്ത് തന്റെ ഇടവകക്കാരായ വിശ്വാസികൾക്കായി അയച്ചു. അതിൽ വി. സഹദേന്മാർ അക്രമികളുടെ പീഡയിൽനിന്നും അനുഭവിച്ച ദണ്ഡനങ്ങളേയും പ്രയാസങ്ങളേയും കുറിച്ച് വിശദമായി വിവരിച്ചിട്ടുണ്ട്. ഇത് വായിക്കുന്നവൻ നിശ്ചയമായും ആ വി. സഹദേന്മാരുടെ സഹിഷ്ണുതയിൽ വിസ്മയഭരിതനായിത്തീരുകയും ആ അത്ഭുതജനകമായ പോരാട്ടത്തിൽ സഹായിച്ചവനെ സ്തുതിക്കയും ചെയ്യും. ഈ വി. ഫീലിയാസും 306-ൽ സാക്ഷിമരണം പ്രാപിച്ചു.

## മോർ പംഫീലിയോസ്

ഇദ്ദേഹത്തിന്റെ ജനനസ്ഥലം ബെയ്ദുട്ടാണ്. അവിടുത്തെ ഒരു കുലീന കുടുംബത്തിൽ ജനിച്ചു. ചെറുപ്പംമുതൽതന്നെ പലതരം വിദ്യകൾ അഭ്യസിച്ച് ബായിറോസിന്റെ കാലത്ത് അലക്സന്ത്ര്യായിലെ വിദ്യാലയത്തിൽ ശിഷ്യത്വം സ്വീകരിച്ചു. ഇദ്ദേഹം ഒരു നല്ല ത്യാഗിആയിരുന്നു. പൈതൃകമായി തനിക്ക് സിദ്ധിച്ച സർവ്വ സമ്പാദ്യങ്ങളും വിറ്റു ദരിദ്രർക്കായി സംഭാവനചെയ്തു. അതിനുശേഷം പലസ്റ്റീനയുടെ കൈസറിയ പട്ടണത്തിൽ വന്ന് താമസിച്ചു. വൈദികജ്ഞാനഗ്രഹണത്തിൽ സദാ ഔൽസുക്യവാനായിരുന്നു. അനന്തരം അദ്ദേഹം കൈസറിയായിലെ ആഗാപിയോസ് എപ്പിസ്കൂപ്പായിൽനിന്ന് ഒരു കശീശയായിത്തീരുകയും എല്ലാ ശ്രേഷ്ഠനടപടികളിലും പുരോഗമിക്കയും ചെയ്തു. അദ്ദേഹത്തിന്റെ സ്നേഹിതനും ശിഷ്യനും സഹായിയുമായിരുന്ന യൗസേബിയോസ് നല്ല മതിപ്പോടുകൂടി ഇദ്ദേഹത്തെക്കുറിച്ചു പറയുന്നത്, "എല്ലാ ശ്രേഷ്ഠ നടപടികളെക്കൊണ്ടും ജ്ഞാനങ്ങളെക്കൊണ്ടും അലംകൃതനായ പൂർണ്ണകശീശാ" എന്നാണ്. ഇദ്ദേഹത്തിന്റെ സവിശേഷമായ ശ്രദ്ധ, ഓറീജാനസ് കൈസറിയായിൽ സമാരംഭിച്ച പുസ്തകശാലയെ വൈദികമായി പിതാക്കന്മാരെഴുതിയിട്ടുള്ള വിലയേറിയ ലേഖനങ്ങളുടേയും വ്യാഖ്യാനങ്ങളുടെയും പ്രതികൾ പല സ്ഥലങ്ങളിൽനിന്നും ആയി തേടിപ്പിടിച്ച് പരിപോഷിക്കുന്നതിൽ പതിഞ്ഞിരുന്നു. മതപരമായ വിദ്യാഭ്യാസം നല്കുന്നതിൽ കൈസറിയായിൽ ഒരു വിദ്യാലയം ആരംഭിച്ചു. ഇങ്ങനെ വി. സഭയുടെ പുരോഗതിക്കായി ബദ്ധശ്രദ്ധം പരിശ്രമിച്ചുവരവെ 307-ൽ മക്സീമിയാനോസ് ദായായുടെ കാലത്തെ പീഡയിൽ ഇദ്ദേഹം പിടിക്കപ്പെടുകയും മനഃചാഞ്ചല്യം കൂടാതെ വിശ്വാസം തീക്ഷ്ണമായി ഏററുപറഞ്ഞതിനാൽ കാരാഗൃഹബന്ധിതനാവുകയുംചെയ്തു. അങ്ങനെ രണ്ടു കൊല്ലക്കാലം ക്ലേശസമ്പൂർണ്ണമായ കാരാഗൃഹവാസം അനുഭവിച്ചു. 309 കുംഭം 16-ാം തീയതി സാക്ഷിമരണം പ്രാപിച്ചു. എന്നാൽ കാരാഗൃഹത്തിൽ താൻ കിടന്നിരുന്ന രണ്ട് കൊല്ലക്കാലം പ്രയോജനകരമായി താൻ ചെലവഴിച്ചു. വി. വേദപുസ്തകത്തിലെ പല ഭാഗങ്ങളും സ്വന്തം കൈകൾ

കൊണ്ടുതന്നെ പകർത്തിയെഴുതി. അനേകം പ്രതികൾ പ്രസിദ്ധപ്പെടുത്തി. ഈ കാര്യത്തിൽ കൈസറിയായിലെ യൗസേബിയോസും തന്നെ സഹായിച്ചു. അലക്സന്ത്ര്യയായിലെ വിദ്യാലയത്തിൽ മേൽ പ്രസ്താവിക്കപ്പെട്ട ശിഷ്യന്മാരെക്കൂടാതെ മറ്റു പല ശിഷ്യന്മാരുമുണ്ടായിരുന്നു. അലക്സന്ത്ര്യയായിലെ പാത്രിയർക്കീസായ ഹിറാക്ലീസിന്റെ സഹോദരൻ പ്ലോ തർക്കോസ് സഹദാ, *ഒറയിത്താ** ഗ്രീക്ക് ഭാഷയിലേക്ക് വിവർത്തനം ചെയ്ത ഹിസീക്കിയോസ്, ഓറിജാനീസിനെ തുടർന്ന് പലസ്തീനിലെ കൈസറിയായിലെ എപ്പിസ്കോപ്പയായിത്തീർന്ന ദോംനോസ്, തേവോതക്നോസ്, അലക്സന്ത്ര്യാക്കാരൻ ത്രിഫോൺ (ഇദ്ദേഹം ഓറിജാനസിന്റെ കീഴിൽ 15 വർഷം അഭ്യസനം നടത്തി. വി. വേദഗ്രന്ഥത്തിന്റെ വ്യാഖ്യാനപുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. 255-ൽ മരിച്ചു) എന്നിവരുടെ പേരും സ്മരണീയാർഹങ്ങളാണ്.

ഇവരെ കൂടാതെ ആ വിദ്യാലയ സാമീപ്യംമൂലം ജ്ഞാനസമ്പാദനം സിദ്ധിച്ച വേറെ ചിലരും ഉണ്ടായിരുന്നു. അവരിൽ യൂലിയോസ് ആഫ്രിക്കാനോസിന്റെ നാമം പ്രസ്താവ്യമാണ്. 230-ൽ ഹിറാക്ലാസ് അലക്സന്ത്ര്യായിലെ വിദ്യാലയത്തിന്റെ പ്രധാന മേധാവിയായിരിക്കുന്ന കാലത്ത് ആ വിദ്യാലയത്തിൽ ഇദ്ദേഹവും സന്നിഹിതനായി ഉപദേശം സ്വീകരിച്ചുവന്നു. ആ ആണ്ടിൽതന്നെ ദാനിയേൽ പ്രവാചകനെക്കുറിച്ച് ഒറിജാനസും ബാസോസ് എന്ന് പേരായ ഒരാളും തമ്മിൽ പലസ്തീനിൽവച്ച് ഒരു വാദപ്രതിവാദം നടന്നതിൽ ഇദ്ദേഹവും സന്നിഹിതനായിരുന്നു. അതിനുശേഷം 238-ൽ സംശയനിവാരണാർത്ഥം 'ശൂശാന്റെ' ചരിത്രത്തെക്കുറിച്ച് ചോദിച്ചുകൊണ്ട് ഓറിജാനസിന്റെ പേർക്ക് എഴുതി അയച്ചു. അതു വാസ്തവമാണെന്ന് അദ്ദേഹം മറുപടി അയയ്ക്കുകയുംചെയ്തു. ഇദ്ദേഹം പൗരസ്ത്യ എഴുത്തുകാരിൽ ഗണനീയനായിരുന്നു. ലിബിയാ പ്രദേശത്ത് ഒരു പുറജാതി കുടുംബത്തിൽ 170-ൽ ഇദ്ദേഹം ജനിച്ചു. തന്റെ സഞ്ചാരത്തിനിടയിൽ എമ്മാവോസിൽ വന്നു പാർത്തു. ഇദ്ദേഹം ധനികനും ഒരു വൈദ്യനുമായിരുന്നു. താൻ ക്രിസ്ത്യാനിയായിത്തീരുകയും വൈദ്യപരമായി ഒരു പുസ്തകം രചിക്കുകയുംചെയ്തു. കൂടാതെ വൈദ്യസംബന്ധമായും കൃഷിശാസ്ത്രപരമായും സൈനികതൊഴിലിനെ സംബന്ധിച്ചും ഉപന്യാസങ്ങൾ രചിച്ചിട്ടുണ്ട്. അറിസ്റ്റീദിന് അദ്ദേഹം ഒരെഴുത്തയയ്ക്കുകയുണ്ടായി. അതിൽ വി. മത്തായിയുടേയും വി. ലൂക്കോസിന്റേയും സുവിശേഷങ്ങളിൽ മോർ യൗസേഫിന്റെ വംശാവലിയെപ്പറ്റി പ്രതിപാദിച്ചിട്ടുള്ളതിൽ അന്തർഭവിച്ചിരിക്കുന്ന വ്യാഖ്യാനങ്ങളെക്കുറിച്ച് വിശദമായി പ്രസ്താവിച്ചിരുന്നു. ക്രിസ്തീയ ചരിത്രകാരന്മാരിൽ ആദ്യത്തെ ചരിത്രകാരനായി ഇദ്ദേഹം ഗണിക്കപ്പെടുന്നു. ലോകാരംഭംമുതൽ എ.ഡി. 221 വരെയുള്ള ലോകചരിത്രം അദ്ദേഹം അലക്സാണ്ടർ സേവേറോസ്

---

*മോശയുടെ പഞ്ചഗ്രന്ഥങ്ങൾ

രാജാവിന്റെ പ്രത്യേക പ്രയോജനത്തിനായി എഴുതിയിട്ടുണ്ട്. യൗസേബിയൂസ്, ഹിറോനിമോസ് (ജെറോം) ആദിയായ ഇതര ചരിത്രകാരന്മാർ ഇദ്ദേഹം എഴുതിയ ചരിത്രത്തിൽനിന്ന് അനേക സംഗതികൾ ഉദ്ധരിക്കുന്നുണ്ട്. 240-നും 250-നും ഇടയ്ക്കുള്ള ഒരു കാലത്തായിരിക്കണം അദ്ദേഹത്തിന്റെ മരണം.

മെത്തോദിയോസ് എന്ന പരിശുദ്ധനെക്കുറിച്ച് ചില ചരിത്രകാരന്മാർ അലക്സന്ത്ര്യാ വിദ്യാലയത്തിലെ ഒരു വിദ്യാർത്ഥിയാണെന്ന് ഗണിച്ചുവരുന്നു. ഇദ്ദേഹം ഒളിമ്പിയാ പട്ടണത്തിലെ എപ്പിസ്കോപ്പായായിരുന്നു. എന്നാൽ ചില എഴുത്തുകാർ പാത്താറായിലെ എപ്പസ്കോപ്പായായും ഇദ്ദേഹത്തെ വിളിച്ചുവരുന്നു. വി. വേദപണ്ഡിതന്മാരിലും ശ്രേഷ്ഠ എഴുത്തുകാരിലും ഒരാളായിരുന്നു ഇദ്ദേഹം. ഇതര എഴുത്തുകാരെക്കാൾ വിസ്താരമായും രചനാസാമർത്ഥ്യത്തോടും സംഗതികൾ വിവരിക്കുന്നതിൽ ഇദ്ദേഹത്തിന് പ്രത്യേകം വൈഭവം ഉണ്ടായിരുന്നു. വേദസംബന്ധങ്ങളായ കാര്യങ്ങളെക്കുറിച്ച് ഉള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ സഭ എന്നും ആദരിച്ചുവരുന്നവയാണ്. ഒറിജാനസിന്റെ ജ്ഞാനവൈഭവത്തെക്കുറിച്ച് തനിക്ക് വലിയ മതിപ്പുണ്ടായിരുന്നുവെന്നുവരികിലും അദ്ദേഹത്തിന്റെ അഭിപ്രായഗതികളുമായി താൻ അനുകൂലിച്ചിരുന്നില്ല. തൻനിമിത്തം വൈരാഗ്യത്തോടുകുടി പല ലേഖനങ്ങളും ഓറിജാനസിന് വിരോധമായി എഴുതിയിട്ടുണ്ട്. ശരീരങ്ങളുടെ പുനരുത്ഥാനത്തെക്കുറിച്ചുള്ള ലേഖനം ഈ ശക്തിമത്തായ എതിർപ്പിന് ഒരു ഉദാഹരണമാണ്. ലോകാവസാനം ഇല്ല എന്ന് വാദിക്കുന്നവർക്കെതിരായി അദ്ദേഹം ലേഖനം എഴുതിയിട്ടുണ്ട്. ജാതീയ തത്ത്വജ്ഞാനിയും ക്രിസ്തുമതവിരോധിയുമായ ബർഫോറിയോസിനെതിരായി പല പുസ്തകങ്ങൾ എഴുതി. കന്യകാത്വത്തിന്റെ മഹത്ത്വങ്ങളെക്കുറിച്ചും സ്വാതന്ത്ര്യം (Free will) എന്നിവയെക്കുറിച്ചും ഉപന്യാസങ്ങൾ രചിച്ചിട്ടുണ്ട്. 311-ൽ രക്തസാക്ഷിയായിത്തീർന്നു.

## അദ്ധ്യായം 17

# മൂന്നാം ശതാബ്ദത്തിന്റെ അന്ത്യഘട്ട ത്തിലെ സഭയുടെ സ്ഥിതി

വാലേറിയാനോസ് രാജാവിന്റെ കാലശേഷം (253-260) ഏകദേശം 40 കൊല്ലത്തോളം ഭയങ്കരമായ പീഡകളൊന്നും കൂടാതെ ക്രിസ്തീയ ലോകം പുരോഗമിച്ചുവന്നിരുന്നു. എന്നാൽ അവിടവിടെയായി ചിലപ്പോ ഴെല്ലാം ചില പ്രാദേശിക പീഡകൾ അല്പകാലത്തേക്ക് ഇല്ലാതെയും ഇരുന്നിട്ടില്ല. ഇങ്ങനെയുള്ള പീഡകളിൽ സാക്ഷിമരണം വരിച്ചവരിൽ "മെദയൂലാൻ" എന്ന പട്ടണത്തിൽവച്ച് വധിക്കപ്പെട്ട മോർ സെബസ് തിയാനോസിന്റെ നാമം പ്രത്യേകം സ്മരണീയമത്രെ. റോമിലെ ഒരു ഉയർന്ന സൈനിക ഉദ്യോഗസ്ഥനായിരുന്ന ഇദ്ദേഹം നൊമറിയാനോസ് കേസറിന്റെ കാലത്ത് 244-ൽ വധിക്കപ്പെട്ടു. ഈ ശാന്തതയ്ക്ക് പ്രത്യേക കാരണങ്ങളുമില്ലാതില്ല. വാലേറിയാദനോസിനെ പിന്തുടർന്ന് ആ അടു ത്തകാലങ്ങളിൽ രാജ്യഭാരം ചെയ്ത രാജാക്കന്മാരുടെ ശ്രദ്ധ, രാജ്യാ ന്തരകാര്യങ്ങളിലാണ് അധികവും ചെലുത്തിയിരുന്നത്. അയൽ രാജാ ക്കന്മാരുമായി സംഖ്യത സമ്പാദിക്കുന്നതിലും ആഭ്യന്തരശണ്ഠകളും മത്സരങ്ങളും ഒതുക്കുന്നതിലും അവർ ശ്രദ്ധാലുക്കളായിരുന്നതിനാൽ തങ്ങളുടെ രാജകീയ അധികാരബലത്തേയും സ്വാധീനശക്തിയേയും ക്രിസ്തീയമത പീഡനോദ്യമങ്ങളാൽ ദുർബലപ്പെടുത്തുന്നതിന് അവർ ചിന്തിച്ചില്ല.

തുലോം ചുരുങ്ങിയതെങ്കിലും ഈ അവസരം സഭാവളർച്ചയ്ക്ക് ഏററവും സഹായകരമായിരുന്നു. ക്രിസ്തുമതപ്രചാരണം പുറജാതി കളുടെ ഇടയിൽ അനസ്യൂതം നിർബാധം നിർവഹിക്കപ്പെട്ടുവന്നിരുന്നു. സുവിശേഷസന്ദേശങ്ങളേയും ക്രിസ്തീയ വിശ്വാസങ്ങളേയും ജനങ്ങൾ ഏററവും ഭക്തിയോടും ആദരവോടുംകൂടെ സ്വീകരിക്കയും ക്രിസ്തു വിശ്വാസികളെ യഥായോഗ്യം ബഹുമാനിക്കയും ചെയ്തിരുന്നു. എല്ലാ പ്രദേശങ്ങളിലും ക്രൈസ്തവസഭ പൂർവ്വാധികം വളർന്നു തുടങ്ങി. മിക്ക നഗരങ്ങളിലും ക്രിസ്തുവിശ്വാസികൾ വർദ്ധിച്ചുവന്നു. ഈ ജനങ്ങളുടെ സംഖ്യാബാഹുല്യം നിമിത്തം ആരാധനയ്ക്ക് പഴയ പള്ളികൾ അതി വിപുലമായ രീതിയിൽ വിസ്തീർണ്ണപ്പെടുത്തേണ്ടതായി വന്നുവെന്ന് യൗസേബിയൂസ് രേഖപ്പെടുത്തുന്നു. ക്രിസ്തുവിശ്വാസികളുടെ

യോജിപ്പും ജീവിതവിശുദ്ധിയും ഐക്യവും ഈ പുരോഗതിക്ക് ശീഘ്രത വർദ്ധിപ്പിച്ചുവന്നു. സ്വർഗ്ഗത്തിൽനിന്ന് ദൈവം തന്റെ ജനത്തെ കടാക്ഷിക്കയും ഈ സമാധാനപുരോഗതിയെ അദൃശ്യങ്ങളായ തന്റെ കരങ്ങളാൽ നയിക്കയുംചെയ്തു. രാജാക്കന്മാരും അധികാരികളും ക്രിസ്ത്യാനികളെ ബഹുമാനിക്കയും വിശ്വസിക്കയുംചെയ്തു. ഭരണ സംബന്ധമായ കാര്യാദികളിൽ ക്രിസ്ത്യാനികളെക്കൂടി നിയമിച്ച് വന്നിരുന്നു. ക്രിസ്തീയ പുരോഹിതന്മാരും മേലദ്ധ്യക്ഷന്മാരും ബഹുമാനത്തോടെ സ്വീകരിക്കപ്പെട്ടുവരികയും സാമ്രാജ്യവിസ്തൃതിയിൽ ക്രിസ്ത്യാനികൾക്കാവശ്യമുള്ള അനുകൂല്യങ്ങളെല്ലാം നല്കപ്പെടുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ ഈ ചുരുങ്ങിയ കാലംകൊണ്ട് വി. സഭ അസൂയാവഹമായവിധം അഭിവൃദ്ധിപ്പെട്ടുവന്നു. എന്നാൽ ഈ ശാന്തത ദീർഘിച്ചു നില്ക്കുന്നതിനിടയായില്ല.

എ.ഡി. 284 ആഗസ്റ്റ് മാസം 29-ാം തീയതി ദീയോക്ലീത്യാനോസ് രാജ്യഭാരം തുടങ്ങി. ഈ ദീയോക്ലീത്യാനോസ് തന്റെ ഭരണത്തിന്റെ ആരംഭകാലത്ത് ക്രിസ്ത്യാനികളേയും അവരുടെ മതാദ്ധ്യക്ഷന്മാരേയും വളരെ ബഹുമാനിക്കയും രാജകൊട്ടാരത്തിൽപോലും ക്രിസ്ത്യാനികളെ ഉദ്യോഗങ്ങളിൽ നിയമിക്കുകയും ചെയ്തിരുന്നു. കാര്യക്ഷമമായ ഭരണ നിർവഹണത്തെപ്രതി ഇദ്ദേഹം തന്റെ വിസ്തൃതമായ സാമ്രാജ്യത്തെ രണ്ടായി വിഭജിച്ചു. ഓരോ വിഭാഗങ്ങളും ഓരോ ചക്രവർത്തിമാരുടെ കീഴാക്കി. അവരുടെ സ്ഥാനപ്പേർ ഒഗസ്തൂസ് എന്നായിരുന്നു. ഭരണകാര്യങ്ങളിൽ ഇവർക്ക് സഹായത്തിനായി രണ്ടു സംസ്ഥാനങ്ങളിലും 'കൈസർ' എന്ന നാമത്തിൽ ഓരോരുത്തരെ നിയമിച്ചിരുന്നു. തന്റെ മകളുടെ ഭർത്താവായ "മക്സീമിയാനൂസ്ഹർക്കൽ"നെ 285-ൽ പശ്ചിമ സാമ്രാജ്യവിഭാഗത്തിലെ ഒഗസ്തോസ് ആക്കി നിയമിച്ചു. അദ്ദേഹത്തിന്റെ സഹായി ആയി "കുസ്തന്തീയോസ് ക്ലോറോസിനെ 292-ൽ കൈസറായി നിയമിച്ചു. എന്നാൽ 'ദിയോക്ലീത്തിയാനോസ് പൂർവ്വസാമ്രാജ്യത്തിലെ പൂർവ്വദിക്കുകളെ തന്റെ നേരിട്ടുള്ള ഭരണത്തിൽ വയ്ക്കുകയും തന്റെ സഹായത്തിനായി ഗാലേറിയോസ് കൈസറിനെ നിയമിക്കയുംചെയ്തു. സിർമ്യോം, മിലാൻ ഇവ പശ്ചിമ സാമ്രാജ്യത്തിലെ അധികാരികളുടേയും നീക്കോമിദിയ, ത്രിവാസ് ഇവ പൂർവ്വ സാമ്രാജ്യാധികാരികളുടേയും ഔദ്യോഗിക കേന്ദ്രസ്ഥാനങ്ങളായിരുന്നു. ദിയോക്ലീത്തിയാനോസ് നിക്കൊമിദിയായിൽ താമസിച്ചുവന്നു.[1]

ഇവരിൽ ഗാലേറിയോസ് കൈസർ ക്രിസ്ത്യൻ വിദ്വേഷമനഃസ്ഥിതിയുള്ളവനായിരുന്നു. തന്റെ അഭിലാഷസിദ്ധിക്ക് ദിയോക്ലിത്തിയാനോ

1 റോമാസാമ്രാജ്യത്തിന്റെ വിഭജനം ഇപ്രകാരമായിരുന്നു. ദീയോക്ലീത്തിയാനോസ്, തറാക്കിയാ, ഈജിപ്ത്, സിറിയാ, ഏഷ്യാമൈനർ എന്നിവയിന്മേലും, മക്സ്ലിമ്യാനോസ്, ഇറ്റലി, ആഫ്രിക്കാ, എന്നിവയിന്മേലും കയൂന്തിയോസ്, ബ്രിട്ടൻ, ഗോൾ, സ്പെയിൻ എന്നിവയിന്മേലും ആധിപത്യം ചെയ്തിരുന്നു.

സിനെ ക്രിസ്തീയ മതപീഡനത്തിലേക്ക് അവൻ ഉത്സാഹിപ്പിച്ചുകൊണ്ടിരുന്നു. ഈ സാഹസബുദ്ധിയെ പ്രോജ്വലിപ്പിക്കുന്നതിൽ സഹായിക്കുമാറ് 295-ൽ ദീയോക്ലീത്തിയാനോസിൽനിന്നും "എല്ലാ പടയാളികളും വിഗ്രഹങ്ങൾക്ക് ബലി സമർപ്പിക്കണമെന്നും അതിനു വഴിപ്പെടാത്തവരെ നിഷ്ഠുരമായി ദണ്ഡിപ്പിച്ചുകൊള്ളണമെന്നും" ശാസിക്കുന്നതായ ഒരു കല്പന സിദ്ധിച്ചു. പശ്ചിമരാജ്യവിഭാഗത്തിൽ മക്സിമ്യാനോസും 297-ൽ ഇതേവിധത്തിലുള്ള ഒരു ആജ്ഞ പുറപ്പെടുവിച്ചു. റോമാസാമ്രാജ്യത്തിലെ പശ്ചിമ ദിക്കിൽ ക്രിസ്തീയലോകത്തിൽ പരിലസിച്ചു കൊണ്ടിരുന്ന സമാധാന ഭാസ്ക്കരനെ അനുകമ്പാരഹിതരും ദുഃസ്വഭാവികളുമായ ഈ ഭരണകർത്താക്കളുടെ ഭരണകലുഷിതമായ മേഘം ആവരണം ചെയ്യുവാൻ തുടങ്ങി. അല്പകാലത്തെ പ്രഭയും പ്രഫുല്ലതയും ഇതോടെ അസ്തമിക്കുകയും ക്രിസ്തീയലോകത്തെ മാത്രമല്ല സർവ്വ വിശ്വാസികളേയും വിറകൊള്ളിക്കത്തക്കതും ഭയചകിതരാക്കുന്നതുമായ ദശമക്രൈസ്തവ മതപീഡനത്തിന്റെ ആരംഭം വീശിത്തുടങ്ങുകയുംചെയ്തു. കാലദൈർഘ്യതകൊണ്ടും പീഡാസ്വഭാവഭയങ്കരതകൊണ്ടും നിഹതരായ സാധുക്കളുടെ സംഖ്യാബാഹുല്യംകൊണ്ടും അതിനു മുമ്പും അതിനു പിമ്പും ഇതുപോലെ ഭയങ്കരമായ ഒരു ദുഃസ്ഥിതി ജാതീയവിദ്വേഷം നിമിത്തം ക്രിസ്തീയലോകം അനുഭവിച്ചിട്ടില്ലെന്ന് നിസ്സംശയം പറയാം. 303 മുതൽ ഈ പീഡ അത്യന്തം നിഷ്ഠുരമായിത്തീരുകയും അതേ രീതിയിൽ 313 വരെ ദീർഘിച്ചുനില്ക്കുകയും ചെയ്തു. 247-ൽ തന്റെ ആധിപത്യത്തിലുള്ള എല്ലാ പടയാളികളും വിഗ്രഹങ്ങളെ ആരാധിച്ചുകൊള്ളണമെന്ന് ആജ്ഞാപിച്ചുകൊണ്ടുള്ള കല്പന മക്സിമിയാനോസ് പരസ്യപ്പെടുത്തിയതായി പ്രസ്താവിച്ചുവല്ലോ. ഈ പടയാളികളിൽ ക്രിസ്തുവിശ്വാസികളായിരുന്നവർ രാജകീയ ബഹുമാനത്തേയും പദവിയേയും അല്ലാ, എന്നാൽ തങ്ങൾക്കുവേണ്ടി പീഡകൾ സഹിച്ച് മരിച്ചുയിർത്ത മ്ശിഹായുടെ സ്നേഹത്തേയും അതിൽനിന്നുള്ള ബഹുമാനത്തേയും അത്രെ ഏററവും കാര്യമായി ഗണിച്ചത്. ഈ വിശ്വാസ തീക്ഷ്ണത നിമിത്തം രാജശാസനത്തെ അനുസരിക്കുന്നതിന് ആ ക്രൈസ്തവ പടയാളികൾ തയ്യാറായില്ല എന്നു മാത്രമല്ല തൻനിമിത്തം സംഭവിക്കാവുന്ന രാജക്രോധവഹ്നിയിൽ ദഹിക്കുന്നതിന് സന്നിഹിതരായിത്തീരുകയും ചെയ്തു. തൻനിമിത്തം ഉണ്ടായ പീഡയിൽ അതിദാരുണമായ കഷ്ടതയ്ക്ക് പാത്രീഭവിച്ച അനേക പടയാളികളിൽ മോർ സർഗ്ഗീസ്, മോർ ബാക്കോസ് എന്നിവരുടെ പേരുകൾ സ്മരണാർഹങ്ങളാണ്. ഇവർ റോമാനഗരക്കാരായിരുന്നു. മോർ സർഗീസ് ഒരു പടയാളിയും മോർ ബാക്കോസ് ഉപസൈന്യാധിപന്മാരിൽ ഒരുത്തനുമായിരുന്നു. ഇവരെക്കൊണ്ട് ക്രിസ്തുവിശ്വാസത്തെ ഉപേക്ഷിപ്പിക്കുവാൻ മക്സിമ്യാനോസ് രാജാവ് അതീവം യത്നിച്ചുവെങ്കിലും യാതൊരു പ്രയോജനവും ഉണ്ടായില്ല. ആക്ഷേപങ്ങളും കഷ്ടതകളും ഒന്നുകൂടി ക്രിസ്തു

വിലേക്ക് അവരെ അടുപ്പിച്ചത് മാത്രമേയുള്ളു." പിന്നീട് അവരെ അപമാനിച്ചുകൊണ്ട് സ്ത്രീകളുടെ വസ്ത്രം ധരിപ്പിച്ച് റോമാപ്പട്ടണത്തിന് ചുററും നടത്തി. അനന്തരം കിഴക്ക് അന്ത്യാക്കോസ് ന്യായാധിപന്റെ അടുക്കൽ വിധിക്കപ്പെടുന്നതിനായി അയച്ചു. ബലശ്പട്ടണത്തിൽവച്ച് അവരെ ദണ്ഡനങ്ങൾ അനുഭവിപ്പിച്ചു. ആദ്യമായി കഠിനമായി ചമ്മട്ടികളാൽ അടിച്ച് വി. ബാക്കോസിനെ നിഗ്രഹിച്ചു. പിന്നീട് കൂർത്തുമുഴുത്തതും ചുട്ടുപഴുപ്പിച്ചിരുന്നതുമായ ഇരുമ്പാണികൾ തറച്ച് പാദുകങ്ങൾ സർഗീസിന്റെ പാദങ്ങളിൽ തിരിച്ചു കയറ്റി നാഴികദൂരം അദ്ദേഹത്തെ കുതിരക്കൂട്ടത്തോടൊപ്പം ഓടിക്കയും ഇതിന് സദൃശമായ വിവിധ നിഷ്ഠുര പീഡകൾ ഏല്പിക്കുകയുംചെയ്തു. വളരെ രക്തം അവനിൽനിന്ന് പ്രവഹിക്കുകയും മാലാഖയാൽ ധൈര്യം പ്രാപിക്കയും ചെയ്തു. ശോഭയിൽ കിരീടം ധരിച്ചിരുന്ന വി. ബാക്കോസ് രാത്രിയിൽ അവന് പ്രത്യക്ഷനായി അവനെ ധൈര്യപ്പെടുത്തി. യോഗ്യമായ ആ കിരീടം പ്രാപിക്കുന്നതിനായി വേഗം മരിക്കുന്നതിന് വിശുദ്ധനും കാംക്ഷിച്ചു. ഒടുവിൽ യുഫ്രട്ടീസ് നദീനികടപ്രദേശമായ റൂസാഫ നഗരത്തിൽ വച്ച് 297 തുലാമാസം 7-ാം തീയതി വധിക്കയുംചെയ്തു.

## അദ്ധ്യായം 18

# പത്താമത്തെ പീഡ

ഗാലേറിയാസിന്റെ ദ്രോഹബുദ്ധിക്ക് യാതൊരു കുറവും വന്നില്ല എന്നു മാത്രമല്ല അവന്റെ ഹൃദയം സാധുക്കളും ഭക്തരുമായ ക്രിസ്ത്യാനികളുടെ രക്തപാനത്തിനായി ദാഹിക്കുവാനും തുടങ്ങി. ദിയോക്ലിത്തിയാനോസിന്റെ സന്നിധിയിൽ അവനുണ്ടായിരുന്ന സ്വാധീനശക്തിയെ അവന്റെ ക്രൂര മനഃസ്ഥിതിക്കൊത്തവണ്ണം രാജശാസനങ്ങൾ സിദ്ധിക്കുന്നതിന് വിനിയോഗിക്കയും അവന്റെ നിരന്തര പ്രേരണയാൽ തന്റെ ആധിപത്യത്തിൻകീഴുള്ള സർവ്വസ്ഥലങ്ങളിലും ക്രിസ്തുവിശ്വാസികളെ ദണ്ഡിപ്പിക്കുന്നതിനും ധ്വംസിക്കുന്നതിനും ആജ്ഞാപിക്കുന്നതായ ഒരു കല്പന ദിയോക്ലിത്തിയാനോസ് തന്റെ രാജ്യഭരണത്തിന്റെ 19-ാം ആണ്ടായ 303-ൽ പുറപ്പെടുവിക്കയുംചെയ്തു. ഈ പ്രഥമ കല്പന പുറജാതികളുടെ "ടെർമിനാലിയ" ഉത്സവകാലമായ കുംഭം 23-ാം തിയതി ചൊവ്വാഴ്ചയാണ് പുറപ്പെടുവിച്ചത്. "ക്രിസ്ത്യാനികളുടെ പള്ളികൾ തകർക്കണം, അവരുടെ പുസ്തകങ്ങൾ തെരുവീഥികളിൽ ദഹിപ്പിക്കണം, ബഹുമാന്യരായവരെ അപമാനിതരാക്കണം" എന്നെല്ലാമായിരുന്നു ഒന്നാമത്തെ കല്പനയുടെ സാരം. നീക്കോമിദിയായിലെ രാജാവിന്റെ അരമനയിൽനിന്നും ആരംഭിച്ച് ആ ആണ്ട് പെസഹാ ദിവസമായ മേടമാസം 18-ാം തിയതിയോടു സമീപിച്ചപ്പോഴേക്ക് അന്ത്യോഖ്യാ, പാലസ്തീൻ എന്നീ സ്ഥലങ്ങൾവരെ പീഡ വ്യാപിച്ചു. കൈസറിയ സഭയിൽനിന്നും അന്ത്യോഖ്യായിലേക്ക് വന്നിരുന്ന റോമാനോസ് ശെമ്മാശൻ ആണ് ആദ്യമായി അന്ത്യോഖ്യായിൽവച്ച് വധിക്കപ്പെട്ടത്. ആ കാലത്ത് ഗാലേറിയോസ് കൈസർ അന്ത്യോഖ്യായിൽ ആയിരുന്നു പ്രാർത്ഥനാമന്ദിരങ്ങൾ, ആരാധനാസ്ഥലങ്ങൾ ആദിയായവ തകർക്കപ്പെട്ടു. ദൈവിക പുസ്തകങ്ങൾ തെരുവീഥികളിൽ ദഹിപ്പിക്കപ്പെട്ടു. പീഡയുടെ കാഠിന്യം നിമിത്തം സഭാദ്ധ്യക്ഷന്മാർ വിവിധ സ്ഥലങ്ങളിലായി ഓടിഒളിച്ചു. അവരിൽ പിടികിട്ടിയവരെ ഒക്കെയും അപമാനിച്ചു. ക്രിസ്തീയ ഉദ്യോഗസ്ഥന്മാരിൽ പലരും സത്യവിശ്വാസത്തെ ത്യജിക്കുന്നതിനേക്കാൾ തങ്ങളുടെ സ്ഥാനങ്ങളിൽനിന്നു തള്ളപ്പെടുന്നതിനെ കൂടുതൽ സന്തോഷത്തോടുകൂടി സ്വീകരിച്ചു. ഇതിനിടയ്ക്ക് അവിചാരിതമായി സംഭവിച്ച ഒരു അത്യാഹിതം ഈ മതപീഡനത്തിന്റെ

കാഠിന്യം വർദ്ധിപ്പിച്ചു. നിക്കോമിദിയായിലെ രാജകൊട്ടാരത്തിന് തീ പിടിച്ചു. ഈ അക്രമപ്രവൃത്തി ചെയ്തത് ക്രിസ്ത്യാനികളാണെന്ന് ചിലർ ദൂഷ്യം പറഞ്ഞുണ്ടാക്കി. എന്നാൽ ഇത് വാസ്തവമല്ലായിരുന്നു. എങ്കിലും ക്രുദ്ധനായ രാജാവ് ക്രൈസ്തവ പീഡ വർദ്ധിപ്പിച്ചു. ചിലരെ വാളുകൊണ്ടു വെട്ടിക്കൊന്നു. ചിലരെ അഗ്നിക്കിരയാക്കി. ക്രൈസ്തവ മേലദ്ധ്യക്ഷന്മാരേയും പുരോഹിതവൃന്ദങ്ങളേയും പീഡിപ്പിക്കുകയും ബന്ധനസ്ഥരാക്കുകയുംചെയ്തു. കേവലം അക്രമികളുടെ ദണ്ഡന സ്ഥലമായ കാരാഗൃഹങ്ങൾ ക്രിസ്തീയ പുരോഹിതന്മാരാൽ നിറയപ്പെട്ടു. സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇങ്ങനെ അനേകായിരം ക്രിസ്ത്യാനികൾ ബന്ധിതരായതിനാൽ കുറ്റക്കാരെ ബന്ധിക്കുവാൻപോലും സ്ഥലം ഇല്ലാതെയായി. ഇത് രണ്ടാമത്തെ കല്പന ആയിരുന്നു. വീണ്ടും മൂന്നാമത്തെ കല്പന പുറപ്പെടുവിച്ചു. ബന്ധിതരായി സൂക്ഷിക്കപ്പെട്ടിരുന്ന എപ്പിസ്കോപ്പന്മാരേയും കശീശന്മാരേയുംകുറിച്ച് അതിൽ വിവരിച്ചിരുന്നു. വിഗ്രഹങ്ങൾക്ക് ബലി അർപ്പിക്കുന്നപക്ഷം അവരെ ബന്ധനവിമുക്തരാക്കുന്നതിനും ഇഷ്ടമുള്ള സ്ഥലത്തേക്കു പോകുവാൻ അനുവദിക്കുന്നതിനും അല്ലാത്തപക്ഷം അവരുടെ പ്രതികൂല നിലയ്ക്ക് തക്കവണ്ണം നിഷ്ഠുരമായി ദണ്ഡിപ്പിക്കുന്നതിനും ആ കല്പന മുഖാന്തിരം രാജാവ് ശാസിച്ചിരുന്നു. ഇങ്ങനെ അനേകം സഭാമേലദ്ധ്യക്ഷന്മാരും പുരോഹിതന്മാരും വിവിധ പീഡകളും കഠിനതരങ്ങളായ ഞെരുക്കങ്ങളും അനുഭവിക്കാൻ ഇടയായി. ഇതേ തുടർന്നുതന്നെ 304-ൽ മറ്റൊരു കല്പനയും പുറപ്പെടുവിച്ചു. അതിൽ സർവ്വ ക്രിസ്ത്യാനികളും ദേവാരാധന നടത്തുവാൻ ആജ്ഞാപിച്ചിരുന്നു. ഇതുനിമിത്തം അനേകം പേർ സാക്ഷിമരണം പ്രാപിച്ചു. അനേകർ *മൗദ്യാന*ന്മാരായി ത്തീരുകയുംചെയ്തു. ചില സഭാദ്ധ്യക്ഷന്മാർ പീഡയുടെ ഭയങ്കരത നിമിത്തം ക്ഷീണിതരായിത്തീരുകയും പീഡയുടെ ആരംഭത്തിൽതന്നെ വിശ്വാസം ഉപേക്ഷിക്കുകയുംചെയ്തു. റോമിലെ എപ്പിസ്കൂപ്പായായിരുന്ന മർക്കല്ലിനോസ്, മ്ശിഹായെ ഉപേക്ഷിച്ച് വിഗ്രഹങ്ങൾക്ക് ബലി അർപ്പിക്കുകയും ദേവന്മാരെ പൂജിക്കുകയും ചെയ്തു. എന്നാൽ 'സിനൂസിയ' എന്ന സ്ഥലത്തുവച്ച് അക്കാലം കൂടപ്പെട്ട സുന്നഹദോസിൽ ഇദ്ദേഹം അനുതാപം പ്രത്യക്ഷപ്പെടുത്തുകയും അനന്തരം വിശ്വാസ തീക്ഷ്ണുതപൂണ്ട് സാക്ഷിമരണം വരിക്കുകയുംചെയ്തു.

കുസ്തന്തിയോസ് ക്ലോറോസിന്റെ ഭരണത്തിൻ കീഴിൽ ഫ്രാൻസ് ഒഴികെ, റോമാസാമ്രാജ്യം ഒട്ടാകെയുള്ള പ്രദേശങ്ങളിൽ വിവിധ രൂപങ്ങളിലുമായി ഈ മതഹിംസ അത്യന്തം നിശിതതരമായിക്കൊണ്ടിരുന്നു. തൻനിമിത്തം ക്രിസ്തുമതത്തിന്റെ ക്രമപ്രവർദ്ധമായ പുരോഗമനമാർഗ്ഗത്തിൽ ഇതൊരു സാമാന്യം ശക്തിയേറിയ ഇടർച്ചക്കല്ലായിത്തീർന്നു. കുസ്തന്തിയോസ് ക്ലോറോസ് ഹിംസാപരമായ യാതൊരു നടപടികളും ക്രിസ്ത്യാനികൾക്കെതിരായി സ്വീകരിച്ചില്ലെങ്കിലും ഇതര ഭരണകർത്താക്കൾ തങ്ങളുടെ ബുദ്ധിക്കും കഴിവിനും എത്തുപെടാ

വുന്നിടത്തോളം ഈ മതപീഡനത്തിൽ ആസക്തരായിത്തീർന്നിരുന്നു. സാധുക്കളായ ക്രിസ്ത്യാനികൾ ഈ ദശമപീഡയിൽ സഹിച്ച നരക സമാനങ്ങളായ കഷ്ടതകൾ പ്രസ്താവിപ്പാൻ അസാദ്ധ്യമാണ്. ചിലരെ തല കീഴായി കുരിശിച്ചു. ചിലർ ഇരുമ്പുചീപ്പുകളാൽ ചീകപ്പെട്ടു. ചില രുടെ മാംസം ശരീരത്തിൽനിന്ന് വാർന്നെടുത്തു. ചിലരെ വന്യജന്തു ക്കൾക്ക് ആഹാരമായി കൊടുത്തു. ചിലരെ സമുദ്രത്തിലും നദിയിലു മായി മുക്കിക്കൊന്നു. ചിലരെ ആടുകൾക്കു സമം ബലികഴിച്ചു. പട്ടിണി കിടത്തിയും, വെള്ളംപോലും ദാഹത്തിനു കൊടുക്കാതെയും കാരാ ഗൃഹത്തിലിട്ടു കൊന്നിട്ടുള്ളവരുടെ സംഖ്യയും കുറവല്ല. ഉഗ്രമായി അടിച്ചും ദണ്ഡിപ്പിച്ചും ചാകാതെ ചത്തിട്ടുള്ളവരും അഗ്നിയിൽ ദഹി പ്പിച്ചിട്ടുള്ളവരും അസംഖ്യമായിരുന്നു. കൂർത്തുമൂർത്ത ആണികൾ പഴു പ്പിച്ച് നഖങ്ങൾക്കിടയിലും ദേഹത്തിലും കുത്തിയിറക്കി അനേകരെ പീഡിപ്പിക്കുകയും കൊല്ലുകയുംചെയ്തു. ഉരുകിമറിയുന്നതായ ഈയ ത്തിൽ മുക്കിക്കൊന്നിട്ടുള്ളവരും ചുരുക്കമല്ല. ചിലരുടെ ശിരസ്സിൽ അഗ്നിയിട്ടു ദഹിപ്പിച്ചു. ചിലരെ ചുട്ടുപഴുപ്പിച്ച ആസനങ്ങളിൽ ഇരുത്തി. ചിലരുടെ ദേഹത്തിൽനിന്ന് മാംസം വാർന്നെടുത്ത് ആ സ്ഥലങ്ങളിൽ ഉപ്പ് തേച്ചു. ചിലരുടെ കണ്ണുകൾ ചൂഴ്ന്നെടുത്തു. ചിലരുടെ പല്ലുകൾ അടർത്തിക്കളഞ്ഞു. ചിലരുടെ നാക്കുകൾ ഛേദിച്ചുകളഞ്ഞു. ചിലരുടെ കൈകാലുകൾ വെട്ടി ചിലരെ പാത്രത്തിലിട്ടു വറുത്തു. ഇതുപോലെയും ഇതിൽ നീചമായ വിധത്തിലുമാണ് സ്ത്രീജനങ്ങളോടും പെരുമാറി യത്. നഗ്നരാക്കി തലകീഴായി കെട്ടിത്തൂക്കുക. ഗർഭിണികളായവരെ വെട്ടിപ്പിളർക്കുക. വൃക്ഷങ്ങളുടെ അകന്നുനില്ക്കുന്ന കൊമ്പുകൾ അടു പ്പിച്ച് ഓരോ കാൽ അവ ഓരോന്നിന്മേൽ കെട്ടിയിട്ടു അങ്ങനെ രണ്ടായി പിളർക്കുക, ചില സഹദേന്മാരുടെ വലതുകണ്ണ് ചൂഴ്ന്നെടുക്കുകയും ഇടതുകാൽ വെട്ടിക്കളയുകയും ചെയ്തു. ഓരോരുത്തരെയായി കൊല്ലു ന്നതിന് പ്രയാസമാകയാൽ ചില സന്ദർഭങ്ങളിൽ നഗരം ഒട്ടാകെ തീ വച്ച് ദഹിപ്പിക്കുക. (ഫ്രിജിയായിലെ ഒരു നഗരത്തിൽ ഒരുത്തൻപോലും മനസ്സു തിരിയാഞ്ഞതിനാൽ ആ സ്ഥലം ഒന്നടങ്കം ദഹിപ്പിച്ചുകളഞ്ഞു.) ജനങ്ങളെ കൂട്ടമായി വച്ചുകൊണ്ട് വെട്ടിക്കൊല്ലുക: ദിവസം പത്ത്, ഇരു പത്, മുപ്പത്, അറുപത്, നൂറ് ഈ കണക്കിന് വളരെ സംവത്സരങ്ങൾ ക്രിസ്ത്യാനികളെ കൊല്ലുകയായിരുന്നു. കിങ്കരന്മാർ മാറിമാറി നിന്ന് ഈ പ്രവൃത്തി തുടർച്ചയായി നടത്തിവന്നു. എങ്കിലും ഒടുവിൽ അവർ ക്ഷീണിക്കയും വാളുകളുടെ മൂർച്ച തേഞ്ഞ് വീണ്ടും അവകൊണ്ട് വെട്ടി യാൽ മുറിയാത്ത പ്രകാരമായിത്തീരുകയുംചെയ്തു. അതുവരെയും ഈവിധത്തിൽ പ്രവർത്തി തുടർന്നുവന്നിരുന്നതായി യൗസേബിയൂസ് പറയുന്നു. ഇതുപോലെയുള്ള ഭയങ്കരങ്ങളായ പീഡകളാലാണ് ഒരു വിധത്തിൽ അവിശ്വാസികൾപോലും ക്രിസ്ത്യാനികളുടെ സഹിഷ്ണു തയും ധൈര്യവും കണ്ട് ക്രിസ്തുവിലേക്ക് ആകർഷിതരായിത്തീരു വാൻ ഇടയായത്. ദിനംതോറും പുരുഷന്മാരും സ്ത്രീകളും കുട്ടികളും

ഉൾപ്പെടെ അനേകായിരങ്ങൾ പീഡയുടെ ഭയങ്കരതയെ ലേശമെങ്കിലും ഗണിക്കാതെ ക്രിസ്തീയ തീക്ഷ്ണുതയോടും ആനന്ദത്തോടുംകൂടെ ക്രിസ്തുവിൽ ഏററുപറഞ്ഞു. തങ്ങളുടെ അവസാന ശ്വാസംവരെയും ആശ്വാസകരങ്ങളായ ആത്മികഗാനങ്ങളാലും സ്തോത്രങ്ങളാലും ദൈവത്തെ മഹത്ത്വപ്പെടുത്തിയുംകൊണ്ട് മരിക്കാൻ സ്വയമേ തന്നേ സന്നദ്ധരായി ദണ്ഡനസ്ഥലങ്ങളിലും വധരംഗങ്ങളിലും ഔത്സുക്യത്തോടുകൂടി എത്തിക്കൊണ്ടിരുന്നു. ഇങ്ങനെ വധിക്കപ്പെട്ടവരിൽ പലരും സാമ്രാജ്യത്തിൽ പേരും പെരുമയും സിദ്ധിച്ചിട്ടുള്ളവരായിരുന്നു. രാജ്യഭരണവിഷയകമായി പ്രവർത്തിച്ചുവന്നവർ, ന്യായാധിപന്മാർ, നാടുവാഴികൾ, സമർത്ഥജ്ഞാനികൾ, തത്ത്വചിന്തകന്മാർ, വാചാലന്മാർ ആദിയായി വിവിധ സാമൂഹ്യശ്രേഷ്ഠ നിലകളിൽപ്പെട്ട വളരെപ്പേർ തങ്ങളുടെ സ്വത്തും സ്ഥാനമാനങ്ങളും സകലവും ത്യജിച്ച്, വർദ്ധിച്ചുവന്ന സ്നേഹത്തോടുകൂടെ ക്രിസ്തുവിനെ ഏററുപറഞ്ഞുകൊണ്ട്, കഷ്ടതകൾക്കും മരണത്തിനും സ്വയം സന്നദ്ധരായിത്തീർന്ന ചരിത്രം ആരേയും അത്ഭുതപ്പെടുത്തുന്നവയാണ്. ചുരുക്കിപ്പറഞ്ഞാൽ പരിശുദ്ധ സഹദേന്മാർ പ്രത്യേകിച്ച് ഈജിപ്തിലുള്ള ക്രിസ്ത്യാനികൾ അനുഭവിച്ച ദാരുണപീഡകളെക്കുറിച്ച് ആ കാലത്തു ജീവിച്ചിരുന്നവനും ഈ ദുഃസ്ഥിതികൾക്ക് ഒരു ദൃക്സാക്ഷിയും ആയ കേസറിയായിലെ യൗസേബിയോസ് അതിശയോക്തിലേശമെന്യേ സവിസ്തരമായി പ്രതിപാദിച്ചിട്ടുള്ള ആ ചരിത്രം വായിക്കുന്ന ആരായിരുന്നാലും; ദൈവം തന്റെ ഭക്താരാധകന്മാരെ പരാക്രമികളാക്കുകയും അവരുടെ ജയകരമായ സാക്ഷിമരണത്താൽ സർവ്വ ക്രിസ്ത്യാനികൾക്കും ഉത്തമ മാതൃകയായിത്തീരുവാൻ തക്കവണ്ണം അവർ പ്രാപ്ത രായിത്തീരുകയും ചെയ്തതായ സംഗതിയിൽ അത്ഭുതരാകുകയും കണ്ണുനീർ വാർക്കുകയും ചെയ്യാതിരിപ്പാൻ കഴിയുന്നതല്ല.

ഇതുപോലെയുള്ള പീഡകളുടെ പ്രയോക്താവായിരുന്ന ദിയോക്ലിത്തിയാനോസിനെ ദൈവം വെറുതെ വിട്ടില്ല. താൻ പ്രവർത്തിച്ച ദുഷ്പ്രവൃത്തിക്കൊത്തവണ്ണം ദുരന്തദുഃഖം അനുഭവിക്കത്തക്ക ഭയങ്കര രോഗം അവനു ബാധിച്ചു. അവന്റെ ഗുഹ്യസ്ഥാനം പഴുത്ത് വ്രണപ്പെടുകയും അത് പുഴു അരിച്ച് അവൻ നരകിക്കുകയും ചെയ്തു. തന്റെ കഠിനപ്രവർത്തിക്കു തക്കവണ്ണം ദൈവം തന്നെ ശിക്ഷിച്ചുവെന്ന് അവന് ബോദ്ധ്യമായി. തന്റെ പ്രവർത്തികളെക്കുറിച്ച് അതികഠിനമായി ദുഃഖിച്ചു. തന്റെ അവിവേകംമൂലം സംഭവിച്ചുപോയ തെററുകളെ പരിഹരിക്കുവാൻ തക്കവണ്ണം ക്രിസ്ത്യാനികളുടെ നേരേ അവന് അനുകമ്പ തോന്നി. ബന്ധിതരായവരെ വിമുക്തരാക്കുന്നതിനും നശിപ്പിക്കപ്പെട്ട പള്ളികൾ വീണ്ടും പണിയുന്നതിനും ക്രിസ്ത്യാനികൾ തങ്ങളുടെ മതാചാരപ്രകാരമുള്ള എല്ലാ അനുഷ്ഠാനങ്ങളേയും പരസ്യമായി നിർവ്വഹിപ്പാൻ അനുവദിച്ചുകൊണ്ടും വിളംബരം പ്രസിദ്ധമാക്കാൻ എല്ലാ നാടുവാഴികളുടെ പേർക്കും അധികാരികളുടെ പേർക്കും അവൻ

ആജ്ഞകൾ പുറപ്പെടുവിക്കുകയും തനിക്ക് സംഭവിച്ചിരിക്കുന്ന ദൈവ ശിക്ഷയിൽനിന്ന് വിമോചിതനായിതീരുന്നതിന് തന്റേമേൽ ദൈവാനുകൂല്യമുണ്ടാകുവാൻ ക്രിസ്ത്യാനികൾ തങ്ങളുടെ ദൈവത്തോട് പ്രാർത്ഥിക്കണമെന്ന് അവൻ അപേക്ഷിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ കല്പന അനുസരിച്ച് പ്രവർത്തിക്കുന്നതിന് കീഴുദ്യോഗസ്ഥന്മാർ മനസ്സുവച്ചില്ല. 305-ാമാണ്ട് അവൻ തന്റെ ഉദ്യോഗം രാജിവച്ചു. നിരന്തരമായ ദുരിതാനുഭവത്തോടും വ്യാകുലതയോടുംകൂടി 313-ൽ മരിച്ചു. ദൈവകോപം അവന്റെ കുടുംബത്തിന്മേൽ നിപതിച്ചു. അവന്റെ ഭാര്യയായ പ്രിസ്കായും മകളായ വാലേറിയായും ലിക്യാനോസ് രാജാവിനാൽ തെസ്സലോനിക്യയിൽവച്ച് കൊല്ലപ്പെടുകയും അവരുടെ ശവശരീരങ്ങൾ സമുദ്രത്തിൽ എറിയപ്പെടുകയുംചെയ്തു. ആ ആണ്ടിൽ തന്നെ പശ്ചിമഭാഗങ്ങളിലെ ഓഗസ്തോസായ മക്സിമീയാനോസ് ഹക്കൽ തന്റെ സ്ഥാനം രാജിവച്ചു. അനന്തരം അവൻ ഫ്രാൻസിലേക്ക് നാടുകടത്തപ്പെട്ടു. അവിടെവെച്ച് 311-ൽ ആത്മഹത്യചെയ്തു. പൂർവ്വ പ്രദേശങ്ങളിൽ ദീയോക്ലിത്തിയാനോസിനുശേഷം ഗാലേറിയോസ്, ഓഗസ്തോസ് സ്ഥാനത്തിൽ നിയമിതനായി. തന്റെ സഹോദരപുത്രനായ മക്സിമീയാനോസ്ദായ, കൈസർ ആയിത്തീർന്നു. ഇക്കാലത്തും ക്രിസ്ത്യൻമത പീഡ അനസ്യൂതം അവരുടെ അധീനത്തിൽപ്പെട്ട പൂർവ്വ ദിക്കിൽ തുടർന്നുവന്നു. എന്നാൽ 311-ൽ ഗാലേറിയാനോസ് കഠിനരോഗ ബാധിതനായി വളരെ വേദനയനുഭവിച്ച് പുഴുവരിച്ചു മരിച്ചു. അവന്റെ ഭാര്യയേയും മകനേയും ലിക്കിയാനോസ് രാജാവ് കൊന്നുകളഞ്ഞു. അവന്റെ മരണത്തിനു മുമ്പ് പീഡ നിർത്തുന്നതിന് കല്പന അയച്ചുവെങ്കിലും ആറു മാസങ്ങൾക്കുശേഷം പൂർവ്വേഷ്യാപ്രദേശങ്ങളിൽ വീണ്ടും മക്സീമിയാനോസ് പീഡ തുടർന്നുവന്നു. ഈ മക്സീമിയാനോസ് തനിക്ക് കേവലം ഇരുപത് വയസ്സുള്ളപ്പോൾ 305-ൽ രാജാവായിത്തീർന്നു. കത്തിക്കൊണ്ടിരുന്ന പീഡാവഹ്നിയിൽ കുറച്ചുകൂടി എണ്ണ അവൻ പകർന്നൊഴിച്ചതു മാത്രമല്ല പീഡയുടെ ഭയങ്കരതയെ അതിദാരുണമായവിധം വർദ്ധിപ്പിക്കുകയും ചെയ്തു. അവന്റെ പ്രീതി സമ്പാദിപ്പാൻ ഹിതാനുവർത്തികളായ പടയാളികൾ ആകുന്നത്ര ശ്രമിച്ചുവന്നു. സുന്ദരികളായ ക്രിസ്ത്യൻ വനിതകളെ ബലാല്ക്കാരമായി മാതാപിതാക്കന്മാരിൽനിന്നോ ഭർത്താക്കന്മാരിൽനിന്നോ വേർപെടുത്തി അവന്റെ അടുക്കൽ കൊണ്ടുവന്ന് അവർ കാഴ്ചയായി അർപ്പിച്ചു പോന്നു. അവരുടെ ഭീഷണികൾക്ക് വഴിപ്പെടാത്തവരെ നിർദയമായി ദണ്ഡിപ്പിക്കുകയും വധിക്കുകയും ചെയ്തുവന്നു. തങ്ങളുടെ വ്രതസംരക്ഷണത്തിനുവേണ്ടി അംഗനാരത്നങ്ങൾ അനുഭവിച്ച പീഡകൾ അവർണ്ണനീയങ്ങളത്രേ. ഈ ക്ലേശാവസ്ഥ അന്ത്യോഖ്യായിലാണ് ഏററം നിശിതമായി തീർന്നത്. ഇങ്ങനെ പള്ളികൾ, പള്ളിപ്രമാണികൾ, വിദ്വൽജനങ്ങൾ, പുരോഹിതപ്രജകൾ ആദിയായ അനേകം പേർ പീഡയനുഭവിച്ചു. ഇതുകൊണ്ടും മതിയാകാതെ അവന്റെ രാക്ഷസ

ബുദ്ധി കൂടുതൽ സാഹസക്രിയകൾക്ക് അവനെ ഉദ്യോഗിപ്പിച്ചു. ഈജിപ്ത് പ്രദേശങ്ങളിൽ അവൻ ചെന്ന് അലക്സന്ത്രിയായിലെ ക്രിസ്ത്യാനികളിൽ എട്ടുലക്ഷത്തി നാല്പതിനായിരം പേരെ വധിപ്പിച്ചു. രോദന ശബ്ദം കേൾക്കപ്പെടാത്ത യാതൊരു ഭവനവും അവിടെയില്ലായിരുന്നു. ഈ വിശ്വാസികളെയെല്ലാം വധിച്ചശേഷം ഒടുവിൽ അവരുടെ പാത്രിയർക്കീസായ പ. പത്രോസ് ഒന്നാമനേയും വധിച്ചു. ഈ ഭീകര സംഭവം മുതൽ കോപ്റ്റിക് വർഷം ആരംഭിക്കുന്നു.[1] ഇതിനെ സഹദേന്മാരുടെ വർഷം എന്ന് ഈഗുപ്തായക്കാർ വിളിക്കുന്നു. പീഡകരായ അവന്റെ മുൻഗാമികളുടെമേൽ നിപതിച്ച ദൈവകോപഖഡ്ഗം ഈ നിഷ്ഠുരന്റെ മേലും പതിച്ചു. 313-ൽ അവൻ കഠിനരോഗബാധിതനായിത്തീർന്നു. അതിനാൽ അനുഭവിക്കേണ്ടിവന്ന അസഹനീയമായ വേദന നിമിത്തം ആശാരഹിതനായി വിഷപാനത്താൽ ആത്മഹത്യ ചെയ്തു. ലിക്യാനോസ് രാജാവ് അവന്റെ ഭാര്യയെ ഓറന്തോസ് നദിയിൽ വലിച്ചെറിഞ്ഞു. അവന്റെ മകനേയും മകളേയും ഗളഹസ്തം ചെയ്ത് കുസ്തന്തിയോസ് ക്ലോറോസ് ഓഗസ്തോസ് സ്ഥാനത്ത് പ്രവേശിച്ചു. ഇറ്റലിയിലും ആഫ്രിക്കയിലും സേവേറോസ് കൈസറുമായിത്തീർന്നു. ഈ കുസ്തന്തിയോസ് ക്ലോറോസിന്റെ കാലത്ത് ഗോളിലും സ്പെയിനിലും പീഡ അശേഷമില്ലായിരുന്നു. ക്രിസ്ത്യാനികളുമായി വളരെ രമ്യമായി അദ്ദേഹം പെരുമാറിക്കൊണ്ടിരുന്നു. ഇറ്റലിയിലും ആഫ്രിക്കയിലും പീഡ തീരെ നിർമാർജ്ജനം ചെയ്യപ്പെടാതെ അല്പാല്പമായി തുടർന്നിരുന്നു. കുസ്തന്തിനോസ് ക്ലോറോസ് 306-ൽ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ മകൻ കുസ്തന്തിനോസ് രാജാവായി. ഇദ്ദേഹം ഒരു സമാധാനപ്രിയനായിരുന്നു. ഗോളിലും സ്പെയിനിലുമുള്ള ക്രിസ്ത്യാനികൾക്ക് ഇദ്ദേഹം ആരാധനാസ്വാതന്ത്ര്യം അനുവദിച്ചു. അതുപോലെ തന്നെ കുറെകഴിഞ്ഞ് ഇററലിയിലും ആഫ്രിക്കായിലും പീഡകൾക്ക് ശമനം വന്നു. തന്റെ അളിയനായ മക്സന്തിയോസിനെ 312-ൽ യുദ്ധം ചെയ്ത് ജയിച്ചു. ഈ യുദ്ധവിജയത്തിനു കാരണമായ അത്ഭുതസംഭവം ഇങ്ങനെയാണ്. തന്റേതിനേക്കാൾ നാലിരട്ടി സൈന്യബലമുണ്ടായിരുന്ന ശത്രുവായ മക്സന്തിയോസിനെ എതിർക്കുന്നതിന് തനിക്ക് ഭയമുണ്ടായിരുന്നെങ്കിലും ദർശനത്തിൽ ആകസ്മികമായി താൻ കണ്ട കുരിശടയാളം മുഖാന്തിരം അവന്റെമേൽ ജയം ലഭിക്കുന്നതിന് തനിക്ക് സാധിച്ചു. ഈ വിജയത്തോടെ മഹാനായ കുസ്തന്തീനോസ് രാജാവ് പശ്ചിമപ്രദേശങ്ങൾക്കെല്ലാം ഏകഛത്രാധിപതിയായിത്തീർന്നു. ഇദ്ദേഹവും പൂർവ്വപ്രദേശാധികാരിയായ, ലിക്യാനോസും ഒരുമിച്ച് സർവ്വ മതങ്ങൾക്കും ആരാധനാസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് വിളംബരം

1 ദിയോക്ലീത്ത്യാനോസിന്റെ ഭരണം തുടങ്ങി 19 വർഷം കഴിഞ്ഞപ്പോൾ എ.ഡി. 303-ൽ ഈ പീഡ തുടങ്ങി എങ്കിലും ഈഗുപ്തായ സഹദേന്മാരുടെ കണക്ക് ആരംഭിക്കുന്നത് അവന്റെ ഭരണകാലത്തിന്റെ ആരംഭവർഷം മുതലാണ്. അതായത് 284-ാമാണ്ട് ആഗസ്റ്റ്മാസം 29-ാം തിയതി ആകുന്നു.

പ്രസിദ്ധപ്പെടുത്തി. ഈ വിളംബരത്തെ തുടർന്ന് ഉടനെതന്നെ ക്രിസ്ത്യാനികൾക്ക് വളരെ ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ടുള്ള മറ്റൊരു വിളംബരവും 313-ൽ മിലാനിൽനിന്ന് പ്രസിദ്ധമാക്കി. ഈ വിളംബരം കിഴക്കിലെ ഓഗസ്തോസായിരുന്നു. മക്സിമീയാനോസ്ദായായെ കുസ്തന്തിനോസ് ജയിച്ച ഉടൻതന്നെ സാമ്രാജ്യമൊട്ടുക്കും പ്രവർത്തനഗതിയിൽ ആയിത്തീർന്നു.

ലിക്കിയാനോസ് പൂർവ്വ ദിക്കിലെ ഭരണകർത്താവായിരുന്നു. 314-ൽ കുസ്തന്തീനോസ് അവനേയും യുദ്ധത്തിൽ പരാജിതനാക്കി. മിലാനിൽനിന്നും താൻ പ്രസിദ്ധമാക്കിയ വിളംബരത്തിൽ യോജിച്ച് ഒപ്പുവയ്ക്കുന്നതിന് അദ്ദേഹം അവനെ നിർബ്ബന്ധിച്ചു. മനസ്സില്ലാമനസ്സോടെ രാജ്യതന്ത്രപരമായ അനുകൂലസിദ്ധിയെപ്രതി അവനതിൽ ഒപ്പുവച്ചുകൊടുത്തു. ഇതോടുകൂടി രാജ്യഭരണവിഷയത്തിൽ ഇവൻ കുസ്തന്തീനോസിന്റെ ഒരു സഹായി എന്ന നിലയിൽ വർത്തിച്ചുവന്നിരുന്നു. എങ്കിലും വർദ്ധിച്ചുവന്ന കുസ്തന്തീനോസിന്റെ യശസ്സും പ്രഭാവവും അവനെ കേവലം അസൂയാകലുഷിതനാക്കിത്തീർത്തു. കുസ്തന്തീനോസിന്റെ മഹത്ത്വത്തെ ശിഥിലമാക്കുന്നതിന് അവൻ ഉപായമന്വേഷിക്കുകയും അദ്ദേഹത്തിന് വിരോധമായി വിദ്വേഷിതരായിത്തീരുന്നതിന് ദുരാലോചന നടത്തി, പുറജാതിക്കാരുമായുള്ള കൂട്ടുകെട്ടുകൾ അവൻ ആരംഭിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് തന്റെ അധികാരപരിധിയിൽ പെട്ട രാജ്യങ്ങളിൽ ക്രിസ്ത്യൻ മതപീഡനം അവർ പുനരുജ്ജീവിപ്പിപ്പാൻ തുടങ്ങി. കൊട്ടാരം സംബന്ധിച്ച ഭരണകാര്യങ്ങളിൽനിന്ന് ക്രിസ്ത്യാനികളെ അകറ്റുവാനും ക്രൈസ്തവയോഗങ്ങളും മറ്റും കുറയ്ക്കുവാനും തുടങ്ങി. ക്രിസ്ത്യാനികളുടെമേൽ ഉചിതമല്ലാത്തതായ നടപടികൾ അവൻ സ്വീകരിച്ചു. ക്രൈസ്തവമതത്തിലേക്ക് പുരോഹിതന്മാർ, അന്യജാതിക്കാരെ ചേർക്കരുതെന്നും, അടുത്തുള്ള സഭകളുമായി അന്യോന്യസംസർഗ്ഗം ചെയ്യരുതെന്നും കൗൺസിലുകൾ കൂടരുതെന്നും, സ്ത്രീപുരുഷന്മാർ ഒരുമിച്ചു പ്രാർത്ഥനയ്ക്കും മറ്റും സംബന്ധിക്കരുതെന്നും ഗ്രാമപ്രദേശങ്ങളിലല്ലാതെ പട്ടണങ്ങളിൽ പള്ളികൾ പണിയരുതെന്നും മററുമായിരുന്നു അവൻ ക്രിസ്ത്യാനികളുടെമേൽ നല്കിയ നിരോധനം. അവന്റെ ഈ പെരുമാറ്റത്തെ എപ്പിസ്കോപ്പന്മാരും കശീശന്മാരും അൽമായക്കാരും പ്രതികൂലിപ്പാൻ തുടങ്ങിയപ്പോൾ അവന്റെ ഉപദ്രവങ്ങൾ അവൻ വർദ്ധിപ്പിക്കുകയും അവരിൽ വളരെ പേരെ പീഡിപ്പിക്കുകയും നാടുകടത്തുകയും ചിലരെ കൊല്ലുകയും ചെയ്തു. ക്രിസ്ത്യൻ ദൈവാലയങ്ങളിൽ ദിവ്യാരാധന നിർത്തലാക്കപ്പെടേണ്ടതിനു വളരെ പള്ളികൾ അവൻ അടപ്പിച്ചു. ക്രിസ്ത്യാനികളുടെ വസ്തുവകകൾ കണ്ടുകെട്ടുകയും ദേവന്മാർക്ക് ബലികഴിപ്പാൻ ക്രിസ്തീയ സൈന്യങ്ങളെയും നിർബ്ബന്ധിക്കയും ചെയ്തു. ഇങ്ങനെ സെബസ്തിയിലെ എപ്പിസ്കോപ്പായായ ബ്ലാസിയോസ് ആദിയായ ചില എപ്പിസ്കോപ്പന്മാരും സെബസ്തിയായിലെ നാല്പതു സഹദേന്മാരുൾപ്പെടെ

അനേക ക്രിസ്ത്യൻ ഭടന്മാരും കൊല്ലപ്പെടുകയും മറ്റു ചിലർ ഞെരുക്കങ്ങൾ സഹിച്ച് മൗദ്യാനന്മാർ ആയിത്തീരുകയും ചെയ്തു. ഇവന്റെ ഈദൃശങ്ങളായ കാഠിന്യപ്രവർത്തികളെല്ലാം കുസ്തന്തീനോസിന്റെ ക്ഷോഭത്തിന് കാരണമായിത്തീർന്നു. ലൂക്യാനോസിന് ഉപദേശപരമായി താൻ എഴുതിഅയച്ച എഴുത്തുകളെല്ലാം അവൻ നിന്ദയോടെ വീക്ഷിച്ചതിനാൽ അവനുമായി യുദ്ധം ചെയ്യുകയും 323 സെപ്തംബർ 28-ാം തിയതി ഹിദ്രിയാനോപോലീസിൽവച്ച് അവനെ പരാജിതനാക്കുകയും തെസ്സലോനിക്യയിലേക്ക് നാടുകടത്തുകയും ചെയ്തു. അവിടെ താമസിച്ചുവരവെ രഹസ്യമായി കുസ്തന്തീനോസിനെതിരായി കൂട്ടുകെട്ടുണ്ടാക്കുവാൻ അവൻ ശ്രമിച്ചതിനാൽ അവിടെവച്ചു കൊല്ലപ്പെട്ടു. ഇങ്ങനെ പ്രതികൂലഭരണകർത്താക്കന്മാരെല്ലാം ഒടുങ്ങി. റോമാസാമ്രാജ്യം മുഴുവനും മഹാനായ കുസ്തന്തിനോസ് രാജാവിന്റെ ഏകരാജാധിപത്യത്തിൻ കീഴ് വന്നുചേർന്നു.

ക്രിസ്ത്യാനികൾ അനുഭവിച്ച പീഡകളിൽ വച്ച് ഈ പത്താമത്തേത് അതിഭയങ്കരമായിരുന്നു. യൗസേബിയൂസ് രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം ഇതു ക്രിസ്ത്യാനികളുടെമേലുള്ള ഒരു ദൈവികശിക്ഷയായിരുന്നു. ക്രിസ്ത്യാനികളുടെ സംഖ്യ വർദ്ധിക്കുകയും അവരുടെ സാമൂഹ്യസ്ഥിതി ഉയരുകയും അവരുടെ പള്ളികളും സ്ഥാപനങ്ങളും മഹിമയോടും അലങ്കാരത്തോടുംകൂടി പണികഴിപ്പിക്കുകയും അവരുടെ ഐശ്വര്യം വർദ്ധിക്കുകയും രാജ്യത്തിലും രാജകൊട്ടാരങ്ങളിലും ന്യായാധിപമന്ദിരങ്ങളിലും പല ഉന്നത പദവികൾ അവർക്ക് ലഭിക്കയും ചെയ്തതോടുകൂടി ക്രിസ്തുവിന്റെ പരമശാസനങ്ങളെ അവർ മറക്കുവാൻ തുടങ്ങി. തുടർച്ചയായി അനുഭവിച്ചു വന്ന സമാധാനവും സ്വാതന്ത്ര്യവും ക്രിസ്ത്യാനികളുടെ സ്ഥിതി വ്യത്യാസപ്പെടുത്തുകയും പരസ്പര അസൂയാലുക്കളും ദൂഷണം പറയുന്നവരുമായിത്തീരുകയും രക്ഷകനോടുള്ള അവരുടെ വിശ്വാസവും സ്നേഹവും തണുത്തു തുടങ്ങുകയും ചെയ്തു. ഇതു മാത്രമല്ല വാക്ശരങ്ങളെക്കൊണ്ട് പരസ്പരം യുദ്ധം ചെയ്യുകയും മതാദ്ധ്യക്ഷന്മാർ അന്യോന്യം പോരാടുകയും ജനം ജനത്തിന് വിരോധമായി കലഹിക്കുകയും മുഖസ്തുതിയും വിദ്വേഷപരമായ ആക്ഷേപങ്ങളും വർദ്ധിച്ചുവരികയും ചെയ്തു. സഭാപാലകന്മാരെന്ന് നടിച്ചിരുന്നവർ ദൈവഭക്തിക്കടുത്ത ധാർമ്മികപ്രമാണങ്ങളെ തള്ളിക്കളയുകയും പരസ്പരമുള്ള വാഗ്വാദങ്ങളിൽ വൈരാഗ്യപ്പെടുകയും ദൂഷണം, പക, ഭീഷണി എന്നിവയിൽ വർത്തിക്കുകയും അഭിലാഷത്തോടുകൂടെ അധികാരത്തെ ആരാഞ്ഞുകൊണ്ടിരിക്കുകയും ചെയ്തു. തൻനിമിത്തം വിശ്വാസികളുടെ പരിശോധനയ്ക്കും ഉത്തമമായ പരിശീലനത്തിനും സൂക്ഷ്മതയ്ക്കുംവേണ്ടി നീതിമാനായ ദൈവം നീതിപൂർവകമായവിധം തന്നെ ഈ സന്ദർഭത്തെ വിനിയോഗിച്ചതായിരുന്നു എന്നു വിശ്വസിപ്പാനേ തരമുള്ളൂ.

അദ്ധ്യായം 19

# പത്താമത്തെ പീഡയിൽ സാക്ഷികളായവരെക്കുറിച്ച്

## 1) നിക്കോമിദ്യായിലെ അരമന ഉദ്യോഗസ്ഥന്മാരായ ദോറോത്തേവോസിന്റെ കുടുംബത്തിൽ നിന്നുള്ള രക്തസാക്ഷികൾ:

ഇവർ ഉയർന്ന നിലകളിൽ ജോലി ചെയ്തിരുന്ന സംപൂജ്യരും ക്രിസ്തുഭക്തരുമായ ഉദ്യോഗസ്ഥന്മാരായിരുന്നു. മതപീഡ തുടങ്ങിയപ്പോൾ പൂർവ്വാധികം വിശ്വാസത്തിൽ ശക്തിപ്പെടുകയും ഏതു ത്യാഗവും സഹിപ്പാൻ സന്നദ്ധരാവുകയും ചെയ്തു. ഇവരിൽ മോർ പത്രോസായിരുന്നു പ്രസിദ്ധ പുരുഷൻ. അദ്ദേഹം കൊട്ടാരം സർവാധികാര്യക്കാരനായിരുന്നു. നിക്കോമിദ്യായിൽവച്ച് ദീയോക്ലിത്തിയാനോസ്, ഗാലേറിയോസ് എന്നീ രാജാക്കന്മാരുടെ മുൻപാകെ അദ്ദേഹം ഭയങ്കരമായി പീഡിപ്പിക്കപ്പെട്ടു. അദ്ദേഹത്തിന്റെ വസ്ത്രം ഉരിഞ്ഞ്, തൂക്കിയിട്ട് നഖശിഖാന്തം അടിച്ചു. അടിയുടെ കാഠിന്യം നിമിത്തം അദ്ദേഹത്തിന്റെ മാംസമെല്ലാം ചതഞ്ഞ് ഊർന്നുപോയി. അസ്ഥിമാത്രം ശേഷിച്ചു. അനന്തരം ഉപ്പും വിന്നാഗിരിയും യോജിപ്പിച്ച് ദേഹത്തു പുരട്ടുകയും പാത്രത്തിലിട്ട് കുറേശ്ശെ കുറേശ്ശെയായി വറക്കുകയുംചെയ്തു. ഇങ്ങനെ ഉത്തമ സാക്ഷ്യം വഹിച്ച് തന്റെ ആത്മാവിനെ നാഥങ്കൽ ഭരമേല്പിച്ചു. മോർ ദോറോത്തേവോസ്, മോർ ജോർജോനീസ് എന്നിവരും ആ രാജകൊട്ടാരത്തിലെ മറ്റനേകം ക്രിസ്ത്യൻ ജോലിക്കാരോടൊന്നിച്ചു തന്നെ ഇതുപോലെയുള്ള കഷ്ടതകൾ സഹിച്ച് സാക്ഷിമരണം വരിച്ചു. (303)

## 2) മോർ ഗീവർഗീസ് സഹദാ

പാലസ്റ്റയിനിൽ ഗാസാ എന്ന പട്ടണത്തിൽ ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവ് പട്ടാളവകുപ്പിൽ ഒരു ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു. തന്റെ പിതാവിനെപ്പോലെതന്നെ മോർ ഗീവർഗീസ്സും ദിയോക്ലിത്തിയാനോസ്സിന്റെ ഭടനായകന്മാരിലൊരുത്തനായി. എന്നാൽ ദിയോക്ലിത്തിയാനോസ് പീഡ ആരംഭിച്ചപ്പോൾ ഇദ്ദേഹത്തിന്റെ മതഭക്തി പൂർവാധികം ശോഭയോടെ പ്രത്യക്ഷമായി. ഉത്തമ മനഃസാക്ഷിയോടുകൂടെ സാക്ഷ്യത്തിനടുത്ത പോരാട്ടത്തിലേക്ക് ഏററം സഹിഷ്ണുതയോടെ തന്നെത്തന്നെ ഒരുക്കുകയും രാജാക്കന്മാരുടെയും, ന്യായാധിപന്മാരുടെയും

ന്യായരഹിതമായ നടപടികളെ നിർഭയം കുറ്റപ്പെടുത്തുകയും അവരുടെ ഭീഷണികളെ അവഗണിക്കുകയുംചെയ്തു. തൻനിമിത്തം അദ്ദേഹം അനുഭവിക്കേണ്ടിവന്ന പീഡകൾ വർണ്ണനാതീതമാണ്. എങ്കിലും അവയ്ക്കൊന്നിനും ക്രിസ്തുവിലുള്ള തന്റെ നിശ്ചലവും നിർമ്മലവുമായ വിശ്വാസത്തെ വ്യതിചലിപ്പിക്കുന്നതിന് സാധിച്ചില്ല. തന്നെ പീഡിപ്പിക്കുന്നവരെ വിഭ്രമിപ്പിക്കത്തക്ക അത്ഭുതങ്ങൾ പീഡാവസരങ്ങളിൽ പോലും കർത്താവ് അദ്ദേഹത്തിന് നല്കിയ ശക്തിയാൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. രാജപത്നിയായ അലക്സന്ത്ര്യായും പുത്രിയായ വാലേറിയായും മറ്റനേകം അവിശ്വാസികളും തന്റെ സഹിഷ്ണുതയാലും അത്ഭുതപ്രവൃത്തികളാലും ക്രിസ്തുവിൽ വിശ്വസിക്കാൻ ഇടവന്നുവെന്നു പറയപ്പെടുന്നു. ഇങ്ങനെ അതിദാരുണങ്ങളായ പീഡകൾ സഹിച്ച് 303 മേട മാസം 23-ാം തിയതി വാളുകൊണ്ട് ശിരച്ഛേദം ചെയ്യപ്പെട്ട് സാക്ഷിമരണം പ്രാപിച്ചു. ആ നൂറ്റാണ്ടിൽതന്നെ ഈ വിശുദ്ധന്റെ നാമത്തിൽ അവിടവിടായി ചില സ്ഥലങ്ങളിൽ പ്രത്യേകിച്ച് തെസലൂനിക്യാ, നിക്കോമീദിയാ,[1] ലൂദിയാ എന്നീ സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിക്കപ്പെട്ടു.

---

1 'ഗിബ്ബൺ' *'റോമാസാമ്രാജ്യത്തി'ന്റെ അധഃപതനം, വീഴ്ചയും,* (The Decline and Fall of the Roman Empire) എന്ന പുസ്തകത്തിൽ ഈ മോർ ഗീവറുഗീസ് സഹദായേയും അലക്സന്ത്ര്യാപാത്രിയർക്കീസായ പരിശുദ്ധനായ മോർ അത്താനാസ്യോസിനേയും അറിയൂസുകാർ നാടുകടത്തി. പകരം ആ സിംഹാസനത്തിൽ നിയമിച്ച ക്രൂരനും അധാർമ്മികനുമായ ഗീവർഗീസിനെയും തമ്മിൽ വേർതിരിവു കൂടാതെ പ്രതിപാദിച്ചുകൊണ്ട് ഈ പരിശുദ്ധ മോർ ഗീവർഗീസിനെ അലക്സന്ത്ര്യായിലെ അറിയൂസുകാരൻ ഗീവർഗീസായി പ്രഖ്യാപിക്കുന്നു. ഇതുപോലെയുള്ള ഒരു പ്രമാദ പ്രസ്താവന ഇതുപോലെ ഒരു പ്രസിദ്ധ ചരിത്രകാരന് സംഭവിച്ചതിൽ അത്ഭുതപ്പെടണമെങ്കിലും കാൽവിൻ തുടങ്ങിയ നവീകരണപ്രസ്ഥാനക്കാരുടെ വിദ്വേഷവായു ശ്വസിച്ചതു നിമിത്തം പൂർവ്വിക സഭ വിശുദ്ധന്മാരേയും രക്തസാക്ഷികളെയും ഉള്ളറിഞ്ഞ് സ്നേഹിച്ച് ബഹുമാനിച്ച് വണങ്ങിവന്നിരുന്നതായ പതിവിനെ അവഹേളിപ്പാനുള്ള ആവേശമായിരിക്കണം ഈ സംഗതിയിൽ അദ്ദേഹത്തിന്റെ വിവേചനാബുദ്ധിയെ അന്ധമാക്കിത്തീർത്തത്. ആംഗ്ലേയ ചരിത്രകാരന്മാർതന്നെ സാക്ഷിക്കുന്നത് ഈ (ഗിബ്ബൺ) തന്റെ പുസ്തകത്തിൽ കൊടുത്തിട്ടുള്ള ഉദ്ധരണികൾ, അവ എത്രമാത്രം സൂക്ഷ്മമായി നിർവചിക്കപ്പെട്ടിട്ടുള്ളതാണെങ്കിലും അങ്ങനെയുള്ള രേഖകളുടെ ആഗമനങ്ങൾ പുരാതന ലിഖിതങ്ങളിൽനിന്നെടുത്ത് അവയുമായി ഒത്തുനോക്കുമ്പോൾ അവയിൽ മിക്കതും അവാസ്തവ ഉദ്ധരണികളായിരിക്കുന്നു എന്നു പറയുന്നു. I spent more than two years in verifying Giben's questions and his accuracy was so great that it was almost avice. 'Dr. Mommsen (Read St. George of Lydda, Page 10 by E.A. Wallies Budge London, 1930).

ഉറഹോയിലെ മോർ യാക്കൂബ് മോർ ഗീവർഗീസിനെക്കുറിച്ച് ഇങ്ങനെ പറയുന്നു: "മോർ ഗീവർഗീസ് സഹദായ്ക്ക് അറിയൂസ്കാരുടെ അഭിപ്രായം ഉണ്ടായിരുന്നുവെന്ന ചിലരുടെ മതം ശരിയല്ല. എന്തെന്നാൽ ഈ പഠിപ്പിക്കൽ ക്രിസ്ത്യാനികളുടെ പീഡകൾക്കു ശേഷമാണ് കാണപ്പെട്ടത്... തന്നെക്കുറിച്ചെഴുതിയ ചരിത്രത്തിൽ വ്യാജപ്രസ്താവനകളും സഹദേന്മാരെപ്പറ്റി പറയു

### 3) ബർബാർ ശുദ്ധിമതി

നിക്കോമീദിയായിലെ കുലീനവും പ്രഭോചിതവുമായ ഒരു പുറജാതി കുടുംബത്തിലെ ദീയസ്കോറോസ് എന്നവന്റെ പുത്രിയായിരുന്നു. ദൈവം ബാഹ്യമായി അവൾക്ക് നല്കിയ സൗന്ദര്യംപോലെതന്നെ അകമേയും സൗശീലഗുണങ്ങളാൽ സംസ്കൃതമായ ഒരു ഹൃദയം അവൾ നേടിയിരുന്നു. ഇവൾ ഒരു ക്രിസ്ത്യാനിയായിത്തീരുകയും തന്റെ കന്യകാത്വത്തെ വിശുദ്ധിയോടെ സൂക്ഷിക്കുകയും ചെയ്തുവന്നിരുന്നു. ഒരു പുറജാതിക്കാരനെക്കൊണ്ട് അവളെ വിവാഹം ചെയ്യിക്കുവാൻ പിതാവ് ആലോചന ചെയ്തു. അത് അവൾക്ക് മനസ്സായില്ല. ഇവൾ ക്രിസ്തുവിശ്വാസം സ്വീകരിച്ചിരിക്കുന്നുവെന്ന് അവൻ ഗ്രഹിച്ചപ്പോൾ പിതാവ് വാളെടുത്ത് അവളെ ഭയപ്പെടുത്തി നോക്കി. എന്നാൽ അവന്റെ ഭീഷണികൾക്കൊന്നും തന്നെ അവളുടെ അഭിപ്രായത്തിൽ നിന്നും അവളെ ഇളക്കുന്നതിനു കഴിഞ്ഞില്ല. അപ്പോൾ അവൾ പർവതത്തിലേക്ക് ഓടിപ്പോവുകയും അവളുടെ പിതാവ് തേടിപ്പുറപ്പെടുകയും ഒരു ഇടയൻ അവളെപ്പറ്റി അറിയിച്ചതിനാൽ കണ്ടുപിടിക്കുകയും ചെയ്തു. അനന്തരം അവളെ പിതാവ് ന്യായാധിപനായ മർക്കിയാനോസിന്റെ അടുക്കൽ കൊണ്ടുപോയി. അവളുടെ വിശ്വാസം ഉപേക്ഷിക്കുന്നതിനും അഭിപ്രായം അനുകൂലമാക്കുന്നതിനും അവനും ശ്രമിച്ചു. എന്നാൽ, അവളുടെ സുധീര മനഃസ്ഥിതിയെ ശിഥിലമാക്കുന്നതിന് അവർക്കു സാധിച്ചില്ല. അനന്തരം അവളെ ദാരുണമായ വിധത്തിൽ പീഡിപ്പിക്കുവാൻ തുടങ്ങി. തന്റെ പിതാവും അതിന് മനസ്സുവച്ചു. ഇരുമ്പു ചീപ്പുകൾകൊണ്ട് അവളുടെ കാലുകൾ ചീകി മാംസം വേർപെടുത്തി കാലുകൾ അഗ്നിയിൽ വേവിച്ചു. ഇരുമ്പു വടികൊണ്ടു അവളുടെ തലയിൽ അടിച്ച് അവളുടെ കുചങ്ങൾ ഛേദിച്ചു വസ്ത്രവിച്ഛേദനം ചെയ്ത് അവളെ തെരുവീഥിയിൽക്കൂടി വലിച്ചിഴച്ചു. നിരാശ്രയയായ അവളെ ദൈവികപ്രഭ ചുറ്റുകയും അവളുടെ നഗ്നതയെ മറയ്ക്കുകയും ചെയ്തു. ഇതുകൊണ്ടും മതിയാകാതെ നിർദയനായ അവളുടെ പിതാവ് അവളെ ശിരച്ഛേദം ചെയ്തു. (303 ധനു 4) അവളോടൊന്നിച്ചു തന്നെ അവളുടെ സഖിയായ യൂലിയാനായും ബർബാറായുടെ പീഡാനുഭവാവസരങ്ങളിൽ സംഭവിച്ച അത്ഭുതസംഭവങ്ങൾ കണ്ട് വിശ്വസിച്ച് ക്രിസ്ത്യാനിയായിത്തീരുകയും അവളെപ്പോലെതന്നെ സാക്ഷിമരണം സ്വീകരിക്കയും ചെയ്തു. എന്നാൽ പുത്രിയെ വധിച്ച് ദീയസ്കോറോസ് പട്ടണത്തിൽനിന്നു മടങ്ങി പോകുമ്പോൾ ദൈവം ഒരു മിന്നൽ പുറപ്പെടുവിച്ച് അവനെ നിഗ്രഹിച്ചു.

---

വാൻ യോഗ്യമല്ലാത്ത പൊളിവചനങ്ങളും നിറഞ്ഞിരിക്കുന്നു. അവരെ കിരീടം ധരിപ്പിച്ച മ്ശിഹാപോലും ഇപ്രകാരം അവർ ചെയ്യുവാനോ അവർക്കു സംഭവിക്കുവാനോ അവരെ കൈവിടുകയില്ല" (ബാർ എബ്രായയുടെ ഹൂദായ കാനോൻ 5-ാം അദ്ധ്യായം 3-ാം വാക്യം)

## 4) അത്ഭുതപ്രവർത്തകനായ മോർ മീനാ

ഇദ്ദേഹം ഈജിപ്തിൽ നിക്കിയോസ് പട്ടണത്തിൽ ജനിച്ച് അവിടുത്തെ ഭക്തജനങ്ങളിൽ ഒരുത്തനായിത്തീർന്ന് നല്ല ക്രിസ്തീയ പോർപൊരുതി ഫ്രിജിയായിൽ കോത്താഫിയ പട്ടണത്തിൽ വച്ചു 303-ൽ സാക്ഷിമരണം പ്രാപിക്കുകയും ചെയ്തു. അവന്റെ വിശ്വാസ തീക്ഷ്ണുതയ്ക്കും പോരാട്ടവിജയത്തിനും തക്കവണ്ണം ദൈവവും അവനെ ബഹുമാനിച്ചു. അവന്റെ സാക്ഷിമരണത്തിനുശേഷം അവന്റെ ശുദ്ധമദ്ധ്യസ്ഥയാൽ അനേക അത്ഭുതങ്ങൾ സംഭവിച്ചതായി അന്ത്യോഖ്യായുടെ മോർ സേവേറിയോസ് വലിയവൻ പറയുന്നു.

## 5) മോർ കുറിയാക്കോസ് സഹദാ

ഇക്കോനിയാ പട്ടണത്തിലെ രാജകുടുംബങ്ങളിൽ പെട്ടവളായിരുന്നു തന്റെ മാതാവ്. പിതാവ് അവിടത്തെ പ്രധാന സൈന്യാധിപന്മാരിൽ ഒരാളും ആയിരുന്നു. കുറിയാക്കോസിന് ഏകദേശം മൂന്നു വയസ്സു പ്രായമുള്ളപ്പോൾ പിതാവു മരിച്ചു. കുറിയാക്കോസ് അവന്റെ ഏകപുത്രനായിരുന്നു. പീഡ കഠിനമായിത്തീർന്നപ്പോൾ തന്റെ പുത്രന്റെ ജീവനെ ഏതുവിധത്തിലെങ്കിലും രക്ഷിക്കണമെന്നുവച്ച് "യൂലീത്തി തർസ്സോസ്സിലേക്ക്" ഓടിപ്പോയി. എന്നാൽ ശത്രുക്കൾ അവളെ കണ്ടുപിടിച്ചു. ന്യായാധിപനായ അലക്സാണ്ടറുടെ അടുക്കൽ കൊണ്ടുവന്ന് അവളെക്കൊണ്ടും അവളുടെ പൈതലിനെക്കൊണ്ടും ക്രിസ്തുവിനെ തള്ളിപ്പറയിക്കാൻ ന്യായാധിപൻ തീവ്രശ്രമം ചെയ്തു. എന്നാൽ അതെല്ലാം വിഫലമായിത്തീർന്നു. കേവലം മൂന്ന് വയസ്സു മാത്രം പ്രായമുണ്ടായിരുന്ന ആ പൈതൽ ദൈവിക ജ്ഞാനോക്തികളാൽ ന്യായാധിപന്റെ വാദമുഖങ്ങളെ ഖണ്ഡിക്കുകയും അവനെ ലജ്ജിപ്പിക്കുകയും ചെയ്‌വാൻ തക്കവണ്ണം സംസാരശക്തിയില്ലാതിരുന്ന ആ പ്രായത്തിൽ കർത്താവ് അവനെ ശക്തിപ്പെടുത്തി. തന്റെ മഹത്ത്വം അവരിൽനിന്ന് പ്രത്യക്ഷമാക്കി ആ ന്യായാധിപന്റെ മുമ്പാകെ നിഷേധിപ്പാൻ വഹിയാത്ത അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു. എന്നാൽ ഇവയൊന്നും ന്യായാധിപന്റെ ക്രൂരചിത്തത്തെ സ്പർശിക്കുന്നതിനിടയായില്ലെന്നു മാത്രമല്ല കേവലം മൂന്ന് വയസ്സുമാത്രമുള്ള ആ പൈതലിൽക്കൂടി ദൈവം പ്രവർത്തിച്ച അത്ഭുതങ്ങളാൽ അവൻ ലജ്ജിതനായിത്തീരുകയുംചെയ്തു. കുറിയാക്കോസിന്റെ വിശ്വാസത്തെ ഇളക്കുന്നതിനോ അവന്റെ ജ്ഞാനോക്തികൾക്കു സമാധാനം പറയുന്നതിനോ നിവൃത്തിയില്ലാതെ വന്നപ്പോൾ അവൻ കോപാന്ധനായി. കുറിയാക്കോസിനെ മുകളിൽനിന്നു താഴോട്ടു വലിച്ചെറിയുകയും അങ്ങനെ തല പൊട്ടി ആ പൈതൽ മരിക്കുകയുംചെയ്തു. അവന്റെ മാതാവായ വി. യൂലീത്തിയെ ചമ്മട്ടികൊണ്ടടിച്ചു. ഇരുമ്പുചീപ്പുകളാൽ ചീകി ശിരച്ഛേദം ചെയ്തു. (304 കർക്കിടകം 15)

### 6) മോർ അസ്സസൊയേൽ

ഇദ്ദേഹം ശ്മീശത്തു ദേശക്കാരനായിരുന്നു. തന്റെ ശരീരം കീറിമുറിക്കുന്നതിനും അസ്ഥികൾ തകർക്കുന്നതിനും കണ്ണുകൾ ചൂഴ്ന്നെടുക്കുന്നതിനും പല്ലുകളും കൈകാലുകളും തകർത്ത് അഗാധ കുഴിയിൽ തള്ളിയിടുന്നതിനും മക്സിമിയാനോസ് ആജ്ഞാപിച്ചു. ഈ നിരന്തര വേദനകളെല്ലാം താൻ സഹിച്ച് വിശ്വാസം കാക്കുകയും തന്റെ പീഡകന്മാരെ ലജ്ജിപ്പിക്കുകയും ചെയ്തു. സുറിയാനിസഭയിൽ ഈ സഹദാ ശ്രേഷ്ഠസ്മരണയ്ക്ക് അർഹനായിരിക്കുന്നു.

### 7) മോർ കുസുമ, മോർ ദൂമിയാൻ

ഇവർ അറബിദേശക്കാരും സമർത്ഥരും പ്രശസ്തരുമായ ഭിഷഗ്വരന്മാരും ആയിരുന്നു. തങ്ങളുടെ ധനവും ജ്ഞാനവും ദൈവപ്രസാദകരമായ വിധം മനുഷ്യപ്രയോജനത്തിലേക്ക് വിനിയോഗിച്ചിരുന്നു. കേവലം ക്രിസ്ത്യാനികൾ എന്നുള്ള ഒരു കാരണത്താൽ നാടുവാഴിയായ ലീസിയോസ് അവരെ പീഡിപ്പിച്ചു. എന്നാൽ അവന്റെ ഭീഷണികളെ വകവയ്ക്കാതിരുന്നതിനാൽ 306-ൽ ശിരച്ഛേദം ചെയ്യപ്പെട്ടു. ഇവരുടെ തിരുശേഷിപ്പുകൾ റോമിൽ സംസ്കരിക്കപ്പെട്ടിട്ടുണ്ട്. ആ നൂറ്റാണ്ടിൽതന്നെ (ആലപ്പൊ) പട്ടണത്തിൽ അവരുടെ നാമത്തിൽ ഒരു പള്ളി പണിയപ്പെട്ടു.

### 8) മോർ ഗൗറിയൊ, മോർ ശമൂനോ

ഇവർ ഉറഹായിൽനിന്നുള്ള വയോവൃദ്ധരായ സന്യാസികളായിരുന്നു. ഉറഹായിലെ ഭരണകർത്താവായ അന്തുനിയോസ് ഇവരെ അതിയായി പീഡിപ്പിച്ചു. ഉയരമുള്ള തൂണുകളിൽ കെട്ടിത്തൂക്കി ഭാരമുള്ള കല്ലുകൾ അവരുടെ കാലിന്മേൽ തൂക്കിയിട്ട് ഇങ്ങനെ അഞ്ചുമണിക്കൂർ നേരം ഈ ഭാരത്താൽ കീഴോട്ടു വലിക്കപ്പെട്ടുകൊണ്ട് അവർ സ്ഥിതിചെയ്തു. അനന്തരം ഇടുങ്ങിയ ബന്ധനസ്ഥലത്ത് അവരെ ആക്കുകയും അതിനുശേഷം 306 തുലാം 15-ാം തീയതി വാളുകൊണ്ടു വെട്ടിക്കൊല്ലുകയും ചെയ്തു. ഇവരുടെ ജീവചരിത്രം അക്കാലത്തുതന്നെ ഉറഹാ സ്വദേശിയും സുറിയാനിക്കാരനുമായ തെയോഫിലോസും സുറിയാനി ഭാഷയിൽ രചിച്ചിട്ടുണ്ട്.

### 9) ബലാജിയാ ശുദ്ധിമതി

ഇവൾ അന്ത്യോഖ്യായിലെ വിദ്യാലയങ്ങളിൽ മോർ ലുക്കിയാനോസ് സഹദായുടെ കീഴിൽ മതപഠനം നടത്തി. കേവലം പതിനഞ്ച് വയസ്സു പ്രായമുണ്ടായിരുന്നപ്പോൾ എല്ലാ സൗശീല്യാദിഗുണങ്ങളിലും ദൈവഭക്തിയിലും മികച്ചവളായിത്തീർന്നു. മോഹശമനത്തിനായി തന്റെ അടുക്കലേക്ക് ഇവളെ കൊണ്ടുവരുന്നതിന് മക്സിമിയാനോസ് ദായ പടയാളികളെ പറഞ്ഞയച്ചു. വീട്ടിൽ മറ്റാരും ഇല്ലാതിരുന്ന അവസരത്തിലാണ് പടയാളികൾ അവളെ സമീപിച്ചത്. തന്റെ വിശ്വാസഭംഗവും ചാരിത്രഭംഗവും വരുത്തി മറ്റുള്ളവരാൽ താൻ അപമാനിതയായിത്തീരുന്നതിൽ

നന്ന് ആത്മഹത്യ ചെയ്യുകയാണെന്ന് അവൾ തീരുമാനിച്ചു. വസ്ത്രം എടുക്കുന്നതിന് എന്നുള്ള വ്യാജേന ഭടന്മാരെ സമ്മതിപ്പിച്ചു. അവൾ മാളികയിലേക്കു കയറി അവിടെനിന്നും താഴോട്ടു ചാടി ആത്മഹത്യ ചെയ്തു.

### 10) ദോമീനിയ ശുദ്ധിമതി

അന്ത്യോഖ്യായിലെ ഒരു കുലീന കുടുംബത്തിൽ പെട്ടവളും സൗശീല്യാദിഗുണങ്ങളെക്കൊണ്ടും ഐശ്വര്യസമൃദ്ധികൊണ്ടും അനുഗൃഹീതയുമായിരുന്നു. അവൾക്ക് ബ്രേസ്ദോക്കിയാ എന്നും ബർനീക്കി എന്നും പേരുള്ള രണ്ടു പെൺമക്കളുണ്ടായിരുന്നു. കർത്താവിനോടുള്ള വിശ്വാസത്തിലും ഭക്തിയിലും ഇവർ വളർന്നുവന്നു. മക്സിമിയാനോസ് ഈ കുട്ടികളെക്കുറിച്ചു കേട്ടപ്പോൾ അവരെ പിടിച്ചുകൊണ്ടുവരുന്നതിന് ആളയച്ചു. ഈ വിവരം ഗ്രഹിച്ച് ഒളിവായി അന്ത്യോഖ്യായിൽനിന്നും ഉറഹായിലേക്ക് ഓടിപ്പോയി. പടയാളികൾ അവരെ തിരക്കിപ്പിടിച്ച് അവരെ രാജസന്നിധിയിലേക്ക് കൂട്ടിക്കൊണ്ടുവരികയായിരുന്നു. ചാരിത്രഭംഗം സംഭവിക്കുകയോ ക്രിസ്തുവേശുവിനെ ഉപേക്ഷിക്കുകയോ ചെയ്യുവാൻ ഇടയാകുന്നത് അപമാനകരമാകയാൽ ആത്മഹത്യ ചെയ്യാം എന്ന് അമ്മ മക്കളെ ധൈര്യപ്പെടുത്തി. ആ സ്ത്രീകൾ അതിനൊരുപായം ആരാഞ്ഞു നടക്കവെ യൂഫ്രട്ടീസ് നദീനികടത്തിൽ വന്നു ചേർന്നു. നദിയിൽ കുളിക്കുവാൻ തങ്ങൾ ആഗ്രഹിക്കുന്നതിനാൽ നദീതീരത്തിൽനിന്നും അല്പം ഒഴിഞ്ഞുമാറിനില്ക്കുന്നതിന് അവർ സൈന്യങ്ങളോട് അപേക്ഷിക്കുകയും അവർ അപ്രകാരം ചെയ്യുകയും ചെയ്തു. ഈ തരംനോക്കി അവർ മൂന്നുപേരും വെള്ളത്തിൽ ചാടി ആത്മഹത്യ ചെയ്യുകയും ചെയ്തു.

### 11) മോർ അബീബ്

ഉറഹോയ്ക്കടുത്ത് 'തൽസഹ' എന്ന ഗ്രാമത്തിൽനിന്നുള്ള ഒരു ശെമ്മാശനായിരുന്നു. സുവിശേഷം പ്രസംഗിച്ചുകൊണ്ട് ചുറ്റിസഞ്ചരിക്കവെ പീഡകന്മാർ പിടിച്ചു നിഷ്ഠുരമായ വിധത്തിൽ ഹിംസിക്കപ്പെട്ടു. ഇരുമ്പുകൊണ്ടുള്ള ഒരു ബന്ധനത്തിൽ ഇട്ട് ഞെരുക്കി കാരാഗൃഹത്തിൽ ബന്ധിച്ചു. അനന്തരം മാതളനാരകത്തിന്റെ വടികൊണ്ട് അടിച്ചു. മരത്തിൽ കെട്ടിത്തൂക്കി ഇരുമ്പുചീപ്പാൽ ശരീരം കീറി. അഗ്നിയിൽ ദഹിപ്പിച്ചു. ഈ സംഭവം എ.ഡി. 309 കന്നി 2-ാം തിയതി ആയിരുന്നു. മോർ ഗൗറിയെ മോർ സാമൂനോ എന്നിവരുടെ ജീവചരിത്രമെഴുതിയ തെയോഫിലോസ് തന്നെ, ഇദ്ദേഹത്തിന്റെയും ജീവചരിത്രം എഴുതിയിട്ടുണ്ട്.

### 12) അലക്സന്ത്രിയായിലെ പത്രോസ് ഒന്നാമൻ പാത്രിയർക്കീസ്

വന്ധ്യ ആയിരുന്ന ഇദ്ദേഹത്തിന്റെ മാതാവ് മോർ പത്രോസ് പൗലൂസ് ശ്ലീഹന്മാരുടെ പെരുനാൾ ദിവസത്തിൽ ആ വിശുദ്ധന്മാരോട് ഭക്തിയോടെ പ്രാർത്ഥിച്ചു. രാത്രി അവൾ ഒരു സ്വപ്നം കണ്ടു നിന്റെ യാചന

നിവൃത്തിയാകും എന്ന് അവൾക്ക് വെളിപ്പെടുത്തിക്കൊടുത്തു. ഈ പ്രാർത്ഥനാഫലമായ വി. പത്രോസിനെയാണ് തന്റെ മൂന്നാമത്തെ വയസ്സിൽ പാത്രിയർക്കീസായ 'താമൂനാ' മാമൂദീസാ മുക്കി അഞ്ചാമത്തെ വയസ്സിൽ പാത്രിയർക്കീസിന്റെ സ്വാധീനതയിലേക്ക് വിട്ടുകൊടുക്കപ്പെട്ടത്. വേദോപദേശങ്ങൾ പഠിച്ച് ആത്മിക നിഷ്ഠകൾ പരിശീലിച്ചു. പൗരോഹിത്യസ്ഥാനത്തു പ്രതിഷ്ഠിതനായി. ഇദ്ദേഹത്തിന്റെ കാലത്താണ് അറിയൂസ് വേദവിപരീതി പ്രത്യക്ഷനായത്. 300-ൽ അലക്സന്ത്ര്യായിലെ പാത്രിയർക്കീസ് ആയിത്തീർന്നു. ക്രിസ്ത്യൻ മത പീഡനം ആരംഭിച്ചപ്പോൾ തന്റെ ഇടവകയുടെ പ്രയോജനത്തിനായി ഒളിവിൽ താമസിച്ചുകൊണ്ട് വിശ്വാസികളെ ധൈര്യപ്പെടുത്തുന്നതായ അനേകം ലേഖനങ്ങൾ പ്രസിദ്ധമാക്കിക്കൊണ്ടിരുന്നു. അനന്തരം കുറച്ചു കാലത്തേക്ക് പീഡ നിർത്തലാക്കപ്പെട്ടതിനാൽ ഇദ്ദേഹം സിംഹാസനത്തിലേക്കു തിരിച്ചുവന്നു. അസിയൂത്തിലെ എപ്പിസ്കൂപ്പാ ആയ മാലാത്തിയോസ് അലക്സന്ത്ര്യ ഇടവകയിൽ കുഴപ്പം ഉണ്ടാക്കിയതിനാൽ അവനേയും വേദവിപരീതം നിമിത്തം അറിയൂസിനേയും അദ്ദേഹം മുടക്കി. എന്നാൽ കിഴക്കൻ പ്രദേശങ്ങളിൽ മക്സിമിയാനോസ് ദായ പീഡ തുടർന്നപ്പോൾ വി. പത്രോസ് ബന്ധിതനായി തങ്ങളുടെ മത പുരോഹിതശ്രേഷ്ഠനെ ഏതു വിധത്തിലും വിമോചിപ്പിക്കുന്നതിന് ജനം ശ്രമിക്കുന്നതായി അദ്ദേഹം അറിഞ്ഞു. രഹസ്യമായി അവർക്ക് പിടികൊടുക്കാത്തവിധം ആൾക്കൂട്ടമില്ലാത്ത ഒരു ഭാഗത്തുകൂടി കാരാഗൃഹത്തിന്റെ ഭിത്തി വെട്ടിപ്പൊളിച്ച് തന്നെ കൂട്ടിക്കൊണ്ടുപോകുന്നതിന് തന്റെ കാവൽക്കാരായ പടയാളികളോട് അദ്ദേഹം ഉപദേശിച്ചു. സൈന്യാധിപൻ ഇവന്റെ മനോധൈര്യത്തിൽ അത്ഭുതപ്പെട്ടു. അദ്ദേഹത്തിന്റെ കാലം സമീപിച്ചതായി അറിയൂസ് ഗ്രഹിച്ച് തന്റെ മുടക്കു തീർത്തുകൊടുക്കുന്നതിന് മറ്റു ചിലർ മുഖാന്തിരം അവൻ അദ്ദേഹത്തോടപേക്ഷിച്ചു. എന്നാൽ 'അർക്കീലാ' അലക്സന്ത്രോസ് എന്ന രണ്ടു കശീശന്മാരെ വിളിച്ചു. വി. പത്രോസ് അവരോട് ഇങ്ങനെ ഉണർത്തിച്ചു. നിങ്ങൾ എന്നെ തുടർന്ന് അടുത്തടുത്ത് സിംഹാസനാരൂഢരാകും. അറിയൂസിനെ നിങ്ങൾ സ്വീകരിക്കരുത്. ഞാൻ ഒരിക്കൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ പന്ത്രണ്ട് വയസ്സോളം വരുന്ന പ്രായത്തിൽ കർത്താവ് എന്റെ അടുക്കൽ നിൽക്കുന്നതായി ഞാൻ കണ്ടു. മഹത്വവും പ്രഭയും അണിഞ്ഞിരുന്നു. എന്നാൽ അവന്റെ വെണ്മയേറിയ വസ്ത്രം മുകൾ തൊട്ട് അടിവരെയും കീറപ്പെട്ടിരുന്നു. ഞാൻ ഇപ്രകാരം ചോദിച്ചു. കർത്താവേ! അങ്ങയുടെ പരിശുദ്ധ വസ്ത്രം കീറി വികീർണ്ണമാക്കിയത് ആരാണ്. അത് അറിയൂസാണെന്നും അവന്റെ മുടക്കുതീർത്ത് കൊടുക്കരുതെന്നും ഉത്തരം അരുളി. 311 വൃശ്ചികം 25-ാം തീയതി താൻ പ്രാർത്ഥിച്ചു കഴിയുന്നതുവരേയും പടയാളികൾ അവസരം കൊടുക്കയും അതിനുശേഷം അദ്ദേഹത്തെ വധിക്കയും ചെയ്തു. ഫൊസ്തോസ്, അമ്മോനിയോസ്, ദീയോസ് എന്നീ മൂന്ന് കശീശന്മാരും

അദ്ദേഹത്തോടൊന്നിച്ചു വധിക്കപ്പെട്ടു. ഈ മോർ പത്രോസ് ഈജിപ്തിൽ വധിക്കപ്പെട്ട സഹദേന്മാരിൽ അവസാനത്തവനെന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇദ്ദേഹം മഹാവലിയ പരിശുദ്ധനും പണ്ഡിതനുമായിരുന്നു. വൈദികപുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. അവയിൽ ചിലത് ഓറിജാനോസിന്റെ അഭിപ്രായങ്ങളെ ഖണ്ഡിക്കുന്നവയായിരുന്നു. പീഡനിമിത്തം മതത്യാഗം ചെയ്യുന്നവരുടെ അനുതാപം സ്വീകരിക്കുന്നത് സംബന്ധിച്ച് ചില കാനോനാകൾ ഇദ്ദേഹം ക്രമീകരിച്ചിട്ടുണ്ട്. തന്റെ ജീവിതകാലത്തും അതിനുശേഷവും അദ്ദേഹത്തിൽനിന്നും പല അത്ഭുതങ്ങളും സംഭവിച്ചിട്ടുണ്ട്.

## 13) ഹോംസിലെ എപ്പിസ്കൂപ്പാ ആയ സിൽവാനോസ്

മോർ സിൽവാനോസ് 275-ൽ ഹോംസിലെ എപ്പിസ്കൂപ്പാ ആയിത്തീർന്നു. 40 കൊല്ലക്കാലം വെടിപ്പോടും തീക്ഷ്ണുതയോടും കൂടി കർത്തൃശുശ്രൂഷ ചെയ്തു. പീഡകന്മാർ ഇദ്ദേഹത്തെ മറ്റു മൂന്നു പേരോടുകൂടി പിടിച്ച് ഹോംസിലെ രംഗസ്ഥലത്തുവച്ച് മൃഗങ്ങൾക്ക് ഇരയായി കൊടുത്തു (312).

## 14) നാല്പത് സഹദേന്മാർ

ലിക്കിയാനോസ് പീഡ തുടങ്ങിയപ്പോൾ വളരെ ക്രിസ്ത്യൻ പടയാളികൾ വധിക്കപ്പെട്ടു. ഈ നാല്പത് സഹദേന്മാർ ആ കൂട്ടത്തിലുൾപ്പെടുന്നു. ഇവർ സെബസ്തിയ നഗരത്തിലെ ജാതീയബലികളിൽ പങ്കെടുക്കാതിരുന്നതിനാൽ നിഷ്ഠുരമായ വിധം ദണ്ഡിപ്പിക്കപ്പെടുന്നതിനു ന്യായാധിപൻ ആജ്ഞാപിച്ചു. ദേഹത്തിൽ പല ഹേമ ദണ്ഡങ്ങൾ ഏല്പിച്ചു. ആ പ്രദേശത്തിൽ ഒരു ഭയങ്കര തണുപ്പുകാലത്ത് വെള്ളം മഞ്ഞുപോലെ ഉറച്ചുകിടക്കുകയും അതിശൈത്യമായ വടക്കൻ കാററ് ഊതിക്കൊണ്ടിരിക്കയും ചെയ്യവെ സെബസ്ത്യായിലെ ഒരു ജലാശയത്തിൽ കഴുത്തോളം ഇറക്കി നിറുത്തി. ഇതിന്റെ തീരത്ത് അഗ്നി കൂട്ടിയിരുന്നു. ഈ നാല്പതുപേരിൽ ഒരുവൻ ശീതദാർഢ്യതയെ സഹിപ്പാൻ മനസ്സാകാതെ വിശ്വാസം ത്യജിച്ച്, തീ കായുവാൻ ചെന്നു. എന്നാൽ അവൻ അഗ്നിക്കരികെ ചെന്ന ഉടനെതന്നെ മരിച്ചുപോകുവാൻ അത്രെ ഇടവന്നത്. ആ അഗ്നി ജ്വലിപ്പിച്ചുകൊണ്ടിരുന്ന ആൾ ഈ സഹദേന്മാരുടെ മനോധൈര്യത്തെ ദൂരെനിന്ന് നോക്കിക്കൊണ്ടിരിക്കയായിരുന്നു. മുകളിൽനിന്നും അവരുടെമേൽ ശോഭയേറിയ കിരീടങ്ങൾ ഇറങ്ങിവരുന്നതായി അവർ കണ്ടു. ഈ ഭാഗ്യകിരീടം പ്രാപിക്കാതെ വിശ്വാസം ത്യജിച്ച് ഒരുത്തൻ കരേറിപ്പോയപ്പോൾ ദൈവകൃപയാൽ അവൻ ആകർഷിതനായിത്തീരുകയും ക്രിസ്തുവിൽ വിശ്വസിച്ച് ആ ഇതര പടയാളികളെപ്പോലെ തണുപ്പ് സഹിച്ച് മരിക്കേണ്ടതിനും കിരീടം വരിക്കേണ്ടതിനും ധൈര്യപ്പെട്ട് ഇറങ്ങിച്ചെല്ലുകയും ഒഴിവുവന്ന സ്ഥാനത്ത് ആ സഹദേന്മാരോടൊന്നിച്ച് അവൻ ഇറങ്ങിനിൽക്കുകയുംചെയ്തു. അവന്റെ ശിരസ്സിലും മറ്റവരുടേതുപോലെ

തന്നെ ഒരു കിരീടം ആവസിച്ചു. തങ്ങളുടെ കൂട്ടത്തിൽനിന്ന് ഒരുത്തൻ പോയല്ലോ എന്ന് വിചാരിച്ച് ദുഃഖിച്ചുകൊണ്ടിരിക്കെ അവനു പകര മായി മറ്റൊരാളെ അയച്ചുകൊടുത്ത് അവരുടെ കൂട്ടത്തെ പൂർത്തിയാക്കി അവരെ സമാശ്വസിപ്പിച്ച ദൈവത്തെ അവർ സ്തോത്രം ചെയ്തു കൊണ്ട് തണുപ്പു സഹിച്ച് മരിച്ചു. പ്രഭാതമായപ്പോൾ ആ ശരീരങ്ങൾ ദഹിപ്പിപ്പാൻ കൊണ്ടുപോകുന്നതിനു വാഹനവുമായി ആളുകൾ ചെന്ന പ്പോൾ ആ നാല്പത്പേരിൽ ഒരുത്തന് അൽപം ജീവൻ ശേഷിച്ചി ട്ടുള്ളതായി കണ്ടതിനാൽ അവൻ പക്ഷേ, വിശ്വാസം ത്യജിച്ചേക്കാം എന്ന് ആശിച്ച് അവനെ അവിടെത്തന്നെ കിടത്തി. എന്നാൽ അവന്റെ മാതാവ് ആ സമയം അവിടെ നിന്നിരുന്നു. ഇവൾ അവന്റെ സഹോ ദരന്മാരേടൊരുമിച്ചുതന്നെ കിരീടം ലഭിക്കപ്പെടേണ്ടതിന് വണ്ടിയിൽ എടുത്തു കിടത്തി. ഇങ്ങനെ 316-ൽ ആ നാല്പതു പേരും അഗ്നിയിൽ ദഹിച്ചു.

ഈ മേൽപ്രസ്താവിക്കപ്പെട്ടിട്ടുള്ള ശിക്ഷകളെ കൂടാതെ ഇതു പോലെയും ഇതിലധികവും ആയ പല പീഡകൾ സഹിച്ച് സാക്ഷി മരണം പ്രാപിച്ച അനേകം വിശ്വാസികളുടെ ചരിത്രവും എഴുതപ്പെ ടേണ്ടതായിട്ടുണ്ടെങ്കിലും വിസ്താരഭയത്താൽ അവയെല്ലാം വിടുന്നു. ഈ എഴുതപ്പെട്ടിട്ടുള്ള ചരിത്രങ്ങൾ തന്നെ ഏററവും ചുരുക്കമായി മാത്രമേ പ്രതിപാദിച്ചിട്ടുള്ളു. ഇതര വിശ്വാസികൾക്ക് ഒരു ഉത്തമ മാ തൃകയായിത്തീരുന്നതിനു മാത്രമാണ് ഈ ചരിത്രങ്ങൾ ഇവിടെ എഴു തിയിട്ടുള്ളത്. ക്രിസ്തുവിനെപ്രതിയും തന്റെ സഭയെപ്രതിയും നിരവധി ക്ലേശങ്ങൾ സഹിച്ച് നല്ല സാക്ഷ്യത്താൽ ജയകിരീടം പ്രാപിച്ചിട്ടുള്ള ഈ വിശുദ്ധസഹദേന്മാരുടെ പ്രാർത്ഥന നമുക്കെന്നും കോട്ടയായിരി ക്കട്ടെ. ആമ്മീൻ.

അദ്ധ്യായം 20

# ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിലെ ക്രിസ്തീയ അഭ്യസനം

ക്രൈസ്തവ ചരിത്രത്തിൽ ഈ കാലം അവിസ്മരണീയമായ പ്രാധാന്യമർഹിക്കുന്നു. സഭാശിക്ഷണരീതി, വിശ്വാസികളുടെ അനുകരണീയവും ആസ്വാദ്യകരവുമായ ജീവിതക്രമം എന്നിവകൊണ്ടു സഭാചരിത്രസോപാനത്തിൽ ഏററവും ഉൽകൃഷ്ടവും ഔന്നത്യവുമായ ഒരു പദവി ഇക്കാലയളവിൽ വി. സഭ നേടിയിരുന്നു. പരമരക്ഷകനായ ക്രിസ്തുവിന്റെ വിശ്വവ്യാപകങ്ങളായ ദിവ്യസന്ദേശങ്ങൾ ശിരസാവഹിച്ച് പരമഭക്തിയോടുകൂടെ ഏത് ത്യാഗങ്ങൾക്കും ഒരുക്കുവാൻ തക്കവണ്ണമുള്ള മതസ്ഥൈര്യവും ധീരവ്രതത്വവും അവർക്കു ലഭിച്ചത് സഭാശിക്ഷണക്രമത്തിന്റെ വിശിഷ്ടതയിൽനിന്നാണെന്ന് നിസന്ദേഹം പറയാം. എന്തുകൊണ്ടെന്നാൽ, ശത്രുവായ സാത്താന്റെ കെണിയിൽ പെടാതെ മ്ശിഹായുടെ ഉത്തമ മണവാട്ടിയായിത്തീരുന്നതിനും ക്രിസ്തേതരരായവർക്ക് പ്രത്യേകിച്ചും അനുകരണീയമായ ഒരു മാതൃകയായിത്തീരുന്നതിനും വി. സഭ അതിന്റെ മക്കളെ എല്ലാ സുകൃതാഭ്യസനങ്ങളിലും നിഷ്ക്കർഷയായി പരിശീലിപ്പിച്ചുവന്നിരുന്നു. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ഇതിനുവേണ്ടിയുള്ള ക്രമീകരണനടപടികളെ സഭ ഔത്സുക്യത്തോടുകൂടി കൈക്കൊണ്ടുവന്നു. വി. ശ്ലീഹന്മാരുടെ ഉപദേശസംഹിതകളും ആചാര രീതികളും ശേഖരിച്ച് അവരുടെ പരിശുദ്ധ ഊടുവഴികളെ വിസ്തൃതമാക്കുവാൻ തുടങ്ങി. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ ശ്ലീഹന്മാരുടെ കാനോനാകളും ഉപദേശങ്ങളും ക്രോഡീകരിക്കുന്ന "ദിദസ്കാലിയ" എന്ന ഗ്രന്ഥം വിരചിതമായി. ഈ ശ്ലൈഹിക ശാസനകളുടെ പുരാതനത്വവും പരിശുദ്ധതയും ഗ്രഹിക്കുന്നതിന് അവയിൽ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നു. പ്രസ്തുതഗ്രന്ഥം മൂന്നാമദ്ധ്യായത്തിൽ സ്ത്രീകളെക്കുറിച്ചിങ്ങനെ പറയുന്നു: "സ്ത്രീയേ! നീ പോകുമ്പോൾ നിന്റെ ശിരസ്സും മുഖവും മൂടിയിരിക്കേണം. നിന്റെ ദൃഷ്ടി നിലത്തോട്ടുമായിരിക്കണം." പുരുഷന്മാരോടായിട്ട് "പുരുഷാ! അന്യസ്ത്രീ നിന്റെ വേഷം കണ്ട് ആകർഷിതയായിത്തീർത്തക്കവണ്ണം നീ അലംകൃതനാകരുത്." "നിന്റെ തലമുടി നീട്ടി വളർത്തരുത്. അത് (തലമുടി) വെട്ടാതെ സൂക്ഷിക്കരുത്. അതിനെ

ശുശ്രൂഷിക്കരുത്. എന്തെന്നാൽ പെട്ടെന്നു വശീകരിക്കപ്പെടുന്ന സ്ത്രീകളെ നീ ആകർഷിക്കാതിരിപ്പാനായിട്ടുതന്നെ." ഈ പ്രമാണങ്ങളിൽ സ്ത്രീപുരുഷന്മാരുടെ അടക്കമൊതുക്കത്തെക്കുറിച്ച് പ്രത്യക്ഷമാക്കിയിരിക്കുന്ന നിഷ്ക്കർഷതയേയും അതിന്റെ പരമപാവനതയേയും കുറിച്ച് വിസ്തരിക്കേണ്ടതാവശ്യമില്ല. ക്രമം തെറ്റിയ നടപടികൾ മായിച്ചുകളയുന്നതിനും പാപഭൂയിഷ്ഠമായ മാർഗ്ഗങ്ങളിൽനിന്ന് വിശ്വാസികളെ തടുക്കുന്ന ഈ പ്രമാണങ്ങൾ ശാസിച്ചിരിക്കുന്നു. ഇത്രത്തോളം നിഷ്കർഷയായി ഈ സംഗതികൾ പരിശീലിപ്പിച്ചുവന്നുവെങ്കിൽ പാപം ചെയ്തിട്ട് അനുതപിക്കുന്നവരുടെ മേൽ നിർദേശിച്ചിരുന്ന നിശിതനിയമങ്ങളെക്കുറിച്ച് എന്തു പറയട്ടെ? ദീർഘവത്സരങ്ങൾ, ചിലപ്പോൾ മരണംവരെപോലും കാണപ്പെടുവാനുള്ള നിരന്തര നോമ്പ്, തുടർച്ചയായ പ്രാർത്ഥന, എണ്ണമില്ലാത്ത കുമ്പിടീൽ എന്നിവ അങ്ങനെയുള്ളവരുടെ അനുതാപാചരണത്തിലേക്കായി ശാസിക്കപ്പെട്ടുവന്നിരുന്നു. ഇങ്ങനെയുള്ള അനുതാപികളിൽ ദീർഘകാലമായി അനുതാപശിക്ഷ അനുഭവിച്ചുവരുന്ന ഒരു കൂട്ടർ, അനുതാപശിക്ഷ അനുഭവിപ്പാൻ ആരംഭിച്ചിട്ടുള്ള ഒരു കൂട്ടർ എന്നിങ്ങനെ രണ്ട് വിഭാഗക്കാർ ഉണ്ടായിരുന്നു. ഇവർക്കു വി. കുർബ്ബാനയിൽ സംബന്ധിക്കുന്നതിനോ അതിനെ അനുഭവിക്കുന്നതിനോ തങ്ങളുടെമേൽ നിയമിച്ചിട്ടുള്ള അനുതാപകാലം തികയുന്നതുവരെയും അനുവാദമില്ലായിരുന്നു. സഭയുടെ ഇതുപോലെയുള്ള ശിക്ഷണസമ്പ്രദായങ്ങൾ ലോകം, ജഡം, പിശാച് എന്നീ ത്രിവിധശക്തികളോടെതിർത്ത് ദൈവഭക്തിയോടും സുകൃതാനുഷ്ഠാനങ്ങളോടുംകൂടെ ജീവിക്കുന്നതിന് വിശ്വാസികളെ സൂക്ഷ്മതപ്പെടുത്തുകയും പ്രേരിപ്പിക്കുകയും ചെയ്തു.

ക്രിസ്ത്യാനികളുടെ ഈ ദിവ്യജീവിതസമ്പ്രദായങ്ങൾ ഒരു വിധത്തിൽ അന്ധകാരാവസ്ഥയിൽ കിടന്നിരുന്നു. തങ്ങളുടെ ശത്രുക്കളുടെ ഹൃദയങ്ങളിലും ആശാവഹമായ ഒരു പരിവർത്തനകാന്തി പരോക്ഷമായി ഉല്പാദിപ്പിച്ചിരുന്നെന്നു മാത്രമല്ല തങ്ങളുടെ കേവലം അധഃസ്ഥിതമായ സമ്പ്രദായങ്ങളോട് ഒരു ഭീഷണിയുമായിരുന്നു. ക്രിസ്തുമതത്തിലെ ദൈവികനേതൃത്വവിലാസം മൂകമായ ഭാഷയിൽ ഇങ്ങനെ ഉദ്ഘോഷിതമായിക്കൊണ്ടിരുന്നു. വി. സഭയെ ആശ്ലേഷിച്ചുവന്നവരുടെ ആഭ്യന്തരവും ബാഹ്യവുമായ ജീവിതരീതിയിൽ പ്രത്യക്ഷമായിക്കൊണ്ടിരുന്ന ഗണനീയമായ വ്യത്യാസംതന്നെ ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. ഒരു പുറജാതി തത്ത്വചിന്തകനും ക്രിസ്തുമതവിദ്വേഷിയുമായിരുന്ന കെൽസോസിനെ ഖണ്ഡിച്ചുകൊണ്ട് മൂന്നാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധഘട്ടത്തിൽ ജീവിച്ചിരുന്ന പ്രസിദ്ധ വേദശാസ്ത്രജ്ഞനായ ഓറിജാനോസ് എഴുതിയ ഒരു പുസ്തകത്തിൽ ഇങ്ങനെ പറയുന്നു: "ഏവൻഗേല്യോന്യ സുവിശേഷ പ്രഭാഷണംമൂലം ജീവിതരീതികളിൽ സർവ്വപ്രധാനമായ ഒരു ഉൽകൃഷ്ട പരിവർത്തനം സംഭവിച്ചുകൊണ്ടിരിക്കുന്നു. ആരെങ്കിലുമൊരാൾ അസാന്മാർഗ്ഗിക നടപടികളിൽനിന്ന്

ഒരു നൂറ് ആത്മാക്കളെ സംസ്ക്കാരചിത്തരാക്കുന്നുവെന്നു വിചാരിക്കുക അങ്ങനെയെങ്കിൽ ആ മനുഷ്യനെക്കുറിച്ച് പ്രകൃത്യാതീതമായ ഒരു അമാനുഷ്യശക്തി ആ മനുഷ്യനിൽ പരിലസിക്കുന്നുണ്ടെന്നു പറയാതിരിപ്പാൻ സാധിക്കുന്നതല്ലല്ലോ? ഈ സത്യം സമ്മതിക്കാവുന്നതാണെങ്കിൽ മ്ശിഹൈകവിശ്വാസത്തിൽപെട്ടവരായി ഈ സാമ്രാജ്യത്തിലെങ്ങുമുള്ള അനേകായിരങ്ങളെക്കുറിച്ച് എന്തു പറയട്ടെ. ഈ ക്രിസ്തീയ ഉപദേശം ആശ്ലേഷിക്കുന്നതോടെ അവരിൽ എന്തെന്നില്ലാതെ ഒരു പരിവർത്തനം സംഭവിക്കുകയും, ഒരു ഉൽകൃഷ്ടജീവിതക്രമം ദൃശ്യമാകുകയുംചെയ്യുന്നു. ക്രിസ്ത്യാനികളുടെ ഈദൃശ നടപടികൾ, ശേഷം അക്രൈസ്തവനടപടിയിൽപെട്ടവരേക്കാൾ, അവരെ തുലോം ഉയർത്തി. ദൈവപ്രസാദത്തെ ലാക്കാക്കി ക്രിസ്ത്യാനി തന്റെ നിഷിദ്ധ നിരൂപണകളെ നിരന്തരം ഉപേക്ഷിച്ചുവന്നു. എന്നാലോ ജാതികൾ ഹീനകരങ്ങളായ തങ്ങളുടെ നടപടികളിൽതന്നെ പുരണ്ടുകിടക്കുന്നു. അതേസമയം, തത്സംബന്ധമായി യാതൊരു ലജ്ജാചിന്തയും അവരിൽ ഉളവാകുന്നുമില്ല. നാശകരമായ ഈ അഗാധകുഴിയിൽ തങ്ങൾ നിപതിതരായിരിക്കെതന്നെ തങ്ങൾ സുകൃതന്മാരും ഉത്തമന്മാരുമാകുന്നുവെന്ന് അവർ ശഠിക്കുകയുംചെയ്യുന്നു. ക്രിസ്തീയ ഉപദേശം അല്പമായിട്ടെങ്കിലും സിദ്ധിച്ചിട്ടുള്ള വിശ്വാസികളിൽ ഏററവും ചെറിയവൻപോലും ജാതീയതത്ത്വചിന്തകരിലും, കന്യകകളിലും, പുരോഹിതന്മാരിലും ഏററം സംസ്ക്കാരസമ്പന്നരെന്ന് അഭിമാനിച്ചുവന്നിരുന്നവരേക്കാൾ സുകൃതാഭ്യസനങ്ങളിലും, സൗശീല്യാദിഗുണങ്ങളിലും സംപൂജ്യമായവിധം മുന്നോട്ടു നില്ക്കുന്നു. ഞങ്ങളുടെ ഇടയിൽ ഇങ്ങനെയുള്ള അസാന്മാർഗ്ഗിക സംസർഗ്ഗങ്ങളിൽ പുരണ്ടുകിടക്കുന്ന ആരും തന്നെയില്ല. അഥവാ ചിലർ ഏതെങ്കിലും ഹീനപാപങ്ങളിൽ ഉൾപ്പെട്ടുപോയാൽ അവരെ സഭാസംഘടനയിൽനിന്ന് ബഹിഷ്ക്കരിക്കുന്നു. അവരോ തങ്ങളെക്കുറിച്ച് ദേവപ്രസാദത്തിൽനിന്നകന്ന് കേവലം മരിച്ചിരിക്കുന്നവരെപ്പോലെ വിചാരിച്ച് തങ്ങളുടെ പതനത്തെക്കുറിച്ചു കഠിനമായി പരിതപിക്കുന്നു. അനുതാപത്തോടെ അവർ തിരിച്ചുവരുമ്പോൾ അനുതാപത്തിന്റെ കാനോനാകൾക്ക് അവർ വിധേയരാകുന്നു. അവരുടെ മേലുണ്ടാകുന്ന ഈ ശിക്ഷണനടപടികൾ, മാമോദീസാ സ്വീകരിപ്പാൻ ഒരുക്കപ്പെട്ടുവന്നിരുന്നവരുടെ പരിശോധനയ്ക്കും പരിശീലനത്തിനുംവേണ്ടി നിർദേശിതങ്ങളാകുന്ന കാനോനാകളേക്കാൾ എത്രയും നിശിതവും നിഷ്ക്കർഷാപരവുമാകുന്നു. സഭയിലുള്ള ഏതെങ്കിലും ആത്മികശുശ്രൂഷകളിൽ സംബന്ധിക്കുന്നതിന് ഇക്കാലങ്ങളിൽ അവർക്ക് അനുവാദമില്ല."

നാം കണ്ടവിധം ക്രിസ്ത്യാനികളുടെമേൽ അക്രൈസ്തവരും അവരിൽപെട്ട തത്ത്വചിന്തകരും ആരോപിച്ചുവന്നിരുന്ന ശകാരദൂഷണങ്ങളെ തടുക്കുന്നതിനും അനേകരെ ക്രിസ്തുവിലേക്ക് അനുസ്യൂതം ആകർഷിക്കുന്നതിനും ക്രിസ്തുമതവിദ്വേഷികളായ രാജാക്കന്മാരേയും

അവരുടെ നിഷ്ഠുരമായ പീഡനങ്ങളേയും മായിച്ചുകളയുന്നതിനും ഈ ആദിമ ക്രിസ്ത്യാനികളുടെ സമുൽകൃഷ്ടമായ ജീവിതരീതി പിതാക്കന്മാർക്കു സുശക്തമായ ഒരായുധമായിത്തീർന്നു. യൗസേബിയോസ് പറയുന്നു: "യഥാർത്ഥ ആത്മീയസ്വാതന്ത്ര്യം, നൈർമ്മല്യം പരിപാവനത എന്നാദിയായ ഉൽകൃഷ്ട പ്രകൃതികളിൽ സംസ്ക്കാരികളായ ഗ്രേക്കരുടേയോ, അസംസ്കൃതന്മാരായ ബർബരന്മാരുടേയോ ഇടയിൽ എന്നല്ല ഭൂവെങ്ങും സമുൽകൃഷത്തെ പ്രാപിച്ചുവരുന്ന ഏക സംഘടന വി.സഭ മാത്രമാണ്. സഭാസത്യത്തിന്റെ തേജസ്സ്, ഊനമെന്യേ ഉത്തരോത്തരം ഉൽഗതി പ്രാപിക്കുന്നു. ക്രിസ്ത്യാനി വർഗ്ഗത്തിന്മേൽ ചൊരിയപ്പെട്ടുവന്നിരുന്ന ദൂഷണങ്ങൾ ക്രമേണ മാഞ്ഞുകൊണ്ടിരുന്നു. ഞങ്ങളുടെ മതോപദേശം ഭൂവെങ്ങും സുപ്രധാനമായ ധാർമ്മികശാസ്ത്രമായിത്തീർന്നിരിക്കുന്നു. മാത്രമല്ല, ഈ സിദ്ധാന്തത്തെക്കുറിച്ച് സകല നാവുകളും പ്രശംസാപൂർവ്വം ഏററുപറഞ്ഞുകൊണ്ട് ദൈവികജ്ഞാനത്തിന്റെ ഉൽകൃഷ്ടതകൊണ്ടും പരിശുദ്ധികൊണ്ടും അതിലെ ശാസനങ്ങൾ സമ്പൂർണ്ണമായിരിക്കുന്നുവെന്ന് സമ്മതിക്കുകയുംചെയ്യുന്നു. ഞങ്ങളെയോ ഞങ്ങളുടെ വിശ്വാസത്തേയോ ക്ഷതപ്പെടുത്തുന്ന ഏതെങ്കിലും ദോഷാരോപണങ്ങൾ ചെയ്യുന്നതിന് ആരും തുനിയുന്നതുമല്ല." പുറജാതികളിൽപ്പെട്ട തത്ത്വചിന്തകന്മാരും ന്യായാധിപന്മാരും അധികാരികളും ക്രിസ്ത്യാനികളുടെ നൈർമ്മല്യനടപടികളെക്കുറിച്ച് ഇതുപോലെയുള്ള പ്രസ്താവനകൾ ചെയ്തിട്ടുള്ളതായി നാം ഇതിനു മുമ്പു വായിച്ചുവല്ലോ? "വ്യഭിചാരം, കൊലപാതകം, ചാരവൃത്തി, അധമപ്രവൃത്തികൾ ആദിയായവയിൽനിന്ന് ക്രിസ്ത്യാനികൾ അകന്നവരായിരുന്നു. നോമ്പ് വ്രതങ്ങളിലും സൗശീല്യാദി നിഷ്ഠകളിലും നിർമ്മലതയോടെ അവർ ജീവിക്കുന്നു" എന്നിങ്ങനെ ആ ജാതീയ അധികാരികൾ മുക്തകണ്ഠം ക്രിസ്ത്യാനികളെ ശ്ലാഘിച്ചിരുന്നു. പ. പുസ്തകവും സഭാചരിത്രവും നമ്മെ കാണിക്കുന്നത്, വി. ശ്ലീഹന്മാരും അവരുടെ ശിഷ്യന്മാരും സുധീരഹൃദയത്തോടും സുനിശ്ചിത പാദങ്ങളോടുംകൂടെ അടുത്തും അകലെയുമുള്ള എല്ലാ മനുഷ്യജാലങ്ങളോടും സുവിശേഷ വാർത്ത ഘോഷിച്ചുകൊണ്ട് ചുറ്റി സഞ്ചരിച്ചിരുന്നുവെന്നാണ്. ഈ മാതൃകയെ അവരുടെ പിൻഗാമികളും ദൈവിക തീക്ഷ്ണതയോടും ഉണർവ്വോടും വചനവർദ്ധനവിനായി ഉത്സാഹിച്ചുവന്നു. തൻനിമിത്തം ലോകമെങ്ങും സുവിശേഷസത്യത്തിനു പ്രചാരവും പ്രസിദ്ധിയും ബഹുമാനവും സിദ്ധിച്ചുവെന്നു മാത്രമല്ല സത്യമതം സർവ്വരാലും സ്വീകാര്യമായിക്കൊണ്ടിരിക്കുകയുംചെയ്തു. മൂന്നാം നൂറ്റാണ്ടിനകം അനേകപ്രദേശങ്ങളിൽ പ്രത്യേകിച്ച് മിക്കവാറും റോമാസാമ്രാജ്യമൊട്ടാകെയും കർത്തൃസുവിശേഷം പ്രചരിച്ചിരുന്നു. പാലസ്റ്റൈൻ, സിറിയ, ഏഷ്യാമൈനർ, ഗ്രീസ്, ഈജിപ്ത്, ആഫ്രിക്ക, പാർത്യാ, മേദ്യ, ഏലാമ്യ, മെസൊപൊട്ടോമിയ, പേർഷ്യാ, അറേബ്യ, ശേബ, യമൻ, ഹൊക്സോസ് നദീതടപ്രദേശങ്ങൾ, കരിങ്കടൽപ്രദേശങ്ങൾ, ഇൻഡ്യാ സമുദ്രത്തിലെ സുകുത്രാ

ദ്വീപ്, വടക്കേ ഇൻഡ്യാ, മലബാർ, എത്യോപ്യായിലെ പ്രദേശങ്ങൾ, ബ്രിട്ടൻ, ജർമ്മനി, സിക്കീത്ത്യ, ഇറ്റലി, ഫ്രാൻസ്, സ്പെയിൻ, ചൈന, അർമ്മേനിയ, തെക്കേറഷ്യയിൽ ക്രീ പ്രദേശങ്ങൾ എന്നീ സ്ഥലങ്ങളിലായി ഭൂവെങ്ങും പട്ടണങ്ങളിലായിട്ടും ഗ്രാമങ്ങളിലായിട്ടും ദ്വീപുകളിലായിട്ടും സുവിശേഷസത്യം പ്രചരിച്ചിരുന്നു. ദരിദ്രന്മാരുടെയിടയിൽ മാത്രമല്ല, അധികാരശക്തിയുള്ള രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും അരമനകളിലും ന്യായാധിപന്മാർ ആദിയായ ഉദ്യോഗസ്ഥന്മാരുടെ ഭവനങ്ങളിലും ക്രിസ്തുവിന്റെ സുവിശേഷത്തിനു പ്രവേശനം സിദ്ധിച്ചിരുന്നു. എ.ഡി. 95-ൽ സാക്ഷിമരണം പ്രാപിച്ച വെസ്പേസിയൻ രാജാവിന്റെ സഹോദരപുത്രനായ പ്ലവ്യോസ് ക്ലീമ്മീസ്, അദ്ദേഹത്തിന്റെ സഹോദരീപുത്രിയായ പ്ലവ്യദോമേത്തില്ല. സംപൂജ്യനും അഥേനയിൽ അറിയോസ്പാഗോസിലെ ന്യായാധിപാഗ്രേസരനുമായ ദീവന്നാസിയോസ്, അംഗരക്ഷകന്മാരാൽ സദാ പരിസേവ്യനായി റോമാക്കാരിൽ ഔദ്യോഗികപ്രാബല്യതയിൽ അലക്സന്ത്ര്യോയിലെ ഭരണാധിപനായിരുന്ന് 306-ൽ സാക്ഷിമരണം പ്രാപിച്ച ഫീലോറോമോസ് എന്നിവരും ഇവരെപ്പോലെ പ്രബലതയിലും പ്രശസ്തിയിലും ഇരുന്ന അനേകരും ക്രിസ്തുമതാനുയായികളായിത്തീർന്നതു മാത്രമല്ല സുവിശേഷസത്യത്തിനുവേണ്ടി അവർ മരണംവരെയും സഹിഷ്ണുതയോടെ ധീരവ്രതരായി കാണപ്പെടുകയുംചെയ്തു. കേവലം കുഗ്രാമങ്ങളിലും കൂടാരവാസികളുടെ ഇടയിലും മാത്രമല്ല, വിദ്യാഭ്യാസത്തിലും സംസ്ക്കാരസമ്പന്നതയിലും അക്കാലത്ത് റോമാസാമ്രാജ്യത്തിൽ മികച്ചുനിന്നിരുന്ന അന്ത്യോഖ്യാ, അലക്സന്ത്ര്യാ, അഥേന, റോം ആദിയായ വലിയ പട്ടണങ്ങളിലും ക്രിസ്തുമതം വ്യാപിച്ചിരുന്നു. ഭോഷന്മാരും അജ്ഞാനികളുമായവരുടെയിടയിൽ മാത്രമല്ല പിന്നെയോ തത്ത്വചിന്താവിചക്ഷണതയിലും വിശാലവിജ്ഞാനസമ്പത്തിലും പ്രസ്തുത കാലത്തു വിജ്ഞന്മാരായിരുന്ന വി. യുസ്തീനോസ് സഹദാ, അന്ത്യോഖ്യായുടെ വി. തേയോഫീലോസ്, അഥേനക്കാരൻ അഥേന ഗോറോസ്, കാർത്തേജിലേ വി. കുപ്രിയാനോസ് എന്നാദിയായവരുടെയിടയിലും സുവിശേഷരത്നം സമാശ്ലേഷിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുമതത്തിന്റെ പ്രാരംഭചരിത്രത്തിൽ കാണുന്ന ഈ അത്ഭുത വിജയത്തെക്കുറിച്ച് എന്താണ് നാം പറയേണ്ടത്? ദൈവികശക്തിയും നേതൃത്വവും തങ്ങളോടു കൂടി ഉണ്ടായിരുന്നില്ലെങ്കിൽ കേവലം അജ്ഞാനികളായ മനുഷ്യർക്ക് ഇങ്ങനെ ലോകം മുഴുവൻ ഇളക്കിമറിക്കുവാൻ കഴിയുന്നതാണോ? ഒരു നവജീവൻ തങ്ങൾക്കു നൽകി സമൂലം തങ്ങളെ സമുദ്ധരിച്ച അത്ഭുതകരമായ ഒരു ശക്തിയുടെ അപ്രതിഹതമായ പ്രേരണകൊണ്ടല്ലാതെ കേവലം ഇങ്ങനെയുള്ളവരുടെ പ്രസംഗംകൊണ്ട് ചിരകാലങ്ങളായി തങ്ങൾ പരിചയിച്ചുവന്നിരുന്ന എല്ലാ നടപടികളെയുമുപേക്ഷിച്ച് ഈ നവ്യോപദേശത്തെ സ്വീകരിപ്പാൻ സർവ്വ വർഗ്ഗങ്ങളിലുംപെട്ട ജനങ്ങൾക്ക് എങ്ങനെയാണു സാധിക്കുന്നത്?

ഈ സുവിശേഷ പ്രചാരകന്മാർ തങ്ങളുടെ കൃത്യം നിർവഹിച്ചു വന്നത് ഈ ലോകത്തിലെ ധനമാനലാഭങ്ങളുടെ പ്രതീക്ഷയിലല്ല. എന്നാലോ തങ്ങളുടെ നാഥന്റെ വരവിങ്കൽ തങ്ങൾക്ക് സിദ്ധിപ്പാനിരിക്കുന്ന രക്ഷാകരമായ മഹത്ത്വാനുഭവത്തെക്കുറിച്ചുള്ള പ്രത്യാശയാലത്രെ അത് ഉത്സാഹത്തോടെ നിവർത്തിച്ചുവന്നിരുന്നത്. "സുവിശേഷം ഞാൻ അറിയിക്കാതിരിക്കുന്നത് എനിക്കു കഷ്ടമാണ്" (1 കോരി. 9:16). എന്ന് വി.പൗലൂസ് പറഞ്ഞിരിക്കുന്നത് ഇതേ വായുവിനെത്തന്നെ ശ്വസിച്ചുകൊണ്ടാണ്. ഇവർ ലോകോല്ലാസങ്ങളെ, ഉപേക്ഷിച്ചും, ആത്മപരിത്യാഗത്തോടും, നിഷ്കളങ്കവിശ്വാസത്തോടും, നൈർമ്മല്യജീവിതത്തോടുംകൂടെ ക്രിസ്തുമതവിദ്വേഷികളായിരുന്ന യഹൂദന്മാർ, ജാതികൾ, രാജാക്കന്മാർ, അധികാരികൾ ആദിയായവരിൽനിന്നും അനവരതം ഉണ്ടായിക്കൊണ്ടിരുന്ന ഭീഷണികളെയോ, ദാരുണങ്ങളായ പീഡകളേയോ, കടലിലും കരയിലും സംഭവിക്കാവുന്ന അപകടങ്ങളേയോ ലേശംപോലും ചിന്തിക്കാതെ സർവ്വക്ലേശങ്ങളെയും സന്തോഷത്തോടെ സഹിച്ച്, ദിവ്യസന്ദേശത്തെ വഹിക്കുകയും അവസാനം സുവിശേഷ സത്യത്തിന്റെ സാക്ഷ്യത്തിനുവേണ്ടി സേവനസോപാനത്തിന്റെ തറയിൽ തങ്ങളുടെ ജീവനെപ്പോലും ബലിയായി സമർപ്പിക്കുകയും ചെയ്തു. അതുപോലെതന്നെ ക്രിസ്തുമതത്തിലേക്കു വിശ്വസിച്ച് ചേർന്നിരുന്നവർ ഏതെങ്കിലും ബാഹ്യപ്രേരണകളിലോ അല്ലെങ്കിൽ ആയുധങ്ങളാൽ ഭയപ്പെടുത്തപ്പെട്ടിട്ടോ അങ്ങനെ ചെയ്തതല്ല, പിന്നെയോ ക്രിസ്തുവിലും തന്റെ മാർഗ്ഗാനുസാരികളിലും കണ്ട ഉത്തമ ജീവിതമാതൃകയും ആദർശശുദ്ധിയും അനിഷേധ്യങ്ങളായ അത്ഭുതവ്യാപാരങ്ങളും പ്രത്യേകിച്ച് വിശ്വാസികൾ തങ്ങൾക്കു സംഭവിക്കുന്ന എല്ലാ ഞെരുക്കങ്ങളേയും ഏററവും സഹിഷ്ണുതയോടും സന്തോഷത്തോടുംകൂടി അനുഭവിച്ചകൊണ്ട് തങ്ങളുടെ പീഡകന്മാർക്കുവേണ്ടി പ്രാർത്ഥിച്ചു വന്നതും കണ്ട് സ്വയം ആകൃഷ്ടരായിത്തീരുകയത്രെ ചെയ്തത്. നാം മുൻ അദ്ധ്യായങ്ങളിൽ കണ്ടതുപോലെ അവിടവിടെയുള്ള പ്രാദേശികപീഡകളെ കൂടാതെ പത്തു ഭയങ്കര പീഡകൾ ഏകദേശം മുന്നൂറു കൊല്ലക്കാലം തുടർച്ചയായി ക്രിസ്തുവിശ്വാസികൾക്ക് അനുഭവിക്കേണ്ടതായി വരുകയും സ്ത്രീപുരുഷഭേദമെന്യ എല്ലാ പ്രായത്തിലുംപെട്ട അനേകായിരം സ്ത്രീപുരുഷന്മാരും പൈതങ്ങളും വിവിധ പ്രദേശങ്ങളിലായി അപമാനിതരാകുകയും അപമൃത്യുവിന് ഇരയായിത്തീരുകയും അനേക വിശ്വാസികൾ സഹദേന്മാരും, മൗദ്യാനന്മാരും പരിശുദ്ധന്മാരും ആയിത്തീരുകയും ചെയ്യുവാൻ ഇടയായ സംഗതികളെല്ലാം സർവപ്രദേശങ്ങളിലുമുള്ള മനുഷ്യർ വിസ്മയത്തോടെ വീക്ഷിച്ചുവന്നുവെന്നു മാത്രമല്ല അങ്ങനെയുള്ള പീഡകളുടെ കാഠിന്യവും, ക്രിസ്ത്യാനികൾ പ്രത്യക്ഷപ്പെടുത്തിക്കൊണ്ടിരുന്ന സഹിഷ്ണുതയും വിനയവും നിർദോഷികളായ തങ്ങൾ തങ്ങളുടെ നാഥനെപ്രതി പീഡകളനുഭവിക്കുമ്പോഴും അവരുടെ അധരങ്ങളിൽനിന്നും കവി

ഞ്ഞൊഴുകിയിരുന്ന ഭക്തിസംവർദ്ധകങ്ങളായ "എന്റെ കർത്താവിന്റെ കുരിശിങ്കലല്ലാതെ എനിക്കു പ്രശംസിപ്പാൻ ഇടയാകരുത്" എന്നുള്ള പ്രാർത്ഥനകളും സ്തോത്രഗാനങ്ങളും സർവഹൃദയങ്ങളേയും സ്പർശിക്കുകയും തന്മൂലം ക്രിസ്തുരാജന്റെ തൊഴുത്തിലേക്ക് അനേകായിരങ്ങളെ അപ്രതിഹിതമായി ആകർഷിച്ചുകൊണ്ടിരിക്കുകയും ചെയ്തു. തൻനിമിത്തം ക്രിസ്തുമതത്തെ ഭൂമുഖത്തുനിന്നും മായിച്ചുകളയുന്നതിനാരംഭിച്ച ഈ ധ്വംസനനടപടികൾ ക്രിസ്തുമാർഗ്ഗത്തെ വളർത്തുന്നതിന് ഉതകിയ ഒരു വാതിലായിത്തീർന്നു. സാക്ഷിമരണം വരിച്ച ആ മഹാത്മാക്കൾ ക്രിസ്ത്യാനികളുടെ സംഖ്യ വർദ്ധിപ്പിച്ചിരുന്നു. സമർത്ഥജ്ഞാനിയും രക്തസാക്ഷിയുമായി യുസ്തീനോസ് താൻ ഒരു ക്രിസ്ത്യാനിയായിത്തീരുവാൻ ഇടയായതിനെക്കുറിച്ച് ഇങ്ങനെ സാക്ഷിക്കുന്നു. "ഞാനും പ്ലേറ്റോയുടെ സിദ്ധാന്തങ്ങളിൽ സന്തോഷിച്ചിരുന്ന ഒരുവനായിരുന്നു. എന്നാൽ ക്രിസ്ത്യാനികളെക്കുറിച്ച് ദൂഷണം പറയുകയോ അസഹനീയമായ ദണ്ഡനനടപടികൾക്ക് അവരെ വിധേയമാക്കുകയോ ചെയ്യുമ്പോൾ അവരിൽ ഒരുത്തൻ പോലും മരണത്തെയോ അതുപോലെ ഭീതികരമായ മറ്റേതെങ്കിലും ശിക്ഷാവിധിയെയോ അനുഭവിക്കേണ്ടിവന്നിട്ടും യാതൊരു ബലഹീനമനഃസ്ഥിതിയും പ്രത്യക്ഷമാക്കാതിരിക്കുന്നതായി ഞാൻ കണ്ടിരുന്നു. ഇത് ഞാൻ കണ്ടപ്പോൾ ഇങ്ങനെ ഉള്ളവർ ഒരുവിധത്തിലും ഹീനരോ ലോകോല്ലാസങ്ങളിൽപെട്ടിരിക്കുന്നവരോ ആകുവാൻ തരമില്ലെന്ന് എനിക്കു ബോധ്യമായി. എന്തുകൊണ്ടെന്നാൽ ലോകമോദങ്ങളെ ആരെങ്കിലും സ്നേഹിക്കുന്നുവെങ്കിൽ ആ ഇമ്പങ്ങളെ തന്നിൽനിന്നും അകറ്റിക്കളയുന്ന മരണത്തെ ഒരു നന്മയായി അങ്ങനെയുള്ളവൻ ചിന്തിക്കുമോ? എന്നാൽ നേരേമറിച്ച് അത്തരക്കാരൻ ലോകമോദങ്ങൾ കൂടുതൽ ആസ്വദിപ്പാൻ നിരന്തരം ആവത് യത്നിച്ചുകൊണ്ടിരിക്കയല്ലേ ചെയ്കയുള്ളു. ഈ ചിന്തയുള്ളവൻ ന്യായാധിപന്മാർക്ക് പിടികൊടുക്കാതിരിപ്പാൻ സ്വയം ഒളിക്കുകയല്ലാതെ നിഹനിക്കപ്പെടേണ്ടതിന് തന്നെത്തന്നെ ഏൽപ്പിച്ചുകൊടുക്കുകയില്ലല്ലോ?"

ക്രിസ്ത്യാനികളുടെ യോഗ്യകരമായ ഈ പ്രകൃതി, ലോകസ്ഥിതി തന്നെ ഭേദപ്പെടുത്തുകയും യഥാർത്ഥസംസ്കാരത്തിന്റെ പ്രഫുല്ല കാന്തികൊണ്ട് ഭൂമുഖത്തെ പ്രകാശിപ്പിക്കയുംചെയ്തു. മനുഷ്യസമൂഹത്തെ ഉദ്ധരിക്കുകയും അടിമത്തത്തെയും അജ്ഞതയെയും ലോകത്തിൽനിന്ന് ഉച്ചാടനംചെയ്യുകയും സഹോദരത്വത്തേയും സമത്വത്തേയും പുലർത്തുന്നതിനുള്ള മാർഗ്ഗത്തെ തുറക്കയുംചെയ്തു. കൂടാതെ ദേശവർഗ്ഗഭേദത്തെ അഗണ്യമാക്കുകയും പരസ്പരമുള്ള മൈത്രിയേയും യോജിപ്പിനേയും രൂപവല്ക്കരിക്കയുംചെയ്തു. മനുഷ്യസമൂഹസംഘടനയിൽ അധഃസ്ഥിതരായിരുന്ന സ്ത്രീജനങ്ങളുടെ അടിമത്തം മായുകയും ക്രിസ്തീയ സ്നേഹം സർവ്വസാഹോദര്യത്വത്തെ മുദ്രകുത്തുകയുംചെയ്തു. ഈ ഐക്യസ്വഭാവത്തെ വി. പൗലൂസ്

ഗലാത്യലേഖനം 3-ാം അദ്ധ്യായം 28-ാം വാക്യത്തിൽ സ്പഷ്ടമാക്കിയിരിക്കുന്നു. "അവനിൽ യഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണുംപെണ്ണുമെന്നില്ല, നിങ്ങളെല്ലാവരും ക്രിസ്തുവേശുവിൽ ഒന്നത്രേ. ക്രിസ്തീയമായി ഈ സ്വാതന്ത്ര്യം ലഭിച്ചതു നിമിത്തം ക്രൈസ്തവ സ്ത്രീപുരുഷന്മാർ ദൈവഭക്തിയോടും പരസ്പര സഹകരണ ബോധത്തോടും ധർമ്മതല്പരതയോടുംകൂടി പള്ളികൾ, പള്ളിക്കൂടങ്ങൾ, ദയറാകൾ, ആശുപത്രികൾ, അനാഥശാലകൾ മുതലായവ സ്ഥാപിക്കുകയും ആർഭാടരഹിതമായി സന്തോഷത്തോടുകൂടി സേവനമനുഷ്ഠിക്കുകയുംചെയ്തു. തന്മൂലം ദരിദ്രർ, അഗതികൾ, വിധവമാർ എന്നിവരുടെ പരിചരണത്തിനും സംരക്ഷണത്തിനുമായി സ്ഥാപനങ്ങളുണ്ടായിട്ടും ക്രിസ്തീയധർമ്മത്തിൽ പ്രധാനപ്പെട്ട സംഗതിയായ സാധുജന സേവനം സാധിതപ്രായമായി. ഈ ക്രിസ്തീയ സഹകരണപാഠം ആദ്യം പ്രായോഗികമാക്കിക്കാണിച്ചത് അന്ത്യോഖ്യാ സഭയായിരുന്നുവെന്ന് വി. വേദം സാക്ഷിക്കുന്നു (പ്രക് 11:29-30). ഈ ക്രിസ്തീയകരുണയും, സ്നേഹവും, ഞെരുക്കങ്ങളും ക്ഷാമങ്ങളും മറ്റും സംഭവിക്കുന്ന സമയങ്ങളിൽ ക്രിസ്ത്യാനികൾ പരസ്പരം ജാതിവർഗ്ഗഭേദബുദ്ധികൂടാതെ സർവ്വമനുഷ്യരോടും പ്രത്യക്ഷമാക്കിയിരുന്ന ഉപവിയും* സഹോദരസ്നേഹവും ജാതികളിൽപെട്ട നിർദ്ധനരായ ജനങ്ങളുടെ ഹൃദയങ്ങളെക്കൂടി സ്പർശിക്കുകയും അവരിൽതന്നെ അനുകമ്പയുളവാക്കുകയുംചെയ്തു. ചുരുക്കിപ്പറഞ്ഞാൽ ഈ ആദ്യ മൂന്ന് നൂറ്റാണ്ടുകൾ ക്രൈസ്തവസഭയിൽ സ്ഥാപനങ്ങളുടേയും നിർമ്മാണങ്ങളുടേയും പോരാട്ടത്തിന്റെയും സാക്ഷ്യത്വത്തിന്റെയും സുവിശേഷ പ്രചരണത്തിന്റെയും ഉപദേശശിക്ഷണസംഹിതകളുടെ ക്രോഡീകരണത്തിന്റെയും സുശോഭനകാലമായിരുന്നു. "നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു, നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു (മത്താ. 6:13-14) എന്ന് കർത്താവ് അരുളിച്ചെയ്തതിന്റെ ഉപദേശം പ്രവൃത്തിപഥത്തിൽ ഈ പൂർവികവിശ്വാസികൾ അർത്ഥവത്താക്കിത്തീർത്തു. എന്തുകൊണ്ടെന്നാൽ ലോകത്തിന്റെ അരുചിയെ അവർ രുചിപ്പെടുത്തി അതിന്റെ ഹീനാവസ്ഥയെ അവർ പവിത്രീകരിച്ചു. അണഞ്ഞിരുന്ന വിളക്കിനെ യേശുക്രിസ്തുവിന്റെ പ്രകാശത്താൽ അവർ ജ്വലിപ്പിച്ചു. ലോകത്തിന്റെ മലിനാവസ്ഥയെ ക്രിസ്ത്യാനികൾ പരിഭൂതമാക്കിത്തീർത്തു.

---

*സ്നേഹം

അദ്ധ്യായം 21

# ആദ്യ മൂന്ന് നൂറ്റാണ്ടുകളിലെ ക്രിസ്തീയ വിശ്വാസം

ദൈവവും മനുഷ്യനുമായുള്ള ബന്ധം സുരക്ഷിതമായിരിക്കേണ്ടതിന് വെളിപാട് മുഖാന്തിരമായി ദൈവത്തിൽനിന്നു നല്കപ്പെട്ട വേദീയ തത്ത്വങ്ങളുടെ ഒരു സമാഹരണമാണ് ക്രിസ്തുമതം. ഈ ജ്ഞാനഗ്രഹണത്തോടുകൂടെ മനുഷ്യബോധം, വികസനം പ്രാപിച്ച് പ്രകാശോദ്ദീപമാകുകയും മനുഷ്യൻ യഥാർത്ഥത്തിൽ ഭാഗ്യസമ്പൂർണ്ണനായിത്തീരുകയും ചെയ്യുന്നു. ബലഹീനമായ മനുഷ്യപ്രകൃതിയെ നയിക്കുന്നത് ഈ 'ബോധ'മാണ്. തന്റെ സൃഷ്ടികർത്താവിന്റെ സന്നിധിയിൽ മനുഷ്യനു ശ്രേഷ്ഠമായ ഒരു പദവി സംസിദ്ധമായിട്ടുണ്ട്. ഈ ജീവിതാന്ത്യത്തിൽ സൃഷ്ടിതാവിങ്കലേക്ക് അടുത്തുചെല്ലുവാനുള്ള ഒരു സമുന്നതലക്ഷ്യം മനുഷ്യനുണ്ട് (1 കോരി 15:19). ഇഹപരജീവിതങ്ങളുടെ ദുർഗ്രഹങ്ങളായ ജ്ഞാനരഹസ്യങ്ങളെ വെളിപ്പെടുത്തിത്തരുന്നത് മനുഷ്യന്റെ ബോധമാണ്. മതാഭ്യസനത്തിലൂടെ ബോധം ഈ ജ്ഞാനസിദ്ധിയെ പ്രാപിക്കുന്നു. ക്രിസ്തുവിനു മുമ്പും അതിനുശേഷവും മനുഷ്യസമുദായത്തിൽ 'മതബോധം,' 'പൊതുവേ ഒരു ബഹുമാന്യ' സ്ഥാനം, അർഹിച്ചിട്ടുണ്ട്. തത്ത്വശാസ്ത്രജ്ഞനായ പ്ലേറ്റോ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. 'മതത്തിന്റെ സ്തംഭങ്ങളെ നശിപ്പിക്കുന്നവൻ മനുഷ്യവർഗത്തിന്റെ സ്തംഭങ്ങളെത്തന്നെ നശിപ്പിക്കുന്നു.' പൊതുവേ ഇങ്ങനെയൊരു സുശോഭിതസ്ഥാനം മതത്തിനു സിദ്ധിച്ചിരുന്നുവെങ്കിൽ ദൈവമായ യേശുമ്ശിഹായുടെ ജ്ഞാനപ്രകാശത്താലും, സമുന്നത നേതൃത്വത്താലും ഭാസിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുമതത്തെക്കുറിച്ച് എന്താണ് പറയേണ്ടത്? മനുഷ്യന്റെ സ്ഥാനത്തെ സമുദ്ധരിപ്പാനും അവന്റെ സമുന്നതലക്ഷ്യത്തിൽ അവനെ ആനയിപ്പാനും ക്രിസ്തുമതത്തിനുമാത്രമേ ശക്തിയുള്ളു. ഭൗമികമായതിൽനിന്ന് ദൈവത്തെയും ദൈവസംബന്ധമായ കാര്യങ്ങളേയും സത്യമായി ഗ്രഹിക്കേണ്ടതിന് മനുഷ്യബോധത്തെ സമുന്നയിച്ച ഏകമതം ക്രിസ്തുമതമത്രെ. അതിനാൽ ക്രിസ്തുമതം മനുഷ്യസമുദായത്തിന് ദൃഢതയേറിയ ഒരടിസ്ഥാനമത്രെ. മൂന്നാം നൂറ്റാണ്ടുവരെയുള്ള ക്രിസ്തുമതത്തിലെ വിശ്വാസപ്രമാണങ്ങളിൽ സംഗ്രഹിപ്പാൻ സാധിച്ചിടത്തോളം ചില സംഗതികൾ ചുരുക്കമായി താഴെ കാണിച്ചുകൊള്ളുന്നു.

1) ദൈവം ഏകനും മൂന്ന് ക്നൂമാകളുള്ളവനുമാകുന്നു. ഈ മൂന്ന് ക്നൂമാകൾക്ക് ഏകസാരാംശവുമാണ് എന്നു വിശുദ്ധ സഭ വിശ്വസിച്ചുവന്നു.[1] കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സ്വർഗ്ഗീയവും ഭൗമികവുമായിട്ടുള്ള സർവ്വസൃഷ്ടികളുടേയും കർത്താവ് ഏകദൈവമാണ്. ദൈവത്തെയും സ്രഷ്ടാവിനേയും രണ്ടായി വേർതിരിക്കുവാനും ഒന്നിൽ കൂടുതൽ ദൈവങ്ങളുണ്ടെന്നോ ദൈവത്തിന് ഏക ക്നൂമാമാത്രമേ ഉള്ളുവെന്നോ പറഞ്ഞ് ത്രിത്വത്തെ നിഷേധിപ്പാനും നാം മുമ്പു കണ്ടപ്രകാരം ചില വേദവിപരീതികൾ ഉത്സാഹിച്ചപ്പോൾ വി. സഭ ആ ഉദ്യമത്തെ പ്രതിഷേധിക്കുകയും അവരെ സഭാസംസർഗ്ഗത്തിൽ നിന്നകറ്റി അവരുടെ ദുഷിച്ച ഉപദേശത്തെ ശക്തിയിൽ പ്രതികൂലിക്കുകയുംചെയ്തു.

2) ലോകരക്ഷകനായി ദൈവപുത്രൻ വി. മറിയാമിൽനിന്നു ശരീരമെടുക്കുകയും സത്യമായിട്ടും ഭൂമിയിൽ കാണപ്പെടുകയുംചെയ്തുവെന്ന് വി. സഭ വിശ്വസിച്ചുവന്നു. ചില വേദവിപരീതികൾ ഇതിനെ എതിർത്തുകൊണ്ടു പദാർത്ഥം കേവലം തിന്മപരമായതിനാൽ നീതിമാനായ ദൈവത്തിന് പദാർത്ഥത്തോടു യോജിപ്പാൻ കഴിയുന്നതല്ലെന്നും അതിനാൽ സ്വർഗ്ഗത്തിൽനിന്നോ മറ്റോ ശരീരമെടുത്ത് ഇറക്കിക്കൊണ്ടുവരികയോ മനുഷ്യനായി ഭൂമിയിൽ ഒരു മായാദർശനമെന്നപോലെ കാണപ്പെടുകയോ ചെയ്തതാണ് തന്റെ ശരീരമെന്നു പറഞ്ഞതിനെ സഭ പ്രതികൂലിക്കുകയും അവരെ തള്ളി വിശ്വാസികളെ വി. സഭാബന്ധത്തിൽ സ്ഥിരപ്പെടുത്തുകയുംചെയ്തു.

3) ദൈവപുത്രൻ പ. റൂഹാ മുഖാന്തരമായി വി. കന്യകയിൽനിന്ന് ജഡപ്രകാരം ജനിച്ചു. മനുഷ്യസംബന്ധത്തിൽനിന്നു ജനിച്ചവനല്ല. അവന്റെ മാതാവായ മറിയാം അവന്റെ ജനനത്തിനു മുമ്പും അതിനു ശേഷവും എന്നേക്കും കന്യകയായിരുന്നുവെന്ന് വി.സഭ വിശ്വസിച്ചു. സഹോദരൻ എന്ന് വി. പുസ്തകത്തിൽ പറഞ്ഞിട്ടുള്ള യാക്കൂബ്, യൂസി, ശെമവൂൻ ആദിയായവർ യൗസേഫിന്റെ ആദ്യഭാര്യയിൽനിന്നുള്ള മക്കളായിരുന്നുവെന്നു സഭ പഠിപ്പിച്ചു. എന്തുകൊണ്ടെന്നാൽ മറിയാം വൈവാഹികജീവിതത്തിന് ഉദ്ദേശിച്ച് യൗസേഫിന് വിവാഹം നിശ്ചയിക്കപ്പെട്ടിരുന്നവളല്ലായെന്നു വി. സഭ പഠിപ്പിച്ചിരുന്നു.[2]

4) മറിയാമിൽനിന്നു ജനിച്ചവൻ യഥാർത്ഥത്തിൽ ദൈവമാകയാൽ ദൈവജനനി എന്ന് വി.സഭ മറിയാമിനെ നാമകരണംചെയ്തു.[3]

---

1 വി. ത്രിത്വത്തിന്റെ ഏകസാരാംശത്തെക്കുറിച്ച് ആദ്യമായി ഏറ്റുപറഞ്ഞത് അന്ത്യോഖ്യായിലെ വി. തേയോഫിലോസായിരുന്നു. (ഇവിടെ രണ്ടാം നൂറ്റാണ്ടിലെ ഏഴാം അദ്ധ്യായം നോക്കുക).

2 ഇവിടെ ഒന്നാം നൂറ്റാണ്ടിലെ 9-ാം അദ്ധ്യായം നോക്കുക.

3 *വി. പിതാക്കന്മാരുടെ ആണ്ടടക്കമുള്ള പ്രസംഗങ്ങൾ* എന്ന പുസ്തകത്തിൽ അത്ഭുതപ്രവർത്തകനായ മോർ ഗ്രിഗോറിയോസിന്റെ "ദൈവമാതാവിനോടുള്ള അറിയിപ്പിൻ പ്രസംഗം നോക്കുക. ബാർ എബ്രായയുടെ *സഭാചരിത്രത്തിൽ* യൂഹാനോൻ പാത്രിയർക്കീസിന്റെ ജീവചരിത്രം കാണുക.

ഇങ്ങനെ വിളിക്കപ്പെട്ടുവന്നിരുന്നത് ശ്ലീഹന്മാരുടെ കാലംമുതൽ തുടങ്ങിയുണ്ടായിരുന്ന പാരമ്പര്യപ്രയോഗം മുഖാന്തരമാണ്. അലക്സന്ത്രിയായിലെ പണ്ഡിതവരേണ്യരായ പിതാക്കന്മാർ മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പാരമ്പര്യത്തെ വ്യക്തമാക്കുവാൻ തുടങ്ങിയെന്ന് ചില എഴുത്തുകാർ പറയുന്നു.[4] എങ്കിലും അതു ശരിയല്ല.

5) മ്ശിഹാ മനുഷ്യനായപ്പോൾ ദൈവത്വം അവിഭാജ്യമായ രീതിയിൽ മനുഷ്യത്വത്തോടു സംയോജിച്ചു. അതുകൊണ്ട് തന്നിലുള്ള ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും വിശേഷതകൾ സമ്മിശ്രപ്പെടാതെ സുരക്ഷിതമായിരിക്കെത്തന്നെ. തന്നിൽ ഏകസ്വഭാവമാണെന്ന് അതായത് സംയോജിതമായ (മ്റക്ബോ) ഏകസ്വഭാവമെന്ന് വി. സഭ വിശ്വസിച്ചുവന്നു.[5]

6) ദൈവത്വത്തിന്റെ രണ്ടാമത്തെ ക്നൂമാ കന്യകയിലേക്കു പ്രവേശിക്കുകയും അവളിൽനിന്നു ജഡപ്രകാരം ജനിക്കുകയും ചെയ്തുവെന്ന് വി. സഭ വിശ്വസിച്ചുവന്നു. ശ്മീശത്തുകാരൻ പൗലേ, അർത്തിമോൻ എന്നീ വേദവിപരീതികൾ, മറിയാമിൽനിന്നു ജാതനായവൻ സാധാരണ മനുഷ്യനായിരുന്നുവെന്നും പുണ്യപരമായ ജീവിതക്രമത്താൽ പടിപടിയായി അവൻ ഉയർന്നുവരികയും അവനിൽ ദൈവത്വം അധിവസിക്കുകയും ചെയ്തതാണെന്നും പറഞ്ഞപ്പോൾ വി. സഭ അവരെയും അവരുടെ വിശ്വാസത്തെയും ശപിച്ചുതള്ളി.

7) മ്ശിഹാ ജഡം ധരിച്ചപ്പോൾ സ്വാഭാവികവും മനസ്സോടും കൂടിയതും പാപരഹിതവുമായ കഷ്ടതകൾ പ്രകൃത്യാതന്നെ തനിക്ക് അനുഭവിക്കേണ്ടതുണ്ടായിരുന്നു. അതായത് വിശപ്പ്, ദാഹം, ക്ഷീണം, കരച്ചിൽ, നിദ്ര. കഷ്ടാനുഭവം, മരണം ആദിയായവതന്നെ അവയെല്ലാം അവൻ സഹിച്ചത് യഥാർത്ഥമായിട്ടായിരുന്നു. എന്നാൽ ചില വേദവിപരീതികൾ എഴുന്നേറ്റ് ഇതു മുഴുവൻ മായ ആയിരുന്നുവെന്നും വിശപ്പ്, കഷ്ടാനുഭവം മുതലായവ അനുഭവപ്പെട്ടത് കേവലം തോന്നൽ മാത്രമായിരുന്നുവെന്നും അതെല്ലാം തന്റെ (കർത്താവിന്റെ) സാദൃശ്യത്തിൽ മറ്റാരോ ആണ് അനുഭവിച്ചതെന്നും വ്യാഖ്യാനിച്ചപ്പോൾ സഭ അവരേയും അവരുടെ ഉപദേശങ്ങളേയും ശപിച്ചുതള്ളി.

8) ദൈവം ജഡത്തിൽ കുരിശിതനായി കഷ്ടമനുഭവിച്ച് മരിച്ച് ഉയിർത്തെഴുന്നേറ്റുവെന്നും[6] തന്റെ ദൈവത്വം ആത്മാവിൽനിന്നോ ശരീരത്തിൽനിന്നോ കുരിശിൽ താൻ ആയിരുന്ന അവസരത്തിലോ കബറിൽ താൻ വയ്ക്കപ്പെട്ട അവസരത്തിലോ തന്നിൽനിന്ന് മാറിപ്പോയില്ല

4 എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കാ Vol. 15, Page 591.

5 അത്ഭുതപ്രവർത്തകനായ മോർ ഗ്രിഗോറിയോസിന്റെ 'വിശ്വാസം' സംബന്ധിച്ചുള്ള *'മിമ്രോ'* വായിക്കുക. ബാർ എബ്രായയുടെ *'മ്നോറസ് കദ്ശെ'* എന്ന പുസ്തകം. 'ശേത്തെസ്ത്തോ' 4, കേപ്പാലേയോൻ 4, പോസൂക്കോ 2, നീശോ2.

6 അത്ഭുതപ്രവർത്തകനായ മോർ ഗീഗോറിയോസ് എഴുതിയ വിശ്വാസത്തെക്കുറിച്ചുള്ള തന്റെ *മിമ്രോ* നോക്കുക.

എന്നും വി. സഭ വിശ്വസിച്ചുവന്നു. ജഡത്തിൽ കഷ്ടമനുഭവിച്ചത് ദൈവമായിരുന്നുവെന്നു വരികിലും അതേ സമയത്തുതന്നെ തന്റെ ദൈവത്വത്തെ കഷ്ടത സ്പർശിച്ചില്ല, കഷ്ടാനുഭവത്തിലേക്ക് മ്ശിഹാ എഴുന്നെള്ളിവന്നപ്പോൾ ദൈവത്വം തന്നിൽനിന്ന് വേർതിരിഞ്ഞു എന്നിങ്ങനെ ചില വേദവിപരീതികൾ വാദിച്ചതിനെ സഭ നിഷേധിച്ചു. പുറജാതി തത്ത്വചിന്തകനായ 'കെൽസോസ്' സഭയുടെ നിർമ്മലോദ്ദേശത്തെ വിമർശിച്ചിരുന്നു. ദൈവമായിരുന്നെങ്കിൽ തന്റെ ഒരു ശിഷ്യനാൽ ഒറ്റിക്കൊടുക്കപ്പെടുന്നതിനും യഹൂദന്മാരാൽ കുരിശിക്കപ്പെടുന്നതിനും എങ്ങനെ സമ്മതിക്കുമായിരുന്നു? കുരിശിതനായിരുന്നത് ദൈവമായിരുന്നെങ്കിൽ അവന്റെ വിലാവ് കുത്തിത്തുളയ്ക്കപ്പെട്ടപ്പോൾ എങ്ങനെ അതിൽനിന്ന് രക്തമൊഴുകി എന്നിങ്ങനെ അവർ പറഞ്ഞപ്പോൾ അവന്റെ ഈ ദൂഷണത്തെ ഖണ്ഡിച്ചുകൊണ്ട് ഓറിജാനസ് എഴുതി.

9) സത്യവിശ്വാസത്തിനടുത്ത ഏക കാതോലിക സഭയ്ക്കു പുറമേ രക്ഷയില്ലെന്നും വി. സഭ വിശ്വസിച്ചുവന്നു. "കാതോലികസഭ" എന്ന പദം ആദ്യമായി ഉപയോഗിച്ചത് അന്ത്യോഖ്യായുടെ മൂന്നാമത്തെ പാത്രിയർക്കീസായ വി. മോർ ഇഗ്നാത്യോസ് നൂറാനോയാണ്. അനന്തരം ഓറിജാനസ്, വി. കുപ്രിയാനോസ് തുടങ്ങിയ ഇതര ഗ്രന്ഥകാരന്മാരും ഈ പദം ഉപയോഗിച്ചുവന്നു. അവിശ്വാസികൾ, വേദവിപരീതികൾ, ശീശ്മക്കാർ, മുടക്കപ്പെട്ടവർ ആദിയായവരത്രെ സഭയ്ക്ക് ഇതരർ എന്ന് ഗണിക്കപ്പെട്ടിട്ടുള്ളത്. സഭ എന്നത് ഏകശരീരമത്രെ. ഈ ശരീരത്തിൽ നിന്നും വേർപെടുന്നവർ മ്ശിഹായുടെ സത്യസഭയെന്നു പറയുവാൻ അവകാശമില്ല. എന്തുകൊണ്ടെന്നാൽ ഒരു ശരീരത്തിന് അതിൽതന്നെ ഭിന്നിച്ചിരിപ്പാനോ വേർപെട്ടിരിപ്പാനോ കഴിയുന്നില്ല (1 കോരി. 14).

ശരീരത്തിലെ ചില അവയവങ്ങൾ വേർപെടുന്നുവെന്നുവരികിൽ അവ വേറെ ശരീരമാകുന്നില്ല. ശരീരമെന്ന് അവ പറയപ്പെടുന്നില്ല എന്നാലോ പരസ്പരബന്ധമില്ലാത്ത, വേർപിരിഞ്ഞ അവയവങ്ങൾ എന്നത്രെ പറയപ്പെടുന്നത്. വി. കുപ്രിയാനോസ് ഇപ്രകാരം പറഞ്ഞിരിക്കുന്നു. "സഭ തന്റെ മാതാവല്ലാത്തവന് ദൈവത്തെ അവന്റെ പിതാവാക്കുവാൻ സാധിക്കുകയില്ല. നോഹയുടെ പെട്ടകത്തിനു പുറത്തു സ്ഥിതി ചെയ്തിരുന്നവർക്കു രക്ഷപെടുവാൻ സാധിച്ചെങ്കിൽ മാത്രമേ സഭയുടെ വാതിലുകൾക്ക് പുറത്തുള്ളവർക്ക് രക്ഷ പ്രാപിപ്പാൻ സാധിക്കയുള്ളു.[7]

10) താഴെ പറയുന്ന മൂന്നു കാര്യങ്ങൾ പരിപാലിക്കുന്ന കാരണത്താൽ മാത്രം സഭ ശ്ലൈഹികമെന്ന് പൂർവ്വപിതാക്കന്മാർ വിശ്വസിച്ചിരുന്നു. ഒന്നാമതായി, കർത്താവിൽനിന്നും തന്റെ ശ്ലീഹന്മാരിൽനിന്നും സഭയ്ക്കു ഭരമേല്പിക്കപ്പെട്ട വിശ്വാസോപദേശങ്ങൾ സൂക്ഷ്മതപ്പെടു

7 സഭയുടെ ഏകത്വത്തെക്കുറിച്ചുള്ള വി. കുപ്രിയാനോസിന്റെ ഗ്രന്ഥം വായിക്കുക.

ത്തുന്നതു മൂലവും, രണ്ടാമതായി, ലിഖിതം മുഖേനയല്ലാതെ ഉപദേശപരമായി വാക്കാൽതന്നെ ശ്ലീഹന്മാരിൽനിന്ന് പരമ്പരാഗതമായി ഭരമേല്പിച്ചിട്ടുള്ള ശ്ലൈഹികപാരമ്പര്യത്തെ വിശ്വസിച്ച് അവയെ വി. വേദത്തെ തുടർന്ന് രണ്ടാമത്തെ സ്ഥാനത്ത് സ്വീകരിച്ചു ബഹുമാനിച്ചുവന്നതിനാലും മൂന്നാമതായി, പരമ്പരാഗതമായി ശ്ലീഹന്മാരിൽനിന്നുള്ള എപ്പിസ്കൂപ്പാസ്ഥാനം സഭയിൽ നിലനില്ക്കുന്നതുകൊണ്ടു മാത്രമേ ശ്ലീഹന്മാരുടെ കാലംമുതലുള്ള ഓരോ സഭയിലേയും എപ്പിസ്കൂപ്പന്മാരുടെ പട്ടിക പിതാക്കന്മാർ കാണിച്ചുകൊണ്ട് സഭയിൽ ഈ ശ്ലൈഹിക പിൻതുടർച്ചയാൽ ലഭ്യമായിട്ടുള്ള സത്യവിശ്വാസത്തെ വേദവിപരീതികളുടെ മുമ്പാകെ തെളിയിക്കുകയുംചെയ്തു. എന്തെന്നാൽ ഭൂരിപക്ഷ അഭിപ്രായമാണ് ശരിയായിട്ടുള്ളതെന്ന് അവർ ഗണിച്ചിരുന്നില്ല. വേദവിപരീതികൾക്കെതിരായി ശ്ലൈഹികപാരമ്പര്യത്തെയും പിൻതുടർച്ചയേയും തെളിവായി ഉദ്ധരിച്ചവരിൽ പ്രമുഖന്മാർ ലിയോണിലെ എപ്പിസ്കൂപ്പായായ വി. ഈറീനീവോസും (202+) പ്രസിദ്ധഎഴുത്തുകാരനായ ഈജീസിപ്പോസും (180+) ആകുന്നു.

11) കർത്താവിന്റെ സന്നിധിയിൽ ജീവിക്കുന്ന സഹദേന്മാരുടെ മദ്ധ്യസ്ഥതയ്ക്ക് ഒരു പ്രത്യേക വ്യാപാരശക്തിയുണ്ടെന്നു സഭ വിശ്വസിച്ചുവന്നതിനാൽ വിശ്വാസികൾ അവരോടു പ്രാർത്ഥിച്ചുവന്നു.[8] എന്തുകൊണ്ടെന്നാൽ അവസാനന്യായവിധിയിങ്കൽ സഹദേന്മാർ മ്ശിഹായുടെ ആലോചനക്കാരായി വരുമെന്നു സഭ വിശ്വസിച്ചുവന്നു (1 കോരി. 6:2-3.)[9] ഈ മദ്ധ്യസ്ഥതയിൽനിന്ന് വിശുദ്ധീകരണത്തിനടുത്ത ഒരു വലിയ സഹായമുളവാകുന്നുവെന്ന് വിശ്വാസികൾ വിശ്വസിച്ചിരുന്നതായി തെളിവുണ്ട്.[10] പാപമോചനം നൽകുന്നതിനുള്ള ശക്തി മാമോദീസായ്ക്കുള്ളതുപോലെതന്നെ സാക്ഷിമരണത്തിനും (ലൂക്കോ. 12:50) ഉള്ളതിനാൽ സാക്ഷിമരണത്തിനു മാമോദീസായുടെ പദവിതന്നെ ഉണ്ടെന്നും (മത്തായി 10:39) സാക്ഷിമരണം പ്രാപിക്കുന്ന ഉടനെ തന്നെ മനുഷ്യപറുദീസായിൽ ദൈവതിരുമുൻപാകെ കൂട്ടിക്കൊണ്ടു പോകുന്നുവെന്നും സഭ വിശ്വസിച്ചിരുന്നു (മത്തായി 5: 10-12, വെളി. 6:9). കൂടാതെ സഹദേന്മാരുടേയും വിശ്വാസികളായി മരിച്ചുപോയവരുടേയും ചരമദിവസങ്ങളിൽ അവർക്കുവേണ്ടി വിശ്വാസികൾ കുർബ്ബാന ചൊല്ലിക്കയും കാഴ്ചകൾ കൊണ്ടുവരികയും അങ്ങനെ ചെയ്യുന്ന ജീവനോടുകൂടിയിരിക്കുന്നവരുടെ പേരുകളും ആർക്കുവേണ്ടി കാഴ്ചകൾ സമർപ്പിക്കപ്പെട്ടുവോ ആ പരേതരുടെ പേരുകളും വി. കുർബാനയിൽ ഓർക്കപ്പെടുകയും ചെയ്തുവന്നിരുന്നു. ഈ പെരുമാറ്റം മുഖാന്തിരമായി പരേതർ ജീവനോടുകൂടിയിരിക്കുന്നവർക്കുവേണ്ടിയും ഈ ആയുസ്സി

---

8 *മൗദ്യോനേന്മാർക്കു* വി. കുപ്രീനോസ് എഴുതിയ 15,77 ലേഖനങ്ങൾ കാണുക.

9 അധപ്പതിച്ചവരെ സംബന്ധിച്ചുള്ള വി. കുപ്രിയാനോസിന്റെ ഗ്രന്ഥം 3 വായിക്കുക.

10 ജസ്ലറിന്റെ സഭാചരിത്രം, Vol. 1, Page 274-275.

ലുള്ളവർ പരേതർക്കുവേണ്ടിയും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതായി അവർ വിശ്വസിച്ചുവന്നിരുന്നു.[11]

12) ആത്മാക്കൾ ശരീരങ്ങൾക്കു മുന്നമേ ജാതങ്ങളല്ല. ഒരു ശരീരത്തിൽനിന്ന് മറ്റു ശരീരങ്ങളിലേക്ക് ആത്മാക്കൾ പകരപ്പെടുന്നില്ല എന്നിങ്ങനെ വി. സഭ വിശ്വസിച്ചുവന്നു. ചില വേദവിപരീതികൾ എതിരഭിപ്രായവുമായി പ്രത്യക്ഷമായപ്പോൾ വി. സഭ അവരേയും അവരുടെ വാദങ്ങളേയും ബഹിഷ്ക്കരിച്ചു.

13) ഓരോരുവനും അവനവന്റെ സ്വാതന്ത്ര്യബുദ്ധിയുടെ പ്രേരണയാൽ നന്മയോ തിന്മയോ പ്രവർത്തിക്കുന്നുവെന്നു വി. സഭ വിശ്വസിച്ചുവന്നു. നന്മയെങ്കിലും തിന്മയെങ്കിലും മനുഷ്യർ പ്രവർത്തിക്കുന്നതിനനുസരണമായി ന്യായം വിധിക്കപ്പെടുന്നുവെന്നും വിശ്വസിച്ചിരുന്നു.

14) "പ്രകാശം," "വീണ്ടും ജനനം," "രക്ഷയിൻസ്നാനം," "നിത്യജീവജലം" എന്നിങ്ങനെ മാമോദീസായെക്കുറിച്ച് വി. സഭ വിശ്വസിച്ചിരുന്നു.[12] പാപവിമോചനവും[13] പുത്രസ്വീകാരവും അതിനാലെ നൽകപ്പെടുന്നു. അതിൽ കർത്താവിന്റെ മരണം, കബറടക്കം, ഉയിർത്തെഴുന്നേൽപ് എന്നീ അത്ഭുതവ്യാപാര രഹസ്യം മറഞ്ഞിരിക്കുന്നതിനാലും മ്ശിഹാ രണ്ട് പ്രാവശ്യം കുരിശിതനാകാത്തതിനാലും മാമോദീസാ, ഒരുത്തന് രണ്ട് പ്രാവശ്യം നൽകപ്പെട്ടിരുന്നില്ല. എന്നാൽ വേദവിപരീതികളിൽനിന്നു ചേർന്നിരുന്നവരെ മാമോദീസാ മുക്കിവന്നു.[14] "ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനും പുനരുത്ഥാനത്തിനും മുമ്പ് രക്ഷയ്ക്കു വിശ്വാസം മാത്രമേ ബാധകമായിരുന്നുള്ളു. എന്നാൽ കർത്താവിന്റെ കഷ്ടാനുഭവത്തിൽനിന്നും പുനരുത്ഥാനത്തിൽനിന്നും ഈ വിശ്വാസം ശക്തിപ്രാപിച്ച്, വി. ശ്ലീഹന്മാരാൽ മുമ്പ് നടത്തപ്പെട്ടിരുന്ന സ്നാനം പൂർണ്ണവും ശക്തിയേറിയതുമായ വി. മാമോദീസാ കൂദാശയായിത്തീർന്നു. ഇങ്ങനെ മാമോദീസാ മ്ശിഹായുടെ മുദ്രയും വിശ്വാസ

---

11 റോമിലെ കൊർന്നല്യോസിന്റെ പേർക്കുള്ള കുപ്രിയാനോസിന്റെ 57-ാം ലേഖനം കാണുക.

12 വി. യൂസ്തീനോസിന്റെ *"അപ്പോളജി* 1:61, 'ത്രീഫോൻ എന്ന യഹൂദനെതിരായി എഴുതിയിട്ടുള്ള തന്റെ പുസ്തകം 13& 14 'ഓഥോലിക്കോസി'നെതിരായി എഴുതിയിട്ടുള്ള അന്ത്യോഖ്യായിലെ വി. തേയോഫീലാസിന്റെ ലേഖനം 2:16 അലക്സന്ത്രിയാക്കാരനായ ക്ലീമ്മീസിന്റെ *'ഉപദേഷ്ടാവ്'* എന്ന പുസ്തകം 1:6.

13 വി. യുസ്തീനോസ് ത്രീഫോനെതിരായി എഴുതിയ പുസ്തകം 44, ക്ലീമ്മീസിന്റെ *ഉപദേഷ്ടാവ്* 1:6.

14 വി. കുപ്രിയാനോസ് ക്വീൻതോസിനെഴുതിയ ലേഖനത്തിൽ ഇതു സംബന്ധിച്ച് സഭയിൽ നിലനിന്നിരുന്ന പൂർവികനടപടിയെക്കുറിച്ച് പറയുന്നു. വി. സഭയിൽ മാമോദീസാ മുങ്ങിയതിനുശേഷം വേദവിപരീതത്തിലേക്കു പോകുന്നവർ തിരിച്ചുവരുമ്പോൾ അവർ വിവാദവിഷയങ്ങളെയുമുപേക്ഷിച്ച് സത്യത്തിലേക്കും തങ്ങളുടെ പിതാക്കന്മാരുടെ അടുക്കലേക്കും തിരിഞ്ഞ് തങ്ങളുടെ പാപങ്ങൾ ഏറ്റു പറയുന്നുവെങ്കിൽ അനുതാപത്തിനായി അവരുടെ തലയിൽ കൈ വെച്ചാൽ മതി.

ത്തിന്റെ വസ്ത്രവുമായിത്തീർന്നു"വെന്ന് തെർത്തുല്യാനോസ് എഴുതിയിരിക്കുന്നു.

15) "വി. മുറോന"ഭിഷേകം പൂർണ്ണതയുടെയും സ്ഥിരീകരണത്തിന്റെയും ഒരു കൂദാശയാകുന്നു. മനുഷ്യബോധത്തെ പ്രകാശിപ്പിക്കുന്നതും (1 യോഹ. 2:20-27) സൽക്കർമ്മാചരണത്തിലേക്ക് അവന്റെ ഹിതത്തെ ശക്തിപ്പെടുത്തുന്നതുമായ (2 കോരി. 1:21, 4:30). പ. റൂഹായേയും[15] തന്റെ നൽവരങ്ങളേയും അതിനാലെ വിശ്വാസികൾ പ്രാപിക്കുന്നു (ഏശായാ 11:2-3). വി. മൂറോനാൽ വിശ്വാസികൾ ദൈവത്തിന് അഭിഷിക്തരായിത്തീരുന്നവെന്ന് വി. സഭ വിശ്വസിച്ചുവന്നു.[16] അങ്ങനെ അഭിഷിക്തരാകുന്നതിനാൽ ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെടുന്നു. "ക്രിസ്ത്യാനി" എന്ന പദം അഭിഷേകം ചെയ്യപ്പെട്ടവനെ കുറിക്കുന്നു. അത് സുഗന്ധവാസനയാൽ സമ്പൂർണ്ണവും വളരെ ബഹുമാനത്തിന് അർഹവുമായിരിക്കുന്ന യോഗ്യനാമമത്രെ... 'ഇതിനാൽ അതായത് ദൈവികതൈലത്താൽ അഭിഷേകം ചെയ്യപ്പെടുന്നതിനാൽ ഞങ്ങൾ ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെടുന്നു" എന്നിങ്ങനെ അന്ത്യോഖ്യായിലെ വി. തേയോഫീലോസ് (169-182) സാക്ഷിക്കുന്നു.[17] അന്ത്യോഖ്യായിൽവച്ച് ആദ്യമായി "ക്രിസ്ത്യാനികൾ" എന്നു പേർ സിദ്ധിച്ചതായി പ്രക്സീസ് 3-ാം അദ്ധ്യായത്തിൽ വായിക്കുന്നു.

16) സത്യമായിട്ടും വി. കുർബ്ബാനയിൽ അപ്പവും വീഞ്ഞും കാണപ്പെടുവാൻ വഹിയാതവണ്ണം കല്പിതങ്ങളായ പ്രാർത്ഥനകളുടെശേഷം കർത്താവേശുമ്ശിഹായുടെ തിരുശരീരരക്തങ്ങളായി വ്യത്യാസപ്പെടുന്നു. വി. കന്യകയിൽനിന്നും പ. റൂഹായുടെ ശക്തിയാൽ മ്ശിഹാ ജഡരക്തങ്ങൾ സ്വീകരിച്ചപ്രകാരംതന്നെ ഇതിനുശേഷം സാധാരണ ഭക്ഷണവും പാനീയവുമായി അവ പരിഗണിക്കപ്പെടുന്നില്ല.[18] വാഴ്ത്തപ്പെട്ടു ശുദ്ധീകരിക്കപ്പെട്ടതിനുശേഷം ഈ വിശേഷത ഒരിക്കലും ഭേദപ്പെടുന്നുമില്ല. എന്നുമാത്രമല്ല സ്വീകരണത്തിനുമുമ്പോ അതിനുശേഷമോ എന്നും കർത്താവിന്റെ ശരീരവും രക്തവുമായിത്തന്നെയിരിക്കുന്നു. തൻനിമിത്തം വിശ്വാസികളുടെ ആവശ്യത്തിലേക്ക് അതിൽനിന്നു സൂക്ഷിക്കപ്പെടുകയും, രോഗികൾ, കാരാഗൃഹബന്ധിതർ (*മൗദ്യാനന്മാർ**) ആദി

---

15 അറിയോസ്പാഗോസിലെ വി. ദീവന്നാസ്യോസിന്റെ പുസ്തകം 4:11, 2:8, മാമോദീസായെക്കുറിച്ചുള്ള തെർത്തുല്യാനോസിന്റെ പുസ്തകം അദ്ധ്യായം7.

16 വി. കുപ്രിയാനോസിന്റെ 70-ാം ലേഖനം.

17 ഓഥോലിക്കോസിനെതിരായി വി. തെയോഫിലോസ് എഴുതിയിട്ടുള്ള ലേഖനം 1:12.

18 തീയ്ക്കടുത്ത മോർ ഇഗ്നാത്യോസ് സ്മിർണ്ണായിലെ സഭയ്ക്കെഴുതിയ തന്റെ ലേഖനം 7, വി. യുസ്തീനോസിന്റെ '*അപ്പോളജി*' 1:61 ക്ലീമ്മീസിന്റെ *സ്റ്റ്റാമാറ്റസ്* 1:6, 11:15. 'മർക്കിയാനെതിരായി തെർത്തുല്യാനോസെഴുതിയ പുസ്തകം 5:8, വി. കുപ്രിയാനോസിന്റെ 54:63 ലേഖനങ്ങൾ നോക്കുക.

*വിശ്വാസം ഏറ്റു പറയുന്നവർ.

യായ വിശ്വാസികൾക്ക് അർഹതയുള്ള സ്ഥാനികൾ മുഖാന്തരമായി കൊടുത്തയയ്ക്കപ്പെടുകയും ചെയ്തിരുന്നു.[19]

വി. കുർബാന ആത്മാവിനു പുലർച്ച നൽകി[20] വിശ്വാസിയെ ശക്തിപ്പെടുത്തുന്നു. ശരീരത്തേയും ആത്മാവിനേയും വിശുദ്ധീകരിക്കുന്നു. മനുഷ്യരക്ഷയ്ക്കു പ്രതികൂലമായി നിൽക്കുന്ന വിപരീതശത്രുക്കളുമായി ദൈവഭക്തിയെപ്രതിയുള്ള വിശ്വാസികളുടെ പോരാട്ടത്തിൽ വി. കുർബാന അവരെ അചഞ്ചലരും അജയ്യരുമാക്കിത്തീർക്കുന്നു.[21] മരണമില്ലായ്മയുടെ ഒരു മരുന്നും യേശുമ്ശിഹായിലുള്ള നിത്യജീവന്റെ ഒരു[22] അച്ചാരവുമാകയാൽ വി. കുർബാനാനുഭവത്തിനുശേഷം വിശ്വാസികളുടെ ശരീരങ്ങൾ നാശരഹിതങ്ങളായിത്തീരുകയും നിത്യജീവനിലേക്കുള്ള പുനരുത്ഥാനശരണം അവർക്കു സിദ്ധിക്കുകയും ചെയ്യുന്നു.[23]

വി. കുർബാന ബലിയാകുന്നു. അതായത് പരിശുദ്ധ ബലിപീഠത്തിന്മേൽ ദൈവത്തിന് ഒരു സത്യബലി സമർപ്പിക്കപ്പെടുന്നുവെന്നതാണ്.[24] അതു മാത്രമല്ല ജീവനുള്ളവർക്കും പരേതർക്കും വേണ്ടി അർപ്പിക്കുന്ന വിമോചനത്തിന്റെയും സ്തോത്രത്തിന്റെയും മഹത്ത്വത്തിന്റെയും ബലിയത്രെ.[25]

17) വി. കുമ്പസാരം ഒരു ആവശ്യ കൂദാശയായി സഭ വിശ്വസിച്ചിരുന്നു. അതിനാൽ പാപി ആചാര്യനിൽനിന്നും തന്റെ പാപങ്ങളുടെ വിമോചനം പ്രാപിച്ചുവരുന്നു. വിമോചനം ആചാര്യനിൽനിന്നും പ്രാപിക്കേണ്ടത് പാപിക്ക് ആവശ്യമായ ഒരു സംഗതിയായി, പൂർവ്വികകാലത്തുതന്നെ വി. സഭ വിശ്വസിച്ചിരുന്നു. (അധഃപതിച്ചവരെ സംബന്ധിച്ചുള്ള വി. കുപ്രിയാനോസിന്റെ ഗ്രന്ഥം 28, 29 ഇവ വായിക്കുക.)[26]

18) രോഗികളുടെ തൈലാഭിഷേകശുശ്രൂഷ ഒരു ആവശ്യകൂദാശയായി സഭ സ്വീകരിച്ചിരുന്നു. വി. യാക്കൂബ് ശ്ലീഹായുടെ ലേഖനത്തിൽ ഇതു സംബന്ധിച്ച് വ്യക്തമാക്കിയിരിക്കുന്നു. (യാക്കൂ. 5) അതിനാൽ വിശ്വാസികളായ രോഗികൾ തങ്ങളുടെ പാപങ്ങൾക്കു വിമോ

19 വി. യുസ്തിനോസിന്റെ *അപ്പോളജി* 1:67, 85 ഊസാബിയോസിന്റെ സഭാചരിത്രം 5:25, വി. കുപ്രിയാനോസിന്റെ 54 ലേഖനം നോക്കുക.

20 യുസ്തീനോസിന്റെ അപ്പോളജി 1:65.

21 വി. കുപ്രിയാനോസിന്റെ 54, 63 ലേഖനങ്ങൾ നോക്കുക.

22 തീയ്ക്കടുത്ത മോർ ഇഗ്നാത്യോസിന്റെ *സ്മിർണ്ണായിലെ സഭയ്ക്കുള്ള ലേഖനം* 2 നോക്കുക.

23 യൂസ്തീനോസിന്റെ *അപ്പോളജി* 1.6.. ക്ലീമ്മീസിന്റെ *ഉപദേഷ്ടാവ്* 11:2.

24 തീയ്ക്കടുത്ത മോർ ഇഗ്നാത്യോസ് ഫിലാഡൽഫിയാ 4, മഗ്നീസ്യ 8, എഫേസോസ് 5 എന്നീ സഭയ്ക്കുള്ള *ലേഖനങ്ങൾ* നോക്കുക. വി. കുപ്രിയാനോസിന്റെ 43 *ലേഖനം* ക്ലീമ്മീസിന്റെ *ഉപദേഷ്ടാവ്* 4:25.

25 യൂസ്തീനോസിന്റെ *അപ്പോളജി* 1:65 ത്രിഫോനെതിരായി എഴുതിയിട്ടുള്ള തന്റെ പുസ്തകം 4. കുപ്രിയാനോസിന്റെ 66-ാം ലേഖനം.

26 വി. ഈറിനേവോസിന്റെ *വേദവിപരീതങ്ങൾക്കെതിരായിട്ടുള്ള പുസ്തകവും* തർത്തുല്യാനോസിന്റെ *അനുതാപത്തെക്കുറിച്ചുള്ള പുസ്തകവും* നോക്കുക.

ചനവും ശരീരത്തിന്റെ സ്വാസ്ഥ്യവും പ്രാപിക്കുന്നുവെന്നു സഭ വിശ്വസിച്ചിരുന്നു.

19) ദൈവികവ്യാപാരത്താൽ വിവാഹകൂദാശ നിർവ്വഹിക്കപ്പെടുന്നുവെന്നു സഭ വിശ്വസിച്ചിരുന്നു. വിവാഹം ചെയ്യുവാനാഗ്രഹിക്കുന്നവർ തങ്ങളുടെ ദാമ്പത്യയോജിപ്പ് കേവലം മോഹതൃഷ്ണയിൽനിന്നുള്ളതാകാതെ ആയത് ദൈവാഭീഷ്ടത്തോടു യോജിച്ചവിധമായിത്തീരുവാൻ തക്കവണ്ണം എപ്പിസ്കൂപ്പായുടെ ആലോചനയോടെ അവർ വിവാഹംചെയ്യട്ടെ എന്നിങ്ങനെ വി. മോർ ഇഗ്നാത്യോസ് നൂറോനോ നിർദേശിക്കുന്നു.[27] വിവാഹം സഭയുടെ (പട്ടക്കാരന്റെ) ആശീർവാദ ശുശ്രൂഷയിൽ പൂർത്തീകരിക്കപ്പെടുന്നുവെന്നും വി. സഭ ഈ ശുശ്രൂഷയെ ഒരു കൂദാശയായി ഗണിക്കുന്നുവെന്നും തർത്തുല്യാനോസ് സാക്ഷിക്കുന്നു. ചില വേദവിപരീതികൾ വിവാഹം നിഷിദ്ധമാണെന്നു പറഞ്ഞതിന് വി. സഭ കഠിനമായി എതിർത്തു.

20) പ്രാർത്ഥനയിലും കൈവയ്പിലും ആചാര്യത്വത്തിന്റെ സത്യനൽവരം ദൈവേഷ്ടപ്രകാരം എപ്പിസ്കൂപ്പാ, ആചാര്യൻ, മ്ശംശോനോ എന്നീ മൂന്ന് പ്രത്യേക പദവികളായി പ്രത്യേക വ്യാപാരനൽവരങ്ങളോടുകൂടി നൽകപ്പെടുന്നു. ആചാര്യത്വത്തിന്റെ ഈ മൂന്നു പദവികളുടെ ശ്രേഷ്ഠതയും ശേഷം അത്മായക്കാരിൽനിന്നും അതിനുള്ള വ്യത്യസ്തവും മഹത്തുമായ സ്ഥാനവും റോമിലെ ക്ലീമ്മീസ്[28] വി. മോർ ഇഗ്നാത്യോസ്നൂറോനോ[29] ഈറീനേവോസ്[30] എന്നാദിയായ വി. സഭയിലെ പൂർവ്വികപിതാക്കന്മാർ തങ്ങളുടെ ലിഖിതങ്ങളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. വൈദികവൃന്ദങ്ങളെ അത്മായക്കാരിൽനിന്നും വേർതിരിച്ചുകൊണ്ട് അവരുടെയിടയിൽ ഉള്ള മൂന്നു പദവികൾക്കും പ്രത്യേക ശുശ്രൂഷാവ്യാപാരപ്രസക്തതയെ റോമിലെ ക്ലീമ്മീസ് നിർദ്ദേശിച്ചിരിക്കുന്നു. ഈ മൂന്ന് പദവികളെ വിവക്ഷിച്ചുകൊണ്ട് വി. മോർ ഇഗ്നാത്യോസ് നൂറോനൊ ഇപ്രകാരം എഴുതിയിരിക്കുന്നു: "യേശുമ്ശിഹാ തന്റെ പിതാവാം ദൈവത്തിന്റെ ഇഷ്ടത്തെ അനുസരിച്ചതുപോലെ കർത്താവിന്റെ ഇഷ്ടപ്രകാരം ഭൂമിയിൽ നിയമിതരായിരിക്കുന്ന എപ്പിസ്കൂപ്പന്മാരെയും ശ്ലീഹന്മാരെയെന്നപോലെ ആചാര്യന്മാരെയും ദൈവിക കല്പനയനുസരിച്ച് ശെമ്മാശന്മാരെയും എല്ലാവരും അനുസരിക്കുകയും ബഹുമാനിക്കയും ചെയ്യണം. ദൈവിക പ്രതിപുരുഷന്മാരായി തന്റെ സ്ഥാനത്തിരിക്കുന്ന എപ്പിസ്കൂപ്പന്മാരുടെയും ശ്ലീഹന്മാരുടെ സ്ഥാനത്തിരിക്കുന്ന ആചാര്യന്മാരുടെയും ക്രിസ്തുവിന്റെ ശുശ്രൂഷയ്ക്കു നിയമിതരായിരിക്കുന്ന മ്ശംശോനെന്മാരുടേയും ആലോചന

27 വി. പോളിക്കപ്പോസിന്റെ പേർക്ക് അദ്ദേഹമയച്ച ലേഖനം 6-ാം അദ്ധ്യായം കാണുക.

28 കോരിന്ത്യസഭയ്ക്ക് അദ്ദേഹമെഴുതിയ *ഒന്നാം ലേഖനം* നോക്കുക.

29 എഫേസൂസ്, സ്മിർണാ, മഗ്നിസിയ, ത്രാലിയ എന്നീ സഭകൾക്ക് അദ്ദേഹമയച്ച *ലേഖനങ്ങൾ* നോക്കുക.

30 *വേദവിപരീതികൾക്ക് എതിരായിട്ടുള്ള പുസ്തകം* 4:6 വായിക്കുക.

യോടും നേതൃത്വത്തോടും കൂടെ ദൈവികസമാധാനബോധത്താൽ തങ്ങൾക്കു പ്രവർത്തിപ്പാനുള്ള എല്ലാ സംഗതികളും വിശ്വാസികൾ ചെയ്യട്ടെ. സത്യവിശ്വാസികളായ ആചാര്യന്മാരെയും വേദവിപരീതികളായ ആചാര്യന്മാരെയും തമ്മിൽ വേർതിരിച്ചുകൊണ്ട് ഈറിനോവോസ് ഇങ്ങനെ ശാസിക്കുന്നു. "ശ്ലീഹന്മാരിൽനിന്നും തുടർച്ചയായി സഭയിൽ നിലനിന്നു വരുന്ന എപ്പിസ്കൂപ്പന്മാർക്കും വൈദികന്മാർക്കും കീഴ്പ്പെടുവിൻ. എന്തുകൊണ്ടെന്നാൽ പിതാവിന്റെ ഹിതപ്രകാരം അവർ യഥാർത്ഥ നൽവരങ്ങളെ കൈക്കൊണ്ടിട്ടുള്ളവരാകുന്നു. എന്നാൽ വി. സഭയ്ക്കു പുറത്തുള്ളവരായി ശ്ലൈഹികപിൻതുടർച്ചയായിട്ടുള്ള നൽവരം പ്രാപിക്കാത്തവർ തങ്ങളുടെ സ്വന്ത ഇഷ്ടത്തിൽനിന്ന് നിയമിതരായിരിക്കുന്നവരാണ്. ഇങ്ങനെയുള്ളവർ വേദവിപരീതികളത്രെ." "മുടക്ക്" മുഖാന്തിരം ആചാര്യത്വത്തിന്റെ സ്ഥാനം നഷ്ടപ്പെടുന്നുവെന്ന് സഭ വിശ്വസിച്ചിരുന്നു. ശ്ലീഹന്മാരുടെ നിയമങ്ങൾ സംഗ്രഹിച്ചിട്ടുള്ള *ദിദസ്ക്കാലിയായിൽ* എട്ടാം കാനോനായിൽ ഇങ്ങനെ കാണുന്നു: "മനുഷ്യസഹജമായ ഭയത്താൽ വിശ്വാസം ത്യജിക്കുന്നുവെങ്കിൽ മുടക്കപ്പെടണം. അനുതപിക്കുകയാണെങ്കിൽ അത്മായക്കാരനെന്ന പോലെ സ്വീകരിക്കപ്പെടണം." *ഹൂദായകാനോനിൽ* ഈ ശ്ലൈഹിക നിയമത്തെ ഉദ്ധരിച്ചുകൊണ്ട് ബാർ എബ്രായ (13-ാം നൂറ്റാണ്ടിൽ) അഭിപ്രായപ്പെട്ടിരിക്കുന്നത് "ബലപ്രയോഗം മുഖാന്തിരമായിട്ടാണെങ്കിലും വിശ്വാസം ത്യജിക്കുന്ന പുരോഹിതന്മാരോ മ്ശംശോനേന്മാരോ മുടക്കപ്പെടണം. അനുതപിക്കുമ്പോൾ അത്മായക്കാരനെന്നപോലെ സ്വീകരിക്കപ്പെടണം. ആചാര്യത്വത്തിന്റെ സ്ഥാനം അവർക്ക് വീണ്ടും ഒരിക്കലും നൽകപ്പെടരുത്. എല്ലാ പിതാക്കന്മാരും ഇങ്ങനെ ആജ്ഞാപിക്കുന്നു" എന്നത്രെ[31] *മഹാറാമ്* ചെയ്യപ്പെടുന്നവർ ദുഷ്ടന്റെ അധികാരത്തിൽ പെട്ടിരിക്കു

31 കാർത്തേജിലെ സുന്നഹദോസ് വി. കുപ്രിയാനോസ് മുഖേന റോമിലെ സ്തേഫാനോസിനയച്ചുകൊടുത്ത ലേഖനത്തിലിങ്ങനെ പറയുന്നു: "വാത്സല്യമുള്ള സഹോദരാ! പൊതുസമ്മതത്തോടും അധികാരത്തോടുംകൂടെ ഞങ്ങൾ തീരുമാനിച്ചത് കാതോലികസഭയിൽനിന്നും പട്ടമേറ്റ് അതിനുശേഷം വഞ്ചകന്മാരും അഹങ്കാരികളുമെന്നപോലെ സഭയ്ക്കെതിരായി നില്ക്കുന്ന പട്ടക്കാരോ ശെമ്മാശന്മാരോ അല്ലെങ്കിൽ മ്ശിഹാ ക്രമീകരിച്ചിട്ടുള്ളതിനു വിപരീതമായി കള്ളന്മാരും അന്തിക്രിസ്തുക്കളുമായ എപ്പിസ്കൂപ്പന്മാരിൽനിന്ന് നിഷിദ്ധമായ കൈവയ്പ് സ്വീകരിച്ച് ഏകവും ദൈവികവുമായ മദ്ബഹായോടു മത്സരിച്ച് അതിനു പുറത്ത് വ്യാജപരവും അയഥാർത്ഥങ്ങളുമായ ബലികളെ സമർപ്പിപ്പാൻ ശ്രമിച്ചുവരുന്നവരായി ദേവവിപരീതികളുടെ ഇടയിൽ പട്ടക്കാരെന്നോ ശെമ്മാശന്മാരെന്നോ പരിഗണിച്ചു വരുന്നവരോ ഇങ്ങനെയുള്ളവരിൽ ആരായിരുന്നാലും ശരി അവർ തിരിച്ചുവരുമ്പോൾ അവർ സ്വീകരിക്കപ്പെടേണ്ട വിധം ഇങ്ങനെയായിരിക്കണം. അതായത് ആത്മായക്കാർ എന്നപോലെ അവർ സംബോധനചെയ്യപ്പെടണം. സമാധാനവിരോധികൾ എന്നപോലെ അവർ എഴുന്നേറ്റിട്ടുള്ളവരാകയാൽ സമാധാനത്തെപ്രതി അവർ സ്വീകരിക്കപ്പെടുന്നുവെന്നു മാത്രമേയുള്ളു. ഇതു മുഖാന്തിരമായി നമുക്ക് എതിരായിട്ട് അവർ അഹങ്കരിപ്പാൻ ഇടയായോ ആ കൈവയ്പിന്റെയും ബഹുമാനത്തിന്റെയും ആയുധങ്ങൾ അവർ വീണ്ടും പ്രാപിപ്പാൻ പാടില്ല.

ന്നവരായി പൊതുവെ വിശ്വസിക്കപ്പെടുന്നു. 1 കോരി. 5:5, തീമോ. 1:20 എന്നീ ഭാഗത്തുള്ള "സാത്താനു ഞാൻ അവരെ ഏല്പിച്ചു. ഇവനെ സാത്താനെ ഏല്പിച്ചുകൊടുക്കണം." ഈ വാക്യങ്ങളിൽ ശ്ലീഹന്മാർ സൂചിപ്പിച്ചിരിക്കുന്ന *മഹറാമ്*, മുടക്കിനെ കാണിക്കുന്നതാണെന്നു പിതാക്കന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു. *മഹറാമ്* ചെയ്യപ്പെടുന്നവർ ഈ വിധത്തിൽ കേവലം മാമോദീസാ സ്വീകരിക്കാത്തവരുടെ അധഃപതനാവസ്ഥയിൽ നിപതിതരായിത്തീരുന്നു. വി. സഭാസംസർഗ്ഗത്തിന് വീണ്ടും അവർ യോഗ്യരായിത്തീരണമെങ്കിൽ അനുതാപത്തിന്റെ നിശിതനിയമങ്ങളും പരിശോധനാപരമായ നടപടികളും അവർ അനുസരിക്കേണ്ടിയിരിക്കുന്നു.[32]

21) പൊതുവെ ഒരു ഉയിർത്തെഴുന്നേൽപ്പ് ഉണ്ടാകുവാനിരിക്കുന്നുവെന്നും ഓരോരുത്തനും അവനവന്റെ പ്രവർത്തികൾക്കു തക്കവണ്ണം ദൈവത്തിൽനിന്ന് പ്രതിഫലം സ്വീകരിപ്പാനിരിക്കുന്നുവെന്നും ആ രക്ഷാശിക്ഷകൾ വ്യത്യാസംകൂടാതെ നിത്യമായി നിലനിൽക്കുന്നതാണെന്നും വി. സഭ വിശ്വസിച്ചിരുന്നു. ഉയിർപ്പില്ലെന്നു ചിലരും ഉയിർത്തെഴുന്നേൽപ്പിനുശേഷം മ്ശിഹാ തന്റെ ഭക്തന്മാരോടൊന്നിച്ച് ഈ ഭൂമിയിൽ ആയിരം സംവത്സരം ആനന്ദത്തോടെ ജീവിക്കുമെന്ന് ചിലരും വാദിച്ചുവന്നതിനെ സഭ നിഷേധിച്ചിരിക്കുന്നു.

22) നവീകരണക്കാരാൽ (Protestants) ഇന്ന് *അപ്പോക്രീപ്പാ* എന്നു പരിഗണിക്കപ്പെടുന്ന വി. പഴയനിയമത്തിലെ പുസ്തകങ്ങളായ തൂബീദ്, ശൂശാൻ ആദിയായ ഗ്രന്ഥങ്ങൾ കാനോനികങ്ങളും യഥാർത്ഥങ്ങളും സ്വീകാര്യങ്ങളുമായി വി. സഭ പരിഗണിച്ചിരുന്നെന്നു മാത്രമല്ല പിതാക്കന്മാർ വി. വേദഗ്രന്ഥത്തിൽനിന്ന് എന്നപോലെതന്നെ ഈ പുസ്തകങ്ങളിൽനിന്ന് തങ്ങളുടെ ഗ്രന്ഥങ്ങളിൽ ഉദ്ധരണികൾ നൽകുകയും ചെയ്തിരുന്നു.[33]

23) ദൈവമാതാവായ വി. മറിയാം മരിച്ച് അടക്കപ്പെട്ടുവെങ്കിലും അവളുടെ തിരുവുടൽ ഈ ലോകത്തിൽനിന്ന് തന്റെ പുത്രൻ അദ്ദേഹത്തിന്റെ അടുക്കലേക്ക് വാങ്ങിക്കൊണ്ടുപോയി എന്ന് വി. സഭ ആദിമകാലംമുതൽ വിശ്വസിച്ചിരുന്നു.

32 ജേസിലർ എഴുതിയ ഒന്നാം വാല്യം, പേജ് 263 & 278.

33 റോമിലെ വി. ക്ലീമ്മീസ് കോരിന്ത്യസഭയ്ക്കെഴുതിയ ഒന്നാം 55-ം 67-ം അദ്ധ്യായങ്ങൾ വി. പോളിക്കർപ്പോസ് ഫിലിപ്യസഭയ്ക്കെഴുതിയ ലേഖനം അലക്സന്ത്രിയാക്കാരൻ ക്ലീമ്മീസിന്റെ *ഉപദേഷ്ടാവ്* എന്ന പുസ്തകത്തിൽ 1:10; 2:3, 7, 23; 4:9; 6:11, 13. ഓറിജാനീസ് പ്രാർത്ഥനയെക്കുറിച്ച് എഴുതിയ പുസ്തകത്തിൽ 11, 13, 14, 29, 32 എന്നീ അദ്ധ്യായങ്ങൾ ഇദ്ദേഹം യൂലിയോസ് ആഫ്രിക്കാനോസിനെഴുതിയ ലേഖനം, യറമിയ, ഹസ്കിയേൽ, ദീർഘദർശനങ്ങൾ, വി. മത്തായിയുടെ ഏവൻഗേലിയോൻ എന്നാദിയായ പുസ്തകങ്ങൾക്ക് താനെഴുതിയ വ്യാഖ്യാനങ്ങൾ, അലക്സന്ത്രിയായിലെ വി. ദീവന്നാസ്യോസിന്റെ പത്താം ലേഖനം, വി. കുപ്രിയാനോസിന്റെ 4-ാം ലേഖനം, കർത്തൃപ്രാർത്ഥനയെക്കുറിച്ചുള്ള തന്റെ വ്യാഖ്യാനം എന്നിവ നോക്കുക. വി. ഈറിനോവോസ്, തെർത്തുല്യാനോസ് എന്നിവരുടെ പുസ്തകങ്ങളിലും ഈ കാര്യത്തെക്കുറിച്ചു സാക്ഷ്യങ്ങളുണ്ട്.

അദ്ധ്യായം 22

# സഭയിൽ മൂന്നാം നൂറ്റാണ്ടുവരെയുള്ള ആരാധനാക്രമങ്ങളെക്കുറിച്ച്

ഏതു മതത്തിനും ഏതു സമുദായത്തിനും നിയമങ്ങളും നടപടികളും ക്രമീകരണങ്ങളും ക്രമങ്ങളും പ്രമാണങ്ങളുമുണ്ട്. എന്നാൽ ദൈവ സഭയുടെ ക്രമീകരണങ്ങളും ക്രമങ്ങളും അതിന്റെ സ്ഥാപനം മുതലെ ഉള്ളവയാണ്. ആദാം മുതൽ മൂശവരെയുള്ള സഭയുടെ ചരിത്രത്തിന്റെ ഒരു ചെറിയ അംശം മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളുവെന്നുവരികിലും ഇതിൽനിന്നും പിതാക്കന്മാർ ചില ക്രമങ്ങൾ അവരുടെ ആരാധനയ്ക്ക് സ്വീകരിച്ചിരുന്നുവെന്നു തെളിയുന്നുണ്ട്. ആദാമിന്റെ മക്കൾ, നോഹ യോടുകൂടെ പെട്ടകത്തിലുണ്ടായിരുന്നവർ, ഇയ്യോബ്, മല്ക്കിസദേക്ക്, അബ്രഹാം, ഇസഹാക്ക്, യാക്കൂബ് എന്നിവർ ആരാധനയ്ക്കു ചില ക്രമങ്ങൾ അവലംബിച്ചിരുന്നു. (ഉല്പത്തി 4:3-4; 8:20, 14:18; 13:18, 15:9; 26:25; 35:1, യോബ് 1:5) ഇപ്രകാരമുള്ള ക്രമങ്ങളിൽ ദൈവം പ്രസാദി ച്ചിരുന്നുവെന്ന് ഈ ഭാഗങ്ങൾ കാണിക്കുന്നു. മൂശയുടെ കാലംമുതൽ മ്ശിഹായുടെ കാലംവരെ ദൈവകല്പനപ്രകാരം മോശ തന്റെ അഞ്ച് പുസ്തകങ്ങളിൽ കാണിച്ചിരിക്കുന്ന ക്രമീകരണങ്ങളനുസരിച്ചും യേശു ബർ നൂൻ, ദാവീദ് എന്നിവരുടെ ക്രമീകരണങ്ങളനുസരിച്ചും നടന്നു വന്നു. അതുപോലെതന്നെ എസ്തേറും ഇസ്രയേൽ ജനത്തിനു ഉപവാ സവും പുരീംപെരുനാളും നിശ്ചയിച്ചു. മക്ബായക്കാരനും പ്രധാനാ ചാര്യനുമായ ഈഹൂദായും പ്രതിഷ്ഠാപ്പെരുനാൾ നിയമിച്ചു. ക്രിസ്തീ യസഭയിലാകട്ടെ ശ്ലീഹന്മാർ ചില ക്രമങ്ങൾ നിയമിക്കുകയും വിശ്വാ സികൾ അതനുസരിച്ചു പ്രവർത്തിക്കുന്നതിന് സിദ്ധാന്തിക്കുകയും ചെയ്തതുകൂടാതെ അവരൊരുമിച്ച് ശ്ലീഹന്മാരും ഇവയെ ആചരിച്ചു പോരികയുംചെയ്തു. (1 കോരി. 11:2 & 34: 14:1, 2, തെസ്സലോനി. 2:15 3:5, ഫിലിപ്പി. 1:53, എബ്രാ. 6:2, യാക്കൂ. 5:14) സഭാമക്കളുടെ നന്മയ്ക്കും കൃപയിലുള്ള അവരുടെ അഭിവൃദ്ധിക്കും ആത്മീയജീവിതത്തിലെ വളർച്ചയ്ക്കും വേണ്ടിയാണ് പ്രമാണങ്ങളുടെ കർത്താവായ യേശു മ്ശിഹായുടെ പ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തി അവർ നിയമങ്ങൾ രചിച്ചത്. അവരുടെ ഈദൃശ സംഗതിയിലെ ആദ്യപ്രവർത്തനം നടപ്പ് 5-ാം അദ്ധ്യായത്തിൽ നാം കാണുന്നു. അതിന്റെ ശേഷം സഭയും മറ്റു

ക്രമീകരണങ്ങൾ നിശ്ചയിക്കുകയും വേദപുസ്തകത്തിലെ വിശ്വാസത്തേയും സഭാ ക്രമീകരണത്തെയും പറ്റിയുള്ള പ്രമാണത്തിൽ ഗ്രഹിക്കുവാൻ പ്രയാസമായിരുന്നവയെ വ്യാഖ്യാനിക്കുകയുംചെയ്തു. ശ്ലീഹന്മാരുടെ *ദിദസ്ക്കാലിയ,* കാനോനാപ്പുസ്തകത്തിലും മറ്റും സഭയുടെ ആദ്യപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിലും ഈ ക്രമീകരണങ്ങളുടെ വ്യാഖ്യാനങ്ങൾ നാം കാണുന്നുണ്ട്. സഭയുടെ ഇടയന്മാരുടെ നിയമനം, ദൈവികാരാധനാരീതി, സഭാഭരണം, കർത്താവിൽ ദിനാചരണം, ശാബതാചരണം, ശിശുക്കളുടെ മാമോദീസാ, നോമ്പ്, പ്രാർത്ഥന ഇവയുടെ കാലനിശ്ചയം, വിവാഹനിയമങ്ങൾ, വിശ്വാസികളുടെ ഇടയിലുള്ള അന്യായങ്ങളുടെ വിധികൾ എന്നിവകൾക്കുള്ള നിശ്ചയങ്ങൾ എന്നിവ അവയിൽ പ്രസ്താവയോഗ്യങ്ങളാണ്. ഈ ക്രമങ്ങളിൽ ചിലത് പഴയ നിയമസഭയിൽനിന്നുമാണ് എടുക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ശ്ലീഹന്മാർ പരിതഃസ്ഥിതിക്കനുസരിച്ച് അവയെ പരിഷ്കരിച്ചു സ്ഥിരപ്പെടുത്തി.[1] സുവിശേഷകനായ *ആദായിയുടെ ഉപദേശം*[2] എന്ന പുസ്തകത്തിൽനിന്നു നാം ഗ്രഹിക്കുന്നത് ഓരോരോ ആചാരക്രമങ്ങളും നിയമങ്ങളും പ. റൂഹാ ശ്ലീഹന്മാരെ ഉപദേശിച്ചുവെന്നാണ്. അവരുടെ പ്രസംഗങ്ങൾ വിശ്വസിച്ചു ശിഷ്യപ്പെട്ടുവന്നിരുന്നവരോടും ശ്ലീഹന്മാർ അവ ഉപദേശിച്ചുവന്നു. ആകയാൽ ശ്ലൈഹികപാരമ്പര്യപ്രകാരംതന്നെ പുരാതന കാലംമുതൽ സംസിദ്ധമായിരുന്ന നടപടികളെക്കുറിച്ച് താഴെ വിവരിച്ചുകൊള്ളുന്നു.

1) ലോകാവസാനത്തിൽ മ്ശിഹാ കിഴക്കുനിന്ന് വെളിപ്പെടുന്നുവെന്ന് വിശ്വസിക്കപ്പെടുന്നതിനാൽ കിഴക്കോട്ടു തിരിഞ്ഞുനിന്ന് വിശ്വാസികൾ പ്രാർത്ഥിക്കണമെന്ന് പ. ശ്ലീഹന്മാർ ഉപദേശിച്ചുവന്നു. ശ്ലൈഹികപാരമ്പര്യത്തിൽനിന്ന് മനസ്സിലാകുന്നത് വി. പത്രോസ് ശ്ലീഹായാണ് അന്ത്യോഖ്യയിൽവച്ച് ആദ്യമായി കിഴക്കോട്ടുതിരിഞ്ഞുനിന്നു പ്രാർത്ഥിക്കണമെന്നുപദേശിച്ചത് എന്നാണ്.

2) ആരംഭത്തിൽ പൊതുവാരാധനകൾ സാധാരണ ഭവനങ്ങളിൽ വച്ച് നിർവ്വഹിക്കപ്പെടുകയും ആ ഭവനങ്ങൾ പള്ളികളായി പ്രസ്താ

---

1 വി. ബസേലിയോസിങ്ങനെ പറയുന്നു: "പാരമ്പര്യത്തിൽനിന്നാണ് കുരിശുവരയും കിഴക്കോട്ടു തിരിഞ്ഞുനിന്നുള്ള പ്രാർത്ഥനയും നാം പഠിച്ചത്. അതുപോലെതന്നെയാണ് വി. കുർബാനയുടെ വചനങ്ങൾ, പുരോഹിതന്റെ പരസ്യപ്രാർത്ഥന, മാമോദീസായിലെ വാഴ്ത്തൽ, തൈലാഭിഷേകക്രമം, മാമോദീസായിലെ മുഴുകൽ എന്നിവയും നാം പഠിച്ചത് (91-ാം കാനോൻ).

2 ഈ പുസ്തകത്തിൽ അബ്ഗർ രാജാവിന്റെയും മ്ശിഹായുടെയും ചരിത്രങ്ങൾ അടങ്ങിയിരിക്കുന്നു. ഇതിന്റെ മൂലം സുറിയാനിയിലാണ്. സഭാചരിത്രകാരനായ യൗസേബിയോസ് തന്റെ *സഭാചരിത്രത്തിൽ* ഈ പുസ്തകത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്. എന്നാൽ അബ്ഗർ രാജാവിന്റെ ദൂതൻ മ്ശിഹായുടെ രൂപം രാജാവിന്റെ അടുക്കലേക്കു കൊണ്ടുവന്നു എന്നുള്ള ചരിത്രവും ക്ലേവോദിയോസ് കൈസരുടെ (എ.ഡി. 41-54) ഭാര്യയായ പ്രോത്തോനിക്കി മ്ശിഹായുടെ ക്രൂശ് കണ്ടെടുത്തു എന്നുള്ള കെട്ടുകഥയും നാലാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ചിലർ ഈ പുസ്തകത്തോടു കൂട്ടിച്ചേർത്തു.

വിക്കപ്പെടുകയും ചെയ്തിരുന്നു.[3] ഇങ്ങനെയുള്ള പള്ളികളിൽ ഒന്നാമത്തേത്, ഊർശ്ലേമിലെ യൂഹാനോൻ എന്നു വിളിക്കപ്പെട്ട "മർക്കോസിന്റെ അമ്മയായ മറിയാമിന്റെ മാളികയായിരുന്നു. നമ്മുടെ കർത്താവിന്റെ പുനരുത്ഥാനശേഷം ശ്ലീഹന്മാർ എല്ലായ്പ്പോഴും അവിടെ ഒരുമിച്ചുകൂടി പ്രാർത്ഥന, വി. കുർബ്ബാന എന്നിവ നടത്തിവരികയും ചെയ്തിരുന്നു. എന്നാൽ, അന്ത്യോഖ്യായിൽ വി. ശ്ലീഹന്മാർ തങ്ങളുടെ സ്വന്ത കൈകൾകൊണ്ടു പണിത പള്ളി കൂടാതെ ഒരു വിശ്വാസിയായ "കസിയാന്റെ"[4] ഭവനം വി. പത്രോസ് ശ്ലീഹാ പള്ളിയാക്കി ചമച്ചിരുന്നു.

പിന്നീട് ഈ പള്ളി കസിയാന്റെ നാമത്തിൽതന്നെ അറിയപ്പെട്ടു വന്നു. പീഡയുടെ കാലത്തു വിശ്വാസികൾക്ക് പരസ്യമായി ആരാധന നടത്തുവാൻ നിവൃത്തിയില്ലാതെ വരികയാൽ കല്ലടാവിലും ഗുഹാന്തർ ഭാഗങ്ങളിലും അവർ പ്രാർത്ഥനാസ്ഥലങ്ങൾ ക്രമീകരിക്കുകയും അവിടെ രഹസ്യമായി ഒരുമിച്ചുകൂടി തങ്ങളുടെ ആരാധനകൾ നിർവ്വഹിക്കുകയും ചെയ്തിരുന്നു. ക്രിസ്ത്യാനികൾ പൊതുവാരാധനകൾക്കായി ദൈവാലയങ്ങൾ ചമയ്ക്കുകയും പ്രത്യേക ശ്മശാനസ്ഥലങ്ങൾ ക്രമീകരിക്കുകയും ചെയ്യുവാൻ തുടങ്ങിയത് രണ്ടാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലും മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടിയുമാണ്. പള്ളികൾ കിഴക്കോട്ടു ദർശനമായി പണിയപ്പെടുകയും വി. മൂറോൻകൊണ്ട് എപ്പിസ്കൂപ്പായാൽ കൂദാശചെയ്യപ്പെടുകയും ചെയ്തിരുന്നു. ആകാശസദൃശം അവകളിൽ പ്രകാശദീപങ്ങൾ വയ്ക്കപ്പെട്ടിരുന്നു. മദ്ബഹായിൽ സൈത്തെണ്ണ വിളക്കുകളും തേനീച്ചമെഴുകുകൊണ്ടുള്ള തിരികളും കത്തിച്ചിരുന്നു.

3) മിക്കവാറും യഹൂദദൈവാലയ ക്രമീകരണത്തെ അനുകരിച്ച് ക്രിസ്തീയദൈവാലയങ്ങളുടെ അകം, ശുദ്ധതയുടെ ശുദ്ധസ്ഥലം

---

3 പള്ളിയെന്നു പറയുന്നത് സുറിയാനിയിൽ "ഈത്തോ" എന്നും ഗ്രീക്കിൽ "എക്ലീസ്യ" എന്നുമുള്ള പദങ്ങളെയാണ്. ഈ പദങ്ങൾ "കൂട്ടം" എന്നർത്ഥമുള്ള "വാഏദ്" "അക്കാലോ" എന്നു സുറിയാനി ഗ്രീക്കുക്രിയകളിൽനിന്ന് ക്രമമായി ഉണ്ടായിട്ടുള്ള നാമങ്ങളത്രെ. ഗ്രീക്ക്ഭാഷയിൽ ഇതിന്റെ മൂലഅർത്ഥം 'ഒരേ ഉദ്ദേശത്തിനുവേണ്ടി ഒരേ സ്ഥലത്തു കൂടുന്ന അനേകരുടെ കൂട്ട"മെന്നാണ്. പിന്നീട് ഈ പദം ഒരുമിച്ചുകൂടുന്ന ആളുകളുടെ സംഘത്തെക്കുറിച്ച് പ്രത്യേകാൽ രാഷ്ട്രീയസംഘങ്ങൾക്കു നല്കപ്പെട്ടു. ഈ പദത്തെ വി. വേദത്തിൽ രണ്ടർത്ഥത്തിൽ നാം കാണുന്നുണ്ട്. രാഷ്ട്രീയസംഘത്തിനാണെങ്കിൽ അസംബ്ലി (Assembly)എന്നും മതപരമായിട്ടുള്ളതാണെങ്കിൽ "സഭ" എന്നും (പ്രക്. 247, 11; 26, 19:41, 11:47, 1 കോരി. 11:18) വിവർത്തനം ചെയ്യപ്പെടുന്നു.

4 ഈ കസിയാൻ ഒരു ബഹുമാന്യകുടുംബാംഗം ആയിരുന്നു. തന്റെ മാതാപിതാക്കന്മാരുടെ ഏക പുത്രനായിരുന്ന ഇദ്ദേഹം എ.ഡി. 53-ൽ ചെറുപ്പത്തിൽ തന്നെ മരിപ്പാനിടയായി. ആ അവസരത്തിൽ വി. പത്രോസും വി. പൗലൂസും അന്ത്യോഖ്യായിലായിരുന്നു. അവർ ദൈവിക അത്ഭുതവ്യാപാരത്താൽ കസ്യാനെ ജീവിപ്പിച്ചു. തന്മൂലം കാസിയാൻ, കർത്താവിൽ വിശ്വസിച്ച് സഭാംഗം ആയിത്തീർന്നു. അനന്തരം വി. പത്രോസ് കസ്യാന്റെ ഭവനത്തെ ഒരു പള്ളിയാക്കിത്തീർത്തുവെന്ന് പിതാക്കന്മാർ പറയുന്നു.

(*ക്ദുശ് കുദ്ശീൻ*), ശുദ്ധസ്ഥലം (ഹൈക്കല), മണ്ഡപം (*എസ്ക്കൂവോ*) എന്നിങ്ങനെ മൂന്നു പ്രത്യേക ഭാഗങ്ങളിലായി വിഭജിക്കപ്പെട്ടിരുന്നു. *ക്ദുശ്കുദ്ശീന്റെ* മദ്ധ്യഭാഗത്തായി ബലിപീഠം സ്ഥാപിക്കപ്പെട്ടു. എപ്പിസ്കൂപ്പായുടെ സിംഹാസനവും ഇവിടെത്തന്നെയായിരുന്നു. ഹൈക്കലായിൽ വി. വേദപുസ്തകം ആദിയായവ വായിപ്പാനുള്ള മേശ ഇട്ടിരുന്നു. വിശ്വാസികൾ പ്രാർത്ഥനാവസരങ്ങളിൽ സംബന്ധിക്കുന്നതിന് *ഹൈക്കലാ*യിൽ കൂടിയിരുന്നു. വി. വേദം വായിക്കുന്നവരും ആത്മിക ഗീതങ്ങൾ പാടുന്നവരും അവിടെത്തന്നെയാണ് നിന്നിരുന്നത്. പള്ളിയിലെ ദൈവികശുശ്രൂഷാസമയത്ത് വിശ്വാസികൾ ദൈവവചനം കേൾപ്പാനായി അടക്കത്തോടും ഭയത്തോടും വണക്കത്തോടും ഉണർവ്വോടുംകൂടി നില്ക്കുമായിരുന്നു. എല്ലാവരും അവരവരുടെ ക്രമമനുസരിച്ച് സ്വർഗ്ഗീയരെന്നപോലെ നില്ക്കും. മദ്ബഹായിൽ എപ്പിസ്കൂപ്പന്മാർ നടത്തിപ്പുകാരെപ്പോലെയും ആചാര്യന്മാർ ഗുരുക്കന്മാരെപ്പോലെയും അർക്കദിയാക്കോന്മാർ എപ്പിസ്കൂപ്പന്മാരുടെ വലത്തുവശത്ത് അവരുടെ പ്രതിനിധികളും നടത്തിപ്പുകാരും എന്നവിധത്തിലും ശെമ്മാശന്മാർ ശുശ്രൂഷകരെപ്പോലെ ആചാര്യന്മാർക്കു ശേഷമായിട്ടുമാണ് നിന്നിരുന്നത്. ഹൈക്കലായിൽ ഏററവും മുമ്പിലായി യൗവ്വനക്കാരും അവരുടെ പിമ്പിൽ പിതാക്കന്മാരും അവരുടെ ശിശുക്കളും അവരുടെ പുറകിലായി വ്രതസ്ഥകളായ കന്യകമാർ,വിധവമാർ എന്നിവരും അവർക്കുശേഷം വിവാഹിതകളും പിന്നെ യുവതികളും അതായത് നോഹ പെട്ടകത്തിൽ പ്രവേശിച്ചവിധത്തിൽതന്നെ നിന്നിരുന്നു.* (ഉൽപ്പത്തി)[5] പുറമേ നടക്കുമ്പോൾ ചെയ്യാറുള്ളതുപോലെതന്നെ ആരാധനാസന്ദർഭങ്ങളിൽ സ്ത്രീകൾ മുഖാവരണങ്ങൾ ധരിച്ച് സംബന്ധിച്ചിരുന്നു. തെർത്തുല്യാനോസ് ഈ സംഗതി സാക്ഷിക്കുന്നുണ്ട്. തീയ്ക്കടുത്ത പരിശുദ്ധനായ മോർ ഇഗ്നാത്തിയോസ് തന്റെ ദർശനത്തിൽ അഗ്നിമയന്മാ

5 എ.ഡി. 521-ൽ നിര്യാതനായ "സ്രുഗിലെ മോർ യാക്കൂബ്" ജലപ്രളയത്തെക്കുറിച്ചുള്ള *മിമ്രായിൽ* ഇപ്രകാരം പറയുന്നു. പെട്ടകത്തിലേക്കുള്ള നീതിമാനായ നോഹിന്റെ പ്രവേശനത്തെക്കുറിച്ച് വി. വേദം, നോഹും അവന്റെ പുത്രന്മാരും അവന്റെ ഭാര്യയും അവന്റെ മക്കളുടെ ഭാര്യമാരും അവനോടുകൂടി പെട്ടകത്തിലേക്കു പ്രവേശിച്ചുവെന്നു പറഞ്ഞിരിക്കുന്നു (ഉല്പ. 7:7–13). അതായത് നൂഹിനും അവന്റെ ഭാര്യയ്ക്കും ഇടയിൽ ദൈവം അവന്റെ പുത്രന്മാരെ നിറുത്തി. അവന്റെ പുത്രന്മാർക്കും അവരുടെ ഭാര്യമാർക്കും ഇടയിൽ അമ്മാവി അമ്മയെയും നിറുത്തി. ഇപ്രകാരം പള്ളിയെ ദൃഷ്ടാന്തപ്പെടുത്തുന്ന രഹസ്യ ഭവനമായ പെട്ടകത്തിലേക്ക് നൂഹ് പ്രവേശിച്ചപ്പോൾ അവനും അവനോടുകൂടി അവന്റെ മക്കളും വിശുദ്ധിയെ പരിപാലിപ്പാനായിട്ട് ദൈവം അവനെ ഗ്രഹിപ്പിച്ചു. എന്നാൽ പെട്ടകത്തിൽനിന്നും പുറപ്പെടുവാനുള്ള കാലമായപ്പോൾ ദൈവം, "നീയും നിന്റെ ഭാര്യയും നിന്റെ മക്കളും അവരുടെ ഭാര്യമാരും നിന്നോടുകൂടി പെട്ടകത്തിൽനിന്നു പുറപ്പെടുവിൻ" എന്ന് അരുളിച്ചെയ്തു. (ഉല്പ. 8:16) അതായത് അവർ പെട്ടകത്തിലേക്ക് പ്രവേശിച്ച രീതിയിൽനിന്ന് വ്യത്യസ്തമായ ക്രമപ്രകാരംതന്നെ അവർ അതിൽനിന്നും പുറപ്പെട്ടുപോയി."

*ഇപ്പോൾ ദൈവാലയത്തിന്റെ ഇരുവശങ്ങളിലുമായി സ്ത്രീപുരുഷന്മാർ നില്ക്കുന്ന രീതിയാണ് സഭയിലുള്ളത്.

രായ മാലാഖമാർ രണ്ടു കൂട്ടമായി നിന്ന് ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതായി കണ്ടതിനാൽ ആ മാതൃക അനുകരിച്ചത്രെ അന്ത്യോഖ്യായിലെ ദൈവാലയത്തിൽ പാട്ടുകാർ രണ്ടു ഭാഗമായി നിന്നുകൊണ്ട് പാടുവാൻ ക്രമപ്പെടുത്തിയത്. അവർ പള്ളിയിൽ രാഗങ്ങൾ പാടുമായിരുന്നു.[6] മണ്ഡപസ്ഥലത്ത് മാമോദീസാക്കല്ല് സ്ഥിതിചെയ്തിരുന്നു. വിശ്വസിച്ചു മാർഗ്ഗത്തിലേക്കു ചേരുവാൻ ശിഷ്യപ്പെടുത്തി വന്നിരുന്നവരും അവിടെത്തന്നെ കൂടിയിരുന്നു. ദൈവാലയങ്ങൾ പ. ശ്ലീഹന്മാരുടേയും സഹദേന്മാരുടേയും നാമത്തിൽ പണിയപ്പെട്ടിരുന്നു. ആയത് സാക്ഷിമരണത്തിന്റെ ബഹുമാനത്തിനും വിശ്വാസികൾ സുസ്ഥിരരായിത്തീരുവാനും രക്തസാക്ഷികളെ അനുകരിക്കുവാനുമായിട്ടത്രെ.[7]

4) ദൈവാലയത്തിന്റെ ഭിത്തികൾ വി. പുസ്തകത്തിലുള്ള വിവിധ സംഭവങ്ങളുടെ ചിത്രീകരണങ്ങളെക്കൊണ്ട് അലങ്കരിക്കപ്പെട്ടു വന്നിരുന്നു. പൂർവ്വികകാലത്ത് ഇങ്ങനെയുള്ള ചിത്രങ്ങൾ വിശ്വാസികൾ ഉപയോഗിച്ചുവന്നിരുന്നു. ഉദാഹരണമായി, തങ്ങളിൽനിന്നു വിലക്കിയിരുന്ന വൃക്ഷത്തിൽനിന്നും ആദാമും ഹൗവ്വായും പഴം പറിച്ചുതിന്നുന്നത്, നോഹയുടെ പെട്ടകവും അതിനുചുറ്റും പറക്കുന്ന പ്രാവും അതിനെ അകത്തു കയറ്റുന്നതിനായി നോഹ കൈനീട്ടുന്നതും, കപ്പൽ, യൗസേഫ് അടിമയായി മെസ്രേനിലേക്കു വില്ക്കപ്പെടുന്നത്, ദാവീദും ഗോലിയാത്തുമായി പോരാടുന്നത്, ശ്ലേമൂൻ ദൈവാലയത്തെ ശുദ്ധീകരിക്കുന്നത്. മ്ശിഹായുടെ ജനനം, മാമോദീസാ, ക്രൂശാരോഹണം, കന്യക ശിശുവായ യേശുവിനെ വഹിക്കുന്നത്, നല്ലയിടയൻ, കാണാതെ പോയ തന്റെ ആടിനെ അന്വേഷിച്ചു പുറപ്പെടുന്നത്, ഇടയന്റെ മുൻ

---

6 പള്ളിയിലെ ഗീതങ്ങളിൽ കുറെയെല്ലാം ജനങ്ങളും പാടുമായിരുന്നു. എന്നാൽ 364-ൽ കൂടിയ ലവോദീക്യ സുന്നഹദോസ് *മ്സമ്രോനേ*ന്മാരല്ലാതെ മറ്റാരും പള്ളിയിൽ പാടാൻ പാടില്ലെന്ന് 15-ാം കാനോനായിട്ട് തീർച്ചപ്പെടുത്തി.

7 കുനിയായിലെ എപ്പിസ്കൂപ്പായായ തേവോദോറോസിന്റെ അപേക്ഷ പ്രകാരം സാക്ഷിമരണം കഴിഞ്ഞയുടനെ എഴുതിയിട്ടുള്ള എ.ഡി. 304-ൽ സാക്ഷിമരണം പ്രാപിച്ച മോർ കുറിയാക്കോസ് സഹദായുടേയും അദ്ദേഹത്തിന്റെ മാതാവായ വി. യൂലീത്തിയുടേയും ചരിത്രത്തിൽ ഇപ്രകാരം പറയുന്നു: "കിലിക്യായിലെ തർസൂസ് പട്ടണത്തിന്റെ കോട്ടയുടെ പുറത്ത് മോർ പത്രോസിന്റെയും മോർ പൗലൂസിന്റെയും നാമത്തിൽ ശ്ലീഹന്മാരുടെ ദൈവാലയം പണിയപ്പെട്ടിരുന്നു. ഊർശ്ലേമിലെ മോർ മർക്കോസിന്റെ ദയറായിലുള്ള പള്ളിയുടെ ഭിത്തിമേൽ 1940-ൽ കാണപ്പെട്ട *എസ്ട്രൻഗേലി* ഭാഷയിലുള്ള ശിലാലിഖിതത്തിൽനിന്ന് പ്രസ്തുത ദൈവാലയം വി. ശ്ലീഹന്മാർ ദൈവജനനിയായ മറിയാമിന്റെ നാമത്തിൽ നാമകരണം ചെയ്യപ്പെട്ടിരുന്നുവെന്ന് വെളിപ്പെടുന്നു. ദൈവപ്രമാണത്തെ "മൂശയുടെ ന്യായപ്രമാണ"മെന്ന് വിളിക്കപ്പെട്ടിരിക്കുന്ന പ്രകാരം ദൈവാലയങ്ങൾ ദൈവത്തിന്റേതാണെങ്കിലും പരിശുദ്ധന്മാരുടെ നാമത്തിൽ വിളിക്കപ്പെട്ടിരുന്നു. "വിശ്വാസികൾ ദീർഘദർശിമാരും ശ്ലീഹന്മാരുമെന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്നുവെന്നും" (എഫേ. 2:20) "നഗരത്തിന്റെ മതിലിൽ പന്ത്രണ്ട് അടിസ്ഥാനവും അതിൽ കുഞ്ഞാടിന്റെ പന്ത്രണ്ട് അപ്പോസ്തലന്മാരുടെ പന്ത്രണ്ടുപേരുമുണ്ട്" (വെളി. 21:14) എന്നും വി. വേദപുസ്തകം പഠിപ്പിക്കുന്നുണ്ടല്ലോ.

പാകെ ആടുകൾ മേഞ്ഞുകൊണ്ടിരിക്കവേ അവയിൽ ഒന്നിനെ താൻ തോളിൽ വഹിച്ചുകൊണ്ടുനിൽക്കുന്നത്, വി. കുർബ്ബാന അർപ്പണം ആദിയായ ചിത്രങ്ങൾ അക്കാലത്ത് ധാരാളം ഉപയോഗിച്ചിരുന്നു. റോമാ ചക്രവർത്തിയായ അലക്സാണ്ടർ സേവേറോസ് തന്റെ അരമനയിലെ ഭിത്തികൾ വി. വേദത്തിലെ സംഭവങ്ങളുടെ അനേക ചിത്രങ്ങൾ കൊണ്ടു അലങ്കരിച്ചിരുന്നു. തെർത്തുല്യൻ, തന്റെ കാലത്ത് സഭ വി. കുർബ്ബാനയ്ക്കുപയോഗിക്കുന്ന കാസാമേൽ ഉത്തമ ഇടയന്റെയും ആടുകളുടെയും ചിത്രങ്ങൾ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശ്വാസികൾ  തങ്ങളുടെ മോതിരങ്ങളിന്മേൽ പ്രാവ്, മത്സ്യം എന്നിവയുടെ ചിത്രം കൊത്തുക പതിവുണ്ടായിരുന്നുവെന്ന് അലക്സന്ത്യാക്കാരനായ ക്ലീമ്മീസ് പറഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ള ചിത്രീകരണത്തിന് പല ഉദ്ദേശങ്ങളുമുണ്ടായിരുന്നു. ഒന്നാമതായി, പ്രസ്തുത ചിത്രങ്ങൾ മൂലം തൽസംഭവങ്ങളുടെ സ്മരണയുണ്ടാകുന്നു. രണ്ടാമതായി, വിശ്വാസികളിൽതന്നെ ജ്ഞാനം കുറവുള്ളവർക്ക് അതുകണ്ടു പഠിക്കുവാനായി ഒരു പുസ്തകത്തിനു സദൃശമായ പ്രയോജനവും ചിത്രദ്വാരാ ലഭിച്ചു. കൂടാതെ, ദൈവകല്പനപ്രകാരം മൂശ, ശലോമോൻ എന്നിവർ യഥാക്രമം സഭയിൻകൂടാരം, ഊർശ്ലേം ദൈവാലയം എന്നിവകളിൽ മാലാഖമാരുടേയും മറ്റും ചിത്രങ്ങൾ വച്ച് അവയെ അലങ്കരിച്ചിരുന്നതുപോലെയുള്ള അലങ്കാരത്തിനും ഈ വക ചിത്രീകരണങ്ങൾ ഉപയോഗിക്കപ്പെടുകയുണ്ടായി. ദൈവാലയത്തിലെ ഉപകരണങ്ങളിൽ ഒന്നുപോലും ആർക്കും തന്റെ ഭവനത്തിൽ ഉപയോഗിക്കുവാൻ അധികാരമുണ്ടായിരുന്നില്ല. അങ്ങനെ ആരെങ്കിലും ചെയ്യുവാൻ ഒരുമ്പെട്ടാൽ അവൻ ശിക്ഷിക്കപ്പെടുമായിരുന്നു. പട്ടക്കാരനോ വിശ്വാസിയോ പള്ളിയിൽനിന്ന് എണ്ണയോ മെഴുകുതിരിയോ മോഷ്ടിച്ചാൽ ആ മോഷ്ടിച്ചതു കൂടാതെ അഞ്ചിരട്ടി തിരികെ കൊടുക്കണമെന്നായിരുന്നു നിയമം.

5) *ദിദസ്ക്കാലിയായിൽ* അഥവാ ശ്ലീഹന്മാരുടെ കാനോനാ പുസ്തകത്തിൽ കാണുന്നപ്രകാരം വിശ്വാസികൾ ദിവസത്തിൽ ആറ് പ്രാവശ്യം പ്രാർത്ഥിപ്പാൻ ആവശ്യമാകുന്നു. കർത്താവ് പ്രകാശം ഉത്ഭവിപ്പിച്ചതിനാൽ പ്രഭാതത്തിലും, മൂന്നാംമണി നേരത്ത് പീലാത്തോസിനാൽ കർത്താവ് വിധിക്കപ്പെട്ടതിനാൽ ആ സമയത്തും ആറാംമണി നേരത്ത് കർത്താവ് കുരിശിക്കപ്പെട്ടതിനാൽ അപ്പോഴും എല്ലാ ആതിഭൂതങ്ങളും ഭ്രമിച്ചിളകിയതിനാൽ ഒൻപതാംമണി നേരത്തും, രാത്രിയിൽ ആശ്വാസവും ശാന്തതയും നൽകേണ്ടതിനു സന്ധ്യക്കും, പകൽ സമീപിച്ചു തുടങ്ങുന്നതിന്റെ പ്രത്യാശയിന്മേൽ പൂവൻകോഴി കൂകുന്ന സമയമായ പ്രഭാതആരംഭത്തിനു മുൻപും ഇങ്ങനെ ആറുനേരം പ്രാർത്ഥിപ്പാൻ വി. ശ്ലീഹന്മാർ ക്രമപ്പെടുത്തി.

6) ഈ പ്രാർത്ഥനാശുശ്രൂഷ കൂട്ടമായും തനിച്ച് ഭവനങ്ങളിൽ വച്ചും വിശ്വാസികൾ നിർവ്വഹിച്ചുവന്നിരുന്നു. ഭവനത്തിൽ മറ്റ് അംഗങ്ങൾ ഉണ്ടെങ്കിൽ എല്ലാവരുമൊരുമിച്ചും ഇല്ലെങ്കിൽ തനിച്ചും വളരെ

ബഹുമാനാദരവുകളോടുകൂടി സങ്കീർത്തനത്തിലും മറ്റുമുള്ള ആത്മികഗാനങ്ങൾ പാടിയും വി. പുസ്തകം സഹദേന്മാരുടെ ചരിത്രം മുതലായവ പാരായണം ചെയ്തും അവ നിർവ്വഹിക്കപ്പെട്ടിരുന്നു. എന്നാൽ പൊതുആരാധന എപ്പിസ്കൂപ്പായുടെയോ കശീശായുടെയോ നേതൃത്വത്തിലും മ്ശംശോനേന്മാരുടെ സഹകരണത്തിലും ദൈവാലയത്തിൽ വിശ്വാസികൾ ഒരുമിച്ചു കൂടി ഭക്തിയോടു നിർവ്വഹിക്കപ്പെട്ടു വന്നു. കല്പിക്കപ്പെട്ടിരുന്ന പ്രാർത്ഥനകൾ നിർവ്വഹിച്ചും വി. കുർബ്ബാന അണച്ചും വിശ്വാസികളായ എല്ലാവരും വി. കുർബ്ബാന അനുഭവിച്ചും കഴിഞ്ഞതിന്റെ ശേഷം എല്ലാവരും പോയിരുന്നു. ദൈവാരാധനയുടേയും കുർബ്ബാനയുടേയും സമയത്ത് ധൂപം വീശുക പതിവായിരുന്നു. അത് പട്ടക്കാരൻ ധൂപക്കുറ്റികൊണ്ട് മദ്ബഹായിൽ ധൂപം വച്ചിട്ട് ജനങ്ങളുടെ ഇടയിൽ ചുറ്റിയാണ് വീശിയിരുന്നത്. പ്രത്യേകിച്ച് കുർബ്ബാന സമയത്ത് അങ്ങനെതന്നെ ചെയ്തിരുന്നു. പള്ളിയിൽ പ്രാർത്ഥനയ്ക്കു വരുന്ന രോഗികൾ പ്രാർത്ഥനയുടെ വെള്ളവും എണ്ണയും രോഗശമനത്തിനായി വാങ്ങുമായിരുന്നു. മുടക്കപ്പെട്ടവനോ, അവിശ്വാസിയോ ആയ പട്ടക്കാരനോടുകൂടി വിശ്വാസികളായ ജനങ്ങൾ ഭവനത്തിൽ വച്ചുപോലും പ്രാർത്ഥനയിൽ സംബന്ധിക്കുന്നതിൽനിന്നു വിലക്കപ്പെട്ടിരുന്നു. വിശ്വാസികൾ വേദവിപരീതികളുടേയും ശീശ്മക്കാരുടേയും പള്ളിയിലോ അവരുടെ അധികാരത്തിൽ പെട്ടുപോയ പള്ളികളിലോ അവിടെ പരിശുദ്ധന്മാരുടെ കബറിടമുണ്ടായിരുന്നാൽപ്പോലും പ്രാർത്ഥിപ്പാൻ അനുവാദമില്ലായിരുന്നു. അവരുടെ കുർബ്ബാന അനുഭവിപ്പാനും പാടില്ലായിരുന്നു. ഞായറാഴ്ചയും പെന്തിക്കുസ്തിയുടെ നാളുകളിലും, തങ്ങളുടെ വീഴ്ചകളിൽനിന്നുള്ള എഴുന്നേല്പിന്റെയും രക്ഷകനായ മ്ശിഹായുടെ ഉയിർപ്പു മുഖാന്തിരമുള്ള അവരുടെ ഉദ്ധാരണത്തിന്റെയും ഓർമ്മയ്ക്കുവേണ്ടി വിശ്വാസികൾ പ്രാർത്ഥനാസമയത്ത് കുമ്പിടുകയില്ലായിരുന്നുവെങ്കിലും ഈ ക്രമീകരണം മിക്കവാറും പള്ളികളിലും എന്നല്ലാതെ എല്ലാ പള്ളികളിലും നടപ്പായിട്ടില്ലായിരുന്നു.[8]

7) വലിയ ബഹുമാനത്തോടു കൂടെ ആത്മശോധനയ്ക്കുള്ള ഒരു കണ്ണാടിയെന്നപോലെ പുതിയ നിയമത്തെ ആദരപൂർവ്വം വിശ്വാസികൾ കൈക്കൊണ്ടിരുന്നു. പൂർവ്വികകാലത്ത് പ. ശ്ലീഹന്മാരുടെ എഴുത്തുകൾ അവ ഏതേതു പ്രദേശത്തേക്ക് പ്രത്യേകം ഉദ്ദേശിച്ച് അയയ്ക്കപ്പെട്ടു വന്നുവോ ആ പ്രദേശങ്ങളിലും അതിനു തൊട്ട് അടുത്തുള്ള സ്ഥലങ്ങളിലും വച്ചിരുന്ന വിശ്വാസികളുടെ കൂട്ടംമാത്രം അവയെ നിത്യം വായിച്ചുവന്നിരുന്നു. എന്തുകൊണ്ടെന്നാൽ അതുവരെയും വി. പുതിയ

8 325-ൽ നിഖ്യായിലെ വി. സുന്നഹദോസ് ഈ ക്രമീകരണം പൊതുവിന്റേതാക്കിത്തീർത്തു. പ്രസ്തുത സുന്നഹദോസിന്റെ ഇരുപതാം നിയമത്തിൽ ഇപ്രകാരം പറയുന്നു: "ഞായറാഴ്ചയും പെന്തിക്കുസ്തി ദിവസത്തിലും കുമ്പിടുന്നവരായി ചിലരുണ്ട്. എന്നാൽ എല്ലാ സ്ഥലങ്ങളിലും ഒരുപോലെയും യോജിപ്പായും ഇരിപ്പാനായിട്ട് എല്ലാവരും നിന്നുകൊണ്ടു പ്രാർത്ഥനകൾ അണയ്ക്കണമെന്നു വി. സുന്നഹദോസ് തീർച്ചയാക്കി."

നിയമത്തിലെ പുസ്തകങ്ങൾ മുഴുവനും ഒന്നിച്ചു ക്രോഡീകരിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. എന്നാൽ കുറെ കഴിഞ്ഞ് വിവിധ സ്ഥലത്ത് ക്രിസ്തീയ സഭകൾക്ക് പരസ്പരം അടുപ്പവും സംസർഗ്ഗവും സിദ്ധിച്ചു തുടങ്ങിയപ്പോൾ വേദവിപരീതികൾക്കെതിരായി പൊതുവെയുള്ള പ്രയോജനത്തിനും വിശ്വാസവർദ്ധനവിനുംവേണ്ടി പ. ശ്ലീഹന്മാരുടേതെന്ന് നിശ്ചിതമായി വിശ്വസിക്കപ്പെട്ടുവന്ന എഴുത്തുകൾ വിശ്വാസികൾ അന്യോന്യം കൈമാറുവാൻ തുടങ്ങി. മോശയുടെ ന്യായപ്രമാണ പുസ്തകങ്ങൾ മ്ശിഹായുടെ കാലംവരെയും സംഘാലയങ്ങളിൽ വായിക്കപ്പെട്ടുവന്നു. മ്ശിഹാ തന്റെ പതിവനുസരിച്ച് ശാബതു ദിവസം സംഘാലയത്തിൽ പ്രവേശിച്ച് വായിക്കുവാൻ എഴുന്നേൽക്കുകയും ഏശായാ ദീർഘദർശിയുടെ പുസ്തകം വായിക്കുവാൻ തുടങ്ങുകയും ചെയ്തു. (ലൂക്കോ. 4:16) നമ്മുടെ കർത്താവിന്റെ സഹോദരനായ യാക്കൂബ് ഊർശ്ലേമിലെ സുന്നഹദോസിൽവച്ച് മോശയുടെ ന്യായപ്രമാണം ശബതുതോറും പള്ളികളിൽ വായിച്ചുവരുന്നതിനാൽ പൂർവ്വകാലംമുതൽ പട്ടണംതോറും അത് പ്രസംഗിക്കുന്നവരുണ്ടല്ലോ?" എന്നു പറഞ്ഞു (പ്രക്. 15:21). വി. പൗലൂസ് ശ്ലീഹായും അവന്റെ സഖികളും പിസിദ്യായിലെ അന്ത്യോഖ്യയിലേക്കുവന്നപ്പോൾ ശാബതുദിവസം സംഘാലയത്തിലേക്കു പ്രവേശിക്കുകയും ന്യായപ്രമാണവും ദീർഘദർശനങ്ങളും വായിക്കുന്നതു കേൾക്കുവാൻ ഇരിക്കുകയും ചെയ്തു. (പ്രക്. 13:14-15). വി. പൗലൂസ് ശ്ലീഹാ തന്റെ പ്രസംഗത്തിൽ "ശാബതുതോറും വായിച്ചുവരുന്ന പ്രവാചകന്മാരുടെ വചനങ്ങളെ നിവൃത്തിവരുത്തി" (പ്രക് 13:27) യഹൂദന്മാർ പഴയനിയമപുസ്തകങ്ങളിൽനിന്ന് വായിച്ചിരുന്നതുപോലെ ക്രിസ്ത്യാനികളും ആരംഭംമുതൽ വി. വേദം പ്രത്യേകിച്ച് മസ്മൂർ തങ്ങളുടെ പള്ളികളിൽ വായിച്ചുവരുന്നു. (കൊലോ. 4:16) രണ്ടാം നൂറ്റാണ്ടിൽ വി. യുസ്തീനോസ്, തെർത്തുല്യാനോസ് എന്നിവർ ശ്ലീഹമാരുടെ വചനങ്ങളും വായിക്കുവാനും സങ്കീർത്തനങ്ങൾ പാടുവാനും വിശ്വാസികൾ ഞായറാഴ്ചദിവസം ഒന്നിച്ചുകൂടിയിരുന്നുവെന്നു സാക്ഷിക്കുന്നു. വി. വേദപുസ്തകപാരായണ സമയത്ത് മെഴുകുതിരി കത്തിക്കുമായിരുന്നു.[8]

---

8 വേദവിപരീതിയായ വഞ്ചീലന്നിയോസിന് എതിരായി മോർ ഈറോനീമോസ് (ജറോം) എഴുതിയ പുസ്തകത്തിൽ ഇപ്രകാരം പറയുന്നു: "ഏവൻഗേലിയോൻ വായനസമയത്ത് പൗരസ്ത്യസഭകൾ ചെയ്തുപോരുന്നതനുസരിച്ചുള്ള കത്തിച്ചുപയോഗിച്ചിരുന്ന മെഴുകുതിരികൾ വെളിച്ചം കാണുന്നതിനുവേണ്ടിയല്ല, എന്നാലോ ബുദ്ധിയുള്ള കന്യകമാരുടെ ദീപികകൾ കത്തിയിരുന്നതുപോലെ ഏവൻഗേലിയോനിലുള്ള സന്തോഷം കാണിക്കുന്നതിനുവേണ്ടിയാണ് ആയത് ദൃശ്യമായ വെളിച്ചത്തിന്റെ സാദൃശ്യത്തിൽ "നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കും എന്റെ ഊടുവഴികൾക്കു പ്രകാശവുമാകുന്നു" (സങ്കീ. 119:105) എന്നു സങ്കീർത്തനത്തിലും സദൃശവാക്യത്തിൽ "കല്പന ദീപയഷ്ടിയും പ്രമാണം പ്രകാശവുമാകുന്നു" എന്നും (സദൃശ. 6:23) പറഞ്ഞിരിക്കുന്നതു വെളിപ്പെടേണ്ടതിനുവേണ്ടിയാകുന്നു.

8) വി. വേദം ശാസിക്കുന്നതനുസരിച്ച് വി. സഭയിൽ ആരംഭകാലം മുതൽ വി. നോമ്പ് ഭയഭക്തിയോടുകൂടി ആചരിക്കപ്പെട്ടുവന്നിരുന്നു. എന്നാൽ നോമ്പിന്റെ അവസരങ്ങൾ വി. സഭയിൽ എല്ലാ ഇടവക കളിലും ഒരേ വിധത്തിൽ അന്നു ക്രമീകരിക്കപ്പെട്ടിരുന്നില്ല. നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവ ദിവസംമാത്രം നോമ്പായി വിശ്വാസികൾ ആദ്യം ആചരിച്ചുവന്നു. എന്നാൽ ഈ ആചരണം ആ ദിവസക്കണക്ക നുസരിച്ചും തിയതിക്കണക്കനുസരിച്ചും ഇങ്ങനെ രണ്ടുവിധത്തിൽ നിർ വ്വഹിച്ചുവന്നിരുന്നു. ഏഷ്യാമൈനറിലുണ്ടായിരുന്ന സഭകൾ ചന്ദ്രഗ്രഹ ണമനുസരിച്ച് മേടം 14-ാം തിയതി തങ്ങൾ കർത്താവിന്റെ കഷ്ടാനു ഭവം സംബന്ധിച്ചുള്ള സ്മരണയെ നിർവ്വഹിക്കുന്നതോടെ ഈ നോമ്പ് ആചരിച്ചുവന്നു. ആ ശുശ്രൂഷകൾ അവസാനിക്കുന്നതോടുകൂടി ആ നോമ്പും അവസാനിച്ചിരുന്നു. ഇതര സഭകളിൽ തിയതിക്കണക്കല്ലാതെ ദിവസക്കണക്കനുസരിച്ച് മ്ശിഹായുടെ കഷ്ടാനുഭവത്തിന്റേയും സ്ക്കീ പ്പൂസായുടെയും സ്മരണ നിർവ്വഹിച്ചുവന്നിരുന്ന വെള്ളിയാഴ്ച ദിവസം ഒമ്പതാം മണിനേരം മുതൽ എല്ലാ ഭക്ഷ്യപാനീയാദികളിൽനിന്നുമുള്ള പരിപൂർണ്ണ ഉപവാസത്തോടുംകൂടെ അവർ നോമ്പ് ആരംഭിച്ച് നമ്മുടെ കർത്താവിന്റെ ഉയിർപ്പുസമയമായ ഞായറാഴ്ച പാതിരാത്രിവരെ തീക്ഷ് ണമായ ഭക്തിയോടും ബഹുമാനത്തോടുംകൂടി ആചരിക്കുകയും അതി നുശേഷം അവസാനിപ്പിക്കുകയും ചെയ്തുവന്നു. വെള്ളിയാഴ്ചയും ബുധനാഴ്ചയും വിശ്വാസികൾ അനുതാപസൂചകമായി നോമ്പ് ആചരി ച്ചിരുന്നു. നമ്മുടെ കർത്താവിനെ വധിക്കേണ്ടതിന് യഹൂദന്മാർ ഒരുമി ച്ചുകൂടി ആലോചിച്ചത് ബുധനാഴ്ചയാകയാൽ അന്നും കർത്താവിന്റെ കഷ്ടാനുഭവദിവസം വെള്ളിയാഴ്ചയാകയാൽ അന്നും ഉപവസി ക്കണമെന്നത്രെ സഭ നിശ്ചയിച്ചത്. ആദിമ ക്രിസ്ത്യാനികൾ വി. ശ്ലീ ഹന്മാരിൽനിന്നും പ്രാപിച്ചപ്രകാരം ബുധനാഴ്ചയും വെള്ളിയാഴ്ചയും ഒമ്പതാംമണിനേരം വരെ (ഇരുപത്തിരണ്ടര) ഭക്ഷണത്തിൽനിന്ന് ഒഴിഞ്ഞിരിക്കുമായിരുന്നുവെന്ന് വി. അപ്പിപ്പാനോസ് പറയുന്നു. (75-ാം വേദവിപരീതത്തെക്കുറിച്ചുള്ള തന്റെ പുസ്തകം വായിക്കുക). എന്നാൽ ആ കാലത്ത് തെർത്തുല്യാനോസും മറ്റും ദിവസം മുഴുവനും ഉപവസി ക്കണമെന്നു വാദിച്ചിരുന്നു. പന്ത്രണ്ടു ശ്ലീഹന്മാരുടെ ഉപദേശപുസ്തക ത്തിൽ "നിങ്ങളുടെ ഉപവാസം തിങ്കളാഴ്ചയും വ്യാഴാഴ്ചയും ഉപവസി ക്കുന്ന മുഖസ്തുതിക്കാരോടുകൂടിയാകരുത്. എന്നാലോ ബുധനാഴ് ചയും വെള്ളിയാഴ്ചയും ഉപവസിക്കുക." (പേജ് 8) അനന്തരം കർ ത്താവിന്റെ കഷ്ടാനുഭവത്തെ സംബന്ധിച്ചുള്ള ആഴ്ച മുഴുവനും നോമ്പ് ആചരിച്ചുതുടങ്ങി. ആ ദിവസങ്ങളിൽ ഒമ്പതാംമണിനേരംവരെ എല്ലാ ഭക്ഷ്യപാനീയാദികളിൽനിന്നും വിശ്വാസികൾ പൂർണ്ണമായി ഉപവ സിക്കുകയും അനന്തരം അപ്പം, ഉപ്പുവെള്ളം എന്നിവ അനുഭവിച്ച് നോമ്പ് അവസാനിപ്പിക്കുകയും ചെയ്യുമായിരുന്നു. പ്രസ്തുത നോമ്പു കൾ ഒന്നാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലും രണ്ടാം ശതകത്തിന്റെ

പ്രാരംഭഘട്ടത്തിലുമായിട്ടാണ് ക്രമീകരിക്കപ്പെട്ടത്. അതിനുശേഷമാണ് നാല്പതു നോമ്പു ക്രമീകരിച്ചത്. എന്നാൽ അതിന്റെ ആചരണം സംബന്ധിച്ച് നിശ്ചിതമായ ഒരു തിയതി ആരംഭംമുതലേ പൊതുവെ ക്രമീകരിച്ചിരുന്നില്ല. ചിലർ ദനഹാ കഴിയുന്ന ഉടനെ ഈ നോമ്പ് ആചരിച്ചുവന്നു. ശനിയാഴ്ചയും ഞായറാഴ്ചയും ഉപവാസമില്ലായിരുന്നു. എന്നാൽ മറ്റു ദിവസങ്ങളിൽ ഒമ്പതാം മണി നേരംവരെയായിരുന്നു ഉപവാസം. ഈ നാല്പതു ദിവസം അനുതാപത്തിനും ആത്മതപനത്തിനുമുള്ള പ്രത്യേക അവസരമായിരുന്നതുകൊണ്ട് ശനി, ഞായർ എന്നീ ദിവസങ്ങളിലല്ലാതെ മറ്റു ദിവസങ്ങളിൽ വി. കുർബാന അണയ്ക്കുന്നതു വിരോധിക്കപ്പെട്ടിരുന്നു.[9] പ്രസ്തുത ദിവസങ്ങളിൽ വി. കുർബാന വിരോധിക്കപ്പെട്ടിരുന്നത്, വി. കുർബ്ബാന ആനന്ദപ്രദമായ അനുഭവവും, ഉപവാസം പശ്ചാത്താപത്തിന്റെ അനുഭവവും പ്രദ്യോതിപ്പിക്കപ്പെട്ടിരുന്നതിനാലത്രെ. ഇവ കൂടാതെ ആത്മശുദ്ധീകരണാർത്ഥം വിശ്വാസികൾ സ്വയമായിട്ടുതന്നെ സ്വീകരിച്ചുവന്നിരുന്ന നോമ്പുകളും ശിക്ഷണാപരമായി അനുതാപികളുടെ മേൽ ശാസിതങ്ങളായിട്ടുള്ള ഇതര നോമ്പുകളും ഉണ്ടായിരുന്നു.

9) ക്രിസ്തുവിന്റെ കൊടിക്കീഴിൽനിന്ന് ലോകത്തോടും സാത്താനോടും ഇടവിടാതെ യുദ്ധംചെയ്യുന്നതിന് തങ്ങൾക്ക് ആവശ്യമായ ഒരായുധമാണു സ്ലീബായെന്ന് വിശ്വാസികൾക്ക് അനുഭവമായതിനാൽ അവർ ദുഷ്ടാത്മാക്കളുടെ വിപരീതായുധത്തിനെതിരായി ഉത്തമവും ഉത്തേജകവുമായ ഒരു അഭയധ്വജമെന്നവണ്ണം വി. സ്ലീബായെ വണങ്ങുകയും നെറ്റികളിൽ മുദ്രകുത്തുകയും ഭുജങ്ങളിൽ വഹിക്കുകയും ചെയ്തിരുന്നു. വിശ്വാസികൾ എന്തുതന്നെ ചെയ്യുന്നതിനും മുമ്പ്, അത്ഭുതങ്ങൾ ദൈവത്തിനും തന്റെ തിരുനാമമഹത്ത്വത്തിനും വേണ്ടിയാണ് ചെയ്യുന്നത് എന്നു കാണിപ്പാൻവേണ്ടി ത്രിത്വനാമത്തിൽ തങ്ങളുടെ ശരീരത്തിൽ കുരിശുവരയ്ക്കുമായിരുന്നു. അതായത് വീട്ടിൽനിന്ന് പുറപ്പെടുമ്പോഴും വീട്ടിലേക്കു പ്രവേശിക്കുമ്പോഴും വസ്ത്രം ധരിക്കുമ്പോഴും ഭക്ഷിക്കുമ്പോഴും ഇരിക്കുമ്പോഴും കുളിക്കുമ്പോഴും തർത്തുല്യാനോസു പറയുന്നതുപോലെ അവരുടെ സകലപ്രവർത്തികളിലും ചലനങ്ങളിലും തന്നെ. അതുപോലെതന്നെ തങ്ങളുടെ പാപങ്ങൾക്കുവേണ്ടിയുള്ള മ്ശിഹായുടെ മരണത്തിന്റെ ഓർമ്മ തങ്ങളുടെ കണ്ണുകൾക്കുമുമ്പാകെ സദാ ഉണ്ടാകുവാനും കുരിശുവരയെ അവർ പ്രയോജനപ്പെടുത്തിയിരുന്നു.

ഓറിജാനോസ് പറയുംപോലെ സ്ലീബായേ അവർ ആരാധിക്കുന്നുവെന്നു കാവ്യനും തത്ത്വജ്ഞാനിയുമായ "കെൽസൂസ്" ക്രിസ്ത്യാനികളെ കുറ്റപ്പെടുത്തുന്നുണ്ടായിരുന്നു. അയാൾ പറയുന്നത് "അവന്റെ അന്യായത്തിനുവേണ്ടി കഠിന ദണ്ഡനശിക്ഷ നല്കപ്പെട്ട മനുഷ്യനെ

---

9 എ.ഡി. 364-ൽ കൂടിയ ലവുദിക്യായിലെ സുന്നഹദോസിന്റെ 49-ാം നിയമം ഈ ശ്ലൈഹിക പാരമ്പര്യത്തെ സ്ഥിരീകരിച്ചു.

ക്രിസ്ത്യാനികൾ ആരാധിക്കുന്നു. അവർ അവരർഹിക്കുന്നതിനെ അതായത് സ്ലീബായെ വന്ദിക്കുന്നു." വീണ്ടും അയാൾ പറയുന്നു: "കണ്ടാലും നിങ്ങൾക്ക് ശിക്ഷകളും ദണ്ഡനങ്ങളും കുരിശുകളും ഒരുക്കപ്പെട്ടിരിക്കുന്നു. അവയെ നിങ്ങൾ ആരാധിപ്പാനല്ല. എന്നാലോ അവയുടെ ദണ്ഡനം നിങ്ങൾ അനുഭവിപ്പാനത്രെ." വിശ്വാസികൾ കുരിശ് കഴുത്തിൽ തൂക്കിയിടുകയും കൈകളിൽ അച്ചുകുത്തുകയും ഭവനത്തിലെ അനവധി സാമാനങ്ങളിന്മേലും പള്ളികളിന്മേലും അവയിലെ സാമാനങ്ങളിന്മേലും കുരിശുവരയ്ക്കുകയും അടയാളപ്പെടുത്തുകയും അവരുടെ സ്നേഹിക്കപ്പെട്ട മൃതരുടെ കബ്റുകളിന്മേൽ കൊത്തുകയും ചെയ്യുമായിരുന്നു.

10) ഏഴ് കൂദാശകൾ വിശ്വാസികൾ സ്വീകരിക്കുകയും ഭയഭക്തിയോടുകൂടെ അത് ആചരിക്കുകയും ചെയ്തുവന്നു.

**മാമോദീസാ**

ഇത് പിതാവിന്റെയും, പുത്രന്റെയും പരിശുദ്ധ റൂഹായുടേയും നാമത്തിൽ മൂന്ന് പ്രാവശ്യമുള്ള മുങ്ങൽ[10] മുഖാന്തരമായി നൽകപ്പെട്ടുവന്നു. തദവസരത്തിൽ നെറ്റിയിൽ കുരിശടയാളംകൊണ്ട് മുദ്രകുത്തുമായിരുന്നു. ചിലപ്പോൾ രോഗാതുരരെ തളിച്ച് സ്നാനപ്പെടുത്തിയും വന്നിരുന്നു. എന്നാൽ ഈ തളിപ്പുസ്നാനം, യഥാർത്ഥ മാമോദീസായായി പരിഗണിക്കാമോ എന്ന വിഷയത്തെക്കുറിച്ച് പിതാക്കന്മാരുടെയിടയിൽ പല തർക്കങ്ങളുമുണ്ടായിട്ടുണ്ട്.[11] ക്രിസ്തുമതത്തിലേക്കു പ്രായം ചെന്നവരേയും ശിശുക്കളേയും ചേർത്തുവന്നിരുന്നതിനാലും പല വേദവിപരീതങ്ങളും മുളച്ചുവന്നിരുന്നതിനാലും വി. സഭയിൽ കളകൾ പ്രവേശിക്കാതെ ആത്മാക്കൾ പഴയ പുളിമാവിൽനിന്ന് പൂർണ്ണമായി വെടിപ്പാകപ്പെടേണ്ടതിന് ക്രിസ്തുമതത്തെ അവലംബിപ്പാൻ ആഗ്രഹിച്ചിരുന്നവരുടെ ഒരുക്കത്തിനായി നിശ്ചിതമായ കാലനിർണ്ണയം വി. സഭ ക്രമപ്പെടുത്തിയിരുന്നു. അക്കാലത്ത് സമർത്ഥന്മാരും ഉത്തമന്മാരുമായ സുശിക്ഷിത മല്പാന്മാരുടെ ശ്രദ്ധാപൂർവ്വമായ മേൽനോട്ടത്തിൽ പള്ളിയുടെ മണ്ഡപത്തിൽ വച്ച് മൂന്നു വർഷങ്ങളോളം തുടർച്ചയായി അവർക്ക് ഉപദേശം നൽകപ്പെട്ടുവന്നിരുന്നു. ഇവരിൽ മൂന്നു കൂട്ടരുണ്ടായിരുന്നു. ഈ പരിശീലനത്തിലൂടെ ഓരോ ആത്മാവിനേയും വി. മാമോദീസായ്ക്ക് ഒരുക്കിവന്നിരുന്നു. എന്നാൽ മരണത്തിനടുത്ത അത്യാവശ്യം നേരിടുന്നുവെങ്കിൽ ഈ കാലാവധിക്കു മുമ്പായി മാമോദീസാ നൽകപ്പെടുകയും ചെയ്തിരുന്നു. അതുപോലെതന്നെ വിശ്വാസതീക്ഷ്ണുത പ്രത്യക്ഷപ്പെടുത്തുന്നവരുടെ കാര്യത്തിലും ഈ കാലാവധി കുറച്ചുകൊടുത്തിരുന്നു. ശിശുക്കളുടെ മാമോദീസാ ശ്ലൈഹികപാരമ്പര്യമായിരുന്നുവെന്നു വരികിലും ചില സ്ഥലങ്ങളിൽ പ്രായം ചെന്നവരേയും

10 ശ്ലീഹന്മാരുടെ 250-ാം കാനോൻ നോക്കുക.

11 വി. കുപ്രിയാനോസിന്റെ 76-ാം ലേഖനമായ മഗ്നോം എന്ന ആളിന് എഴുതിയിട്ടുള്ള ലേഖനം നോക്കുക.

മാമോദീസാ മുക്കിവന്നു. മറ്റു ചില സ്ഥലങ്ങളിൽ 30 വയസ്സ് പ്രായമാകുന്നവരെ മാത്രം മുക്കിവന്നു. ഈ സംഗതിയിൽ ഒരു ഏകീകരണം വരുത്തുവാൻ സഭ ശ്രമിച്ചു. ശിശുക്കളുടെ മാമോദീസാ ഒരു പൊതു പതിവ് ആയിത്തീരണമെന്നുള്ള തങ്ങളുടെ താല്പര്യം അവരുടെ കാനോനാകളിൽ വി. ശ്ലീഹന്മാർ പ്രത്യക്ഷമാക്കിയിട്ടുണ്ട്. വി. ഈറനീവോസും[12] വേദശാസ്ത്രജ്ഞനായ ഓറിജാനസും[13] വി. കുപ്രിയാനോസിന്റെ[14] അദ്ധ്യക്ഷതയിൽ കാർത്തേജിൽവച്ചു കൂടിയ സുന്നഹദോസും ശിശുക്കളുടെ മാമോദീസാ നീതിപൂർവ്വകമാണെന്നും സ്പഷ്ടമാക്കുന്നുണ്ട്. നോമ്പാലും പ്രാർത്ഥനയാലും സാത്താനെ നിരസിച്ച് സത്യവിശ്വാസ ഏറ്റുപറച്ചിലിനാലും മാമോദീസായിക്കായി ശിഷ്യപ്പെടുന്നവർ ഒരുക്കപ്പെട്ടുവന്നു. ശിശുക്കളുടെ മാമോദീസായിൽ അവരെ വഹിക്കേണ്ടതിനും അവർക്കു പകരമായി വിശ്വാസമേറ്റു പറയേണ്ടതിനും സാത്താനെ ഉപേക്ഷിക്കേണ്ടതിനും മദ്ധ്യസ്ഥന്മാരെ നിർത്തിവന്നു. ഈ സ്ഥാനി, ശിശുവിന് ഒരു ആത്മിക പിതാവിന്റെ സ്ഥാനംകൂടി അനുഷ്ഠിക്കുന്നു. സത്യവിശ്വാസത്തിലും സുകൃതത്തിലും ശിശുക്കളെ വളർത്തിക്കൊണ്ടുവരുവാനുള്ള ചുമതല അവരിൽ ഭരമേൽപ്പിക്കപ്പെടുന്നു.

---

12 വേദവിപരീതികൾക്കെതിരായിട്ടുള്ള തന്റെ പുസ്തകം 11:22. നോക്കുക.

13 ഓറിജാനസ് എഴുതിയിട്ടുള്ള വി. ലൂക്കോസിന്റെ വ്യാഖ്യാനം 14-ാം *മിമ്രാ* നോക്കുക.

14 വി. കുപ്രിയാനോസെഴുതിയിട്ടുള്ള 59-ാം ലേഖനവും, ഫീഭൂമിന്റെ പേർക്കായി എഴുതിയിട്ടുള്ള തന്റെ 64-ാം ലേഖനവും കാണുക. ജസിലർ എഴുതിയ സഭാചരിത്രവും (വാല്യം 1 പേജ് 277) നോക്കുക.

മോർ മീഖായേൽ റാബോ തന്റെ സഭാചരിത്രത്തിൽ ഏഴാം നൂറ്റാണ്ടിൽ (636+) ശ്മീശത്തിലെ എപ്പിസ്കൂപ്പായായിരുന്നദേഹവും മോർ അത്താനാസ്യോസ് ഗാമോലോ (അന്ത്യോഖ്യായിലെ) പാത്രിയർക്കീസിന്റെ സഹോദരനുമായിരുന്ന മോർ സേവേറിയോസിനെ പറ്റി ഇപ്രകാരം പറയുന്നു: "ദൈവം അവന്റെ അദ്ധ്വാനങ്ങളുടെ പ്രതിഫലമായി അത്ഭുതപ്രവർത്തികളുടെ നൽവരം നൽകി. അനേകരിൽനിന്ന് അവൻ പിശാചുക്കളെ പുറത്താക്കി. രോഗികളെ സൗഖ്യപ്പെടുത്തി. മരിച്ചവരെ ജീവിപ്പിച്ചു. അവന്റെ കുടുംബത്തിൽപെട്ട മാബൂഗുകാരനായ ഒരു സൈന്യാധിപൻ പേർഷ്യായിലെ ശഹർബറസിൽ നിന്നും (കർത്താവിന്റെ കുരിശുമരം തിരിച്ചെടുക്കുകയും അതു മാബൂഗിൽ വച്ച് ഹീറക്ലീ രാജാവിനു കൊടുക്കുകയും ചെയ്തു. ഈ സൈന്യാധിപന്റെ മകൻ മാമോദീസാ പ്രാപിക്കുന്നതിനുമുമ്പ് മരിച്ചു. ഉടനെ തന്നെ ആശ്വസിപ്പിക്കുന്നതിനായി മോർ സേവേറിയോസ് ചെല്ലണമെന്ന് സൈന്യാധിപൻ അവനെ അറിയിച്ചു. അവൻ ചെന്നപ്പോൾ കുട്ടിയുടെ മാതാവ്, അവന്റെ അടുത്തുവന്ന് കുട്ടി, ജീവൻപ്രാപിച്ചു മാമോദീസാ ഏൽക്കുന്നതിന് ദൈവത്തോട് പ്രാർത്ഥിക്കണമെന്നപേക്ഷിച്ചു. അവൻ അതിനു സമ്മതിച്ചില്ലെങ്കിലും കൂടുതൽ നിർബന്ധിച്ചപ്പോൾ അങ്ങനെ പ്രാർത്ഥിച്ചു. കുട്ടിയുടെ കൈകളിൽ പിടിച്ച് എഴുന്നേൽപിച്ചിട്ട് മാമോദീസാമുക്കി തലതൊട്ടു. കുട്ടി മുലകുടിച്ചു. പിന്നീട് ദൈവം ഈ കുട്ടിക്കു വിധിച്ചതനുസരിച്ച് അത് കളങ്കമെന്യേയും നിർമ്മലനായും സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശിക്കുന്നതിനല്ലാതെ എനിക്കു മനസ്സു വരുന്നില്ല എന്നു മോർ സേവേറിയോസ് പറഞ്ഞപ്പോൾ മാതാപിതാക്കന്മാർ അതിനു സമ്മതിച്ചു. ഉടനെ ശിശു മരിച്ചു" (പേജ് 418-419)

എ.ഡി. 95-ൽ രക്തസാക്ഷിയായ വി. പൗലൂസ്ശ്ലീഹായുടെ ശിഷ്യൻ "അറിയോസ്പാഗോസിലെ" വി. ദിവന്നാസ്യോസ്, ശ്ലീഹന്മാർ ഇങ്ങനെ ഭരമേല്പിച്ചിരുന്നുവെന്ന് സാക്ഷിക്കുന്നു. മാമോദീസാ സമയത്ത് പുരുഷന്മാർ പുരുഷന്മാരേയും സ്ത്രീകൾ സ്ത്രീകളേയും തലതൊട്ടിരുന്നു. ആദ്യം ആൺകുട്ടികളേയും പിന്നീടു പെൺകുട്ടികളേയും മാമോദീസാ മുക്കുമായിരുന്നു. ഇതരദിവസങ്ങളിൽ നടത്തപ്പെട്ടുവന്നിരുന്നതു കൂടാതെ ഉയിർപ്പുപെരുനാളിനു മുമ്പുള്ള വലിയ ശനിയാഴ്ചയെ മാമോദീസായ്ക്കായി പ്രത്യേകം വേർതിരിച്ചിരുന്നു.[15] മാമോദീസാ സ്വീകരിച്ചുവന്നിരുന്നവർ ചെറിയവരോ വലിയവരോ ആയിരുന്നാലും വി. കുർബാനയിൽ സംബന്ധിക്കുകയും അത് സ്വീകരിക്കുകയും ചെയ്തുവന്നിരുന്നു. എപ്പിസ്കൂപ്പാ, കശീശാ എന്നിവർക്കു മാത്രമേ മാമോദീസാശുശ്രൂഷ നടത്തിക്കൊടുപ്പാൻ അധികാരമുണ്ടായിരുന്നുള്ളൂ. എന്നാൽ അതുപോലെ അവശ്യം അവശ്യം നേരിടുന്നുവെങ്കിൽ ശെമ്മാശനേയും അനുവദിക്കുമായിരുന്നു.

## വി. മൂറോൻ

ഇത് മഹാപ്രധാനാചാര്യനാൽ മാത്രം കൂദാശ ചെയ്യപ്പെടുകയും[16] പട്ടക്കാർക്കു നൽകപ്പെടുകയും ചെയ്തിരുന്നു. മാമോദീസാ കൂദാശനടത്തിക്കഴിഞ്ഞാലുടൻ ഈ വി. തൈലംകൊണ്ട് പുരോഹിതന്മാർ[17] വിശ്വാസികളെ അഭിഷേകം ചെയ്തിരുന്നുവെന്ന് തെർത്തുല്യാനോസ് സാക്ഷിക്കുന്നു. പ്രായമുള്ള സ്ത്രീകളേ മാമോദീസാ മുക്കുമ്പോൾ, മുക്കുന്ന ആചാര്യനോ പ്രധാനാചാര്യനോ അവരുടെ തലയിൽ പൂശുകയും ശരീരത്തിന്റെ ശേഷം ഭാഗം *മ്ശംശോനീസോ* (ശുശ്രൂഷക്കാരി) പൂശുകയുംചെയ്തിരുന്നു.

## വി. കുമ്പസാരം

പാപങ്ങളെ ഏററുപറയുന്ന കൂദാശയാണ് വി. കുർബാന അനുഭവിക്കുന്നതിനു മുമ്പ് ഈ കൂദാശ സ്വീകരിക്കുന്നു. ഈ ക്രമീകരണം വി. ശ്ലീഹന്മാരുടെ കാലം മുതൽതന്നെ വി. സഭ സ്വീകരിച്ചിരുന്നു. "ശ്ലീഹന്മാരുടെ ഉപദേശം" എന്ന പുസ്തകത്തിൽ തൽസംബന്ധമായി പ്രസ്താവിച്ചിട്ടുണ്ട്. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈ പുസ്തകം എഴുതപ്പെട്ടു. വിശ്വാസികൾ പള്ളിയിൽ ഒരുമിച്ചുകൂടുമ്പോൾ പട്ടക്കാരന്റെ സാന്നിദ്ധ്യത്തിൽ സഭാമുമ്പാകെ നിന്ന് പാപി, തന്റെ പാപങ്ങളെ

---

15 വലിയനോമ്പ് ആരംഭിച്ചു രണ്ടാഴ്ച കഴിഞ്ഞാൽ പിന്നീട് മാമോദീസാ നടത്താൻ പാടില്ലെന്നു എ.ഡി. 364-ൽ ലവോദിക്യായിൽകൂടിയ സുന്നഹദോസിന്റെ 45-ാം നിയമം തീരുമാനിച്ചിരിക്കുന്നു.

16 ബാർ എബ്രായയുടെ *മ്നോറസ്കുദിശേ* എന്ന പുസ്തകം ശേത്സ്തോ 6 കേപ്പാലേയോൻ 2 പോസുക്കോ 2 നീശോ 4.

17 *ശ്ലീഹന്മാരുടെ കാനോനാകൾ* പുസ്തകം 7-22, 43 എന്നീ അദ്ധ്യായങ്ങൾ നോക്കുക.

പരസ്യമായി ഏററുപറയുകയോ അല്ലെങ്കിൽ പട്ടക്കാരന്റെ മുമ്പാകെ രഹസ്യമായി മാത്രം ഏററുപറയുകയോ, ഇങ്ങനെ രണ്ടു വിധത്തിൽ ഇത് നിർവഹിക്കപ്പെട്ടുവന്നു. ഈ ഏററുപറയുന്നവർ മൂന്നു സംഗതികൾ നിവർത്തിക്കേണ്ടതായിട്ടുണ്ടായിരുന്നു. 1) പാപങ്ങളെ ഏററുപറയുക. 2) സത്യഅനുതാപത്തെ പ്രദർശിപ്പിക്കുക. 3) അവന്റെ ശിക്ഷണത്തിലേക്കായി നിർദ്ദേശിക്കപ്പെടുന്ന സംഗതികൾ അനുവർത്തിക്കുക. ഇവയ്ക്കുശേഷം അവൻ ശരിയായ ഒരു അനുതാപി ആയിത്തീർന്നിട്ടുണ്ടോ എന്ന് പട്ടക്കാരൻ പരിശോധിക്കുകയും അവൻ യോഗ്യനായിത്തീർന്നുവെന്ന് ബഹുമാന്യരായ സാക്ഷികളിൽനിന്നു ഗ്രഹിക്കുകയും ചെയ്യുമ്പോൾ അദ്ദേഹം അവന് വിമോചനം നൽകുന്നു. ഇങ്ങനെയുള്ള പാപികളുടെ അനുതാപപരീക്ഷണാർത്ഥം രോഗത്തിന് ഔഷധമെന്നപോലെ അവരുടെ മേൽ അവസ്ഥാനുസരണമായ ശിക്ഷകൾ-ചിലപ്പോൾ മരണത്തോളം ദൈർഘ്യമുള്ള ശിക്ഷകൾ-തന്നെ നിർദ്ദേശിക്കപ്പെടുന്നു. ഈ കാലമത്രയും വി. കുർബാന കാണുന്നതിനോ സ്വീകരിക്കുന്നതിനോ അവർക്ക് അനുവാദമില്ല. എന്നാൽ പരിശുദ്ധ പുസ്തകവായനകളിലും, ഉപദേശങ്ങൾ കേൾക്കുന്നതിലും, പ്രാർത്ഥനകളിലും അവർക്കു സംബന്ധിക്കാം. അതിനുശേഷം അവർ പിരിഞ്ഞുപോകേണ്ടിയിരുന്നു. രഹസ്യമായിട്ടുപോലും അങ്ങനെയുള്ളവർ വി. കുർബാന കാണാതെയിരിപ്പാൻ പള്ളിവാതിലുകൾ ബന്ധിക്കപ്പെട്ടിരുന്നു. ഉപദേശം സ്വീകരിക്കപ്പെടുന്നവരൊന്നിച്ച് ആ അവസരത്തിൽ അവർ മണ്ഡപത്തിൽ കഴിച്ചുകൂട്ടാവുന്നതാണ്.

## വി. കുർബാന

മിക്കവാറും ഞായറാഴ്ച ദിവസങ്ങളിൽ സഭയിൽ വി. കുർബാന അണയ്ക്കപ്പെട്ടുവന്നു. യൗനായഭാഷയിൽ "ആഗാബിയ"* എന്നു വിളിക്കപ്പെടുന്ന ഒരു സ്നേഹവിരുന്നിനുശേഷമാണ് വി. കുർബാന അനുഷ്ഠിച്ചിരുന്നത്. രണ്ടാം നൂറ്റാണ്ടിൽ "ആഗാബിയ" വി. കുർബാന അണയ്ക്കപ്പെടുന്ന പ്രഭാതത്തിനുമുമ്പുള്ള സന്ധ്യയിൽ നിവർത്തിക്കപ്പെട്ടിരുന്നു. വിശ്വാസികൾ വർദ്ധിച്ചപ്പോൾ "ആഗാബിയ" എന്നുള്ളത് ദരിദ്രർക്കായിട്ടുള്ള ഒരു ഭക്ഷണം മാത്രമായിത്തീർന്നു. പുരോഹിതന്മാരും ഇതിൽ സംബന്ധിച്ചുവന്നു.[18] വി. കുർബാനയ്ക്കു വിശ്വാസികൾ തങ്ങളുടെ സ്ഥിതി അനുസരിച്ച് കാഴ്ചകൾ കൊണ്ടുവന്നിരുന്നു. അവയിൽനിന്നും രഹസ്യഅത്താഴമായ വി. കുർബാനയ്ക്ക് ആവശ്യമായവയെ തിരഞ്ഞെടുത്തിരുന്നു. ബാക്കിയുള്ളവ പുരോഹിതന്മാർക്കും ദരിദ്രന്മാർക്കുമായി വിഭാഗിക്കപ്പെട്ടുവന്നു. കുർബാനകൾ കൊണ്ടുവരുന്നവരുടെ പേരുകൾ

---

18 സ്നേഹവിരുന്നിൻ പതിവ് ഇപ്പോൾ മാഞ്ഞുപോയിരിക്കുന്നു. അതിന്റെ സ്ഥാനത്ത് ഇപ്പോൾ *ബുർക്സോ* അപ്പമാണ് ശേഷിച്ചിരിക്കുന്നത്. അംഗങ്ങളെ പരസ്പരം സംബന്ധിപ്പിക്കുന്ന സ്നേഹവിരുന്നിന്റെ സൂചനയായി വി. കുർബ്ബാന കഴിഞ്ഞു ജനം *ബുർക്സായുടെ* ചെറിയ കഷണങ്ങൾ വാങ്ങി അനുഭവിച്ചു പിരിയുന്നു.

*അഗാപ്പേ

ശെമ്മാശന്മാർ എഴുതുമായിരുന്നു. ജീവനുള്ളവരുടേയും മരിച്ചവരുടേയും പേരുകൾ പ്രാർത്ഥനാസമയത്തും വായനാസമയത്തും ഓർക്കപ്പെടും[19] അവിശ്വാസികളുടേയും ദൂഷണക്കാരുടേയും മദ്യപന്മാരുടേയും അന്യായക്കാരുടേയും ദൈവത്തിന്റെ പത്ത് കല്പനകളേയും ലംഘിക്കുന്നവരുടേയും കുർബാന കൈക്കൊള്ളപ്പെടുകയോ അണയ്ക്കപ്പെടുകയോ ചെയ്യാറില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ കർത്താവ് അന്യായക്കാരുടെ ബലികളെ നിരസിക്കുന്നു. പള്ളിയിലെ സംബന്ധത്തിൽനിന്നു വിലക്കപ്പെട്ടവരുടെ കുർബ്ബാനകളും അങ്ങനെതന്നെ. കർത്താവ് പ്രവർത്തിച്ചതുപോലെ അപ്പവും വീഞ്ഞും വച്ചു കുർബാന ചൊല്ലിവന്നു. അപ്പം പുളിപ്പുള്ളതായിരുന്നു. വേദവിപരീതികളായ "അബിയൂന്യർ" പൂർവ്വികനടപ്പിനു വിരുദ്ധമായി പത്തീറാ വച്ച് കുർബാന ചൊല്ലിയിരുന്നു. അവരുടെ ഈ പെരുമാറ്റത്തെ സഭ നിഷേധിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ തന്റെ ശരീരം ഭക്ഷ്യമാക്കപ്പെടുവാൻ കർത്താവ് നൽകിയത് പുളിച്ചമാവിലുള്ള അപ്പത്തിൽകൂടെയായിരുന്നു.[20]

---

19 റോമിലെ കൊർന്നല്യോസിന്റെ പേർക്ക് വി. കുപ്രിയാനോസ് അയച്ചിട്ടുള്ള ലേഖനം നോക്കുക.

20 കർത്താവ് വി. കുർബ്ബാനയ്ക്ക് പുളിപ്പുള്ള അപ്പമാണ് ഉപയോഗിച്ചതെന്ന് താഴെപ്പറയുന്ന തെളിവുകളാൽ ഗ്രഹിക്കാം. സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം വി. കുർബ്ബാനയ്ക്ക് ഉപയോഗിച്ച പദാർത്ഥത്തിന്റെ പേരുതന്നെ നോക്കാം. യേശു 'അപ്പം' (ലഹമോ) എടുത്ത് വാഴ്ത്തി ഖണ്ഡിച്ച് എന്നത്രേ പറഞ്ഞിരിക്കുന്നത്. *ലഹമോ* എന്ന് സുറിയാനിയിലും *'ആർത്തോസ്'* എന്നു ഗ്രീക്കിലും പറയുന്നത് പുളിപ്പുള്ള അപ്പത്തിനെ മാത്രമല്ലാതെ മറ്റൊന്നിനേയും കുറിച്ചല്ല. പുളിപ്പുള്ള അപ്പത്തെ ഒഴിച്ചുപറയണമെങ്കിൽ പുളിപ്പില്ലാത്ത അപ്പം ('പത്തീറാ' എന്നു സുറിയാനിയിലും 'ആസീമോസ്' എന്നു ഗ്രീക്കിലും) എന്നു പറയുവാൻ ആവശ്യമായിരിക്കുന്നു (ഉല്പ. 14:18, പുറ. 13:8).

കൂടാതെ കർത്താവ് പെസഹാ നിവർത്തിച്ച ദിവസത്തെപ്പറ്റി ചിന്തിച്ചു നോക്കാം. ചന്ദ്രന്റെ കണക്കനുസരിച്ചുള്ള മേടമാസം 14-ാം തിയതിയുടെ ആരംഭമാകുന്ന സമയത്ത് (ആ വെള്ളിയാഴ്ച സന്ധ്യ തുടങ്ങുന്ന അവസരത്തിൽ) മ്ശിഹാ പെസഹാ നിവർത്തിച്ചു. താൻ ദിവസം ആചരിച്ചു. എന്നാൽ ആ സമയം ആചരിച്ചില്ല. യഹൂദന്മാർ ആ ദിവസത്തിന്റെ (14-ാം തിയതിയുടെ) അവസാനത്തിൽ (വെള്ളിയാഴ്ച) അത്രെ പെസഹാ ഒരുക്കിയിരുന്നത്. ആ സംഗതി യഹൂദന്മാർ യേശുവിനെ പ്രഭാതത്തിൽ കയ്യാപ്പായുടെ അടുക്കൽനിന്ന് മണ്ഡപത്തിലേക്ക് കൊണ്ടുവന്നപ്പോൾ അവർ പെസഹാ ഭക്ഷിപ്പാനിരുന്നതുകൊണ്ട് അശുദ്ധമാകാതിരിപ്പാൻ മണ്ഡപത്തിലേക്കു പ്രവേശിക്കാതിരുന്നതിൽനിന്നും മനസ്സിലാക്കാവുന്നതാണ്. എന്തെന്നാൽ ആ ദിവസം അവർക്ക് ഒരുക്കദിവസമായിരുന്നു. (യോഹ. 18:28, 29. 13-14) പതിവനുസരിച്ചു വെള്ളിയാഴ്ച ഉച്ചയ്ക്ക് അവർ തങ്ങളുടെ ജോലി നിവർത്തിക്കുകയും പുളിപ്പിൽനിന്നു തങ്ങളുടെ ഭവനങ്ങളെ വെടിപ്പാക്കുകയും ചെയ്തിരുന്നു. സൂര്യാസ്തമനത്തിൽ അവർ പെസഹാ കുഞ്ഞാടിനെ അറുത്ത് ഒരുക്കുകയും ആ സന്ധ്യ മുതൽ പത്തീറാ ഭക്ഷണം ആരംഭിക്കുകയും ചെയ്തിരുന്നു. (പുറ. 12, ആവ. 16) വെള്ളിയാഴ്ച ആയിരുന്നതുകൊണ്ട് ശരീരങ്ങൾ രാത്രിയിൽ കുരിശിന്മേലിരിക്കരുത് എന്തെന്നാൽ അടുത്തു തുടങ്ങു

വീഞ്ഞ് വെള്ളത്തിൽ കലർത്തിയാണ് ഉപയോഗിച്ചിരുന്നത്[21] അതാതു ദിവസത്തെ കുർബാനയ്ക്ക് അന്നന്നു ചുടുന്ന അപ്പമാണ് ഉപയോഗിച്ചുവന്നത്[22] കുർബാന പ്രത്യേകശുശ്രൂഷകളോടുകൂടി നിർവഹിക്കപ്പെട്ടുവന്നു. ഒന്നാമത്തെ ശുശ്രൂഷാക്രമം നമ്മുടെ കർത്താവിന്റെ സഹോദരനായ മോർ യാക്കോബിന്റേതായിരുന്നു. ഈ ക്രമം കുറേക്കാലത്തേക്ക് എഴുത്തായിട്ടല്ല, എന്നാലോ പുരോഹിതന്മാർ മനഃപാഠമായിട്ടത്രെ ഉപയോഗിച്ചുവന്നത്. പരമ്പരാഗതമായിട്ടുതന്നെ ഈ ക്രമം ഉപദേശരൂപേണ പരസ്പരം ഭരമേൽപ്പിക്കപ്പെട്ടിരുന്നു. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭദശയിൽ ഈ ക്രമത്തിൽ ചില വ്യത്യാസങ്ങൾ കടന്നുകൂടിയപ്പോൾ അത് സുറിയാനിഭാഷയിൽ ആദ്യമായി എഴുതപ്പെട്ടു.[23] എപ്പിസ്കൂപ്പന്മാർക്കും ആചാര്യന്മാർക്കും മാത്രമേ വി. കുർബാന

ന്നത് ശാബതായിരുന്നുവെന്ന് അവർ പറഞ്ഞു. ആ ശാബതുദിവസം ഒരു വലിയ ദിവസമായിരുന്നു (യോഹ. 19:31). വലിയ ദിവസമെന്നു പറഞ്ഞിരിക്കുന്നത് പത്തീറായുടെ ആരംഭമായ മേട മാസം 15-ാം തീയതിയാകുന്ന ആ പ്രസിദ്ധ ദിവസം അന്നായിരുന്നതുകൊണ്ടാണ്. ആകയാൽ കർത്താവ് ആ ദിവസംതന്നെ പെസഹ ഭക്ഷിച്ചു. എങ്കിലും ഭക്ഷിക്കേണ്ടിയിരുന്ന ആ സമയത്ത് ഭക്ഷിക്കാതെ സമയത്തിനു മുമ്പായി കഴിച്ചുവെന്നുള്ളത് വെള്ളിയാഴ്ചയാകുന്നു. പുളിപ്പുള്ള അപ്പത്തെ വിലക്കുന്നതായ സമയം അതുവരെ ആകാതിരുന്നതുകൊണ്ട് പുളിപ്പുള്ള അപ്പം അവരുടെ പക്കൽ ഉണ്ടായിരുന്നു. ആയതിനാൽ ആ അപ്പമെടുത്തു വാഴ്ത്തി ഖണ്ഡിച്ച് തന്റെ ശിഷ്യന്മാർക്ക് താൻ കൊടുത്തു. അതനുസരിച്ച് വി. സഭ പുളിപ്പുള്ള അപ്പംകൊണ്ട് വി. കുർബാന അണയ്ക്കുന്നത് ന്യായമായിട്ടുള്ളതാകുന്നു.

21 വി. യൂസ്തീനോസിന്റെ *അപ്പോളജി*പുസ്തകം 1: 61-ാം വി. കുപ്രിയാനോസന്റെ 63-ാം ലേഖനവും കാണുക.

22 ഹൂദായകാനോൻ 4:1 നോക്കുക.

23 കുർബാനതക്സാ ആദ്യം രചിച്ച് ഊർശ്ലേമിലെ സഭകളെ ഏല്പിച്ചത് വി. യാക്കൂബാണെന്ന് സഭാചരിത്രം നമ്മെ പഠിപ്പിക്കുന്നു. അന്ത്യോഖ്യാസഭ ആദ്യമേ ഈ ക്രമമാണ് ഉപയോഗിച്ചുവന്നിരുന്നത്. ഈ ക്രമം ഉറഹോയിലെ മോർ യാക്കൂബ് (എ.ഡി. 708) പരിഷ്കരിച്ചു. 1282-ൽ ബാർ എബ്രായ ഇതിനെ ലഘൂകരിച്ചു. ഇതിലെ പരസ്യപ്രാർത്ഥനകളുടെ ഭൂരിഭാഗവും വി. ശ്ലീഹായുടേതുതന്നെയാണ്. ശേഷമുള്ളവ പിന്നീടു ക്രമീകരിക്കപ്പെട്ടവയാണ്. മറ്റു ക്രിസ്തീയ സമുദായങ്ങളേക്കാൾ ഉപരിയായി സുറിയാനി സഭയിൽ എൺപതോളം തക്സാകൾ രചിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ രണ്ടെണ്ണം വി. പത്രോസിന്റെയും ഒന്ന് യൂഹാനോന്റെയും പന്ത്രണ്ട് ശ്ലീഹന്മാരുടേയും അറിയിപ്പുകാരൻ മർക്കോസിന്റെയും നാമത്തിൽ അറിയപ്പെടുന്നു. എന്നാൽ വി. യാക്കൂബിന്റെ തക്സാ ഒഴിച്ച് മറ്റുള്ളതിന്റെ രചയിതാക്കൾ ശ്ലീഹന്മാരും അറിയിപ്പുകാരുമാണെന്നു പറയുന്നതു ശരിയല്ല. പ്രസ്തുത തക്സാകളിൽ ചിലതു ഗ്രീക്കിൽനിന്നു സുറിയാനിയിലേക്ക് തർജ്ജമ ചെയ്തിട്ടുള്ളതാണ്. അറിയോസ്പാഗോസിലെ ദീവന്നാസ്യോസ്, തീയ്ക്കടുത്ത മോർ ഇഗ്നാത്യോസ്, ഊർശ്ലേമിലെ കൂറീലോസ്, നസിയൻസൂയിലെ മോർ ഗ്രീഗോറിയോസ്, തേവോലോഗോസ്, അലക്സന്ത്രിയായിലെ തീമോത്തിയൂസ് എന്നിവരുടെ കുർബാന തക്സാകൾ മോർ തോമാ ഹർക്ക്ലോയോ സുറിയാനിയിലേക്കു വിവർത്തനംചെയ്തു.

ചൊല്ലുവാൻ അധികാരമുണ്ടായിരുന്നുള്ളു[24] ഏവൻഗേലിയോൻ വായന കഴിഞ്ഞാൽ ഉടൻതന്നെ എപ്പിസ്കൂപ്പാ പള്ളിയിൽ ഉണ്ടെങ്കിൽ അദ്ദേഹം പുസ്തകം കയ്യിൽ പിടിച്ചുകൊണ്ട് വായിക്കപ്പെട്ട ഭാഗത്തെ വിശ്വാസികൾക്കു വ്യാഖ്യാനിച്ചുകൊടുക്കുകയും വിശ്വാസികളുടെ കടമ കളെപ്പറ്റി അവരോടു സംസാരിക്കുയും ചെയ്യും. അല്ലെങ്കിൽ പുരോ ഹിതൻ തന്നെ ആ വ്യാഖ്യാനം നടത്തും. സത്യവിശ്വാസികൾ മാത്രമേ വി. കുർബാന സമയം പള്ളിയിൽ സന്നിഹിതരാകുവാൻ പാടുള്ളു. ഉപദേശം പ്രാപിക്കുന്നവർ ഭൂതഗ്രസ്തരായിരുന്നവർ, അനുതാപികൾ എന്നിവർ വി. പുസ്തകവായനകളുടേയും ഉപദേശങ്ങളുടേയും പ്രാർ ത്ഥനകളുടേയും ശേഷം പുറത്താക്കപ്പെട്ടിരുന്നു. അതുകഴിഞ്ഞ് വാതി ലടച്ച് വി. കുർബാന അണച്ചിരുന്നു.

കുർബാനയുടെ ആരംഭത്തിൽ ശെമ്മാശൻ "ഒരുവനും തന്റെ സഹോദരന്റെ നേരെ വഴക്കോ മുഖപക്ഷമോ വച്ചുകൊണ്ടിരിക്കരുത്" എന്ന് അട്ടഹസിച്ചുപറയും. അനന്തരം ഓരോരുത്തരും അവനവന്റെ അടുത്തുള്ളവനെ വെടിപ്പോടെ ചുംബനം ചെയ്യുന്നു. പുരുഷന്മാർ പുരു ഷന്മാരെയും സ്ത്രീകൾ സ്ത്രീകളെയും മാത്രം ചുംബനം ചെയ്യുന്നത്. കുർബാനസമയത്ത് ശുശ്രൂഷകർ *മർവഹസാ*കളും പിടിച്ചുകൊണ്ട് രണ്ടുവശത്തും നിന്ന് സ്രോപ്പേന്മാരുടെ ചിറകുകളെന്നവണ്ണം അവയെ ആഘോഷിച്ചു കിലുക്കുമായിരുന്നു. വി. കുർബാന കഴിഞ്ഞ് തിരു ശരീരം നുറുക്കപ്പെടുകയും പുരോഹിതന്മാരും വിശ്വാസികളെല്ലാവരും അതിൽനിന്ന് അനുഭവിച്ചുവരികയും ചെയ്തുവന്നു. ഭക്ഷണം കഴി ക്കാതെ ഉപവാസത്തോടുകൂടിയാണ് എല്ലാവരും വി. കുർബാന കൈ ക്കൊണ്ടിരുന്നത്. വി. കുർബാന ആദ്യം എപ്പിസ്കൂപ്പന്മാരും അനന്തരം യഥാക്രമം ആചാര്യന്മാർ, ശുശ്രൂഷകർ, പുരുഷന്മാർ, സ്ത്രീകൾ എന്നിവരും കൈക്കൊള്ളുമായിരുന്നു. വിശ്വാസികൾക്കു വി. കുർബാന കൊടുക്കുന്നതിൽ പുരോഹിതന്മാരെ സഹായിപ്പാൻ അവരുടെ വലതു കരമെന്നവണ്ണം മ്ശംശോനേന്മാർക്കും അനുവാദമുണ്ടായിരുന്നു. വിശ്വാ സികൾക്കു ശരീരത്തിൽനിന്നും രക്തത്തിൽനിന്നും - അവർ പ്രായം കൂടിയവരോ കുട്ടികളോ ആയിക്കൊള്ളട്ടെ - നൽകപ്പെട്ടിരുന്നു. വി. രഹസ്യങ്ങൾ കൈക്കൊണ്ടുതീരുവോളം അവർ പാടുമായിരുന്നു. കൈ ക്കൊള്ളുന്ന സമയത്ത് ആചാര്യൻ ഇപ്രകാരമാണു പറഞ്ഞിരുന്നത്. "നമ്മുടെ പാപങ്ങൾക്കുവേണ്ടി താൻ ഏല്പിച്ചുകൊടുത്ത മ്ശിഹാ യുടെ ശരീരം ഇതാകുന്നു. നമുക്കുവേണ്ടി താൻ ചിന്തിയ മ്ശിഹാ യുടെ രക്തം ഇതാകുന്നു." ഇതു കേട്ടിട്ട് വിശുദ്ധ രഹസ്യങ്ങൾ കൈ ക്കൊള്ളുന്നവർ മറുപടിയായി "ആമ്മീൻ"എന്നു പറയുമായിരുന്നു. സ്തോത്രപ്രാർത്ഥനയുടെ ശേഷം ശുശ്രൂഷകൻ "കർത്താവ് നിങ്ങളെ അനുഗ്രഹിക്കേണ്ടതിന് നിങ്ങൾ തന്റെ മുൻപാകെ നിങ്ങളുടെ തലകളെ

---

24 വി. യുസ്തീനോസിന്റെ *അപ്പോളജി* പുസ്തകം 1:65.

കുനിക്കുവിൻ" എന്നു പറയുമ്പോൾ എപ്പിസ്കൂപ്പാ വാഴ്വുകളെ ഉച്ചരിക്കുകയും ശുശ്രൂഷകൻ (ശെമ്മാശൻ) "സമാധാനത്താലെ പോകുവിൻ" എന്നു പറയുകയും ചെയ്യുമായിരുന്നു. പരസ്പരവും മ്ശിഹായോടു കൂടെയുമുള്ള സഭയിലെ വിശ്വാസികളുടെ സ്നേഹപരമായ സംയോജ്യതയിൽ സാക്ഷ്യമായി വി. ബലി ഗണിക്കപ്പെട്ടുവന്നിരുന്നതിനാൽ ഈ യോജിപ്പിന്റെ ലക്ഷ്യമായി വി. കുർബ്ബാന അണയ്ക്കപ്പെടുന്ന അവസരങ്ങളിൽ, കാരാഗൃഹങ്ങളിലും മറ്റുമായി ബന്ധിതരാകയാൽ അതിൽ സന്നിഹിതരാകുവാൻ നിവൃത്തിയില്ലാതെ വരുന്നവർക്ക് വി. മേശയിൽ നിന്നും കൊടുത്തയ്ക്കപ്പെട്ടു വന്നിരുന്നു. കൂടാതെ വിശ്വാസികൾക്കു ഭവനങ്ങളിലേക്കും യാത്രാവസരങ്ങളിൽ ഉപയോഗപ്പെടേണ്ടതിലേക്കും വേണ്ടി വി. കുർബ്ബാന നൽകപ്പെട്ടുവരുകയും ചെയ്തിരുന്നു.

## രോഗികളുടെ തൈലാഭിഷേകം

വിശ്വാസികൾക്കു രോഗം പിടിപെടുന്ന ഉടൻ ഈ ശുശ്രൂഷ നടത്തി വന്നിരുന്നു.[25] തങ്ങളുടെ പാപങ്ങൾ രോഗികൾ ഏററുപറഞ്ഞതിനു ശേഷം ആചാര്യൻ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും കർത്താവിന്റെ നാമത്തിൽ അവരെ എണ്ണ പൂശുകയും ചെയ്തുവന്നു. വി. കുർബ്ബാനാനുഭവത്തിൽനിന്ന് വിലക്കപ്പെട്ട് അനുതാപത്തിലായിരിക്കുന്നവരായാൽ പോലും മരണസന്നദ്ധരായി കിടക്കുന്ന രോഗികൾക്ക് അവസാനത്തെ വഴിയാഹാരമെന്നതുപോലെ വി. കുർബാന നൽകുമായിരുന്നു[26]

## ആചാര്യത്വം

വി. വേദത്തിൽനിന്നും റോമിലെ ക്ലീമ്മീസ്, മോർ ഇഗ്നാത്യോസ് നൂറോനോ എന്നിവരുടെ എഴുത്തുകളിൽനിന്നും മനസ്സിലാകുന്നതു എപ്പിസ്കൂപ്പൂസോ, കാശീശൂസോ, മ്ശംശോനൂസോ എന്നീ മൂന്ന് പദവികൾ പൂർവ്വികകാലം മുതൽ ആചാര്യത്വത്തിൽ ക്രമീകരിക്കപ്പെട്ടിരുന്നുവെന്നാണ്. ഈ ഓരോ സ്ഥാനികൾക്കും അതാതു സ്ഥാനത്തിനു യോജിച്ച പ്രത്യേക ശുശ്രൂഷാവിധികൾ ഏല്പിക്കപ്പെട്ടിരുന്നു.

---

25 റോമാസഭ ഈ പുരാതനപതിവിനെ വ്യത്യാസപ്പെടുത്തി ഈ കൂദാശ മരണാപകട സന്ദർഭത്തിൽ നൽകപ്പെടുന്ന ഒരു ശുശ്രൂഷയാക്കിത്തീർത്തിരിക്കുന്നു. ഈ കൂദാശയെ *അന്ത്യകൂദാശ*യെന്ന് അവർ വിളിക്കുന്നു. എന്നാൽ യാക്കൂബ് ശ്ലീഹായുടെ ലേഖനത്തിൽനിന്നും നാം ഗ്രഹിക്കുന്നപ്രകാരം രോഗിയുടെ അനാരോഗ്യത്തിൽ ഏതവസരത്തിലും ഈ ശുശ്രൂഷ നടത്തപ്പെടാവുന്നതാണ്.

26 നിഖ്യായിലെ വി. സുന്നഹദോസ് ഈ നിയമത്തെ സ്ഥിരപ്പെടുത്തിക്കൊണ്ടു പതിമൂന്നാമത്തെ നിയമത്തിൽ ഇപ്രകാരം പറയുന്നു: "ഈ ലോകത്തിൽ നിന്നും കടന്നുപോകുന്നവരെ സംബന്ധിച്ചുള്ള പഴയതും കാനോനികവുമായ നിയമം ഇപ്പോഴും കാണപ്പെടണം. അങ്ങനെ ഒരുത്തൻ ഈ ലോകത്തിൽനിന്നു വേർപെടുന്നയവസരത്തിൽ അത്യാവശ്യവും പൂർണ്ണവുമായ അന്ത്യവഴിയാഹാരങ്ങളിൽനിന്ന് ഒഴിവാക്കപ്പെടാതിരിപ്പാനായിട്ടാണ്: ലോകത്തിൽനിന്നു വേർപെടുന്നവനായ ആരായിരുന്നാലും *എവുക്കാറസ്തിയ* അനുഭവിക്കണമെന്ന് ആവശ്യപ്പെട്ടാൽ എപ്പിസ്കൂപ്പാ പരിശോധനയോടുകൂടി അവനു കൊടുക്കണം."

## വിവാഹം

എപ്പിസ്കൂപ്പായുടെ അനുവാദത്തോടും ആചാര്യന്റെ ആശീർവാദ ശുശ്രൂഷയോടുംകൂടെ വി. സഭയിൽ വിവാഹകൂദാശ നിർവഹിക്കപ്പെട്ടു വന്നു. ക്രിസ്തുമതം വെപ്പാട്ടികളെ സ്വീകരിക്കുന്ന ഏർപ്പാട് നിർത്തൽ ചെയ്യുകയും വിവാഹകൂദാശയെ അതിന്റെ ആദ്യപ്രകൃതിയിലേക്കു തിരിപ്പിക്കുകയും ചെയ്തു. അതായത് ഒരു പുരുഷന് ഒരു സമയത്ത് ഒരു ഭാര്യമാത്രമേ പാടുള്ളു എന്നുള്ള നിയമം സ്ഥിരപ്പെടുത്തി. വിശ്വാസികൾ, ശീശ്മക്കാരോടോ, വിശ്വാസവിപരീതികളോടോ, അവിശ്വാസികളോടോ, വിവാഹബന്ധത്തിൽ ഏർപ്പെടുവാൻ അനുവാദമില്ലായിരുന്നു. പാശ്ചാത്യരായ ചില വിശ്വാസികൾ (യൂറോപ്യന്മാർ) ഈ സഭാനിയമത്തെ അതിലംഘിച്ചപ്പോൾ അതിനെ സംബന്ധിച്ച് ആലോചിപ്പാൻ എ.ഡി. 300-ൽ സ്പെയിനിൽ "ഗാർനാത്" എന്ന സ്ഥലത്ത് ഒരു സുന്നഹദോസ് കൂടുകയും ഇതിനെതിരായ ചില നിയമങ്ങൾ ഉണ്ടാക്കുകയും ചെയ്തു.[27] പഴയനിയമകാലത്തും വി. കുർബ്ബാന അനുഭവിക്കുന്നതിനും പ്രാർത്ഥനയ്ക്കും ഉപവാസത്തിനുമായി വേർപെട്ടിരിക്കുമ്പോഴും (1കോരി. 7:5) വി. പ്രവർത്തനത്തിനാരംഭിക്കുമ്പോഴും വിവാഹബന്ധത്തിൽനിന്നും ഒഴിഞ്ഞിരിക്കുമായിരുന്നു (പുറ. 19:10, 15, ലേവ്യ. 15:18, 1 ശമു. 21:4,5, യോവേ. 2:16, സ്കറിയ. 7:3).

11) പുതിയ നിയമത്തിൽ ശനിയാഴ്ചയാചാരം ഭേദപ്പെടുത്തുകയും ഒരു വലിയ പെരുനാൾ ദിനമെന്നപോലെ ഞായറാഴ്ചയെ ഏററവും ബഹുമാനത്തോടെ ഗണിച്ചുവരുകയും ചെയ്തിരുന്നു. എന്നാൽ യഹൂദന്മാരിൽനിന്നുള്ള വിശ്വാസികൾ അധികമുള്ള ചില സ്ഥലങ്ങളിൽ യഹൂദ സമ്പ്രദായപ്രകാരമല്ലെങ്കിലും ശനിയാഴ്ച ദിവസവും ഞായറാഴ്ചയെപ്പോലെ തന്നെ ബഹുമാനിക്കപ്പെട്ടിരുന്നു.[28] ഓറിജാനസിന്റെ

---

27 എ.ഡി. 364-ൽ കൂടിയ ലവോദിക്യ സുന്നഹദോസിന്റെ 31-ാം കാനോനിൽ പറഞ്ഞിരിക്കുന്നത് വേദവിപരീതികളായവനൊരുത്തനോടും വിവാഹ സംബന്ധമായി ഒരിക്കലും യാതൊരു ബന്ധവും ചെയ്യുന്നത് ന്യായമല്ലെന്നാണ്. അതായത് അവർക്ക് ആൺമക്കളെയോ പെൺമക്കളെയോ കൊടുക്കരുതെന്നു തന്നെ. എന്നാൽ അവർ ക്രിസ്ത്യാനികളാകാമെന്ന് സമ്മതിക്കുന്നെങ്കിൽ അവരെ വിവാഹത്തിന് എടുക്കാം. ബാർ എബ്രായയും ഈ അഭിപ്രായത്തെ സ്ഥിരീകരിച്ചുകൊണ്ട് *ഹൂദായകാനോൻ* എട്ടാം കേപ്പാലോയാൻ മൂന്നാം പോസൂക്കോയിൽ വിശദീകരിച്ചു ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ഈഗുപ്തായക്കാർ, അബ്സീനിയാക്കാർ, അർമ്മീനിയർ എന്നിവർ ദേശീയ ആചാരനടപടികളിൽ മാത്രം നമ്മിൽനിന്നു വ്യത്യസ്തപ്പെട്ടിരിക്കുന്നതുകൊണ്ട് നമ്മൾക്ക്വൈമനസ്യംകൂടാതെ അവരിൽനിന്നു സ്ത്രീകളെ എടുക്കുകയും അവർക്കു സ്ത്രീകളെ നൽകുകയും ചെയ്യാവുന്നതാണ്.

28 പഴയനിയമകാലത്ത് ദൈവം ശാബതുദിവസത്തെ വിശ്രമം, സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ളതിന്റെ ഓർമ്മ, ദൈവത്തിനും ഇസ്രായേൽ മക്കൾക്കും ഇടയിലുള്ള അടയാളം എന്നിവയ്ക്കായിട്ടാണ് ക്രമീകരിച്ചിരുന്നത്. എന്നാൽ പുതിയനിയമകാലത്താകട്ടെ ഈ ദിവസം ഞായറാഴ്ചയായിട്ടു വ്യത്യാസപ്പെടുത്തി. എന്തുകൊണ്ടെന്നാൽ മ്ശിഹാ ആ ദിവസം മരിച്ചവരുടെഇടയിൽനിന്ന്

കാലത്ത് കൂടാരപ്പെരുനാൾ, ഉയിർപ്പുപെരുനാൾ, പെന്തിക്കുസ്തിപെരുനാൾ എന്നിവയല്ലാതെ ഞായറാഴ്ചപോലെ ആചരിക്കപ്പെടുന്ന മററു പെരുനാളുകൾ ഇല്ലായിരുന്നു. കുറച്ചുകഴിഞ്ഞ് സ്വർഗ്ഗാരോഹണപ്പെരുനാൾ കൂട്ടിച്ചേർക്കപ്പെട്ടു. മൂന്നാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ മകരം 6-ാം തീയതി ജനനപ്പെരുനാളും ദനഹാപ്പെരുനാളും ആചരിക്ക

---

ഉയിർക്കുകയും അതിൽതന്നെ തന്റെ ശ്ലീഹന്മാർക്കു കാണപ്പെടുകയും കെട്ടുന്നതിനും അഴിക്കുന്നതിനുമുള്ള അധികാരം അവർക്ക് കൊടുക്കുകയും ചെയ്തു. വീണ്ടും ആ ദിവസത്തിൽ അവർക്ക് കാണപ്പെട്ട് അവരുടെ സംശയങ്ങൾക്കു താൻ നിവാരണം വരുത്തി. കൂടാതെ തൽദിവസം തന്റെ പ.റൂഹായെ അവരുടെ മേൽ താൻ ആവസിപ്പിക്കുകയുംചെയ്തു. ശാരീരികസൃഷ്ടിയുടെ അവസാനവും മൺമയമായ സൃഷ്ടിയുടെ ഓർമ്മയും ഭൗമികവാഗ്ദാനത്തിൽ ഉടമ്പടിയും ആത്മികസൃഷ്ടിയും അതായത് മിശിഹായുടെ പുനരുത്ഥാനവും വി. റൂഹായുടെ ആവാസവും മുഖാന്തിരമുണ്ടായ പുതുക്കം- എത്ര അധികമായി ഓർക്കേണ്ടിയിരിക്കുന്നു. ആകയാൽ ശ്ലീഹന്മാരുടെ കാലം മുതൽതന്നെ ശനിയാഴ്ചദിവസം ഞായറാഴ്ചയായി വ്യത്യാസപ്പെട്ടു. ഇത് എ.ഡി. 51-ലെ ശ്ലീഹന്മാരുടെ സുന്നഹദോസിൽ തീരുമാനിച്ചിരിക്കണം. തൻനിമിത്തം വിശ്വസിച്ചതിനുശേഷവും യഹൂദന്മാരുടെ പഴയ ആചാരങ്ങളിൽ വസിക്കുന്നവരെ വി. പൗലൂസ് ശ്ലീഹാ ശാസിക്കുന്നതായിട്ടും വിരോധിക്കുന്നതായിട്ടും നാം കാണുന്നുണ്ട്. ആ ആചാരങ്ങളുടെ കൂട്ടത്തിൽ ശനിയാഴ്ചയെ സംബന്ധിച്ച് വിശദമായി താൻ പറഞ്ഞിട്ടുണ്ട് (കൊലോ. 2:16) ശ്ലീഹന്മാരുടെ *''ദിദസ്കാലിയ''* എന്ന കാനോൻ പുസ്തകത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ശാബത് ദിവസത്തെ ആചരിക്കുന്നവർ വിലാപസ്ഥലത്തിരിക്കുന്നവരോടു സദൃശരാകുന്നു. എന്തുകൊണ്ടെന്നാൽ അവർ അന്ന് വിളക്കു കത്തിക്കുകയോ തീ കൂട്ടുകയോ എന്തെങ്കിലും പ്രവർത്തി ചെയ്യുകയോ ചെയ്യുന്നില്ല... എന്നാൽ നിങ്ങളോ ഞായറാഴ്ച ദിവസം സന്തോഷിപ്പിൻ. ആ ദിവസം തന്നെത്താൻ പ്രയാസപ്പെടുത്തുന്നവൻ കുറ്റക്കാരനാകുന്നു." ഇങ്ങനെ ശ്ലീഹന്മാരും വിശ്വാസികളും ഞായറാഴ്ച ദിവസം വി. കുർബാന, പ്രാർത്ഥന, പ്രസംഗം, വി. വേദവായന ആദിയായവകൾക്ക് കൂടപ്പെട്ടിരുന്നു (പ്രക്. 20:7). ആ ദിവസം പരിശുദ്ധന്മാർക്ക് ദാനധർമ്മങ്ങൾ ചെയ്യുവാൻ ശ്ലീഹന്മാർ കല്പിച്ചിരിക്കുന്നു (1 കോരി. 16:1-2). സുവിശേഷകനായ വി. ആദായി തന്റെ രണ്ടാം കാനോനിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "മ്ശിഹാ ഞായറാഴ്ചദിവസം മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുകയും വീണ്ടും താൻ ഞായറാഴ്ചദിവസം തന്നെ തന്റെ ദൂതന്മാരുമായി അവസാനത്തിൽ കാണപ്പെടുകയും ചെയ്യുമെന്നതുകൊണ്ട് ആ ദിവസത്തിൽ മസ്മൂർകൾ പാടുകയും പ. പുസ്തകം വായിക്കുകയും കുർബ്ബാന അർപ്പിക്കുകയും ചെയ്യണമെന്ന് ശ്ലീഹന്മാർ കല്പിച്ചിരിക്കുന്നു. വി. ഇഗ്നാത്യോസ് നൂറോനോ മഗ്നീസ്യാ സഭയ്ക്കെഴുതിയ തന്റെ ലേഖനം 9-ാം അദ്ധ്യായത്തിൽ ഇപ്രകാരം പറയുന്നു. "പൂർവ്വാചാരങ്ങളിൽ ജീവിച്ചുപോന്നവർ പുതിയ പ്രത്യാശകൈക്കൊണ്ടു. ശാബതിനെ അവർ അശേഷം ആചരിക്കുന്നില്ല. പിന്നെയോ ക്രിസ്തുവിന്റെ കൃപയാലും അവന്റെ പുനരുത്ഥാനത്താലും നമ്മുടെ ജീവനക്ഷത്രം ഉദിച്ച ആ ദിവസമായ ഞായറാഴ്ചയേയത്രെ ആചരിക്കുന്നത്." രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി. യുസ്തീനോസ് സഹദായും തന്റെ 'Apology' എന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു: "ദൈവത്തിന്റെ കരുണയെ ബലാല്ക്കാരേണ നാം പ്രാപിക്കുന്നവെന്ന പ്രകാരം ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ നാമെല്ലാവരും ഒന്നിച്ചുകൂടപ്പെടുന്നു." രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന തത്ത്വജ്ഞാനിയായ

പ്പെട്ടു വന്നു. കർത്താവിന്റെ ഉയിർപ്പിൻ രക്ഷാകര ഓർമ്മ ആണ്ടിൽ ഒരിക്കൽ മാത്രമല്ല കൊണ്ടാടിയിരുന്നത്. എന്നാലോ എല്ലാ ഞായറാഴ്ചയും ആഘോഷിച്ചിരുന്നു. ഈ ദിവസം സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും ദിവസമായി എല്ലാ ക്രിസ്ത്യാനികളും ഗണിച്ചിരുന്നു. അന്ന് കുമ്പിടാതെയാണ് അവർ പ്രാർത്ഥിച്ചിരുന്നത്. ആ ദിവസം അവർ ഉപവസിച്ചിരുന്നുമില്ലെന്ന് വി. ഈറീനീയോസ്, യുസ്തീനോസ് തെർത്തുല്യാനോസ് എന്നിവർ സാക്ഷിക്കുന്നു. പെന്തിക്കുസ്തി പെരുനാൾ വി. ശ്ലീഹന്മാർതന്നെയാണ് സഭയിൽ ക്രമപ്പെടുത്തിയത് (പ്രക്. 18:21,20:16, 1 കോരി. 16:7-8). ദുഃഖവെള്ളിയാഴ്ചയും ശ്ലീഹന്മാരുടെ കാലം മുതൽ സഭയിൽ പൊതുവെ വളരെ പ്രാധാന്യമർഹിച്ച ഒരു വി. ദിനമാണ്. അന്ന് പൂർണ്ണമായ ഉപവാസം അനുഷ്ഠിക്കപ്പെട്ടിരുന്നു. ഈ ദിവസം ഉയിർപ്പ്, പെന്തിക്കുസ്തി എന്നീ പെരുനാളുകൾ പോലെ മാഹാത്മ്യമുള്ളതായി സഭയിൽ അനുഷ്ഠിക്കപ്പെട്ടിരുന്ന ഒരു ദിവസം തന്നെയാണെന്ന് ഓറിജാനസ് പറയുന്നു. "കാലുകഴുക"ലിന്റെ ശുശ്രൂഷ സ്നേഹത്തിന്റെയും വിനയത്തിന്റെയും ദൃഷ്ടാന്തമായി മ്ശിഹായിൽനിന്നും തന്റെ ശിഷ്യന്മാരിൽനിന്നും ലഭിച്ചിട്ടുള്ളതാണെന്ന് വി. അമ്പ്രോസിയോസ് സാക്ഷിക്കുന്നു.

12) മരിച്ചുപോകുന്നവരുമായുള്ള ആത്മീയ സംസർഗ്ഗം ക്രിസ്ത്യാനികളുടെ ഇടയിൽ പൊതുവേ പ്രാധാന്യമായി വിശ്വസിക്കപ്പെട്ടുവന്നു. പ്രത്യേകിച്ച് സഹദേന്മാരുടെ അനുഗൃഹീതസ്മരണ ഏററവും വിലയേറിയതായി വി. സഭയിൽ സ്വീകരിക്കപ്പെട്ടുവന്നിരുന്നു. ഇതേ ചിന്തയോടെ തങ്ങളുടെ കുടുംബങ്ങളിൽനിന്നും മരിച്ചുപോകുന്ന വിശ്വാസികളും സ്മരിക്കപ്പെട്ടിരുന്നു. ഓരോ കുടുംബവും തങ്ങളുടെ പരേതരുടെ ഓർമ്മകൾ നിലനിർത്തിവന്നു. രണ്ടാം നൂററാണ്ടിന്റെ ആദ്യഘട്ടത്തിൽ ഓരോ പള്ളിയും അതാതിടവകയിൽനിന്നും സഹദേന്മാരാകുന്നവരുടെ പെരുനാളുകൾ ആണ്ടുതോറും ആചരിച്ചുവരുകയും അവരുടെ ഓർമ്മകളിൽ വിശ്വാസികൾ സന്തോഷസമേതം അവരുടെ കബറുകളിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും വിരുന്നുഭോജനങ്ങളാൽ ആ ദിവസം ആഘോഷിച്ചുവരുകയും ചെയ്തിരുന്നു. അനന്തരം പൊതുവെ സഭ മുഴുവനും ഇങ്ങനെയുള്ള ഓർമ്മകൾ ആഘോഷിപ്പാൻ തുടങ്ങി. സഹദേന്മാരുടെ വൃത്താന്തങ്ങൾ അറിയുവാൻ വി. സഭ അത്യധികം ഉത്സാഹിക്കുകയും അതിനായി, സഹദേന്മാർക്കു സംഭവിക്കുന്നതു ഗ്രഹിച്ച് എഴുതുവാൻ വേണ്ട ചില പ്രത്യേക എഴുത്തുകാരെ സഭ നിയമിക്കുകയുംചെയ്തു. ഈ കാര്യത്തിലേക്ക് റോമാസഭയിൽ ഏഴ് ശെമ്മാശ

---

ബർദൈസാൻ *'നോമൂസെദസ്ലാവോസെ'* എന്ന പുസ്തകത്തിന്റെ 29-ാം പേജിൽ ഇപ്രകാരം പറയുന്നു: 'നാമെല്ലാവരും എവിടെയായിരുന്നാലും ക്രിസ്തുവിന്റെ എകനാമത്തിൽ "ക്രിസ്ത്യാനികൾ" എന്നു വിളിക്കപ്പെടുകയും ഞായറാഴ്ചയാകുന്ന ഏക ദിവസത്തിൽ നാം ഒരുമിച്ചു കൂടുകയും ചെയ്യുന്നു." ആദ്യ നൂറ്റാണ്ടുകളിലെ മറ്റു പിതാക്കന്മാരും ഇതിനെക്കുറിച്ച് ഇപ്രകാരം തന്നെ സാക്ഷിക്കുന്നു.

ന്മാരെ റോമിലെ വി. ഫാബിയോസ് (250+) നിയമിച്ചിരുന്നു. പൗരസ്ത്യദേശത്ത് ഇങ്ങനെയുള്ളവർ അനേകരുണ്ടായിരുന്നു. ഇവരിൽ ഏഷ്യയിലുണ്ടായിരുന്ന മർക്കോസ്, ഫിലിക്സ്, ഹാറോസ് എന്ന മൂന്നു ശെമ്മാശന്മാരുടെ പേരുകൾ പ്രത്യേകിച്ച് സഭാചരിത്രത്തിൽ ഓർമ്മിച്ചിട്ടുണ്ട്. ചില വിശ്വാസികൾ ഈവിധ വൃത്താന്തങ്ങൾ സർക്കാർ റിക്കാർഡുകളിൽനിന്നു വിലയ്ക്കു വാങ്ങിയിരുന്നു. കിലിക്യായിലെ വിശ്വാസികൾ ത്രാക്കിയോസ്, പ്രോബോസ് അൻട്രോനിക്കോസ് എന്നിവരുടെ ജീവചരിത്രങ്ങൾ കോടതിയിൽനിന്ന് ഇരുനൂറുപവൻ വിലകൊടുത്തു വാങ്ങിച്ചു.

13) വിശ്വാസികൾ മരിക്കുമ്പോൾ അവരെ കുളിപ്പിച്ച് സുഗന്ധദ്രവ്യങ്ങൾ പൂശുന്ന പതിവ് യഹൂദന്മാർക്കുണ്ടായിരുന്നതുപോലെ തന്നെ ആദിമുതൽ ക്രിസ്ത്യാനികളും ചെയ്തുവന്നു. യൂഫിലെ വിശ്വാസികൾ പത്രോസ് ശ്ലീഹാ ഉയിർപ്പിച്ച തബീഥായേയും കുളിപ്പിച്ചതായി വി. വേദത്തിൽ പറയുന്നു (പ്രക്. 9:36-40). ഇതുപോലെതന്നെ മരിച്ചവരെ അടക്കുന്നതിനുമുമ്പുള്ള ശവസംസ്ക്കാരശുശ്രൂഷ സംബന്ധിച്ചും പഴയനിയമപുസ്തകങ്ങളിൽ സാക്ഷ്യങ്ങളുണ്ട് (മർക്കോ. 6:9). യൗസേപ്പും നിക്കോദീമോസുംകൂടി നമ്മുടെ കർത്താവിന്റെ മൃതശരീരം ക്രൂശിൽനിന്നിറക്കി സുഗന്ധദ്രവ്യങ്ങൾ പൂശി സംസ്ക്കരിച്ചു (യോഹ. 19:40-41). മറിയം മഗ്ദലനയും സഖികളും കർത്താവിനെ സുഗന്ധദ്രവ്യങ്ങൾ പൂശുവാനായിട്ടു വന്നുവെന്നും സ്തേഫാനോസ് സഹദായെക്കുറിച്ച് "ദൈവഭക്തരായ മനുഷ്യർ സ്തേഫാനോസിനെ എടുത്തുകൊണ്ടുപോയി അവനെക്കുറിച്ചു വലിയ വിലാപം കഴിച്ചു" എന്നും നാം വി. വേദത്തിൽനിന്നും ഗ്രഹിക്കുന്നു.

ഒരു വിശ്വാസി മരിച്ച് ശവസംസ്ക്കാരത്തിനു കൊണ്ടുപോകുമ്പോൾ പാട്ടുകളോടുകൂടി ജനങ്ങൾ അവന്റെ ശവമഞ്ചലിനു മുമ്പായി പോകുക പതിവുണ്ടായിരുന്നു. പട്ടക്കാരനാണു മരിച്ചതെങ്കിൽ മദ്ബഹായുടെ മുമ്പാകെ വയ്ക്കപ്പെടും. അനന്തരം പ്രാർത്ഥനകൾ നടത്തപ്പെടുകയും വി. വേദത്തിൽനിന്നു വായിക്കപ്പെടുകയും ചെയ്യും. പട്ടക്കാരനാണെങ്കിൽ അദ്ദേഹത്തിന് അന്ത്യസമാധാനം കൊടുത്ത് എപ്പിസ്കൂപ്പാ ചുംബിക്കുമായിരുന്നു. പിന്നീടാണ് അവിടെ ഹാജരായിട്ടുള്ള മറ്റുള്ളവരെല്ലാം ചുംബിക്കുന്നത്. അനന്തരം മേല്പട്ടക്കാരൻ സൈത്ത് അഭിഷേകം നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്തതിനുശേഷം കബറടക്കം നടത്തുന്നതുമാകുന്നു. എപ്പിസ്കൂപ്പാ കാലം ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ ശവമഞ്ചലിനു മുമ്പാകെ കോർഎപ്പിസ്കൂപ്പായും അർക്കദിയാക്കോനും മറ്റും തന്റെ പിതാവിന്റെ ശവമഞ്ചലിനു മുമ്പാകെ മക്കൾ എന്നപോലെ നടക്കുമായിരുന്നു. അവരിലാരെങ്കിലും മരിച്ചാൽ എപ്പിസ്കൂപ്പാ അവരുടെ ശവമഞ്ചലിനു മുമ്പാകെ മക്കളുടെ ശവമഞ്ചലിനു മുമ്പിൽ പിമ്പിൽ പിതാവ് എന്നതിനു തുല്യമായി നടന്നിരുന്നു.

മരണാനന്തരം വരുന്ന 3, 9, 30 എന്നീ ദിവസങ്ങളിലും ആണ്ടു ദിനത്തിലും പ്രത്യേക പ്രാർത്ഥനകൾ നടത്തപ്പെട്ടുവന്നിരുന്നു. പരേത രുടെ സമ്പാദ്യത്തിൽനിന്ന് അവരുടെ ബന്ധുക്കൾ സാധുക്കൾക്ക് ദാന ധർമ്മാദികൾ ചെയ്തുവന്നു. വിശ്വാസികളുടെ ഭവനങ്ങളിൽ തങ്ങളുടെ മരിച്ചുപോയവർക്കുവേണ്ടി അവരുടെ മരണദിവസം കശീശന്മാരെയും ശെമ്മാശന്മാരെയും വിളിച്ച് അടിയന്തിരകർമ്മങ്ങൾ നടത്തിവന്നിരുന്നു.

14) ക്രിസ്ത്യാനികൾ വാദ്യമേളാദികൾ ഉപയോഗിച്ചിരുന്നില്ല. കുസ്തന്തീനോപോലീസിലെ വി. ഇത്തിക്കോസ് (406-426) ദൈവമാ താവിനെ സംബന്ധിച്ചുള്ള പ്രസംഗത്തിൽ സാത്താനെക്കൊണ്ട് ഇങ്ങനെ സംസാരിപ്പിക്കുന്നു. "ഞാൻ ചെണ്ടകളാലും കിന്നരങ്ങളാലും ഇമ്പം വരത്തക്ക സംഗീതങ്ങൾ ലോകത്തെ പഠിപ്പിച്ചു. എന്നാൽ ഇവൻ (മ്ശിഹാ) ഇറങ്ങിവന്നപ്പോൾ എന്റെ സംഗീതോപകരണങ്ങളെ കേവലം നിശ്ശബ്ദമാക്കി." കളികളിൽ സദാ വ്യാപൃതരാകുന്നവരെ ശാസിച്ചു കൊണ്ട് തെർത്തുല്യാനോസ് ഇങ്ങനെ പറയുന്നു: "കർത്താവിങ്കലേക്കു നീ ഉയർത്തുന്ന കൈകൾകൊണ്ട്, നൃത്തം ചെയ്യുന്നവർക്ക് നീ എങ്ങനെ താളം പിടിക്കും? കുർബാന സമയത്ത് ആമ്മീൻ പറഞ്ഞിട്ടുള്ള നിന്റെ വായ്, കുതിരപ്പന്തയത്തെക്കുറിച്ചു സാക്ഷിക്കുന്നതെങ്ങനെ?"

മന്ത്രവാദികൾ, സ്വപ്നവ്യാഖ്യാനക്കാർ മുതലായവരെ വിശ്വാസി കളുടെ ഇടയിൽനിന്ന് വിലക്കിയിരുന്നു. വിശ്വാസികൾ അവരോടുകൂടി സംസർഗ്ഗം ചെയ്യുകയോ അവരുടെ വാക്കുകളെ വിശ്വസിക്കുകയോ ചെയ്യുന്നതിന് അനുവദിച്ചിരുന്നില്ല.

ചുരുക്കിപ്പറഞ്ഞാൽ വി. സഭയുടെ ആരാധനാസമ്പ്രദായങ്ങൾ പ്രത്യേകിച്ച് മൂന്നാം നൂറ്റാണ്ടിലേത് ശ്ലീഹന്മാരുടെ കാനോനാപുസ്ത കമായ "ദിദസ്ക്കാലിയായിൽ വിശദമായി പ്രതിപാദിതമായിട്ടുണ്ട്. ഇങ്ങനെ വി. സഭ പൂർവ്വികകാലം മുതൽതന്നെ ശ്ലൈഹികമായി പിതാ ക്കന്മാരിൽനിന്നും ഭരമേല്പിക്കപ്പെട്ടിട്ടുള്ള ആരാധനാചാരക്രമങ്ങളെ സ്വീകരിച്ച് അവയെ അഭംഗം ഭക്തിവൈരാഗ്യത്തോടുകൂടെ പാലിച്ചു വന്നിരുന്നുവെന്ന് ശ്ലൈഹികസാക്ഷ്യങ്ങളിൽനിന്നും പൈതൃക രേഖക ളിൽനിന്നും നമുക്കു ഗ്രഹിക്കാവുന്നതാണ്.

### അദ്ധ്യായം 23

# ആദ്യത്തെ മൂന്ന് നൂറ്റാണ്ടിലെ വി. സഭയിലെ ഭരണക്രമം

"തന്റെ രക്തത്താൽ സമ്പാദിച്ച ദൈവസഭയെ മേയിക്കുവാൻ സൂക്ഷ്മതയുള്ളവരായിരിക്കുക" (പ്രക്. 20:28) എന്ന് വി. പൗലൂസ് ശ്ലീഹാ എഫേസൂസിലെ എപ്പിസ്കൂപ്പന്മാരോടുള്ള തന്റെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ട്, മ്ശിഹാ തന്റെ സഭയിൽ ഭരണാധികാരികളെ നിയമിച്ചിരുന്നുവെന്നു സ്പഷ്ടമാണ്. അവർ "മ്ശിഹായുടെ പ്രതിനിധികൾ," "ശുശ്രൂഷകർ," ദൈവത്തിന്റെ രഹസ്യങ്ങളുടെ "കാര്യസ്ഥന്മാർ," "ഇടയന്മാർ," "പിതാക്കന്മാർ," "ഉപദേഷ്ടാക്കന്മാർ" എന്നിങ്ങനെ വിളിക്കപ്പെട്ടിരുന്നു. ഇവരുടെ കർത്തവ്യം, ജനങ്ങളുടെ ശുദ്ധീകരണത്തിനായി സഭാപരമായ സകല ശുശ്രൂഷകളേയും അവർക്കു നിവൃത്തിച്ചുകൊടുക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും എഴുതപ്പെട്ടിട്ടുള്ളവയും അല്ലാത്തവയുമായ ദൈവപ്രമാണങ്ങളെ പഠിപ്പിക്കുകയും വിശ്വാസത്തിൽ അവരെ ഉറപ്പിക്കുകയും ദൈവത്തിന്റെ അധികാരത്താൽ ദൈവപ്രമാണങ്ങളെ ലംഘിക്കുന്നവരെ കെട്ടുകയും അഴിക്കുകയും ചെയ്യുകയും സഭയിൽ വേദവിപരീതം, ശീശ്മ, കലഹം എന്നിവ ഉണ്ടാക്കുന്നവരെ രണ്ടുമൂന്നു പ്രാവശ്യം ഗുണദോഷിച്ചതിനു ശേഷം അവർ അതു ചെവിക്കൊള്ളുന്നില്ലെങ്കിൽ അവർ ചൊവ്വാകുന്നതിനും അവരുടെ ആത്മാക്കളുടെ രക്ഷയ്ക്കുമായി സഭയിൽനിന്ന് അവരെ ഛേദിച്ചുകളയുകയും തങ്ങളിൽനിന്ന് അവരെ അകറ്റണമെന്ന് വിശ്വാസികളോടു കല്പിക്കുകയും കുഞ്ഞാടുകളുടെ വേഷംപൂണ്ട് തങ്ങളിൽനിന്നുതന്നെയോ പുറത്തുനിന്നോ വന്ന് ആടുകളുടെ ഇടയിൽ പ്രവേശിച്ച് അവരുടെ ബുദ്ധിയെ തെറ്റിക്കുകയും അവരുടെ വിശ്വാസത്തെ വ്യത്യാസപ്പെടുത്തുകയും സത്യത്തിൻശ്രവണങ്ങളിൽനിന്ന് അവരെ പിൻതിരിക്കുകയും ചെയ്യുന്ന ചെന്നായ്ക്കളെക്കുറിച്ച് ഉണർവുള്ളവരായിരുന്നു. ആടുകൾക്കുവേണ്ടി ജാഗരൂകരായിരിക്കുകയും ചെയ്യണമെന്നും സത്യോപദേശത്തെ ചെവിക്കൊള്ളാതെ തങ്ങളുടെ സ്വന്തമോഹങ്ങൾക്കു വശംവദരായി വ്യാജചെന്നായ്ക്കളോടു ചേരുന്നവർ വിശ്വാസത്തിൽ സുസ്ഥിരമായിരിപ്പാനും, ഈ വ്യാജശ്ലീഹന്മാരെ തങ്ങളിൽനിന്നകറ്റി ഭവനങ്ങളിൽ സ്വീകരിക്കാതെയും അവർക്കു സമാ

ധാനം നൽകാതെയും (2 യോഹ. 1:10) ഇരിക്കണമെന്ന് അവരെ സൂക്ഷ്മ തപ്പെടുത്തുകയും ക്രിസ്തീയ ചുമതലകളെ നിറവേറ്റുന്നതിന് അവരെ ഉത്സുകരാക്കുകയും വിശ്വാസികൾക്ക് ആവശ്യമായിരിക്കുന്ന നിയമ ങ്ങളും കല്പനകളും ക്രമീകരിക്കുകയും ചെയ്യുന്നതാകുന്നു. ചുരുക്കി പ്പറഞ്ഞാൽ ഉപദേശങ്ങളാലും ദൈവികശുശ്രൂഷകളാലും മനുഷ്യരെ രക്ഷയിലേക്കു വഴിനടത്തുവാനായി ദൈവം തന്റെ സഭയിൽ ഇടയ ന്മാരെ തിരിച്ചു. ഇപ്രകാരം ആദ്യകാലംമുതൽ സഭയിൽ രണ്ട് വിഭാഗ ങ്ങൾ ഉണ്ടായിരുന്നു. ഒന്നു ഭരിക്കുന്നവരും മറ്റേത് ഭരണീയരുമാണ്. വൈദികന്മാർ അല്ലെങ്കിൽ ഇടയന്മാർ ഭരണകർത്താക്കന്മാരും, ഭരണീ യർ ആട്ടിൻകൂട്ടവുമായിരുന്നു. ആടുകൾ അതിന്റെ ഇടയനെ അനു ഗമിക്കുന്നതുപോലെ ആത്മിക ആട്ടിൻകൂട്ടം അതിന്റെ ഇടയനാൽ നയി ക്കപ്പെട്ടു. ഈ രണ്ട് വിഭാഗങ്ങളും മനുഷ്യനിലുള്ള ആത്മാവിന്റെയും ശരീരത്തിന്റെയും സാദൃശ്യത്തെ വഹിക്കുന്നു. ആത്മാവ് ശരീരത്തെ, കപ്പിത്താൻ കപ്പലിനെ എന്നപോലെ നയിക്കുന്നു. അതിനു ജീവനും ജ്ഞാനവും നൽകുന്നു. ആത്മാവില്ലെങ്കിൽ ശരീരം വിലയില്ലാത്ത താണ്. ഇതുപോലെതന്നെയാണ് സഭയിലും. ഇടയന്മാർ ആത്മാവിന്റെ സ്ഥാനം അർഹിച്ചിരുന്നു. ഇവർ മുഖാന്തിരമായി ആത്മിക നടപടികളും ദൈവികജ്ഞാനവും പുരോഗമിച്ചിരുന്നു. ആത്മാവ് ശരീരത്തേക്കാൾ ഉന്നതമായിരിക്കുന്നപ്രകാരം ഇരുവരും ശ്രേഷ്ഠനടപടികളിൽ സമുന്ന തരായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ആത്മാവ് ശരീരാസ്വാസ്ഥ്യങ്ങളെ പരിഹരിക്കുന്നതുപോലെ ആത്മീയ ഇടയന്മാർ തങ്ങളുടെ സുകൃതം മൂലം തങ്ങളുടെ ആട്ടിൻകൂട്ടങ്ങളുടെ കുറവുകളെ നികത്തിവന്നിരുന്നു. അവരിൽ ചിലർ ക്രിസ്തീയ തൊഴുത്തിൽ ശ്രേഷ്ഠനടപടികളിലും ജ്ഞാനബോധനങ്ങളാലും ഉത്തമശിക്ഷണത്താലും ശ്ലൈഹിക സിംഹാസനത്തെ അലങ്കരിച്ചിരുന്നു. അണയാത്ത മണിവിളക്കുകളായി ലോകത്തിൽ അവർ പ്രശോഭിച്ചിരുന്നു. ഉൽകൃഷ്ട ബോധനോപദേശ ങ്ങളുടെ പ്രശോഭിത കതിരുകളെ വാരിവിതറുന്ന നക്ഷത്രങ്ങളായി അവർ വിളങ്ങി. ചിലർ അത്ഭുത പ്രവർത്തികളും അടയാളങ്ങളും പ്രവർ ത്തിച്ചു. ചിലർ ലോകത്തിൽ സമാധാനവും സംസ്കാരവും, ധാർമ്മി കസമ്പ്രദായങ്ങളും കൈവരുത്തുന്നതിനു യത്നിച്ചുവന്നു. ചിലർ തങ്ങ ളുടെ രമ്യമായ ഭരണകുശലതകൊണ്ട് ക്രൂരരാജാക്കന്മാരുടെ അപകാര ബുദ്ധിയെ ശമിപ്പിച്ചിരുന്നു. വശ്യവചസ്സുകളായ ചിലർ അനേകായി രങ്ങളെ ദൈവത്തിലേക്ക് ആകർഷിച്ചുവന്നു. ചിലർ വി. ഗ്രന്ഥങ്ങൾ വിവിധ ഭാഷകളിലേക്ക് ഭാഷാന്തരം ചെയ്യുകയും ദുർഗ്രഹങ്ങളായ ദൈവിക രഹസ്യങ്ങളെ വ്യാഖ്യാനിക്കുകയും ചെയ്തുകൊണ്ട് ദൈവിക ജ്ഞാനവിത്തുകളെ വിതയ്ക്കുന്നതിൽ പരിശ്രമിച്ചുവന്നു. വേറെ ചിലർ തത്ത്വജ്ഞാനസമുദ്രത്തിൽ മുങ്ങി വിശിഷ്ടങ്ങളായ മാണിക്യങ്ങൾ ശേഖരിച്ച് അവയെക്കൊണ്ട് വിലമതിക്കാവതല്ലാത്തതും ഉത്തമങ്ങളു മായ മാലകൾ കോർത്ത് വി. സഭാമാതാവിന്റെ കണ്ഠത്തിൽ ഭക്തി

യോടെ സമർപ്പിച്ചിരുന്നു. ദൈവികജ്ഞാനസമ്പാദനത്തിൽ മനുഷ്യരെ സഹായിക്കേണ്ടതിനു ചിലർ വേദതത്ത്വങ്ങൾ അഭ്യസിക്കുകയും വിസ്മയാവഹങ്ങളായ ഗ്രന്ഥങ്ങൾ നിർമ്മിക്കുകയും ചെയ്തു. ചിലർ സരസവും ഹൃദ്യവുമായ രീതിയിൽ വിവിധ ധാർമ്മികപ്രശ്നങ്ങളെ സംബന്ധിച്ച് സാരസമ്പൂർണ്ണതയോടും നിപുണതയോടുംകൂടി പ്രഭാഷണം ചെയ്യത്തക്ക വൈദഗ്ദ്ധ്യത്തെ സമ്പാദിച്ചു. ചിലർ ആത്മികവാളുകളാൽ വേദവിപരീതികളുടേയും അവിശ്വാസികളുടേയും വഞ്ചനോപദേശങ്ങളെ ഉന്മൂലനംചെയ്തു.

മൂന്നാം നൂറ്റാണ്ടുവരെയുള്ള കാലങ്ങളിലെ നടപടിയായി ശ്ലീഹന്മാരുടെ കാനോനാകളിലും സഭാചരിത്രത്തിലും വി. സഭാഭരണകർത്താക്കന്മാരെ സംബന്ധിച്ചിടത്തോളം മെത്രാപ്പോലീത്താ, എപ്പിസ്കൂപ്പാ, കോർഎപ്പിസ്കൂപ്പാ, കശീശോ, അർക്കദിയാക്കൂൻ, മ്ശംശോനോ, എവുഫുദ്യക്കിനോ, കോറൂയോ, മ്സമ്രോനൊ (പ്സൽത്തോസ) താറോഓ (വാതിൽ കാവൽക്കാരൻ) മൗദ്യോനോ, മ്ശംശോനീസോ എന്നീ സ്ഥാനികളെ കാണുന്നു. ഈ സ്ഥാനികളിൽ ഓരോരുത്തർക്കും സ്ഥാനോചിതമായ ഓരോ പ്രത്യേക വൈദികശുശ്രൂഷകളും നിർവഹിക്കേണ്ടതുണ്ടായിരുന്നു.

പൗരസ്ത്യ ദേശത്ത് അന്ത്യോഖ്യായിൽ വി. പത്രോസ് ശ്ലീഹാ തന്റെ സിംഹാസനം സ്ഥാപിച്ചതിനാൽ ആരംഭം മുതൽതന്നെ സഭ അതിനെ ആദരവോടെ വീക്ഷിച്ചിരുന്നു. ദക്ഷിണപ്രദേശത്ത് അലക്സന്ത്രിയായുടെ എപ്പിസ്കൂപ്പാ ഈജിപ്റ്റ് മുഴുവനിൽ മൂന്നാം നൂറ്റാണ്ടുവരെ ഏക എപ്പിസ്കൂപ്പായായിരുന്നു. രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടം വരെ പാശ്ചാത്യദേശത്ത് റോമിലെ എപ്പിസ്കൂപ്പായും ഇറ്റലി പ്രദേശങ്ങളിൽ ഇതുപോലെതന്നെയായിരുന്നു. സഭയുടെ വളർച്ചയോടുകൂടി കാലക്രമേണ സഭ, ഭരണക്രമീകരണത്തിനു നിയമങ്ങളുണ്ടാക്കി, മേൽ പ്രസ്താവിച്ച മൂന്ന് പ്രധാന മേലദ്ധ്യക്ഷന്മാരേയും മെത്രാപ്പോലീത്തന്മാർ എന്നും അവയുടെ ആസ്ഥാനങ്ങളെ മാതൃപള്ളി (Metropolis) എന്നും വിളിച്ചുവന്നിരുന്നു.

അന്ത്യോഖ്യായിലെ സിംഹാസനം സിറിയ, പാലസ്റ്റയിൻ, കിലിക്യ, അർമീനിയാ, മൊസോപൊട്ടോമിയ, പേർഷ്യ, ഇൻഡ്യ എന്നീ സ്ഥലങ്ങളിൽ ചുരുക്കിപ്പറഞ്ഞാൽ ഏഷ്യ മുഴുവനിലും അലക്സന്ത്ര്യായിലെ സിംഹാസനം ഈജിപ്റ്റ്, ലിബിയ, പന്തപ്പോലീസ് (അഞ്ച് പട്ടണങ്ങൾ) എന്നീ സ്ഥലങ്ങളിലും, റോമായിലെ സിംഹാസനം യൂറോപ്പ്, വടക്കേ ആഫ്രിക്കായിലെ ചില ഭാഗം എന്നിവിടങ്ങളിലും ഭരണം നടത്തിക്കൊണ്ടിരുന്നു. ഈ പ്രദേശങ്ങളിലുള്ള എപ്പിസ്കൂപ്പന്മാരെല്ലാവരും തങ്ങൾ ഏതേതു പ്രധാന എപ്പിസ്കൂപ്പന്മാരുടെ ഭരണ സീമകളിൽ പെട്ടിരുന്നുവോ ആ മേലദ്ധ്യക്ഷന്മാരുടെ കെട്ടുപാടിൽ സ്ഥിതി ചെയ്തിരുന്നു. ഈ സംഗതി മൂന്ന് നൂറ്റാണ്ടുകളിലെ സഭാപരമായ ഭരണക്രമീകരണവളർച്ചയോടുകൂടെ സംജാതമായതാണ്.

എപ്പിസ്കൂപ്പാ ഏത് ഇടവകയ്ക്കുവേണ്ടി വാഴിക്കപ്പെടുന്നുവോ ആ ഇടവകയിലെ അംഗങ്ങളാൽ പട്ടക്കാരാലും വിശ്വാസികളാലും തിരഞ്ഞെടുക്കപ്പെടുന്നു. ആ ഇടവകയുടെ ചുറ്റുമുള്ള ഇടവകകളിലെ എപ്പിസ്കൂപ്പന്മാരാലോ ആ മഹാഇടവകയുടെ മെത്രാപ്പോലീത്തായാലോ വാഴിക്കപ്പെടുകയും ചെയ്യുന്നു. മിക്കവാറും മെത്രാപ്പോലീത്തായാൽ തന്നെയാണു വാഴിക്കപ്പെട്ടിരുന്നത്. ചുറ്റുമുള്ള എപ്പിസ്കൂപ്പന്മാരാൽ വാഴിക്കപ്പെട്ടിരുന്നാലും മെത്രാപ്പോലീത്താ അതിനെ സമ്മതിച്ചു സ്ഥിരപ്പെടുത്തിയിരുന്നു. പട്ടംകൊട എപ്പിസ്കൂപ്പന്മാരുടേയും പട്ടക്കാരുടേയും വിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ ഞായറാഴ്ച നടത്തപ്പെടുന്നു. മെത്രാപ്പോലീത്താ തദവസരത്തിൽ കശീശന്മാരോടും ശെമ്മാശന്മാരോടും ഇങ്ങനെ ചോദിക്കുകയുംചെയ്യും. “നിങ്ങൾക്കു തലവനാകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നവൻ ഇദ്ദേഹമാണോ?” ഉടനെ അവർ “അതെ” എന്നു പറഞ്ഞാൽ വീണ്ടും “ഈ ആൾ ഈ പദവിക്ക് യോഗ്യനാണോ?” അയാൾ യോഗ്യനായി നടന്നുകൊള്ളുമോ? അവന്റെമേൽ എന്തെങ്കിലും കുറവുണ്ടോ? എന്നു മെത്രാപ്പോലീത്താ ചോദിക്കും. അപ്പോൾ എല്ലാവരും മുഖപക്ഷം കൂടാതെ “അതേ” എന്നു മറുപടി പറഞ്ഞാൽ വീണ്ടും അദ്ദേഹം ഇങ്ങനെ ചോദ്യംചെയ്യും: “വാസ്തവത്തിൽ ഇദ്ദേഹം ഈ സ്ഥാനത്തിനു യോഗ്യനാണോ?” ഇപ്രകാരം സകല വചനങ്ങളും രണ്ടുമൂന്നുപേരുടെ വായാൽ സ്ഥിരപ്പെടുത്തപ്പെട്ടശേഷം മൂന്നാം പ്രാവശ്യവും അവർ “ശരി”വച്ചാൽ എല്ലാവരും അദ്ദേഹത്തിനു സമാധാനംകൊടുക്കും. അനന്തരം ശെമ്മാശന്മാർ ഏവൻഗേലിയോൻ തുറന്ന് സ്ഥാനാർത്ഥിയുടെ തലയ്ക്കുമീതെ പിടിക്കും. അപ്പോൾ വിശ്വാസികൾ അടക്കത്തോടും ഭയത്തോടുംകൂടി കൈ ഉയർത്തിക്കൊണ്ടു നിൽക്കും. എപ്പിസ്കൂപ്പന്മാർ തങ്ങളുടെ കൈകൾ അദ്ദേഹത്തിന്റെ മേൽ വച്ചുകൊണ്ട് “പിതാവിന്റെയും പുത്രന്റെയും പ. റൂഹായുടെയും നാമത്തിൽ ഇദ്ദേഹം നല്ല പദവിയിൽ ഏകവും കറയില്ലാത്തതുമായ ജീവനുള്ള ദൃശ്യദൈവത്തിന്റെ സഭയ്ക്കു നിയമിക്കേണ്ടതിന് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ഈ ദാസന്റെമേൽ ഞങ്ങൾ ഞങ്ങളുടെ കൈകൾ വയ്ക്കുന്നു. ആയത് നീതിയോടെ ന്യായംവിധിപ്പാനും പരിശുദ്ധദർശനത്തിനും വെടിപ്പുള്ള കൃപകൾക്കും സദായുള്ള പഠിത്തത്തിനും അത്രേ. വി. ത്രിത്വത്തിങ്കൽ നിന്ന് സ്ലീബായുടെ രഹസ്യത്താൽ കാതോലികസഭയ്ക്കുണ്ടായത് ഇദ്ദേഹമാണ്.” അനന്തരം മെത്രാപ്പോലീത്താ മാത്രം തന്റെ കൈ അദ്ദേഹത്തിന്റെമേൽ വയ്ക്കും. അനന്തരം പട്ടംകൊടയുടെ പ്രാർത്ഥന ചൊല്ലുകയും ജനമെല്ലാം ‘ആമ്മീൻ’ എന്നു പറയുകയും ചെയ്യും. പിന്നീട് എപ്പിസ്കൂപ്പന്മാർ അദ്ദേഹത്തെ ചുംബിക്കുകയും പട്ടക്കാർ കൈമുത്തുകയും ചെയ്ത് മൂന്നു പ്രാവശ്യം “യോഗ്യനാകുന്നു” എന്നു പറയും. എല്ലാവരും കൈമുത്തി ദൈവത്തോട് അദ്ദേഹത്തിനുവേണ്ടി അപേക്ഷിക്കുകയും ചെയ്യും. അനന്തരം വി. വേദപുസ്തകത്തിൽനിന്ന് തക്കതായ അദ്ധ്യാ

യങ്ങൾ വായിക്കുകയും വി. കുർബ്ബാന അവസാനിപ്പിക്കുകയും ചെയ്യും. ആദ്യമെ അദ്ദേഹം കുർബ്ബാന അനുഭവിക്കുകയും അനന്തരം അദ്ദേഹം മറ്റുള്ളവർക്ക് കൊടുക്കുകയും അവരെ സമാധാനത്താലെ പറഞ്ഞയയ്ക്കുകയും ചെയ്യുന്നു. അനന്തരം അവർ മൂന്നുദിവസം മുഴുവനും പെരുനാൾ ആഘോഷിക്കുകയും ചെയ്യുമായിരുന്നു. തന്റെ പട്ടംകൊട കഴിഞ്ഞ് അദ്ദേഹം മൂന്നാഴ്ച മുഴുവൻ ഉപവസിക്കുകയും അപ്പം, ഉപ്പ്, സൈത്തെണ്ണ, തേൻ, സസ്യങ്ങൾ ഇവ മാത്രം ഭക്ഷിച്ച് കഴിച്ചുകൂട്ടുകയുംചെയ്യും. അതിനുശേഷം അദ്ദേഹം മാംസം അശേഷം ഭക്ഷിപ്പാൻ അനുവാദമില്ല.

കന്യകാത്വം എപ്പിസ്കൂപ്പന്മാർ സ്വീകരിച്ചിരുന്നു. ശ്ലീഹാസ്ഥാനത്തേക്കു വിളിക്കപ്പെടുന്നതിനു മുമ്പ് വിവാഹിതരായിരുന്ന ശ്ലീഹന്മാർ പോലും മ്ശിഹായെ പിന്തുടരുവാൻ തുടങ്ങിയപ്പോൾ തങ്ങളുടെ ഭാര്യമാരെ പരിപൂർണ്ണമായി ഉപേക്ഷിച്ചുവെന്നു റോമിലെ വി. ക്ലീമ്മീസ് തന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു.

എപ്പിസ്കൂപ്പാ ഭദ്രാസന ഇടവകയുടെ തലവനും സഭാഭരണകർത്താവും പുരോഹിതന്മാരെ വാഴിക്കുന്നവനും ആയിരുന്നു. സഭാസംബന്ധമായ സകല സംഗതികളിലും അദ്ദേഹം നേതൃത്വാധികാരം വഹിച്ചിരുന്നു. തന്റെ ആജ്ഞ മുഖാന്തിരമായി സർവ്വവും ഭരിക്കപ്പെട്ടുവന്നു. സഭാവരുമാനങ്ങളിൽനിന്ന് കശീശന്മാർ, മ്ശംശോനേന്മാർ ആദിയായി തന്റെ അനുസരണത്തിൻ കീഴ്ഭരണം നടത്തിവന്നിരുന്നവരുടേയും മുട്ടുദിഷ്ടതിക്കാരുടെയും പോഷണത്തിനും സഭാപ്രയോജനത്തിനും ആവശ്യമായവയെ എപ്പിസ്കൂപ്പാ വിനിമയം ചെയ്തുകൊണ്ടിരുന്നു. തന്റേയും തന്നോടുകൂടിയുള്ളവരുടേയും ആവശ്യത്തിനുള്ളതും അവയിൽ നിന്നു സ്വീകരിച്ചിരുന്നു. എന്നാൽ അവയിൽ വല്ലതും തനതോ തന്റെ ചാർച്ചക്കാരുടേതോ ആക്കിത്തീർക്കുന്നതിന് അവകാശമോ അധികാരമോ ഇല്ലായിരുന്നു. വിശ്വാസികളുടെമേൽ എപ്പിസ്കൂപ്പാ അധികാരിയായിരുന്നുവെങ്കിലും ശ്ലീഹന്മാരുടെ കാനോനാകൾ പറയുന്ന പ്രകാരം നീതിമാന്മാരുടെ ആലോചന അനുസരിച്ച് എല്ലാ കാര്യങ്ങളും നീതിപൂർവ്വകമായവിധം നിർവ്വഹിച്ചുകൊണ്ടിരുന്നു. വിശ്വാസികൾ എപ്പിസ്കൂപ്പായെ വളരെ ബഹുമാനിപ്പാനാണ് കടപ്പെട്ടിരുന്നത്. എന്നാൽ അദ്ദേഹം യോഗ്യമാംവണ്ണവും ഗൗരവരഹിതമല്ലാതെയും പട്ടക്കാരോടു കാഠിന്യം കൂടാതെയും നടക്കുവാൻ കടപ്പെട്ടിരിക്കുന്നു. എപ്പിസ്കൂപ്പന്മാർ തങ്ങളുടെ തലവനെ കൂടാതെ വലിയ കാര്യങ്ങളൊന്നും ചെയ്യിച്ചുകൂടാ. തലവൻ അവരെ കൂടാതെയും യാതൊന്നും ചെയ്യുവാൻ പാടില്ല. എന്നാലോ അന്യോന്യം സംയോജിച്ചാണു ചെയ്തിരുന്നത്.

എപ്പിസ്കൂപ്പാ തന്റെ ഇടവകയിലെ സാധുക്കളുടേയും വിധവമാരുടേയും അനാഥക്കുഞ്ഞുങ്ങളുടേയും കാര്യത്തിൽ താല്പര്യമായി അന്വേഷിപ്പാൻ കടപ്പെട്ടിരിക്കുന്നു. ശ്ലീഹന്മാർ കല്പിച്ചിട്ടുള്ള പ്രകാരം ദുഷ്ടന്മാരിൽനിന്നു ധർമ്മങ്ങൾ സ്വീകരിക്കുകയില്ലായിരുന്നു. നിയമാ

നുസരണമുള്ള കടമയായി, വിശ്വാസികൾ എപ്പിസ്കൂപ്പായിക്കു റിശീസാ കൊടുത്തിരുന്നു. എപ്പിസ്കൂപ്പായ്ക്കു കൊടുക്കുന്ന പസാരം മുതലായവയും സാധുക്കൾക്കുവേണ്ടി അദ്ദേഹത്തിന്റെ കയ്യിൽ ഏല്പി ക്കപ്പെടുന്ന ധർമ്മങ്ങളും എപ്പോൾ എങ്ങനെ എവിടെ ചെലവാക്കിയെ ന്നുള്ളതിനെക്കുറിച്ച് അദ്ദേഹവുമായി കണക്കുപറയുവാനോ ചോദി ക്കുവാനോ വിശ്വാസികൾക്ക് അധികാരമില്ലായിരുന്നു. അവ വേണ്ടവിധ ത്തിൽ ചെലവാക്കിയോ എന്നു ചോദിപ്പാനും അധികാരമുണ്ടായിരു ന്നില്ല. എന്തുകൊണ്ടെന്നാൽ ശ്ലീഹന്മാർ കല്പിക്കുന്നത് ഇതിന്റെ ഭരണം ദൈവം അവരെ ഭരമേല്പിച്ചതാണെന്നാണ്. മറ്റൊരുത്തന് തന്റെ സിംഹാസനത്തെ അവകാശിപ്പിക്കുവാനും അധികാരമില്ലായിരുന്നു.

കൈക്കൂലിയാൽ പട്ടമേല്ക്കുകയോ ലൗകിക അധികാരത്താലോ മറ്റേതെങ്കിലും വിധത്തിലോ അധികാരം പ്രാപിക്കയോ, ഏതെങ്കിലും ലൗകികസ്ഥാനം കൈക്കൊള്ളുകയോ കോപിഷ്ഠനായിരിക്കുകയോ, മുടക്കുകയും അഴിക്കുകയും ചെയ്യത്തക്കവണ്ണം എളുപ്പത്തിൽ കോപി ക്കുന്നവനായിരിക്കുകയോ, ആ സ്വഭാവത്തെ ഉപേക്ഷിക്കാതിരിക്കു കയോ, സദാ മദ്യപിക്കുകയോ ദൈവകല്പനയ്ക്കെതിരായിക്കുകയോ, തന്റെ ഇടവകയ്ക്കു പുറമെ മറ്റ് ഇടവകയ്ക്ക് ആ ഇടവകയുടെ എപ്പി സ്കൂപ്പായുടെ സമ്മതം കൂടാതെ പട്ടം കൊടുക്കുകയോ, അങ്ങനെ ചെയ്തുപോയാൽ അതിനു ക്ഷമ ചോദിക്കാതിരിക്കുകയോ, സത്യ വിശ്വാസികളും ചൊവ്വുള്ളവരും അയാളെ കുറ്റപ്പെടുത്തുകയും, പ്രസ്തുത കുറ്റാരോപണത്തിനു മറുപടി കൊടുക്കുവാൻ ഒന്നുരണ്ടു തവണ സുന്നഹദോസിലേക്കു ക്ഷണിച്ചിട്ട് വരാതിരിക്കുകയോ, തന്റെ ഇടവകയിലെ അല്ലാത്ത ഒരു കശീശാ സ്വന്തപള്ളി ഉപേക്ഷിച്ച് തന്റെ അടുക്കൽ വരുമ്പോൾ അയാളെ കൈക്കൊള്ളുകയും അയാളെ വിടാ തിരിക്കുകയും അയാളുടെ എപ്പിസ്കൂപ്പാ ആവശ്യപ്പെട്ടിട്ട് മറുപടി പറ യാതിരിക്കുകയും ചെയ്യുകയോ, മന്ത്രവാദം ചെയ്യുകയോ, മന്ത്രവാദിക ളുടേയും ഗണിതക്കാരുടേയും വാക്കുകൾ കേൾക്കുകയോ ചെയ്താൽ മുടക്കപ്പെടുമായിരുന്നു. പക്ഷേ, വിശ്വാസവിപരീതിയുടേയോ ഒരു എപ്പി സ്കൂപ്പായുടെ മാത്രമോ അയാളെക്കുറിച്ചുള്ള സാക്ഷ്യം സ്വീകരിക്ക പ്പെടുകയില്ല.

ഗ്രാമപ്രദേശങ്ങളിൽ എപ്പിസ്കൂപ്പന്മാരുടെ പ്രതിനിധികളായി "കോർഎപ്പിസ്കൂപ്പാ" എന്ന സ്ഥാനികൾ ഉണ്ടായിരുന്നു. ആ സ്ഥല ങ്ങളിലുള്ള പുരോഹിതന്മാരുടെയിടയിൽ ഇദ്ദേഹത്തിന് ഒരു ബഹു മാന്യപദവിയും സിദ്ധിച്ചിരുന്നു.

കശീശന്മാർ ആചാര്യത്വത്തിനടുത്തു കൂദാശകളെ നിവൃത്തിക്കു കയും വിശ്വാസികളായ തന്റെ ഇടവകയിലെ ആട്ടിൻകൂട്ടങ്ങളുടെ അഭി വൃദ്ധിയെ മുൻനിറുത്തി പ്രവർത്തിക്കുകയും പ്രസംഗങ്ങൾ നടത്തു കയും ചെയ്തുവന്നു. ശ്ലൈഹികപാരമ്പര്യക്രമീകരണമനുസരിച്ച് കശീ ശന്മാർ വിവാഹിതരായിരിക്കണമെന്നും, പുനർവിവാഹം ചെയ്യാത്തവരാ

യിരിക്കണമെന്നും ശാസിച്ചിരുന്നു. പുനർവിവാഹം ചെയ്തവരെ പട്ടക്കാരാക്കിയിരുന്നില്ല. വിധവമാരെ വിവാഹം ചെയ്തവരും ആ സ്ഥാനത്തിന് അനർഹരായിരുന്നു. കശീശാ വി. വേദപുസ്തകത്തിലും വിശ്വാസത്തിലും പഠിത്തമുള്ളവനായിരിക്കണമായിരുന്നു. എന്തെന്നാൽ അദ്ദേഹം ദൈവികജ്ഞാനത്തിന്റെയും സത്യവിശ്വാസത്തിന്റെയും ശരിയായ ഉപദേശത്തിന്റെയും ഗുരുവായിരുന്നു. എപ്പിസ്കൂപ്പായുടെ മുടക്കിനു കാരണമായ ഏതെങ്കിലും ഒരു കുറ്റം അദ്ദേഹത്തിൽ സ്ഥിരപ്പെടുത്തപ്പെടുകയോ രണ്ടാമത് പട്ടമേല്ക്കുകയോ, പട്ടമേല്ക്കുന്നതിനു മുമ്പ് പുനർവിവാഹം ചെയ്യുകയും അത് പിന്നീട് പട്ടമേറ്റശേഷം വെളിപ്പെടുകയോ, പട്ടമേറ്റുകഴിഞ്ഞു വിവാഹം ചെയ്യുകയോ, തന്റെ ഭാര്യയെ അവളുടെ ഇഷ്ടംകൂടാതെ സന്യാസത്തിനോ മറ്റേതെങ്കിലും ആത്മിക ശുശ്രൂഷയ്ക്കുവേണ്ടിയോ തന്റെ പക്കൽനിന്നു വേർതിരിക്കുകയോ, തന്റെ പണം പലിശയ്ക്കു കടം കൊടുക്കുകയോ വേദവിപരീതികളോടുകൂടി പ്രാർത്ഥിക്കുകയോ, അവരുടെ മാമോദീസാ, കുർബ്ബാന എന്നിവകളെ സ്വീകരിക്കുകയോ അവരുടെ പള്ളിയിൽ പ്രാർത്ഥിപ്പാൻ പ്രവേശിക്കുകയോ, അതിൽ വിശ്വസിക്കുകയോ (ദൈവാലയമായി ഗണിക്കുകയോ) അതിന് വഴിപാടു കൊടുത്തയയ്ക്കുകയോ, ജനത്തിന്റെ ഉപദേശത്തിൽനിന്ന് അലസനായിരിക്കുകയോ, തന്നെത്താൻ ഷണ്ഡനാക്കുകയോ, ശപിക്കപ്പെട്ടവനായ ഒരുവനുമായി സംസാരിക്കുകയോ, പ്രാർത്ഥിക്കുകയോ ചെയ്യുകയോ, നാല്പത് നോമ്പ്, ബുധൻ, വെള്ളി എന്നീ നോമ്പുകൾ നോക്കാതിരിക്കുകയോ തന്റെ എപ്പിസ്കൂപ്പായെ നിന്ദിച്ച് വേറൊരു മദ്ബഹായെ ഉണ്ടാക്കുകയോ, എപ്പിസ്കൂപ്പായുടെ അനുവാദം കൂടാതെ പള്ളിയിൽനിന്ന് പള്ളിയിലേക്ക് മാറുകയോ, സ്വന്ത പള്ളി ഉപേക്ഷിച്ച് മറ്റൊരു പള്ളി ഭരണമേല്ക്കുകയോ ചെയ്തിട്ട് അദ്ദേഹം വിളിക്കുകയും ഉത്തരം പറയാതിരിക്കുകയും ചെയ്താലും, അദ്ദേഹത്തിന്റെ സമ്മതം കൂടാതെ ദൂരെ ദിക്കിലേക്കു യാത്രചെയ്യുകയോ ചെയ്താൽ കശീശാ മുടക്കപ്പെടുമായിരുന്നു. എപ്പിസ്കൂപ്പായോ കശീശായോ എന്തെങ്കിലും കുറ്റംനിമിത്തം മുടക്കപ്പെടുകയും അതിനുശേഷം ധിക്കാരമായി മുമ്പിലത്തെപ്പോലെ ശുശ്രൂഷ നടത്തുകയും ചെയ്താൽ സഭയിൽനിന്നു പൂർണ്ണമായി വേർതിരിക്കപ്പെടുമായിരുന്നു. അപ്രകാരംതന്നെ മുടക്കിയതറിഞ്ഞിട്ടും അവരോടുകൂടി സംബന്ധിക്കുന്നവരും മുഴുവനായി വേർതിരിക്കപ്പെടുമായിരുന്നു.

വി. കൂദാശകൾ നടത്തുമ്പോൾ എപ്പിസ്കൂപ്പന്മാരുടെയും കശീശന്മാരുടെയും ഒരു സഹായിയും ശുശ്രൂഷകനുമായിരുന്ന് മ്ശംശോനോ. സാധുക്കൾ, രോഗികൾ, വിധവമാർ ആദിയായവരെ ശുശ്രൂഷിക്കുകയും സഭാസ്വത്തുക്കൾ ക്രമമായി ഭരിക്കുകയും ചെയ്യുവാൻ എപ്പിസ്കൂപ്പന്മാരാൽ ഇവർ നിയമിതരായിരുന്നു. എപ്പിസ്കൂപ്പായുടെ അനുവാദത്തോടുകൂടി ഇവർ പ്രസംഗിക്കുകയും സുവിശേഷിക്കുകയും അത്യാവശ്യം വരുന്ന അവസരങ്ങളിൽ മാമോദീസാ മുക്കുകയും വി.

കുർബ്ബാനകൊടുക്കുകയും ചെയ്തിരുന്നു. ശെമ്മാശൻ എപ്പിസ്കൂപ്പായ്ക്കു കണ്ണും വായും ചെവിയുമായിരുന്നു. അദ്ദേഹം കഴിയുന്നത്ര എല്ലാ കാര്യങ്ങളും നടത്തുകയും പ്രയാസമുള്ള കാര്യങ്ങളെ എപ്പിസ്കൂപ്പായെ അറിയിക്കുകയും അവ എപ്പിസ്കൂപ്പാ അദ്ദേഹത്തിന്റെ ആലോചനയോടുകൂടി നടത്തുകയുംചെയ്യും. എപ്പിസ്കൂപ്പാ രോഗികളെ സന്ദർശിക്കുന്നതിന് ശെമ്മാശൻ അറിയിക്കും. ശെമ്മാശന്മാരിൽ തലവനായി "അർക്കദിയാക്കൂൻ" എന്ന പേരിൽ ഒരു സ്ഥാനി ഉണ്ടായിരുന്നു. അർക്കദിയാക്കൂൻ പ്രാർത്ഥനാസമയത്ത് എപ്പിസ്കൂപ്പായുടെ വലതുവശത്ത് അദ്ദേഹത്തിന്റെ പ്രതിനിധി എന്നപോലെയും പ്രാർത്ഥനകൾ, സഭാകാര്യങ്ങൾ മുതലായ സകല കാര്യങ്ങളിലും സൂക്ഷ്മതപ്പെടുത്തുവാനായും നില്ക്കുമായിരുന്നു. ശെമ്മാശന്മാരുടെ ഇടയിലുള്ള തർക്കങ്ങളെക്കുറിച്ച് അദ്ദേഹം തീരുമാനം ചെയ്യുകയും ചെയ്യുമായിരുന്നു. എന്തെന്നാൽ അവർ അദ്ദേഹത്തിന്റെ കിഴ്വരുതിയിലുള്ളവരായിരുന്നു. അദ്ദേഹം മുഖാന്തിരം പള്ളിയിലെ എല്ലാ കാര്യങ്ങളും നിർവ്വഹിക്കപ്പെട്ടിരുന്നു. എപ്പിസ്കൂപ്പാ പള്ളിയിലോ പള്ളിക്കു പുറമെയോ നടക്കുമ്പോൾ അദ്ദേഹത്തിന്റെ വലത്തുവശത്തു അർക്കദിയാക്കൂൻ നടക്കുമായിരുന്നു. എപ്പിസ്കൂപ്പാ അദ്ദേഹത്തെക്കൂടാതെ ആർക്കും പട്ടംകൊടുക്കുകയില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിനു പെരുമാറ്റംകൊണ്ട് എല്ലാവരേയും പരിചയമുണ്ടെന്നു മാത്രമല്ല, അദ്ദേഹം പ്രാർത്ഥനയുടേയും ശെമ്മാശന്മാരുടെ ഗണത്തിന്റെ മുഴുവന്റേയും തലവനുമായിരുന്നു. പക്ഷേ ചില സ്ഥലങ്ങളിൽ ശെമ്മാശന്മാർ തങ്ങളുടെ സ്ഥാനം അതിലംഘിച്ച് കശ്ശീശായുടേയും എപ്പിസ്കൂപ്പായുടേയും ബഹുമാനത്തെ കവർന്നുകളയുമായിരുന്നു.

എവുഫുദ്യക്കിനോ, കോറൂയോ, മ്സമ്രോനോ എന്നിവർ മ്ശംശോനോയുടെ താഴെയുള്ള സ്ഥാനികളായിരുന്നു. വി. വേദവായന, പാട്ടുകൾപാടുക ആദിയായ ഓരോ പ്രത്യേക ജോലികൾ ഇവർക്കു നിയമിക്കപ്പെട്ടിരുന്നു. മ്സമ്രോനേന്മാർ ദൈവികശുശ്രൂഷയുടെ ഗാനങ്ങളെ നിർവ്വഹിക്കുമായിരുന്നു. കോറൂയേന്മാർ പഴയനിയമത്തിൽനിന്നു വായിക്കുമായിരുന്നു. എവുഫുദ്യാക്കിനോനന്മാർ പ്രക്സീസിൽ നിന്നത്രെ വായിച്ചിരുന്നത്. ശെമ്മാശന്മാർ ധൂപം വീശുമായിരുന്നു. ശെമ്മാശന്മാരുടെ തലവൻ (അർക്കദിയാക്കൂൻ) പൗലൂസ് ശ്ലീഹായുടെ ലേഖനം വായിക്കുകയോ ശെമ്മാശന്മാരിലൊരാൾ അദ്ദേഹത്തിനു പകരം വായിക്കുവാൻ കല്പിക്കുകയോ ചെയ്യുമായിരുന്നു. ശ്ലീഹന്മാരുടെ കാനോൻ, മ്സമ്രോനോന്മാരും കോറൂയേന്മാരും എവുഫുദിയക്കിനേന്മാരും ആ സ്ഥാനങ്ങളിലേക്കു പ്രവേശിച്ചശേഷവും വിവാഹം ചെയ്യുവാൻ അനുവദിച്ചിരുന്നു. പക്ഷെ, പൂർണ്ണ ശെമ്മാശനായശേഷം അതിനനുവാദമില്ലായിരുന്നു. അങ്ങനെ വിവാഹം ചെയ്താൽ മുടക്കപ്പെടുമായിരുന്നു.

"താറോഠാ" സ്ഥാനി, അനർഹരായവർ വി. ശുശ്രൂഷാസന്ദർഭങ്ങളിൽ പള്ളിയകത്തു പ്രവേശിക്കാതിരിപ്പാൻ തക്കവണ്ണം വാതിൽ കാവൽക്കാരനായിരുന്നു. "മൗദ്യോനോ"സ്ഥാനികൾ വി. മാമോദീസായ്ക്ക് ഒരുങ്ങിവരുന്നവരെക്കൊണ്ട് പിശാചിനെ തള്ളി പറയിച്ച് വിശ്വാസം ഏറ്റുപറയിച്ചിരുന്നു. അതുപോലെതന്നെ ഭൂതഗ്രസ്ഥരായവരിൽനിന്ന് ഭൂതങ്ങളെ പുറത്താക്കുന്ന ജോലിയും അവർ നിർവ്വഹിച്ചുവന്നു.

മ്ശംശോനീസോ"കളായി, വയോവൃദ്ധകളും കന്യകകളും വിധവകളും നല്ല നടപ്പുള്ളവരുമായവരെ തിരഞ്ഞെടുത്തു നിയമിച്ചിരുന്നു. ഇവർ ദൈവാലയത്തിൽ എവുഫുദിയാക്കിനോന്മാരുടെ പുറകിൽ നിന്നിരുന്നു. മതപരമായ കാര്യങ്ങൾ സ്ത്രീകളെ പഠിപ്പിക്കുക, പള്ളിയകവും അതു സംബന്ധിച്ചുള്ള സാമഗ്രികളും തുടച്ചുവെടിപ്പാക്കുക, രോഗികളെ ശുശ്രൂഷിക്കുക, പുറജാതികളുടെ വിദ്വേഷം നിമിത്തം ക്രിസ്ത്യാനികളുടെ ശുശ്രൂഷയ്ക്ക് മ്ശംശോനേന്മാർക്ക് പോകുവാൻ സൗകര്യമാകാത്ത അവസരങ്ങളിൽ വിശ്വാസികളുടെ ഭവനങ്ങളിലേക്ക് പോകുവാൻ എപ്പിസ്കൂപ്പന്മാരാൽ നിയുക്തകളാകുക എന്നാദിയായ സഭാശുശ്രൂഷകൾ അവർക്കു നിർവ്വഹിക്കേണ്ടതുണ്ടായിരുന്നു. ഇങ്ങനെയുള്ള സേവനത്തിനു തിരഞ്ഞെടുക്കപ്പെടുന്ന സ്ത്രീകൾ, തങ്ങളുടെ ഭർത്താക്കന്മാർ മരിച്ച് ദീർഘകാലമായി ഭർത്തൃരഹിതരായി വിശുദ്ധിയിലും വെടിപ്പിലും ജീവിക്കുന്നവരെയായിരുന്നു. ഇവരിൽ ചിലർ പ്രാർത്ഥനയിലും വ്രതങ്ങളിലും നിരന്തരം ദൈവാലയത്തിൽതന്നെ ജീവിച്ചുവന്നിരുന്നു. ചിലർ മുമ്പ് പ്രസ്താവിച്ചവിധം ക്രിസ്തീയ സേവനങ്ങൾക്ക് നിയുക്തകളായിരുന്നു. ഇങ്ങനെയുള്ള വിധവകളെ വി. സഭയിൽ ആരംഭകാലംമുതലേ നാം കണ്ടുവരുന്നുണ്ട്. (പ്രക്. 6:1, 1 തീമോ. 5: 9–16). ഇവരെക്കൂടാതെ സ്വമനസ്സോടുകൂടെ ക്രിസ്തീയ ശുശ്രൂഷയ്ക്ക് സന്നദ്ധതയുള്ള കന്യാവ്രതക്കാരും കന്യകളുമുണ്ടായിരുന്നു. പള്ളിയിലെ ശുശ്രൂഷയ്ക്ക് യൗവ്വനക്കാരികളായ കന്യകകളേയും വിധവമാരേയും സ്വീകരിക്കുകയില്ലായിരുന്നു. എന്നാലോ മിക്കവാറും 60 വയസ്സ് ആയിരുന്നവരെ മാത്രമേ സ്വീകരിച്ചിരുന്നുള്ളു. വിധവമാർ തന്നെയും പുനർവിവാഹിതകളായിരിക്കരുത്. അതുകൊണ്ട് ഉദ്ദേശിക്കുന്നത് അവർ സാത്താന്റെ കെണിയിൽ വീഴാതിരിക്കുവാനും പിന്നീട് വിവാഹം ചെയ്ത് ദൈവശിക്ഷ അനുഭവിക്കാതിരിപ്പാനുമത്രെ. "എല്ലാവരും എന്നെപ്പോലെയായിത്തീരുവാൻ ഞാനാഗ്രഹിക്കുന്നു" എന്നുള്ള വി. പൗലൂസിന്റെ അഭിപ്രായപ്രകാരം സ്വമേധാശുശ്രൂഷക്കാരായി ഇതുപോലെയുള്ള വിശുദ്ധരും വിശുദ്ധകളുമായി കന്യാവ്രതക്കാർ, സന്യാസികൾ, സന്യാസിനിമാർ ആദിയായ അനേകം ഭക്തർ, സ്ലീബാ വഹിച്ച് സർവ്വവും ത്യജിച്ച് പരലോകസംബന്ധമായ കാര്യങ്ങളിൽ മാത്രം ചിന്തയുള്ളവരായി അനേകമാർഗ്ഗങ്ങളിലൂടെ പാപികളെ അനുതാപത്തിലേക്കും സുകൃതാഭ്യസനങ്ങളിലേക്കും വിളിച്ചുവരുത്തുകയും സാധുജനസേവനം ചെയ്യുകയും യുവാക്കന്മാർക്ക് ഉത്തമമാർഗ്ഗനിർദ്ദേശം

ചെയ്യുകയും ചെയ്തു. മോർ ഗ്രിഗോറിയോസ് ബാർ എബ്രായ ഇവരെക്കുറിച്ച് ഇങ്ങനെ പറയുന്നു: "ഇങ്ങനെയുള്ള സന്യാസിത്വം കർത്താവിന്റെ സ്വർഗ്ഗാരോഹണംമുതൽ ഒരു നൂറുകൊല്ലക്കാലംവരെയും സഭയിൽ കാണപ്പെട്ടിരുന്നു." ശ്ലീഹന്മാരുടെ കാനോനാകൾ നിർദേശിക്കുന്നത്, ഇങ്ങനെയുള്ളവർ നോമ്പിലും പ്രാർത്ഥനയിലും വിലാപത്തിലും വി. പുസ്തകം ദൈവികകാര്യങ്ങൾ ആദിയായവയെപ്പറ്റി ധ്യാനിച്ചും നിത്യം പരലോകസംബന്ധമായി ചിന്തിച്ച് തങ്ങളുടെ പുറപ്പാടിനെ സമാധാനത്തോടുകൂടെ പ്രതീക്ഷിച്ചും കഴിച്ചുകൂട്ടണമെന്നാണ്. ഇവരെക്കൂടാതെ മൗദ്യാനന്മാരുടെ കൂട്ടങ്ങൾ ഉണ്ടായിരുന്നു. ഇവർ മ്ശിഹായുടെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്നപോലെ സ്വീകരിക്കപ്പെട്ടിരുന്നു. ഇവർ പീഡ, കഷ്ടത, കാരാഗൃഹവാസം ആദിയായ ഞെരുക്കങ്ങൾ സഹിച്ചിട്ടും ക്രിസ്തുവിനെ തള്ളിപ്പറയാതെ വിശ്വാസസ്ഥൈര്യം പ്രദർശിപ്പിച്ച് ക്രിസ്തുവിനെ ഏറ്റുപറഞ്ഞതിനാൽ മൗദ്യാനേന്മാർ എന്നു വിളിക്കപ്പെടുന്നു (മത്താ. 10:32, 1 തീമോ. 5:12-13). മേൽ വിവരിക്കപ്പെട്ട സ്ഥാനികളെല്ലാവരും വിശ്വാസികൾ എപ്പിസ്കൂപ്പന്മാരുടെ അടുക്കൽ സമർപ്പിച്ചിരുന്ന റിശീസാ, ദശാംശങ്ങൾ, ധാന്യങ്ങൾ ആദിയായ വരുമാനങ്ങളിൽനിന്ന് പുലർത്തപ്പെട്ടുവന്നിരുന്നു. എപ്പിസ്കൂപ്പാ തനിക്കും, കശീശന്മാർ, മ്ശംശോനേന്മാർ, സാധുക്കൾ, രോഗികൾ, വിധവകൾ, മുട്ടുദിഷ്ടതിക്കാർ ആദിയായവരുടേയും ആവശ്യാനുസരണം യുക്തമായി പൊതുവരവുകളിൽനിന്നും ചെലവാക്കിവന്നു. തങ്ങളോടു വായ്പ വാങ്ങുന്നവരിൽനിന്നും വൈദികർ പലിശ ഈടാക്കുന്ന പതിവിനെ ശ്ലീഹന്മാർ വിരോധിച്ചിരുന്നു.

വി. സഭയുടെ പ്രയോജനത്തിനും പ്രസക്തിയ്ക്കുംവേണ്ടി വിശ്വാസികൾക്കു പ്രത്യേകമായി സംലബ്ധമായിരുന്ന ഇതര ആത്മികപദവികളെക്കുറിച്ചും വി. പൗലൂസ് ശ്ലീഹാ 1 കോരി. 12:28-ൽ വിവക്ഷിച്ചിട്ടുണ്ട്. അതിൽനിന്നും പ്രവചനം, ഉപദേശം, അത്ഭുതപ്രവൃത്തി, രോഗശാന്തി, വിവിധ ഭാഷാജ്ഞാനം എന്നിവയ്ക്കുവേണ്ടിയുള്ള പ്രത്യേക നൽവരങ്ങൾ ലഭിച്ചിരുന്ന വിശുദ്ധന്മാർ ഉണ്ടായിരുന്നുവെന്നു നാം കാണുന്നു. വി. യുസ്തീനോസ്, രണ്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധകാലത്ത് യഹൂദനായ ത്രീഫോണിനു വിരോധമായി എഴുതിയ പുസ്തകത്തിൽ, പ്രവചനവരവും വെളിപാടും ദൈവികമായി നല്കപ്പെട്ടുവന്നിരുന്നത് തന്റെ കാലത്തുണ്ടായിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. വിവിധ ഭാഷാവരവും കുറേക്കാലത്തേക്ക് സഭയിൽ നിലനിന്നിരുന്നു. എന്തുകൊണ്ടെന്നാൽ പുറജാതികളെ ക്രിസ്തുമതത്തിലേക്ക് ആനയിക്കുന്നതിന് ആ കാലങ്ങളിൽ ഈ നൽവരം ആവശ്യമായിരുന്നു. എന്നാൽ കുറേക്കാലം കഴിഞ്ഞ്, പ്രവചനവരം മാഞ്ഞുപോയതുപോലെ തന്നെ ഈ വരവും മാഞ്ഞുപോയി. ഇവ മായിക്കപ്പെടുവാനിരിക്കുന്നുവെന്നതിനെക്കുറിച്ച് വി. പൗലൂസ് മുൻകൂട്ടി പറഞ്ഞിരിക്കുന്നു. (1 കോരി. 13:8). എന്നാൽ ഇതര വരങ്ങൾ വി. സഭയിൽ തുടർന്നു വന്നിരുന്നു.

നിയമാനുസൃതമായി പട്ടമേല്ക്കാത്തവൻ പള്ളിയിൽ ശുശ്രൂഷ ചെയ്യുവാൻ അനുവാദമില്ലായിരുന്നു. അങ്ങനെ ധിക്കാരമായി ശുശ്രൂഷിക്കുന്നവന് പഴയനിയമത്തിൽ കോരഹിനും കൂട്ടർക്കും സംഭവിച്ചതു പോലെ ശിക്ഷയുണ്ടാകുമെന്നു വിശ്വാസികൾ വിശ്വസിച്ചിരുന്നു. പട്ടക്കാരുടെ വസ്ത്രം കറുത്ത വർണ്ണമുള്ളതായിരുന്നു.

സഭാപരമായ ഭരണകാര്യങ്ങൾ ക്രമപ്പെടുത്തേണ്ടതിനും വിശ്വാസപരമായ കാര്യങ്ങളുടെ വാദങ്ങൾ തീരുമാനിക്കേണ്ടതിനുമായി അതാതിടവകയിലെ മേലദ്ധ്യക്ഷന്മാരുടെ ആസ്ഥാനങ്ങളിൽ വച്ച് മിക്കവാറും അതാതു മെത്രാപ്പോലീത്തന്മാരുടെ അഗ്രാസനാധിപത്യത്തിൽതന്നെ ആണ്ടിൽ രണ്ടുപ്രാവശ്യം പെന്തിക്കുസ്തിക്കുശേഷവും തുലാമാസത്തിലുമായി പ്രാദേശിക സുന്നഹദോസുകൾ നടത്തപ്പെട്ടുവന്നു.

അപ്പോസ്തലന്മാരുടെ കാലത്തിനുശേഷം ആദ്യമായി സമ്മേളിച്ച സുന്നഹദോസുകൾ മൊന്താനിയർക്ക് എതിരായി രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്ത് ഏഷ്യാമൈനറിൽ കൂടിയതായിരുന്നു. രണ്ടാം ശതകത്തിന്റെ അവസാനകാലത്തോടുകൂടി ഉയിർപ്പുപെരുനാൾ ആഘോഷത്തിന്റെ ദിവസം, തിയതി എന്നിവയെക്കുറിച്ച് ആലോചിക്കുന്നതിന് ഫലസ്തീൻ, റോം, ഫൊന്തോസ്, ഫ്രാൻസ്, മെസൊപ്പൊട്ടോമ്യ, എഫേസൂസ് എന്നീ സ്ഥലങ്ങളിൽ പ്രാദേശിക സുന്നഹദോസുകൾ കൂടിയിട്ടുണ്ട്. എന്നാൽ മൂന്നാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തിനുമുമ്പ് ഒരു നിയമമെന്നവണ്ണം ഏഷ്യാമൈനറിൽ വത്സരംതോറും സുന്നഹദോസുകൾ കൂടിയിരുന്നുവെന്നു കാണുന്നു. അതേസമയത്തുതന്നെ ഉത്തരാഫ്രിക്കായിൽ, വേദവിപരീതികളുടെ മാമോദീസാ മുതലായവയെപ്പറ്റി പര്യാലോചിക്കാൻ ലത്തീൻ സഭയുടെ സുന്നഹദോസുകൾകൂടിയതായി നാം കാണുന്നു. എന്നാൽ മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിനുമുമ്പ് മിക്ക പ്രവിശ്യകളിലും പ്രാദേശിക സുന്നഹദോസുകൾ സമ്മേളിക്കുക എന്നുള്ളത് ഒരു നിയമമായിത്തീർന്നു.

തങ്ങളുടെ പരാതികൾ അവിശ്വാസികളുടെ അടുക്കൽ കൊണ്ടുപോകുവാൻ വിശ്വാസികളെ അനുവദിച്ചിരുന്നില്ല. അതിന്റെ കാരണം, വിശ്വാസികളുടെ ഇടയിൽ വിരുദ്ധതകൾ ഉണ്ടെന്ന് അന്യർ അറിയുവാൻ ഇടയാകുമായിരുന്നതുകൊണ്ടാണ്. പ്രത്യേകിച്ച് പട്ടക്കാർ തമ്മിലുണ്ടാകുന്ന വഴക്കുകൾ അങ്ങനെ കൊണ്ടുപോകുവാൻ ഒട്ടും പാടില്ലായിരുന്നു. വിശ്വാസികളുടെ പരാതികൾ, ക്രൈസ്തവരായ അധിപന്മാരുടെ സന്നിധിയിൽപോലും സമർപ്പിക്കുവാൻ അനുവാദമില്ലായിരുന്നു. എന്നാൽ പരാതിക്കാരായ ദ്വിപക്ഷക്കാരിൽ ഒരു കൂട്ടർ സഭയുടെ നിയമത്തിനു വഴിപ്പെടുന്നില്ലെങ്കിൽ മാത്രം അതാതു സ്ഥലത്തെ ന്യായാധിപന്മാരാൽ ന്യായം വിധിക്കപ്പെടുന്നതിനു വിരോധിച്ചിരുന്നില്ല. വിശ്വാസികളുടെ ന്യായാധിപൻ എപ്പിസ്കൂപ്പാ ആയിരുന്നു. അദ്ദേഹത്തിനു സർവ്വകാര്യത്തിലും ആലോചനക്കാരായിരിക്കുന്ന കശീശന്മാരുടേയും ശെമ്മാശന്മാരുടേയും സംഘത്തോട് ആലോചിച്ചതിനുശേഷം

മാത്രമേ അദ്ദേഹം എല്ലാ വിധികളും വിധിക്കുമായിരുന്നുള്ളു. എപ്പിസ്കൂപ്പാ ആരോടും സമ്മാനങ്ങൾ വാങ്ങുവാൻ പാടില്ലായിരുന്നു. അത് കൈക്കൂലിക്കു മുഖാന്തരമാകാതിരിപ്പാനായിട്ടാണ്. കേസുകൾ കേൾക്കുന്നതിനുള്ള കൗൺസിലുകൾ കൂടുന്നത് തിങ്കളാഴ്ച മുതൽ ശനിയാഴ്ചവരെ മാത്രമേ പാടുള്ളുവെന്ന് പ്രത്യേകം കല്പിക്കപ്പെട്ടിരുന്നു. അതിനാൽ ഞായറാഴ്ചയാകുമ്പോഴേക്ക് വിശ്വാസികളുടെ ഇടയിൽ വിരുദ്ധതയോ തർക്കമോ ഒന്നുംതന്നെ ഉണ്ടായിരിക്കുകയില്ല. തങ്ങൾക്ക് ലൗകികമായ എന്തെങ്കിലും നഷ്ടങ്ങൾ നേരിട്ടാലും എപ്പിസ്കൂപ്പായുടെ വിധിയുണ്ടാകുന്നതിനുമുമ്പ് തമ്മിൽ രമ്യപ്പെടുന്നതാണ് യോഗ്യമെന്ന് പരാതിക്കാർ തങ്ങളുടെ ധർമ്മമായി വിചാരിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ ഇങ്ങനെയുള്ള നഷ്ടങ്ങളാൽ, അവർ ദൈവകല്പനയെ അനുസരിക്കുന്ന ശുശ്രൂഷകരാകയാൽ ആത്മികവും ദൈവികവുമായ ഒന്നും അവർക്കു നഷ്ടപ്പെടുന്നില്ലെന്നും, തർക്കങ്ങൾ ദുഷ്ടനിൽ നിന്നും വിശ്വാസികൾക്കുണ്ടാകുന്ന പരീക്ഷയാണെന്നും, തമ്മിലുള്ള വിരുദ്ധതനിമിത്തം ശത്രുത്വമുണ്ടാക്കുന്നവർ കരുണയുള്ളവനായ ദൈവത്തിൽനിന്ന് അന്യരാണെന്നുമത്രെ വിശ്വാസികൾ വിശ്വസിച്ചിരുന്നത്. കേസുകൾക്ക് സാക്ഷികളാകുന്നവർ സത്യവിശ്വാസികളും പരിപാകതയുള്ളവരും, ഉത്തമന്മാരും തങ്ങളുടെ വചനങ്ങളിലും പ്രവർത്തികളിലും ചൊവ്വുള്ളവരും ആയിരിക്കണം. അല്ലെങ്കിൽ അവരുടെ സാക്ഷ്യം അംഗീകരിക്കുകയില്ലായിരുന്നു. മൂന്നു സാക്ഷികളാണ് വേണ്ടിയിരുന്നത്.

അദ്ധ്യായം 24

# ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിലെ അന്ത്യോഖ്യാ പാത്രിയർക്കീസന്മാർ

| | | |
|---|---|---|
| | | എ. ഡി. |
| 1. | അപ്പസ്തോലന്മാരുടെ തലവനായ വി. പത്രോസ് | 37-67 |
| 2. | വി. ഇവാദിയോസ് (ഏവോദോസിയോസ്) | 67-68 |
| 3. | വി. ഇഗ്നാത്യോസ് പ്രഥമൻ (നൂറോനോ) | 68-107 |
| 4. | വി. ഹിറോൻ | 107-127 |
| 5. | വി. കൊർന്നേലിയോസ് | 127-154 |
| 6. | വി. ഇറോസ് | 154-169 |
| 7. | വി. തിയോഫീലോസ് | 169-182 |
| 8. | വി. മക്സിമിനോസ് | 182-191 |
| 9. | വി. സെറാഫിയൂൻ | 191-211 |
| 10. | വി. അസ്ക്ലിപ്പിയാദീസ് | 211-220 |
| 11. | വി. പിലെത്തോസ് | 220-231 |
| 12. | വി. സ്ബീനോ | 231-237 |
| 13. | വി. ബാബിലാസ് | 237-251 |
| 14. | ഫാബിയാസ് | 251-254 |
| 15. | വി. ദെമത്രിയാനോസ് | 254-260 |
| 16. | പൗലൂസ് പ്രഥമൻ | 260-268 |
| 17. | ദൊമ്നോസ് പ്രഥമൻ | 268-273 |
| 18. | തീമിയോസ് | 274-282 |
| 19. | കൂറീലോസ് | 283-303 |

# സുറിയാനി സഭാചരിത്രം

## ആദ്യ മൂന്ന് നൂറ്റാണ്ടുകൾ



ഇരുപതാം നൂറ്റാണ്ട് സുറിയാനി സഭയുടെ ഉയിർത്തെഴുന്നേൽപ്പിന്റെ കാലഘട്ടമാണ്. വൈജ്ഞാനിക ശാഖ സുറിയാനി സഭയുടെ പൂർവിക കാലഘട്ടത്തിന്റെ മുഖമുദ്ര ആയിരുന്നുവെങ്കിലും ഇടയ്ക്കുണ്ടായ തളർച്ച ഇരുപതാം നൂറ്റാണ്ടിലെ സഭാതലവന്മാർ വലിയൊരളവോളം പരിഹരിച്ചു. അബ്ദുള്ള ദ്വിതീയൻ ബാവായുടെ സംഘാടകശക്തിയും ഏലിയാസ് തൃതീയൻ ബാവായുടെ സാത്വിക സിദ്ധതയും അപ്രേം പ്രഥമൻ ബാവായുടെ വൈജ്ഞാനിക തൃഷ്ണയും യാക്കൂബ് തൃതീയൻ ബാവായുടെ ഗ്രന്ഥരചനാ നൈപുണ്യവും ആരാധനാ സൗകുമാര്യതയും ഭാഗ്യവാനായ സാഖാപ്രഥമൻ ബാവായുടെ ക്രാന്തദർശിത്വവും ഈ നൂറ്റാണ്ടിലെ സഭാ വളർച്ചയിലെ മുഖമുദ്രകളാണ്. ക്രൈസ്തവസഭയുടെ ആദ്യ മൂന്നു നൂറ്റാണ്ടുകളിലെ ചരിത്രം ഏറ്റം ആധികാരികവും സുവ്യക്തവുമായി എഴുതപ്പെട്ടിട്ടുള്ള ഈ കൃതി പ. യാക്കൂബ് തൃതീയൻ ബാവായുടെ മഹത്തായ സംഭാവനയാണ്. ഒരു അക്കാദമിക് പണ്ഡിതന്റെ സൂക്ഷ്മമായ കരവിരുതോടുകൂടി രചിക്കപ്പെട്ടിരിക്കുന്ന ഈ ഗ്രന്ഥം ക്രൈസ്തവ ചരിത്ര പഠിതാക്കൾക്കും വൈദികർക്കും അനിവാര്യമായ പഠനരേഖതന്നെയാണ്.

*മോർ ആദായി പഠന കേന്ദ്രത്തിനുവേണ്ടി*

ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ സമാഹരിച്ച് സംശോധനം നിർവഹിച്ചിരിക്കുന്ന ഈ കൃതി ക്രൈസ്തവ സാഹിത്യത്തിന് ഒരു മുതൽക്കൂട്ടാണ്.

മോർ ആദായി സ്റ്റഡി സെന്റർ
ചീരംചിറ, ചങ്ങനാശ്ശേരി - 686 106